രാമരാജബഹദൂർ

സി. വി. രാമൻ പിള്ള

രാമരാജബഹദൂർ

സി. വി. രാമൻ പിള്ള

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2017

Rāmarājabahadūr
Malayalam novel
by **C. V. Raman Pillai**
First published: 1918

Sayahna's first WIKI/PDF version published: 2017

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. The Mediawiki version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Sayahna Foundation
(Sayahna Open Access Publishing, incorporated as a Non-Profit Company under Section 8, Companies Act 2013, India), JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

സമർപ്പണം

ഈ മാസത്തിൽ ഞാൻ അറുപത്തൊന്നാമത്തെ വയസ്സിലോട്ടു പ്രവേശിക്കുന്നു. തരണം ചെയ്തിട്ടുള്ളതു മൃദുമഞ്ജുളമായ ഒരു ജീവിതം അല്ല. മഹാമകുടന്മാരുടെ സുഹൃദ്ഭാവം, സഹോദരഭാവം, വിധേയഭാവം എന്നിതുകൾ എന്നെ വഴിപോലെ അനുഗ്രഹിച്ചിട്ടുണ്ട്. ഈ അനുഗ്രഹംകൊണ്ട്, ലോകഗതിയുടെ രഹസ്യങ്ങൾ ഏതാണ്ടൊരുവിധം ഗ്രഹിപ്പാൻ അവസരവും കിട്ടിയിട്ടുണ്ട്. ഇനി സ്വൈര്യജീവിതം മാത്രം കാംക്ഷിക്കുന്ന ഈ അവസ്ഥയിൽ വൃദ്ധന്മാർക്കു സഹജമായുള്ള ചിന്താസക്തികൊണ്ടു ചിലതു സ്മരിച്ചുപോകുന്നു. ബന്ധുസമ്പത്തിൽ കൗബേരമായ ഒരു അവസ്ഥ എനിക്ക് ഉണ്ടായിരുന്നതിനിടയിൽ പലർക്കുവേണ്ടിയും പല കാര്യങ്ങളിലും ഞാൻ വിധേയത്വം അനുവർത്തിച്ചിട്ടുണ്ട്. ഈ ഉദ്യമങ്ങളിൽ പല വേഷപ്പകർച്ചകളും കണ്ട് മനസ്സു തളർന്നിട്ടും ഉണ്ട്. സമുദായസേവനത്തിനിടയിൽ നേരിട്ട ഈ ക്ഷീണങ്ങളിൽ ഒരു കേന്ദ്രത്തിലെ സുസ്ഥിരമായ സൗഹാർദ്ദം ബലവത്തരമായി എന്നെ താങ്ങിയിട്ടും ഉണ്ട്. മുപ്പതിൽപ്പരം കൊല്ലത്തിനുമുമ്പ് ആരംഭിച്ച ഈ സ്നേഹബന്ധം അമിതമായ മൈത്രീഭാവവും ഇച്ഛാഭഞ്ജകമായ അനാദരവും കൂടാതെ ഇതുവരെ നിശ്ചഞ്ചലനിലയിൽത്തന്നെ വർത്തിക്കുന്നു. വയോവൃദ്ധിയിലെ ഗ്രന്ഥനിർമ്മാണങ്ങൾക്കുവേണ്ട മനസ്സ്വാസ്ഥ്യവും പ്രോത്സാഹനവും ഈ ബന്ധുവിൽനിന്ന് എനിക്കു കിട്ടിയിട്ടുള്ളത് ഒരു അമൂല്യാനുഗ്രഹമായി ഞാൻ പരിഗണിക്കുന്നു. ലോകകാര്യചാതുര്യത്താലും, സ്വയം പ്രകാശിച്ചുള്ള പ്രതിഭാവിശേഷത്താലും, അനുസ്യൂതമായ മഹാഭാഗ്യത്താലും, സർവ്വോപരി രാജ്യത്തിന്റെ രക്ഷാനിദാനമായുള്ള പൊന്നുതിരുമേനിയുടെ തിരുവുള്ള പ്രഭാവത്താലും അനുഗൃഹീതനും സമുദായോത്ക്കർഷത്തെ ദീക്ഷിച്ചുള്ള മഹാകാര്യങ്ങൾ സംബന്ധിച്ചതായ എന്റെ പല അപേക്ഷകളെയും സാധിച്ച്, പരമാർത്ഥത്തിൽ ഒരു സമുദായാഭിമാനിക്കു കിട്ടേണ്ട പ്രശസ്തിയെ അർഹിക്കുന്ന മതിമാനും ആയ തിരുവട്ടാറ്റ് അമ്മവീട്ടിൽ മാഹാരാജമാന്യരാജശ്രീ ടി. ശങ്കരൻതമ്പി അവർകളോട് എനിക്കുള്ള പ്രത്യാദരത്തിന്റെയും കൃതജ്ഞതയുടെയും സ്മാരകമായി ഈ ഗ്രന്ഥത്തെ അദ്ദേഹത്തിനു സമർപ്പിച്ചുകൊള്ളുന്നു.

മുഖവുര

'മാർത്താണ്ഡവർമ്മാ' ഏഴുതി ഇരുപത്തിമൂന്നുകൊല്ലം കഴിഞ്ഞിട്ടേ രണ്ടാമതും ഗൗരവമായുള്ള സാഹിത്യശ്രമങ്ങളിൽ ഏർപ്പെടാൻ ഗ്രന്ഥകാരനു സാവകാശം കിട്ടിയുള്ളൂ. ഗവണ്മെന്റിന്റെ കൃപാപ്രസരം നിമിത്തം ലഭിച്ച അതിസ്വാസ്ഥ്യത്തിന്നിടയിൽ 'ധർമ്മരാജാ' എന്ന ആഖ്യായിക നിർമ്മിക്കുന്നതിനു ഗ്രന്ഥകാരൻ ഉദ്യോഗിച്ചു. ഈ ശ്രമത്തിന്റെ ആരംഭത്തിൽത്തന്നെ കഥാതന്തുവിനെ എങ്ങനെ സങ്കല്പിക്കുന്നു എന്ന് ഗൃഹസദസ്സുകളിൽ പ്രസ്താവിക്കപ്പെട്ടപ്പോൾ, ഭാഷാഭിമാനികളും പണ്ഡിതരത്നങ്ങളും ആയ യുവസ്നേഹിതന്മാർ കവടി നിരത്താതെതന്നെ വിജയഫലത്തെ ദർശിച്ചു. ഗവണ്മെന്റിന്റെ വിദ്യാഭ്യാസനയം കൊണ്ടു് മലയാളഭാഷ 1065-ലെ താഴ്വരയിൽനിന്നും അത്യുന്നതമായ ഒരു നിരയിൽ 1088-ൽ എത്തിയിരിക്കുമെന്ന് പ്രമാദിച്ചുപോയ ഗ്രന്ഥകാരൻ ഒരു 'കിർമ്മീരവധ'രീതിയെ അന്നത്തെ ശ്രമത്തിൽ അനുകരിച്ചു. അന്നന്നു തീർന്ന കഥാഭാഗങ്ങളെ വായിച്ചുകേട്ട സദസ്യർ 'ബലേ' പറകയാൽ ശ്രുതി താഴ്ത്താതെ കഥയെ പരിപൂർത്തിയാക്കി. പുസ്തകം പ്രസിദ്ധമായപ്പോൾ ഗ്രന്ഥപരിശോധകന്മാരിൽനിന്ന് ബഹുവിധങ്ങളായ അഭിപ്രായങ്ങൾ പുറപ്പെട്ടു. എല്ലാം ഒരുപോലെ ശ്രവണമധുരങ്ങൾ ആയിരുന്നില്ല. എന്നാൽ സുസ്ഥിരധീമാന്മാരായ സാഹിത്യപടുക്കൾ ഗ്രന്ഥകാരന്റെ ആശയങ്ങളെ അനുസരിച്ചു ഭാഷയെ നിയന്ത്രണം ചെയ്യുകയല്ലാതെ ഭാഷാസാരള്യത്തെ പ്രമാണിച്ച് ഉത്കൃഷ്ടാശയങ്ങളെ വിലക്ഷണീകരിച്ചുകൂടാ എന്നും മറ്റും ഉപദേശിച്ച് ഗ്രന്ഥകാരനെ ഒരുവിധം കൃതാർഥനാക്കി.

എങ്കിലും 'പ്രേമാമൃതം' എഴുതുവാൻ ആരംഭിച്ചപ്പോൾ സ്വരം ഒന്നു താഴ്ത്തണമെന്നു തോന്നി. അതിലേക്കായി വളരെ പണിപ്പെട്ടു. ഫലം എന്തെന്നു നമ്മുടെ വിദ്വല്ലോകം ഗ്രഹിച്ചിട്ടുണ്ടല്ലോ.

'ധർമ്മരാജാ' എന്ന ആഖ്യായികയിൽ വാഗത്തം ചെയ്തിട്ടുള്ള അനന്തരഗ്രന്ഥങ്ങളുടെ നിർമ്മിതിക്കു ശ്രദ്ധിക്കാത്തതെന്തെന്നു ചില വന്ദ്യസ്ഥാനങ്ങളിൽ നിന്നു ചോദ്യങ്ങൾ ഉണ്ടാവുകയാൽ, 92-ലെ മീനമാസത്തിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന 'രാമരാജാബഹദൂർ' എന്ന ആഖ്യായികയുടെ കഥാവസ്തു കടലാസ്സിലാക്കി. ഈ പണി ഒട്ടൊന്നു തീരാറായപ്പോൾ ഗ്രന്ഥകാരൻ കിടപ്പിലായി. തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിലെ അധികൃ

തന്മാർ സദയം ഈ പുസ്തകത്തെ പാഠ്യപുസ്തകം ആക്കിയപ്പോൾ അതിനെ പ്രസിദ്ധീകരിക്കേണ്ട നിർബ്ബന്ധം ഗ്രന്ഥകാരന്റെമേൽ ചുമന്നു. ഏഴാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി നിശ്ചയിക്കപ്പെട്ടതിനാൽ, 'മാർത്താണ്ഡവർമ്മാ'യിലെ ഭാഷാരീതിയിൽ പുസ്തകത്തെ പരിശോധിച്ചു പ്രസിദ്ധപ്പെടുത്തണമെന്ന് ഉദ്ദേശിച്ച്, ഒരു ചെറുദൗഹിത്രനെക്കൊണ്ടു് ആ പുസ്തകം പല ആവർത്തി വായിപ്പിച്ചു കർണ്ണപരിചയം നല്ലപോലെ പുതുക്കീട്ടു പുതിയ ഗ്രന്ഥത്തിന്റെ പരിശോധന ആരംഭിച്ചു. എന്നിട്ടും 'മാർത്താണ്ഡവർമ്മാ'രീതി അതിന്റെ നിർമ്മാണകാലത്തു ഗ്രന്ഥകാരനുണ്ടായിരുന്ന പ്രായത്തോടെ സമഗമനം ചെയ്തു പോയിരിക്കുന്നതായി കണ്ടു. ആഗ്രഹവും ശക്തിയും ഇടഞ്ഞുള്ള നിലയിൽ പ്രയോഗം ആരംഭിച്ചപ്പോൾ ഭാഷാരീതി വായു – വാതക്ഷോഭങ്ങളാൽ ക്ഷീണിച്ചുതീർന്നിട്ടുള്ള ശക്തിയോടു് അനുയോജിച്ചുള്ളതായ ഒരു മാതൃകയെ അനുകരിച്ചുപോയിരിക്കുന്നു. ഗ്രന്ഥത്തിന്റെ അച്ചടിപ്പണി ആരംഭിച്ചപ്പോൾ ഗ്രന്ഥകാരനെ ബാധിച്ചിട്ടുള്ള രോഗങ്ങൾ തുടരെത്തുടരെ കഠിനമായി പീഡിപ്പിച്ചു തുടങ്ങി. ചരിത്രസംബന്ധമായുള്ള ഈ ആഖ്യായിക ഒരു യുദ്ധഘട്ടത്തെ വർണ്ണിക്കുന്നതാകകൊണ്ടു്, അമേദ്യരമായ ഒരു ഖരതയുടെ സങ്കലനവും കഥാഗതിയിൽ സംഭവിച്ചുപോയിട്ടുണ്ടു്. എന്നാൽ ചപലപാത്രങ്ങളെക്കൂടി ചേർത്തു് ഈ അനിവാര്യലക്ഷണത്തിന്റെ അസ്വാരസ്യത്തെ മൃദുലമാക്കുന്നതിന് യഥാശക്തി പ്രയത്നിച്ചിട്ടുണ്ടു്.

ഈ കൊല്ലത്തിലെ ഇടവമാസത്തെ ഒരു വിശേഷകാരണത്തിന്മേൽ അനദ്ധ്യായകാലമായി ഗ്രന്ഥകാരൻ ഉപയോഗപ്പെടുത്തുന്നു. അതിനുശേഷം ദേഹസ്ഥിതിയെ ഇതേവരെ പരിരക്ഷിച്ചുവന്ന ഡാക്ടർ കെ. മാധവൻപിള്ള അവർകളുടെ ധന്വന്തരീത്വം മേലിലും അനുഗ്രഹിക്കുമെങ്കിൽ ഈ സംഗരകഥയുടെ പരിണാമത്തെ അധികാലതാമസംകൂടാതെ ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളാം.

തിരുവനന്തപുരം സി. വി. രാമൻ പിള്ള
1093 ഇടവം

രണ്ടാംഭാഗത്തിന്റെ മുഖവുര

1093 ഇടവത്തിൽ പതിനെട്ട് അദ്ധ്യായം പരിശോധിച്ച് അച്ചടിച്ചു തീർത്തതായ ഈ പുസ്തകത്തിന്റെ മുഴുവൻ പണി തീർക്കുന്നതിന് 1095 ചിങ്ങം വരെ താമസിച്ചതിൽ അത്യന്തം വ്യസനിക്കുന്നു. ടിപ്പുവിന്റെ ആക്രമം എന്നതു പോലെ (ദേഹ) സ്ഥിതികൾ ചിന്തിക്കാതുള്ള ഒരു പ്രസ്ഥാനത്തിൽ പ്രവേശിച്ചുപോയോ എന്നു പോലും പലപ്പോഴും സംശയിച്ചു ഖേദിച്ചു. 1093 ഇടവം 31-ആം തീയതി അറുപത്തിയൊന്നിൽ പ്രവേശിച്ച ദിവസം സുഹൃല്ലോകം ഗ്രന്ഥകാരനെ അനുമോദിച്ചു എങ്കിൽ, അടുത്ത സംവത്സരത്തിലെ ആ തീയതിയിൽ, ഗ്രന്ഥകാരനെ പല കാലമായി പീഡിപ്പിച്ചു വന്ന ഉദരരോഗം മുമ്പിൽ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ അതിന്റെ കാഠിന്യത്തെ പ്രകാശിപ്പിച്ചു. ഇരുപതു ദിവസത്തിൽപ്പരമുള്ള ശയ്യാബന്ധത്തിനു ശേഷം ഏഴുന്നേറ്റിരിപ്പാൻ ശക്തനായി. ആരംഭിച്ചുപോയ പണി 'കുറ'യിൽ ഇടുന്നതു് ഒരു അപശകുനം ആണെന്നു തോന്നി, ചികിത്സകന്മാരുടെ ഉപദേശങ്ങളെ അനാദരിച്ച് പത്തൊൻപതാം അദ്ധ്യായം മുതൽക്കുള്ള ഈ ഉത്തരഭാഗത്തെ ജനസമക്ഷം പ്രവേശിപ്പിക്കണമെന്ന് ദൃഢമായി ഉറച്ചു. ഈ വസ്തുതകളുടെ പ്രസിദ്ധീകരണം കൊണ്ട് പരിശോധകന്മാരുടെ അനുകമ്പയെ വശീകരിക്കുകയോ, നിഷ്പീഡിതനായിരുന്നു എങ്കിൽ സർവ്വചേതോഹരമായ ഒരു പ്രബന്ധം പുറപ്പെടുമായിരുന്നു എന്നു സൂചിപ്പിക്കുകയോ ചെയ്യുന്നില്ല.

ഈ ഉത്തരഭാഗത്തിന്റെ പ്രസിദ്ധീകരണത്തിനും ജീവിതാനുഷ്ഠാനങ്ങൾക്കും വേണ്ട സുഖശരീരതയെ തന്ന സഹോദരന്മാർ, ഡാക്ടർ കെ. മാധവൻപിള്ള എൽ. എം. എസ്. അവർകളോടും, ഡാക്ടർ കെ. രാമൻതമ്പി ബി. എ. , എം. ഡി. അവർകളോടും, വൈദ്യൻ മ. രാ. രാ. ആറന്മുള നാരായണപിള്ള അവർകളോടും ഗ്രന്ഥകാരനു തോന്നുന്ന ഹാർദ്ദമായ കൃതജ്ഞതയെ സസന്തോഷം പ്രത്യക്ഷപ്പെടുത്തിക്കൊള്ളുന്നു. ഈ ഭാഗം ഗ്രന്ഥത്തിന്റെ നിർമ്മാണകാര്യത്തിലും പൗരോഹിത്യം പരിപാലിച്ച മ. രാ. രാ. കെ. ആർ. കൃഷ്ണപിള്ള ബി. എ. , ബി. എൽ. അവർകളും, ഇതിന്റെ ആദ്യന്തമുള്ള രചനയിലും പരിശോധനയിലും ലേഖനവിഷമങ്ങൾ വഹിച്ച്, സങ്കല്പാദിവിഷയങ്ങളിൽ നവ്യാശയങ്ങൾ തന്ന് ഉത്തമസാചിവ്യം അനുവർത്തിച്ചിട്ടുള്ള പ്രിയ ജാമാതാവ് മ. രാ. രാ. ഈ. വി. കൃഷ്ണപിള്ള

ബി. എ. അവർകളും കൂടി ഈ ഗ്രന്ഥത്തിൽ ആസ്വാദ്യാശം വല്ലതും ഉണ്ടെങ്കിൽ അതിന്റെ അവകാശം പങ്കിട്ടുകൊള്ളട്ടെ.

എന്ന്,
ലോകകൃപയാൽ പരമാശ്വസ്ത
ചിത്തനായിരിക്കുന്ന
ഗ്രന്ഥകാരൻ

തിരുവനന്തപുരം
ചിങ്ങം 1095

സി. വി. രാമൻ പിള്ള

ആദ്യകാല മലയാള നോവലിസ്റ്റുകളിൽ പ്രമുഖനായ രാമൻ പിള്ള, മാർത്താണ്ഡവർമ്മ, രാമരാജബഹദൂർ, ധർമ്മരാജാ എന്നീ ചരിത്രാഖ്യായികകളുടെ രചയിതാവെന്ന നിലയിൽ പ്രശസ്തി നേടി. തിരുവിതാംകൂർ ദിവാനായിരുന്ന രാജാകേശവദാസൻ അദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. 1858 മെയ് 19-ന് (1033 ഇടവം 7) തിരുവനന്തപുരത്ത് കോച്ചുകണ്ണച്ചാർ വീട്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ തറവാട് നെയ്യാറ്റിൻകരയിലാണ്. അച്ഛൻ പനവിളാകത്ത് നീലകണ്ഠപ്പിള്ള. അമ്മ പാർവതിപ്പിള്ള.

ബാല്യം ജീവിതം

തിരുവിതാംകൂർ രാജകൊട്ടാരത്തിൽ ജോലിക്കാരായിരുന്നു അച്ഛനും അമ്മയും. സി.വി.യുടെ വിദ്യാഭ്യാസത്തിന് സംരക്ഷണം നൽകിയത് രാജാകേശവദാസന്റെ ദൗഹിത്രീപുത്രനായ നങ്കക്കോയിക്കൽ കേശവൻ തമ്പിയായിരുന്നു. 1881-ൽ ബി.എ. പാസായി. ബന്ധുക്കളുടെ നിർബന്ധത്തിന് വഴങ്ങി വിവാഹം കഴിച്ചു. ഈ വിവാഹബന്ധം വിജയകരമായിരുന്നില്ല. നാട് വിട്ട് ഹൈദരാബാദിലേക്ക് പോയി. ഈ യാത്ര അദ്ദേഹത്തിന് പ്രമുഖ രാജസ്ഥാനങ്ങളെ നേരിട്ട് കണ്ടു മനസ്സിലാക്കുന്നതിന് സഹായിച്ചു. 1887-ൽ വീണ്ടും വിവാഹിതനായി. ഭാര്യ പരുന്താനി കിഴക്കേവീട്ടിൽ ഭാഗീരഥി അമ്മ. ഇവർ 1904-ൽ മരിച്ചു. പിന്നീട് അവരുടെ മൂത്ത സഹോദരി ജാനകി അമ്മയെ വിവാഹം കഴിച്ചു. കേരള പേടിയറ്റ് എന്നൊരു പത്രം കുറച്ചു കാലം നടത്തിയിരുന്നു. ഹൈക്കോടതിയിൽ ചെറിയൊരു ജോലി കിട്ടിയതിനെ തുടർന്ന് നിയമപഠനത്തിന് ലോ കോളേജിൽ ചേർന്നു. അതും പ്ലീഡർ പരീക്ഷയും ഒന്നും പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഹൈക്കോടതിയിൽ ശിരസ്തദാറായി ഉയരുകയും പിന്നീട് 1905-ൽ ഗവണ്മെന്റ് പ്രസ്സിൽ സൂപ്രണ്ടായി ജോലിയിൽ നിന്ന് വിരമിക്കുകയും ചെയ്തു. 1918-ൽ സി.വി. തിരുവിതാംകൂർ ടെക്സ്റ്റ് ബുക്ക് കമ്മിറ്റി അദ്ധ്യക്ഷനായി. പരീക്ഷാ ബോർഡ് മെമ്പറായി കുറച്ചു കാലം ജോലി ചെയ്തു. മലയാളി സഭയിൽ പ്രവർത്തിച്ചു. മലയാളി, മിതഭാഷി, വഞ്ചിരാജ് എന്നീ പത്രികകളുടെ പിന്നിലും പ്രവർത്തിച്ചു. ജന്മി-കുടിയാൻ പ്രശ്നം, വിവാഹ ബിൽ എന്നിവയെപ്പറ്റി

ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മലയാളീ മെമ്മോറിയലിനു പിന്നിൽ പ്രവർത്തിച്ച ബുദ്ധികളിലൊന്ന് സി.വി.യുടേതായിരുന്നു. 1922 മാർച്ച് 21-ന് അന്തരിച്ച ഇദ്ദേഹം കേരള സ്കോട്ട് എന്നറിയപ്പെടുന്നു.

സി.വി.യുടെ ചരിത്രാഖ്യായികകൾ

സി.വി.യുടെ മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജ ബഹദൂർ എന്നീ നോവലുകളെ ചേർത്ത് സി.വി.യുടെ ചരിത്രാഖ്യായികകൾ എന്ന് വിളിക്കുന്നു. മാർത്താണ്ഡവർമ്മ മലയാളത്തിലെത്തന്നെ ആദ്യത്തെ ചരിത്രാഖ്യായികയാണ്. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജാവാകുന്നതാണ് 1891-ൽ പുറത്തിറങ്ങിയ ഈ നോവലിന്റെ ഇതിവൃത്തം. ധർമ്മരാജായിൽ രാജ്യദ്രോഹമാണ് മുഖ്യപ്രമേയം. മാർത്താണ്ഡവർമ്മയുടെ അനന്തരവനായ കാർത്തികത്തിരുനാളിന് രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും നേരിടേണ്ടിവരുന്ന ഉപജാപങ്ങളും അവയുടെ പരാജയങ്ങളുമാണ് പ്രതിപാദ്യം. രാമരാജാബഹദൂറിലും ഭരണാധിപൻ ധർമ്മരാജാവു തന്നെ. രാജ്യത്തിനകത്തു നിന്നുള്ളതിനെക്കാൾ പുറത്ത് മൈസൂരിൽ നിന്നാണ് ഇക്കാലയളവിൽ കൂടുതൽ പ്രശ്നങ്ങൾ നേരിടേണ്ടി വന്നത്. ഒടുവിൽ രാജശക്തി തന്നെ ജയിക്കുന്നു.

കൃതികൾ

ചരിത്രനോവലുകൾ

1. മാർത്താണ്ഡവർമ്മ (1891)
2. ധർമ്മരാജാ (1913)
3. രാമരാജ ബഹദൂർ (1918)

പ്രസ്തുത നോവലുകളെ ചരിത്രാഖ്യായിക (Historical Narrative), കാല്പനിക ചരിത്രാഖ്യായിക (Historical Romance), ആഖ്യായിക (Narrative) എന്നീ വിഭാഗങ്ങളിലും പരാമർശിച്ചു കാണാറുണ്ട്.

സാമൂഹ്യനോവൽ

1. പ്രേമാമൃതം (1917)

ഹാസ്യ നാടകങ്ങൾ (പ്രഹസനങ്ങൾ)

1. ചന്ദ്രമുഖീവിലാസം (1884, അപ്രകാശിതം)
2. മത്തവിലാസം (അപ്രകാശിതം)
3. കുറുപ്പില്ലാക്കളരി (1909)
4. തെന്തനാംകോട്ട് ഹരിശ്ചന്ദ്രൻ (1914)
5. ഡോക്ടർക്കു കിട്ടിയ മിച്ചം (1916)
6. പണ്ടത്തെ പാച്ചൻ (1918)
7. കൈമളശ്ശൻറെ കടശ്ശിക്കളി (1915)
8. ചെറതേൻ കൊളംബസ് (1917)
9. പാപിചെല്ലണടം പാതാളം (1919)
10. കുറുപ്പിൻറെ തിരിപ്പ് (1920)
11. ബട്ലർ പപ്പൻ (1921)

ലേഖനപരമ്പര

1. വിദേശീയ മേധാവിത്വം (1922)

അപൂർണ്ണ കൃതികൾ

1. ദിഷ്ടദംഷ്ടം (നോവൽ)
2. പ്രേമാരിഷ്ടം (ആത്മകഥ)

(മലയാളം വിക്കിപ്പീഡിയയോട് കടപ്പാട്)

1

"ബഹ്മാനിയാ ഞാനാരെയും തൃണവൽ"

മൈസൂർ രാജ്യത്തിന്റെ ഉത്തരപരിധിയിൽനിന്ന് ഒന്നൊന്നര ദിവസത്തെ യാത്രാദൂരം വടക്കുകിഴക്കു നീങ്ങി, കേരളത്തിലെങ്ങും കാണ്മാൻ കിട്ടാത്തതായ ഒരു മൈതാനത്തിന്റെ മദ്ധ്യത്തിൽ, ചുറ്റുപാടിലുള്ള പല രാജ്യങ്ങളെയും വ്യാപാരാദിവിഷയങ്ങളിൽ സംഘടിപ്പിച്ചതായ രാജപാതകൾ സന്ധിച്ചിരുന്നു. ഹൈദർഖാൻ എന്ന സിംഹാസനചോരന്റെ കോശകാര്യോപദേഷ്ടാവായിരുന്ന ഗാംഭീരാം കോടീശ്വരന് കുബേരപദം ലബ്ധമായപ്പോൾ, അന്ത്യകാലത്തെ സ്വർഗ്ഗലബ്ധി ലഘുസാദ്ധ്യമാക്കുന്നതിന് വേണ്ടി അദ്ദേഹം ഈ ബഹുപഥസന്ധിയിൽ ഒരു പാന്ഥസത്രം സ്ഥാപിച്ചു. ആകാശഛേദികളായ ഗോപുരങ്ങൾകൊണ്ട് അനുബന്ധിക്കപ്പെട്ടിരുന്ന ആ മൂന്നുനിലമന്ദിരം ആയിരത്തിൽപ്പരം പാന്ഥന്മാർക്ക് ഒരേ സമയത്ത് താമസിപ്പാൻപോരുന്നതായിരുന്നു. സത്രം ഉപയോഗിക്കാത്ത വഴിപോക്കരുടെ സൗകര്യത്തിനായി അല്പം വടക്കുമാറി ഒരു വെണ്മാടമണ്ഡപവും, ഏകദേശം കാൽനാഴിക കിഴക്കു നീങ്ങി 'സിരഹസ്തിനഗ്രാമം' എന്നു വിളിക്കപ്പെട്ടുവന്ന മട്ടുപ്പാപ്പന്തികളും ആ മഹാമന്ദിരത്തിന്റെ പാരിഷദരെന്നപോലെ സ്ഥിതിചെയ്തിരുന്നു.

ഈ സത്രം ആദ്യകാലത്ത് ഭാരതഖണ്ഡത്തിലെ ഭിക്ഷുലോകത്തിനിടയിൽ ഒരു അക്ഷയപാത്രശാലയായി വിശ്രുതിപെറ്റിരുന്നു. ഈ കഥാരംഭകാലത്ത് അത് ഒരു വേനമണ്ഡലമായിത്തീർന്നിരിക്കുന്നു. സ്വാധികാരമൂർച്ഛയിലെ ലോകാവസ്ഥകൾ കാണ്മാൻ ഒരു ബ്രഹ്മരക്ഷസ്സിന്റെ രൂപം അവലംബിച്ചുപോന്ന നാലാം യുഗമൂർത്തി എന്നപോലെ പല ഗോസായിസംഘങ്ങളോടും ചേർന്ന് ഒരു മഹിഷാസുരപ്രഭാവൻ ഭൂപ്രദക്ഷിണം ചെയ്തുവന്നു. ഈ യാത്രയ്ക്കിടയിൽ ദൈവഗതിയുടെ അപ്രമേയത്വംകൊണ്ട് ആ അപൂർവ്വാവധൂതൻ ബാലഗാംഭീരാം പ്രഭുവിന്റെ വക രാജധാനിയും ചൈത്രരഥങ്ങളും അതുകളുടെ ഐശ്വര്യ

ശ്രീവിലാസവും കണ്ടു് അതു വരെ ഭൂമുഖവീക്ഷണനായി നിഷ്കാമഗർവവും മൗനവും അവലംബിച്ചുപോന്ന ആ മഹിഷാകാരത്തിന്റെ കണ്ഠം ഒന്ന് നിവർന്ന്, ചില സന്തോഷാക്രോശങ്ങൾകൊണ്ടു് മുമ്പിൽ കണ്ട ഭാഗ്യമഹിമാവെ അഭിവാദ്യം ചെയ്തു. 'കാളിപ്രഭാവഭട്ടൻ' എന്ന് ഏതു് സന്ദർഭത്തിലോ കേട്ടിരുന്ന ഒരു പുണ്യവാന്റെ നാമം അപഹരിച്ചുകൊണ്ടു് നമ്മുടെ ദേശാടനക്കാരൻ ഗാംഗ്ഗരാം പ്രഭുവെ സന്ദർശിച്ചു. 'നശിച്ചുപോകട്ടെ' എന്നുള്ള ശാപമന്ത്രത്തോടെ ഒരു മരതകമണി കാഴ്ചവെച്ചപ്പോൾ, ഭട്ടന് ഗാംഗ്ഗരാം പ്രഭുവിന്റെ മന്ദിരത്തിൽ കങ്കന്റെ പദവിയും ഉദ്യാനാദികളിൽ മാണീവരസ്ഥാനവും സിദ്ധമായി. ഭട്ടന്റെ പാദസ്പർശം ഉണ്ടായ പറമ്പുകളും പാടങ്ങളും ഗാംഗ്ഗരാം പ്രഭുവിന് സമ്പദ്ഘനികളായിത്തീർന്നു. പ്രകൃതിദേവൻ തന്റെ സത്കർമ്മങ്ങളിൽ സംപ്രീതനായി, സ്വയമേവ തന്നെ അനുഗ്രഹിപ്പാൻ അവതീർണ്ണനായിരിക്കുന്നു എന്നുപോലും കാലാനുരൂപമായ വിശ്വാസാന്ധ്യത്താൽ ഗാംഗ്ഗരാം പ്രഭു തീർച്ചയാക്കി, ഭട്ടനെ ഒരു അവതാരദേവനെപ്പോലെ ആരാധിച്ചു തുടങ്ങി. എന്നാൽ, ജന്മനാ താന്മാത്രനായുള്ള ഭട്ടന് പ്രഭുസേവനം പ്രായേണ ശ്വാനവൃത്തിയാണെന്നു തോന്നി. എന്നു മാത്രമല്ല ഗാംഗ്ഗരാംപ്രഭുവിനെ അനുഗ്രഹിച്ച ഭാഗ്യമൂർത്തിയെ സ്വാഭീഷ്ടങ്ങളുടെ നിർവഹണത്തിന് തനിക്കും ദാസനാക്കിക്കൂടെ എന്നൊരു പ്രശ്നവും ഭട്ടന്റെ ഹൃദയത്തിൽ അങ്കുരിച്ചു. വ്യവസായചതുരനായ ഗാംഗ്ഗരാം പ്രഭു തന്റെ സമ്പദ്പർജന്യന്റെ മുഖക്ലമം കണ്ടു് അതിന്റെ നിദാനത്തെയും ചികിത്സാക്രമത്തെയും ബുദ്ധിദൃഷ്ട്യാ ഗ്രഹിച്ചു. തിങ്കൾ ഒന്നു കഴിയും മുമ്പ് ഭട്ടൻ സിരഹസ്തിനസത്രത്തിന്റെ വഴിപോലുള്ള ഭരിപ്പിന്, ഗാംഗ്ഗരാം പ്രഭുവിന്റെ സർവ്വാധികാരപ്രാതിനിധ്യത്തോടെ കാർബാറിയായി അവരോധിക്കപ്പെട്ടു. ഈ അധികാരദാനത്തിന് സാക്ഷ്യമായുള്ള ശാസനത്തിലെ 'ഭരിപ്പ്' പദത്തെ ഭട്ടൻ 'ഭസ്മീകരിപ്പ്' എന്നു വായിച്ച് ഭട്ടാദർശനം അനുസരിച്ചുള്ള വഴിപോലതന്നെ സത്രഭരണം തുടങ്ങി.

ഭട്ടന്റെ പ്രഥമക്രിയ സത്രമന്ദിരത്തിന്റെ നവീകരണമായിരുന്നു. ഗാംഗ്ഗരാം പ്രഭുവിന്റെ വക മൂന്നു പതിനായിരം വരാഹൻ ഭട്ടഭണ്ഡാരത്തിലേക്ക് പാഞ്ഞു. നവകാർബാറിയുടെ വിശ്വകർമ്മത്വം ഇതോടെ അവസാനിച്ചില്ല. സത്രത്തിന്റെ പടിഞ്ഞാറുവശത്ത് ധർമ്മക്രിയയുടെ പരിപോഷണത്തിനായി കുഴിച്ച് കൽപ്പടികളും കെട്ടി മിനുസമാക്കിയ ജലാശയം മറ്റൊരു പതിനായിരത്തെ ഭട്ടഭണ്ഡാരത്തിലേക്ക് സ്ഥലംമാറ്റി. ജലാശയം അതിന്റെ ഉടമസ്ഥനായ ധനദപ്പെരുമാൾക്ക് എന്ത് പുണ്യപൂരം സമർപ്പിച്ചു എന്നോ! അതിൽ അപ്പോഴപ്പോൾ കണ്ടു് തുടങ്ങിയ ജലജങ്ങൾ മനുഷ്യശരീരങ്ങളായിരുന്നതിനാൽ എത്ര ദുഃഖങ്ങൾക്ക് ശാന്തി വരുത്തി! എന്നാൽ ഭട്ടനയം ഗ്രഹിച്ചിരുന്ന സത്രരക്ഷികൾ കാര്യബോധനത്തിനും ആജ്ഞയ്ക്കും സംഗതിയുണ്ടാക്കാതെ ഓരോ കുഴിമാന്തലോടെ ആ സംഭവങ്ങളെ അവസാനിപ്പിച്ചു്. ചുരുക്കത്തിൽ രക്ഷയെക്കാൾ ശിക്ഷയുടെ ദാതാവായും ദാനത്തെക്കാൾ ദോഹനത്തിന്റെ കർത്താവായും ഭട്ടൻ ആരംഭിച്ച ഭരണക്രമം ഗാംഗ്ഗരാം പ്രഭുവിന്റെ മോക്ഷസോപാനത്തിന് കണ്ടകത്വത്തിന്റെ തലസ്ഥാനമെന്നുള്ള കീർത്തിമുദ്രയെ സമ്പാദിച്ചു.

ഈ ഉഗ്രമൂർത്തിയുടെ ജന്മദേശാദി വസ്തുക്കളെക്കുറിച്ചു് ആ പ്രദേശങ്ങളിലെ സ്ഥലപുരാണങ്ങളും ഐതിഹ്യങ്ങളും ഒരുപോലെ മൂകമായിരുന്നു. ഈ ബ്രഹ്മജ്ഞന് ഏതു്

ഗുരുകുലത്തിൽനിന്നോ, എന്ത് യജ്ഞകർമ്മത്താലോ ഭട്ടപദം സിദ്ധിച്ചു എന്ന വിഷയവും അപ്രമേയമായിരുന്നു. പല ഭാഷകളിലെയും ശകാരഭാവം പദാവലി സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അമരസിംഹത്വവും കണ്ടകഭയം നിമിത്തം കർണ്ണാകർണ്ണികനിലയെപ്പോലും പ്രാപിച്ചില്ല. മഹാരാഷ്ട്രപാപ്പാസും കർണ്ണാടക കുത്തിയുടുപ്പും മഹമ്മദീയരുടെ ചുരുക്കുവച്ചുള്ള കുറുംകുപ്പായവും ഗുജറാത്തിചെറുതലപ്പാവും ചേർന്ന ഒരുക്കത്തിനകത്തുള്ള വിഗ്രഹം ബ്രഹ്മാവിന്റെ പണിത്തിരിക്കിനിടയിൽ ജീവസമ്പത്തും അപഹരിച്ചുകൊണ്ട് ഇങ്ങോട്ട് പോന്നിട്ടുള്ള ഒരു ലോഹവിഗ്രഹമാണെന്ന് ചില കാവ്യരസികന്മാർ സ്വകാര്യമായി ജല്പിപ്പിച്ചിട്ടുണ്ട്. ചെമ്പിച്ച് ജടിലിച്ചുള്ള വട്ടത്താടിയാൽ കീഴ്ഭാഗം മറയ്ക്കപ്പെട്ടുള്ള മേൽക്കുടം ഒരു ഭ്രതത്താന്റെ ഉത്തമാംഗം ആയിരുന്നു. ഈ അംഗത്തിന്റെ മദ്ധ്യത്തിൽ ക്ഷതങ്ങളേറ്റു വട്ടകെട്ടി മുരടിച്ചുകാണുന്ന മാംസഖണ്ഡം ഭട്ടപാദരുടെ നാസികയാണ്. രോമം കൊഴിഞ്ഞുള്ള പുരികവീർപ്പുകളുടെ കീഴായി രണ്ട് അഗാധവിലങ്ങൾ കാണുന്നവയിൽ അമർന്ന് ഭട്ടജിയെ ദൂരദർശനത്തിനും സൂക്ഷ്മദർശനത്തിനും ശക്തനാക്കിയ മണികളുടെ വർണ്ണവും വൈജാത്യവും സാമാന്യജനങ്ങൾക്ക് ഗ്രഹിപ്പാൻ കഴിവുണ്ടായിട്ടില്ല. മീശക്കാട്ടിനിടയിൽ ഭട്ടന്റെ ഉദയാസ്തമയനിവേദ്യങ്ങളെ അസ്ഥിഅടക്കം മഷിയാക്കുന്നതിന് ശക്തങ്ങളായ വജ്രയന്ത്രങ്ങൾ സംഘടിച്ച ഒരു നെടിയ ഗുഹാദ്വാരം ഉണ്ടെന്ന് ഭട്ടമഠപ്പള്ളിയിലെ വിളമ്പന്മാർ ഗ്രഹിച്ചിരുന്നു. അഞ്ചടി പൊക്കത്തിൽ എത്തിയതിന്റെ ശേഷം മദ്ധ്യഖണ്ഡത്തിന് മാത്രം പരിമിതി വർദ്ധിച്ചിട്ടുള്ള ആ ഭ്രതത്തിന്റെ മൂർദ്ധാവ് ബ്രഹ്മക്ഷൗരമായ കഷണ്ടിയുടെ ദർപ്പണതയോടെ തിളങ്ങി പിൻകഴുത്തുവരെ എത്തുന്നത് ഭട്ടമഹനീയതയെ ബൃഹത്കരിച്ചു. അറുപതാം വയസ്സ് തികഞ്ഞുള്ള പ്രായത്തിൽ എത്തിയിരിക്കുന്നു എങ്കിലും ഒരു യുവഹിരണ്യാക്ഷന്റെ ജീവോന്മേഷവും സർവ്വധ്വംസകത്വവും അദ്ദേഹത്തിന്റെ സമക്ഷം ലോകസാമാന്യത്തിന് ദുഷ്പാപമാക്കിത്തീർത്തു.

ഹൈദരുടെ വീരചരമം സംഭവിച്ച് സംവത്സരം ഒന്ന് തികഞ്ഞപ്പോൾ ഒരു ദിവസം ആകാശവൃത്തത്തിന്റെ മൂർദ്ധാവോടടുത്ത് തീക്കനൽ വർഷിപ്പാൻ ആദിത്യഭഗവാൻ ശക്തനാകുന്നതിന് മുമ്പുതന്നെ ഗാംഗുറാം സത്രത്തിന്റെ മൂന്ന് നിലകളും പതിവിൽ അധികമായുള്ള പാന്ഥതതിയെ വഹിച്ചു. വിവിധ രാജ്യക്കാർ, സമുദായക്കാർ, വേഷക്കാർ, ഭാഷക്കാർ എന്നല്ല വിരുദ്ധമതക്കാരും തോളോടുതോളുരുമ്മുംവിധം ഞെരുങ്ങി സഞ്ചരിക്കുന്ന ആ സംഘങ്ങൾക്കിടയിൽ കലഹകലാപമത്സരങ്ങളുടെ ലാഞ്ഛനങ്ങൾ യാതൊന്നുംതന്നെ കാണുന്നില്ല. നെടിയഹസ്തകടകങ്ങൾ, കൈമുട്ടോളം എത്തുന്ന തോൾക്കവചങ്ങൾ, കണ്ഠത്തെയും മറയ്ക്കുന്ന ലോഹോഷ്ണീഷങ്ങൾ എന്നിവ അണിഞ്ഞും കൊടുവാൾ, നെടുവാൾ, കഠാരി, കുന്തം തുടങ്ങിയുള്ള ആയുധങ്ങൾ ഏന്തിയും മൂർഖതയ്ക്ക് കൊടികെട്ടീട്ടുള്ള യോദ്ധാക്കളും സൗജന്യസൗഹാർദ്ദങ്ങളുടെ ചിഹ്നങ്ങളായ കൃപാസ്മേരങ്ങളോടെ മാത്രം ആ സങ്കേതത്തിൽ സഞ്ചരിക്കുന്നു. വൃകസ്വഭാവന്മാരും നിതാന്തദുർമ്മുഖന്മാരും ആയുള്ള പരിചാരകന്മാർപോലും മൃദുപാദന്മാരായും നിശബ്ദവചസ്സുകളായും പാചകാദികർമ്മങ്ങൾ ആരംഭിക്കുന്നു. മൃഗവാടത്തിൽ തളച്ചിട്ടുള്ള വാഹകജന്തുക്കളും സത്രമേധാവിയായ കാളിപ്രഭാവഭട്ടന്റെ ഭരണ വ്യവസ്ഥിതികളുടെ കൊല്ലുംശക്തിയെ ആദരിച്ച് ഇതരപുച്ഛങ്ങളെ അടക്കി വക്ത്രാന്തം കൊണ്ടുള്ള ജപകർമ്മവ്യാജത്താൽ തൃണഭുക്തി നിർവ്വഹിക്കുന്നു.

ഈ സൈനികസംഘങ്ങളുടെ ആഗമനമുഹൂർത്തത്തിൽ അന്നത്തെ ഊട്ടടയ്ക്കും മുമ്പ് ആ ദിവസത്തിലുണ്ടാക്കാവുന്ന ആദായങ്ങളെ കണക്കാക്കി ഭട്ടൻ വിരലുകൾ മടക്കുകയായിരുന്നു. പാന്ഥന്മാരുടെ ആഗമനഘോഷം ആ പരിശ്രമത്തെ വിഘാതപ്പെടുത്തി. ഭട്ടൻ ഗോപുരം പ്രതി മണ്ടിത്തിരിഞ്ഞു് ഭടജനങ്ങളെ ഉല്പാദിപ്പിച്ച മാതാപിതാക്കന്മാരെ ശപിച്ചു്. ദക്ഷിണദിക്കിൽനിന്നു് എത്തിയ പദാതിസംഘത്തിന്റെ നായകനെ കണ്ടപ്പോൾ ഭട്ടൻ നെഞ്ചത്തു് കൈയറഞ്ഞു് കുറുംകുപ്പായത്തെ ചീന്തി ശിഥിലീകരിച്ചു. ഒരു കിങ്കരനെ ധ്യാനമാത്രത്താൽ എന്നപോലെ വരുത്തി അവന്റെ ശിരോദേശത്തെ അവശ്യകർമ്മമായി പൊളിച്ചു്. അനന്തരം ചില മഹിഷാസുരനൃത്തങ്ങൾകൊണ്ടു് തന്റെ മണിയറരംഗത്തെ തകർത്തു. എങ്കിലും അന്നത്തെ സത്രവാസികൾക്കു് അത്യുദാരമായി വിഭവങ്ങളെ വിതരണം ചെയ്‌വാൻ ആജ്ഞകൾ കൊടുത്തിട്ടു് തന്റെ മണിയറതന്നെ ശരണമെന്നുള്ള നിലയിൽ ആസനസ്ഥനായി. പാന്ഥസംഘപ്രമാണികൾ ആരും സ്വസമക്ഷം സന്ദർശനാപേക്ഷ സമർപ്പിക്കാത്തതിനാൽ ഭട്ടൻ ഈർഷ്യഭരിതനായി പല്ലുകൾ ഞെരിച്ചു് ചില നിശ്ചയങ്ങൾ ചെയ്തു് ഉറച്ചു. സന്ധ്യയായപ്പോൾ സത്രത്തിന്റെ മൂന്നു് നിലകളിലും പരിശോധനാർത്ഥമെന്നുള്ള നാട്യത്തിൽ ഒന്നു് സഞ്ചരിച്ചു് ഹനുക്കളുടെ ഭയാനകചലനങ്ങളാൽ സ്വപ്രാധാന്യത്തെ പ്രേക്ഷക ജനത്തിനു് ബോദ്ധ്യമാക്കിക്കൊണ്ടു് സ്വായുർവൃദ്ധിക്കുള്ള നിശാരംഭത്തിലെ മൃത്യുഞ്ജയകർമ്മത്തിനായി തിരിച്ചു.

മസാലമണം, വറമണം, പൊരിമണം, വാർപ്പുമണം തുടങ്ങിയുള്ള പാചകകർമ്മത്തിലെ വിവിധ ഗന്ധങ്ങളും അനന്തരം വിളമ്പുമണവും പിന്നീടു് പനിനീർ, ഗുലാബ്, ഹുക്കാ, ഗഞ്ജാ മുതലായ സാധനങ്ങളുടെ പരിമളവിശേഷങ്ങളും പരിസരപ്രദേശങ്ങളിലെങ്ങും വ്യാപരിച്ചു. രാത്രിയിലെ ഒന്നാം യാമം അവസാനിക്കാറായപ്പോൾ ശൃംഗാരഗീതങ്ങൾ, ശാക്തേയകീർത്തനങ്ങൾ, ഭഗവൽസ്തോത്രങ്ങൾ, മൃദംഗാദിവാദ്യങ്ങളുടെ മേളിപ്പുകൾ എന്നിവ ഭട്ടന്റെ രൗദ്രതയെ ഉജ്ജ്വലിപ്പിക്കുമാറു് മുഴങ്ങി. ഈ ഘോഷങ്ങൾ മന്ദശ്രുതികളിലായി കൂർക്കങ്ങളിൽ അവസാനിച്ചു് തുടങ്ങിയപ്പോൾ സത്രത്തിലെ മൂന്നു നിലകളിലെയും പുറവാതിലുകളുടെ ബന്ധനശബ്ദം ഏകോപിച്ചു കേൾക്കുമാറായി. പിന്നത്തെ മഹാനിശബ്ദതയെ സത്രരക്ഷികളായ ഭടന്മാരുടെ ഇടയ്ക്കിടെയുള്ള 'മഹാരാജ് ഗാംഗ്രാം ജേ' എന്നുള്ള ശ്രദ്ധാസൂചകഘോഷങ്ങൾ മാത്രം ഒരു ദുഷ്ടേന്ദ്രകാളിയുടെ പ്രഹർഷനൃത്തത്തിനിടയിലുള്ള അട്ടഹാസങ്ങൾപോലെ ഭഞ്ജിച്ചു.

രാത്രിയിലെ മൃഷ്ടാശനം കഴിഞ്ഞു് ഭട്ടൻ തന്റെ ശയ്യാഗാരവും നിക്ഷേപനിലയനവുമായുള്ള ഗോപുരമുറിയിൽ പ്രവേശിച്ചിരുന്നു. ഈ മണിയറ ആയുധശാലയുടെ ആവശ്യംകൂടി നിറവേറ്റുന്നതായിരുന്നു. ഒരു ഗജവീരനെ താങ്ങാൻ മതിയായുള്ള മഞ്ചത്തിന്റെ സ്തംഭങ്ങളും ക്രൂരായുധങ്ങൾകൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്നു. ചുവരുകളിൽ ഇറക്കപ്പെട്ടിട്ടുള്ള കുറ്റികളിന്മേൽ തൂങ്ങുന്ന ആയുധങ്ങൾക്കും എണ്ണമില്ലാതിരുന്നു. മഞ്ചത്തിൽ കിടക്കാതെ ആയുധസഞ്ചയങ്ങളുടെ രൂക്ഷതപകർന്നുള്ള മുഖത്തോടെ ഭട്ടൻ ഒരു പീഠത്തിന്മേൽ സ്ഥിതി ചെയ്തു് വിശ്വത്തെ സംഹരിക്കുകയോ എന്നു് ക്രോധിക്കുന്നു. അദ്ദേഹത്തെ കണ്ടു് തൊഴാൻ പുറപ്പെടാതെ സത്രത്തിൽ താമസിക്കുന്ന കൂട്ടത്തെ ശിക്ഷിപ്പാൻ, അവരുടെ ഉദയഭക്ഷണത്തിനു് വിഷവിതരണം ചെയ്യുകയോ എന്നുപോലും ആ സ്വാർത്ഥപെരുമാൾ ചിന്തിക്കുന്നു.

ഭൃത്യന്മാരെ വരുത്തി അകാരണമായി മർദ്ദിച്ചു, തന്റെ കോപത്തെ ഒന്നു പാതി ശമിപ്പിച്ചു. അന്നത്തെ ബഹുജനസംഘടനയുടെ ഉദ്ദേശ്യം എന്തെന്ന് പിന്നെയും പിന്നെയും ചിന്തിച്ച് ഭട്ടന്റെ ക്ഷമാശക്തി ശൂന്യമാവുകയാൽ ചുറ്റുപാടുമുള്ള ആയുധങ്ങളെ നോക്കി ഒരു ഭർത്സനം തുടങ്ങി. "കാലന്മാർ ഒടുങ്ങാത്ത ഒരു ഭാരതയുദ്ധത്തിന്റെ കളമാക്കി രാജ്യങ്ങളെ മുടിക്കുന്നു. ഇന്നത്തെ കൊള്ളക്കാരൻ നാളെ പട്ടം കെട്ടി മുടിചൂടുന്നു. കടലിന്റെ അക്കരക്കാരെന്നൊരു കൂട്ടവും എല്ലാപ്പുറത്തും കൊള്ളിവയ്ക്കാൻ ചുറ്റി നടക്കുന്നു. രാജാവും ചക്രവർത്തിയും തുലഞ്ഞു. ഹയ്യയ്യാ! നവാബ്, സുൽത്താൻ, പാദുഷാ, നിജാം എന്ന എല്ലാ ഈയാൻപാറ്റകളും പെരുകിവരുന്നു. എല്ലാക്കൂട്ടവും തമ്മിൽ കടിയിട്ട് ഭൂമി നശിക്കട്ടെ. കാലം കലിയുഗമല്ലയോ? എല്ലാക്കൊമ്പനെയും ഗാംഗ്രറാം ചെട്ടിയുടെ ചക്രപ്പെരുമ പുലർത്തുന്നു, പമ്പരം കറക്കുന്നു. അതുകൊണ്ട് നമുക്കും നമ്മുടെ അധികാരത്തിനും തട മാറ്റില്ല-അമ്പടാ! എന്തെല്ലാം കണ്ട്, കൊണ്ട്, എങ്ങെല്ലാം തിണ്ടാടി? ആൺപിറന്ന ടിപ്പു ലോകം വിഴുങ്ങട്ടെ. എങ്കിലും കാര്യസ്ഥന്മാർ നമ്മെ ധിക്കരിക്കുന്നത് മോശം, മോശം, വന്മോശം-ഹേയ്! വീടും നാടും വെറുത്ത ഈ ദേശാന്തരിക്ക് മുടിമന്നന്മാരുടെ കുടിമുടിക്കും കടിപാടുകളിൽ സംബന്ധമെന്ത്?" ഇങ്ങനെയും മറ്റും ഒരു മിശ്രഭാഷയിൽ ഭട്ടൻ സ്വഗതം തുടങ്ങി. തന്റെ പൂർവവൃത്തഘട്ടത്തിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ തൊണ്ട ഇടറി. താടി വിറച്ച്, ശരീരം വിയർത്തു. ചിന്താശൂന്യതയാകുന്ന സ്വൈരസ്ഥിതിയെ പാട്ടിലാക്കാനുള്ള ഉപായമായി ഉറക്കം തുടങ്ങുന്നതിന് തീർച്ചയാക്കിക്കൊണ്ട് ഭട്ടൻ പുച്ഛം മുറിഞ്ഞ മുതലപോലെ മണിയറത്തറയിൽത്തന്നെ മലർന്ന് വീണു.

നിദ്രയും ഭട്ടനും തമ്മിൽ ഒരു സൈരന്ധ്രീ-കീചകക്കളി നടക്കുന്നതിനിടയിൽ താഴത്തെ നിലയിലുള്ള ഒരു വാതിലിന്റെ ഓടാമ്പൽ സാവധാനത്തിൽ നീക്കപ്പെടുന്ന ശബ്ദം അദ്ദേഹത്തിന്റെ കർണ്ണത്തിൽ പതിച്ചു. വിശ്രമതന്ത്രിയിൽ ആമഗ്നനായ യോദ്ധാവ് ശത്രുവിന്റെ ജ്യാനാദം കേട്ട് സമരത്തിന് സന്നദ്ധനാകുന്ന ശീഘ്രതയോടെ ഭട്ടൻ ചാടി എഴുന്നേറ്റ് ചെവി വട്ടംപിടിച്ചു. ഭട്ടന്റെ വികൃതമുഖം പൈശാചരൂക്ഷതയാൽ വികസിക്കയും പുരികവീർപ്പുകളുടെ താഴത്തുള്ള രണ്ട് വൈഡൂര്യമണികൾ വ്യാഘ്രനേത്രങ്ങൾപോലെ പ്രജ്വലിക്കയുംചെയ്തു. ആ സന്ദർഭത്തിൽ അനുഷ്ഠേയം എന്തെന്ന് നിശ്ചയമുള്ളവന്റെ സാമർത്ഥ്യവേഗത്തിൽ ചില ആയുധങ്ങൾ എടുത്ത് ഉടുസോമന്റെ ഇടയിൽ തിരുകി. ഒരു ഉത്തരീയംകൊണ്ട് ആ ആയുധങ്ങളെ അരയോട് മുറുക്കി ബന്ധിച്ചും കണ്ണുകളുടെ നേർക്ക് മാത്രം സുഷിരങ്ങളുള്ള ഒരു കറുത്ത നിലയങ്കികൊണ്ട് ശരീരത്തെ വേഷ്ടനം ചെയ്തു. ഒരു നൂലേണി എടുത്ത് പടിഞ്ഞാറോട്ടുള്ള ജനലിന്റെ നടുക്കാലിന്മേലുള്ള ഒരു വലയത്തിൽ ബന്ധിച്ചുകൊണ്ട് വാതിലിനെ മന്ദമായി തുറന്നു. അനന്തമായുള്ള നിബിഡാന്ധകാരം ഭട്ടനേത്രങ്ങളിൽ സംഘട്ടനം ചെയ്തപ്പോൾ ആ ഭൂതത്തിൽ നിസർഗ്ഗരൂഢമായി ആവാസം ചെയ്തിരുന്ന ദ്രോഹവാസനയും ദൗഷ്ട്യവും അതുകളുടെ സമഗ്രരൂക്ഷതയോടെ ഉണർന്നു. തന്റെ ആത്മനേത്രങ്ങൾ ദർശിച്ച വിശ്വാവസാനമൂർത്തിയെ മനസാ പ്രണാമം ചെയ്യുന്ന നാട്യത്തിൽ ഭട്ടൻ തന്റെ ശിരഃപിണ്ഡത്തെ ചാഞ്ചാടിച്ചുകൊണ്ട് കരടിയുടെ സമ്പ്രദായത്തിൽ നൂലേണിവഴി കീഴ്പോട്ടിറങ്ങി നിലത്തെത്തി. അല്പം വടക്കോട്ട് നീങ്ങി നോക്കിയപ്പോൾ,

സത്രത്തിന്റെ വടക്കുഭാഗത്തുള്ള വഴിയമ്പലത്തിലേക്ക് ചില ദീർഘകായന്മാർ പ്രൗഢഗമനം ചെയ്യുന്നതു കണ്ടു്. കൗടില്യനയജ്ഞനായ ഭട്ടപാദർ കാര്യസിദ്ധിക്കുള്ള ഉപായമായി ദണ്ഡനമസ്കാരത്താൽ നിലംപതിച്ചു. മണ്ഡപത്തിലേക്ക് പുറപ്പെടുന്ന തന്ത്രകുശലന്മാർ തന്റെ യാത്രയെ കണ്ടുപോകാതിരിപ്പാൻ അനുഷ്ഠിച്ച അനന്തരയാത്ര മുതലയുടെ ഭ്രസഞ്ചാരംപോലെ ആയിരുന്നതിനാൽ ആഗ്രഹം അനുസരിച്ചുള്ള വേഗത്തിലും ലഘുശ്രമമായും ഭട്ടന് സാധിച്ചില്ല. ഉരസ്സുകൊണ്ടു് നീന്തിയും കൈകാലുകളാൽ തുഴഞ്ഞും ദേഹത്തിന്റെ അലഘുത്വത്താൽ ഉണ്ടായ കിതപ്പുകളെ നീക്കിയും ഇടയ്ക്കിടെ നേരിട്ട വേദനകളെ ശുശ്രൂഷിച്ച് വഴിയമ്പലത്തളിമത്തിന്റെ മറവിൽ ഭട്ടൻ എത്തിയപ്പോൾ സമാഗതന്മാർ തമ്മിലുള്ള ഉപചാരഭാഷണങ്ങളും കാര്യാലോചനയിലെ ഉപക്രമഭാഗവും അവസാനിച്ചിരുന്നു.

ആ ഗൂഢസഭയിൽ ചില രാജസിംഹന്മാരുടെയും, പരിവാരശക്തികൊണ്ടു് വിഖ്യാതന്മാരായ ഏതാനും ഇടപ്രഭുക്കന്മാരുടെയും സാർവ്വഭൗമത്വം സ്ഥാനപതികൾ മുഖേന സംയോജിച്ചിരുന്നു. സഭാദ്ധ്യക്ഷം വഹിക്കുന്നതു് ദക്ഷിണഇന്ത്യയിൽനിന്ന് പാശ്ചാത്യന്മാരായ വ്യവസായസംഘക്കാരെ ഓടിച്ചിട്ട് ആ പ്രദേശങ്ങളെ തന്റെ ഏകച്ഛത്രത്തിൻ കീഴാക്കാൻ മോഹിക്കുന്ന ടിപ്പു സുൽത്താന്റെ ഉപദേഷ്ടാവും വിശ്വസ്തസഖനും ആയുള്ള ത്ര്യംബകരായർ തിരുമലരായർ ആണെന്ന് ഭട്ടൻ പ്രഥമ വീക്ഷണത്തിൽത്തന്നെ ഗ്രഹിച്ചു്. ഭിന്നാഭിപ്രായങ്ങളുടെ സംഘട്ടനധ്വനി ആ സദസ്സിൽ കേൾപ്പാനുണ്ടു്. മറ്റുള്ള രാജപ്രതിനിധികളുടെ വാദഘോഷങ്ങൾക്കിടയിൽ ഉച്ചശ്രുതിയിൽ കേൾക്കുമാറാകുന്നതു് യോഗനിമന്ത്രകനായുള്ള ടിപ്പുസുൽത്താന്റെ സ്ഥാനപതിയായ തിരുമലരായരുടെ പഞ്ചാസ്യരവം തന്നെ. അഭിപ്രായഗതികളുടെ ഭിന്നതയെ ആ വാദഘോഷങ്ങൾ ധ്വനിപ്പിക്കുന്നുണ്ടെങ്കിലും ആ സചിവ്യമല്ലാങ്കണത്തിൽ പ്രയോഗിക്കപ്പെട്ട പണ്ഡിതഭാഷ ഭട്ടസ്ഥാനചോരന് ലഘുഗ്രാഹ്യമായിരുന്നില്ല. ഈ കാരണത്താൽ കാളിപ്രഭാവഭട്ടൻ മുക്കാലും ബധിരഭാവത്തിൽ കഴങ്ങി. ഇച്ഛാഭംഗരോഷത്താൽ ദന്തങ്ങളും കൈകളും ഞെരിഞ്ഞുതുടങ്ങി. ഭട്ടന്റെ ഇംഗിതാനുസാരമെന്നപോലെ ആ നയകോവിദഭീമന്മാരുടെ വാദസമരം 'രാമരാജാബഹദൂർ' എന്നൊരു ശബ്ദപതാകയെ ചുറ്റി ആരംഭിച്ചു. ഭട്ടന്റെ ആത്മനാളം സന്തോഷപ്രവാഹത്തിൽ തിരകളടിച്ച് തുടങ്ങി. ശ്വാസോച്ഛ്വാസത്തെ പരിപൂർണ്ണമായി അടക്കിക്കൊണ്ടു് അദ്ദേഹം ദത്തകർണ്ണനായി കോപം, ഈർഷ്യ മുതലായുള്ള അന്തസ്സംരംഭങ്ങൾ നീങ്ങി, പ്രജ്ഞാകേന്ദ്രം വിഷമവിഷയങ്ങളെയും ഗ്രഹിപ്പാൻ തക്കവിധം തെളിഞ്ഞു. ധർമ്മരാജ്യമർദ്ദനത്തിനായി മൈസൂറിലെ വ്യാഘ്രവിക്രമൻ ബന്ധുബലസജ്ജീകരണം ചെയ്യുന്നു എന്നുള്ള വസ്തുതയെ സഭാംഗങ്ങൾ ഉപന്യസിച്ച സ്ഥലനാമാദി ശകലങ്ങളിൽനിന്ന് ഭട്ടന്റെ മോഹകേന്ദ്രം സംഭരിച്ചു. തന്റെ ജീവിതകാലത്തിലെ പൗരുഷദശയിൽ മോഹിച്ചതായ മഹാപദവി ഹസ്തഗതമാകാനുള്ള സന്ദർഭം ഇതാ സംപ്രാപ്തമാകുന്നു. ഭട്ടന്റെ ഹൃദയം ത്രസിച്ചു. ബുദ്ധി ഭ്രചക്രഭ്രമണം തുടങ്ങി. ഭൂതകാലദൂരതയിലെ സാഹസപരാജയങ്ങൾ സംബന്ധിച്ചുള്ള സ്മൃതികൾ ആ കേന്ദ്രത്തിലോട്ടു് തള്ളിക്കടന്നു. ഭട്ടൻ തന്റെ ദമശക്തിയുടെ പ്രയോഗത്താൽ അന്തരിന്ദ്രിയപഞ്ചകത്തെയും ബന്ധിച്ച് ഒരു ആലോചനാസമാധി ആരംഭിച്ചു. ഈ സമാധിമാർഗ്ഗേണ സമീപഭാവിയിൽ ലഘുശ്രമം കൊണ്ടു് സാദ്ധ്യമാകാവുന്ന മഹാവിജയങ്ങളെയും പദവികളെയും ഭട്ടൻ സംഭവക്രമത്തിൽ പരിവീക്ഷണം ചെയ്തു.

മാനസികമായ ഒരു മന്ദരോദ്ധാരകർമ്മം സാധിച്ച ചാരിതാർത്ഥ്യത്തോടും വിജയസന്തുഷ്ടിയോടെ ജന്മം അവസാനിപ്പിക്കുന്നത് തന്റെ വീരവ്രതത്തിന്റെ സമുദ്ദ്യാപനമാകുമെന്നുള്ള സ്വാത്മാഭിനന്ദനത്തോടും ഭട്ടയോഗി പരിസരസ്ഥിതികൾ ഗ്രഹിപ്പാൻ വീണ്ടും സ്ഫുടബോധവാനായപ്പോൾ സ്ഥാനപതികളുടെ യോഗം പിരിഞ്ഞിരുന്നു.

ഭട്ടൻ എഴുന്നേറ്റ്, താൻ ആജന്മം കാംക്ഷിക്കുന്നതായ മഹൽസ്ഥാനത്തിലോട്ട് ഒന്നാം ചുവടുവച്ചത് തെക്കോട്ട് നോക്കിയായിരുന്നു. സ്ഥാനപതികൾക്ക് വാതിൽ തുറന്നുകൊടുത്ത ഭടൻ വീണ്ടും വാതിലിനെ ബന്ധിച്ച്, തിരുമലരായരിൽനിന്നു കിട്ടാൻ പോകുന്ന സമ്മാനങ്ങളെ ചിന്തിച്ച്, മനസ്സുകൊണ്ട് മാളികകൾ പണിയുന്നതിനിടയിൽ, ഒരു കൃഷ്ണവിഗ്രഹം അവന്റെ മുമ്പിൽ ആവിർഭവിച്ചു. വനസുഖം ആസ്വദിച്ച് മദോന്മത്തനായി സഞ്ചരിക്കുന്ന കരടിയെപ്പോലെതന്നെ ആ വിഗ്രഹം നിർഭാഗ്യവാനായ ഭടനെ ഒന്ന് പരിരംഭണം ചെയ്തു. എല്ലുകൾ തകരുന്ന ഒരു ശബ്ദവും ശ്വാസംമുട്ടിയുള്ള ഞറുങ്ങലുംകൊണ്ട് ഭടന്റെ കഥ അവസാനിച്ചു. ഈ ബലികർമ്മത്തിന്റെ ഫലമായി ഭട്ടനാൽ നിർമ്മിതമായ സരസ്സിൽ അടുത്ത ദിവസത്തിൽ ഉണ്ടായ ജലജത്തിന്റെ സന്ദർശനം തിരുമലരായരും ഭട്ടനും ആരംഭിക്കുന്ന പ്രസ്ഥാനത്തിന്റെ പരിണാമത്തിന് ഒരു സൂക്ഷ്മശകുനമായിരുന്നു.

ആ രാത്രിയിൽത്തന്നെ മാരീചരാവണന്മാരുടെ കൂടിക്കാഴ്ചപോലുള്ള ഒരു സന്ദർശനം ഭട്ടന്റെ മണിയറയ്ക്കകത്തുവച്ച് നടന്നു. ആ സന്ദർശനത്തിലെ രാവണൻ സ്വയമേ സന്നിഹിതനായതല്ലായിരുന്നു. ഭട്ടന്റെ ഒരു ആജ്ഞാകരനാൽ ആനീതനായി തിരുമലരായർ ആ സന്ദർശനത്തിന് വഴിപ്പെട്ടതായിരുന്നു. ദീർഘകായനായ ആ തന്ത്രവിദഗ്ദ്ധൻ ഭട്ടനെ അഭിവാദ്യങ്ങൾകൊണ്ട് ആദരിക്കുന്നതിനിടയിലും അദ്ദേഹത്തിന്റെ മുഖം കോപകാലുഷ്യത്താൽ ചുവന്ന് ജൃംഭിച്ചിരിക്കുന്നു. മഞ്ചത്തിന്മേൽ ബ്രാഹ്മണാഢ്യന്റെ വേഷത്തിലിരിക്കുന്ന ഭട്ടനാൽ ക്ഷണിക്കപ്പെട്ടിട്ടും രായർ ആസനസ്ഥനാകുന്നില്ല. എന്നാൽ ആ സന്ദർശനത്തെ അവസാനിപ്പിച്ചിട്ട് പിരിയണമെന്നുള്ള തിടുക്കത്തെ രായർ മര്യാദയെ ലംഘിച്ചും പ്രത്യക്ഷമാകുന്നു. ഭട്ടൻ തന്റെ മഹത്ത്വത്തിന്റെ വില കുറപ്പാൻ സന്നദ്ധനല്ലാത്തതിനാൽ അല്പനേരം നാമജപനാട്യത്തിൽ മിണ്ടാതെയിരുന്നിട്ട്, പ്രാകൃതഹിന്ദുസ്ഥാനിയിൽ ചോദ്യം തുടങ്ങി.

ഭട്ടൻ: "താഴത്തെ മണ്ഡപത്തിൽവച്ച് നടന്ന ഗൂഢാലോചനയുടെ സാരം ഈ വൃദ്ധനെക്കൂടി ഗ്രഹിപ്പിച്ചുകളയുക."

തിരുമലരായർ: (ശുദ്ധമായ ഹിന്ദുസ്ഥാനിയിൽ) "സർവ്വശക്തനാൽ അനുഗ്രഹിക്കപ്പെട്ട മണ്ഡലാധീശന്മാർ രാജ്യരക്ഷാർത്ഥം നിയോഗിക്കുന്ന കാര്യങ്ങളെ അവിഹിതമായി ഗ്രഹിപ്പാൻ ആഗ്രഹിക്കുന്നവർക്കുള്ള അനുഭവം എന്തെന്ന് ഗുരുജനമറിയുന്നോ?"

ഭട്ടൻ: (ഒരു ആശ്ചര്യച്ചിരിയോടെ) "ഭഃ! ഗൂഢമായുള്ള സ്വാമിനിയോഗങ്ങളെ പരസ്യമാകുംവണ്ണം നിർവ്വഹിക്കുന്ന ദാസന് കിട്ടേണ്ട ശിക്ഷ എന്താണെന്നുകൂടി പഠിപ്പിച്ചുതരിക."

തിരുമലരായർ: "മഹാരാജാവിന്റെ പ്രസാദത്താൽ സമ്പന്നനായ ഗാംഗ്ഗറാം സേട്ട് ശത്രുവിന്റെ ചാരനായ ഒരു സർപ്പത്തിനെ ധർമ്മകർത്താസ്ഥാനം നല്കി വാഴിച്ചിരിക്കുന്നു എന്നുള്ള വസ്തുത ടിപ്പുസുൽത്താൻ മഹാരാജാബഹദൂർ തിരുമനസ്സിലെ വിശാലബുദ്ധിയും ഗ്രഹിച്ചില്ല. അവിടുത്തെ ദാസനായ ഇവനോടുകൂടി എത്ര ഭടജനം വന്നിട്ടുണ്ടെന്ന് ഗുരുജി അറിയുന്നോ?"

ഭട്ടൻ: "ഭടജനം! രാജാധികാരം! മകനെ, അക്കഥകൾ അങ്ങ് വച്ചേക്കുക. ഹൈദർനായക്കൻ ഇന്ന് ജീവിച്ചിരിക്കുന്നോ? ചാമരാജാവിന്റെ സൈന്യങ്ങൾ ഇന്ന് രാജാജ്ഞകൾ നിർവ്വഹിക്കുന്നുവോ? അതെല്ലാം ഇന്ന് കണ്ട്, നാളെ നശിക്കുന്നു. നാം ആരുടെ പ്രീതിയെയും കാംക്ഷിക്കുന്നില്ല. അതിനാൽ കൂസേണ്ട പുരുഷൻ ആരെന്നു പേർ പറയുക. നമുക്കും ബോദ്ധ്യമാകണം."

രാജദ്രോഹകമായുള്ള ഭട്ടാജിയുടെ ഈ അഹങ്കാരത്തിന് ഉചിതദണ്ഡനം നല്കാൻ തന്റെ ഖഡ്ഗത്തെക്കൂടി കൊണ്ടുപോന്നില്ലല്ലോ എന്നുള്ള വ്യസനത്തെ തിരുമലരായർ ഗോപനംകൂടാതെ അഭിനയിച്ചു. ഗൃദ്ധ്രനേത്രനായ ഭട്ടൻ രായരുടെ അന്തർവിചാരത്തെ ഗ്രഹിച്ച് ദുരാപത്തുകളുടെ അനുഭവവും ബഹുസംവത്സരത്തിലെ ദേശാന്തരസഞ്ചാരവും കൊണ്ട് ബുദ്ധിക്ക് വികൃതമായ ഒരു സംസ്കൃതി വന്നിട്ടുള്ള ഭട്ടൻ വ്യാജകഥനത്തിനുതന്നെ കോപ്പിട്ടു. "ഹേ! രാജമന്ത്രിമാരിൽ തിരുമലരായർ ഒരു ദേവഗുരുവാണെന്ന് കേട്ടിട്ടുണ്ട്. ഇപ്പോൾ മാത്രം അസുരഗുരുവായ വികലനേത്രൻ ആണെന്ന് അറിയുന്നു. ആരും കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത ശക്തിയുടെ കൃപയാൽ നാം ഇരുനൂറ് വസന്തം കണ്ടിട്ടുണ്ട്. ഇനി അത്രത്തോളമെങ്കിലും കാണാതെ അവസാനസമാധിക്ക് തയ്യാറില്ല. പണ്ട് ആരുടെയോ അമ്പുകൾ പൂക്കളായില്ലേ? അതുപോലെ ഈ കഴുത്തിന് നേർക്ക് വരുന്ന വാളുകൾ പൂണൂനൂലുകളാകും. എന്താണ് ചിരിക്കാൻ ഒരുങ്ങുന്നത്?"

ഭട്ടന്റെ നാട്യവും ഭാഷാക്രമവും ആത്മപ്രശംസകളും യോജിക്കാത്തതിനാൽ തിരുമലരായർ അവിടെനിന്നു പിരിയുന്നതിന് വട്ടംകൂട്ടി.

ഭട്ടൻ: "നില്ക്കണേ! രാമരാജാബഹദൂർ എന്നൊരു പദം നിങ്ങളുടെ വിസ്രംഭസംഭാഷണത്തിൽ ഉപയോഗിച്ചല്ലോ? ബുദ്ധിമാനായ ഹൈദർഖാൻ ആ രാജാവിനെ തോല്പിക്കാൻ ഒരു മഹായോഗിയെ നിയോഗിച്ചു. ആ യോഗീശ്വരന് സ്വാമി ഗാംഗ്ഗറാം, ഹൈദർഖാൻ തിരുമനസ്സിലെ കല്പനയനുസരിച്ച് ശൃംഗേരിമഠത്തിലേക്ക് ചേർന്നുള്ള അവസ്ഥയോടെ ആ രാജ്യത്തിൽ പെരുമാറുന്നതിനുവേണ്ട ദ്രവ്യം അയച്ചുകൊണ്ടിരുന്നു."

തന്റെ മുമ്പിലിരിക്കുന്ന കുടിലവൃദ്ധൻ സ്വസ്വാമികൾ അനുഷ്ഠിച്ചിട്ടുള്ള രാജോപായങ്ങളിലെ മർമ്മരഹസ്യങ്ങൾപോലും ഗ്രഹിച്ചിരിക്കുന്ന് എന്ന് മനസ്സിലാവുകയാൽ തിരുമലരായർ ആശ്ചര്യഭാരത്താൽ സ്തബ്ധനായി ലോഹപ്രതിമപോലെ നിലകൊണ്ടു. ഭട്ടൻ തിരുവിതാംകൂർരാജ്യത്തിന്റെ പുരാവൃത്തവും ഭൂവിവരണവും രാജകുടുംബസ്ഥിതികളും സേനാ

സചിവശക്തികളും സംക്ഷേപിച്ച് ഒരു പ്രസംഗം ചെയ്തു്, താൻ നിയമേന മിതഭാഷിയാണെങ്കിലും തന്റെ മനസ്സുകൊണ്ടു് ആരാധിക്കുന്ന ടിപ്പുമഹാരാജാവിന്റെ വിജയത്തെ ആഗ്രഹിച്ച് ഇത്രയും ഉപന്യസിച്ചതാണെന്നുകൂടി ധരിപ്പിച്ചു. വിശ്വാമിത്രനായ രാജർഷിക്ക് തുല്യം പ്രഭാവശക്തികൾ ധരിക്കുന്ന ഒരു ഉപദേഷ്ടാവ് തന്റെ സ്വാമിക്ക് കിട്ടുന്ന് എന്ന് ഒരു ആത്മോദയം ഉണ്ടായിട്ടു് അതിന്റെ പ്രേരണയാൽ ഭട്ടജിയുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്യാൻ തിരുമലരായർ മുന്നോട്ടു ചാഞ്ഞു. ശയ്യയിൽനിന്ന് ചാടി താഴത്തിറങ്ങി ഭട്ടൻ ആ പ്രണാമക്രിയയെ തടുത്തു് രായരെ സഹർഷം പരിരംഭണം ചെയ്തു.

2

"ലോകരാവണരാവണഭീതികൊണ്ടാകുലരായി ദേവകൾ ..."

ഹരിപഞ്ചാനനയുഗ്മത്തിന്റെ ദേഹത്യാഗത്തിൽ അവസാനിച്ച പ്രതികാരയജ്ഞത്തിന്റെ ധൂമം ബ്രഹ്മാണ്ഡമണ്ഡലത്തിന്റെ അനന്തതയിൽ ലയിച്ചു. സശ്വത്ഫലവാഹികളായ 'വരാഹതരുക്കൾ' നിറഞ്ഞുള്ള വഞ്ചിരാജ്യാരാമത്തിൽ വിക്രീഡിപ്പാൻ അടുത്ത ഹൈദർഖാൻ തന്റെ മൂലസ്ഥാനമായുള്ള മൈസൂർരാജ്യത്തിന്റെ പ്രാന്തങ്ങളിൽ ആംഗലസിംഹത്തിന്റെ അത്യുഗ്രാരവം മുഴങ്ങുന്നു എന്ന് കേട്ട്, ആ ഉദ്യമത്തിൽനിന്ന് വിരമിച്ചു. ആ പൗരസ്ത്യ നെപ്പോളിയൻ ഇംഗ്ലീഷുകാരനോട് നേരിട്ട് വീരസമരം ചെയ്തു, ചിറ്റൂരിൽവച്ച് മുറിവേറ്റ് കൊല്ലം 958-ൽ ചരമം പ്രാപിച്ചു. വിക്രമവർഗ്ഗത്തിൽ ചേർത്ത്, 'മൈസൂർവ്യാഘ്രം' എന്ന അഭിധാനം നല്കി പാശ്ചാത്യസമുദായക്കാർപോലും ഈ ദൂരകാലത്തും അഭിമാനിക്കുന്ന ടിപ്പുസുൽത്താൻ അച്ഛന്റെ സ്ഥാനത്ത് സിംഹാസനസ്ഥനായപ്പോൾ വിന്ധ്യാദ്രി മുതൽ കന്യാകുമാരിപര്യന്തമുള്ള രാജ്യങ്ങൾ സമരരുധിരന്റെ കിരണസ്ഫുരണങ്ങളെ വീണ്ടും സമീക്ഷിച്ചു. രാജസഭകൾ നിരുദ്ധപ്രജ്ഞന്മാരുടെ സമാധിരംഗങ്ങളായി. നിരാലംബങ്ങളായ കിരീടങ്ങൾ അഭയകേന്ദ്രങ്ങളെ ആരാഞ്ഞ് അങ്ങോട്ട് ലയിക്കുകയോ പണയപ്പെടുകയോ ചെയ്തു.

സിരഹസ്തിനമണ്ഡപത്തിൽ സംയോജിച്ച സ്വാമിഹിതവാദികൾ ടിപ്പുവിന്റെ അഭിലാഷപരിപൂർത്തിയെ ഐകകണ്ഠ്യേന അനുമതിച്ചില്ലെങ്കിലും ആ വ്യാഘ്രം ഭിന്നപക്ഷക്കാരുടെ വിസമ്മതത്തെ ഭീരുത്വത്തിന്റെ ദ്യോതകമായി ഗണിച്ച്, അച്ഛനാൽ കൊടിനാട്ടപ്പെട്ടിട്ടുള്ള കേരള ഖണ്ഡത്തിന്റെ വിധ്വംസത്തിനായി വൻപട ചേർത്ത്, ഒരു ഘോരയാത്ര ആരംഭിച്ചു. ഭാർഗ്ഗവശങ്കരന്മാരുടെ വ്യവസ്ഥാപനങ്ങൾ, ആര്യമുദ്രകളായ ബ്രഹ്മോപവീതങ്ങൾ, കേരളമുദ്രകളായ പൂർവ്വശിഖകൾ എന്നിവ ടിപ്പുവിന്റെ മതശാഠ്യോഷ്മാവിൽ ബാഷ്പീഭവിച്ചു. ഭൂമുഖം മനുഷ്യരക്തം കൊണ്ടുള്ള ചെന്താമരപ്പൊയ്കകളായി. രാജനിലയനങ്ങൾ,

പ്രഭ്യഗ്രഹങ്ങൾ, സാമാന്യഭവനങ്ങൾ, കൊട്ടിലുകൾ എന്നിവ അതിന്റെ ചിതകളായി എരിഞ്ഞു. അതുകളുടെ ഭസ്മീകരണത്തിന് ഉജ്ജ്വലിച്ച തീക്കുണ്ഡങ്ങൾ ഗോകുലമേധങ്ങളുടെ നികുംഭിലകളുമായി. ഭ്രഭാരത്തെ കുറയ്ക്കുമാറ് ഉണ്ടായ ഈ കീർത്തനീയകർമ്മങ്ങളാൽ ഉത്തരദേശങ്ങളെക്കൊണ്ട് കാൽത്താർ കുമ്പിടുവിച്ചപ്പോൾ, ബഹുകാലത്തെ വാഞ്ഛാനുസാരം വഞ്ചിരാജ്യവൈകുണ്ഠത്തിന്റെ മർദ്ദനംകൂടി നിറവേറ്റുന്നതിനായി ആ താരകന്റെ ആഗ്നേയനേത്രങ്ങൾ തെക്കൊട്ട് തിരിഞ്ഞു. ഈ ഉത്തുംഗവിപത്തിന്റെ സൂക്ഷ്മമായ നാശകരത്വം എത്രമാത്രമുണ്ടെന്ന് തിരുവിതാംകൂർ ജനസാമാന്യം പ്രബുദ്ധന്മാരായതു്, മഹമ്മദീയസൈന്യത്തിന്റെ നിഷ്ഠുരതകൾ സഹിക്കാൻപാടില്ലാഞ്ഞ് തിരുവിതാകൂറിലേക്കുണ്ടായ ജനപ്രവാഹം നിമിത്തമായിരുന്നു. നാട്ടുവാഴികൾ, പ്രഭുക്കൾ, ജന്മികൾ തുടങ്ങിയുള്ള സംഘങ്ങൾ സഹസ്രങ്ങളായി കൂട്ടമിട്ടിളകി, രാമവർമ്മമഹാരാജാവിന്റെ പാദങ്ങളെയും, അവിടുത്തെ പ്രജകളുടെ എന്നും സൽക്കാരസന്നദ്ധങ്ങളായ കൈകളെയും ശരണം പ്രാപിച്ചു. ഈ അഭയദാനം മിത്രാമിത്രഭേദം തിരിച്ചറിവാൻ പാടില്ലാത്ത വിധത്തിൽ പല ആവശ്യങ്ങൾ നടിച്ചും വേഷങ്ങൾ ധരിച്ചും ശ്രുപാർശലേഖനങ്ങൾ വഹിച്ചും പുറപ്പെട്ട പല അകേരളീയരുടെയും പ്രവേശം രാജ്യത്തിൽ ഉണ്ടാകാൻ സൗകര്യം കൊടുത്തു. ശത്രുശക്തിയുടെ ആജ്ഞാകരന്മാരായ വാർത്താന്വേഷികൾ, കലാപകാരന്മാർ, ഛിദ്രകർത്താക്കന്മാർ എന്നിങ്ങനെയുള്ള പരിപന്ഥിസഞ്ചയം നിരോധംകൂടാതെ പെരുകി. ഈ കൂട്ടക്കാരാൽ പ്രേരിതന്മാരായി ഓരോ തസ്കരസംഘങ്ങൾ അധികൃതശ്രദ്ധയെ വിഷമിപ്പിക്കുമാറ് നാനാകേന്ദ്രങ്ങളിലും കാട്ടുപാളയങ്ങൾ ഉറപ്പിച്ചു. ആകപ്പാടെ, ടിപ്പുവിന്റെ നിസ്സീമവും അതുലവുമായുള്ള കൗശലാഭിചാരങ്ങളും ധനപൗഷ്കല്യവും തിരുവിതാംകൂറിലെ സമാധാനത്തോടുകൂടിയുള്ള കുടിപാർപ്പ് മുടിക്കയും അധികൃതമണ്ഡലത്തിന്റെ ബുദ്ധിവൈഭവത്തെ ശാണഘർഷണത്താലെന്നപോലെ പരീക്ഷണം ചെയ്കയും ചെയ്തു.

ശത്രുവിന്റെ ആക്രമണം ഉണ്ടാകുമെന്ന് കർണ്ണാകർണ്ണികയാ ധരിച്ചപ്പോൾ ജനങ്ങൾ ആകുലന്മാരായി എങ്കിലും ഹൃദയപൂർവ്വം തങ്ങളുടെ ദേഹദേഹികൾ ഉൾപ്പടെയുള്ള സകലസമ്പത്തും രാജപാദങ്ങളിൽ സമർപ്പിപ്പാൻ കൃതപ്രതിജ്ഞന്മാരായി. എന്നാൽ ജനബഹുലതയുടെ സംഭ്രമം അനാസ്പദമാണെന്ന് തെളിയിക്കാനെന്നപോലെ ചില ആഗമനങ്ങളും വിദേശങ്ങളിൽനിന്നുണ്ടായി. പട്ടുരത്നാദി വിലയേറിയ നിരവധി സാമാനങ്ങളോടും മഹാരാജാവിന്റെ അനുമതിയോടും മാണിക്കഗൗണ്ഡൻ എന്നൊരു കച്ചവടക്കാരൻ തിരുവനന്തപുരത്തുതന്നെ ഒരു വ്യാപാരശാല സ്ഥാപിച്ചു. തഞ്ചാവൂർ കുമാരരാജാവിന്റെ കൃപാവീക്ഷണം സാക്ഷീകരിക്കുന്ന ശ്രീമുഖത്തോടും വലുതായ അനുചരസംഘത്തോടും ഭാരത ഭൂഖണ്ഡത്തിലെ പല തിരുമുമ്പുകളിലും ദ്വന്ദ്വയുദ്ധചാതുര്യം പ്രയോഗിച്ച് സമ്മാനകങ്കണങ്ങളും മറ്റും നേടീട്ടുള്ള ഒരു കോണേരിരായർ കണ്ഠീരവരായർ മഹാരാജാവിനെ മുഖംകാണിച്ച്, ഒരു വലലന്റെ ആവിർഭാവത്തെ പ്രതീക്ഷിച്ച് ദിവാൻജിയുടെ പ്രത്യേകസംരക്ഷണയിൽ താമസിക്കുന്നു. അക്കാലംവരെ രാജ്യത്തിലെങ്ങും വിശ്രുതിപ്പെട്ടിട്ടില്ലാത്തതും കുടകും മൈസൂരും തൊട്ടുകിടക്കുന്നതുമായ 'ബബ്ബില്ലപുരം' എന്ന മലവാരരാജ്യത്തിലെ സിംഹാസനാവകാശിയായുള്ള രാജകുമാരൻ പല മേനോക്കി അച്ഛന്മാരോടും മാടമ്പികളോടും ഭണ്ഡാരം

മുതലായ രാജചിഹ്നങ്ങളോടും എത്തി, ആയിരത്തിഎട്ട് ദിവസത്തെ ശ്രീപത്മനാഭ ഭജനത്തിനായി മഹാരാജാവിന്റെ ബന്ധുവായുള്ള അതിഥിയുടെ സ്ഥാനാവകാശങ്ങളോടെ താമസിക്കുന്നു.

സർവ്വപ്രകാരേണയും ധർമ്മരാജ്യത്തിൽ വ്യയലക്ഷ്മിയും ഭയയക്ഷിയും ഹിമവൽശൃംഗങ്ങളോളം ഉന്നതമായുള്ള ആകാരങ്ങളിൽ പ്രതിഷ്ഠിതങ്ങളായിരിക്കുന്ന ഈ ഘട്ടത്തിൽ ശ്രീമദനന്തപുരമാകുന്ന ലക്ഷ്മീസങ്കേതം ആനന്ദവിഭ്രാന്തികൊണ്ട് ഇളകി പൊടിപെടുന്നു. ആബാലവൃദ്ധം ജനബഹുലതയുടെ ആമോദകളകളവും അത് കേട്ടിട്ടിളകിപ്പറക്കുന്ന പക്ഷികളുടെ ക്രന്ദനങ്ങളും ക്ഷേത്രങ്ങളിൽ നടക്കുന്ന വിശേഷാൽപൂജകളുടെ നാഗസ്വരശംഖാദി ഘോഷങ്ങളും ഗജവീരന്മാരുടെ മദം കൊണ്ടുള്ള കണ്ഠധ്വനികളും 'നഗരാ' എന്ന രാജചിഹ്ന വാദ്യത്തിന്റെ 'ഏകതാള' മേളിപ്പുകളും അകമ്പടി സേവിക്കുന്ന പുള്ളിപ്പട്ടാളക്കാരുടെ പെരുമ്പറതകർപ്പുകളും ദിവാൻ എന്ന പുത്തൻസ്വഷ്ടിയുടെ മഹനീയസ്വരൂപം കാണ്മാൻ കൂടുന്ന രസികകദംബത്തിന്റെ സരസവാദത്തകൃതികളും മഹാരാജാവിന്റെ പൊന്നുതിരുമേനി കണ്ട് തൊഴുന്ന പെൺകൂട്ടങ്ങളുടെ വായ്ക്കുരവാരവങ്ങളും കലശേഖരാദി മണ്ഡപങ്ങളിൽനിന്ന് പൊങ്ങുന്ന വേദധ്വനികളും ചേർന്ന്, അനന്തശയനനഗരം 'ശ്രീ വഞ്ചിമഹീമഹേന്ദ്രൻ ജയിപ്പൂതാക!' എന്ന ആശംസാപ്രാർത്ഥനകളെ വിഷ്ണുപദോന്മുഖമായി മുക്തകണ്ഠം സമർപ്പിക്കുന്നു. ഈ ഉന്മേഷവിലാസങ്ങൾക്കിടയിൽ, രാജപ്രസാദത്തിന്റെ പരിപൂർണ്ണതയും സ്ഥാനോന്നതിയും, സമ്പൽസമൃദ്ധിയും നിരുദാസീനമായി അനുഗ്രഹിച്ചിട്ടുള്ള ഒരു ഭവനം മാത്രം നിരുല്ലാസത്തിന്റെ പ്രത്യേകസങ്കേതമായി കാണപ്പെടുന്നു. ഇക്കാലത്ത് കാവേരിപ്രാന്തത്തോട് ചേർന്ന ഒരു മഹാനഗരമെന്ന് തോന്നിപ്പോകുംവിധം ഗൃഹവസ്തൃാദി വിശേഷങ്ങളുടെ അകേരളീയത്വംകൊണ്ട് രൂപാന്തരപ്പെട്ടിരിക്കുന്ന തിരുവനന്തപുരം നഗരത്തിന്റെ കിഴക്കേപ്രാകാരത്തിലുള്ള വടക്കേഅറ്റത്ത്, കോട്ടവാതിൽ കടന്ന് അകത്തോട്ടു പ്രവേശിച്ചാൽ, വടക്കുഭാഗത്തു കാണുന്ന അഗ്രഹാരങ്ങൾ നില്ക്കുന്ന പ്രദേശം 'അനന്തതീർത്ഥക്കര' എന്ന നാമം ധരിച്ച്, ഉത്ഭവത്തിൽ ശ്രീപത്മനാഭക്ഷേത്രത്തിനോടുള്ള സമകാലീനത്വംകൊണ്ട് വിശേഷിച്ചൊരു സുപ്രസിദ്ധിയുള്ള സ്ഥലമായിരുന്നു. ഈ പ്രദേശത്ത് ചില സർവ്വാധികാര്യക്കാരന്മാരുടെയും പല പ്രമാണികളുടെയും ഭവനങ്ങളും ചില രാജ്യകാര്യാലയങ്ങളും നിലകൊണ്ടിരുന്നു. കോട്ടയരുകിലുള്ള ഇടവഴിയോട് ചേർന്ന് തെക്കേ അറ്റത്തു കാണുന്ന മതിൽക്കെട്ടു നന്തിയത്ത് ഉണ്ണിത്താന്റെ മകനായ ചിലമ്പിനഴിയത്ത് കേശവൻ കുഞ്ഞ് ഉണ്ണിത്താന്റെ തലസ്ഥാനവസതിയെ വലയംചെയ്തിരുന്നു. ഈ പണ്ഡിതൻ നീട്ടെഴുത്ത് പടിയിൽനിന്ന് കയറി ഇപ്പോൾ രാജ്യഭണ്ഡാരകാര്യക്കാരൻ എന്ന ചുമതലയേറിയ ഉദ്യോഗം വഹിക്കുന്നു. ഭവനത്തിന്റെ ശുചിത്വവും അതിന്റെ ശില്പരസികത്വവും ഉണ്ണിത്താന്റെ ധനപൗഷ്കല്യവും വിചാരിച്ച് നഗരവാസികൾ ആ ഭവനത്തെ നന്തിയത്തുമഠം എന്ന് വിളിക്കുന്നു. ഉണ്ണിത്താന്റെ പ്രാധാന്യം ഉദ്യോഗസ്ഥാനത്തിന്റെ വലിപ്പംകൊണ്ടല്ലായിരുന്നു. നായന്മാരിൽ വിശിഷ്ട ശാസ്ത്രീദ്വിജന്മാർക്ക് തുല്യം സംസ്കൃതപാണ്ഡിത്യമുള്ള ഇദ്ദേഹത്തോട് മഹാരാജാവും തന്റെ കാവ്യരചനാശ്രമങ്ങളിൽ ഗുണദോഷാപേക്ഷകൾ ചെയ്യാറുണ്ട്. ആ മാഹാത്മ്യത്തെയും കവിഞ്ഞ, അച്ഛനാൽ കൊട്ടാരക്കര താലൂക്കിൽ നല്കപ്പെട്ട

ഭൂമികളും ചിലമ്പിനഴിയംവക സ്ഥാവരജംഗമസ്വത്തുകളും അനന്തപത്മനാഭൻ പടത്തലവനിൽനിന്ന് ദത്തനന്തരവളുടെ സ്ഥാനത്ത് തന്റെ ഭാര്യയ്ക്ക് കിട്ടീട്ടുള്ള രാമവർമ്മത്തുഭവനവും അതോടു് ചേർന്നുള്ള സ്വത്തുക്കളും കൈകാര്യംചെയ്യുന്ന ആളിന്റെ പ്രാധാന്യം ധനദന്റേതു തന്നെ ആയിരുന്നു.

നന്തിയത്തുമഠത്തിന്റെ പ്രവേശനദ്വാരം മുൻഭാഗത്തെ ഓരോ വശത്തും ഓരോ വെങ്കലചുവർവിളക്കോടുകൂടിയ ആനക്കൊട്ടിൽകൊണ്ടു് അലംകൃതമായിരുന്നു. അകത്തോട്ടു് കടന്നാൽ ആദ്യമായി കാണുന്നതു് ചന്ത്രക്കാരന്റെ വാഴ്ചക്കാലത്തു് അദ്ദേഹത്തിന്റെ ഭവനത്തിൽ എന്നപോലെ അടിച്ചുവാരി മിനുസമാക്കീട്ടുള്ള ഒരു വലിയ മുറ്റമാണ്. തെക്കരുകിൽ മേനാച്ചാവടിയും വടക്കരുകിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വേർതിരിച്ചുള്ള കുളിപ്പുരകളോടുകൂടിയ നീരാഴിക്കെട്ടും പ്രധാന കെട്ടിടത്തിന്റെ ദ്വാസ്ഥന്മാരെന്നപോലെ നിലകൊള്ളുന്നു. മുറ്റത്തിന്റെ പടിഞ്ഞാറ്റുതിയിൽ, പാർശ്വങ്ങൾ രണ്ടിലും ഒരോ കൊട്ടിയമ്പലത്തോടുകൂടിയ ചുവരുകളുടെ ഇടയ്ക്കായി ഊക്കനായ ഒരു എട്ടുകെട്ടു് നിന്നിരുന്നതു് അവിടെ താമസിക്കുന്ന കുടുംബത്തിന്റെ പ്രധാനമായുള്ള വാസനിലയമായിരുന്നു. ഈ മന്ദിരത്തിന്റെ തെക്കുകിഴക്കുമൂലയിൽ ആ രണ്ടു് വശങ്ങളും തുറന്നു് ഇടനാടൻരീതിയിൽ കാണുന്ന തളത്തിന്റെ പടികളും മിഥുനക്കോൺസ്തൂണവും തട്ടിലെ പണികളും തളത്തിന്റെ ഇന്ദ്രശിലപ്രഭയും മയശില്പിയെക്കൊണ്ടുപോലും നാസികമേൽ വിരൽവയ്പിക്കും. ആ തളത്തിൽ നിന്നു് പടിഞ്ഞാറോട്ടു് ഉണ്ണിത്താന്റെ ഗ്രന്ഥശാലയായ അടുത്ത മുറിയിലേക്കുള്ള ഒരു വാതിൽ മാത്രം തുറന്നുകാണുന്നതു് നീക്കി, കെട്ടിന്റെ കിഴക്കുവശത്തുള്ള എല്ലാ വാതിലുകളും ബന്ധിച്ചിരിക്കുന്നതു് കെട്ടിലമ്മമാർ താമസിക്കുന്ന ഭവനമാണെന്നു് അറിവുതരുന്നു.

ചിലമ്പിനഴിയം പെറ്റുള്ള ഈ ചെറുലങ്കയുടെ അന്തർഭാഗത്തു് ശത്രുഭയംകൊണ്ടു് രാജ്യമെങ്ങും വ്യാപിച്ചിരിക്കുന്ന പ്രഭാമാന്ദ്യം ശതഗുണീഭവിച്ചു് കാണുന്നു. പടിഞ്ഞാറെക്കെട്ടിന്റെ വടക്കുഭാഗത്തുള്ള ഇടത്തളത്തിൽ നില്ക്കുന്ന വലിയ കട്ടിൽ ഒരു വ്യസനാക്രാന്തയുടെയോ രോഗിണിയുടെയൊ കിടപ്പിടമായിത്തീർന്നിരിക്കുന്നു. നഗര പ്രമോദത്തിന്റെ കോലാഹലരസം ആ ശയ്യാവലംബിനിയുടെ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നില്ല. ഉന്മേഷസമ്മോദങ്ങളോടു് ചരമയാത്രാനുമതി വാങ്ങി ഉത്തരായനം പ്രവീക്ഷിച്ചു് സ്ഥിതിചെയ്യുന്നതുപോലെയുള്ള ആ മഹതിയുടെ അന്തഃകരണങ്ങൾ, ഗൃഹിണീകൃത്യത്തിലുള്ള നിഷ്ഠകൊണ്ടു് സ്വരാജ്യരക്ഷിതാവായുള്ള രാജർഷിപ്രവീണൻ ദിവാൻ എന്ന അഭിനവസ്ഥാനം നല്കിയിട്ടുള്ള മന്ത്രിയോടൊന്നിച്ചു് ഉത്തരദേശങ്ങളിൽ സഞ്ചരിച്ചു് രാജ്യത്തിന്റെ രക്ഷയ്ക്കുപയുക്തങ്ങളായ പല നയോപായങ്ങളും പ്രയോഗിക്കയും ആ പ്രദേശങ്ങളിലെ പ്രാകാരാദികളെ ഉറപ്പിക്കയും ചെയ്തിട്ടു് ലോകവിധ്വംസകനായ മൈസൂരിലെ ദുർമ്മദാന്ധകേസരിയുടെ ആക്രമണം ഉണ്ടാകുന്ന വേളയിൽ ശ്രീപത്മനാഭസങ്കേതത്തെ പ്രത്യേകം കാത്തുരക്ഷിപ്പാനായി മടങ്ങി എഴുന്നള്ളുമ്പോൾ ആ ശതമുഖപ്രഭാവന്റെ സന്ദർശനമാകുന്ന പുണ്യത്തെ സമാർജ്ജിച്ചുകൊണ്ടു് ഉടനെ എത്തിയേക്കാവുന്ന ഭർത്താവിന്റെ ഭക്ഷണകാര്യത്തെ മാത്രം ശ്രദ്ധിപ്പാൻ പ്രവർത്തനം ചെയ്യുന്നു. ഘോഷധ്വനികളുടെ ഗതിയെ സൂക്ഷിച്ചു് ഭർത്താവിന്റെ പ്രത്യാഗമനസമയത്തെ നിശ്ചയമാക്കിയ ആ സാധ്വി തന്റെ ക്ഷീണത്തെ തിരസ്കരിച്ചു്, ശയ്യയിൽനിന്നു് എഴുന്നേറ്റു് പാചകശാലയിൽ എത്തി വേണ്ട ഏർപ്പാടുകളും ചെയ്തിട്ടു്

ഇടത്തളത്തിലേക്ക് മടങ്ങി മഞ്ചത്തിന്മേൽ ആസനസ്ഥയായി. വ്യസനവും ആലസ്യവും കൊണ്ട് വാടിത്തളർന്ന് കാണുന്ന ആ മുഖം ഒരു കാലത്ത് അഭിരാമപരിവേഷത്താൽ ആവൃതമായ കനകാംബുജംപോലെ, ലോകസമ്മോഹകമായുള്ള സൗന്ദര്യസാരത്തിന്റെ കോമളതളിമമായിരുന്നു. ആ നെടിയ നേത്രങ്ങളിലെ കടുനീലതാരങ്ങൾ പ്രകൃതിയുടെ ശില്പപടുത്വത്തിന്റെ ഉത്കൃഷ്ടനിർമ്മിതികളായി, വിരസന്മാരുടെ ലോകഹൃദയങ്ങളെയും ഒരു കാലത്ത് വിദ്രവിപ്പിച്ചവന്നു. തൽക്കാലത്തെ ദൈന്യനിലയിലും ആ ജീവസ്പുടങ്ങൾ സാന്ദ്രമായുള്ള മഹാകലീനതയുടെ ഉഗ്രകിരണങ്ങളെ സ്മരിപ്പിക്കുന്നു. മഹാതുരതയാൽ ആവേഷ്ടിതമായുള്ള ആ സ്ഥിതിയിലും ആ ശരീരപ്രഭ കേതകീപുഷ്പത്തോടൊപ്പം ദർശനീയമായിത്തന്നെ കാണുന്നു. വനപ്രാന്തത്തിലെ പ്രശാന്തവാസവും ഒരു ഗ്രന്ഥാമൃതഭോക്താവിന്റെ ധർമ്മപത്നീസ്ഥാനവുംകൊണ്ട് ഗൃഹിണിമാർക്ക് കിട്ടാവുന്ന കാവ്യരസാതീതമായുള്ള സായൂജ്യാനന്ദത്തെ മോഹിച്ച് ഭർത്തൃവരണം ചെയ്ത കഴക്കൂട്ടം പ്രഭുകുടുംബത്തിലെ മീനാക്ഷി എന്ന തരുണീതിലകത്തെയാണ് നാം ഈ അവസ്ഥയിൽ കാണുന്നത്. മുഖത്തെ ക്രമത്തിലധികം മറയ്ക്കുമാറ് അഴിഞ്ഞുലഞ്ഞ് കിടക്കുന്ന കേശപടലത്തിനിടയിൽ ചില രജതരേഖകൾ ആക്രമിച്ച് മുപ്പത്തെട്ടാം വയസ്സിലും സുമുഖിയായി കഴിയേണ്ട ആ സ്ത്രീരത്നത്തെ വാർദ്ധക്യദശയിലേക്ക് ആനയിക്കുന്നു. തന്റെ അവസ്ഥകൾ ചിന്തിച്ചു ദീർഘനിശ്വാസങ്ങളെ മുക്തമാക്കിയും ഇടയ്ക്കിടെ നാമം ജപിച്ചും ഭർത്താവിന്റെ പാദന്യാസം കേൾക്കുന്നോ എന്ന് ചെവികൊടുത്തും മറ്റൊരു ആഗമനത്തെ കാംക്ഷിച്ച് മറുവശത്തോട്ട് നോക്കിയും മീനാക്ഷിഅമ്മ ഇരിക്കുന്നതിനിടയിൽ ഉരഗത്തിന്റെ നിശബ്ദഗതിയോടെ ഒരു 'സുഭഗനഹം' നടിക്കുന്ന വാമനമൂർത്തി വ്യാജവിനയത്തിന്റെ പരുങ്ങലോടും പലയന്ത്രച്ചരടുകളും സ്വഹസ്തത്തിലെന്നുള്ള അഹങ്കാരത്തിന്റെ ഗൃപ്തമായ മുഖപ്രസാദത്തോടും ആ രംഗത്തിലെത്തി. മീനാക്ഷിഅമ്മ ഗൃഹനായകൻ മടങ്ങി എത്തിയോ എന്ന് പ്രശ്നം ചെയ്യുന്ന നാട്യത്തിൽ അയാളുടെ നേർക്ക് തിരിഞ്ഞുനോക്കി.

പ്ലാമണ്ണിൽ ആശാന്മാർ ഒരു രാജകീയപടക്കളരിയിലെ വലിയത്താന്മാരായിരുന്നു. രാമയ്യൻദളവയുടെ നാമം ധരിച്ച ഒരു ഓലച്ചീന്ത് ആ കുടുംബത്തിന്റെ സ്ഥാനങ്ങളും സ്വത്തുക്കളും മറ്റൊര് കുടുംബത്തിന് സമ്മാനിക്കയാൽ പ്ലാമണ്ണകാർ തെക്കോട്ട് നീങ്ങി തങ്ങളുടെ ചാർച്ചക്കാരായ നന്തിയത്തുകാരുടെ തണലോട് ചേർന്ന് പാർപ്പാക്കി ജാതിശ്രേഷ്ഠതയെ പുരസ്കരിച്ച, പെണ്ണുങ്ങളോട് ചേർത്ത് നൂൽക്കാരായ ഭർത്താക്കന്മാരെ ഊട്ടി വീട്ടിൽ അഷ്ടിക്കും ഉടുതുണിക്കും മുട്ടിയപ്പോൾ ആണുങ്ങൾ വില്ലും കുന്തവും വാരിയിൽ ചൊരുകീട്ട് കാട്ടുകൃഷിയും കച്ചവടവും തുടങ്ങി. നന്തിയത്ത് യജമാനന്റെ മകൻ സംസ്കൃതം പഠിച്ച് രാജപാദസേവകനായപ്പോൾ, പ്ലാമണ്ണിലെ കാരണവരായ നീലമ്പിആശാന് സ്വകുടുംബത്തെ പൂർവ്വസ്ഥിതിയിൽ ഉയർത്തുന്നതിനുള്ള മാർഗ്ഗം തെളിഞ്ഞ് കാണപ്പെട്ടു. ഒരു സാംബശാസ്ത്രിയെ ഗുരുവായി വരിപ്പാൻ വേണ്ട മുതലില്ലാതിരുന്നതിനാൽ കാട്ട് തെളിപ്പാനും കടയിലിരിപ്പാനും കൊള്ളാത്ത കൊടന്തക്കിടാവ് കേശവൻകുഞ്ഞ് ഉണ്ണിത്താന്റെ അടുത്ത് ചെന്ന് നാലക്ഷരം പഠിക്കട്ടെ എന്നു വലിയാശാന്റെ കല്പനയുണ്ടായി. കൊടന്തക്കൊച്ചാശാൻ നന്തിയത്തുമഠത്തിൽ എത്തി ഗുരുകുലവാസം ഒരു സുമൂഹൂർത്ത

ത്തിൽ ആരംഭിച്ചു. എന്നാൽ, കൊച്ചാശാന്റെ മേൽനിലയും മണ്ണായിരുന്നതിനാൽ ഗ്രന്ഥ വിഷയങ്ങൾ അങ്ങോട്ട് പ്രവേശിപ്പാൻ ബ്രഹ്മസാഹസങ്ങൾ ചെയ്തു് ചിരകാലംകൊണ്ടു് ക്ഷീണിച്ചു. പഠിപ്പുകാര്യം എങ്ങനെയായാലും കൊച്ചാശാന്റെ ഊണും ഉടുപ്പും കെടപ്പും അയാളുടെ ആശയ്ക്കു് ചേർന്നുള്ള അന്തസ്സിൽ കഴിഞ്ഞു്, കേശവനുണ്ണിത്താന്റെ ശിഷ്യൻ അഥവാ താക്കോൽക്കാരൻ എന്നുള്ള സ്ഥാനത്തെ വഹിച്ചു്, അയാൾ തിരുവനന്തപുരത്തെ യുവരസികസംഘത്തിൽ ഗണനീയമായ ഒരു പ്രാധാന്യം സമ്പാദിച്ചു.

കൊച്ചാശാൻ അക്കാലത്തെ ഉദ്ദണ്ഡകായന്മാർക്കു് ചെപ്പിലടച്ചു് കൊണ്ടു് നടക്കാവുന്ന ഹ്രസ്വനും കൃശഗാത്രനുമായുള്ള ഒരു ഓമനക്കുഴമ്പൻ ആയിരുന്നു. എല്ലായ്പോഴും ഇഴിഞ്ഞു പോകുമാറു് മുലചുറ്റി വസ്ത്രം ധരിക്കുന്നതും ചതുഷ്കോണമുഖത്തിലെ പുരികങ്ങൾ ക്ഷൗര ത്താൽ രേഖാമാത്രങ്ങളാക്കപ്പെട്ടുള്ളതും അതിലോലങ്ങളായ അധരങ്ങൾകൊണ്ടു് സർവ്വാ പഹാസം നടിക്കുന്നതും ഏതാണ്ടോ ഒരുവക പ്രമാണിത്വത്തിന്റെ ചിഹ്നങ്ങളായിരുന്നു. ഇരുപത്തഞ്ചാം വയസ്സായുള്ള ആ ചെറുപ്പത്തിൽത്തന്നെ ആശാന്റെ മൂർദ്ധാവിൽനിന്നു് ഉല്പന്നമായുള്ള ദീർഘലാംഗലം പൊന്നുകെട്ടിപ്പോയിരിക്കുന്നതു് ഗുരുനാഥന്റെ വയ്പെണ്ണ ലോഭം കൂടാതെ ഉപയോഗിക്കുന്നതുകൊണ്ടാണു്. കിട്ടുന്ന പഴഞ്ചൊല്ലുകളും വാക്കൊന്നി നു് അഭിനയം രണ്ടും ചേർത്തു് സംഭാഷണം ചെയ്യുന്ന ആശാൻ സാമാന്യജനങ്ങളോടുള്ള വ്യാപാരങ്ങളിൽ മേഘനാദ പ്രാസംഗികനും അധികാരസ്ഥന്മാരുടെ പെരുമുമ്പുകളിൽ ദാ സദാസവിധേയനുമായി വർത്തിക്കേണ്ട സഭ വെല്ലും വിദ്യയെ വഴിപോലെ അഭ്യസിച്ചി രുന്നു. സർവ്വത്ര പരമാർത്ഥവാദിയും സമാധാനപ്രിയനും ഭഗവദ്ചൈതന്യത്തിൽ വിശ്വാ സിയും ആയി കൊടന്തക്കൊച്ചാശാൻ സമുദായത്തിൽ വ്യാപരിച്ചുവന്നതിനാൽ സത്യവും സമാധാനവും ഈശ്വരനും അയാളുടെ കാൽച്ചുവടു് സന്ധിക്കുന്നിടങ്ങളിൽനിന്നു് നാലാം ചുവടിനപ്പുറം നിലകൊണ്ടു് വന്നു.

യുദ്ധമെന്നു് കേട്ടപ്പോൾ, പടവെട്ടാനോ ചുമടുചുമക്കാനോ തന്നെ അധികൃതന്മാർ പിടി കൂടുകയില്ലെന്നു് ആശാനു് ധൈര്യമുണ്ടായിരുന്നു. എങ്കിലും ശത്രുവിനു് വിജയമുണ്ടായാൽ കടുമയും ഉണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്ന കുണ്ഡലങ്ങളും പൊയ്പോകുമെന്ന പേടികൊണ്ടു് അയാൾ അന്ധാളിച്ചിരുന്നു. എന്നാൽ എട്ടുപത്തു് ദിവസത്തിനുമുമ്പു് അപ്രതീക്ഷിതമായി ക്കിട്ടിയ ഒരു ബന്ധുസമ്പത്തു് അയാളുടെ കായികാഭരണങ്ങളെ സംബന്ധിച്ചിടത്തോളമു ള്ള ആയുർഭയങ്ങൾ നീക്കി ആശാനെ പൂർവ്വാധികം വീരനാക്കി. താൻ രഹസ്യമായി ആകാംക്ഷിക്കുന്ന പരിഗ്രഹസമ്പാദ്യംകൂടി കിട്ടാനുള്ള പടികളെ എല്ലായ്പോഴും മനസ്സിന്റെ പുരോഭാഗത്തു കണ്ടു്, കവിതാനിർമ്മാണത്തിലേക്കും അയാൾ നാരാചമുനയെ ക്ലേശിപ്പി ച്ചുതുടങ്ങിയിരിക്കുന്നു. ഈ അവസ്ഥകളാൽ തന്റെ ഗുരുപത്നിയോടു് തുല്യബന്ധുവിന്റെ നി ലയിൽ ഒന്നു് ഗുണദോഷിപ്പാനും ശാസിപ്പാനും പരീക്ഷിപ്പാനുംതന്നെ മുതിർന്നു്, "എന്തോ ന്നു് കുഞ്ഞമ്മേ, പല്ലുതേച്ചു് വല്ലതും കഴിക്കരുതേ? ഹൊന്നും പേടിക്കേണ്ട. ആ ബൗദ്ധൻ ഇങ്ങോട്ടു് നീങ്ങുന്ന കഥ-" എന്നു തുടങ്ങീട്ടു് ആശാൻ കണ്ണിറുക്കി അതു് സംഭവിക്കുന്നത ല്ലെന്നു് വിശദമാക്കി. മീനാക്ഷിഅമ്മ, "വന്നില്ലല്ലോ, ഇത്ര താമസിക്കുന്നതെന്തു്?" എന്നു് ഭർത്താവിനെക്കുറിച്ചു് ചോദ്യം ചെയ്തു.

ആ വിഷയവും ആശാന്റെ പുറപ്പാടും തമ്മിൽ സംബന്ധമില്ലാതിരുന്നതിനാൽ അയാൾ സ്വഹിതം അനുസരിച്ചുള്ള അഭിപ്രായങ്ങളുടെ കഥനത്തെത്തുടർന്ന്, "ഇന്നത്തെ എഴുന്നള്ളത്ത് എന്ത് പൊടിപൂരമായി! ദിവാന്യോമാന്റെ പഷ്ണപ്രവേശം അതിലും കേമം. അദ്ദേഹം എന്തായാലും ഭാഗ്യവാരാർനിധി അല്ലയോ?" 'മനസ്സുപോലെ മംഗല്യം' കുഞ്ഞമ്മെ! ഇവൻ കൂർക്കമന്തി. എന്നിട്ടും കണ്ടയുടനെ മേനാവു നിറുത്തിച്ചു. (ശൃംഗാരാർത്ഥത്തിലുള്ള പുഞ്ചിരിയോടെ) "ഇവിടത്തെ സുഖക്കേട്ട് എന്തു സ്ഥിതിയിൽ ഇരിക്കുന്നുവെന്ന് എത്ര കൃപയോടെ ചോദിച്ചു! 'മനോരമ്യം രമ്യം' എന്നല്ലേ വാക്യം?"

ഈവിധമുള്ള സൂചന പുത്തരിയായി കേട്ടപ്പോൾ മീനാക്ഷിഅമ്മയുടെ കുടുംബസിദ്ധമായുള്ള ഉഗ്രത രാജസവീര്യശീഘ്രതയോടെ ഉണർന്ന് അവരെക്കൊണ്ട് അവരുടെ ക്ഷീണങ്ങളെ വിസ്മരിപ്പിച്ചു. എന്നാൽ സഹധർമ്മമായുള്ള ശാന്തത അനുക്ഷണം സാമവാദം ചെയ്തു. ഗൃഹിണീകൃത്യത്തെ സ്മരിപ്പിച്ചപ്പോൾ, ക്ഷമാപരമായി ആ മഹതി തല്ക്കാലസംഭവത്തെക്കുറിച്ച് സൂക്ഷ്മാവലോകനം ചെയ്തു. കേവലം ചപലനെന്നും വിടുഭാഷണക്കാരനെന്നും ഗണിക്കപ്പെട്ടിരുന്ന ആൾ വിഷവാഹിയായുള്ള ഒരു ഫണത്തെ അന്തഃപ്രദേശത്ത് വഹിക്കുന്നുവെന്ന് ഈ പരിശോധനാശ്രമത്തിന്റെ ഫലമായി ഗ്രഹിച്ചു, അവർ നമ്രമുഖീത്വം അവലംബിച്ചു, സംഭാഷണത്തെ അവസാനിപ്പിക്കാൻമാത്രം യത്നിച്ചു. ആശാനോ ശ്വേതകേതുവിൽനിന്ന് ശാപരൂപത്തിലുണ്ടായ പരിഷ്കാരത്തിനുമുമ്പുള്ള പാതിവ്രത്യപ്രതിഷ്ഠയുടെ ആരാധകനായിരുന്നു. എന്ന് മാത്രമല്ല, കുലക്ഷയവും ഭാഗ്യവൈപരീത്യവും യാചകത്വവും അജ്ഞതയും സംയോജിക്കയാൽ അയാളുടെ ബുദ്ധിക്ക് പരമപാവനത എന്നുള്ള ആദർശം ഗ്രന്ഥകാരന്മാരുടെയും ലോകകൗശലജ്ഞന്മാരുടെയും കപോലകല്പിതമായുള്ള മിഥ്യാപ്രമാണമാണെന്ന് തോന്നിയിരുന്നു. രാജ്യത്തിൽ ഉപസാർവഭൗമത്വം വഹിക്കുന്ന കേശവപിള്ള, സാഹിത്യപഠനത്താൽ മൃദുശിരസ്കനായിട്ടുള്ള തന്റെ ഗുരുനാഥൻ, ബഹുധാ സ്വാതന്ത്ര്യശീലയായുള്ള ഒരു തിലോത്തമ-ഈ വർഗ്ഗത്രയത്തിന്റെ മൈത്രീസമ്മേളനത്തിൽ മഹേന്ദ്രനെ തോല്പിച്ചുള്ള ഉർവശിപുത്രരവം സംഭാവ്യമാണെന്ന് തർക്കശാസ്ത്രജ്ഞനായ ഗുരുനാഥന്റെ കാറേറ്റിട്ടുള്ള നമ്മുടെ ഗ്രന്ഥവൈരി തീർച്ചയാക്കിയുമിരുന്നു. ഉദ്യോഗദാനാധികാരികളുടെ വിക്രിയാരഹസ്യങ്ങൾ തസ്കരിക്കുന്ന ചതുരന്മാർക്ക് തദ്വാരാ അമൂല്യമായുള്ള ഒരു മൂലധനം കരസ്ഥമാകുമെന്നുള്ള പ്രമാണവും ആ സരസ്വതീത്യക്തന്റെ നാഗരികാധ്യയനത്തിൽ അയാളുടെ ബുദ്ധിയെ പ്രശോഭിപ്പിച്ചിരുന്നു. ഈവിധമായ പദ്ധതികളിൽ അഭ്യസ്തനായ കൊച്ചാശാൻ സ്വഗുരുനാഥന്റെ സന്നിധാനത്തിൽ പല ഗൃഹവാർത്തകളും പുരവാർത്തകളും കിംവദന്തികളും കാഴ്ചവെച്ചു. എന്നാൽ, അവിടുന്നു കേവലം അചേതനബിംബത്തിന്റെ പ്രത്യാദരം പ്രകടിപ്പിക്കാൻ മാത്രമേ പ്രസാദിച്ചുള്ളൂ. മീനാക്ഷിഅമ്മയുടെ മാനസസരസ്സിൽ ആ വിദഗ്ദ്ധദാസൻ ചാതുര്യത്തോടെ വലവീശീട്ടും വല്ല പങ്കശകലമെങ്കിലും കരസ്ഥമാക്കുക അയാൾക്ക് ദുഷ്കരമായിരുന്നതേയുള്ളൂ. തൽക്കാലത്തെ പരാജയത്തിലും നെടുവടിയുടെ സംഘട്ടനം ഏല്ക്കുന്തോറും പല്ലിളിച്ചുകാട്ടി കുരയ്ക്കുകമാത്രം ചെയ്ത് നില്ക്കുന്ന ശ്വാനനെപ്പോലെ ആശാൻ മണ്ടിക്കളയാതെ, അയാൾ സൂക്ഷ്മത്തിൽ കണ്ടതായും കാരണമറിയാത്തതായുള്ള ഒരു പരമാർത്ഥത്തെ പൊട്ടിച്ചു. "ഒന്നു വിട്ടുപോയി കുഞ്ഞമ്മേ!

എഴുന്നള്ളത്തും മറ്റും അങ്ങനെ കടന്നുപോകുമ്പോൾ, ഗുരുനാഥന്റെ മുഖം കരണ്ടു് കരുവാളിച്ചിരുന്നു. ദിവാന്ന്യേമാന്റെ നേർക്കു് ഒന്നു കടാക്ഷിക്കപോലും ചെയ്തില്ല. എന്തോ, എന്തോ, എന്തെങ്കിലുമാകട്ടെ." 'നായ്ക്കു പരുത്തിക്കടയിൽ കാര്യമെന്തു്?'

മീനാക്ഷിഅമ്മയുടെ അന്തരാഗ്നി പ്രവൃദ്ധോഷ്മാവോടെ ഉജ്ജ്വലിച്ചു. സർവ്വ സാക്ഷിയെ സംബോധനംചെയ്തു 'ഭഗവാനെ' എന്നു് ഒന്നു് ആക്രോശിച്ചുപോയി. തന്റെ ഗുരുപത്നിയുടെ മനസ്സിന്റെ സമനില ഭിന്നമാകുന്നു എന്നു് കണ്ടു്, "അങ്ങനെ വരട്ടെ; എല്ലാം ഇനി ക്രമത്തിനു് പുറത്തുചാടും" എന്നു് ആത്മഗതം ചെയ്തുകൊണ്ടു് ആ തക്കത്തിൽത്തന്നെ ഒരു അപേക്ഷ ചെയ്‌വാൻ ആശാൻ ധൈര്യപ്പെട്ടു. "കുഞ്ഞമ്മ കനിഞ്ഞു് ഒരു വാക്കു് ചിലവർത്താൽ, കൊടന്തയ്ക്കു കഞ്ഞിത്തെളി എങ്കിലും ആഹരിച്ചു ജന്മമൊടുക്കാം. ഇപ്പോൾ ദിവാന്ന്യേമാൻതന്നെയാണു് രാജ്യത്തിലെ തമ്പുരാൻ. വിചാരിച്ചാൽ എന്തു നടക്കുല്ല? ഒരു നീട്ടു് തരുവിക്കാനും ഒന്നു് കണ്ണടച്ചു് തുറന്നാൽ മതി. 'പാഴേ കളയുന്നതു് പശുവിൻ വയറ്റിൽ പോകട്ടെ'. കാര്യങ്ങൾ അന്വേഷിക്കാൻ നിങ്ങൾക്കുതന്നെ ഒരാൾ വേണ്ടയോ?"

മീനാക്ഷിഅമ്മ: "സാവിത്രീടെ അച്ഛന്റടുക്കൽ പറയൂ. താനിപ്പോൾ അവിടെ വല്യ പ്രമാണിയാണല്ലോ. ആ തമ്പുരാനെ ഇവിടെ കൊണ്ടു് ചാടിച്ചു്-"

കൊടന്തയാശാൻ ഹസ്തങ്ങളുയർത്തി ഉള്ളംകൈ ചലിപ്പിച്ചു് മീനാക്ഷിഅമ്മയുടെ വാക്കുകളെ തടഞ്ഞു: "ഇതു് എന്തു് കഥ എന്റെ കുഞ്ഞമ്മേ? സാവിത്രിക്കുഞ്ഞിന്റെ കാര്യത്തിൽ നാടുകടത്തലിനു് ഇവൻ സഹായിക്കുമോ? 'ആരാന്റെ അപരാധം വാരിയെന്റെ പുരപ്പുറത്തു്' എന്നു് കുഞ്ഞമ്മയും തുടങ്ങരുതു്. ഹീ ഹീ! ആ തമ്പുരാൻ എന്തു് ഗർവിഷ്ടൻ? ഹതുമല്ലാണ്ടു് കട്ടിക്കപ്പിത്താൻ! ഇപ്പോൾ എന്തു് കുറ്റനായിരിക്കുന്നു എന്നോ!"

മീനാക്ഷിഅമ്മ: "എന്റെ കൊച്ചാശാനേ! ആ കഥ വിട്ടേക്കു. അനർത്ഥങ്ങൾ ഉണ്ടാക്കാൻ-"

കൊടന്തയാശാൻ: "അനർത്ഥങ്ങൾ ഉണ്ടാക്കാനോ? ഇവൻ അതിനൊന്നിനും ആളല്ല. ത്രിവിക്രമകുമാരപിള്ളേടെ തിമിർപ്പു് കണ്ടു് അല്പായുസ്സിന്റെ ലക്ഷണമോ എന്നു പലരും ശങ്കിച്ചുപോയി."

മീനാക്ഷിഅമ്മ "നാരായണ" എന്നുച്ചരിച്ചുകൊണ്ടു് ചെവിപൊത്തി. തന്റെ ആഗ്രഹസിദ്ധിക്കുള്ള പ്രതിബന്ധക്കാർ രണ്ടുപേരെയും കുറിച്ചു് മർമ്മസ്പൃക്കുകളായ ന്യൂനതകളുടെ കഥനം അന്യാദൃശവൈദഗ്ധ്യത്തോടെ സാധിച്ചിരിക്കുന്നുവെന്നുള്ള സ്വാത്മാഭിനന്ദനത്തോടും "ഇഷ്ടാനിഷ്ടങ്ങൾ കിടക്കട്ടെ മർക്കടമുഷ്ടി ജയിക്കട്ടെ." എന്നുള്ള വിജയപ്രദമായ മുഷ്കരശാഠ്യത്തോടും പ്രഥമത്തിലെ പ്രാർത്ഥനയെത്തന്നെ ആവർത്തിപ്പാൻ ആശാൻ ഒരുമ്പെട്ടു.

പാദാഭരണങ്ങളുടെ മധുരക്വണിതങ്ങളോടെ ബാല്യോന്മേഷത്തിന്റെ തരംഗപ്രവാഹമെന്നപോലെ കനകരത്നകമനീയതകളുടെ പ്രഭാപൂരത്തെ ചിതറുന്ന ഒരു കന്യാനർത്തകി

തളത്തിൽ പ്രവേശിച്ചു, സ്നേഹപ്രസരത്തിന്റെ ഹിമകരതയാൽ പുളകിതമായ മീനാക്ഷിഅമ്മയുടെ വക്ഷസ്സിൽ ലയിച്ചു. കൊടന്തആശാൻ പുറമെ അഖണ്ഡ്യമായ ബ്രഹ്മചാരിത്വം നടിച്ചു എങ്കിലും, പീഠികയിട്ട പ്രസംഗത്തെ നിറുത്തീട്ട്, അകംകൊണ്ട് ആ രംഗം വിടാനുള്ള ഉപായം ആലോചിച്ചു. സുഖശരീരത്വത്തിന്റെയും നവയൗവനത്തിന്റെയും തിളപ്പുകൊണ്ടുള്ള നിർഭരധാടിയോടെ, ആ കന്യക സ്വകുലപ്രഭാവത്തിന് ചേർന്നുള്ള ഹാസസ്വരത്തിൽ ആശാന്റെ നിഷ്ക്രമത്തെ തടഞ്ഞു: "ഹേ കൊച്ചാശാൻ! ഓടിക്കളയരുത്, എന്റെ ഹംസമല്ലയോ? അങ്ങോട്ടുമിങ്ങോട്ടും പറന്നുനടക്കുന്നതിന് വല്ല തവിടോ, പൊടിയരിയോ എങ്കിലും കൂലി വേണ്ടന്നോ?"

മീനാക്ഷിഅമ്മ ആ കന്യകയുടെ മുഖത്ത് അസംതൃപ്തിയോടെ നോക്കി. കൊടന്തആശാൻ മുഴുത്ത ഉത്തരൻ ആവാൻ തയ്യാറല്ലാതെ, "പഴകുമ്പോൾ പാലും പുളിക്കും" എന്നൊരു ബാണത്തെ തന്റെ വായ്ക്കകത്തുള്ള നെടുഞാണിൽ തൊടുത്ത് പ്രയോഗിച്ചു.

കന്യക: "ശരി ആശാനെ! എന്നാൽ ആശാന്റെ പഴഞ്ചൊല്ലുകളിൽത്തന്നെ 'ചിലരുടെ വാക്കും പഴഞ്ചാക്കും' എന്നൊന്നുകൂടിയുണ്ട്. ആ വൻ പുലിത്തമ്പുരാന്റെ ദിവാൻജി സ്ഥാനം ആശാന് കിട്ടിയാൽ-"

മീനാക്ഷിഅമ്മ: "നില്ക്ക് സാവിത്രീ! നീ എല്ലാവരോടും ഇങ്ങനെ ശണ്ഠകൂടുന്നത് ഇനിയെങ്കിലും നിറുത്തണം. ആ തിരുമനസ്സിലെ പേരുമാറ്റി അവിടുത്തെ അപമാനിക്കുകയും ചെയ്യരുത്."

കൊടന്ത ആശാൻ: "അതിലെന്താ കുഞ്ഞമ്മേ? സ്നേഹമുള്ളേടത്ത് പരുഷം എന്നാണ് ചൊല്ല്. വിക്രമൻപിള്ളയുടെ അടുത്തും ഇങ്ങനെ തന്നെ ആയിരുന്നല്ലോ. കുഞ്ഞേ! ഇപ്പോൾ വരും. എഴുന്നള്ളത്തിൽ ഞാൻ കണ്ടു. എന്നെ നോക്കി, 'ഇതാ വന്നേച്ച്' എന്ന് തലകുലുക്കീട്ട് പോയിരിക്കയാണ്. മുതുകിൽതന്നെ ഒരു ബീക്ക് ഇവനെ വത്സനാക്കി."

കന്യക: (പരിഭവസ്വരത്തിൽ) "ആരെങ്കിലും വരട്ടെ, പോകട്ടെ; ആശാനെന്ത്?"

കൊടന്ത ആശാൻ: "ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നാണ് എല്ലാംകൂടി ഇവിടെ കണ്ടുവരുന്നത്. ഇവന്റെ കർമ്മത്തിന് ആരെ പഴിക്കേണ്ടു?"

കന്യക: "മുഷിയേണ്ട ആശാനെ. ആശാന്റെ കർമ്മം അച്ഛനെ സന്തോഷിപ്പിക്കുന്നു, ഞങ്ങൾക്കു ഭാഗ്യവും വരുത്തിയേക്കാം."

കൊടന്ത ആശാൻ: "എന്റെ കുഞ്ഞമ്മേ! ഞാൻ ഇവിടെ ധരിപ്പിച്ച അഭിപ്രായം ഒന്ന് അങ്ങോട്ടു പറഞ്ഞുകേൾപ്പിക്കണേ! കുഞ്ഞിന്റെ സേവയ്ക്ക് പറഞ്ഞതല്ലല്ലോ. ആ തമ്പുരാൻ നമുക്ക് കൊള്ളില്ലെന്ന് ഞാൻ ഖണ്ഡിച്ച്-"

മീനാക്ഷിഅമ്മ: (ആജ്ഞാസ്വരത്തിൽ) "ഇവളെക്കൂടി ഗുരുത്വക്കേട് പഠിപ്പിക്കരുത്."

കന്യകയുടെ അതിപ്രസന്നമായിരുന്ന മുഖം നീരസത്താൽ വാടി, മാതൃഭുജത്തിൽ നമിച്ചു. തമ്മിൽ കടിപിടി ചാക്കിനടുത്തവൾ തുലയട്ടെ, പിന്നൊരു കൈ നോക്കിക്കൊള്ളാം എന്നു കരുതിക്കൊണ്ട് കന്യകയും മാതാവും തമ്മിലുണ്ടാകാവുന്ന ശണ്ഠയെ മുടക്കാൻ നിൽക്കാതെ ആശാൻ ആ തളത്തിൽനിന്ന് യാത്രയായി.

ഈ കന്യക മീനാക്ഷിഅമ്മയുടെ പ്രണയപാരിജാതത്തിൽനിന്ന് ഉല്പന്നമായുള്ള ഒരു സൗഭാഗ്യകോരകമാണെന്ന് രണ്ടുപേരുടെയും വർണ്ണത്തിന്റെ കനകപരാഗതതന്നെ തെളിയിക്കുന്നു. കുലീനഗാംഭീര്യവും പരസ്പരാവലംബത്തെ പ്രത്യേകിച്ച് ലക്ഷീകരിക്കുന്നതായ വാത്സല്യചേഷ്ടകളും വായനക്കാർക്ക് ഈ ഔരസബന്ധത്തെ പ്രത്യക്ഷമാക്കിയിരിക്കാം. ഇവൾ ആ വീരജനനിയുടെ അഞ്ച് പ്രസവങ്ങളിൽ ഭൂതപഞ്ചകങ്ങളുടെ ക്ഷണഭംഗുരതയെ ബുൽബുദതുല്യം അകാലമായി ദൃഷ്ടാന്തപ്പെടുത്താതെ ശേഷിക്കുന്ന ഏകസന്താനവല്ലിയാണ്. ആദ്യപുത്രിയായ ഈ കന്യകയ്ക്ക് അന്ന് ജീവിച്ചിരുന്ന ദത്തുകാരണവരായ അനന്തപത്മനാഭൻ പടത്തലവൻ അവളുടെ മാതാമഹിയുടെ സ്മരണയ്ക്കായി 'സാവിത്രി' എന്നു നാമകരണം ചെയ്തു. ആ ദിവ്യനേത്രക്കാരൻ ശിശുവിന്റെ രൂപസാമ്യം കണ്ട്, പൂർവ്വരഹസ്യങ്ങൾ ഗ്രഹിച്ചിരുന്ന തന്റെ ശിഷ്യനായ കേശവപിള്ളയുമായി ആ വിഷയത്തെ സംബന്ധിച്ച് ഒരു ഗൂഢസംവാദം ചെയ്ത് തന്റെ നിര്യാണാനന്തരമുള്ള അവളുടെ ജീവിതത്തിന്റെ ഭരണഭാരം അങ്ങോട്ട് കയ്യേല്പിച്ചു. എന്നുമാത്രമല്ല, ശിശുസമിതിയോടുള്ള വിഹാരസമ്മേളത്തിൽ അതിപ്രസക്തനായിത്തീർന്നിരുന്ന ആ വിക്രമസിംഹൻ ബാലികയെ സ്വശിക്ഷാസംരക്ഷണകളിൽ വളർത്തി. അനന്തരസന്താനങ്ങളുടെ അകാലമൃതി അച്ഛനമ്മമാരുടെ ഹൃദയങ്ങളെ നിരാശാവേഗങ്ങളാക്കി. ശിശുവിന്റെ മുഖം ഹൃദയത്തെ കിടുക്കുന്ന ഒരു ദുഃസ്വപ്ന സംഭവത്തെ സ്മരിപ്പിക്കുന്നതാണെങ്കിലും അതിന് ജന്മദദ്വന്ദ്വത്തോട് വിശദസാരൂപ്യമില്ലെന്നുള്ള ആശങ്കയും തന്നിമിത്തം തന്റെ പരിഗ്രഹത്തെക്കുറിച്ച് ദുസ്സഹമായുള്ള ഒരു അവജ്ഞയും അച്ഛന്റെ മനഃസ്വൈര്യത്തെ ഭിന്നമാക്കി. ആ രഹസ്യത്തെ ഹൃദിഗഹനതയിൽ ഗോപനം ചെയ്തുകൊണ്ട് അദ്ദേഹം ദാമ്പത്യസുഖത്യാഗിയുടെ വൈരാഗ്യത്തെ അവലംബിച്ചു, ഭർത്താവിന്റെ അതിയായ പ്രണയശുഷ്കതയാൽ ഐഹികമോക്ഷം നഷ്ടമായിത്തീർന്ന ഭാര്യയെ രോഗശയ്യയിൽ പടുപ്പിക്കുകയും ചെയ്തു. കന്യക തന്റെ അവതാരത്താൽ ജന്മഹേതുക്കളുടെ പരിപാവനമായുള്ള ദാമ്പത്യബന്ധം ഖണ്ഡിക്കപ്പെട്ട രഹസ്യം ഗ്രഹിക്കാതെ, പടത്തലവന്റെ ദൗഹിത്രന്മാരോടു ചേർന്ന് അടവുകൾ ചവിട്ടാനും പടവെട്ടാനും ഹിന്ദുസ്ഥാനി സംസാരിപ്പാനും അഭ്യസിച്ചു. ചെമ്പകശ്ശേരിയിലെ കൂട്ടിച്ചേട്ടന്മാരായ സഹവിഹാരികളെ പ്രഹരിച്ചും പടത്തലവനോടു് സങ്കടങ്ങൾ ബോധിച്ചിച്ച് അദ്ദേഹത്തിനെക്കൊണ്ട് പ്രഹരിപ്പിച്ചും ആരെയും ഒന്നിനെയും പേടിക്കാത്ത ഹരികിശോരിയായി ആവൾ വളർന്ന് അപ്രസന്നമുഖനായിത്തീർന്നിരുന്ന അച്ഛനോടു് വിരസതയും തന്നെ എടുത്ത് പന്താടിവന്ന കേശവപിള്ളയോടു് ശൈശവമധുരിമയും അവൾ പ്രകാശിപ്പിച്ചു വന്നു. ഈ ദാക്ഷിണ്യപ്രകടനം അച്ഛന്റെ മനസ്സിൽ സ്വസ്നേഹിതന്റെനേർക്ക് ഉദിച്ചിരുന്ന മിത്രദ്വേഷാശങ്കയെ സ്ഥിരീകരിച്ചു, ആ പണ്ഡിതന്റെ ജീവിതം ശൂലാഗ്രവാസം പോലെ ആക്കി. പടത്തലവൻ തന്റെ സാവകാശവേളകളിൽ പ്രവർഷിച്ച

പാട്ടുകളും പഴങ്കഥകളും വീരജീവത പ്രബന്ധങ്ങളും വഹിച്ച പാഠങ്ങൾ അവൾക്ക് ജീവിത പ്രമാണങ്ങളാവുകയാൽ, അവ സ്വസ്ഥിതിബന്ധങ്ങളും മറ്റും ആരായുവാൻ ക്രമേണ അവളെ ശക്തയാക്കി. രണ്ടു കൊല്ലത്തിന് മുമ്പുണ്ടായ പടത്തലവന്റെ ചരമഗതിമുതൽ സാവിത്രി നന്തിയത്തുമഠത്തിലെ പടിഞ്ഞാറെക്കെട്ടിലുള്ള രണ്ടു മുറികൾ സ്വന്തമാക്കി, തന്റെ പ്രത്യേക ഭൃത്യരോടൊന്നിച്ച് ആ ഭവനത്തിൽ പാർപ്പു തുടങ്ങി.

അച്ഛനമ്മമാരുടെ കുലപ്രഭാവവും ശരീരകോമളതയും പരിഷ്കൃതഭാസ്സോടെ സാവിത്രിയെ അനുഗ്രഹിക്കുന്നു. മുഖശില്പത്തിന്റെ മാതൃക പ്രകൃതിസഹജമായുള്ള ഒരു ആവർത്തനത്തെ ദൃഷ്ടാന്തീകരിക്കുന്നു. എങ്കിലും അതിന്റെ ചേഷ്ടകളിൽ ബഹുശതവർഷങ്ങളിലെ അഭംഗുരപരമ്പരാത്വംകൊണ്ട് പ്രവൃദ്ധദാർഢ്യത്തെ പ്രാപിച്ച ആത്മശക്തി രൗദ്രവീര്യത്തോടെ നടനം ചെയ്യുന്നു. വ്യായാമപരിശീലനംകൊണ്ട് സമഗ്രസ്ഥിതിയിൽ ഭാസ്വത്താകുന്ന ആ ദേഹത്തിന്റെ ഓരോ അംഗവും അതിന് ചേർന്നുള്ള പ്രസ്ഫുടപുഷ്ടിയെയും സമുത്കൃഷ്ടസൗഷ്ഠവത്തെയും വഹിക്കുന്നു. മകുടഭൂഷണമായി സ്കന്ധങ്ങളെയും കവിഞ്ഞു് കുടിലവലയങ്ങളായി പിൻഭാഗം മറച്ചുകിടക്കുന്ന കബരീഭരം സാമാന്യപൊക്കത്തിൽനിന്ന് അല്പം കുറഞ്ഞതായുള്ള ആ കനകശില്പത്തെ വലയം ചെയ്യുന്ന ഒരു കേവണമെന്ന പോലെ കാണപ്പെടുന്നു. താരുണ്യദശയെ പ്രാപിച്ചിട്ടുള്ള ഈ പതിനാറാം വയസ്സിലും ആ ശരീരവൽഗുത്വത്തോടു് നിയന്ത്രണത്തിന് വശ്യമല്ലാതുള്ള ഒരു വൽഗിതകൂടി സങ്കലനം ചെയ്തു്, ശൈശവം തന്നെ മുന്നിട്ടു് നില്ക്കുന്നു. അബലാസാരല്യത്തിന്റെ സ്പന്ദനം ആ ഹൃദയവേദിയിൽ ആരംഭിക്കാതെ, അനുസ്യൂതമന്ദസ്മേരക്കാരിയായി ആ കന്യക വർത്തിക്കുന്നെങ്കിലും അന്തർലീനമായുള്ള ജ്വാലാമുഖീത്വം തന്റെ വിഹാരങ്ങളിലെ സൂത്രധാരനായുള്ള ഒരു കാമുകസ്ഥാനാവകാശി മാത്രം ഗ്രഹിച്ചിട്ടുണ്ട്.

മാതൃസ്കന്ധത്തിൽ ലലാടപ്രണാമം ചെയ്ത കന്യക കൊച്ചാശാന്റെ നിർഗ്ഗമനത്തിൽ വീണ്ടും ഉന്മേഷപ്രഭാവതിയായി, ആ ചപലന്റെ മുമ്പിൽവച്ചു താൻ ആ ഖലഗുരുവിന്റെ ഉപദേശസംസ്കരണത്തിന് ന്യായമാകുമെന്ന് മാതാവു് സൂചിപ്പിച്ചതിനെക്കുറിച്ചു് പരിഭവിച്ചു. മാതൃഹൃദയം ആ സാമാന്യവിഷയത്തിലൊന്നും നില്ക്കാതെ ഗൃഹച്ഛിദ്രമാകുന്ന മഹാവിപത്തിന്റെ സന്നിഹിതിയെ ചിന്തിച്ചു് പ്രവൃദ്ധമായ ആധിയോടെ, സ്തബ്ധജീവമായി സ്ഥിതിചെയ്തുപോയി. ലോകക്ലേശങ്ങളുടെ കവോഷ്ണമെങ്കിലും പീഡിപ്പിച്ചിട്ടില്ലാത്ത കന്യക മാതാവോടു് സഹതപിക്കാതെ, അവരെ ഉന്മേഷിപ്പിക്കുന്നതിനായി, "അമ്മേ! ഇവിടെ ഈയിടക്ക് വന്നോണ്ടിരുന്ന പണ്ടാരത്തെ അഞ്ചാറു് ദിവസമായി കാണാനില്ലല്ലോ. അതെന്തുകൊണ്ടു്?" എന്ന് ഒരു ചോദ്യം ചെയ്തു.

മീനാക്ഷിഅമ്മ: (ക്ലേശത്തെ സാവധാനത്തിൽ മുക്തമാക്കിയിട്ടു്) "ഏതു് പണ്ടാരം? അവരുടെ അടുത്തൊക്കെ നിനക്ക് കാര്യമെന്തു്? അച്ഛനിതൊന്നും രസിക്കുല്ല. പറഞ്ഞേക്കാം."

സാവിത്രി: "ആ പടുക്കിഴവന്റെ അടുത്തു് ചെല്ലുന്നതും അച്ഛന് രസിക്കുല്ലെന്നോ? ശ്രീപരമേശ്വരനായിരിക്കാം."

മീനാക്ഷിഅമ്മ: "അതേ, നിനക്ക് വരംതരാൻ. ആട്ടെ, നീ ഇന്ന് ഈ വേഷം കെട്ടിയിരിക്കുന്നതെന്തിന്? ത്രിവിക്രമനെ സത്കരിപ്പാനല്ലയോ?"

സാവിത്രി: "അതുമായിരിക്കാം. അമ്മാവനെ ഒന്ന് ചെന്ന് കാണണമെന്നുവച്ച് മോടിപിടിപ്പിച്ചതാണ്."

മീനാക്ഷിഅമ്മ: "അമ്മാവനോ? ഏതമ്മാവൻ? ദിവാൻജി അമ്മാവനാണെങ്കിൽ, അച്ഛന്റെ അനുവാദം കൂടാതെ അങ്ങോട്ട് പൊയ്ക്കൂടാ എന്നു ഞാൻ പറയുന്നു."

സാവിത്രി: (അമ്മയെ ചുംബനംചെയ്തുകൊണ്ട്) "ഇതിന് അമ്മയുടെ അടുത്തുവരാത്ത അച്ഛൻ എന്തച്ഛൻ?"

മീനാക്ഷിഅമ്മ: (കണ്ണിൽ ജലം പെരുകി ഗൽഗദത്തോടെ) "പോ കലിക്കുഞ്ഞേ, നീ എന്തറിഞ്ഞു? നിന്നെപ്പോലെ നാലു പൊന്നുംകുടങ്ങൾ പൊയ്പ്പോയപ്പോൾ അച്ഛൻ എത്ര കരഞ്ഞു എന്ന് എനിക്കറിയാം. ആ ആധി എനിക്ക് വ്യാധിയായി. അച്ഛനും വ്യസനംകൊണ്ട് വിരക്തി തോന്നിയിരിക്കാം."

സാവിത്രി: "എന്റെ ജാതകദോഷംകൊണ്ട് അനുജത്തിമാർ വാഴാത്തതാണെന്ന് തോന്നീട്ടായിരിക്കാം, അച്ഛൻ എന്നെ മകളായി കണക്കുകൂട്ടാത്തത്."

മീനാക്ഷിഅമ്മ: "മകളായി വിചാരിക്കാഞ്ഞിട്ടാണോ രാമവർമ്മത്തുവക കണക്കും പെട്ടികളും നിന്നെ ഏല്പിച്ചിരിക്കുന്നത്?"

സാവിത്രി: "ന്യായം ചെയ്യുന്നത് സ്നേഹമാകുമോ? അമ്മയെ സ്നേഹിക്കുന്നെങ്കിൽ, എഴീച്ച് ഉത്സാഹമായി കാര്യങ്ങൾ ഭരിക്കണം. കുളിക്കണം, ഉണ്ണണം, പെട്ടിയും കണക്കും അങ്ങോട്ടേറ്റുകൊള്ളണം."

മീനാക്ഷിഅമ്മ: "വരട്ടെ, തമ്പുരാൻ നിന്നെ കൊണ്ടുപോകുമ്പോൾ പെട്ടിയും കണക്കും ഞാനേറ്റുകൊള്ളാം."

"തമ്പുരാനോടു പോകുന്നത് ഞാനല്ല" എന്നു മാതൃഹൃദയത്തിന്റെ ആലസ്യത്തെ ചിന്തിക്കാതെ, കന്യക സ്വനിശ്ചയത്തെ ഊർജ്ജിതസ്വരത്തിൽ ഉദ്വമിച്ചു. സ്വഭർത്താവിന്റെ അപ്രീതിയെ വർദ്ധിപ്പിക്കുമാറുള്ള ഈ നിശ്ചയത്തിൽ അന്തർഭവിച്ചിരുന്ന അനാദരത്തിന് ശിക്ഷയായി മീനാക്ഷിഅമ്മ ഒരു ആജ്ഞ കൊടുത്തു: "നോക്ക്, നീ ഇന്ന് പണ്ടത്തെ കുഞ്ഞല്ല. ചെമ്പകശ്ശേരിയിലെ കുട്ടൻ വന്നാൽ, സത്കരിപ്പാനും സംസാരിപ്പാനും കേറി നില്ക്കരുത്."

സാവിത്രി: "തമ്പുരാൻ എഴുന്നള്ളിയാലോ?"

മീനാക്ഷിഅമ്മ: "മിണ്ടരുത്, മിണ്ടരുത്. അദ്ദേഹത്തെ കിട്ടുന്നത് വലിയ ശ്രേയസ്സാണ്."

സാവിത്രി: “എന്ന് എന്റെ മുഖത്ത് നേരേ നോക്കി പറയണമമ്മേ.” സ്നേഹപൂർണ്ണയും നിഷ്കപടമനസ്വിനിയുമായുള്ള പുത്രിയോട് പടുവഞ്ചനം പ്രയോഗിപ്പാൻ പുത്രിയൊഴികെ അനന്യാവലംബമായിരിക്കുന്ന മാതൃഹൃദയം സന്നദ്ധമല്ലാതിരുന്നതിനാൽ, ദന്തശോധനാദി ദിനാരംഭകൃത്യങ്ങൾക്ക് എന്ന നാട്യത്തോടും ഗ്രഹച്ഛിദ്രദുരാപത്തുകളുടെ പ്രതിഷ്ഠാപനം ആ സംഭാഷണത്തിൽ കഴിഞ്ഞിരിക്കുന്നു എന്നുള്ള വേദനയോടും മീനാക്ഷിഅമ്മ എഴുന്നേറ്റ് മന്ദഗതിയിൽ നടന്നുകളഞ്ഞു. അമ്മയെ തോല്പിച്ചതിനെക്കുറിച്ച് പശ്ചാത്താപപ്പെട്ടുകൊണ്ടും, എന്നാൽ സംഗതികൾ തല്ക്കാലം ആ സ്ഥിതിയിൽ നില്ക്കട്ടെ എന്നു വിചാരിച്ചും സാവിത്രി അവളുടെ മുറികളോട് ചേർന്നുള്ള വരാന്തയിലേക്ക് തിരിച്ചു.

3

"വരുന്നു സന്താപമിനിയും മേല്ക്കുമേൽ
വരുമത്രേയതും സഹിച്ചിരിക്ക നീ"

മാതാവിൽനിന്ന് പുറപ്പെട്ട ആജ്ഞ, തന്റെ അന്തശിശുത്വം നീങ്ങുകയും സ്വീകാര്യനായ ഒരു വരന്റെ അർത്ഥനയുണ്ടാവുകയും ചെയ്യുന്നതിന് മുമ്പിൽ തന്നെ വിവാഹം നിമിത്തമുള്ള പ്രാരബ്ധത്തോട്ട് ശൃംഖലപ്പെടുത്താൻ പണിപ്പെടുന്ന അച്ഛന്റെ അത്യനിഷ്ഠത്തെ പ്രതിധ്വനിപ്പിക്കുന്നു എന്ന്, സ്വച്ഛന്ദവൃത്തിക്ക് പരിശീലിപ്പിക്കപ്പെട്ട സാവിത്രിയുടെ ബുദ്ധി നിരീക്ഷിച്ചു. തന്റെ ഇച്ഛയ്ക്ക് വിരുദ്ധമായുള്ള ഗൃഹണീത്വത്തിൽനിന്ന് ഒഴിവുണ്ടാക്കാൻ അമ്മയോട്ട് ചോദിച്ച് ചില വൃത്താന്തശകലങ്ങൾ സംഭരിച്ച് തന്റെ സർവ്വാപദ്ബന്ധുവായുള്ള മന്ത്രീന്ദ്രൻ യുദ്ധരംഗത്തിലേക്ക് പുറപ്പെട്ടും മുമ്പ് അദ്ദേഹത്തിന്റെ സമക്ഷം അവയെ സമർപ്പിച്ച് അഭീഷ്ടസിദ്ധിവരുത്തണമെന്നുള്ള നിശ്ചയത്തോടെ അവൾ മാതൃസന്നിധിയിലേക്ക് പുറപ്പെട്ടതായിരുന്നു. ഗൃഹകാര്യങ്ങളെയും, തന്റെ രോഗകാരണങ്ങളെയും കുറിച്ച് പുത്രിയിൽനിന്ന് ചോദ്യങ്ങൾ ഉണ്ടാകുമെന്ന് മീനാക്ഷിഅമ്മ ക്ഷണംപ്രതി പേടിച്ചുമിരുന്നു. അസുഖകരങ്ങളായുള്ള അവസ്ഥകളെ കഴിയുന്നത്ര മാറ്റിവയ്ക്കാനും മൈത്രീസ്ഥിതിയിൽ കഴിയുന്ന ബന്ധങ്ങൾ പരസ്പരമർമ്മരഹസ്യങ്ങളെ ഗ്രഹിക്കുന്നതിനോ വീഴ്ചകളെ ശാസിക്കുന്നതിനോ ഉദ്യമിച്ച് ഭംഗപ്പെടുത്താനും ഉള്ള വൈമനസ്യം ലോകസാമാന്യത്തിൽ നാം കണ്ടുവരുന്നത് ആ ജനനീപുത്രിമാരെയും ബാധിച്ചിരുന്നു. എന്നാൽ അനിവാര്യസ്ഥിതിയിൽ എത്തുകയാൽ, സാവിത്രി മാതാവിനെ അസഹ്യപ്പെടുത്തുന്നതിനുതന്നെ ഉറച്ച് പുറപ്പെട്ടപ്പോൾ, തന്റെ സംഭാഷണത്തെ അവസാനവിധിപോലുള്ള ഒരു നിയോഗംകൊണ്ട് പൊടുന്നനെ പ്രതിരോധിക്കയാൽ, കന്യക അന്യദുഃഖത്തോടുള്ള അനുകമ്പയ്ക്ക് നമ്യമാകാത്തതായ താരുണ്യാശ്മതയോടെ സ്വാധികാരസങ്കേതത്തിലേക്ക് മടങ്ങി. സ്വാന്തത്തിൽ അച്ഛന്റെ നേർക്കുണ്ടായ അനാദരപ്രവാഹത്തെ സ്വൈരചിന്താമാർഗ്ഗേണ

സമനിലയിൽ ആക്കുന്നതിനായി, രോഗിണിയായ മാതാവിനെ അനുഗമിക്കാതെ നടന്നു കളഞ്ഞതായിരുന്നു.

സ്വൈര്യചിന്തയ്ക്ക് സഹകാരിയായുള്ള വിജനത ക്ഷണത്തിൽ വിഘാതപ്പെട്ടു. ചീകി മേല്പോട്ട് പിടിച്ച് മുറുകെക്കെട്ടീട്ടുള്ള കുന്തളകന്ദുകത്തെ സ്വസ്വാമിനി ഉപയോഗിച്ച് വാടിയ മല്ലികാമാല്യംകൊണ്ട് അലങ്കരിച്ച്, "എന്നിലഴകിയ പെണ്ണുണ്ടോ?" എന്നു ചോദ്യംചെയ്യുന്ന ലജ്ജാലസതയാൽ സന്നതാംഗിയായി ഒരു ഭൃംഗസ്വരൂപിണി പറന്നുകിതച്ച് സാവിത്രിയുടെ മുമ്പിൽ എത്തി. ഉണ്ടത്തലയിലെ വട്ടക്കണ്ണിണയെ ശൃംഗാരാർത്ഥത്തിൽ ചലിപ്പിച്ചും അനംഗസന്ദേശത്തെ വഹിക്കുന്ന തരളതയാൽ മഞ്ഞപ്പല്ലുകളും തിമിർത്ത താടിയും ഏക ഹസ്തത്താൽ ആച്ഛാദിച്ചും ആ നീരദാംഗി മൃദുവായുള്ള ഝംകാരസ്വരങ്ങളിൽ സ്വാമിനിക്ക് ഹിതമായുള്ള വാർത്തയെ മുരണ്ടു. ഈ കുഞ്ഞിപ്പെണ്ണ് എന്നു പേരായ കൃഷ്ണ സാവിത്രിയുടെ കോപപരീക്ഷകളിലെ സപ്തസാലമായിരുന്നു. എന്നാൽ, അവളുടെ വെണ്മാടവക്ഷസ്സിലും പൃഥുലമായ വക്രമുതുകിലും ഏല്ക്കുന്ന ഹസ്തനിപാതങ്ങളും നഖക്ഷതങ്ങളും നോവിക്കുന്നത് സ്വാമിനിയുടെ അന്നവസ്ത്രങ്ങളെത്തന്നെയെന്ന് അപരിഷ്കൃതമായുള്ള കാലത്തെ ഭക്തിബന്ധവൈശിഷ്ട്യത്താൽ ആ സരസ സമാധാനപ്പെട്ടുവന്നു. ഇവളുടെ ശൃംഗാരലാസ്യങ്ങൾ കണ്ടപ്പോൾ, ആ അനവസരത്തിലെ ഗോഷ്ടികൾക്ക് ദത്തമാകേണ്ട സമ്മാനം എന്തെന്ന് സാവിത്രി ചിന്തിച്ചു. കുഞ്ഞിപ്പെണ്ണ് താൻ വഹിക്കുന്ന വൃത്താന്തത്തെ അമ്പത്താറ് അക്ഷരാവലിയിൽ ചിലതിനെ പ്രയോഗിച്ച് ഇങ്ങനെ കഥിച്ചു. "വയനം. ഞമ്മെ അപ്പയത്തു വയനം. അവട ..." സരസ്വതീബ്രഹ്മദേവന്മാരുടെ സംഘടനംമുതൽ സംഭവിക്കുന്ന ഒരു ഹൃത്സംയോജനത്തെ സംബന്ധിച്ച് തോന്നിയ വ്രീളാഭാരത്താൽ, കുഞ്ഞിപ്പെണ്ണ ശേഷം വാക്കുകൾക്ക് പകരം ചില ഭ്രൂഭംഗങ്ങളും മൂഷികസ്വനങ്ങളും പ്രയോഗിച്ചു.

സാവിത്രി: "എന്തൊന്നെടി നീ തേവിടിശ്ശീ ആടുന്നത്?"

കുഞ്ഞിപ്പെണ്ണ്: (ദന്തനിര മുഴുവൻ കാട്ടിക്കൊണ്ട്) "വൊ അയല്ലയൊ പറയണത്. അപ്പയത്തു് ഒന്ന് ഓടിച്ചെല്യാനക്കൊണ്ടു. പയ്മ്മനാപസാമി എഴിച്ച് വന്നൂട്ടപോലെ ഇരിക്കുന്നു. നോക്കുവാനെക്കൊണ്ടെന്തോന്ന്? നമ്മുടെ ചെമ്പകശ്ശേലീലെ ഹഹഹാ! ഞത്മ്മോ! ഞത്മ്മോ!"

ഈ സന്തോഷപ്രകടനത്തിന് കിട്ടുമായിരുന്ന സംഭാവന അന്നത്തെ സന്ദർഭവിശേഷത്താലും വൃത്താന്തത്തിന്റെ കർണ്ണസുധാരസത്താലും കുഞ്ഞിപ്പെണ്ണിനെക്കൊണ്ട് പ്രഹരനിരോധനാർത്ഥമുള്ള നൃത്തങ്ങൾ തുള്ളിച്ചില്ല. ചെമ്പകശ്ശേരിയിലെ 'കുട്ടിച്ചേട്ടൻ' ആയ ത്രിവിക്രമകുമാരന്റെ സമാഗമത്തെ ദാസി ധരിപ്പിക്കുന്നു എന്ന് അറിഞ്ഞപ്പോൾ, സാവിത്രിയുടെ അപ്രസന്നമായിരുന്ന മുഖം സൗഹാർദ്ദചന്ദ്രികയെ സ്പർശിച്ച പുഷ്കുമുദംപോലെ വികസിച്ചു. ലോകവൈകല്യങ്ങളും ലോകാഭിപ്രായങ്ങളുടെ വക്രഗതികളും കഥകൾ മാർഗ്ഗമായി ഗ്രഹിച്ചിട്ടുണ്ടെങ്കിലും സ്വാത്മപ്രഭുത്വത്തിലും ഗാംഭീര്യത്തിലും ഉള്ള വിശ്വാസത്തോടെ ആ കന്യക ചാടി എഴുന്നേറ്റ് തന്റെ സഹവിഹാരിക്ക് സ്വാഗതം പറവാൻ അച്ഛന്റെ ഗ്രന്ഥശാലയെയും അതിക്രമിച്ച്, കിഴക്കേവശത്തുള്ള സത്കാരത്തളത്തിൽ എത്തി. അവിടെ

കണ്ടതു് ഒന്നരക്കൊല്ലത്തിനുമുമ്പ് യാത്രപറഞ്ഞു് പിരിഞ്ഞ കോമളമുഖനായ കുമാരയോദ്ധാവല്ലായിരുന്നു. മുറ്റത്തുനിന്ന് സൂര്യകിരണങ്ങളെ സുവർണ്ണപ്രഭമാക്കുന്ന മഹാവക്ഷസ്സിന്റെ സന്തോഷച്ചാഞ്ചാട്ടങ്ങളും മഹമ്മദീയരീതിയിൽ ധരിച്ചുള്ള കേശോഷ്ണീഷത്താൽ കവചം ചെയ്തിരിക്കുന്ന ശശാങ്കബിംബത്തിൽനിന്ന് പുറപ്പെടുന്ന സുസ്മിതക്കുളിർനിലാവും സാവിത്രിയുടെ അകക്കാമ്പിനെ നവരൂപത്തിലുള്ള ഒരു ചിത്താനന്ദത്തോടു് ഇദംപ്രഥമമായി പരിചയപ്പെടുത്തി. ആശ്ചര്യപാരവശ്യത്താൽ സാവിത്രിയുടെ കണ്ണുകൾ പരമാർത്ഥഗ്രഹണത്തിനുള്ള ഭ്രമണങ്ങൾ തുടങ്ങി എങ്കിലും ഹൃദയതളിമത്തിൽ ഹിമജലത്തിന്റെ സേചനാനുഭൂതി ഉണ്ടായി. മുഖപത്മം ആനന്ദസ്തോഭത്താൽ ഉൽഫുല്ലമായി ക്ഷോഭിച്ച് ആഗതന്റെ ഹൃദയത്തിന് അമൃതം കൊണ്ടുള്ള അർഘ്യപൂജയെ നിറവേറ്റി. താൻ കാലേകൂട്ടി സംഭരിച്ചിരുന്ന വിനോദോക്തികളെ ഭ്രകമ്പനം ചെയ്‌വാൻ സന്നദ്ധനായി നില്ക്കുന്ന ശ്മശ്രുധാരിയോടു് പ്രയോഗിപ്പാൻ ധൈര്യം വരാതെ, സാവിത്രി നിലകൊണ്ടുപോയി. സർവ്വാഭരണഭൂഷിതയായി സ്വനേത്രങ്ങളെ വിഭ്രമിപ്പിക്കുന്ന ദേവകന്യക, തന്നെ സൽക്കരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന അനവരതോപദ്രവിയായ ബാലികാബിംബം അല്ലെന്ന് കാണുകയാലും ആ സൗന്ദര്യപുഞ്ജത്തെ ഉപചരിക്കുന്നതിന് ഇതരസമുചിതവചനം കിട്ടായ്കയാലും ആഗതൻ "അച്ഛനില്ലേ?" എന്നു മാത്രമുള്ള നിശ്ചൈതന്യപ്രശ്നത്തെ ഗൃഹോന്മുഖമായി വിസർജ്ജിച്ചു. സ്നേഹാർദ്രമായുള്ള വിനോദഭാഷണംകൊണ്ടു് ആ പുനസ്സംഗമം ആരംഭിക്കുമെന്ന് വിചാരിച്ചിരുന്ന സാവിത്രിയെ സാമാന്യലൗകികക്രമത്തിന് ചേർന്നുള്ള ഈ ചോദ്യം കലഹിപ്പിച്ചു. തന്റെ ഹൃദയത്തിൽനിന്നു പ്രസ്രവിപ്പാൻ സഞ്ചയിക്കുന്ന പ്രമോദത്തെ താനും പ്രതിബന്ധിച്ച് ഉള്ളംവിടാതെ പ്രതിസൽക്കാരം ചെയ്‌വാൻ നിശ്ചയിച്ചുകൊണ്ടു്, സാവിത്രി "ഇല്ല" എന്നു മാത്രം മറുപടി പറഞ്ഞു. എന്നാൽ ആ സ്ത്രീചിത്തം താരുണ്യത്താലോ പക്ഷേ, കാരുണ്യത്താലോ പ്രേഷ്യമാണമായി. "ഇപ്പോൾ വരും" എന്നൊരു അനുബന്ധത്തെക്കൂടി ആദ്യത്തെ അരുളപ്പാടോടു ചേർത്തു്, തന്റെ ഗൗരവത്തിനു വിലോപം വരുത്തി എന്നുള്ള ബുദ്ധിക്ഷയത്തോടെ നിലകൊണ്ടു. "മന്നവാ ഹോമദ്രവ്യമിവിടെ ഉണ്ടായ്‌വരും" എന്നു ദുഷ്ഷന്തന്റെ അഭീഷ്ടസിദ്ധിക്കുള്ള മാർഗ്ഗത്തെക്കൂടി ചൂണ്ടിക്കൊടുത്ത ശകുന്തളയുടെ കൃത്യത്തെ ഈ സന്ദർഭത്തിൽ സ്മരിച്ച ആഗതൻ മുക്തസന്ദേഹനായി തളത്തിലേക്കു് കയറിയപ്പോൾ സാവിത്രിയുടെ ഉള്ളിൽ പുതിയൊരു വികാരമായി ശങ്കയോ ഭയമോ ഭക്തിയോ തള്ളിക്കേറുകയാൽ വഴിയിൽനിന്ന് വാങ്ങിനിന്നു്, "അമ്മ കിടപ്പു തന്നെ ചേട്ടാ, അങ്ങോട്ടു് ചെല്ലണം" എന്ന് ക്ഷണിച്ച് വഴികാട്ടിക്കൊടുത്തിട്ടുതന്നെ പുറകേ നടന്നു. മാർത്താണ്ഡൻ വലിയപടവീട്ടിൽ വേലായുധൻതമ്പിയുടെയും ചെമ്പകശ്ശേരിയിൽ കൊച്ചമ്മിണിയമ്മയുടെയും പ്രഥമപുത്രനായുള്ള ഈ യുവാവു് അമ്മയുടെ പൊക്കത്തിനും സൗന്ദര്യപുഷ്ടിക്കും അച്ഛന്റെ കായബലിഷ്ഠതയ്ക്കും സൗജന്യസൗശീല്യങ്ങൾക്കും ഒരു പ്രതിച്ഛായയായിരുന്നു. കാമദേവകൃതാന്തന്മാർ തങ്ങളുടെ ശിവദ്രോഹപാപത്തെ പരിഹരിപ്പാൻ ഏകശരീരം കൈക്കൊണ്ടു് മനുഷ്യജന്മം അവലംബിച്ചതുപോലയുള്ള ആ ശരീരം പുരാണകഥാനായകന്മാരുടെ വീര്യപ്രഭാവങ്ങൾ കലികാലജീവികൾക്കു് പ്രത്യക്ഷമായി കാണുമാറാക്കുന്നു. കുട്ടിക്കാലത്തുതന്നെ മാതാമഹനായ പടത്തലവനാൽപ്പോലും 'കുഞ്ഞുഭീമൻ' എന്നു കളിയാക്കപ്പെട്ടുവന്ന ഈ യുവാവിന്റെ ചേഷ്ടകളിൽ ഒരു 'വലിയുണ്ണി'ത്തംകൂടി

സങ്കലനം ചെയ്തിരുന്നത് ആ യുവാവിനെ പരിചയചക്രത്തിന്റെ ഹാർദ്ദമായ സ്നേഹാദരങ്ങൾക്ക് പാത്രമാക്കി. സംഹാരശക്തി അതിനെ ബന്ധനം ചെയ്യുള്ള സുവർണ്ണപ്രാകാരത്തെ തകർത്ത് പുറത്തുചാടാൻ യത്നിച്ച് ആ ശ്രമം ഫലപ്പെടാതെ ഉള്ളിൽക്കിടന്ന് തിക്കിത്തിരക്കി പ്രസരിക്കുംപോലെ ആ ശരീരത്തിൽ കാണുന്ന ജീവച്ഛക്തി ഒരു ചെറുപടയോട് അനന്യസഹായമായി നേരിട്ട് വിജയിക്കാൻ പോരുന്നതായിരുന്നു. കുടുംബപ്രാധാന്യംകൊണ്ടും പടക്കളരിയിലെ അഭ്യസനത്തിൽ പ്രകടിപ്പിച്ച കാർത്തികേയത്വംകൊണ്ടും ഈ ഇരുപതാം വയസ്സിൽത്തന്നെ വേണാട്ടുസേനയുടെ അശ്വപംക്തിയിൽ ഉള്ള ഉപനായകസ്ഥാനം സമ്പാദിച്ചിരിക്കുന്ന ത്രിവിക്രമകുമാരൻ പരേതനായ പടത്തലവന്റെ ചരമാജ്ഞ അനുസരിച്ച് ദിവാൻ കേശവപിള്ളയുടെ അംഗരക്ഷകസ്ഥാനം വഹിച്ച് വരുന്നു.

ഉദയത്തിലെ നിത്യകർമ്മങ്ങൾക്കെന്ന ഭാവത്തിൽ പുറപ്പെട്ട മീനാക്ഷിഅമ്മ ഗൃഹച്ഛിദ്രഭയത്താൽ അത്യാതുരയായി, തന്റെ ശയ്യയിലേക്ക് മടങ്ങിയിരുന്നു. സൃഷ്ടിയാൽത്തന്നെ പരസ്പരാവലംബത്തിന് ഉദ്ദിഷ്ടമെന്ന് തോന്നിപ്പിക്കുന്ന ആ കോമളവിഗ്രഹയുഗ്മത്തിന്റെ മത്സരകലാപങ്ങൾ ഒന്നും കൂടാതുള്ള പുറപ്പാട് കണ്ടപ്പോൾ അവരുടെ സംഘടനയെ അല്പം മുമ്പ് പ്രതിരോധിച്ച മീനാക്ഷിഅമ്മയുടെ കണ്ണുകളിൽ ആനന്ദാശ്രു പെരുകി. ആ കാമുകവേഷക്കാരന്റെയും സഹോദരീഭാവക്കാരിയുടെയും ചേഷ്ടാവ്യത്യാസങ്ങൾ ആ മഹതിയുടെ മുഖത്ത് ഒരു പുഞ്ചിരി ഉദിപ്പിക്കുകയും ചെയ്തു. മാതാവിന്റെ ഈ പരിവർത്തനം തന്റെ ഇഷ്ടാനുസാരം സ്വബന്ധുവിനെ പൂർവ്വവൽ കളിയാക്കുവാൻ സാവിത്രിക്കുട്ടിയെ ധൈര്യപ്പെടുത്തി. മാതാവിന്റെ അടുത്ത് ചേർന്നുനിന്നുകൊണ്ട് വിക്രമകുമാരനെ ചൂണ്ടിക്കാട്ടീട്ട് ഇങ്ങനെ തന്റെ സൽക്കാരത്തെ പുറത്ത് ചാടിച്ചു: "കണ്ടില്ലയോ അമ്മാ? ഇപ്പോൾ ആരെപ്പോലെ ഇരിക്കുന്നു? ആർക്കാട്ടുനവാബോ ഇങ്ങോട്ട് ആക്രമിക്കാൻ പോകുന്ന സുൽത്താനോ?"

ത്രിവിക്രമകുമാരൻ മീനാക്ഷിഅമ്മയെ തൊഴുതുകൊണ്ട് ഭാഷണസംഗ്രാമത്തിൽ സാവിത്രിയോട് ഇടയുവാൻ രസനായുധം വീശി അടുത്തു: "അമ്മച്ചീ! ഇവിടത്തെ സാവിത്രിക്കുട്ടി, ഞാൻ കൊച്ചിലേ എഴുന്നള്ളിച്ചുകൊണ്ട് നടന്നിരുന്ന കുണ്ടാമണ്ടിക്കുട്ടുക്ക, എങ്ങോട്ട് ഉരുണ്ടുപോയി?"

സാവിത്രിക്കുട്ടി: "ഒരാളിനു മൂക്കിന്റെ താഴെ പുരികം കുരുത്തപ്പോൾ, കണ്ണ് വായ്ക്കകത്തായിപ്പോയി"

ത്രിവിക്രമകുമാരൻ: "ദേവസ്ത്രീകളെ കണ്ടാൽ നമ്മുടെ കണ്ണ് അഞ്ചിപ്പോവുല്ലയോ അമ്മച്ചീ?"

മീനാക്ഷിയമ്മ: "നിങ്ങൾ കുഞ്ഞുകളിക്കാൻ തുടങ്ങിയാൽ ഞാനെന്ത് പറയും. സാവിത്രീ! മിണ്ടാതിരിക്ക്. വിക്രമാ, ടിപ്പുവിന്റെ പട ഇങ്ങോട്ട് കേറുമെന്ന് തീർച്ചയാണോ?"

ത്രിവിക്രമകുമാരൻ: "സംശയമോ? ഏത് വഴി എന്നുമാത്രം തീർച്ചയാവാനുണ്ട്. ഇപ്പോൾ പട്ടാളങ്ങളെ തെക്കും വടക്കും വീതിച്ചിട്ടിരിക്കുന്നു. പട വരുന്ന വഴിയിൽ എല്ലാം ചേരുമ്പോൾ പിന്നത്തെ കളി ഒന്ന് കാണേണ്ടതാണ്."

സാവിത്രിക്കുട്ടി: "കളി കാണിക്കുന്ന വീരന്മാർ ഈ കാണുന്നവരൊക്കെ തന്നല്ലോ. ഒരൊറ്റ ആളല്ലയോ ആ രായർമല്ലൻ? അയാൾക്ക് ഒരു കടികൊടുപ്പാനെങ്കിലും ഒരു വീരനെ കണ്ടില്ലല്ലോ?"

ത്രിവിക്രമകുമാരൻ: "അടുക്കളയിൽ കിടന്നോണ്ട് വല്ലതും പറയരുത്. ചമഞ്ഞുനില്ക്കുമ്പോൾ, പെൺമൂപ്പുകാർക്ക് എന്തും പറയാം."

സാവിത്രിക്കുട്ടി: "അതതെ. പക്ഷേ, തിണ്ണമിടുക്ക് ആണുങ്ങൾക്ക് ചേരുന്നതല്ല. പണ്ടത്തെ മാടമ്പുവീര്യങ്ങളും മറ്റും പമ്പകടന്നു എന്ന് സമ്മതിച്ചേക്കണം."

ത്രിവിക്രമകുമാരൻ: "ഹൊ! പല്ലുകാട്ടാമങ്ക സാവിത്രിക്കുഞ്ഞമ്മ ഇന്ന് ദംഷ്ട്രം കടിക്കുന്നല്ലോ. കേൾക്കണേ കുഞ്ഞമ്മേ, അയാളുടെ പെരുമ്പറയ്ക്ക് എതിർ പറ ഞാൻ കൊട്ടി. പോരിൽ ഏറ്റു ചാകാൻ അത്ര ധൃതിയാണെങ്കിൽ ഒരു പുള്ളിക്കാരിയുടെ ചീട്ട് വാങ്ങിക്കൊണ്ടുചെല്ലാൻ ദിവാൻജിഅമ്മാവൻ ഉത്തരവായി."

'പുള്ളിക്കാരി' എന്നു ദിവാൻജി സൂചിപ്പിച്ചത് തന്നെയാണെന്ന് മനസ്സിലായി സാവിത്രി ആന്തരാൽ വിജയിനി എന്ന് നടിച്ചു എങ്കിലും തന്റെ വിവാഹക്കാര്യത്തിൽ തന്നോട്ട് ആലോചിക്കാതെ ഒരു വ്യവസ്ഥചെയ്ത അപരാധത്തിന് അദ്ദേഹത്തോട്ട് പരിഭവിച്ചു എന്ന നാട്യത്തിൽ മുഖംകറുപ്പിച്ച്, ഇങ്ങനെ ഒരു ചോദ്യം പുറപ്പെടുവിച്ചു. "അതേതെ, വല്ലോരുടെയും ചീട്ടുവേണമെങ്കിൽ പടയ്ക്ക് പോവാനും അത് വേണ്ടയോ? ഇങ്ങനെ നിന്ന് വമ്പ് പറയരുത്. രായരുടെ തലപൊളിപ്പാൻ വല്ലവരോടും ചോദിക്കണമോ? വീട്ട് കാക്കുന്ന പട്ടി പിടിളുടിയിട്ട് വേണമോ കള്ളൻ കേറുമ്പോൾ കുരയ്ക്കാൻ? മേന്മകൾ ഞാനും കുറേശ്ശെ അറിയും."

ത്രിവിക്രമകുമാരൻ: "എന്നാൽ യജമാനന്റെ ചെല്ലപ്പിള്ളയ്ക്ക് അങ്ങോട്ട് ചെന്ന് ഒരുത്തരവ് വാങ്ങിത്തരരുതോ? അല്ലെങ്കിൽ സത്യഭാമമാർക്കും പടയ്ക്ക് ഇറങ്ങാമല്ലോ."

മീനാക്ഷിഅമ്മ: "അതെല്ലാം വിടിൻ കുഞ്ഞുങ്ങളേ. കട്ടാ! പടകേറിയാൽ ഈ പട്ടത്തടിക്കാർ എന്തു ചെയ്യും? ഇപ്പോൾത്തന്നെ എല്ലായിടത്തും കവർച്ചയും കൊലപാതകവും കിടക്കപ്പൊറുതിയില്ലാതാക്കുന്നു."

സാവിത്രിക്കുട്ടി: "രാമവർമ്മത്തുവീട്ട് കൊള്ളയിടുമെന്ന് പേടിക്കേണ്ടമ്മാ. ദിവാൻജി അമ്മാവന്റെ കണ്ണുചെല്ലാത്ത കാര്യം രാജ്യത്തിൽ എന്തോന്നുണ്ട്?"

ത്രിവിക്രമകുമാരൻ: "ദിവാൻജി അമ്മാവന്റെ സൂക്ഷിപ്പുകാരി സാവിത്രിപ്പിള്ള ഉള്ളപ്പോൾ പടയെയും പേടിക്കേണ്ടല്ലോ."

സാവിത്രിക്കുട്ടി: "എന്നെ സാവിത്രിപ്പിള്ള എന്നു വിളിക്കരുത്."

ത്രിവിക്രമകുമാരൻ: "ഓഹോ! തെറ്റി. കൊച്ചുകുഞ്ഞമ്മ എന്നാണല്ലോ ഇനി വിളിക്കേണ്ടത്. ടിപ്പുവിന്റെ പീരങ്കിമേളം ഒന്ന് കേൾപ്പാൻ രസമുണ്ടോ?"

സാവിത്രിക്കുട്ടി: "ചിലരെപ്പോലെ കിടുങ്ങാതെ കേൾക്കാം. ചേട്ടാ കൂട്ടിക്കൊണ്ടുപോകണം. കിളരമില്ലെങ്കിലും ഒരിടനിറയ്ക്കാൻ ചതയുണ്ട്."

മീനാക്ഷിഅമ്മ: "ഭ്രാന്തു പറയാതെ."

സാവിത്രിക്കുട്ടി: "ഭ്രാന്തോ അമ്മേ? കൊച്ചാശാൻ ചൊല്ലിക്കേട്ടിട്ടില്ലേ, 'തള്ളയ്ക്കിട്ടൊരു തല്ലുവരുമ്പോൾ പിള്ളയെടുത്തു തടുക്കേയുള്ളൂ' എന്ന്? വേണ്ടി വന്നാൽ, ചേട്ടാ അമ്മ പറയുന്നതു വകവയ്ക്കേണ്ട. എന്നായാലും ഒരിക്കൽ ചാകണ്ടയോ? രാജ്യവും പെറ്റമ്മയും ഒന്നുപോലെ."

ത്രിവിക്രമകുമാരൻ: "അതാ അങ്ങനെ വരട്ടെ. എന്തായാലും കളരിയും കുറുപ്പും ഒന്നല്ലയോ?"

മീനാക്ഷിഅമ്മ: "വിക്രമാ! കുരങ്ങിനെ കള്ളുകുടിപ്പിക്കളുടി ചെയ്യാതെ."

സാവിത്രിക്കുട്ടി: "കർമ്മം ഇഴത്താൽ പോകാണ്ട് എന്തു ചെയ്യും?"

സൂക്ഷ്മഗ്രാഹിയായ ഒരു ഗൗളിയുടെ ശബ്ദം ആകാശവാണിപോലെ ധ്വനിച്ചു. മീനാക്ഷിഅമ്മയുടെ മുഖം വിവർണ്ണവും അവരുടെ കൈകൾ ദുശ്ശകുനപരിഹാരാർത്ഥമുള്ള പ്രാർത്ഥനയിൽ മുകളീകൃതവും ആയി. തിരുവനന്തപുരത്ത് എത്തിയതിന്റെശേഷം തന്റെ ബാല്യസഖി ഒരു ശിശുപാലന് ദത്തയായിരിക്കുന്നു എന്ന് കേട്ട ജനപ്രവാദം ഭോഷ്ക്കുതന്നെ എന്ന് ബോദ്ധ്യപ്പെട്ടു്, വിക്രമകുമാരൻ ഗൗളിയെ ശുഭധ്വനികർത്താവായി അഭിമാനിച്ചു. ഗൗളിയുടെ ശബ്ദത്താൽ ഖണ്ഡിക്കപ്പെട്ട സംഭാഷണം വീണ്ടും ആവർത്തിക്കാൻ സംഗതി വരുന്നതിനുമുമ്പിൽ, കുഞ്ഞിപ്പെണ്ണ് ആ രംഗത്തു ഝടിതി പ്രവേശിച്ചു്. "വലിയങ്ങുന്ന്" എന്നു പറഞ്ഞു്, അദ്ദേഹം മടങ്ങിയെത്തുന്ന വിവരത്തെ ധരിപ്പിച്ചു. ആ അഭിവന്ദ്യനെ കണ്ടു് തൊഴാനായി ത്രിവിക്രമകുമാരൻ താൻ വീണ്ടും മടങ്ങി എത്തുമെന്നുള്ള ആംഗ്യപ്രതിജ്ഞയാൽ സാവിത്രിയോടു് അനുമതി വാങ്ങിക്കൊണ്ടു് നാലുകെട്ടിന്റെ കിഴക്കേവശത്തിലേക്കു് തിരിച്ചു.

കേശവനുണ്ണിത്താൻ പൊക്കത്തിലും പ്രൗഢിയിലും വളർന്ന് അച്ഛന്റെ ചരമഗതികൊണ്ടു് സമുദായനേതൃത്തിനുണ്ടായിട്ടുള്ള നഷ്ടത്തെ പരിഹരിക്കുന്നു. പണ്ടത്തെ രസികചാമരമായുള്ള കുടുമ കാർഷ്ണ്യത്തിലും ദൈർഘ്യത്തിലും വിസ്തൃതിയിലും വർദ്ധിച്ചിട്ടേ ഉള്ളു. പ്രമാണികളുടെ കായപ്രൗഢിക്ക് വൈരൂപ്യം ഉണ്ടാക്കുന്ന കുംഭോദരത്വം ഉണ്ണിത്താനെ ബാധിച്ചിട്ടില്ല. എന്നാൽ യുവപ്രായത്തിൽ രമ്യകോമളമായിരുന്ന മുഖത്തെ ലോകസുഖവിരക്തന്റെ അനാർദ്രത ഇക്കാലത്ത് കവചംചെയ്യുന്നു. വൈരാഗ്യഗ്രസ്തമായുള്ള ഹൃദയത്തിന്റെ മന്ദപ്രവർത്തനം അദ്ദേഹത്തിന്റെ പാദചാരഗതിയെ സാവധാനമാക്കുന്നു. മുന്നകമ്പടിക്കാർ ഗൃഹത്തിനകത്ത് കടന്ന് അല്പസമയം കഴിഞ്ഞു എങ്കിലും ഗൃഹനായകൻ പ്രതിപദം നിലകൊണ്ടു്, ഭവനപ്രവേശം ദുസ്സഹമെന്ന ഭാവത്തിൽ ദ്വാരപ്രദേശത്തെ തരണം ചെയ്യുന്നു. മഹാരാജാവിന്റെ ഘോഷയാത്രാനന്തരം അവിടുത്തെ മുഖം കാണിച്ചു മടങ്ങുന്ന ഈ

മഹാനുഭാവൻ നവമായ എന്തോ സംഭവത്താൽ പരിഭ്രതനായപോലെ അപ്രജ്ഞാവാനായി ചരിക്കുന്നു. കൈയിലിരിക്കുന്ന ഒരു കരിമ്പനയോലക്കഷണത്തെ ചിന്താകലാപത്തിന്റെ ബുദ്ധിശൂന്യതയ്ക്കിടയിൽ കശക്കി ഞെരിച്ചുപോകുന്നു. അദ്ദേഹത്തിന്റെ ഉദ്ധതകായം ഊർദ്ധ്വനിലവിട്ട് വക്രിച്ചും കണ്മണികൾ ദൃഢനിലവിട്ട് ചലിച്ചും തീർന്നിരിക്കുന്നു. ജയദ്രഥന്റെ കായോന്നതിയും ഭാർഗ്ഗവരാമന്റെ വിക്രമപ്രഭാവവും സാക്ഷാൽ സവ്യസാചിയുടെ സൗന്ദര്യപ്രഭാവിലാസങ്ങളുംകൊണ്ടും കേരളീയസൗഭാഗ്യത്തിന് ഉത്തരോത്തരം യശോവൃദ്ധി ഉണ്ടാക്കിവന്ന ഒരു വർഗ്ഗം മഹാപുരുഷന്മാർ ആ മണ്ഡലത്തിലെ ഭരണവും സംരക്ഷണയും നിർവ്വഹിച്ചുവന്നു. ഇപ്പോൾ നാമാവശേഷസ്ഥിതിയോടടുക്കുന്ന ഈ വർഗ്ഗത്തിൽ തൊടുകുറിയായിരുന്ന കേശവൻ ഉണ്ണിത്താന്റെ പ്രശാന്തധീരത്വം ഭഞ്ജിക്കപ്പെട്ടിരിക്കുന്നു എന്ന് കാണുകയാൽ, വിക്രമകുമാരൻ ബന്ധുസുഹൃത്വം പ്രമാണിച്ച് പുറപ്പെടുവിപ്പാൻ ഭാവിച്ച ആദരസ്മേരങ്ങളെ അമർത്തിക്കൊണ്ട് മുറ്റത്തിറങ്ങി. ഗുരുജനാവകാശമായുള്ള വന്ദനോപചാരങ്ങൾ അനുഷ്ഠിച്ചു. വാത്സല്യപൂർവ്വം സത്കൃതനാകേണ്ട ഒരു യുവാവിന്റെ സാന്നിദ്ധ്യത്തെ കേശവനുണ്ണിത്താൻ ഗ്രഹിച്ചതായിപ്പോലും നടിച്ചില്ല. ചിന്താകലാപം കൊണ്ട് ഉഷ്ണിച്ച മൂർദ്ധാവിലെ പൂർവശിഖയ്ക്കിടയിൽ വിരലുകൾ ചേർത്ത് ആ പ്രദേശത്തെ തടവിക്കൊണ്ട് ഉണ്ണിത്താൻ പ്രവേശനത്തളംവഴിക്ക് പടിഞ്ഞാറുള്ള ഗ്രന്ഥശാലയിൽ പ്രവേശിച്ചു. വടക്കേ വാതലിനുസമീപം കുഞ്ഞിപ്പെണ്ണിന്റെ ഛായാനിപാതം ഉണ്ടാവുകയാൽ കോപപ്രഭാഷണത്തിലെ ഗണപതിക്ക് കുറിപ്പായി ചില മന്ത്രാക്ഷരങ്ങളെ അദ്ദേഹം അതിഖരഘോഷധ്വനികളിൽ ഉച്ചരിച്ചു. യജമാനന്റെ മുഖഭാവം എന്തെന്നറിഞ്ഞ് സ്വനായികയെ ധരിപ്പിച്ച് സമ്മാനം വാങ്ങാൻ പുറപ്പെട്ടിരുന്ന കുഞ്ഞിപ്പെണ്ണ് ഗൃഹസാർവഭൗമനാൽ ഉച്ചൈസ്തരശബ്ദങ്ങൾ മാത്രംകൊണ്ട് ഭർത്സിക്കപ്പെട്ടപ്പോൾ, "ഇങ്ങെങ്ങാന്റെ ഒരു കിന്റി ഇരുന്നേ. അതു നോക്കി എടുത്തോന്റ് ഇതാ പോനെ" എന്നു സമാധാനസമർപ്പണം ചെയ്തു. പെണ്ണിന്റെ പ്രാകൃതഭാഷണവും അതിലധികം വികൃതമായ അവളുടെ വിറയലുകളും കോപപ്രകടനത്തിന് ഉചിതപദങ്ങൾ കിട്ടാതെ വലഞ്ഞുതുടങ്ങിയ ഉണ്ണിത്താനെ ആ കഷ്ടശ്രമത്തിൽനിന്ന് വിരമിപ്പിച്ചു. സ്വാത്മസ്വരൂപണത്തിന് വിരുദ്ധമായുള്ള രൗദ്രതയുടെ ഇത്രത്തോളമുള്ള പ്രകടനം അദ്ദേഹത്തെ ക്ഷീണിപ്പിക്കയാൽ, അദ്ദേഹം തന്റെ വിശ്രമശാലയിലോട്ട് നീങ്ങി ശയ്യയിന്മേൽ വീഴുകതന്നെ ചെയ്തു. കുഞ്ഞിപ്പെണ്ണ് വിജയത്വരയോടെ മണ്ടി, "ഹയാ കൊച്ചമ്മേ! ഏമാനിന്ന് കൊലവാളും ഊരിപ്പിടിച്ചോന്റ് വന്നിരിക്കുന്നു. ആരും മൂച്ചുവിടല്ലേ" എന്ന് സ്വനായികയെ ധരിപ്പിച്ച്, അതിനുള്ള സമ്മാനമോ വേതനമോ ആയി രണ്ട് പ്രഹരം വാങ്ങി സന്തുഷ്ടയുമായി.

കിടക്കയിന്മേൽ വീണുപോയ ഉണ്ണിത്താൻ വല്ല ആഭിചാരവ്യാമോഹത്തിലും താൻ അകപ്പെട്ടുപോയിരിക്കുന്നുവോ എന്നുപോലും സംഭ്രമിച്ചു. കൈക്കുള്ളിലിരിക്കുന്ന പനയോലക്കഷണം അവസ്തുകമല്ലെന്ന് അദ്ദേഹത്തിന്റെ താർക്കികനേത്രം നിരീക്ഷണം ചെയ്തയാൽ, അതിലെ ലിഖിതത്തെ ഒന്നുകൂടി വായിക്കാൻ യത്നിച്ചു. ലേഖനത്തിലെ അക്ഷരങ്ങൾ അവയെ ചാർത്തിയ നാരാചത്തിന്റെ മുനപോലെ കണ്ണുകളിലല്ല, ഹൃദയത്തിൽത്തന്നെ തറച്ച് എങ്കിലും മനോവേദനയും ഏതാണ്ടൊരു സംഭ്രമവും വല്ലാതെയുള്ള

കൃത്യഭംഗഭയവും സങ്കലനം ചെയ്യുണ്ടായ കഷായിപ്പോടെ ആ ലേഖനത്തെ വായിച്ചു തീർത്ത് അതിനെ തിലപ്രായത്തിൽ ചീന്തി അറയ്ക്കകത്തുണ്ടായിരുന്ന കോളാമ്പിയിൽ നിക്ഷേപിച്ചു. എഴുന്നള്ളത്തിന്റെ പുറപ്പാടിലുണ്ടായ ആൾത്തിരക്കിനിടയിൽ കൈയിലെത്തിച്ച ആ ലേഖനത്തെ ആര് കൊണ്ടുവന്നു, ആ ദൂതൻ എങ്ങനെ മറഞ്ഞു എന്നുള്ള മറിമായങ്ങളെക്കുറിച്ച് അദ്ദേഹം ചിന്തിച്ച്, മനഃപൂർവ്വവും അഗാധവുമായുള്ള ഒരു കൃത്രിമത്തിന്റെ ആരംഭം ഉണ്ടാകുന്നു എന്ന് സമർത്ഥിച്ചു. ആ ലേഖനത്തിൽ അടങ്ങിയിട്ടുള്ള ഒരു സൂചന ഊർജ്ജിതപ്പെടുമ്പോൾ ചിലമ്പിനഴിയം വക ഭൂമികളും കൈമുതലും തന്റെ കൈവശത്തുനിന്ന് പൊയ്പ്പോകാവുന്നത് സഹ്യംതന്നെ. പെരിഞ്ചക്കോടൻ എന്നൊരു നാമധേയം എഴുത്തിൽ കാണുന്നത് ഏതു മാലിസുമാലിവർഗ്ഗത്തിൽ ചേർന്ന രക്ഷോനാഥൻ എന്ന് അദ്ദേഹത്തിന്റെ ബുദ്ധിപ്രശ്നം തുടങ്ങി. ടിപ്പുവിന്റെ അനുകൂലികൾ സമീപപ്രദേശത്ത് ഉപജാപപ്രകാരം ചെയ്യുന്നത് ഉടനെ രാജസമക്ഷം ധരിപ്പിക്കേണ്ടതല്ലേ? അങ്ങനെ ധരിപ്പിക്കുമ്പോൾ എഴുത്തിൽ അടങ്ങീട്ടുള്ളതും ദൈവഗതിയുടെ വൈചിത്ര്യത്താൽ തന്റെ മനസ്സിനെ അതിയായി സംരംഭപ്പെടുത്തി സമ്മോദിപ്പിക്കുന്നതുമായ ഒരു രഹസ്യത്തെക്കൂടി പ്രസിദ്ധമാക്കേണ്ടിവരില്ലേ? അപ്പോൾ, രാജശിക്ഷയുടെ നിപാതം ഉണ്ടാകുന്നത് എങ്ങോട്ട്, അത് തനിക്കുണ്ടായിട്ടുള്ള മഹോപകാരത്തിന് പ്രതികാരമായി നിർഘൃണനായ താൻമൂലം സംഭവിപ്പിക്കുന്നതാവുകയും ചെയ്യുകയില്ലേ? അനുഷ്ഠേയപദ്ധതികളുടെ ഈ വിപരീതരീതികളിൽ അല്പനേരം വിഷമിച്ചിട്ട് തന്റെ യുവദശയിൽ ആചരിച്ചതുപോലെതന്നെ, തന്നെ വിശ്വസിച്ച ഗുരുജനത്തെ രക്ഷിപ്പാനും സംഭവഗതികൾ അനുസരിച്ച് മേലിൽ നടന്നുകൊള്ളുവാനും അദ്ദേഹം തീർച്ചയാക്കി.

ഇങ്ങനെ ഒരുവിധമായ സ്വൈര്യം മനസ്സിനുണ്ടാക്കി സ്ഥിതിചെയ്യുന്നതിനിടയിൽ കിഴക്കെ നന്തിയത്തുവക സ്വത്തുക്കൾക്കുമാത്രം കാരണവരായി താൻ ശേഷിക്കുന്നു എന്നുള്ള വാസ്തവത്തെക്കുറിച്ച് അനുസ്മരണം ചെയ്തുപോയി. ഉണ്ണിത്താൻ തന്റെ ഗ്രന്ഥശാലയ്ക്കുള്ളിൽ വിഭ്രാന്തനായി അല്പനേരം ചുറ്റിനടന്നിട്ട് വല്ല താർക്കികദർശനത്താലും പ്രേരിതനായിട്ടായിരിക്കാം, അടുത്തകാലത്തെങ്ങും അനുഷ്ഠിച്ചിട്ടില്ലാത്ത ഒരു ഭർത്തൃകൃത്യത്തെ ആചരിച്ചു. സ്വകളത്രത്തെ വരുത്തി ഗൃഹകാര്യങ്ങൾ പറഞ്ഞു്, ചിലത് ഒതുക്കിവയ്ക്കാനെന്ന ഭാവത്തിൽ "മീനാക്ഷീ" എന്നു വിളിച്ചപ്പോൾ, ആ മുറിക്കകത്ത് എത്തിയത് അദ്ദേഹത്തിന്റെ അന്തേവാസിയായുള്ള കൊടന്ത ആശാനായിരുന്നു. ആവശ്യപ്പെടാത്ത ഘട്ടങ്ങളിൽ കടന്നുകൂടാൻ ഈ വർഗ്ഗക്കാർക്കുള്ള വാസനയും വൈദഗ്ധ്യവും ലോകസ്ഥിതികളിലെ രസാവഹമായുള്ള ഒരു അംശമാണ്. ഭക്തനും വിശ്വസ്തനും സത്യപരനും എന്നു ഗണിക്കപ്പെട്ടിരുന്ന ആശ്രിതന്റെ അവലംബം കിട്ടിയപ്പോൾ, ഉണ്ണിത്താന്റെ മനസ്സു സമനിലയെയും ഭാര്യാദർശനത്തിനുള്ള കാംക്ഷ വിരക്തിനിലയെയും പുനരവലംബിച്ചു. "ആരാടാ ഈ പെരിഞ്ചക്കോടൻ?" എന്നുള്ള ചോദ്യം നയവിചിന്തനം കൂടാതെ ഉണ്ണിത്താന്റെ ചലിച്ചിരുന്ന ബുദ്ധിയിൽനിന്ന് പുറപ്പെട്ടു. കൊടന്തശ്രീനാരദർ തന്റെ ശിരസ്സിന്മേൽ ദശകണ്ഠന്റെ മുഷ്ടിവിംശതിയുടെ നിപാതമുണ്ടാകുന്നതുപോലെ പേടിച്ചു വിറച്ചു. ആ പേർ പാതാളവാസിയായ ഹിരണ്യാക്ഷൻ ദേവലോകവിഭ്രമണം ചെയ്തിരുന്ന കാലത്തെ വിക്രമദൗഷ്ട്യങ്ങൾ ദക്ഷി

ണതിരുവിതാംകൂറിൽ ആവർത്തിക്കുന്ന ഒരു ദേശസാമ്രാട്ടിന്റേതായി ആശാൻ ആ ഇടയിലെ ബന്ധുലബ്ധിസംഭവങ്ങൾ സംബന്ധിച്ച് കേട്ടിരുന്നു. ആ പരമാർത്ഥങ്ങളെ ഗ്രഹിച്ച് തന്നെ ശിക്ഷിപ്പാൻ ഈ ചോദ്യം പുറപ്പെട്ടതാണെന്നുള്ള ഭയംകൊണ്ട് ആ പാണ്ഡുരപ്രഭൻ ഒന്നുകൂടി വിളറി. ഉണ്ണിത്താൻ തന്റെ കോപപ്രകടനത്തിൽ ആ ശിഷ്യയാചകൻ പൗരുഷശൂന്യനാകുന്നു എന്നു വിചാരിച്ചു ശാന്തനായി. "സാരമില്ല, സാരമില്ല, ആരാണെന്നറിയാമെങ്കിൽ പറഞ്ഞേക്കൂ" എന്നുള്ള മൃദുപദങ്ങൾകൊണ്ട് അവനെ ആശ്വസിപ്പിച്ചു. കൊടന്ത ആശാൻ ഒറ്റക്കണ്ണടച്ചുകൊണ്ട് ഗാഢചിന്തക്കാരനായി. വിഷമശ്രമംകൊണ്ട് സ്മൃതിതളിമത്തിൽനിന്ന് ഒരു യാദൃച്ഛാശ്രുതവൃത്താന്തത്തെ ആവിർഭവിപ്പിക്കുന്നതുപോലെ നടിച്ചും നശിക്കുന്നെങ്കിൽ കൂട്ടുണ്ടായിരിക്കട്ടെ എന്നു കരുതിയും ഒരു ഉത്തരം പൊട്ടിച്ചു. "കുഞ്ഞമ്മയോടു ചോദിച്ചാൽ അറിയാമായിരിക്കാം. ദിവ്യാന്ന്യേമാന്റെ ആരോ, എന്തോ ആണെന്ന് കെട്ടിനകത്തുവെച്ച് പറഞ്ഞുകേട്ടിട്ടുണ്ടെന്ന് തോന്നുന്നപോലെ ഒരോർമ്മ. ഇന്ന് നല്ല സുഖമുണ്ട്. എണീറ്റുലാത്തുന്നു. 'മൂക്കിൽ തൊടാൻ കഴുത്തു ചുറ്റേണ്ടല്ലോ'. വിളിച്ചു ചോദിച്ചാൽ വസ്തുത മുഴുവൻ അറിയാം."

ഉണ്ണിത്താന്റെ ശ്വാസനാളം ഒന്ന് അടഞ്ഞതുപോലെ തോന്നി. അദ്ദേഹം സ്വദന്തങ്ങളെ മുറുക്കിച്ചേർത്തുകൊണ്ട് "എന്താടാ നീ പറയുന്നത്?" എന്നു കയർത്തു.

കൊടന്ത ആശാൻ സ്വകൗശലവിലാസത്തെ അഭിനന്ദിച്ച് ഗുരുനാഥന്റെ ഈർഷ്യാരോഷത്തെ ഒന്നു വർദ്ധിപ്പിക്കാൻ ഒരു പ്രയോഗം കൂടി അനുഷ്ഠിച്ചു. "എഴുന്നള്ളത്തു് കഴിഞ്ഞ് ഞാൻ കണ്ടപ്പോൾ വലിയ ഉത്സാഹത്തിലായിരുന്നു. കേശവപിള്ള യജമാനന്റെ പുത്തൻ സ്ഥാനപദത്തെ അന്വയിപ്പാൻ എന്നോട് ആവശ്യപ്പെട്ടു്. 'ഇരട്ടസ്വർഗ്ഗം' എന്നു വ്യാഖ്യാനിച്ചപ്പോൾ പൊട്ടിച്ചിരിച്ചു. "ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും."

ഉണ്ണിത്താൻ: "ഇരട്ടസ്വർഗ്ഗമോ? അതെങ്ങനെയാടാ? ആർക്കാടാ?"

കൊടന്തആശാൻ: "'ദിവ' എന്നു മുറിച്ചു പിന്നെ 'വാൻ' എന്നും എടുക്കുമ്പോൾ, പിന്നെ എന്തുവാന്നാ?"

ഉണ്ണിത്താൻ കൊടന്തയാശാന്റെ മനോധർമ്മരചിതമായ പ്രബന്ധത്തെ ചതുർമ്മുഖകഥനമെന്നപോലെ ആദരിച്ച് മൂന്നാം ചോദ്യത്തെ മറന്നു. അദ്ദേഹത്തിന്റെ ഉള്ളിലെ കാലുഷ്യം ഒന്നുകൂടി വർദ്ധിച്ച് എങ്കിലും, സ്വാന്തസ്ഥിതി പുറത്തുവിടാതെ കൊടന്തയെ ഒന്ന് മറിക്കാനായി സന്തോഷം നടിച്ചുകൊണ്ട് ഇങ്ങനെ ചോദിച്ചു: "അപ്പോൾ ഇപ്പോഴത്തെ ലേഹ്യം മീനാക്ഷിക്ക് ഗുണം ചെയ്യുന്നുണ്ട്, അല്ലേ?"

കൊടന്തആശാൻ: "എന്തോ? ചെമ്പകശ്ശേരിയിലെ കുട്ടൻപിള്ളയും സാവിത്രിക്കുഞ്ഞും കുഞ്ഞമ്മയും കളി പറഞ്ഞു തകർക്കുന്നതു കേട്ടു." ഇങ്ങനെ പറഞ്ഞിട്ട് കൊടന്ത വലതുഗണ്ഡത്തിലുണ്ടായ ചൊറിച്ചിൽ പോക്കുകയും ഒരു ചുമ ആരംഭിച്ചതിനെ അമർത്താൻ മുഖംകൊണ്ട് അസ്വാരസ്യം നടിച്ച് ഉമിനീർ ഇറക്കുകയും ചെയ്തു.

ഉണ്ണിത്താൻ: "ചെമ്പകശ്ശേരിയിലെ ആ കുരുന്നന്ന് ഇവിടെ എന്തു കാര്യം? നമ്മെ പിടിപ്പു കെട്ടവനാക്കാൻ ആ ദിവാൻജി വിട്ടിരിക്കയാണ്. മനസ്സിലായോ?"

കൊടന്തആശാൻ: "ആയേ! പക്ഷേൽ, ദിവാന്യേമാൻ എന്ത് പിഴച്ചു? കുഞ്ഞിന്റെ മനസ്സല്ലേ പ്രധാനമായി നോക്കേണ്ടതു്? എന്നാലും 'ഉണ്ടെന്നും ഇല്ലെന്നും പറവാൻ അധികാരം ഇല്ലത്തെ മൂസ്സിന്'."

ഈ ശസ്ത്രം എന്ത് ഊക്കോടും ലാക്കൊത്തും ഉണ്ണിത്താന്റെ ഹൃദയത്തിൽ തറച്ചു എന്നുള്ളതു് അദ്ദേഹത്തിന്റെ അടുത്ത ക്രിയയിൽനിന്ന് ഗ്രഹിക്കേണ്ടതാണ്. കൊടന്തയാശാനെയും ആ അറയ്ക്കുള്ളിൽനിന്ന് പായിച്ചതായ അത്യുഗ്രസ്വരത്തിൽ ഉണ്ണിത്താൻ സ്വഭാര്യയുടെ സാന്നിധ്യം ആവശ്യപ്പെട്ടു. അനാഥയുടെയും രോഗിണിയുടെയും ദീനതയോടെ ആ മഹതി സ്വഭർത്താവിന്റെ ശയ്യാഗൃഹവാതുക്കൽ എത്തി അദ്ദേഹത്തിന്റെ ആജ്ഞ കേൾപ്പാൻ കാത്തുനിന്നു. ഭർത്തൃവദനത്തിന്റെ സങ്കോചകാളിമ നേരെ കണ്ടപ്പോൾ, താൻ പേടിച്ചിരുന്ന നീഷ്കാസനവിധിയുടെ നിപാതമുഹൂർത്തം ആസന്നമായിരിക്കുന്നു എന്ന് അവർ തീർച്ചയാക്കി. യുവദശയിൽ സാന്ദ്രാനുരാഗപ്രതിജ്ഞകളോടെ മധുരങ്ങളായ ആശ്രയവചസ്സുകളെയും പ്രലപിച്ച ജീവനാഥനിൽനിന്ന് അതിക്രൂരമായ ആജ്ഞ ധ്വനിച്ചുള്ള പ്രശ്നം ഒന്ന് പുറപ്പെട്ടു. "ഇതാ! നിങ്ങൾക്ക് ഞാൻ വേണോ, ചെമ്പകശ്ശേരിക്കാർ വേണോ?"

മീനാക്ഷിഅമ്മ രണ്ടു കരങ്ങളും കപോലത്തിൽ ചേർത്ത് നമ്രമുഖിയായി നിന്നുകൊണ്ട് തന്റെ നിശ്ചലപ്രതിജ്ഞയെ ആവർത്തിച്ച് ഇങ്ങനെ പറഞ്ഞു: "ഇങ്ങനെ ചോദിപ്പാൻ തോന്നിയതിനു സംഗതി എന്തോ - ദൈവത്തിനറിയാം. ഞാൻ അവിടുന്നു മന്ത്രക്കൂടത്തുവച്ചു വരിച്ച നിരാശ്രയ - മീനാക്ഷി. ഈശ്വരൻ അറിയട്ടെ - സാവിത്രി, സാധു, അവിടുത്തെ മകളുമാണ്. ഞങ്ങൾക്ക് ഇവിടുത്തെ പാദങ്ങളല്ലാതെ മറ്റെന്ത് ശരണമുണ്ട്? ഞങ്ങളോടു് ചോദിപ്പാനെന്ത്, ആലോചിപ്പാനെന്ത്? ഇവിടുത്തെ ഇഷ്ടമെന്തോ, അതു ഞങ്ങൾക്കു ചട്ടം."

ഉണ്ണിത്താൻ: (സ്വശയ്യയെ സംബോധനം ചെയ്യുന്ന ഭാവത്തിൽ) "ഓഹോ! അറിയാം. യോഗ്യതകളെല്ലാം ഒരുവിധം മറ്റുള്ളവരും അറിയും. ഏറെ പറയേണ്ട. പെണ്ണുങ്ങളുടെ നാക്കിൽനിന്ന് നല്ല മധുരം, പഞ്ചാമൃതരസം അവർക്ക് വേണ്ടപ്പോഴെല്ലാം ഊറും." (ഖിന്നന്റെ സ്വരക്ഷീണത്തോടെ)" മന്ത്രക്കൂടത്തെ മീനാക്ഷി പൊയ്പോയിട്ടു് വ്യാഴവട്ടം ഒന്നരയിൽപ്പരം കഴിഞ്ഞു - എന്ത് പറയുന്നു? തിരുവനന്തപുരം കണ്ട ആ വനകന്യക ഇപ്പോൾ" ഉണ്ണിത്താന്റെ നാവിൽ ഉദിച്ച 'ധൂളി' എന്ന പദം ദമ്പതിമാർ രണ്ടുപേരുടെയും പരമാർത്ഥത്തിനുള്ള പരമസാക്ഷിയുടെ അപരിജ്ഞേയമായ വ്യവധാനശക്തികൊണ്ടായിരിക്കാം, പുറത്ത് പുറപ്പെട്ടില്ല. മീനാക്ഷിഅമ്മ ഭർത്താവിന്റെ ശുദ്ധഗതിയുടെ അതിരില്ലായ്മ ചിന്തിച്ച് അത്യാർത്തയായി നില്ക്കുന്നതിനിടയിൽ അദ്ദേഹത്തിന്റെ ദുസ്സഹമായ ക്ലേശകോപങ്ങൾ ഇങ്ങനെ വാർന്നു: "എല്ലാം വന്നുകൂടി. നഷ്ടവും അപമാനവും വരുന്നോ എന്നു ഭഗവാനറിയാം. നാരായണാ! ഈ വിധമൊക്കെ വരുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ഗ്രഹപ്പിഴ ആയാലും അതിനൊരു് അതിരു് വേണ്ടയോ? വല്ലടത്തും പുറപ്പെട്ടു് പൊയ്ക്കളയാം. ഈ ചെമ്പകശ്ശേരിയിലെ കൊച്ചുങ്ങൾക്ക് ഇതിനകത്ത് എന്ത് കാര്യം? നിങ്ങളുടെ ചാർച്ചകളിൽ

എനിക്കൊരു ബന്ധവും ഇല്ല. പറഞ്ഞതു് കേട്ടോ? അതു നല്ലവണ്ണം ഓർമ്മിച്ചുകൊള്ളണം. ആ ത്രിവിക്രമകുമാരൻ ഇതിനകത്ത് ഇനി കയറുന്ന അന്ന് കഥ ഇതൊന്നുമല്ല."

ഉണ്ണിത്താൻ നരകദർശിയായി തല്പത്തിന്മേൽ വീണ്ടും വീണു. മീനാക്ഷിഅമ്മ കണ്ണുനീർ വാർത്തുകൊണ്ടു് തന്റെ ശയ്യയിലേക്ക് മടങ്ങി. ഇതെല്ലാം കേട്ടുംകൊണ്ടു് നിന്നിരുന്ന കൊടന്ത സന്തോഷംകൊണ്ടു് ദേഹം ഒന്ന് കുടഞ്ഞു് നിവർന്ന് അനന്തരകൃത്യങ്ങൾക്ക് സഹർഷം ബദ്ധപരികരനായി ഉണ്ണിത്താന്റെ ഉച്ചത്തിലുള്ള അവസാനപ്രതിജ്ഞ കേൾക്കയാൽ, ഭൂമി ഒന്നു കീഴ്മേൽ മറിഞ്ഞതുപോലെ ത്രിവിക്രമകുമാരന് തോന്നി. അന്ധകാരം വലയംചെയ്യുന്നതുപോലുള്ള ഒരു വ്യാമോഹം ആ യുവാവെ അന്ധനാക്കുകയാൽ അയാൾ നിന്നിരുന്ന നിലത്ത് തറയ്ക്കപ്പെട്ടതുപോലെ അല്പനേരം നിലകൊണ്ടുപോയി. മൂർദ്ധാവുമുതൽ ഇളകിയ വിയർപ്പ് പാദങ്ങളുടെ ബഹിച്ഛായയെ നിലത്ത് ലേഖനംചെയ്തു. സകല കാര്യങ്ങളിലും വിജയിയായി ജീവിതം നിവർത്തിച്ച തന്റെ മാതാമഹന്റെ നിര്യാണത്താൽ തനിക്ക് നേരിടുന്ന ജീവിതാഗ്രഹഭംഗത്തെ സ്മരിച്ച്, ആ വീരയുവാവിന്റെ പൗരുഷപ്രകാശമായുള്ള നേത്രങ്ങളിൽ ചില ജലകണങ്ങൾ തിളങ്ങി. ഇതുകളെ ഉത്തരക്ഷണത്തിൽ തുടച്ചിട്ട്, "വരട്ടെ, രാജ്യം രക്ഷിക്കുന്നവർ എന്നെയും രക്ഷിക്കും" എന്നു സമാശ്വസിച്ചുകൊണ്ടു്, മൈസൂർവ്യാഘ്രത്തെ ഹരിപ്പാനുള്ള സമരാങ്കണത്തിലോട്ടെന്നപോലെ സേനാനായകപ്രഭാവത്തോടെ അയാൾ നടകൊണ്ടു.

— 4 —

"വീതശങ്കം സപദി ദ്വന്ദ്വയുദ്ധം തരിക അതു സംപ്രതി
കുതുകം പൂണ്ടിഹ അധുനാ തവ സവിധം പ്രാപിച്ചിതു്"

സ്വാതിതിരുന്നാൾ മഹാരാജാവു് മോഹനകേളീസൗധമായി നിർമ്മിച്ച പുത്തൻ മാളികക്കൊട്ടാരത്തിന് എടുത്ത ഭൂമിയിൽ പക്ഷേ, ശ്രീമദ്ദിവാകരസ്വാമിയാർക്കും തണലേകീട്ടുള്ളതായ ഒരു അരയാൽ ഗോവർദ്ധനച്ഛത്രത്തിന്റെ വൃത്തത്തിൽ കൊമ്പുകൾ വീശി നിന്നിരുന്നു. അതിന്റെ പത്രങ്ങൾ ഉദയത്തിലെ ഇളംകാറ്റേറ്റ് കല്ലോലനൃത്തങ്ങൾ തുള്ളി സൂര്യന്റെ ഉദയകിരണവീചികൾക്ക് സ്വാഗതം പറയുന്നതിനിടയിൽ താഴത്തെ മുറ്റവെളിയിൽ ഉദയവ്യായാമത്തിനെന്നപോലെ പുഷ്ടശരീരനായുള്ള ഒരു ദശരഥപ്രഭാവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അല്പം വളർത്തി കോതി ഒതുക്കീട്ടുള്ള തലമുടിക്കിടയിൽ അഗ്രം ബന്ധിച്ച് കാണുന്ന കുടുമയും നടുവിൽവെച്ച് ഇരുഭാഗത്തോട്ടും ചീകി ഒതുക്കീട്ടുള്ള മീശയും രജതപ്രഭമായി നരച്ചും മുഖത്തിന്റെ വന്ദ്യതയ്ക്ക് അനുരൂപമായുള്ള വലയബന്ധങ്ങളായി കാണുന്നു. പുതച്ചിരിക്കുന്ന കാശ്മീരശ്വേതാംബരം അരയിൽ ചാർത്തിയിരിക്കുന്ന പുളിയിലക്കരപ്പരിവട്ടത്തെ മുക്കാലും മറയ്ക്കുന്നു. ഏഴുവെളുപ്പിനുതന്നെ മാർജനക്രിയ കഴിക്കപ്പെട്ട് ധാവള്യത്തോടെ തിളങ്ങുന്ന ഭൂലക്ഷ്മിയുടെ അബലാത്വത്തിൽ ഭൂതദയാലു ആകകൊണ്ടെന്നപോലെ പാദങ്ങളെ അതിലഘുവായും മൃദുവായും പതിപ്പിച്ച് യാനം ചെയ്യുന്നു. അശ്വത്ഥത്താൽ അർച്ചിതമാകുന്ന പത്രങ്ങളിന്മേൽ പാദങ്ങൾ പതിയാതെ നടകൊള്ളുന്ന ഈ വൃദ്ധശ്രീമാന്റെ ഏകാന്തതയെ ആരും ബാധിക്കുന്നില്ല. അനവധി സേവകജനങ്ങളും പരിചാരകന്മാരും ആയുധപാണികളായ ദ്വാസ്ഥന്മാരും ഓരോ പള്ളിയറകളിലും ദ്വാരപ്രദേശങ്ങളിലും നിലകൊള്ളുന്നെങ്കിലും വൃദ്ധന്റെ മുഖത്ത് ചേഷ്ടിക്കുന്ന അന്തർവികാരങ്ങളുടെ സ്വൈരപ്രവർത്തനത്തിന് നിരോധം ഉണ്ടാകുന്നില്ല. ബലിഷ്ഠാഗ്രേസരനായുള്ള ഒരു ശത്രുവിന്റെ ആക്രമത്തെ അനുമുഹൂർത്തം പ്രതീക്ഷിച്ച് ചിന്താവിഹ്വലനായി അശ്വത്ഥത്തെ നോക്കി ആപത്കരനായ സൂര്യപുത്രന്റെ ചാരദോഷം നീക്കുന്നതായ

ഒരു മന്ത്രത്തെ മനസാ ഉരുക്കഴിക്കുന്നതിനിടയിൽ, തെക്കുപടിഞ്ഞാറ് മൂലയിലുള്ള വാതിലിന്റെ ബഹിർഭാഗത്തുനിന്ന്, "ഛേ! അങ്ങോട്ടു പൊയ്ക്കൂട കൂവ - എടാ നെടുംകാലാ! ഇങ്ങോട്ട് - ഇത് എവിടെക്കിടന്ന കാട്ടുമാടൻ!" എന്നും മറ്റും പല കണ്ഠങ്ങൾ ശണ്ഠകൂട്ടുന്നത് കേട്ട് ആ സമരരംഗത്തിന്റെ നേർക്ക്, മന്ത്രജപത്തിൽ ദത്തചിത്തനായ വൃദ്ധൻ സാഹസനിരോധനത്തിലുള്ള കൃപാസന്നദ്ധതയോടെ തിരിഞ്ഞുനോക്കുന്നു. ഊക്കനായ യന്ത്രക്കവണിയിൽനിന്ന് മുക്തമായ നെടുംപുരക്കട്ടംപോലെയുള്ള ഒരു സത്വം ആ രാജാങ്കണത്തിൽ നിക്ഷിപ്തമാകുന്നു. മൂക്കും മുട്ടുംകുത്തി നിലത്തുവീണ ഒരു അഷ്ടാവക്രൻ തന്നെ തടുത്ത അപരാധികളെ 'എരുമച്ചീമോന്മാര്', 'പീപ്പന്നിക്കഴുവന്മാര്' എന്നും മറ്റും ഭർത്സിക്കുന്നതിനിടയിൽ, പൊട്ടിച്ചിരിച്ചുകൊണ്ട് തന്റെ സാമർത്ഥ്യത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. ആ കോപഭാഷണക്കാരനായ അഹംകാരിയെ ശിക്ഷിപ്പാൻ നാനാഭാഗങ്ങളിലും നിന്ന് ചാടിപ്പുറപ്പെട്ട പല ശൂലധാരികളും വേത്രധാരികളും എന്തോ അദൃശ്യപാശങ്ങളാൽ പുറകോട്ട് നീതന്മാരായതുപോലെ അപ്രത്യക്ഷന്മാരാകുന്നു. പ്രാകാരദ്വാരത്തെ ബലപ്രയോഗത്താൽ തരണം ചെയ്ത ബഹുകോണാകാരൻ കരിമ്പനച്ചക്കരയും നാളികേരരസവും ചേർന്നാൽ അമൃതപ്രാശത്തെക്കാൾ ശക്തിപ്രദായകമായ ഒരൗഷധമാണെന്നും മറ്റും പ്രസംഗിച്ചുകൊണ്ട്, കണ്ണുതുടച്ച് ഒന്ന് ചുറ്റിനോക്കിയപ്പോൾ, സങ്കടം ധരിപ്പിപ്പാൻ തക്കലക്ഷണങ്ങളുള്ള വൃദ്ധനെ കണ്ട് കൈകൾ നീട്ടിക്കുടഞ്ഞു് വീശി, വാനരത്താനെപ്പോലെ അദ്ദേഹത്തിന്റെ സമീപത്തെത്തുന്നു.

ഇരുമ്പുദണ്ഡങ്ങളും ചതുഷ്കോണക്കട്ടികളും സംഘടിച്ച് ഏഴടിപ്പൊക്കത്തിൽ വിശ്വപ്പെരുന്തച്ചന്റെ മുഴക്കോലിനും കണക്കുകൾക്കും അമരാതെ ജനിച്ചിട്ടുള്ള സാഹസികൻ, വൃദ്ധന്റെ മുമ്പിൽനിന്ന് അദ്ദേഹത്തിന്റെ മുഖത്തെ ചീന്തുമാറുള്ള അംഗുലീക്രിയകളോടുകൂടി തന്റെ ചരിത്രവും യാത്രോദ്ദേശ്യവും സംക്ഷിപ്തമായി വർണ്ണിച്ചു. അവന്റെ ഭാഷ, ഉത്തരദേശികൾക്ക് സുഗ്രാഹ്യമല്ലെങ്കിലും സ്വരാജ്യത്തിലെ ജനപരമ്പരകളുടെ വ്യാപാരവിവിധത്വങ്ങളെ ഗ്രഹിച്ചിട്ടുള്ള വൃദ്ധന് ദേവഭാഷപോലെ കർണ്ണാനന്ദകരമായിരുന്നു."കേട്ടോ അമ്മാച്ചാ, കല്ലറയ്ക്കപ്പിള്ള എന്ന് ചൊല്ലുവാരില്ലിയോ, കൊമ്പിച്ച ഗ്രവത്ഥൻ ധുവാൻഷി അങ്ങത്തെ ചെന്ന് കണ്ടാര്. എത്തും എതിരും ഇരുന്ന് പേശിയപ്പോ കുന്നത്തൂർ അങ്ങുന്ന് (ദിവാൻജി) ചൊല്ലിയാര്, ഇങ്ങൊരു രായൻ അടിപിടിച്ചട്ടമ്പി വന്നിരിക്കിനാൻപോലും. അയ്യാക്ക് എതിര് കിട്ടാണ്ടു് പൊന്നുതമ്പുരാന് എന്തരോ അങ്കലാപ്പുപോലും എന്നാ, അഴക് ഒരു കൈ പാക്കണോ എന്ന് അങ്ങോട്ടുകേറി ചൊല്ലിയപ്പോ, കല്ലറയ്ക്കപ്പിള്ള 'ഹ്മ' എന്ന് ആട്ടൂട്ടാര്. എന്നാ അവിടെക്കൊടാ എന്ന് ചൊല്ലീച്ച്, പൊന്നുതമ്പുരാന്റെ ഹൈമാന്യം നേടാൻ അഴക് അവരറിയാണ്ടു് ഇങ്ങോട്ട് പോണെ"

ഇങ്ങനെ തന്റെ പുറപ്പാടിന്റെ കഥ അഴകൻപിള്ള വർണ്ണിച്ചപ്പോൾ വൃദ്ധന്റെ ഹൃദയസരസ്സ് ഇളകിക്കലങ്ങി. കണ്ഠീരവരായരോടു് എതിർക്കുന്നതിന് ഒരു ചാണൂരനോ മുഷ്ടികനോ ഒന്നുകൂടി ജനിക്കേണ്ടതുണ്ടെന്ന് വൃദ്ധൻ കേട്ടിട്ടുണ്ട്. ദ്വന്ദ്വയുദ്ധക്രമങ്ങളിൽ അപരിചിതനായുള്ള ഈ രാജ്യാഭിമാനി പരമാർത്ഥസ്ഥിതികളറിയാതെ ആ മല്ലനോട്ട് നേർത്താൽ പപ്പടംപോലെ അരക്ഷണംകൊണ്ടു് തകർന്നുപോകയും നരഹത്യാപാപം തന്റെ

മേൽ ചുമലുകയും ചെയ്യുമെന്ന് ഗ്രഹിച്ചിരുന്ന വൃദ്ധൻ അഴകൻപിള്ളയോട്ട് ഇങ്ങനെ ഗുണ ദോഷവാദം തുടങ്ങി: "നീ രായരെ കണ്ടിട്ടില്ലെന്ന് തോന്നുന്നു. ഇവിടത്തെ കുറുപ്പന്മാരും ആശാന്മാരും അയാളെ പേടിച്ച് ഒതുങ്ങിയിരിക്കുന്നു. അയാൾ വലിയ അഭ്യാസി. മുക്കര ണം മറിയുന്നത് കണ്ടാൽ ഇന്ദ്രജാലമെന്ന് തോന്നും."

അഴകൻപിള്ള: (അക്ഷമനായി) "അതെല്ലാം അങ്ങുകൊണ്ട് കെട്ടിവെച്ചേക്കാൻ ചൊല്ല ണം. അഴകുവിന്റെ ഒരു അമുക്കിന് അവന്റെ തവപ്പനും ഉത്തരം ചൊല്ലമട്ടാര്. പൊന്നുതമ്പുരാനെങ്ങ്?"

വൃദ്ധൻ: "നീ അബദ്ധത്തിൽ ചെന്നുചാടേണ്ട. വയസ്സ് എത്രയായി?"

അഴകൻപിള്ള: "അഴകുവിനെ പെറ്റപ്പം അല്ലിയോ കൊള്ളവെള്ളം, അമ്മാച്ചൻ അന്ന് ഇഞ്ഞെങ്ങും ഇല്ലായിരുന്നോ? ഇതാ പാക്കണം. രായനെ ഒന്ന് കാമ്പിച്ചുതന്നാലും മതി."

വൃദ്ധൻ: "നിന്റെ ആഗ്രഹം സാധിപ്പാനെളുപ്പമല്ല. രായർ നിന്റെ കുന്നത്തൂർ അങ്ങത്തെ സൂ ക്ഷിപ്പിലാണ്?"

അഴകൻപിള്ള: "ഇതെന്തർ മുടക്കിടാവമ്മാച്ചൻ? തുണതുണയെന്നിരുന്നാല് എള്ളോളം ഉശിരൊക്കെ വേണ്ടയോ? ധുവാൻഷി അങ്ങുന്നു രായനേ പെട്ടവത്തിലോ വച്ചു പൂ ട്ടീരിക്കണ്?"

വൃദ്ധൻ: "നീ അവിടെ പോയി അനുവാദം വാങ്ങി എന്തെങ്കിലും ചെയ്യ്."

അഴകൻപിള്ള: "ചുമ്മാ ഇരിക്കണം അമ്മാച്ചാ! രായൻ വെളിയിൽ എറങ്ങുമ്പോൾ ഒന്ന് ഉച്ചിനോക്കി വച്ചുകൊടുത്താൽ അവന്റെ ചെമ്മത്തും പിന്നെ മീളമാട്ടാര്."

വൃദ്ധൻ: "അബദ്ധം! അതു് ചതിവാകും. നിന്റെ തമ്പുരാന് രസിക്കയുമില്ല."

അഴകൻപിള്ള: "വൗത്ത എന്ന് അമ്പണം പറയണതൊക്കെ അങ്ങു വച്ചേക്കണം. തൊട്ട തിനെല്ലാം തടിമൊറണ്ട് പറയണ ഇങ്ങേരിപ്പോ നന്മതിന്മ ചൊല്ലിത്തരണ്ടാ, പൊ ന്നുതമ്പുരാന്റെ പള്ളിയറ ഒന്നു കാമ്പിച്ചു തന്നാ പിന്നെ പാത്തോളണം."

വൃദ്ധൻ: "അതൊന്നും എളുപ്പമല്ല. അങ്ങോട്ടു നോക്ക്, എത്ര വേൽക്കാർ തടുപ്പാൻ നില്ക്കു ന്നു?"

cഅഴകൻപിള്ള: "ഈ കുന്നാമ്മ ഒന്നും അഴകുന്റടുത്തു ചേലല്ല. തന്തക്ക് പൊറന്ന മോനാ ണ് അഴകൻ. ഇങ്ങീന്ന് പോണമെങ്കി രായനെ തീട്ടീച്ച്. അതുവരെ ഇത്തറയിൽ പതികെടപ്പൻ. പോടാന്ന് ചൊല്ലാൻ വരണവൻ വായ്ക്കരിക്ക് മച്ചമ്പിയുംകൊണ്ട് പോരട്ട്."

അഴകൻപിള്ള ആലിന്റെ ചുവട്ടിൽ രാജമന്ദിരപ്രാന്തമെന്നുള്ള വസ്തുതയെ മറന്നും ശ്രീരാമേശ്വരം ദർശിച്ച പുണ്യപീയൂഷം പെരുക്കീട്ടുള്ള അന്നദാതാവിന്റെ കരുണാമൃതത്തിലുള്ള പരിപൂർണ്ണവിശ്വാസത്താൽ രാജഗൃഹം പ്രജാഗൃഹംതന്നെ എന്ന് സങ്കല്പിച്ചും വൃദ്ധനെ കൊള്ളാത്തകൂട്ടത്തിൽ ഗണിച്ച് ആ പരിചയത്തെയും സംഭാഷണത്തെയും ഉപേക്ഷിച്ചും നെടിയ കാലുകൾ നീട്ടി ഇരിപ്പായി. വൃദ്ധൻ, അഴകൻപിള്ള അവലംബിച്ച പരിഭവമൂർഖത കണ്ട് ചിരിച്ചുപോകുമെന്നായപ്പോൾ ആ സ്ഥലത്തുനിന്ന് യാത്രയായി. അഴകനായ സമരപ്രിയന്റെ സരസവീര്യപ്രകടനങ്ങൾ കാണ്മാൻ ഉദിച്ചുപൊങ്ങിയ ബാലസൂര്യന്റെ കിരണകോടികളാൽ രജതപ്രഭ ചേർക്കപ്പെട്ട പത്രങ്ങൾ അയാളെ മൃദുവായി വീജനം ചെയ്ത് ഉപചരിച്ചു. അയാൾ, "കെട്ടിയടിപ്പിനെടാ കുട്ടിമരയ്ക്കാനെ - തിറമൊട്ട് ചൂണ്ടയിലെ മീനുക്കിരയിടുവാൻ" എന്ന് ഒരു ഗാനം നാസികയാൽ പ്രയോഗിച്ചുകൊണ്ട് ആ വിശറികളുടെ സംഖ്യയെ എണ്ണിത്തുടങ്ങി. ഋതുപർണ്ണവിദ്യയുടെ പരീക്ഷണാർത്ഥം നളചക്രവർത്തി അനുകരിച്ചതുപോലുള്ളതായിരുന്നു എങ്കിലും ഈ മഹാപരിശ്രമത്തെ രാജമന്ദിരപരിസേവികൾ എത്തി അപേക്ഷാവക്കുകൾകൊണ്ട് പ്രതിരോധിച്ചു. അഴകൻപിള്ള ചെകിടനെന്ന് നടിച്ച് ഗാനം മുറുക്കി അല്പം ചെന്നപ്പോൾ മുകളിലോട്ട് നോക്കി ശാഖകളുടെ ഇടയിൽ കാകകപോതാദി മിഥുനങ്ങൾ വിഹരിക്കുന്നു എന്ന് കണ്ട്, അഴകൻപിള്ള എഴുന്നേറ്റു നിന്ന്, കൂക്കുവിളികളും കല്ലേറുംകൊണ്ട് അവയെ ഓടിപ്പാൻ തുടങ്ങി. ദ്രുതകോപിയായ ഒരു രാജഭടൻ അഴകശ്ശാരുടെ ദുരഹങ്കാരത്തെ ശിക്ഷിപ്പാൻ ഇങ്ങനെ ഒരു ശകാരശല്യം പ്രയോഗിച്ചു: "നോക്കെടാ നിന്റെ അമ്മേടെ വായ്ക്കരിക്ക് വേറെ ആളൊണ്ടോ? ജാത്രയും പറഞ്ഞോണ്ട് തന്നെയോ പോന്നത്?"

അഴകൻപിള്ള: (ദക്ഷിണദിക്കിലെ സ്വരലയത്തെ പുഷ്ടീകരിച്ച്) "അണ്ണോ! ഇപ്പം എങ്ങീന്ന് വരിണാരു? അഴകന്റെ അമ്മ പെറ്റ നാലി; അഴകൻ കൊലയിൽ കുരുട്ട്. എവൻ പെപ്പയ്യാ, അങ്ങ് പാടുപെടാൻ വേറെ പേരൊണ്ട്."

വേല്ക്കാരൻ: "അവിടെ ഇരുന്നു വിളയാതെ, എഴീച്ച് ഹാ! ഇതു നിന്റെ തൊഴുത്തും ചാമ്പപ്പുരയുമല്ല. അമ്പേ! കോമാളിക്കാലൻ നിന്ന് അടവ് ചവുട്ടുണതു് കണ്ടില്ലേ്യാ?"

താൻ കാണുന്ന മന്ദിരത്തിന്റെ ഉടമസ്ഥൻ തന്നിലും ആ ഭടനിലും തുല്യമായി മാത്രം കൃപാവീക്ഷണം ചെയ്തരുളുന്ന ധാർമ്മികനാണെന്ന് അഴകൻപിള്ള വിശ്വസിച്ചിരുന്നതിനാൽ ഭടന്റെ ഭർത്സനത്തെ, "തിന്തക്കം തുള്ളിയാലെന്തു കിട്ടും അന്തിക്കൊരുപിടി പറ്റു കിട്ടും തിന്തൊം തിന്തൊം തിന്തൊം തിന്തൊം തേരക്കതിന്തൊം തിന്തൊം തോം" എന്നൊരു ഗാനംകൊണ്ട് പ്രത്യപമാനംചെയ്ത് അയാളെ മണ്ടിച്ചു.

തന്റെ നേർക്കുള്ള നിർവ്യാജഭക്തികൊണ്ട് പുറപ്പെട്ടിരിക്കുന്ന അഞ്ജശിരോമണിയുടെയും ഇച്ഛയെ ഭംഗപ്പെടുത്താൻ പ്രജാഭീഷ്ടദാനത്തെ ജീവിതവ്രതമായി വരിച്ചിട്ടുള്ള ശ്രീരാമവർമ്മ മഹാരാജാവിന്റെ ഹൃദയം അരക്ഷണംപോലും തുനിഞ്ഞില്ല. സ്വവ്രതത്തിന്റെ

ഭംഗവും ഒരു കാര്യാന്ധന്റെ ജീവഹതിയും കൂടാതെ കാര്യങ്ങൾ സമാപിക്കാൻ മാർഗ്ഗമെന്തെന്ന് ചിന്തിച്ച് ധ്യാനസ്ഥിതിയിൽ നിന്നപ്പോൾ, കരണീയം തിരുവുള്ളത്തിൽ പ്രകാശിച്ചു. അതുകൊണ്ട് അഴകൻപിള്ളയെ അടുത്തപോലെ സന്ദർശിച്ചത് കൊട്ടാരം സർവ്വാധികാര്യക്കാരർ ആയിരുന്നു. അദ്ദേഹത്തിന്റെ വീരഭദ്രപ്രഭാവവും അകമ്പടിക്കാരുടെ ഭൃതഗണവേഷങ്ങളും കണ്ടപ്പോൾ താൻ വഴിപോലെ സത്കരിക്കപ്പെടുന്നു എന്ന് ചിന്തിച്ച് അഴകൻപിള്ളയുടെ മനസ്സു കുളിർത്തു. രാജമന്ദിരത്തിലെ ഒരു തളത്തിൽ നെടിയിലയും ഇട്ട് അഴകൻപിള്ളയെ ഇരുത്തി. സർവാവാധികാര്യക്കാരുടെ കണ്ഠശംഖത്തിന്റ ഉഗ്രധ്വനികൾ യഥാക്രമം ആജ്ഞകൾ കൊടുത്ത് വിളമ്പിച്ചപ്പോൾ രാജാതിഥിയുടെ ഉദരം തിത്തിയിലെ ചുരയ്ക്കപോലെ വീർത്തു. പത്തിരുപത് പണം അടങ്ങീട്ടുള്ളതായ ഒരു കിഴിയും, രണ്ടുടുപ്പുമുണ്ടുംകൂടി സമ്മാനമായി കിട്ടിയപ്പോൾ, "എന്റെ അമ്പിച്ചൊ! ഇന്ന് വലതുവയം തന്നെ എഴിച്ചേൻ" എന്ന തന്റെ ഭാഗ്യത്തിൽ സമ്മോദിച്ചു. എങ്കിലും, സർവ്വാധികാര്യക്കാരരിൽനിന്ന്, "എന്നാൽ ഇനി പോക; പിന്നീട് കാണാം." എന്ന് ഒരു നിയോഗം പുറപ്പെട്ടപ്പോൾ സമ്മാനങ്ങളെ താഴത്തുവച്ചിട്ട് അഴകൻപിള്ള ഉഗ്രമായ ഒരു പരുഷപ്രസ്രവണത്തിന് കോപ്പിട്ട്. "ഹിതെന്തൊരങ്ങുന്നേ! ഈ കൈയ് തൊണ്ടയിലിട്ടാൽ അഹത്തുപോയത് മുച്ചൂടും വെളിയിൽ എടുത്തുടുവാര്. മറ്റതൊണ്ടല്ലൊ, പൊന്നുചേവടി എന്ന് ചൊല്ലുവാരിച്ചയോ, ആ ഹൈമാന്യം, അത് ഓക്കാനിച്ചാലും, തല കീഴ്ക്കാമ്പാടെ നിറുത്തുട്ടാലും അങ്ങുതങ്ങിയേ കിടപ്പാര്."

സർവ്വാധികാര്യക്കാർ: "എടാ, നിന്നെ ആ രായർ കൊന്നാൽ-"

അഴകൻപിള്ള: "അങ്ങത്തെക്കെന്തു ചേതം എന്നെ! എടുത്ത് ചുട്ട് പൊശ്രുക്കടണം. പെറ്റതള്ള മാനമായി മാരടിച്ച് ഏഴവ് കൊണ്ടാടുവാര്."

അഴകൻപിള്ളയുടെ ഉയരം ഒന്ന് വർദ്ധിച്ചതുപോലെ സർവ്വാധികാര്യക്കാർക്ക് തോന്നി. ആ കാലദണ്ഡാകാരനെ തന്റെ ഉദ്യോഗശാലയിൽ ഇരുത്തീട്ട് സർവ്വാധികാര്യക്കാർ രാജസമക്ഷം വസ്തുതകൾ സമർപ്പിപ്പാൻ തിരിച്ചു.

അന്നത്തെ സൂര്യോഷ്മാവ് ശാന്തമായിത്തുടങ്ങിയപ്പോൾ രാജമന്ദിരത്തോട്ടത്തിന്റെ കിഴക്കുതെക്കുഭാഗത്ത് വൃക്ഷങ്ങളില്ലാത്ത ഒരു സ്ഥലം ഇടിച്ചുറപ്പിച്ച് മല്ലരംഗത്തിന് യോഗ്യമാക്കിത്തീർത്തിരിക്കുന്നു. അതോട് ചേർന്നുള്ള വിശ്രമമണ്ഡപത്തിന്റെ നാലു വശങ്ങളും വെളിയടകൾ തൂക്കി മറയ്ക്കപ്പെട്ടിരിക്കുന്നു. മണ്ഡപത്തിന്റെ കിഴക്കുവശത്ത് ദിവാൻമുമ്പായ ഉദ്യോഗസ്ഥന്മാരും പടിഞ്ഞാറെ ഭാഗത്ത് രാജമന്ദിരപരിജനങ്ങളും അത്യുപചാരഭാവത്തിൽ നില്ക്കുന്നത് രാജസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു. തുറന്ന രംഗത്തിന്റെ പടിഞ്ഞാറുവശത്ത് അഴകൻപിള്ള തറ്റുടുത്ത്, ആ വസ്ത്രം ഇഴിഞ്ഞുപോകാതെ അരക്കച്ചകൊണ്ട് ഇറുക്കിക്കെട്ടി ചന്ദനക്കുറികളും പിടിച്ച് ചാകുന്നെങ്കിൽ അതിനും കോപ്പിട്ടുനില്ക്കുന്നു. പുറകിൽ നില്ക്കുന്ന കുറുപ്പന്മാർ, ആശാന്മാർ മുതലായ യുദ്ധചതുരന്മാർ ഉള്ള സമയംകൊണ്ട് മല്ലയുദ്ധചടങ്ങുകൾ നമ്മുടെ അവിവേകിക്ക് ഉപദേശിക്കുന്നു. ഈ സംഘത്തെയും, കിഴക്കും

തെക്കും വശങ്ങളെയും ചുറ്റി ചെറുതായ ഒരു സേനാപംക്തി ആയുധധാരികളായി അണിയിട്ടിരിക്കുന്നു. സംഭവിക്കാൻപോകുന്ന നരമേധം കാണ്മാൻ പൗരപ്രധാനന്മാരും തിക്കിത്തിരക്കി തോട്ടത്തിലെ മറ്റു ഭാഗങ്ങളിൽ നിറഞ്ഞുകൂടിയിരിക്കുന്നു. രാജസാന്നിദ്ധ്യത്തെ ആദരിച്ചു ജനങ്ങൾ മൗനം അവലംബിക്കുന്നു. എങ്കിലും രായരും അഴകശ്ശാരും തമ്മിലുള്ള അജഗജാന്തരത്തെ വിചാരിച്ച് അത്ഭുതവും ഹാസ്യവും ഖേദവും പരസ്പരം മുഖകർണ്ണങ്ങൾ ചേർത്ത് ഉച്ചരിച്ചുപോകുന്നു. വിട്ടിൽ എന്ന വിശേഷജന്തുവിനെപ്പോലെ അഴകൻപിള്ള തല താഴ്ത്തിയും ഉയർത്തിയും ആശ്ചര്യസമേതം ചുറ്റുപാടും നോക്കി സമീപവർത്തികളായ അഭ്യാസവിദഗ്ദ്ധന്മാരിൽനിന്ന് തനിക്ക് കിട്ടുന്ന ഗുസ്തിയോഗോപദേശങ്ങളെ സന്നിഹിത സംഘത്തിന്റെ പ്രസാദത്തിനായി അഭിനയിച്ചുകാട്ടുന്നു. ഇടയ്ക്കിടെ തന്റെ യജമാനനായ കല്ലറയ്ക്കൽപിള്ള ആ സ്ഥലത്തെങ്ങാനും എത്തീട്ടുണ്ടോ എന്ന് അമ്പരപ്പോടെ നോക്കി, അദ്ദേഹം എത്തീട്ടില്ലെന്നറിഞ്ഞു് മദോന്മത്തനാകുന്നു. അടുത്തുനില്ക്കുന്ന ദ്രോണാചാര്യന്മാരുടെ മുതുകിലും പിടലികളിലും നെടിയ ഇരുമ്പുവിരലുകൾകൊണ്ടു് ഓരോ ഊന്നുകൾ കൊടുത്ത്, "തമ്പുരാൻ എഴുന്നള്ളുമ്പം കൊട്ടുവാരില്ലയോ?" എന്ന് ചോദിച്ച്, സംഭവിച്ചുപോയിരിക്കുന്ന ആ ആഘോഷത്തെ പ്രതീക്ഷിച്ച് ചില ഉന്മേഷതാളങ്ങൾ കൈകൾകൊണ്ടു് മേളിക്കയും ചെയ്യുന്നു. ഈ സംഭവം തന്റെ അമ്മയും സഹോദരന്മാരും സമീപവാസികളും അറിയുമ്പോൾ എന്ത് മഹാരസം എന്ന് ചിന്തിച്ച് വായ്ക്കകത്തുള്ളവാകുന്ന ഉമിനീരിൽ ചില ലഘുകണങ്ങൾ വെളിയിലോട്ടു് വിസർജ്ജിപ്പിച്ചും പോകുന്നു.

ഭൈരാഗികളുടെ ചെറുതർപ്പകൾ ആറേഴെണ്ണം കൂടിച്ചേർന്ന് ഭ്രൂഭേദകമായ 'ധിമിധിമി' ധ്വാനത്തെ മുഴക്കുന്നു. ഷഹന എന്ന കുഴലുകളുടെ രൂക്ഷപ്രലാപങ്ങൾ ആഹവക്ഷണങ്ങൾ എന്നപോലെ പരിസരഭിത്തികളിൽ പ്രതിധ്വനിക്കുന്നു. പച്ചക്കൊടിക്കൂറകൾ കാറ്റിൽ ഇളകിച്ചലിച്ചു സുസ്ഥിതി അപഹരിപ്പാൻ എന്ന മട്ടിൽ മുന്നോട്ടു് നീങ്ങുന്നു. ഹിന്ദുസ്ഥാനിയിലുള്ള ചില സ്തോത്രഗാനങ്ങൾ മഹാരാജാവിനെ പ്രശംസിച്ചാണെന്നറിഞ്ഞു് സന്നിഹിത സംഘത്തിലെ സംഗീതരസികന്മാർ ദത്തകർണ്ണന്മാരാകുന്നു. "ശ്രീപത്മനാഭദാസ കുജേ! രാമരാജാബഹദൂർകു ജേ!" എന്നുള്ള ആർപ്പുകളെ ആദരിച്ചു് കിഴക്കുവശത്ത് കൂടിയിരുന്ന ബഹുജനനിര മല്ലസംഘത്തിന് വഴികൊടുത്തു.

കണ്ഠീരവരായരും പരിവാരങ്ങളും തെളുതെളെത്തിളങ്ങുന്ന വസ്ത്രാദി ആഡംബരങ്ങളോടും ഒരു മഹായവനസംഘംപോലെയും രംഗത്ത് പ്രവേശിച്ചപ്പോൾ പരിസരവാസികൾ പ്രതിയോഗികളുടെ സർവ്വപ്രകാരേണയുള്ള വിപര്യയങ്ങളെ ചിന്തിച്ചു് ലജ്ജാവശന്മാരായി. അഴകൻപിള്ള ആഗതസംഘത്തെ നോക്കി ചുണ്ടു് മലർത്തിക്കാട്ടിയും വിരൽ തെറിച്ചും പുച്ഛരസങ്ങളെ അഭിനയിച്ചുകൊണ്ടു് മഹാരാജാവിന്റെ എഴുന്നള്ളത്തറിയിക്കുന്ന വാദ്യഘോഷങ്ങൾ കേൾപ്പാൻ ചെവികൊടുത്ത് നിന്നു. മണ്ഡപത്തിലെ യവനികകൾക്കുള്ളിൽ എഴുന്നള്ളി നിന്നിരുന്ന മഹാരാജാവു് കണ്ഠീരവരായരായ മൃഗേന്ദ്രനേയും അഴകൻപിള്ളയായ നെടുംകോലത്തെയും പരസ്പരാഭിമുഖസ്ഥിതിയിൽ കണ്ടപ്പോൾ, അവിടുത്തെ കൃപാക്ഷേത്രങ്ങളായ നേത്രങ്ങളിൽ ചുടുജലം നിറഞ്ഞു്, സ്വാത്മധർമ്മപ്രേരണയാൽ പൊടുന്നനവെ അടഞ്ഞു. ആ ബാഹ്യേന്ദ്രിയങ്ങളുടെ പ്രവർത്തനം നിലകൊണ്ടപ്പോൾ

ധർമ്മാനുരക്തിയാൽ സമ്പാദിതങ്ങളായുള്ള അന്തർനേത്രങ്ങൾ ക്രിയാരംഭംചെയ്തു, സമസ്ത ചരാചരാന്തർഭൂതമായ ശക്തിയെ അവിടുത്തെ ഹൃദയവേദിയിൽ സർവ്വഭയഭിക്ഷക്കായി ഉദയംചെയ്യിച്ചു.

മല്ലസംഘത്തിന്റെ നായകനായി കാണപ്പെട്ട രായർ ദണ്ഡകരാട്ടുകളായുള്ള ഖരദൂഷണത്രിശിരസ്സുകളുടെ ത്രിമിശ്രകകല്ക്കംതന്നെ ആയിരുന്നു. ആ 'കാളമേഘനിറമാണ്ട ദാനവ'ന്റെ ശിരസ്സ് പ്രതിയോഗികൾക്ക് പിടികൂടാൻ പാടില്ലാത്തവിധത്തിൽ കത്രികക്കർമ്മംകൊണ്ട് ക്ഷൗരംചെയ്യപ്പെട്ടിരിക്കുന്നു. ആ കൂശ്മാണ്ഡതലയും ഉരുണ്ട നെറ്റിയും ഉന്തിനിൽക്കുന്നവയും ഗണ്ഡാപ്പുക വിസർജ്ജിക്കുന്നുവോ എന്ന് തോന്നിപ്പിക്കുന്നവയും ആയുള്ള ഉണ്ടക്കണ്ണുകളും ചകോരച്ചിറകുകൾ പോലെ കോതി മുനയിൽ അവസാനിപ്പിച്ച് നിറുത്തീട്ടുള്ള ഭയങ്കര മീശകളും ഉപവീതം അരയിലേക്ക് താഴ്ത്തീട്ടുള്ള വക്ഷസ്സായ ലോഹതളിമവും കരിപിടിച്ചുള്ള വെങ്കലവാർപ്പിന്റെ ആകൃതിയിലുള്ള ഉദരത്തിന്റെ മടിവും കസവുപണികൾ ചെയ്തുള്ള ചല്ലടവും അരക്കച്ചയിന്മേൽ ഉറപ്പിച്ചിട്ടുള്ള തുകൽപ്പട്ടയും എല്ലാറ്റിലും പ്രധാനമായി നാലുവരി കറുത്ത ദംഷ്ട്രങ്ങളും ഗണ്ഡങ്ങളിലെയും വക്ഷസ്സിലെയും 'ശംഖചക്രഗദാസരോരുഹ' മുദ്രകളും ആ ഭീമാകാരൻ സാക്ഷാൽ ഒരു ബ്രഹ്മരക്ഷസ്സാണെന്ന് കാണികൾക്ക് തോന്നിപ്പിക്കുന്നു. സ്വസംക്ഷത്തിൽനിന്ന് പിരിഞ്ഞു് ആ മല്ലൻ തെരുതെരെ മുന്നോട്ടു് നടന്നു. പാദങ്ങളിന്മേൽ ഒന്നു കറങ്ങി ഭൂമിയെ തൊട്ടു് കണ്ണിൽവെച്ച് വിഘ്നേശ്വരനെയും ഗുരുവിനെയും സഭയെയും ഒന്ന് വന്ദിച്ചു. അനന്തരം കാൽപ്പെരുവിരലുകളും ഉള്ളംകൈകളും ഊന്നി അനായാസേന നിലത്ത് വീണ് ആ ഭീമശരീരത്തിനുള്ള അതിലാഘവത്തെ അത്ഭുതതരമായി പ്രത്യക്ഷമാക്കുമാറ് ഓരോ കൈകാലുകൾ മാത്രം ഊന്നി ഓരോ വശത്തോട്ടു് ചരിഞ്ഞും അസ്ഥിശൂന്യനെന്നപോലെ ഞെളിഞ്ഞും വളഞ്ഞും പുളഞ്ഞും തലയെ ഭ്രമണം ചെയ്യിച്ചും കസർത്തുളെടുത്തു. ഈ വിശേഷതര 'വേല'യുടെ അവസാനത്തിൽ ശ്വാസവേഗംകൊണ്ടു് പൊങ്ങി പാദങ്ങളിന്മേൽ നിന്നുകൊണ്ടു് രണ്ടു മപ്പുകൾ താക്കിയതു് ചുറ്റും മതിലോടുകൂടിയ കരിങ്കൽക്കെട്ടുനീരാഴിയിലെ വാഴ്ചക്കാരനായ മുഷ്കരമത്സ്യത്തിന്റെ തുടിപ്പുപോലെ ആ പ്രദേശത്തെല്ലാം മാറ്റൊലിക്കൊണ്ടു. ഒറ്റക്കാൽ ഉയർത്തി പുറകോട്ടും വ്യാഘ്രമുഖത്തെ മുമ്പോട്ടും നീട്ടി മറ്റേക്കാലിന്മേൽ നിന്ന് നിലംവരെ പതിഞ്ഞു ചില സലാങ്ങൾ ചെയ്തുകൊണ്ടു് ഉയരുന്നതിനിടയിൽ കണ്ഠീരവരായർ അഴകൻപിള്ളയെ തെല്ലൊന്നു നോക്കി "പഞ്ചാക്കുട്ടൂ" എന്നു ഗർജ്ജനം ചെയ്തു. സ്വഹസ്തത്തെ ഗ്രഹിച്ചുകൊണ്ടു് ഗുസ്തിക്രിയയിലെ പ്രഥമകർമ്മം ആരംഭിപ്പാൻ അപേക്ഷിച്ച് നില്ക്കുന്ന രായരുടെ വായ്ക്കകത്ത് ശേഷിച്ചിരുന്ന ലവംഗപഞ്ചകത്തെ അയാളുടെ ദന്തപംക്തികൾ ചർവണം തുടങ്ങിയതിന്റെ ത്രുക്ഷതയും കാണികളെ നടുങ്ങിച്ചു. ക്ഷാമകേതുപോലെ നില്ക്കുന്ന അഴകൻപിള്ളയ്ക്കു കണ്ഠീരവരായരുടെ ക്ഷണം നിരർത്ഥപദങ്ങളായിരുന്നതിനാൽ ബഹുജനമാകുന്ന നിഘണ്ടുവിന്റെ സഹായത്തെ അപേക്ഷിക്കുംവണ്ണം അയാൾ വട്ടമിട്ടു് ഒരു സരസനോട്ടം തുടങ്ങി. അരക്കെട്ടിന്മേൽ തിളച്ചുകാണുന്ന നാരസിംഹത്വം ബഹുജനങ്ങളുടെ ഹൃദയങ്ങളിൽ ഭയോദ്വേഗത്തെ ഉത്പാദിപ്പിക്കുകയാൽ അഴകശ്ശാരുടെ ചോദ്യചേഷ്ടയെ ആരും ഗണിച്ചില്ല. കണ്ഠീരവരായർ കസർത്തുകളും പോർക്കുവിളികളും മപ്പടികളും കൊണ്ടു് കളം തകർത്തു.

ഇനിയും താമസിക്കുന്നത് പന്തിയല്ലെന്നു ചിന്തിച്ച് അഴകൻപിള്ള രണ്ടു കാലിന്മേൽ നടക്കുന്ന കുരങ്ങനെപ്പോലെ മുന്നോട്ടുനീങ്ങി ആകാശചാരികളുടെ പ്രസാദത്തിനെന്നപോലെ മേല്പ്പോട്ട് നോക്കി, ഭുജത്തിന്മേൽ ചില താളങ്ങൾ മേളിച്ചു, കണ്ഠീരവന്റെ മപ്പടിക്ക് എതിർമപ്പുകൾ ഘോഷിച്ചു. ഈ വികൃതക്രിയകൾ കണ്ട് കണ്ഠീരവരായർ വിജയനിശ്ചയത്തോടെ ചില കൊടുക്കത്തുകളും കൈ നിലത്ത് തൊടാതുള്ള മുൻപിൻ അടിർപ്പുകളും നിന്നിടത്ത് നിന്ന് പ്രയോഗിച്ചു. അഴകൻപിള്ള അതു കണ്ട് കോപിച്ചു, "ഹേ! ഇതെന്തത് ചെവിത്താൻ? തന്റെ രാവണാട്ടങ്ങൾ കൊണ്ട് ചൂട്!" എന്ന് അപഹസിച്ചപ്പോൾ, കണ്ഠീരവരായർ കുതിച്ച് സിംഹംപോലെ മുമ്പോട്ട് ചാടി അയാളുടെ ശരീരത്തെ ലക്ഷ്യമാക്കി ഒന്നു മർദ്ദിച്ചു. അതു ഫലിച്ചില്ലെന്നു കണ്ട്, ആ മല്ലപ്രവീണൻ മുഷ്ടികൾ ചുരുട്ടി അഴകൻപിള്ളയുടെ ഇടതും വലതും വശങ്ങളും തലയും നാഭിയും നോക്കി തെരുതെരെ കുത്തിത്തകർത്തപ്പോൾ ആ ഉഗ്രമായ കരഘട്ടങ്ങൾ ദണ്ഡിപ്പിച്ചത് നിരപരാധിയായ വായുഭഗവാനെ ആയിരുന്നു. അഴകൻപിള്ള രായരുടെ ചീന്തിവരുന്ന കരമുസലങ്ങളെ ഒഴിഞ്ഞ് അകലത്തോട്ട് ചാടി സഭാഡംബരത്തെയും തന്റെ സാമർത്ഥ്യത്തെയും കാന്മാൻ "എന്റമ്മച്ചീ ഇതെന്തത് പാടെന്നു പാത്" എന്നു തന്റെ അമ്മയെ ക്ഷണിച്ചു. മുഷ്ടിയുദ്ധക്രമങ്ങളിൽ അനഭ്യസ്തനായുള്ള ഒരു ബീഭത്സനോട് നേർക്കാൻ മഹാരാജാവ് നിയോഗിച്ചത് തന്നെ അപമാനിച്ചതായിരുന്നു എന്നു ശങ്കിച്ച കണ്ഠീരവരായർ കോപാന്ധനായി പല ഭാഷകളിലും എതിരാളിയെ ഭർത്സിച്ചുകൊണ്ട് അയാളെ പിടിപ്പാനായി ചാടിയും കൈവീശിയും വട്ടമിട്ടോടിച്ചും പല സാഹസങ്ങൾ ചെയ്തു. കൈക്കുള്ളിൽ ഒന്ന് കിട്ടിയാൽ ഒരു വെട്ടിവലിപ്പുകൊണ്ട് പ്രതിയോഗിയെ അറുതിപ്പെടുത്താമെന്ന ധൈര്യത്താൽ ആ വിദഗ്ധമല്ലൻ കൈകൾ വിടുർത്തിപ്പാഞ്ഞും തക്കംനോക്കി കുതിച്ചും തരംകണ്ട് പല തട എതിർത്തും മറുത്തും തന്റെ മുഖത്തും വക്ഷസ്സിലും ധരിച്ചിരുന്ന ശംഖുചക്രാദിമുദ്രകളെ വിയപ്പുമാർഗ്ഗമായി ഒഴുകിച്ചു. അഴകൻപിള്ള മത്സ്യംപോലെ പുളഞ്ഞും കുരങ്ങിനെപ്പോലെ കുതിച്ചുചാടിയും കിതയ്ക്കാതെയും വിയർക്കാതെയും പിടികൊടുക്കാതെ സാധിച്ചു.

ഇങ്ങനെയുള്ള അടവുകൾക്ക് അവസാനം കാണായ്കയാൽ കണ്ഠീരവന്റെ അനുചരന്മാർ അവരുടെ ഭാഷയിൽ ഒരു വിജയമാർഗ്ഗത്തെ തങ്ങളുടെ നാഥനോട് ഉപദേശിച്ചു. രായർ അടവൊന്നു മാറ്റി. ബാഹുദണ്ഡങ്ങളെ ആകാശത്തുയർത്തിപ്പിടിച്ചും ഉഗ്രമായി ഞെളിഞ്ഞും അമ്പഴക്കണ്ണുകളാൽ അരയെക്കാട്ടിക്കൊണ്ടും "അടേ പുള്ളായ്, ഇന്താ പുടിച്ചുക്കോ" എന്നു കോപാട്ടഹാസത്തിൽ അഴകൻപിള്ളയെ ക്ഷണിച്ചു. ചതുരന്മാരായ ഗുസ്തിക്കാരുടെ അരയ്ക്ക് അഭ്യാസശൂന്യന്മാർ പിടിയിട്ടാൽ അഭ്യാസക്കാരൻ ശ്വാസംപിടിച്ചു കുനിഞ്ഞു ഒന്നുവെട്ടി ഉയരുമ്പോൾ, അനഭ്യസ്തൻ പിടിവിട്ട് അഭ്യാസക്കാരന്റെ തലയ്ക്കുമീതെ കരണം മറിഞ്ഞ് നിലത്ത് വീണ് കാലനഗരം പ്രാപിക്കും. ഈ സംഭാവ്യതയെ ഗ്രഹിച്ചിരുന്ന രാജമന്ദിരത്തിലെ ഭീഷ്മശല്യപ്രഭൃതികൾ "അരുതരുത്" എന്ന് ആക്രോശിക്കയും "മതി മതി രായർ ജയിച്ചു എന്ന് സമ്മതിച്ചേക്കാം. നില്ക്കട്ടെ" എന്നു യവനികയ്ക്കുള്ളിൽ നിന്നിരുന്ന മഹാരാജാവ് അരുളിച്ചെയ്തയും ചെയ്യുന്നതിനിടയിൽ അഴകൻപിള്ളയുടെ കബന്ധഹസ്തങ്ങൾ രണ്ടും രായരുടെ ഉദരബ്രഹ്മാണ്ഡത്തെ വലയം ചെയ്തുകഴിഞ്ഞു.

രായർ സന്തുഷ്ടമദംകൊണ്ട് ജൃംഭിതവീര്യനായി. അയാളുടെ ജംഘകളുടെ മാംസബന്ധങ്ങൾ തിമിർത്ത് ശ്വാസബന്ധാരംഭത്തെ പ്രത്യക്ഷപ്പെടുത്തി. അഴകൻപിള്ള ഞാണിന്മേൽക്കളിക്കുള്ള കത്രികപ്പട്ടുമുളകൾപോലെ കാലുകൾ വിടുർത്തി ഉറപ്പിച്ചുകൊണ്ട് ഒരു ഭുജക്കോണിനെ രായരുടെ വയറ്റിൽ ഇറക്കി, കൈകളാലുള്ള വലയത്തെ മുറുക്കിത്തുടങ്ങി. "ആയ്യമ്പ്രാ! അങ്ങനെ ഇരുത്തു! ബ്ലാഹ് എന്നു അമർത്തട്ടെ" എന്നിങ്ങനെ ചില ഉപദേശങ്ങൾ കൈകൾക്കും തോളിനും നല്കിക്കൊണ്ട് ആ കരിമ്പനക്കുറ്റൻ തല നമിച്ച് ശ്വാസം മുറുക്കി രായർക്ക് ആയം സഞ്ചയിക്കുന്നതിന് ശ്വാസോച്ഛ്വാസഗതികൾക്കുള്ള ശക്തി ഉത്ഭവിക്കേണ്ടതായ ഉദരസഞ്ചികയ്ക്കുള്ളിൽ സ്ഥലമില്ലാതാക്കി. ആ പ്രാണഭീതൻ കൈകൾ താഴ്ത്തി അഴകൻപിള്ളയുടെ കൈകൾക്കിടയിൽ കടത്താൻ സാഹസപ്പെട്ടു. ആ ലോഹവലയത്തിനുള്ളിൽ ഒരു രോമതന്തുവിനുപോലും കടക്കാൻ സ്ഥലം കിട്ടാത്തതിനാൽ രായർ ഘോരമായ ചില താഡനങ്ങൾ അഴകൻപിള്ളയുടെ ശിരസ്സിലും ഭുജത്തിലും മുതുകിലും ഏല്പിച്ചു. നാളികേരസാലങ്ങളുടെ നീരസാരത്താൽ പരിപുഷ്ടമായിട്ടുള്ള അഴകൻപിള്ളയുടെ അവയവങ്ങൾ ആ മുഷ്ടിപ്രഹരങ്ങൾക്ക് നിശ്ചേതനങ്ങളായിരുന്നു. പെരുമ്പാമ്പിന്റെ ചുരുളുകളിൽ അകപ്പെട്ട ജന്തുക്കൾ തകരുംവണ്ണം രായരുടെ നട്ടെല്ല് ഞെരിഞ്ഞു തുടങ്ങി. അയാളുടെ വക്ഷസ്സ് ശ്വാസബന്ധത്താൽ പിളർക്കും എന്നുള്ള മട്ടിലാവുകയാൽ അയാൾ പല്ല് ഞെരിച്ചുകൊണ്ട് ആയം പെരുക്കി പിടഞ്ഞുകുടഞ്ഞു. കണ്ണുകൾ മുമ്പത്തേതിലും ജൃംഭിച്ചു ചുവന്നു. പൂതനയുടെ മോക്ഷഗതിയോടടുക്കുന്ന അയാളുടെ കൈകൾ ആകാശത്തും തന്റെ ചല്ലടത്തിന്മേലും മാന്തിത്തുടങ്ങി. കാലുകൾ അടുപ്പിച്ചുറപ്പിച്ചിരിക്കുന്ന അഴകൻപിള്ളയുടെ ഉടലും ശ്വാസപ്പെരുക്കത്താൽ ആഞ്ഞുപോകുന്നത് പിടിമുറുകുന്നതിന്റെ ലക്ഷണമായി കാണുന്നു. രായർമല്ലൻ സൂകരത്തെപ്പോലെ അമറിത്തുടങ്ങി. ഈ വിവശസ്വരം കേട്ട് അസ്തവിവേകന്മാരായ രായരുടെ അനുചരന്മാർ മല്ലനിയമങ്ങളെ മറന്ന് തങ്ങളുടെ നാഥനെ സഹായിപ്പാൻ മുന്നോട്ടു നീങ്ങി. ഇങ്ങനെയുള്ള വല്ല അപനയപ്രയോഗവും ഉണ്ടാകുമെന്ന് സംശയിച്ച് കാവലായി നിറുത്തിയിരുന്ന പദാതിസംഘവും യുദ്ധരംഗത്തെ ചുറ്റി ഒരു വ്യൂഹബന്ധം ചമച്ചു. അഴകൻപിള്ള "എക്കിനി എന്റെ തള്ളേടെ വയറ്റിൽ പോണ്ട" എന്ന് സഭ മറന്ന് അലറിക്കൊണ്ട് നിവർന്ന് ആകാശം ഭേദിച്ചുനിന്നപ്പോൾ അയാളുടെ ശിരസ്സിന് മുകളിൽ മൃതപ്രായനായ കണ്ഠീരവരായർ തവളപോലെ പിടയ്ക്കുന്നത് കാണുമാറായി. ആ മല്ലപ്രവീണൻ പന്തുകണക്കെ മുന്നോട്ടർ എറിയപ്പെട്ടപ്പോൾ പരിതഃസ്ഥിതരിൽ നിന്ന് ഒരു വിജയാട്ടഹാസം പൊങ്ങി നഗരത്തെയും ഇളക്കി.

അഴകൻ ആ രംഗസംഭവങ്ങളെല്ലാം മറന്ന് അരയിലെ മുണ്ട് കുടഞ്ഞുടുത്തും രണ്ടാം മുണ്ടിനെ തലയിൽ ചുറ്റിയും തന്റെ യജമാനനായ കല്ലറയ്ക്കൽപിള്ളയുടെ മുമ്പിൽ ചെന്നു വീണ് അന്നത്തെ സാഹസത്തിന് ക്ഷമായാചനം ചെയ്‌വാൻ പുറപ്പാടുവട്ടം തുടങ്ങി. മഹാരാജാവിന്റെ തൃക്കൈകളിൽനിന്നുണ്ടാകുന്ന സമ്മാനങ്ങൾ വാങ്ങിപ്പാൻ രാജഭടന്മാർ അയാളെ പിടികൂടിയപ്പോൾ, "ഇതെന്തര് ചെമ്മച്ചനി?" എന്നു പുലമ്പിക്കൊണ്ട് അഴകൻപിള്ള മണ്ഡപംവരെ നടന്നു. അതിനടുത്തുനിന്നിരുന്ന സേവകന്മാർ ആ ഭാഗത്തുള്ള യവനികയെ നീക്കി. മഹാരാജാവ് മണ്ഡപത്തിനകത്തുണ്ടായിരുന്നുവെന്ന് അപ്പോൾ

ഊഹിച്ച അഴകൻപിള്ളയുടെ ജീവാത്മാവ് പാൽക്കടലിലോ പാൽപായസക്കടലിലോ നീരാടി. അയാൾ ക്ഷണത്തിൽ മുണ്ടൊതുക്കി ഒരു കൈകെട്ടി മറുകൈകൊണ്ട് വാപൊതിഞ്ഞ് തനിക്കും രാജ്യത്തിനും സർവരക്ഷിതാവായുള്ള കണ്ണിന് കാണും ദൈവത്തെ വന്ദിപ്പാനായി യഥാചാരം സമകോണാകാരനായി വട്ടക്കാലേൽ നിന്ന് ദക്ഷിണദിക്കിലെ പൂർവ്വരീതിയനുസരിച്ച് മദ്ധ്യാംഗുലികളുടെ അഗ്രത്തെ അതത് തോളോട് ചേർത്ത് തൊഴുന്നതിനായി, രാജകളേബരത്തെ നല്ലോണം കാണുവാൻ ഒന്നുകൂടി കുനിഞ്ഞു. മണ്ഡപത്തിനുള്ളിലെ സജീവപ്രതിഷ്ഠയെ കണ്ടപ്പോൾ അഴകൻപിള്ള അന്ന് മൃഷ്ടമായി ഉണ്ടതും ഉദരത്തിൽ തങ്ങിയിരുന്ന നാളികേരാദിസാരങ്ങളും പാദംമുതൽ കത്തിപ്പൊങ്ങിയ ഭയമഹാഗ്നിശിഖയിൽ നിശ്ശേഷം ദഹിച്ചുകൂടി. രായരുടെ മുസലക്കൈകൊണ്ടുള്ള പ്രഹരങ്ങൾ തലയ്ക്കും കണ്ണിനും "മന്തമുണ്ടാക്കിയിരിക്കുവാര്" എന്നു ശങ്കിച്ച് അയാൾ കണ്ണുകളെ നല്ലപോലെ തിരുമ്മി ശരിയായിട്ട് വെളിയടയ്ക്കകത്തെ മന്ദപ്രഭയ്ക്കിടയിൽ നില്ക്കുന്ന വിഗ്രഹത്തെ സൂക്ഷിച്ചുനോക്കി. പ്രേക്ഷകലോകത്തെ കൃപാധോരണിയാൽ നിരുദ്ധവീര്യമാക്കുന്ന മന്ദാക്ഷത്തോടെ എഴുന്നരുളി നില്ക്കുന്നത് ഉദയത്തിലെ വൃദ്ധൻതന്നെയാണെന്ന് അഴകശ്ശാരുടെ വിഭ്രാന്തനേത്രങ്ങൾക്ക് നിശ്ചയമായപ്പോൾ 'അഴകന്റെ നെടുന്തടി' തുക്കുമരത്തിന്മേൽ ഊഞ്ഞാലാടുന്ന കാഴ്ചയെത്തന്നെ കാണുകയും ചെയ്തു. ഉള്ളിൽനിന്നുദിച്ച വിറയലോടെ ദൃഢവീക്ഷണനായി കായത്തെ നല്ലോണം താഴ്ത്തിയും താടിയുയർത്തി പുരികങ്ങൾ ചുളുക്കിയും അല്പനേരം സാഹസപ്പെട്ട് മൂന്നാമതും നോക്കി സൂക്ഷ്മത്തെക്കുറിച്ച് പരിപൂർണ്ണബോദ്ധ്യം വന്നപ്പോൾ മാറത്തലച്ച് "കെടുത്തല്ലയോ പോട്ടാര്" എന്ന ഒരു ദീനാലാപം ഉച്ചത്തിൽ പുറപ്പെടുവിച്ചുകൊണ്ട് അയാൾ ഞെട്ടി പുറകോട്ടു കുതിച്ച്, നെടുംചാട്ടങ്ങൾ ചാടി മറഞ്ഞു. ആ നിഷ്കർഷനായ രാജഭക്തനെ രാജശാസനയാൽ തുടർന്ന ചാരന്മാർ പിന്നീട് കണ്ട് പിടികൂടിയതു്, മുപ്പതോളം നാഴികയ്ക്കപ്പുറം പാർക്കുന്ന അവന്റെ വൃദ്ധജനനിയുടെയും ജ്യേഷ്ഠന്മാരുടെയും പുറകിൽനിന്നായിരുന്നു.

5

"രംഗത്തിൽ വന്ന് വീണീടിനാൻ കംസനും,
കൂടവേ ചാടിനാൻ കൃഷ്ണനവന്മീതെ."
"മുറിവുമവനുടെ നെറിവുമൊരുവിധമറിവുമൊരു വക തുള്ളലും,
പറയനോട്ട് ഫലിക്കയില്ലത്ത് പറകയില്ലറിയാമുടൻ."

അന്നത്തെ മല്ലയുദ്ധം ശിക്ഷാഭീതനായ അഴകൻപിള്ളയുടെ ഹരിണപലായനത്തോടുകൂടി അവസാനിച്ചില്ല. ഈ പ്രബന്ധസംഭവങ്ങൾ ഒരു മഹാപ്രവാഹത്തിന്റെ ഗതിയെത്തുടർന്ന് അവിസ്മരണീയമായുള്ള ചരിത്രവിശ്രുതിയെ സമ്പാദിച്ച്, തന്റെ സ്ഥാനത്തിനും രാജ്യത്തിനും പ്രജകൾക്കും അഭിമാനഹേതുകമായ ഒരു വിജയം അനന്തരപ്രസ്ഥാനങ്ങളുടെ ശുഭോദർക്കതയ്ക്ക് സുശകുനം എന്നപോലെ സംഭവിച്ചപ്പോൾ രാമവർമ്മമഹാരാജാവ് ഉത്തരക്ഷണം അനുഷ്ഠിച്ചതായ കർമ്മം അവിടുത്തെയും മന്ത്രിപ്രധാനന്റെയും ദർശനസൂക്ഷ്മതകളെയും കണ്ണീരവരായരുടെ ദ്രോഹോദ്ദേശ്യത്തെയും വെളിപ്പെടുത്തി. നിമന്ത്രിതനോ നിയുക്തനോ ആകാതെ, സ്വരാജ്യപ്രഭാവത്തെ സംരക്ഷിപ്പാൻ ജീവത്യാഗത്തിനും ഒരുങ്ങി പുറപ്പെട്ട ഒരു പ്രഭൃത്യനെ ചില ഭ്രസംഭാവനകളാൽ സ്ഥിതിമാനാക്കുന്നതിന് നിശ്ചയിച്ച് വേണ്ട കല്പനകൾ കൊടുപ്പാൻ സേനാപംക്തിയും ബഹുജനങ്ങളും വട്ടമിട്ട് നില്ക്കവേതന്നെ മഹാരാജാവ് തന്റെ മന്ത്രിപ്രധാനനെ മണ്ഡപത്തിലോട്ട് വരുത്തി. പൂർവ്വകഥാസംബന്ധമായി ദ്രുതകോപി, സംരംഭകാരൻ, പ്രസാദാർത്ഥി എന്ന നിലകളിൽ നാം കണ്ടിരുന്ന യുവധീമാൻ അനുസരണത്വരയോടെ തിരുമുമ്പിൽ എത്തി, മുഖംകാണിച്ചുകൊണ്ട് നിരതിപ്രകർഷത്താൽ തന്നെ കൃപാപൂർവ്വം വീക്ഷണം ചെയ്യുന്ന മഹാരാജാവായ പരമശക്തിയിൽനിന്നുത്പന്നമായ ഒരു അണുമാത്രമാണെന്നുള്ള വിനയത്തെ ദ്യോതിപ്പിച്ച് നമ്രശിരസ്കനായി നിലകൊണ്ടു.

മല്ലയുദ്ധം നടക്കുന്നതിനിടയിൽ, ദിവാൻജിയുടെ തോളോടുചേർന്നുതന്നെ ഒരു വൃദ്ധബ്രാഹ്മണൻ വടിയാൽ താളങ്ങൾ ഊന്നി 'അന്നദാനപ്രഭു'വിനെ സ്തുതിച്ചുള്ള ഗാനങ്ങൾ

ചമച്ചും, 'അന്തശെണ്ഡാളപ്രഭ്ര'വായ 'കണ്ഠീരവരായനുടെ' നേർക്ക് ഇടയ്ക്കിടെ വടി ഓങ്ങി ശാപങ്ങൾ പ്രക്ഷേപിച്ചും നിന്നിരുന്നു. രായരുടെ പരാജയം കണ്ടു് "കല്യാണമാശുഭവിക്കും തവ ചൊല്ലേറും വീരമഹാത്മൻ" എന്ന് 'അളകാപിള്ള'യെ സംബോധനചെയ്തു പാടി, ചെറിയൊരു ആട്ടവും ആടി, അടുത്തു നിന്നിരുന്ന ത്രിവിക്രമകുമാരന്റെ ശിരസ്സിനെ വിളക്കാക്കി ആ ഗായകൻ കലാശക്കൈ സമാപിപ്പിച്ചു. ആ ഹർഷപ്രകടനത്തിൽ സ്വയമേ പൊട്ടിച്ചിരിച്ചുപോകയാൽ ചർവിതമായ താംബൂലത്തിന്റെ ചില ശകലങ്ങളെക്കൊണ്ടു് ദിവാൻജിയുടെ ശരീരത്തെത്തന്നെ പരിപൂരിതമാക്കുകയും ചെയ്തു. ദിവാൻജി രാജസന്നിധിയിലേക്ക് പുറപ്പെട്ടപ്പോൾ ആ അക്ഷീണകണ്ഠനായ ജാംബവാൻ മുഖം തിരിച്ച് നമ്മുടെ സാവിത്രീകാമുകനെ പരിഹസിച്ചുതുടങ്ങി: "അടേ ഉണ്ണിക്കൃഷ്ണാ! നീ രണ്ടു കൈയിലേയും വെണ്ണ കിടച്ചാൽ ശാപ്പിടുവായ്! കണ്ടില്ലേ്യാ നല്ല ആൺപുള്ളകൾ വന്നപ്പോൾ രായദുശ്ശാസനനെ ഇടിച്ചുപിഴിഞ്ഞ് പായസം ആക്കി വിട്ടുട്ടത്." 'തഞ്ചാതെ ബഹു പഞ്ചാനന കുലസഞ്ചാരിണി സഹസാ'ന്നെടുത്ത് 'ക്ഷുരപ്രഹരപ്രകര' 'പ്രയാതി' ആക്കി വിടേണ്ടയോ?"

ത്രിവിക്രമകുമാരൻ: (രഹസ്യമായി) "മിണ്ടാതിരിക്കണം മാമാ! ഇവിടെ സർവാണിയും മറ്റുമില്ല. മഠത്തിണ്ണയിൽ ചെന്നിരുന്ന് ഗ്രാമം ഭരിക്കണം"

ബ്രാഹ്മണൻ: (വാത്സല്യത്തോടെ) "അന്ത ശർവാണി ഉനക്കിനി, കുന്തഃ കുന്തൗഃ കുന്താഃ താൻ ഫോ! കോവിൽക്കാളയാട്ടം 'കീരവാണി ഭൈരവാണി സാരവഫേരവാണി' ആടറുത് നീതാനേ അപ്പാ! അഴാതും പുള്ളായ്. ഉനക്ക് അന്ത സാവിത്രിക്കൊഴന്തയേ കിടയ്ക്കണമെന്നാൽ, ഇന്ത കിഴട്ടുമാമനെ പിടിച്ചുക്കോ, സേവിച്ചുക്കോ. പരിഹസിച്ചാക്കാൽ, പാർ എല്ലാം ലാടശങ്കിലി ആക്കിടുവൻ. ചേദിപന് ദാനം ചെയ്വൻ." ഈ ഗാനത്തെ കഫപ്രസരത്താലുണ്ടായ ചുമ നിരോധിച്ചു.

തിരുമുമ്പിൽനിന്നും വളരെ ദൂരത്തല്ലാത്ത സ്ഥലത്തുനിന്ന് ഇങ്ങനെ ഗാനം ചെയ്വാൻ മുതിർന്നതു് അകത്തെ പ്രവൃത്തിവിചാരിപ്പുകാരനായ വിശ്വോപകാരി മാമാ വെങ്കിടദ്വിജൻ ആയിരുന്നു. പൂർവ്വഗ്രന്ഥം നോക്കി വയസ്സ് എത്ര ആയിട്ടുണ്ടെന്ന് വായനക്കാർ അറിഞ്ഞുകൊള്ളേണ്ടതായ ഈ മഹാവൃദ്ധനെ, സ്വന്തഗൃഹത്തിലെ അന്തർഗൃഹവിചാരിപ്പ് നിർവ്വഹിച്ച് ഉദ്യോഗവേതനം മുഴുവൻ വാങ്ങിക്കൊൾവാൻ മഹാരാജാവ് അനുവദിച്ചിരുന്നു എങ്കിലും, അന്നമനട എന്ന സ്ഥലത്ത് എഴുന്നള്ളിയിരുന്നപ്പോൾ അവിടെപ്പോലുംകൂടി എത്തി, ദിവസം മുപ്പത് ആവൃത്തിയെങ്കിലും ഇടറിക്കൂടീട്ടുള്ള കണ്ഠത്തിന്റെ വിദ്യാധരപ്രയോഗങ്ങൾകൊണ്ടോ ഉപദേശങ്ങൾ, ശ്രുപാർശകൾ, ലോകവാർത്താകഥനങ്ങൾ എന്നീ കൗശലങ്ങൾ മാർഗ്ഗേണയോ മഹാരാജാവിനെ അസഹ്യപ്പെടുത്തണമെന്നുള്ള സാരയായ വ്രതത്തെ നിഷ്കർഷമായി അനുഷ്ഠിച്ചുപോന്ന വൃദ്ധൻ അന്നത്തെ യുദ്ധരംഗത്തിലും മാധ്യസ്ഥാനത്തെ നിറവേറ്റുന്നതിനായി ഹാജരായിരുന്നു.

രാജനിയമങ്ങൾക്കും രാജ്യത്തിലെ ആചാരങ്ങൾക്കും രക്ഷാസ്തംഭം ആണെന്ന് നടിക്കുന്ന ഈ ലോകബന്ധു സ്ഫടികക്കണ്ണുകളെ തിളങ്ങിച്ചും മൂർദ്ധാവിലെ കഷണ്ടിക്ക് പുറ

കിലുള്ള മൂന്ന് മാർജ്ജാരരോമക്കുടമയെ വിറപ്പിച്ചും രാജസമ്മാനമായുള്ള വേത്രത്തെ നിലത്തുന്നി മോണകളെ പുറത്തുകാട്ടിച്ചിരിച്ചും പ്രയോഗിച്ച അനന്തരഗാനങ്ങളെയും മറ്റും കേട്ട് രസിപ്പാൻ ഇതരവിഷയങ്ങളാൽ ആകൃഷ്ടനായിരുന്ന ത്രിവിക്രമകുമാരന്റെ ചിത്തത്തിന് ആസക്തി തോന്നിയില്ല. എന്നാൽ, മാമന്റെ സഹായം തന്റെ ദൗത്യംവഹിക്കുന്നതിനും ഉണ്ണിത്താനെ വിഷമിപ്പിക്കുന്നതിനും ഉപയോഗപ്പെടുമെന്ന് വിചാരിച്ചു. നമ്മുടെ യുവാവ് ആ വൃദ്ധനെ മുഷിപ്പിക്കുവാൻ ഒരുങ്ങിയില്ല. മാമന്റെ സംഭാഷണത്തിന് ആ യുവാവ് ദത്തകർണ്ണനെന്ന് നടിച്ച് ചിരിച്ചും ചാഞ്ചാടിയും വൃദ്ധനെ സന്തുഷ്ടനാക്കി എങ്കിലും അയാൾ തന്റെ നേത്രങ്ങളെ പരിതഃസ്ഥിതികൾക്ക് സമാഹിതങ്ങളാക്കി പ്രവർത്തിപ്പിച്ചുകൊണ്ടിരുന്നു.

രാമവർമ്മമഹാരാജാവ് സ്വമന്ത്രിയുടെ ദർശനസഹായത്താൽ കണ്ഠീരവരായരുടെ പരമാർത്ഥങ്ങളെ ഗ്രഹിച്ചിരുന്നു. ആ മല്ലനും സംഘവും മഹാരാജാവിന്റെ അതിഥികളായി വരിക്കപ്പെട്ട കാലംമുതൽ സൂക്ഷ്മത്തിൽ ഒരുവക ബന്ധനത്തിൽ ആയിരുന്നു. ആ സംഘത്തെ പരിചരിപ്പാൻ നിയുക്തന്മാരായ പാചകൻമുതൽ വിറകുകീറിവരെയുള്ള പരിഷകൾ ദിവാൻജിയാൽ തിരഞ്ഞെടുക്കപ്പെട്ട യുദ്ധവിദഗ്ദ്ധന്മാർ ആയിരുന്നു. മഹാരാജാവും മന്ത്രിയും തമ്മിൽ മണ്ഡപത്തിൽ വച്ചുണ്ടായ സംഭാഷണത്തിന്റെ അവസാനം കണ്ഠീരവരായർ ജയിച്ചെങ്കിൽ സമ്മാനിക്കാൻ നിശ്ചയിച്ചിരുന്ന സാമാനങ്ങളെ അയാൾക്കുതന്നെ ദാനംചെയ്യ്, ഒരു പരീക്ഷകൂടി നിർവ്വഹിക്കണം എന്നായിരുന്നു. ഉറയ്ക്കുള്ളിലിട്ടിരുന്ന ഒരു പാരസീകഖഡ്ഗവും, ഒരു സാല്വയും ചില ഹസ്താഭരണങ്ങളും അടുത്ത് നീക്കിവച്ചുകൊണ്ട്, രായരെ വരുത്താൻ മന്ത്രിമുഖേന മഹാരാജാവ് കല്പനകൊടുത്തു. ആ മല്ലൻ അഴകൻപിള്ളയുടെ കൈയിൽനിന്ന് മുക്തനായപ്പോൾമുതൽ പൂർവ്വവൽ ഉന്മത്തശരീരൻ ആയിത്തീർന്നിരുന്നു. ദേഹത്തിലെ മണ്ണുതുടച്ചും ചില പേയങ്ങൾ സേവിച്ച് സ്വവീര്യത്തെ ബൃഹത്കരിച്ചും അനുചരസംഘത്തിനിടയിൽ ഇരുന്ന് കേവലം മൃഗശക്തിയോടേൽക്കാൻ താൻ സമ്മതിച്ചുപോയ മൗഢ്യത്തെക്കുറിച്ച് അയാൾ വ്യസനിക്കയായിരുന്നു. രാജദാസന്മാർ എത്തി, മഹാരാജാവ് തന്നെ കാണ്മാൻ ആഗ്രഹിക്കുന്നു എന്നു ധരിപ്പിച്ചപ്പോൾ "സന്നിധാൻ ഹേ? ഹാ!" എന്നു ഗർജ്ജനം ചെയ്തുകൊണ്ട് അയാൾ നടന്നു മണ്ഡപത്തിന്റെ അന്തഃപ്രദേശത്തുതന്നെ കടന്നു. മന്ത്രിയിൽനിന്ന് അല്പം അകലത്തായും നിരായുധനായും നിൽക്കുന്ന മഹാരാജാവിനെ പാർശ്വത്തിലിരിക്കുന്ന ഖഡ്ഗത്തോടൊന്നിച്ച് കണ്ടപ്പോൾ കണ്ഠീരവക്ഷേത്രവാസിയായ തക്ഷകൻ ഫണം വിടുർത്തി. മഹാരാജാവ് അതിപ്രശാന്തമായുള്ള സൗജന്യഗൗരവത്തോടെ രായരോട് ഇങ്ങനെ അർത്ഥമാകുന്ന ഹിന്ദുസ്ഥാനിയിൽ യാത്രാനുജ്ഞ അരുളി "ഇന്നത്തെ സംഭവംകൊണ്ട് രായർക്ക് ജാള്യം തോന്നണ്ട. തനിക്ക് കിടയായുള്ള മല്ലന്മാർ ഇവിടെ ഇല്ലെന്ന് സന്തോഷിച്ചുകൊണ്ട് പോവുക. സൗകര്യമുള്ളപ്പോൾ ഇനിയും വരിക, സൽക്കരിപ്പാൻ ഒരുക്കമുണ്ട്. ഇവിടത്തെ സ്ഥിതികളും സന്നാഹങ്ങളും കണ്ടറിഞ്ഞുവല്ലോ. എല്ലാം ടിപ്പുസുൽത്താനോട് ധരിപ്പിക്കുമ്പോൾ ഒരു വസ്തുതകൂടി ഉണർത്തിക്ക. അങ്ങോട്ട് പുറപ്പെടാനുള്ള പ്രായം നമുക്ക് അതിക്രമിച്ചുപോയി. ഇങ്ങോട്ട് വല്ലെടത്തും വരുന്നെങ്കിൽ ഇവിടംവരെ യാത്ര ചെയ്‌വാൻ ദയ ഉണ്ടായാൽ, വേണ്ടതെല്ലാം

പരസ്പരം പറഞ്ഞു് വഴിയാംവണ്ണം ഒതുക്കാം എന്നുകൂടി പറഞ്ഞേക്കണം. എന്തായാലും ഇങ്ങോട്ടുള്ള സൗഹാർദ്ദം ആ പ്രകാരത്തിലും, പരിമാണത്തിലുംതന്നെ അങ്ങോട്ടും ഉണ്ടെന്നും ശ്രീപത്മനാഭന്റെ കൃപാമഹിമയാൽ പ്രജകളും നാമും ക്ഷേമമായിത്തന്നെ കഴിയുന്നു എന്നും സമയംകണ്ടു് ഉണർത്തിക്കുക."

ഈ അരുളപ്പാടിലെ ഓരോ ഘട്ടവും കഴിയുന്തോറും രായരുടെ ഭ്രൂക്കൾ വക്രിച്ച് സന്ധിപ്പാനടുത്തു. ഫണാന്തം ഒരു ദംശനക്രിയയ്ക്കു തന്നെ വിപാടനം തുടങ്ങി. "ഈ വൃദ്ധന്റെ നിര്യാണം രാജ്യത്തെ അനാഥമാക്കും. മന്ത്രിയോ, ശത്രുക്കളാൽ ചുറ്റപ്പെട്ടവൻ, എന്നെപ്പോലെയുള്ള ചാരന്മാർ മറ്റു് വേണ്ടതു് സാധിക്കും. ടിപ്പുമഹാരാജാവിന്റെ ശക്തി ഇവിടെ സ്ഥാപിക്കാൻ ഇതുതന്നെ തക്കം. ഈ സ്ഥലത്തുള്ള സൈന്യത്തെ തടയുവാൻ ഒരു പ്രബലസംഘം തലസ്ഥാനത്തു് എത്തിയിട്ടുണ്ടു്. നിശ്ചയിക്കുന്ന കാര്യം നിറവേറ്റിക്കളയാം. ജയിച്ചാൽ ടിപ്പുമഹാരാജാവിന്റെ ശ്രമങ്ങൾ ലഘൂപ്പെടും. ഫലിക്കാഞ്ഞാൽ ശിക്ഷ കണ്ടുച്ഛേദമായിരിക്കും. അങ്ങനെയെങ്കിൽ കീർത്തി ശേഷിക്കട്ടെ. എന്റെ കുടുംബത്തെ ടിപ്പുരാജാധിരാജൻ യഥായോഗ്യം രക്ഷിക്കട്ടെ." രായരുടെ ഈ ചിന്തകൾക്കിടയിൽ അയാളുടെ നേർക്ക് ദത്തനേത്രനായിരുന്ന മാമൻ ത്രിവിക്രമകുമാരനെ ഭർത്സിച്ചും ശാസിച്ചും സമാശ്വസിപ്പിച്ചും നിൽക്ക ആയിരുന്നു. "അപ്പനേ! ശിന്ന വലിയുണ്ണീ! സാവിത്രിക്കുട്ടിയെ അല്ലാമൽ ആരെയാവതു് നീ പരിഗ്രഹിച്ചാക്കാൽ, പാർ ഒന്നെ-ഉപ്പേരി വറുത്തു് പോടുവൻ അല്ലാവടിക്കും, രാമുച്ചുട്ടും ദുഃഖരാഗം പാടി ഉന്നെ ളങ്കുതുറുക്കേ വിടമാട്ടേൻ" എന്നൊരു ഉഗ്രമായ ഭീഷണിവാക്കിൽ മാമൻ എത്തിയപ്പോൾ രാജപാർശ്വത്തിലിരുന്ന ഖഡ്ഗം കൈയിലാക്കാൻ രായർ മുന്നോട്ടു് കുതിച്ചു. "മഹാപാപി" എന്നു് ഇന്ദ്രപദത്തിൽ എത്തത്തക്കവണ്ണമുള്ള ഉച്ചസ്വരത്തിൽ നിലവിളിച്ചും കൊണ്ടു് വൃദ്ധവെങ്കിടൻ ത്രിവിക്രമകുമാരന്റെ കണ്ഠദേശം നോക്കി ഒരു തള്ളുകൊടുത്തു. ഈറ്റപ്പുലിയുടെ ഭയാനകതയോടെ വലിയ വട്ടക്കണ്ണുകൾ തുറിപ്പിച്ചും കുറുത്ത ദന്തനിരയെ പുറത്തുകാട്ടിച്ചീറിയും രായർ ഖഡ്ഗത്തെ കൈയിലാക്കി അതിന്റെ ഉറക്കെട്ടിനെ പൊട്ടിക്കുന്നതിനിടയിൽ ത്രീവിക്രമകുമാരൻ അയാളുടെ മുതുകിന്മേൽ നിപാതം ചെയ്തു് ആ നരസൂകരത്തെ മുറ്റത്തു് വീഴിച്ചു് മഹാരാജാവിനെ രക്ഷിപ്പാനായി മുമ്പോട്ടു് കുതിച്ചു. ദിവാൻജി സ്തബ്ധനായി നിന്നു. സേനാനായകന്മാരും ഭടജനങ്ങളും കാണികളും രായരെ ശകലമാക്കാൻ വട്ടംകൂട്ടി വളഞ്ഞു. രായരുടെ അനുചരന്മാർ ആയുധങ്ങൾ വീശി ഭടസംഘത്തിനിടയിൽ ചാടി. തന്റെ നേർക്കുണ്ടായ നിഗ്രഹോദ്യമത്തെ കണ്ടിട്ടും നിശ്ചലനായി നിന്ന മഹാരാജാവു് മുന്നോട്ടു് നീങ്ങി, ആരബ്ധമായിരിക്കുന്ന വൈദഗ്ധ്യപരീക്ഷണത്തെ ചില ഉഗ്രാജ്ഞകളാൽ ചൂണ്ടിക്കാട്ടി, സമരസാഹസങ്ങളെ നിരോധിച്ചു. കണ്ഠീരവനും ത്രിവിക്രമനും ബഹിർല്ലോകവ്യാപാരങ്ങൾക്ക് നിശ്ചൈതന്യന്മാരായി, എഴുന്നേറ്റു് പുറകോട്ടുവാങ്ങി കുനിഞ്ഞും ശ്വാസമടക്കിയും പരസ്പരം ദത്തനേത്രന്മാരായി അല്പനേരം നിന്നിട്ടു് ചില അടവുകൾ ചവുട്ടി സുയോധനഭീമന്മാരെപ്പോലെ വീണ്ടും മുന്നോട്ടടുക്കുന്നു. പൂട്ടു്, ഒഴിവു്, മറുപൂട്ടു്, പുനരൊഴിവു്, തൊഴി, മിതി, പ്രതിമിതി, ഇടി, തട എന്നിങ്ങനെ കഴിഞ്ഞു് അഭിന്നമെന്നപോലെയുള്ള ഒരു ബന്ധനിലയിൽ രണ്ടുപേരും ഏകശരീരമായി പിണയുന്നു. മാറിമാറി ഓരോ മല്ലന്റെയും തല പ്രതിയോഗിയുടെ കക്ഷത്തിനിടയിലാകുന്നു. കണ്ഠീ

രവന്റെ ശിരസ്സിനുമേൽ ത്രിവിക്രമകുമാരൻ പൊങ്ങുന്നു. കണ്ഠീരവൻ അടിയിലും ത്രിവിക്രമകുമാരൻ മുകളിലുമായി രണ്ടുപേരും നിലത്തു് വീഴുന്നു. കണ്ണിമച്ചു് തുറക്കുന്നതിനിടയിൽ കണ്ഠീരവൻ മുകളിലാകുന്നു. അടുത്തമാത്രയിൽ അയാളുടെ ലോഹകായം ആകാശത്തിലോട്ടു് പൊങ്ങുന്നു. ഉത്തരക്ഷണത്തിൽ, ത്രിവിക്രമകുമാരന്റെ മുതുകുവഴി അതു് എങ്ങനെയോ കീഴ്പ്പോട്ടിഴഞ്ഞു്, ഒന്നു വട്ടംകറങ്ങുന്നു. രണ്ടുപേരും മാറോടുമാറുചേർന്നു് പരിരംഭണം ചെയ്യുന്നു; കൈയോടു് കൈ പിണച്ചു് വട്ടം ചുറ്റുന്നു, മുതുകോടു് മുതുകുചേർന്നു് ചക്രഭ്രമണം ചെയ്തു കാണികളെ നടുങ്ങിക്കുന്നു. തല രണ്ടും കൈകൾ നാലും പിണഞ്ഞു്, നാലുകാലിന്മേൽ ചരിക്കുന്ന ഒരു ജന്തു കരണം കുത്തി വിഹരിക്കുന്നതുപോലെയുള്ള ഒരു മത്സരസാഹസം ദൃശ്യമാകുന്നു. പാദദ്വന്ദ്വങ്ങൾ മാറിമാറി മേല്പോട്ടു് കാണമാറാകുന്നു. ശരീരങ്ങൾ രണ്ടും വീണ്ടും പിരിഞ്ഞു് മപ്പുകൾ തകർത്തു് കാണികളുടെ ശ്രവണപുടങ്ങളെ ഭേദിക്കുന്നു. പൂർവപരീക്ഷകൾ ആവർത്തിച്ചു്, ശരീരങ്ങൾ പിന്നെയും പിണയുന്നു. ഇങ്ങനെ രണ്ടുമൂന്നു് കളം കഴിഞ്ഞപ്പോൾ രണ്ടു് ശരീരങ്ങളും മുൻപിലത്തെപ്പോലെ പരസ്പരം സംഘടിച്ചു് ഭൂമിയിൽ വീണു് പരിവർത്തനം തുടങ്ങുന്നു. രണ്ടുപേരുടെയും ഉത്തമാംഗദ്വാരങ്ങൾ മണ്ണുണ്ടുപോകുന്നതു് വിജയോത്കണ്ഠയാൽ വിവേകശൂന്യന്മാരായിരിക്കുന്ന പരിപന്ഥിദ്വന്ദ്വം ഗ്രഹിക്കുന്നില്ല. ഹാ! കഷ്ടം! രക്തകണങ്ങൾ യുദ്ധക്കളത്തെ ശോണമാക്കിത്തുടങ്ങുന്നു. മർമ്മവിദ്യാവിദഗ്ധനായിരുന്ന ത്രിവിക്രമകുമാരൻ ആ കൗശലം പ്രയോഗിക്കാതെ ധർമ്മസമരം ചെയ്യുന്ന വീര്യത്തെ അഭിനന്ദിച്ചു് മഹാരാജാവു് തലയാട്ടിപ്പോകുന്നു. കോപാരവങ്ങൾ രംഗത്തു് പൊങ്ങിത്തുടങ്ങുന്നു, രക്തസ്രവണം വർദ്ധിക്കുന്നു, മുഷ്ടിപ്രയോഗശബ്ദങ്ങൾ തെരുതെരെ മുഴങ്ങുന്നു, കാണികൾ വിഭ്രാന്തനേത്രന്മാരാകുന്നു. നിലം കുത്തിപ്പോയ രായരുടെ ഹസ്തങ്ങൾ കുട്ടിഭീമന്റെ കൈകളിൽ അമരുന്നുവോ? അതേ! അത്ര മാത്രമല്ല ആ യുവാവിന്റെ കൈമുട്ടുകൾ രായരുടെ വക്ഷസ്സിൽ നിർദ്ദയം താഴുകയും ചെയ്യുന്നു. കണ്ഠീരവൻ വെടിയുണ്ടയേറ്റ വ്യാഘ്രംപോലെ അലറുന്നു. ആ ആർത്തസ്വരം കേട്ടു് ദീനാനുകമ്പനായ ത്രിവിക്രമകുമാരൻ പ്രതിയോഗിയുടെ കൈകളെ വിടുന്നു, രായർ നിരുദ്ധപ്രഭാവനായി മലർന്നു കിടന്നുപോകുന്നു. വിജയിയായ യുവവിക്രമൻ എഴുന്നേറ്റു് നീങ്ങി മഹാരാജാവിന്റെ പാദങ്ങൾ നോക്കി തൊഴുതുനിൽക്കുന്നു. അടുത്തുള്ള 'നിത്യാന്നദാന' ശാലയിൽ മുഴങ്ങുന്ന ആരവം ശ്രീപത്മനാഭവൈകുണ്ഠത്തിലേക്കു് കാണികളുടെ ഹൃദയങ്ങളെ ആകർഷിക്കുന്നു. ആ നിശബ്ദസമിതി കാൺകവേ മഹാരാജാവു് കണ്ഠീരവരായർക്കായി ഉദ്ദേശിച്ച ഖഡ്ഗവീരശൃംഖലാദികളെ ത്രിവിക്രമകുമാരന്നു് സമ്മാനിച്ചു്, ആ യുവവിജയനെ അനുഗ്രഹിക്കുന്നു. മാമൻ മുന്നോട്ടു നീങ്ങി ആ ഹസ്താഭരണത്തെ വാങ്ങി കണ്ണിൽ ചേർത്തിട്ടു് "മറ്റതും ഓഹോ" എന്നു് ഒരു ആശീർവചനം ഉച്ചരിച്ചുപോകുന്നു. കണ്ഠീരവരായരും സംഘവും ദിവാൻജിയുടെ ആജ്ഞ അനുസരിച്ചു് കാരാഗൃഹത്തിലേക്കു് നീതന്മാരാവുകയും ചെയ്യുന്നു.

ത്രിവിക്രമകുമാരൻ മഹാരാജാവിന്റെ അഭിനന്ദനത്തിനു് പാത്രമായി, രാജസമ്മാനങ്ങളുടെ നിക്ഷിപ്തിയാൽ അയാളുടെ ഹസ്തതലം പ്രകാശമാനമായപ്പോൾ ജനസംഘത്തെ സ്വസന്നിഹിതികൊണ്ടു് മഹനീയമാക്കിനിന്നിരുന്ന കൊടന്തആശാന്നു് ആ സന്ധ്യവേള പിശാചതസ്കരാദികളുടെ സഞ്ചാരയാമമായുള്ള അർദ്ധരാത്രിയാണെന്നു് തോന്നിപ്പോയി.

മഹാരാജാവിനെയും പരിവാരങ്ങളെയും തുടർന്ന് ഭടജനങ്ങളും ജനതതിയും ആ രംഗത്തിൽനിന്ന് പിരിഞ്ഞിട്ടും തന്റെ ശരീരത്തേക്കാൾ വിപുലതരമായുള്ള ഹൃദയശലാക ആ നിലത്തെങ്ങാണ്ടോ അവഗാഹനം ചെയ്തുപോയതായി തോന്നി. ആ തിരസ്കൃതിക്ക് അനുകൂലിച്ച ഭൂവിലത്തെ ആരായുന്നവൻ എന്നപോലെ നിശായക്ഷിയുടെ പ്രവേശം ഉണ്ടായത് വിസ്മരിച്ച്, ആശാൻ ആ സ്ഥലത്ത് അമ്പരന്ന് നടന്നുപോയി. അന്നത്തെ രാജജീവരക്ഷാക്രിയകൊണ്ട് ത്രിവിക്രമകുമാരന്റെ വില അനർഘമായിത്തീർന്നിരിക്കുന്ന സ്ഥിതിക്ക് തന്നാൽ പ്രാർത്ഥിതമായുള്ള പരിഗ്രഹലബ്ധി വിദൂരമാകുന്നു എന്ന് ആശാന്റെ ബുദ്ധി ദർശിച്ചു. എന്നാൽ ആ യുവാവിനെ ജാമാതാവായി കിട്ടാൻ ഒരു മഹാമാരീചൻ മായാപ്രയോഗങ്ങളെ അനുവർത്തിക്കുന്നുണ്ടെന്ന് ആശാൻ ഗ്രഹിച്ചിരുന്നു. ആ ദുർമാന്ത്രികന്റെ ആഭിചാരങ്ങളെ മാമബ്രാഹ്മണൻ മുഖേനയോ മറ്റോ ത്രിവിക്രമകുമാരന്റെ അഭിലാഷം തിരുമുമ്പിൽ സമർപ്പിതമാകുന്നതിനുമുമ്പ് ഊർജ്ജിതപ്പെടുത്തി ആ യുവാവിനെ അപഹരിപ്പിച്ചാൽ സാവിത്രിയുടെ പരിണയരംഗം അത്രത്തോളം തനിക്ക് ഒഴിഞ്ഞുകിട്ടുമെന്നു ആ താർക്കികശിഷ്യൻ സമർത്ഥിച്ചു. ബബ്ലേശ്വരം രാജകുമാരന്റെ ശിശുപാലത്വത്തെ സ്വന്തം തന്ത്രപ്രയോഗത്താൽത്തന്നെ ഉച്ചാടനം ചെയ്തുകൊള്ളാമെന്നും അയാൾ ധൈര്യപ്പെട്ടു. ഇങ്ങനെയുള്ള നിശ്ചയങ്ങളാൽ ആശാന്റെ ശിരസ്സ് വഹിച്ചിരുന്ന ചിന്താഭാരം ലഘുവാക്കപ്പെട്ടപ്പോൾ ആ മതിമാന്റെ പാദങ്ങൾ ബുദ്ധിപൂർവ്വതയാലുള്ള അനുശാസനത്തെ നിർവഹിപ്പാൻ ദ്രുതപ്രവർത്തനം തുടങ്ങി.

തിരുവിതാംകൂർ രാജ്യത്തിന്റെ ഭൂമിശാസ്ത്രജ്ഞന്മാർ ആ രാജ്യം സഹ്യാദ്രിയുടെ അധിത്യകമുതൽ പശ്ചിമസമുദ്രപരിധിവരെ ഹരിതച്ഛവി കലർന്നുള്ള ഉന്നതപ്രദേശങ്ങളാലും, കൃഷിക്കുപയുക്തങ്ങളായ ഉപത്യകകളാലും അനുക്രമത്തിൽ സങ്കീർണ്ണമായ ഒരു മനോഹരോദ്യാനമാണെന്ന് വർണ്ണിച്ചിട്ടുണ്ട്. ഈ കഥാകാലത്ത് വഞ്ചിയൂർ പാടത്തിന്റെ പൂർവോത്തരഭാഗങ്ങളായ ചെറുകുന്നുകൾ തലസ്ഥാനത്തിന്റെ പ്രാന്തപ്രദേശമായിരുന്നുവെങ്കിലും അകാലമൃതന്മാരുടെ ശവകുടീരങ്ങൾ നിറഞ്ഞുള്ള ഒരു ദുർഭൂമിയായിരുന്നു. പാടത്തിന്റെ പടിഞ്ഞാറെക്കരയിൽ നഗരത്തിലെ പല ഭൂസ്വത്തുക്കളുടെയും, ഉടമസ്ഥനായ ഒരു തെക്കൻ പ്രഭു ഭവനം സ്ഥാപിച്ച് പാർത്തിരുന്നതിനാൽ അദ്ദേഹത്തിന്റെ ആശ്രിതന്മാരായ ചില ചെട്ടികളും ചാന്നാന്മാരും ഈ കാട്ടിന്റെ ഓരോ അതിരുകളിൽ കുടിലുകൾ കെട്ടി വസിച്ചിരുന്നു. ഇക്കാലത്ത് രാജസ്വമായുള്ള വാസമന്ദിരങ്ങളിലും കാര്യനിലയനങ്ങളിലും വച്ച് പ്രഥമഗണനീയമായി വിലസുന്ന പുത്തൻകച്ചേരി എന്ന ഗംഭീരഹർമ്മ്യം നിലകൊള്ളുന്നത് ഈ വനത്തിന്റെ കിഴക്കെ ഖണ്ഡത്തിലാണ്. കാട്ടുമാർജ്ജാരന്മാരും പുഷ്ടശരീരികളായ ജംബുകങ്ങളുട്ടവും അധിവസിച്ചിരുന്ന ഈ പ്രദേശത്തെ ആപത്കേന്ദ്രങ്ങളായ ചില കാട്ടുവഴികളും തലസ്ഥാനത്തെ പീഡിപ്പിച്ചുവരുന്ന കള്ളന്മാർക്കും മാത്രം പരിചിതങ്ങളായിരുന്ന ചില ഊടുവഴികളും വിലങ്ങിയിരുന്നു. ഈ വനത്തിന്റെ വിസ്താരം കൂടിയ മദ്ധ്യഭാഗം, ആക്രമിക്കാൻ ആഗ്രഹിക്കുന്നവരെ ദണ്ഡിപ്പിക്കുമാറുള്ള വിധത്തിൽ കൂർത്തുമൂർത്തുള്ള ശരങ്ങളും വഹിച്ച് തഴച്ചുനില്ക്കുന്ന പുരമ്പ്, ഈന്ത മുതലായ മുൾച്ചെടികളാൽ രക്ഷിക്കപ്പെട്ടിരുന്നതിനാൽ, അവിടം സാമാന്യജനങ്ങൾക്ക് ദുഷ്പ്രാപമായിരുന്നു. ദ്രോഹകാരികളായ ഈ

ചെറുതരുക്കൂട്ടങ്ങളുടെ നിബിഡതകൊണ്ടുള്ള അരമ്യതയെ നീക്കാനെന്നപോലെ വനമദ്ധ്യത്തിൽ അവിടവിടെയായി ഉന്നതവൃക്ഷങ്ങളുടെ സംയോജനത്താൽ നിർമ്മിതങ്ങളായിട്ടുള്ള കാവുകളും കാണ്മാനുണ്ട്. സ്ത്രീപുരുഷവർഗങ്ങളിൽ രണ്ടിലുമുള്ള ദേവതമാരുടെ താണ്ഡവമണ്ഡപങ്ങളായി ആ വൃക്ഷകദംബങ്ങൾ ഗണിക്കപ്പെട്ടുവന്നതിനാലും ആ വനപ്രദേശം പൗരജനങ്ങളാൽ വർജ്ജിക്കപ്പെട്ടുവന്നു. ശവശരീരങ്ങളുടെ ഭക്ഷകന്മാരായ കാട്ടുനായ്ക്കളുടെ വിശന്നുള്ള മോങ്ങലുകൾ പരിസരദേശവാസികളെ സാമാന്യേന പൈശാചാരവങ്ങളായി ഭയപ്പെടുത്തിവന്നു. ഗൃഹകുശലങ്ങൾ പരസ്പരം ആരായുവാൻ എന്നപോലെ കാവുകളിൽനിന്ന് അങ്ങോട്ടും ഇങ്ങോട്ടും നിശാകാലങ്ങളിൽ പറന്ന് ക്ഷീണിച്ച മൂങ്ങക്കൂട്ടങ്ങൾ യുദ്ധകാലത്തുണ്ടാകാവുന്ന ബഹുമരണങ്ങളുടെ സൂചകമായി പ്രലപനം ചെയ്യുന്നതും ആ സ്ഥലത്തെ സമീപവാസികളെക്കൊണ്ട് വിദ്വേഷിപ്പിച്ചുവന്നു.

നമ്മുടെ കൊച്ചാശാൻ രാജമന്ദിരത്തോട്ടത്തിൽനിന്ന് യാത്ര ആരംഭിച്ചത് ഇങ്ങനെ ദുഷ്കർമ്മത്തിന് അനുകൂലമായുള്ള ഒരു ഭയങ്കരരംഗത്തിലേക്കായിരുന്നു. താൻ തിരുവനന്തപുരത്തെ സ്ത്രീലോകത്തിന് ഒരു 'ചിന്താമണി' ആണെന്നുള്ള ആശാന്റെ ഗർവം അയാളുടെ ഗുണസഞ്ചയത്തോട് ഉപാന്തവാസം തുടങ്ങിയിരുന്നു. അതിനാൽ രാത്രികാലങ്ങളിൽ സാവകാശം കിട്ടുന്ന സമയമെല്ലാം തിരുവനന്തപുരത്തെ 'ഏഴരണ്ടു ലോക'സ്ഥിതികളും ആരായുവാൻ ആ അബലാരങ്കവിദൂഷകൻ വിനിയോഗിച്ചുവന്നു. ഇങ്ങനെയുള്ള ഒരു സഞ്ചാരത്തിനിടയിൽ നഗരത്തിന്റെ വടക്കെ അറുതിയിൽ എത്തിയ ആശാൻ ഒരു ഊടുവഴിക്കുള്ളിൽ കടുങ്ങി. വ്യവസായാനുവർത്തനം സ്വീകരിച്ചത് മുതൽ ക്ഷാത്രവീര്യശ്രീയാൽ നിരാകൃതമായ ഒരു കുടുംബത്തിൽ ഉൾപ്പെട്ട ആ നായർ രണ്ട് കാട്ടാളസ്വരൂപികളുടെ കൈകളാൽ ഗ്രസ്തനായി. ഗുരുനാഥന്റെ വകയും രസികസഞ്ചാരത്തിലേക്ക് അപഹരിക്കപ്പെട്ടതുമായ ഉത്തരീയം കന്ദുകരൂപത്തിൽ ആശാന്റെ വക്ത്രക്കുഴലിനകത്ത് നിറയാക്കപ്പെട്ടത് അയാളുടെ നിലവിളികളെ പ്രതിബന്ധിച്ചു. ബോധവിഹീനമായ ആശാന്റെ ജഡം ഒരു ചെറുഖണ്ഡവത്തെയും, പിന്നെയും ചില വനചരന്മാരെയും ഒരു കിരാതരാജന്റെ ഛായയെയും തിമിരനിബിഡതയ്ക്കിടയിൽ കണ്ടു. അന്തകസമക്ഷം ഹാജരാക്കപ്പെട്ട ജീവിതകാലദുഷ്കൃത്യങ്ങളെ വിളിച്ച് ചൊല്ലും പോലെ ആ രാത്രിയിലെ സന്ദർശനത്തിനിടയിൽ എന്തെന്തു പരമാർത്ഥങ്ങൾ ഛർദ്ദിച്ചുപോയി എന്ന് ആശാനുതന്നെ അപ്പോൾ രൂപമുണ്ടായില്ല. താൻ കണ്ട രഹസ്യസ്ഥിതികളെ ഗോപനംചെയ്തു കൊള്ളാമെന്നും അപ്പോഴപ്പോൾ അറിയുന്ന വിശേഷവൃത്താന്തങ്ങളെ അന്നന്ന് ധരിപ്പിച്ചു കൊള്ളാമെന്നും ഉള്ള പ്രതിജ്ഞകളും അതിലേക്കുള്ള പ്രതിഗ്രഹദാനവും കഴിഞ്ഞപ്പോൾ മുതൽ ആശാൻ രാജാധികാരാംഗങ്ങളെയും രാജ്യസ്ഥിതികളെയും വലയം ചെയ്യുന്ന വിപത്തുകളെയും, ചില ഗൃഹരഹസ്യങ്ങളെയും ഗ്രഹിച്ചു. ഈ ഗൂഢസംഘത്തിലെ ചാരസ്ഥാനം കിട്ടിയപ്പോൾ മീനാക്ഷിഅമ്മയോട് സമാനഭാവം നടിപ്പാനും സാവിത്രിയുടെ പരിഗ്രഹണം അസാദ്ധ്യകർമ്മമല്ലെന്നു വിചാരിപ്പാനും ഉള്ള പ്രാധാന്യം ആശാന് കൈവശപ്പെട്ടു.

മഹാരാജാവ് തിരുവനന്തപുരത്ത് എഴുന്നള്ളിയ ദിവസം സ്വഗുരുനാഥനിൽ നിന്ന് "പെരിഞ്ചക്കോടൻ ആരാടാ?" എന്ന ചോദ്യം ഉണ്ടായതുമുതൽ ആശാൻ ആ സ്ഥലത്തേക്കുള്ള യാത്രയെ നിറുത്തിവച്ചിരുന്നു. എങ്കിലും ത്രിവിക്രമകുമാരന്റെ ഭാഗ്യം അയാളുടെ

അസൂയാമർമ്മത്തെ തപിപ്പിക്കുകയാൽ കണ്ഠീരവരായരെ ബന്ധനത്തിലാക്കിയിരിക്കുന്ന വൃത്താന്തം കാട്ടാളനായകനെ ഉടനെ ധരിപ്പിക്കേണ്ടതു് തന്റെ പ്രതിജ്ഞയാൽ നിർബ്ബന്ധിതമായുള്ള ഒരു കൃത്യമെന്ന ഭാവത്തിൽ അയാൾ വനപ്രദേശത്തിലേക്ക് ദ്രുതഗതിയിൽ നടന്നു. ഉടനെ കനകവും അനന്തരം കാമിനിയും കിട്ടാനുള്ള വഴികൾ തെളിഞ്ഞുകണ്ടു്, എങ്കിലും ആ ദുർഭൂമിയുടെ സമീപത്തു് എത്തിയപ്പോൾ ആശാന്റെ ഹൃദയം ചലിച്ചുതുടങ്ങി. കാളിയശംഖാദികളായ നാഗരാജാക്കന്മാരുടെ ഫണസമുച്ചയങ്ങൾപോലെ ഓരോ സ്ഥലങ്ങളിൽനിന്നും ധൂമം പൊങ്ങുന്നതു് വലുതായ ജനസംഘങ്ങളെ ഊട്ടാനുള്ള പാചകകർമ്മത്തെ ലക്ഷീകരിക്കുന്നു എന്നു് ആശാന്ന് ബോദ്ധ്യമായി. രാജാധികാരത്തിന്റെയും വിശേഷിച്ചു് ദിവാൻജിയുടെയും നേർക്കു് സംജാതമാകാൻ പോകുന്ന ഒരു ദ്രോഹകർമ്മത്തിന്റെ സൂതികാഗൃഹം ആണു് ആ വനപ്രദേശമെന്നു് ആശാൻ ഗ്രഹിച്ചിരുന്നു. ആ പ്രസവത്തിന്റെ ഫലമായി ബഹുശതം നൂറ്റുപേർ ആ സ്ഥലത്തു് സഞ്ചരിച്ചിരിക്കുന്നു എന്നു് ഊഹിച്ചിട്ടു് ആശാന്റെ ഉള്ളം ഒന്നു കിടുങ്ങി. അവിടത്തെ ജന്തുസഞ്ചയങ്ങൾ ജീവഭയത്താൽ പ്രവാസമനുഷ്ഠിച്ചിരിക്കുന്നു. ഏതു ധീരകേസരികളുടെയും ഞരമ്പുകളെ കിടുക്കുന്നതായ ഒരു നിശബ്ദത ആ സ്ഥലത്തിന്റെ ഭയാനകതയെ പ്രവൃദ്ധമാക്കുന്നു. ആ കുദുർഗ്ഗത്തിൽ സമാരാധിക്കപ്പെടുന്ന സംഹാരകാളിയുടെ ദർശനത്തെ പ്രതിബന്ധിപ്പാനെന്നപോലെ ആകാശതരണം ചെയ്യുന്ന ദക്ഷപുത്രികളും സഖീജനങ്ങളും മേഘയവനികയാലുള്ള തിരോഹിതിയെ അവലംബിച്ചിരിക്കുന്നു. അഗ്നികുണ്ഡപ്രവേശത്തിനെന്നപോലെ ശ്വാസംപിടിച്ചുകൊണ്ടു് ആശാൻ ആദ്യത്തെ ചുവടിളക്കി കുറ്റിക്കാട്ടിലോട്ടു് വെച്ചപ്പോൾ അക്ഷരവിലോപംകൊണ്ടു് വ്യക്തമാകാത്ത ഒരു ശബ്ദം ആശാന്റെ കർണ്ണത്തിൽ സംഘട്ടനം ചെയ്തു. സംഘനിയമങ്ങൾ ഹൃദിസ്ഥമാക്കിയിരുന്ന ആശാന്റെ ശിരഃപ്രദേശം സംഭ്രമക്ഷീണത്താൽ തൽക്കാലം അനുഷ്ഠേയമായിട്ടുള്ള കൃത്യത്തെ വിസ്മരിച്ചു് ഒരു തോക്കിന്റെ കാഞ്ചി പുറകോട്ടു് വലിക്കപ്പെടുന്ന ശബ്ദം മുൾച്ചെടികൾക്കിടയിൽനിന്നു് പുറപ്പെട്ടതു് ആശാന്റെ സജ്വരമായ കർണ്ണത്തിൽ പതിയുകയാൽ പ്രാണഭീതിയായ വിദ്യുത്പ്രതാപം അയാളെ സ്ഥിരബോധവാനാക്കി, 'പള്ളികൊണ്ടാൻ' എന്നൊരു അടയാളവാക്യത്തെ അയാളെക്കൊണ്ടു് ആക്രോശിപ്പിച്ചു. 'പൊങ്കാണോം' എന്നു് നാഞ്ചിനാടൻ ധ്വനിയിലും അവിടത്തെ ഭാഷാരീതിയോടടുത്തും ഉള്ള ഒരു ഉഗ്രാജ്ഞ അയാളെ പൊയ്ക്കൊള്ളുന്നതിന്ന് അനുവദിക്കുകയാൽ ആശാൻ മുന്നോട്ടു് നടന്നു് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ചിലടത്തു് 'യാരെമ്പരാ?' എന്നു് രൂപാന്തരപ്പെട്ടു് കേട്ടും, അതിനെല്ലാം ഉത്തരമായി മുമ്പിൽ പ്രയോഗിച്ച പദത്തെ തൊണ്ട ഇടറി ഉച്ചരിച്ചും നടന്നു്, അയാൾ വനമദ്ധ്യത്തിലെ ഒരു തരുക്കൂട്ടത്തിന്റെ മുമ്പിൽ എത്തിയപ്പോൾ ചില മഹിഷകായന്മാർ അയാളെ പിടികൂടി ദ്രോഹകരമായുള്ള സാധനങ്ങളൊന്നും വഹിക്കുന്നില്ലെന്നു് നിശ്ചയപ്പെടുത്താൻ ഒരു ദേഹപരിശോധന കഴിച്ചു. ഒരു കിങ്കരൻ ആ കൂട്ടത്തിൽ നിന്നു് പിരിഞ്ഞു് സംഘനായകന്റെ നിലയനമുറപ്പിച്ചിരുന്ന ചൂതവനത്തിലേക്ക് നടകൊണ്ടു.

പരിശോധനാനന്തരം ദ്വാസ്ഥസംഘത്താൽ സൗഹാർദ്ദത്തോടെ ഉപചരിക്കപ്പെട്ടു് തുടങ്ങിയിരിക്കുന്ന ആശാൻ, ആ വനതലത്തിലെ ഓരോ ചെടിയും ആയുധപാണിയായ

ഓരോ രാക്ഷസന്റെ സാന്നിദ്ധ്യത്തെ ഗോപനം ചെയ്യുന്നു എന്ന് വിശ്വസിക്കുകയാൽ രാജശക്തിയും മന്ത്രശക്തിയും തന്റെ പ്രസാദദീക്ഷകന്മാരായി വർത്തിക്കുന്നു എന്ന് ഒരു സ്വപ്നം ദർശിച്ച് പ്രമോദിച്ചു. സംഘത്തിൽനിന്ന് പിരിഞ്ഞ കിങ്കരൻ ക്ഷണംകൊണ്ട് മടങ്ങിയെത്തി പ്രമാണിയുടെ മുമ്പിൽ പ്രവേശിച്ചുകൊള്ളുവാൻ ആ ലോകവാർത്ത വാഹകന് അനുമതികൊടുത്തു.

കൊടന്ത ആശാൻ കലദൈവങ്ങളെ എല്ലാം പ്രാർത്ഥിച്ചുകൊണ്ട് നീങ്ങി. മരക്കൂട്ടത്തിനിടയിൽ നിന്നിരുന്ന ഒരു ഓലപ്പുരയ്ക്കകത്തു കടന്നു. ഏകദീപമെങ്കിലും കൊണ്ട് പ്രശോഭിപ്പിക്കപ്പെട്ടിട്ടില്ലാത്ത ആ മുറിയിലെ കൂരിരുട്ടിൽ എത്തിയപ്പോൾ ആശാന്റെ ശരീരം ഒന്നുകൂടി ശുഷ്കിച്ച് ഹ്രസ്വവുമായി. ആ പുരയ്ക്കകത്ത് ജലശൂന്യമായ ഒരു പൂർവ്വയുഗകൂപം സർപ്പങ്ങളുടെ പ്രത്യേക ആവാസമായി ഉണ്ടെന്നുള്ള വസ്തുത അറിഞ്ഞിരുന്ന ആശാൻ നിലംമുട്ടിത്താണും വിറച്ച് തുള്ളിക്കൊണ്ടും ആ ഗർഭഗൃഹവാസിയായ അന്ധകാരമൂർത്തിയുടെ വെളിപാട് പ്രതീക്ഷിച്ച് നിന്നു. കാളിദാസനും മഹാമാന്ത്രികനും എന്തോ ദുർദ്ദേവതാസ്വാധീനത്താൽ ജ്യൗതിഷിയും ദക്ഷിണദിക്കിലെ ഒരു തസ്കരസംഘത്തിലെ തുംബീരനും ആയുള്ള ഒരു ചണ്ഡാലന്റെ ആശരസാന്നിദ്ധ്യം ആ മഹാന്ധകാരത്തിനിടയിൽ ഉണ്ടെന്നറിഞ്ഞിരുന്ന ആശാന്റെ നാവ് ഈ ധ്യാനസ്ഥിതിയിൽ വരണ്ട് ശൂന്യശബ്ദവുമായി. പരദ്രോഹവും പരവഞ്ചനയും എന്നുള്ള അഘതാമിസ്രതകൾ ആ സ്ഥലത്തെ വായുവിൽ പ്രസരിച്ച് ആശാന്റെ ശ്വാസനാളത്തിൽ ഒരു സ്വരസാദവും ഉത്പാദിപ്പിച്ചു. താൻ സന്നിഹിതനായിരിക്കുന്ന ഗൂഢസമിതിയിലെ നായകനായ ആ ക്ഷേത്രമൂർത്തി ആശാനെ ബന്ധുവാക്കി വരിച്ചിട്ടുണ്ടെങ്കിലും ആ മൂർത്തിയുടെ പ്രത്യക്ഷദർശനം ആശാന് ഇതുവരെ സംപ്രാപ്തമായിട്ടില്ല. മൃതിസാമീപ്യത്തിൽ എന്നപോലെ പ്രാണൻ ത്രസിച്ച് ആശാൻ നില്ക്കുന്നതിനിടയിൽ ചില ആയുധങ്ങൾ നീക്കിവയ്ക്കുന്നതിന്റെ ശബ്ദം അതിനകത്തുള്ള പുരുഷൻ സുരക്ഷിതൻ ആണെന്ന് ആശാന് അറിവുകൊടുത്തു. അത്യഗാധമായ ആ കിണറ്റിൽനിന്ന് പൊങ്ങുന്നതുപോലെ ഒരു ചോദ്യവും തന്റെ പുരോഭാഗത്തിൽനിന്ന് പുറപ്പെട്ടു: "ഏപ്പാ! എന്ന പുതുവാർത്തൈ?" ആശാൻ വഹിച്ചുകൊണ്ടുവന്നിരുന്ന വൃത്താന്തത്തെ പണിപ്പെട്ട് ധരിപ്പിച്ചു.

ചണ്ഡാലൻ: "രായർ തമ്പുരാക്കളെ തീട്ടിപ്പോടുവാരാ? ഏമക്കൈവായ് പീര? (രായരെ കൊന്നുകളയുമോ ദണ്ഡിക്കുമോ?) തെരിയപ്പണിയാ? തുളുത്താൻ പടൈ എവ്വഴി വാറാർ?" എന്ന് ശിലകൾ തമ്മിലുരുമ്മുന്ന ശബ്ദത്തിൽ പുറപ്പെട്ട ചോദ്യത്തിനും ആശാൻ മിണ്ടാതെ നിന്നു.

ചണ്ഡാലൻ: "പിറകാൽ എന്ന കോൾ തമ്പിരാ?" (വേറെ എന്ത് കൗശലങ്ങൾ ആലോചിക്കപ്പെടുന്നു?)

തന്റെ ഗുരുനാഥൻ പെരിഞ്ചക്കോട്ട് എന്ന ഭവനം ഏതെന്നു ചോദിച്ചുവെന്നും അദ്ദേഹവും ദിവാൻജിയും തമ്മിൽ ആന്തരാൽ ശത്രുക്കൾതന്നെ എന്നും അദ്ദേഹത്തിന്റെ പുത്രിയെ ത്രിവിക്രമകുമാരന് കൊടുക്കയില്ലെന്ന് ശപഥം ചെയ്തിരിക്കുന്നു എന്നും ആശാൻ ധൈ

ര്യം സജ്ജീകരിച്ചു ധരിപ്പിച്ചു. തന്റെ കൈയിൽ ഒരു ചെറിയ പണപ്പൊതി ചേർക്കപ്പെട്ടതും താൻ ഒരു യന്ത്രദണ്ഡത്താൽ നിഷ്ക്രാന്തനാക്കപ്പെട്ടതും മാത്രം അടുത്ത സംഭവങ്ങളായി ആശാൻ അറിഞ്ഞു. അന്നത്തെ കൂടിക്കാഴ്ചയും ആദായപ്രദായകമായി കഴിഞ്ഞതിലുള്ള സന്തോഷത്തോടെ ആശാൻ കാട്ടിൽനിന്ന് ഭവനനിരകൾ നില്ക്കുന്ന പ്രദേശത്ത് എത്തുന്നതുവരെ പറക്കുകതന്നെ ചെയ്തു. ആശാന്റെ നിർഗ്ഗമനം ഉണ്ടായതിനെത്തുടർന്ന് ശുഭ്രവസ്ത്രധാരിയായ ഒരു അതികായൻ ദണ്ഡപാണിയായി ഒന്നുരണ്ടു് അനുചരന്മാരോടൊന്നിച്ച് അതിവേഗത്തിൽ മാണിക്കഗൗണ്ഡന്റെ വ്യാപാരശാലയിലേക്ക് യാത്രയായി.

6

"അദ്യാതിവീരന്മാർകളിലാദ്യനായ് വാണീടുന്ന
വിദ്യുജ്ജിഹ്വനെയിങ്ങു വരുത്തുക വിഭീഷണം."

പ്രണയമകരന്ദം ദൈനന്ദിന ഭക്ഷ്യമായിപ്പരിചയിക്കുന്ന ദേഹികൾ അതിന്റെ ദൗർലഭ്യത്തിൽ ഉദരക്ഷുത്തിന്റെ പരിണാമമായുള്ള ചരമശാന്തിയെത്തന്നെ ഭുജിച്ച്, നിർവൃതി നേടേണ്ട സ്ഥിതിയിൽ എത്തിപ്പോകുന്നു. ഭിക്ഷാപാത്രങ്ങളുടെയോ യമികമണ്ഡലുകളുടെയോ പ്രയോഗത്താലും സുലഭമാകാത്തതായ ഈ ബ്രഹ്മാമൃതം സ്വതസ്സ്വീകൃതമായ കുസുമകർണ്ണികയിൽനിന്നുതന്നെ സമുല്പന്നമാകേണ്ടതുമാണ്. ഈ തത്ത്വങ്ങളുടെ യാഥാർത്ഥ്യത്താൽ, സ്വഭർത്താവിന്റെ കമനസ്വരൂപത്തെ ഒരു രൗദ്രവിഷ്കംഭത്തിലെ വിശ്വഹർത്താവേഷം ധരിച്ചുള്ള പ്രചണ്ഡനടനത്തിൽ കണ്ടതുമുതൽ അനിവാര്യമെന്ന് തോന്നിയതായ പരിണാമം പ്രതീക്ഷിച്ച് മീനാക്ഷിഅമ്മ ദർഭശയ്യയെ അവലംബിച്ചു. സാവിത്രിയും സ്വകുടുംബധർമ്മത്തിന് ചേരുന്നതായ ഗൃഹ്യണീത്വത്തോടെ ഭ്രസംഗാനുരക്തിയെ ഖണ്ഡിച്ച് ഏകാകിനീത്വം ആചരിച്ചു. എന്നാൽ മല്ലയുദ്ധം കഴിഞ്ഞ ദിനാരംഭത്തിൽ മീനാക്ഷിഅമ്മയുടെ തീവ്രമായ നിർവ്വാണധ്യാനത്തെ കൊടന്തയാശാനായ മഞ്ജുവചനന്റെ പ്രവേശം ഭഞ്ജിച്ചു. രാജധാനിയിലെ പൗരജനങ്ങളും അവിടെ എത്തിയിരിക്കുന്ന ഭടസംഘങ്ങളും ആധിവിവശന്മാരായി ചരിക്കുകയും വേഷപ്രച്ഛന്നനായി അന്നെത്തെ സൂര്യൻ ദുശ്ശകുനകാരിണിയായ വിധവയെപ്പോലെ ശുഭ്രവസ്ത്രത്താൽ ആച്ഛാദിതമായ ശിരസ്സോടെ ഉദിക്കുകയും ചെയ്യുന്നുവെങ്കിലും ലോകഭാസനക്രിയയെ ആശാന്റെ മുഖഭാസ്കരത്വം യഥാക്രമം നിർവ്വഹിക്കുന്നു. ആ മഹതിക്ക് അഭിരുചി ജനിപ്പിക്കാത്തതായ മല്ലയുദ്ധച്ചടങ്ങുകളെ ആശാൻ വാഗ്ധാടിയോടെ വർണ്ണിച്ചു. അഴകൻപിള്ളയുടെയും കണ്ണീരവരായരുടെയും രാഗവർണ്ണന കഴിഞ്ഞു്, രണ്ടാമത്തെ വൈദഗ്ധ്യപരീക്ഷണത്തെക്കുറിച്ച് കഥനം ആരംഭിച്ചപ്പോൾ ആശാന്റെ ധർമ്മപുടത്തിൽ ഉദിച്ചതായ ഒരു ദർശനത്തിന്റെ പ്രക്ഷേപണം ഉണ്ടായി. "എന്റെ കുഞ്ഞമ്മേ! ധർമ്മയുദ്ധത്തിൽ ചിലതെല്ലാം പ്രയോഗിച്ചുകൂടാ. കുട്ടൻപിള്ള

രായരെ തോല്പിച്ചത് ശരിതന്നെ. മർമ്മവിദ്യകൊണ്ടാണ് ജയിച്ചത്. രായർ മലർന്ന് വാപിളർന്നുപോയി. അവിടെ നിന്നവർ കരഞ്ഞു. ഞങ്ങൾ വലിയാന്മാരായിരുന്നപ്പോൾ ഉള്ള ഗ്രന്ഥങ്ങൾ ഇന്നും വീട്ടിലെ തട്ടിൻപുറത്തുണ്ട്. അതിൽ പറയുന്ന് ഇങ്ങനെയുള്ള ക്രിയ ചതിവാണെന്ന്. രായർ തിരുമേനിയെ കൊല്ലാനും മറ്റും തുടങ്ങിയില്ല. തൃക്കൈകൊണ്ട് വാളെടുക്കുന്ന ശ്രമം ചെയ്യണ്ടായെന്ന് വിചാരിച്ച് അയാൾ മുന്നോട്ട് നീങ്ങി തിരുമേനിയെ സഹായിച്ചു. അല്ലാണ്ട് ആ ആൾക്കൂട്ടത്തിനിടയിൽ ആരെങ്കിലും തന്നത്താൻ ചാവാനുള്ള വഴി തുടങ്ങുമോ? ആകപ്പാടെ 'നായർ' എന്ന പേരുതന്നെ പരദേശികളുടെ ഇടയിൽ നാറ്റിക്കളഞ്ഞു."

ത്രിവിക്രമകുമാരന്റെ സ്വഭാവഗുണങ്ങളെ ബാല്യം മുതൽ അറിഞ്ഞിരുന്ന മീനാക്ഷിഅമ്മ, ആശാന്റെ കഥനത്തിൽ ഒരു വാക്കുപോലും വിശ്വസിച്ചില്ല. അനിരോധിതൻ എന്നുകണ്ട് അധർമ്മക്രിയകളെ ത്രിവിക്രമകുമാരനിൽ ചുമത്തി സമുദായത്തിനുതന്നെയും ആ യുവാവുമൂലം മാനഹാനി വന്നിരിക്കുന്നു എന്നുകൂടിക്കൊണ്ട് കൊള്ളിക്കുവാൻ ആശാൻ മുതിർന്നപ്പോൾ മീനാക്ഷിഅമ്മ തന്റെ മൗനവ്രതത്തെ, ബന്ധുജനങ്ങളെപ്പറ്റിയുള്ള അഭിമാനം നിമിത്തം തല്ക്കാലത്തേക്ക് ലംഘിച്ചു "നിൽക്കണേ കുറച്ച്, ഇതെല്ലാം ആരോട് പറയുന്നു? എന്റെ മടിയിൽ വളർന്നിട്ടുള്ളവനാണ് ത്രിവിക്രമൻ. ശാസിച്ച് വളർത്തിയത് പടത്തലവനമ്മാവനുമാണ്. അച്ഛന്റെ ധർമ്മതല്പരത അറിഞ്ഞട്ടില്ലാത്തവർ ഈ സ്ഥലങ്ങളിൽ ചുരുക്കമെല്ലയോ? ചെമ്പകശ്ശേരിക്കാരുടെ അവസ്ഥ എന്തെന്ന് കൊടന്ത വിചാരിക്കുന്നു? മിണ്ടണ്ടാ; എനിക്കൊന്നും കേൾക്കണ്ടാ. ദ്രോഹം പറഞ്ഞാൽ ശിക്ഷ ദൈവത്തിൽനിന്നും കിട്ടും. ആശാൻ എന്ത് കാരണത്താലോ മുമ്പിലത്തെ നില മാറി ഇപ്പോൾ കുറച്ച് തന്റേടം കാണിക്കുന്നു. എന്നെ ഉപദ്രവിക്കാൻ ഇങ്ങോട്ട് കടക്കരുത്."

കാണ്ടാമൃഗചർമ്മക്കാരനായ ആശാൻ ഇങ്ങനെ അപഹസിക്കപ്പെട്ടിട്ടും അമ്പ് കൊണ്ട സൂകരത്തെപ്പോലെ വിജൃംഭിതവീര്യനായി. എന്നാൽ മുന്നോട്ട് പായുന്നത് ബുദ്ധിപൂർവ്വതയല്ലെന്ന് പൂർവ്വാനുഭവങ്ങൾകൊണ്ട് അറിഞ്ഞിരുന്ന ആ സൂകരാത്മാവ് കാലുറപ്പിച്ച് വാൽ ചുഴറ്റി നില്ക്കുമാത്രം ചെയ്തു.

മീനാക്ഷിഅമ്മ: "എന്താ ആശാനെ! മനോധർമ്മങ്ങൾ ശേഖരിച്ച് മറ്റുള്ളവരെ വലപ്പിക്കാതെ പോവുക."

കൊടന്തആശാൻ: (തൊഴുതു ചിരിച്ചുകൊണ്ട്) "എന്റെ കുഞ്ഞമ്മെ! യുഗവിശേഷംകൊണ്ട് നേരിന് നിലയില്ല. കാര്യം പറയുന്ന കർണ്ണശ്ശാർക്ക് അച്ചികുന്തം. പാലും പഴകുമ്പോൾ കയ്ക്കും. ഹും! എല്ലാം പോട്ടെ. ഞാൻ പറവാൻ വന്നത് വേറൊരു കാര്യമാണ്. ശനിപ്പിഴകൊണ്ട് നേരുപറഞ്ഞുപോയി. ഇവന്റെ ദുഷ്ക്കാലംകൊണ്ട് ഈ സന്ധിയിൽ ഫലിതം പറഞ്ഞാലും ചൊവ്വാകയില്ല. എങ്കിലും ഉണ്ണുന്നതും ഉടുക്കുന്നതും നിങ്ങടെ മൊതല്."

മീനാക്ഷിഅമ്മ: "അതതെ കൊച്ചാശാനെ! നില്ക്കുന്നിടം താണുപോകും. കൊച്ചാശാൻ വിചാരിക്കുംപോലെ സാവിത്രിക്കുട്ടി കളിക്കുട്ടിയല്ല. ആശാന്റെ യോഗ്യതകളെല്ലാം അവൾ അറിഞ്ഞിട്ടുണ്ട്."

ഗണ്ഡഗർത്തത്തിൽ അങ്കുശമേല്ക്കുമ്പോൾ മദഗജത്തിനുണ്ടാകുന്ന സങ്കോചം ഈ വാക്കുകൾ ആശാനിലും ഉണ്ടാക്കി. എന്നാൽ, അയാൾ നട മടക്കാൻ തുടങ്ങാതെ, ആ ബാലികയുടെ കാര്യത്തിൽത്തന്നെ അപകടങ്ങളും ഗൃഹച്ഛിദ്രങ്ങളും സംഭവിക്കാതിരിപ്പാൻ താൻ സർവ്വദാ 'അവിഘ്നമസ്തു' പ്രാർത്ഥനയോടെ നടക്കുന്നു എന്നും മറ്റും അടിയിട്ടുകൊണ്ട് ഇങ്ങനെ വാദിച്ചു: "എന്നു മാത്രമോ കുഞ്ഞമ്മേ! ഇന്നാൾ കിട്ടിയില്ലേ സമ്മാനം? അതുമുതൽ അക്കുഞ്ഞിന് ഇവന്റെ സത്യം ബോദ്ധ്യപ്പെടുത്തിയിട്ട് ഇനി മേൽക്കാര്യം എന്നുവച്ച് 'ഭഗവതീ! ഭഗവതീ! അനുഗ്രഹിക്കണേ, കുഞ്ഞിന് തക്ക ഒരാളുണ്ടാകണേ' എന്നു പ്രാർത്ഥിച്ചോണ്ടേ ഊണുമുറക്കവുമുപേക്ഷിച്ച് ചുറ്റിക്കറങ്ങുകയാണ്."

മീനാക്ഷിഅമ്മ: "തമ്പുരാനെ നിശ്ചയിച്ചിട്ട് ഇനി മറ്റു വഴി ആലോചിച്ചാൽ അനുഭവം കൊച്ചാശാനറിഞ്ഞുകൂടേ?"

കൊടന്തആശാൻ: "എന്റെ കുഞ്ഞമ്മേ! അതാ ഇപ്പോഴും മുഖത്ത് ആ പേരെക്കുറിച്ചുള്ള ചളിപ്പ് അങ്ങനെ തുള്ളിത്തിളയ്ക്കുന്നു. കുഞ്ഞമ്മയ്ക്ക് അവിടുന്നു പത്ഥ്യമല്ല, തീർച്ചയായും അല്ല. ആശാന് കുട്ടൻപിള്ള ഏഴാം നാളുകാരനുമാണ്. ഈ സ്ഥിതിയിൽ ഒരു ചെരിച്ചളപ്പ് വേണമെന്ന് കൊടന്തയുടെ അല്പബുദ്ധിയിൽ തോന്നുന്നു. രണ്ടുപേർക്കും സുഖക്കേടു് ഉണ്ടാകാതെ കഴിഞ്ഞാൽ ആശ്രയിക്കുന്ന ഞങ്ങൾക്ക് എന്ത് സുഖമുണ്ടെന്നോ?" (സ്വരം താഴ്ത്തി) "ദിവാന്യോമാന്റെ മരുമഹൻ കൊച്ചിരയിമ്മൻതമ്പി നമ്മുടെ കുഞ്ഞിന് അസൽത്തരം. 'വിഷ്ണുനിശയ്ക്കുശശാങ്കനുമയ്ക്ക്' എന്ന് ഏതോ കോന്ത്രക്കാരൻ നമ്പ്യാരോറ്റോ പാടിയിട്ടില്ലേ? അക്കണക്ക് ഒത്തിരിക്കും. ഭർത്താക്കന്മാർ നമുക്ക് ഭരദേവതകളല്ലേ? കുഞ്ഞമ്മ പരിഭവം എല്ലാം വിട്ടിട്ട് ഗുരുനാഥനോട് ഇത് പറഞ്ഞാൽ ഉടൻ അനുവദിക്കും. കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞൊതുക്കാൻ നിങ്ങളുടെ സ്വന്തം ഇവനുണ്ട്. ഇവന് വയറുപിഴപ്പാൻ വല്ല വഴിയും ഉണ്ടാക്കിത്തരാൻ കുഞ്ഞമ്മ സാഹസപ്പെടുകയും വേണ്ട."

ഇങ്ങനെയുള്ള പ്രസംഗകർമ്മത്താൽ, ആശാൻ 'സത്യശ്രദ്ധസരസ്വതി'യുടെ മേധം കഴിച്ച് ഒടുനേരം കാത്തുനിന്നിട്ടും മീനാക്ഷിഅമ്മയിൽനിന്നും സ്വീകാരപ്രതിഷേധങ്ങളിൽ ഏതൊന്നിന്റെയെങ്കിലും ശബ്ദബിന്ദുവോ ചേഷ്ടാശകലമോ പൊഴിഞ്ഞില്ല. അസ്വാർത്ഥധീത്വത്താൽ അയാൾ ചില ഉപദേശങ്ങളെക്കൂടി തന്റെ ഐശ്വര്യദായകപ്രസംഗത്തോടെ അനുബന്ധിച്ചു: "കുഞ്ഞമ്മേ! ശരിയാണ്. നല്ലവണ്ണം ആലോചിച്ചിട്ടേ പ്രയോഗിക്കാവൂ. കരുതി നടന്നാൽ കരയേണ്ടിവരുല്ല. പണ്ടത്തെ കണിയാന്റെ കൂട്ടത്തിൽ, 'അടിയൻ പകലേ കണ്ടേ' എന്ന് പറഞ്ഞോണ്ട് വല്ല കുണ്ടുകിണറ്റിലും 'ദ്ധുടി' ആകണ്ട. വേളിക്കാര്യമല്ലയോ? നാല് പാർശ്വവും നവപ്പൊരുത്തവും നോക്കിയിട്ടേ നടത്താവൂ. എന്തായാലും കഥ മറ്റൊരിടത്തും മിണ്ടിക്കൂടാ. നടക്കുമ്പോഴെ എല്ലാവരും അറിയാവൂ." എന്നു മറ്റും ചില അഭിജ്ഞോപദേശങ്ങൾ സമർപ്പിച്ചിട്ട് ആശാൻ നടകൊണ്ടു.

പാരത്രികജീവിതത്തിന് നിർദ്ദിഷ്ടമായിരിക്കുന്ന തന്റെ ജീവാത്മാവിനെ പ്രാരബ്ധബന്ധങ്ങളിലേക്ക് പ്രത്യാനയിപ്പാൻ മീനാക്ഷിഅമ്മ ഒരുങ്ങിയില്ല. കർമ്മബന്ധത്താൽ

നേരിട്ടുപോയിരിക്കുന്ന വിപദ്വലയത്തെ ഭർത്തൃഹിതത്തിന് വിപരീതമായുള്ള വല്ല ഇംഗിതപ്രകടനവുംകൊണ്ട് ജടിലമാക്കുന്നത് പതിവ്രതാധർമ്മത്തിന്റെ അത്യാസുരവിലോപം ആകുമെന്ന് വിചാരിച്ച് കൊടന്തആശാന്റെ വാക്കുകളെ ജലലിഖിതങ്ങൾപോലെ ഗണിച്ച് സ്വന്തം ധ്യാനസ്ഥിതിയെ പുനരവലംബിച്ചു.

ഉണ്ണിത്താൻ നിയമേന മഹാരാജാവിനെ രണ്ടുനാഴിക വെളുപ്പിന് മുഖം കാണിക്കുന്ന രാജസേവകവർഗ്ഗത്തിലെ പ്രധാന പുരുഷനായിരുന്നു. സൗന്ദര്യവും സമ്പത്തും വിദ്വത്വവും സദ്വൃത്തിയും കുലമഹത്ത്വവും എല്ലാം ചേർന്ന് തനിക്കുണ്ടാക്കിത്തീർത്തിട്ടുള്ള ഈ അവസ്ഥയെ അദ്ദേഹം ഒരു വിശേഷഭാഗ്യമായി പുലർത്തിവന്നു. അന്ന് രാജസന്ദർശനം കഴിഞ്ഞ് ഉണ്ണിത്താൻ മറ്റു ചില കാര്യങ്ങളുമന്വേഷിച്ചു ഗൃഹത്തിലേക്ക് മടങ്ങുംവഴിയിൽ പത്മതീർത്ഥക്കരയിലുള്ള കല്ലാനയുടെ ആനക്കാരനായി കണ്ടതു് സ്വശിഷ്യനായ കൊടന്തആശാനെ ആയിരുന്നു. കണ്ണും ചുറ്റി ധരിച്ചിരുന്ന രണ്ടാംമുണ്ട് അത്ഭുതകരമായ വേഗത്തിൽ ഉടുമുണ്ടിനിടയിൽത്തന്നെ മറഞ്ഞു. അത്യാദരത്താൽ ആശാൻ പിടഞ്ഞുതുള്ളി ഗജത്തിന്റെ പൃഷ്ഠഭാഗത്തും മറഞ്ഞു. എങ്കിലും മുഖത്തെ സ്വഗുരുനാഥന് വ്യക്തമായി കാണമാറാകുംവണ്ണം കണ്ണും പൊങ്ങിച്ച് നിലകൊണ്ടപ്പോൾ ഉദ്ദേശിച്ച ഫലം സംപ്രാപ്തമായി. ഉണ്ണിത്താൻ രാജവീഥിയിൽ നിന്നുകൊണ്ട് അകമ്പടിക്കാരെ മുമ്പിൽ നടകൊള്ളുന്നതിന് ആജ്ഞാപിച്ചു. ഏകാംഗുലിയാൽ ആശാന്റെ സാമീപ്യത്തെ ആവശ്യപ്പെട്ടുകൊണ്ട് ഒരു അനുസ്വാരോച്ചാരണത്താൽ വിശേഷമെന്തെന്ന് ചോദ്യം ചെയ്തു.

കൊടന്ത ആശാൻ: "ഒന്നുമില്ലേ?"

ആശാന്റെ മുഖചേഷ്ട വിപരീതോക്തിയെ പ്രസ്ഫുടമായി വദിച്ചുകൊണ്ടിരുന്നതിനാൽ, ഉണ്ണിത്താൻ സത്യസന്ധതയെക്കുറിച്ച് ചില പ്രമാണങ്ങൾ പ്രഖ്യാപനം ചെയ്തു തന്റെ ശിഷ്യനെ ശാസിച്ചു.

കൊടന്ത ആശാൻ: "ഇല്ലേ, ഒന്നുമില്ലേ?"

ഉണ്ണിത്താൻ: "ഭോഷ്ക്ക! ഈ പഠിത്വം തനിക്ക് നന്മ വരുത്തുല്ല."

കൊടന്ത ആശാൻ: "അയ്യോ ശപിക്കല്ലേ!" (കൈകൂടഞ്ഞ് എന്തു ചെയ്യേണ്ടു എന്നുള്ള ഭാവം ഭംഗിയായി നടിച്ചുകൊണ്ട്) "കുഞ്ഞമ്മ നല്ലൊരു വഴി ആലോചിക്കുന്നേ."

ഉണ്ണിത്താൻ: "കുഞ്ഞമ്മയുടെ കാര്യത്തിൽ ഇനി പ്രവേശിക്കണ്ടാ. അവിടെയുള്ള ദൗത്യം ഇവിടെ കൊണ്ടുവരികയും വേണ്ട. പെണ്ണുങ്ങൾ പാവങ്ങളെ ഇട്ടു് പേ പിടിപ്പിക്കാൻ നീ നടക്കേണ്ട." (ഊർജ്ജിതസ്വരത്തിൽ) "ആ പെരിഞ്ചക്കോടൻ ആരെന്ന് നീ അന്വേഷിച്ചോ?"

കൊടന്തആശാൻ: "കരിഞ്ചക്കൊറവൻ എന്ന് ഒരാൾ ഇവിടെങ്ങും ഇല്ലേ?"

ഉണ്ണിത്താൻ: "ഫ! വിടുഭോഷ! 'കരിഞ്ചക്കൊറവൻ' അല്ലാ, പെരിഞ്ചക്കോടനാണ്. ആരെങ്കിലും ആകട്ടെ. നീ ഇനി അന്വേഷിക്കണമെന്നുമില്ല."

കൊടന്തആശാൻ: "ഇല്ലേ, ഇല്ലേ. ദിവാന്ന്യേമാന്റെ അനന്തിരവൻ കൊച്ചുതമ്പി-"

ഉണ്ണിത്താൻ: "അഃ - 'കൊച്ചുതമ്പി' -എന്തോന്നെടാ -'കൊച്ചുതമ്പി' ഇരയിമ്മൻതമ്പിയല്ലേ? അയാളെക്കുറിച്ച് നീ എന്ത് ശുപാർശചെയ്യുന്നു? അതിനെന്താവശ്യം? അവർ ഇന്ന് നാട്ട് ഭരിക്കുന്ന പ്രമാണികളല്ലേ? സേവപിടിച്ച് വല്ലതും സാധിക്കാമെങ്കിൽ അതു് നടക്കട്ടെ. നമ്മെ ഉപദ്രവിച്ചേക്കരുതു്-"

കൊടന്തആശാൻ: "സാവിത്രിക്കുഞ്ഞപ്പിക്ക് മുണ്ടുകൊടുപ്പിക്കാൻ കൊള്ളാമെന്ന്-"

ഉണ്ണിത്താൻ: "ഏതു പരാശരന്റെ സ്മൃതിയിൽ കണ്ടു് അതു്? നീ ഇനി അടുത്തപോലെ അമരാവതിയിലെ ജയന്തൻകട്ടീടെ പേരുകൊണ്ടു് എത്തും. 'അലമാറ്' എന്ന് പറയുന്നതു് നിന്റെ ഈവക കച്ചവടംകൊണ്ടുണ്ടാകുന്നതാണ്. നീ അപസ്മാരത്തുള്ളൽ തുള്ളുണ്ടാ. ആരുടെ യുക്തിയാണതു്?"

കൊടന്തയാശാൻ: (ക്ഷീണം നടിച്ച്) "അംഅ."

ഉണ്ണിത്താൻ: (കുപിതനായി) "അമ്മയോ? അമ്മയോടാര് പറഞ്ഞു?"

കൊടന്തആശാൻ: "അതു് ചോദിച്ചില്ല."

ഉണ്ണിത്താൻ: "സങ്കല്പമറിയാണ്ടുള്ള നിവേദ്യം എന്ത് നേദിപ്പാണ്, ഏഭ്യാ?"

കൊടന്തആശാൻ: "അയ്യോ! മറ്റുള്ളവർ തലമറന്നെണ്ണതേക്കുന്നതിന് ശിക്ഷ ഇവന്നൊ? ദിവാന്ന്യേമാൻ ഇവിടെ ആലോചിക്കേണ്ടതാണെന്ന് ഞാൻ കുഞ്ഞമ്മയോട്ട് വാദിച്ചേ."

ഉണ്ണിത്താൻ: "എനിക്ക് അതൊന്നും കേൾക്കേണ്ട. നീ ഇപ്പോൾത്തന്നെ നടക്കണം. നേരെ പോയിട്ട് ബബ്ലാശേരി തിരുമനസ്സിനെ കണ്ടു് തീർച്ച എന്തെന്ന് ചോദിച്ച് വന്നേക്കണം."

കൊടന്തആശാൻ: (തന്റെ ചെറുശരീരത്തെക്കൊണ്ടു് വല്ലികളുടെ ചാഞ്ചാട്ടം ആടിച്ച്) "ബോധി – ഗുരുനാഥൻ ക്ഷമിച്ചാൽ ബോധിപ്പിക്കാം. കാര്യം ഇഷ്ടംപോലെ. എങ്കിലും കൊച്ചുതമ്പി വേണ്ടംകിൽ രണ്ടാം പക്ഷത്തിന് – ഇവനൊട്ട് ബന്ധവുമില്ലേ – ആശ്രയിക്കുന്നിടം നന്നായിവരട്ടെ എന്നേയുള്ളു - രണ്ടാം പക്ഷത്തിന്, വിക്രമൻപിള്ളയല്ലേ നമുക്ക് നന്ന്? ഇന്നലത്തെ കഥകൊണ്ടു് തിരുവുള്ളം-"

ഉണ്ണിത്താൻ: "അതതേ. ഇന്നത്തെ കല്പനയെല്ലാം അവനെക്കുറിച്ചുതന്നെ ആയിരുന്നു."

കൊടന്തആശാൻ: "എന്നാൽ വിളിച്ച് വല്ല കല്പനയും തരുമ്മുമ്പ് സ്വതേതന്നെ തിരുവുള്ളം നടത്തുകയല്ലേ നയം?"

ഉണ്ണിത്താൻ: "വല്ലടവും മാന്തിപ്പൊളിക്കാതെ പോയി പറഞ്ഞതു് ചെയ്ക. ആ കൊച്ചൻ കണ്ടാലും ആചാരത്തിലും ബൗദ്ധൻ. നടക്ക്, തമ്പുരാൻ കുളിക്കാൻ ഇറങ്ങിപ്പോകും."

ആശാൻ നിലംനോക്കി അല്പനേരം ആലോചിച്ച് നിന്നു. ചില വികൃതചേഷ്ടകളും കാട്ടി. ഉണ്ണിത്താൻ കോപിച്ചു: "എന്തോന്നെടാ നീയൊരു ശകുനിയായിത്തീർന്നിരിക്കുന്നത്? ആരെയെങ്കിലും ചൂതിന് വിളിക്കാൻ ഉപദേശിക്കണമെന്ന് വിചാരിക്കുന്നെങ്കിൽ അത് ഇങ്ങോട്ട് പുറത്ത് വിട്ടേക്ക്. ഉപേക്ഷ വേണ്ട."

കൊടന്തആശാൻ: "അതൊന്നുമില്ല. ആളെക്കുറിച്ചുമല്ലേ. അവിടുന്ന് രത്നം! ഇവിടേക്ക് ചേരുന്ന പ്രതാപക്കാരൻ. പക്ഷേൽ–"

ഉണ്ണിത്താൻ: "നിന്റെ ഇടപ്രയോഗംകൊണ്ട് പെരുവഴിയിൽ നിറുത്തി കഷണിപ്പിക്കാതെ."

കൊടന്തആശാൻ: "ഇല്ലേ-ഇല്ലേ. 'വിളിച്ചുപറയാൻ പട്ടൻ' വേണം എന്നുണ്ടല്ലോ."

ഉണ്ണിത്താൻ: "നിനക്ക് ആ വൈഭവം വഴിക്ക് തീണ്ടീട്ടുപോലുമില്ല. നീ ശുദ്ധപൊട്ടൻ. ആ തിരുമനസ്സിലെക്കുറിച്ച് നീ എന്തോ പറകയാണ്. അവിടുന്ന് സമ്പത്തിലും വീര്യത്തിലും സൗന്ദര്യത്തിലും നമുക്ക് കിട്ടാത്ത ഒരു മഹാനുഭാവൻ. എടാ! നീ എന്ത് വിചാരിക്കുന്നു? ചില്ലറക്കാര്യമാണോ അത്? ധനം, സ്ഥാനം, യശസ്സ്–"

കൊടന്തആശാൻ: "അതെല്ലാം അങ്ങനെതന്നെ ആന്നെ. ആ കോലോത്തെ ദായക്രമം നമ്മുടെ അല്ലപോലും."

ഉണ്ണിത്താൻ: "അല്ലെങ്കിൽ വേണ്ട. യാജ്ഞവൽക്ക്യവും മറ്റും ഞാൻ നോക്കീട്ടുണ്ട്."

കൊടന്തആശാൻ: "അതല്ലാ, ഔട്ടുത്തേക്ക് ഇങ്ങോട്ട് വരുന്ന ധൂലുത്താനെപ്പോലെത്തന്നെ രാജ്യവും സൈന്യവുമുണ്ട്."

ഉണ്ണിത്താൻ: "ഛേ ഏഭ്യാ! 'വരുന്നു' എന്നു വിധിക്കാൻ നീ എവിടത്തെ ജ്യോത്സ്യൻ? കഴുത്ത് സൂക്ഷിച്ച് സംസാരിക്ക്."

കൊടന്തആശാൻ തന്റെ വാക്കിലുണ്ടായ സ്ഖലനത്തെ സ്മരിച്ച് അപരാധസമ്മതം അഭിനയിച്ച്, കാലുകൾ തമ്മിൽ ഉരുമ്മിക്കൊണ്ട് തലയും സ്വരവും താഴ്ത്തി ഇങ്ങനെ തുടങ്ങി: "അതുതന്നെ ബോധിപ്പിക്കുന്നത്. ബന്ധുവോ ശത്രുവോ എന്ന് നിർണ്ണയപ്പെടുത്തീട്ട് ചെമ്പകശ്ശേരിയിലെ പിള്ളയെ ഉപേക്ഷിക്കുക ഉത്തമം. എന്നുവച്ചാൽ പൊന്നുതിരുമേനിക്ക് – വല്യകൊട്ടാരത്തിലേക്ക്, ബന്ധുവോ ശത്രുവോ എന്ന് ആലോചിക്കണ്ടേ എന്നാണ്."

ഉണ്ണിത്താൻ സൂര്യകിരണങ്ങളെ എണ്ണാൻ കണ്ണുതുറിച്ച് നിന്നുപോയി. സ്വശിഷ്യന്റെ ബുദ്ധിവൈശിഷ്ട്യം അഭിനന്ദിച്ച്, അയാളെ ഒരു നല്ല സ്ഥിതിയിൽ ആക്കേണ്ടതാണെന്ന് ഉറയ്ക്കുകയും ചെയ്തു. എങ്കിലും മതിൽക്കകത്ത് ഭജനം കിടപ്പാൻ വന്നിരിക്കുന്ന ഭക്തൻ മഹമ്മദീയാനുകൂലി ആകുന്നത് അസംഭാവ്യം എന്നു തോന്നുകയാൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "പോ പോ; എന്റെ ബുദ്ധിക്കും കണ്ണിനും ഏതാണ്ടൊത് തെളിവുണ്ട്. ശത്രു ആകാൻ ഒന്നുകൊണ്ടും സംഗതിയില്ല. എന്നെ ദ്രോഹിക്കുന്ന പരിഷകൾക്ക് ഞാൻ അറിഞ്ഞു

ഈ ജന്മത്ത് ഒരു ദാനവും ഉണ്ടാകുല്ല. ആരെയും കിട്ടാഞ്ഞാൽ സ്വന്തം ജ്ഞാതികളുണ്ട്. ആശ്രിതന്മാരുണ്ട്. തമ്പുരാനല്ലെങ്കിൽ അവരിലൊരാൾ സാവിത്രിയെ കൊണ്ടുപോകും."

കൊടന്ത ആശാന്റെ ശിരസ്സിൽ ബ്രഹ്മദേവൻ പള്ളിസ്ഥിതികൊള്ളുന്ന പത്മത്തിലുള്ള മധുവിന്റെ കാലവൃഷ്ടിതന്നെ ചൊരിഞ്ഞു. അതുകൊണ്ടുണ്ടായ അന്തർമ്മോദത്തിന്റെ നിർഭരത്തിരത്തള്ളലിനെയും എതിർത്തുകൊണ്ട് ആ കുടിലൻ വിദഗ്ദ്ധനടന്മാർക്കും മാത്രം വശ്യമായുള്ള സഹതാപനാട്യത്തോടെ ഇങ്ങനെ പറഞ്ഞു: "കഷ്ടമാണേമാനെ! സ്വന്തത്തിൽ സ്വത്തും സ്ഥാനവുമുള്ള ഒരു ചെറുപ്പക്കാരനെ കിട്ടുമ്പോൾ കുട്ടിയുടെ ജന്മം വല്ല വനത്തിലോട്ടും അയച്ച്-?"

ഉണ്ണിത്താൻ: (ചിരിച്ചുകൊണ്ട്) "നീ പറഞ്ഞുതന്നാണോ ശ്രുതികളും ധർമ്മങ്ങളും ഞാൻ അറിയേണ്ടത്? നടക്ക്, എല്ലാം രഹസ്യമായിരിക്കണം. പെരിഞ്ചക്കോടൻ ഏത് കാട്ടുരാജാവെങ്കിലും ആകട്ടെ. അക്കാര്യത്തിൽ സാഹസപ്പെടേണ്ട."

ഉണ്ണിത്താൻ നന്തിയത്തുമഠത്തിലേക്കും ആശാൻ ബബ്ലേശ്വരന്റെ വാസസ്ഥലത്തേക്കും തിരിച്ചു. ഗുരുനാഥന്റെ കചസ്ഥാനം വാഞ്ഛിക്കുന്ന കൊച്ചാശാൻ ഒരു ദിവ്യവിമാനത്തിൽ ആരൂഢനായിത്തന്നെ കോട്ടയ്ക്കകത്തുള്ള കിഴക്കും വടക്കും തെരുവുകളെ തരണം ചെയ്തു. ബബ്ലേശ്വരന് മഹാരാജാവിന്റെ തിരുവുള്ളത്താൽ അനുവദിക്കപ്പെട്ട വാസമന്ദിരം 'വലിയകോയിക്കൽ' കൊട്ടാരമായിരുന്നു. 1033-ലെ മുറജപക്കാലത്ത് രാജകീയഏർപ്പാടുകളാൽ ദത്തമായ ഒരു ഓലച്ചൂട്ട് അന്ന് നിന്നിരുന്ന രാജമന്ദിരത്തെ ഭക്ഷിച്ചു. അവിടെ പ്രതിഷ്ഠിച്ചിരുന്ന ദേവൻ കൂപക്കരമഠം ഭഗവതിക്ഷേത്രത്തിലേക്ക് എഴുന്നള്ളിക്കപ്പെട്ടു. ഇപ്പോൾ കാണുന്ന രണ്ടുനില വലിയ നാലുകെട്ട് ആ തീപിടിപ്പിനുശേഷം പണിചെയ്യപ്പെട്ടതാണ്. ഈ കഥാകാലത്ത് നിന്നിരുന്ന മന്ദിരം വടക്കൻ കോട്ടയത്തുനിന്ന് ഉമയമ്മറാണി സ്വകുടുംബസഹായത്തിന് വരുത്തിയ കേരളവർമ്മ രാജാവിന്റെ പാർപ്പിടമായിരുന്നു. സാക്ഷാൽ ഇക്ഷ്വാകുചക്രവർത്തിയോട് വംശബന്ധം അവകാശപ്പെടുന്ന ബബ്ലപുരം രാജകുടുംബത്തിലെ അജിതസിംഹമാനവിക്രമൻ രാജകുമാരന്റെ പാർപ്പിനായി അനുവദിച്ചത് തെക്കുപടിഞ്ഞാറ് മൂലയിൽ 'വേട്ടയ്ക്കൊരുമക'നെ പ്രതിഷ്ഠിച്ചിട്ടുള്ള ആ മന്ദിരംതന്നെ ആയിരുന്നു.

ബബ്ലേശ്വരന്റെ സൂര്യവംശപ്രഭാവം മന്ദിരത്തിന്റെ ബഹിർഭാഗത്ത് സേവിച്ചുനില്ക്കുന്ന രക്ഷികളുടെ വിദേശീയവേഷങ്ങളും രൂക്ഷഭാവങ്ങളും വേണ്ടതുപോലെ പ്രതിഫലിപ്പിക്കുന്നു. ആ നിലയനത്തിലെ തല്ക്കാലവ്യവസ്ഥകൾ അജിതസിംഹന്റെ പരിചാരജനങ്ങൾ മാത്രം സൂക്ഷ്മമായി അറിഞ്ഞിരുന്നു. രാജസിംഹനെക്കാളും പ്രതാപവാനായുള്ള ഒരാൾ അദ്ദേഹത്തോടുകൂടി പർത്തിരുന്നു. കാര്യക്കാർ ആയ ഇട്ടുണ്ണിക്കണ്ടപ്പനായരോ, നായക്കനോ, അവിടത്തെ ഒരു പ്രത്യേകഗർഭഗൃഹത്തിൽ ആർക്കും കണ്ടുകൂടാത്ത ഒരു ദേവനായി, ആവാസംകൊണ്ടിരുന്നു. അജിതസിംഹനുള്ള സുഖസൗകര്യാദികൾ, ഇട്ടുണ്ണിക്കണ്ടപ്പൻ അനുഭവിച്ചുവന്നതിലും തുലോം താണതരത്തിലുള്ളവ ആയിരുന്നു. ആ ഉഗ്രമൂർത്തിയുടെ

നിശാകാലവാസത്തിന് കോട്ടയ്ക്ക് പുറത്ത് ചില സങ്കേതങ്ങളുമുണ്ടായിരുന്നു എന്നും ജനങ്ങൾ സംശയിച്ചിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഗോപുരംപോലുള്ള ഒരു സ്വരൂപം രാത്രികാലങ്ങളിൽ ആ നഗരത്തിൽ സഞ്ചരിച്ചുപോന്നത് ടിപ്പുവിന്റെ പുരോഗാമിയായ അന്തകഭഗവാൻതന്നെ എന്നും ജനങ്ങൾ വിശ്വസിച്ചുവന്നു. ആ കഥകൾ എങ്ങനെയും ഇരിക്കട്ടെ. കൊച്ചാശാൻ എത്തിയ ഉടനെതന്നെ ദ്വാസ്ഥന്മാർ അജിതസിംഹന്റെ പള്ളിയറയ്ക്കുള്ളിൽ അയാളെ പ്രവേശിപ്പിച്ചു. പരിചാരകന്മാർ പിൻവാങ്ങിയപ്പോൾ "അസ്സല്ല് അസ്സല്ല്" എന്ന ചില സന്തോഷദ്ഘോഷങ്ങൾ അജിതസിംഹന്റെ തട്ടുപടിയായ സിംഹാസനത്തിന്റെ മുകളിൽനിന്ന് പുറപ്പെട്ടു. കൊടന്തയാശാൻ രാജകുമാരന്റെ ദായക്രമവ്യത്യാസത്തെയും സ്വരാജ്യശത്രുവാണോ അദ്ദേഹമെന്നുള്ള സംശയത്തെയും മറന്ന് ശ്രീപത്മനാഭന്റെ മുമ്പിലെന്നപോലെ തൊഴുതുനിന്നു. പാരസീകരീതിയിൽ ധരിച്ചിട്ടുള്ള കേശമീശകളുടെ ഇടയിൽ തിളങ്ങിക്കൊണ്ടിരുന്ന വൻപൂച്ചയുടെ മുഖം കൊടന്തയാശാനെ കണ്ടപ്പോൾ ആ അംഗത്തിലെ സർവ്വഖണ്ഡങ്ങളും സരസമായി നൃത്തംചെയ്തു ഈ അജിതസിംഹൻ ജന്മവാസനയാലും യുവകാലത്തെ അഭ്യസനങ്ങളാലും അതിസൗജന്യശീലനായിത്തീർന്നിരുന്നു. പുഷ്ടമായുള്ള ആ കോമളശരീരത്തിലെ വലത് തൃക്കൈ മുഷ്ടിസ്ഥിതിയിൽ ദ്രുതതരമായി ഇളകിക്കൊണ്ടിരിക്കുന്നത് അവിടത്തെ തിരുവിഹാരം 'ചെണ്ടകൊട്ടുക' എന്നുള്ള വിദ്യാധരപ്രയോഗം ആയിരുന്നതുകൊണ്ടാണ് 'ചെണ്ടകൊട്ടിക്കുക' എന്ന പൂച്ചസ്സന്യാസികളുടെ വ്യാപാരത്തിലും ഇവിടുന്ന് അതിവിദഗ്ധനായിരുന്നു. കൊടന്തആശാനെ കണ്ടപ്പോൾ ഇദ്ദേഹം നഖാവലികൊണ്ട് സിംഹാസനപ്പലകയിന്മേലുള്ള ചെണ്ടക്കലാശങ്ങളെ മുറുക്കി, ഇങ്ങനെ ഒരു സംഭാഷണം ആരംഭിച്ചു. ഈ തിരുമേനി പ്രസാദിച്ച് പ്രയോഗിച്ചുവന്ന ഭാഷ പല ദേശങ്ങളിലെ ഭാഷാകഷണങ്ങളും ചേർന്നുള്ള ഒരു അവിയലിന്റെ രീതിയിൽ സ്വരൂപിതമായിട്ടുള്ളതായിരുന്നു. ദേശസഞ്ചാരംകൊണ്ട് എന്തെല്ലാം അവസ്ഥാന്തരങ്ങൾ മനുഷ്യരുടെ സ്വഭാവത്തിലും പാണ്ഡിത്യത്തിലും വ്യാപാരത്തിലും സംഭവിക്കുന്നു! "അവിടെ, ആ സാത്രീയിന് സുഖംതന്നല്ലേ?" എന്ന് മാർജ്ജാരമുഖനായ തിരുമേനിയിൽനിന്ന് ഒരു പ്രശ്നം പുറപ്പെട്ടപ്പോൾ, ആശാൻ ചോദ്യാനുരൂപമായുള്ള സ്വരത്തിലും താളത്തിലും, "ഇറാൻ" എന്ന് ധരിപ്പിച്ചു.

അജിതസിംഹൻ: "ഡോ. നല്ലോണം ചിന്തിച്ചു. ആരായുകയും ചെയ്തു. ഓള് അതിമെച്ചം. ഇവിടെ, ഈ അകത്ത് സ്വൈരം പറഞ്ഞോ- പറഞ്ഞോളൂ. ആരുമില്ല. സൗന്ദര്യത്തയപ്പിന്റെ ത്രാസ് തായുന്നതേ, മകക്കോ അമ്മക്കോ? നേരു് പറയൂ."

അജിതസിംഹൻ അനുവർത്തിക്കുന്ന സംഭാഷണപദ്ധതി ആശാസ്യമെന്ന് ആശാന് തോന്നിയില്ല. അനാസ്ഥയാലുള്ള മൗനത്തോടെ അയാൾ നിന്നപ്പോൾ അജിതസിംഹൻ പൊട്ടിച്ചിരിച്ചു. "ഉണ്ണിസ്ഥാൻ നല്ല കൂട്ടത്തിലാണ്. വില്പത്തി കണക്കെയുണ്ട്. നല്ല ഹറുതിക്കുള്ള ശ്ലോഹങ്ങൾ അവസരം നോക്കി തട്ടിമൂളിക്കാൻ കെൽപ്പും ഉണ്ട്. ഭാര്യയ്ക്ക് പതിനാറേ തോന്നിക്കുള്ളൂ എന്ന് കേട്ടു. നാമം 'മീനാക്ഷി' എന്നും. മധുരാംബികേട തൃപ്പാരാണത്."

കൊടന്തആശാൻ: (വിഷയം മാറ്റാനായി ത്വടിതിയിൽ) "കൊച്ചമ്മ ക്ഷയംപിടിച്ച് കിടക്കയാണ്."

അജിതസിംഹൻ: "വ്ഹോ! ക്ഷയം, ഓളെ കൃശോദരിയാക്കും. അത്രന്നല്ലേ ഉള്ളൂ? ശിന്നക്കുട്ടീനെ പരിഗ്രഹിക്ക അവദ്ധം. അങ്ങട്ടെയുന്നള്ളിച്ചാൽ കോലോം ഭരിക്കണ്ടേ? നാട്ടും? ഇവറ്റ രണ്ടിനും വൈഭവമില്ലാഞ്ഞാൽ നമക്ക് സൊല്ല."

കൊടന്തആശാൻ: "അവർ കെട്ടിലമ്മമാരാണ്. അങ്ങോട്ട് പോരുന്നതുതന്നെ-"

അജിതസിംഹൻ: "അങ്ങനെ വരട്ട്. നൊണപറയാൻ വട്ടം കൂട്ടിയാലും കൊടന്ത കൊയങ്ങും. അങ്ങോട്ട് പോരുന്നത് അപ്പോ, എന്താ, എന്താ, സന്നിദ്ധത്തിലാണ്? ഡോ ഡോ, നീയ്യ് ഇവിടെക്കിടന്ന് കഷണിച്ച്, കഷ്ടിയിൽ കഴിയണ്ട. അങ്ങോട്ട് പോന്നേക്ക്. അഷ്ടിക്ക് വല്ലതും തന്ന് സബാസാക്കിക്കളയാം. ഉണ്ണിസ്ഥാൻ എന്ത് പറഞ്ഞഴച്ച്?"

കൊടന്തആശാൻ: "കല്പിച്ച് ആലോചിക്കുന്ന കാര്യത്തിൽ, വസാനത്തിരുവുള്ളം എന്തെന്നറിഞ്ഞാൽ കൊള്ളാമെന്ന്-"

അജിതസിംഹൻ: "അഃ, അതുവ്വോ? ഡോ കൊച്ചാശാൻ! നമക്ക് ഉണ്ണിസ്ഥാന്റെ ബന്ധുത്വം മതി. ബാന്ധവം-നീയ്യ് കിര്യത്തുനായരുതന്നല്ലെ? അങ്ങനെ നടക്കട്ട് പരിഗ്രഹക്രിയ. നീളടിപ്പോന്നേക്ക്. കോലോത്തെ കാര്യം ഭരിക്കുന്ന ശ്വംപട്ടർ, ഓൻ മഹാദ്രോഹി. ആശാനെ നേമിച്ച് ഇന്നുതന്നെ തീട്ടൂരം ചാർത്തിയേക്കാം. നീയ്യ് നമ്മടെ ആൾപ്പേരായി-ധരിച്ചുവോ രഹസ്യം?"

കൊടന്തആശാൻ: "അയ്യോ! അങ്ങനെ കല്പിക്കരുത്. ഗുരുനാഥൻ കൊന്നുകളയും."

അജിതസിംഹൻ: "ഡോ. വിട്ടുവിഡ്ഢി! നോമില്ലേ ഏത് വാസുദേവന്റെ തൃച്ചക്രത്തെത്തടുക്കാനും? നിർബന്ധിച്ചാൽ ഒരു ശീലക്കഷണം നോം സമ്മാനിച്ചേക്കാം. നാട്ടിലേക്ക് കടന്നാൽ ഓള് നിന്റെ കളത്രം."

ആശാൻ തന്റെ ധാരണത്തിനും അനുകരണത്തിനും ഉപദിഷ്ടമാകുന്ന കൗശലത്തെക്കുറിച്ച് ചിന്തിച്ച് അല്പനേരം വിഷമസ്ഥിതിയിൽത്തന്നെ നിലകൊണ്ടു്. ഈ സംശയഭാവം കണ്ട് അജിതസിംഹൻ ഒരു ദിവ്യതന്ത്രത്തെ പ്രയോഗിച്ചു. "ഡോ" എന്നുള്ള ശബ്ദത്തെ മാറ്റി, "ഡാ!" ആക്കിക്കൊണ്ടു്, "തഥാസ്തു എന്ന് കൈ അടിച്ച് നടക്ക്. പറപ്പാണ്ടയിന്റെ ആൾക്ക് രണ്ടെന്ന് ഭാവിപ്പാൻ അവകാശമില്ല."

ഈ വാക്കുകളോടുകൂടി അജിതസിംഹൻ നഖംകൊണ്ടുള്ള ചെണ്ടക്കലാശത്തെ ഇരട്ടിയിലാക്കി. യുദ്ധാനന്തരമുള്ള ഭരണപ്രഭാവങ്ങളെ തുടകൾ തുള്ളിച്ചുകൊണ്ട് വർണ്ണിച്ച് കൊടന്തആശാന്റെ ജീവൻ ആകാശത്തിലോട്ട് നിർഗ്ഗമിച്ചു. "നടക്ക്, ശേഷം നോം സുമറാക്കും. കഥകൾ വഴിയെ ഗ്രഹിച്ചില്ലേ? ജീവൻ വേണമെങ്കിൽ ഉണ്ണിസ്ഥാനെ കാലിൽ വീയിക്ക്" എന്നുള്ള അരുളപ്പാടുകൾ കൊടന്തആശാന്റെ മോഹച്ചിറകുകളെ തളർത്തി. ഒരു

കിങ്കരൻ മന്ദിരത്തിന്റെ ബഹിർദ്വാരത്തു് അയാളെ പ്രവേശിപ്പിച്ചിരിക്കുന്നു എന്നു് പരിസരദേശത്തെയും ആകാശത്തെയും കണ്ടപ്പോൾ ആശാൻ ധരിക്കുകയാൽ, അയാൾ തന്റെ ജനനത്തെയും, കർമ്മത്തെയും സമസ്തകർമ്മങ്ങളുടെ സാക്ഷിയെയും ശപിച്ചു. ധൂർത്തനും വിടനുമായുള്ള ഈ രാജാവു് പറപ്പാണ്ട എന്ന തസ്കരപ്രമാണിയോടു് തനിക്കുണ്ടായിത്തീർന്നിട്ടുള്ള ബന്ധം ഗ്രഹിച്ചിരിക്കുന്നു. ഈ രാക്ഷസൻ നിസ്സംശയമായി രാമവർമ്മമഹാരാജാവിന്റെ ശത്രുതന്നെയാണ്. അയാൾ തനിക്കു് ദാസ്യപ്പെടാത്തവരെ ഏതുവിധത്തിലും മർദ്ദിക്കുന്നതിനു് മടിക്കാത്ത ഒരു ദയാഹീനനുമാണ്. സ്വകഥ എന്തായാലും അപകടരാശിയിലോട്ടു് സംക്രമിക്കുന്നു. ഗുരുദ്രോഹവും വഞ്ചകവൃത്തിയും അത്യാഗ്രഹവും തന്നെ മഹാദുരാപത്തുകളിൽച്ചാടിക്കുന്നു എന്നു് ചിന്തിച്ചു് സാവധാനത്തിൽ ആശാൻ നടന്നു. നന്തിയത്തുമഠത്തിൽ എത്തി. ഉണ്ണിത്താൻ സല്ക്കരിച്ചു് ആകാംക്ഷാഭാവത്തിൽ "എന്താടാ മറുപടി?" എന്നു ചോദിച്ച സമയത്തു് മാത്രമേ രാജഹിതത്തെക്കുറിച്ചുള്ള അരുളപ്പാടൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത അയാൾ സ്മരിച്ചുള്ളു.

"എന്താടാ! നീ ശീതജ്വരം പിടിച്ചപോലെ തളർന്നുനിന്നു് വിറയ്ക്കുന്നതു്?" എന്നുള്ള ചോദ്യംകൂടി ഉണ്ടായപ്പോൾ, "ഓയു്! അവിടുന്നു് ഇന്നു വൈകുന്നേരംതന്നെ എഴുന്നള്ളുമെന്നു് കല്പിച്ചേ" എന്നു്, വരുന്നതുവരട്ടെ എന്ന നിശ്ചയത്തോടെ ധരിപ്പിച്ചു.

കൊച്ചാശാനെ തന്റെ സംഘത്തിലുള്ള ഒരു ഭൃത്യൻ പുറത്താക്കിയപ്പോൾ നമ്മുടെ ബബ്ലേശ്വരൻ എഴുന്നേറ്റുനിന്നു് ഉച്ചത്തിലൊന്നു പൊട്ടിച്ചിരിച്ചു. അഞ്ജനംകൊണ്ടു് അങ്കിതമായുള്ള നേത്രങ്ങളുടെ തീക്ഷ്ണതേജസ്സോടെ ഒരു സിംഹവക്ത്രൻ രംഗത്തു് പ്രവേശിച്ചപ്പോൾ ബബ്ലേശ്വരന്റെ പൊട്ടിച്ചിരി പെട്ടന്നു നിന്നു. ഇട്ടുണ്ണിക്കണ്ടപ്പനായ ആ അതികായന്റെ മുമ്പിൽ അജിതസിംഹൻ ദാസസ്ഥിതിയിൽ നിലയുംകൊണ്ടു്. "ഇപ്പോൾ വന്ന ചാരനു് എന്തു് മറുപടി കൊടുത്തു്?" എന്നു് ചോദ്യമുണ്ടായതിനു്, "അവനെ വട്ടത്തിലാക്കി അയച്ചു" എന്നു് അജിതസിംഹൻ മറുപടി പറഞ്ഞു. ഉണ്ണിത്താൻ വിചാരിച്ചാൽ ആയിരത്തോളം ഭടജനവും വേണ്ട പണവും പാട്ടിലാകുമെന്നു് നിശ്ചയം വന്നിരിക്കുന്നതിനാൽ അന്നു് രാത്രിതന്നെ കാമുകവേഷം കെട്ടി പുറപ്പെട്ടുകൊള്ളുക എന്നു് ഒരു ആജ്ഞകൂടി ഉണ്ടായപ്പോൾ, മാനവിക്രമൻ തലതാഴ്ത്തി അനുസരണം അഭിനയിച്ചു. തങ്ങളുടെ ഒരു ബന്ധുവാൽ പ്രയോഗിക്കപ്പെട്ട ലേഖനം ഉണ്ണിത്താന്റെ മനോഗതികളെ അധികം വ്യതിചലിപ്പിച്ചിട്ടില്ലെന്നു് കാണുന്നതിനാൽ അദ്ദേഹത്തിനു് സംഭവിച്ചേക്കാവുന്ന സമ്പന്നനഷ്ടത്തെക്കൂടി സന്ദർശനാവസരത്തിൽ സൂചിപ്പിക്കണമെന്നുള്ള ഒരാജ്ഞയും കാര്യക്കാരനിൽനിന്നു് പുറപ്പെട്ടു. അജിതസിംഹൻ നിശ്ശബ്ദനായി, വീണ്ടും തല താഴ്ത്തി, "മഹാറാജ്" എന്നു് ആ അറയിലെ ചുവരുകൾക്കുപോലും കേൾക്കുവാൻ പാടില്ലാത്ത സ്വരത്തിൽ ഉച്ചരിച്ചു.

7

"അന്നേരം പല ദൃശ്യകനങ്ങൾ
മുന്നിൽ പരിചൊടു കണ്ടുതുടങ്ങി
പ്രതിരോമത്തിനു ചുഴികാറ്റതി-
പ്പൊടിപടലങ്ങൾ കണ്ണിൽ നിറഞ്ഞു."

ഇന്ദ്രരഥസമേതനായി എത്തിയ മാതലിയെ കണ്ടതുപോലുള്ള ഒരു മഹാഭാഗ്യം നമ്മുടെ ഉണ്ണിത്താനായ ഗ്രന്ഥസവ്യസാചിക്ക് അന്ന് സമ്പ്രാപ്തമായി. ഉദ്യോഗശാലയിലെ കനക-രജത-താമ്രങ്ങളുടെ കിലുകിലാരവം കർണ്ണങ്ങളിൽ സംഘട്ടനം ചെയ്യുന്നതിനിടയിൽ ബബ്ലേശ്വരന്റെ ഒരു 'ചോബ്ദാർ' എത്തി. മഹമ്മദീയാചാരങ്ങളോടെ ഒരു സന്ദേശത്തെ സമർപ്പിച്ചു. കൊടന്ത ആശാനായ മാന്ദിയുടെ ഭയപ്പാടിനിടയിൽ, അജിതസിംഹരാജാവ് അന്ന് വൈകുന്നേരംതന്നെ നന്തിയത്തുമഠത്തിൽ, ഗൃഹനായകനെ അഥവാ അവിടത്തെ സുന്ദരി യുമത്തെ – സന്ദർശിപ്പാൻ എത്തുമെന്ന് ധരിപ്പിച്ചത് അയാളുടെ ദിഷ്ടവിശേഷത്താൽ ആ സന്ദേശം മുഖേന പരമാർത്ഥീഭവിച്ച് തന്റെ ഗൃഹത്തെ ഒരു മഹാരാജ്യാധിപൻ നഖവജ്രമരീചികൾകൊണ്ട് ഭ്രസ്വത്താക്കാനെഴുന്നെള്ളുമ്പോൾ നന്തിയത്തുമഠം സാക്ഷാൽ ചിലമ്പിനഴിയമായിരുന്നു എങ്കിൽ ആ സല്ക്കാരമഹത്തെ ഒരു വിധം അന്തസ്സിൽ പര്യവസാനിപ്പിക്കാമായിരുന്നു എന്നുള്ള ക്ലേശപാരവശ്യത്തോടെ, ഉദ്യോഗകൃത്യത്തെയും കാലേക്കൂട്ടി അവസാനിപ്പിച്ചുകൊണ്ട്, ഉണ്ണിത്താൻ സ്വഭവനത്തിലേക്ക് മടങ്ങി. ഇട്ടുണ്ണിക്കണ്ടപ്പൻ കാര്യക്കാരുടെ കല്പന അജിതസിംഹന് ബ്രഹ്മശാസനമായിരുന്നു എന്ന് വായനക്കാർക്ക് ഈ സംഭവംകൊണ്ട് ബോദ്ധ്യമാകുമല്ലോ.

രാജസല്ക്കാരകൻ ആയ ഉണ്ണിത്താൻ തന്റെ ജാമാതാവോടല്ലാതെ ഇതരജീവികളോട് ബന്ധമില്ലെന്നുള്ള നാട്യത്തിൽ നന്തിയത്തുമഠത്തിനകത്ത് കാര്യനിർവ്വഹണം തുടങ്ങി. താൻ വീക്ഷണദാനംകൊണ്ടെങ്കിലും അനുഗ്രഹിച്ചിട്ടില്ലാത്തതായ തുപ്പുകാരികൾ, വെള്ളംകോരികൾ മുതലായ ദാസവൃന്ദത്തെയും വരുത്തി, വൈവസ്വതമനുവിന്റെ കാലം മുതൽ

അന്നുവരെയുള്ള സൃഷ്ടിവിധാനക്രിയകൾ നിർവ്വഹിക്കേണ്ട ഭാരം തന്നിൽ ചുമലുന്നതുപോലെയുള്ള വ്യഥയോടെ അവരെക്കൊണ്ട് തളങ്ങളും മുറ്റങ്ങളും കുളക്കടവിലെ പടികളും ദ്വാരപ്രദേശവും നിരകളും ചുവർക്കെട്ടുകളും മിനുസമാക്കിച്ചു. മാർജ്ജനകർമ്മകാരികളെക്കൊണ്ട് ഭൂമിയിലെ മണൽത്തരികളെ യഥാക്രമം പടുപ്പിക്കുന്ന കർമ്മത്തിലും അദ്ദേഹംതന്നെ മേൽനോട്ടം വഹിച്ചു. തന്റെ അഭ്യാസമണ്ഡലത്തോട്ട് സംബന്ധമില്ലാത്തതായ ആ വിഷയത്തിലെ അജ്ഞതനിമിത്തം, ഉണ്ണിത്താൻ സാഹസിയായി ഭൃത്യജനങ്ങളുടെ ചടങ്ങുകളെക്കുറിച്ച് അനുപദം കോപിച്ചും ശപിച്ചും അഷ്ടി മുടക്കുമെന്ന് ഭീഷണിപറഞ്ഞും ശാസിച്ചു. നാളികേരവൃക്ഷങ്ങളുടെ ഹരിതച്ഛവിയെ ഭംഗപ്പെടുത്തുന്ന ശുഷ്കശകലങ്ങളെ ആ സാഹിത്യരസികൻതന്നെ ശ്രദ്ധിച്ച് മാറ്റിച്ചു. സന്ധ്യയായിട്ടും നിയമപ്രകാരമുള്ള നാമജപങ്ങൾക്കും മറ്റും വട്ടംകൂട്ടാതെ, ഉണ്ണിത്താൻ ഭവനദ്വാരത്തിലെ വെങ്കലവിളക്കുകളെ ലക്ഷ്മീസമാരാധനത്തിന് ഉചിതമായ താലപ്പൊലിവിളക്കുകൾ ആക്കുന്നതിന് ആർത്തശ്രമനായി ഉഴന്ന് ആ പണി തൃപ്തികരമാംവണ്ണം നിർവ്വഹിക്കപ്പെടുന്നില്ലെന്നുള്ള രോഷത്തോട്ട് ദ്രുതഗമനം ചെയ്യുന്ന സമയത്തെയും ശപിച്ചുകൊണ്ട്, വിളക്കുകളിൽ പന്തക്കുറ്റികൾപോലെ പ്രകാശിക്കുന്ന ദീപശിഖകളും ജ്വലിപ്പിച്ച്, രണ്ടുമൂന്ന് കഥകളിവിളക്കുകൾകൊണ്ട് വരാന്തയെയും ഓരോന്നുകൊണ്ട് തളങ്ങളെയും പ്രശോഭിപ്പിച്ചു. മൻതളമായ സല്ക്കാരതളിമത്തിൽ ഇന്ദ്രചാപവർണ്ണങ്ങളിലുള്ള ലതാകുസുമാദികളുടെ ഛായകളാൽ ചിത്രീകൃതമായ ഒരു രത്നകമ്പളം വിരിച്ച്, പ്രഭുഗൃഹയോഗ്യമായ മഹിമാവ് അതിനും ചേർത്ത് വരാന്തയിൽനിന്ന് നോക്കി. താടിയെ കശക്കിയും നേത്രങ്ങളെ നോവിച്ചും ചിന്തിച്ചപ്പോൾ കമ്പളമാത്രംകൊണ്ട് അവിടുത്തെ അലങ്കാരവും പരിപുഷ്ടമാകുന്നില്ലെന്ന് തോന്നി. അദ്ദേഹം അല്പനേരം കൈകുടഞ്ഞുകൊണ്ട് നടന്നു. ഈ അസംതൃപ്തിയാൽ ബുദ്ധിക്കുണ്ടായ മഥനത്തിന്റെ ഫലമായി ഒരു യുക്തി, പാലാഴിമങ്കയെപ്പോലെതന്നെ, അദ്ദേഹത്തിന്റെ മനഃക്ഷീരാബ്ധിയിൽ ഉദയം ചെയ്തു. സ്വഭവനത്തിന്റെ ജന്മസാഫല്യം നിറവേറ്റുവാൻ എഴുന്നള്ളുന്ന രഘുവംശ്യന്റെ സൽക്കാരത്തിന് ആ വൈദികോത്തംസം ഗ്രന്ഥപ്പുരയ്ക്കകത്ത് കടന്ന്, 'രഘുവംശ'കർത്താവെയും സമാനയശസ്കന്മാരെയും ഒന്ന് അപമാനിക്കുവാൻതന്നെയും മുതിർന്നു. ശ്രീഹർഷപ്രഭൃതികൾ നിപതിതന്മാരായി ആ ചിരഞ്ജീവികളെ ഭൃസമ്പർക്കം കൂടാതെ രക്ഷിച്ചുപോന്നിരുന്നതും വെള്ളക്കാരന്മാരെ സല്ക്കരിപ്പാൻ ചിലമ്പിനഴിയത്ത് ചന്ത്രക്കാരൻ സമ്പാദിച്ചുവച്ചിരുന്നതും ആയ ഒരു ലന്തക്കസേരയെ അലങ്കാരപുഷ്ടിക്കായി അപഹരിച്ചു, നീരാഴിയിൽ സ്നാനം ചെയ്യിച്ച് തുടപ്പിച്ചപ്പോൾ, ആ പാശ്ചാത്യപീഠം കരകൗശലത്തിന്റെ ഒരു അത്ഭുതമാതൃകയായി പരിലസിച്ച് മുമ്പറഞ്ഞ കംബളത്തിന്റെ മദ്ധ്യത്തിലുള്ള സരോരുഹച്ഛായയിന്മേൽ സ്ഥാപിച്ചപ്പോൾ, അത് ചക്രവർത്തിപൃഷ്ഠങ്ങളെ വഹിപ്പാനുള്ള ഒരു കമലഭദ്രാസനമായിത്തന്നെ വിളങ്ങി. ഉണ്ണിത്താന്റെ ഇംഗിതാനുസാരം നക്ഷത്രതതിയും മേഘശൂന്യമായുള്ള നീലാകാശത്തിൽ അണിനിരന്നപ്പോൾ, ഭവനലക്ഷ്മിയും വിശ്വലക്ഷ്മിയും ഒരുപോലെ തെളിഞ്ഞു മന്ദഹാസം ചെയ്യുന്നു എന്ന് അദ്ദേഹത്തിന്റെ കാവ്യരസജ്ഞത ഉൽപ്രേഷിച്ചു.

ഇങ്ങനെ സന്തുഷ്ടിനിലയെ പ്രാപിച്ച് നടക്കുന്നതിനിടയിൽ എന്തോ ഒരു ന്യൂനതയുണ്ടെന്നുള്ള ശങ്ക അദ്ദേഹത്തിന്റെ ഹൃദയത്തെ വീണ്ടും ചലിപ്പിച്ചുതുടങ്ങി. ഭൃത്യജനങ്ങളുടെമേൽ പല കുറ്റങ്ങളും ആരോപിച്ചുകൊണ്ട് ആ സദ്വൃത്തൻ പല്ലുകൾ ഞെരിച്ചു, "തിന്ന്

നശിപ്പിക്കുന്ന സാമദ്രോഹികൾ" കേൾക്കാതെ ചില സമസ്തപദങ്ങൾ മന്ത്രിച്ചു. ഈ പ്രയോഗംകൊണ്ട് ആശയമണ്ഡലത്തെ വിശദദ്ദക്കാക്കിയപ്പോൾ, തന്നെ വ്യാകുലപ്പെടുത്തുന്ന അവസ്ഥ എന്തെന്ന് അദ്ദേഹം ദർശിച്ചു. അന്തഃപുരത്തിൽ പ്രവേശിച്ച് സാവിത്രിയെ വരുത്തി, അവളുടെ അലങ്കാരത്തെ ആപാദമസ്തകം ഒന്നു നോക്കീട്ട് ആജ്ഞാലംഘിനിയുടെ കർണ്ണപുടങ്ങളിൽ ചില കോപപ്രഭാഷണങ്ങൾകൊണ്ട് താഡിച്ചു, അവളെ ശിക്ഷിച്ചു. "എന്റെ കുഞ്ഞിന്റെ വഴിക്ക് ഗുരുത്വം പോയിട്ടില്ല. ആ ത്രിവിക്രമൻ വന്നപ്പോളത്തെ വേഷം ഇന്ന് തോന്നാതെപോയോ? ഇവന്റെ ഇഷ്ടപ്രകാരം ഒരു തിരുമേനിതന്നെ എഴുന്നള്ളുമ്പോൾ അപമാനിക്കാൻതന്നെ നിങ്ങൾക്ക് തോന്നും. വർഗ്ഗം അതല്ലയോ? ഏറെപ്പറയുന്നില്ല. ഈ ദരിദ്രവേഷം-" എന്നു പറഞ്ഞ് ഒരു ചൂണ്ടിക്കാട്ടലും കഴിച്ചപ്പോൾ "ഒരുങ്ങാനുംമറ്റും ഉത്തലവാവാണ്ട് ഇങ്ങനെ ചണ്ടപിടിച്ചോണ്ടാലോ? പെണ്ണാപ്പിറന്നവര് വല്യങ്ങത്തെപ്പോലെ ഏടുമ്മറ്റും പരിച്ചിറ്റൊന്റോ?" എന്ന് ഒരു വാദം പുറപ്പെട്ടത് കേട്ട് അതിന്റെ ന്യായതയെ സമ്മതിക്കുന്ന ഭാവത്തിൽ ആ സാത്വികപ്രധാനൻ അവിടെ നിന്ന് മണ്ടി. അടുത്തപോലുള്ള കോപനടനത്തിന് സ്വീകരിച്ചത് ഭാര്യയുടെ ശയ്യാരംഗം ആയിരുന്നു. ആ സ്ഥലത്തെ ചടങ്ങിൽ പ്രയോഗിക്കപ്പെട്ടത് പ്രശാന്തനിന്ദനമെന്നുള്ള ഗംഭീരരസമായിരുന്നു. "ഇതാ, ദയയുണ്ടെങ്കിൽ രണ്ട് നാഴികനേരം ഈ ജ്യേഷ്ഠാവേഷം ഒന്ന് കളഞ്ഞിട്ട് കിടന്നുകളയരുതോ?" എന്നുള്ള സോൽപ്രാസപ്രകടനത്തിന് മറുപടിയായി, ആ മഹിയന്റെ ഭയവ്യസനങ്ങളെ ഭഗവൽസമക്ഷമെന്നപോലെ തുറന്നുപറഞ്ഞു: "ഇതെല്ലാം തോന്നുന്നത് എന്റെ കർമ്മം! ഞാൻ സഹിക്കാം. സാവിത്രിക്ക് ഇത് രസിക്കയില്ല."

ഉണ്ണിത്താൻ: "രസിക്കുലാന്ന് എനിക്കറിയാം. രസം തോന്നിക്കാൻ ഞാൻ അവകാശപ്പെടുന്നുമില്ല."

മീനാക്ഷിഅമ്മ: "ഇതെന്ത് കഥയോ? എന്തായാലും അവൾ വല്ല കിണറ്റിലോ കുളത്തിലോ ചാടിച്ചാവുന്നെങ്കിൽ എന്ത് അവമാനം?"

ഇങ്ങനെ പറഞ്ഞുകൊണ്ട്, ആ തളത്തിലെ സംഭവങ്ങൾക്ക് സാക്ഷികളായി പ്രവർത്തനം ചെയ്തുകൊണ്ടിരുന്ന രണ്ട് ബന്ധുഭഗവാന്മാരെയും സ്തംഭിപ്പിക്കുമാറ് "ഭഗവാനേ!" എന്നുള്ള ഒരു പ്രാർത്ഥനാക്രോശത്തെയും ആ മഹതി മുക്തമാക്കി. സർവഥാ ധർമ്മാനുസ്യതിയെ ദീക്ഷിച്ചിരുന്നതിനാൽ, ഉണ്ണിത്താന്റെ സൂക്ഷ്മാത്മാവ് ഭഗവൽപ്പാദങ്ങളെ നിർദ്ദേശിച്ചുള്ള ഈ സംബോധനത്തിൽ ഹതപ്രജ്ഞനായി, അദ്ദേഹം കിഴക്കെ വരാന്തയിലേക്ക് പാഞ്ഞു.

ആ നിശാകാലം നാഴിക ഏഴ്, എട്ട്, ഒൻപത് എന്ന് തരണം ചെയ്തു, പത്തിൽ എത്തീട്ടും ബബ്ലേശ്വരന്റെ പുറപ്പാട് കണ്ടില്ല. അതിനാൽ, അന്നത്തെ ഉദയഭക്ഷണത്തിനുശേഷം ഉപവാസത്തിൽ കഴിയുന്ന ഉണ്ണിത്താന്റെ ദമപ്രഭാവത്തിന് അവസാനം നേരിട്ടുതുടങ്ങി. ജനബാഹുല്യം കൊണ്ട് ആ കാലത്ത് അതിനിബിഡമായിത്തീർന്നിട്ടുള്ള ആ നഗരം യോഗനിദ്രയെ അവലംബിച്ചപോലെ നിശ്ചൈതന്യനിലയിൽ വർത്തിക്കുന്നു. പക്ഷേ,

അവിഹിതമെന്നു ലോകരാൽ ഗണിക്കപ്പെടാവുന്ന തന്റെ ഉദ്യമം പ്രകൃതിദേവൻതന്നെയും ഈ വിധം ഗോപനം ചെയ്യുന്നു എന്ന മനോധർമ്മപഞ്ചാമൃതംകൊണ്ടു് അദ്ദേഹം തന്റെ ക്ഷുദ്രാഹങ്ങളെ പോക്കി. കൊടന്തയെയും ഒരു ഭൃത്യനെയും വിളിച്ചു് അജിതസിംഹന്റെ തിരുവുള്ളം ഒന്നുകൂടി അറിഞ്ഞു് വരുവാൻ ആജ്ഞകൾ കൊടുക്കുന്നതിനിടയിൽ, ചില അകമ്പടിക്കാരുടെ പരിചകളും ഖഡ്ഗങ്ങളും പ്രവേശനദ്വാരത്തിലെ ദീപപ്രകാശത്തെ പ്രതിഫലിപ്പിച്ചു തിളങ്ങി. ബ്രഹ്മദേവന്റെ ആഗമനം കണ്ട പൗലസ്ത്യനെപ്പോലെ ഉണ്ണിത്താൻ മുറ്റത്തിറങ്ങി, അജിതസിംഹനെ എതിരേൽപ്പാൻ മുന്നോട്ടു് നടകൊണ്ടു. സാവിത്രിയായ ഗൃഹച്ഛിദ്രകാരിണിയെ ആ ഭവനത്തിൽനിന്നു് ലോകസമ്മതമായ ന്യായമാർഗ്ഗേണ നിഷ്കാസനം ചെയ്യുവാനുള്ള ക്രയയുടെ ആരംഭഘട്ടമായ ആ മുഹൂർത്തത്തിൽ, ഉണ്ണിത്താന്റെ മനസ്സു് ഒരു ചാരിതാർത്ഥ്യമധു ആസ്വദിച്ചു. വലതുകൈയാൽ ഒരു വടിവാൾ ഏന്തിയും ഇടതുകൈയിൽ ധരിച്ചിരിക്കുന്ന ഉറുമാലാൽ വക്ഷസ്സിനെ വീശിയും പാദുകങ്ങൾകൊണ്ടു 'ശഠഃ ശഠഃ' എന്ന സമ്മതത്തെ ധ്വനിപ്പിച്ചും അജിതസിംഹൻ കൗരവേന്ദ്രപ്രഭാവനായി, ദ്വാരപ്രദേശത്തെ തരണം ചെയ്തു്, ഗൃഹാങ്കണത്തിൽ പ്രവേശിച്ചു. ഒരു വിദ്വൽസഭയിലെ ഭൂഷണമായിത്തീരുവാൻ പാണ്ഡിത്യമുള്ള ഉണ്ണിത്താൻ സ്വപിതാവിൽനിന്നു് സിദ്ധമായ ഔദ്ധത്യത്തിൽ അഞ്ജലിബദ്ധത്തോടെ അല്പംമാത്രം ശിരഃകമ്പനം ചെയ്തു് രാജാതിഥിയെ വന്ദിച്ചു. അദ്ദേഹത്തിന്റെ അന്തേവാസിയെ കുരങ്ങാടിച്ച അജിതസിംഹൻ ന്യൂനോപചാരക്കാരനായ ഗുരുനാഥനെയും തുല്യന്യത്തം ചെയ്യിക്കുന്നുണ്ടെന്നു് ആലോചിച്ചുകൊണ്ടു് പാദുകങ്ങളെ വരാന്തയിൽ നിക്ഷേപിച്ചു. അരക്ഷണനേരം ഉള്ളിലുദിച്ച ഒരു ശങ്കാവേശത്താൽ അജിതസിംഹൻ സ്വാത്മപ്രസാദാർത്ഥം പരിസരത്തെ വീക്ഷണം ചെയ്യുന്നു എന്നു് നടിച്ചുകൊണ്ടു് ലന്തക്കസേരയിൽ ഇരിക്കാതെ നിലകൊണ്ടു്. താൻ ചരിക്കുന്ന രാശീചക്രത്തിലെ സൗരി ആ ഗൃഹനായകനെ വീക്ഷണംചെയ്തു് രക്ഷിക്കുന്നു എന്നു് സ്മരിക്കുകയാൽ മാത്രം അജിതസിംഹൻ സങ്കോചപ്പെട്ടതായിരുന്നു. എന്നാൽ ആ വിശ്വവിശാലമായ ഗ്രഹമണ്ഡലത്തിലെ ഭാസ്കരശക്തി സർവ്വോപരി പ്രധാനമായി ഭാസ്വത്താകേണ്ടതാണെന്നുള്ള വിചാരം, ശ്രീകൃഷ്ണാഗമനത്തിലെ സുയോധനത്വം അഭിനയിച്ചു് ആസനസ്ഥനാകാൻ അജിതസിംഹനെ പ്രഗല്ഭനാക്കി. അദ്ദേഹം ലന്തക്കസേരയിന്മേൽ ഒരു സാവധാനതാളം മേളിച്ചും ശൃംഗാരരവിവിധത്വങ്ങളെ അഭിനയിച്ചും ഉണ്ണിത്താനോടു് പ്രപഞ്ചോല്പത്തിയെക്കുറിച്ചു് സംവാദം തുടങ്ങി. ഭാവി മരുമകന്റെ ഗോഷ്ടിമയമായുള്ള പ്രഥമപ്രശ്നം ബുദ്ധിക്കു് അപ്രമേയമായ ഒരു ദൂരകാലസംഭവത്തെക്കുറിച്ചായിരുന്നതു് പാണ്ഡിത്യത്തിന്റെ വിശാലതയും ഗഹനതയും കൊണ്ടാണെന്നു് ഉണ്ണിത്താൻ തല്ക്കാലത്തേക്കു് സമാധാനപ്പെട്ടു. ദൂരത്തുവാങ്ങിനിന്നു്, ഗുരുനാഥന്റെ നടപടികൾ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്ന കൊടന്തയാശാൻ ഉണ്ണിത്താന്റെ അന്തർഗതികളെ സൂക്ഷ്മമാനം ചെയ്തതിനാൽ, അദ്ദേഹത്തിന്റെ ശുദ്ധഗതിയോ രാജസിംഹന്റെ ചാപല്യങ്ങളോ തനിക്കു് കിട്ടാൻപോകുന്ന കാര്യക്കാരുദ്യോഗത്തെ കന്തത്തിലാക്കുകയോ പറപാണ്ടയുടെ ഖഡ്ഗനിപാതത്തിനു് തന്റെ കണ്ഠത്തെ വിഷയീഭവിപ്പിക്കുകയോ ചെയ്യരുതേ എന്നു് അയാളുടെ നിതാന്തശ്രമങ്ങളാൽ ദ്രോഹിക്കപ്പെടുന്ന വൈഷ്ണവശക്തിയെത്തന്നെ പ്രാർത്ഥിച്ചു. ഈ അത്മീയക്രിയ കഴിഞ്ഞ ഉടൻ പടിവാതുക്ക

ലെ ദീപപ്രകാശത്തിനിടയിൽനിന്നു, ചില ആംഗ്യങ്ങൾ കാണുകയാൽ അങ്ങോട്ട് നടന്ന് അജിതസിംഹന്റെ അകമ്പടിക്കാരുടെ ഇടയിൽ നായകസ്ഥാനം ഏറ്റു.

പ്രപഞ്ചോല്പത്തിയെക്കുറിച്ചുള്ള സംഭാഷണരംഗം ഇങ്ങനെ ഭവനത്തിന്റെ പൂർവഭാഗത്ത് ആശാനായ അല്പാംഗൻ കാൺകെ ആരംഭിച്ചപ്പോൾ, പ്രപഞ്ചകാരിയുടെ കൗശലശാശ്വതയെ പരിപാലിക്കുന്നതായ ഒരു രംഗം കാമദേവനായ അനംഗന്റെ ആഭിമുഖ്യത്തിൽ അദ്ഭുതപൂർവമായുള്ള ചടങ്ങുകളോടെ അപരഭാഗത്ത് അഭിനീതമായി. അച്ഛന്റെ ആജ്ഞാനുസാരം സാവിത്രിക്കുട്ടി ഗൗരവധീമതിയായുള്ള ഒരു കന്യകയ്ക്ക് ചേർന്ന വേഷം ധരിച്ച് അദ്ദേഹത്തിന്റെ ആരംഭത്തെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സ്വസുഖാദർശങ്ങളെക്കൂടി ബലികഴിക്കുകയില്ലെന്നുള്ള പ്രതിജ്ഞയോടെ, സ്ഥിതിചെയ്തിരുന്നു. ഈ സിദ്ധാന്തസ്ഥിതിയിൽ കുഞ്ഞിപ്പെണ്ണിന്റെ മൃഷികസ്വനം ക്രമത്തിലധികമായുള്ള മൃദുലതയോടെ "ഇഞ്ഞമ്മെ, ഞമ്മെ!" എന്ന് സംബോധനം ചെയ്യുന്നതായി വാതുക്കൽ കേട്ടുതുടങ്ങി. "പേപിടിച്ച പെണ്ണ്-ഉല്ലസിപ്പാൻ കണ്ട സമയം" എന്ന് കയർക്കുന്നതിനിടയിൽ ആ ദാസി ഒരു വീരശൃംഖലയെ സ്വനായികയുടെ മടിയിൽ സമർപ്പിച്ചു്. അതിന്റെ ലബ്ധിചരിത്രത്തെ കുഞ്ഞിപ്പെണ്ണിൽനിന്നുതന്നെ കേട്ടറിഞ്ഞിരുന്ന സാവിത്രി സർവ്വാംഗപുളകിതയായി "ആരു് കൊണ്ടുവന്നു?" എന്ന് മാത്രം ചോദിച്ചു, "ഒച്ചങ്ങീന്നുതന്നെ" എന്ന് പറഞ്ഞു്, അദ്ദേഹം പടിഞ്ഞാറെപ്പറമ്പിൽ കാത്തുനിൽക്കുന്നു എന്ന് നേത്രാഞ്ചലംകൊണ്ടു് ആ പ്രായത്തിലും വിദഗ്ദ്ധദൂതിയായിരിക്കുന്ന കുഞ്ഞിപ്പെണ്ണ് ധരിപ്പിച്ചു. സാവിത്രി ത്വടുതിയിൽ എഴുന്നേറ്റു് ചിന്താപരവശയായി നിലകൊണ്ടു. "അപ്പുറത്തും ഇപ്പുറത്തും ഒരേ മുഹൂർത്തത്തിൽ എത്തിയിരിക്കുന്നതു് കണ്ടില്ലയോ! ഈ തമ്പുരാന്റെ വരവുണ്ടെന്ന് എങ്ങനെ അറിഞ്ഞു്? ചാടിപ്പുറപ്പെട്ടിരിക്കുന്നു! വല്ല ശണ്ഠയും പക്ഷേ, കൊലയും നടന്നേക്കാം. പരമസാധു അച്ഛന് വല്യ അപമാനം ആകും. ഞങ്ങൾ പിന്നെ ഇരുന്നിട്ട് ഫലമെന്ത്?" ഇങ്ങനെ ചിന്തിച്ചുകൊണ്ടു് സാക്ഷാൽ ശങ്കരഭഗവാന്റെ നേർക്ക് യുദ്ധത്തിന് പുറപ്പെട്ട ദേവി തടാതകയുടെ പൗരുഷപ്രകർഷത്തോടെ നടതുടങ്ങി. ഇരുട്ടിനിടയിൽ, മുഖദർശനംകൊണ്ടു് ഭാവഗതി അറിയുവാൻ പാടില്ലാതെ ത്രിവിക്രമകുമാരൻ മുമ്പോട്ടു് നീങ്ങി. ആ യുവാവും സാവിത്രിയോട് ഒരു അവസാനസമരത്തിനുതന്നെ പുറപ്പെട്ടിരിക്കയായിരുന്നു. ആ കുമാരന്റെ പുറപ്പാടു് കണ്ട്, "ഇതെന്തോന്ന് ചേട്ടാ?" എന്ന് സഗൗരവം സാവിത്രി ചോദിച്ചു.

ത്രിവിക്രമകുമാരൻ: "എന്നുതന്നെ ഞാനും ചോദിക്കുന്നു്. തിരുവനന്തപുരത്ത് തിരിച്ചെത്തിയപ്പോൾ, ഞാൻ പല കഥകളും കേട്ടു. എന്റെ സാവിത്രിക്കുട്ടിയല്ലയോ എന്ന് വിചാരിച്ചു്, ഞാൻ ഒന്നും വിശ്വസിച്ചില്ല. ഇന്നാൾ കണ്ടപ്പോഴും എന്നെ മിരട്ടി അയച്ചു."

സാവിത്രി: "മിരട്ടിയെന്നോ ചേട്ടാ! ആ വാക്ക് എവിടുന്ന് പഠിച്ചു?"

ത്രിവിക്രമകുമാരൻ ഉത്തരംമുട്ടി എങ്കിലും കോപത്താൽ തുള്ളിവിറച്ചുകൊണ്ടു്: "ഞാൻ ഇപ്പോൾ അവനെക്കൊല്ലും, സംശയമില്ല. തടയുന്നത് ആരെന്ന് കാണട്ടെ. എനിക്ക് വന്നുകൂടാ. അവനെ ക്ഷണിച്ചെഴുന്നള്ളിക്കാം! ആഹാ!"

സാവിത്രി: "കൊന്നാൽ ഭംഗിയായി! പിന്നത്തെ അപമാനം കാണ്മാൻ അമ്മയും ഞാനും ശേഷിക്കുമെന്ന് വിചാരിക്കേണ്ട. ഇതെന്ത് ദുസ്സ്വഭാവം? വീരന്മാർക്ക് ഒരു നില വേണ്ടയോ? പോറ്റീടെ അടുത്തുനിന്ന് കുറച്ചുകൂടി പഠിക്കേണ്ടതായിരുന്നു. ദിവാൻജി അമ്മാവന്റെകൂടി താമസിച്ചിട്ടും അവിടുത്തെ അമർച്ച ഇത്തിരിയെങ്കിലും പഠിച്ചില്ലല്ലോ!"

ത്രിവിക്രമകുമാരൻ: "ഞാൻ എന്തു ചെയ്യും? ജാതീന്ന് തള്ളി കഷ്ടപ്പെടുമ്പോൾ വെറുതേ ശകാരിക്കയുംകൂടി ചെയ്യരുത്. സാവിത്രിക്കുട്ടിക്ക് അല്ലെങ്കിലുംതന്നെ ദയ എന്നൊന്നില്ല."

സാവിത്രി: "ചേട്ടനു ക്ഷമയുമില്ല. ആളും തരവും അറിവാനും പാടില്ല. കൂടിക്കളിച്ച ചേട്ടൻ തീരെ മാറിപ്പോയി. ജാതിയിൽനിന്ന് തള്ളിയോ? ആര്? പോണം, വീരശങ്ങല എന്റെ കൈയിലിരിക്കും. എന്റെ പൊന്നുചേട്ടൻ എന്തായാലും ഇപ്പോൾ പോകണം. പറയുന്നത് കേൾക്കണം."

ത്രിവിക്രമകുമാരൻ: (അക്ഷമകൊണ്ടുള്ള പേപറച്ചിലായി) "കൂടി എടുത്തുകൊണ്ട് പൊയ്ക്കൊള്ളാം. അത് പരിചയിച്ചവനല്ലയോ? എന്റെ ജീവനെങ്കിൽ കൂടിപ്പോരിക. അല്ലെങ്കിൽ എന്റെ സാവിത്രിയെ ഞാൻ പിന്നെ എന്ന് കാണും? യുദ്ധത്തിന് ഇന്നോ നാളെയോ പോകേണ്ടിവരും. ഈ മുടിഞ്ഞ കന്നക്കോലുകാരൻ തമ്പുരാൻ ഇവിടെ കിടക്കുകയും ചെയ്യും."

സാവിത്രി: "പോയി ജയിച്ചുവരണം. ഇയ്യാൾ ഇവിടെ കിടക്കട്ടെ. ചേട്ടനെന്തുചേതം?"

ത്രിവിക്രമകുമാരൻ: (കണ്ഠം ഇടറി) "പിന്നെ വന്നില്ലെങ്കിലോ?"

സാവിത്രി: "രണ്ടായാലും ഞാൻകൂടിയുണ്ട്. പൊയ്ക്കൊള്ളണം. അച്ഛനും അമ്മയും അറിയരുത്."

ത്രിവിക്രമകുമാരൻ: "സാവിത്രിയെ അച്ഛൻ നിർബന്ധിച്ചാലോ?"

സാവിത്രി: "ഞാൻ അല്ലെങ്കിൽ എന്റെ ആത്മാവു കൂടിയുണ്ട് എന്നു പറയുന്നു. ഈശ്വരനല്ലേ സാക്ഷി? ഇനി നടക്കണം."

ത്രിവിക്രമകുമാരന്റെ ഹസ്തം മുമ്പോട്ടു നീട്ടപ്പെട്ടു. അതിന്മേൽ പതിഞ്ഞത് കങ്കണവലയിതങ്ങളായ പാണിദ്വന്ദ്വം ആയിരുന്നു. ആരാധിതനാകുന്ന പുരുഷനിൽ സ്വാത്മാനന്ദത്തെ സകൃപം സമർപ്പണം ചെയ്യുന്നതിൽ സ്ത്രീമഹത്വം പ്രത്യക്ഷമാകുന്നു. ആ വർഗ്ഗത്തിന്റെ പ്രേമം സൂര്യതാപത്തിൽ വാടിപ്പോകുന്ന കുസുമബലംപോലെ ആണ്. സാവിത്രിയിലോ പുരുഷത്വം മുന്നിട്ടുനിന്നിരുന്നു. എങ്കിലും വ്യസനം, ദുരന്തം എന്നിതുകളുടെ ദർശനത്തിൽ അവൾ അവലംബദായകമായുള്ള ഹസ്തത്തെ ആരാഞ്ഞുപോയി. ത്രിവിക്രമൻ സ്രഷ്ടാവാൽത്തന്നെ പ്രണയപ്രദാനത്തിന് ഉദ്ദിഷ്ടനായുള്ള ഒരു പ്രതിഷ്ഠയും ആയിരുന്നു. സാവിത്രി പ്രണയഭ്രാന്തയായി സ്വകാമുകന്റെ വക്ഷസ്സിൽ ദ്രുതപ്രപാതം ചെയ്തില്ലെങ്കിലും അവളുടെ ഹസ്തതലസമർപ്പണം ആ യുവഭാഗ്യവാനെക്കൊണ്ട് അയാളെ ആവരണംചെയ്തിരുന്ന

വായുവിൽ അവളുടെ പരിപാവനാത്മാവിന്റെ സൗരഭ്യത്തെ ശ്വസിപ്പിച്ചു. തൽഫലം ആ മനോഹരവപുസ്സുകൾ രണ്ടും പരിരംഭണക്രിയയിൽ സംയോജിച്ചു. കാരണം, പ്രകൃതിയാകുന്ന വിശ്വജൗതിഷിയോട് ചോദിച്ചറിഞ്ഞുകൊള്ളുക.

അജിതസിംഹന്റെ ഗൂഢോദ്ദേശ്യം അനുസരിച്ച് നടന്ന സംഭാഷണം അർദ്ധരാത്രിവരെ എത്തി. തന്നെ ഭരമേല്പിച്ചിട്ടുള്ള മർമ്മോദ്ദേശ്യങ്ങളെ നിർവഹിപ്പാൻ ഇനി പുറപ്പെട്ടുകൊള്ളാമെന്ന് നിശ്ചയിച്ച് അദ്ദേഹം ലന്തപീഠത്തിന്മേൽനിന്ന് ചാടി എഴുന്നേറ്റ് , രഹസ്യാലോചനയ്ക്കെന്നുള്ള പ്രത്യക്ഷനാട്യത്തോടെ ഉണ്ണിത്താന്റെ ഹസ്തം ഗ്രഹിച്ചുകൊണ്ട് പടിഞ്ഞാറേ മുറിയിലേക്ക് പാഞ്ഞു. ആ നരകന്റെ പ്രവേശനം ഭട്ടബാണഭവഭൂതികളുടെ നട്ടെല്ലുകൾ ഒടിച്ചു. ആ സംഘട്ടനങ്ങൾ തൃക്കാലുകളെ നോവിക്കുകയാൽ, അജിതസിംഹൻ തെന്നിമാറി അമരസിംഹന്റെ വാരിയെല്ലുകളിന്മേൽ പാദകമലങ്ങൾ ഉറപ്പിച്ച് നിലം പറ്റാതെ രക്ഷപ്പെട്ടു. അപകടഭൂയിഷ്ഠമായ ആ രംഗം ആലോചനയ്ക്ക് കൊള്ളുകയില്ലെന്ന് നിശ്ചയിച്ച് നമ്മുടെ രഘുപുംഗവൻ പുറത്തുചാടി ഒന്നുരണ്ടു തളങ്ങളെ തരണംചെയ്തു, ദീപത്താൽ പ്രശോഭിതമായുള്ള ഒരു മുറി കണ്ട് അതിനകത്തോട്ട് ചാടിക്കടന്നു. ജീവാന്തംവരെയുള്ള ആത്മബന്ധത്തിന് പ്രതിജ്ഞചെയ്തിട്ട് ആ ബന്ധത്തിന്റെ പവിത്രതയെക്കുറിച്ച് ധ്യാനത്തിൽ സ്ഥിതിചെയ്തിരുന്ന സാവിത്രി ആ വിരാട്ടിന്റെ അപ്രതീക്ഷിതവും അപമര്യാദയുമായുള്ള പ്രവേശനം കണ്ട് ചാടി എഴുന്നേറ്റ് ആ ഖലന്റെ നേർക്ക് ചില ജൃംഭകാസ്ത്രങ്ങൾ മോചിപ്പിച്ചു. അഭിമാനികളെ കാലപദം ചേർക്കുമായിരുന്ന ആ ശസ്ത്രങ്ങൾ അവയുടെ ലാക്കായ ഹൃദയത്തെ സാക്ഷാൽ പഞ്ചശരങ്ങളുടെ വൃഷ്ടിപാതംപോലെ രമിപ്പിച്ചു. തന്റെ ഹൃദയത്തെ ആനന്ദസേചനം ചെയ്ത ആ സൗഭാഗ്യമധുരിമയെ അജിതസിംഹൻ നേത്രങ്ങളായ രസനദ്വന്ദ്വത്താൽ ആസ്വദിച്ചുതുടങ്ങിയപ്പോൾ സാവിത്രി പ്രൗഢമായ ആദരവിനയങ്ങളോടെ ആ മുറിയിൽനിന്ന് നിഷ്ക്രാന്തയായി. ആ കനകചന്ദ്രികയുടെ അസ്തമയം അജിതസിംഹന്റെ ചിത്തവീഥിയിൽ അതിനിബിഡമായ തിമിരപടലത്തെ വ്യാപരിപ്പിച്ച്. മുറിക്കകത്ത് നടന്ന സംഭവങ്ങൾ കന്യകയുടെ സഖിയായ കുഞ്ഞിപ്പെണ്ണിന്റെ ഒരു മനോഹരസ്വപ്നത്തെ ഭഞ്ജിക്കുകയാൽ അവൾ ഞെട്ടി എഴുന്നേറ്റ് കണ്ട വഴിയേ ചാടി വസ്ത്രത്തിൽ തീ പിടിപ്പിച്ചു. ആ അനലപ്രസാദത്തെ നിരാകരിച്ചുണ്ടായ അവളുടെ സാഹസങ്ങൾ അറയെ പ്രശോഭിപ്പിച്ചുകൊണ്ടിരുന്ന ദീപത്തെയും പൊലിപ്പിച്ചു.

ഈ സംഭവം ഒരു ദുശ്ശകുനമായി അറയ്ക്കുള്ളിൽ നിന്നിരുന്ന രണ്ട് ഉദ്ധതകായന്മാരെയും പീഡിപ്പിച്ചു. പൊലിഞ്ഞ ദീപം ഉണ്ണിത്താന്റെ ശാസനയാൽ വീണ്ടും പ്രശോഭിപ്പിക്കപ്പെട്ടപ്പോൾ, മുമ്പിൽ നില്ക്കുന്ന പുരുഷൻ അതുവരെ തന്റെ പരിഹാസമർമ്മത്തെ ഓരോ ക്രിയയാലും മാന്തിക്കൊണ്ടിരുന്ന ജളപ്രവീണൻ അല്ലെന്ന് കണ്ട് ഉണ്ണിത്താൻ ആശ്ചര്യപ്പെട്ടു. ഇട്ടുണ്ണിക്കണ്ടപ്പന്റെ പ്രണിധിയായ ബബ്ലേശ്വരൻ തന്റെ രംഗപ്രകടനത്തിന്റെ ക്രമത്തെ കാര്യനിർവ്വഹണാരംഭത്തിന് ചേരുംവണ്ണം രൂപാന്തരപ്പെടുത്തിയിരിക്കുന്നു. സാവിത്രിയുടെ ശയ്യയിന്മേൽ ആസനസ്ഥനായിക്കൊണ്ട് ആ സമഗ്രകുടിലൻ അതുവരെയുള്ള ഭാഷാരീതിയെയും സ്വരവിശേഷങ്ങളെയും അല്പമൊന്നു മാറ്റി, പല രാജസ്ഥാനങ്ങളിലും പരിചയിച്ചിട്ടുള്ള ഒരു ഭരണനയാഢ്യന്റെ വൈഭവത്തെ പ്രകടിപ്പിച്ചുതുടങ്ങി. ആദ്യമായി ഉണ്ണിത്താന് ഒരു ആജ്ഞകൊടുത്തൻ അദ്ദേഹത്തെക്കൊണ്ട് അവിഹിതമായുള്ള ഒരു ദാസ്യത്തെ

അനുഷ്ഠിപ്പിച്ചു. "കേട്ടോ ഉണ്ണിത്താൻ! നോം പരസ്പരം ഹൃദയങ്ങൾ തുറന്ന് ശകലം കൈമാറുക. നമ്മടെ രഹസ്യങ്ങൾ വല്ലോരും ഉറ്റുകേട്ടാൽ അമാന്തം. ഒന്നു ചുറ്റിനോക്കിപ്പോരിക." ഈ രാജശാസനം കേട്ട് അജിതസിംഹൻ സിംഹാസനയോഗ്യനായ നയജ്ഞൻ തന്നെ എന്ന് അനുമാനിച്ചുകൊണ്ട് ഉണ്ണിത്താൻ ഗൃഹത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റിനടന്ന്, ചില ഊർജ്ജിതമായ നിഷ്കർഷകളാൽ ഭവനത്തിൽ ശേഷിച്ചിരുന്ന ആളുകളെ കേൾക്കാൻ പാടില്ലാത്ത ദൂരങ്ങളിൽ ആക്കി മടങ്ങി എത്തി, സമീപത്ത് ആരും ഇല്ലെന്ന് ഉണർത്തിച്ചപ്പോൾ, തന്റെ അകമ്പടിക്കാരും കൊടന്തയാശാനും എന്ത് ചെയ്യുന്നു എന്ന് അജിതസിംഹൻ പ്രത്യേകിച്ച് ചോദിച്ചു. ആ ആളുകൾ ആരെയും അവിടെയെങ്ങും കാണ്മാനില്ലെന്ന് ഉണ്ണിത്താൻ ധരിപ്പിച്ചപ്പോൾ എന്തോ സംഗതിയോ ആന്തരമായി അഭിനന്ദിക്കുന്ന ഒരു രസം അജിതസിംഹന്റെ മുഖത്ത് സ്ഫുരിച്ചു. ഇത് സൂക്ഷിക്കുകയോ ഗ്രഹിക്കുകയോ ചെയ്യാതെ നിന്ന ഉണ്ണിത്താനോട് അജിതസിംഹൻ ജാമാതൃസ്ഥാനം സ്വീകരിച്ചുള്ള നിലയിൽ അരുളപ്പാടുകൾ തുടങ്ങി. "ദേ, കാർണ്ണോരെ! എന്തായാലും നമ്മട ഭാഗ്യംകൊണ്ട് ഇന്നിങ്ങോട്ട് പോന്ന്. സാവിത്രീനെ പരിഗ്രഹിക്ക മനസാ ചെയ്തുകയിഞ്ഞു. വേണ്ട ക്രിയകൾ താമസിക്കാണ്ട് നടത്തുക. ഓള് കോലോത്ത് പോന്നാൽ വയിപോലെ, നോം രക്ഷിക്കും. അച്ഛനെ കാണണമെന്നാഗ്രഹിക്കാണ്ട് നോം പരിലാളിക്കും." ഈ ആർദ്രത ഉണ്ണിത്താന്റെ ഹൃദയത്തെയും ദ്രവിപ്പിച്ചു. "അതങ്ങനെ- ഇനീം നോം രണ്ടുപേരും മനുഷ്യര്. ക്രോധമത്സരങ്ങൾ എന്നവറ്റയ്ക്ക്-" (വിരമിച്ച് അവശ്യവിഷയത്തിൽ പ്രവേശിക്കുന്ന നാട്യത്തിൽ) " ദേ! ഒന്നു ചോദിച്ചോട്ടെ, ആ കേശോനേ-നിങ്ങടെ ദിവാൻജി-ഓനെ, വിവാഹത്തിന് ക്ഷണിക്കണോ? എന്താ ഭാവം?"

വിവാഹകാര്യം തീർച്ചപ്പെട്ടതിനാൽ, വിദ്വാനായ ഉണ്ണിത്താൻ മനസ്സുകൊണ്ടു ദിവസവും നിശ്ചയിച്ചിട്ട് ക്ഷണത്തിൽ മറുപടി പറഞ്ഞു: "ക്ഷണിച്ചേ തീരൂ എന്നവിധത്തിൽ ഞങ്ങൾ തമ്മിൽ ചാർച്ചയൊന്നുമില്ല. അടിയന്തിരം ചിലമ്പിനഴിയത്തുവച്ച് നടത്താമെന്ന് ആലോചിക്കുന്നതുകൊണ്ട് അത്ര ദൂരത്തും ഈ സമയത്തും അദ്ദേഹത്തെ കൊണ്ടുപോകുന്നത് വേണ്ടെന്നുവയ്ക്കാവുന്നതാണ്."

അജിതസിംഹൻ: (ഇട്ടുണ്ണിക്കണ്ടപ്പരുടെ നിയോഗങ്ങളിൽ ഒന്ന് നിർവ്വഹിക്കാനുള്ള തക്കം ഉണ്ടാവുകയാൽ) "ഹാ! ചെലമ്പിലിയയം! അതിന്റെ ദൗലത്ത് നോം കേട്ടിട്ടുണ്ട്. അവിടെ പാർക്കുന്ന കാർണ്ണോര്?"

ഉണ്ണിത്താൻ: "അടിയൻതന്നെയാണ് ഇപ്പോളത്തെ കാരണവര്."

അജിതസിംഹൻ: "അടിയനോ! ഐ! അലോഗ്യം! മുമ്പിലത്തെ കാർണ്ണോർ ഇപ്പയ്-?"

നെഞ്ചിൽ ഒരു ശൂലം കൊണ്ടതുപോലെ ഉണ്ണിത്താൻ മലരാൻ തുടങ്ങി. ആ ഇടയിൽ തനിക്ക് കിട്ടിയ ലേഖനത്തെ സ്മരിക്കകൂടി ചെയ്തയാൽ, അദ്ദേഹത്തിന്റെ മുഖം വിളറി, 'അങ്ങനെ സ്വരം താഴട്ടെ. എന്നാൽ വളയ്ക്കയേ പാടുള്ളു, ഒടിക്കാൻ പാടില്ല' എന്നിങ്ങനെ നിശ്ചയിച്ചുകൊണ്ട് അജിതസിംഹൻ മന്ദമായി ഒന്ന് ചിരിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ

കർണ്ണങ്ങൾ പരിസരസ്ഥിതികൾ ഗ്രഹിപ്പാൻ ഗാഢമായി ദത്തമാവുകയും ചെയ്തു. എങ്കിലും ഉണ്ണിത്താന്റെ ശ്രദ്ധ ആ അവസ്ഥകളിൽ പതിയാതിരിപ്പാൻ, അതിനെ തന്റെ നിയാമകശക്തിക്ക് അധീനമാക്കുന്നതിനുള്ള ആഭിചാരകർമ്മമായി സ്വസംഭാഷണത്തെ ഇങ്ങനെ തുടർന്നു: "എന്താ ചിന്തിച്ചുവന്നത്? ആ കേശവകുടിലന്റെ വിഷയം. ഓൻ-എന്താ ഓന്റെ ദുര! അകംതന്നെ-"

'നീചം' എന്നുള്ള അർത്ഥത്തിൽ വിരലുകൾ തെറിച്ചുകൊണ്ടു് കുലശേഖരപ്പെരുമാൾ ശ്രദ്ധാത്മാവാണെന്നും സമ്പാതി ആയി ഗുഹാവാസം അനുഷ്ഠിക്കുന്ന ആർക്കാട്ടു നവാബോടും 'ഇങ്കിരിയസ്സുകാർ' എന്നൊരുവക സിംഹദ്വീപന്മാരോടും 'ഓൻ' സഖ്യംചെയ്തിച്ചിരിക്കുന്നതു് തക്കംകിട്ടുമെങ്കിൽ ടിപ്പുവോടു് ആക്കി, ആ വ്യാഘ്രത്തിന് രാജ്യത്തെ പണയപ്പെടുത്തിക്കൊടുക്കുമെന്നും പ്രസംഗിച്ചു. ദിവാൻജിയെക്കുറിച്ചുള്ള ദുരഭിപ്രായത്തോടു് പൊതുവിൽ സഹൃദയത്വം അഭിനയിച്ചുകൊണ്ടു് രാജ്യകാര്യങ്ങളിൽ അദ്ദേഹം അമാനുഷവിദഗ്ദ്ധനും തൃപ്പാദങ്ങളെക്കുറിച്ച് നിസ്തുലഭക്തനും ആണെന്ന് ഉണ്ണിത്താൻ വാദിച്ചു. അജിതസിംഹൻ പൊക്കിയ ചുവടു് പുറകോട്ടു് വാങ്ങിക്കൊണ്ടു്, അടുത്ത അടി ഉയർത്തി.

ആനന്തരഭാഷണം, തിരുവിതാംകൂറിലെയും ടിപ്പുവിന്റെയും സേനാസന്നാഹങ്ങളുടെ പോരും പോരായ്മകളെക്കുറിച്ചുള്ള വിവേചനത്തിലേക്ക് തിരിഞ്ഞു. ടിപ്പുവിന്റെ സേനാധിപനാൽ നയിക്കപ്പെടുന്ന അക്ഷൗഹിണികൾ ഗോമാംസഭുക്കുകളായുള്ള രാക്ഷസന്മാരാണെന്നും കുലശേഖരപ്പെരുമാളെയോ സ്വകുലരാജ്യങ്ങളെയോ സ്വസമുദായാചാരങ്ങളെയോ കുറിച്ച് അഭിമാനമുള്ളവർ അനുഷ്ഠിക്കേണ്ട പദ്ധതികൾ ഇന്നിന്നതാണെന്നും അജിതസിംഹൻ, പരശുരാമൻ നടിച്ചു, ഗ്രാമം അറുപത്തിനാലിന്റെയും മുമ്പിലെന്നപോലെ അരുളിച്ചെയ്തു. മായാശസ്ത്രധാരികളായി ആക്രമിക്കാൻ അടുക്കുന്ന ഇന്ദ്രജിത്തുകളെ വെല്ലണമെങ്കിൽ, ബ്രഹ്മവൈഷ്ണവാദിശസ്ത്രങ്ങൾ പ്രയോഗിപ്പാൻ വിരുതുള്ള ഒരു പ്രത്യേകസൈന്യത്തെ, മഹാരാജാവെക്കുറിച്ച് നിർവ്യാജഭക്തിയുള്ള മഹാനുഭാവന്മാർ ശേഖരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടു് തന്റെ നാട്ടിൽനിന്ന് ഗൂഢമാർഗ്ഗങ്ങളിലൂടെ പതിനായിരത്തിൽപ്പരം പദാതിയെ താൻ വരുത്തുന്നുണ്ടെന്നുള്ള രഹസ്യത്തെയും പൊഴിച്ചു്. ഉണ്ണീത്താൻ സ്വരാജ്യഭക്തിയാൽ തെളിഞ്ഞു്, അഭിനന്ദനഭാവത്തിൽ ആ പ്രാസംഗികനെ നോക്കി നിന്നപ്പോൾ, ത്യാഗധീരനായ ആ നവചേരമാൻ ഇങ്ങനെ കല്പിച്ചു: "അതു പോരാ കാർണ്ണോരേ! ഓരേ ഉന്മേഷിപ്പിക്കാൻ ഇവിടെയും ചിലതുണ്ടാകുക- അല്ലാണ്ടെന്ത് നലം, കലം, ബലം?"

ഉണ്ണിത്താൻ: "അടിയൻ തിരുമനസ്സിലേക്കുവേണ്ടി എന്ത് ചെയ്‌വാനും ഒരുക്കമുണ്ടു്."

അജിതസിംഹൻ: "നാവുകൊണ്ടു് പറഞ്ഞാൽ മതിയോ? ആളും പൊരുളും, ഇറക്കിന്. കിടയായിട്ടു് പത്തുപരിഷയിനത്തരുവിന്. കളരിക്ക് കുറുപ്പും കയ്യുമുമാവാൻ മരുമഹനുണ്ടു്. വിശ്വസിക്കുക."

ഉണ്ണിത്താൻ: "കല്പനയുണ്ടെങ്കിൽ ഹാജരാക്കാം. മന്ത്രിയും സേനാനായകന്മാരും വേണ്ട വ്യവസ്ഥകൾ ചെയ്യുമ്പോൾ ഇടയ്ക്കു് ചാടി അടിയങ്ങടെ അനഭിജ്ഞതകൊണ്ടു് വല്ല അപകടങ്ങളും ഉണ്ടാക്കിയതായിവന്നുകൂടാ എന്ന് അടങ്ങി ഇരിക്കയാണ്."

അജിതസിംഹൻ: "കല്പനയോ? ഏതു് കല്പനയാണ് വേണ്ടതു്? നോം തരുന്നതു് കല്പനയല്ലേ? കുലശേഖരപ്പെരുമാൾ നമ്മൾക്കും കുലദൈവതമല്ലേ? അവിശ്വാസമെങ്കിൽ മരുമഹനാവട്ടെ- എന്താ അതു്? ആ പെണ്ണെത്തൊട്ട ഭഗവാൻ മറ്റു് വല്ലടത്തും അഷ്ടി തുടങ്ങിയോ? ഹേ! നരമേധമാണ്. ഹോ! കഷ്ടേ! ടിപ്പുവിന്റെ പട ഇങ്ങോട്ടു് കടന്നു കൂടീന്നോ? ഭയങ്കരം! ഭയങ്കരം!"

നന്തിയത്തുമഠത്തിന് രണ്ടുമൂന്ന് പറമ്പിട വടക്കുള്ള കാരാഗൃഹത്തിൽനിന്ന് പ്രക്ഷോഭകരമായ ഒരു മഹാരവം പൊങ്ങുന്നുണ്ടെന്ന് ഉണ്ണിത്താൻ ഗ്രഹിച്ചു, സംഗതി ആരാഞ്ഞു വരാൻ ഭൃത്യന്മാരെ വിളിച്ചുതുടങ്ങി. അജിതസിംഹൻ പല്ലുതെളിച്ചുകാട്ടി, എന്തോ നിസ്സാരസംഭവമാണെന്ന് നടിച്ചുകൊണ്ടു് സാഹസപ്പെടാൻ പോകേണ്ടെന്ന് ആജ്ഞാപിച്ചു.

ബന്ധനശാല നില്ക്കുന്ന ദിക്കിൽനിന്നുള്ള ശബ്ദം മുഴുത്തു് സമീപപ്രദേശവാസികളെയും ഉണർത്തി ഒരു മഹാകലാപം ആരംഭിപ്പിച്ചു. വിഭ്രമിച്ചുണർന്ന ആബാലവൃദ്ധം ജനങ്ങളുടെ ഏകോപിച്ചുള്ള മഹാരവം കേട്ടു, "ഡാ! ഉണ്ണിച്ചാത്താ! ചാത്തുട്ടീ!" എന്നുള്ള വിളികളോടെ, ശത്രുഭഞ്ജനത്തിനെന്ന നാട്യത്തിൽ, വടിവാളും ഊരിക്കൊണ്ടുതന്നെ അജിതസിംഹൻ പ്രവേശനത്തളത്തിലേക്കു ദ്രുതതരഗതിയിൽ മടങ്ങി. ഉണ്ണിത്താൻ ആ കലാപാരംഭത്തിലും ദുശ്ശകുനം ദർശിച്ചു് ആകുലനായി അജിതസിംഹനോടൊന്നിച്ചു് മുൻതളത്തിൽ എത്തിയപ്പോൾ, ഗൃഹങ്ങളിലെ ഭൃത്യന്മാരും അജിതസിംഹന്റെ അകമ്പടിക്കാരും ചുറ്റിക്കൂടി നിലകൊണ്ടിരുന്നു. ഈ കൂട്ടത്തിലെ 'വിഡ്ഢി' വേഷക്കാരനായി, അപ്പോൾ സംഭവിച്ച കലാപത്താൽ ഭീതനാക്കപ്പെട്ട കൊടന്തയാശാൻ വിറച്ചു് വികൃതനൃത്തങ്ങൾ തുള്ളിക്കൊണ്ടിരുന്നു. കലാപകാരണം അറിഞ്ഞുവരുവാൻ സ്വഭൃത്യരോടു വീണ്ടും ഉണ്ണിത്താൻ ആജ്ഞാപിച്ചു. അവർ പുറപ്പെടാൻ തുടങ്ങിയപ്പോഴേക്കു് ആ പ്രദേശത്തെ ഇളക്കിത്തുടങ്ങിയിരുന്ന ഘോഷങ്ങൾ പൊടുന്നനെ ശമിച്ചു. ഒന്നും അറിയാത്ത വിദേശീയനും ആ നിസ്സാരവിഷയത്തെക്കുറിച്ചു് അറിയാൻ ആഗ്രഹിക്കാത്ത വീരനും എന്നുള്ള നാട്യത്തോടു് അജിതസിംഹൻ യാത്രാനുമതിക്കെന്ന അർത്ഥത്തിൽ ഉണ്ണിത്താന്റെ ഹസ്തങ്ങൾ ഗ്രഹിച്ചു. അദ്ദേഹം സപ്രളകം ഉപചാരസ്വീകാരമായി അത്യാദരത്തോടെ നീട്ടിയ ഹസ്തങ്ങളിൽ ഒന്നിനെ പിടിച്ചുകൊണ്ടു്, അജിതസിംഹൻ പാദുകങ്ങളിന്മേൽ കയറി യാത്ര ആരംഭിച്ചു. മുമ്പിലത്തെ സംഖ്യയിൽ ഒരെണ്ണം കൂടിയിരിക്കുന്ന അകമ്പടിക്കാർ അദ്ദേഹത്തെ തുടർന്നു. അനുയാത്ര എന്നുള്ള മര്യാദയായി ഹസ്തത്തെ വിടുവിക്കാൻ നോക്കാതെ നടന്നുതുടങ്ങിയ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ ഭൃത്യന്മാരാലും കൊടന്തയാശാനാലും പരിസേവ്യനായി അജിത്സിംഹനെത്തുടർന്ന് അവിടുത്തെ നിലയനത്തിനകംവരെ എഴുന്നള്ളിച്ചു് മടങ്ങേണ്ടിവന്നു.

ഇങ്ങനെ ശ്രീവഞ്ചീശ്വരപ്രഭാവജ്ഞൻ, തിരുമനസ്സിലെ പ്രജകളിൽ അഗ്ര്യപദമാളുന്ന പണ്ഡിതശിരോമണി, കേശവനുണ്ണിത്താനായ രാജഭക്തോത്തംസംതാൻ അറിയാതെ അതിഘോരമായ ഒരു രാജദ്രോഹകർമ്മത്തിൽ സാക്ഷിയും സഹായിയും ആ മഹാപരാധത്തിൽ ഭാഗഭാക്കും ആയി.

8

"നഹുഷജന്നു വൃഷപർവ്വജപോലെ
ബഹുമതാഭവ പതിക്കയി! നീയും"
"എന്നെ നീ മറന്നുവെന്ന് ഖിന്നനായി ഞാനിരുന്നു
ധന്യചരിത! വന്നതിന്ന് നന്നുനന്നഹോ!"

വഞ്ചിരാജ്യയന്ത്രം, അക്കാലങ്ങളിൽ ഗുരുശിഷ്യപരസ്പരത്വത്താൽ ഏകാത്മകന്മാരായിത്തീർന്നിട്ടുള്ള രണ്ട് ഭരണകലാവിദഗ്ധന്മാരുടെ നിയന്ത്രണകൗശലംകൊണ്ട് സ്ഖലനങ്ങളും വ്യതിചലനങ്ങളും കൂടാതെ അന്തർവ്വാഹിനിയെന്നപോലെ പ്രശാന്തപ്രവർത്തനം ചെയ്തുകൊണ്ടിരുന്നു. ആ യന്ത്രനേതാക്കളായ ഗുരുശിഷ്യന്മാരിൽ ഗുരുവായ പുണ്യശ്ലോകൻ നിയോഗശക്തിയും ശിഷ്യൻ നിർവ്വഹണശക്തിയുമായി രക്ഷാകർമ്മം, തങ്ങൾക്ക് വിശ്രുതികരവും ജനങ്ങൾക്ക് ക്ഷേമകരവും ആകംവണ്ണം നിറവേറ്റിവന്നു. ഒരു സംഹാരശക്തിയുടെ ഉദയം സമീക്ഷിച്ചപ്പോൾ, ഗുണത്രയത്തിൽ സാത്വികം എന്നതിനെ സ്ഥിതികാരകനായ ഗുരുനാഥൻ, ജീവപ്രതിഷ്ഠാക്രിയയാലെന്നപോലെ ശിഷ്യശക്തിയിലോട്ട് വിനിമയം ചെയ്തു. ശിഷ്യശക്തി വിധ്വസ്തദപ്രഭാവം കൈക്കൊണ്ട് ഗുരുതേജസ്സിനെ ഗ്രഹിപ്പാൻ ഉദ്യമിക്കാതെ അവലംബനിലയെ പുലർത്തി പരിപാലനകർമ്മം ഭക്തിപൂർവ്വം നിർവ്വഹിച്ചതുതന്നെ ടിപ്പുവിന്റെ ദുർമ്മോഹത്തെയും മത്സരബുദ്ധിയെയും പ്രക്ഷുബ്ധമാക്കി. ഭൃത്യശക്തിക്ക് ഉത്തരദേശത്തിലെ രീതി അനുസരിച്ച് 'ദിവാൻ' എന്നുള്ള സ്ഥാനംകൂടി നല്കിയപ്പോൾ 'രാമരാജാവ്' തന്നോടു് സമാനപ്രാഭവം അവകാശപ്പെടുന്നു എന്ന് ടിപ്പുവിന്റെ മത്സരേക്ഷ ദർശിച്ച് അയാളുടെ മർദ്ദനകാംക്ഷ പ്രവൃദ്ധോഗ്രമായി സമുജ്ജ്വലിച്ചു. തന്റെ ദ്രോഹത്തിനും കോപത്തിനും പാത്രമെന്ന് വിധിക്കപ്പെട്ട വഞ്ചിരാജ്യത്തിലെ സേനാസജ്ജീകരണത്തിനുള്ള യത്നങ്ങളെ ശിഥിലീഭവിപ്പിക്കാൻ ചാരവലയമാകുന്ന ക്ഷുദ്രപ്രയോഗത്തെയും ആ വ്യാഘ്രകൗടില്യൻ മുറുക്കത്തിലാക്കി.

ഈ സ്ഥിതികളിൽ അജിതസിംഹനായ ക്ഷപണകൻ സ്വയംവരാർത്ഥിയായി നന്തിയത്തുമഠത്തിലെത്തി സാധിച്ചതു് രാജബന്ധനത്തിൽ അമർന്നിരുന്ന കണ്ഠീരവരായരുടെ

മോചനമായിരുന്നു. പഥികന്മാരുടെയോ രാജഭടന്മാരുടെയോ സംശയം ഉണ്ടാകാതിരിപ്പാൻ നന്തിയത്തുമഠത്തെ ആഭിചാരകേന്ദ്രവും പ്രത്യാഗമനത്തിൽ ഉണ്ണിത്താനെ പരികർമ്മിയും ആക്കിയതായിരുന്നു. എന്തോ കലാപമുണ്ടായി എന്നുള്ള വൃത്താന്തം നഗരത്തിലെങ്ങും ഉദയത്തിന് മുമ്പുതന്നെ പ്രസിദ്ധമായി എങ്കിലും ശത്രുപക്ഷം സാധിച്ച വിജയകർമ്മത്തിൽ ഉപയോഗിക്കപ്പെട്ട തന്ത്രങ്ങൾ യഥാക്രമം മന്ത്രി ധരിച്ചിരുന്നുവെന്നും അദ്ദേഹത്തിന്റെ നയമസ്സണമായ അനുമതിയാൽ അത് സമാപിക്കപ്പെട്ടതാണെന്നും സംഭവിച്ച കലാപത്തിന്റെ സൂക്ഷ്മരൂപം എന്താണെന്നും മഹാരാജാവും മന്ത്രിയും മന്ത്രിയുടെ അംഗരക്ഷകസംഘവും ബന്ധനശാലയിലെ നന്ദികേശ്വരനും മാത്രമേ ഗ്രഹിച്ചുള്ളു. അടുത്ത ദിവസം ഉദയത്തിൽ ആലോചനാസഹായത്തിനെന്ന നാട്യത്തിൽ ഉപമന്ത്രിമാർ, സേനാനായകന്മാർ, രാജസേവകപ്രധാനികൾ എന്നിവരെല്ലാം മന്ത്രിയുടെ ഉദ്യോഗനിലയനത്തിലെത്തി.

രാജമന്ദിരത്തിന്റെ കിഴക്കേ അതിർത്തിയായുള്ള രാജവീഥിയുടെ കിഴക്കുവശത്ത് തെക്കേ അറ്റത്ത് നന്തിയത്തുമഠത്തിനെക്കാൾ രാജസമായിട്ടുള്ള ഒരു മന്ദിരം ഭാസമാനമായി നിലകൊണ്ടിരുന്നു. ഇടക്കാലത്തെ കിഴക്കെ നാലുകെട്ട് എന്ന കൊട്ടാരംവക ഉപമന്ദിരവും ഇക്കാലത്തെ കിഴക്കേക്കൊട്ടാരമെന്ന് പറയുന്ന മന്ദിരവും അനന്തരകാലങ്ങളിൽ ഈ മന്ത്രിഗൃഹസ്ഥാനത്തെ ആക്രമിച്ചുള്ള നിലയനങ്ങളാണ്. കേശവപിള്ളയായ പ്രഥമദിവാൻജിക്ക് ശ്രീവരാഹം, മണക്കാട് എന്നീ പ്രദേശങ്ങളുടെ വടക്കേ സന്ധിയിൽ ഗംഭീരമായ ഒരു സ്വന്തഭവനം ഉണ്ടായിരുന്നു എങ്കിലും പാർപ്പ് കോട്ടയ്ക്കകത്തുള്ള രാജസങ്കേതത്തിനകത്തുതന്നെയായിരുന്നു. ഈ മന്ദിരത്തിന്റെ പടിഞ്ഞാറുവശത്ത് ഉന്നതമായി നിലകൊണ്ടിരുന്ന ആനക്കൊട്ടിലും ആരാമത്തിന്റെ പ്രാകാരത്തിൽ അവിടവിടെ കാണുന്ന വാതിലുകളിലും പ്രാകാരത്തിന്റെ ഓരോ കോണുകളിലും 'മുറുക്കി മീശവച്ചുള്ള തുറുപ്പുശിപായി'കൾ കൂടാതെ ബാണക്കാർ, തോക്കുകാർ മുതലായ രക്ഷിജനങ്ങളും അന്തർഭാഗത്ത് പ്രതിഷ്ഠിതനായുള്ള രാജശക്തിപ്രവർത്തകനെ പരിസേവനം ചെയ്തു വർത്തിക്കുന്നു. പ്രധാന ദ്വാരപ്രദേശത്തുനിന്ന് കിഴക്കോട്ട് കടന്ന് പ്രവേശിക്കുന്ന മന്ത്രശാല പാശ്ചാത്യരീതിയിലുള്ള ആസനാദിസാമഗ്രികൾ കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു. വടക്കുകിഴക്ക് മൂലയിൽ വിചിത്രവേലകൾ ചെയ്തുള്ള കരിന്താളിത്തട്ടുപടിയിന്മേൽ പട്ടുകോസടിയും ഊക്കനായ പട്ടാംബരത്തലയണയും അതോട് ചേർത്ത് ദണ്ഡുചാവട്ടയും ഉത്തരഭാഗത്ത് മഷിക്കുപ്പി, പേന, നാരായം ഇത്യാദി സാമഗ്രികളോടുകൂടിയ മേശപ്പെട്ടിയും കാണ്മാനുണ്ട്. ഈ മന്ത്രശാലയുടെ വടക്കേ മുറി ദിവാൻജിയുടെ വിശ്രമശാലയും അതിന്റെ വടക്കത്ത് ശയനമുറിയും അതിൽനിന്ന് കിഴക്കോട്ടുള്ള കെട്ട് അന്തർഗൃഹം, പാചകശാല മുതലായ എടുപ്പുകളും സൽക്കാരഹാളിന്റെ കിഴക്കും തെക്കുമുള്ള കെട്ടുകൾ തവണ സേവിക്കുന്ന സേനാപംക്തിക്കാർ, രായസക്കാർ എന്നിവരുടെ പ്രവർത്തനശാലകളും ആയിരുന്നു.

അക്കാലത്തെ, ഈ 'ഭക്തിവിലാസ'ത്തിലുള്ള പ്രധാന ഹാളിനകത്ത് രാജസാസനത്തിൽ ദിവാൻജിയും താഴത്ത് പായുകൾ വിരിച്ച് ഉപമന്ത്രിമാരും നാനാഭാഗങ്ങളിലും പിരിച്ചയയ്ക്കപ്പെട്ടവരൊഴികെയുള്ള സേനാനായകന്മാരും, ദിവാൻജിയെ കാണ്മാൻ എത്തി

യിരിക്കുന്ന മഹാജനനേതാക്കന്മാരും ഇരുന്നു. ജനസന്നാഹം, ധനസന്നാഹം, ആയുധസന്നാഹം എന്നിവയെക്കുറിച്ച് ഗൗരവമായുള്ള ശീഘ്രാലോചനകൾ നടത്തുന്നു. നിർവ്വഹിക്കേണ്ടതായ ആജ്ഞകൾ പുറപ്പെടുമ്പോൾ കാര്യക്കാരന്മാർ അവരുടെ തുറയിലെ പ്രധാന രായസക്കാരെ വരുത്തി ലേഖനങ്ങൾ തയ്യാറാക്കിക്കുന്നു. ദിവാൻജിതന്നെ ലേഖനങ്ങൾ എഴുതുകയും പല രായസക്കാരെയും നിരത്തിനിറുത്തി അഷ്ടാവധാനിയുടെ വൈദഗ്ധ്യത്തോടെ പറഞ്ഞുകൊടുത്ത് എഴുതിക്കുകയും ചെയ്യുന്നു. ഇടയ്ക്കിടെ ഗൃഹസ്ഥന്മാർ, വ്യാപാരികൾ, ജന്മികൾ എന്നിവരെ വിശ്രമശാലയിലേക്ക് കൂട്ടിക്കൊണ്ടുപോയി ആപൽസ്ഥിതികളെ ധരിപ്പിച്ച് ധനസംഭരണോപായങ്ങളെ അനുക്ഷണഫലമായി അനുഷ്ഠിക്കുന്നു. ഇടപ്രഭുക്കന്മാർ, മാടമ്പിമാർ, കളരിത്തലവന്മാർ, കരപ്രമാണികൾ എന്നിവരെക്കൊണ്ട് അവർക്ക് ശക്യമായുള്ള വിധത്തിൽ 'പൊരുളും പുരുഷാരവും' ബലികഴിപ്പാൻ പ്രതിജ്ഞ ചെയ്യിച്ച് അവരെ അഭിനന്ദനസംഭാവനകളോടെ യാത്രയാക്കുന്നു. മദിരാശിയിലെയും ബോംബയിലെയും ഭരണാധികാരികൾക്ക് റിപ്പോർട്ടുകളും കണക്കുകളും സ്വഹസ്തലിഖിതമായിത്തന്നെ ചാരന്മാർമുഖേന ദ്രുതതരമായി പുറപ്പെടുവിക്കുന്നു. യുദ്ധാരംഭവൃത്താന്തം കേട്ട് ആകുലരായ ഭീരുക്കൾ ഗോപുരദ്വാരത്തിൽ സംഘംകൂടി സങ്കടം ധരിപ്പിക്കുമ്പോൾ, രാജ്യത്തിന്റെ സകല രക്ഷാനിദാനമായുള്ള മഹാശക്തിയുടെയും രാജ്യരക്ഷ എന്ന മഹാഭാരത്തെ ഐശ്വര്യമായ വൈഭവത്തോടെ വഹിക്കുന്ന പുണ്യശ്ലോകന്റെയും മാഹാത്മ്യങ്ങളെപ്പറ്റി വർണ്ണിച്ച് അവരെ സമാശ്വസിപ്പിച്ച് പിരിച്ചയയ്ക്കുന്നു.

ആ ദിനാരംഭത്തിൽ കൂടിയിരിക്കുന്ന ഉപമന്ത്രികൾ ഉൾപ്പെട്ടുള്ള സംഘം കഴിഞ്ഞ രാത്രിയിലെ കലാപത്തിന്റെ യാഥാർത്ഥ്യം അറിവാൻ കാംക്ഷിക്കുന്നു എങ്കിലും നടക്കേണ്ടും കാര്യങ്ങളെക്കുറിച്ചല്ലാതെ ഇതരവിഷയങ്ങളെപ്പറ്റിയുള്ള ആജ്ഞകളോ അഭിപ്രായങ്ങളോ ദിവാൻജിയിൽനിന്നും പുറപ്പെടുന്നില്ല. കേശവനുണ്ണിത്താന്റെ വക നന്തിയത്തുമഠത്തിൽ തീയാട്ടുണ്ണിയെപ്പോലെ പീഠബിംബമായി ഇരുന്ന്, തന്റെ പരിചാരകന്മാരെയും കൊടന്തയാശാന്റെ സ്വാധീനത്തെയും പ്രയോഗിച്ച് അജിതസിംഹൻ കണ്ഠീരവരായരുടെ ബന്ധനമോചനം സാധിച്ച കൗശലത്തിന്റെ സകല ചടങ്ങുകളും ആ ഭവനത്തിലെ പ്രണയപ്രതിഷ്ഠയെ പ്രദക്ഷിണം വച്ചുകൊണ്ടിരുന്ന ത്രിവിക്രമൻമുഖേന ദിവാൻജി ഗ്രഹിച്ചിരിക്കുന്നു. കലാപകോലാഹലത്തെ പ്രാരംഭത്തിൽത്തന്നെ പ്രതിരോധിച്ചത് ആ മന്ത്രിസത്തമൻതന്നെ ആയിരുന്നുവെങ്കിലും ആ സംഭവത്തെ സംബന്ധിച്ചും അദ്ദേഹം ഗാഢമൗനം അവലംബിക്കുന്നതേയുള്ളൂ. അദ്ദേഹത്തിന്റെ ഗൃദ്ധ്രനേത്രങ്ങൾ ലേഖനത്തെയും ഭൂമിയെയും ശൈവശൂലം പോലെ സുരംഗീകരിക്കുവാൻ പ്രവർത്തനംചെയ്യുന്നു എന്നുമാത്രം ഉപമന്ത്രികൾ കാണുകയാൽ അവർ പരസ്പരം മുഖത്ത് നോക്കിയിരുന്നിട്ട് മദ്ധ്യാഹ്നത്തിന്റെ സമാഗമത്തിൽ ഭഗ്നേച്ഛന്മാരായി സ്നാനഭക്ഷണാദികൾക്ക് പിരിഞ്ഞു.

കേശവനുണ്ണിത്താനായ സരസ്വതീദാസൻ, പുഷ്ടശരീരനും സുഭഗകേശനും പ്രവൃദ്ധനായ ഔദ്ധത്യത്തോടുകൂടിയവും ആയിരിക്കുന്നെങ്കിൽ ശ്രീ പത്മനാഭദാസന്റെ ഈ പ്രഥമദാസൻ തപോനിഷ്ഠനെപ്പോലെ കൃശകായനും നിരന്തരമായ ക്ലേശസഹിഷ്ണുതകൊണ്ട് വക്രിതഗാത്രനുമായി ഭവിച്ചിരിക്കുന്നു. പീനങ്ങളായിരുന്ന സ്കന്ധങ്ങൾ മെലിഞ്ഞു് പുരോഭാവം ഉന്നതങ്ങളായി, യുവദശയിലെ വക്ഷോവിസ്തൃതിയെ തുലോം ക്ഷയിപ്പിച്ചിരിക്കുന്നു.

യൗവനകാലോന്മേഷത്തിന്റെ നൃത്തരംഗങ്ങളായിരുന്ന ഗണ്ഡങ്ങളുടെ മാംസളത ശുഷ്കിച്ചുപോയിരിക്കുന്നു. ആ കാലത്തെ ജീവചൈതന്യത്തെ പ്രതിബിംബിച്ചുകൊണ്ടിരുന്ന ആ ദർപ്പണതലം ഉഗ്രമായ ഒരു കൃതാവുകൊണ്ട് കവചിതമായിരിക്കുന്നു. പുഷ്ടമായിരുന്ന നീണ്ട നാസിക, കനം കുറഞ്ഞു് ശുകതുണ്ഡംപോലെ കൂർത്തതായ അന്തത്തോടുകൂടിയതായിരിക്കുന്നു. രക്തനാഡികൾ ജൃംഭിച്ചുനില്ക്കുന്ന ലലാടപ്രദേശം ജഗൽസംരംഭകത്വത്തിന്റെ വേദിയായി പ്രേക്ഷകലോകത്തിന്റെ അഭിനന്ദനബഹുമാനങ്ങളെ അപഹരിക്കുന്നു. മദ്ധ്യഭാഗം ശൂന്യതളിമം ആയിത്തുടങ്ങിയിരിക്കുന്ന ശിരസ്സ് ധരിക്കുന്ന മുഹമ്മദീയരീതിയിലുള്ള കചവലയം ക്ഷാത്രധർമ്മാനുകരണത്തെ ലക്ഷീകരിക്കുന്നു.

മഹാരാജപാദങ്ങളെ അഭംഗുരഭക്തിയോടെ സേവിച്ചും സ്വരാജ്യത്തിന്റെ സമാധാനസമ്പത്തുകളുടെ അഭിവൃദ്ധിക്കായി കായബുദ്ധികളെ അശ്രാന്തക്ലേശം അനുഭവിപ്പിച്ചും സ്വരാജ്യസിംഹാസനത്തിന്റെ ശാശ്വതസുസ്ഥിതിക്കായി ബുദ്ധിപൂർവ്വമായുള്ള സാചിവ്യാചാതുര്യത്താൽ വിക്രമബന്ധുശക്തിയെ സമ്പാദിച്ചും ദൂരവീക്ഷണശക്തിയാൽ ദർശിച്ച് ആപൽഭ്രയിഷ്ഠഭാവിയിലെ അലഘുഭാരങ്ങളെ വഹിപ്പാൻ തന്നെ ശക്തനാക്കുംവിധം ആത്മബുദ്ധികളെ സംസ്കരിച്ചും ജനപാലനമാകുന്ന മാന്ത്രികത്വത്തിൽ നവതന്ത്രപ്രയോക്താവായി പാശ്ചാത്യസമുദായങ്ങളെയും വിസ്മയിപ്പിക്കുന്ന ഋശ്യശൃംഗപദത്തെ ഇദ്ദേഹം ഇപ്പോൾ സമ്പാദിച്ചിരിക്കുന്നു. മനോധർമ്മവിശാലതകൊണ്ട് ആ പ്രബുദ്ധകേസരിയുടെ ഗ്രഹണപടിമയാൽ സഹകർമ്മികളെ സ്വാജ്ഞാനുവർത്തനങ്ങളിൽ ഊർജ്ജിതപ്രവർത്തകന്മാരാക്കിവന്നു. ആ പുരുഷകേസരിത്വം അതിന്റെ നേർക്ക് വല്ല നിരോധനോദ്യമവും ഉണ്ടായെങ്കിൽ പരിപന്ഥിയുടെ ജീവസാരത്തെ സ്തംഭിപ്പിക്കുമായിരുന്നു. പാദമുറപ്പിച്ചിടത്തുനിന്ന് ഈ ഭരണതന്ത്രഭീമസേനനെ രോമമാത്രത്തോളമെങ്കിലും ചുവടിളക്കിക്കണമെങ്കിൽ, സാക്ഷാൽ ഭീമദേവന്റെ സാഹായ്യംതന്നെ വേണ്ടിവരുമായിരുന്നു. ബാല്യകാലകഷ്ടതകളും സേവകജീവിതത്തിലെ നിതാന്തക്ലമങ്ങളും സ്വാശ്രയശക്തിയെ പ്രതിഫലിപ്പിക്കുന്ന ഒരു വിദ്യുത്തേജസ്സിനെ ആ മുഖത്ത് വ്യാപരിപ്പിച്ചിരുന്നു. രൂക്ഷപ്രകാശങ്ങളായിരുന്ന ആ നേത്രങ്ങൾ സൗഹൃദത്തോടുകൂടിയുള്ള സമാഗമങ്ങൾക്ക് സ്വാഗതവാദികളായ ദ്വാസ്ഥന്മാരും ദ്രോഹശ്രമാനുവർത്തരെ ഭസ്മീകരിക്കാനുള്ള അഗ്നികുണ്ഡങ്ങളും ആണെന്ന് പരിസേവിജനങ്ങൾ ഗ്രഹിച്ചിരുന്നു. ശത്രുവിനെപ്പോലും പ്രത്യക്ഷമായ വ്യാജവചനംകൊണ്ട് വഞ്ചിപ്പാൻ അദ്ദേഹം ഒരുങ്ങിയിരുന്നില്ലെങ്കിലും രാജ്യതന്ത്രവൃത്തികളെ അവശ്യം പരിരക്ഷിക്കേണ്ടതായ രഹസ്യങ്ങളെ ഗ്രഹിപ്പാൻ ഉദ്യമിക്കുന്നവരെ ആ ശുകതുണ്ഡനാസികയിൽനിന്ന് പുറപ്പെടുന്ന ചീറ്റങ്ങളാൽ ഹതാശന്മാരാക്കിവന്നു. മന്ത്രിമണ്ഡലത്തിലെ ഈ അപൂർവ്വഭാസ്വാൻ അലസന്മാർക്ക് കൃതാന്തനായും കാര്യപ്രവർത്തകന്മാർക്ക് സുഹൃത്തായും കുടിലന്മാർക്ക് ശൂലാഗ്രപ്രദർശകനായും രാജദത്തമായുള്ള അധികാരമുദ്രയെ അക്ഷയതേജസ്സോടെ ധരിച്ച്, സ്വകൃത്യങ്ങളെ കൃത്യബോധകൃത്യതയോടെ നിർവ്വഹിക്കുന്നു.

അസ്തമിച്ച് ആറേഴ് നാഴിക ആയിട്ടും ഈ രാജ്യദാസൻ തന്റെ എഴുത്തുപെട്ടിയുടെ മുമ്പിൽ ചിന്താധീനനായിത്തന്നെ സ്ഥിതിചെയ്യുന്നു. സ്വരാജ്യത്തിന്റെ സുസ്ഥിതിയും തന്റെ

സുഖ്യാതിയും സ്വസ്വാമിയുടെ മനസ്സ്വാസ്ഥ്യവും രക്ഷിക്കേണ്ടതായ ഒരു ആഗമനത്തെ പ്രതീക്ഷിച്ച് ദ്വാരപ്രദേശത്തിലോട്ട് സ്ഥിരവീക്ഷണനാകുന്നു. മൈസൂരിൽനിന്നുണ്ടാകുന്ന യുദ്ധപ്രസ്ഥാനങ്ങളുടെ സന്നാഹങ്ങളറിവാൻ പല ചാരന്മാരെയും അങ്ങോട്ട് നിയോഗിച്ചിരുന്നു. ആ സംഘത്തിലെ പ്രമാണി കുഞ്ഞെക്കുട്ടിപ്പിള്ള എന്ന തന്റെ പ്രത്യേക വിശ്വസ്തനും മഹാമാന്ത്രികനും ബഹുഭാഷാഭിജ്ഞനും വിവിധ വേഷങ്ങളുടെ ധാരണത്തിൽ വിദഗ്ദ്ധനും കണ്ഠീരവനോട് കിടനില്ക്കുമായിരുന്ന കായികാഭ്യാസിയും ആയിരുന്നു. നാമമാത്രത്തിന് ഒരു 'കാര്യക്കാർ' ഉദ്യോഗത്തിൽ നിയമിച്ചു എങ്കിലും ആ വിദഗ്ദ്ധന്റെ കലാനിഷ്ഠത്തികളുടെ പ്രയോജ്യതയെ പരീക്ഷിച്ചതും ഉപയോഗിച്ചതും ചാരമണ്ഡലത്തിന്റെ ഭരണത്തിൽ ആയിരുന്നു. ദിവാൻജിയുടെ പ്രത്യേക സഖനും സഹകാരിയും ആയിരുന്ന ഈ വിക്രമൻ, സുൽത്താൻ കോയമ്പത്തൂരിലെത്തി സഹ്യപർവ്വതത്തിന്റെ കിഴക്കുവശത്തുള്ള അധിത്യകവഴിക്ക് ഇരട്ടമല, ആരുവാമൊഴി എന്നീ സ്ഥലങ്ങളെ തരണം ചെയ്ത് തിരുവിതാംകൂർ രാജ്യത്തെ ആക്രമിക്കുമെന്ന് എഴുതിയിരുന്ന ഒരു ലേഖനം ഒരു ഉപചാരൻമുഖേന അയച്ചിരുന്നു. ഇവൻ മുളകുമൂടെന്ന സ്ഥലത്തുവെച്ച് തസ്കരന്മാരാൽ നിഗ്രഹിക്കപ്പെടുകയും, അവൻ വഹിച്ചിരുന്ന സ്വകാര്യകത്ത് അപഹരിക്കപ്പെടുകയും, ചെയ്തിരിക്കുന്നു എന്ന് ഒരു റിപ്പോർട്ട് പൂർവ്വദിവസം ഉദയത്തിൽ തെക്കുമുഖം സർവ്വാധികാര്യക്കാരിൽനിന്നും എത്തിയിരുന്നു. കുഞ്ഞെക്കുട്ടിപ്പിള്ളയുടെ കൈയക്ഷരത്തിലുള്ള ആ ലേഖനം അന്ന് രാത്രി എങ്ങനെയോ ദിവാൻജിയുടെ ശയ്യയിൽ ആരാലോ നിക്ഷേപിക്കപ്പെട്ടതായി അദ്ദേഹം തന്നെ കണ്ടുപിടിച്ചു. ഇങ്ങനെ കിട്ടിയ ലേഖനം കുഞ്ഞെക്കുട്ടിപ്പിള്ളയുടെ ഒരു കൗശലമാണെന്ന് അദ്ദേഹം ഊഹിച്ചിരുന്നതിനാൽ, ഉടനെതന്നെ തെക്കൻപട്ടാളങ്ങളിലെ ഭൂരിഭാഗം വടക്കോട്ട് പുറപ്പെടുന്നതിന് ആജ്ഞകൾ ഗൂഢമായി പുറപ്പെടുവിച്ചു. ലേഖനവാഹകനെ നിഗ്രഹിച്ച ശസ്ത്രങ്ങൾ ഏതെന്നും അദ്ദേഹത്തിന്റെ സൂക്ഷ്മനേത്രങ്ങൾ ദർശിച്ചു. എന്നാൽ ആ സംഭവങ്ങൾ എല്ലാം മഹാരാജാവിനെമാത്രം ധരിപ്പിച്ചുകൊണ്ട് കുഞ്ഞെക്കുട്ടിപ്പിള്ളയുടെ വരവിനെ മന്ത്രിയുടെയും സേനാനായകന്റെയും നിലയിൽ അകക്കാമ്പെരിയുന്ന ചൂടോടെ അദ്ദേഹം കാത്തിരിക്കുകയായിരുന്നു. താൻ യുദ്ധരംഗത്തിലേക്ക് ഉടനെ പുറപ്പെടേണ്ടതായിരിക്കുന്നു. എന്നാൽ ശത്രുവിന്റെ ബലനിശ്ചയംവരാതെ പുണ്യപുരുഷനായ സ്വസ്വാമിയെ തിരുവനന്തപുരത്ത് വിട്ടിട്ട് പോകുന്നത് കൃത്യവിലോപമായിരിക്കുമെന്ന് തോന്നി. അദ്ദേഹത്തിന്റെ മനസ്സിൽ ഒരു മഹാഗ്നിതന്നെ കത്തിജ്വലിച്ചു. ഏതാനും ദിവസങ്ങൾക്കിടയിൽ താൻ അനുഭവിക്കുന്ന മനോവേദന സ്വഖഡ്ഗത്തെ അനന്തരകാലങ്ങളിൽ ധരിക്കുന്ന ഭാഗ്യവാന്മാരെ എങ്കിലും പീഡിപ്പിക്കാതിരിപ്പാൻ ശ്രീപത്മനാഭൻ പ്രസാദിക്കട്ടെ എന്ന് അദ്ദേഹം പ്രാർത്ഥിച്ചു.

പടിഞ്ഞാറേ ഗോപുരമുഖപ്പിൽ ശുഭ്രവസ്ത്രം ധരിച്ചുള്ള ഒരു ചെറുസംഘത്തിന്റെ പ്രവേശമുണ്ടാകുന്നു. ആ അല്പനേരത്തെ ഏകാന്തതയെയും ഭഞ്ജിക്കുന്ന സങ്കടക്കാർ ആരെന്ന് അറിവാൻ അദ്ദേഹം ഗാഢവീക്ഷണനായി. സംഘത്തിൽനിന്ന് വേർപിരിഞ്ഞ ഒരു ചെറുവിഗ്രഹത്തിന്റെ അകത്തോട്ടുള്ള പ്രവേശനത്തെ ദ്വാസ്ഥന്മാർ പ്രതിരോധിക്കുന്നില്ല. കസവുവസ്ത്രങ്ങൾ ധരിച്ചുള്ള ഒരു മനോഹരഗാത്രം തന്റെ നേർക്ക് തുള്ളിക്കളിയാടി അടുക്കുന്നു. ആ മന്ത്രശാലയിൽ പ്രവേശിപ്പാൻ സ്വാതന്ത്ര്യമുണ്ടെന്നുള്ള പരിപൂർണ്ണബോധത്താൽ

അനുമതിക്ക് കാത്തുനില്ക്കാതെ പടിഞ്ഞാറുള്ള വാതിലിലെ തരണം ചെയ്ത് അകത്തോട്ട് പ്രവേശിക്കുന്നു. രത്നങ്ങൾ തിളങ്ങുന്ന ഒരു കനകഹാരത്താൽ അലംകൃതമായ കണ്ഠവും കനകനിർമ്മിതമെന്നുതന്നെ തോന്നിപ്പോകുന്ന. ശൈശവസഹജമായുള്ള ചാഞ്ചാട്ടങ്ങൾക്കിടയിൽ സ്വസ്ഥാനത്തുനിന്ന് ഇഴഞ്ഞും നീങ്ങിയും പോകുന്ന ഉത്തരീയം രത്നഖചിതങ്ങളായ കങ്കണങ്ങൾ വിലസുന്ന കരയഷ്ടികളെയും പുറത്ത് കാട്ടുന്നു. ദാസികളുടെ അതിസാഹസങ്ങളാലും നിയമപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതായ കേശപടലത്തിനിടയിൽ പ്രശോഭിക്കുന്ന കനകബിംബം, നേത്രങ്ങൾ, നാസാഭരണങ്ങൾ, കർണ്ണാഭരണങ്ങൾ, അധരപുടങ്ങൾ എന്നിതുകളിലെ വിവിധ വർണ്ണസ്ഥലിംഗങ്ങൾ വർഷിച്ചു, തന്നെ ഭക്തിപൂരസ്സരം ആരാധിക്കുന്നതുപോലെയും തോന്നുന്നു. രാജസപ്രൗഢവും എന്നാൽ ചേതോഹരവുമായുള്ള നടയും സിംഹകിശോരിത്വത്തോട്ട് അരുണോദയത്തിന്റെ പ്രശാന്തഭാസ്സും ഇളംതരുവിന്റെ നവജീവത്വവും സ്ഫുരിക്കുന്ന ആ മുഖം ചപലകാമന്റെ പ്രവേശനത്തെ നിരോധിക്കുന്നതായി കുലീനമുദ്രയാൽത്തന്നെ അങ്കിതമായിരിക്കുന്നു എന്നും അദ്ദേഹം കാണുന്നു. ആഗതയായ കന്യാരത്നം ആരെന്ന് സൂക്ഷ്മമായി ധരിച്ചപ്പോൾ, അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തിൽനിന്ന് രാജ്യഭാരക്ലേശങ്ങൾ അഭ്രമണ്ഡലത്തിലേക്ക് പലായനംചെയ്തു. പടത്തലവനായ ആദിഗുരുവാൽ തന്നെ ഏല്പിക്കപ്പെട്ടിട്ടുള്ള ആ സിംഹകിശോരികയെ ഒന്ന് വട്ടത്തിലാക്കാനായി, അറിയാത്ത ഭാവം നടിച്ച് അദ്ദേഹം തന്റെ ചാവട്ടയുടെ മൃദുലതയിൽ ആമഗ്നനായി, മന്ത്രിസ്ഥാനയോഗ്യമായുള്ള പ്രൗഢിയെ അവലംബിച്ച് ഇരുന്നു. മുഖത്തെ അല്പമൊന്ന് നമ്രമാക്കിയും പുരികക്കൊടികൾക്കിടയിൽക്കൂടി അദ്ദേഹത്തെ നോക്കിയും അന്യാദൃശസൗന്ദര്യത്തോടുകൂടിയ രണ്ടുവരി വെൺപവിഴനിരകളുടെ കോമളഭാസ്സിനെ പ്രകാശിപ്പിച്ചും ലജ്ജാസങ്കലിതമായ കൗമാരാദരവിനയങ്ങളെ പ്രകടിപ്പിച്ചും തൊഴുതപ്പോൾ അനിയന്ത്രിതമായുള്ള കേശസമുച്ചയം മുമ്പോട്ട് ആഞ്ഞ് ആ സൗന്ദര്യസമ്പത്തിന് ഒരു തിരശ്ശീല ആയി. മര്യാദവിലംഘികളായ ആ ഉപദ്രവിസംഘത്തെ ചില സംഗീതഗീതങ്ങളാൽ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ശ്രമിക്കുന്നതിനിടയിൽ കൗമാരത്തിന്റെ പരമാദർശമായുള്ള ആ കനകവിഗ്രഹത്തിന്റെ ഹസ്തസൗഷ്ഠവം ദിവാൻജിയുടെ ശുഷ്കപാണികളുടെ സ്നേഹപ്രാചുര്യത്താൽ ബന്ധനസ്ഥമായി. ആ കാരുണ്യവാന്റെ ക്ഷീണവ്യാകുലമായ ഹൃദയം സാവിത്രിയുടെ ഹിമകരമുഖത്തിന്റെ പ്രശാന്തഭാസ്സുതട്ടി ഉന്മിഷിതവും ആയി. മേൽമുണ്ടിന്റെ അറ്റത്തെ കൈക്കുള്ളിലാക്കി, ചുണ്ടോട്ട് ചേർത്ത് കുനിഞ്ഞുനിന്നും ഭുജങ്ങളെ സങ്കോചിപ്പിച്ചും ശിരസ്സിനെ മന്ദമായി ചലിപ്പിച്ചും ചിരിച്ചുതുടങ്ങിയ കന്യകയെ സ്വപുത്രി എന്നപോലെ ഗ്രഹിച്ച് തന്റെ പാർശ്വത്തിൽ ഇരുത്തിയിട്ട് സ്നേഹാമൃതപൂർണ്ണമായുള്ള ഹൃദയകലശത്തെ ആ ഹേമകുവലയത്തിൽ യഥേഷ്ടം അഭിഷേകം ചെയ്തു. സാമാന്യകുശലങ്ങൾ കഴിഞ്ഞു, കന്യകയുടെ മുഖത്ത് ദൃഷ്ടിയുറപ്പിച്ചുകൊണ്ടൽ അദ്ദേഹം ഇങ്ങനെ കളി പറഞ്ഞുതുടങ്ങി: "ഹേ! കഴക്കൂട്ടത്തു കുഞ്ഞമ്മ പോന്നതെന്താണെന്ന് പറഞ്ഞില്ലല്ലോ. അമ്മാവന് എന്തെല്ലാം ജോലികിടക്കുന്നു? പറഞ്ഞുംവെച്ച് വേഗം ഓടെടാ ഓട്ടം ഓടൂടണം. രാത്രിതന്നെ അച്ഛൻ തിരിച്ചെത്തിയേക്കും."

സാവിത്രി: "ഞാൻ വന്നത് ചുമ്മാ. അച്ഛൻ പോയത് അമ്മാവൻ എങ്ങനെ അറിഞ്ഞു?"

ദിവാൻജി: "പെണ്ണുങ്ങൾക്ക് ഉദ്യോഗകാര്യങ്ങൾ ഒന്നും അറിഞ്ഞുകൂടാ. അനുവാദം വാങ്ങാതെ സ്ഥലംവിട്ടുപൊയ്ക്കൂടാ. ചുമ്മാ വന്നു എന്ന് പറഞ്ഞാൽ ചുമ്മാ പോകേണ്ടി വരും. അച്ഛനെ തോല്പിക്കാനാണ് മകൾ കക്ഷിപിടിക്കുന്നത്. അത് നടപ്പില്ല അദ്ദേഹം ഈയിടെ ആരാന്റെ അമ്മാവനോ എന്തെല്ലാമോ ഒക്കെ ആകാൻ പോണ്. ആ സ്ഥിതിക്ക് അദ്ദേഹത്തെ പയറ്റിത്തോല്പിക്കാൻ കുട്ടിക്കുഞ്ഞമ്മ ചാടിപ്പുറപ്പെട്ടാൽ, അമ്മാവൻ കുഴങ്ങും. ഈ കുണ്ടാമണ്ടിക്കാരിക്കുവേണ്ടി ഇപ്പോൾത്തന്നെ അമ്മാവൻ വല്ലാതെ കഷായിക്കയാണ്."

സാവിത്രി: "അതെങ്ങനെ അമ്മാവാ? കളിപ്പിക്കാൻ കള്ളക്കഥകൾ പറയരുത്."

ദിവാൻജി: (പൂർവ്വരാത്രിയിലെ സംഭവങ്ങളിൽ ഉണ്ണിത്താൻ പങ്കുകൊണ്ടത് അധികൃതന്മാരുടെ അന്വേഷണത്തിന് പാത്രമായിത്തീർന്നിരിക്കുന്ന വസ്തുത പുറത്തുവിടാതെ) "ഇതേ, അമ്മാവന് ആരോടും വഴക്കിനുനില്പാൻ ഇപ്പോൾ തരമില്ല. വിശേഷിച്ചും, ടിപ്പു ഇങ്ങോട്ട് വരുമ്പോൾ കുട്ടിസ്സാവിത്രികൾ അടങ്ങി ഒതുങ്ങി പാർക്കണം. ആ സുൽത്താൻ കാലത്ത് പന്ത്രണ്ടും വയ്യിട്ട് പന്ത്രണ്ടും വീതം കൊച്ചുമ്മാകളെ കശാപ്പു ചെയ്ത് ശാപ്പിട്ടും. അതുകൊണ്ട് വേഗത്തിൽ ഒരു ക്ഷത്രിയനെ ഭർത്താവാക്കിക്കൊണ്ടാൽ മരുമകൾ മിടുക്കി." രാജ്യത്തിലെ മന്ത്രീന്റെ മുതുകിൽ ചില നഖപ്രയോഗങ്ങൾ ഏറ്റു. അദ്ദേഹം "അയ്യോ!" വിളിച്ചു. "കൊല്ലരുത്. കല്പിച്ച് തലവീശിക്കളയും. പടയ്ക്കുപോവാൻ കല്പന തന്നിരിക്കയാണ്. ഈ സ്ഥിതിയിൽ അമ്മാവനെ കൊള്ളാതാക്കിയാൽ രാജദ്രോഹമാകും."

സാവിത്രി: "അതേയതേ. അച്ഛൻ പറയുന്നതിന് അമ്മാവൻ കൂത്താടും. അമ്മാവൻ പറയുമ്പോൾ, അച്ഛൻ അമ്മാവിക്കലഹം നടിച്ച് ഇരുന്നുംകളയും."

ദിവാൻജി: "അച്ഛൻ മിണ്ടീല്ലെങ്കിലും അമ്മാവൻ കലഹിക്കയില്ല. വിളിച്ചില്ലെങ്കിലും ഒന്നാം പന്തിയിൽ ഉണ്ണാൻ ഹാജർ; പൊയ്ക്കൊള്ളൂ. അനുവാദം തന്നു. ക്ഷണിക്കയുംമറ്റും വേണ്ട."

സാവിത്രി കണ്ണുകളെ പകുതി അടച്ചും മുഖത്തെ ചുവപ്പിച്ചും കുനിഞ്ഞിരുന്നുകൊണ്ട് പറഞ്ഞു: "ഞാൻ വല്ലടത്തും പൊയ്ക്കളയും; അച്ഛനും അമ്മാവനും ആരും വേണ്ട."

ദിവാൻജി: "എന്റെ സാവിത്രിക്കുട്ടിയെ അമ്മാവൻ കുറേശ്ശെ അറിയും. അമ്മാവനെ സാവിത്രിയും അറിയുമെന്നിരിക്കട്ടെ. എങ്കിലും ഈ കൊച്ച് കള്ളക്കരളിൽ ഇപ്പോൾ തോന്നുന്നതെന്തെന്ന് അമ്മാവനറിയാം. അടിയന്തിരദിവസം ഒരു പുടവകൊടക്കാരി – ചെമ്പകശ്ശേരിയിലല്ലാ – ഒരു കൊച്ചുപിള്ളാണ്ടന്റെ അച്ഛന്റെ വക മാങ്കോയിക്കൽ വലിയപടവീട്ടിൽ എത്തിയിരിക്കും."

സാവിത്രിയുടെ ഹസ്തങ്ങൾ ദിവാൻജിയുടെ വാപൊത്തി. ഭൂജം അദ്ദേഹത്തെ ചില ഉപദ്രവങ്ങളും ഏൽപിച്ചു.

ദിവാൻജി: (സാവിത്രിയുടെ കർണ്ണങ്ങളിൽ) "കല്പിച്ച് ഒരു കൊച്ചുപട്ടാണിക്ക് കൊടുത്ത വീരശങ്ങല ആരും മോഷ്ടിച്ചുകൊണ്ടുപോകരുത്. നല്ലതുപോലെ സൂക്ഷിച്ചുകൊള്ളണം. കള്ളന്മാർ ഇറങ്ങിയിട്ടുണ്ട്."

സാവിത്രി ചില നാസാഗീതങ്ങളോടെ ദൂരത്ത് വാങ്ങിനിന്നു. ദിവാൻജി ചിരിച്ചുകൊണ്ട് "അയ്യോ! അയ്യോ! സാവിത്രിക്കുഞ്ഞമ്മയ്ക്ക് ഏതു് വീരശങ്ങല എന്ന് ചോദിച്ച് മറ്റുള്ളവരെ ഉരുട്ടിക്കളയാൻ അറിഞ്ഞുകൂടാ. ആ പട്ടാണിക്കുട്ടൻ തല്ലുകൊള്ളാതെ അത് എങ്ങനെ അവിടെ എത്തിച്ചെന്ന് അമ്മാവൻ അന്വേഷിക്കുന്നില്ല. അതു പോകട്ടെ. നമുക്ക് ആയുസ്സ് സൂക്ഷിക്കുന്നവർ ഭർത്താവാകണം. ആ കുതിരബ്ഭക്ഷി പടയ്ക്ക് മുമ്പിൽ ചാടി ഉണ്ടകൾ ഏൾക്കും. ബബ്ലാശേരിത്തിരുമേനി ആയാൽ പിന്നണിയിൽ കണ്ടും കേട്ടും നിന്നു ഭരിച്ച് ഇങ്ങ് തിരിച്ചെത്തും. ഇതെല്ലാം ആലോചിച്ചാണ് അച്ഛൻ ഏർപ്പാടുചെയ്യുന്നത്."

സാവിത്രി: "അയ്യ! അങ്ങനത്തെ ഭീരു അമ്മാവനിരിക്കട്ടെ."

ദിവാൻജി: "അല്ലാ വിഷമമായി! ഞാൻ ഇനി പെൺവേഷംകെട്ടി ആ ബബ്ലുവിന്റെ വല്ലടത്തെയും അരമനയിൽ പാർക്കണമെന്നോ!"

സാവിത്രി: (വ്യസനസമേതം) "അമ്മാവൻ രക്ഷിച്ചില്ലെങ്കിൽ–"

ദിവാൻജി: "അച്ഛനും ഞാനും വലിയ ഇഷ്ടന്മാരാണ്, മിണ്ടരുതേ. അദ്ദേഹം ഒന്ന് തീർച്ചപ്പെടുത്തിയതിനെ ഞാൻ തടസ്സം ചെയ്താൽ ലോകർ എന്നെ ആഭാസനെന്ന് പഴിക്കും."

സാവിത്രി: (കണ്ണുനീർപൊഴിച്ചുംകൊണ്ട്) "അമ്മയെയും അച്ഛൻ കൊല്ലാൻ തുടങ്ങുന്നല്ലോ."

ഈ വാക്കുകൾ കേട്ടപ്പോൾ ദിവാൻജിയുടെ ശരീരം വിറച്ചു. കന്യകയോടുള്ള കളിവാക്കുകൾ അവസാനിപ്പിക്കേണ്ട ഘട്ടം എത്തിയിരിക്കുന്നു എന്ന് കണ്ട് അദ്ദേഹം അവളുടെ ശിരസ്സിനെ മൃദുവായി തലോടി. അവളുടെ കൈകളെ പിടിച്ചുംകൊണ്ട് വീണ്ടും പറഞ്ഞു: "അച്ഛനും അമ്മയ്ക്കും മകൾക്കും ഒരുപോലെ ഭ്രാന്തുപിടിക്കുമ്പോൾ അമ്മാവൻ എന്ത് ചെയ്യും? എങ്കിലും ഈ അമ്മാവൻ ജീവിച്ചിരിക്കുമ്പോൾ പടത്തലവൻ പോറ്റിയുടെ സാവിത്രിക്കുട്ടിക്ക് ഒന്നും പേടിക്കാനില്ല. ഇങ്ങനെ പറഞ്ഞുവെന്ന് അമ്മയോട് പറയേണ്ട. എന്നാൽ, ഇതിന്ന് പകരം പടയിൽ ജയിച്ചുവരുമ്പോൾ നമ്മുടെ വീരശങ്ങലക്കാരനെ ഞാൻ അങ്ങോട്ട് കൊണ്ടുവരും. അന്ന് പുറപ്പെട്ടുപോകാൻ തുടങ്ങിയാൽ, കൊച്ചനന്തിരവളുടെ മൂക്ക് മുഴുവനേ പോക്കാണ്."

സാവിത്രി: "എനിക്കാരും വേണ്ട" എന്ന് പതുക്കെ പറഞ്ഞു എങ്കിലും അവളുടെ കൈകളും മുഖവും ആനന്ദപുളകത്താൽ ചലിക്കുന്നതു് അദ്ദേഹത്തിന്ന് കാണ്മാൻപോലും കഴിഞ്ഞു". "ശരി! ആരും വേണ്ടെങ്കിൽ നമുക്ക് സന്യസിച്ചുകളയാം. പക്ഷേ ത്രിവിക്രമൻ

അതിൽ ചേരുല്ല. അതുകൊണ്ട്, വടക്കും തെക്കും നല്ല ചില ഉർവശിക്കുഞ്ഞുങ്ങൾ ഉണ്ട്. അവരിലൊന്നിനെ–"

സാവിത്രി ഉഗ്രമായി പരിഭവിച്ച് യാത്രയാവാൻ തുടങ്ങി. ദിവാൻ ആ കന്യകയെ പിടിച്ചുനിറുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു:" പിന്നെ – ഇവിടെ വന്നതും പോയതും അച്ഛൻ അറിയുമ്പോൾ വാളെടുക്കും. അപ്പോൾ യുദ്ധത്തിന് പോകുന്നതുകൊണ്ട് അമ്മാവൻ ഒന്ന് കാണാൻ ആവശ്യപ്പെട്ടു എന്ന് പറഞ്ഞ് നില്ക്കാൻ നോക്കിക്കൊള്ളണം. ശേഷമെല്ലാം അമ്മാവൻ ഏറ്റു. എന്നുവച്ചാൽ, നമ്മുടെ പട്ടാണിക്കൊച്ചേട്ടനും അവന്റെ കുതിരസ്സവരരിക്കാരിയും വേണ്ട കരാറുകൾ ചെയ്തുകഴിഞ്ഞു എങ്കിൽ".

കന്യക വീണ്ടു മുഖം തിരിച്ചുനിന്നു. വിനോദസംഭാഷണങ്ങൾ നിറുത്തിയും കന്യകയുടെ കരങ്ങൾ വീണ്ടും പിടിച്ചുകൊണ്ടും അദ്ദേഹം ആ കുലീനകുമാരിക്ക് പല ഉപദേശങ്ങൾ ചെയ്തിട്ട് തന്റെ മേനാവുതന്നെ വരുത്തി ആ വാഹനത്തിൽ കയറ്റി, അവളെ യാത്രയാക്കി. ധീരോദാത്തമതികളിൽനിന്നുണ്ടാകുന്ന പ്രതിജ്ഞകൾ ഏകപദപ്രയോഗത്താൽ മാത്രം ദത്തമായി എന്നിരുന്നാലും അതുകൾ ഹരിശ്ചന്ദ്രസത്യംപോലെ നിവർത്തിതമാകും എന്ന് പ്രഭുജീവിതപന്ഥാക്കളിൽ അനുശാസിതയായിരുന്ന ആ ബുദ്ധിമതി ധരിച്ചിരുന്നു. അതിനാൽ ആപത്തുകൾ എല്ലാം നിവർത്തിച്ചു എന്നുള്ള ധൈര്യത്തോടെതന്നെ അവൾ ഗൃഹത്തിലേക്ക് മടങ്ങി.

ദിവാൻജിയുടെ ചിന്തകൾ ഇരുപത്തൊന്ന് കൊല്ലത്തിന് മുമ്പുള്ള ചില ചിത്താവസ്ഥകളിലേക്ക് മടങ്ങുവാൻ ആരംഭിച്ചു. ചുറ്റും കാത്തുനില്ക്കുന്ന ഭടന്മാരുടെ ആയുധങ്ങൾ അങ്ങും ഇങ്ങും സംഘടിച്ച് പുറപ്പെട്ട ശബ്ദങ്ങളും റോന്തുചുറ്റി സഞ്ചരിക്കുന്നവരുടെ ആഹ്വാനങ്ങളും ദൂരത്തുനിന്ന് കേട്ടുതുടങ്ങിയ ഖുരനിപാതശബ്ദവും അദ്ദേഹത്തെ വിഭ്രമസ്ഥിതിയിലാക്കാൻ തുടങ്ങിയ വിചാരത്തിൽനിന്ന് വിരമിപ്പിച്ചു. അത്യാപത്തിന്മേലോ അത്യാവശ്യംനിമിത്തമോ പായിക്കപ്പെടുന്ന ഒരു അശ്വത്തിന്റെ കുളമ്പുശബ്ദം അടുത്തടുത്ത് കേട്ട്, പ്രവേശനദ്വാരത്ത് എത്തിയപ്പോൾ നിലച്ചു. നിഷ്കൃപമായി ഓടിച്ച അശ്വം മജ്ജയും വിയർപ്പും പതിപ്പിച്ചുകൊണ്ട് ആനക്കൊട്ടിലിൽനിന്ന് ശ്വാസോച്ഛ്വാസവേഗത്താൽ ആഞ്ഞുതുടങ്ങി. ദ്വാസ്ഥഭടന്മാരിൽ ഒരുവൻ അശ്വാരൂഢനിൽനിന്ന് കടിഞ്ഞാൺ ഏറ്റുകൊള്ളുന്നു. മറ്റുള്ള ഭടജനം ഉപചാരപൂർവം വിലകിനില്ക്കുന്നു. ഒരു യോഗിവേഷത്തിന്റെ പുറപ്പാട് കാണുകയാൽ, സല്ക്കാരശാലയുടെ വാതുക്കലോട്ട് നീങ്ങി, ദിവാൻ ആ കാഷായവസ്ത്രകവചിതനെ സഹർഷം പുണരുന്നു. സൗഹൃദത്തിന്റെ സമുൽക്കൃഷ്ടതയാലുള്ള ആലിംഗനംകൊണ്ടുതന്നെ, ചാരപ്രധാനനായ കുഞ്ചെക്കുട്ടിപ്പിള്ള സൽകൃതനായി. എങ്കിലും മന്ത്രശാലയ്ക്കകത്തോട്ട് രണ്ടുപേരും കടന്നപ്പോൾ, സേനാനിയമത്താൽ ബദ്ധന്മാരെന്നപോലെ രണ്ടുപേരും പിരിഞ്ഞു, നായകന്റെ നിലയിൽ ദിവാൻജിയും ഭടന്റെ നിലയിൽ യജമാനന്റെ മുഖത്ത് നോക്കാതെ കാര്യക്കാരും നിലകൊണ്ടു.

ദിവാൻജി: "ഏതു വഴി?"

കുഞ്ചെക്കുട്ടിപ്പിള്ള: "വടക്കൻതന്നെ"

ദിവാൻജി: "ആൾ തിട്ടം?"

കുഞ്ഞെക്കുട്ടിപ്പിള്ള: "മദകരി നാല്പത്തേഴ്, ഒട്ടകം അറുപത്തൊമ്പത്, പീരങ്കി അമ്പത്താറ്, കുതിരപ്പട നാലായിരം, ശില്ലദാർ മുപ്പതിനായിരം, തുറുപ്പുകാർ മുപ്പത്തയ്യായിരം, പല ആയുധക്കാർ അറുപതിനായിരം ഇത്രയും ഉള്ളതിൽ മൂന്നിൽ രണ്ടു ഭാഗം"

ദിവാൻജി: "കൂടെ?"

കുഞ്ഞെക്കുട്ടിപ്പിള്ള: "സേനാനായകൻ കമ്മറുഡീൻസാ, ഉപസേനാനായകൻ സയ്യഡ്ഗാഫർ, മൂന്നാമൻ ഫക്കിരുദീൻ ഖജാനിപൂർണ്ണയ്യ രാജകുമാരൻ ഫട്ടീഹൈഡർ."

കുഞ്ഞെക്കുട്ടിപ്പിള്ളയുടെ വാക്കുകൾക്ക് ദിവാൻജി ഉത്തരമൊന്നും പറഞ്ഞില്ല. വിദഗ്ധനായ ആ മഹോപകാരിയെ സ്നാനത്തിനോ ഭക്ഷണത്തിനോ ക്ഷണിക്കാതെയും താൻ തന്നെ ഭക്ഷണത്തിന് ആരംഭിക്കാതെയും ഉടൻതന്നെ കാര്യമറിവിച്ച് കല്പന അറിയുവാൻ രാജമന്ദിരത്തിലേക്ക് തിരിച്ച്.

രണ്ട് നാഴിക കഴിഞ്ഞപ്പോൾ സൈംഹരൂക്ഷമായ മുഖത്തോടെ ദിവാൻജി മടങ്ങിയെത്തി. രാജ്യത്തിന്റെ മദ്ധ്യഭാഗത്തും തെക്കും കിടക്കുന്ന സേനാപംക്തികൾ നെടുംകോട്ട രക്ഷിപ്പാനും പറവൂർ പട്ടാളത്തോട് സന്ധിപ്പാനും തൽക്ഷണം തിരിക്കുന്നതിന് ശാസനകൾ ആ രാത്രിയിൽത്തന്നെ അടിയന്ത്രക്കാര്യമായി പുറപ്പെട്ട്. സംഭാരസംഭരണത്തിനും അതുകളുടെ വിതരണത്തിനും സർവാധിപത്യം വഹിക്കുവാൻ ഉത്തരവ് കണ്ടുകൂടുന്ന ഉടൻ പുറപ്പെടുന്നതിന് ചിലമ്പിനഴിയത്ത് കേശവനുണ്ണിത്താന് ഒരു പിടിപാടും കല്പനാനുസാരം എന്ന് പ്രത്യേകിച്ച് ചൂണ്ടിക്കാട്ടി പുറപ്പെട്ട്.

9

"കാട്ടിൽക്കിടന്നോരു നിന്നെക്കൊണ്ടന്നിങ്ങു
നാട്ടിൽവച്ചിട്ടല്ലോ ഗർവ്വനേകം"

അടുത്ത ദിവസം തിരുവനന്തപുരം നഗരത്തിന് 'ഉദയഗിരി ചുവന്ന'പ്പോൾ പൗരജനങ്ങളെ ഉണർത്തിയ ശംഖനാദം ടിപ്പുസുൽത്താൻ വടക്കൻവഴി അതിഭയങ്കരമായുള്ള സേനസന്നാഹത്തോടുകൂടി തിരുവിതാംകൂർ സംസ്ഥാനത്തെ ആക്രമിക്കുന്നു എന്നും ആ ആക്രമണത്തെ തടയുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കുന്നതിനും പുറമെ അപ്പോഴപ്പോൾ ആവശ്യപ്പെടുന്ന സഹായങ്ങൾ കുടികൾ ഉടനുടൻ ചെയ്യേണ്ടതാണെന്നും പരദേശികളുടെ സഞ്ചാരങ്ങൾ സൂക്ഷിച്ചും പടക്കാലത്ത് കുറ്റംകെടുതികൾക്ക് പിടികൂടപ്പെടുന്നവരെ ചട്ടവരിയോലപ്രകാരമല്ലാതെ കാര്യംപ്പാത്തക്കാർ കൈയോടെ വിചാരണ നടത്തി കാണംപടിക്ക് ശിക്ഷിച്ചും കൊള്ളകൾ അമർച്ചവരുത്തേണ്ടതാണെന്നും മറ്റും വിവരിച്ച പതിനാറ് ഓലയോളം നിറച്ചെഴുതി, സകലമാനപേരും അറിവാൻ തമുക്കടിച്ച് പ്രസിദ്ധപ്പെടുത്തിയ ഒരു തിരുവെഴുത്തുവിളംബരമായിരുന്നു.

ഇങ്ങനെയുള്ള സാഹിത്യശകലങ്ങൾ നിക്ഷേപിക്കപ്പെട്ടിരുന്ന രാജകീയ ഗ്രന്ഥപ്പുരകൾതന്നെ അവയുടെ ആഹ്രതിശാലകൾ ആയിത്തീർന്നതുകൊണ്ട് ഗദ്യസരസ്വതിയുടെ ജനനം കൊല്ലം പതിനൊന്നാം ശതകത്തിലെന്ന് ആധുനികകാലത്തെ കേരളീയപണ്ഡിതലോകം ജാതകച്ചാർത്ത് എഴുതി, അവരുടെ കാലത്തെയും പാശ്ചാത്യവിദ്യാപ്രവാഹത്തെയും പ്രശംസിക്കുന്നു. അക്കഥ എങ്ങനെയുമിരിക്കട്ടെ. ഇച്ഛാമാത്രത്താൽ ലഘുസാദ്ധ്യങ്ങൾ എന്ന് പൗലസ്ത്യന്മാർതന്നെയും വിചാരിക്കുന്ന കാര്യങ്ങളും "ദൈവം അന്യത്ര ചിന്തയേൽ" എന്ന് പരിണമിച്ചുപോകുന്നു. സാവിത്രീസ്വയംവരം ഒരു പക്ഷത്തിനുള്ളിൽ ആഘോഷിച്ച് ദിവാൻജിയെയും അദ്ദേഹത്തിന്റെ പക്ഷക്കാരെയും കൊടിതാഴ്ത്തിക്കാൻ അനുമതി വാങ്ങി ചിലമ്പഴിയത്തേക്ക് പുറപ്പെട്ട ഉണ്ണിത്താനെ അടുത്ത അരുണോദയത്തിൽ ശയ്യാമഞ്ചത്തിൽനിന്ന് ഉണർത്തിയ വൈതാളികൻ ദിവാൻജിയുടെ പിടിപാടായ

സങ്കീർത്തനം വഹിച്ചുള്ള ഒരു ശംഖുമുദ്രാധാരി ആയിരുന്നു. രാജാജ്ഞയുടെ പ്രതീക്ഷണത്തിൽ രണ്ടാം ചിന്തയ്ക്കുപോലും ഒരുങ്ങാതെ മധുരാപുരധ്വംസനത്തിന് ജരാസന്ധൻ എന്നപോലെ ഉണ്ണിത്താൻ തിരുവനന്തപുരത്തേക്ക് മടങ്ങി. മദ്ധ്യാഹ്നത്തോടടുത്ത സമയം, പുലിയിക്കുറിച്ചി എന്ന ദുർഗ്ഗപ്രാകാരത്തിൽനിന്ന് വടക്കൻകോട്ടകളിലേക്ക് മാറ്റുന്നതിനായി തിരുവനന്തപുരത്തേക്ക് നീക്കപ്പെട്ടിരുന്ന ചില പീരങ്കികളെ പരിശോധിക്കുന്ന ശ്രമത്തിൽ ദിവാൻജി ഏർപ്പെട്ടിരിക്കുമ്പോൾ കോപവീര്യശോണതയോടെ ഉണ്ണിത്താൻ എത്തി. സാമാന്യേന സാവധാനഗതിയായുള്ള ഉണ്ണിത്താന്റെ ദ്രുതതരഗതി കണ്ടപ്പോൾത്തന്നെ ദിവാൻജി ഉടനെ നടക്കുന്ന സംഭാഷണത്തിന് ശ്രോതാക്കളുണ്ടാകേണ്ട എന്ന് തീർച്ചയാക്കി സ്വമന്ദിരത്തിലേക്ക് മടങ്ങി. ശിവപുരാണകഥയിലെ നായകനായുള്ള മിത്രസഹനെത്തുടർന്ന ബ്രഹ്മരക്ഷസ്സിനെപ്പോലെ ഉണ്ണിത്താൻ ദിവാൻജിയുടെ പുറകെ സല്ക്കാരശാലയിലെത്തി. സാക്ഷാൽ വിശ്വാമിത്രവസിഷ്ഠന്മാരെന്നപോലെതന്നെ ഇവർ അഭിമുഖന്മാരായി നിന്നു. 'ജനനംമുതൽ ചതിയറിയാ'ത്ത കൂട്ടത്തിൽ അവതീർണ്ണനെന്നപോലുള്ള സ്വാത്മാഭിമാനത്തോടെ കാലക്ഷേപവിദ്യയായി കൗശല്യകൗടില്യങ്ങളെ വരിച്ച് ഔൽകൃഷ്ട്യം സമ്പാദിച്ച് മുന്നിലകൊണ്ടിരിക്കുന്ന ദിവാൻജിയുടെ മുമ്പിൽ ഉണ്ണിത്താൻ നിന്നുകൊണ്ട് തന്റെ ഹൃദയപാരുഷ്യത്തെ വിസ്രവിപ്പിച്ചു. "ഇതെന്ത് വിദ്യയാണ്? തോന്നിയതുപോലെ പ്രവർത്തിപ്പാനാണോ? അങ്ങേ ഈ വലിയ സ്ഥാനത്ത് തിരുമനസ്സുകൊണ്ട് പ്രതിഷ്ഠിച്ചിരിക്കുന്നത്? കീഴിലുള്ളവരുടെ ക്ഷേമവും സൗകര്യങ്ങളും തിരുമേനിക്ക് വേണ്ട അങ്ങല്ലേ പര്യാലോചിച്ച് പ്രവർത്തിക്കേണ്ടത്? എല്ലാ കാര്യങ്ങൾക്കും ഞങ്ങൾ തൃപ്പാദങ്ങളിൽ കരയണമെന്ന് വന്നാൽ ഈ ചെന്നതും ചെലവും വച്ച് അങ്ങേ വാഴിച്ചിരിക്കുന്നതെന്തിന്?"

ദിവാൻജി: "അങ്ങ് തൃപ്പാദഭക്തൻ, വിശ്വസ്തൻ, ഉദാരശീലൻ, സത്യവാൻ, ജനസമ്മതൻ എന്നെല്ലാം കല്പിച്ചുകണ്ടിരിക്കുന്നത് തെറ്റിയെങ്കിൽ ചെന്ന് സങ്കടം അറിയിച്ചുകൊള്ളാം. എന്നെ വാഴിച്ചത് പിഴയെങ്കിൽ അതും നിങ്ങളെപ്പോലുള്ള പ്രമാണികൾവഴി തിരുമനസ്സറിയേണ്ടതുതന്നെ."

ഉണ്ണിത്താൻ: "ഈ കഴുത്തിന് ചുറ്റും നാക്കുള്ളവരോട് ഞാൻ വാദിപ്പാൻ ആളല്ല."

ദിവാൻജി: "മിടുക്കൻ താർക്കികനെന്ന് തിരുമനസ്സുകൊണ്ടുതന്നെ അഭിമാനിക്കുന്നത് അങ്ങേയാണല്ലോ."

ഉണ്ണിത്താൻ: "അതു പഠിക്കുവാൻ ചെന്നു ചാടിയ ഗൃഹപ്പിഴകൊണ്ടാണല്ലോ അങ്ങ് തലയിൽ കയറുന്നത്. നെടുനാളത്തെ ബന്ധവും ഈശ്വരനെന്നതും മറന്ന് അങ്ങ് ദ്രോഹിച്ചു. അതു ക്ഷമിച്ചിട്ടും ഇപ്പോഴും ആ സാവിത്രിയുടെ ഇഷ്ടമല്ലേ ഇവിടുന്നു നോക്കുന്നുള്ളൂ? ഈ തരം നോക്കി എന്നെ അങ്ങോട്ട് ഓടിക്കുന്നത് എന്തു കൃത്രിമം."

ദിവാൻജി: "നെടുനാളത്തെ ബന്ധത്തെയും ഈശ്വരനെയും ഞാൻ ആദരിക്കുന്നോ എന്ന് കുറച്ച് കാലം ചെല്ലുമ്പോൾ അറിയാം. തന്നെത്തന്നെയും വിശ്വാസമില്ലാത്ത ആളുകളോട് ഞാൻ എന്ത് പറയും?"

'തന്നെ' എന്നു പ്രയോഗിക്കപ്പെട്ട പദം ഭാര്യയെ ഉദ്ദേശിച്ചാണെന്നു് ആ താർക്കികൻ വ്യാഖ്യാനിച്ചു് അദ്ദേഹത്തിന്റെ കോപപരിഹാസം മൂർച്ഛയിലായി. "ഹോഗ്യം! ആദിമുതല്ക്കുള്ള വിശ്വാസസ്ഥിതി എനിക്കു് അറിയാം. ശുദ്ധഗതിക്കാരനെന്നുവച്ചു് നെഞ്ചിൽത്തന്നെ ഏണി ചാരി തലയിൽ കയറുവാൻ നോക്കരുതു്. രാമരാവണന്മാർ പിണങ്ങി. ജയിച്ചതു് രണ്ടക്ഷരക്കാരൻ."

ദിവാൻജി: "നമ്മെ രക്ഷിക്കുന്ന ഇന്നത്തെ രണ്ടക്ഷരക്കാരനും ജയിക്കട്ടെ. അതിനു് ശക്തിക്കൊത്തു് സഹായിക്കുക."

ഉണ്ണിത്താൻ: "സ്ഥാനം മറന്നു് പ്രതികടം പറയരുതു്."

ദിവാൻജി: (മുഖഭാവം ഒന്നു മാറി ഉണ്ണിത്താനോടു് നേരെ അഭിമുഖനായി തിരിഞ്ഞുനിന്നു്) "സ്ഥാനം മറന്നോ, കാര്യക്കാരേ? അതു് മറന്നു് സംസാരിച്ചാൽ ആർക്കും ആപത്തുണ്ടു്."

ഉണ്ണിത്താൻ: "അങ്ങേക്കണ്ടന്നുമുതൽക്കേ ആപത്തു് ഇവനേ ചുറ്റിക്കഴിഞ്ഞു. ഭഗവാനേ! കലികാലശക്തി ഇത്ര മുഴത്തുപോകുന്നല്ലോ. ഈ കാര്യം പിടാത്ത എനിക്കു് വേണ്ടെന്നുവച്ചാലോ?"

ദിവാൻജി: "ഇന്നത്തെ തിരുവെഴുത്തുവിളംബരം കണ്ടില്ലെന്നുണ്ടോ? ശത്രുവിനെ എതിർക്കുന്നതിനു് കടികൾ സഹായിക്കണമെന്നുള്ള കല്പന അങ്ങെയും സംബന്ധിക്കും."

ഉണ്ണിത്താൻ: "എനിക്കു് ഒന്നും കഴികയില്ല. വാനപ്രസ്ഥം എന്നൊരാശ്രമമുണ്ടു്."

ദിവാൻജി: "അതെന്നാൽ പണ്ടേപ്പോലെ മരുത്വാൻമലയിലാക്കിക്കളയാം. ആ സ്ഥലം ഇന്നും ഒഴിഞ്ഞുകിടക്കുന്നു. ഉണ്ണിത്താന്റെ നിലയുടെ സൂക്ഷ്മം ഉണ്ണിത്താൻതന്നെ അറിയുന്നില്ല. രാജദ്രോഹത്തിനു് ശിക്ഷ തലവീശലാണു്. ഇന്നു് ആ കുറ്റത്തിനു് ആരെങ്കിലും പാത്രമാണെങ്കിൽ അതു ശേഷം ഞാൻ പറയുന്നില്ല."

ഉണ്ണിത്താൻ: "എന്റെജമാന്നെ! ഒന്നും ഉത്തരവാകണ്ട. ദാക്ഷിണ്യവും വേണ്ട. മരുന്നു കോട്ടയെക്കാൾ രണ്ടാമതു് പറഞ്ഞ ശിക്ഷതന്നെ ആകട്ടെ. അവിടുത്തെ അഭിലാഷങ്ങൾ സ്വൈര്യമായി സാധിക്കും." (രോദനസ്വരത്തിൽ) "ഇവനു് ഇങ്ങനെ കണ്ടും കേട്ടും കഴിയുന്നതിനേക്കാൾ ചാവുന്നതുതന്നെയാണു് സ്വർഗ്ഗതി. ബൗദ്ധന്മാരുടെ ആക്രമണം മൂക്കുന്നതു് അങ്ങയുടെ കാല്ക്കീഴ് ഈ പുണ്യഭൂമിയിൽ വച്ചതിൽപ്പിന്നെയാണു്."

ദിവാൻജി: "രണ്ടു പേരുടെ കാലും ഒരേ കാലത്തുതന്നെ ഇങ്ങോട്ടുവച്ചു എന്നാണെന്റെ ഓർമ്മ."

ഉണ്ണിത്താൻ: "എന്റെ കാലുകൊണ്ടു് ഒരു സ്ഥലവും അശുദ്ധമാവാനില്ല."

ദിവാൻജി: "ഭരിച്ചും അനുഭവിച്ചും കുബേരത്വമാളുന്ന മുതലുകൊണ്ടോ? മറ്റുള്ളവരുടെ ഗ്രഹ ഗ്രന്ഥവരി അങ്ങേ കൈയിലാണെന്ന് നടിക്കേണ്ട. ഇവന്റെ സംഗതിയിൽ പൂർവ്വം എന്തെന്ന് കാട്ടുവാൻ രേഖയൊന്നും കാണുകയില്ലായിരിക്കാം. അങ്ങേ ഐശ്വര്യ ത്തിന്റെ അസ്തിവാരം - ആയു്, ഞാനും നിലമറന്ന് സംസാരിച്ചുപോകുന്നു". സാവ ധാനത്തിൽ നീങ്ങി തന്റെ ആസനത്തെ അവലംബിച്ചുകൊണ്ടു് ദിവാൻജി തന്റെ എഴുത്തുപെട്ടിയോടെന്നപോലെ ഒരു ചോദ്യം ചെയ്തു: "ഇന്ന് വൈകുന്നേരത്തിന് മുമ്പുതന്നെ തിരിക്കുന്നോ? ചെറുപ്പത്തിലെ സൗന്ദര്യപ്പിണക്കത്തിനുള്ള സന്ദർഭം ഇതല്ല. കല്പന അനുസരിച്ച് നടക്കുന്നോ? നടത്തിക്കേണ്ടതു് നാം"

ഉണ്ണിത്താൻ: (ദീർഘശ്വാസത്തോടെ) "ആ തിരുനാമം ഉപയോഗിക്കുമ്പോൾ ഞാൻ എന്തു് പറയും? അങ്ങയുടെ ഇഷ്ടം നടക്കട്ടെ. എന്നാൽ അങ്ങല്ലാ ബ്രഹ്മാവ്; അങ്ങ യുടെ പടവാളിനെ പേടിക്കേണ്ടതു് ദ്രോഹികൾ മാത്രമാണ്. തോല്പിച്ചുകളഞ്ഞു എന്ന് സന്തോഷിച്ച് മദിക്കേണ്ട. ഞാൻ ഭാണ്ഡം കെട്ടിക്കഴിഞ്ഞു. ഈ ഭീഷണി കേട്ടിട്ടല്ല. തൃപ്പാദം സ്വരാജ്യലക്ഷ്മി എന്ന് കരുതുവാൻ ഞാനും പഠിച്ചിട്ടുണ്ട്. ആ പഠിപ്പിന് വേരുറപ്പ് കൂടുകയും ചെയ്തു." (തള്ളിപ്പെരുകുന്ന ദുഃഖം അടക്കാൻ പല്ല ഞെരിച്ചുകൊണ്ടും ഗദ്ഗദത്തോടും) "വല്ലവരും കരയുന്നെങ്കിൽ കരയിക്കുന്നതു് ഞാ നല്ല. കൊല്ലുക. എല്ലാം ആധിപിടിച്ച് ചത്തുനശിച്ചുപോകട്ടെ. ആർക്ക് ചേതം?" ഇങ്ങനെ അതിക്ഷീണനായി പ്രലപിച്ചുകൊണ്ടു് ഭൂസൃഷ്ടിയിൽ ചേർന്നുള്ള ഒരംഗം പോലെ അല്പനേരം നിന്നിട്ടു് ഉണ്ണിത്താൻ നടകൊണ്ടു. ദിവാൻജിയുടെ ശരീരം ഉപധാനത്തിലേക്ക് ചാഞ്ഞു് അദ്ദേഹം ചില ദീർഘശ്വാസങ്ങൾ മുക്തമാക്കി.

മന്ത്രിപീഠങ്ങൾ കുസുമാസ്തരണമായുള്ള മോഹനതല്പങ്ങളാണെന്ന് സാമാന്യലോകം വിഭ്രമിക്കുന്നു. എന്നാൽ, ആ സ്ഥാനപ്രതിഷ്ഠിതന്മാരുടെ അനുഭവം അവ കണ്ടകനിബി ഡമായുള്ള ഖരപ്രദേശങ്ങളത്രേ എന്നാണ്. പ്രകൃതിയുടെ അനിവാര്യങ്ങളായ ഗതിവിഗ തികൾക്കും ശീതോഷ്ണാവസ്ഥകളുടെ പ്ലവംഗത്വങ്ങൾക്കും നിയുക്തവക്ത്രനായുള്ള ജനതാ സത്വം ആ സ്ഥാനവാഹകന്മാരെത്തന്നെ ഉത്തരവാദികളാക്കുന്നു. ശ്രീഹർഷന്റെ മനോ ധർമ്മത്തിനും അഗോചരമായുള്ള ദ്വൈധവികല്പങ്ങൾ നേരിട്ടു് അവരെ പരമാധികാരിയും ബഹുജനതയും ചേർന്നുള്ള അഷ്ടമിരോഹിണീവിഹാരത്തിലെ ശിക്യമാക്കിത്തീർക്കുന്നു. ഈ പരമാർത്ഥത്തിലെ ശല്യത അതിരൂക്ഷതയോടെ അനുഭാവ്യമാകുന്നതു് രാഷ്ട്രമത്സര ങ്ങൾ മൂർച്ഛിച്ച് സമരകലാപത്തിൽ കലാശിക്കുമ്പോഴാണ്.

ദിവാൻ കേശവപിള്ളയുടെ ദിഷ്ടമാഹാത്മ്യം തന്മയത്വത്തോടെ ഗ്രഹിക്കണമെങ്കിൽ ഈ തത്ത്വങ്ങളുടെ സൂക്ഷ്മസ്മരണയോടുകൂടി അതിനെ പരിവീക്ഷണംചെയ്യേണ്ടതാണ്. ഉണ്ണിത്താന്റെ പരിഭവവചസ്സുകൾകൊണ്ടുണ്ടായ മനശ്ചാഞ്ചല്യങ്ങൾ നീങ്ങി, ആ ദിനം ഗൃഹാതരുച്ഛായകൾ ദ്രുതതരം നീണ്ടുതുടങ്ങുന്ന വേളയിൽ എത്തിയപ്പോൾ മാണിക്കഗൗ ണ്ഡന്റെ അനുചരന്മാർ ഒരു സങ്കടം ധരിപ്പിക്കാൻ ദ്വാരപ്രദേശത്തു് കാത്തുനിൽക്കുന്നു വെന്ന് ദിവാൻജിയുടെ അനുജൻ കുമാരന്തമ്പി അദ്ദേഹത്തെ അറിയിച്ചു. ഗൗണ്ഡന്റെ

സംഘവും ഉപജാപപ്രചാരകന്മാരാണെന്നു് ദിവാൻജി ഗ്രഹിച്ചു് വേണ്ട ബന്തോബസ്തുകൾ ചെയ്തു് അവരുടെ നടപടികളും സൂക്ഷിച്ചുവന്നിരുന്നു. ആ സംഘക്കാരെ തന്റെ ശാലയിലോട്ടു് പ്രവേശിപ്പിക്കുവാൻ മനസ്സില്ലാത്തതിനാൽ ദ്വാരപ്രദേശത്തു് ചെന്നു് സങ്കടം കേൾക്കാൻ ദിവാൻജി ആരംഭിച്ചു. ത്രിവിക്രമകുമാരനും കുമാരൻതമ്പിയും കാഷായവസ്ത്രങ്ങൾ മാറ്റിയിട്ടു് ഉദ്യോഗസ്ഥവേഷം ധരിച്ചിരുന്ന കുഞ്ഞെക്കുട്ടിപ്പിള്ളയും അദ്ദേഹത്തെ മുന്നിട്ടു് ദ്വാരപ്രദേശത്തെത്തി വ്യാപാരികൾ 'അങ്കവും കാണാം താളിയുമൊടിക്കാം' എന്നുള്ള കൗശലം അനുസരിച്ചു് അവരുടെ കച്ചവടസാമാനങ്ങളുംകൊണ്ടു് പുറപ്പെട്ടിരുന്നു. ദിവാൻജി എത്തുന്നതിനിടയിൽ ദ്വാരപ്രദേശത്തിന്റെ ഉഭയപാർശ്വങ്ങളിലും പീടികകൾ നിരത്തിക്കഴിഞ്ഞു. മുസൽമാൻ, മാർവ്വാറി, മറവൻ, മഹാരാഷ്ട്രൻ എന്നിങ്ങനെ പല വേഷക്കാരും ആ സംഘത്തിൽ കാണ്മാനുണ്ടായിരുന്നു. കുംബളങ്ങളും പട്ടാംബരങ്ങളും പൊതിഞ്ഞുള്ള കെട്ടുകളും രത്നങ്ങളും സ്ഫടികസാമാനങ്ങളും നിറഞ്ഞുള്ള പെട്ടികളും വിക്രയത്തിനായി നിരന്നപ്പോൾ കാലം കൊന്നുനടക്കുന്ന അലസന്മാരും ബാലന്മാരും അവർക്കു് രുചികരമായുള്ള നർമ്മാവസരം കണ്ടു് വ്യാപാരികളെ വട്ടമിട്ടുകൂടി. കാവലൂഴങ്ങൾ കഴിഞ്ഞുനിന്നിരുന്ന ഭടജനങ്ങളും വ്യാപാരസാമാനങ്ങളാൽ ആകൃഷ്ടന്മാരായി വാണിജ്യസംഘത്തെ വളഞ്ഞു.

വ്യവസായകാര്യങ്ങളിൽ ജന്മവാസനായാൽത്തന്നെ പരമോത്സുകനായുള്ള ദിവാൻജി ദ്വാരപ്രദേശത്തു് എത്തിയപ്പോൾ അയ്യായിരത്തിൽപ്പരം വരാഹൻ വിലപിടിക്കുന്ന സാമാനങ്ങൾ തങ്ങളുടെ പക്കൽനിന്നും ചിലമ്പിനഴിയത്തു് ഉണ്ണിത്താൻ വാങ്ങിയിട്ടുണ്ടെന്നും ആ കടം തീർക്കാതെ അദ്ദേഹം യുദ്ധരംഗത്തു് പോകുവാൻ ഒരുങ്ങുന്നെന്നും ആ വഞ്ചനക്രിയയ്ക്കു് എന്തെങ്കിലും നിയമാനുസാരമായ പരിഹാരം ദിവാൻ സാഹേബ്ബിൽനിന്നും ഉണ്ടാകണമെന്നും വ്യാപാരികൾ നിലവിളിച്ചു. "ഛായ്! ഛായ്! ഒത്തി നില്ലങ്കോ" എന്നു് ഒരു മുസലിവേഷക്കാരനായ വൃദ്ധൻ മര്യാദ ലംഘിച്ചു് ദിവാൻജിയുടെ പരിസരത്തിൽ ആക്രമിച്ച സങ്കടക്കാരെ ശാസിച്ചു. "സ്ഫലികൈ, പൊരവ്മണി, മരതകപ്പച്ചൈ എന്ന സർദാർ! ശീമക്കമൽ, ലന്തക്കമൽ, കണ്ണാലെ പാരുംകൾ" എന്നിങ്ങനെ സാമാനങ്ങൾ കാട്ടി വില സഹായമെന്നും മറ്റും ഗുണദോഷിച്ചു് അവ വാങ്ങുവാൻ ദിവാൻജിയോട്ടു് അപേക്ഷിച്ചു. നിരവധി രാജ്യാവസ്ഥകളുടെയും സമുദായഗതികളുടെയും ദർശനംകൊണ്ടു് അന്നത്തെ പരീക്ഷണം അനുവർത്തിക്കാൻതന്നെ അയാളെ പ്രേരിപ്പിക്കുമാറുള്ള പരിഷ്കരണം വൃദ്ധന്റെ ബുദ്ധിക്കുണ്ടായിട്ടുണ്ടെന്നുവരുകിലും പരീക്ഷിതന്റെ ബുദ്ധിപ്രഭാവത്തെ സൂക്ഷ്മാനം ചെയ്വാൻ വേണ്ടുവോളമുള്ള സംസ്കരണം അയാൾ സമ്പാദിച്ചിട്ടില്ലായിരുന്നു. വൃദ്ധന്റെ ഗുഷഭസ്വരം കേട്ടപ്പോൾ അത്യുഗ്രമായ സ്മൃതിശക്തിയുള്ള കേശവപിള്ള പല സംവത്സരങ്ങൾക്കു് മുമ്പു് സ്വശ്രവണേന്ദ്രിയവിഷയമായിത്തീർന്നിട്ടുള്ള ഒരു ശബ്ദത്തെ സ്മരിച്ചു. തന്നെ വലയംചെയ്യുന്ന വിഷയങ്ങൾ ഒന്നുകൂടി കുടിലമാകുന്നു എന്നു് ചിന്തിച്ചു് അതിനോട്ടു് മല്ലിടാനും അദ്ദേഹം ഒരുമ്പെട്ടു. ഗുരുപദാർത്ഥങ്ങളുടെ ഭക്തികൊണ്ടു് ഉണ്ടായിട്ടുള്ള ശരീരപുഷ്ടിയും പ്രവാസഫലമായുള്ള വർണ്ണഭേദവും എന്തോ പ്രപാതംകൊണ്ടുണ്ടായിട്ടുള്ള നാസാവൈരൂപ്യവും ശിരസ്സിന്റെ രോമശൂന്യതയും മീശവളർത്തി വട്ടത്താടിയാക്കിയിട്ടുള്ളതിന്റെ ജടിലതയും ചേർന്നിട്ടും അവ ആ സത്വത്തിന്റെ സൂക്ഷ്മതയെ മറയ്ക്കുന്നില്ല. സൗജന്യവാന്റെ ചാരുപുഞ്ചിരിയോടെ ദിവാൻജി വൃദ്ധനെക്കടാക്ഷിച്ചിട്ടു് "പാരുങ്കൾ - മാമനാർ

ശൊല്ലകിറ രത്ത്നത്തരങ്കളെ മൊതെ മൊതെ എടുംകൾ" എന്ന് ആജ്ഞാപിച്ചു. വ്യാപാരികൾ തങ്ങളുടെ സങ്കടപരിഹാരത്തിനായി വീണ്ടും ഉച്ചശ്രുതിയിൽ അർത്ഥിച്ചു. വൃദ്ധൻ എടുത്തുനീട്ടിയ ഒരു വജ്രമോതിരം വാങ്ങി അതിന് തീർച്ചയാക്കിയ വിലകൊടുപ്പാൻ ആജ്ഞാപിച്ചിട്ട് കുഞ്ചെക്കുട്ടിപ്പിള്ളയെ ആംഗ്യത്താൽ സഹഗാമിയാക്കി ദിവാൻജി തന്റെ സല്ക്കാരശാലയിലേക്ക് തിരിച്ചു. സങ്കടപരിഹാരത്തിന്റെ അനവാപ്തിയിൽ വ്യാപാരികൾ രാജ്യാധികാരത്തെ പല ഭാഷകളിലും ഉച്ചൈസ്തരം ഭർത്സിച്ചു. പാശിശംഖമോതിരം, സ്ഫടികവളകൾ എന്നിവയാൽ സമ്മാനിതരായി കാഴ്ച കണ്ട് നിന്നിരുന്ന ബാലസംഘം ഭർത്സനത്തിന്റെ ശ്രുതിക്കൊത്ത് കൂക്കുവിളി തുടങ്ങി. കുഞ്ചെക്കുട്ടിപ്പിള്ള മടങ്ങിയെത്തി സംഘം ഉടനെ പിരിഞ്ഞുകൊള്ളേണ്ടതാണെന്ന് അവിടെ സഞ്ചയിച്ച് കൂടിക്കലാശം തുടങ്ങിയിരിക്കുന്ന മേളക്കാരിൽ ഓരോ വർഗ്ഗത്തോടും അവരവരുടെ ഭാഷയിൽ ആജ്ഞാപിച്ചിട്ട് അവരെ അന്നത്തെ തിരുവെഴുത്തുവിളംബരം എങ്ങനെ സംബന്ധിക്കുമെന്നുകൂടി അറിവുകൊടുത്തു. അങ്ങളുടെ ഭർത്സനങ്ങളെ കുറച്ചുകൂടി രൂക്ഷമാക്കിയും മുമ്പിലത്തെക്കാൾ ഉച്ചത്തിൽ ഉച്ചരിച്ചും സംഘക്കാർ പിരിഞ്ഞു. വൃദ്ധൻ അതോടുകൂടി സാവധാനത്തിൽ സ്ഥലസ്ഥിതികൾ സൂക്ഷിച്ചുനടന്നു. വടക്കേക്കോട്ട കഴിഞ്ഞപ്പോൾ ഒരു യാചകവേഷക്കാരൻ അയാളുടെ പുറകെ എത്തിയതു് പക്ഷേ, യദൃച്ഛാസംഭവമായിരിക്കാം.

ഉണ്ണിത്താന്റെ പാർശ്വവർത്തികൾ അദ്ദേഹത്തിന്റെ യാത്ര മുടക്കാൻ ഇനിയും പ്രയത്നങ്ങൾ ചെയ്യുമെന്ന് ദിവാൻജി ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഭണ്ഡാരകാര്യങ്ങൾ ദിവാൻജിയാൽ നിയുക്തനായ മറ്റൊരുദ്യോഗസ്ഥനെ ഏല്പിച്ചിട്ട് താൻ ഉത്തരദേശങ്ങളിലേക്കുള്ള പ്രയാണം ആരംഭിച്ചിരിക്കുന്നു എന്ന് ഉണ്ണിത്താൻ എഴുതിയ ലേഖനം ദിവാൻജിയുടെ കൈയിലെത്തി. എന്നാൽ, ആ നിരുദ്ധശ്രമൻ ദിവാൻജി അനുഷ്ഠിച്ച കൗശലത്തിന് പ്രതിക്രിയയായി ഭാര്യാപുത്രിമാരെ വേർപെടുത്തി മീനാക്ഷിഅമ്മയെ ചിലമ്പിനഴിയത്തേക്കും സാവിത്രിയെ കൊട്ടാരക്കരയുള്ള കിഴക്കേ നന്തിയത്തു് ഭവനത്തിലേക്കും അയച്ചിരിക്കുന്നു എന്ന് ലേഖനവാഹകനിൽനിന്ന് ദിവാൻജി ഗ്രഹിച്ചു. സാവിത്രിയുടെ രക്ഷയ്ക്ക് കരണീയമായുള്ള കൃത്യത്തെ അദ്ദേഹം ഉടനടി അനുഷ്ഠിക്കുകയും ചെയ്തു.

വിളക്കുവച്ചുകഴിഞ്ഞപ്പോൾ ഇട്ടുണ്യാദി നാമക്കാരനായ കാര്യക്കാർ ദിവാൻജിയുടെ സല്ക്കാരശാലയിൽ അനുമതിവാങ്ങി പ്രവേശിച്ചു. രാജകുടുംബാംഗങ്ങളുടെയോ തുല്യസ്ഥാനീയന്മാരുടെയോ ദർശനത്താലല്ലാതെ ഉത്ഥിതനാകാത്ത ദിവാൻജി തന്റെ തട്ടുപടിയിൽ നിന്ന് ഗൗരവസ്മേരത്തോടെ എഴുന്നേറ്റുനിന്നു. ആ മഹാനുഭാവനെ അന്ന് ആദ്യമായി അഭിമുഖനായിക്കണ്ട കാര്യക്കാർ ആ മന്ത്രിയുടെ സൂക്ഷ്മദർശനത്തെ അഭിമാനിച്ച് പരോക്ഷജ്ഞാനത്താൽ സർവഥാ പരാജയമേ ഗതി എന്ന് മനസാ സമർത്ഥിച്ചു. എങ്കിലും പരീക്ഷാശ്രമങ്ങൾ കൈവിടുന്നതു് അപൗരുഷമെന്ന് ചിന്തിച്ച് അദ്ദേഹം ദാസവിനയത്തെ അഭിനയിച്ച് അജിതസിംഹരാജാവ് പരിഗ്രഹിപ്പാൻ നിശ്ചയിച്ചിരിക്കുന്ന ബാലികയുടെ അച്ഛനെ ദുർമ്മത്സരത്താൽ തിരുവനന്തപുരത്തുനിന്ന് അകറ്റിയിരിക്കുന്ന വസ്തുതയെ ആ രാജസിംഹൻ മഹാരാജാവിനെ ധരിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് പറഞ്ഞു.

ദിവാൻജി: "ആരെ ധരിപ്പിക്കും?"

ഇട്ടുണ്ണി: "മഹാരാജാവിങ്കൽ."

ദിവാൻജി: "മഹാരാജാവിങ്കലോ? തിരുവിതാംകൂർ രാജ്യത്തിനകത്തു് നിൽക്കുന്ന എന്നു് ഓർമ്മിച്ചും നല്ലപോലെ ആലോചിച്ചും പറയുക."

ഇട്ടുണ്ണി: "അരുളിച്ചെയ്തതു് ഇവിടെ ധരിപ്പിച്ചു."

ദിവാൻജി: "ഇപ്പോൾ എന്റെ മുമ്പിൽ ധരിപ്പിക്കുന്നതു് അവി - താൻ തന്നെയല്ലേ?"

ഇട്ടുണ്ണി: (ഒന്നു കുലുങ്ങി) "തിരുമുമ്പിൽ അറിയിക്കും എന്നാണു് അരുളപ്പാടു്."

ദിവാൻജി: "എന്നാൽ, ആ അജിതസിംഹൻ പറയുകയില്ലേ - 'കേശവൻ' 'കേശവൻ' എന്നു് - അവൻ പറഞ്ഞതായിട്ടു് ചെന്നു് പറയണം വല്യകൊട്ടാരത്തിലോട്ടു് കടന്നാൽ ആ കാൽ പിന്നെ ഉപയോഗപ്പെടുകയില്ലെന്നു്."

ഇട്ടുണ്ണി: "എന്താ ഈ പറയുന്നതിന്റെ സാരം?"

ദിവാൻജി: "തിരുമനസ്സിലെ തലസ്ഥാനത്തുവച്ചു് ഒരു കലാപവും ഉണ്ടാകാൻ ഞാൻ സമ്മതിക്കയില്ല. അപഖ്യാതിയുണ്ടായിട്ടും അതു് ഞാൻ നല്ലപോലെ സൂക്ഷിച്ചു് പ്രവർത്തിച്ചുവരികയാണു്. ഈ നയം അറിഞ്ഞുകൂടാത്ത ആളല്ലല്ലോ കാര്യക്കാർ? അതുകൊണ്ടു് ഉടനെ നടന്നുകൊള്ളുകയാണു് അവിടേക്കു് ചേരുന്നതു്."

കാര്യക്കാർ പലതും ചിന്തിച്ചു് അല്പനേരം നിന്നു. ദിവാൻജിയും ആദരഭാവത്തോടെ മിണ്ടാതെ നിലകൊണ്ടു. മുഖഭാവങ്ങളിൽനിന്നു് പരസ്പരം അന്തർഗ്ഗതങ്ങൾ ഗ്രഹിക്കുകയാൽ രണ്ടുപേരും പുഞ്ചിരിക്കൊണ്ടു.

ഇട്ടുണ്ണി: "എന്നാൽ മണപ്പുറത്തുവച്ചു് പക്ഷേ, കാണാം."

ദിവാൻജി: "വേണ്ട ആചാരോപചാരങ്ങളോടെ."

കാര്യക്കാർ ഒരു ശിരഃകമ്പനം ചെയ്തതും മേൽപ്പാവുമണ്ടു് കൈയിലാക്കി വീശിയും മടക്കനട ആരംഭിച്ചു.

ഈ സന്ദർഭത്തിന്റെ ഫലമായി ആ രാത്രിയിൽത്തന്നെ ഇട്ടുണ്ണികാര്യക്കാരും ഒരു ഭാഗം പരിവാരങ്ങളും പിരിഞ്ഞു് ഏതു വഴിയിൽക്കൂടി എന്നറിയാതെ വേഷപ്രച്ഛന്നന്മാരായി തുടർന്നു് പുറപ്പെട്ട ഭടജനങ്ങളെയും തോല്പിച്ചു് അപ്രത്യക്ഷന്മാരായി. ബബ്ലേശ്വരന്റെ ത്രുക്കഴലുകൾ രാജമന്ദിരത്തിലാകട്ടെ, രാജസ്വമായുള്ള വലിയകോയിക്കൽ എന്ന മന്ദിരത്തിലാകട്ടെ കണ്ടുകൂടെന്നുള്ള വിരോധാജ്ഞ ആ രാത്രിയിൽത്തന്നെ കിട്ടുകയാൽ, അദ്ദേഹവും തൽക്കാലത്തേക്കു് നന്തിയത്തുമഠത്തിലെ കുളപ്പുരയിൽ അരിവയ്പും കെട്ടിനകത്തു് പാർപ്പും ആക്കി.

അന്നത്തെ വിശേഷസന്ദർശനങ്ങളുടെ അനവധികത്വംകൊണ്ട് ദിവാൻജിയുടെ ജീവചരിത്രത്തിൽ അത് സ്മരണീയമായുള്ള ഒരു ദിവസമായിത്തീർന്നു. ബഹുജനജീവനാശങ്ങൾ സംഭവിച്ചേക്കാവുന്ന ഇത്തരം സന്ധികൾ ഗൗരവതരങ്ങളായ സംഭവപരമ്പരകളെക്കടന്ന് മാത്രമേ പരിണാമസ്ഥിതിയിൽ എത്തുന്നുള്ളൂ. ഈവക സംഭവങ്ങൾ രാഷ്ട്രങ്ങളുടെ ഉത്ഭവം, സ്വരൂപണം, സ്ഥിതിരക്ഷണം, ധ്വംസനം എന്നുള്ള ഘട്ടങ്ങളോട് ബ്രഹ്മകല്പിതമായി സാഹചര്യത്തെ അവലംബിക്കുന്ന വിപ്ലവങ്ങളാണ്. ഏതദ്വിധസംഭവങ്ങളിലെ ക്രിയാകാരകന്മാർ സവ്യസാചികളും കാര്യക്ഷമതാധുരന്ധരന്മാരും സഹസ്രാക്ഷന്മാരും ശീതാതപാദിസഹിഷ്ണുക്കളും ഇന്ദ്രിയസുഖങ്ങളുടെ ജിഷ്ണുക്കളും ആയിരിക്കേണ്ടതാണ്.

ദിവാൻ കേശവപിള്ള ഇട്ടുണ്ണിക്കണ്ടപ്പന്റെ നിർഗ്ഗമനത്തെത്തുടർന്നുതന്നെ വടക്കോട്ടുള്ള തന്റെ യാത്രയ്ക്ക് വേണ്ട കാര്യപരിപാടി തയ്യാറാക്കിത്തുടങ്ങി. ഈ ഘട്ടത്തിൽ കുഞ്ഞെക്കുട്ടിപ്പിള്ള മടങ്ങിയെത്തുകയാൽ ആശ്ചര്യസ്വരത്തിൽ ദിവാൻജി ഇങ്ങനെ ചോദ്യംചെയ്തു: "ഇത്രനേരം വേണ്ടിവന്നോ?"

കുഞ്ഞെക്കുട്ടിപ്പിള്ള: "അയ്യോ! പണ്ടത്തെ ആളൊന്നുമല്ല. മൂക്ക് പൊളിഞ്ഞുപോയെങ്കിലും വാടപിടിപ്പാൻ ദേഹം നിറച്ച് അതുള്ളതുപോലെ ആ ഗംഭീരക്കള്ളൻ എന്നെ വട്ടംചുറ്റിച്ചു. ചാരനെന്ന് ആദ്യമേ സംശയിച്ചത് ശരിതന്നെ. മാണിക്കഗൗണ്ഡൻ എന്നതും കള്ളപ്പേരാണ്. ഈ ചാകാപ്രാണിയെ വളരെ സൂക്ഷിക്കണം. നവഗ്രഹങ്ങൾ പിഴച്ചുള്ള ഈ കാലത്തല്ലേ ഇയാൾക്കും വന്നുചാടാൻ തരംകണ്ടുള്ളൂ."

ദിവാൻജി: (നാസികമേൽ ചൂണ്ടുവിരൽ വച്ചുകൊണ്ട്) "നോക്കണേ, ആകപ്പാടെ എന്ത് അനർത്ഥം! തിരുമനസ്സറിയിക്കുവാനും പാടില്ല, അറിയിക്കാതിരിപ്പാനും പാടില്ല. ആർക്കും കാണാൻ വഹിയാത്ത കോവിലും കെട്ടിപ്പാർത്തു. ഇപ്പോൾ പറയ്ക്കെഴുന്നെള്ളിച്ച് തുടങ്ങിയിരിക്കുന്നത് നമുക്ക് വിനയ്ക്ക്. എന്നേ മാണിക്കഗൗണ്ഡാ! ചിലരുടെ കഥകളും ചില കാര്യങ്ങളും എവിടെച്ചെന്ന് നിൽക്കും? ടിപ്പുസുൽത്താന്റെ മഹായോഗം നോക്കണേ."

കുഞ്ഞെക്കുട്ടിപ്പിള്ള: "ഇവിടുത്തെ മഹായോഗമോ? ചുറ്റിക്കറങ്ങിവന്ന് ചാകാൻ ഈ കണ്ണിൽത്തന്നെ ചാടിയല്ലോ."

ദിവാൻജി: "ഈ സ്ഥലം വിട്ടുപോകാൻ വിട്ടുകൂടാ. അങ്ങനെ പല മേളവും ചേരട്ടെ. എങ്കിലേ ഒരു ഉത്സവമാകൂ? ഒന്നുരണ്ട് പടിത്തരക്കാരെ കുഞ്ഞെക്കുട്ടിപ്പിള്ള തന്നെ ഏൽക്കണം. തിരുമേനിസൂക്ഷിപ്പും."

കുഞ്ഞെക്കുട്ടിപ്പിള്ള ശിരസ്സ് നമിച്ച് ആജ്ഞകളുടെ നിർവഹണഭാരം സ്വീകരിച്ചു എന്ന് ധരിപ്പിച്ചു.

നിദ്രയ്ക്ക് മുമ്പുള്ള പ്രാർത്ഥനയ്ക്കായി ദിവാൻജി ശയ്യാമഞ്ചത്തിന്മേൽ യോഗാസനസ്ഥനാകുന്നു. പരിസരദേശത്തുള്ള പ്രാകാരരക്ഷികളുടെ സഞ്ചാരാരവങ്ങൾ മൃദുലമാകുന്നു. രായസക്കാരുടെ കൂർക്കങ്ങളും ദുസ്വപ്നക്കാരുടെ പേപറച്ചിലുകളും ഇടയ്ക്കിടെ, ആ അർദ്ധരാത്രി

യുടെ പ്രശാന്തമാഹാത്മ്യത്തെ അനാദരിക്കുന്നു. മൂഷികസംഘങ്ങൾ മനുഷ്യാധികാരത്തെയും മന്ത്രിപ്രഭാവത്തെയും അലക്ഷ്യമാക്കി ശൃംഗാരകലഹങ്ങളും മറ്റും തട്ടിൻപുറത്തു് തകൃതിയായി മേളിക്കുന്നു. ദിവാൻജിയുടെ ധ്യാനം പത്മാസനസ്ഥന്റെ സ്ഥിതിയിൽ മാനസപൂജാക്രിയയിലോട്ടും ഒരു മഹാകായന്റെ പാദങ്ങൾ കിഴക്കേക്കെട്ടിൽനിന്നു് പടിഞ്ഞാറോട്ടുള്ള വാതിലിൽക്കൂടി നിദ്രാശാലയിലേക്കും തരണം ചെയ്യുന്നു. അഷ്ടാവധാനചതുരനായ ദിവാൻജിയുടെ ശ്രോത്രങ്ങൾ ആ ഭീമാകാരന്റെ പാദങ്ങളുടെ ലഘുപതനശബ്ദത്തെയും കേൾക്കുന്നു. മീശയും നെടുംതാടിയും ധരിച്ചുള്ള ഒരു അന്തകാകാരത്തെ കണ്ടപ്പോൾ ദിവാൻജി ആദരഭാവത്തിൽ മഞ്ചത്തിൽനിന്നു് എഴുന്നേറ്റു് താഴത്തിറങ്ങി അതിന്റെ പടിചാരിനിന്നു് "ആരവിടെ? മച്ചമ്പിക്കിരിക്കാൻ ഒരു പാ കൊണ്ടുവരട്ടെ!" എന്നൊരു ആജ്ഞകൊടുത്തു.

ആഗതൻ: "വേണ്ടാ വേണ്ടാ - നിന്നാൽ മതി. ധിവാന്മാരെ നമ്പിൽ ഇരിപ്പാനും മറ്റുമുള്ള പെരുമ ഇക്കാട്ടുമാടനില്ല."

ദിവാൻജി: "എന്നാലും മച്ചമ്പി വന്നതു് സന്തോഷമായി. ചിലതു് പറഞ്ഞയപ്പാൻ തരം കിട്ടിയല്ലോ."

ആഗതൻ: "നോക്കു്, മൂപ്പു് എനിക്കാണു്. അതുകൊണ്ടു് ചൊല്ലാനൊള്ളതു് മൊറപ്പടി ഞാൻ ചൊല്ലിയേക്കാം. എന്റപ്പി ആളും പൊരുളും ഇല്ലാണ്ടു് ഇത്തിരിയൊക്കെച്ചാണക്കയറു് വാങ്ങുണു. നിന്റെ തമ്പുരാനും മാനത്തുനോക്കി നക്ഷത്രതിരെണ്ണുണു്. നാമെന്തായാലും ഉറ്റവരു്. ചൊല്ലുന്നതേ ഒറവായിപ്പിടിക്കു് ഒന്നോ, രണ്ടോ, മൂന്നോ - നീ വീട്ടിന്നെറക്കിയതും, പെടുവിച്ച പാടും മറന്നു് - കുഞ്ചുമായിറ്റി ഇറക്കാം. ഛേ! പുല്ലു മൂന്നേ പോയി. എടാ, എന്തായാലും 'കേയൂ'ന്നു കൊച്ചിലെ മടിയിലിരുത്തിക്കളിപ്പിച്ച ഇന്നത്തെ ഈ പെരിഞ്ഞക്കോടൻ ചൊല്ലുണു. ടിപ്പുന്റെ പീരങ്കി ഉണ്ട കടിച്ചുപിടിക്കണ കരുത്തന്മാരെയും ഒന്നോ രണ്ടോ ആയിരം ഇന്നാ പിടി."

ദിവാൻജി: "പണത്തുക പറയുന്നതു് ലക്ഷക്കണക്കിനായിരിക്കാം. ശ്രീപത്മനാഭന്റെ തൃപ്പടിയിൽ കാണിക്ക ഇട്ടേക്കണം. എന്നാൽ കല്പിച്ചു് പലതും ക്ഷമിക്കും."

പെരിഞ്ഞക്കോട്ടു് കുഞ്ചുമായിറ്റിപ്പിള്ള എന്നു് സ്വസംഭാഷണം കൊണ്ടുതന്നെ വെളിവാക്കിയ ആഗതൻ ദിവാൻജിയുടെ അവസാനവാക്കുകൾ കേട്ടു് ഒരു ഫൂൽക്കാരം ചെയ്തു. അയാളുടെ കണ്ഠദരം അത്യുഗ്രമായ ഒരു കാഹളാരവത്തെത്തന്നെ ധ്വനിപ്പിച്ചു: "ഫൂ! ക്ഷമിപ്പാനും കൊമപ്പാനും എന്തരു്? നിന്റെ മന്തിരിയടവൊന്നും കുഞ്ചുമായിറ്റീടെ അടുത്തെടുക്കാതെ. എന്റെ കൊച്ചുമച്ചമ്പി പെരിയവൻതന്നെ. എടാ! താലിവെച്ച പെണ്ണു് ഒന്നു് തന്നത്താനറിഞ്ഞു് പുരുഷനെക്കാത്തു് മനയിരിക്കുണു. നെനക്കു് കൊടപിടിക്കണ വിക്കറമൻകുട്ടിയെത്തന്നു് വന്നു് പോയ കൊറതീർക്കു്. അടടാ! കുലംമറന്നു് പൊറന്തിരിയാതെ. നീ ശേഷക്കാരൻ, ഞാൻ ഒടലുക്കുപെറന്ന മകൻ. തന്തയാർ ചെയ്ത പിഴ പിള്ള തലയിൽ ചൊമത്താതെ. നെനക്കു് മേലിരിക്കണവൻ ശെൽവം തന്നു. നമുക്കും ഒരു കാട്ടുവഴി കാമ്പിച്ചു. പെരുത്തൊന്നും കേക്കിണില്ല. പൊൻകിളിപോലത്തെ പെണ്ണല്ലെങ്കി, ഛീ! പെരി

ഞ്ചക്കോടനിതാ പുറവോട്ട് മാറി. നീ കണ്ണാലെകണ്ട് മനസ്സിനാ ഇനിവ്വ് കൊണ്ടില്ലെങ്കി, തല വീശിക്കള."

ദിവാൻജി: "മച്ചമ്പി, ചിലതെല്ലാം ഞാനറിഞ്ഞു. എങ്കിലും ചോറിട്ട തൃക്കൈ മറന്ന് ഞാൻ അടങ്ങിപ്പാർക്കുന്നു. എന്ത് ചെയ്യാം? നമ്മുടെ വഴി രണ്ടും രണ്ട്. അവിടെ നില്ക്കട്ടെ. കഴുത്തിൽ കൊലമാല തന്നത്താനറിഞ്ഞു് വീഴ്ത്തരുത്."

കുഞ്ചുമായിറ്റിപ്പിള്ള: "നീ ചെലതറിഞ്ഞോ? എന്തരറിഞ്ഞു് പിള്ളേ? എന്തരറിഞ്ഞു്? നീ അറിഞ്ഞെങ്കി, മൈസൂരീന്ന് വന്നവനെക്കൊന്നതാര്? പറ. അവൻ കൊണ്ടന്ന എഴുത്ത് നിന്റെ, ഇതാ നീ ഇരിക്കണടത്ത് കൊണ്ടിട്ടതാര്? ഇതോ നിന്റെ കണ്ണും കരളും കരുത്തും? ഇന്ന് ഇതിനകത്തിരുന്നോണ്ട് ഞെളിയണ നിന്റെ തല എന്ന് പോക്കോ!"

ദിവാൻ ലലാടാക്ഷികൊണ്ടെന്നപോലെ ഒന്നു നോക്കി. എങ്കിലും സ്വവർഗ്ഗീയനും സമീപസംബന്ധിയും ആയ ഒരാൾ തന്റെ ദേഹത്തെ ശൂലോന്മുഖവും ആത്മാവിനെ നരകോന്മുഖവും ആക്കുന്ന ആ ബുദ്ധിനൈകൃഷ്ട്യത്തെ ചിന്തിച്ച് 'കഷ്ടം' എന്നുള്ള അനുതാപം ഉള്ളിലും ഒരു ജലച്ഛായ കണ്ണിലും മിന്നിശ്ശമിച്ചു. നിവൃത്തിയുണ്ടെങ്കിൽ സദുപദേശംകൊണ്ട് ആ ധീരനെ ഒരു നവജീവിതത്തിലേക്ക് നയിച്ചാൽ കൊള്ളാമെന്നു തോന്നി ഇങ്ങനെ ഗുണദോഷിക്കയും ചെയ്തു: "പൊന്നുതമ്പുരാന്റെ കാല്ക്കൽ വീണ്, ശ്രീപത്മനാഭന് അടങ്ങേണ്ട മുതൽ തൃപ്പാദത്തിൽ സമർപ്പിച്ചാൽ–"

കുഞ്ചുമായിറ്റിപ്പിള്ള: "നോക്ക്, എന്റെ കണ്ണിൽ പൊടിയിടാൻ നോക്കാതെ. നീയല്ലാണ്ട് തമ്പുരാൻ ഏതെടാ, തിരുവടിയേതെടാ?"

ദിവാൻജി: "നില്ക്കണേ. ഇതുപോലെ മറ്റു ചിലർക്കും ഒരു ഭ്രമമുണ്ട്. നിറയെ ഉണ്ടുകൊണ്ട് അങ്ങ് ചെന്നാൽ എല്ലാം ദഹിച്ച് വിയർത്ത് നാറിത്തിരിച്ചുപോരുന്നത് അവർക്കറിയാം. വെളിയിലിറങ്ങുമ്പോൾ ചിലർ ഞെളിയും – മീശ മുറുക്കും, കൊമ്പുയർത്തും – നേരറിയണമെങ്കിൽ കൂടെ വരണം. പെരിഞ്ചക്കോട്ടെ എലംകത്തിൽ പ്രതിഷ്ഠ എന്ത്, അവിടെ കുടിയിരുത്തിയിരിക്കുന്ന യക്ഷി ഏതു് എന്ന് സൂക്ഷ്മമായി കല്പിച്ചില്ലെങ്കിൽ ഞാൻ ഇവിടംവിട്ട് മച്ചമ്പിയുടെ കൂടെ ഇറങ്ങിപ്പോരാം."

കുഞ്ചുമായിറ്റിപ്പിള്ള: "അയ്യെടാ! എന്നാൽപ്പിന്നെ ആ പറപാണ്ടയുടെ തുൽപ്പ് കിട്ടാത്തതെന്ത്?"

ദിവാൻജി: "ശരി മച്ചമ്പി, ശരി! പക്ഷേ, അതൊന്നും ഇങ്ങോട്ട് കൊണ്ടുവരണ്ട. ഞാനും നാല് തരത്തിലും സ്ഥലത്തും സഞ്ചരിച്ചിട്ടുള്ളവനാണ്. കോളും കുറിയും എനിക്കും കുറേശ്ശ അറിയാം. പറപാണ്ട ആരെന്ന് കല്പിക്കണമോ? അവിടുത്തെ കാല്പൊടിയേറ്റ് കിടക്കുന്ന ഞാനേ പറഞ്ഞേക്കാം. കണ്ണടച്ച് തുറക്കുന്നതിന് മുമ്പ് ഞാൻ അവനെ കുഴകിലാക്കുകയും ചെയ്യാം."

അരുവിയോടടുക്കുമ്പോൾ കെട്ടിപ്പെരുകി പ്രശാന്തമായി വട്ടമിടുന്ന ജലം കീഴ്ഭാഗത്തുള്ള പ്രപാതം തുടങ്ങുമ്പോൾ ബൃഹത്തായുള്ള തുമ്പിക്കൈപോലെ സ്വരൂപിച്ച ശിരഭ്രമം ഉണ്ടാക്കുംവണ്ണം ദ്രുതപ്രവാഹം ചെയ്യുമ്പോലെ പെരിഞ്ചക്കോടന്റെ കായോന്നതി ഒന്നു വർദ്ധിച്ചു. അയാളുടെ മുഷ്ടികൊണ്ടു് അരയിലുണ്ടായിരുന്ന ഒരു വിഷമുനക്കഠാരിയെ വലിച്ചൂരി മുന്നോട്ടു് കുതിച്ചു. ആ നാഗാസ്ത്രത്തിന് പ്രത്യസ്ത്രമായി ദിവാൻജിയുടെ കൈയിൽ തലയിണയ്ക്കിടയിൽനിന്നെടുക്കപ്പെട്ട ഒരു ആഗ്നേയാസ്ത്രത്തിന്റെ അയസ്കുണ്ഡം രജതപ്രഭകളെ വിതറിത്തുടങ്ങി. അതു് കണ്ടിട്ടും പെരിഞ്ചക്കോടൻ ഉയർത്തിയ കാൽ ഉറപ്പിച്ചുകൊണ്ടു് ഒരു പുഞ്ചിരിയോടെ നിന്നു് ചാഞ്ചാടി. "ഇനി അതും നടക്കട്ടെപ്പീ! പിള്ളതു് പട്ടിണി കെടന്നുപോവൂല്ല. അതു് പെരിഞ്ചക്കോടൻ കരുതിയിട്ടുണ്ടു്. നിന്റെ ചെൽവും എവിടെച്ചെന്നു് നിക്കണോന്നു് പിന്നെയും കേക്കണേ?"

ആ കാലം, കുലധനക്ഷയങ്ങൾ നേരിട്ടു്, കയ്യാങ്കളിയും ഓണപ്പടയും കൊണ്ടോട്ടവും ഇതിഹാസങ്ങളായി, സേനാനേതൃത്വം വഹിച്ചുവന്ന സമുദായങ്ങളുടെ നായകത്വത്തിനു് അവസാദം വന്നു് തീർന്നിട്ടുള്ള ദുർദ്ദശയ്ക്കു് പൂർവ്വമായിരുന്നു. അതിനാൽ ദിവാൻജിയും പെരിഞ്ചക്കോടനും പരസ്പരനിലകളെ ആദരിച്ചു് അഭിമാനപരതന്ത്രന്മാരായി ക്ഷണനേരം നിന്നുപോയി. എന്നാൽ തന്റെ മർമ്മരഹസ്യം പുറത്തായിരിക്കുന്നു എന്നു് ഗ്രഹിക്കയാൽ പെരിഞ്ചക്കോടൻ "എന്നാൽ രണ്ടു പേരും കൂടി ആവട്ടെ" എന്നു പറഞ്ഞുകൊണ്ടു് ദിവാൻജിയുടെ വക്ഷസ്സു് ലാക്കാക്കി വീണ്ടും കഠാരയെ വീശി. ത്രിവിക്രമകുമാരന്റെ ഭീമഹസ്തം പ്രയോഗിച്ച ഖഡ്ഗം ആ കഠാരയെ ദൂരെ തെറിപ്പിച്ചു. പെരിഞ്ചക്കോടൻ ചില ശബ്ദങ്ങൾ കേട്ടു് അമ്പരപ്പോടെ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞുനോക്കിയപ്പോൾ തെക്കും വടക്കും തുറക്കപ്പെട്ട രണ്ടു് ജാലകങ്ങളിൽ ഓരോ തോക്കിന്റെ മുഖം തന്റെ നേർക്കു് നിധനോദ്ദേശ്യത്തോടെ നീട്ടിയിരിക്കുന്നതായി കണ്ടു. "നിന്റെ തല പോക്കു്" എന്നു പ്രതിജ്ഞചെയ്തുകൊണ്ടും തന്റെ വിക്രീഡനത്തിനു് വനപ്രദേശങ്ങളും നാട്ടുമ്പുറങ്ങളും അല്ലാതെ രാജനിലയങ്ങളും പരിതഃസ്ഥലങ്ങളും കൊള്ളുകയില്ലെന്നു് മനസാ തീർച്ചയാക്കിയും പെരിഞ്ചക്കോടൻ തിരിഞ്ഞു് വന്നവഴിയെ നടകൊണ്ടു. "വരുന്നെങ്കിൽ ഇങ്ങോട്ടു് വിട്ടേയ്ക്കു് എന്നു് പറഞ്ഞതു് ഈ അസമയത്തു് വലിയ അബദ്ധം വരുത്തുമായിരുന്നു. എങ്കിലും കണ്ടു് കാര്യങ്ങൾ പറഞ്ഞതു് നന്നായി. ആരും അറിഞ്ഞിട്ടില്ലാത്ത ഒരു സംഗതിക്കു് തീർച്ചയായ തെളിവു് കിട്ടിയതു് മഹാഭാഗ്യമായി" എന്നു കുമാരൻതമ്പിയോടു് പറഞ്ഞുകൊണ്ടു് ദിവാൻജി ഭംഗപ്പെട്ട ധ്യാനം വീണ്ടും ആരംഭിച്ചു.

10

"ഗർഭവുമുണ്ടായ് വന്നു, ബന്ധുക്കളറിഞ്ഞഹോ
ദുർഭഗേ നടന്നാലുമെന്നവരുപേക്ഷിച്ചാർ"

ബ്രഹ്മാണ്ഡം ബുദ്ധീന്ദ്രിയങ്ങൾക്ക് അല്ലെങ്കിൽ ആത്മേന്ദ്രിയങ്ങൾക്ക് ഗോചരമാകുമാറ് ഘടിക്കപ്പെട്ടിരിക്കുന്നു. ആ ഇന്ദ്രിയങ്ങളുടെ അപൂർണ്ണതയാലോ ക്ഷീണത്താലോ ദുർഗ്രാഹ്യങ്ങളായി കാണുന്ന സ്ഥിതികളും ലക്ഷണങ്ങളും 'അപരിജ്ഞേയം' എന്ന അഭിമാനസംജ്ഞകൊണ്ട് മഹനീയകാണ്ഡത്തിൽ ചേർക്കപ്പെട്ട്, സമുദായത്തിൽ നിന്നുമുള്ള ആരാധനത്തിനോ അവരോപണത്തിനോ പാത്രങ്ങൾ ആക്കപ്പെടുന്നു. മനുഷ്യഗ്രഹങ്ങളും സൂക്ഷ്മത്തിൽ ചെറുബ്രഹ്മാണ്ഡങ്ങൾതന്നെയാണ്. ഈ മണ്ഡലത്തിലും സർവ്വശക്തന്മാരും ശക്തിസ്വരൂപിണികളും സ്വർഗ്ഗനരകങ്ങഭേദങ്ങളും നാം കാണുന്നു. ഈ ബ്രഹ്മാണ്ഡങ്ങളിലെ ചില രഹസ്യങ്ങൾ സമുദായാഭിമാനത്തിന് അർഹങ്ങളാകുന്നു. ചിലത് അപരാധങ്ങളുടെ ബാഹ്യമുദ്രകൾ ആണെന്ന് ലോകം സൂക്ഷ്മദൃഷ്ട്യാ ഗ്രഹിച്ച് അതുകളെ ഭർത്സിക്കുന്നു. ഏതൊരു ഭവനത്തിന്റെ സംഗതിയിൽ ഈ ജുഗുപ്സ ക്രമാതീതം ആകുന്നുവോ ആ ഭവനം മനുഷ്യസഹവാസത്തിൽനിന്ന് ഭ്രഷ്ടമാകുന്നു.

പെരിഞ്ചക്കോട്ടുഭവനം ആകാശത്തുനിന്ന് വീണതുപോലെ ഐശ്വര്യ സമുൽക്കർഷത്തോടെ പൊട്ടുന്നനവെ ഉദിച്ചു. അതിന്റെ സ്ഥാപകൻ, പിതൃഗേഹത്തിൽനിന്ന് നിഷ്കാസിതനായപ്പോൾ അയാൾ മത്സരമൂർത്തിയെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചും ദേശാടനപരിശ്രമത്തെ ജീവിതധർമ്മമായി സ്വീകരിച്ചും കേരളത്തിലെ മലകൾ, കുന്നുകൾ, ഗുഹകൾ എന്നിവയുടെ കിടപ്പിനും ചരിത്രത്തിനും ഒരു സൂക്ഷ്മഗ്രന്ഥം ആയി ഭവിച്ചു. പല കോവിലകങ്ങളുടെയും കോവിലുകളുടെയും ഭണ്ഡാരങ്ങളുടെ ഐശ്വര്യസമൃദ്ധിക്ക് ഈ ആൾ പരമാർത്ഥസാക്ഷിയും സാർത്ഥവാഹനും ആയി. രണ്ട് ചെറുമൈനാകങ്ങളുടെ ഇടയിലുള്ള പൊയ്കയിൽ പെരിഞ്ചക്കോട്ടുഭവനത്തിന്റെ നിർമ്മാണം കുഞ്ഞുമായിട്ടിപ്പിള്ള ആരംഭിച്ചപ്പോൾത്തന്നെ അദ്ദേഹത്തിന്റെ നളളൂബരത്വത്തെ പരിസരവാസികൾ സൂക്ഷ്മമാനം ചെയ്തു. നായന്മാ

രുടെ ഗൃഹങ്ങളോട്ട് സഹവസിപ്പാൻ മോഹിക്കാതെ ഒരു കാട്ടുകഴിയിൽ ശാസ്ത്രാനുസാരമായിത്തന്നെയുള്ള സ്ഥാനത്തിലും പ്രഭുത്വത്തിനുചേർന്നുള്ള കെട്ടിടങ്ങളോടും ഭവനം സ്ഥാപിച്ചുതീർന്നപ്പോൾ തിരുവിതാംകൂറിലെ ദക്ഷിണഖണ്ഡത്തെ പെരിഞ്ചക്കോടെന്ന നാമം സ്തംഭിപ്പിച്ചുതുടങ്ങി. ചിലമ്പിനഴിയത്തുഭവനത്തിന്റെ ലങ്കാത്വമോ ഐശ്വര്യവിലാസമോ ശുചിത്വമോ ഒന്നും പെരിഞ്ചക്കോടുഭവനത്തെ സ്പർശിച്ചിട്ടില്ലെങ്കിലും ഗൃഹകൂടങ്ങളുടെ സംഖ്യയും ഉന്നതിയും വിസ്തൃതിയും ദൂരത്തുനിന്ന് കണ്ടുവന്ന ആളുകളെക്കൊണ്ട് ആ ഭവനത്തെ ബലേന ആദരിപ്പിച്ചുവന്നു. ഈ ഭവനം പെരിഞ്ചക്കോടന്റെ സഹോദരികളുടെ പാർപ്പിടം ആയിരുന്നു. ക്ഷൗരത്തിനുപോലും കാശ് ഇറക്കാത്ത പെരിഞ്ചക്കോടന്റെ ഗൃഹപ്പതിവ് ലംഘിപ്പാൻ പട്ടിണി കിടന്ന് മരണപ്രാന്തത്തിൽ എത്തിയാലും ആ സ്ത്രീകൾ ചിന്തിക്കുകപോലും ചെയ്യുകയില്ലായിരുന്നു. ഭർത്തൃലബ്ധിയും തന്നിമിത്തം സന്താനാപ്തിയും ഇല്ലാതെയും ബഹിർഗൃഹങ്ങളോട്ട് വ്യാപാരാദികൾ ഒന്നും കൂടാതെയും കഴിയുന്ന ഈ സ്ത്രീകളുടെ സമ്പൽസ്ഥിതി ലോകചരിത്രത്തിൽ ഒരു നവസംഭവം ആയിരുന്നു.

തെക്കുമാറിക്കാണുന്ന 'പ്രമദാവനം' പെരിഞ്ചക്കോടന്റെ മനോധർമ്മത്തിനുള്ള സ്മാരകസ്തംഭം ആയിരുന്നു. മുള്ളിലവുകളും ചാരുവൃക്ഷങ്ങളും കരിമ്പനകളും മറ്റു കാട്ടുമരങ്ങളും കണ്ടകവല്ലികളും ഇടതിങ്ങിവളരുന്ന ഈ നാരകീയാരാമത്തിന്റെ ഉള്ളിലോട്ട് കടപ്പാൻ സർപ്പഗതിപോലെ വളഞ്ഞും പുളഞ്ഞും വിസ്താരം കുറഞ്ഞും ഉള്ള ഊടുവഴികൾ ഉണ്ടായിരുന്നു. ഗാഢപരിചയമില്ലാത്തവർ ഈ ഗൂഢവഴികളിൽ കടന്നാൽ പല നാഴിക ദൂരത്തെ പ്രദക്ഷിണം കഴിച്ചിട്ട് രാവണൻകോട്ടയുടെ തരണമെന്നപോലെ വീണ്ടും പ്രവേശനദ്വാരത്തിൽത്തന്നെ എത്തിപ്പോകുമായിരുന്നു. മാർഗ്ഗപരിചയമുള്ളവർ വള്ളികളും താഴ്ന്നുള്ള കൊമ്പുകളും ഞെരിച്ചും മുൾച്ചെടികളെ നോക്കിക്കണ്ട് ഒഴിഞ്ഞും പടിഞ്ഞാറോട്ട് ചെല്ലുമ്പോൾ വടക്ക് ഒരു മതിൽക്കെട്ടും തെക്ക് ഒരു കെട്ടിടവും കാണുന്നതാണ്. മതിൽക്കെട്ട് അത്യുന്നതവും മുകളിൽ കണ്ണാടിച്ചില്ലുകൾ ഇറക്കി തരണനിരോധനം ചെയ്തിട്ടുള്ളതുമാണ്. ഈ മതിൽക്കെട്ടിന്റെ കിഴക്ക് വശത്ത് കാണുന്നതും, മിക്കപ്പോഴും ബന്ധിച്ചിരിക്കുന്നതുമായ വാതിൽ പെരിഞ്ചക്കോടന്റെ പരിഗ്രഹവും, അയാളുടെയോ ആ സ്ത്രീയുടെയോ അവർ രണ്ട് പേരുടെയുമോ പുത്രിയും, മൂകയും ബധിരയും ആയുള്ള ഒരു പരിചാരികയോടൊന്നിച്ച് പാർക്കുന്ന അരമനയിലേക്ക് പ്രവേശനം തരുന്നു. ഈ ഗൃഹത്തിന്റെ തെക്കുഭാഗത്തുള്ള വൈതരണിയിൽ കാണുന്ന വിളക്കുമാടത്തോടുകൂടിയ കെട്ടിടം പെരിഞ്ചക്കോടൻ ആരാധിക്കുന്ന 'അമ്മ'ന്റെ എലങ്കം ആണ്. ഭയങ്കര സ്വരൂപികളായ രണ്ട് ദ്വാരപാലകന്മാർ ഗദയോങ്ങി അതിന്റെ മുൻഭാഗത്ത് ഗർഭഗൃഹത്തിലെ രൂക്ഷതയ്ക്ക് അനുക്രമണികാപാത്രങ്ങളെന്നപോലെ നില്ക്കുന്നുണ്ട്. മണ്ഡപത്തിന്റെ അന്തഃപ്രദേശമായ പ്രതിഷ്ഠാഗേഹത്തിനുള്ളിൽ അവിടത്തെ തന്ത്രിയായുള്ള പെരിഞ്ചക്കോടൻ അല്ലാതെ മറ്റു ആരെങ്കിലുമോ സൂര്യന്റെ വല്ല രശ്മികണമോ ദീപത്തിന്റെ കെടുത്തിയ തിരിപോലുമോ പ്രവേശിച്ചിട്ടില്ല. അവിടത്തെ ദുർഗ്ഗയുടെ ആരാധകന്മാർ കാണിക്കകൾ ധാരാളമായി സമർപ്പിക്കാറുണ്ടെങ്കിലും വിശേഷദിവസങ്ങളിൽ ദേവിയുടെ അനുഗ്രഹങ്ങൾ അകത്തുനിന്ന് പുറപ്പെടാറുണ്ടെങ്കിലും 'പൂശാരി'യായി പട്ടും, ഭസ്മവും, വാളും ധരിച്ച് തുള്ളുന്ന പെരിഞ്ചക്കോടൻ പ്രസാദം കൊടുപ്പാറുണ്ടെങ്കിലും

പടഹരവങ്ങൾ തകർക്കാറുണ്ടെങ്കിലും, ആസുരശംഖങ്ങൾ മുഴങ്ങാറുണ്ടെങ്കിലും അകത്തെ പ്രതിഷ്ഠാനാളസ്ഥമായ വിഗ്രഹം അന്ധകാരപ്രിയയായി അദൃശ്യസ്വരൂപിണിയായി വാഴുന്നതേയുള്ളൂ. ഈ ഭയങ്കരസങ്കേതത്തെ ആ കാവിനകത്ത് നില്ക്കുന്ന ഉന്നതമായ തരുനിവഹങ്ങളിലെ ശാഖകൾക്കിടയിൽ ഗൂഢവാസം ചെയ്തിരുന്നവരും ഗൂഢഗതികളുമായുള്ള ചില വനചരസ്വരൂപന്മാർ രക്ഷിച്ചു വന്നു എന്ന് സമീപദേശക്കാർ കേട്ടിരുന്നു.

ഈ സങ്കേതത്തോടു ചേർന്ന് രണ്ടു നാഴികയോളം വിസ്താരത്തിൽ തെക്കുകിഴക്കായി നീണ്ടുകിടന്നിരുന്ന കാടിന്റെ അവസാനത്തിൽ രാജപാതയും ആ വഴിയുടെ പടിഞ്ഞാറ് ചേർന്നുള്ള കുന്നിന്റെ ചുവട്ടിൽ ഒരു കല്ലുവഴിയമ്പലവും ചില പാറക്കൂട്ടങ്ങളും ഒരു അഗാധ നീരാഴിയും ഉണ്ടായിരുന്നു. ഇതു് പറപാണ്ട എന്ന തസ്കരമേധാവിയുടെ കാളകൂടക്ഷേത്രമായിരുന്നു. വഴിയമ്പലത്തിന്റെയും നീരാഴിയുടെയും അവശേഷങ്ങൾ തെക്കൻറോട്ടിൽകൂടി ഗതാഗതംചെയ്യുന്നവർക്ക് ഈ പരിഷ്കാരകാലത്തും കാണാവുന്നതാണ്. കാലവർഷങ്ങളുടെയും ഇഞ്ചിനീർ ഡിപ്പാർട്ടുമെന്റുകാരുടെയും പ്രവർത്തനങ്ങൾകൊണ്ടു് നീരാഴിയുടെ ജലനില കണ്ടുകൂടാതിരുന്ന അത്യഗാധത നികന്നുപോയിട്ടുണ്ടു്. മുളകുമൂട്ടു് എന്ന സമീപപ്രദേശത്തെ ഇപ്പോൾ മിഷ്യനറിമാരുടെ പരിഷ്കാരഹസ്തങ്ങൾ ഒരു വ്യവസായകേന്ദ്രമാക്കിയിരിക്കുന്നു. എങ്കിലും ഒരു ശതവർഷാർദ്ധത്തിന് മുമ്പുവരെ ആ സ്ഥലം തസ്കരപരമ്പരകളുടെ ജനസ്ഥാനമായി വിശ്രുതപ്പെട്ടിരുന്നു. വഴിയമ്പലത്തിന് അടുത്തു് പടിഞ്ഞാറുള്ള ഒരു 'കൊക്കരിണി' നരമാംസകാംക്ഷിണി ആയുള്ള ഒരു ഭയങ്കരദുർദ്ദേവതയുടെ 'യക്ഷിപറമ്പ്' ആണെന്നും, അവിടത്തെ പെരിയനമ്പിസ്ഥാനം ആണ്ടിരുന്നതു് പറപാണ്ട എന്ന തസ്കരനാണെന്നും സമീപവാസികളും വഴിപോക്കരും വിശ്വസിച്ചുവന്നിരുന്നതിനാൽ പെരിഞ്ചക്കോടന്റെ സങ്കേതം അഹിതജനങ്ങളുടെ ആക്രമണത്തിൽനിന്ന് വഴിപോലെ രക്ഷിക്കപ്പെട്ടുവന്നു.

പെരിഞ്ചക്കോട്ടുഭവനപ്പെരുമാന്റെ സാന്നിദ്ധ്യം ഏതാനും ദിവസങ്ങൾക്കിപ്പുറം അനന്തശയനനഗരത്തെ ഭാസ്വത്താക്കുന്നതുകൊണ്ടു് പറയന്മാർ, മലവേടന്മാർ എന്ന് തുടങ്ങിയുള്ള നീചവർഗ്ഗങ്ങളാൽ രക്ഷിക്കപ്പെടുന്ന അദ്ദേഹത്തിന്റെ ഗൃഹരഹസ്യങ്ങളെ കൗശലപ്രയോഗംകൊണ്ടു് ഗ്രഹിപ്പാൻ നമുക്ക് ഒരു വഴികിട്ടുന്നു. തിരുവനന്തപുരത്തുനിന്ന് മടങ്ങിയെത്തിയ ചില അനുചരന്മാർ സ്വനാഥന്റെ പ്രത്യാഗമനത്തിന് കുറച്ചുദിവസത്തെ താമസംകൂടി ഉണ്ടെന്നും ആ പരാക്രമന്റെ സാമ്രാജ്യത്തെ ഭദ്രമായി സൂക്ഷിച്ചുകൊള്ളേണ്ടതാണെന്ന് നിഷ്കർഷാജ്ഞകൾ ഉണ്ടായിട്ടുണ്ടെന്നും സങ്കേതരക്ഷികളെ അറിയിച്ചു. ഈ ആജ്ഞകളുടെ ലംഘനം ഗളച്ഛേദമുണ്ടാക്കുമെന്ന് അറിഞ്ഞിരുന്നിട്ടും മനുഷ്യർ സുഖമോഹികളാവുകകൊണ്ടു് പെരിഞ്ചക്കോട്ടുഭവനത്തിന്റെ സൂക്ഷിപ്പ് ആശാനില്ലാത്ത 'പള്ളി'യിലെ അദ്ധ്യേതാക്കളുടെ പഠനക്രമത്തിലോട്ടു് ഇഴിഞ്ഞുതീർന്നിരിക്കുന്നു. ശ്ലഥോർജ്ജിതമായിത്തീർന്ന ഈ കാവലിനിടയ്ക്ക് പെരിഞ്ചക്കോടന്റെ അരമനയുടെ പുറവാതിൽ സന്ധ്യാലക്ഷ്മിയുടെ പ്രവേശനത്തിനായി വിപാടനം ചെയ്യപ്പെട്ടിരിക്കുന്നു. അകത്ത് കടന്നാൽ ആദ്യം കാണുന്ന ചെറുമുറ്റത്തെ അപ്രകാശമാക്കുന്ന കുഞ്ജസദനം തലോടുന്ന വടക്കതിന്റെ തെക്കുവശം തുറന്നുള്ള തളത്തിൽ അതിപ്രകാശത്തോടെ തെളിയുന്ന ഒരു ദീപവും

ആ ദീപത്താൽ സംപൂജ്യയായുള്ള ഒരു കമനീയധാമവും കാണുമാറാകുന്നു. ഒരു വനദേവിയോട്ട് സാദൃശ്യം വഹിക്കുന്ന ദിവ്യസൗന്ദര്യംകൊണ്ട് ആ കന്യക തേജസ്സത്വത്തിന്റെ സുഷുമ്നാനാളം എന്നപോലെ പരിലസിക്കുന്നു. ആ വിരാധമണ്ഡലത്തിൽ ജനിച്ചുവളർന്നിട്ടുള്ള ഈ കന്യക മേനകാപുത്രിയായ ശകുന്തളയെപ്പോലും സർവ്വാംഗസൗഷ്ഠവത്തിൽ വിജയിക്കുന്നു. ആ പുരാണനായികയുടെ ആശ്രമവാസദശയിലെന്നപോലെ മന്മഥസാമ്രാജ്യത്തിന്റെ മാലിന്യങ്ങളോ സ്വാരസ്യങ്ങളോ സ്പർശിച്ചിട്ടില്ലാത്ത ഇവൾ പാവനകോമളയായി പ്രശോഭിക്കുന്നു. ചമ്പകാദികുസുമശരനിചയത്തിന്റെ തൂണീരമായുള്ള ആ മുഖം അനംഗധൂർത്തനെ പുനർജ്ജീവിപ്പിച്ച് ചിരഞ്ജീവിയും ആ ആരാമകാരാഗൃഹത്തിൽ ബന്ധനസ്ഥനുമാക്കാൻ പോരുന്ന ബ്രഹ്മചൈതന്യത്താൽ പ്രദ്യോതിക്കുന്നു. ദേവകദംബങ്ങളുടെ അമൃതപോഷിതമായ നേത്രങ്ങൾക്കും ആനന്ദദായകമായ ആ സൗന്ദര്യദ്യുതി, കേശത്തിന്റെ സമൃദ്ധിയാലും പുരികക്കൊടികളുടെ ചടുലവിലാസങ്ങളാലും കണ്ണുകളിൽനിന്ന് പ്രസൃതമാകുന്ന നിഷ്കാപട്യത്താലും നാസാരൂപീകരണത്തിന്റെ രസികതയാലും അധരങ്ങളുടെ ആകർഷകകോമളിമയാലും ആകാരത്തിൽ തിളങ്ങുന്ന വേദവതീത്വത്താലും പരിസരസ്ഥലത്തിനുതന്നെ ഒരു മോഹനപ്രഭാവം ചേർക്കുന്നു. ദീപത്തിന്റെ സമീപത്തിൽനിന്ന് കന്യക എന്തോ ചിത്തവികാരത്താൽ എഴുന്നേറ്റുനിന്നപ്പോൾ ആ സരസാംഗവല്ലിയുടെ ലാളിത്യം വനസൗഭാഗ്യത്തിന്റെ സരസപതാകയെന്നപോലെ ദർശനീയമാകുന്നു. ഒരു വിക്രമന്റെ വാത്സല്യത്തിനും സമ്പൽസമൃദ്ധിക്കും സാക്ഷികളായുള്ള ആഭരണങ്ങൾ ആ ഹേമവതിയെ അലങ്കരിക്കുന്നു. പാദത്തിന്റെ അടികൾ കവികൾ ഉൽപ്രേക്ഷിക്കുന്നതായ ചെന്താമരവർണ്ണത്തെ കവർന്നും വിരലുകൾ മൃണാളഖണ്ഡങ്ങൾപോലെ ലഘുലളിതങ്ങളായും സൗന്ദര്യസമുൽകൃഷ്ടതയെ പരിപുഷ്ടം ആക്കുന്നു. 'അമ്മേ' എന്നുണ്ടായ മൃദുകൂജനം കോകിലകണ്ഠത്തിൽനിന്ന് ഉൽഗളിതമാകുന്ന കളമൃദുഗീതപോലെതന്നെ ആ സങ്കേതമാഹാത്മ്യത്തിന്റെ സ്തുതിഗീതമായി ധ്വനിക്കുന്നു.

ഈ വിളി കേട്ടുകൊണ്ട് തളത്തിൽ പ്രവേശിച്ചത് മുമ്പിൽ ഞൊറിഞ്ഞും പുറകിൽ തിരുകിയും ധരിച്ചിട്ടുള്ള ഏകവസ്ത്രത്തോടുകൂടിയ ഒരു മേനകാസ്വരൂപംതന്നെ ആയിരുന്നു. ഇവരുടെ വാമഭാഗത്തോട്ട് ചെറുപന്തായി കെട്ടിയിട്ടുള്ള ധമ്മില്ലവും കർണ്ണാന്തത്തെ ഊഞ്ഞാലാടിക്കുന്ന വേധദ്വാരങ്ങളും ചന്ദനക്കുറികളും മേനകാത്വത്തോട്ട് ഐഹികത്വത്തെ സംഘടിപ്പിക്കുന്നുണ്ടെങ്കിലും ജന്മനാ സിദ്ധിച്ചിരുന്ന ദേവത്വത്തെ സമൂലം വിച്ഛേദിക്കുന്നില്ല. പെരിഞ്ചക്കോടനെ വീഴ്ത്താനുള്ള ഏകമർമ്മം എന്തെന്ന് മഹാരാജാവിന്റെയും അവിടുത്തെ കുശാഗ്രബുദ്ധിയായ മന്ത്രിയുടെയും ശിക്ഷയിൽനിന്ന് അയാളെ രക്ഷിക്കുന്ന കവചം ഏതെന്നും വായനക്കാർ ഇപ്പോൾത്തന്നെ ഊഹിച്ചിട്ടില്ലെങ്കിൽ കഥാന്തത്തിന് മുമ്പ് സൂക്ഷ്മമായി ഗ്രഹിക്കുന്നതാണ്. അധർമ്മചാരിയും അനിയന്ത്രിതനുമായുള്ള കുഞ്ചുമായിട്ടിപ്പിള്ള ഭാര്യാപുത്രികളുടെ സംഗതിയിൽ അഭ്രതുല്യം ലോലമനസ്കനായിരുന്നത് കേവലം മൃഗധർമ്മായിരുന്നു എങ്കിലും, ഈ അഭിനന്ദനീയഗുണാംശം ശിക്ഷാധികാരികളാൽ കൃപാപൂർവ്വം പരിഗണിക്കപ്പെട്ട് ആ ദുർവ്വൃത്തൻ അധികാരഖഡ്ഗത്തിന്റെ നിപാതത്തിൽ നിന്ന് ഇതുവരെ രക്ഷപ്പെട്ടു.

നാം കാണുന്ന ഈ ജനനി, കന്യകാദശയെ തരണംചെയ്യുള്ള ഘട്ടത്തിൽ ഒരു ദുർവ്വിധിയുടെ നിപാതം ഏറ്റ് ഇരപ്പാൻ പോലും പ്രഭാവമില്ലാതെ വിശന്നും തളർന്നും അവലംബശൂന്യയായി കണ്ട വഴിയേ നടന്ന് ഒരു ദുർഗ്ഗപ്രദേശത്തിലെ തരുച്ഛായയിൽ മോഹാലസ്യയായി വീണ് ചരമസ്ഥിതിയെ കണ്ടു തുടങ്ങിയപ്പോൾ ആ തേജോരൂപിണിയുടെ സൗന്ദര്യവിശേഷം കാടടിച്ച് ധനസങ്കേതങ്ങളിലേക്കുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരുന്ന പെരിഞ്ചക്കോടന്റെ പ്രേമരാസികത്തെ ആകർഷിച്ചു. നമ്മുടെ ചൗര്യാനുഷ്ഠകൻ ജീവപ്രദാനത്തിനു സന്നദ്ധനായി എങ്ങോനിന്ന് സമ്പാദിച്ച ഓദനജലങ്ങൾകൊണ്ട് ബോധവിഹീനയായിരുന്ന ആ സ്ത്രീയെ ഭ്രസ്ഥിതികൾക്ക് രണ്ടാമതും സുപ്രജ്ഞയാക്കി. ആ ഭക്തികൊണ്ടുണ്ടായ അവസ്ഥാന്തരങ്ങളെക്കുറിച്ച് അടുത്ത ക്ഷണം ഉദിച്ച ചിന്തയാൽ ആ സ്ത്രീ വീണ്ടും വിഗതബോധയായി. ഈ സ്ഥിതിയിൽനിന്ന് ഉണർന്നപ്പോൾ പുനർജ്ജീവാപ്തിയിൽ പരമമായ ആധിയോടെങ്കിലും രക്ഷാദാനഹസ്തത്തെ അവലംബിച്ചു. പെരിഞ്ചക്കോട്ടേക്കു പോന്ന് ആ ഗൃഹനായകന്റെ പത്നീസ്ഥാനത്തെ യക്ഷിഗൃഹത്തിന്റെ പരിസേവിനി ആയി, കൃത്യാനുസാരം അനുവർത്തിച്ചു. ഈ ഗാന്ധർവ്വപരിണയത്തിന്റെ അനന്തരമായുള്ള ഒൻപതാം ചാന്ദ്രമാസത്തിൽ ജാതയായ കന്യക ദക്ഷനെ സതീലബ്ധിയും, ജനകനെ സീതാലബ്ധിയും ദ്രുപദനെ കൃഷ്ണാലബ്ധിയും എന്നപോലെ പെരിഞ്ചക്കോടനെ സന്തോഷിപ്പിച്ചു. 'നങ്ങയ' എന്ന് പേരായ പ്രണയിനിയെ 'ലശ്മി' ആക്കിയ ആ ജാതകർമ്മാധികാരി പുത്രിക്ക് 'ദേവകി' എന്ന് നാമകരണം ചെയ്യണമെന്ന് മാതാവ് പ്രാർത്ഥിച്ചപ്പോൾ അത് ശ്രീരാമനെയും ലക്ഷ്മണനെയും പെറ്റ തമ്പുരാട്ടിടെ പേരാകയാൽ സഹർഷം സമ്മതിച്ചു. 'തേവൂ, തേവൂ, തേവൂ' എന്നു ശിശുവിന്റെ കർണ്ണത്തിൽ യഥാക്രമം മന്ത്രിച്ച് ദേവകിയെ മാതൃഹസ്തത്തിൽ ചേർക്കുകയും ചെയ്തു.

മാതാവിന്റെ ശുശ്രൂഷണത്തിലും അനുശാസനയിലും വളർന്ന കന്യക സ്വാർജ്ജിതമായുള്ള ധനത്തിന് തുല്യം ഒരു പുതിയ സമ്പത്തായിത്തന്നെ പെരിഞ്ചക്കോടനാൽ പരിലാളിക്കപ്പെട്ടുവരുന്നു. യോഗ്യനും പ്രതാപവാനും കുലീനനുമായുള്ള ഒരു ജാമാതാവ് കിട്ടണമെന്ന് മോഹിക്കുന്ന അച്ഛൻ തന്റെ ഭ്രഷ്ടമായിരിക്കുന്ന ജാതിസ്ഥാനത്തിന്റെ പുനരാപ്തിക്കായും അധികാരസ്വാധീനത്തിന്റെ ലബ്ധിക്കായും പുത്രിക്ക് സമുചിതഗുണങ്ങളോടുകൂടിയ ഒരു യുവാവെ കിട്ടുവാനായും തന്റെ സ്വാധീനത്തെയും ധനത്തെയും ചില യന്ത്രികൾക്ക് പണയപ്പെടുത്തുകപോലും ചെയ്തിരിക്കുന്നു. യുദ്ധസന്നാഹങ്ങൾ ഒരുക്കുന്ന ആ കാലത്ത് അധികൃതമണ്ഡലത്തെ കഷ്ടപ്പെടുത്തുന്ന ദ്രവ്യന്യൂനതയെ പരിഹരിപ്പാൻ കൈക്കാണംകൊടുത്ത് മന്ത്രിയെ പ്രീണിപ്പിക്കാനും ചെരിഞ്ചക്കോടൻ യത്നിച്ചു. തന്റെ ബന്തോവസ്ത കാവലുകളും നിഷ്കർഷകളും ലംഘിച്ച് കല്ലറയ്ക്കൽപിള്ള എന്ന ഒരു അനാഗരികസമ്പന്നൻ സ്വപുത്രിയെ അപഹരിച്ചേക്കും എന്ന് ചില ലക്ഷ്യങ്ങൾ കിട്ടുകയാൽ ത്രിവിക്രമനെക്കൊണ്ടുള്ള വിവാഹത്തെ നിറവേറ്റാൻ അയാൾ എന്ത് ബലികർമ്മം അനുഷ്ഠിക്കുന്നതിനും സന്നദ്ധനായി പുറപ്പെട്ടിരിക്കുന്നു.

'ബുദ്ധിതാനൊന്നുതന്നെ സർവവും ജയിക്കുന്നു' എന്നുള്ള മഹദുക്തി ഏറ്റവും പരമാർത്ഥമായിട്ടുള്ളതാണ്. ദുർവാസനകളും ദുഷ്പ്രതാപങ്ങളും തല്ക്കാലവിജയങ്ങൾ നേരിടുന്നതിന്

പ്രയോജ്യങ്ങളാകാം. ഇങ്ങനെയുള്ള ശക്തികൾ സൂക്ഷ്മബുദ്ധിയോട്ട് ഇടയുമ്പോൾ ലുപ്തവീര്യങ്ങളാകുന്നു. വിശ്വഗതിയിൽ ബുദ്ധിയുടെ കുശാഗ്രത സാമാന്യേന വിജയിക്കുന്നു എന്നുള്ളത് സാമ്രാജ്യങ്ങളുടെ ഉത്ഭവക്ഷയങ്ങൾ തെളിയിക്കുന്നു. ബുദ്ധിയുടെ പ്രവൃദ്ധമായ സംസ്കൃതിയോടുകൂടി നവനവങ്ങളായുള്ള നിധനകൗശലങ്ങൾ കണ്ടുപിടിക്കപ്പെടുന്നു. പരിഷ്കൃതായുധക്കാർ പ്രാചീനായുധക്കാരെ അസ്തശക്തരാക്കുന്നു. ആര്യന്മാർ രാക്ഷസന്മാരെന്ന് ഗണിക്കപ്പെട്ടവരും ശിലാതരുക്കളെന്ന ആയുധങ്ങൾ പ്രയോഗിച്ചിരുന്നവരുമായ ദാക്ഷിണാത്യന്മാരെ അമർത്തി. ആ ധനുർവ്വേദികളെ പുതിയ തോക്കുകാർ പരാജിതന്മാരാക്കി. ഇങ്ങനെ കഴിയുന്ന ലോകസ്ഥിതിയിൽ ബുദ്ധിമാനായ കേശവപിള്ളയും പെരിഞ്ചക്കോടനും തമ്മിലുള്ള മത്സരത്തിൽ വിജയാപ്തി ആർക്കുണ്ടാകുമെന്ന് നിഷ്പ്രയാസം ഊഹ്യമാണ്. ഭരണനിർവഹണം കാര്യക്ഷമതയോടെ നിർവഹിക്കപ്പെടുന്നത് ക്രിയകളുടെ സന്ദർഭാനുസാരവും ദ്രുതതരവുമായുള്ള അനുഷ്ഠാനംകൊണ്ടാണ്. ഈ അദ്ധ്യായത്തിലെ അനന്തരകഥ ഈ തത്ത്വങ്ങളെ ആശ്രയിച്ചു സംഭവിക്കുന്നു.

ലക്ഷ്മി എന്നുള്ള നാമധേയക്കാരിയായ മാതാവ് പുത്രിയുടെ സമീപത്തെത്തി സസ്നേഹം ആ കന്യകയെ ആക്ഷേപിച്ചുതുടങ്ങി: "എന്താ തനിച്ചിരിക്കാൻ പാടില്ലേ? കാട്ടിൽ വളരുന്ന ജന്തുക്കൾക്ക് പേടിയെന്ത് മകളേ? ഞാൻ ആ അച്ചിയെ ശുശ്രൂഷിക്കയല്ലേ? അവൾ ചാവാൻ തുടങ്ങുന്നു. ജ്വരം കലശല്. ഇന്നലെമുതൽ കാവൽക്കാരുടെ ശബ്ദവും കേൾക്കുന്നില്ല. വൈദ്യനെ ക്ഷണം വരുത്തീല്ലെങ്കിൽ ഇപ്പോൾ ശ്വാസമെടുത്ത് ഇവിടമെല്ലാം അയിത്തമാകും."

ദേവകി: "ഞാൻ പോയി വടക്കേ വീട്ടിൽനിന്നു വല്ലവരെയും വിളിച്ചുകൊണ്ടുവരാം."

ലക്ഷ്മി: (പുത്രി യാത്രയായിപ്പോയി എന്നുള്ള സംഭ്രമത്തോടെ തടഞ്ഞു്) "വേണ്ട, വേണ്ട, പരമശിവൻ രക്ഷിക്കും."

ദേവകി: "എന്താ അമ്മേ! ഈ പരമശിവനെന്നു വിട്ടിട്ട് പരമേശ്വരൻ എന്ന് പറയരുതേ? മറ്റത് ഗ്രന്ഥത്തിൽ കാണാത്ത പദമാണല്ലോ."

ലക്ഷ്മി: (ദീർഘശ്വാസത്തോടെ) "വിളികൂട്ടാതെ ഇവിടെ ഇരിക്ക്. ഞാൻ കുറെ കഷായം കുറുക്കിക്കൊടുത്തിട്ട് വരാം."

ദേവകി: "അമ്മ കുറച്ച് കാലം ഇവിടെ തനിച്ചും താമസിച്ചല്ലോ. രണ്ട് പേരുണ്ടായിട്ടും എനിക്ക് പേടി തീരുന്നില്ല. അച്ഛൻ വരുമ്പോൾ ഞാൻ പറയും, ഈ കാവിനകത്ത് കിടക്കാൻ നാം സർപ്പങ്ങളോ!"

ലക്ഷ്മി: "നിന്നെ വാത്സല്ലിക്കുന്നുന്നുവച്ച് അനാവശ്യമൊന്നും പറഞ്ഞു് അദ്ദേഹത്തെ ഉപദ്രവിക്കരുത്. നമ്മെ രക്ഷിക്കുന്നതുതന്നെ വലിയ ഉപകാരം."

ദേവകി: "അമ്മേടെ ധൈര്യം എനിക്കില്ല. ആ പറപാണ്ട ഇതിനകത്തോട്ട് കവർച്ചയ്ക്ക് വന്നാലോ? ഈ പണ്ടങ്ങൾ കണ്ടാൽ അവൻ-"

ലക്ഷ്മി: (ആശ്ചര്യസ്വരത്തിൽ) "കുഞ്ഞേ! അവന്റെ കഥ കുഞ്ഞെവിടുന്ന് കേട്ടു? ഇങ്ങോട്ട് സ്മരിക്കുമെന്ന് പേടിക്കേണ്ട. അച്ഛൻ നല്ല കാവലിട്ടിട്ടുണ്ട്. അവന് അദ്ദേഹത്തെ പേടിയുമാണ്."

ദേവികി: "എന്നാൽ പിന്നെ കാവലുണ്ടെങ്കിൽ ഒരാളെ വിളിക്കരുതേ?"

ലക്ഷ്മി എന്ന സ്ത്രീ മുറ്റത്തിറങ്ങി, "എടാ കുറുമ്പോ! നീലോ! ചേന്നോ!" എന്നെല്ലാം വിളിച്ചുതുടങ്ങി. ആ മൃദുഗാത്രിയുടെ മംജുളകണ്ഠമുരളിക്ക് ദൂരത്തെത്തുംവണ്ണം വിളികൂട്ടാൻ ശക്തി ഇല്ലാത്തതിനെക്കുറിച്ച് അവർ രണ്ടുപേരും ചിരിച്ചു.

ദേവകി: (അമ്മയുടെ ഗാനസമ്പ്രദായം പകർത്തി) "ഇന്ദുകലോജ്വലമണിയാം ഇന്ദ്രസുതൻ മാധവിയാം സുന്ദരിയിൽക്കൊതി പെരുകി' എന്നുചൊല്ലി അമ്മ ചോടുവച്ചാൽ ആരെങ്കിലും എത്തും."

ലക്ഷ്മി: "ഫാ! നീ വല്യ മിടുക്കത്തിതന്നെ. കണ്ഠം ഇന്ദ്രലോകത്തെത്തും. അതിനുള്ള വള നിനക്കുതന്നെ ഇരിക്കട്ടെ."

ദേവകി: "അമ്മ അപ്പോൾ പല വളയും വാങ്ങിച്ചിരിക്കാം. അതല്ലേ, മുഴംകൈ നല്ലതുപോലെ തഴമ്പിച്ചിരിക്കുന്നത്."

ലക്ഷ്മിഅമ്മ സ്തബ്ധയായി നിന്നു. ദേവകി മാതൃഹൃദയത്തെ വേദനപ്പെടുത്തിയ വല്ല അപരാധവും ചെയ്തുപോയോ എന്ന് ശങ്കിച്ചു.

ദേവകി: "എന്താ അമ്മേ! ഇങ്ങനെ അപ്പപ്പോൾ ഞാൻ വല്ലതും പറയുമ്പോൾ അമ്മ വല്ലാതെ നില്ക്കുന്നത്? നമ്മുടെ കഥ എന്ത്? വലിയ കഷ്ടി ആയിരുന്നോ?"

സമ്മതാർത്ഥത്തിൽ ലക്ഷ്മിഅമ്മ തല ഒന്നു താഴ്ത്തുക മാത്രം ചെയ്തു.

ദേവകി: "അപ്പോൾ അച്ഛൻ എന്ത് പരമദയാലു! ഒരു വിധത്തിലും അനാദരിച്ചുകൂടല്ലോ."

ലക്ഷ്മി: "അതല്ലേ ഞാൻ പറയുന്നത്? പക്ഷേ, നീ അച്ഛനെ വഞ്ചിക്കുന്നില്ലേ? ആ കല്ലറയ്ക്കൽപിള്ളയോട് നിനക്ക് എങ്ങനെ പരിചയമുണ്ടായി?"

ദേവകി: (അപരാധിനിയുടെ ക്ഷീണത്തോടെ) "എന്താ അമ്മേ! ഇങ്ങനെ അസഹ്യപ്പെടുത്തുന്നത്? അമ്മയ്ക്ക് അച്ഛൻ ആകാമെങ്കിൽ എനിക്ക് അദ്ദേഹം പാടില്ലേ?"

ലക്ഷ്മി: "ഞങ്ങളെ ചതിച്ച് നീ എങ്ങനെ അദ്ദേഹത്തോട് പരിചയപ്പെട്ടു?"

ദേവകി: "ഞാൻ ഇതിന് മുമ്പ് പറഞ്ഞില്ലേ? അദ്ദേഹം വേട്ടയാടി കാടരിച്ച് ഇങ്ങോട്ട് കടന്നു. അപ്പോൾ വാതിൽ തുറന്നുകിടന്നിരുന്നു. അമ്മ പറയുകയില്ലേ ഇതെല്ലാം കർമ്മബന്ധമാണെന്ന്?"

ലക്ഷ്മി: "എന്നാലും അച്ഛന്റെ സമ്മതമില്ലാതെ ഇവിടെ ആരെയും വരാൻ സമ്മതിക്കരുത്, വലിയ കലശലുണ്ടാകും."

ദേവകി: "എന്തു കലശലുണ്ടാകാനാ? രുക്മിണിയുടെ കഥ അമ്മ വായിച്ചിട്ടില്ലേ?" ഈ ചോദ്യം കേട്ട് ലക്ഷ്മിഅമ്മയുടെ മുഖഭാവം അതിദയനീയമായി പകർന്ന് കണ്ട് ദേവകി വീണ്ടും ക്ഷീണയായി. എന്നാൽ വടക്കുനിന്ന് എന്തോ ശബ്ദം കേൾക്കയാൽ അമ്മയുടെ ശ്രദ്ധയെ അവൾ ഈ വാക്കുകളാൽ അങ്ങോട്ട് തിരിപ്പിച്ചു: " വടക്കെന്തോ തകർപ്പ് കേൾക്കുന്നു. അച്ഛൻ വന്ന് ആരെയോ ശിക്ഷിക്കയാണ്."

ലക്ഷ്മി: "പാടത്തിൽ കിടക്കുന്ന പറയർ പാടുകയായിരിക്കാം."

ദേവകി: "ചില നിലവിളികൾ കേൾക്കുന്നില്ലേ?"

ലക്ഷ്മി: "അച്ഛൻ പറക്കുട്ടത്തെ ശിക്ഷിക്ക ആയിരിക്കാം."

ദേവകി: "അതല്ല. പലടത്തുമായി പലരും നിലവിളിക്കുന്നു. വെടികളും കേൾക്കുന്നു."

ഭർത്താവിന് എന്തോ ആപത്ത് നേരിടുന്നു എന്ന് വിചാരിച്ച് ലക്ഷ്മിഅമ്മ കിഴക്കോട്ട് പാഞ്ഞ് വാതിൽ തുറന്നു. ഭീതയായ ദേവകി സ്വമാതാവിനെ തടഞ്ഞ് തന്നെ ഏകാകിനിയാക്കി വിട്ടിട്ട് പോകാതെ, അവരെ മുറുകെപ്പിടിച്ചുകൊണ്ട് വിറയ്ക്കുന്നു. ഉച്ചത്തിലുള്ള ദീനപ്രലാപങ്ങൾ തെരുതെരെ കേട്ട് തുടങ്ങുന്നു. അവിടവിടെ ചൂട്ടുവെളിച്ചങ്ങൾ പടർന്നെരിഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും പായുന്നത് കിഴക്കേ കുന്നിൻചരിവുകളിൽ കാണുന്നു. മുൻവശത്തെ കാട് ഞെരിച്ചും തകർത്തും ചിലർ ഓടുന്ന ഘോഷവും കേൾപ്പാനുണ്ട്. ഇത്, വനതരണത്തിൽ അതിപരിചിതന്മാരായ പറയർ തങ്ങളുടെ നാഥന്റെ അസന്നിഹിതിയിൽ ഉണ്ടായ ആക്രമണത്തിൽ പ്രാണഭീതിയോടെ ഓടുന്ന ഘോഷമായിരുന്നു. അവരെത്തുടർന്ന് അവരുടെ ദ്രുതഗതിയാൽ തെളിക്കപ്പെട്ട മാർഗ്ഗത്തിലൂടെ ദീപങ്ങളോടുകൂടിയ ഒരു സംഘവും തെക്കോട്ട് പായുന്നു. ഒരു ഭയാനകമായ ജന്യത്തിലെ ആയുധപ്രയോഗധ്വനികളും മുറിവുകൾ ഏറ്റുള്ള നിലവിളികളും ഒട്ടുനേരം ഭയങ്കരമായി തെക്കുള്ള വൈതരണിയിൽ മുഴങ്ങുന്നു. വീണ്ടും ഉണ്ടായ തോക്കുകളുടെ പ്രയോഗത്തിൽ ഒരു പലായനകലാപവും കേൾക്കുമാറാകുന്നു. ഒടുകഴിഞ്ഞപ്പോൾ എലങ്കം തകർക്കപ്പെടുന്ന ഘോഷങ്ങൾ സ്ത്രീകൾ നില്ക്കുന്ന സ്ഥലത്ത് പ്രതിധ്വനിക്കുന്നു. കാവൽ കിടന്നിരുന്ന പറയരും മറ്റും അങ്ങും ഇങ്ങും ദൂരത്ത് വാങ്ങിനിന്ന് ആ ദൈവദ്രോഹകമായുള്ള ക്രിയ കണ്ട് ലോകാവസാനം സമീപിച്ചിരിക്കുന്നതുപോലെ ഉച്ചത്തിൽ മുറവിളികൂട്ടുന്നു. ആ മഹാരവത്തെത്തുടർന്ന് പിന്നെയും ചില വെടികൾ എലങ്ക സ്ഥലത്തുനിന്ന് കേട്ടപ്പോൾ രക്ഷിജനങ്ങളുടെ പരിദേവനഘോഷങ്ങൾ നിലയ്ക്കുന്നു. എലങ്കത്തിൽനിന്ന് ചില പൊട്ടിച്ചിരികളും പുറപ്പെടുന്നു.

അനന്തരം അതിപ്രശാന്തമായുള്ള നിശബ്ദത പരന്നു. ഇങ്ങനെ ഉണ്ടായ സംഭവങ്ങൾ എന്തെന്ന് ആശ്ചര്യപ്പെട്ട് സ്ത്രീകൾ തങ്ങളുടെ തളത്തിൽ കയറി ശ്വാസബന്ധത്തോടെ നിലകൊണ്ടു. താൻ തിരുവനന്തപുരത്ത് താമസിക്കുന്ന വസ്തുതയെ പെരിഞ്ചക്കോടൻ ജളതയാൽ ദിവാൻജിയെ അറിയിച്ച രാത്രിയിൽത്തന്നെ ആ തന്ത്രനിപുണൻ ആ തക്കം നോ

ക്കി പെരിഞ്ചക്കോട്ട് ഭവനത്തിന്റെ സ്ഥിതികൾ ഒന്ന് പരീക്ഷിപ്പാൻ ഒരു ഭടസംഘത്തോടുകൂടി കുഞ്ചെക്കുട്ടിപ്പിള്ളയെ നിയോഗിച്ചു. അഞ്ചൽകുതിരയുടെ സഹായത്താൽ അടുത്ത ദിവസം മദ്ധ്യാഹ്നമായപ്പോൾ പത്മനാഭപുരത്ത് എത്തിയ ആ കാര്യക്കാർ അവിടെ പാളയമടിച്ചിരുന്ന സേനാഗണത്തോട് ഒന്നിച്ച് പെരിഞ്ചക്കോട്ടുഭവനത്തെയും ഏലങ്കത്തെയും രാത്രി ആയപ്പോൾ ആക്രമിച്ച് ഈ സംഘത്തിലെ ഭടജനങ്ങൾ പെരിഞ്ചക്കോടന്റെ അരമനയിലും പ്രവേശിച്ച് അവിടത്തെ സ്ഥിതികളും സംഭാരങ്ങളും അറിയുവാൻ പരിശോധന തുടങ്ങി. അതിസുന്ദരികളായ രണ്ട് സ്ത്രീകളെ കണ്ടപ്പോൾ രാജനിയമാധീനരായ അവർ സാഹസങ്ങൾ നിറുത്തി. സ്ത്രീകൾ അടുത്തുള്ള അറയിലോട്ട് കടന്ന് അതിന്റെ വാതിൽ ബന്ധിച്ച് ഭഗവൽപ്രാർത്ഥനയോടെ നിന്നു. ഭടന്മാരിലൊരാൾ കുഞ്ചെക്കുട്ടിപ്പിള്ളയോട് ആ ഭവനത്തിൽ കണ്ട വസ്തുത പറഞ്ഞപ്പോൾ അദ്ദേഹം എലങ്കത്തിലെ നടപടികൾ വിശ്വസ്തന്മാരെ ഏൽപ്പിച്ചിട്ട് ആ നരയക്ഷികളുടെ വാസഗേഹത്തിലോട്ട് കടന്നു. സ്ത്രീകൾ മുറിക്കകത്ത് നിൽക്കുന്നു എന്ന് അറിഞ്ഞപ്പോൾ പുറത്തോട്ട് പുറപ്പെടുന്നതിന് അദ്ദേഹം അവരോട് ഉഗ്രമായ ആജ്ഞ അരുളി. ഭർത്താവിനെ ആരാഞ്ഞു് വന്നിരിക്കയാണെന്ന് സംശയിച്ച് "അദ്ദേഹം ഇവിടെ ഇല്ല" എന്ന് ലക്ഷ്മിഅമ്മ അകത്തുനിന്ന് ഉത്തരം പറഞ്ഞു. ഈ സ്വരം കേട്ട് കുഞ്ചെക്കുട്ടിപ്പിള്ള ചഞ്ചലമനസ്കനായി എങ്കിലും ഭീഷണിപ്രയോഗമായി "അങ്ങോട്ടു കടക്കിനെടാ! ആ വാതിൽ പൊളിച്ച് ഒന്ന് പരിശോധിപ്പിൻ!" എന്ന് ഒരു ആജ്ഞ കൊടുത്തു.

ലക്ഷ്മി: "അകത്തു സ്ത്രീകളേ ഉള്ളേ. ശ്രീഭഗവതിഭട്ടാര്യമ്മയാണെ സത്യം." ഈ ദീനപ്രലാപവും അതിൽ പ്രയോഗിക്കപ്പെട്ട ഭഗവതീനാമവും കേട്ടപ്പോൾ ദിവാൻജിയുടെ സംശയം സ്ഥിരപ്പെട്ടു എന്ന് കാര്യക്കാർ തീർച്ചയാക്കുകയും, അദ്ദേഹത്തിന്റെ ബുദ്ധിതീക്ഷ്ണതയെപ്പറ്റി ആശ്ചര്യപ്പെടുകയും ചെയ്തു. അദ്ദേഹം വീണ്ടും ആദ്യത്തെ ഭീഷണിവാക്കുകൾ പ്രയോഗിച്ചപ്പോൾ ലക്ഷ്മിഅമ്മ വാതിൽ തുറന്ന് പുറത്തേക്ക് വന്നു. മാതാവിനെ ഏകാകിനി ആയി ആപത്തിൽ ചാടുവാൻ വിടുകയില്ലെന്നുള്ള ധർമ്മവ്രതത്തിന്റെ വീര്യത്തോടെ ഹരീണീസ്വഭാവിനിയായ ദേവകിയും തളത്തിലോട്ട് ഇറങ്ങി. ആ രണ്ട് സൗന്ദര്യധാമങ്ങളെയും കണ്ടപ്പോൾ അത്യുൽകൃഷ്ടമായ അദ്വൈതപ്രമാണത്തിന്റെ അനുഷ്ഠാനകനായ കുഞ്ചെക്കുട്ടിപ്പിള്ളയും ജന്മസിദ്ധവും പരിചയസ്പർശവുമായുള്ള ആചാരാന്ധ്യത്താൽ പെരിഞ്ചക്കോടന്റെ ഘാതകാപകർഷത്തെ ആത്മസർവ്വാംഗവും കൊണ്ട് നിന്ദിക്കുകയും വിദ്വേഷിക്കുകയും ശപിക്കുകയും അയാളെ അടുത്ത ദർശനത്തിൽ ഭൂമുഖത്തിൽനിന്ന് ഉദ്ധൂതമാക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. സ്ത്രീകളുടെ നേർക്കുനിന്ന് വീക്ഷാഗതിയെ ഉപസംഹരിച്ചുകൊണ്ട് അവരെ സംബന്ധിച്ച അനന്തരകരണീയമെന്തെന്ന് ചിന്തിച്ച് നിലകൊണ്ടു. രാജാധികാരപ്രതിനിധിയായി എത്തിയിട്ടുള്ള ആളിന്റെ അഭിജ്ഞപ്രഭയും കാരുണ്യചേഷ്ടകളും കണ്ട് സ്ത്രീകൾ സമാശ്വസിച്ചു. എങ്കിലും, ആപന്നിവൃത്തിയിലുള്ള

സന്തോഷസന്താപത്തെ പ്രത്യക്ഷീകരിച്ച് പരസ്പരം ശിരോവലംബം ചെയ്ത് കണ്ണുനീർ വാർത്തുനിന്നു. ദീപപ്രകാശത്തിൽ പതിച്ച ഛായാവിശേഷത്തെ നേത്രാഞ്ചലത്താൽ ഗ്രഹിച്ച് കുഞ്ഞെക്കുട്ടിപ്പിള്ള ആ രംഗം വിടുവാൻ ആലോചിച്ചുകൊണ്ട് ഭടജനങ്ങൾ അവിടെനിന്ന് മാറിക്കൊള്ളുന്നതിന് ആജ്ഞ കൊടുത്തു. കിഴക്കേ വാതിലിൽക്കൂടി ഒരു ശരീരം ആകാശം ഭേദിച്ച് മുറ്റത്ത് എത്തി. ആ അങ്കണത്തിന് കടപിടിച്ചിരുന്ന മരക്കൊമ്പുകളെ തലോടുന്ന ശിരോദേശത്തുനിന്ന് ഒരു വാദപ്രഘോഷവും രംഗത്തെ തകർത്തു: "അയ്യ! ഹാ! ഇതെന്തൊരു കൊഴാമറിച്ചില്ല്? പൊന്നുതമ്പുരാന്റെ കാര്യം കേപ്പോരെന്നുവച്ച് പെങ്കോലത്തിന്റടുത്തോ കൊടുമകള്? പറക്കുട്ടത്തിന്റെ എല്ലൊടിഞ്ഞെങ്കി അവരെ അമ്മമാരെ വിധി. പെരിഞ്ചക്കോട്ട് കണ്ടുകെട്ടിയെങ്കി ഒടയവൻ കെടന്ന് ഒപ്പാരി ചൊല്ലട്ടെ. എലങ്കം കൊള്ളയിട്ടെങ്കി പൊന്നുചേവടിക്ക് ചെന്ന് ചേരട്ടെ." (കുഞ്ഞെക്കുട്ടിപ്പിള്ളയോട് തിരിഞ്ഞ്) "അല്യോ? ഈ പേശാപ്രാണികളോ ഇങ്ങേർക്കു തരം!" ഇങ്ങനെ ആ പ്രദേശം മുഴുവൻ കിടുക്കി നമ്മുടെ മല്ലയുദ്ധവീരൻ അഴകുശ്ശാർ കാര്യം ചോദിച്ചുതുടങ്ങിയപ്പോൾ അയാളുടെ ഉന്നതിയെ കണ്ണുകൊണ്ട് അളന്ന കുഞ്ഞെക്കുട്ടിപ്പിള്ള ആള് മനസ്സിലാക്കി ചിരിച്ചുപോയി.

കുഞ്ഞെക്കുട്ടിപ്പിള്ള: "കേട്ടോ പിള്ളേ! കണ്ടുകെട്ടാനും മറ്റും കല്പനയാണ്. തടുക്കാൻ വന്നാലുള്ള അനുഭവം അറിയാമോ?"

അഴകുശ്ശാർ: (ഹാസ്യമായി) "എന്റെ പിള്ളാച്ചൻ ഇപ്പോ ഏതു വേ (പാ) താളത്തീന്നു വരുന്നു? അയ്യയ്യ! തമ്പ്രാന്റെ ദശാവുംമറ്റും പിന്നാർക്കും തെരിഞ്ഞുകൂടെന്നോ? ആടുവാനക്കൊണ്ട് വരട്ടെ അഴകുന്റടുത്തു മാത്രം ശട്ടങ്ങളും ശടപിടാലുകളും കൊണ്ടൊന്നാ, നേരെ അങ്ങ് ചെന്നറിവിച്ചുടുവാര്."

അഴകൻപിള്ളയുടെ പരമാർത്ഥങ്ങളും അയാളുടെ യജമാനനായ കല്ലറയ്ക്കൽ പിള്ളയുടെ പ്രണയകഥയും അറിഞ്ഞിരുന്ന കുഞ്ഞെക്കുട്ടിപ്പിള്ള, സ്ത്രീകളുടെ തല്ക്കാലമനസ്ഥിതിയിൽ വിനോദോക്തിക്ക് സന്നദ്ധനല്ലായിരുന്നു. എങ്കിലും സ്വരാജ്യാഭിമാനത്തെ രക്ഷിച്ച ആ അഷ്ടാവക്രനെ പരിഹാസംകൊണ്ടുതന്നെ ഒന്ന് പരീക്ഷിപ്പാൻ തുടങ്ങി. ഇങ്ങനെ ഉദ്ദേശിച്ചുകൊണ്ട് അഴകൻപിള്ളയുടെ ഭാഷയിൽത്തന്നെ സംഭാഷണം ആരംഭിച്ചു: "എടോ! ചട്ടമ്പി! ഒരുകൈ പാക്കാമോ? നീ രായരശ്ശുവെ വെന്നൂന്നുവച്ച്, ഇന്നാ എവന്റെ കൈയൊന്ന് മടക്ക്; പാപ്പോം."

അഴകുശ്ശാർ: "തമ്പുരാന്റെ ചേവുകക്കാരൻ ഒന്ന്; രായനൊന്ന്. അതുമല്ലാണ്ട് കല്ലറയ്ക്ക് അങ്ങുന്നിപ്പോ ഉമ്മാൻ വിളിച്ചോ കൈ ചേഴിക്കണ്ടേ്യാ? അഴകുന്റടുത്ത് പിത്തലാട്ടം കൊണ്ടരണ്ട. തൊട്ടു വല്ലോം ഏമം കിട്ടിയാ തലവീശുവാര്. ഇങ്ങേരൊണ്ടല്ലോ, കരിപ്പട്ടിപ്പത്തായം പോലല്യോ ഇരിക്കണാര്." ഈ ഉപമ കേട്ട് കുഞ്ഞെക്കുട്ടിപ്പിള്ള തല അറഞ്ഞ് ചിരിച്ചുപോയി.

കുഞ്ചെക്കുട്ടിപ്പിള്ള: "എടേ! കല്ലറയ്ക്കൽപിള്ളാന്നു ശൊല്ലുവാരില്ല്യോ? അദ്യത്തിന്റെ മന്ത്രിരിയല്യോ നീ? എന്നിട്ടോ മീച്ചയില്ലാന്നുവെച്ച് ഒഴിയണതു്."

കുഞ്ചെക്കുട്ടിപ്പിള്ളയുടെ ഭാഷ തന്നെ പരിഹസിച്ചാണെന്ന് വിചാരിച്ചു എങ്കിലും 'മന്ത്രി' പദം അഴകുവിന് സന്തോഷം നല്കി.

അഴകൻപിള്ള: "അല്ല്യോ? അദ്യവും ഇങ്ങ് വെളിയി വന്നിരിക്കിണാര്. ഇപ്പം വിരുന്തുമ്മാൻ വിളിപ്പാര്" എന്ന് പറഞ്ഞും, ദേവകിഅമ്മയെ കടാക്ഷിച്ചും, മുഖത്ത് ഒരു ശൃംഗാരമഞ്ജരിഗ്രന്ഥത്തിന്റെ സാരസർവ്വസ്വത്തെ പ്രകാശിപ്പിച്ചു. കുഞ്ചെക്കുട്ടിപ്പിള്ള യോഗാഭ്യസനംചെയ്തു ബ്രഹ്മചാരിത്വം അവലംബിച്ചിരുന്നു എങ്കിലും, അഴകുവിന്റെ കടാക്ഷത്തെ അനുകരിച്ച് വിളക്കിന്റെ സമീപത്ത് നീങ്ങിനിൽക്കുന്ന ബാലികയെ ഒന്ന് നോക്കിയപ്പോൾ ജഗജ്ജേതാവായ മന്മഥന്റെ പടുതാവിലാസം എത്രത്തോളമുണ്ടെന്ന് അല്പമൊന്ന് ഗ്രഹിച്ചു. ദിവാൻജിയുടെ ഗാഢബന്ധുവായുള്ള കല്ലറയ്ക്കൽപിള്ള ഈ ഘട്ടത്തിൽ രംഗത്തിൽ പ്രവേശിക്കയാൽ സ്ത്രീകൾ ആശ്വസിതചിത്തകളായി രോഗിണിയെ ശുശ്രൂഷിപ്പാൻ തിരിച്ചു. ആ സമ്പന്നന്റെ പ്രവേശനസമയത്ത് ദേവകിക്കുട്ടിയുടെ മുഖത്തെ സൂക്ഷിച്ചുനോക്കിയ കുഞ്ചെക്കുട്ടിപ്പിള്ള കണ്ട ചടുലവിലാസം ആ ഭൈരാഗിയിലും ഒരു ദാമ്പത്യസംഘടനയിലെ സൂത്രധാരനാകുന്ന രസം ആസ്വദിപ്പാനുള്ള മോഹത്തെ ഉത്പാദിപ്പിച്ചു.

പെരിഞ്ചക്കോട്ട് കുഞ്ചുമായിട്ടിപ്പിള്ളയുടെ നല്ലനടത്തയ്ക്ക് ജാമ്യമായി അയാളുടെ ഭവനവും വസ്തുവകകളും ഭൂമികളും സർക്കാരിലേക്ക് കണ്ടുകെട്ടി, കല്ലറയ്ക്കൽപിള്ളയെ മൂന്നാം സ്ഥാനം ഏൽപ്പിച്ചു. നാണയങ്ങൾ, സ്വർണ്ണം മുതലായ സാധനങ്ങൾ പണ്ടാരവക അധികാരികളുടെ സൂക്ഷിപ്പിനായും തല്ക്കാലത്തേക്ക് അടക്കി. ഈ സംഗതികൾക്ക് വേണ്ട പ്രമാണങ്ങളും രേഖകളും തയ്യാറാക്കിക്കൊണ്ട് കല്ലറയ്ക്കൽപിള്ളയുടെ അതിഥിസല്ക്കാരവും ഏറ്റ് കാര്യക്കാർ ആ രാത്രിതന്നെ തിരുവനന്തപുരത്തേക്ക് മടങ്ങി. ബദ്ധപ്രണയനായ കല്ലറയ്ക്കൽപിള്ളയക്ക് തന്റെ ഉഷയെ ബാണാസുരബാധകൂടാതെ പ്രേമസമാരാധനങ്ങൾ ചെയ്ത് പ്രീണിപ്പിക്കുവാൻ ഇങ്ങനെ അധികൃതമണ്ഡലത്തിൽനിന്നുതന്നെ അവസരം ലഭ്യമായി. കുഞ്ചുമായിറ്റിപ്പിള്ളയുടെ ഭഗവതീഗൃഹം പരമാർത്ഥത്തിൽ അയാളുടെ സമ്പന്നിചയത്തിന്റെ നിക്ഷേപാഗാരമായിരുന്നു. ബഹുജനങ്ങളുടെ രക്തച്ഛിദ്രത്താൽ സംഭരിക്കപ്പെട്ട അയാളുടെ നിധിസമുച്ചയം ടിപ്പുവിന്റെ ആക്രമണത്തെ നിരോധിച്ച് ബഹുജനരക്ഷ ചെയ്വാനുള്ള ശ്രമങ്ങളിലേക്ക് ഉപയുക്തമാകുന്നതു് ഭഗവൽഭരണത്തിന്റെ കാര്യക്ഷമതകൊണ്ടുതന്നെ എന്ന് നമുക്കു സമർത്ഥിക്കാം.

11

"കർണ്ണാ മതി മതി പോരും പറഞ്ഞതു
നിന്നുടെ വീര്യങ്ങൾ നാവിന്മേലേയുള്ള
ജംഭാരിനന്ദനൻ വൻപുകൾ കേൾക്ക നീ
കിംഫലമാത്മപ്രശംസകൊണ്ടോർക്കെടോ."

ശ്രീ മഹാബലിവനം അനന്തൻകാട്ടിന്റെ വടക്കുപടിഞ്ഞാറുള്ള ഒരു ഉപവനം ആയിരുന്നു. അനന്തവനം തിരുവനന്തപുരം ആയി സ്ഥലവിസ്തൃതിയിലും നാമദൈർഘ്യത്തിലും വർദ്ധിച്ചപ്പോൾ, ഉപവനം 'ശീവേലി' എന്ന രൂപത്തിൽ അക്ഷരസംഖ്യയിലും മഹത്ത്വത്തിലും സങ്കോചിച്ചു. ഇംഗ്ലീഷുകാരോടുണ്ടായ സഖ്യാനന്തരം തിരുവിതാംകൂറിലെ സേനാനായകസ്ഥാനങ്ങളിലേക്ക് ദത്തഖഡ്ഗന്മാരായ സായ്പന്മാർ ഈ കാടിന്റെ വടക്കരുകിനെ തെളിച്ച് ബംഗ്ലാവുകൾ സ്ഥാപിച്ചു. പാശ്ചാത്യരുടെ അധിവാസം ആയിത്തീർന്ന ഈ സ്ഥലത്തിന് 'തിരുമധുരപ്പേട്ട' എന്നുള്ള താല്പര്യാവകമായ അഭിധാനവും കിട്ടി. ലോകസ്ഥിതികളുടെ നിമ്നോന്നതന്യായത്തിന്റെ പരിരക്ഷണത്തിന് എന്നപോലെ, ആ നവമധുരാപുരിയുടെ ദക്ഷിണപശ്ചിമഭാഗങ്ങൾ ഗൃഹശൂന്യരായി സഞ്ചരിക്കുന്ന 'ഒഡ്ഡർ', 'ചലിപ്പർ' മുതലായവരുടെ വാസസങ്കേതം ആയി. ആ കാടിന്റെ 'തത്സമ'രൂപത്തിലുള്ള നാമത്തെ സാർത്ഥമാക്കാൻ എന്നപോലെ ധാർമ്മികലോകത്തിന്റെ കൃപാസന്താനങ്ങളായി ഒന്നുരണ്ടു് മണ്ഡപങ്ങളും ഈ സ്ഥിരവാസശൂന്യരെ ഋതുകാഠിന്യങ്ങളിൽനിന്ന് രക്ഷിപ്പാൻ ആ വനമദ്ധ്യത്തിൽ ജാതം ചെയ്തു. വേലിപ്പരുത്തി, ഞെരിഞ്ഞിൽ, ഞാറൽ എന്ന ചെടികൾകൊണ്ടു് നിറഞ്ഞിരുന്ന ഈ വനം സത്യവ്രതനായ മഹാബലി ചക്രവർത്തിയുടെ നാമത്തെത്തന്നെയും മലിനപ്പെടുത്തുംവിധം ഉള്ള ജീവചാരിത്രങ്ങളുടെ ധ്വംസനത്തിന് ബലിപീഠമായി ഉപയോഗപ്പെട്ടു. ഇവിടത്തെ നിർജ്ജനതശവശരീരങ്ങളുടെ നിക്ഷിപ്തിയാൽ പരിഹരിക്കപ്പെട്ടു. വനതയെ അവനനിയമങ്ങളുടെ അധിക്ഷിപ്തി അനുദിനം ബൃഹത്കരിച്ചു. ഇപ്പോൾ നാളികേരത്തോട്ടങ്ങൾ ആയിരിക്കുന്ന ഈ വനം അക്കാലത്ത് കേരളത്തിലെ നാഗരാഷ്ടങ്ങൾക്ക് എല്ലാം 'ഡൽഹി' സ്ഥാനം

വഹിച്ചിരുന്നു. എന്നാൽ ലോകാവസ്ഥകളിലെ ദോഷഗുണസമ്മിശ്രതയ്ക്കുള്ള ലക്ഷ്യം എന്ന പോലെ ആ വനം നകുലങ്ങളാലും പരിസേവ്യം ആയിരുന്നു. ഈ വൈരിപക്ഷങ്ങൾക്കിടയിൽ മാദ്ധ്യസ്ഥ്യം വഹിപ്പാനായി സാർവ്വത്രികന്മാരായ സ്വഗാലവർഗ്ഗവും അവിടത്തെ ചെറുപാതാളസഹസ്രങ്ങളിൽ കുമാരമഹാബലികളായി വാഴ്ചകൊണ്ടിരുന്നു.

മാണിക്കഗൗണ്ഡൻ ആയ ധനദത്തൻ തിരുവിതാംകൂറിൽ ആരംഭിച്ച വ്യാപാരത്തിന് സ്ഥാപിച്ച 'കനകപട്ടണം' അദ്ദേഹത്തിന്റെ രൂപസ്വഭാവവിശേഷങ്ങൾക്ക് അനുരൂപമായ ഈ മഹാബലിവനത്തിന്റെ മദ്ധ്യത്തിൽത്തന്നെ ആയിരുന്നു. കുടിപ്പാർപ്പുള്ള സ്ഥലങ്ങളിൽനിന്ന് കഴിയുന്നത്ര ദൂരത്തുമാറി, ഒരു ചെറുമൈതാനം തെളിച്ചു. നമ്മുടെ സാർത്ഥവാഹൻ ചില കൂടാരങ്ങളും പല നെടുംപുരകളും വാണിഭശാലയായി ഉറപ്പിച്ചു. ആ കാളകണ്ടന്റെ 'ഇളാവൃതം' ആയി തട്ടികൾ, തട്ടുകൾ എന്നിവയാൽ രക്ഷിയ്ക്കപ്പെട്ടിട്ടുള്ള ഒരു പ്രത്യേകശാലയും ഇതരശാലകളാൽ ആരാധിതമാകേണ്ട പ്രാസാദമായി സ്ഥാപിക്കപ്പെട്ടു. ക്രയവിക്രയാർത്ഥികൾക്ക് പ്രവേശ്യം ആയിരുന്ന ചില നെടുംപുരകൾ ഒഴികെയുള്ള ഭാഗങ്ങൾ എല്ലാം ഉഗ്രന്മാരായ കുന്തമേന്തികളാലും തോക്കുകാരാലും സൂക്ഷിക്കപ്പെട്ടിരുന്നു. ഗൗണ്ഡപ്രതിഷ്ഠ ആ മൂർത്തിയോടുള്ള സായൂജ്യത്തെ പ്രാർത്ഥിക്കുന്ന യോഗന്ധരന്മാരെ മാത്രം ദർശനവിഭ്രതിയാൽ അനുഗ്രഹീതന്മാർ ആക്കി. കാണാനും കൊള്ളുവാനും എത്തുന്ന പാമരപരിഷകൾ ഒരു മഹിഷകണ്ഠത്തിന്റെ മർമ്മരധ്വനിയും ചിലപ്പോൾ മേഘധ്വനിയും കേട്ട് അവിടത്തെ ഗർഭഗൃഹവാസിയായ മേഘവാഹന്റെ അമോഘപ്രഭാവത്തെ ഗ്രഹിച്ചുവന്നു. ദശാവതാരവേഷങ്ങളിൽ ചിലതു ധരിച്ച് വേഷോചിതങ്ങളായ ആയുധങ്ങളും ഏന്തി ഒരു ഭ്രതത്താൻ ദേശസഞ്ചാരം ചെയ്‌വാൻ നേർവഴികൾ ഒഴിഞ്ഞു ചിലടങ്ങളിൽ എത്തി ആകാശരേഖകളോ കാലമാത്രകളോ എണ്ണിനില്ക്കുന്നതും അപൂർവ്വം ചിലർ കണ്ടിട്ടുണ്ട്. ദിവാൻജിയോടു പറവാൻ പുറപ്പെട്ടത് ഈ വ്യാപാരസംഘത്തിന്റെ ഒരു അംശവും പാത്രവാനെങ്കിലും മുമുക്ഷുപദം ചേർപ്പാൻ അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭൂതനായ മുതലിയാർ സാക്ഷാൽ മാണിക്യഗൗണ്ഡനും ആയിരുന്നു.

ഗൗണ്ഡൻ ഒരു ശ്രീകൃഷ്ണന്റെ വിരോധത്തെ പേടിച്ച് തിരുവനന്തപുരം അവനംചെയ്യുന്ന ശ്രീരാമപാദങ്ങളെ അഭയം പ്രാപിച്ചിരിയ്ക്കുന്ന ഒരു അക്രൂരൻ ആണെന്നുള്ള കിംവദന്തിയെ അദ്ദേഹത്തിന്റെ അനുചരന്മാർ സാമർത്ഥ്യത്തോടെ വ്യാപരിപ്പിച്ചു. വാരംപ്രതി ഗൗണ്ഡനു വരുന്ന വിലയേറിയ സാമാനങ്ങളെ പാണ്ടിയിലെ മറവന്മാരും തിരുവിതാംകൂറിലെ പറപാണ്ടയും തസ്കരിക്കാത്തത്, ജനങ്ങളുടെ ഇടയിൽ പരന്ന മിഥ്യാബോധത്തെ പ്രബലപ്പെടുത്തി. ഗൗണ്ഡശാലയെ വൈകുണ്ഠതുല്യം പ്രകാശിപ്പിച്ച രത്നകോടികളും അഹസ്കാലം മുഴുവൻ അവിടെ ശിഞ്ജിനീക്വണിതം മുഴക്കിക്കൊണ്ടിരുന്ന നാണയങ്ങളും മാണിക്യഗൗണ്ഡൻ സ്യമന്തകമണിവച്ച് പൂജിക്കുന്ന ഒരു യാദവൻതന്നെ ആണെന്ന് ചില അന്ധപ്രമാണികളെ വിശ്വസിപ്പിച്ചു.

മാണിക്യസൗരന്റെ തിരുവിതാംകൂർ രാശിയിലോട്ടുള്ള സംക്രമം കഴിഞ്ഞു് കൊല്ലം രണ്ടോളം ആകുന്നു. ഇതിനിടയിൽ പല കോണങ്ങളിലും രാമവർമ്മ മഹാരാജാവിന് ആപദ്യോഗങ്ങൾ ചേർത്തുകഴിഞ്ഞിരിക്കുന്നു. അധികാരബലം പ്രയോഗിച്ചുള്ള

സാക്ഷാൽ തസ്കരകർമ്മത്താൽ ആർജ്ജിക്കപ്പെടുന്ന ധനം ദുർമ്മദകേസരികളായ രാഷ്ട്രാധിപന്മാരുടെ ഇംഗിതസിദ്ധിക്കായി പ്രയുക്തമാകുമ്പോൾ, സംഖ്യയും മാർഗ്ഗങ്ങളും പാത്രാപാത്രതകളും പരിഗണിക്കപ്പെടുന്നില്ല. മാണിക്യഗൗണ്ഡന്റെ ദാനവിദ്വേഷികളായ ഹസ്തങ്ങൾ അത്യുദാരമായി വിതരണം ചെയ്ത ദ്രവ്യം തിരുവിതാംകൂർകാരായ ദ്രോഹസംഘനേതാക്കന്മാരുടെ അറകളിൽ അപരിമിതമായി കുമിഞ്ഞു. ഈ പ്രയോഗംകൊണ്ട് മാണിക്യഗൗണ്ഡൻ തിരുവിതാംകൂർ നളസ്ഥാനത്തിന് ഒരു പുഷ്കരശക്തി ആയിത്തീർന്നു. ടിപ്പുവിന്റെ ഈ കലിപ്രവർത്തനത്തിന്റെ ഫലം ആയി പല കേന്ദ്രങ്ങളിലും അന്തച്ഛിദ്രകാരന്മാർ ഉത്ഭവിച്ച്, ഹരിപഞ്ചാനനയോഗീശ്വരന്റെ കാലത്തെ പ്രസിദ്ധീകരണം കൂടാതെ സഞ്ചരിക്കുകയും ചെയ്തു.

ഗൗണ്ഡരായ വ്യവസായവിദഗ്ദ്ധന്റെ ആജ്ഞാനുസാരം പ്രവർത്തിപ്പാൻതന്നെ അജിതസിംഹനും നിയോഗിക്കപ്പെട്ടു. ഈ രാജകുമാരസ്ഥാനക്കാരനെയും ഗൗണ്ഡൻ മറ്റു ചാരപ്രധാനന്മാർക്ക് തുല്യം ആജ്ഞകൾ കൊടുത്തു ശാസിച്ചും നയിച്ചും പ്രവർത്തിപ്പിച്ചുവന്നു. ഗൗണ്ഡൻ തിരുവിതാംകൂറിലെ ദ്രോഹമണ്ഡലത്തെ ഭരിച്ച നയം ഒരു വിശിഷ്ടരീതിയിൽ ഉള്ളതായിരുന്നു. പെരിഞ്ചക്കോടൻ, അജിതസിംഹൻ, കണ്ഠീരവരായർ എന്നിവരെല്ലാം അദ്ദേഹത്തിന്റെ ആജ്ഞാകാരന്മാരായി പ്രവർത്തിച്ചു എങ്കിലും ഈ വകക്കാരു തമ്മിൽ അഭിമുഖപരിചയത്തിന് അദ്ദേഹം സംഗതിയുണ്ടാക്കിയില്ല. ഇടക്കാലത്തെത്തി, അടുത്ത കാലത്തു് മറഞ്ഞിരിക്കുന്ന ഇട്ടുണ്ണിക്കണ്ടപ്പനും ഗൗണ്ഡനും മാത്രമേ പരസ്പരം ആന്തരങ്ങൾ സൂക്ഷ്മമായി ധരിച്ച ബന്ധുക്കളായിരുന്നുള്ളു. ഗൗണ്ഡന്റെ കൗടില്യം ഗ്രഹിച്ച പെരിഞ്ചക്കോടൻ പറപാണ്ടയുടെ പഞ്ചമബലത്തെ അദ്ദേഹത്തിന്റെ സ്വാധീനത്തിൽ പ്രവർത്തിപ്പിക്കാമെന്ന് വാഗ്ദത്തം ചെയ്തുവെങ്കിലും നായകനായ തസ്കരമാന്ത്രികന്റെ വേഷസൗഭാഗ്യംപോലും ഒന്നു കാണ്മാൻ നമ്മുടെ സനൈശ്ചരസാർത്ഥവാഹന് സന്ദർഭം ഉണ്ടാക്കിക്കൊടുത്തില്ല. പാണ്ട എന്നൊരു സംഘത്തലവൻ കൊടന്തയാശാനെ ദാസ്യപ്പെടുത്തി പെരിഞ്ചക്കോടൻ എന്നൊരു പ്രഭുവിന്റെ ഇഷ്ടങ്ങൾക്കായി പ്രവർത്തിപ്പിച്ചുവന്നു. എന്നാൽ കൊച്ചാശാനും പെരിഞ്ചക്കോടൻ എന്ന വിക്രമകേസരിയുടെ രൂപം കണ്ട് സ്വസമുദായത്തിന്റെ ജനസമ്പത്തിൽ സമ്മോദിപ്പാൻ സംഗതിവന്നിട്ടില്ല. കണ്ഠീരവനും, കാര്യക്കാരുടെയും ഗൗണ്ഡവന്റെയും ആജ്ഞകൾക്ക് അധീനമായി പ്രവർത്തിച്ചുവന്നു എങ്കിലും ഗൗണ്ഡന്റെ അധികാരവ്യാപ്തിയെ സൂക്ഷ്മമായി ഗ്രഹിച്ചിരുന്നില്ല.

പല ഗൃഹസ്ഥന്മാരെയും ദേശസമ്രാട്ടുകളെയും ഗൗണ്ഡൻ സമ്മാനദാനംകൊണ്ടുതന്നെ പാട്ടിലാക്കിയിട്ടും തൃപ്തിപ്പെടാതെ രാജ്യഭണ്ഡാരം ഭരിക്കുന്ന കുബേരനെയും വ്യാമോഹിപ്പിക്കാൻ യത്നിച്ചു. തന്റെ പാപകർമ്മങ്ങളിൽ ഭാഗഭാക്കാക്കിയില്ലെങ്കിലും രാജകക്ഷിയിൽനിന്ന് അദ്ദേഹത്തെ അകറ്റുന്നതിനായി ഒരു ലേഖനശസ്ത്രവും പ്രയോഗിച്ചുനോക്കി. ആ ശസ്ത്രം ഫലിച്ചില്ലെന്ന് കണ്ടിട്ടും രണ്ടാം ശസ്ത്രം പ്രയോഗിക്കാതെയും ശത്രുപക്ഷക്കാരനോടുള്ള ആദരത്തിന് ന്യൂനത വരുത്താതെയും ഗൗണ്ഡൻ അടങ്ങിയിരുന്നു. ഗൗണ്ഡന്റെ പരിശ്രമം ഫലപ്പെടാഞ്ഞ യത്നത്തിൽ താൻ വിജയിയാകണമെന്നുള്ള മോഹത്തോടെ കാര്യക്കാർ അജിതസിംഹനെ നിയോഗിച്ചു. മൈസൂർ സൈന്യം തിരുവിതാംകൂറിലോട്ട്

അടുക്കുന്നു എന്ന് തീർച്ചയായ അറിവ് കിട്ടിയപ്പോൾ മഹാരാജാവിനെയും മന്ത്രിയെയും നിഗ്രഹിക്കുന്നതിന് താൻ ടിപ്പുവോടു ചെയ്തിട്ടുള്ള പ്രതിജ്ഞ അനുസരിച്ച് ഗൗണ്ഡൻ പല ഉപായങ്ങളും അനുഷ്ഠിക്കുകയും അനുഷ്ഠിപ്പിക്കുകയുംചെയ്തു. വിശ്വരക്ഷ ചെയ്തരുളുന്ന ഹസ്തങ്ങൾ മഹാരാജാവിനെയും അവിടുത്തെ മന്ത്രിയെയും രക്ഷിച്ചു. സേനാഭാഗങ്ങൾ മിക്കവാറും ഉത്തരമേഖലയിലേയ്ക്ക് നീക്കിക്കഴിഞ്ഞിരിക്കുന്നു. മന്ത്രി യുദ്ധരംഗത്തിൽ എത്തുന്നതിന് ഇടവരുത്തിയാൽ ടിപ്പുവിന്റെ കഠാരധാരയെത്തന്നെ താൻ ലേഹനം ചെയ്യേണ്ടിവരും. അതിനാൽ താൻ ആലോചിക്കുന്ന നിഗ്രഹകർമ്മത്തിന് ഒരു അന്തകനെ ഉടൻതന്നെ നിയമിക്കേണ്ടതായിരിക്കുന്നു. രാജ്യത്തിൽ ഭിന്നങ്ങളായി സ്ഥിതിചെയ്യുന്ന സംഘത്തലവന്മാർ പരസ്പരം പരിചയിക്കേണ്ട കാലവും സമീപമായിരിക്കുന്നു. അജിതസിംഹൻ, കണ്ഠീരവരായർ എന്നിവരെ ടിപ്പുവിന്റെ സേനയോടു് സംഘടിച്ചുകൊള്ളുവാൻ വിടുന്നതിനുള്ള കാലവും അതിക്രമിച്ചു പോയിരിക്കുന്നു. ഈ ആലോചനകളോടുകൂടി ഗൗണ്ഡൻ തന്റെ ഉച്ചസ്ഥിതിപ്രാപ്തിയ്ക്ക് ചേരുന്നതായ പാപകർമ്മത്തിന് സമുദ്യുക്തനായി.

പെരിഞ്ചക്കോട്ട് ലങ്കയുടെ മർദ്ദനംകഴിഞ്ഞു് നിശാന്തനം നാലാമത്തേത് ആയിരിയ്ക്കുന്നു. ദിവാൻജിയുടെ വ്യവസ്ഥകൾ ഊർജ്ജിതങ്ങളായിരുന്നതുകൊണ്ട് ആ മർദ്ദനസംഭവത്തെക്കുറിച്ചുള്ള പ്രസ്താവം ആ സങ്കേതം കവിഞ്ഞു പ്രചരിച്ചില്ല. അതുകൊണ്ട് ഗൗണ്ഡൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന കൗരവസഭയിൽ നാം കാണുന്ന പെരിഞ്ചക്കോടന്റെ മുഷ്കരത്വം ഒട്ടുംതന്നെ ധൂസരം ആയിട്ടില്ല. ഗൗണ്ഡൻ ആയ ജഗൽസ്തംഭകൻ തന്റെ പ്രത്യേകശാലയ്ക്കകത്ത് ഒരു വേദിയിന്മേൽ ദിവാൻ ഉപയോഗിക്കുന്നതിനെക്കാൾ ഉയർന്ന തരത്തിൽ രാജസങ്ങളായ ഉപാധാനാദി ഉപകരണങ്ങളാൽ പരിവൃതനായും പിംഗളാക്ഷങ്ങളെ സൂചിമുഖങ്ങൾപോലെ സൂക്ഷ്മങ്ങളാക്കി പ്രസ്സുരിപ്പിച്ചും കരപാദങ്ങളുടെ പ്രപാതങ്ങളാൽ ആസനത്തെത്തന്നെ ധൂളീകരിച്ചും സഭാനിയന്ത്രണം വഹിക്കുന്നു. സന്നിഹിതന്മാർ ആയ പെരിഞ്ചക്കോടൻ, കണ്ഠീരവരായർ ഇവർ ശാലയ്ക്കകത്തും വിധിനിർവ്വഹണത്തിനു ബദ്ധപരികരന്മാരായി പല ദസ്യുപ്രധാനന്മാർ ദൂരത്ത് ഒരു ശാലയിലും സംയോജിച്ചിരിയ്ക്കുന്നു. ഗൗണ്ഡന്റെ രുഷ്ടാട്ടഹാസങ്ങൾ ആ വനസാമ്രാജ്യത്തിലെ സൃഗാലാദി പ്രജാസമുച്ചയത്തെ വിലാന്തരാളങ്ങളിൽ ഭയാക്രാന്തവാസം ചെയ്യിക്കുന്നു. ആ മേഘധ്വനികൾ ആകാശമൂർദ്ധാവിലും സംഘട്ടനം ചെയ്യുമ്പോൾ, ഹിരണ്യയുഗ്മത്തിൽ കനിഷ്ഠനിശാചരേന്ദ്രന്റെ ത്രുക്ഷക്രിയകൾ കണ്ടിട്ടുള്ള താരാവലികൾ രണ്ടാമതും ഒരു നരസിംഹാവതാരം ഉണ്ടാകുമെന്ന് ചിന്തിച്ചു ഭയകമ്പിതർ ആകുന്നു. തന്റെ നിയന്ത്രണാനുസാരം കൃത്യമായി ഹാജരാകാത്ത ഒരംഗത്തെ ഗൗണ്ഡശൗണ്ഡൻ അസഭ്യവർഷംകൊണ്ട് സംഭാവനചെയ്യുകയായിരുന്നു.

സഭാപ്രവർത്തനങ്ങൾ ശത്രുനേത്രങ്ങൾക്കു ഗോചരമാകാതെ ഇരിപ്പാൻ വ്യാപാരകേന്ദ്രത്തെ ശൂലധാരികൾ വലയംചെയ്തു രക്ഷിക്കുന്നു. അജിതസിംഹന്റെ വാൾക്കാരും പെരിഞ്ചക്കോടന്റെ അനുചരന്മാരും ഈ കാവല്ക്കാരോടു ചേർന്ന് പ്രശാന്തസേവനം അനുവർത്തിക്കുന്നു. രണ്ട് ദ്വാസ്ഥപ്രതിമകൾ മാത്രം ആജ്ഞാപ്രതീക്ഷകന്മാർ ആയി മന്ത്രശാലയുടെ പുരോഭാഗത്ത് സൈനികനിയമാനുഷ്ഠകരായി നിലകൊള്ളുന്നു. മുസൽമാൻ ചെരിപ്പുകളും കറുത്ത കാലുറകളും ചുവന്ന ചകലാസുകൊണ്ടുള്ള നെടുങ്കുപ്പായങ്ങളും പട്ടുകച്ചകൾ കൊണ്ടുള്ള നടുക്കെട്ടുകളും ചുവന്ന നെറ്റിക്കുറികളും നീലാംബരംകൊണ്ടുള്ള ഉഷ്ണീഷങ്ങളും

ധരിക്കുന്ന ഈ ഭടന്മാരിൽ ഒരാൾ മഹിഷരാക്ഷസന്റെയും ഇതരൻ മഹിഷമർദ്ദിനിയുടെയും സാന്നിദ്ധ്യത്തെ ദ്യോതിപ്പിക്കുന്നു. ഈ സങ്കലനത്തിന്റെ രഹസ്യം അല്പം മുൻകാലം വരെ പ്രചാരത്തിൽ ഇരുന്ന തിരുവിതാംകൂറിലെ ത്രൃച്ചക്രത്തരികൾക്കും ഗൗണ്ഡൻമുഖേന പ്രസ്രവിതമാകുന്ന ടിപ്പുവിന്റെ മോഹർ, വരാഹൻ, തങ്കക്കാശ്ശ് എന്നീ സ്വർണ്ണനാണയങ്ങൾക്കു തുല്യം വശ്യശക്തി ഉണ്ടായിരുന്നതുതന്നെയാണ്. ടിപ്പുസുൽത്താൻ രാമരാജബഹദൂർ തിരുമനസ്സിലെ മന്ത്രിയായ കേശവപിള്ളയിൽ സമാനപ്രഭാവനായ ഒരു ശത്രുവിനെ നിരീക്ഷിച്ചത് കേവലം വിഭ്രമംകൊണ്ടല്ലായിരുന്നു എന്ന് സന്ദർഭോചിതമായ ഈ സുദർശനപ്രയോഗവും തെളിയിച്ചേക്കാം. അന്തരകാലത്തെ 'വെള്ളാനപ്രൗഢൻ' ആയ റസിഡണ്ട്, ദിവാൻ, വലിയദിവാൻജി ആയ കേശവപിള്ള ധനവിനിമയത്തിൽ വിദഗ്ധസചിവൻ അല്ലായിരുന്നു എന്ന് അഭിപ്രായപ്പെട്ടത് എന്തു അല്പബുദ്ധിത്വംകൊണ്ടാണെന്ന് ഇക്കാലത്തെ ഘോരസമരപ്രവർത്തകന്മാർ അനുഷ്ഠിക്കേണ്ടിവന്നിരിയ്ക്കുന്ന ധനവർഷചാതുര്യങ്ങൾ തെളിയിക്കുന്നതാണ്.

അജിതസിംഹന്റെ ശ്രമത്താൽ ബന്ധനത്തിൽനിന്ന് മോചിക്കപ്പെട്ട കണ്ഠീരവരായർ മല്ലരംഗത്തിൽവച്ച് നാം കണ്ടതിലും പുഷ്ടതരഗാത്രനായി, ത്രുക്ഷതരനേത്രനായി സ്ഥലജലഭേദങ്ങളെ സംഹരിപ്പാൻ സന്നദ്ധനായി, ധൃതഖഡ്ഗനായിത്തന്നെ സ്ഥിതി ചെയ്യുന്നു. സംഗ്രാമഛന്ദസ്സുകളിൽ ദ്രോണത്വം അവകാശപ്പെടുന്ന ഈ ആഗ്നേയനേത്രൻ ഗൗണ്ഡന്റെ ഗ്രാമ്യഭാഷാധോരണി കേട്ട് ആ പങ്കപ്രവാഹത്തിന്റെ 'ഹരിദ്വാരം' എവിടെ എന്ന് ആശ്ചര്യപ്പെട്ട് മേല്പോട്ടു നോക്കിപ്പോകുന്നു. ഗൗണ്ഡന്റെ പുഷ്പാഞ്ജലി യഥാക്രമം നിർവിഘ്നമായി നടക്കുന്നതിനിടയിൽ, അതിനാൽ സമാരാദ്ധ്യൻ ആകുന്ന വിഗ്രഹം രാജസവസ്ത്രങ്ങൾ ധരിച്ചുള്ള രസികരത്നം ആയി കൂടാരത്തിനകത്തോട്ടു പ്രവിഷ്ടൻ ആയി. ആ ത്രുപസൗഭാഗ്യത്തിന്റെ ദർശനത്തിൽ അർപ്പിതമായ പാരിജാതങ്ങൾ പ്രത്യക്ഷനായ ദേവന്റെ അരയിൽത്തിരുകിയിരുന്ന കഠാരയെ ഹസ്തസഹിതം സ്വർഗ്ഗോന്മുഖം ആയിത്തന്നെ ആരോഹിപ്പിച്ചു. ഈ പാരുഷ്യപ്രകടനം കണ്ട് ഗൗണ്ഡനായ തന്ത്രവൃദ്ധൻ ഉപധാനങ്ങളിന്മേൽ മലർന്നുവീണു കാലറഞ്ഞും വട്ടമീശകൊണ്ട് ആകാശത്തെ ദ്രുതതരവീജനം ചെയ്തും 'ഹ'കാരധ്വനിയെ പല ശ്രുതികളിലുള്ള ആരോഹനിപാതങ്ങളോടെ മുഴക്കി. കാലവിളംബാപരാധത്തിന് അപഹാസാപമാനത്താൽ ശിക്ഷിതൻ ആയ അജിതസിംഹൻ കഠാരയ്ക്ക് അതിന്റെ പൂർവ്വസ്ഥാനം നല്കിയിട്ട് ആ യോഗനടപടികൾക്ക് കേവലം ഒരു സാക്ഷി എന്നുള്ള നാട്യത്തിൽ ഒരു പീഠത്തെ അവലംബിച്ചുകൊണ്ട് നാസാന്തം ചൊറിഞ്ഞുതുടങ്ങി. ഗൗണ്ഡൻ ഹിന്ദുസ്ഥാനി മുതലായ ഭാഷകളെക്കൊണ്ട് ഒരു നപുംസകഭാഷ സൃഷ്ടിച്ച് ഈ അർത്ഥത്തിൽ തന്റെ അഭിപ്രായം തുറന്നുപറഞ്ഞു:

"അയിരേ! ഹ്; ഹ്; ഹ്! ടിപ്പുസുൽത്താൻ മഹാറാജ്, ആകാശവ്യാപിയായി ഒരുത്തനുണ്ടെങ്കിൽ അദ്ദേഹത്താൽ അനുഗ്രഹീതനായ സർവ്വശക്തൻ, അവിടത്തെ പ്രസാദലബ്ധികൊണ്ട് നാം അധികൃതൻ. ആ സുൽത്താൻ ബഹദൂരുടെ ദിഗ്ജയശ്രമത്തിൽ നാം വീരഭദ്രൻ. ആ ഭാസ്വൽപാദങ്ങളെ മയൂരാസനത്തിൽ ആരോഹിപ്പിക്കുവാൻ നാം യജ്ഞപാശം ബന്ധിച്ച് പുറപ്പെട്ടിരിക്കുന്നു. മന്ത്രത്താലും തന്ത്രത്താലും കാര്യസാദ്ധ്യത്തിന് നാം

സാഹസപ്പെടുമ്പോൾ, ഏതു കുലഭ്രഷ്ടൻ -" ഗൗണ്ഡൻ ശ്വാസംമുട്ടിയ നാട്യത്താൽ കോപഭാഷണം നിറുത്തി. അദ്ദേഹത്തിന്റെ ഭാഗ്യത്താൽ സദസ്യർ സാന്ത്വനവാക്കുകൾ പ്രയോഗിച്ച് ആ കോപസമുദ്രക്ഷോഭത്തെ പ്രശാന്തസ്ഥിതിയിൽ ആക്കി. ഗൗണ്ഡൻ കോപഗർജ്ജിതത്തെ കൈവിട്ടു എങ്കിലും തന്റെ നായകത്വത്തെ സ്ഥാപിപ്പാൻ അജിതസിംഹനെ നോക്കി മുമ്പിൽ പ്രയോഗിച്ച ഭാഷയിൽത്തന്നെ ഇങ്ങനെ ഒരു ചോദ്യം തുടങ്ങി: "ഹേ! ടിപ്പുമഹാറാജ്! തന്റെ ഹൃദയം ആകുന്ന അമൃതഘടത്തെ ഭദ്രരക്ഷയ്ക്കായി നിക്ഷേപിച്ചിരിക്കുന്ന സുവർണ്ണാഗാരമേ! ഖാൻ ബഹദൂർ കമ്മറുഡീൻസാ നയിക്കുന്ന സേനയുടെ ബലം എന്തെന്ന് ഈ സദസ്യരെ ധരിപ്പിച്ച് അവരെ അനന്തരകൃത്യങ്ങൾക്ക് വീരന്മാരാക്കുക."

ബബ്ലേശ്വരകുലോത്തുംഗൻ ഈ ചോദ്യത്തിന് ഉത്തരം പറവാൻ വേണ്ട വിവരങ്ങൾ ഗ്രഹിച്ചിരുന്നിട്ടില്ലാത്തതുകൊണ്ടോ, പറയുന്നത് അപനയം ആകും എന്നു വിചാരിച്ചോ കണ്ഠം അടഞ്ഞു പാർഷ്ണികൾകൊണ്ടു പീഠക്കാലുകളിന്മേൽ ചില താളങ്ങൾ മേളിച്ചു.

ഗൗണ്ഡൻ: "രാജാധിരാജ്, മഹാറാജ്, ഷംഷേർ ഉൾമുൾക്ക് തിരുമനസ്സിലെ രഹസ്യങ്ങൾ അങ്ങനെ ഇരിക്കട്ടെ. രാമരാജബഹദൂരുടെ സേനാസന്നാഹം തന്റെ വ്യാപാരത്തിനിടയിൽ ഗ്രഹിച്ചിട്ടുണ്ടല്ലോ. അതു നമ്മെ ധരിപ്പിക്കുക."

ബബ്ലേശ്വരൻ ലജ്ജിച്ചു നന്തിയത്തുമഠത്തിൽനിന്ന് ആ രാത്രിയിൽ പുറപ്പെട്ടതു് ഇടതുകാൽ മുമ്പിൽവച്ചാണെന്നു വ്യസനിച്ചു തലചൊറിഞ്ഞു. ഗൗണ്ഡൻ വഞ്ചിരാജസേനയുടെ അനുചരസംഖ്യ ഉൾപ്പെടെയുള്ള വിവരങ്ങൾ സൂക്ഷ്മം ആയി സഭാസമക്ഷം ധരിപ്പിച്ച് അതു് ടിപ്പുവിന്റെ സൈന്യത്തെ അപേക്ഷിച്ച് ഏറ്റവും നിസ്സാരം ആണെന്ന് സ്ഥാപിക്കുവാൻ അദ്ദേഹത്തിന്റെ അതിദീർഘമായുള്ള വക്ത്രചന്ദ്രക്കലയെ വിടുർത്തി ഫൂൽക്കാരവും ചെയ്തു. പെരിഞ്ചക്കോടൻ തന്റെ കാട്ടാളശിരസ്സിനെ ചുഴറ്റി മാണിക്യഗൗണ്ഡന്റെ ചാരചാതുര്യത്തെ അഭിനന്ദിച്ചു. തന്നെക്കാൾ വിദഗ്ധാചാര്യനായുള്ള സഹകാരിയുടെ കർപ്പൂരാരാധനത്തിൽ ഗൗണ്ഡൻ പ്രസാദിച്ചു, മന്ത്രിനിധനം ആകുന്ന സമുദ്രലംഘനക്രിയ സദസ്യരിൽ 'വയ്യാകരണ'പടുവും യുവപ്രായനും ആയുള്ള അജിതസിംഹൻ സാധിച്ച് ടിപ്പുമഹാരാജാവിന്റെ ഗ്രന്ഥേംഗിതത്തെ പര്യാപ്തമാക്കണമെന്ന് വിധിച്ചു. മന്ത്രിമന്ദിരപ്രാന്തങ്ങൾ ഭടജനങ്ങളാൽ സമഗ്രമായ ശുഷ്കാന്തിയോടെ സൂക്ഷിക്കപ്പെടുന്നതിനാൽ ആ കൃത്യം ആ സന്ദർഭത്തിൽ ദുഷ്കരം എന്ന് അജിതസിംഹൻ വാദിച്ചു. എന്നാൽ ദിവാൻജി പറവൂർക്ക് യാത്രചെയ്യുന്നതിനിടയിൽ ധനശേഖരത്തിനായി ആലപ്പുഴനഗരത്തിൽ ഒന്നുരണ്ടു ദിവസം താമസിക്കും എന്നും ആ താമസം സേനാരക്ഷയിൽനിന്നു പിരിഞ്ഞിട്ടാണെന്നും ആ സന്ദർഭത്തിൽ നിഗ്രഹകർമ്മം സുകരം ആണെന്നും ഗൗണ്ഡൻ അഭിപ്രായപ്പെട്ടു. വരണക്കാപ്പ് ചാർത്തിയിരിക്കുന്ന അജിതസിംഹനെത്തന്നെ ഈ കർമ്മത്തിനു പിടികൂടിയതു് ഉണ്ണിത്താന് അപമാനകരമായി പരിണമിച്ചേക്കാവുന്നതായ വിവാഹത്തെ വിഘ്നപ്പെടുത്തുവാൻ ആയിരുന്നു. എന്നാൽ ആ പരിണയകർമ്മം നിർവ്വഹിച്ചുകാണുന്നതിന് ബദ്ധശ്രദ്ധനായിരുന്ന പെരിഞ്ചക്കോടൻ ഗൗണ്ഡകൃഷ്ണന്റെ നിയോഗം കേട്ട് ബലഭദ്രരക്ഷതയോടെ

നിരോധവാദം തുടങ്ങി. ആന്തരമായ ദാക്ഷിണ്യത്താൽ ഭരിതനായിരുന്ന ഗൗണ്ഡൻ പെരിഞ്ചക്കോടനോട്ട് വാദത്തിൽ ഇടഞ്ഞ് ഉണ്ണിത്താനെ രാമവർമ്മമഹാരാജാവിന്റെ ശത്രു ആക്കാൻ പരീക്ഷിച്ചത് ഫലപ്പെടാത്തതിനാൽ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരമുള്ള വിവാഹത്തിൽനിന്ന് ഒഴിയുന്നതിന് അജിതസിംഹൻ ഉപായങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഗൗണ്ഡന്റെ ആജ്ഞയെ നിർവഹിക്കാൻ ഏറ്റുകൊണ്ടാൽ വിവാഹശൃഖല ഏൾക്കേണ്ട ആപത്തിൽനിന്ന് ഒഴിയാം എന്നും, ദിവാൻജിയെ നിഗ്രഹിക്കുന്നത് സൗകര്യംപോലെ ആക്കി, സാധിക്കാഞ്ഞാൽ സമാധാനങ്ങൾ പറഞ്ഞ് നിന്നുകൊള്ളാം എന്നും കരുതി അജിതസിംഹൻ ഉടൻതന്നെ ആലപ്പുഴയ്ക്കു പുറപ്പെട്ടു സംഘനായകന്റെ ആജ്ഞയെ നിർവഹിക്കാം എന്നു പ്രതിജ്ഞചെയ്തു.

പെരിഞ്ചക്കോടൻ: (ശാർദ്ദൂലത്രുക്ഷതയോടെ അജിതസിംഹന്റെ നേർക്കു തിരിഞ്ഞു) "ഹപ്പൊഴെ തിരുമേനീ! ആ ഉണ്ണിത്താന്റെ അടുത്തേറ്റത് ഏതു തന്തയ്ക്ക് പെറന്നവൻ? ഹിപ്പച്ചൊല്ലണത് ഏതവന്റെ തന്തക്കൊണംകൊണ്ടവൻ? ആമ്പുറന്നോരെ തത്ത്വം അങ്ങൊള്ള തമ്പുരാന്മാർക്കു വേണ്ടെന്നോ?"

അജിതസിംഹൻ: "നിങ്ങളാണല്ലോ ആ പെരിഞ്ചക്കോടനെന്ന് കേട്ടിട്ടുള്ളത്? തെക്കല്ലേ ജനനം? അതുകൊണ്ട് വാക്കിനു വൈഭവം കുറയും. കേട്ടോ ആ വിവാഹസൊള്ളയ്ക്ക് അങ്ങെങ്ങാണ്ട് ഒരു കുടകത്തിൽ പോവാനും മറ്റും നമുക്കു കയിയില്ല."

പെരിഞ്ചക്കോടൻ: "കൈയും കാലും ഇല്ലാഞ്ഞിട്ടാണോ ളണപോലെ നിക്കിണത്?"

ഗൗണ്ഡനും അജിതസിംഹനും ഏകമനസ്കരായി പൊട്ടിച്ചിരിച്ചുവെങ്കിലും ആ വൃദ്ധനായ സഭാദ്ധ്യക്ഷൻ മാദ്ധ്യസ്ഥ്യം വഹിച്ചു. "ബസ്സ് ബസ്സ് പെരിഞ്ചക്കോടൻ! പേച്ചിലും കൊടുക്കിറതിലും അപ്പിടിയെ മിദം, മിദം ആകപൊറോത്തിക്കവേണ്ടിയത്. കടന്നു പോകക്കൂടാത്."

പെരിഞ്ചക്കോടൻ: "എന്റെ മൊതലാളീ! ഏച്ചും പേച്ചും കെട്ട പേച്ച് നമ്മക്കു കൊള്ളല്ല. ഈ രായർസ്സാമി ഇരിക്കുണല്ലോ. അയാളു പോയി കഴുത്തറുക്കട്ടെ. തമ്പുരാൻ ചെന്ന്, കൊടുത്ത വാക്കു നിറവേറ്റിപ്പെണ്ണെ കൊള്ളട്ടെന്ന്."

പ്രസ്തുത വിവാഹം അനുവദിക്കാനുള്ള വൈമനസ്യത്താൽ ഗൗണ്ഡൻ തല ആട്ടിക്കളഞ്ഞു. "എന്നയ്യാ! പെരിഞ്ചക്കോടനയ്യാ! നാലുക്കു മൂന്നു പതിമ്മൂണാക്കക്കൂടാത്. ആനാലും - എന്ന രായർജി താംഗൾ മനം എപ്പടി? ചൊല്ലുംഗൾ."

മറ്റു മൂന്നു സദസ്യരെയും ഓരോ ഗൂഢാഭിലാഷങ്ങൾ ഭരിച്ചിരുന്നതുപോലെ രായരും സ്വാർത്ഥദീക്ഷകൻ ആയി വർത്തിയ്ക്കുകയായിരുന്നു. തനിക്ക് നേരിട്ടു പോയ അപമാനത്തെ പരിഹരിക്കാൻ അയാളും ബകധർമ്മം അനുസരിച്ച് അവസരം നോക്കിക്കൊണ്ടിരിക്കുകയാണ്. ദിവാൻജിയും ത്രിവിക്രമകുമാരനും സേനാഭാഗങ്ങളും തിരുവനന്തപുരത്തു

നിന്ന് ഒഴിയുമ്പോൾ തക്കംനോക്കി മഹാരാജാവിനെ നിഗ്രഹിച്ചിട്ട് ടിപ്പുവിന്റെ അഭിനന്ദനം സമ്പാദിക്കണമെന്ന് അയാൾ ആന്തരമായി നിശ്ചയിച്ചിരുന്നു. ഈ ഇംഗിതത്തിന് വിഘ്നംവരുത്തുന്നതായ ഒരു പ്രശ്നത്തിന്റെ ഉച്ചാരണത്തിൽ രായർ ധനുർവ്വേദാചാര്യനായി ചില പ്രമാണങ്ങളെ പ്രയോഗിപ്പാൻതന്നെ സന്നദ്ധനായി. അന്നത്തെ യോഗത്തിൽ ആലോചിക്കപ്പെടുന്ന നിധനം സമരാംഗമായ ഒരു കൃത്യമാണ്. അങ്ങനെയുള്ള ഒരു ക്രിയയ്ക്ക് ദത്തപ്രതിജ്ഞനാകുന്ന ക്ഷത്രിയന്റെ ഉദ്യമത്തെ നിരോധിക്കുന്നത് ശാസ്ത്രവിരുദ്ധം. ഈ തത്വസൂക്തികൾ ആദരണീയങ്ങളാണെന്ന് കാണിക്കുവാൻ രായർ തന്റെയും അജിതസിംഹന്റെയും ഉപവീതങ്ങളെ ചൂണ്ടിക്കാട്ടി. ഗൗണ്ഡൻ തന്റെ കുപ്പായക്കെട്ടുകൾ അഴിച്ച് ഒരു കൃഷ്ണവർണ്ണവലയത്തെ പുറത്തു നീട്ടി ആ പാശഖണ്ഡങ്ങളെ ഭസ്മീകരിപ്പാനും സദസ്യർ ടിപ്പുസുൽത്താൻ ബഹദൂരുടെ വിജയം മാത്രം മുൻനിറുത്തി അഭിപ്രയം പറവാനും ഗുണദോഷിച്ചു. അജിതസിംഹൻ ആലപ്പുഴയ്ക്കുതന്നെ യാത്രയാവാൻ എഴുന്നേറ്റു. ആ ക്രിയയെ അഭിനന്ദിച്ചു സഭയുടെ കാര്യപരിപാടി അവസാനിച്ചു എന്നുള്ള നാട്യത്തിൽ രായരും എഴുന്നേറ്റു. പെരിഞ്ചക്കോടൻ തന്റെ ഹലായുധം തന്നെ പ്രയോഗിപ്പൻ സന്നദ്ധനായി.

"കേട്ടോ മുതലാളീ! ഈ ചലുപ്പക്കച്ചോടത്തിലൊന്നും പെരിഞ്ചക്കോടൻ കൂട്ടല്ല. ഒരു കാര്യമെടുത്താൽ അന്തംവരെ കൊണ്ടെറക്കാത്തവൻ തന്തയ്ക്ക് പിറന്നവനോ? ഉണ്ണിത്താനങ്ങേര് ആര്? കളിപ്പിള്ളയോ? നാലു ശക്രം എടുപ്പാൻ വേണ്ട കരുവൊണ്ട്; ശാസ്ത്രിമാരും കൊടപിടിക്കണ ആശാനുമാണ്. കൈവഴിച്ചമണ്ണോ അദ്യം? മൊതലാളി പറ്റത്തിമൂപ്പൻ, നാലു കാര്യം അറിഞ്ഞവൻ പറയണം ഞായം."

ഉണ്ണിത്താനെ പ്രശംസിച്ചത് ഗൗണ്ഡനിൽ ഒരു സന്തോഷവായ്പ് ഉണ്ടാക്കിയെങ്കിലും ടിപ്പുവിൽനിന്നു നേരിട്ട് ആജ്ഞകൾ കിട്ടിയിട്ടുള്ള രായരെയും അജിതസിഹനെയും അനാദരിച്ച് തന്നാൽ സമ്പാദിക്കപ്പെട്ട ഒരു ബന്ധുവിന്റെ പക്ഷത്തിൽ ചേരുന്ന കാര്യത്തിൽ ചഞ്ചലമനസ്കനായി ജംഘലകൾ തടവിക്കൊണ്ട് അദ്ദേഹം ചാഞ്ചാടിത്തുടങ്ങി. പെരിഞ്ചക്കോടന്റെ സ്വാധീനം പ്രയോഗിച്ച് പറപാണ്ടയുടെ തസ്കരസംഘത്തെക്കൊണ്ട് രാമരാജസേനയിൽ ഒട്ടൊരു ഭാഗമെങ്കിലും ഒടുക്കിക്കാം എന്ന് ഗൗണ്ഡൻ ടിപ്പുവിനെ ധരിപ്പിച്ചുമിരുന്നു. അത് തെറ്റിപ്പോകുമെന്ന് കണ്ടപ്പോൾ, സർവ്വദാ സുസ്ഥിരപ്രഗല്ഭനായിരുന്ന ഗൗണ്ഡൻ അനുകരണീയം എന്തെന്ന് ജംഘാശുശ്രൂഷണം നിറുത്തിയിട്ട് വിഷമമോചനത്തിനുള്ള ദർശനം കിട്ടാൻ ശിരോദർപ്പണത്തെ ഹസ്തത്താൽ തലോടി പ്രകാശമാനം ആക്കി. അജിതസിംഹൻ വിജയി എന്നുള്ള നാട്യത്തിൽ ദ്വാരപ്രദേശം നോക്കി നടകൊണ്ടു. പ്രാകാരതുല്യമായ പെരിഞ്ചക്കോടന്റെ ശരീരം ആ യാത്രയെ പ്രതിരോധിച്ചു. "തമ്പുരാനായാലെന്ത്? തലയാരിയായാലെന്ത്? ഢീപ്പുവാര്? ഢീഭ്രാക്കാര്? ഛേ! ഫോവാൻ ഫറ. ഹിതാ കിടക്കുന്നു നിങ്ങടെ കുന്തം!" എന്ന് അട്ടഹാസം ചെയ്തുകൊണ്ട് അജിതസിംഹനെ മുന്നിട്ട് യാത്രയാവാൻ പെരിഞ്ചക്കോടൻ തിരിഞ്ഞു. ഗൗണ്ഡൻ എഴുന്നേറ്റ് തന്റെ ഹസ്തതലം കൊണ്ട് പെരിഞ്ചക്കോടന്റെ മുതുകിന്മേൽ തലോടിത്തടഞ്ഞപ്പോൾ, ആ രണ്ടു സത്വങ്ങളും ചരിയ്ക്കുന്ന പരോക്ഷമണ്ഡലത്തിന്റെ സയ്യോജ്യതകൊണ്ടായിരിയ്ക്കാം ഒരു സ്വാർത്തനിഷ്ഠന്റെ നിരോധത്തിന് തുല്യനോ അതീതനിഷ്ഠനോ ആയുള്ള ഇതരൻ അടങ്ങി. ഇങ്ങനെ ഒരു പ്രമാണവാദം തുടങ്ങി.

"കേട്ടോ, മൊതലാളീ! ഇച്ചതിവുകളും പൊല്ലാപ്പിനു വഴിയാണ്. ആരു വെല്ലണോ, തൊലഞ്ഞ് പുല്ലുകത്തുണോ, എല്ലാത്തിനും കയ്യൊഴിവു നോക്കി പൊരുത്തം കണ്ട് അടിയിട്ടാൽ കാര്യങ്ങളും ഒരൊഴുക്കിനു പോവും. അങ്ങ് കാഞ്ചീപുരത്തും കാശിയിലും പോവണ്ടാ. നമ്മുടെ നല്ല കാലംകൊണ്ട് ആ വഞ്ചിയൂർക്കാട്ടിലും പേരു പറയണില്ല, അവൻ വന്നിരിക്കുന്നു. ചെല്ലിൻ. ആരാര് എന്തരെന്തരു ചെയ്യണമെന്നും ചെയ്യേണ്ടെന്നും ആദിമുതൽ അന്തംവരെ അവൻ ദൂക്ഷമൊപ്പിച്ചു ചൊല്ലട്ടും. പിന്നെ നിങ്ങടെ മനംപോലെ ചെയ്‌വിൻ. പെരിഞ്ചക്കോടന്റെ മൊതലും ആളും മൊതലാളീടെ ചൊല്ലിൻകീഴ്."

ജന്മനാ ഈശ്വരദ്രോഹിയും ചാർവ്വാകനും അയ ഗൗണ്ഡൻ ആർക്കും തന്നെ ഉള്ളം വിട്ടുകൊടുത്തിട്ടില്ലാത്ത ഒരു അർത്ഥസിദ്ധിയെള്ളടി കാംക്ഷിച്ച് പാർക്കുന്നവനായിരുന്നു. ആ ദുർമ്മോഹം സംബന്ധിച്ചുള്ള ആന്ധ്യത്തിൽ പെരിഞ്ചക്കോടന്റെ ഉപദേശപ്രകാരം ഉള്ള ഭാഗ്യപരീക്ഷ ചെയ്‌വാൻ അല്പനേരത്തെ വാദം കഴിഞ്ഞ് ഗൗണ്ഡൻ സമ്മതിച്ചു. പറപാണ്ടയുടെ 'പടിപ്പുര'പ്രശ്നത്തിനു പുറപ്പെടുന്നതിൽ പെരിഞ്ചക്കോടന്റെ അനുഗമനം കൂടി അദ്ദേഹം ആവശ്യപ്പെട്ടു. താൻ ഒരു പാവനകാളിയുടെ ചില്ലറ ഉപാസകൻ ആകയാൽ, തന്റെ മുമ്പിൽ വച്ചു പാണ്ട സേവിയ്ക്കുന്ന ക്ഷുദ്രകാളി വിളിപാടുകൊള്ളുകയില്ലെന്ന് പറഞ്ഞ് പെരിഞ്ചക്കോടൻ ഒഴിഞ്ഞു. അങ്ങോട്ട് പോകേണ്ട വഴികൾ എല്ലാം വിശദമായി ധരിപ്പിച്ചിട്ട് അയാൾ ആ സംഘത്തിൽനിന്നു പിരിയുകയും ചെയ്തു. ആ സഭാമന്ദിരത്തെ കാത്തുനിന്നിരുന്ന ദ്വാസ്ഥന്മാരിൽ ഒരാളും വിദ്യുച്ഛിഖപോലെ അപ്രത്യക്ഷനായി.

നാഴിക ആറേഴ കഴിഞ്ഞ് കൊടന്തയാശാന് ദക്ഷിണ കിട്ടിയ വനരംഗത്തിന്റെ അന്തഃപ്രദേശം കരിംകുരങ്ങന്മാരുടെ ഋശ്യമൂകം ആയി കാണപ്പെടുന്നു. മദ്യസേവയാൽ എന്നപോലെ ജടയും മുടിയും വിരിച്ച് ചിലർ മാറത്തടിച്ച്, തരുക്കളെ പരിരംഭണം ചെയ്ത് ചാഞ്ചാടുന്നു. അർജ്ജുനന്റെ തപോഭംഗം ചെയ്‌വാൻ കിരാതനെ അനുഗമിച്ച 'വീരഭദ്രൻ, അതിഭദ്രൻ, ഉദഗ്രൻ, ഭൈരവൻ, മാണീരവാൻ, മണികണ്ഠൻ' എന്നു തുടങ്ങിയ ഭൂതവൃന്ദത്തോട് തുല്യന്മാരായ ചില ശ്വാനനരന്മാരും അവിടവിടെ വട്ടമിട്ട് ആയുധങ്ങളും ഏന്തി, നിശ്ശബ്ദച്ചുവടുകൾവച്ച് നൃത്തങ്ങൾ തുള്ളുന്നു. ഹോമകുണ്ഡങ്ങൾ കൂട്ടി ചിലർ മൂഷികൻ, മരപ്പട്ടി എന്നീ ജന്തുക്കളെ പചിക്കെ ഹോമത്തീയുടെ ചുറ്റും ചില ആസുരകീർത്തനങ്ങളോടെ വലംവെയ്ക്കുന്നു. ഗോക്കളുടെ മൃതശരീരങ്ങളെ വട്ടമിട്ട് അനന്തരഭക്തിരസം ചിന്തിച്ച് ചില സംഘക്കാർ, 'അയ്യഹാ!' പ്രണവങ്ങളുടെ ഉദ്ഘോഷത്തോടെ ഋത്വിക്കർമ്മങ്ങൾ ആരംഭിയ്ക്കുന്നു. ഊടുവഴികളെ കാത്തുരക്ഷിച്ച് നിൽക്കുന്ന രക്ഷിജനങ്ങൾ മാത്രം ചെടികളുടെ നിരപ്പിനെയും അതിക്രമിച്ചുള്ള ഉന്നതിയിൽ, പാതാളസർപ്പങ്ങൾ വാലിന്മേൽ നില്ക്കുംപോലെ നിശ്ചലവിഗ്രഹങ്ങൾ ആയി കാണപ്പെടുന്നു. കാമക്രോധലോഭങ്ങളുടെ മൂർത്തികളായ അജിതസിംഹൻ കണ്ഠീരവൻ, ഗൗണ്ഡൻ – ഇവർ ആ ദുർഗ്ഗപ്രവേശം ആരംഭിച്ചപ്പോൾ, ആ മൂന്നു വീരകേസരികളെയും കിടുകിടുക്കിയതായ അടയാളവാക്യകഥനത്തിനുള്ള പ്രശ്നങ്ങൾ ഗൗണ്ഡനേയും തോല്പിച്ചുള്ള ഭാഷയിൽ പുറപ്പെട്ടു. അന്നത്തെ രക്ഷാവസ്ഥകൾക്ക് ഗൗണ്ഡനിഘണ്ടുവിൽനിന്നു മുക്തമായ ഒരു സമാസപദം കേട്ട് കാവല്ക്കാർ ആയ കബന്ധസംഘം തൃപ്തിപ്പെട്ടു. പാണ്ടയുടെ വാസകുടീരത്തിൽ പ്രവേശിച്ചപ്പോൾ ആ ധീരകേസരിക

ളും അവിടത്തെ അന്ധകാരത്തിനിടയിൽ നടുങ്ങിയെങ്കിലും പരസ്പരാവസ്ഥയെ ചിന്തിച്ചു മാത്രം സമാശ്വസിതന്മാരായി.

അന്നത്തെ വെളിപാടുകൾ ഉണ്ടായത് വൃദ്ധരൂപസ്ഥയായ ഒരു നാഗകാളിയിൽ നിന്നു തന്നെ ആയിരുന്നു. പാതാളത്തിൽനിന്നുണ്ടാകുന്ന ഒരശരീരിപോലെ പറപണ്ടയായുള്ള വിശ്വസാക്ഷിയുടെ ദർശനങ്ങൾ സന്നിഹിതന്മാർ കേട്ടിട്ടില്ലാത്തതായ "പെരുമത്താൻ കോവിലിലെ – കരുനാട്ടാർലംകത്തിലെ" എന്നു തുടങ്ങിയ ഒരു ഗാനരൂപത്തിൽ പ്രക്ഷിപ്തങ്ങളായപ്പോൾ ഗൗണ്ഡപ്രഭൃതികൾക്ക് കർണ്ണപുടങ്ങൾ വിച്ഛിന്നങ്ങളായി എന്നു തോന്നി. "കൊടിയകോടികൾക്ക് ഉടയവരാന ഗൗണ്ഡനാർ പെരിയ കോടികൾ നേടുവാർ – ഉലകാളും മാവേലിയാർ കാൽപിടിയ്ക്കും കാവലനാർ മണംപുകഴ്ന്തിരിക്കും മങ്കയാൾ കൈപിടിത്തു് അളകശെർശെൽവം താൻ ശേരുവാർ – നാൻകുമറയും കറ്റപൈറ്റനാർ പോത്തിപോരാടി വഞ്ചിപടതനെ മുടിത്തു അരശരശർ വൻപടയെ എപ്പേരുമേ ആളുവാർ–" എന്ന് മൂന്ന് സുവ്യക്ത ഭവിഷ്യത്തുകളും; "വടനാട്ടു വിക്രമരശന്റെ ശെൽവപ്പൊലിമകളും" മൂന്നാം തൃക്കണ്ണാൽ കണ്ട നീലകാളി സ്വദർശനങ്ങളെ ഇങ്ങനെ ഗാനരൂപത്തിൽ വെളിപാടുകൊണ്ടിട്ട് മൂന്ന് അട്ടഹാസങ്ങളോടും ഘനംകൂടിയ ഒരു സാധനത്തിന്റേതുപോലുള്ള നിപാതാരവത്തോടും അതിനെ അവസാനിപ്പിച്ചു. ഗൗണ്ഡൻ വഹിച്ചിരുന്ന സംഭാവനകൾ ആ നിശ്ചേതനഹസ്തങ്ങളിൽ നിന്നു പ്രക്ഷിപ്തങ്ങളായി. അനന്തരം കല്പാന്തസംഹാരത്തിന്റെ പിന്നീടുള്ള ബ്രഹ്മാണ്ഡാനവസ്ഥയുടെ നിശ്ശബ്ദത. സമാഗതന്മാർ സ്തബ്ധജീവന്മാരായി മാന്ത്രികകർമ്മത്താൽ ഉച്ചാടിതരായപോലെ സാക്ഷാൽ സർവ്വകാലനിശാത്വത്തിന്റെ പ്രതിഷ്ഠാസ്ഥാനം ആയുള്ള ഗർഭഗൃഹത്തിൽ നിന്നും നിർഗ്ഗമിച്ചു.

ഗൗണ്ഡപ്രഭൃതികളെ വരവിലും മടക്കത്തിലും പിന്തുടർന്ന ഒരു വനചരവേഷക്കാരൻ ആ ദുർഭൃതവനത്തിലെ സംഭവങ്ങൾക്കെല്ലാം സത്യസ്വരൂപന്റെ ദിവ്യനേത്രങ്ങൾ വഹിക്കേണ്ടതായ കർമ്മത്തെ യഥാധർമ്മം അനുവർത്തിച്ചു.

12

"വല്ലാതിവിടെ മറ്റെല്ലാവരുമൊക്കെ-
ച്ചൊല്ലുന്ന വേലകളെല്ലാമൊരുക്കി നീ
അല്ലലായ് വാഴുവാനില്ലൊരു കാരണം

.....

ചൊല്ലുവാൻ ഞാനിനി നല്ലതു നീ മമ
വല്ലഭയാകണമില്ലൊരു സംശയം"

കാളിപ്രഭാവഭട്ടന്റെ പരിരംഭണത്താൽ സ്വർഗ്ഗാരൂഢനാക്കപ്പെട്ട ഭടന്റെ ജഡം സിരഹസ്തിനസരസ്സിൽ അമർന്നു. ശരീരസ്ഥമായ ദേഹിയിൽനിന്നും പൊങ്ങിയ പ്രതികാരകൃത്യമൂതനോട് കനിഷ്ഠബന്ധമുള്ള ഒരു കായത്തിൽ ആവാസം ആരംഭിച്ച ശിക്ഷാസൂത്രവും ധരിച്ച് ഭട്ടനെ ആവരണം ചെയ്തു. തെലുങ്കുഭാഷ മാത്രം പരിചയമുള്ളതു കൊണ്ട് പ്രതിക്രിയാശ്രമത്തിൽ ക്ഷീണശക്തനായ ഇവനും ഗൗണ്ഡരഹസ്യങ്ങൾ ആരാഞ്ഞുതുടങ്ങിയ കുഞ്ഞെക്കുട്ടിപ്പിള്ളയായ വാചസ്പതിയും തമ്മിൽ ഉണ്ടായ സംഘടന കർമ്മഭാഗ്യാധിപന്മാർ ഉച്ചസ്ഥന്മാരായി ശ്രുഭയോഗം ചെയ്തുനില്ക്കെ അവതീർണ്ണനായ കേശവപിള്ളയെ ഗൗണ്ഡകാളകൂടതയെ സൂക്ഷ്മമാനം ചെയ്‌വാൻ ശക്തനും ആ ശനൈശ്ചരന് പ്രവർത്തനശക്തങ്ങളായി അവശേഷിക്കുന്ന അംഗങ്ങളെ വിച്ഛേദിപ്പാൻ സന്നദ്ധനും ആക്കി.

പറപാണ്ടയുടെ ചാമുണ്ഡിവെളിപാടുകൊണ്ടതിനെ അനാദരിപ്പാൻ പ്രശ്നഫലാഗ്രഹികളായ മൂർത്തിത്രയത്തിലെ ഗൗണ്ഡബ്രഹ്മനും ധൈര്യപ്പെട്ടില്ല. അടുത്ത രാത്രിതന്നെ കണ്ണീരവരായർ ദിവാൻജിയുടെ നിഗ്രഹത്തിനായി ആലപ്പുഴ രാശിയിലേയ്ക്ക് പ്രയാണം ആരംഭിച്ചു. അന്നത്തെ പകൽസമയത്തുതന്നെ കൊട്ടാരക്കരനിന്നും "നിഷധപതേ! പതിനഞ്ചാംതിയതി ഉഷസി കുളിപ്പാനിവിടെ വരേണം" എന്ന താത്പര്യത്തിലുള്ള ഒരു ലേഖനം അജിതസിംഹന് കിട്ടുകയാൽ അദ്ദേഹം അടുത്ത ദിവസത്തെ ഉദയത്തിനുമുമ്പുതന്നെ കൊല്ലത്തിന് കിഴക്കുതെക്കുള്ള 'കുണ്ഡിനം ചേർന്നു' കൊള്ളുവാനായി 'ചതുരംഗ'ഭൃത്യരോടൊന്നിച്ച് എഴുന്നള്ളത്ത് ആരംഭിച്ചു.

അജിതസിംഹന്റെ യാത്രാരംഭത്തിന് അടുത്തുള്ള പകലുകൊണ്ട് മാണിക്യഗൗണ്ഡൻ തന്റെ പാളയത്തെ ഇളക്കി അദ്ദേഹത്തിന്റെ അനുചരസംഘത്തെ വടക്കോട്ടേയ്ക്ക് നീക്കി. അത്താഴഭക്തിയും കഴിഞ്ഞ് ഗൗണ്ഡൻ തന്റെ മഞ്ചൽസ്യന്ദനത്തിൽക്കയറി. അനുചരവേതാളങ്ങൾ മഞ്ചൽത്തണ്ട് തോളേന്തിനിന്നപ്പോൾ തന്റെയും പാണ്ടയുടെയും അനുയായികളോടൊന്നിച്ച് പുറകെ പെരുമ്പടപ്പിൽ എത്തിക്കൊള്ളാമെന്ന് പ്രതിജ്ഞചെയ്തു നിന്ന പെരിഞ്ചക്കോടൻ ടിപ്പുവിനും ഗൗണ്ഡനും സകല വിജയങ്ങളും ആശംസിച്ചുകൊണ്ട് വിടവാങ്ങി.

പെരിഞ്ചക്കോടൻ യാത്രയ്ക്കു മുഖംതിരിച്ചത് പറപാണ്ടയുടെ വഞ്ചിയൂർ സങ്കേതത്തിലോട്ടായിരുന്നു. അന്തസ്സന്തോഷത്താൽ അമ്ലീകരിച്ചു ലഘുവാക്കപ്പെട്ട അദ്ദേഹത്തിന്റെ ശരീരം വായുവിൽ വ്യാപൃതങ്ങളായ പരമാണുക്കളോടു് സമ്മേളിച്ച് കേവലം തരംഗം മാത്രമായതുപോലെ യാത്ര തുടർന്നു. ഗൗണ്ഡനോട് ഇടപെടാതിരുന്നെങ്കിൽ പക്ഷേ, രാജസേവതന്നെ സമ്പാദിക്കാമായിരുന്നുവെന്ന് പശ്ചാത്തപിച്ചും തൽക്കാലലഘിമാത്വത്തെത്തുടർന്നു സർവ്വതോന്മുഖമായ ഈശിത്വം സമ്പാദിപ്പാൻ വഴിനോക്കുന്നതു് ബുദ്ധിയാണെന്ന് കരുതിയും എന്തായാലും സാവിത്രിയെ അജിതസിംഹൻ വേൾക്കുന്നതു് തനിക്ക് അത്യനുകൂലമായ ഒരു സൗകര്യമുണ്ടാക്കുന്നു എന്ന് ആനന്ദിച്ചുന്മേഷിച്ചും പറപാണ്ടയുടെ സങ്കേതത്തിൽ എത്തിയപ്പോൾ മോഹവീര്യങ്ങളുടെ ബൃഹത്കോശമായുള്ള ആ ഹൃദയകട്ടിമം ഒരു കല്പാന്തഭ്രകമ്പത്താൽ എന്നപോലെ തകർന്നു, പാണ്ടക്ഷേത്രം ഭാരതസമരാനന്തരമുള്ള കുരുക്ഷേത്രം ആയിത്തീർന്നിരിക്കുന്നു. കുടിലുകൾ എരിഞ്ഞുള്ള ചാമ്പൽക്കുന്നുകളും വീരസ്വർഗ്ഗം പ്രാപിച്ച യോദ്ധാക്കളുടെ ശവക്കുന്നുകളും കടുനിണം പെരുകിയുള്ള സരസ്സുകളും ക്ഷതാംഗന്മാരുടെ അഭയസ്ഥലമായിത്തീർന്നിട്ടുള്ള കൂപവും ആമിഷാഗ്രഹികളായുള്ള ജംബുകാദി മൃഗങ്ങളുടെ നിർഭയസഞ്ചാരങ്ങളും കണ്ടപ്പോൾ പെരിഞ്ചക്കോടൻ ചതുർദ്ദശലോകങ്ങളെയും അയാളുടെ ഉദരത്തിൽ തത്തിത്തുടങ്ങിയ കല്പാന്താഗ്നിയിലോട്ട് ആവാഹിക്കുമാറുള്ള ഊക്കോടെ ഒന്നു നിശ്വസിച്ചു. ആ മഹാദുഷ്കൃത്യത്തെ കണ്ടിട്ടും രക്ഷാകരങ്ങളെ നീട്ടുവാൻ ദാക്ഷിണ്യം തോന്നാത്ത നക്ഷത്രങ്ങളായ കൃപണസംഘത്തെ ഭസ്മീകരിപ്പാൻ എന്നപോലെ ആകാശവീഥിയിലോട്ട് ദത്തവീക്ഷണൻ ആവുകയും ചെയ്തു.

പിതൃകൃത്യവും സ്വാർത്ഥതയും തമ്മിൽ ദേവാസുരസംബന്ധത്തിൽ ആകുമ്പോൾ അനേകസന്ദർഭങ്ങളിൽ ആസുരകക്ഷിക്ക് വിജയലബ്ധി ഉണ്ടാകുന്നു. കൃത്യം എന്ന 'തില്ല' രാക്ഷസിയുടെ ശിരഃപ്രദേശത്തു സ്വാർത്ഥം ചിദംബരേശനായി നൃത്തംചെയ്യുന്നു. പിതാവും സന്താനങ്ങളും തമ്മിലുണ്ടാകുന്ന പാണ്ഡവകൗരവമത്സരങ്ങളിൽ അമ്മമാർ ശ്രീകൃഷ്ണനെപ്പോലെ നിരായുധസാരഥ്യം വഹിക്കുകയോ അല്ലെങ്കിൽ ബലദേവനെപ്പോലെ തീർത്ഥാടനത്തെ അവലംബിക്കുകയോ ചെയ്യുന്നു. എന്നാൽ നമ്മുടെ ഉണ്ണിത്താൻ ചിദംബരമൂർത്തിത്വം കൈക്കൊണ്ടപ്പോൾ ആ പുരാണകഥാഭിജ്ഞൻ പക്ഷപാതം കൗശലത്തിൽ പ്രകടിപ്പിച്ചുള്ള സാരഥ്യമോ കാശിയാത്രയോ അനുഷ്ഠിപ്പാൻ സ്വപത്നിയെ അനുവദിച്ചില്ല. യുദ്ധരംഗത്തിലേക്കുള്ള യാത്രാസന്നാഹങ്ങൾ കൂട്ടുന്നതിനിടയിൽത്തന്നെ പുത്രീവിവാഹത്തിനുള്ള ദിവസം നിശ്ചയിക്കപ്പെട്ടു് സംഭാരസമാർജ്ജനങ്ങൾക്കും മഞ്ചങ്ങളുടെ

നിർമ്മാണത്തിനും വേണ്ട ദൂതന്മാർ ലേഖനസമേതം കൊട്ടാരക്കരയ്ക്ക് നിയുക്തന്മാരുമായി. യാത്രാരംഭത്തിൽ ഭാര്യാപുത്രികളോടൊന്നിച്ച് പുറപ്പെട്ട ഉണ്ണീത്താൻ ചിലമ്പിനേത്തു പാർത്തു വൈധവ്യം അഭ്യസിപ്പാൻ ഭാര്യയെ നിഷ്കൃപം ഉപേക്ഷിച്ചു. ദേശിംഗനാട്ടുദേശത്തിന്റെ തലസ്ഥാനനഗരത്തിൽനിന്ന് ഏതാനും നാഴിക തെക്ക് ഒരു പയോഷ്ണീതീരത്തിൽ എത്തിയപ്പോൾ പുത്രി കൊടന്തയാശാന്റെ സംരക്ഷണയിൽ ഏൾപ്പിക്കപ്പെട്ടു് മറ്റു പരിവാരങ്ങളോടും ഒന്നിച്ച് കൊട്ടാരക്കരയാകുന്ന തന്റെ വിദർഭമണ്ഡലത്തിലേക്ക് യാത്രയാക്കപ്പെട്ടു.

നന്തിയത്തുഗൃഹത്തിലെ പ്രധാന ഭവനം കിഴക്കുവശത്ത് ഭണ്ഡാരമുറിയും ഗൃഹനായകന്റെയും ഉപനായകന്റെയും അറകളും മദ്ധ്യത്തിൽക്കൂടി ഒരു ഇടനാഴിയും പടിഞ്ഞാറുഭാഗം അരമനയും സംഘടിപ്പിച്ച് ഉത്തരക്കെട്ടിന്റെ കണക്കിരുത്തി ഊക്കേറുന്ന ശ്വാസകോശങ്ങൾ ഉള്ള ഒരു കണക്കൻ പണിചെയ്തതായിരുന്നു. പരിചാരകസംഖ്യയോളം തന്നെ എണ്ണത്തിൽ പെരുതായുള്ള ഉപഗൃഹങ്ങളാൽ പരിസേവ്യമായുള്ള ഈ ഭവനം ഒരു കുന്നിന്റെ കിഴക്കേഭാഗമായുള്ള മുതുകിനെ വെട്ടിത്താഴ്ത്തി സമഭൂമിയാക്കിയിട്ടുള്ള നിരപ്പിൽ സ്ഥാപിക്കപ്പെട്ടതായിരുന്നു. എങ്ങോട്ടു ചുറ്റിനോക്കിയാലും ഉള്ള ഐശ്വര്യചിഹ്നങ്ങൾ അവാച്യം ആയിരുന്നു. തെങ്ങുകൾ എന്ന പച്ചക്കുടകളുടെ നിബിഡത കാണ്മാനില്ലെങ്കിലും ബഹുവിധതരുക്കൾ, രംഭാകദംബങ്ങൾ, ബഹുതരകന്ദവല്ലികൾ ഇവ ചേർന്ന് ആ ലക്ഷ്മീസങ്കേതത്തെ മനോജ്ഞമാക്കാനുള്ള ഹരിതച്ഛവിയെ പരിപുഷ്ടമാക്കുന്നു. ഗൃഹപ്രാകാരത്തിന്റെ മുൻഭാഗത്തായിക്കാണുന്ന പുൽത്തളിമവും അതിന്റെ താഴ്വരയോടു് ചേർന്ന് ബ്രഹ്മദേവനോടു സമാനകാലീനത്വം വഹിക്കുന്നതും പ്രാരബ്ധപുലമ്പലുകളോടെ ഒഴുകുന്നതും ആയ ഒരു ചെറുതോടും അതിന്റെ മുൻഭാഗത്ത് പരിപക്വദശയിലുള്ള ധാന്യാവലികൊണ്ടു് നീരാളം പോലെ പ്രകാശമാനമായിരിക്കുന്ന കേദാരപരമ്പരകളും അതിന്റെ പൂർവ്വഭാഗത്ത് ഉന്നതവും വിസ്താരമുള്ളതും ആയ ചിറയോടു് ചേർന്ന ഒരു താമരത്തടാകവും ഈ ലക്ഷ്മീസങ്കേതത്തിനു ചുറ്റും ചതുരമായിരിക്കുന്ന ഗിരിപോതങ്ങളും ചേർന്നുള്ള മനോഹരത സാമ്രാജ്യാധിപന്മാരുടെ നിധിസമുച്ചയങ്ങളാലും സൃഷ്ടം ആകാവുന്നതല്ല. കിഴക്കേ കുന്നിൻചുവട്ടിലുള്ള പുഷ്കരണി പണ്ടു രാവണനിഗ്രഹാർത്ഥം പുറപ്പെട്ട രാമലക്ഷ്മണന്മാരും സീതാദേവിയും തോയപാനം ചെയ്‌വാനും വിശ്രാന്തരാകാനും അനുകൂലിച്ച അച്ഛസ്ഫടികസംകാശം കലർന്ന തടാകംതന്നെ ആയിരിക്കാം. അതിന്റെ പ്രാന്തപ്രദേശത്തിലുള്ള വൃക്ഷശാഖകളിലെ കളകൂജനാലാപികളായുള്ള ക്രൗഞ്ചാദിമിഥുനങ്ങളുടെ വിഹാരം ആദികവിയുടെ ദിവ്യപാദങ്ങൾ തരണംചെയ്ത തമസാപ്രാന്തത്തെ സ്മരിപ്പിക്കുന്നു. പ്രാകാരനിരയ്ക്കിടയിൽ കാണുന്ന കൊടുമുടികൾ രാമായണകഥയെ കേരളവാണിയിൽ നാട്യപ്രബന്ധം ആക്കിത്തീർത്ത ശ്രീമൽ കേരളവർമ്മരാജശേഖരനാൽ ഭരിക്കപ്പെട്ട മഹനീയക്ഷേത്രത്തിലെ ഐശ്വര്യനിധികളെ കവചംചെയ്യുള്ള ഗോപുരങ്ങളത്രെ. തരുകായങ്ങളിൽ തളയ്ക്കപ്പെട്ടിരിക്കുന്ന പുഷ്ടശരീരികളായ കന്നുകാലികളുടെ മുക്കുറകൾ ദുർജ്ജനസമാഗമത്തെ ദൂരീകരിക്കുന്നതായ നന്ദിയുടെ ഹുങ്കാരധ്വനികൾപോലെ ചതുർമ്മേഖലകളിലും സംഘടിച്ച് പ്രതിധ്വനിക്കുന്നു. ചെറുചെടികൾക്കിടയിൽ മേഞ്ഞു സഞ്ചരിക്കുന്ന അജസഞ്ചയത്തിന്റെ 'ബാ'കാരാലാപങ്ങളും കൊടന്തയാശാൻ മുതലായവരുടെ കനകദാണ്ഡദായകരായ

കുക്കുടസംഘങ്ങൾ മേളിക്കുന്ന കാഹളധ്വനികളും വിശന്നല്ലെങ്കിലും അഹങ്കാരത്താൽ സ്തന്യം കാംക്ഷിച്ച മാതൃസമീപത്തിലേക്കു കുതികൊണ്ടു മണ്ടുന്ന ഗോകിശോരങ്ങളുടെ 'അംബാ'പ്രാർത്ഥനകളും, പാടത്തിലെ കനകചാമരശിഖകൾ കവർന്നുകൊണ്ടു് അംബരത്തിലോട്ടുയർന്നു മറയുന്ന ദ്വിജാളിയുടെ പക്ഷപുട പ്രപാതധ്വനികളും കാട്ടിൻചരിവുകളിൽ പാർക്കുന്ന ചെറുമകുടുംബങ്ങളിലെ ബാലതതികൾ ഉന്മേഷസഹിതം പ്രകടിപ്പിക്കുന്ന അനിയന്ത്രിതബഹളങ്ങളും കർഷകചര്യയുടെ അധിഷ്ഠാനദേവതയായ കമലാംബികയുടെ മനോജ്ഞസാന്നിദ്ധ്യത്തെ ഉദീരണംചെയ്യുന്നു.

കിഴക്കെനന്തിയത്തുഭവനം പൊടിതകൃതി ആകുന്ന സന്ദർഭത്തിലാണ് സാവിത്രിയും സഖിയും സഹചരസംഘങ്ങളും ചേർന്നു വിവാഹാഘോഷത്തിനായി ഗൃഹപ്രവേശംചെയ്തത്. നമ്മുടെ നായികയായ കന്യകയുടെ സമാഗമം കണ്ടപ്പോൾത്തന്നെ അച്ഛന്റെയും പിതാമഹന്റെയും ഭാഗിനീഭാഗിനേയികളായ കെട്ടിലമ്മമാർ ആ വിശേഷസന്ദർഭത്തിലെങ്കിലും പവനദേവനെ പുണർന്നുപോകുന്നതിലുള്ള പാതിവ്രത്യവിലോപത്തെ ഗണിക്കാതെ സല്ക്കാരകൗതുകകളായി ദ്വാരപ്രദേശത്തുതന്നെ സംഘംകൂടി എതിരേല്പകഴിച്ചു. സൽകൃതയായ കന്യക ആകാരത്തിലും തേജസ്സിലും സ്വഭാവത്തിലും അല്പം മുമ്പ് നാം കണ്ട സ്വാതന്ത്ര്യശീലയും വിഹാരപ്രിയയും, പുരുഷസ്വഭാവിനിയും എന്ന വന്യനിലകളിൽനിന്നു ഖരഹൃദയങ്ങളെയും വശീകരിക്കുമാറുള്ള ഒരു സാധ്വീമാധ്വീകതയെ അവലംബിച്ചിരിക്കുന്നു. യാദവവംശശശാങ്കനോടൊന്നിച്ച് രഥാരോഹണം ചെയ്ത വൈദർഭിയുടെ സ്ത്രീധർമ്മത്തെത്തന്നെയും സ്വമാതൃകയായി അനുകരിപ്പാൻ ഈ കന്യക സന്നദ്ധയായിരുന്നില്ല. ഈ മഹാകുലീനയുടെ ഹൃദയകോരകം വാഞ്ഛിക്കുന്നതു് ആരാമവാസവും രാജസങ്ങളായ മഹാഭോഗങ്ങളും അല്ലായിരുന്നു. സ്വാന്തത്തിൽ സ്വബാല്യത്തിലെ ബന്ധുവോട്ട് തോന്നിയ ഗാഢബന്ധം അല്പം ഒന്നു രൂപാന്തരപ്പെട്ടിരിക്കുന്നതു് ഐശ്വര്യമായ ഒരു ബന്ധത്തിലേക്ക് അവളെ ക്ഷണിക്കുന്നു എന്ന് അവൾ അഭിമാനിച്ചു. നവം ആയുള്ള ഒരു കൃത്യഭാരം ചുമലുന്നതിന്റെ ബോധവും അതു് ആരാൽത്തന്നെ പ്രതിരോധിതം ആയാലും ജന്മാന്തരം വരെ അഭംഗുരനിലയിൽ വർത്തിക്കും എന്നുള്ള ഒരു സ്ഥൈര്യവും അവളുടെ ഹൃദയത്തിൽ സുസ്ഥിരപ്രശാന്തത ചേർത്തിരുന്നു. അവളുടെ കാമുകനോടുള്ള വിക്രീഡാരംഗം മുൻപറഞ്ഞതു് പോലെ ആരാമനികുഞ്ജങ്ങളോ ഭവനത്തിലെ ഏകാന്തതളിമങ്ങളോ ആയിരുന്നില്ല. അനന്തവിസ്തൃതിയോടുകൂടിയ വിശ്വരംഗത്തിൽ ആ കാമുകദേഹിയും തന്റെ തുല്യപാവനമായ ദേഹിയും ഭൂതസഞ്ചയപ്രവർത്തനങ്ങളാൽ സംഘടിതമായിരിക്കുമ്പോൾ, ദൂരത എന്നതു കേവലം നിരർത്ഥസ്ഥിതി എന്നു മാത്രമേ അവൾക്കു തോന്നിയുള്ളു. ആഭരണസഞ്ചയങ്ങളെ പെട്ടിയിലും ലംബമാനമായി കിടന്നിരുന്ന സമൃദ്ധകേശത്തെ അതിന്റെ ചില അംശങ്ങൾകൊണ്ടുള്ള വലയങ്ങളിലും ബന്ധിച്ചിരിക്കുന്നതു് താൻ കാമുകവക്ഷസ്സിൽ ലീനയായി അവലംബിസ്ഥിതിയെ ജീവാന്തംവരെ സ്വീകരിച്ചിരിക്കുന്നതിനെ മാത്രം സാക്ഷീകരിക്കുന്നു. തന്റെ ദേഹിയുടെ നാഥനും നിയന്താവും ആയുള്ള ചൈതന്യസത്വം തന്റെ ദക്ഷിണാർദ്ധമായി അശ്രാന്തവാസം അനുഷ്ഠിക്കുന്ന സ്ഥിതിയിൽ ആ സാന്നിദ്ധ്യത്തിന് അനുരൂപം ആയുള്ള വിധത്തിൽ തന്റെ ക്രിയാപദ്ധതികളെ നിയമനം ചെയ്യേണ്ടതാണെന്നുള്ള ബോധത്താൽ അവളുടെ അതിഗംഭീരയായ മാതൃമാതാമഹിയുടെ നിലയെത്തന്നെ

ഈ കന്യാദശയിലും അവൾ അവലംബിച്ചുപോയിരിക്കുന്നു. സ്വസംബന്ധികളുടെ കുശല പ്രശ്നങ്ങൾക്ക് ഏകപദപ്രയോഗങ്ങൾകൊണ്ട് പ്രത്യുപചാരം ചെയ്യുന്നതും ഏകാന്തതയെ ആഗ്രഹിച്ച് ഉന്മേഷസംഘങ്ങളിൽനിന്ന് പിരിഞ്ഞുകളയുന്നതും വിവാഹശ്രമങ്ങളെ കണ്ടു കൊണ്ടാടുവാൻ ക്ഷണിക്കുന്ന മുത്തശ്ശികളെ അവർക്കു വ്യാഖ്യാനിക്കുവാൻ കഴിയാത്ത ഒരു നേത്രനിപാതത്താൽ പായിക്കുന്നതും അച്ഛന്റെ നിയോഗാനുസാരം സംബന്ധികളും കരനാഥന്മാരും എടുത്തുതുടങ്ങിയിരിക്കുന്ന കലാശത്തിന്റെ പരിണാമത്തെ ചിന്തിച്ചുള്ള ലജ്ജാവ്യസനങ്ങൾകൊണ്ടായിരുന്നു. എന്നാൽ ധർമ്മാനുവർത്തകരുടെ പരിത്രാണന ത്തിൽ പരമപടുവായുള്ള ഭഗവാന്റെ കാരുണ്യത്തിലോ രക്ഷാപ്രതിജ്ഞയെ അരുൾചെയ്ത ഭരണപടുവിന്റെ ഏർപ്പാടുകളാലോ ആ ലജ്ജയ്ക്കും വ്യസനത്തിനും സംഗതിവരുകയില്ലെ ന്നും അവൾ ധൈര്യപ്പെട്ടിരുന്നു.

സാവിത്രിയിൽ നാം ചില അവസ്ഥാന്തരങ്ങൾ കാണുന്നു എങ്കിൽ, കൊടന്തയാശാ നിൽ പലതും വഴിയെ പോകുന്നവരെയും ക്ഷണിച്ച് കാട്ടുമാറ് പ്രത്യക്ഷപ്പെടുന്നു. കായ ദൈർഘ്യംതന്നെ ഒട്ടൊന്നു വർദ്ധിച്ച് പൂർവ്വശിഖാവിസ്തൃതിയും പരിമാണവിഷയത്തിൽ ദത്തുകർമ്മത്താലും മറ്റും ആ അഭിവൃദ്ധിയെ പുരോഗമനം ചെയ്യുന്നു. ഉണ്ണിത്താന്റെ സ്ഥാ നപതിസ്ഥാനം യഥാധികാരം പ്രയോഗിപ്പാൻ യുവലോകം നേത്രനിമീലനങ്ങളാൽ ആ സരസനെ 'ചെത്തക്കൊമ്പിൽ' ആരോഹിപ്പിക്കുവാൻ കാപ്പുകെട്ടുന്നു. പരമാർത്ഥത്തിൽ മഹാരാജാവിന്റെ ശത്രുവായുള്ള അജിതസിംഹൻ ഗുരുനാഥന് പിടികൊടുക്കാതെ വഴുതി ക്കളയുമെന്ന് സംശയിച്ചിരുന്ന ആശാൻ വിവാഹസംഭാരങ്ങളുടെ സമ്പൂരണത്തിൽ വസ്ത്ര ദാനപീഠത്തിൽ സംസ്ഥിതിചെയ്യുന്നത് താൻതന്നെ ആകുമെന്നു നിശ്ചയിച്ച് അന്നന്ന് ക്ഷുരകകർമ്മപരമായുള്ള അവഭൃഥസ്നാനങ്ങൾ കഴിക്കുന്നു. എന്നാൽ വിവഹത്തിനുമുമ്പ് ഹൃദയാനുരക്തി ഉണ്ടാകാത്ത ദാമ്പത്യം അസ്വാരസ്യത്തോടെ കഴിയും എന്നുള്ള സ്മരകാ ര്യബോധത്താൽ ആശാന് സാവിത്രിയോട് അല്പനേരത്തെ എങ്കിലും സ്വൈരഭാഷണ ത്തിനു പല വിദ്യകളും എടുത്തു. അവസരം കിട്ടാഴികയാൽ ആ തോന്ന്യാസക്കാരിയെ പഞ്ചാക്ഷരഗ്രഹണം ചെയ്യിക്കുന്നതിനുള്ള അവകാശം വിവാഹദിവസത്തിൽ തനിക്കു സംപ്രാപ്തമാകുമാറ് അജിതസിംഹശിശുപാലന് വല്ല ആപത്തും സംഭവിപ്പിക്കുവാൻ സ്വ ദേശപരദേവതയായുള്ള ഗണേശന് വാർപ്പുവാർപ്പുകണക്കായി അപ്പനിവേദ്യം കഴിക്കാ മെന്ന് നേർച്ചകൾ നേർന്നു. ഈ ഹൃദ്രസനാദാനംകൊണ്ടും ഗണേശൻ പ്രസാദിക്കുന്ന പ്രത്യക്ഷലക്ഷണം ഒന്നും കാണാത്തതിനാൽ ഏവംവിധമായ വിപത്സന്ധികളിൽ ഏവം വിധക്കാരായ കാമുകന്മാർ ദാസീചരണങ്ങളെ ശരണംപ്രാപിക്കുന്ന ഉപായത്തെത്തന്നെ ആശാൻ അനുഷ്ഠിച്ചു. ആ പ്രദേശത്തെ സാധുജനമണ്ഡലത്തിലെ നാഗരികശശാങ്കനായ ആശാൻ പല കാലം സ്വഗൃഹത്തിലെ കുക്കുടകുടുംബങ്ങളുടെ ദാമഗ്രന്ഥിയും ആയിരുന്നു. ബാല്യത്തിലെ മനോധർമ്മലബ്ധികളെത്തുടർന്ന് അയാൾ ഇടതുചിറകു താഴ്ത്തി, കണ്ണും ഇള ക്കി, കാലുകൾകൊണ്ട് ഒരു ത്രിപുടതാളം ചവിട്ടി കുഞ്ഞിപ്പെണ്ണിനെ അല്പം ഒന്ന് ഓടിച്ചു പിടിച്ച് തന്റെ അഭിലാഷത്തെ കൂകി.

കുഞ്ഞി കോപാവേശത്തോടെ തിരിഞ്ഞുനിന്നു ശണ്ഠയ്ക്കു തുടങ്ങിയപ്പോൾ അവളുടെ വക്ഷസ്സിൽ ആ സരസൻ "പങ്കജകോരകം പമ്പരം പന്തു ചെംകങ്കുമാലംകൃതകുംഭികുംഭദ്വയം" സന്ദർശിച്ച് അതുകളെ വർണ്ണിച്ച് ചില ശ്ലോകശകലങ്ങൾ പ്രലപിച്ചു.

കുഞ്ഞിപ്പെണ്ണ്, തന്റെ വെണ്മാടവക്ഷസ്സിൽ ഹസ്തങ്ങളാൽ ഗുണനചിഹ്നത്തെ രചിച്ചുകൊണ്ട് "ഇതെന്തെരായാനെ ഈ ഗണാട്ഠങ്ങള്? വല്യങ്ങത്തേടെ നിമ്പിച്ചെന്നു വായ്പാര കൊരുക്കനം" എന്ന് ഉപദേശിച്ചു.

കൊടന്തആശാൻ: "അയ്യോ! ഓമൽക്കുഞ്ഞീ! ശ്രീരാമൻ സീതയെ പരിഗ്രഹിച്ചില്ലേ? ആ ദേവി അന്നു കാതുകുത്തിയിട്ടില്ലാത്ത കുഞ്ഞായിരുന്നില്ലേ? ഇവനും ഗൃഹസ്ഥാശ്രമിയായിക്കൊള്ളട്ടെ. സപത്നികനായി ആ വാനപ്രസ്ഥം ആരംഭിക്കാൻ അനുമതിക്കു."

കുഞ്ഞിപ്പെണ്ണ്: "ഇതെന്തരായാനേ! പന്നിയും പരണിയുമൊന്നും കുഞ്ഞിയല്ല."

കൊടന്തആശാൻ: "ഈ തടസ്ഥം സാധുവല്ലാ. മരുന്നിനെന്നു പറയുമ്പോൾ തുള്ളിക്കു പണം നാലാക്കരുതേ. കണ്ടില്ലേ പുരകെട്ട്, കോപ്പുവരവ്? ഇതെല്ലാം സഫലമാകണമെങ്കിൽ കുഞ്ഞി കനിയണം. പാർക്കാൻ ചെറിയൊരു വീടുണ്ട്. സഹവസിപ്പാൻ സോദരികളുണ്ട്. നിത്യതയ്ക്കോ കുഞ്ഞമ്മ കനിഞ്ഞാൽ ദിവാന്യേമാൻ പിടിപ്പതു വല്ലതും തരും. എന്റെ ദേവിയല്ലേ? കനിഞ്ഞു രക്ഷിക്കു."

കുഞ്ഞിപ്പെണ്ണ്: "അയ്യോ! എവളെന്തരു കനിയുണ ഇനിയുണ? ഇഞ്ഞമ്മേലെ അടുത്തു ചെന്നിപ്പോ എല്ലാം ചൊല്ലിക്കൊരുക്കനേ. മൂക്കീലിരികൊള്ളാൻ മൊവംതൊരച്ചോന്റു നിക്കനം."

കൊടന്തആശാൻ: "അരുതരുതു്. ആ സിംഹരാജാവ് കുഞ്ഞമ്മയെ അമ്മച്ചിയാക്കുമ്പോൾ കൂടിയങ്ങോട്ടു് പോവാൻ ഒരു കാര്യസ്ഥനും ദാസിയും വേണ്ടയോ? അതിന് ആ മുഹൂർത്തത്തിൽത്തന്നെ ഒരു തുണി വാങ്ങിക്കളയൂ. വേണങ്കിൽ ചക്ക വേരിന്മേലും കായ്ക്കും."

ഹാ! ന്യായമായ ഒരു വിവാഹത്തിനാണ് ആശാൻ പ്രാർത്ഥിക്കുന്നതു്. സ്വസ്വാമിനിയുടെ പരിചരണത്തിന് പരിചയിച്ച പരിജനങ്ങൾത്തന്നെ ഉണ്ടായിരുന്നാൽ സുഖവും സൗകര്യവും വളരെ കൂടും. ആ ചെറുപ്രായത്തിൽ ഒരു ഭർത്താവുണ്ടാകുന്നതു് സാമാന്യകമനികൾക്കു കിട്ടാത്ത ഒരു ഭാഗ്യവും ആണ്. അതിനാൽ പരിഹാസം, ശണ്ഠ എന്നീ ആയുധങ്ങൾ ദൂരത്തിരിക്കട്ടെ താൻ ഇതാ നമസ്കരിക്കുന്നു. ഈ ചിന്തകളോടുകൂടി കുഞ്ഞിപ്പെണ്ണു പെരുവിരൽകൊണ്ടു ഭൂമിയിൽ ലേഖനംചെയ്തും മുഖത്തേ നമ്രമാക്കിയും ശരീരത്തെ ചാഞ്ചാടിച്ചും നിരർത്ഥങ്ങളായ മൂഷികസ്വനങ്ങൾ പ്രയോഗിച്ചും യഥാശാസ്ത്രം പ്രണയിനീ വേഷം ആടിത്തുടങ്ങി.

കുഞ്ഞിപ്പെണ്ണ്: "വീറ്റുകാരു തമ്മതിച്ചാ, ങ്യാ, ങ്യാ" (വിവാഹം കഴിഞ്ഞ നാട്യത്തിൽ) "അപ്പപ്പിന്നെ കൊച്ചമ്മേലെ കൂരി ഇങ്ങേരും പപ്പിളിത്തമ്പുരാന്റെ രാച്യത്തു പോത്രല്യോ?"

കൊടന്തആശാൻ: (ഇതു കേട്ടുണ്ടായ ചിരി അമർത്താനായി ഒരു വിശേഷവീര്യം നടിച്ചുകൊണ്ട് സ്വഹസ്തഗതയായ ഹംസികയെ അല്ല, കോകിനിയെ ഇങ്ങനെ ആശ്വസിപ്പിച്ചു) "അതല്ലേ രസം! കൊണ്ടുപിടിച്ച രസം! കുഞ്ഞിപ്പെണ്ണിന്റെ കണവനെ – അതായത് ഭർത്താവിനെ – ആ കോലോഹത്തെ കാര്യക്കാരായി വാഴിക്കാമെന്ന് ആ തിരുമനസ്സുകൊണ്ടു തന്നെ കല്പിച്ചിട്ടുണ്ട്."

കുഞ്ഞിപ്പെണ്ണ്: (ഭാര്യാസ്ഥാനം ദൃഢീകരിക്കാനുള്ള പ്രണയകലഹമായി) "നയ്യ്പിനിന്നോന്റ്റ പൂരായങ്ങളു വെളയല്ലെ."

കൊടന്തആശാൻ: "എന്റെ ജീവനാഥയാണെ സത്യം." ഈ സത്യവാചകത്തെ സമർത്ഥിക്കുവാൻ ആശാൻ അംഗുലീദലങ്ങൾകൊണ്ട് കുഞ്ഞിപ്പെണ്ണിന്റെ കേശപല്ലവത്തിൽ ചില ചുംബനക്രിയകൾ കഴിച്ചു. ചാരിത്രഭഞ്ജകമായുള്ള ഈ ക്രിയയിൽ പാരുഷ്യത്തോടുകൂടി കുഞ്ഞിപ്പെണ്ണ് ആശാന്റെ ഹസ്തദണ്ഡത്തിന്മേൽ ചില നിർദ്ദയശുശ്രൂഷകൾ ചെയ്തപ്പോൾ അവരുടെ പ്രണയബന്ധം യഥാവിധി ഘടിതമായി.

വിവാഹം അടുത്ത ദിവസം രാത്രിയിലെ രണ്ടാംരാശിയിൽ ആകയാൽ കരക്കാർ കറിക്ക് നുറുക്കാനും മറ്റും തിക്കിത്തിരക്കി സംഘംകൂടിത്തുടങ്ങി. ബബ്ലേശ്വരനെ എതിരേല്ക്കാനുള്ള മഞ്ചൽക്കാരും പക്ഷേ, അല്പം ഇരുട്ടിപ്പോകുന്നെങ്കിൽ വെളിച്ചം കാട്ടാനുള്ള തീവെട്ടിക്കാരും ഒരു സ്വാഗതക്കമ്മിറ്റിയും കരനാഥനായ കുറുങ്ങോട്ടു കൃഷ്ണക്കുറുപ്പിന്റെ ആജ്ഞാനുസാരം പുറപ്പാടായി. സന്ധ്യാസമയത്തെ സ്നാനത്തിനായി സാവിത്രി കിഴക്കെ ചിറയിലേക്കും യാത്രയായി. ചെറുതോട്ടിൽ കളിയാടി സ്വർഗ്ഗാനന്ദം ആസ്വദിക്കുന്ന അല്പായുസ്സുകളായ ചെറുമത്സ്യക്കൂട്ടങ്ങൾ, മനുഷ്യസഞ്ചാരം കണ്ടപ്പോൾ കൂട്ടത്തോടെ ഇളകി ഒഴുക്കുമുറിച്ചു മേല്പോട്ടു നീന്തിയ സാമർത്ഥ്യം അത്യുഗ്രമായ ലോകവിദ്വേഷഭാവത്തിൽ നടതുടങ്ങിയിരിക്കുന്ന ആ കന്യകയുടെ ദൃഷ്ടികളിൽ പതിയുന്നില്ല. സരസ്തീരത്തിലുള്ള കുന്നിന്റെ മുകളിൽനിന്നു തല ചരിച്ചും, നിവർത്തും കാലുകൾ എറിഞ്ഞും തുടിച്ചും താഴ്വരയിലോട്ടു കുതിച്ചുപായുന്ന അജകിശോരങ്ങളുടെ നൃത്തങ്ങളും പ്രകൃതിദേവിയെ മാത്രം രസിപ്പിക്കുന്ന രംഗപ്രകടനം ആയിക്കഴിയുന്നു. കുളക്കരയിൽ കുളിച്ചുകൊണ്ടുനിന്ന ബാലസംഘങ്ങൾ ഗ്രഹപ്രദേശങ്ങളുടെ സമ്രാട്ടായ മഹാപുരുഷന്റെ പുത്രിയ്ക്ക് കടവും കരയും ഒഴിച്ചുകൊടുപ്പാനായി ഓടിത്തുടങ്ങുന്നതിനിടയിൽ പുറപ്പെടുവിച്ച കൂക്കുവിളികളും സാവിത്രിയുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കുന്നില്ല. സരസ്സിന്റെ കരയിലുള്ള തെങ്ങിൻകൂട്ടങ്ങളുടെ ചുവട്ടിൽ എത്തി അവൾ ചുറ്റിനോക്കി. ആ ദേശത്തിന്റെ പ്രകൃതിവിലാസത്തിന് സ്വകമിതാവിന്റെ ദേഹസ്വഭാവങ്ങളുടെ സൗഭാഗ്യത്തോടുള്ള താരതമ്യത്തെ ചിന്തിച്ച് ഒട്ടുനേരം നീരാട്ടിന് ഇറങ്ങാതെ നിന്നുപോയി. കുഞ്ഞിയുടെ അംഗവല്ലി അനിയന്ത്രിതമായവിധത്തിൽ ചാഞ്ചാടി ആ ചിന്താനുഭൂതിയെ നിരോധിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ കുഞ്ഞി

പരവശഭാവം അവലംബിച്ചുനിന്നതിനാൽ അതിനെക്കുറിച്ച് അന്വേഷിക്കുവാൻ അധികൃതയായ സാവിത്രി ഭൃതദയാധീനയായി അവളുടെ ക്ലേശകാരണം ആരാഞ്ഞു. കുഞ്ഞി ആനന്ദസാഗരത്തിലെ ലവണജലധാരയെത്തന്നെ സ്വനേത്രങ്ങളിൽക്കൂടി വർഷിക്കുന്നതിന് ആരംഭിച്ചു. ഇതരചേഷ്ടകൾ കണ്ട് ആ അശ്രുധാര സന്താപത്താലല്ല സന്തോഷം കൊണ്ടാണെന്ന് ഊഹിയ്ക്കുകയാൽ സാവിത്രി അല്പം മനസ്സമാധാനത്തോടെ ചോദിച്ചു: "എന്ത് നിധി കിട്ടി കുഞ്ഞീ? നിന്നെ എങ്കിലും ദൈവം അനുഗ്രഹിക്കുന്നല്ലോ?"

കുഞ്ഞിപ്പെണ്ണ്: (ഭുജങ്ങളെ സങ്കോചിപ്പിച്ചു തുള്ളിച്ചുകൊണ്ടു) "എന്തരു ചൊല്ലണതുഞ്ഞമ്മാ! എവക്കൊന്നുമരിഞ്ഞുകൂരാ. ഞത്തമ്മേലെ പെരവരെയെന്ന്, ഞ്ഞിക്കും –"

കുഞ്ഞിപ്പെണ്ണിന്റെ കൈകൾ ചില പാമ്പാട്ടങ്ങൾ ആടിയിട്ട് താടിക്കിടയിൽ മറഞ്ഞു.

സാവിത്രി: "പുടകൊടയുടെ അന്ന് എന്തോന്ന്? ആ ശനിപിടിച്ച ദിവസം നാളെയാണല്ലോ."

കുഞ്ഞിപ്പെണ്ണ്: "യ്യോ ഞ്ഞമ്മ! അന്നെഴുന്നെല്ലിയ പൊന്നും തമ്പിരാനല്യോ നമുക്കു വരിണതു്? പിന്നെന്തിന് ഞമ്മ മൊവം ഇരിറ്റിച്ചോന്റു നരക്കിനതു്?"

സാവിത്രി: "ഫാ ജന്തു! നീ കുറില്ലാത്ത പെണ്ണാണ്. അച്ഛനെയും അമ്മയെയും വിട്ടിട്ട് അത്ര ദൂരത്തെങ്ങനെ പോകും?"

കുഞ്ഞിപ്പെണ്ണ്: "യതിനെന്തെരന്നേ? ഞത്തമ്മേലെ ഞ്ഞിപ്പെണ്ണും (ശൃംഗാരനാട്യത്തിൽ) നമ്മരെ ലദ്യവും (ചില സീല്ക്കാരങ്ങളോടെ) ച്ചായാനേ – ആദ്യം കൂരി ഹ്, ഹ്, പൊന്നിഞ്ഞമ്മയല്യോ, ഒന്നും വെലീച്ചൊല്ലല്ലേ."

സാവിത്രി: "അതെന്തോന്നടീ? തൊണ്ടകൊണ്ടു കഷായം കുറുക്കാതെ അയാൾ വരുന്നതിൽ സന്തോഷമെന്തെന്ന് പറഞ്ഞേയ്ക്ക്."

കുഞ്ഞിപ്പെണ്ണ്: (തല വെട്ടിത്തിരിച്ച്) "അതല്യേ ഞ്ഞമ്മ ചൊല്ലണതു്? (ആ നിലയിൽനിന്ന് രണ്ടു കൈയും കമഴ്ത്തി താടിക്ക് ഊന്നായിക്കൊടുത്തുകൊണ്ട്) ഞ്ഞിക്കും ആദ്യം ഒരു തുണി തരാമെന്നൊക്കെ എന്തരോ ചൊല്ലിക്കൊന്റിരിക്കണാ. ഞ്ഞാൻ ഞ്ഞാൻ എന്തരു ചൊല്ലണന്നേ?"

സാവിത്രി: "ആശാൻന്നിനക്കു മുണ്ടുതരാൻന്നിശ്ചയിച്ചിരിക്കുന്നോ?"

കുഞ്ഞിപ്പെണ്ണ്: "പിന്നല്യേ ഞ്ഞമ്മേ! രാമായനം മുച്ചൂരും കേറ്റേച്ച് ചിതേലമാപ്പിള്ള ആരെന്നു കേക്കുമ്പോലല്യോ ഞ്ഞമ്മ തൊരങ്ങുന്നതു്?"

സാവിത്രി: "ഛേ ഭ്രാന്തിപ്പെണ്ണേ! നിന്നെ അയാൾ കളിയാക്കുകയാണ്."

കുഞ്ഞിപ്പെണ്ണ്: "ഞ്ഞി പന്റും കളിച്ചുപോണ പെണ്ണുതന്നെ ഇന്നോക്കണം ഞ്ഞമ്മ അദ്യം തന്നെ ഒരു ശ്ലോകം."

സാവിത്രി: "ശ്ലോകമോ? നിനക്കു വായിക്കാനറിയാമോ?"

കുഞ്ഞിപ്പെണ്ണ്: "എവരെ ലഹസ്യങ്ങള് ഞത്തമ്മേരരുത്തെന്തരു്? വായിച്ചുതരാൻ വേരെ പേരാരു്?"

അവൾ തന്റെ മുണ്ടിനിടയിൽ മറവുചെയ്തിരുന്ന ഒരു ലേഖനമെടുത്തു് സാവിത്രിയുടെ കൈയിൽ ഏല്പിച്ചു. അതിനെ വാങ്ങിച്ച് സാവിത്രി ഒന്നു വായിച്ചുനോക്കിയപ്പോൾ, ആ ഓലക്കഷണം നൂറു തരികളായി സരസ്സിലോട്ടു പറക്കുകയും ചെയ്തു. സാവിത്രിയുടെ മുഖകമലം ശോണച്ഛവി കലർന്ന്, ആ സന്ധ്യാപ്രഭയിൽ രക്തകാളിയുടെ പ്രഭാവത്തോടു ജ്വലിച്ചു. ഇതു കണ്ടപ്പോൾ കുഞ്ഞിപ്പെണ്ണ് ആ ശ്ലോകത്തിൽ എന്തോ ആപത്തുണ്ടെന്ന് ഗ്രഹിച്ച് കണ്ണുനീർ ളകി. ഒരു ദിവസത്ത ദാമ്പത്യവിഭ്രതികൾ മനോരാജ്യത്തിൽ അനുഭവിച്ചതു് ശിഥിലമായിത്തീർന്നു എന്നു കണ്ടപ്പോൾ ദുഃഖാശ്രുക്കൾത്തന്നെ ആ സാധു പ്രവഹിപ്പിച്ചു. തന്റെമേൽ അപരാധം വല്ലതും ഉണ്ടെങ്കിൽ ക്ഷമിക്കണമെന്നും മര്യാദയ്ക്കു് വിരുദ്ധമായ ഒരു ബന്ധത്തെ താൻ കാംക്ഷിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ലെന്നും അവൾ തന്റെ നായികയുടെ പാദങ്ങൾതൊട്ടു ഭക്തിപൂർവ്വം സത്യംചെയ്തു. സത്യവതിയും സമർത്ഥയുമായുള്ള ആ ദാസിയുടെ നിഷ്കളങ്കതയിൽ പ്രസാദിച്ച് സാവിത്രി ഇങ്ങനെ പറഞ്ഞു: "നീ കരയാനെന്ത് സംഗതി? അയാൾ നിന്നെ കുഴിയിൽ ചാടിക്കാൻ നോക്കിയാൽത്തന്നെ ഞാൻ വിടുമായിരുന്നോ? നിന്റെ മേൽ കുറ്റമൊന്നുമില്ല. ആ ഭ്രാന്തന്റെയടുത്ത് പെരുമാറുന്നതു് ഇനി സൂക്ഷിച്ചുവേണം."

കൊടന്തയാശാന്റെ ലേഖനം സാവിത്രിക്കുട്ടിക്കുതന്നെ സംബുദ്ധമായ ഒരു പ്രണയസന്ദേശമായിരുന്നു. അതിനെ വഹിപ്പാനുള്ള ഹംസി ആകുവാൻ മാത്രം ആ കുടിലബുദ്ധി കുഞ്ഞിപ്പെണ്ണിനെ പ്രണയവലവീശി കുടുക്കിലാക്കിയതായിരുന്നു. ശ്ലോകം മറ്റൊരാളെക്കൊണ്ടു് എഴുതിച്ചിട്ടുള്ളതാണെന്നുകൂടി കണ്ടു്, തന്നെ സൂക്ഷിച്ചുകൊള്ളുവാനുള്ള ഭാരം അച്ഛനാൽ നിക്ഷേപിക്കപ്പെട്ട കാര്യസ്ഥന് കാരാഗൃഹംതന്നെ സമുചിതഗൃഹം എന്ന് ആ കന്യക ചിന്തിച്ചുനിന്നു. ഈ കുടിലൻ അജിതസിഹനോടു് ചേർന്ന് അച്ഛനും രക്ഷിതാവായ ദിവാൻജിക്കും തന്റെ പ്രണയദേവനായുള്ള ത്രിവിക്രമകുമാരനും എന്തെല്ലാം അനർത്ഥങ്ങൾ മേലിലും സംഭവിപ്പിക്കുമെന്ന് ചിന്തിച്ച് നിലകൊണ്ടു. ആകാശത്തിൽ ഒട്ടുയർന്നിട്ടുള്ള ചന്ദ്രന്റെ പ്രതിഫലനം സരഃസ്തടികത്തിൽ സുസ്ഥിരമായി പ്രകാശിച്ച് തിളങ്ങുന്നതു് കണ്ടു് വിശ്വത്തിന്റെ വിമോഹകശക്തിയാൽ അവളുടെ ഭയചിന്തകൾ അസ്തമിതമായി.

ശ്രീ രാമവർമ്മ കുലശേഖരപ്പെരുമാൾ ശ്രീപത്മനാഭനായ വിശ്വപ്പെരുമാളുടെ പാദകമലങ്ങളെയും കന്യകയുടെ അഭയദാതാവായുള്ള മഹാനുഭാവൻ അവിടത്തെ തൃപ്പാദങ്ങളെയും സാവിത്രി ആ രാജഭക്തന്റെ പാദങ്ങളെയും പരമാവലംബമായി കരുതിയിരുന്നു. ശങ്കരജടയിൽ പ്രശോഭിച്ചുവളർന്നിട്ടുള്ള ശശാങ്കശകലത്തിന്റെ ദർശനത്താൽ ശിഥിലമാക്കപ്പെട്ട വിഭ്രമം പുനഃസ്വരൂപീകരണം ചെയ്യുന്നതിനുമുമ്പ് ശംഖമുദ്രാങ്കിതമായ ചെറുവേത്രം ധരിക്കുന്ന ഒരു പുരുഷൻ സരസ്തീരം പ്രവേശിച്ച് അത്യാദരഭാവത്തോടെ നിലകൊണ്ടു. വേത്രദർശനത്തിലുണ്ടായ ആത്മോദയത്തെ അനുസരിച്ച് സാവിത്രി കുഞ്ഞിയോടു് ദൂരത്തു

വാങ്ങിനില്പാൻ ആജ്ഞാപിച്ചു. ആ ദൂതൻ താൻ വഹിക്കുന്ന സന്ദേശത്തെ അതിശീഘ്രം ധരിപ്പിച്ചിട്ട് പുറകോട്ടുതന്നെ അല്പനേരം നടന്നു യാത്രയായി. സാവിത്രിയുടെ ഹൃദയം ഒരു വിശ്വാസവെൺനിലാവിനാൽ പ്രശോഭിതമായപ്പോൾ ബഹിർലോകം സഹസ്രചന്ദ്രദ്യുതി ചേർന്നു പ്രകാശിക്കുന്നു എന്ന് അവൾക്കു തോന്നി.

രാജാധികാരപ്രയോക്താക്കളിൽ ക്രിയാധീരന്മാരായവരുടെ മൈത്രി സാക്ഷാൽ വൈഷ്ണവചക്രംപോലെ രക്ഷാനിപുണമായിരിക്കുമെന്ന് ധൈര്യപ്പെട്ട് അവൾ സ്നാനത്തിന് സരസ്സിലോട്ടിറങ്ങി.

വിവാഹദിവസം അസ്തമിച്ച് നാഴിക ആറാകുന്നു. എഴുന്നള്ളത്തിന്റെ കോലാഹലം ഒന്നും കേൾക്കുന്നില്ല. അജിതസിംഹന്റെ അമ്പുതേത്തിന് ഒരുക്കിയിട്ടുള്ള പായസങ്ങളും ആ പുണ്യവാന്റെ കരസമ്പർക്കമുണ്ടാകുന്നില്ലല്ലോ എന്ന് വ്യസനിച്ച് നഷ്ടോഷ്ണങ്ങളാകുന്നു. വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം തലസ്ഥാനരീതി അനുസരിച്ച് തയ്യാറായിരിക്കുന്നുവെങ്കിലും മണവാളന്റെ അണുമാത്രമാകട്ടെ ഗൃഹപ്രവേശം ചെയ്യുന്നില്ല. കൃഷ്ണക്കുറുപ്പ് അത്യുഗ്രമായി വീശിത്തുടങ്ങുന്നു. രാജസിംഹന്റെ എഴുന്നള്ളത്തിനു താമസം നേരിടീക്കുന്ന അപരാധികൾ തന്റെ മുമ്പിൽ എത്തുന്ന ഓരോരുത്തരുമാണെന്നു വിചാരിച്ച് അദ്ദേഹം ദേശനടപ്പനുസരിച്ച് പരിസരചാരികളെ എല്ലാം ശ്വാനസന്താനങ്ങളാക്കി ഭർത്സിക്കുന്നു. കൊടന്തയാശാൻ കൊട്ടാരക്കര പള്ളിയമർന്നെഴും ഗണനാഥനുള്ള കൈക്കാണങ്ങൾ ദശഗുണമാക്കാമെന്നു പ്രതിജ്ഞചെയ്യുന്നു.

നാഴിക ഏഴ് – എട്ട്. കഷ്ടം! മുഹൂർത്തസമയം അതിക്രമിച്ചു. സന്നിഹിതജനങ്ങൾ മുഖത്തോടുമുഖം നോക്കിത്തുടങ്ങി. അർദ്ധരാത്രി കഴിഞ്ഞു് വേറൊരു മുഹൂർത്തം കൂടി അന്നു തന്നെ ഉണ്ടെന്ന് ദക്ഷിണയും ഇലവയ്പുകഴിഞ്ഞുള്ള ഓഹരിയും കിട്ടുവാൻ കാത്തുനിന്നിരുന്ന കണിയാർ, ചുമച്ചും "അറാൻ" വിളിച്ചും കൃഷ്ണക്കുറുപ്പുതമ്പുരാന്റെ കർണ്ണത്തെ ആകർഷിച്ച് അറിയിച്ചു. ഉടനെയാരംഭിച്ച ഇലവയ്പു നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഓരോരുത്തർ എത്തി "എഴുന്നള്ളുന്നു," അടുത്തുവരുന്നവർ "ഇല്ലില്ല", മറ്റു ചിലർ "ആരോ സാമദ്രോഹികൾ വഴിതെറ്റിച്ചു" എന്നെല്ലാം അറിവുകൾ കൊടുത്തുകൊണ്ടിരുന്നു. ആശാൻ ഒരു വിശേഷചാരിതാർത്ഥ്യം നടിച്ച്, രണ്ടു കൈകളാലും മുലകളിന്മേൽ താളം പിടിച്ചും തല ഒന്നു പുറകോട്ടു ചരിച്ച് ഇമകളെ "പൊരുപൊരെ" ചലിപ്പിച്ചും സാവിത്രി ഇരിക്കുന്ന കെട്ടിനെ ചുറ്റി പ്രദക്ഷിണംവച്ചു. കരക്കാരുടെ ഊണുകഴിഞ്ഞു സാമാന്യപ്രമാണികൾ ചിലർ സാധുക്കൾക്ക് ഇലവയ്പാൻ പറമ്പുകളിലും വൻപ്രമാണികൾ നന്തിയത്തുഭവനത്തിനും ഉണ്ണിത്താനും ഉണ്ടാകുന്ന അവമാനത്തിന്റെ പരിഹാരമാർഗ്ഗങ്ങളാലോചിപ്പാൻ പന്തലിലും സഞ്ചയിച്ചു. യുവരസികന്മാർ, ആ കാര്യാലോചനസഭയെച്ചുറ്റി വൃദ്ധകാരണവന്മാർ, വിഡ്ഢികളാകുന്നത് കണ്ടു രസിക്കാൻ വട്ടംകൂട്ടി വട്ടമിട്ടുകൂടി. ഒരു രസികൻ "എന്താ കൂവേ! താൻ ആയാലെന്താ?" എന്ന് കൊടന്തയാശാന്റെ വാരിയെല്ലിന്മേൽ ചൂണ്ടുവിരൽ കൊണ്ടു ചോദ്യം ചെയ്തു. "ഓഹോ! ആകാമേ" എന്നുള്ള മറുപടി കൊടന്തയാശാൻ നാലു വിരലുകൾ ആട്ടി സൂചിപ്പിച്ചു. സൂക്ഷ്മനേത്രനും ആ ദേശത്തീലെ സർവ്വാധിപനും ആയ കൃഷ്ണക്കുറുപ്പിന്റെ കണ്ണുകൾ ഈ മൂകഭാഷാപ്രയോഗത്തെ ആശാന്റെ ഭാഗ്യദോഷത്താൽ സൂക്ഷ്മമായി

കണ്ടു. തന്റെ കരയ്ക്കും കരപ്രമാണികൾക്കുമുണ്ടാകുന്ന അവമാനത്തെ ചിന്തിച്ച് അത്യന്തം വ്യസനിച്ചുകൊണ്ടിരുന്ന അദ്ദേഹം ഈ യുവചാപല്യം കണ്ടുണ്ടായ ദേഷ്യത്തോടെ "പിടിക്കട്ടെ അവനെ, ആ കൊടന്തക്കന്നിനെ" എന്ന് വിളിക്കട്ടിയപ്പോൾ "അതേതേ, ആ തെമ്മാടി പറ്റിച്ചതു തന്നെ" എന്നു പല കേന്ദ്രങ്ങളിൽനിന്ന് അഭിപ്രായാക്രോശങ്ങൾ തെരുതെരെ പൊങ്ങി. "പിടിച്ച് ആഞ്ചാലിൽ കെട്ടി തോല്വവാർന്നു വിടട്ടെ" എന്നു ചില യുവരസികന്മാർ കുംഭോദരനായ കരനാഥന്റെ ഊർജ്ജിതോഷ്മാവെ വർദ്ധിപ്പിപ്പാൻ ഐകകണ്ഠ്യേന നിലവിളികൂട്ടി. കൊടന്തയാശാൻ തന്റെനേർക്കു മുക്തങ്ങളാകുന്ന ബഹുവിധികളുടെ ഉദ്ഘോഷങ്ങളിൽനിന്നൊഴിയുവാൻ ഒന്നു പുറകോട്ടു കുതിച്ചു. "ഇതാ ചാടി" എന്ന് കൊടന്തയുടെ വലതുകൈ ബന്ധുവും, "ഈ പോക്കിരി പറ്റിച്ചതുതന്നെ" എന്ന് ഇടതുകൈ ബന്ധുവും, "ഇനമറിയാണ്ട് ചോറുകൊടുത്താൽ ഇങ്ങനെതന്നെ" എന്നു മറ്റു നാട്ടുനിലബന്ധുക്കളും ഘോഷിച്ചുകൊണ്ട് ഓടിത്തുടങ്ങിയ ആശാനെ വേട്ടയാടാൻ തുടങ്ങി. പാഞ്ഞുപോകുന്ന ആശാന്റെ പൂർവ്വശിഖാന്തത്തിൽ അണിഞ്ഞിരുന്ന മുല്ലമാല ഒരു പരമരസികന്റെ കൈയിലായി. ഉത്തരീയം 'കേളന്റെ ചീനാംശുകം' പോലെ പുറകോട്ടു പറന്ന് മറ്റൊരുവന്റെ ഹസ്തതലത്തിലമർന്ന് അങ്ങോട്ടും ഇങ്ങോട്ടും ഉള്ള പിടികൾക്കടയിൽ അതിന്റെ നിർമ്മാണകാലത്തെപ്പോലെ തന്തുമാത്രങ്ങളായി. വിളക്കുകൾ പ്രകാശിച്ചുള്ള സ്ഥലങ്ങൾ കടന്നപ്പോൾ അശാന്റെ വേഗം വർദ്ധിച്ചു. തവളച്ചാട്ടം, കുരങ്ങുചാട്ടം, മാൻചാട്ടം, സിംഹച്ചാട്ടം എന്നല്ല ശ്രീഹനുമാന്റെ സമുദ്രച്ചാട്ടംപോലും ആ പിത്തകുക്ഷി അത്ഭുതമാമ്മാറ് അന്ന് അനുവർത്തിച്ചു. ആ നിർഭാഗ്യവാൻ അതിവേഗത്തിൽ തരണംചെയ്യേണ്ടതായിവന്ന കാട്ടുപ്രദേശങ്ങളിലെ കണ്ടകവല്ലികളും പ്രതികൂലികളായി തിരിഞ്ഞ് ഉടുമുണ്ടിനെ അപഹരിച്ച് ആ ഗീർവ്വാണജ്ഞനെ ദിഗംബരനാക്കി. ഇങ്ങനെ നാലാം ആശ്രമത്തിനു യോഗ്യനാക്കപ്പെട്ടപ്പോൾ ആശാൻ അനുഗാമികളെ തോല്പിച്ച് നിബിഡമായുള്ള വനഗർഭത്തിലോട്ട് അന്തർദ്ധാനംചെയ്തു.

വെളുക്കാറായപ്പോൾ മേനാക്കാരും ദൂതന്മാരും ഇച്ഛാഭംഗത്തോടെ മടങ്ങി എത്തി തണുത്തുപോയ വിഭവങ്ങൾ ഉണ്ട് അജിതസിംഹനെ ശപിച്ചു.

13

"പല സാധനങ്ങളെ സമ്പാദിച്ചീടുംനേരം
ചിലതു സാദ്ധ്യമാകും സാധിയാ ചിലതേതും"

ജീവമണ്ഡലത്തിലെ ചക്രവർത്തിപദം തങ്ങൾക്ക് ആണെന്നു ബലഭ്രയിഷ്ഠന്മാരായ പുരുഷവർഗ്ഗം അഹങ്കരിക്കുന്നു. സ്ത്രീകൾ കേവലം ഭക്ഷ്യങ്ങൾ, മൃഗങ്ങൾ എന്നിവയെപ്പോലെ അനശ്വരമായ ആത്മാംശം ചേർന്നിട്ടില്ലാത്ത ജീവകൂടങ്ങൾ മാത്രം ആണെന്നു ഭൂമിയിലെ ചില പ്രബലസമുദായക്കാരും വാദിക്കുന്നുണ്ട്. നവ്യാഗമചതുർമ്മുഖന്മാരായി പരിഷ്കാരത്തിന്റെ അത്യുച്ചസ്ഥിതിയിലെത്തിയിട്ടുള്ള സമുദായക്കാരുടെ രാജ്യങ്ങളിലും സ്ത്രീപുരുഷതുല്യതയെ സംബന്ധിച്ച് ഇന്നും മത്സരങ്ങളും കലാപങ്ങളും നടന്ന് ആ രാജ്യങ്ങളുടെ സമാധാനസ്ഥിതികൾ ഭിന്നമാവുകയും ചെയ്യുന്നു.

എന്നാൽ കേശവനുണ്ണിത്താൻ സ്ത്രീകൾക്ക് ഗൃഹദേവീത്വം നല്കണം എന്നുള്ള നീതിനിഗമക്കാതലുകളെ പ്രമാണിക്കുന്ന ഒരു വിദുരർതന്നെ ആയിരുന്നു. തന്റെ ആശയഗതികൾ അനുസരിച്ച്, സ്വപ്രണയിനിയിലും വിശ്വസ്തതയും ശീലാവതീത്വവും ബാഹ്യാന്തർന്നേത്രങ്ങൾ നാലുകൊണ്ടും സന്ദർശിച്ചിരുന്ന ധീമാനും ആയിരുന്നു. ഇങ്ങനെയുള്ള പുരുഷകേസരി മീനാക്ഷിഅമ്മയെ പുത്രിയിൽനിന്നും വേർപെടുത്തി ചിലമ്പിനേത്ത് പാർപ്പിയ്ക്കുകയെന്നുള്ള ആസുരകർമ്മം അനുഷ്ഠിച്ചു.

കാളിഉടയാൻ ചന്ത്രക്കാരന്റെ ഈ ഉത്തരലങ്ക അതിന്റെ പൂർവ്വാഭാസ്സോടുകൂടിത്തന്നെ ഇന്നും സ്ഥിതിചെയ്യുന്നു. പ്രവേശനദ്വാരത്തിലെ ആനക്കൊട്ടിലും ഉന്നതമായ മതിൽക്കെട്ടും പാശ്ചാത്യരീതിയിലുള്ള സൗധവും ഹരിപഞ്ചാനനയോഗീശ്വരൻ പൂജാദികൾക്ക് ഉപയോഗിച്ച മഠവും കരിങ്കൽക്കെട്ടു നീരാഴിയും മുപ്പത്താറുകെട്ടായ പ്രധാന ഭവനവും, മാതുലജീവൻ സ്വകൃത്യങ്ങളെ നിരന്തരം സൂക്ഷിക്കുന്നതുപോലുള്ള ഭയശുഷ്കാന്തിയോടെ ഉണ്ണിത്താനാൽ പരിരക്ഷിക്കപ്പെട്ടുവരുന്നു. പണ്ടത്തെ നിക്ഷേപങ്ങൾ ഉണ്ണിത്താൻ ആയ ധന

യോഗവാന്റെ ഭരണത്തിനിടയിൽ ആ ഭവനക്കല്ലറകൾക്കുള്ളിൽത്തന്നെ ഇന്നും ശോഭിക്കുന്നു. ചിലമ്പിനഴിയത്തെ ഭൂലക്ഷ്മി ചന്ദ്രക്കാരന്റെ സമാരാധനകാലത്തെന്നതുപോലെതന്നെ ഫലം നല്കി അനന്തരഭജനക്കാരനെയും അനുഗ്രഹിക്കുന്നു. സ്വയം സ്വീകൃതയായ ഭാര്യയുടെ സംഗതിയിൽ തിതിക്ഷുവീര്യത്തെ ഉണ്ണിത്താൻ പ്രകടിപ്പിച്ചു. എങ്കിലും സമ്പൽലക്ഷ്മിയെ നിരുദാസീനമായും ഗാഢമായ സ്നേഹത്തോടും പരിലാളിച്ചുവന്നു. എങ്കിലും ഗൃഹനായകന്റെ സാന്നിദ്ധ്യമോ വേണ്ടുവോളം പരിചാരികന്മാരുടെ സഞ്ചാരമോ കൂടാതെ കഴിയുന്ന ആ ഭവനത്തിൽ ജ്യേഷ്ഠാപാദങ്ങളുടെ സ്പർശം സംഭവിച്ചതുപോലുള്ള ഒരു വൈലക്ഷണ്യം കാണുന്നു.

പുത്രിയെ തന്നിൽനിന്നും വേർപെടുത്തിയ നിഷ്കരുണത്വത്തെക്കുറിച്ച് സദാ ഓർത്ത് ക്ഷണംപ്രതി പെരുകിവരുന്ന ആധിയോടെ മീനാക്ഷിഅമ്മ ശയ്യോപകരണങ്ങൾ ഒന്നുംകൂടാതെ ചിലമ്പിനേത്തു ഭവനത്തിന്റെ മുൻതളപ്പടിയിൽ കിടന്നു കണ്ണുനീർ തൂടയ്ക്കുന്നു. കൃപാർദ്രമനസ്കതയും ഭൂതദയാസമ്പത്തുംകൊണ്ട് സാക്ഷാൽ ശ്രീനാരായണനോടുതന്നെ സമാനഭാവൻ എന്നുള്ള ആദരത്തെ തന്നിൽനിന്നു വശീകരിച്ച ഭർത്താവ് ദുസ്സംശയങ്ങൾക്ക് അധീനനായതിന്റെ ശേഷവും തന്നോടുള്ള സഹവാസത്തെ അവസാനിപ്പിച്ച് ലോകപരിഹാസത്തിനു തന്നെ പാത്രീഭവിപ്പിക്കാൻ ഒരുമ്പെട്ടില്ല. സ്ത്രീകൾക്ക് അത്യാവശ്യം പുരുഷരക്ഷ ഉണ്ടായിരിക്കേണ്ടതായ ഈ യുദ്ധകാലത്ത് തന്നെയും തന്റെ സന്താനവല്ലിയെയും വേർപെടുത്തി ദൂരസ്ഥകളാക്കാൻ ആ ധാർമ്മികനെ പ്രേരിപ്പിച്ച തന്റെ ദുർവ്വിധിപാകം ജീവനാളത്തെത്തന്നെ വിച്ഛേദിച്ചുതുടങ്ങിയിരിക്കുന്നു. സാവിത്രി അച്ഛന്റെ കൃപാഹീനതയെയും ശാഠ്യത്തെയും ഭർത്സിച്ചുവരുകയും ആജ്ഞയെ അനാദരിപ്പാൻ സന്നദ്ധയായിരിക്കുകയും ചെയ്യുന്നു എങ്കിലും ഈ സാധ്വി തന്റെ ഭർത്താവ് എന്തോ ദുഷ്കാലവൈപരീത്യത്താൽ പരിഭ്രതനാകുന്നു എന്നു സമാധാനപ്പെട്ട്, തന്റെ ജീവാത്മാവിനെ ഭർത്തൃപാർശ്വികളെ അനുഗമിപ്പിച്ചു ജഡമാത്രമായി ഭർത്തൃഗൃഹത്തിലെ ബന്ധനത്തിനു വഴങ്ങി പാർക്കുന്നു. പരിചിതങ്ങളായ അനുഭവങ്ങൾക്ക് ആസക്തയാകാതെ സ്തബ്ധവൃത്തിയായും ഭാവനാവൈഭവങ്ങൾ മന്ദീഭവിച്ചും കേവലം ഉപവാസാനുഷ്ഠകിയായിത്തീർന്നിരിക്കുന്ന ആ മഹതി ദക്ഷിണഭാഗത്തുള്ള തന്റെ കുടുംബഗൃഹമായ മന്ത്രക്കൂടത്തുവച്ച് ഭർത്തൃസ്വീകാരത്തിനു മുമ്പ് അനുഷ്ഠിച്ച അജ്ഞാതവാസത്തെയും അക്കാലത്ത് തന്റെ കാമുകൻ പ്രകടിപ്പിച്ച രസികചാപല്യങ്ങളെയും സ്മരിച്ചും കിഴക്കേ ദ്വാരപ്രദേശത്തിലോട്ടു സദാ സ്വിരവീക്ഷണയായി ഭർത്താവിന്റെയും പുത്രിയുടെയും പ്രത്യാഗമനത്തെ പ്രാർത്ഥിച്ചും സമയം പോക്കുന്നു.

ആ മഹാഭവനത്തിന്റെ പടിയിന്മേൽ ഒരു ശിശു എന്നപോലെ ചുരുണ്ടുകിടക്കുന്ന മലിനവസ്ത്രക്കാരി ഈ മുഹൂർത്തത്തിലും സ്വകുടുംബദുഷ്കൃതികളുടെ പാപഫലത്തെ താൻ അനുഭവിക്കുന്നു എന്നു ചിന്തിച്ചുപോകുന്നു. ദുഷ്കൃതികളോ? രാജശക്തിയാകുന്ന ശിലാഖണ്ഡത്തെ ഘർഷണംചെയ്ത് രത്നപ്രകാശത്തെ തെളിയിപ്പതായ വജ്രശാണയാണെന്നു രാജശക്തിയോട്ട് ഇടഞ്ഞ ആ സമഗ്രവീരന്മാരെ പരിഗണിക്കരുതോ? എന്തോ? പരമാർത്ഥം ഭഗവാൻ അറിയട്ടെ. മാതാമഹിയായ ഭാഗ്യവതിയുടെ ജഡസ്ഥാപനംചെയ്തുള്ള മന്ത്രക്കൂടമായ

പുണ്യഭവനത്തെ ഒന്നു ദർശിപ്പാൻ നടകൊണ്ടാലോ? ഭർത്താവിന്റെ അനുമതികൂടാതെ ഗൃഹത്തിന്റെ അന്തഃപ്രദേശംവിട്ടുള്ള നിർഗ്ഗമനം അവിഹിതം. തന്നെ വിനോദിപ്പിച്ച് ശുശ്രൂഷിച്ച്, പരിലാളിച്ച്, ജീവനു തുല്യം സ്നേഹിച്ചുവളർത്തിയ ആ ഭക്തോത്തംസമായ വൃദ്ധനും ചരമാവസ്ഥയിൽ മാതാമഹിയുടെ പാദപരിസരത്തിൽത്തന്നെ പരിസേവനവാസം ചെയ്യുന്നു. ഹാ! ആ കാലത്തെ ദുരന്തം വിചാരിക്കുമ്പോൾ —

ഈ ചിന്തയിൽ എത്തിയപ്പോൾ ജഗദണ്ഡധ്വംസകനെന്നപോലുള്ള ഒരു മഹിഷസ്വരൂപൻ ദ്വാരപ്രദേശത്ത് അവതീർണ്ണനാകുന്നു. കസവിന്റെ ദീപ്തികൊണ്ട് ഏറ്റവും പ്രകാശിക്കുന്ന കുറുംകുപ്പായവും ഒരു ഉരുളിയോളം വട്ടത്തിലുള്ള പട്ടാംബരത്തലക്കെട്ടും പത്തിരുപതു മുഴം നീളമുള്ള സോമൻകൊണ്ട് ഞൊറിഞ്ഞു ധരിച്ചിട്ടുള്ള കുത്തിയുടുപ്പും മരമറുപ്പശബ്ദംപോലെ കർണ്ണാരുന്തുദമായുള്ള ഒരു ഘർഷണധ്വനി പുറപ്പെടുവിക്കുന്ന ചെരിപ്പുകളും ജടകെട്ടിയുള്ള വട്ടത്താടി മാത്രം മുന്നിട്ടുകാണുന്ന മുഖവും രണ്ടായി മടക്കി തോളിലിട്ടിട്ടുള്ള കാശ്മീരസാൽവയും ചേർന്നുള്ള വേഷം ദ്വാരപ്രദേശത്ത് എത്തിയപ്പോൾ, കവർച്ചചെയ്‌വാൻ ഉദ്യുക്തനായവൻ ഗൃഹരക്ഷികളെക്കണ്ട് സ്തബ്ധനായിത്തീരുന്നതുപോലെ നിന്നുപോകുന്നു. പാണ്ഡ്യദേശങ്ങളിൽ പാർത്ത് മുമ്പിൽ കാണുന്നതുപോലുള്ള വേഷങ്ങളോട് ധാരാളം പരിചയപ്പെട്ടിരുന്ന മീനാക്ഷിഅമ്മ ആദരത്തോടെ എഴുന്നേറ്റുനില്ക്കുന്നു. ആഗതന്റെ മുഖപിണ്ഡം ചിന്താവേഗത്താൽ ചലിച്ചിളകുന്നു. കുപ്പായത്തിന്റെ കൈയുറകളിൽനിന്നു ലംബങ്ങളായുള്ള മുഷ്ടിക്കുഴവികളും ചടുലപത്രങ്ങൾപോലെ വിറകൊള്ളുന്നു. ആ സ്ഥൂലാകാരൻ ശ്വാസോച്ഛ്വാസശൂന്യനായി ഭവനസൗധാദികളെ വിക്രയാർത്ഥം പരിശോധിക്കുന്നതുപോലെ സൂക്ഷ്മവീക്ഷണം ചെയ്യുന്നു.

ഈ ക്രിയയ്ക്കിടയിൽ അപൂർവ്വമായ വിസ്തൃതിയും ഘനവും ചേർന്നുള്ള ആ ശരീരം അന്തഃസംരംഭത്താൽ ചാഞ്ചാടിപ്പോകുന്നു. സ്മൃതിപുടസ്ഥങ്ങളായുള്ള അക്ഷികൾ എത്ര ദൂരത്തും എത്ര കാലത്തിനു മുമ്പും എന്തെന്തു കണികാമാത്രങ്ങളായ അവസ്ഥകളെയും ചില സ്ഥിതിവിശേഷങ്ങളിൽ ദർശിച്ചുപോകുമെന്ന് അനുഭവത്താലോ ആത്മശാസ്ത്രാഭ്യസനത്താലോ ഗ്രഹിക്കേണ്ടതാണ്. മീനാക്ഷിഅമ്മയ്ക്ക് അഭിമുഖമായി നീങ്ങുന്ന ആ ഭീമമുഖത്തിലെ വല്ലിക്കുടിലിൽ നിഗൂഢങ്ങളായി സ്ഥിതിചെയ്യുന്ന ദീർഘാധരങ്ങൾ മന്ദസ്മേരകർമ്മമായി മന്ദചലനം ചെയ്യുന്നു. മുറ്റത്തോട്ടു നീങ്ങിത്തുടങ്ങിയ വേഷം പുറംതിരിഞ്ഞ് ദ്വാരപ്രദേശത്തിലെ പണികളെ സസ്നേഹം വീണ്ടും കടാക്ഷിക്കുന്നു. ഗൃഹാങ്കണത്തെ തരണംചെയ്യുന്നതിനിടയിൽ സ്നേഹപ്രകർഷത്താൽ എന്നപോലെ പാദകവചകങ്ങൾ കൊണ്ട് അവിടത്തെ മണൽത്തരികളെ വീണ്ടുംവീണ്ടും തലോടുകമാത്രം ചെയ്യുന്നു. ആദരാശ്ചര്യങ്ങളോടെ മീനാക്ഷിഅമ്മ വരാന്തയിലെ വടക്കുഭാഗത്തോട്ടു നീങ്ങി നിരചാരി നിലകൊള്ളുന്നു. ആഗതനായ ഭൃതത്താൻ ആ ഗൃഹനായികയുടെ രൂപത്തെ ആപാദമസ്തകം പരിശോധിച്ചപ്പോൾ, കണ്ഠപ്രദേശം കഫനിബിഡതയാൽ അടയുകയും അധഃകോശം ശ്വാസത്തിന്റെ നിർഗ്ഗമനത്തിനായി ബലംപ്രയോഗിക്കുകയും ചെയ്തു. ആ അതികായനും അമർത്താൻ പാടില്ലാത്തതായ ചില നിരർത്ഥാക്രോശങ്ങൾ ഗളിതങ്ങളായിപ്പോയി. വികൃതാകാരനായ ഒരു വിദേശീയൻ വിശേഷതരത്തിലുള്ള വേഷം അവലംബിച്ച് ഏകാ

കിനിയായി താമസിക്കുന്ന തന്നെ കാണ്മാൻ പുറപ്പെട്ട്, ക്ഷീണസൂചകമായുള്ള പ്രാകൃതത്വങ്ങൾ പ്രകടിപ്പിച്ചപ്പോൾ, താൻ അനുഭവിക്കുന്ന കഷ്ടതകൾകൊണ്ടും ദുർവ്വിധിയാകുന്ന ക്രൂരശക്തി തൃപ്തിപ്പെടാതെ ഒരു നവവിപത്തിനെക്കൂടി തന്റെ ശിരസ്സിൽ നിപാതംചെയ്യിക്കുന്നുവോ എന്ന് മീനാക്ഷിഅമ്മ സംഭ്രമിച്ചുപോയി.

ആ സന്ദർഭത്തിൽ മാതാവിനെ സമാശ്വസിപ്പിക്കുന്നതിന് സാവിത്രി കൂടി ഉണ്ടായിരുന്നുവെങ്കിൽ നന്തിയത്തുമഠത്തെ സന്ദർശിപ്പാൻ ഉണ്ണിത്താന്റെ അസാന്നിദ്ധ്യവേളകളിൽ എത്തിക്കൊണ്ടിരുന്ന പണ്ടാരം മറ്റൊരു വേഷംകെട്ടി എത്തിയിരിക്കുകയാണ് എന്ന് ആ കന്യക ധരിപ്പിക്കുമായിരുന്നു.

സമ്പൽകേന്ദ്രമായുള്ള ചിലമ്പിനേത്തുഗൃഹം സന്ദർശിപ്പാൻ മാണിക്കഗൗണ്ഡൻ ആയുധനാരാധകൻ പുറപ്പെട്ടത് ഒരത്ഭുതസംഭവമായി പരിഗണിക്കേണ്ടതില്ലല്ലോ. ഇദ്ദേഹം തിരുവിതാംകൂറിലെ പല സ്ഥലങ്ങളും ഭവനങ്ങളും സന്ദർശിച്ചിരുന്നു എങ്കിലും ഈ ചിലമ്പിനേത്തുഭവനത്തെ അദ്ദേഹത്തിന്റെ പാദപാംസുക്കൾകൊണ്ട് പരിശുദ്ധമാക്കാൻ ഇതിനുമുമ്പു പുറപ്പെട്ടിട്ടില്ലായിരുന്നു. രാജകക്ഷിയോടുള്ള സുസ്ഥിരബന്ധുത്വത്തെ ചിന്തിക്കുകകൊണ്ടായിരിക്കാം ഉണ്ണിത്താന്റെ അഭിമുഖപരിചയം സമ്പാദിപ്പാനും ഇദ്ദേഹം ശ്രമിച്ചില്ല. ആന്തരമായുള്ള എന്തോ മഹാശക്തിയുടെ പ്രേരണയാലോ അനിതരസാമാന്യമായുള്ള കൗടില്യത്തിന്റെ തിരത്തള്ളലാലോ പുറപ്പെട്ടിരിക്കുന്ന ഗൗണ്ഡൻ ഭവനത്തോടടുക്കെ അംഗുലംപ്രതി ക്ഷീണപാദൻ ആകുന്നു. മീനാക്ഷിഅമ്മയെ കണ്ടതിനുമേലുള്ള യാത്ര കേവലം ഒരു നിശ്ചേഷ്ടവിഗ്രഹത്തിന്റേതായിരുന്നു. വരാന്തയോട് അടുത്തപ്പോൾ ആ ഈശ്വരവിദ്വേഷി "ദേവി!" എന്ന് ആക്രോശിച്ചു കൊണ്ട് അവിടെ പൃഷ്ഠംകുത്തി വീണുപോയി. ആദിത്യഭഗവാന്റെ തേജോമയമുഖം ആ ദർശനത്തിൽ മ്ലാനമായി. പീതാംബരഖണ്ഡങ്ങൾപോലെ അവിടവിടെ ചലിച്ചുകൊണ്ടിരുന്ന മേഘശകലങ്ങൾ സ്വരൂപിച്ചു ജയദ്രഥവധത്തിൽ സുദർശനചക്രം അനുഷ്ഠിച്ച കർമ്മത്തെ സാധിച്ചു. ആകാശം മന്ദപ്രഭമായി. വൃക്ഷലതാദികൾ തങ്ങളുടെ ഉന്മേഷനൃത്തങ്ങൾ അവസാനിപ്പിച്ചു. ഭൃത്യസംഘം ഈ അപൂർവ്വാതിഥിയെ സല്ക്കരിപ്പാൻ എന്നപോലെ മുറ്റത്തിന്റെ വടക്കുഭാഗത്തുള്ള വാതിലിൽ എത്തി ഗൃഹനായികയുടെ ആജ്ഞകൾ കാത്തുനിന്നു. തെക്കുള്ള കുന്നിൽ പാളയം അടിച്ചിരിക്കുന്ന 'നവകോടിനാരായണൻചെട്ടിയാർ' ചിലമ്പിനഴിയത്തുകാരുടെ കണ്ണുകളിൽ മണ്ണിട്ടു വല്ല കണ്ണാടിച്ചില്ലും വിറ്റ് ഒന്നുരണ്ട് 'ജാളിക' ഇന്നു പുറത്താക്കും എന്നു ചിന്തിച്ച് ഗ്രാമവാസികൾ ഗോപുരദ്വാരത്തുള്ള ആനക്കൊട്ടിലിൽ സഞ്ചയിച്ചു.

ഗൗണ്ഡന്റെ കണ്ണുകൾ അന്തഃക്ഷീണത്തിന്റെ ലക്ഷ്യമായി അടഞ്ഞുപോയിരുന്നു. എന്നാൽ, തന്റെ ശരീരം സ്പർശിക്കുന്നതായ വസ്തുവിനെയും പരിസരത്തെയും ഒന്നുകൂടി കാണ്മാനായി ഇമകളെ വിടുർത്തി ഒന്ന് ചുറ്റിനോക്കിയപ്പോൾ, പ്രകൃതിയുടെ സാമാന്യഗതിക്കു വിപരീതമായുള്ള ആ സൃഷ്ടിയെ കാണ്മാൻ സഞ്ചയിച്ചിരുന്ന ബുദ്ധിയിൽ ചിന്തകൾ തള്ളിക്കയറി ആ അജിതപരാക്രമനെയും ക്ഷീണനാക്കി. പൂർവ്വസ്മരണകളുടെ ദ്രുതതരപ്രവാഹം ആ ഗിരികൂടകായനിലെ സന്ധാനാവസ്ഥയെയും ഭഞ്ജിച്ചു. "ഝലം, ഝലം" എന്ന് ആഞ്ഞും പിരിഞ്ഞും അവശതയെ അടക്കാൻ ശക്തനല്ലാതെ പുളഞ്ഞുംകൊണ്ടിരുന്ന വൃദ്ധന്റെ ഉത്തമാംഗത്തിൽനിന്ന് ഒരപേക്ഷ പുറപ്പെട്ടപ്പോൾ, മീനാക്ഷിഅമ്മ തന്നെ പോയി,

കനകപ്രകാശം ഇയലുന്ന ഒരു കിണ്ടിയിൽ വെറും പാത്രം എന്നു തോന്നിക്കുന്ന നിർമ്മല ജലം കൊണ്ടുവന്ന്, അസ്വാധീനഭാവം ഒന്നും കാണിക്കാതെ വൃദ്ധനു കൊടുത്തു. വൃദ്ധൻ വിറകൊള്ളുന്ന കൈകളാൽ അതു വാങ്ങി അടുത്തു വയ്ക്കുക മാത്രം ചെയ്തു. ആ ഭവനം ആ 'മങ്കയാളുടേ'തുതന്നെയോ എന്നു ചോദിച്ചപ്പോൾ, അല്ല, തന്റെ ഭർത്താവിന്റേതാണെന്നും അദ്ദേഹത്തിന്റെ കാരണവരായ ഭാഗ്യവാൻ, ഒരു വിക്രമസിംഹൻ, കാര്യനിർവാവഹണങ്ങളിൽ അതിവിദഗ്ധൻ, സ്വകുടുംബത്തെക്കുറിച്ച് അത്യഭിമാനി എന്നിങ്ങനെ ആ ദേശം ഭരിച്ചിരുന്ന പ്രമാണിയാൽ പണിചെയ്യപ്പെട്ടതാണെന്നും മീനാക്ഷിഅമ്മ ധരിപ്പിച്ചു. വൃദ്ധന്റെ ഭുജങ്ങൾ ഒരു ഉന്മാദപ്രഹർഷത്താൽ ത്രസിച്ചു. ഗൃഹനായികയുടെ നാവിൽനിന്നു ദ്രാവിഡവാണിയുടെ സമുൽഗളനം ഉണ്ടായതു തന്റെ അവധൂതവേഷാവലംബനത്തിനു മുമ്പിലെ ഏകച്ഛത്രാധിപാവസ്ഥയിലോട്ട് അയാളുടെ സ്മൃതികളെ പ്രത്യാനയിച്ചു. എന്നാൽ ഗൃഹനിർമ്മാതാവിനെക്കുറിച്ചുള്ള പ്രശംസകൾ ആ വികാരഗതിയെ അവസാനിപ്പിച്ചു. മീനാക്ഷിഅമ്മയുടെ ആദരവാചങ്ങൾക്കു പാത്രമായ ആ ധീമാനെ, "അപ്പടിയാ! അപ്പടിയാ!" എന്നുള്ള സമ്മതസ്വനങ്ങൾകൊണ്ടു വൃദ്ധനും അഭിനന്ദിച്ചു. പല ദേശങ്ങളിലെ വിശേഷാവസ്ഥകളും പറഞ്ഞ് ഗൗണ്ഡൻ ആ മഹതിയെ വിനോദിപ്പിച്ചു. മീനാക്ഷിഅമ്മ ആകട്ടെ, അപരിജ്ഞേയമായുള്ള ഒരു കൃപാശക്തിയുടെ സാന്നിദ്ധ്യത്തെ ആത്മേന്ദ്രിയത്തിന്റെ സ്പർശനശക്തിമാർഗ്ഗേണ ഗ്രഹിച്ചു തന്റെ ചിത്തകമലത്തിനുണ്ടാകുന്ന ജീവസ്മരണത്തെ ചിന്തിച്ച് ആശ്ചര്യപ്പെട്ടു. ബാല്യാവസ്ഥയെ പുനരവലംബിച്ചതുപോലെ വർത്തമാനാവസ്ഥകൾ മറന്ന് ആ മഹതിയും ശൈശവകാലാനുഭവങ്ങൾ വർണ്ണിച്ചു. താൻ ശത്രുപക്ഷത്തിന്റെ ശക്തിയെ പ്രവൃദ്ധമാക്കാൻ പ്രയോഗിച്ചുപോയ ഒരു ലേഖനത്തെക്കുറിച്ചും അജിതസിംഹനെ ആ മഹതിയുടെ പുത്രിയെ വിവാഹംചെയ്തുകൊള്ളുന്നതിന് അനുവദിച്ചു യാത്രയാക്കിയതിനെപ്പറ്റിയും വൃദ്ധൻ പശ്ചാത്തപിച്ചു. തന്റെ ദുഷ്കൃതിവലയത്തിൽ ആ ഗൃഹത്തെയും അവിടത്തെ ദമ്പതിമാരെയും ബദ്ധരാക്കിക്കളഞ്ഞെന്നും തന്റെ മഹാഘങ്ങൾ ആ സ്വേച്ഛാബലിയാൽ എങ്കിലും പരിഹരിക്കപ്പെടട്ടേ എന്നും ചിന്തിച്ചു സൂക്ഷ്മത്തിൽ യശഃപ്രാർത്ഥിയായുള്ള വൃദ്ധൻ ദാഹംതീർക്കാതെ എഴുന്നേറ്റു. വസ്ത്രങ്ങൾക്കിടയിൽ തിരുകിയിരുന്നതും തന്റെ സാമർത്ഥ്യത്താൽ ദിവാൻജിക്കുമാത്രം വിറ്റ മോതിരത്തോടു കിടനില്ക്കുന്നതുമായ ഒരു വജ്രമോതിരത്തെ എടുത്ത് മീനാക്ഷിഅമ്മയുടെ മുമ്പിൽ വച്ചു. ആഗതൻ കഴക്കൂട്ടത്ത് എത്തിയിരിക്കുന്ന വ്യാപാരസംഘത്തിന്റെ തലവനാണെന്ന് ഇതിനിടയിൽത്തന്നെ മീനാക്ഷിഅമ്മ ഊഹിച്ചിരുന്നു. അംഗുലീയത്തിലെ വജ്രങ്ങൾ സ്ഫുരിപ്പിച്ച വിവിധ ദ്യുതികൾ കണ്ട് അതിന്റെ വിലയെ സൂക്ഷ്മമായി നിർണ്ണയപ്പെടുത്തിയ മീനാക്ഷിഅമ്മ അത്ര വിലയേറിയ ഒരു സാധനം ഭർത്താവിന്റെ അനുമതികൂടാതെ വാങ്ങിച്ചുകൂടെന്നു വാദിച്ചു. ആ അനുമതിലബ്ധിക്കുശേഷം വില തന്നാൽ മതിയെന്നും അദ്ദേഹം നിശ്ചയിക്കുന്ന വില സ്വീകരിച്ചുകൊള്ളാമെന്നും പറഞ്ഞ് മോതിരത്തെ പടിയിൽ വച്ചിട്ട് വൃദ്ധൻ നടകൊണ്ടുകളഞ്ഞു. കഷ്ടമേ! ഇതും മൂർച്ഛിച്ചിരിക്കുന്ന ഗൃഹച്ഛിദ്രത്തെ ദാമ്പത്യഖണ്ഡനമായിത്തീർക്കുന്നതിനുള്ള ഒരു വജ്രായുധമായി പരിണമിക്കും എന്ന വസ്തുത ആ മഹതി ഗ്രഹിക്കുന്നില്ല.

ഒരു നവമിചന്ദ്രന്റെ ശൃംഗങ്ങൾ കഴക്കൂട്ടം ഗ്രാമത്തിന്റെ പശ്ചിമപരിധിയായുള്ള നാളികേരതരുശിഖരങ്ങളുടെ ഇടയിൽ മറയുന്നു. കിഴക്കുതെക്കുള്ള ചെറുകുന്നിലെ കാട്ടിനി

ടയിൽ കാണുന്ന പല കൂടാരങ്ങളും അതുകൾക്കകത്തെ അതിയായ ദീപപ്രസരവും ഗൗണ്ഡവ്യാപാരത്തിന്റെ പ്രവർത്തനോന്മേഷത്തെ ദ്യോതിപ്പിക്കുന്നു. ശൂലധരന്മാർ അകത്തുള്ള സമ്പത്തുക്കളെ സംരക്ഷിച്ച് റോന്തുചുറ്റി ഉന്മേഷഗാനങ്ങളും പാടി സഞ്ചരിക്കുന്നു. തിരുവനന്തപുരത്തെ പാർപ്പിനിടയിൽ ഈ പരിജനസംഘത്തെ നിശബ്ദന്മാരാക്കിയിരുന്ന ഉഗ്രനിബന്ധനകൾ ശ്ലഥങ്ങൾ ആയിരിക്കുന്നു. ഹിന്ദുസ്ഥാനിഗാനങ്ങൾ സമീപദേശങ്ങളിലെ ഭവനങ്ങളിൽ പ്രതിധ്വനിച്ചു ഗൗണ്ഡപ്രതാപത്തെ ഉച്ചൈസ്തരം കീർത്തിക്കുന്നു. വിക്രമരാശികളുടെ സങ്കേതമായിരുന്ന ആ സ്ഥലത്തെ പരിപാലനം ചെയ്തു് ഒരു സർവ്വംഭക്ഷകന്റെ തൃഷ്ണാഗ്നിയിൽ ആഹൂതയായ ചാമുണ്ഡിയും ഗൗണ്ഡന്റെ സമാഗമത്തിൽ പുനരവതീർണ്ണയായി, ഒരു ഇന്ദ്രഖഡ്ഗനിപാതംകൊണ്ടു് വിശ്വയന്ത്രഭ്രമണത്തിന്റെ ഋജ്ജുഗതിയെക്കുറിച്ചു അഭ്യസ്ഥരാക്കുവാൻ തന്റെ ദ്വിസഹസ്രഹസ്തങ്ങളും കൊട്ടി ലോകത്തെ ഉണർത്തുന്നു. ഈ അദൃശ്യപ്രവർത്തനത്തെയും സമീപസ്ഥമായുള്ള സംഹാരശക്തിയുടെ ത്രിനേത്രത്വത്തെയും ചിന്തിക്കാതെ ഗൗണ്ഡൻ പാളയത്തിൽനിന്നു് ലഘുവായുള്ള ഒരു മുണ്ടും കുപ്പായവും മാത്രം ധരിച്ച്, ചെറിയ ഒരു തോക്കും തിരുകി, ദൈർഘ്യം കുറഞ്ഞതായ ഒരു വടിവാളും ഊന്നി, നഗ്നശിരസ്സായി, യുവദശയിലോട്ടു പ്രവിഷ്ടയാകുന്ന തിമിരകാളിയെ അഗമ്യപരിരംഭണം ചെയ്യുവാൻ എന്നപോലെ ആ വിഷകൂടത്തിന്റെ സൂക്ഷ്മപ്രമാണം അനുസരിച്ച് താന്മാത്രനായി, പാളയത്തിനെ വലയം ചെയ്യുന്ന കാടിനെ തരണംചെയ്തു് ഗ്രാമപ്രാന്തത്തിൽ എത്തുന്നു. മദ്യസേവയാലോ ഹൃദ്യമായുള്ള വായുശ്വസനത്താലോ ഗൗണ്ഡൻ ഉന്മത്തനായ ഗജേന്ദ്രനോടു 'സമത' വഹിക്കുന്നു. അഷ്ടഗ്രഹപ്രമാണികൾക്കു് വിധിച്ച നരമേധങ്ങളുടെ നിർവ്വഹണരംഗങ്ങളെ തരണംചെയ്യുന്ന വേളയിലും വൃദ്ധൻ ഭീതനാകുന്നില്ല. ഉഗ്രധ്വനിയിൽ വടിവാൾ ഊന്നി നടകൊള്ളുന്നതു് ആ കായകുട്ടിമത്തിൽ സംഭൃതം ആയുള്ള നിഷ്ഠുരതയുടെ താണ്ഡവധ്വനികൾ എന്നപോലെ നിശാപ്രശാന്തതയെ ധ്വംസിക്കുന്നു. ഈ അപ്രതിരോധ്യമായ നിശാടനത്തിനിടയിൽ കേവലം ഭാവനമാത്രത്താൽ താൻ ആളുന്ന സമ്രാട്പദത്തെ ചിന്തിച്ച് ആ ക്ഷുദ്രമൂർത്തി സകല ചരാചരങ്ങളെയും, അവസ്ഥാവിവിധത്വങ്ങളെയും സൃഷ്ടിസ്ഥിതി സംഹാരകൃത്യങ്ങളെയും ഭർത്സിക്കുന്നു. സപ്തസമുദ്രങ്ങളാലും അശാമ്യമായ ഒരു തൃഷ്ണാഗ്നേയതയെയും അയാൾ ബഹിഷ്കരിച്ചുപോകുന്നു. "അയ്യടാ! ആ കൊലമാടന്മാർ കരളറുത്തുകൂട്ടിയ ആ നേട്ടം എന്റെ ചാമുണ്ഡീ – എടുത്തോ, പിടിച്ചോ, നീ ഒരുട്ടും പാട്ടും എവന്റെ കണക്കു്. ഛേ! കണ്ണടച്ചേക്കു്. ആ നേട്ടം ഇവനു കൈയടങ്ങട്ടെ. ഹും! പെരിഞ്ചക്കോടന്റെ പറയരെ പോവാൻ പറ. ഇതുംകൊണ്ടു് അങ്ങു ചെന്നു് ഉറുപ്പ ഉറുപ്പയായി തട്ടുമ്പോൾ, ടിപ്പുക്കൊമ്പന്റെ കഴുതയാട്ടം – ഹടട സഭാഷ്! ഈ തിരുവിതാംചൂല്യ പൈത്യാറക്കളത്തിൽ ആ ബൗത്ഥച്ചെറുക്കൻ ജാമനീമ എല്ലാം പോട്ടു – ഹഠ! പാപ്പാസും ചെരുകി, തലക്കൊട്ടയിൽ കൽക്കിയും ചാർത്തി നവാദ്വേഷം ആടണതെല്ലാം; അപ്പോ – " ഒരു പഞ്ചാസ്യരവംതന്നെ ആ വൃദ്ധകണ്ഠത്തിൽനിന്നു പുറപ്പെട്ടതു് ശിവക്ഷേത്രസ്ഥനായ ശിലാനന്ദിയെയും കിടുക്കി.

ചിലമ്പിനേത്തു ഭവനത്തിന്റെ പടിയ്ക്കൽ എത്തിയപ്പോൾ, വൃദ്ധൻ വടിയെ പ്രാകാരത്തിൽ ചാരിയിട്ടു ശിരസ്സിനെ ഗോപുരവാതിലിൽ നമിച്ചു പ്രാണായാമക്രിയ എന്നപോലെ

ശ്വസനനിയമനംചെയ്തു നിലകൊണ്ടും ആ നിലയിൽ നില്ക്കെത്തന്നെ "ഹാ ഹാ! പെണ്ണു പാവം! കൊച്ചുകേശവനും വെറും പാവത്താൻ. അപ്പ! നിന്നെ ദ്രോഹിച്ച് ഈ പെണ്ണിനെ തേവിടിയാടിച്ച ആ കാളതിന്നി ധൂക്ഷിച്ചോട്ടെ. ത്സെമ്മശ്ശനിയാൽ ഇഴവലി വലിച്ച് ഈ ഥടിയനെ ഈ നട്ഠാദരേദ്ര്യം വെളയണടത്തു കൊണ്ടു ചാണ്ടീരിക്കണതു് ആ മുടിവിനാശ ക്കാരന്റെ ഹന്തത്തിന്. ഇങ്ങോട്ടു തിരുമ്പിയപ്പോത്തന്നെ ഇവന്റെ ഓദ്ധസ്സു കെട്ടുപെയ്. അതു വരട്ട് വരട്ട് വരട്ട്. മുച്ചൂടും ഛരിക്കും വരും. അല്ലെങ്കിൽ ഹെവനിട്ട പേർ മാറ്റിയിട്ടിട്ടു ഓടലെടുക്കാം." ഇങ്ങനെയുള്ള ധൈര്യവാക്കുകൾകൊണ്ട് ഒരു പ്രതിജ്ഞയെ അതു കേൾ ക്കാത്ത ദമ്പതികളോടു ചെയ്തുകൊണ്ടും വാതലിന്റെ നെടുപടികളിൽ ചുംബനം ചെയ്തിട്ടും ഗൗണ്ഡൻ തെക്കോട്ടു നടതുടങ്ങി. ചിലമ്പിനഴിയത്തു പറമ്പിന്റെ അടുത്തു തെക്കുവശമായി അഴിഞ്ഞുകിടക്കുന്ന ഒരു പറമ്പു കണ്ടപ്പോൾ "ഇതും കേറി ഒന്നു കണ്ടേച്ചു്, ചാമുണ്ഡിയമ്മേ ടെ തറയിലു –നമുക്കെന്തു ചേതമെന്നേ – ഒന്നു കുമ്പിട്ടുകളയാം" എന്നു പറഞ്ഞുകൊണ്ട് ആ പറമ്പിലോട്ടു കടന്നു.

കുട്ടിക്കോന്തിശ്ശനായ മഹാമാന്ത്രികന്റെ പൂജാഗൃഹമായിരുന്ന മന്ദിരം, മീനാക്ഷി കേ ശവൻകുഞ്ഞ് എന്ന കാമിനീകാമുകന്മാരുടെ ലക്ഷ്മീനാരായണ സംയോഗത്തിന് പൂർവമാ യുള്ള പ്രണയരംഗം, അവസാനദശയിൽ ഭൃത്യവർഗ്ഗോത്തംസമായ ഭക്തശിരോമണി കുപ്പ ശ്ശാരാൽ പരിസേവ്യമായിരുന്ന വാത്സല്യക്ഷേത്രം, ഉഗ്രശാന്തന്മാരുടെ നിര്യാണത്തിൽ സഹഗാമിനിയായി സ്വർഗ്ഗാരോഹണം ചെയ്ത് ധീരജനനിയുടെ ചരമരംഗം. ഇങ്ങനെയു ള്ള ഭവനം നിലത്തുവീണ്, മരക്കഷണങ്ങൾ കണ്ടവർക്കു വിറകായി. അസ്തിവാരത്തറയും പൊടിഞ്ഞ് ഏതാനും കരിങ്കൽപടികളും ഒരു മണൽത്തിട്ടയും മാത്രം ശേഷിക്കുന്നു.

അനന്തരരംഗം കാണ്മാനുള്ള വൈമനസ്യം കൊണ്ടെന്നപോലെ ചന്ദ്രഖണ്ഡം അഞ്ചി യിൽ മറഞ്ഞു. നിശാകാളി അനന്തമായ ജടാഭാരം വിരിച്ചിട്ടു സ്വൈരനൃത്തം തുടങ്ങി. ആ കാലസോദരിയുടെ കാന്തനെന്നപോലെ മന്ത്രക്കൂടഭവനത്തിന്റെ അവശേഷക്കുന്നിന്മേൽ ദണ്ഡധാരിയായി നില്ക്കുന്ന ഗൗണ്ഡൻ തന്റെ പ്രണയഗതിക്ക് അനുരൂപമായ സമൃദ്ധകേശി യുടെ നിശ്വാസഗന്ധം ഏറ്റുതന്നെ പ്രവൃദ്ധോന്മാത്തനായി. സ്വഹസ്തദൗഷ്ട്യത്താൽത്തന്നെ, കാലപദം ചേർക്കാനായി ആനീതനാക്കപ്പെട്ട ഒരു കാളമേഘാകാരന്റെ സ്വരൂപസ്മരണ പോലും ആ നിശാചാരിയെ സംഭ്രമിപ്പിക്കുന്നില്ല. നിരാത്മകമായുള്ള പ്രപഞ്ചഘടനയെ പ്രമാണിക്കുന്ന ആ അശ്മഹൃദയൻ ആ പ്രദേശത്തെ എന്നല്ല അതിനെ സംവരണം ചെയ്യു ന്ന സംസ്ഥാനത്തെയും ആ വൃദ്ധദശയിലെങ്കിലും തന്റെ ചന്ദ്രഹാസധാരയാൽ അഞ്ചിത നേത്രമാക്കി ഭരിക്കുന്ന 'ഭൗഞ്ചി' (മഹിമ) യെ ഇച്ഛാഫലമായി സന്ദർശിച്ചു, കോന്തിശ്ശന്റെ പൂജാവിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരുന്ന നാളസ്ഥാനത്തുതന്നെ ഒരു ചണ്ഡാലനൃത്തം തുടങ്ങി. ആ നിശാചരരക്ഷസ്സിന്റെ പാദത്തെ താങ്ങാൻ ശക്തയാകാത്ത ഭൂദേവി ദുസ്സഹവ്യഥയാൽ വിലകി, ഗൗണ്ഡന്റെ പാദങ്ങളിൽ ഒന്നു കീഴ്പ്പോട്ടു താണു. തന്റെ ജീവിതകാലത്തെ പരമദുഃ ഖത്തിനും മഹാധമമായുള്ള അധഃപതനത്തിനും സംഗതി ആക്കിയ ഒരു സമ്പൽസഞ്ചയ ടത്തെ ഭയാനകമായി ശപിച്ചുകൊണ്ട് വൃദ്ധൻ ആണ്ടുപോയ പാദത്തെ ഭൂവിലത്തിൽനിന്നു പ്രതിസംഹരിച്ചു. പെട്ടെന്നു നേരിട്ട ആപത്തിൽനിന്നു നിവൃത്തനായി. സമചിത്തത അവ ലംബിച്ച് അരനിമിഷം ചിന്തിച്ചപ്പോൾ വൃദ്ധൻ ആകാശംമുട്ടെ ചാടി, അട്ടഹാസാവലികൾ

ചാമുണ്ഡിദേവിയെത്തന്നെ ക്ഷീണിപ്പിക്കുമാറ് മുക്തമാക്കി. ഏകഹസ്തത്താൽ ഊരുപിണ്ഡത്തിന്മേൽ താളങ്ങൾ അറിഞ്ഞിട്ട് അപരഹസ്തത്താൽ സ്വദണ്ഡത്തെ പാദം താഴ്ന്ന വിലത്തിലോട്ട് ഇറക്കി ഭുജത്തോളം ഹസ്തവും താഴ്ത്തി. ഹാ! ഈ അഗാധവിലം സ്വർഗ്ഗത്തിലേക്കൊ നരകത്തിലേക്കോ സ്വർഗ്ഗനരകങ്ങൾ രണ്ടും ചേർന്നുള്ള ഒരു മണ്ഡലത്തിലേക്കോ നയിക്കുന്ന നവപാതാളം എന്നു സങ്കല്പിച്ചുകൊണ്ട് ഹൃദയഭേരിയുടെ നഗരാവീക്കുകളാൽ ഉന്മിഷിതനാക്കപ്പെട്ടെ ഗൗണ്ഡൻ അല്പം വലുതായ ഒരു കൽക്കഷണത്തെ, അയാളുടെ മാർജ്ജാരനേത്രങ്ങളുടെ സഹായത്താൽ കണ്ടുപിടിച്ചു, വിലത്തിലോട്ടിട്ട് ആകാംക്ഷാജ്വരത്തിന് അധീനനായി, ദത്തശ്രവണനായി നിന്നു. വിനാഴിക–കൽക്കഷണം ഒരു മുനമ്പിന്മേൽ തടയുന്നു. വിനാഴിക–മറ്റൊരു മുനമ്പിന്മേൽ സംഘട്ടനംചെയ്യുന്ന ഒരു മന്ദ്രധ്വനി. വിനാഴിക–അതാ ഹാ! അത്യഗാധപ്രദേശത്തുനിന്ന് ഒരു–ഗൗണ്ഡൻ ചാമുണ്ഡി തുള്ളിത്തുടങ്ങിയിരിക്കുന്നു. ഒരു–ഗൗണ്ഡൻ വിലത്തിലോട്ടു ചായുന്നു–ലോഹധ്വനി വൃദ്ധൻ മരണോർദ്ധ്വനെന്ന പോലുള്ള ഒരു നാസാക്രോശത്തോടെ വിലത്തിന്മേൽ അഷ്ടാംഗപ്രണാമവാൻ ആകുന്നു.

സ്വർഗ്ഗലബ്ധി, ത്രിലോകലബ്ധി, ഉത്സാഹിയായ പുരുഷനെ ജയലക്ഷ്മി ഉപേക്ഷിക്കയില്ല. വൃദ്ധൻ വാപൊത്തി, മീശയടക്കി മുമ്പോട്ടും പുറകോട്ടും ആഞ്ഞു, ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിച്ച് ഇടയ്ക്കിടെ കൈകൊട്ടുന്നു. ഈ വിഭ്രാന്തിനൃത്തം മേളിച്ചു നില്ക്കുന്നതിനിടയിൽ വൃദ്ധന്റെ ദക്ഷിണഭാഗത്തു താൻ ഉദയത്തിൽ അണിഞ്ഞിരുന്നതുപോലുള്ള ഒരു വേഷം നിലകൊള്ളുന്നു. ചിന്തയ്ക്കുള്ള നിമിഷം മാത്രം എങ്കിലും കഴിയുന്നതിനിടയിൽ വൃദ്ധന്റെ വടിവാൾ ഉറയിൽനിന്നു പുറത്തായി ചീറിത്തുടങ്ങുന്നു. ആ ചീറ്റം ദീർഘിച്ച് ആകാശത്തിൽ പല വൃത്തങ്ങളും ലേഖനം ചെയ്തിട്ടു ഖഡ്ഗം ദൂരത്തു വീഴുന്നു. അരയിലെ കൈത്തോക്ക് ആരനിമിഷംകൊണ്ടു പുറത്താകുന്നു. കൈലാസശിഖരംപോലെ ഗൗണ്ഡൻ തന്നെ ഉയർത്തപ്പെട്ടു, ദൂരത്തുള്ള കാട്ടുചെടികൾക്കിടയിൽ നിപതിതനുമാകുന്നു. നോവുകൾ കൂടാതെ രക്ഷപ്പെട്ടു, വീണടത്തുനിന്ന് ഉരുണ്ടുപിരണ്ടു് എഴുന്നേറ്റു വിലത്തിന്റെ സമീപത്തു മടങ്ങി എത്തിയപ്പോൾ രംഗം ജനശൂന്യമായിരിക്കുന്നു. തന്റെ വിഭ്രമത്തെയും, സാഹസങ്ങളെയും കുറിച്ചു തന്നത്താൻ ഭർത്സിച്ചുകൊണ്ടും നിശയെയും തിമിരകാളിയെയും മനശ്ശകലംകൊണ്ടു ചാമുണ്ഡിയെയും അനുഗ്രഹിച്ചും ജന്മോദ്ദേശ്യസാകല്യവും സാദ്ധ്യമായതുപോലെയുള്ള ഉന്മാദജ്വരത്താൽ വിറകൊണ്ടും വൃദ്ധൻ തന്റെ പാളയത്തിലേക്കു മടങ്ങി, കനകാഭ്രനിർമ്മാണം എന്ന ബ്രഹ്മാവും തുനിയാത്ത കർമ്മത്തെ മനസാ ആരംഭിച്ചും തുടർന്നും സൂര്യഭഗവാനേ മുന്നിട്ടു ശയ്യയിൽനിന്ന് എഴുന്നേല്ക്കുന്നു.

ഉദിച്ചപ്പോൾ പൂർവ്വോദയത്തിലെ വേഷത്തിൽത്തന്നെ ഗൗണ്ഡൻ മീനാക്ഷിഅമ്മയെ കണ്ടു തെക്കുവശത്ത് അഴിഞ്ഞുകിടക്കുന്ന പറമ്പിൽ തന്റെ പാളയം ഉറപ്പിക്കുന്നതിന് അനുമതി കിട്ടണമെന്നപേക്ഷിച്ചു. ഒന്നുകൂടി നോക്കിയിട്ടു വന്ന് ആവശ്യപ്പെട്ടാൽ വിരോധം ഇല്ലെന്ന് ആ മഹതി പറഞ്ഞപ്പോൾ ഗൗണ്ഡൻ അങ്ങോട്ടു നടന്നു. ഹ! ഹ! ഹ! ആശ്ചര്യമേ! ബ്രഹ്മാണ്ഡമഹാവസാദമേ! ശാശ്വതനാശോന്മുഖനായി പ്രയാണം ചെയ്ത് ഒടുങ്ങിയ കോന്തിയാശ്ശന്റെ ഉപാസനയാൽ സൃഷ്ടങ്ങളായ തക്ഷകകോടികൾ തന്നാൽ ദീർഘകാലപ്രാർത്ഥിതമായുള്ള നിധിയെ വലയംചെയ്തു രക്ഷിക്കുന്നു.

കല്പാന്തകലാപംപോലുള്ള ഗൗണ്ഡന്റെ വിഭ്രമാവേശം അവസാനിച്ചപ്പോൾ അയാൾ ദർശിച്ചത് ഇപ്രകാരമുള്ള അവസ്ഥാവ്യത്യാസങ്ങൾ ആയിരുന്നു. പാർവ്വത്യകാർ, മുന്നിലക്കാർ, ചേരുമനക്കാർ എന്നിവർ സമീപത്തുള്ള ആളുകളെ എല്ലാം വരുത്തി രാജാജ്ഞയാൽ ബഹുജനോപയോഗത്തിനായി ഒരു നീരാഴി തോണ്ടിത്തുടങ്ങിയിരിക്കുന്നു. ആ ധർമ്മോദ്യമത്തിൽ രാജപ്രാതിനിധ്യം വഹിച്ചു നിന്നിരുന്ന കുഞ്ഞെക്കട്ടിപ്പിള്ളകാര്യക്കാർ ഹിന്ദുസ്ഥാനിയിൽ സ്വാഗതം പറവാനും കഴക്കൂട്ടം പ്രദേശത്തിന്റെ സ്ഥലപുരാണങ്ങൾ കേൾപ്പിപ്പാനും ഗൗണ്ഡവൃദ്ധന്റെ സമീപത്തോട്ടു നീങ്ങി. ആകാശവിധാനം വിച്ഛിന്നമായി നീലമലകളെത്തന്നെ വർഷിച്ച് ആ പിംഗളാക്ഷങ്ങളുടെ ദർശനത്തെ ഒരു തിമിരയവനികയാൽ പ്രതിബന്ധിച്ചു. ശ്രീരാമന്റെ ദിവ്യബാണങ്ങളാൽ വിച്ഛിന്നാംഗമായ കുംഭകർണ്ണമഹാവിഗ്രഹംപോലെ ഗൗണ്ഡൻ നിലത്തു വീണു വക്ത്രനാസാദ്വാരങ്ങളിൽക്കൂടി രക്തം പ്രസ്രവിപ്പിച്ചു.

14

"അത്രിയെന്നുള്ള താപസശ്രേഷ്ഠന്റെ ആശ്രമംനോക്കിപ്പോയാലുമേവരും
എല്ലാറ്റിനുമൊരു കഴിവുണ്ടാകും – കല്യാണാംഗീകനിവുള്ള താപസീ!"
"എനിക്കിന്നിതു കേട്ടിട്ടു ജ്വലിക്കുന്നുണ്ടു കോപം പിണക്കി-
യകറ്റുവൻ ഞാനവനെയും, ധ്രുവമവളേയും, രാജ്യമകലേയും"

ഒരു ശതകാർദ്ധത്തിനു മുമ്പ് കഴക്കൂട്ടം പ്രദേശത്തിനു ചരിത്രവിശ്രുതി ഉണ്ടാക്കിത്തീർത്തതായ പ്രഭുകുടുംബത്തിന്റെ ഗൃഹത്തെ കുളംതോണ്ടുവാൻ മഴു താഴ്ത്തിയ 'പണ്ടാരവക' എന്ന മൂർത്തി, ആ കുടുംബത്തിന്റെ വക ഒരു പറമ്പിൽത്തന്നെ പുരുഷാർത്ഥചതുഷ്ടയത്തിൽ രണ്ടാമത്തതിന്റെ ലബ്ധിക്കായി ഒന്നാമത്തതിന്റെ നിർവഹണത്തിനെന്ന നാട്യത്തിൽ ഒരു സരസ്സിന്റെ നിർമ്മാണം ആരംഭിക്കുകയും അതിന്റെ നടത്തിപ്പിനായി തിരുവനന്തപുരത്തുനിന്നു ചില അശ്വാരൂഢന്മാർ എത്തുകയും ചെയ്തപ്പോൾ അധികം പരമാർത്ഥം അറിഞ്ഞവർ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ എഴുന്നള്ളിയിട്ടുണ്ടെന്നു പ്രസിദ്ധമാക്കി. എന്നാൽ നീരാഴിയുടെ 'ഉദ്ഘാടനോത്സവം' വരെ ആ സ്ഥലം അനന്യപ്രവേശ്യമാണെന്ന് ഒരു വിളംബരം പുറപ്പെടുകയാൽ ബഹുജനങ്ങളുടെ ഉത്സാഹോഷ്മാവ് സന്നിപാതത്തിലോട്ടു താണു. കാഴ്ച കാണ്മാൻ കൊതിച്ചു ഭഗ്നേച്ഛക്കളായവരുടെ ധർമ്മമായി പടയ്ക്ക് ആൾപിടിത്തം ഉണ്ടെന്നുകൂടി പ്രസിദ്ധമായപ്പോൾ അമ്മായിശ്ലോകക്കാർ ജാതകാന്വേഷികൾ എന്നു തുടങ്ങിയ സാമുദായികപിപീലികകൾ ആശൗചം നടിച്ചു സ്വഭവനങ്ങളിൽ അടങ്ങിപ്പാർത്തു.

മീനാക്ഷിഅമ്മ സന്ധ്യ കഴിഞ്ഞു ചിലമ്പിനേത്തുഭവനത്തിന്റെ പൂർവ്വഭാഗത്തുള്ള വടക്കേത്തളത്തിൽ ക്ഷീണത്തോടെ നടന്നു 'മാതാന്നപൂർണ്ണേശ്വരി! 'എന്ന് അവസാനിക്കുന്ന ശ്ലോകങ്ങൾ മധുരാലാപം ചെയ്തു സ്വകർണ്ണത്തെയും സ്വാത്മാവെയും വിശ്വാംബികയെയും ഏകകർമ്മത്താൽ പ്രീണിപ്പിയ്ക്കുന്നതിനിടയിൽ 'പിടികിട്ടിപ്പോയി' എന്നുള്ള ഒരു വിളിയോടെ രണ്ടു ബാഹുദണ്ഡങ്ങൾ അവരെ ആവരണം ചെയ്തു. ഇങ്ങനെയുള്ള സ്വാതന്ത്ര്യ

ക്രിയ അനുഷ്ഠിക്കുന്ന 'ബാലയുവാവ്' മറ്റാരും അല്ലെന്ന് ഗ്രഹിച്ചിരുന്ന ആ മഹതി ഇപ്രകാരം പരിഭവിച്ചു: "ഇതെന്തു മര്യാദയാണ് വിക്രമാ! പേടിപ്പിച്ചും ഞരമ്പിളക്കാൻ നോക്കുന്നോ? ഞങ്ങടെ അടുത്തു വരരുതെന്നല്ലയോ ചട്ടം? നിനക്കെങ്കിലും ഞങ്ങളെ ഗ്രഹപ്പിഴ പെരുകാതെ സൂക്ഷിച്ചുകൊള്ളരുതോ?"

ത്രിവിക്രമൻ: "അതെങ്ങനെ അമ്മച്ചീ? അവിടെവച്ച് 'ഇവിടെ കേറിക്കൂടാ' എന്നു പറഞ്ഞാൽ ഭൂലോകമെല്ലാം ആകുമോ? അതുമല്ല, ഞാൻ മോഷ്ടിക്കുമെന്നു പേടിച്ച കാമധേനു ഇവിടെ ഇല്ലല്ലോ."

മീനാക്ഷിഅമ്മ ജീവനോടും കുടുംബത്തോടുമുള്ള ബന്ധത്തെ അവസാനിപ്പിച്ചും സമചിത്തയും നിസ്സംഗയും ആയിത്തീർന്നിരിക്കുന്നതുപോലുള്ള നാട്യത്തിൽ മറുപടി പറഞ്ഞു: "ഇന്നു നിന്റെ മോഷ്ടിപ്പ് അവസാനിക്കുമല്ലോ. പുടവകൊട നാലഞ്ചു നാഴികയ്ക്കകം നടക്കും. അങ്ങിനെ എന്റെ ദേവീ! എല്ലാവരും സന്തോഷിപ്പിൻ. നിന്റെ നേർക്ക് അവളുടെ അച്ഛൻ വിധിച്ചിരിക്കുന്ന നാടുകടത്തലും അപ്പോൾ തീരുമല്ലോ."

വിക്രമൻ പറക്കാനെന്ന ഭാവത്തിൽ ഒന്നു കുതിച്ചു തിരിഞ്ഞു, കൈവിടുർത്തി ഉള്ളംകൈകൾ ചലിപ്പിച്ചു.

മീനാക്ഷിഅമ്മ: "നീ എന്തിളക്കക്കാരൻ! എന്തിനു വന്നു എന്നു പറയാതെ ഓടിപ്പോകാൻ തുടങ്ങുന്നതു ഗോഷ്ടി അല്ലയോ?"

ത്രിവിക്രമൻ: (തിരിഞ്ഞുനിന്ന്) "ഇപ്പോൾ ഇച്ചിറക് രണ്ടു് വീശിയാൽ പുടവകൊടയ്ക്ക് അവിടെ! വന്നിരിക്കുന്നതു പഞ്ചകല്യാണിക്കുതിരയിലാണ്. 'നവാബ്കോട്ടയ്ക്ക് ശണ്ഠയ്ക്കു പോറാൻ – രാജാജേശിംഗ്' എന്ന്, വച്ചൊരു ഭറതാൻ കൊടുത്താൽ രണ്ടാം നാഴികയ്ക്ക് കിഴക്കേനന്തിയത്തു ഞാൻ ഇല്ലാഞ്ഞാൽ സാവിത്രി പുടവ വാങ്ങൂല്ല."

ത്രിവിക്രമന്റെ മുതുകിൽ ക്ഷീണിച്ചുള്ള ഹസ്തംകൊണ്ടു് ഒരു പ്രഹരം കിട്ടി.

മീനാക്ഷിഅമ്മ: "നോക്ക്, വേണ്ടാസനത്തിനൊന്നും നീ പോകരുതു്. അദ്ദേഹത്തിന് എന്തോ ഒരു ഭ്രമം. അവളുടെ കർമ്മമാണ്. ഇവടെ അവസാനം എന്നും വയ്ക്ക്. ഏതെങ്കിലും, തമ്പുരാൻ കൊണ്ടുപോകട്ടെ."

ത്രിവിക്രമൻ: "അമ്മച്ചി കേട്ടിട്ടില്ലേ? 'ഈച്ച കടിച്ചല്ലോ കുലയാനത്തലവൻ ചത്തു–പാറ്റ കുടിച്ചല്ലോ കടൽവറ്റി കരയായിത്തീർന്നു'– അങ്ങനെയൊരു പാട്ട്."

മീനാക്ഷിഅമ്മ: "നോക്ക് – നീതന്നെയാണ് ആപെണ്ണിനെ വഷളാക്കിയതു്."

ത്രിവിക്രമൻ: "അതേ, അതേ. ഇനിയും വഷളാക്കും. ഇതാണ്ടേ അമ്മച്ചീ, പക്ഷേ, അമ്മാവനെപ്പോലെ മൂക്കും തുള്ളിച്ചോണ്ടു് –"

മീനാക്ഷിഅമ്മ: (ശാസനയായി) "അങ്ങനെ പറയാതെ. അവളെ ആ തമ്പുരാൻ കൊണ്ടു പോകും. അപ്പോൾ നിന്നോടുള്ള വിരോധവും നീങ്ങിയേക്കാം. എന്തായാലും നാം തമ്മിലുള്ള ബന്ധം നിന്റെ വല്ല വാക്കും കൊണ്ട് –"

ത്രിവിക്രമൻ: "അമ്മച്ചീ! 'ഒന്നാം കടപ്പുറവാരെ ഒന്നര മയിൽ കൊണ്ടാടുന്നു ആർക്കു കാണ്മാനാടുന്നെന്റെ തേവാരപ്പൊൻ പെൺമയിലേ?' ഇതിനുത്തരം പറയണം."

മീനാക്ഷിഅമ്മ: (അക്ഷമയായി) "എന്തോന്ന് ത്രിവിക്രമാ ഇത്? ഇന്ന് അവൾക്ക് പുടവ കൊട എന്നു കേട്ടപ്പോൾ നിനക്ക് ഭ്രാന്തുപിടിച്ചു എന്നുതന്നെ തോന്നുന്നു."

ത്രിവിക്രമൻ: "കൊല്ലത്തു തടംകൊണ്ടു കൊടുങ്ങല്ലൂർ വേരോടി – അവിടെ മുളച്ചോരു ചെഞ്ചീര – ചെഞ്ചീര പറിച്ചപ്പോൾ – കണ്ടതെന്തോന്നമ്മച്ചീ? തമ്പുരാനും കിമ്പുരാനും അല്ലാ. എല്ലാം അമ്മാവൻ പറയും. ദിവാൻജി അമ്മാവൻ – അതൊക്കെ രഹസ്യങ്ങള്; കളിയല്ലാ. അമ്മച്ചി നിന്നു വിറയ്ക്കണ്ടാ. (അതിദൃഢസ്വരത്തിൽ) പുടവകൊട പുകയും. അയാൾ പുളിശ്ശേരി കൂടിച്ചോണ്ടു് ഈ രാത്രിതന്നെ പമ്പകടക്കും."

മീനാക്ഷിഅമ്മയായ ആ പതിവ്രത, ത്രിവിക്രമന്റെ വാക്കുകൾ വിശ്വസിക്കുകയാൽ, വിച്ഛിന്നേംഗിതനാകുമ്പോൾ കോപിക്കുന്ന ഭർത്താവിന്റെ നിലയെ ധ്യാനിച്ച് ഉദ്ധൂതജീവിയായി നിന്നു.

ത്രിവിക്രമൻ: "ഒന്നും പേടിക്കേണ്ടമ്മച്ചീ! ഇവിടത്തെ നല്ലമ്മാവനെയും എല്ലാം ശരി ആക്കിക്കൊള്ളാമെന്നു കല്പിച്ചുതന്നെ ഏറ്റിട്ടുണ്ടു്. ഇവിടെ ഒരു രതക്കമ്പിളി വിരിച്ച് ഒരു ചാവട്ടയും കൊണ്ടിടുവിക്കണം."

മീനാക്ഷിഅമ്മ: "എന്റെ വിക്രമൻകുട്ടീ, കളിക്കാൻ നിക്കാതെ. നീ പുരുഷനല്ലയോ? പെണ്ണുങ്ങളെ ഇട്ടു പാവ ആടിപ്പാൻ നോക്കാതെ. സാവിത്രിയുടെ പുടവകൊടയ്ക്ക് അവിടെ കേമമായി വട്ടംകൂട്ടുന്നു. തമ്പുരാന് ഇങ്ങേ അറ്റം മഞ്ചലുകളുടെയും വഴിയിൽ കാത്തുനില്ക്കുന്നു എന്നു കേട്ടു. അതുകൊണ്ടു് എന്റെ അപ്പൻ ഇളക്കമൊന്നും ഇനി കാട്ടരുതു്."

ത്രിവിക്രമൻ: "അതുപോകട്ടെ അമ്മച്ചീ! ദിവാൻജി അമ്മാവൻ ഇതാ ഇപ്പോൾ ഇങ്ങ് എത്തും. വെള്ള വല്ലതും മാറിനിന്ന് അദ്ദേഹത്തെ സല്ക്കരിക്കണം."

മീനാക്ഷിഅമ്മ: "എന്റെ ഒരുക്കം കാണേണ്ടവർ വരുമ്പോൾ ഞാൻ ഒരുങ്ങിനിന്നുകൊള്ളാം. നിനക്ക് ഒരു കളി കാണണമെങ്കിൽ ഒരു പെട്ടി എടുത്തു കാണിക്കാം. അതിൽ ചില ചായച്ചേലകൾ ഉണ്ടു്. ഇനിയും അതുടുക്കാൻ കാലമാകുന്നതുവരെ – അല്ലെങ്കിൽ, അതു മാറ്റിച്ച എന്റെ ഉടയൻ ആവശ്യപ്പെടുമ്പോഴല്ലാതെ ഞാൻ എന്തിനൊരുങ്ങുന്നു? ദിവാൻജി അങ്ങുന്നു വരട്ടെ. ഞാൻ അദ്ദേഹം താമസിയ്ക്കുന്നിടത്തു സങ്കടക്കാരിയായും പോയിട്ടുണ്ടു്. ഇപ്പോൾ ഇങ്ങോട്ടു വരുന്നതു് എന്റെ ഭാഗ്യം കൊണ്ടല്ല. വല്ലതും പറഞ്ഞു നീ എന്നെ കരയിയ്ക്കാതെ."

ഭർത്താവോട്ട് സംഘടന ഉണ്ടായ കന്യകാദശയെക്കുറിച്ചുള്ള സ്മരണകൾ ഉണർന്ന് മീനാക്ഷിഅമ്മ കണ്ണുനീർ ഒഴുക്കിത്തുടങ്ങി. ഈ ക്ഷീണപ്രകടനം കാണ്മാൻ നില്ക്കാതെ ത്രിവിക്രമൻതന്നെ ഭൃത്യരെ വിളിച്ചു; ദിവാൻജിയെ സല്ക്കരിപ്പാൻ വേണ്ടതൊരുക്കിയിട്ട് അദ്ദേഹത്തെ എതിരേല്പാൻ ആനക്കൊട്ടിലിൽ കാത്തുനിന്നു. നാഴിക രണ്ടുമൂന്നു കഴിഞ്ഞു. മീനാക്ഷിഅമ്മ മഹാരാജാവു തിരുമനസ്സിലെ ദാസപ്രദാനനെ സല്ക്കരിക്കുന്നതിന് തന്റെ സ്ഥാനത്തിന് ഉചിതമായുള്ള വേഷംതന്നെ ധരിച്ചു നിലകൊള്ളുന്നു. സ്വഭർത്താവിന്റെ പരമാർത്ഥസ്നേഹിതനും ഉപകാരിയും തല്ക്കാലം മേധാവിയുമായുള്ള മഹാപുരുഷനെ പ്രാകൃതമായ ഒരു വേഷത്തിൽ സല്ക്കരിക്കുന്നതു് ഭർത്തൃദ്രോഹമാകുമെന്നു പ്രമാണിച്ച് ആ മഹതി ശുഭ്രവസ്ത്രങ്ങളും സാമാന്യമായ ചില ആഭരണങ്ങളും ധരിച്ചുകൊണ്ടതായിരുന്നു. താൻ മുമ്പിൽ കണ്ടിട്ടുള്ള സൗന്ദര്യപ്രഭയും ധാടിയും അത്യധികമായി ക്ഷയിച്ചുകാണുന്ന ഗൃഹനായികയോടു സഹതപിക്കയോ മനസ്താപകാരണങ്ങളെ ആരായുകയോ ചെയ്‌വാൻ അവരാൽ സൽകൃതനാകുന്ന പുരുഷോത്തംസം ചിന്തിക്കുകപോലും ചെയ്യുന്നില്ല. മീനാക്ഷിഅമ്മ പ്രൗഢയായ പ്രഭുപത്നിയായും കേശവപിള്ള ദാന്തശീലാഗ്രേസരനായ ഒരു ജ്യേഷ്ഠസഹോദരനായും ആ സന്ദർശനത്തിൽ അഭിമുഖരായി നിന്നു സംഭാഷണംചെയ്യുതിന് ഉണ്ണിത്താൻ സാക്ഷി ആയിരുന്നുവെങ്കിൽ ആ ദമ്പതികളുടെ സ്ഥിതികൾ എന്തു ഭാഗ്യരാശിയിലോട്ട് സംക്രമിക്കുമായിരുന്നു! ദൈവഗതികൾ ലോകാഭിലാഷത്തെ അനുസരിച്ച് സർവ്വദാ നിർവ്വഹിതമാകുന്നില്ല. സാവിത്രിയുടെ വിവാഹക്കാര്യത്തെക്കുറിച്ചുപോലും ദിവൻജിയിൽനിന്ന് ഒരു അന്വേഷണവും ഉണ്ടാകുന്നില്ല. സ്വസ്വാമിയുടെ വാർത്താവഹന്റെ നിലയിൽ കേശവപിള്ള ഗണിതഗ്രന്ഥങ്ങളുടെ നിരാർദ്രതയോടെ ആസനസ്ഥനാവാൻ മീനാക്ഷിഅമ്മയാൽ അപേക്ഷിക്കപ്പെട്ടിട്ടും ആ ക്ഷണങ്ങളെ കേട്ടു എന്നുപോലും നടിക്കാതെ ഇങ്ങനെ ധരിപ്പിച്ചു:

"തിരുമനസ്സുകൊണ്ടു കല്പിച്ച് ഒരു കാര്യം ഇവിടെ വന്നു പറവാൻ."

മീനാക്ഷിഅമ്മ മിണ്ടാതെ ദത്തകർണ്ണയായി നിന്നിട്ട്, "ഊണു കഴിഞ്ഞിട്ടേ പോകാവൂ" എന്നുകൂടി ക്ഷണിക്ക മാത്രം ചെയ്തു.

ദിവാൻജി: "ആവാം. മന്ത്രക്കൂടത്തു് ഒരു നീരാഴി തോണ്ടുന്നു. കല്പനപ്രകാരം ആണ്."

മീനാക്ഷിഅമ്മ: "കല്പന നടക്കട്ടെ."

ദിവാൻജി: "ഭൂമി നിങ്ങളുടെ വകയാണ്. ചന്ത്രക്കാരൻ അപഹരിച്ചെടുത്തു്, ഉണ്ണിത്താന് അടങ്ങിയിട്ടുണ്ടെങ്കിലും പണ്ടാരവക കണക്കുകളിൽ നിങ്ങളുടെ പേരിൽത്തന്നെ കിടക്കുന്നു. എന്തുകൊണ്ടോ കണ്ടുകെട്ടിൽ ഉൾപ്പെട്ടില്ല."

മീനാക്ഷിഅമ്മ: "എന്നാൽ ഇന്ന് പണ്ടാരവകയ്ക്ക് ആവശ്യം ഉണ്ടെങ്കിൽ കണ്ടുകെട്ടിക്കൊള്ളാമല്ലോ."

ദിവാൻജി: "അങ്ങനെയല്ല കല്പന. പ്രമാണം ഇല്ലെങ്കിലും വാക്കാൽ എങ്കിലും ഉടമസ്ഥയോടു ദാനം വാങ്ങിയിട്ട് അവിടെ കണ്ടുകിട്ടിയിരിക്കുന്ന നിധി സർക്കാരിലേയ്ക്ക് ഇപ്പോഴത്തെ ആവശ്യത്തിന് അടക്കണമെന്നാണ് കല്പിച്ചിരിക്കുന്നതു്."

മീനാക്ഷിഅമ്മ: "സാവിത്രിയുടെ അച്ഛന്റെ സമ്മതം വാങ്ങി ഞാൻ തരേണ്ടതാണ്."

ദിവാൻജി: "അതിന് താമസിച്ചാൽ ഇപ്പോഴത്തെ ആവശ്യത്തിന് ഉപയോഗപ്പെട്ടല്ല."

മീനാക്ഷിഅമ്മ: "രാമവർമ്മത്തെ വീടും വസ്തുക്കളുംകൂടി വേണമെങ്കിൽ എടുത്തുകൊള്ളാം. കല്പിച്ച യുദ്ധത്തിൽ ജയിച്ച് ദീർഘായുസ്സോടെ ഞങ്ങളെ രക്ഷിക്കട്ടെ. തിരുമനസ്സിലെ ആവശ്യത്തിന് സാവിത്രിയുടെ അച്ഛൻ തർക്കം പറകയില്ല. അവിടെ എന്തുണ്ടോ അതുകൊണ്ടുപോകുന്നതിന് സംശയം വേണ്ട. എന്നു മാത്രം അല്ല, അതു ശ്രീപത്മനാഭന് അടങ്ങി ഞങ്ങളുടെ ദുരിതത്തിനു ശാന്തിയും വരട്ടെ."

ദിവാൻജി: "നിങ്ങളുടെ പരദേവത ആരാണ്?"

മീനാക്ഷിഅമ്മ: "ചാമുണ്ഡീദേവി. കാവ് അല്പം തെക്കുപടിഞ്ഞാറു മാറിയാണ്. എല്ലാം നശിച്ചുപോയി."

ദിവാൻജി: "ചില ഹോമങ്ങളും ക്രിയകളും തെക്കേപ്പറമ്പിൽ ഇന്നു നടക്കുന്നുണ്ട്. അതിന്റെ കോലാഹലങ്ങൾ കേട്ടു ഭയപ്പെടരുത്. തന്ത്രിയായി നില്ക്കുന്നത് കുഞ്ഞെക്കുട്ടിപ്പിള്ള കാര്യക്കാരാണ്."

ദിവാൻജിയുടെ ഉള്ളിൽ ഗൗണ്ഡന്റെ പരമാർത്ഥത്തെക്കുറിച്ച് ഒന്നു സൂചിപ്പിക്കുവാൻ മോഹം ഉണ്ടായി എങ്കിലും അദ്ദേഹത്തിന്റെ അടുത്ത പ്രസ്താവന ഇങ്ങനെയായിരുന്നു.

"ഞാനല്ല ഉണ്ണിത്താനദ്ദേഹത്തെ ബുദ്ധിമുട്ടിപ്പാൻ വടക്കോട്ട് അയച്ചത്."

മീനാക്ഷിഅമ്മ: "ബുദ്ധിമുട്ടല്ല. എല്ലാവരും ഒന്നുപോലെ പ്രയത്നപ്പെടേണ്ട കാര്യമാണ്. ആ അധികപ്രസംഗി അവിടെ വന്ന് എന്തോ സങ്കടം പറഞ്ഞു. അതുകൊണ്ട് ആ ഏർപ്പാടുണ്ടായി എന്ന് എനിക്കറിയാം."

ദിവാൻജി: "അതേ, അതേ. കുട്ടികളാണല്ലോ. ഇഷ്ടമുള്ളവർക്കുവേണ്ടി ചാടിപ്പുറപ്പെട്ടുപോകും."

തന്റെ പ്രേമോദയദിശയിൽ താൻ അനുഷ്ഠിച്ച ഒരു ക്രിയയെ സൂചിപ്പിച്ച് ഇങ്ങനെയുള്ള ഒരു പ്രസ്താവന ഉണ്ടായപ്പോൾ മീനാക്ഷിഅമ്മ ഊണിനു വട്ടംകൂട്ടാൻ തിടുക്കപ്പെടുന്ന ഭാവം പ്രകടിപ്പിച്ചു. അതിനിടയിൽ, "അദ്ദേഹം ഇതെല്ലാം അറിയുമ്പോൾ എത്ര വ്യസനിക്കും എന്നുള്ളതു കൂടി ഇവിടുന്നു വിചാരിക്കേണ്ടതായിരുന്നു. മറ്റുള്ളവരുടെ കാര്യത്തിൽ അങ്ങനെ ഒരാൾ തോൽക്കാനും വ്യസനിപ്പാനും ഇല്ലായിരുന്നു" എന്നുള്ള സ്വാഭിപ്രായത്തെക്കൂടി പറഞ്ഞുതീർത്തു.

ദിവാൻജി: "കുറച്ചു വ്യസനിച്ചിട്ടുണ്ടാകുന്ന സന്തോഷത്തിനു രുചിയും രസവും കൂടും."

അന്നത്തെ ഈ സന്ദർശനാവസാനത്തിൽ യാത്രയ്ക്കായി തിരുവനന്തപുരത്തേക്കു മടങ്ങുന്നതിന് ദിവാൻജി ദ്വാരപ്രദേശത്തോടു നീങ്ങിയപ്പോൾ മീനാക്ഷിഅമ്മ മുൻതളംവരെ അനുയാത്രചെയ്തു് അവിടെ നിലകൊണ്ടു. തന്റെ പുത്രിക്കു നിശ്ചയിച്ചിരിക്കുന്ന അന്നത്തെ വിവാഹം നടക്കുക ഇല്ലെന്നു ഗ്രഹിച്ച ആ മഹതിയുടെ മുമ്പിൽ പുത്രിയാൽ ഭർത്താവായും തന്നാൽ മരുമകനായും വരിക്കപ്പെട്ടിരിക്കുന്ന യുവാവ് യാത്രാനുമതിക്കായി തൊഴുതു. അതു കണ്ടപ്പോൾ മൃത്യുപാശം ചക്രവാതഭ്രമണത്തോടെ വീശുന്ന യുദ്ധരംഗത്തിലേക്കാണ് ആ മോഹനാംഗനായ യുവകുമാരൻ പോകുന്നതു് എന്നും ആ യാത്രയിൽ തന്റെ പുത്രിക്കുതന്നെ ശാശ്വതവൈധവ്യം സംഭവിച്ചേക്കാമെന്നും തോന്നിയെങ്കിലും ആ മഹതി, "ജയിച്ചു വാ ത്രിവിക്രമ! നിന്റെ അച്ഛനും പടത്തലവനമ്മാവനും എങ്ങനെ തൃപ്പാദം സേവിച്ചു എന്നതു നിനക്കു വഴികാട്ടട്ടെ. കുലത്തിനു ദുര്യശസ്സു വരുത്തരുതു്. ദേവി ചാമുണ്ഡി രക്ഷിക്കട്ടെ." യുവാവു ധീരകേസരിയായി തൊഴുതു കാമിനീവരണത്തിനു മുമ്പ് വിജയലക്ഷ്മിയുടെ സംവരണം എന്നുറച്ചുകൊണ്ടു് മന്ത്രിയുടെ അംഗരക്ഷകസ്ഥാനം വഹിപ്പാൻ പുറപ്പെട്ടു.

ഒരു ഇടപ്രഭുവിന്റെ ജനസ്വാധീനവും കൗബേരമായ സമ്പത്തുംകൂടി പാട്ടിൽ ആക്കികൊണ്ടു് യുദ്ധരംഗത്തിൽ ഒരു പ്രധാന പാത്രമായി നടനം ചെയ്യുവാൻ ഉദ്ദേശിച്ച അജിതസിംഹൻ അകമ്പടിക്കാരോടൊന്നിച്ച് കിളിമാനൂർ എന്ന ദിക്കിൽ എത്തി ഒരു ക്ഷേത്രത്തിൽ ഊണും അടുത്തുള്ള ഗൃഹത്തിൽ പാർപ്പും ആക്കി താമസിച്ചു. ഗൗണ്ഡന്റെ മേധാവിഹസ്തത്തിൻകീഴല്ലാതുള്ള സ്വാതന്ത്ര്യവാസം ഒരു സുഖകരചികിത്സയായി അജിതസിംഹൻ പരിഗണിച്ചു.

ഈ പതിനൊന്നാം ശതവർഷത്തിന്റെ യുവദശയുടെ ആരംഭഘട്ടത്തിൽ 'ചേന്നൻവേലി' എന്നൊരു ഗൃഹനാമക്കാരൻ ഒരു താലൂക്കിന്റെ ആധിപത്യമായുള്ള കാര്യക്കാർസ്ഥാനം ആണ്ടു, മുപ്പത്താറിൽ നാടുനീങ്ങിയ തിരുമേനിയെ സേവിച്ചുപോന്നിരുന്ന വസ്തുതതിരുവിതാംകൂറിന്റെ മദ്ധ്യഭാഗങ്ങളിൽ ഇന്നും പ്രസിദ്ധമാണ്. "വേലുംകൊണ്ടു വേൽക്കാർ അകത്തും വെയിലുംകൊണ്ടു ചേന്നൻവേലി പുറത്തും" എന്നും മറ്റുമുള്ള വികടഭാഷണങ്ങൾകൊണ്ടു പ്രസിദ്ധനായിത്തീർന്ന ഇദ്ദേഹത്തെപ്പോലുള്ള തിരുവാഴിത്താന്മാർ കഴിഞ്ഞ ശതവർഷത്തിലും കാര്യക്കാർ ഉദ്യോഗം ഭരിച്ചിരുന്നു. സാവിത്രിയെ സൂക്ഷിച്ച് കൊൾവാനും കിഴക്കേ നന്തിയത്തുണ്ടാകുന്ന വിവാഹത്തെ മുടക്കുവാനും ദിവാൻജിയാൽ നിയുക്തനായ കൊട്ടാരക്കരക്കാര്യക്കാർ ചേന്നൻവേലിയെ അനുഗ്രഹിച്ചിരുന്ന സരസ്വതിയുടെ ഉപാസകൻതന്നെ ആയിരുന്നു. സാവിത്രിയുടെ സ്നാനാരംഭവേളയിൽ ആ കന്യകയെ സന്ദർശിച്ചു 'ചിത്തതാപമരുതേ' എന്ന വിഖ്യാതഗാനം പ്രയോഗിച്ചു മടങ്ങിയ രാജവേത്രധാരി ഈ കാര്യക്കാരുടെ ദൂതൻ ആയിരുന്നു. തമ്പുരാൻ അഭ്യസിച്ചിട്ടുള്ള ഗാന്ധർവ്വവിദ്യയിൽ അദ്ദേഹത്തോടു് ഒന്നു മത്സരിപ്പാൻതന്നെ കാര്യക്കാരും നിശ്ചയിച്ചു. അതായതു് രാജസിംഹനെ ഒന്നു ചെണ്ടകൊട്ടിച്ചുവിടുവാൻ സരസനായ താലൂക്കുസാമ്രാട്ടു് തന്റെ വാസനാപ്രേരണയാൽ ചെലവും ബുദ്ധിമുട്ടും ചിന്തിക്കാതെ ഒന്നു മുതിർന്നു. വിവാഹകർമ്മത്തിന്റെ നിവർത്തനത്തിൽ സാമാന്യേന ആഗ്രഹോഷ്ണം ക്ലേശിപ്പിക്കുന്നതു് സ്ത്രീഗൃഹക്കാരെ ആണല്ലൊ. ഈ ലോകതത്ത്വം ഗ്രഹിച്ചിരുന്ന അജിതസിംഹൻ തന്റെ

പാർപ്പിടത്തിനു മുമ്പിൽ ഒരു മഞ്ചലും മഞ്ചൽസംഘക്കാരെയും കണ്ടപ്പോൾ "ഉണ്ണിത്താന്റെ ആൾക്കാരല്ലേ?" എന്ന് അരുളിച്ചെയ്‌വാൻ കനിഞ്ഞു. "അടിയൻ" എന്നുണ്ടായ മറുപടി കേട്ട് സൂര്യവംശത്തിനു ചേർന്നുള്ള ഭാസ്കരോഷ്മാവോടെ ഒന്നു പരിസരവീക്ഷണം ചെയ്തപ്പോൾ കുപ്പായക്കാരായ പുരുഷകാരും രണ്ടുമൂന്നു മുന്നിലപ്പുള്ളിക്കാരുംകൂടി ഉണ്ടെന്ന് കണ്ടു. "ഉണ്ണിസ്താൻ വഹതിരു നല്ലോണം തയച്ചുള്ള വർഗ്ഗത്തില്" എന്ന് അഭിപ്രായപ്പെട്ടുകൊണ്ടു വേഗത്തിൽ പള്ളിനീരാട്ടും അമൃതേത്തും കഴിച്ചു ഘോഷയാത്ര ആരംഭിച്ചു. ഇട്ടുണ്ണികാര്യക്കാരെ അനുകരിച്ച് കണ്ണുകളിൽ നീലാഞ്ജനവും പല്ലുവാംഗികളുടെ കോമളാധരങ്ങളെയും ലജ്ജിപ്പിക്കുമാറ് ശോണപ്രഭമായ രേഖകളാൽ വിരാജമാനമായുള്ള പരിവട്ടങ്ങളും ചാർത്തി കേശമീശകളെ കോതിഒതുക്കി ചെംകങ്കുമക്കുറികൾകൊണ്ടു ലലാടസ്കന്ധവക്ഷസ്സുകളെ ആഗ്നേയമാക്കി നാല് അകമ്പടിക്കാർ വാളുകളേന്തി മുന്നകമ്പടിയായി നടന്നും ഒരു മുന്നിലക്കാരൻ വഴികാട്ടിയും ശേഷം പരിജനങ്ങൾ പിന്നകമ്പടി സേവിച്ചും അജിതസിംഹരാജാവു പൂണൂലും മിനുക്കി ശസ്ത്രക്രിയയ്ക്കടങ്ങിയവനെന്നപോലെ മഞ്ചലിൽ മലർന്നുകിടന്നപ്പോൾ, മഞ്ചൽക്കാർ 'അന്ദേഹേ ആദേഹേ' എന്നുള്ള വിളികളോടെ നടയൻകുതിരകളുടെ രീതിയിൽ ചുവടുവച്ചു പാഞ്ഞുതുടങ്ങി. പരിസരദേശങ്ങളിലുള്ള അനാഗരികന്മാർ ഈ ഇദംപ്രഥമമായി കിട്ടുന്ന ഘോഷയാത്രാസന്ദർശനത്തിനു പാഞ്ഞെത്തി. കന്നുകാലികൾ തല ഉയർത്തി, വാലുകൾ പൊക്കി പുറംകാലുകൾ മേല്പോട്ടെറിഞ്ഞു മഞ്ചൽപ്പാട്ടിന്റെ താളം ഒപ്പിച്ചു വിരണ്ടു മണ്ടി. ഇളംതളിരുകളുടെ ഭക്തികൊണ്ട് ഉന്മത്തരായിത്തീർന്നിട്ടുള്ള ചില ഋഷഭക്കുട്ടന്മാർ മുന്നോട്ടു നീങ്ങാതെ കണ്ണുകൾ തുറിച്ചു, കൊമ്പു താഴ്ത്തി അജിതസിംഹനെ അഭിവാദ്യം ചെയ്തു. തങ്ങളുടെ വിശ്രമത്തിന്റെ ഭഞ്ജകനായുള്ള ആ ധൂർത്തന്റെ നേർക്കു മറ്റു ചിലർ മസ്തകസ്ഥങ്ങൾ ആയ ആയുധയുഗങ്ങൾ ചൂണ്ടി ചില അടവുകൾ പ്രയോഗിപ്പാൻ പാഞ്ഞടുത്തു. അജിതസിംഹൻ പാർശ്വവർത്തിയായി ഓടുന്ന മുതല്പേരോടു വിവാഹഗൃഹത്തിലേക്ക് എത്ര ദൂരം ഉണ്ടെന്ന് അറിവാൻ "അങ്ങട്ടുക്ക് ഇനി നായിക" എന്ന പ്രശ്നാംശത്തെ മൊഴിഞ്ഞപ്പോൾ "നായിക" പദത്തെ അവഗ്രഹണംചെയ്ത് ഭടപ്രധാനി സാവിത്രിക്കുട്ടിയെക്കുറിച്ചുള്ള എന്തോ അന്വേഷണമാണെന്നു ചിന്തിച്ച് "എഴുന്നള്ളത്തോടുകൂടിത്തന്നെ പോന്നേയ്ക്കും" എന്ന് ഉണർത്തിച്ചു. ബബ്‌ലേശ്വരൻ കുഴങ്ങി, കഥയെന്താണെന്നു മഞ്ചൽത്തടിയോടുതന്നെ ചോദിച്ചു. തന്റെ പ്രശ്നത്തിന്റെ സങ്കോചിപ്പുകൊണ്ടു ഭാവം സൂക്ഷ്മമായി ഗ്രഹിക്കാത്തതാണെന്നു വിചാരിച്ച് ആ അജ്ഞന്റെ ബുദ്ധിയെ പ്രകാശിപ്പിപ്പാൻ അജിതസിംഹൻ തന്റെ അന്വേഷണത്തെ വ്യക്തമാക്കി: "ഡോ! ഓള് അങ്ങട്ടു കൂടിത്തന്നെ. നായിക എത്ര ഉണ്ടെന്നാണ്. നോം അ അഃ –"

മുതൽപേർ ഒന്നു ചുറ്റിനോക്കിപ്പോയി. ഒന്നിലധികം നയികമാരെ ആഗ്രഹിക്കുന്ന ഈ പെൺകൊതിയൻ ആ യത്രാരംഗം ധനാശിയിൽ എത്തുമ്പോൾ വേണ്ടതുപോലെ ശിക്ഷിക്കപ്പെടുമെന്ന് സമാധാനിച്ചു നടന്നു.

അജിതസിംഹൻ: "ഡോ! പുടമുറി ഖേമംതന്നല്ലേ?"

മുതൽപ്പേർ: "അടിയൻ കണ്ടില്ലല്ലോ തിരുമേനീ! തിരുമനസ്സിലെയും വീട്ടുകാരുടെയും അവസ്ഥയ്ക്കു ചേരുംവണ്ണം കല്പിച്ച് അതെല്ലാം വാങ്ങിച്ചിരിയ്ക്കും."

ഈ തെക്കരെക്കൊണ്ടു പൊറുതിയില്ലെന്ന് ആ രാജസിംഹൻ വിചാരിച്ചു എങ്കിലും തന്റെ സേനാസന്നാഹോദ്യമത്തെ ഉണ്ണിത്താൻ അറിയാതെ തുടർന്നുകളയാമെന്ന് ആലോചിച്ച് മുതൽപ്പേരെ കുറേക്കൂടി അടുത്താക്കിയിട്ടു രഹസ്യമായി ഇങ്ങനെ ചോദിച്ചു: "അവ്ട ഗ്രഹിച്ചില്ലേ? പടക്ക് – നല്ല ഉത്സാഹക്കാരെ കിട്ടീല്ലേ?"

പടക്കുപൊട്ടിക്കുന്ന വിഷയത്തിൽ പ്രസക്തനായ ഈ ജളനെ തങ്ങളുടെ കാര്യക്കാർ യജമാനൻ വട്ടത്തിലാക്കുന്നതു ന്യായംതന്നെ എന്നു ചിന്തിച്ചുകൊണ്ട് "അടിയൻ! എത്ര വേണമെങ്കിലും ഉണ്ടാക്കാം" എന്നു മുതൽപ്പേർ മറുപടി പറഞ്ഞു.

അജിതസിംഹൻ: "ഒരു നാലഞ്ചു പംക്തിത്വപന്തി ചേർത്താൽ മതിയാകും. പ്രയോഗവിധങ്ങൾ നോംതന്നെ അഭ്യസിപ്പിക്കാം."

മുതൽപ്പേർ: "അടിയൻ അടിയൻ."

അജിതസിംഹൻ: "ഡോ! ചെലവു വലുപ്പത്തിലാവരുത്. കുലശേഖരപ്പെരുമാളെ സന്തോഷിപ്പിക്കാം എന്നുവച്ചാണ്."

കുലശേഖരപ്പെരുമാൾ തിരുമനസ്സിലേക്ക് ഇങ്ങനെയുള്ള ഒരു കളിയിൽ ആസക്തിയുള്ള സംഗതി മുതൽപ്പേർ അറിഞ്ഞിരുന്നില്ല. അതിനാൽ അവിടത്തെ ശൈശവാവർത്തനത്തെക്കുറിച്ചു പ്രതിപാദിക്കുന്നതു പ്രജാധർമ്മമല്ലെന്നു ചിന്തിച്ച് അയാൾ മഞ്ചൽക്കാരെ ഉന്മേഷപ്പെടുത്താൻ മുന്നോട്ടു നടന്നു. ഇങ്ങനെ ഒരു സാരഥിയുടെ ചമ്മട്ടിപ്രയോഗം തുടങ്ങിയപ്പോൾ മഞ്ചൽക്കാർ അശ്വവേഗത്തിൽത്തന്നെ പാഞ്ഞുതുടങ്ങി. ദുർവാരഗർവ്വിഷ്ഠനായി തന്നെ ദണ്ഡിപ്പിക്കുന്ന ആ രാജസഗുണപ്രധാനനെ ശിക്ഷിപ്പാൻ വായുഭഗവാൻ വാഹനസ്ഥനായ തിരുമേനിയുടെ പരിവട്ടത്തിൽ പിടിയിട്ടു. ആ വസ്ത്രാക്ഷേപകർമ്മത്തെ നിരോധിക്കുന്ന സാഹസത്താൽ അജിതസിംഹന്റെ കൈകൾക്കു പിടിപ്പതു പണികിട്ടിയെങ്കിലും നല്ല കാടുകണ്ടും കാറ്റേറ്റും സന്തുഷ്ടനായപ്പോൾ ഒരു പട്ടുക്കുട ഇല്ലാത്തതിന്റെ ന്യൂനതയെ അദ്ദേഹം സ്മരിച്ചു വ്യസനിച്ചു. പാന്ഥരുടെ കൈളപ്പുകൾക്കു തലയാട്ടി ബബ്ലേശ്വരൻ തളർന്നുതുടങ്ങി. ഭാഗ്യവശാൽ സന്ധ്യയായി, ജനസഞ്ചാരം കുറഞ്ഞു, മാർഗ്ഗപാർശ്വങ്ങളിലുള്ള ചെറുവനങ്ങളിൽ ചന്ദ്രിക പ്രകാശിച്ചുതുടങ്ങിയപ്പോൾ രാജാവ് തന്റെ ഒരു പരിചാരകനെ അടുത്തു വിളിച്ച്, "ഡാ! ആ 'മാധവസമയമിദം' കൊണ്ടുപിടിച്ച ശങ്കരാഭരണത്തിൽ ഒന്ന് മേളിക്ക" എന്ന് ആജ്ഞാപിച്ചു.

പാടുകയും ഓടുകയുംകൂടി വിഷമം ആണെന്ന് ആ ഗായകൻ ഉണർത്തിച്ചപ്പോൾ, "എന്നാൽ മഞ്ചൽ ഒന്നു തായട്ടെ" എന്ന കല്പന പുറപ്പെട്ടു. കഴിവുണ്ടെങ്കിൽ ആ യാത്രയെ ചന്ദ്രാസ്തമയംവരെ എത്തിച്ചിട്ട് അവസാനക്കൈ പ്രയോഗിക്കണം എന്നു നിയുക്തന്മാരായിരുന്ന മഞ്ചൽക്കാർ ഈ കല്പന ഉണ്ടായ ഉടനെതന്നെ മഞ്ചൽ താഴ്ത്തി കാട്ടിനകത്തോട്ടു നടന്നു. ഗായകന് 'മാധവസമയമിദം' തോന്നാത്തതിനാലും, വിചാരിച്ചപ്പോൾ 'ശങ്കരാഭരണം' വരാത്തതിനാലും 'നവരസം' മൂളി ശ്ലോകം ചൊല്ലിയിട്ടു 'നല്ലാർകുലമണിയും മൗലിമാലേ' എന്നു പാടിത്തുടങ്ങി. പാട്ട് അവസാനിച്ചിട്ടും കാട്ടിൽക്കടന്ന മുന്നലക്കാരനെയും

മറ്റും കാണുന്നില്ല. വിവാഹമുഹൂർത്തം വഴുതുന്നു. ഉദരവിവിക്തതയിൽ വായുഭഗവാനും തിങ്ങുന്നു. വല്ല അഭയകേന്ദ്രത്തിലും പറ്റണമെന്നുള്ള മോഹം അജിതസിംഹനും തോന്നുന്നു. ഗായകൻ പാടിപ്പാടി ക്ഷീണിച്ചുള്ള അജിതസിംഹന്റെ താളങ്ങളെ തെറ്റിച്ച് കൂർക്കുവിളികളിലും എത്തുന്നു.

തങ്ങളുടെ അധികാരാതിർത്തിയിൽപ്പെട്ട ഒരു ഭവനത്തിൽനിന്ന് മൃഷ്ടമായി വിശപ്പും ഒരു 'സിംഹള'ഗൃഹത്തിൽനിന്നു ദാഹവും തീർത്ത് മഞ്ചൽക്കാർ അജിതസിംഹന്റെ അനന്തരയാത്രയ്ക്കായി മടങ്ങി എത്തി മഞ്ചൽ ഏന്തി. ബബ്ലേശ്വരൻ അക്ഷമനായി ശിരച്ഛേദശിക്ഷകളും മറ്റും വിധിപ്പിക്കുന്നുണ്ടെന്നു കയർത്തുകൊണ്ടു മഞ്ചലിൽ വീണ്ടും കയറി. മുതൽപ്പേരും മറ്റും ദാഹംതീർത്ത സമ്പ്രദായം ഗന്ധവാഹമാർഗ്ഗേണ ബബ്ലേശ്വരന്റെ നാസാരന്ധ്രത്തെ പീഡിപ്പിച്ച് അവിടുത്തെ തിരുവുള്ളത്തിലും ചില ആകാംക്ഷകൾ ഉത്പാദിപ്പിച്ചു. മഞ്ചൽക്കാരുടെ ഗാനം മുറുകി. അജിതസിംഹന്റെ നിശാസവാരി അതികോലാഹലമായിത്തുടങ്ങി. തെളിഞ്ഞ ആകാശവും ശുക്ലപക്ഷാർദ്ധം കഴിഞ്ഞുള്ള ചന്ദ്രികയും ചീവിടുകളുടെ ഗീതങ്ങളും മഞ്ചൽപ്പാട്ടിനാൽ ഉണർത്തപ്പെട്ട ജംബുകങ്ങളുടെ മത്സരധ്വനികളും ആ പരിണയയാത്രയെ ദീപയഷ്ടിവാദ്യഘോഷങ്ങളോടുകൂടിയ ഒരു പുറപ്പാടിനു തുല്യം ആക്കിത്തീർത്തു. മഞ്ചൽക്കാർ ത്വരയോടെ പാഞ്ഞു, കാടുകൾ, കൽത്തറകൾ, കുന്നുകൾ, പാടങ്ങൾ, ചിറകൾ, വരമ്പുകൾ എന്നിവ തരണംചെയ്ത് ഉന്നതമായ ഒരു കുന്നു കയറിത്തുടങ്ങി. കാടുചീന്തി മുട്ടൊടിയുംവണ്ണം കുതിച്ചും കിതച്ചും പായുന്നതിനിടയിൽ വല്ലികൾ, ചെടികൾ എന്നിവയുടെ കൊമ്പുകൾ സ്വാഗതസൂചകമായി മഞ്ചൽവാസിയായ ഭൂപരിരക്ഷകനെ പരിരംഭണം ചെയ്തു. ചിലർ സാവിത്രിയോടുള്ള മത്സരഭാവത്താലോ കേവലം ഭക്തിപ്രദർശനമായോ ചില നഖക്ഷതങ്ങളും ആ രാജസിംഹന്റെ തിരുമേനിയിൽ ചേർത്തു. ഗുഹാന്തരാളങ്ങൾപോലുള്ള പ്രദേശങ്ങൾ കടന്ന് പിന്നെയും കുന്നു കയറിത്തുടങ്ങി. ബബ്ലേശ്വരതൃപ്പാദങ്ങൾ കിരീടാലംകൃതമാകേണ്ട അവിടുത്തെ ശിരസ്സിന്റെ നിരപ്പിനെക്കാൾ ഉന്നതിയിൽ ആവുകയാൽ അദ്ദേഹം ആന്ദോളവാഹകന്മാർക്ക് രുഷ്ടസ്വരത്തിലും ഗ്രാമ്യഭാഷയിലും വാഹകകർമ്മത്തെക്കുറിച്ച് ചില ഉപദേശങ്ങൾ നല്കി. മഞ്ചൽക്കാർ വഞ്ചിപ്പാട്ടു പാടി കുന്നിന്റെ തലനിരപ്പിലെത്തി. അർദ്ധരാത്രി അടുക്കാറായപ്പോൾ അജിതസിംഹന്റെ തിരുവയറും അകമ്പടിക്കാരുടെ പഴവയറുകളും വിവാഹസദ്യപ്പന്തൽ അണയുവാൻ കാംക്ഷിച്ചു. അജിതസിംഹൻ തിരുവുദരം തടവിത്തുടങ്ങിയപ്പോൾ കുന്നിന്റെ ശിരഃപ്രദേശത്തുള്ള നിരപ്പ് അവസാനിച്ചു. അരുവിപ്രവാഹംപോലെ മഞ്ചൽ കീഴ്പോട്ടു പാഞ്ഞു. "അയ്യോ! മേലാ!" എന്ന് ബബ്ലേശ്വരന്റെ അകമ്പടിക്കാർ സഹഗമനം ചെയ്വാനുള്ള പ്രയാസത്തെ നിലവിളികൂട്ടി. മഞ്ചൽപ്പാളവും കോസടിയും ബബ്ലേശ്വരനെക്കൊണ്ടു കന്ദുകക്രീഡ തുടങ്ങി. കീഴ്പോട്ട് ഇഴിഞ്ഞുതുടങ്ങിയ ബബ്ലേശ്വരൻ മഞ്ചൽത്തണ്ടിന്മേൽ കൈകൾ കോർത്ത് ആസനസ്ഥനായി. മഞ്ചൽക്കാരുടെ മൂക്കുകുത്തുംപടിക്കുള്ള കീഴ്പോട്ടേ പാച്ചിലിനിടയിൽ ബബ്ലേശ്വരൻ ഞാണിന്മേൽ ദണ്ഡിപ്പുകാരന്റെ കുതിരപ്പുറച്ചാട്ടം തെരുതെരെ തുടങ്ങി. ഈ ഘട്ടത്തിൽ താൻ വഞ്ചിക്കപ്പെട്ടു എന്നുള്ള ബോധം അദ്ദേഹത്തിന്റെ ഉള്ളിൽ പ്രകാശിച്ചു. ഹിന്ദുസ്ഥാനിയിൽ അവിടുത്തെ തിരുമുഖത്തിൽ നിന്നു ചില ഉഗ്രാജ്ഞകൾ മേഘഗർജ്ജനധ്വനിയിൽ

മുക്തങ്ങളായി. പരിചാരകഭടന്മാരുടെ ഖഡ്ഗങ്ങൾ ചന്ദ്രികയിൽ അപരാധികളുടെ ജീവാവസാന കർമ്മത്തിന് ഉദ്യുക്തങ്ങളായി തിളങ്ങി.

"മഞ്ചൽ നിറുത്തട്ടെ" എന്ന് ഒരാജ്ഞ പുറപ്പെട്ടതും മഞ്ചൽ ഭൂമിയിലോട്ടു താണതും മഞ്ചൽക്കാരും വേത്രധാരികളും ഭടജനപ്രമാണിയും വനനിഗൂഢതയ്ക്കിടയിൽ അപ്രത്യക്ഷർ ആയതും അരക്ഷണംകൊണ്ടു കഴിഞ്ഞു. ചന്ദ്രന്റെ പരിഹാസനോട്ടവും നക്ഷത്രപോതങ്ങളുടെ സന്തോഷഗർഭങ്ങളായ ചടുലവീക്ഷണങ്ങളും വനതരുക്കളിൽ തട്ടി വായുഭഗവാൻ ഹസിക്കുന്നതും അജിതസിംഹനെ അനുഷ്ഠേയകർമ്മത്തിലോട്ടു സ്വബുദ്ധിയെ വിനിയോഗിക്കുന്നതിൽ അപൗരുഷനാക്കി. വഴിയരുകിൽ നെടുംപാടേ കിടന്നു ക്ഷീണശ്വാസങ്ങൾ പോക്കിക്കൊണ്ടിരുന്ന ഒരു ദിഗംബരമൂർത്തി പൊടുന്നനെ ചാടി എഴുന്നേറ്റ് ഊരിപ്പിടിച്ചിരിക്കുന്ന ഖഡ്ഗങ്ങളെയും നിരായുധനായ ഒരു രാജസപ്രഭാവനെയും കണ്ടു് ഒന്ന് അധികമായി സംഭ്രമിച്ചു എങ്കിലും പരമാർത്ഥം മനസ്സിൽ തിളങ്ങിയപ്പോൾ അജിതസിംഹന്റെ കാല്ക്കൽ വീണ് അതിനെ മുറുകെ അണച്ചുകൊണ്ടു നിലവിളി തുടങ്ങി. "അയ്യോ! എന്റെ പൊന്നുതിരുമേനീ! ഇവനെ കൊന്നുകളഞ്ഞേ! തല്ലി എല്ലുനുറുക്കി കൊള്ളാതാക്കിക്കളഞ്ഞേ, ഉടുതുണികളും പിടിച്ചു പറിച്ചോണ്ടേ! സാമദ്രോഹികൾ കൊന്നു കൊന്നു കൊന്നുകളഞ്ഞേ! അതെല്ലാം സഹിക്കാം; എന്റെ പൊന്നുതിരുമേനിയെ അവർ എന്തെല്ലാം പറഞ്ഞു! കാട്ടുപരിഷകൾ! മോഷ്ടിക്കാൻ നടക്കുന്ന കൊറവനെന്നുകൂടി പറഞ്ഞുകളഞ്ഞേ. എന്റെ പൊന്നുരക്ഷാപാദമേ! കഴുത്തറത്തുകൊള്ളണേ! ഇനി ഇരുന്നിട്ട് –" അജിതസിംഹൻ കൊടന്തയുടെ രോദനങ്ങളെ സ്വാന്തനവാക്കുകൾകൊണ്ടു ശമിപ്പിക്കുവാൻ ഒരുമ്പെട്ടില്ല. സമീപപ്രദേശങ്ങളിൽ എവിടെ എങ്കിലും തനിക്കു താമസിപ്പാൻ യോഗ്യമായ സ്ഥലം ഉണ്ടോ എന്നു മാത്രം ചോദിച്ചു.

കൊടന്തആശാൻ: "ഇത്തിരി വടക്കുപടിഞ്ഞാറ് കരിമ്പോമ്പുഴയൊണ്ടു്. അവിടെ കോഴിക്കോട്ടെ സാമോദരിപ്പാട്ടീന്ന് എഴുന്നള്ളിത്താമസിക്കുന്നേ."

അജിതസിംഹൻ സ്വഹസ്തങ്ങളാൽ കർണ്ണങ്ങൾ പൊത്തി. ആപൽസന്ദർഭങ്ങളിൽ ഈ വിടകേസരിയും മൃഗകേസരിത്വം പ്രകടിപ്പിപ്പാൻ ഉള്ള ജീവവീര്യം സംഭരിച്ചിട്ടുള്ളവനായിരുന്നു. സാമൂതിരിപ്പാട്ടിലോടു ചേർന്നു സഹകേന്ദ്രം ചെയ്യുന്നതു് സ്വാചാരപ്രയോഗത്തെ വക്രഗതിയിലോട്ടോ സ്തംഭനനിലയിലോട്ടോ ആക്കുമെന്നു പേടിച്ച് അദ്ദേഹം ഭീതികരമായുള്ള രാക്ഷസസ്വഭാവം പ്രകടിപ്പിച്ച് കൊടന്തആശാനോടു രംഗം ഒഴിപ്പാൻ കല്പന കൊടുത്തു. ഈ അപകടത്തിൽ തന്നെ കടുക്കിയ കടിലന്റെ ഖ്യാതിയും സ്ഥാനവും ജീവനും ധ്വംസിപ്പാനും പെണ്ണിനെയും അവളുടെ ധൂർത്തനായ കമിതാവിനെയും കൃമികൾ എന്നപോലെ പാദഘാതം കൊണ്ടു മജ്ജാമാത്രരാക്കുന്നതിനും താൻതന്നെ സംഹാരമൂർത്തി എന്നു പ്രതിജ്ഞചെയ്തുകൊണ്ടു് ആ 'വിച്ഛിന്നസ്വയംബരം' പ്രബന്ധത്തിലെ നായകൻ ക്ഷുദ്രാഹങ്ങളെ ഗണ്യമാക്കാതെ കണ്ട വഴിയെ പരിചാരകരോടൊന്നിച്ചു നടതുടങ്ങി.

15

"ഇങ്ങനെ ചൊല്ലിക്കരഞ്ഞു കാലുംപിടി –
ച്ചങ്ങനെ താര നമസ്കരിക്കുംവിധൗ
വ്യാകുലഹീനം പുണർന്നു പുണർന്നനു –
രാഗവശേന പറഞ്ഞിതു ബാലിയും
സ്ത്രീ സ്വഭാവംകൊണ്ടു പേടിയായ്ത്തേതുമേ"

ഐശ്വര്യപ്രചുരിമകൊണ്ട് സമുജ്ജ്വലമായിരുന്ന കേരളഭൂലക്ഷ്മിയുടെ ദിവ്യമായുള്ള അംഗസൗഷ്ഠവത്തെ പാശ്ചാത്യവെൺകളിപ്പൂച്ചുകൊണ്ടു പരിഷ്കരിച്ചപ്പോൾ ആ പ്രതിഷ്ഠയുടെ സാക്ഷാലുള്ള ഹോമദ്യുതി പാണ്ഡുരപ്രഭയായി. ആന്ധ്യകാലം എന്നു സങ്കല്പിക്കപ്പെടുന്ന ആ പ്രാചീനദശകളിൽ ജനിച്ച സമുദായാംഗങ്ങൾ ഗാത്രവൈപുല്യത്തിൽ ജയദ്രഥന്മാരും ആത്മാഭിമാനമഹത്ത്വത്തിന്റെ സംരക്ഷണത്തിൽ അർജ്ജുനന്മാരും രക്തച്ഛിദ്രകർമ്മത്തിൽ ജാമദഗ്ന്യന്മാരും പരിശ്രമസാഹസങ്ങളിൽ ഭഗീരഥന്മാരും ആയിരുന്നു. ഭൂതകാലനിരയുടെ അവസാനശിഖരത്തെ തരണംചെയ്തു ജീവിക്കുന്ന നിഷ്പക്ഷവാദികൾ അതീതകാലത്തിന്റെ ഈ ഹൃദയംഗമതയെ സമ്മതിക്കുമായിരിക്കാം. പെരിഞ്ചക്കോടൻ ഖലനും തസ്കരനും പക്ഷേ, നരമേധിയും ആയിരുന്നു എങ്കിലും അയാൾ ആ നികൃഷ്ടമായുള്ള അഗാധതയിൽ നിപാതംചെയ്തുപോയതു് സന്ദർഭവൈരുദ്ധ്യങ്ങളുടെ നിർബ്ബന്ധഭാരത്താൽ ആയിരിക്കാം. മത്സരം മനുഷ്യരെ ഉത്തമമായ ഉന്നതമാർഗ്ഗങ്ങളിലോട്ടും അഘപൂർണ്ണമായുള്ള ഗർത്തപ്രദേശങ്ങളിലോട്ടും ചരിപ്പിക്കുകയോ വ്യതിചലിപ്പിക്കുകയോ ചെയ്യുന്നു. ദാരിദ്രജമായ തൃഷ്ണയും മത്സരത്തിനു തുല്യംതന്നെ, ജീവിതപദ്ധതിയുടെ സ്വീകാരവിഷയത്തിൽ മനുഷ്യപാദങ്ങളെ നിയന്ത്രണം ചെയ്യുന്നു. സ്വീകൃതമായ പന്ഥാക്കളുടെ അനുകരണംകൊണ്ടു വിപരീതഗതികന്മാരായ രണ്ടു വർഗ്ഗക്കാർ വിവിധങ്ങളായ യശസ്സുകളെ സംഭരിച്ചു. പെരിഞ്ചക്കോടൻ ദുഷ്പഥപ്രവേശംകൊണ്ടു ദുര്യശസ്സിനെ, കേശവപിള്ള സുയശസ്സിനെ എന്നപോലെതന്നെ സമ്പാദിച്ചിട്ടുള്ള ഒരു ദൃഢപാദൻ ആയിരുന്നു.

തന്റെ ചാരപ്രധാനനായ കുഞ്ചെക്കുട്ടിപ്പിള്ളയുടെ ദുഷ്ടിമാർഗ്ഗേണ പാണ്ടയുടെ തിരുവനന്തപുരത്തുള്ള സങ്കേതം കണ്ടുപിടിച്ച് അവിടത്തെ ഭടസംഘത്തെ നിഗ്രഹിച്ചും ഓടിച്ചും അമർത്തിയതു് മന്ത്രിയുടെ ഒരു സാമർത്ഥ്യംതന്നെ ആയിരുന്നു. എന്നാൽ ആ ക്രിയയ്ക്ക് അനുമതി നല്കിയ ബുദ്ധി പെരിഞ്ചക്കോടന്റെ ചിത്തസ്വരൂപത്തെ സൂക്ഷ്മഗ്രഹണം ചെയ്തതായി അനന്തരസംഭവങ്ങൾ തെളിയിക്കുമോ എന്ന് സംശയിക്കേണ്ടതായിരിക്കുന്നു. രക്ഷാശിക്ഷാദികൾ സാധിക്കുവാൻ നരജന്മം എടുക്കുന്ന ഈശ്വരന്മാരും ജളപ്രക്ഷേപണംകൊണ്ടു മാത്രം അവരവരുടെ അവതാരോദ്ദേശ്യങ്ങളെ നിറവേറ്റുന്നില്ല. അവരവരുടെ പരിശ്രമപർവ്വങ്ങൾതന്നെ അപൂർണ്ണദർശനം എന്നുള്ള ക്ഷീണം ഭൂജീവിതസഹജമെന്നു തെളിയിക്കുന്നതുകൊണ്ട് കേശവപിള്ളയിൽ വല്ല ബുദ്ധിന്യൂനതയും കാണുന്നുണ്ടെങ്കിൽ അതു ക്ഷന്തവ്യമാണ്.

പറപാണ്ടയുടെ പാളയനഷ്ടം കണ്ടു ക്ഷീണിച്ച പെരിഞ്ചക്കോടൻ ഒട്ടുകഴിഞ്ഞപ്പോൾ ഉൽക്കലമായ കോപാഹങ്കാരത്തോടെ "അവന്റെ കണ്ണിൽ നിന്നു തീച്ചോര" എന്ന് ഒരു ഘോരപ്രതിജ്ഞയെ മന്ത്രിച്ചു. ചാകാതെ ശേഷിച്ച ഭടജനത്തെ വരുത്തി ഏതുവിധവും പെരിഞ്ചക്കോട്ടുകാവിൽ എത്തിക്കൊള്ളുന്നതിന് ആജ്ഞയും കൊടുത്തു ഗൃഹത്തിലേക്കു മടങ്ങാൻ താനും പുറപ്പെട്ടു കരമനനദിയുടെ മറുകരയിൽ എത്തിയപ്പോൾ രാജ്യാധികാരികളുടെ പ്രതിനിധികൾ ദക്ഷിണദിക്കിലേക്കുള്ള അയാളുടെ യാത്രയെ പ്രതിരോധിച്ചു. ആ ഭീമകായം പുറകിലുള്ള നദീജലത്തിൽ ആശിരസ്നാനംചെയ്തു. അവിടെ മുങ്ങിയ ആ ഭീമശരീരത്തെ വീണ്ടും കാണാഴികയാൽ രാജ്യകാര്യനിർവ്വാഹകന്മാരിൽ താണപടിക്കാരായ പ്രതിരോധികൾ താടിക്കു കൈകൊടുത്ത് ആശ്ചര്യപ്പെട്ടും നിലാവുവെളിച്ചം നോക്കി ആനന്ദിച്ചും നിലകൊണ്ടു. രാജശാസന അല്ലെങ്കിൽ മന്ത്രിശാസനയുടെ പ്രയോഗശക്തി പെരിഞ്ചക്കോടന്റെ സംഗതിയിൽ തല്ക്കാലം അവിടെ അവസാനിച്ചു.

ഒന്നുരണ്ടു സംവത്സരങ്ങൾക്കു മുമ്പ്, പെരിഞ്ചക്കോടന്റെ ഘണ്ടാകർണ്ണബഹ്വലം അദ്ദേഹത്തിന്റെ സങ്കേതത്തെ വലയം ചെയ്തിരിക്കെത്തന്നെ പ്രാണഭയം ഇല്ലാത്ത അഴകൻപിള്ളയ്ക്ക് ആ ധേനുകവനത്തിനകത്തുള്ള പ്രതിഷ്ഠയെ ഒന്നു കാണണമെന്നു മോഹം ഉണ്ടായി. അയാൾ അവിടത്തെ കണ്ടകപ്രകാരങ്ങളെയും മതിൽക്കോട്ടയെയും തരണംചെയ്തു രണ്ടു വനയക്ഷികളെ കണ്ടു. ആ ഓമൽകൗളഹലത്തെ ആസ്വദിപ്പാൻ യജമാനനെയും ആകുഞ്ജസദനത്തിൽ അഴകൻപിള്ള പ്രവേശിപ്പിച്ചു. ഇങ്ങനെ ദേവകിയും കല്ലറയ്ക്കൽപിള്ളയും അഴകുശ്ശാരുടെ ചിത്രലേഖാകർമ്മങ്ങളാൽ ഉഷാനിരുദ്ധന്മാരായി സംഘടിക്കപ്പെട്ടു. എന്നിട്ടും, അച്ഛനായ ബാണപ്രഭുവെക്കുറിച്ചുള്ള സ്നേഹത്താൽ, ഈ ഉഷഃപുരാണത്തിലെ ഉഷയെപ്പോലെ 'കന്യാഗൃഹത്തിൽ പുരുഷവസനങ്ങൾ' കാണ്മാനും മറ്റും സംഗതി ആക്കിയിട്ടില്ല. തടസ്സങ്ങൾ വർദ്ധിക്കുമ്പോൾ അതുകളെ ഭഞ്ജിപ്പാൻ പുരുഷവീര്യമുള്ളവർ ദേഹത്യാഗത്തിനും സന്നദ്ധരാകും. കല്ലറയ്ക്കൽപിള്ള തന്റെ ഗൃഹത്തിൽനിന്ന് അല്പം ദൂരത്തായി 'ദേവികോട്ട്' എന്ന ഭവനം സ്ഥാപിച്ചിട്ടുള്ള ദിവാൻജിയായ സർവ്വശക്തന്റെ അടുത്തെത്തി സ്വാഭിലാഷം ധരിപ്പിച്ചു. "യുദ്ധം കഴിയട്ടെ" എന്നു മാത്രം ആ മഹാനുഭാവനിൽനിന്ന് ഉണ്ടായ അനുഗ്രഹത്തെ പുരസ്കരിച്ച് അദ്ദേഹം അടങ്ങിപ്പോന്നു. എന്നാൽ, താമസംകൂടാ

തെതന്നെ പെരിഞ്ചക്കോട്ടെ വനദേവികൾ കല്ലറയ്ക്കൽപിള്ളയുടെ അധീനത്തിൽ, മന്ത്രിയുടെ ആജ്ഞാനുസാരം സംസ്ഥിതകൾ ആക്കപ്പെട്ടപ്പോൾ ആ കാമദേവാനുഗ്രഹീതൻ പെരിഞ്ചക്കോടനായ കാലദേവന്റെ ദണ്ഡനിപാതത്തെ പേടിച്ചു. യുദ്ധം നിമിത്തം രാജ്യത്തിലെ പ്രധാന സേനാപംക്തികളുടെ സഹായം കിട്ടുവാൻ തരമില്ലാത്ത ആ സന്ദർഭത്തിൽ മൂലബലസഹിതം പെരിഞ്ചക്കോടൻ മടങ്ങി എത്തിയാൽ തന്റെ മൂന്നാം സ്ഥാനാധികാരം ഉപേക്ഷിച്ചിട്ട് രക്ഷയ്ക്കായി വല്ല പാതാളവും തേടേണ്ടിവരും എന്നു ഭയപ്പെട്ട് തന്റെ പ്രിയദർശനത്തിന് ഉഴറാൻപോലും ഒരുങ്ങാതെ കാര്യാന്വേഷണഭാഗങ്ങൾ മാത്രം നിർവ്വഹിച്ചു നടന്നു. ആ തക്കത്തിൽ 'ഉഷാനിരുദ്ധം' നിറവേറ്റാതെ, മദനേശ്വരദ്വേഷികളായി വർത്തിക്കുന്നവരെ ശാസിച്ച് അഴകൻപിള്ള ലക്ഷ്മിഅമ്മയോടും തന്റെ യജമാനനോടും തോറ്റിട്ട് ഒരു നിശാരംഭത്തിലെ സ്വൈരാവസരം നോക്കി ദേവകിയോട് ഇടഞ്ഞു. "അങ്ങ് കല്ലറയ്ക്കപ്പോണ പാത്തുടാണ്ട് ഈ ആളുകളെ ഇട്ടു ചെമ്മച്ചനി പിടിപ്പിക്കണതെന്തിനപ്പീ?" എന്ന് അയാളിൽനിന്നുണ്ടായ ചോദ്യത്തിന് ദേവകി ഇങ്ങനെ മറുപടി പറഞ്ഞു: "ഇന്ന് അങ്ങോട്ടു ചാടിപ്പോന്നാൽ നാളെ മറ്റൊരേടത്തേക്കും ചാടിപ്പോവും എന്ന് അദ്ദേഹം വിചാരിക്കും."

അഴകൻപിള്ള: "എന്നാപ്പിന്നെ അതേതു പെണ്ണുങ്ങക്കു വയ്യാത്ത്; എന്നുവച്ചു പെണ്ണുകൊള്ളയും പൊറുപ്പിക്ക്യയും ചെയ്യണാരില്ല്യോ?"

ലക്ഷ്മിഅമ്മ: "ഞെരുക്കണ്ട അഴകൻപിള്ളേ. എലങ്കം പോയതിനെക്കുറിച്ചു വലിയ ശണ്ഠ കൂട്ടിക്കൊണ്ടു തിരിച്ചെത്തും. അപ്പോഴത്തെ ദേഷ്യം ഒന്നു ശമിച്ചിട്ട് എല്ലാം ആലോചിക്കാം."

അഴകൻപിള്ള: "അതുവരെ അപ്പൊ, ഈ വെരുവിലിട്ട കൂടെപ്പോലെ – ഹ്ഹ് – കൂട്ടിലിട്ട വെരുവെപ്പോലെ കിടപ്പാനോ?"

ലക്ഷ്മിഅമ്മ: "ചിലതൊക്കെപ്പറഞ്ഞുതീർത്തിട്ടേ വല്ലതും ഏർപ്പാടിന് ഒരുക്കാവൂ."

അഴകൻപിള്ള: "അഴകുനും അറിയാം. പറഞ്ഞുതീർപ്പാനുംമറ്റും ഒന്നും ഇല്ല. കൊലവാസംചെയ്തു കഴുവേറ്റാൻ വിതിച്ചട്ടാലും, അഴകു പെയ് ഒരു കൈപാക്കുമ്പോ എഴുത്തും കിഴുത്തുമൊക്കെ അങ്ങു മറഞ്ഞു പോവാര്. അടിക്കടി ആളു വരുന്നാ? മൂന്നു പതിനഞ്ചെത്ര അമ്മച്ചീ, അത്രയും നന്നെലം അഴകനു കരമൊഴി ചാർത്തി അല്ല്യോ കല്പിച്ചതന്യൂട്ടാര്? ഇന്നു ചെന്ന് ഒന്നറവിച്ചട്ടാ തടുക്കാൻ ഏതു മന്നൻ? ഏതു മന്ത്രി? തേവു അപ്പിക്കുവേണ്ടി അഴകനിതാ ചെന്ന് ഒരു വരം കേട്ടോണ്ടു വന്യൂടുണേ."

ലക്ഷ്മിഅമ്മയുടെ മുഖം ചിന്താവേഗത്താൽ ചലിച്ചു എങ്കിലും അഴകുശ്ശാർക്കു മഹാരാജാവിനോടുള്ള സേവാബന്ധം എന്തെന്നു വിസ്തരിച്ചറിവാൻ അവർ ആഗ്രഹിച്ചു. സമയം കാത്തുനിന്നപ്പോൾ തിരുമുമ്പിൽ ചെല്ലുന്നതിനു കല്പന ആയി എന്നും കണ്ഠീരവരായരെ തന്നോടു സമരത്തിനു വിടണം എന്ന് അപേക്ഷിച്ചപ്പോൾ മഹാരാജാവ് ആലിലപോലെ

വിറച്ചു എന്നും താൻ ആ രാജമന്ദിരം കിടുക്കി ഘോഷിച്ച പോർവിളി കേട്ട് കണ്ണീരവൻ പുറത്തുചാടിയെന്നും ഉദയംമുതൽ അസ്തമയംവരെ പോരാടി അയാളുടെ അസ്ഥികൾ ആറായിരവും തകർത്ത് അയാളുടെ ഉത്തരീയത്തിൽ കെട്ടി അയച്ചു എന്നും തന്റെ പാടവങ്ങൾ കണ്ടുനിന്നിരുന്ന മഹാരാജാവ് ഉടനെതന്നെ "കൊണ്ടരട്ടെ ഉടവാൾ" എന്നു കല്പിച്ചു എന്നും അവിടുത്തെ തിരുവുള്ളംകൊണ്ടു ദത്തമായ ആ ഖഡ്ഗത്തെ തന്റെ യജമാനൻ പിടിച്ചുമേടിച്ച കല്ലറയ്ക്കൽ ഭവനത്തിലെ കല്ലറയിൽ സൂക്ഷിച്ചിരിക്കുന്നു എന്നും മൂന്നു തടിക്കണ്ടം "എന്ത രോധാരമേ തന്തതിപ്രബേശ്യമേ" അനുഭവിച്ചുകൊൾവാൻ കല്പിച്ചു നീട്ടെഴുതിവിട്ടു താൻ ഇപ്പോൾ യജമാനന്റെ "ഇത്തിരിയൊക്കെ അടുത്ത പന്തിയിൽ" നില്ക്കാനുള്ള ഗൃഹസ്ഥൻ ആയിരിക്കുന്നെന്നും മൂഴക്കു പൊളിയും ഒരു മണി പരമാർത്ഥവും ചേർത്ത് അഴകുശ്ശാർ വർണ്ണിച്ചു.

നാട്ടിൻപുറത്തെ പാർപ്പുകാർ അതതു ദേശത്തെ പ്രമാണികളെ ചക്രവർത്തികളായി ഗണിക്കുന്നു. കേവലം അജ്ഞതകൊണ്ട് രാജാധികാരത്തെപ്പോലും അവർ രണ്ടാം തരത്തിലാക്കി ചിലപ്പോൾ അനാദരിച്ചും കളയുന്നു. ഈ ഘട്ടത്തിൽ ലക്ഷ്മിഅമ്മയുടെ ആശയങ്ങളെ നിയമനം ചെയ്ത് പ്രമാണം സമുദായവിപുലതയെക്കുറിച്ച് അജ്ഞയായുള്ള ഒരു സ്ത്രീയുടേതെന്നു മാത്രമല്ല, ജനനത്താൽ ഒരു വിശിഷ്ടമായ പ്രാധാന്യത്തെ അവകാശപ്പെടുന്നവളുടേതും ആയിരുന്നു. അതിനാൽ അവരുടെ ചിത്തമാനത്തിൽ സ്വപുത്രിയുടെ വിവാഹത്തിനു രാജസഹായത്തെ പ്രാർത്ഥിക്കുന്നതു കേവലം ഒരു നിഷാദകർമ്മം ആണെന്നു തോന്നി. ഭർത്താവായ വിശ്വംഭരന് എതിരായുള്ള ഒരു ശക്തിയെ സങ്കല്പിക്കുകയും അവരുടെ ബുദ്ധിക്ക് അശക്യമായിരുന്നു. അഴകുശ്ശാരുടെ വർണ്ണനയിലെ രസമർമ്മം എന്തെന്നു പോലും ഗ്രഹിപ്പാൻ നിസ്സർഗ്ഗരൂഢമായ അവരുടെ ക്ഷമണ്ഡൂകതയാൽ അവർക്കു കഴിവുണ്ടായില്ല. തന്നിമിത്തം അഴകുശ്ശാരുടെ മാദ്ധ്യസ്ഥ്യം അനർത്ഥകരമായല്ലാതെ, ശുഭോദർക്കമായി പര്യവസാനിക്കുക ഇല്ലെന്ന് അവർക്കു തോന്നി, അതിനെ അവർ നിരാകരിച്ചു.

അഴകൻപിള്ള: "ഒന്നും വരമാട്ടാരമ്മച്ചീ!"

ഒരു കോണിലെങ്ങാണ്ടോ, (ത്രിവിക്രമന്റെ സ്വാതന്ത്ര്യപ്രയോഗത്തിനു വിരുദ്ധമായി) ഭാവിമാതുലിയുടെ മുമ്പിൽ പ്രവേശിക്കാതെ മറഞ്ഞുനിന്നിരുന്ന കല്ലറയ്ക്കൽപിള്ള സ്വഭൃത്യന്റെ ഭരമേൾപ്പിനെ ശാസിച്ചു: "നിനക്കു പൈത്യം പിടിച്ചുപോയി. പെരിഞ്ചക്കോട്ടണ്ണൻ എപ്പോൾ കേറിവരുമെന്നറിഞ്ഞുകൂടാ. നീ തെന്തനം വഴിക്കു നടപ്പാൻ പോയാൽ വല്ല ചൂനകളും വന്നു തലയിൽ കേറും."

അഴകൻപിള്ള: (ദേഷ്യത്തോടെ) "ഒന്നീ അഴകു ചൊല്ലുമ്പോലെ അങ്ങുന്നു കേക്കണം. അല്ലേങ്കി അങ്ങുന്നു നടക്കുണതു അഴകു ചൊല്ലുമ്പടി. അല്ലാണ്ട് ഈ നാലും മൂന്നും നെനച്ചോണ്ടിരുന്നാ, നമ്മ വഹക്കമാട്ടാര്. അങ്ങുന്നു ചെന്നണ് ആ എലങ്കത്തിടിലില് ശെവനേന്നിരിക്കണം. അഴകു ചെന്ന് എന്തരിനെല്ലാം നീട്ടും ശിട്ടിയും പിടിച്ചോണ്ടുവരുണെന്നു പാത്തോളണം."

ലക്ഷ്മിഅമ്മ: "എന്റെ അഴകശ്ശാരേ! താനിത്ര അടങ്ങി ഇരിക്ക. എവടെ അച്ഛന്റെ മനസ്സ് എങ്ങനെ എന്നറിഞ്ഞു്."

അഴകൻപിള്ള: "ചെക്കെന്നു ചൊല്ലമ്പം കൊക്കെന്നു കേട്ടോ ണ്ടാ ... ഹല്യോ? ആ മനം വരുത്താനല്യോ അഴകു പോണതു്. അമ്മച്ചീ ഈ കല്പനാന്നു ചൊല്ലണില്യോ പൊന്നുതമ്പുരാന്റെ കല്പന, അതു കല്ലേപ്പിളപ്പാര്."

ഈ വാക്കുകൾ കേട്ട് ലക്ഷ്മിഅമ്മ അല്പനേരം ചിന്തയോടിരുന്നു. രാജകല്പനയോ? സമുദായകല്പന, അല്ല സംഘകല്പന. ഈ മൂന്നാമത്തേതു് എന്തെന്നു തനിക്കു രൂപം ഉണ്ടു്. അതു കല്ലുകളെയല്ല, എല്ലുകളെയുമല്ല, ആത്മാവുകളെ തകർക്കുന്നു. ജന്മജന്മാന്തരമോക്ഷത്തെ നഷ്ടം ആക്കുന്നു. കല്പന എന്നുള്ള ശിലാഭേദകശക്തിയെ വഹിക്കുന്ന മഹൽകേന്ദ്രം അതിനിസ്സാരങ്ങളായ സംഘകേന്ദ്രങ്ങൾ മുക്തങ്ങളാക്കുന്ന അശ്മശലാകകളാൽ സംഭവിക്കപ്പെടുന്ന ദുരിതസമുച്ചയങ്ങളെ പ്രതിബന്ധിപ്പാൻ ശക്തി വഹിക്കുന്നുവോ? ഇല്ലെങ്കിൽ അതിന്റെ മാഹാത്മ്യം എന്തു്? ഈ ചിന്തകളുടെ അവസാനത്തിൽ ഇങ്ങനെ ഒരു ക്ലേശോച്ചാരണവും അവരുടെ ഹൃദയനാളത്തിൽനിന്നു മുക്തമായി. "അതേ അഴകശ്ശാരെ, ചിലരുടെ നെഞ്ചിനകത്തുള്ള കല്ലിനെ അതു തകർക്കുമോ എന്നു സംശയമുണ്ടു്."

തനിക്കു ദൈവകൃപയാൽ ശരിയായ രക്ഷ കിട്ടിയിരിക്കെ ഈ ക്ലേശം അവിഹിതം അല്ലേ എന്നു് ലക്ഷ്മിഅമ്മ സ്വയം ശാസിക്കുന്നതിനിടയിൽ അവരുടെ അഭിപ്രായത്തെ പ്രത്യാദേശിച്ചു പുത്രിയും അഴകശ്ശാരും നിൽക്കുന്നതിനെ പരിഗണിക്കാത്ത ഒരു ദീർഘഹസ്തം അവരെ ആവരണം ചെയ്തു.

അഴകശ്ശാർ മുറ്റത്തോട്ടു ചാടി ചാഞ്ഞുനിന്നിരുന്ന വൃക്ഷശാഖവഴി ചന്ദ്രബിംബം ചേർന്നു് അഭയം പ്രാപിക്കാൻ എന്നപോലെ അംബരം എത്തി. അഭിലഷിച്ചുകൊണ്ടിരുന്ന ദർശനത്തിന്റെ ലബ്ധിയിൽ ഉദിതമായ ആനന്ദത്താൽ അരുണിതമായ മുഖത്തോടെ ദേവകി അച്ഛന്റെ ദക്ഷിണഹസ്തത്തെപ്പിടിച്ചു തന്റെ ദേഹത്തെ വലയം ചെയ്യിച്ചു. ഖലനും അസുരനും നാരകീയനും ആയ ആ ഹിമവൽകായന്റെ ഉന്നതനിരകളിലുള്ള ജലസുരഭികൾ രണ്ടിലും നിന്നു ദ്വിവിധമായുള്ള അമൃതധാരകൾ പ്രവഹിച്ചു് ആ അവലംബിനീയുഗത്തെ അഭിഷേകം ചെയ്തു. കിഴക്കേ നന്തിയത്തു വിവാഹകർമ്മത്തിനായി ഒരുക്കപ്പെട്ട ദീപശിഖകൾ എന്നപോലതന്നെ ആ ചെറുമന്ദിരമായുള്ള ആരാമവേദിയിൽ വിളങ്ങിയിരുന്ന ദീപവും മുഹൂർത്തത്തിന്റെ ഐക്യത്താൽ ഇടം ചുറ്റി വീശിയതു രംഗസ്ഥിതജനങ്ങൾ കാണുകയോ ആ ലക്ഷണത്താൽ ജല്പിതമായ ശുഭാശുഭത്തെ ഗ്രഹിക്കുകയോ ചെയ്തില്ല.

പെരിഞ്ചക്കോടൻ അയാളുടെ ഭീമഹസ്തങ്ങൾ വലയംചെയ്തുനില്ക്കുന്ന സ്ത്രീകൾ – ഇവരുടെ ഹൃദയത്രയത്തിന്റെ സംയോജ്യാവസ്ഥ ഗ്രന്ഥകാരന്മാരുടെയോ ഗ്രന്ഥോപഭോക്താക്കളുടെയോ വീക്ഷണത്തിനു വിഷയീഭവിച്ചുകൂടാത്തതായ പാവനമാഹാത്മ്യത്തോടുകൂടിയതായിരുന്നു. ആര്യധർമ്മത്തിന്റെ പ്രചാരാബ്ധിയിൽ ബഹുകോടി സതികൾ ഭർത്തൃശരീരങ്ങളോടൊന്നിച്ചു ചിതാരോഹണം ചെയ്തിട്ടുണ്ടു്. പ്രണയകഥകൾ ലോകവിശ്രുതിയെ സമ്പാദിക്കുമാറുള്ള സാഹിത്യരൂപങ്ങളിൽ പ്രഖ്യാപിതങ്ങളും ആയിട്ടുണ്ടു്. എന്നാൽ, ഭർത്താവിന്റെ ശിവപൂജാസമാപനത്തിലുള്ള ഭസ്മം ഉണ്ടാക്കാൻ സ്വദേഹത്തെ ദഹിപ്പിച്ച ഒരു

പുളിന്ദിയുടെ ത്യാഗകർമ്മം അനുകരിച്ച ഒരു ഹരിശ്ചന്ദ്രനോടോ രുഗ്മാംഗദനോടോ പുരാണകഥകൾ മാർഗ്ഗേണ ലോകം പരിചയപ്പെടുന്നില്ല. 'പുളിന്ദ'ന്മാരുടെ അഭാവം പ്രത്യക്ഷമാക്കുന്ന ധർമ്മങ്ങളുടെ അനുയായികൾ പെരിഞ്ചക്കോടന്റെ പ്രണയപ്രകടനം കേവലം മൃഗീയമെന്നു വിവക്ഷിച്ചേക്കാം.

പെരിഞ്ചക്കോടനിലെ അഘാംശങ്ങളുടെ പരിമിതി എന്തുതന്നെ ആയിരുന്നാലും അയാളുടെ വാത്സല്യപ്രണയങ്ങളുടെ പ്രചുരിമ ബഹുവിശ്വങ്ങളെ സ്വർഗ്ഗമണ്ഡലങ്ങൾ ആക്കാൻപോരുന്നതായിരുന്നു. നിശബ്ദവും നിശ്ചേഷ്ടവും ആയി, കേവലം ആത്മീയ നാഡികൾ മാർഗ്ഗമായി സ്വാനുരാഗസ്നേഹങ്ങളെ പ്രസ്രവിപ്പിച്ച് ആ ജനനീപുത്രിമാരെ ശാന്തധീരകൾ ആക്കിനിന്ന പെരിഞ്ചക്കോടൻ അനിശ്ചിതമായുള്ള ഭാവ്യവസ്ഥകളെ അന്തഃചക്ഷുസ്സുകളാൽ ദർശിക്കുന്നു. ആ ജീവാനന്ദസന്ദായിനികൾക്കുവേണ്ടിയും തന്റെ പുരുഷനിശ്ചയത്തെ ഉപേക്ഷിക്കുക എന്നുള്ള ചാപല്യം അയാളുടെ ആത്മഘടനയ്ക്കു വിരുദ്ധമായിരുന്നു. താൻ സംവരിപ്പാൻ ബദ്ധസൂത്രനാകുന്ന വിപത്തുകൾ പക്ഷേ, തന്റെ ജീവഹതിയിൽ പരിണമിച്ചേക്കാമെന്നു ഭയപ്പെട്ട് അങ്ങനെ സംഭവിക്കുന്നെങ്കിൽ താൻ കേശവപിള്ളയോടു വീരവാദംചെയ്തതുപോലെ ആ നിരാലംബകൾക്കു സുഖജീവിതം നിർവ്വഹിപ്പാൻ വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനു മാത്രം അയാൾ പോന്നിട്ടുള്ളതായിരുന്നു. പുത്രിയെ വേർപെടുത്തിയിട്ടു ഭാര്യയോട്ട് ഏകാന്തസംഭാഷണം ചെയ്യുന്നതിന് ആഗ്രഹിക്കുകയാൽ, അയാൾ "തേവൂ! അച്ഛൻ പെരുവഴി നടന്നു തളർന്നുവന്നിരിക്കുന്നു. എന്റെ പൊന്നുകട്ടിതന്നെ പോയി ഒരു കിണ്ണി വെള്ളം അനത്തി ചൂടുചൂടേന്നു കൊണ്ടന്നൂട്ട്" എന്ന് ആജ്ഞാപിച്ചു. വൈമനസ്യത്തോടെങ്കിലും, ആജ്ഞാനിർവ്വഹണത്തിനു കന്യക പുറപ്പെട്ടപ്പോൾ പെരിഞ്ചക്കോടൻ ഭാര്യയുടെ മുഖത്തെ ഹസ്തങ്ങളിൽ ചേർത്ത് അഭിമുഖനായി നിന്ന് ഇങ്ങനെ ചോദിച്ചു: "എലങ്കവും വീടും പൊയ്പോയപ്പോൾ, എശ്മിയുടെ മനമിടിഞ്ഞുപോയോ? ശ്ശീ, ചടയാതെ (മടിയിൽനിന്ന് ഒരു താക്കോൽ എടുത്തു നീട്ടി) ഇന്നാ പിടിച്ചോ ഇത്. ആ കല്ലറയ്ക്കലെ അവനെങ്ങ്?"

ലക്ഷ്മിഅമ്മ: "ഇവിടെ എങ്ങോണ്ടോ ഉണ്ട്. പേടിച്ചു പതുങ്ങി നില്ക്കയാണ്."

പെരിഞ്ചക്കോടൻ: "പേടിപ്പാനും കിടുകിടുപ്പാനും എന്തോന്ന് അവൻ പെഴച്ചോ? ചെങ്കോലുണ്ടെന്നുവച്ച് കൊള്ള ഇട്ടോണ്ടു പെയ്യങ്കിൽ പെരിഞ്ചക്കോടൻ അവരെ കരുവലക്കല്ലും എളക്കീല്ലെങ്കിൽ ആൺപിറന്നവനോ? കല്ലറക്കയാൻ നേരും നിറിയുമുള്ള പിള്ള. എന്നാലും ഞാൻ തിരുമ്പിവന്നേ പെണ്ണേക്കൊടുക്കണ കാര്യം തീർച്ചയാക്കാവൂ. വന്നില്ലെങ്കിൽ കൊടുത്തോ."

ലക്ഷ്മിഅമ്മ: (വിശ്വാവസാനം കണ്ടു തളർന്നുതുടങ്ങിയ നാവാൽ) "ഇങ്ങനെ ഒന്നും പറയരുത്. തിരിച്ചുവരാതെ എവിടെപ്പോകുന്നു? ഇവിടുന്ന് എങ്ങും പോകണ്ടാ. അങ്ങേക്കുറ്റിലുള്ളവരെയും ഞങ്ങളെയും അനാഥകളാക്കരുത്."

പെരിഞ്ചക്കോടൻ: (ഭാര്യയുടെ വാക്കുകൾക്ക് ഉത്തരം പറയാതെ തിരിഞ്ഞുനിന്ന്) "എലങ്കത്തറയുടെ നടയ്ക്കു തോണ്ടി രണ്ടാൾ ചെല്ലുമ്പോൾ – ഈ താക്കോല് അയ്യിനപ്പിള്ളേടെ കയ്യിക്കൊട്ട്. നിങ്ങടെ പൊറുതിക്കു മേന്മയിൽ കഴിവാൻ അവിടെക്കരുതീട്ടൊണ്ട്." കൂടുതൽ ഉപദേശങ്ങളോ ആജ്ഞകളോ കൊടുപ്പാൻ നില്ക്കാതെ പെരിഞ്ചക്കോടൻ ഭാര്യയെ അവസാനപരിരംഭണം എന്ന വിചാരത്തോടെ മുറുകെത്തഴുകി. ഭർത്താവിനുചേർന്ന പ്രാഗല്ഭവീര്യം സംഭരിച്ചിരുന്ന ആ സതി മറ്റൊന്നും പറവാൻ ഒരുങ്ങിയില്ലെങ്കിലും അവരുടെ കണ്ണുത്തിൽനിന്ന് എന്തോ വാസനാപ്രേരണയാൽ ഒരു ചോദ്യം മാത്രം പുറപ്പെട്ടു. "പിന്നെ?"

പെരിഞ്ചക്കോടൻ: "ചുമ്മാ ചൊല്ല്. എന്റടുത്തല്ലാണ്ട് എന്റമ്മ പിന്നെ ആരെ അടുത്തു ചൊല്ലണ്?"

ലക്ഷ്മിഅമ്മ മുഖം താഴ്ത്തി ഭയാതുര എന്ന ഭാവത്തിൽ ഭർത്തൃവക്ഷസ്സോടു ചേർന്നു നിലകൊണ്ടു.

പെരിഞ്ചക്കോടൻ: "ഛേ! ചുമ്മാ ചൊല്ലൂട്. അടക്കിവച്ചു മനം വേവിക്കാതെ. തേവൂനെ കനകംപോലെ സൂക്ഷിച്ചു ഞാൻ തിരുമ്പിവരുമ്പോൾ ഇന്ന് എന്റെ തോളിൽ ചേർന്ന കൊഴന്തക്കന്യാവായിത്തന്നെ ഏൾപ്പിച്ചൂട്."

ലക്ഷ്മിഅമ്മ: (ഭർത്താവിനോടു ചോദിച്ചറിയണമെന്നു മോഹിച്ച സംഗതിയുടെ വാസ്തവം എങ്ങനെയെങ്കിലും ആകട്ടെ എന്നു ചിന്തിച്ചുകൊണ്ട് പൊടുന്നനെ വന്ന് ഝടിതിയിൽ യാത്രയാകുന്ന ഭർത്താവിനെ തടയുവാനായി) "ഇപ്പഴിനി എങ്ങോട്ടു പോണു? ഈ താക്കോൽ ഇരിക്കുന്ന സ്ഥതിക്കു വെറുതെ കഷ്ടപ്പെടാൻ ചുറ്റുന്നതെന്തിന്? ഉള്ളതു വച്ചു കഴിച്ചുകൊണ്ടു സുഖമായി ഇരിക്കരുതോ? വയസ്സ് അങ്ങോട്ടു ചെല്ലുകയല്ലേ ചെയ്യുന്നു? ഇനിയിപ്പോൾ എങ്ങോട്ടെങ്കിലും പോകുന്നെങ്കിൽ ദേവകി വല്ലാതെ വ്യസനിക്കും."

പെരിഞ്ചക്കോടൻ: "നോക്കെന്റെ ചെല്ലൂ! ആണുങ്ങൾക്കു ചെല മൊറകളുണ്ട്. അതു വിട്ടാൽ അവന്റെ കാര്യം ചീളുവം. അവൻ പല കോട്ടകളും പിടിപ്പാനും പൊടിപ്പാനും നിയ്ക്കും. അവന്റെ ഉള്ളം വെളിയിൽ വിട്ടാൽ പെണ്ണുങ്ങൾ താങ്ങൂല്ല. അവന്റെ അകത്തൊള്ള തീ എന്തെന്നു പെങ്കൊലത്തെ തെരുവിച്ചാൽ പിന്നെ കുടി പൊറുതികെട്ടു. ഞാൻ ഇന്നു പോയാൽ ഒടനേ വന്നൂടും, ചെലതു കണ്ടേച്ചു. പിന്നെ കാര്യങ്ങൾ നിന്റെ ചൊൽപടിക്കേ വിട്ടൂടാം. നീകേപ്പാൻ തുടങ്ങിയതു പറയാണ്ടു മനം പുണ്ണാക്കാതെ."

ഇദ്ദേഹം ഇടക്കാലത്ത് ആ സങ്കേതം വിട്ടുപിരിഞ്ഞിരുന്നതു ദേവകിക്ക് ഒരു ഭർത്താവുണ്ടാക്കാൻ ആണെന്ന് ലക്ഷ്മിഅമ്മ ഗ്രഹിച്ചിരുന്നു. ആ യത്നം ഫലിക്കാത്തതുകൊണ്ട് എന്തോ വിഷമസങ്കലിതമായുള്ള സാഹസത്തിനു വീണ്ടും ഉദ്യോഗിക്കുന്നു എന്നു ഭയപ്പെട്ടു

പുത്രിക്ക് ഒരു കുബേരനെയോ കാമദേവനെയോ ഭർത്താവായി കിട്ടിയില്ലെങ്കിലും സ്വഭർത്താവിന്റെ ജീവിതഗതിയെ ഗൃഹവൃത്തിയിലോട്ടും കർഷകവൃത്തിയിലോട്ടും ബന്ധിപ്പിച്ച് ആപദ്വിഹീനമായുള്ള സ്വൈരവാസത്തിൽ അദ്ദേഹത്തെ അനുരക്തനാക്കാനായി അവർ ശൃംഗാരചേഷ്ടകളോടെ അദ്ദേഹത്തെ പുണർന്നുകൊണ്ടു ക്ലേശഭാവത്തിലും മധുരസ്വരത്തിലും ഇങ്ങനെ ധരിപ്പിച്ചു: "ഇവിടെ തനിച്ചു താമസിച്ചു ഞങ്ങൾ വളരെ കഷ്ടപ്പെടുന്നു. അവിടുന്നു കണ്ടിടത്തുപോയി താമസിക്കുന്നതിനെക്കുറിച്ചു ദേവകി ഇന്നു കഴുത്തിൽ തൂങ്ങിക്കരയുവാൻ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യരുതെന്നു ഞാൻ ഗുണദോഷിച്ചു എങ്കിലും അവൾ ചാടിക്കുടിയതു കണ്ടില്ലേ?"

പെരിഞ്ചക്കോടൻ സ്വഭാര്യയുടെ വാദത്തിലെ ഭാഷാ പരിഷ്കൃതിയാലും വാങ്മാധുര്യത്താലും ധന്യനാക്കപ്പെട്ടു. "തനിച്ചോ എശ്മി! കല്ലറയ്ക്കയാൻ കാവലൊണ്ടല്ലോ. എന്നാൽ ഞാൻ ചൊല്ലണതുവരെ അവനെ അധികം അടുപ്പിക്കാതെ. ഇന്നു നീ പുതുക്കൊഴഞ്ചിമല ആടുന്നേന്നു നിനക്ക് ഇതാ (ചുംബനം) . ഇപ്പം ഒന്നുകൂടി പെയ്യേച്ചു വന്നിട്ടു പിന്നെ എല്ലാം നിന്റെ ചൊൽപ്പടി. നീ കേപ്പാൻ വന്നതെന്തോന്ന്?"

ഭർത്താവായ അതിവീരന്റെ വാക്കുകൾ അപ്പോൾ ആരംഭിക്കുന്ന വിവരം തന്റെ വൈധവ്യത്തിൽ അവസാനിച്ചേക്കും എന്നു ധ്വനിക്കുംവണ്ണമുള്ള കണ്ഠക്ഷോഭത്തോടുകൂടി ആയിരുന്നതിനാൽ സകലവും ഭഗവാൻ ശ്രീവൈകുണ്ഠവാസിയുടെ പ്രസാദഗതി അനുസരിച്ചു നടക്കട്ടെ എന്നു സമാധാനപ്പെട്ടുകൊണ്ടു തന്നെ പീഡിപ്പിച്ചുവന്ന സംശയത്തിനു നിവൃത്തിവരുത്തിക്കളവാൻ ആ സ്വാധി തീർച്ചയാക്കി. അക്ഷരങ്ങളെ ഉച്ചരിപ്പാൻ തുടങ്ങിയപ്പോൾ രസനേന്ദ്രിയം സ്തംഭിച്ചു. തന്റെ പരിതഃസ്ഥിതിയിൽ മോക്ഷകവാടം തീരെ പ്രതിബന്ധിച്ചുപോകാവുന്ന ഒരു മഹാപാതക തന്നിലും ചുമലുന്നോ എന്ന് അറിയേണ്ടതു് അനന്തരബഹുജന്മങ്ങളെ സംബന്ധിക്കുന്നതാവുകയാൽ ധൈര്യം അവലംബിച്ചുകൊണ്ടു് അവർ ചോദിച്ചു: "ഇവിടുന്ന് – നാരായണ! ക്ഷമിക്കണേ! മറ്റൊന്നും വിചാരിക്കരുതു് – അവിടുത്തെ ഇഷ്ടം എങ്ങനെയോ, അതു ചോദിപ്പാൻ ഇവൾക്കവകാശം ഇല്ല. എങ്കിലും –"

പെരിഞ്ചക്കോടൻ വീണ്ടും ഭാര്യയെ മുറുകെ പുൽകിക്കൊണ്ടു്: "അയ്യോ! ഇതെന്തതു് അലോഖ്യം. നേരം പോണു. കാര്യം ചൊല്ലൂട്."

ലക്ഷ്മിഅമ്മ: "സാരമില്ല. അവിടുന്ന് – ഇവിടെ എങ്ങാണ്ടോ ചിലരൊക്കെ, എന്തോ ചെയ്യുമെന്ന് കേട്ടിട്ടുണ്ട്. ഓഃ നരകം!" ഭർത്തൃശരീരത്തോടു ചേർന്നു നിന്ന സ്ത്രീ കിതച്ചു ചാഞ്ചാടിത്തുടങ്ങി.

പെരിഞ്ചക്കോടൻ: (അക്ഷമനായി) "എന്തോന്ന്? എന്തു ചെയ്യണം എന്നു പറ. പോരായ്മയ്ക്കു വല്ലവരും ഏശിയെങ്കിൽ –" ഉജ്ജ്വലിച്ചുതുടങ്ങിയ ഭർത്തൃകോപം ശമിപ്പിക്കുവാനായി തന്റെ ചോദ്യത്തെ വ്യക്തമാക്കാൻ "ഗോമാംസം" എന്നൊരു പദത്തെ ലക്ഷ്മി അമ്മ ഉച്ചരിച്ചു.

പെരിഞ്ചക്കോടൻ: "എന്തത്?" സ്ത്രീ നെറ്റിത്തടത്തിൽ കൈചേർത്തു നിന്നു വിവർണ്ണയായി വിറകൊണ്ടു. ചോദ്യത്തിന്റെ സാരവും അതിന്റെ അതിദൂരംവരെ എത്തുന്ന വ്യാപ്തിയും പെരിഞ്ചക്കോടനു മനസ്സിലായി. "ഇല്ലില്ല," എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് അയാൾ പാചകശാലയിൽ എത്തി. പുത്രിയെ രണ്ടു കൈകൾകൊണ്ടും ഉയർത്തി കണ്ണുകളോടു വീണ്ടുംവീണ്ടും അണച്ചു നിലത്തു നിറുത്തിയിട്ട് "പോകരുതേ അച്ഛാ!" എന്നുള്ള വിളികളെ ഗണ്യമാക്കാതെ വീണ്ടും ആസുരാത്മകനായി വൃക്ഷക്കൂട്ടങ്ങളുടെ ഇടയിൽ മറഞ്ഞു.

കഴക്കൂട്ടത്തുനിന്നും മടങ്ങിയെത്തി മദ്ധ്യാഹ്നാനന്തരം മഹാരാജാവിനെ സന്ദർശിച്ച് മീനാക്ഷിഅമ്മയുടെ സമ്മതത്തെയും മറ്റു വസ്തുതകളെയും ഉണർത്തിച്ചിട്ട് ദിവാൻജി തന്റെ മന്ദിരത്തിലേക്കു യാത്രയായി. രാജഭണ്ഡാരത്തിലേക്ക് അടങ്ങിയ ആ ഭൂരിസമ്പത്തിനെ തൃണവൽഗണിച്ച് ഉപേക്ഷിച്ച മഹതിയുടെ ഔദാര്യത്തെയും രാജഭക്തിയെയുംപറ്റി ചിന്തിച്ച് ഉണ്ണിത്താന്റെ ദുശ്ശങ്കകളെ നീക്കി ആ ദമ്പതിമാരെ പുനസ്സംഘടിപ്പിക്കുന്ന ഭാരം താൻതന്നെ വഹിക്കുന്നുണ്ടെന്ന് പ്രതിജ്ഞചെയ്തുകൊണ്ട് മഹാരാജാവ് സ്വമഞ്ചത്തിൽ ഇരിക്കെ, പള്ളിയറക്കാരൻ പ്രവേശിച്ച് "രായരെ തോല്പിച്ചവൻ വന്നു മുഖംകാണിപ്പാൻ നില്ക്കുന്നു" എന്ന് അറിയിച്ചു. മഹാരാജാവിന്റെ മുഖം സന്തോഷത്താൽ വികസിച്ചു. "വേഗം വരാൻ പറ. അല്ലെങ്കിൽ അവൻ പക്ഷേ, കലഹിച്ചു പറന്നുകളയും" എന്നു കല്പിച്ചു. പള്ളിയറക്കാരൻ പിൻവാങ്ങി. ഒട്ടുനേരം കഴിഞ്ഞിട്ടും അഴകുശ്ശാരുടെ പുറപ്പാടുണ്ടാകുന്നില്ല. വസ്തുത എന്തെന്നറിവാൻ മഹാരാജാവ് മാളികയിലെ ജാലകത്തിൽക്കൂടെ തെക്കോട്ടു നോക്കിയപ്പോൾ മുറ്റവെളിയിലുള്ള അശ്വത്ഥവൃക്ഷത്തെ അഴകൻപിള്ള ഭക്തനായി പ്രദക്ഷിണംവയ്ക്കുന്നതും പള്ളിയറക്കാരൻ ഞെരുക്കി മാളികയിലോട്ടു ക്ഷണിക്കുന്നതും കണ്ടു. ഈ പ്രദക്ഷിണക്രിയ പാദങ്ങൾകൊണ്ടു മാത്രമായിരുന്നതിനാലും നേത്രങ്ങൾ രാജമന്ദിരത്തിലെ ജാലകങ്ങളുടെ നേർക്കു പ്രവർത്തിതങ്ങളായിരുന്നതുകൊണ്ടും തന്റെ ഭക്തികൊണ്ടു പുഞ്ചിരികൊള്ളുന്ന മഹാരാജാവിന്റെ മുഖം അഴകുശ്ശാർക്കു കാണുവാൻ കഴിഞ്ഞു. പള്ളിയറക്കാരന്റെ ക്ഷണങ്ങളെ അതുവരെ നിരാകരിച്ചു നിന്നിരുന്ന അഴകൻപിള്ള മഹാരാജാവിന്റെ മുഖം കണ്ടതുമുതല്ക്കുതന്നെ തന്റെ ദേശാചാരപ്രകാരം മുഖംകാണിച്ചുതുടങ്ങി. രാജദൃഷ്ടിയിൽ നിന്നു നീങ്ങിയിട്ടും മഹാരാജാവ് ഇരിക്കുന്ന പള്ളിയറയിൽ എത്തുന്നതുവരെ ആ ക്രിയയ്ക്കു മുടക്കം വരാതെ തുടർന്ന് മന്ദിരകൂടങ്ങളെയും തൂണുകളെയും വാതിലുകളെയും വന്ദിച്ചു രാജപ്രസാദത്തെ വഴിയാംവണ്ണം സമ്പാദിച്ചു എന്നു സന്തുഷ്ടനായി അയാൾ പള്ളിയറയുടെ വാതില്ക്കൽ ഒതുങ്ങി മുഖം കാട്ടിത്തന്നെ നിലകൊണ്ടു. ചിരികൊണ്ട് അരുളപ്പാടുകൾക്ക് ഉണ്ടായ ഇടറലുകളോടെ മഹാരാജാവ്, "അല്ലാ അമ്മാവന് വലിയ സന്തോഷമായി അനന്തിരവനെക്കണ്ടിട്ട്. ഇങ്ങോട്ടു നീങ്ങിനില്ക്ക്. പേടിക്കേണ്ടാ" എന്നു ക്ഷണിച്ചു. അഴകുശ്ശാർ തല പുറകോട്ടു വലിച്ച് ആദ്യ സന്ദർശനദിവസത്തിൽ തന്നെക്കൊണ്ട് അബദ്ധങ്ങൾ പ്രവർത്തിപ്പിച്ച ആ നെഞ്ചിന്മേൽ അഞ്ചെട്ടു താഡനം തന്നത്താൻ പ്രയോഗിച്ചുകൊണ്ട് പിന്നെയും മുമ്പോട്ടു നീങ്ങി. "വേണ്ട, വേണ്ട. കാലിലൊക്കെ പൊടിയും ചാണോം."

മഹാരാജാവ്: "കരമൊഴിവായിത്തന്നെ നിലങ്ങളുടെ പ്രമാണം അഴകുവിനു കിട്ടിയില്ലേ?"

അഴകൻപിള്ള: "അതൊന്നും അഴകുന്റെ കൈയിലല്ല. തള്ള–" (അടുത്തുനില്ക്കുന്ന പള്ളിയറക്കാരനോട്, "ചരിതന്നെയോ അണ്ണാ?" പള്ളിയറക്കാരൻ "പഴവത്തി" എന്നു സൂചിപ്പിക്കയാൽ) "പഴവി എന്തരോ ഒക്കെ വാങ്ങിച്ചു ദൂക്ഷിച്ചുവെച്ചാത്. തിരുവട്ടിയുടെ തിരുമുമ്പി, ഒരു ഥം കടം കല്പിക്കാൻ വന്നേ." (പള്ളിയറക്കാരൻ 'വിടകൊണ്ടു' എന്നു സൂചിപ്പിക്കയാൽ) "അതുതന്നെ. . . കൊണ്ടേ."

മഹാരാജാവ്: "നോക്ക്. നിന്റെ ഇഷ്ടംപോലെ സംസാരിക്കാം. ആരാ അത്, നീങ്ങിനില്ക്കട്ടെ." (പള്ളിയറക്കാരൻ ദൂരത്തുവാങ്ങി) "എന്താ പറവാനുള്ളത്?"

അഴകൻപിള്ള: "അഴകു അന്നു ചൊല്ലിയാരില്യോ കല്ലറയ്ക്കൽപ്പിള്ളാന്ന്."

മഹാരാജാവ്: "ദിവാൻജിയെ കാണ്മാൻ ചെന്നിരുന്ന ആൾ?"

അഴകൻപിള്ള: "അപ്പോ തിരുവടിയുടെ പഴമനസ്തി അല്ല തിരുമനസ്തിൽ, അദ്ധ്യത്തിന് പൊന്നുതമ്പുരാൻ ലക്ഷിച്ച് ഒരു പെണ്ണെക്കൊടുത്തുട്ടാ" മഹാരാജാവു കുഴങ്ങി. ഏതൊരു കന്യകയെ അഴകു കല്ലറയ്ക്കൽപിള്ളയ്ക്കായി അപേക്ഷിക്കുന്നു എന്നറിയാതെ വല്ലതും വാഗ്ദത്തം ചെയ്തിട്ടു പിന്നീടു വിഷമമുണ്ടെന്നു കണ്ടു് സത്യലംഘനം വരുത്തിക്കൂടാ എന്നും ആ ഭക്തനെ ഇച്ഛാഭംഗപ്പെടുത്തരുതെന്നും ചിന്തിച്ച് ഇങ്ങനെ കല്പിച്ചു: "നീ വല്ല പെണ്ണിനെയും കണ്ടിട്ടുണ്ടോ?"

അഴകൻപിള്ള: (സ്വഗതം) അഴകു ചൊല്ലിയപ്പം എക്ഷിയമ്മച്ചി കൊല്ലാൻവന്നാരില്യോ? (ഉറക്കെ) "ഇപ്പമോ?"

മഹാരാജാവ്: (ചോദ്യം മനസ്സിലാകാതെ) "ആകട്ടെ, ഇപ്പോൾ? എന്താ, എന്താ പറഞ്ഞേക്ക്."

അഴകൻപിള്ള: "അറിവിച്ചാരില്യോ അടിയൻ? ആ പെരിഞ്ചക്കോട്ടെ അങ്ങേരൊണ്ടല്ലോ. അങ്ങേലെ –"

മഹാരാജാവിനു വസ്തുത മനസ്സിലായി. രാജദ്രോഹകക്ഷിയിലെ ഒരു പ്രധാനാംഗമായി ദിവാൻജിയുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു അക്രമിയുടെ പുത്രിയോട്ട് രാജഭക്തനായുള്ള ഒരു ഗൃഹസ്ഥനെ ചേർപ്പാൻ ഈ പരമഭക്തൻ ആഗ്രഹിക്കുന്ന സ്ഥിതിയിൽ എന്താണു ചെയ്യേണ്ടതെന്നു ചിന്തിച്ചു തിരുമനസ്സുകൊണ്ടു കുഴങ്ങിനിന്നിട്ട് ഇങ്ങനെ കല്പിച്ചു: "അതൊക്കെ നിന്റെ ഇഷ്ടംപോലെ സാധിച്ചുതരാൻ ദിവാൻജിയുണ്ടല്ലോ. അദ്ദേഹം പടയ്ക്കു പോയി വരട്ടെ. അപ്പോൾ എല്ലാം ശരിയാകും."

അഴകൻപിള്ള: "മതി മതി പൊന്നുടയതേ. കൊച്ചിനെ ഒന്നു തിരുവടിക്ക് പാക്കണ്ടയോ? അപ്പപ്പിന്നെ പെരിഞ്ചക്കോട്ടെ അങ്ങേത് മാടൻതടിയുമെടുത്തോണ്ടു നിന്നാലോ?"

മഹാരാജാവ്: "പറഞ്ഞില്ലേ? നീ ദിവാൻജിയെ സന്തോഷിപ്പിക്ക്. അപ്പോൾ പെരിഞ്ചക്കോടൻ എല്ലാത്തിനും ഉൾപ്പെട്ടു വരും." തന്റെ യാത്രോദ്ദേശ്യം നിവർത്തിതമാകയാൽ അഴകുശ്ശാർ പള്ളിയറയിലെ മനോഹരമായ അലങ്കാരധോരണിയെ നോക്കി ഒരു ആനന്ദവൈവശ്യവും അല്പം ഒരു ആകാക്ഷാഭാവവും പ്രകടിപ്പിച്ചു വിടവാങ്ങാൻ തൊഴുതു.

മഹാരാജാവ്: "നില്ല്, നില്ല്," എന്നു കല്പിച്ചുകൊണ്ടു പള്ളിയറയ്ക്കുള്ളിൽ ഇരുന്നിരുന്ന വെള്ളികെട്ടിയ ഒരു വേൽ എടുത്ത് അഴകൻപിള്ളയ്ക്കു സമ്മാനിച്ചിട്ടു, "നീ അന്നു കണ്ടില്ലേ സാർവാധികാര്യക്കാരെ? അയാളെ ഇന്നും കണ്ടിട്ടു വേണം പോവാൻ!" എന്ന് ആജ്ഞാപിച്ചു.

ശ്രീരാമാംഗുലീയത്തെ ഹനുമാൻ വാങ്ങിയതുപോലെ നിലംപറ്റിത്താണു തൊഴുത് ആ ആയുധം വാങ്ങിയ അഴകുശ്ശാർ തിരുമുമ്പിൽവച്ചതന്നെ, അതിന്റെ അഗ്രഭാഗത്തെ ഒന്നു ത്രസിപ്പിച്ചുകൊണ്ട് "അപ്പോ അടിയനു വെട കിട്ടിയിരിക്കണതു ദിവാൻശി അങ്ങത്തെക്കുടി പടയ്ക്കു പോവാനല്യോ?" എന്നുകൂടി ചോദിച്ചു. രാജസിംഹന്മാരുടെ ഹൃദയങ്ങളും ശുദ്ധമനസ്കന്മാരുടെ ഭക്തിപ്രകടനത്തിൽ വ്യാകുലങ്ങളായിത്തീരും. തന്റെ പരമാർത്ഥമായ അന്തർഗ്ഗതത്തെ ഗ്രഹിച്ച, ജന്മവാസനയാൽത്തന്നെ രാജഭക്തനായുള്ള, ആ അജ്ഞന്റെ ഗ്രഹണശക്തിയെ മഹാരാജാവ് അഭിനന്ദിച്ചു. "ദിവാൻജിയെ കാത്തുനിന്നു സേവിച്ചു ജയിച്ചു വാ," എന്നു കല്പിച്ചപ്പോൾ അഴകൻപിള്ള തന്റെ യജമാനനെയും യാത്രാസംബന്ധമായുള്ള മറ്റ് ആളുകളെയും എല്ലാം മറന്ന് ഒന്നുകൂടി ശൂലാന്തങ്ങളെ പല സ്ഥലങ്ങളിലും സംഘട്ടനംചെയ്യിച്ചു തൊഴുതു വിടവാങ്ങി. വിശ്വേശ്വരധ്യാനത്തിൽ സർവ്വദാ വികസിച്ച ഭക്തിമധുവേ നിതാന്തം വർഷിച്ചുകൊണ്ടിരുന്ന ആ രാജർഷിയുടെ ഹൃദയത്തിൽനിന്നു ഉൽഗളിതങ്ങളായ ആശിസ്സുകൾ ആ ശൂലധാരിക്കു സഹസ്രകവചങ്ങളായി. അഴകൻപിള്ള രാജമന്ദിരത്തിൽനിന്നു പുറത്താകുന്നതിനു മുമ്പുതന്നെ, സർവ്വാധികാര്യക്കാരാൽ രണ്ടാമതും സൽകൃതനും യുദ്ധരംഗത്തിലേക്കുള്ള യാത്രയ്ക്കു വേണ്ട ഇതരസാമഗ്രികളാലും ദിവാൻജിയുടെ അംഗരക്ഷകസ്ഥാനം ദത്തംചെയ്തുള്ള ഒരു ശാസനത്താലും സമ്മാനിതനും ആയി.

16

"പണ്ടിനാലുള്ളൊരു വേണ്ടിയും ചാർച്ചയും
രണ്ടുപേരും കുറച്ചെങ്കിലുമോരാതെ
ശുണ്ഠിച്ചിവണ്ണം പറഞ്ഞു പിണങ്ങിനാർ"

രാജശക്തികൾ വിജയോൽക്കണ്ഠയോടെ തന്ത്രപ്രയോഗം തുടങ്ങുമ്പോൾ ചതുർമുഖോക്തികൾ, പരിശുദ്ധസൂക്തികൾ, ബുദ്ധോപദേശങ്ങൾ എന്നിതുകളെല്ലാം അതതു ശക്തികളൊഴികെയുള്ള ലോകം അനുഷ്ഠിക്കേണ്ട ധർമ്മപാത്രങ്ങളായിത്തീരുന്നുവെന്നു ചരിത്രം സാക്ഷിപ്പെടുത്തുന്നു. സംഗ്രാമാങ്കണത്തിൽ അഭിമുഖന്മാരാകുന്ന ശക്തികൾ പാണ്ഡവകൗരവനീതികൾ അനുഷ്ഠിക്കുമ്പോൾ കൗരവശക്തിവിഷം, അഗ്നി, ദ്യൂതം, സൂകം എന്നിത്യാദി ബഹുവിധപ്രയോഗങ്ങളെക്കൊണ്ട് ശത്രുനിഗ്രഹം സാധിപ്പാൻ യത്നിക്കുന്നു. ഇങ്ങനെയുള്ള പ്രയോഗത്തിനിടയിൽ ആഗന്തുകശത്രുക്കളും ധർമ്മാനുഷ്ഠകകക്ഷിയെ ദ്രോഹിച്ച് സ്വാർത്ഥസിദ്ധിയുണ്ടാക്കാനായി വിവിധ കൗടില്യകാർക്കശ്യങ്ങളെയും അനുവർത്തിക്കുന്നു.

പെരിഞ്ചക്കോടൻ സ്വഗൃഹത്തിൽനിന്നു ഭാര്യാപുത്രികളോടു യാത്രപറഞ്ഞ് ആരംഭിച്ച പ്രസ്ഥാനം കൈലാസശിഖരത്തിൽ പ്രവേശിച്ചു ശിവപ്രീതിവരുത്തി വല്ല ഭൂതഗണത്തെയോ കാളികൂളികളെയോ സ്വാധീനത്തിലാക്കി വഞ്ചിരാജവംശത്തെയും ആ വംശത്തിനു തല്ക്കാലം രക്ഷാസാത്യകിയായി സാരഥ്യം വഹിക്കുന്ന മന്ത്രിയെയും സംഹരിപ്പാനായിരുന്നു. ദിവാൻജി വിചാരിച്ചിരുന്നതുപോലെ ഈയാളുടെ സ്വാധീനത്തിലുള്ള പഞ്ചമസൈന്യം തിരുവനന്തപുരത്ത് സഞ്ചയിച്ചിരുന്നതും പെരിഞ്ചക്കോട്ടുഭവനത്തെ രക്ഷിച്ചിരുന്നതുമായ രണ്ടു പംക്തികളിലടങ്ങിയ സംഖ്യയോടുകൂടി അവസാനിച്ചിരുന്നില്ല. അയാളുടെ കോപാക്ഷിദ്വന്ദ്വവും തുറന്ന ചില മേഘധ്വനികളും കിളർന്നപ്പോൾ പറപാണ്ടയുടെ സങ്കേതത്തിൽനിന്നു തുല്യഭീമാകരന്മാരായ അഞ്ഞൂറ്റിൽപ്പരം നിഷാദന്മാർ ആ പൈശാചഗണത്തിനു പരിചിതങ്ങളായുള്ള ഗിരിതടങ്ങൾ, ദുർഗ്ഗപഥങ്ങൾ, വനചരഗ്രാമങ്ങൾ

എന്നിതുകളിലൂടെ ഉത്തരദിക്കിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. ഈ കാട്ടാളപ്പടയുടെ പുറപ്പാടിൽ ശംഖമുദ്രകൊണ്ടു രാജസങ്ങളാക്കപ്പെട്ട കൊടികൾ മുന്നണികളിൽ രാജചിഹ്നത്തിനു ചേരുന്ന ആദരത്തോടും പൂജ്യതയോടും വഹിക്കപ്പെട്ടിരുന്നതിനാൽ ആ പദാതിയുടെ യാത്രാമാർഗ്ഗത്തോടു സമീപിച്ച് അധിവാസം ചെയ്തിരുന്ന വനവാസികൾ രാജഭക്തിയെ പുരസ്കരിച്ച് ആ സൈന്യത്തോടു ചേർന്നു താവളം തോറും സംഖ്യയെ സാരമായി വർദ്ധിപ്പിച്ചു.

അടുത്ത സന്ധ്യയോടുകൂടി ചുവന്ന ജടാഭാരംകൊണ്ടു തന്റെ കേശത്തെ മറച്ചും ചില കൃത്രിമചാമരങ്ങൾകൊണ്ടു മീശയുടെ വിസ്തൃതിയെ വർദ്ധിപ്പിച്ചും കവിളിൽ ഒരു ശൂലമിറക്കി വക്രത്തിൽനിന്ന് ഒരു വെള്ളിശൃംഖലയെ പുറത്തോട്ടു ലംബമാക്കിയും പാദത്തോളമെത്തുന്ന കാഷായാംബരക്കുപ്പായം ധരിച്ചും രുദ്രാക്ഷമാലകൾകൊണ്ടു കണ്ഠത്തെയും ഒരു മാൻതോലുകൊണ്ടു പിൻഭാഗത്തെയും ഒരു കാഷായാംബരസഞ്ചി തൂക്കി സ്കന്ധത്തെയും ചന്ദ്രക്കലയുടെ ആകൃതിയിലുള്ള മൂർദ്ധാവോടുകൂടിയ ദണ്ഡത്താൽ ഏകഹസ്തത്തെയും, കമണ്ഡലുകൊണ്ട് അപരഹസ്തത്തെയും പാദുകങ്ങളാൽ പാദങ്ങളെയും യോഗിയാഗ്യങ്ങളായ അംഗങ്ങളാക്കിത്തീർത്തും രണചതുരന്മാരായ നാലഞ്ചു വിശ്വസ്തന്മാരാൽ ദൂരത്തു വാങ്ങിയുള്ള പരിസേവനത്തോടും രാത്രി പെരിഞ്ചക്കോടൻ തിരുവനന്തപുരത്തേക്കു യാത്രയാരംഭിച്ചു. പഞ്ചദശി ദിവസം ഉദയത്തിൽ ദിവാൻജി ഒരു ചെറിയ സേനയുമായി വടക്കൻവഴിയാത്ര തീർച്ചയാക്കിയിരിക്കുന്നുവെന്നു തന്റെയും അനുചരന്മാരുടെയും സഞ്ചാരത്തിനിടയിൽ കേട്ട് അതിന്റെ പരമാർത്ഥങ്ങൾ അറിവാൻ അന്വേഷണം ചെയ്തപ്പോൾ, രണ്ടു വൃത്താന്തങ്ങൾ ജനവാദത്തിനു പ്രധാന വിഷയങ്ങളായി പല കേന്ദ്രങ്ങളിലും പ്രഖ്യാപിതങ്ങളാകുന്നതു പെരിഞ്ചക്കോടൻ ധരിച്ചു. കഴക്കൂട്ടം പ്രഭുകുടുംബത്തിന്റെ വക വിശ്രുതനിധി രാജഭണ്ഡാരത്തോടു ചേർന്നുവെന്ന വൃത്താന്തം ഗൗണ്ഡന്റെ പരമാർത്ഥത്തെക്കുറിച്ചു ഗ്രസ്തസംശയനായിരുന്ന പെരിഞ്ചക്കോടന് ആ വ്യാപാരിയെ ഒന്നുകൂടി കാണണമെന്നുള്ള ആഗ്രഹത്തെ ബലവത്തരമാക്കി. രണ്ടാമത്തെ വൃത്താന്തം ആ ആഗ്രഹത്തിന്റെ ഔഷണ്യത്തെ അത്യുഗ്രവുമാക്കി. സ്വേച്ഛാനുസാരമുള്ള തന്ത്രപ്രയോഗത്താൽ ടിപ്പുവിന്റെ ചാരപ്രധാനന്മാരായ മൂന്നുപേരാലും അംഗീകൃതമാക്കപ്പെട്ട നിശ്ചയത്തെ നിരാകരിച്ച് അജിതസിംഹൻ സാവിത്രിയുടെ വിവാഹത്തിനെത്താതെ ഒഴിഞ്ഞുകളഞ്ഞതു് ഗൗണ്ഡവൃദ്ധന്റെ അനുമതിയോടുകൂടിയാണെന്ന് അയാൾ വിശ്വസിച്ചു. ഈ വിശ്വാസം ഗൗണ്ഡനെക്കുറിച്ചുള്ള സംശയത്തെ അവിതർക്കിതസ്ഥിതിയിലുള്ള ദൃഢബോധമാക്കിത്തീർത്തു. സ്വപക്ഷം പ്രതിപക്ഷം എന്നുള്ള വിചാരങ്ങൾക്കു ബോധശൂന്യനായി പെരിഞ്ചക്കോടൻ ഗൗണ്ഡനെ പിടികൂടി, വിഘ്നമായിത്തീർന്നിട്ടുള്ള വിവാഹത്തെ വൃദ്ധന്റെ പരമാർത്ഥസ്ഥാനാധികാരം പ്രയോഗിച്ചു നിറവേറ്റിക്കാനും അതും അനുസരിക്കാഞ്ഞാൽ ആ പരമാർത്ഥംതന്നെ പ്രസിദ്ധമാക്കി അധികൃതന്മാരെക്കൊണ്ട് അയാളെ ശിക്ഷിപ്പിക്കാനും പ്രതിജ്ഞ ചെയ്തുകൊണ്ട് ആ രാത്രിതന്നെ അക്ഷീണകായനായ ആ മഹാവീരൻ മുറിവേറ്റ ശാർദൂലത്തിന്റെ ക്രൗര്യച്ചീറ്റത്തോടെ ഗൗണ്ഡൻ അവലംബിച്ച മാർഗ്ഗത്തെ തുടർന്നു വീണ്ടും യാത്രയാരംഭിച്ചു.

പുരാണകർത്താക്കന്മാരുടെ കല്പനാശക്തിയാൽ നിർമ്മിക്കപ്പെട്ട രക്തബീജവർഗ്ഗവും വിച്ഛിന്നമാകുന്ന കണ്ഠത്തിന്മേൽ അനുക്ഷണം നവശിരസ്സുകൾ ഉത്പന്നമാകുന്നതിന്

അനുഗ്രഹീതന്മാരായുള്ള ദശാസ്യന്മാരും സാമാന്യമായുള്ള ആധുനികലോകരംഗങ്ങളിലും നടനം ചെയ്തു പ്രശസ്തി നേടുന്ന പാത്രങ്ങളാണ്. "അറുത്തിട്ടാൽ തുടിക്കും" എന്നുള്ള അഭിനന്ദനത്തിൽ അന്തർഭൂതമായ വീര്യോൽക്കർഷം ജീവിതത്തെ കേവലം വ്യവസായവൃത്തിയാക്കാതെ ഗുണംവാ ദോഷംവാ സ്വാത്മപൗരുഷത്തെ സ്വാദർശരത്യൊ പരിരക്ഷിച്ചുപോരുന്ന ധീമാന്മാരിൽ ഇന്നും കാണുമാറുണ്ട്. ഇങ്ങനെയുള്ള വിക്രമരാശികളെ കാണുന്നതിന് ഒരു മഹേന്ദ്രഗിരിയിൽ ആരോഹണവും നൂറു യോജനവീതമുള്ള സമുദ്രത്തെ തരണവും ചെയ്തു് എഴുന്നൂറു യോജന വിസ്താരമുള്ള ഒരു ദ്വീപത്തിലെത്തി ഒരു മരുൽസുതശക്തിയോടെ ആരായണമെന്നില്ല. നമ്മുടെ ഗൗണ്ഡനായ സാർത്ഥവാഹൻതന്നെ പ്രപഞ്ചധ്വംസനവും സ്വശരീരധ്വംസനവും ഏകമാത്രയിൽ സന്ദർശിച്ചുവെങ്കിലും അരക്ഷണം കഴിഞ്ഞപ്പോൾ, കുഞ്ഞെക്കുട്ടിപ്പിള്ളയുടെ വാഗ്ഭടോപചാരങ്ങളെ അപഹസിച്ചും തന്റെ മുഖാലങ്കാരത്തിൽക്കണ്ട രക്തബിന്ദുക്കളെ സ്വഹസ്തത്താൽ മാർജ്ജനം ചെയ്തു് ഒരു വിദഗ്ധവ്യവസായിക്കു ചേരുന്ന കർമ്മമായി ദിഗ്ദർശനത്തിനും ജനസ്ഥിതികളുടെ ഗ്രഹണത്തിനും പുറപ്പെട്ട വ്യാപാരത്തലവരെ നിസ്പൃഹവീര്യത്തോടെ തന്റെ പാളയത്തിലേക്കു മടങ്ങിക്കളഞ്ഞു. സ്വഹസ്തപ്രാപതമായ കൗബേരസ്ഥാനം നഷ്ടമായിത്തീർന്നിട്ടും ഇങ്ങനെയുള്ള വീര്യത്തെ അവലംബിച്ചവൻ ദിവാൻജിയും കുഞ്ഞെക്കുട്ടിപ്പിള്ളയും തമ്മിൽ ഉണ്ടായ സംഭാഷണത്തിൽ പ്രസ്താവിക്കപ്പെട്ടതുപോലുള്ള ഒരു ചാകാപ്രാണിതന്നെയായിരുന്നു. അപ്രതീക്ഷിതമായ നിധിലബ്ധിയും നിധിനഷ്ടവും ബുദ്ധികളെ വിഭ്രമിപ്പിച്ചു മൂതികളും ഉന്മാദസങ്കേതത്തിലുള്ള ബന്ധനങ്ങളും സംഭവിപ്പിക്കുന്നു. നിധിയുടെ ലബ്ധിയും നഷ്ടവും രണ്ടും ചേർന്നു് ഏതാനും നാഴികയ്ക്കുള്ളിൽത്തന്നെ സംഭവിച്ചിട്ടും ചിത്തത്തിന്റെ സ്ഥായിയുള്ള സ്ഥിതിക്കു വ്യതിയാനമുണ്ടാകാതിരുന്ന വൃദ്ധൻ വിക്രമനായിട്ടല്ലാ അമാനുഷനായിട്ടുതന്നെ പരിഗണിക്കപ്പെടേണ്ടവനാണ്. മന്ത്രക്കുടപ്പറമ്പിനടുത്തുനിന്നു തന്റെ വ്യാപാരശാലയിൽ മടങ്ങി എത്തിയപ്പോൾ, ഗൗണ്ഡന്റെ മുഖം സംഭ്രമത്തിന്റെയോ, ക്ഷീണത്തിന്റെയോ വിപ്ലവങ്ങൾ യാതൊന്നും പരിസേവകജനങ്ങളുടെ ദൃഷ്ടികൾക്കു വിഷയീഭവിക്കുമാറു ലാഞ്ഛനമാത്രമായിട്ടെങ്കിലും വഹിച്ചിരുന്നില്ല. എന്നാൽ താൻ വിചാരിച്ചതിൻവണ്ണം ഉള്ള ധനസംഭാവനകൊണ്ടുകൂടി ടിപ്പുവിനെ സമാരാധിക്കാൻ കഴിവില്ലാതായിയെന്നു കണ്ടപ്പോൾ മന്ത്രിയുടെ നിധനം എങ്കിലും താൻതന്നെ നിർവ്വഹിക്കണമെന്നുള്ള ആശാരക്ഷസ്സ് ഗൗണ്ഡഭ്രതത്തിന്റെ ഉള്ളിൽ വീണ്ടും പ്രതിഷ്ഠിതമായി. യാതൊരു വിപ്രലബ്ധിയും ആ സ്ഥലത്തെ വ്യാപാരത്തിനിടയിൽ സംഭവിച്ചിട്ടില്ലാത്തതുപോലെ താമസിച്ചുംകൊണ്ടു് പഞ്ചദശിദിവസം ഉദയത്തിൽ ദിവാൻജി യുദ്ധരംഗത്തിലേക്കുള്ള യാത്ര നിശ്ചയിച്ചിരിക്കുന്നു എന്ന വൃത്താന്തത്തെ ചാരന്മാർ മുഖേന ഗ്രഹിച്ചിട്ടു് ആ വൃദ്ധൻ തന്റെ ഇംഗിതാപ്തിക്ക് അനുകൂലമായുള്ള രംഗമായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തേക്ക് പാളയം നീക്കി.

ഇപ്പോൾ എഞ്ചിനീയർ ഡിപ്പാർട്ടുമെന്റുകാരുടെ സാങ്കേതികവൈദഗ്ധ്യത്തിന്റെ ലക്ഷ്യമായി ഘോഷിക്കപ്പെടുന്ന കൊല്ലം – തിരുവനന്തപുരം രാജപാത, ദിവാൻ കേശവപിള്ളയാൽ യുദ്ധകാലത്തെ സേനാപാരിവാരാദികളുടെ യാത്രയ്ക്കായി നിർമ്മിക്കപ്പെട്ട നടയ്ക്കാ

വിനെ സൗകര്യം കുറച്ചും വക്രതകൾകൊണ്ടു വിലക്ഷണീകരിച്ചും ദൈർഘ്യം വർദ്ധിപ്പിച്ചും രാജ്യഭണ്ഡാരത്തെ ദണ്ഡിപ്പിച്ചും തീർത്തിട്ടുള്ള ഒരു പന്ഥാവാണ്. ഈ റോഡിൽ പള്ളിപ്പുറം എന്ന സ്ഥലംമുതൽ വഞ്ചിരാജ്ഞിമാരുടെ തലസ്ഥാനമായ ആറ്റിങ്ങൽവരെ ഇടയ്ക്ക് ഒരു നദിയാലും ഒരു പാടത്താലും മാത്രം വിലംഘിക്കപ്പെട്ടുള്ള ഒരു വനനിരയായിരുന്നു. ഇതിൽ ഒരു ഭാഗത്തു മാർഗ്ഗത്തെ മുറിച്ചു ശശ്വൽജലവാഹിയായുള്ള ഒരു കുല്യാരേഖ കാണ്മാനുണ്ടായിരുന്നു. ഉത്തരദേശോന്മുഖമായി യാത്രചെയ്യുന്ന പാന്ഥന്റെ ദക്ഷിണഭാഗത്തായുള്ള ഈ കുല്യാമുഖം പേക്കരിമ്പുകളാൾ നിബിഡമായി ആവരണംചെയ്യപ്പെട്ടിരുന്നു. ഈ കരിമ്പിൻകൂട്ടത്തിന്റെ ഇരുഭാഗങ്ങളിലും കങ്കണാകൃതിയിൽ സംഘടിക്കുന്ന ഒരു ഭ്രപ്രാകാരം വിവിധ വൃക്ഷവർഗ്ഗങ്ങളാൽ കവചിതമായി, അന്തർഭാഗത്തുള്ള ഒരു സരസ്സിനെയും, മനോജ്ഞമായ ശാഡ്വലപ്രദേശത്തെയും പാന്ഥനേത്രങ്ങളിൽനിന്നു ഗോപനംചെയ്തിരുന്നു. മൃഗജാതികളിലെ ക്രൂരവർഗ്ഗങ്ങൾക്ക് ഗംഗാതടവും കദളീവനവുമായുള്ള ഈ വിദ്യാധരനഗരത്തിലെ നിർബാധവും വിജനവുമായ ശീതളതളിമങ്ങളിലേക്കാണ് ഗൗണ്ഡൻ തന്റെ പാളയത്തെ മാറ്റിയത്. ശ്രീരാമചാരന്മാരായ വാനരലക്ഷത്തിനു പൈദാഹാദികൾ തീർപ്പാൻ ദൈവഗത്യാ സമ്പ്രാപ്തമായ സ്വയംപ്രഭാരാമത്തിനു തുല്യമായ ഈ പ്രദേശത്തിന്റെ മനോജ്ഞതയും ദിവ്യതയും ഗൗണ്ഡനേത്രത്തിനു ഗോചരമായില്ല. അതിനാൽ അതു തന്റെ ദുഷ്കൃത്യത്തിനായി വ്യഭിചരിപ്പിക്കാൻതന്നെ വസ്തുമാത്രനായുള്ള ആ ബൃഹൽസത്വം വിലമാത്രമായുള്ള തന്റെ ഹൃദയംകൊണ്ടു് വിധിച്ചു.

ഈ ഗുഹാവാസത്തിന്റെ സ്വൈരതയെ രക്ഷിപ്പാൻ ഗൗണ്ഡൻ ആ കുല്യാമുഖസ്ഥമായുള്ള ഗോപുരത്തിനിടയിൽ ദ്വാസ്ഥന്മാരെ നിറുത്തിയിരുന്നു. ആ സങ്കേതത്തിൽ സന്ധ്യാധ്യാനകർമ്മമായി മന്ത്രിനിധനകർമ്മത്തെ ആപദ്രഹിതമായി സാധിക്കേണ്ട കൗശലങ്ങളെക്കുറിച്ചു പരിചിന്തനംചെയ്തു് ആദ്യയാമത്തിന്റെ അവസാനത്തിൽ എത്താറായപ്പോൾ, നിബിഡങ്ങളായ വൃക്ഷശാഖകളുടെ ഇടയിൽകൂടി രശ്മികൾ കടന്നു ചന്ദ്രപ്രകാശത്തെ പ്രതിഫലിപ്പിച്ച കനകവൃത്തങ്ങൾ ഒരു ഭീമാകാരത്തിന്റെ ഛായാനിപാതത്താൽ അസ്തമിപ്പിക്കപ്പെട്ടു. അല്പനേരം കഴിഞ്ഞപ്പോൾ ഒരു ഭയങ്കരഭൈരാഗി ഗൗണ്ഡന്റെ മുമ്പിൽ ഒരു അനുചരനാൽ ആനീതനായി ദീർഘമായുള്ള ശിരഃകേശത്തെ കവചംചെയ്തിരുന്ന ചെഞ്ചിടയും നീണ്ട മീശയെ വിശാലമാക്കിയിരുന്ന അനുബന്ധമീശയും മറ്റും മാറ്റിയപ്പോൾ ഗൗണ്ഡൻ പൊട്ടിച്ചിരിച്ചു് "വാരുംഗയ്യാ! പെരിഞ്ചക്കോടർ. താങ്കൾ പടയും വന്നുട്ടിതാ?" എന്നു കുശലപ്രശ്നംചെയ്തു. ആഗതനായ ഭൈരാഗി ഗൗണ്ഡനെ ആരാഞ്ഞു പുറപ്പെട്ടിരുന്ന പെരിഞ്ചക്കോടൻതന്നെ എന്നു വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. ഗൗണ്ഡന്റെ സഹാസപ്രശ്നം സംഗതികളുടെ വിഷമഗതിക്കു സന്ദർഭാനുയോജ്യം അല്ലെന്നു് പെരിഞ്ചക്കോടന്ന് തോന്നുകയാൽ അയാളുടെ മറുപടി നീരസസ്വരത്തിലായിരുന്നു. "പടയേതു പാട്ടയേതു മുതലാളി? പാണ്ടേടെ പാളയപ്പറ്റ് അന്നു രാത്രി മൊതലാളി കണ്ടുംകൊണ്ടല്ലോ പോന്നിരുന്നതു്? അന്നു കണ്ട കൂട്ടം മുച്ചൂടും ആ കാലൻ ദിവാൻജി ഒരു അമുക്കാൽ തിന്നൊടുക്കി. എങ്കിലും പെരിഞ്ചക്കോടന്റെ കയ്യിൽ മറുകരുവൊണ്ടു; കിടുങ്ങണ്ടാ. എന്നുവച്ചാൽ ആ പെണ്ണേ, ഉണ്ണിത്താന്റെ മോളേ, ആ തമ്പുരാൻ കൊമരൻ നേരെ ചെന്നുകൊള്ളാണ്ടു

പൊടകൊട മൊടക്കിയേച്ച് ഏതു പാതാളത്തിപ്പോയി എന്നു മൊതലാളിതന്നെ ഉത്തരം ചൊല്ലണം. തൊടക്കത്തിലേ മൊതലാളി തടയിട്ടവണ്ണം അന്തവും വന്നു കൂടി. വാലു കെളത്തിയപ്പോ ചാണോമിടാനെന്നു കണ്ടുകൂടാത്തവൻ എന്തു നിലം പേണി?"

ഗൗണ്ഡൻ: "എന്നയ്യാ! എന്ന ശൊല്ലറാംഗൾ? അജിതസിംഹൻ അന്ത ഉണ്ണിത്താനുടെ പൊണ്ണെ കല്യാണം ശെയ്യാവുടിക്കു പോയിട്ടീർകളാ? യാർ ശൊന്നാർ?"

പെരിഞ്ചക്കോടൻ: "കാട്ടിലും മേട്ടിലും കെടന്നു പണം പണം എന്നു പിടുങ്ങുന്ന കച്ചോടക്കാരനു കാര്യങ്ങൾ തിരിയുണ വഴി എങ്ങിനെറിയാം? നാടു മുച്ചൂടും മൊരശ്രുകൊട്ടി അറിയിക്കണ വർത്ത്വാനം ഇക്കുഴിച്ചാണിയിൽ വന്നു കെടക്കണ തമുക്കയാന്റെ കാതിൽ എങ്ങനെത്തും?"

വിവാഹം വിഘ്നപ്പെട്ട വൃത്താന്തം തന്റെ ഉള്ളിൽ അങ്കുരിപ്പിക്കുന്ന വികാരം സന്തോഷമോ അസന്തോഷമോ എന്ന് ഉടനടി തീർച്ചയാക്കുന്നതിന് ഗൗണ്ഡനു സാധിച്ചില്ല. എങ്കിലും ഗാഢമായി ചിന്തിച്ചപ്പോൾ നിധിനഷ്ടത്തിൽ ചിലമ്പിനേത്തുവീട്ടുകാർ സംബന്ധിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടുകയാൽ ഗൗണ്ഡൻ തന്റെ സന്തോഷത്തെ തുറന്നുതന്നെ പ്രകടിപ്പിച്ചു: "അച്ഛാബർ ബർച്ഛ! അവൻ – അന്ത ഉണ്ണിത്താനാരെന്നവോ, പപ്പാനാട്ടം, എച്നം (യജ്ഞം) കിച്നം പണ്ണിനടക്കറ പൈത്തൻ. പോട്ടും അയ്യാ പോട്ടും. അവൻ പൊണ്ണ് എപ്പടിയേ പോട്ടും. നമുക്കെന്ന?"

തന്റെ ഭാര്യാപുത്രിമാരോട് ആന്തരമായി ചെയ്തുകൊണ്ടുപോന്ന പ്രതിജ്ഞയെ നിരന്തരം സ്മരിച്ചുകൊണ്ടിരുന്ന പെരിഞ്ചക്കോടൻ ഗൗണ്ഡന്റെ സന്തോഷത്തെ ഹസ്തതാഡനത്താൽ അനുമതിക്കുന്നതിന് സന്നദ്ധനല്ലായിരുന്നു. എന്നു മാത്രമല്ലാ ഗൗണ്ഡന്റെ 'അവൻ' പ്രയോഗവും ചിലമ്പിനേത്തുകാരോടുള്ള ദാക്ഷിണ്യവും അയാളുടെ വിശ്വാസത്തെ ഒന്നുകൂടി വേരുറപ്പിച്ചു. അതുകൊണ്ട് ആ കടിലാശയൻ ചിലമ്പിനഴിയം സംബന്ധിച്ച് അനാസ്ഥാവാന്റെയും ടിപ്പുവിന്റെ കാര്യത്തിൽ ഉത്തമബന്ധുവിന്റെയും നിലയിൽ, കാര്യസാദ്ധ്യത്തെ മാത്രം പ്രതീക്ഷിക്കുന്നവൻ എന്നപോലെ ഗൗണ്ഡനോട് ആ സ്ഥലത്തെത്തി പാളയമടിച്ച താമസിക്കുന്നതിന്റെ ഉദ്ദേശ്യം എന്തെന്ന് ഖണ്ഡിച്ച ചോദ്യംചെയ്തു. അടുത്ത വെളുത്തവാവുനാൾ സന്ധ്യയോട് എങ്കിലും തങ്ങളുടെ പുരോഭാഗത്തുള്ള രാജപഥത്തെ തരണം ചെയ്യുന്ന ദിവാൻജിയുടെ കണ്ഠവിച്ഛേദനം എന്ന യജ്ഞകർമ്മത്തിന്റെ സമുദ്യാപനം സാധിച്ചുകൊണ്ട് ടിപ്പുവിന്റെ സേനയോടു സന്ധിപ്പാനും അങ്ങനെ യശഃപ്രാർത്ഥനാമാത്രൻ ആയ കണ്ഠീരവന്റെ മോഹം ശിഥിലമാക്കാനും താമസിക്കുന്നു എന്ന് ഗൗണ്ഡൻ പെരിഞ്ചക്കോടന്റെ കർണ്ണത്തിൽ ധരിപ്പിച്ചു. തന്റെ കൈവശമുള്ള ആയുധങ്ങൾ, പരന്തിരീസ്സുകമ്പനിയാരുടെ വ്യാപാരശാലയിൽനിന്നു വാങ്ങിയിട്ടുള്ള തോക്കുകൾ ആണെന്നും അവയുടെ പ്രയോഗത്തിൽ ലാക്കു തെറ്റുകയില്ലെന്നും, തന്റെ പാളയരക്ഷികൾ വെടിവയ്പിൽ സവ്യസാചികൾ ആണെന്നും ആ തോക്കുകൾ ഉപയോഗിപ്പാൻ താൻ താമസിക്കുന്ന പ്രാകാരത്തെക്കാൾ ഉത്തമമായ ഒരു കൊത്തളം ഭൂമിയിൽ മറ്റൊരു ഭാഗത്തു കിട്ടുകയില്ലെന്നും ഗൗണ്ഡൻ പ്രസംഗിച്ചു.

പെരിഞ്ചക്കോടൻ: "ഹ! ഹ! ഹ! എന്തത് പൈതൃം മൊതലാളി ഇത്? അങ്ങേത് തനിച്ച് ഒരു തടിക്കമ്പുമൂന്നി വെറച്ചോണ്ട് ഇങ്ങേരെക്കൂണ്ടുവായിച്ചാടി തരുമെന്നോ നെനക്കണത്? അയ്യെ എന്റെ മൊതലാളിമൂപ്പാ! മാമനാത് എന്നാല് ഇത്തിരി പെരിഞ്ചക്കോട്ടേച്ചെറുക്കൻ ചൊല്ലണതു ചെവിക്കൊണ്ടുകളയണം. അയാന്റെകൂടി – പട്ടാളമെല്ലാം പെയ്യെന്നുവയ്ക്കണം ഒരിരുനൂറെങ്കിലും തോക്കും കാണും. പോരാഞ്ഞാൽ ആ ചെറുക്കൻ, അവന്റെ പേരെന്തത് വിക്രമൻ അവൻ, പിന്നെയും ചനിപിടിപ്പാൻ, ആ രായരെ എല്ലൊടിച്ചു വിട്ടില്ല്യോ? ആ കാലൻ ഇയിത്തുങ്ങളെല്ലാം അവന്റെ തൊണയ്ക്കുകടിയുണ്ട്. ഇങ്ങേരെ മരക്കോട്ടയിൽ പതുങ്ങിക്കൈന്ന് ഒളിയമ്പെയ്യിടാമെന്നു വെച്ചാ അവന്റെ കൈയിൽ കന്നന്തിരിവ് ഒരായിരമൊണ്ട്. ചൊല്ലണതു കേക്കണം മൊതലാളീ! പിടിച്ച പിടിയേ ഒറ്റയ്ക്കു കൈയിൽ തന്നൂടാം. അള്ളാ കത്തി തന്താൻ, മൗൽവി അറക്കച്ചൊന്നാൻ, നാൻ കത്തിവച്ചേൻ എന്ന മട്ടിൽ തീട്ടൂടണം. വരണം."

"എങ്ങോട്ട്?" എന്ന് ഗൗണ്ഡനിൽനിന്നുണ്ടായ ചോദ്യത്തിനു കിട്ടിയ മറുപടിയെക്കുറിച്ച് അല്പനേരം ഗൗണ്ഡൻ ചിന്തയോടിരുന്നു. അതേ, പെരിഞ്ചക്കോടൻ ഉപദേശിക്കുന്ന പദ്ധതി എത്രയും ലഘു എന്നും അത് അനുഷ്ഠിച്ചാൽ ടിപ്പുവിന്റെ സന്തോഷാപ്തിക്കു പുറമേ ചിലമ്പിനേത്തു ഗൃഹച്ഛിദ്രത്തിനു ഒരുപശാന്തി ഉണ്ടാകുകകൂടി ചെയ്യുകയില്ലേ എന്നും തോന്നുകയാൽ ഗൗണ്ഡൻ ആ രാത്രിതന്നെ തന്റെ പരിവാരസംഘത്തിൽ ഒരു ഭാഗത്തോട് ഒന്നിച്ചു ആറേഴുനാഴിക നടന്നുകളയുവാൻ തീർച്ചയാക്കി. പെരിഞ്ചക്കോടൻ തന്റെ വേഷസാമാനങ്ങളെല്ലാം ഒരു ഭിക്ഷുസഞ്ചിയിൽ ആക്കിയിട്ടു നായന്മാർക്ക് ചേരുന്ന വസ്ത്രങ്ങളും ധരിച്ച് ഗൗണ്ഡനെ പിൻതുടർന്നു.

ആ കാലങ്ങളിൽ ഇപ്പോഴത്തെപ്പോലെ ഉള്ള താമസം രാജ്യകാര്യാവശ്യങ്ങൾക്കു വേണ്ട മരാമത്തുപണികളുടെ നിർവഹണത്തിന് ആവശ്യപ്പെട്ടുവന്നില്ല. അതുകൊണ്ട് കഴക്കൂട്ടത്തെ വാപീനിർമ്മാണം ആരംഭംമുതൽ നാലാം സന്ധ്യയോടുകൂടി അവസാനിച്ച് അതു ജനോപയോഗയോഗ്യമായിത്തീർന്നിരുന്നു. ഏതാനും കല്പടികൾ കെട്ടുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്തുകഴിഞ്ഞു എങ്കിലും അതിന്റെ പരിപൂരണം ഈ കഥാനിർമ്മാണകാലത്ത് എന്തോ അത്ഭുതസംയോഗമായി അധികൃതദൃഷ്ടിയ്ക്ക് വിഷയീഭവിച്ചിരിക്കുന്നുപോലും.

മീനാക്ഷിഅമ്മയുടെ നിദ്രയ്ക്ക് തെക്കേ പറമ്പിലെ മൺവെട്ടിക്കാരുടെ തകൃതികൾകൊണ്ടുള്ള ബാധ അവസാനിച്ചിരിക്കുന്നു എങ്കിലും സന്താനഗോപാലകഥയിലെ വിപ്രപത്നിയുടെയും, ഭർത്താവിന്റെ ഉന്മാദത്താൽ ഉപേക്ഷിതയായ ദമയന്തിയുടെയും വ്യഥകളുടെ സംയോഗത്താൽ പീഡിപ്പിക്കപ്പെട്ട ആ മഹതി, വിഷാദഭാരത്തോടെ വിഹ്വലയായി നിദ്രാപ്രശാന്തതയ്ക്ക് വിദൂരയായിത്തീർന്നു. ഭൃത്യന്മാർ അവരവരുടെ സ്ഥാനങ്ങളിൽ ഒതുങ്ങി ശയ്യയെ സ്പർശിക്കുംമുമ്പുതന്നെ നിദ്രയാൽ പരിഗ്രഹീതരായി. ഏതാണ്ടൊരുവിധമായുള്ള ചിത്തലഘിമയ്ക്ക് ഉപകരിച്ച ഗൗണ്ഡപാളയത്തിലെ ജനകലാപവും അന്ന് ആ പാളയത്തിന്റെ സ്ഥലംമാറ്റത്താൽ ചിലമ്പിനഴിയത്തെ ഏകാകിനിയുടെ ചിത്താസ്വാസ്ഥ്യത്തെ സഹ്യമാക്കുന്നില്ല. സേനാപംക്തികളുടെ യാത്രാഘോഷങ്ങൾ ഇടയ്ക്കിടെ ഉണ്ടായി. ഭർത്തൃകായത്തിനു ലബ്ധമാകുന്ന രക്ഷയുടെ അഭിവൃദ്ധിയെ സ്മരിപ്പിച്ചുകൊണ്ടിരുന്ന സുഖചികിത്സയും

ഇപ്പോൾ അവസാനിച്ചിരിക്കുന്നു. മന്ത്രിയുടെ യാത്ര രണ്ടു നാൾക്കുള്ളിൽ ഉണ്ടാകുമ്പോൾ ത്രിവിക്രമന്റെ ദർശനം അരക്ഷണനേരത്തേയ്ക്കും കിട്ടും എന്നു മോഹിച്ച് അല്പം ഒരു സന്തോഷത്തെയും ആ സ്ത്രീ അവലംബിച്ചിരിക്കുന്നു. ആ യാത്രയും ഭർത്താവിന്റെ ദൂരവാസത്തെ അവസാനിപ്പിക്കുന്ന കർമ്മമായി ഗണിയ്ക്കാമല്ലോ എന്നു വിചാരിച്ചും ആ പതിവ്രത സന്തുഷ്ടയാകുന്നു. സഹശയനം, സരസസംഭാഷണം, പാദശുശ്രൂഷണം എന്നീ വകയായി സുമംഗലികൾക്ക് അനുഭൂതമാകാവുന്ന ജീവിതഭാഗ്യങ്ങൾ തനിക്കു നഷ്ടമായിത്തന്നെ കഴിഞ്ഞേക്കാം എങ്കിലും ഭർത്തൃദേഹിയുടെ സാമീപ്യംകൊണ്ട് പരിസരം പരദേവതാക്ഷേത്രത്തിനു തുല്യം തനിക്കു ആത്മവിഭൂതികൾ പ്രദാനം ചെയ്യുമല്ലോ എന്നുള്ള മോഹത്താൽ മന്ത്രിയുടെ യാത്രയും ക്ഷണം സംഭവിച്ച് ആ പ്രസ്ഥാനം അവിളംബിതമായും ശുഭകരമായും പര്യവസാനിക്കട്ടെ എന്ന് അവർ പ്രാർത്ഥിച്ചു തന്റെ ശയ്യയിന്മേൽ സ്ഥിതിചെയ്യുന്നു.

ചില മുഷ്കരഹസ്തങ്ങളുടെ താഡനങ്ങൾ പുരവാതിലിൽ കേട്ടുതുടങ്ങുന്നു. "കതവു തുറക്കണേ!" എന്നു പ്രത്യക്ഷരം ഘോരധ്വനിയിൽ ഉച്ചരിക്കപ്പെട്ട അപേക്ഷകളും താൻ ഇരിക്കുന്ന തളത്തിൽ എത്തുന്നു. ഭർത്താവിനോ പുത്രിക്കോ വല്ലതും ദുരാപത്ത് സംഭവിച്ചുപോയോ എന്നുള്ള ആധിയോടെ ആ മഹതിതന്നെ എഴുന്നേറ്റു തളത്തിലെ വാതിൽ തുറക്കുന്നു.

ഗോപുരദ്വാരത്തിൽ എത്തി പ്രൗഢയായ ഗൃഹനായിക "ആര്?" എന്നു ചോദ്യംചെയ്തു. താഡനശബ്ദങ്ങളെയും അപേക്ഷാഘോഷങ്ങളെയും അവസാനിപ്പിക്കുന്നു. "നാൻതാനാമ്മെ, ഗൗണ്ഡൻ. കവലപ്പെടാതിങ്കൾ" എന്ന വാക്കുകളിൽ ഒരു സാക്ഷാത്വം സ്ഫുരിച്ചുപോയതിനാൽ മീനാക്ഷിഅമ്മ വിറകൊണ്ടുനിന്നു. തന്റെ ഉദീകരണത്തിന് പ്രത്യുക്തി ഒന്നും ഉണ്ടാകാത്തതിനാൽ താൻ സ്വീകരിച്ചിട്ടുള്ള സ്വരവിശേഷം പൂർവ്വോച്ചാരണത്തിൽ വിസ്മൃതമായി എന്നു സ്മരിച്ച വൃദ്ധൻ ക്ഷീണചിത്തനായി. അതിനാൽ അനന്തരക്രിയയിൽ കപടദ്ധ്വനിയെ അല്പം കൂടി വികൃതമാക്കി, "എന്നതായീ! അവസരമാന വാർത്തൈ ശൊല്ലിവിട്ടുപോഹട്ടും" എന്നു പ്രാർത്ഥിച്ചു. ഭർത്താവിനും പുത്രിക്കും മറ്റു ബന്ധുക്കൾക്കും ആപത്തൊന്നും ഇല്ലെന്ന് ഗ്രഹിച്ച മീനാക്ഷിഅമ്മ വൃദ്ധനിൽനിന്ന് എന്ത് ആപത്തുണ്ടാകാം എന്നു നല്ലതുപോലെ ആലോചിച്ചു. ആദ്യസംഘടനയിൽ തന്റെ മനസ്സിൽ അങ്കുരിച്ചതായ ആദരാദിവികാരങ്ങളെ സ്മരിച്ച ആ സാധ്വി വീതശങ്കയായി കവാടബന്ധങ്ങളെ നീക്കിയിട്ടു വഴിമാറിനിന്നു. ഗൃഹാങ്കണത്തിലോട്ടു പ്രവേശിച്ചത് ഗൗണ്ഡനും ആകാശച്ഛേദിയായ ഒരു ഭീമകായനും ആയിരുന്നു. നിലാവെളിച്ചത്തിനിടയിൽ കാണാമായിരുന്ന വൃദ്ധന്റെ അംഗവിക്ഷേപങ്ങളാൽ മുൻപിൽ നടക്കുന്നതിനു നിയുക്തയായപ്പോൾ, മീനാക്ഷിഅമ്മ മുൻതളത്തിലേക്കു കടന്ന് ആഗതദ്വന്ദ്വത്തെ ക്ഷണിച്ചു, തെളുതെളെ പ്രകാശിക്കുന്ന പടിയിന്മേൽ ആസനസ്ഥർ ആക്കി. ഗൗണ്ഡൻ പെരിഞ്ചക്കോടനായ സഹഗാമിയോട് അല്പം തെക്കുവശത്തോട്ടു നീങ്ങി നില്ക്കണം എന്ന് അപേക്ഷിക്കയാൽ അയാൾ അതിന്മണ്ണം അനുഷ്ഠിച്ചിട്ട് വൃദ്ധനും ഗൃഹനായികയും തമ്മിൽ സംസാരിച്ച് ആ യാത്രാകാര്യം നിവർത്തിതമാകുന്നതിന് അവസരം കൊടുത്തു. മീനാക്ഷിഅമ്മ ഭർത്താവു മടങ്ങി എത്തിയിട്ടില്ലെന്നു ധരിപ്പിച്ച് അപ്പോഴെങ്കിലും മോതിരം എടുത്തുകൊള്ളണം എന്നു ഗൗണ്ഡനോട് അപേക്ഷിച്ചു. "ഗൗണ്ഡനാർ അത്ര പോക്കിരിയോ?" എന്നു ഘോഷിച്ച് അയാൾ ആ

മഹതിയുടെ അഭിപ്രായത്തെ ഭർത്സിച്ചുകളഞ്ഞു. അനന്തരം താൻ മഹാശക്തിമാന്മാരായ രാജാക്കന്മാരുടെ ബന്ധു ആണെന്നും എത്രയോ കുടുംബങ്ങൾക്ക് നേരിട്ടിട്ടുള്ള ആപത്തുകളെയും ദുഃഖങ്ങളെയും നീക്കി മനസ്സന്തോഷം സമ്പാദിച്ചിട്ടുള്ള ഒരു ലോകപാലൻ ആണെന്നും ആ ഭവനത്തിൽ എന്തോ പിശുനതകൾ വ്യാപരിച്ച്, ദമ്പതിമാരെ ഛിദ്രിപ്പിച്ചിരിക്കുന്നതായി സംശയിക്കുന്നു എന്നും, അതിന് ഛിദ്രകാരനായ ദിവാൻജിയെ അരവിനാഴികനേരം ആ ഭവനത്തിൽവച്ചു തനിക്കു കാണ്മാൻ അവസരം ഉണ്ടാക്കിക്കൊടുത്താൽ ആ മഹതിയെ വ്യസനിപ്പിക്കുന്ന ദുർഘടാവസ്ഥയ്ക്ക് ഉടനെ പരിഹാരം ഉണ്ടാക്കിക്കൊടുപ്പാൻ താൻ ശക്തനാണെന്ന് ധരിപ്പിച്ചു. അതിനു താൻ എന്താണു ചെയ്യേണ്ടതെന്ന് മീനാക്ഷി ചോദിച്ചപ്പോൾ ഒരു 'കടിതം' അയച്ച് അദ്ദേഹത്തിന്റെ വടക്കോട്ടുള്ള യാത്രയിൽ അരനാഴികനേരത്തേക്ക് തന്റെ ആതിഥ്യം സ്വീകരിപ്പാൻ മീനാക്ഷിഅമ്മ ക്ഷണിക്കണം എന്ന് ഗൗണ്ഡൻ ഗുണദോഷിച്ചു. ഭർത്താവിന്റെ നിയോഗംകൂടാതുള്ള ഒരു നിമന്ത്രണലേഖനം അയയ്ക്കുന്നതു സ്വധർമ്മത്തിനു വിരുദ്ധം എന്നും അങ്ങനെ ഒരു അപേക്ഷ അദ്ദേഹത്തെ ധരിപ്പിച്ചാൽ രാജ്യത്തിന്റെ ജീവനെത്തന്നെ സംബന്ധിക്കുന്ന ഒരു യാത്രയുടെ ആരംഭത്തിലുണ്ടാകുന്ന ആ താമസം ഒരു ദുശ്ശകുനമായി പരിഗണിക്കപ്പെടുകയില്ലയോ എന്നും ചിന്തിച്ച് അവർ മൗനം അവലംബിച്ചു. എന്തായാലും തന്റെ ഗൃഹകാര്യത്തിൽ, ആ രാത്രി സമയത്ത് യാതൊരു ബന്ധവുമില്ലാത്ത ഒരു വിദേശീയൻ പുറപ്പെട്ട് ഇങ്ങനെ ഉള്ള ഒരു അപേക്ഷചെയ്യുന്നതു സംശയകരമായി അവർക്കു തോന്നുകയാൽ ഗൗണ്ഡൻ ഉത്തരം കിട്ടുവാൻ പുറപ്പെടുവിച്ച നാസാസ്വരങ്ങൾക്കു വീണ്ടും നിശ്ശബ്ദയായിത്തന്നെ നിലകൊണ്ടു. ഭർത്താവിന്റെ ജളതനിമിത്തം വിധിക്കപ്പെട്ടിട്ടുള്ള വൈധവ്യത്താൽ ദേഹവും മനസ്സും ക്ഷീണിച്ചിട്ടുണ്ടെങ്കിലും ആ സ്ത്രീ പരന്മാരുടെ ഗുണദോഷങ്ങൾക്ക് നമ്യയാകുന്നവൾ അല്ലെന്നു ഗൗണ്ഡൻ ഗ്രഹിച്ചിരുന്നു. ആ ചിത്തസ്ഥൈര്യത്തെ സ്വകുടുംബത്തിനുതന്നെ സംപ്രാപ്തമായുള്ള ഒരു മഹിമ എന്നപോലെ അയാൾ ആന്തരാൽ അഭിനന്ദിക്കുകയും ചെയ്തു. ഗൗണ്ഡൻ പല മധുരവാദങ്ങളും നയവാദങ്ങളും പ്രയോഗിച്ചിട്ടും ജയസൂര്യന്റെ ഉദയാൽപൂർവ്വമായുള്ള അരുണജ്യോതിസ്സുപോലും കണ്ടു തുടങ്ങിയില്ല. ടിപ്പുവിൽനിന്നുള്ള സ്ഥാനലബ്ധി, സ്വപുരുഷാർത്ഥസാകല്യത്തെയും ബലികഴിച്ച് സമ്പാദിച്ചിട്ടുള്ള സന്തുഷ്ടി ഇവ രണ്ടും തമ്മിലുണ്ടായ ഒരു സംഗരത്തിൽ അനിശ്ചിതമായുള്ള ഭാവിവിജയം പരാജയം പ്രാപിച്ച് ഗൗണ്ഡൻ വിച്ഛിന്നജിഹ്വനായി സ്ഥിതിചെയ്തുപോയി.

ഈ ഘട്ടത്തിൽ പെരിഞ്ചക്കോടൻ മുന്നോട്ടു നീങ്ങി: "നോക്കീനാ പെമ്പറന്നോരേ? ഇത്തറ ഹഹങ്കാരങ്ങള് ഈ ആണുങ്ങടെ അടുത്തെടുക്കണെ നിങ്ങക്ക് ഒരു നായരെ വഴിക്കുവഴിയേ കൊണ്ടുപൂവാൻ കഴിയാത്തെന്ത്? ആ ധിവാനിജിയെ ശക്കരക്കൊടമായി പൂയിച്ചിട്ടല്യോ മറ്റേ തുളുനമ്പ്യാൻ അതാ കിടാന്നു ഇങ്ങിട്ടേച്ച് തൊങ്ങിയിരിക്കണതു്? മൊതലാളി ചൊല്ല്ണതു കേട്ടില്ലെങ്കിൽ ഞങ്ങടെ കൈയ്യിച്ചെല വിദ്യകളോണ്ട്."

മീനാക്ഷിഅമ്മ അപഹാസസരസ്വതിയുടെ അമ്പത്തൊന്ന് അക്ഷരമുനയേറ്റു തിരിഞ്ഞു് ആ ദുർമ്മദവാദിയോട്ട് അഭിമുഖമായി നിന്നപ്പോൾ ആ മുഖത്തു പ്രകാശിച്ച കുലഗ്രധ്രതയെ സൂക്ഷ്മമാനം ചെയ്‌വാനുള്ള ബുദ്ധി പെരിഞ്ചക്കോടനുണ്ടായിരുന്നു എങ്കിൽ അയാൾ നിന്നിരുന്ന നിലത്തു താണുപോകുമായിരുന്നു.

മീനാക്ഷിഅമ്മ പ്രൗഢമൗനം അവലംബിച്ചു നില്ക്കുമ്പോൾ പെരിഞ്ചക്കോടൻ തന്റെ കോപഭർത്സനത്തെ തുടർന്നു: "നോക്ക്. നിന്റെ ഈ ഉർവ്വശിയാട്ടങ്ങൾ പെരിഞ്ചക്കോടന്റെടുത്തു കൊണ്ടരരുത്. ഇതുപോലെ പൂവമ്പഴത്തൊലി ഒള്ളവരെ പെരിഞ്ചക്കോടനും കണ്ടിട്ടൊണ്ട്. നിന്റെ മെരട്ടുകൾ ആ മൊന്തപ്പഴത്താൻ നിന്റെ നായരൊണ്ടല്ലോ, അവന്റടുത്ത് ഒക്കും. എഴുതട്ട് ഒരോലനുറക്ക്. ആ കുലംകെടുത്ത ദ്രോഹിയെ ഇങ്ങുവരുത്തി പിഴ ഏല്പിക്ക്. നെനക്കും മോളുപെണ്ണിനും അപ്പോമുതൽ കാര്യങ്ങളിതോ എന്ന് അന്ന് പെരിഞ്ചക്കോടനോടു കേട്ടോ."

പെരിഞ്ചക്കോടന്റെ നേർക്കുള്ള നോക്കുപോലും അവസാനിപ്പിച്ചിട്ട് മീനാക്ഷിഅമ്മ ഗൗണ്ഡനായ 'മാമനാ'രോടു തന്നെ അപമാനിക്കുന്നതായ ആ അസഭ്യഭാഷണത്തെ അദ്ദേഹവും കേട്ടുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് വ്യസനിച്ചു തമിഴിൽ പറഞ്ഞു. ഗൗണ്ഡൻ കോപിഷ്ഠനായി ഉത്ഥാനം ചെയ്തു പെരിഞ്ചക്കോടന്റെ അപമര്യാദയെ ശാസിച്ചു. ചില പരമാർത്ഥങ്ങൾ വെളിപ്പെടുത്താൻ താൻ തയ്യാറാണെന്നും അവ പ്രസിദ്ധമാകുമ്പോൾ ചിലർ കഴുകിന്മേൽ ആരോഹണം ചെയ്യും എന്നും വാദിച്ചു പെരിഞ്ചക്കോടൻ ശത്രുനില അവലംബിച്ചു. ഗൗണ്ഡവേഷത്തിന്റെ ഖണ്ഡത്തിൽനിന്ന് ചില ഉഗ്രധ്വനികളും മദ്ധ്യത്തിലെ വസ്ത്രബന്ധത്തിൽനിന്നു ദിവാൻജി ഏന്തിയതുപോലുള്ള ഒരു അയഃഖണ്ഡവും പുറത്തായി. ആയുധത്തെയും, കണ്ഠധ്വനികൾ കേട്ടു ഗൃഹാങ്കണത്തിൽ പ്രവേശിച്ച ഗൗണ്ഡന്റെ അനുചരന്മാരെയും കണ്ടപ്പോൾ പെരിഞ്ചക്കോടൻ മറ്റു ചില ആലോചനകളോടെ മുറ്റത്തു ചാടി, "എന്നാൽ ഇനി കണ്ടിട്ട്'" എന്നു മാത്രം പറഞ്ഞുകൊണ്ട് അതിവേഗത്തിൽ പാഞ്ഞു, ഗൗണ്ഡന്റെ നവസങ്കേതത്തിനടുത്ത് ഗൂഢമായി പാർപ്പിച്ചിരുന്ന തന്റെ അനുചരസംഘത്തോടു ചെന്നുചേർന്നു. ഗൗണ്ഡൻ ആ രാത്രിയിൽ നിദ്രാഭംഗം ഉണ്ടാക്കിയതിന് മീനാക്ഷിഅമ്മയോടു ക്ഷമാപ്രാർത്ഥനകൾ ചെയ്തും അന്നു പ്രകടിപ്പിക്കപ്പെട്ട സ്ഥിരധീരതയ്ക്കു ഭർത്താവോട്ട് ചേർന്നുള്ള ചിരകാലദാമ്പത്യം ഫലമാകട്ടെ എന്ന് ആശിസ്സു നല്കിയും എന്തോ ചിത്താവേശത്താൽ ആ മഹതിയുടെ ഹസ്തങ്ങൾ ഗ്രഹിച്ചു കണ്ണുനീർ വർഷിച്ചും ചരമശ്വാസം എന്നപോലെ ദീർഘമായി ഒന്നു നിശ്വസിച്ച് പരിസരത്തെ നേത്രങ്ങളാൽ ഭക്തി കഴിക്കുംവണ്ണം ഒരു അപ്രമേയോല്ക്കണ്ഠയോടെ ചുറ്റി നോക്കിയും ഏതാനും വിനാഴികനേരം നിശ്ചേഷ്ടം നിന്നിട്ടു 'ഹമ്മാ!' എന്നുള്ള ആക്രോശത്തോടെ ത്രുടിതഗാത്രനായി പെരിഞ്ചക്കോടന്റെ ദ്രുതഗതിയിൽത്തന്നെ അവിടെനിന്നു പാഞ്ഞു.

17

"അദ്ഭുതഗാത്രയെ നീളെത്തിരഞ്ഞിങ്ങു
മുപ്പതു നാളിനകത്തു വന്നീടണം"

ഒരു രാത്രിയിലെ സുഖനിദ്ര കിട്ടിയപ്പോൾ ആശാൻ ഭൂധൂളികൊണ്ടു ശോണമായിത്തീർന്നിട്ടുള്ള വസ്ത്രങ്ങൾ ധരിച്ച് അസ്തമയദിവാകരന്റെ വൃദ്ധദ്യുതിയോടെ സരസ്തടത്തോടു ചേർന്ന പൂർവ്വാദ്രിയിൽ ഉദയം ചെയ്തു. സാവിത്രിയും കുറുങ്ങോടനും തന്റെ ഉപദേഷ്ടാക്കളായ ബന്ധുക്കളും ഉൾപ്പെട്ടുള്ള ലോകം, തന്റെ നിയന്ത്രണവും സഹകരണവും കൂടാതെ 'ദിനമപിരജനീ' ക്രമത്തിൽ പരിവർത്തനം ചെയ്യട്ടെ എന്നുള്ള വൈരാഗ്യശാഠ്യത്തോടെ ആശാൻ ദ്രോഹബുദ്ധികളല്ലാത്തവരായ തരുക്കളോടു മാത്രം സൗഹാർദ്ദവാനായി അവർ വഹിയ്ക്കുന്ന ഫലദലസംഖ്യകളെ കണക്കാക്കി ചുറ്റിനടന്നു. തീവ്രമായ ഈ 'വനേഗൃഹത്വ' പ്രകടനത്തിലെ ലജ്ജാലാസ്യങ്ങൾ കാണികളായ ചില ഗൃഹസ്ഥന്മാരെ അനുകമ്പാർദ്രമനസ്കന്മാരാക്കി. വിവാഹമുടക്കത്താൽ ഉണ്ടായ ജാള്യത്തിനിടയിൽ കരപ്രമാണികളുംമറ്റും കാട്ടിപ്പോയ സാഹസത്തിന് അവർ ആശാനോടു ക്ഷമായാചനം ചെയ്തു. "എല്ലാത്തിനും ഈശ്വരൻ കൊടുക്കും" എന്നുള്ള ശാപവാക്കോടെ ആശാൻ കിഴക്കേനന്തിയത്തുഭവനത്തിന്റെ മുൻഭാഗത്തുള്ള തറയിലോട്ടു നീങ്ങി. സാക്ഷാൽ നന്തിയത്ത് എടത്തിലെ കാരണവരായ ധാർമ്മികപ്പെരുമാൾതന്നെ "പോന്നുവന്നു" നിവൃത്താഖിലകാമനായി നടമാടിക്കൊണ്ടിരുന്ന ആശാനെ സല്ക്കരിച്ചു പൂർവ്വസ്ഥിതിയിലുള്ള പ്രാധാന്യം അനുഷ്ഠിച്ചുകൊള്ളുവാൻ ധൈര്യപ്പെടുത്തി. കൊടന്തആശാൻ മുഖം കഴുകുന്നതിനുമുമ്പുതന്നെ പാചകശാലയുടെ മുൻതളത്തിൽ പത്മാസനം അവലംബിച്ചു സ്ഥിതിചെയ്തു പൂർവ്വരാത്രിയിലെ ഓദനശിഷ്ടങ്ങളെ ഊക്കുകഴിച്ചു.

ഈ ആഹുതികർമ്മം നിറവേറിക്കഴിഞ്ഞപ്പോൾ ആശാന്റെ ഉള്ളിലുള്ള ചാപല്യച്ചാത്തൻ "മുഞ്ച മുഞ്ച മാം" എന്നു നിലവിളികൂട്ടി. ആശാൻ തന്റെ വക്ത്രസാക്ഷകളെ നീക്കി.

അയാളുടെ രസനാവേദിയിൽ പ്രതിഷ്ഠിതനായിരുന്ന ചാപല്യമൂർത്തിക്ക് ഇങ്ങനെ ക്രിയാസ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇഷ്ടകർമ്മങ്ങൾക്കായി ആ ദുർദ്ദേവൻ ഉദ്യോഗിച്ച് ആദ്യമായി സാവിത്രിക്കുട്ടിയുടെ മണിയറമുറ്റത്തു തുള്ളിത്തുടങ്ങി. ആ ദേവന്റെ സ്യന്ദനമായ ആശാനെ കണ്ടപ്പോൾ അടുത്തു നിന്നിരുന്ന ദാസി ആ വാഹനത്തിന്റെ ഘടന പൂർവ്വസ്ഥിതിയിൽ അഭിന്നമായി ശേഷിക്കുന്നുണ്ടോ എന്ന് അറിവാൻ കുതൂഹലവതിയായി.

കുഞ്ഞിപ്പെണ്ണ്: "ആയാനെ, ആയാന്റെ മുതുവൊന്നു കാനറ്റെ. മുറ്റുരന്റു അങ്ങൊന്റോ?"

കൊടന്തആശാൻ: "ഈ കാട്ടുപോത്രിയാണ് ഇവനെ സർവത്ര ദ്രോഹിക്കുന്നതു്."

കുഞ്ഞിപ്പെണ്ണ്: "അതെന്തായാനെ, അങ്ങനെ പരയുന്നതു്? ആയാൻ തന്ന എയിത്തിനെ –"

കൊടന്തആശാൻ: (ഝടിതിയിൽ തടഞ്ഞു്) "ഛേ! അതിങ്ങു തന്നേക്ക്."

കുഞ്ഞിപ്പെണ്ണ്: "അയ്യോ! പക്ഷംകൊന്റും വായിച്ചു വായിച്ചു പശ്ചിച്ചല്ലിയോ പെയ്യും."

സാവിത്രിക്കുട്ടി: "ഉരുളേണ്ട ആശാനെ, ആകപ്പാടെ അതു് വലിയ വേണ്ടാസനമായിപ്പോയി."

കൊടന്തആശാൻ: (കുഞ്ഞിപ്പെണ്ണിനെ നോക്കി) "നീ അറുവല എന്ന പറ്റിച്ചു? (സാവിത്രിയോടു്) ഗുരുനാഥന്റെ പാദം ദൂരത്തായപ്പോൾ സംഭവിക്കുന്നതെല്ലാം വിഘ്നം. ഒരു സംസ്കൃതശ്ലോകം മലയാളത്തിലാക്കി ശരി നോക്കിനില്ക്കുമ്പോൾ ഈ എച്ചിക്കാളി തട്ടിപ്പറിച്ചു കൊണ്ടുപോയി. (വീണ്ടും കുഞ്ഞിപ്പെണ്ണിനെ നോക്കി) നീ നില്ക്കുന്നേടം പിളർന്നുപോകും, ദ്രോഹി!"

കുഞ്ഞിപ്പെണ്ണ്: "കാര്യം പ്രാത്ത കിറ്റീറ്റു കൊരയ്ക്കാം ആയാനെ അതിനുമുമ്പു പെരുക്കം പരഞ്ഞാൽ വായി മന്നരിച്ചു് (മണ്ണടിച്ചു്) പോവുമേ."

കൊടന്തആശാൻ: "ഹാ! പുറംപോലെ അകവും കറുത്ത മൂർഖപ്പാമ്പു്."

കുഞ്ഞിപ്പെണ്ണ്: "അതേയതേ. അതല്യോ മേലോറ്റു് എയിമ്പാതെ കുരുരുപിരിച്ചുപോയതു്."

ശണ്ഠ അടുത്ത പടിയിലോട്ടു് മുറുകുമ്പോൾ ഇതിലും ദുസ്സഹങ്ങളായ സംഭാവനകൾ കിട്ടുമെന്ന് പേടിച്ചു് ആശാൻ അവിടെനിന്നും ക്രോധവശനായി തിരിച്ചു് സ്വഭവനത്തിലെത്തി. ഒരു സുഭദ്രാഹരണകർമ്മം നിവർത്തിക്കുന്നതിന് താൻ പോരുന്നവനല്ലേ എന്നു സ്വബുദ്ധിയെയും കൗശലപദ്ധതിയിലുള്ള അഭ്യാസത്തെയും പരിഗണനംചെയ്തപ്പോൾ ദുർമ്മോഹികളെ വഴിപിണക്കുന്ന ദുർമ്മൂർത്തി ആശാനിൽ കുടികൊണ്ടു് അർജ്ജുനവീര്യത്തെക്കാൾ വിജയദമായുള്ള ഒരു രുഗ്മിണീചോരന്റെ ശക്തിതന്നെ അയാൾക്ക് ഉണ്ടെന്നു തോന്നിപ്പിച്ചു. അജിതസിംഹനെ, അല്ലെങ്കിൽ ആശ്രിതമണ്ഡലത്തിൽ ഉൾപ്പെട്ട

ഒരു സാധുവിനെ സ്വപുത്രീദാനംകൊണ്ടു ധന്യനാക്കുമെന്നു പ്രതിജ്ഞചെയ്തിട്ടുള്ള ഗുരുനാഥന്റെ മുമ്പിൽ സഹപത്നീകനായി "ക്ഷന്തവ്യോ മേപരാധ?" പ്രാർത്ഥനചെയ്യുമ്പോൾ ആ കൃപാനിധിയായ പ്രഭുവിന്റെ കോപകൃപാണങ്ങൾ ഉപസംഹൃതമാകുമെന്നും അയാൾ തീർച്ചയാക്കി. അപഹരണത്തിനുള്ള ശസ്ത്രരഥവാജികൾ സജ്ജീകരിപ്പാൻ വഴിനോക്കുന്നതിനിടയിൽ ഒരു യുവരസികൻ ആശാനെ തടഞ്ഞുനിറുത്തി, ആ അന്ധകശ്രേഷ്ഠനെ ഇങ്ങനെ ഗരുഡാരൂഢനാക്കി: "ആശാൻ വിട്ടില്ലാ അന്ന്! ആ തെമ്മാടികളെ തോല്പിച്ചത് എത്ര രസമായി എന്നോ?"

കൊടന്തആശാൻ: "ആ മത്തങ്ങാവയറൻ കുറുങ്ങോടനാണ് കടിക്കൂട്ടിയത് – നായ്ക്കൾ ഓടീട്ട് ഇവന്റെ ഒരു രോമം പിടുങ്ങിയോ? പോവാൻ പറയൂ ചങ്ങാതി; പുല്ലുകളെ പോവാൻ പറയൂ. പ്ലാമണ്ണൻ ഇതുകൊണ്ടൊന്നും ആടിപ്പോവുല്ല. കാണാൻപോകുന്ന പൂരം പറഞ്ഞുകേൾപ്പിക്കണോ?"

യുവാവ്: "വിടരുതാശാനേ, വിടരുത്. ആശാനെന്താ കണ്ണില്ലേ, മൂക്കില്ലേ, കരളില്ലേ? ഹും കണ്ടേടത്തെ തമ്പുരാക്കന്മാരെക്കൊണ്ടു ചാടിച്ചത് എന്ത് ഭ്രാന്ത്? ആ നന്ത്യേത്തെ കൊച്ചുണ്ണിത്താൻ കണ്ണുവയ്ക്കുന്നുണ്ട്. ആശാൻ ആണാണെങ്കിൽ വിടരുത്. (ആശാന്റെ വലതുകൈ ചെങ്ങാതിയുടെ കക്ഷത്തിലായി) ആശാൻ കുറഞ്ഞ പുള്ളിയല്ലേ – തിരുവനന്തപുരത്തെ കച്ചവടം ചിലത് ഞങ്ങളും കേട്ടിട്ടുണ്ട്. മിണ്ടാതിരിക്കു – ആ ധാത്രിക്കുട്ടി ഒന്നാംകടിയ്ക്ക് കവർക്കുമെങ്കിലും തെല്ല ചെല്ലുമ്പോൾ മധുരിയ്ക്കും. മർമ്മങ്ങൾ അറിഞ്ഞാണേ ആശാന്റെ അടവ്."

കൊടന്തആശാൻ: "മിണ്ടാതിരിക്കു ഹേ! ഗുരുനാഥന്റെ മകള് – എന്നല്ല മന്ത്രംകൊണ്ടുണ്ടോ മാങ്ങ വീഴാറ്!"

യുവാവ്: "അതല്ലേ കഥ! കചൻചങ്ങാതിയുടെ കഴുത്തിൽ ദേവയാനിക്കുട്ടി കെട്ടി ആഞ്ഞു ചിലതാടീല്ലേ!"

കൊടന്തആശാൻ: "അങ്ങനെ പറയൂ. അക്കചൻ ചുണക്കചനായിരുന്നു. നാമും അലോഖ്യങ്ങൾക്കു തെയ്യാറല്ലാ. ഗുരുർവ്വാ പുത്രീർവ്വാ."

യുവാവ്: "എന്നാൽ താൻ പടുവങ്കൻ. ആ കൊച്ചുണ്ണിത്താൻ ജയിക്കുമ്പോൾ താൻ 'ഇളിഭ്യരാശീ ബത പൊങ്ങണശ്ച' എന്നു നടക്കും."

കൊടന്തആശാൻ: (രഹസ്യമായി) "പോവൂ ഹേ! കൊച്ചുണ്ണിത്താന് കിട്ടുന്നതു തേങ്ങാ! പണ്ടുമുണ്ടേ ഞണ്ടിനു വാല്, പോവൂടോ, പോവൂ."

യുവാവ്: "എനിക്ക് കേൾക്കണ്ടായേ ഈ വീരവാദങ്ങൾ. ഭോഷകൻ കചനെ കൊല്ലാൻ തോന്നുന്നുണ്ട്. താനും വല്ലടത്തും പോയി ഞങ്ങിച്ചത്ത് കാക്ക കൊത്തിത്തിന്നു പിതൃക്കളെങ്കിലും പ്രസാദിക്കട്ടെ. പോവൂ, പോവൂ. (കൈവിട്ടിട്ട്) തൊടാൻ കൊള്ളല്ല തന്നെ. ആശായ്മയും നടിച്ചു നടന്നാൽ പോരെടോ. കുതിരയ്ക്കു കൊമ്പില്ലാന്നുംമറ്റും

നരച്ച നായ്ക്കളുടിയും അറിഞ്ഞുകൂടെ? തനിച്ചു മേലങ്കിൽ അതു പറയൂ. കാശ്രു വേണങ്കിൽ ഞങ്ങൾ വരിയിട്ടുകളയാം. ഓർത്തോളൂ, ഇന്നോളത്തെ വേട്ടയോട്ടം."

ആശാൻ ചങ്ങാതിയുടെ കർണ്ണത്തിൽ ഒരു രഹസ്യം മന്ത്രിച്ചു. അതു വായുഭഗവാന്റേതു് ഉൾപ്പെടെയുള്ള "ഷഡ്കർണ്ണംപൂക്ക" മന്ത്രമായിരുന്നതിനാൽ എങ്ങോട്ടെല്ലാം എങ്ങനെയല്ലാം എത്ര വേഗത്തിൽ പരന്നു എന്നു സഹൃദയന്മാർക്കും ആശാനെ അപ്പോൾമുതൽ വലയം ചെയ്ത ശനിപ്പിഴയുടെ കാർക്കശ്യം അജ്യൗതിഷികൾക്കുതന്നെയും നിഷ്പ്രയാസം ഊഹ്യവുമാണ്.

മന്ദമാരുതനാൽ മാനസം വിവശമാക്കപ്പെട്ട ആശാന്റെ സഞ്ചാരങ്ങൾക്കിടയിൽ "പുഷ്പകം തയ്യാറായോ?" "കാഷായവസ്ത്രം വേണ്ടേ?" "ജടയ്ക്കു വഴിയെന്തോ?" "ദണ്ഡും കമണ്ഡലുവും എവിടെ?" "ജടായുമംഗലം അടുത്താണ്. അതുകൊണ്ടു ചന്ദ്രഹാസം കൂടി കരുതണം" എന്നിങ്ങനെ ചില രാമായണകഥാസൂചനകൾ കേട്ട് അസഹ്യപ്പെട്ട ആശാൻ തന്റെ ഉപദ്രവികളുടെ നിർമ്മാതാവായ ബ്രഹ്മദേവന് അടുത്ത പ്രളയാനന്തരവും പൂജ ഇല്ലാതെ പോകട്ടെ എന്നു ശപിച്ചു.

അടുത്ത ദിവസം ദിവാൻജിയുടെ യാത്രാമുഹൂർത്തം എപ്പോൾ എന്നുള്ള വസ്തുതനന്തിയത്തുഭവനത്തിലും എത്തി. അപ്പോൾമുതൽ സാവിത്രിയുടെ ഉൽകൃഷ്ടാദർശങ്ങളാൽ രഞ്ജിതമായിരുന്ന ഹൃദയതളിമം ദ്രവിച്ചു സരിത്സ്വഭാവത്തിലോട്ടു രൂപാന്തരപ്പെട്ടു. ആ അനന്യദൃശ്യമായ പാവനസങ്കേതത്തിൽ ഒരു ലവളജലനിധിയിലെ ചക്രവാതപ്രവർത്തനത്തിനിടയിലുള്ള തരംഗക്ഷോഭവും ആരംഭിച്ചു. തന്റെ ഭൗമവും ആമുഷ്മികവും ആയ ഭാവുകങ്ങൾക്ക് ശർവ്വപദം നല്കിവച്ചിരിയ്ക്കുന്ന പ്രാണനാഥനോട് സഹഗമനം ചെയ്യുവാൻ സ്വാത്മനാ ദത്തമായിട്ടുള്ള പ്രതിജ്ഞയെ ഓർക്കുകയാൽ, അവൾ ഗാർഹികബന്ധങ്ങൾ മറന്നു. ആ സന്ദർഭത്തിലെ അവളുടെ മുഖഭാവം ഗൃഹപ്രവേശനസമയത്തു കണ്ടതിലും ദാരുണതരമെന്ന് അന്തഃപുരവാസികൾക്കും തോന്നി. തന്നാൽ പരഗൃഹീതനായുള്ള കാമുകന് ശത്രുവിൽനിന്നു വല്ല ആപത്തും സംഭവിക്കുമെന്ന് അവൾ പേടിക്കുന്നില്ല. പാഞ്ഞുവരുന്ന പീരങ്കിഉണ്ടയെ തിരിഞ്ഞുനിന്നു സൂര്യപടപ്പത്തുപോലെ കൈയിലാക്കാനുള്ള പാടവവും ആ അശ്വഹൃദയമന്ത്രജ്ഞൻ വശത്താക്കിയിട്ടുണ്ട്. തന്റെ ചിത്തത്തെ കുണ്ഠിതപ്പെടുത്തുന്നതു് ഭയവ്യസനാദികളിൽ ഉൾപ്പെട്ടതോ ബുദ്ധീന്ദ്രിയങ്ങളെ സ്പർശിക്കുന്ന വർഗ്ഗത്തിലുള്ളതോ ആയ ഒരു സാമാന്യവികാരം അല്ല എന്ന് അവൾക്കു ബോദ്ധ്യം ആകുന്നു. പ്രതിജ്ഞാലംഘനം എന്ന പരമമായുള്ള മഹാപാപം ദേഹിയിന്മേൽ ചുമലുന്നതിനു നിവൃത്തിമാർഗ്ഗം അനുക്ഷണം കാണാഴികയാൽ ചിന്തകൾ പെരുകി, സംഭ്രാന്തബുദ്ധിയായി, അവൾ തന്റെ മണിയറയ്ക്കുള്ളിൽ തറയിൽ ശയനവുമായി. സന്ധ്യാസ്നാനവും ഉപേക്ഷിച്ചു. മേഘങ്ങൾ പെരുകി, ആകാശത്തെ ഇരുളിച്ച സന്ധ്യാസമയത്തെ അന്ധകാരപൂർണമാക്കിയതു് ആ കന്യകയുടെ അന്തഃപ്രദേശത്തു പ്രചരിച്ചുകൊണ്ടിരിക്കുന്ന വ്യസനതിമിരത്തെ പ്രവൃദ്ധമാക്കി. ആഗ്നേയമായ ഒരു ചമ്മട്ടി

വീശപ്പെട്ടതുപോലെയുള്ള ഒരു മിന്നൽപിണരിന്റെ പുച്ഛം അവളുടെ ശയനസ്ഥലത്തെ പ്രകാശിപ്പിച്ചതും അവളുടെ കണ്ണുകളെ അഞ്ചിച്ചില്ല. മേഘസമുച്ചയം ചില ജലകണങ്ങളെ ഭ്രമുഖത്തിൽ പതിപ്പിച്ച അവസ്ഥയ്ക്കും അവൾ ജാഗരൂകയായില്ല.

ആ ശയനമുറിയിൽനിന്നു ബഹിഷ്കൃതയായി എങ്കിലും ആശ്രിതജനത്തിന്റെ ധർമ്മത്തെ പരിരക്ഷിച്ച്, കിട്ടിയേക്കാവുന്ന ശിക്ഷ സഹിച്ചുകൊൾവാൻ സന്നദ്ധയായ കുഞ്ഞിപ്പെണ്ണ് സ്വസ്വാമിനിയെ ശാസിച്ചുതുടങ്ങി: "ഇതു കൊള്ളല്ല ഇഞ്ഞമ്മ! ഏയരാണ്ടൻ ചൂയിന ഇക്കാലത്താനോ മൊവം കരുപ്പിച്ചോന്റ കെരക്കിണതു്? ഇച്ചങ്ങുനിന്നു പരയ്ക്കു പോന്നുന്നുവെച്ച് –"

സ്വദാസിയുടെ സൂക്ഷ്മഗ്രഹണശക്തി സാവിത്രിയെ അല്പം ഒന്നു തോല്പിച്ചു. ശിക്ഷിപ്പാൻ ഒരുമ്പെടാതെ കേവലം പരിഭവമായി, "ഛേ! പോടീ! വല്ലതും വിചാരിച്ചോണ്ടു നീ ഇനി കൊട്ടിഘോഷിക്കാതെ" എന്ന് ഒരു ആട്ടും ശാസനയും മുക്തമാക്കുക മാത്രം ചെയ്തു.

കുഞ്ഞിപ്പെണ്ണ്: "ഇച്ചങ്ങുന്നിനെ കാണനേങ്കി, ഇവിടത്തെ ഇച്ചേമാന്മാരാരെയെങ്കിലും വലിച്ചോന്റ പെരുവയിവരെ പെയ്യേച്ചു വരാല്ലൊ."

സാവിത്രി പ്രതിജ്ഞചെയ്തിട്ടുള്ളതു് വഴിയിൽവച്ചു സന്ദർശനം നല്കാം എന്നല്ല, താനോ തന്റെ ആത്മാവോ അദ്ദേഹത്തെത്തുടർന്നു യുദ്ധരംഗത്ത് എത്തിക്കൊള്ളാം എന്നായിരുന്നു. അതുകൊണ്ടു് ആ അറയിൽനിന്നു മറ്റൊന്നും പറവാൻ ഇടയുണ്ടാകാതെ, കുഞ്ഞി ഓടിക്കപ്പെട്ടു. വിരഹപീഡിതയായി, രോഗിണിയായി നിരാലംബയായി കിടക്കുന്ന മാതാവിന്റെ ശുശ്രൂഷണത്തിനും എത്താൻ മോഹിക്കാതെ, നിഗ്രഹചതുരന്മാരുടെ പ്രവർത്തനരംഗത്തിലുള്ള ആപത്തുകളെ സ്വയംവരിക്കുന്ന തന്റെ ഹൃദയം പ്രകൃതിയുടെ ന്യായമായ ഗതി തുടരുന്നില്ല എന്ന് സാവിത്രി ശങ്കിച്ചു. എന്നാൽ അപ്പോഴത്തെ ചിത്തസ്ഥിതിയെയും പടത്തലവൻപോറ്റിയിൽനിന്നു കേട്ടിട്ടുള്ള കഥകളെയും സംയോജിപ്പിച്ചു വിചിന്തനംചെയ്തപ്പോൾ – ഹാ! ജഹജ്ജയി എന്ന അഭിധാനത്തെ വഹിക്കുന്നതു് ദൈവാംശമായുള്ള പ്രണയമൂർത്തിതന്നെ ആണെന്ന് അവൾ ഗ്രഹിച്ചു.

അന്നത്തെ നാമജപങ്ങൾ കേവലം അക്ഷരോച്ചാരണവും ഭക്ഷണം ഹസ്തത്തിന്റെ ഒരു നിസ്സാരവ്യായാമവും ആയിക്കഴിഞ്ഞു. ചിന്താവേശത്താൽ പ്രതീപശീലയായിത്തീർന്നിട്ടുള്ള നായികയെ സഹവാസയോഗ്യയല്ലെന്ന് ത്യജിച്ചിരിക്കുന്ന നിദ്രദേവി, വ്യാജപരിഭവത്തോടെ ദൂരത്തുവാങ്ങി, ശയനം തുടങ്ങിയ കുഞ്ഞിപ്പെണ്ണിനെ തലോടി ദേഹക്ലമച്ഛേദനം എന്ന കർമ്മത്തെ നിറവേറ്റി. പടിഞ്ഞാറുള്ള വാതിലിനെ ബന്ധിക്കുന്നതിന് ദാസിയെ വിളിച്ച് ആജ്ഞാപിക്കപോലും ചെയ്യാതെ, മഹാവ്രതാനുഷ്ഠകി എന്നപോലെ സാവിത്രി വെറും നിലത്തുതന്നെ ശയിച്ചു. മന്ദഭ്രമണത്തിലോട്ടു് ലയിക്കുന്ന ഒരു ചക്രംപോലെ ബുദ്ധി സാവധാനഗതിയിലായി, അവസാനത്തിൽ സ്തബ്ധവൃത്തിയും ആയി. അനന്തരം വികൃതശരീരങ്ങളും കബന്ധനിപാതങ്ങളും അശ്വാരണങ്ങളുടെ ഭയങ്കരക്രന്ദനങ്ങളും നവശസ്ത്രങ്ങളുടെ ഭ്രകമ്പകമായ ജ്വാലാകലാപങ്ങളും നിറഞ്ഞ ഭയങ്കരസ്വപ്നത്തിൽ അമർന്നു.

ഉദയത്തോടടുത്തുള്ള രണ്ടു നാഴികനേരത്തെ ഇരുട്ടുകാലം കിഴക്കേനന്തിയത്തു വീട്ടിൽ ബ്രഹ്മാണ്ഡത്തിന്റെ അവസാനസമയത്തെ കലാപത്തിൽ കഴിയുന്നു. മഹാപിശാചിയെപ്പോലെ അത്യുച്ചശ്രുതിയിൽ നിലവിളികൂട്ടിക്കൊണ്ട് കുഞ്ഞിപ്പെണ്ണ് പടിഞ്ഞാറേ മുറ്റത്തോട്ടു ചാടിയപ്പോൾ, സ്വാമിനിയുടെ അന്നത്തെ ശിക്ഷ നിയമത്തിലധികം ആ ഭൃത്യയെ വേദനപ്പെടുത്തി എന്നുമാത്രം ആ ഭവനത്തിലുള്ളവർ സംശയിച്ചു. അതിയായ മനോവേദനയോടെ നിലവിളിച്ചും വർഷധാര എന്നപോലെതന്നെ കണ്ണുനീർ പൊഴിച്ചും അറകളും തളങ്ങളും ചുറ്റുമുള്ള പറമ്പുകളും മഠവും കിണറും എല്ലാം പരിശോധിച്ചുകൊണ്ടു സരസ്സിലേക്കു പാഞ്ഞുതുടങ്ങിയ അവളെ പലരും തുടർന്ന് ആത്മഹത്യചെയ്യാനുള്ള ശ്രമം ആണെന്നു സംശയിച്ചു പിടികൂടി തടുത്തു. "ഇഞ്ഞീന്റിഞ്ഞമ്മേക്കൊണ്ടരീൻ – അല്ലെങ്കിഞ്ഞി ഇപ്പോ കൊലത്തിച്ചാടിച്ചാവുമേ! കന്റവരെപ്പെന്നിനെപ്പിരിച്ചു കയക്കിക്കൊല്ലാതിൻ കാലമ്മാരെ. എന്റെ പൊന്നിഞ്ഞമ്മേ!" എന്നു വ്യസനകോപങ്ങളോടെ രോദനം ചെയ്തു വീണ്ടും ഗൃഹത്തിലേക്കു മടങ്ങിയപ്പോൾ അവിടത്തെ സ്ത്രീകൾ അവളുടെ സംഭ്രമത്തിനും വ്യസനത്തിനും ഉള്ള കാരണം എന്തെന്നു ചോദ്യംചെയ്തു. അടക്കിക്കൂടാത്ത വ്യസനത്തിന്റെ തിരക്കിനാൽ കണ്ഠം ഇടറിക്കൊണ്ട്, "ഇങ്ങ് കാറ്റി കൊന്റിറ്റു കൊന്നേച്ചു എന്തരന്നോ? വേ – ഏ – ഏ – ഏ –" എന്നു കുഞ്ഞി നിലവിളിച്ചു. കേശവനുണ്ണിത്താന്റെ ഒരു സഹോദരി മുന്നോട്ടു നീങ്ങി, "സാവിത്രി എവിടെ?" എന്ന് ചോദ്യംചെയ്തപ്പോൾ, "ഹതല്യോ വല്യമ്മച്ചീ! കാമനില്ല, കാമാനില്ല. നിങ്ങള് കൊന്റരീൻ. അല്ലെങ്കി, ഇഞ്ഞി ഈ വാവരയിക്കയരിട്ടു തൂങ്ങിച്ചാവും" എന്ന് ഉച്ചത്തിൽ വിലപിച്ചു. "എന്തു?" എന്ന് ചുറ്റുമുള്ള എല്ലാ കണ്ഠങ്ങളിൽനിന്നും ഏകോപിച്ച് ഒരു ആശ്ചര്യോൽഗർജ്ജനം ഉണ്ടായി. ഒരു മഹാനിശ്ശബ്ദതയും ഭവനത്തിൽ വ്യാപരിച്ചു.

സ്ത്രീകൾ ഭവനപരിശോധന ആരംഭിച്ചു. അവരുടെ ഭർത്താക്കന്മാരും പുത്രവർഗ്ഗവും പറമ്പുകളിൽ മണ്ടിത്തിരിഞ്ഞു. ഭൃത്യന്മാർ നാലുപാടും സുഗ്രീവചാരന്മാർ എന്നപോലെ പാഞ്ഞുതുടങ്ങി. നന്തിയത്തേ 'യജമാനന്മാർ' അരക്ഷണംകൊണ്ടു കച്ചമുണ്ടുകൾ ചുഴറ്റി ചെറുതോടിന്റെ പടിഞ്ഞാറേവശത്തുള്ള തറയിൽ എത്തി. ശവസംസ്കാരം ഭരിപ്പാനെന്ന പോലുള്ള മുഖഗൗരവത്തോടെ കൃഷ്ണക്കുറുപ്പു നെടുവടിയുമൂന്നി മുണ്ടും തെറുത്തുകേറ്റി കരക്കാരോടൊന്നിച്ച് അവിടെ എത്തി, നടന്നിരിക്കുന്ന അപമാനത്തിനും ആപത്തിനും ഉത്തരവാദി ആര് എന്നു ചോദ്യം ചെയ്ത് ഭവനത്തോടു കലഹിച്ചെന്നപോലെ കിഴക്കോട്ടു തിരിഞ്ഞു തോട്ടിലോട്ടു നോക്കി നിലയായി. അല്പം കഴിഞ്ഞ് അദ്ദേഹത്തിന്റെ കണക്കായും പല സമർത്ഥന്മാരെയും പല വഴിക്കും ഓടിച്ചു. വസ്തുത ഉടനെ മണ്ഡപത്തുംവാതുക്കൽ ധരിപ്പിപ്പാൻ ദേശകാവൽപ്പണിക്കാരനായ ഒരു വിരുത്തിക്കാരനെ നിയോഗിക്കുകയും ചെയ്തു. കേശവനുണ്ണിത്താന്റെ ഇന്ദ്രഖഡ്ഗപ്രസ്തബ്ധപാതത്തെ ചിന്തിച്ച് എല്ലാവരും നിശബ്ദരായി നിലകൊണ്ടപ്പോൾ, പിന്നെയും ആ പ്രദേശമെല്ലാം കുഞ്ഞിപ്പെണ്ണിന്റെ 'ഒപ്പാരുകൾ' സുവ്യക്തമായി കേൾക്കുമാറു നിശ്ശബ്ദമായി.

ഇതിനിടയിൽ സംഭവഗതി എങ്ങനെ ആയിരിക്കുമെന്നു ഗ്രഹിച്ച കൊടന്തയാശാന്റെ താക്കോൽക്കാർ അയാളുടെ ചെറ്റപ്പുരമർദ്ദനത്തിനായി പുറപ്പെട്ടു. വേട്ടനായ്ക്കളെപ്പോലെ കി

തച്ചും കയർത്തും പാഞ്ഞു തുടങ്ങിയ ഇവരുടെ ഘോഷങ്ങൾ കേട്ടപ്പോൾത്തന്നെ കൊടന്ത യാശാൻ ചാടി ആ വേലിയും ഈ കുഴിയും അടുത്ത കടമ്പയും പിന്നെക്കണ്ട പല മുട്ടുവേലി കളും താണ്ടി പണ്ടത്തെ അഭയസ്ഥലമായ കാട്ടിനുള്ളിൽ മറഞ്ഞു.

ഈ സംഘത്തിന്റെ അക്രമം കൊടന്തയുടെ കോടാലിപ്പുരവാസികളെയും അവിട ത്തെ കാമധേനുക്കളായ പശു കുക്കുടസംഘങ്ങളെയും ഭയപ്പെടുത്തി. രണ്ടുമൂന്നു ദിവസ മായി ദിനംപ്രതി മുണ്ടുമാറി കാമദേവൻ ചമഞ്ഞു നടന്നിരുന്ന ആശാനെ അവിടെ കാ ണുന്നില്ല. ആശാന്റെ ഭവനത്തിലെ സ്ത്രീകൾ മാറത്തടിച്ചും അവരുടെ അന്നദാതാക്കൾ ബഹിഷ്കൃവചങ്ങളെ ജൃംഭിപ്പിച്ചും മുറവിളികൂട്ടിത്തുടങ്ങി. കാര്യമറിയാതെ ബാലബാലി കമാർ ആ രോദനകാഹളാവലിക്കു ശ്രുതിയായി സഹായിച്ചു. അടുത്തടുത്തുള്ള ഓരോ ഭവനത്തിലും ഈ രോദനഭ്രമം സാംക്രമികരോഗമെന്നപോലെ പടർന്നു. നായന്മാരുടെ ഭവനങ്ങളിൽനിന്ന് ഏകകണ്ഠമായുണ്ടായ പ്രലപനങ്ങൾ കേട്ടപ്പോൾ പുലയർ, കുറവർ എന്നിവർ രാജ്യത്തിനുടയവരോ അല്ലെങ്കിൽ കരയ്ക്കടയവരോ പരലോകം ചേർന്നിരിക്കു ന്നു എന്നു സംശയിച്ച് ആസുരമായ മുറവിളികൾകൂട്ടി ദിക്കാസകലം നടുങ്ങിച്ചു.

നേരം നല്ല വെളിച്ചമായപ്പോൾ പലവഴിയ്ക്കും ഓടിയവരെല്ലാം തോറ്റു മടങ്ങുകയാൽ കി ഴക്കേ നന്തിയത്തെജമാനന്മാർ ഉടമ്പറയിലും കുറുപ്പ്, ആശാൻ, പണിക്കരു്, തിരുമുഖംപി ടിച്ച പിള്ളമാർ എന്നിവർ എറയത്തും സ്ഥാനമില്ലാത്തവർ മുട്ടുകെട്ടി തിണ്ണയിലും ചെറുതര ക്കാർ മുറ്റത്തും കൂടിയപ്പോൾ കാര്യഗ്രഹണവും ലോകപരിചയവുംകൊണ്ടു സഭാനിയന്ത്രണ ത്തിനു യോഗ്യനായുള്ള കുറുങ്ങോട്ടുകുറുപ്പ് വിചാരണ ആരംഭിച്ചു. സംഭവം ഗൗരവതരമായി ട്ടുള്ളതായിരുന്നു. സദസ്യരുടെ മുഖക്ഷോഭങ്ങളും കടുതായ നിശ്ശബ്ദതയും ഈ ഗൗരവബോ ധത്തെ പ്രത്യക്ഷപ്പെടുത്തി. ഭവനത്തിലെ ഭൃത്യരും വടക്കെക്കെട്ടിലെത്തിയ സ്ത്രീജനങ്ങളും എല്ലാം വിചാരണയ്ക്ക് വിഷയമായ സംഭവം എങ്ങനെ നടന്നുവെന്ന് അവർക്കു യാതൊരു അറിവും ഇല്ലെന്നു മൊഴികൊടുത്തു. അടുത്ത ക്രിയ പ്രധാന സാക്ഷിണിയായ കുഞ്ഞിപ്പെ ണ്ണിന്റെ മൊഴിവാങ്ങലായിരുന്നു. മഹാപ്രസിദ്ധനായിരുന്ന പടത്തലവൻ അനന്തപത്മനാ ഭന്റെ ദത്തനന്തിരവൾ കഴക്കൂട്ടപ്രഭുഗൃഹത്തിലെ ഒരേ ഒറ്റപിറന്ന കുട്ടിക്കുഞ്ഞമ്മ ആ കര യാൽ അഭിവന്ദ്യനായുള്ള കേശവനുണ്ണിത്താന് ദൈവം ശേഷിപ്പിച്ചിട്ടുള്ള അരുമക്കുഞ്ഞു്, ഇങ്ങനെയുള്ള പൊന്നുംകുടത്തിനെ "ചെവിക്കുചെവിയറിയാതെ രാത്രിയിൽ ഭർഗ്ഗിച്ചുകൊ ണ്ടുപോയതു് ഹാരടീ?" എന്ന് ഒരു വലിയ വെടി കുറുങ്ങോട്ടുകുറുപ്പിന്റെ കണ്ഠത്തിൽനിന്നു പുറപ്പെട്ടു. "ഇതെന്തൊരു കൂത്ത്?" എന്നു ചോദിച്ചുകൊണ്ട് കുഞ്ഞിപ്പെണ്ണു വീണ്ടും സഭയുടെ മുൻപിൽ ദീനപ്രലാപം തുടങ്ങി.

കുറുങ്ങോടൻ: (കുഞ്ഞിപ്പെണ്ണിന്റെ കരച്ചിൽ കണ്ട് അവൾ അപരാധിനിയെന്നു തീർച്ചയാ ക്കീട്ട്) "എടാ കിട്ണാ, ഈ ചൂലേപ്പിടിച്ച് ആ ളുണേക്കെട്ടടാ – ചെട്ടടാ! ആരെടാ അതു്, ഉമ്മട്ടിയോ? ഒരു കടക്കൊള്ളി എടുത്തോണ്ടുവാ. വയ്ക്ക് അവടെ പൊറത്ത്. വെന്തുനീറട്ടെ. ആഹാ!"

കുഞ്ഞിപ്പെണ്ണ്: (ഉണ്ണിത്താന്മാരോട്) "അയ്യോ! ഇതെന്തെരു പാരെന്നു നിങ്ങളു കേപ്പിൻ. എന്നെ അരുത്തു കിരപ്പാൻ ഇന്നലെ താമസിച്ചില്ല. മനക്ഷേരേ ചുടണതും കരിക്കണതും ചത്തിറ്റല്യോ വേണം? അങ്ങ് ധിവാനി അങ്ങുന്ന് പോണ പെരുവയിയിലോ ചെമ്പേച്ചേരിയിലോ മാങ്കോയിക്കലോ കാണും ഞത്തമ്മ."

ഈ സൂചനകൾ കേട്ടപ്പോൾ സഭാവാസികളും കെട്ടിനകത്തുള്ള സ്ത്രീകളും കഥ മുഴുവൻ ഗ്രഹിപ്പാൻ പ്രവൃദ്ധമായ ഉൽക്കണ്ഠയോടെ ദത്തകർണ്ണരായി കാത്തുനിന്നു.

കുറുങ്ങോടൻ: (തുടയിൽ താളം അറിഞ്ഞിട്ട്) "എടി പെണ്ണേ, ശ്ശുലേ! ഹ്! നിന്റെ മരമുഞ്ഞി കണ്ടപ്പോൾ കുറുപ്പിനു മനസ്സിലായി, നീ അറിയാണ്ടിതു നടന്നിട്ടില്ലെന്ന്. ഉം – പറഞ്ഞേക്ക്, നീ ശേഷം പരമാർത്ഥവും. പഴുപ്പിക്കെടാ ആരെങ്കിലും നാരായം! ഇവളുടെ തൊണ്ടയ്ക്ക് ഇപ്പോളിറക്കിയില്ലെങ്കിൽ കുറുങ്ങോടൻ ഇനി കുറുങ്ങോടനല്ല. നീ എങ്ങനെ അറിഞ്ഞു പോയെന്ന്? എങ്ങനെ പോയി? ആരു കൊണ്ടുപോയി?"

കുഞ്ഞിപ്പെണ്ണ്: "ചുമ്മാ വെളിപ്പെരാതിരിക്കണം മ്മാവാ."

കുറുപ്പിൽനിന്നുണ്ടായ ഒരു 'ഹ'യുടെ ഘോഷം ഭവനകൂടത്തെ ഇളക്കാത്തതു് കേശവനുണ്ണിത്താന്റെ ധനയോഗവിശേഷം കൊണ്ടായിരുന്നു.

"നിന്റെ അമ്മാവനെന്നും അച്ഛന്റെ നായരെന്നും പറഞ്ഞാൽ കുറുപ്പിന്റടുത്തു ചെല്ലല്ല. പറ, എവിടെപ്പോയി, എങ്ങനെ പോയി എന്ന്?"

കുഞ്ഞിപ്പെണ്ണ്: "അല്ലേ പരഞ്ഞപ്പ കേറ്റരാരുന്നോ?"

കുറുങ്ങോടൻ കുഞ്ഞിപ്പെണ്ണിന്റെ നേർക്കു കുതിച്ചുചാടി. അവൾ മുറ്റത്തു നിന്നവരുടെ തലയിലും ചാടി. ആ സരസസംഘം അവളെ അല്പനേരം പന്താടിട്ട് അവൾക്കുവേണ്ടി വാദം തുടങ്ങി. "അവൾ പറഞ്ഞല്ലോ ചെമ്പകശ്ശേരിയിലോ മാങ്കോയിക്കലോ ഉണ്ടായിരിയ്ക്കുമെന്ന്." ഇളപ്പം കണ്ടിരുന്ന സാക്ഷിക്കു യുവസംഘക്കാർ വക്കീലന്മാരായപ്പോൾ ജഡ്ജിയുടെ പ്രാഗല്ഭ്യം പ്രകാശിപ്പിക്കാനുള്ള അവസരം നഷ്ടവും തന്നിമിത്തം അദ്ദേഹത്തിന്റെ ഉത്സാഹം ഭഗ്നവും ആയി. "എന്നാൽ ഈ കൂട്ടവും കൂടിയാലോചനയും എന്തിന്? നിങ്ങൾ മൂട്ടുകിടക്കെ മൂത്ത വിരുതന്മാർ, കൊണ്ടന്നേക്കിൻ. എന്തായാലും ആ കുട്ടിയുടെ നടത്തം മഹാമോശം" എന്നു പറഞ്ഞുകൊണ്ടു കച്ചമുണ്ടിനെ നിരയിൽ ചേർത്തുവച്ചിട്ട് കൃഷ്ണക്കുറുപ്പ് ഇരിപ്പായി. ഈ അവസരം കണ്ട് കുഞ്ഞിപ്പെണ്ണ കെട്ടിലേക്കു കടപ്പാൻ തക്കംനോക്കി തിരിച്ചു. അപ്പോൾ, കൊടന്തയാശാന്റെ ആപത്ബന്ധു ഒരാൾ സാവധാനത്തിൽ മുന്നോട്ടു നീങ്ങി തന്റെ അഭിപ്രായം യോഗസമക്ഷം സമർപ്പിച്ചു: "കുറുപ്പേമാനേ, ഞങ്ങൾ വിദൂരരോ ശല്യരോ ആകട്ടെ. ആ ശിഖണ്ഡിയെ വെറുതെ ഉപദ്രവിക്കേണ്ടാ. ഇവിടത്തെ കുഞ്ഞിനെ കൊണ്ടുപോയതു് കൊടന്തയാശാനാണ്."

കുറുങ്ങോടൻ: "കൊടന്തയോ? ഏതു കടന്ത, മടന്ത? എടാ സഭമറന്ന തറുതലകൾ പറഞ്ഞാൽ – പിള്ളേരുകേറി തലമറന്ന് എണ്ണതേച്ചുതുടങ്ങിയിരിക്കുന്നു. ഹും നിന്റെ അപ്പാപ്പാൻ ആശാൻ കൊണ്ടുപോണതു ചെമ്പകശ്ശേരിയിലേക്കാണോ? മറ്റെന്തോ കോയിക്കലേക്കാണോ? ചെവിത്തകെട്ടു സംസാരിച്ചാൽ എവന്റെ വീട്ടിന്നല്യോ ഒരു അവള് എങ്ങോണ്ടോ പൊറുക്കാൻ പോയി-?"

യുവാവ്: "അങ്ങിനെ അല്ല ഏമാനേ! പോരുവട്ടവും പൂർവ്വംപറച്ചിലും പിന്നെയാകട്ടെ. കൊടന്തയാശാൻ വേണം ഇതിൽ നേരുതെളിക്കാൻ."

ഒരു രസികൻ: "ആശാൻ രണ്ടുമൂന്നു ദിവസമായി രാവണസന്യാസിയുടെ വേഷം കെട്ടുകയായിരുന്നു."

വേറൊരുത്തൻ: "കുറുപ്പേമാനേ! കൊല്ലാൻ തുടങ്ങാതെ കേക്കണേ. അയാൾ ഈ കുഞ്ഞിനെ നന്തിയത്തുകൊച്ചേമാന്ന് വിട്ടുകൊടുക്കാതെ തട്ടിച്ചു കൊണ്ടുപോകുമെന്നു വാതു പറഞ്ഞിട്ടുണ്ട്. ഭഗവതിയാണെ സത്യം!"

"അതെ ഓടാ?" എന്ന് അലറിക്കൊണ്ട് കുറുങ്ങോടൻ ആശാനെ വിളിച്ചു വരുത്താൻ ആജ്ഞകൊടുത്തു. ആ സരസൻ പ്രാണനെപ്പേടിച്ച് ഒളിച്ചുകളഞ്ഞിരിക്കുന്നു എന്ന് ഇതിനിടയിൽ അവിടെ എത്തിയിരുന്ന അയാളുടെ സോദരികൾതന്നെ കരഞ്ഞും കേശകൂടങ്ങളെ വലിച്ചുപറിച്ചും നെഞ്ഞത്തറഞ്ഞും ആ മഹാസഭയെ ധരിപ്പിച്ചു.

കുറുങ്ങോടൻ: "ശൊറാ മാടന്മാരേ! ഇതു മുമ്പേ പറഞ്ഞു തുലച്ചുകൂടായിരുന്നോ? നാലും മൂന്നും ഏഴെന്ന് ഉടനെ പിടിക്കാമായിരുന്നല്ലോ. ആ അസുരവിത്ത് താനും കെട്ടുതക്കോരെ മുടിക്കുകയും ചെയ്തില്ലേ? അവൻ അന്നു മുണ്ടുകൊടമുടക്കി. ഇപ്പോൾ പെണ്ണുംപോയി അവനും പോയി എന്നു വന്നാൽ അർത്ഥമെന്തെന്നു ചോദിപ്പാനുണ്ടോ? ഇശ്ശ്യോ!" ഒടുവിലത്തെ ജാള്യസമ്മതത്തിൽ സഭാവാസികളെല്ലാം ചേർന്നു.

ഉണ്ണിത്താന്മാർ: "അമ്മാവന്മാർ പൊയ്പോയപ്പോൾ–"

കിഴക്ക നന്തിയത്തുകാർ: "ഞങ്ങടെ തലയും ചോറും പോക്കാണല്ലോ!"

കരക്കാർ: "ദിക്കിനും മഹാകുറച്ചിലായി!"

കൃഷ്ണക്കുറുപ്പ് എല്ലാവരെയും സമാധാനപ്പെടുത്തിക്കൊണ്ടു പടപ്പാളയത്തിലേക്കും ചിലമ്പിനേത്തേക്കും ചെമ്പകശ്ശേരിയിലേക്കും വലിയ പടവീടെന്ന മാങ്കോയിക്കൽ വീട്ടിലേക്കും മുഷിഞ്ഞിരുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി. ഉച്ചായായപ്പോൾ പരിവാരസമേതം സ്ഥലം കാര്യക്കാർ എത്തി കാണാതെപോയ പുള്ളിയുടെ പോക്കു സംബന്ധിച്ചുള്ള കാര്യങ്ങളെക്കുറിച്ചും വേണ്ട അന്വേഷണങ്ങൾ യഥാനിയമവും ദിവാൻജി അഭിലഷിക്കുമെന്നുള്ള ക്രമത്തിൽ അത്യൂർജ്ജിതമായും ആരംഭിച്ചു.

18

"അരുളിച്ചെയ്തയയ്ക്കണം അടിയനെ വിരവോടെ
അരികളെക്കൊലച്ചെയ്‌വാൻ അതിനതികുളഹലം"
"ലക്ഷ്മണാ! നീ സേനയോടും പോക...
രാക്ഷസനെക്കൊന്നു വേഗാൽ ഇങ്ങു വരിക."

പാണ്ഡ്യദേശങ്ങളിലെ പാളയത്തലവന്മാർ, മുകിലപ്രമാണികൾ എന്നിവരുടെ ആക്രമണങ്ങൾ ധനേച്ഛുക്കളായ തസ്കരന്മാരുടെ ഉപരോധങ്ങളും ഭവനഭേദന സാഹസങ്ങളും രാജ്യവിസ്തൃതിയെ വർദ്ധിപ്പിച്ച സമരങ്ങൾ കേവലം കളരിപ്രയോഗങ്ങൾ, പടനിലക്കളികൾ എന്നു തുടങ്ങിയുള്ള ചൊല്ലിയാട്ടങ്ങളുടെ രംഗപ്രകടനങ്ങളും മാത്രം ആയിരുന്നു. ഹൈദരുടെ ആക്രമണാരംഭം സർപ്പിയുടെ ഗ്രഹണസംഭവംപോലെ അല്പ കാലത്തേക്ക് ഒരു വിഷദൃതിയെ രാജ്യത്തിൽ വ്യാപരിപ്പിച്ചു എങ്കിലും ചില മടലടികളും ആചാര്യന്മാരാൽ ഉപദേശിക്കപ്പെട്ട ദോഷപരിഹാരകർമ്മങ്ങളുംകൊണ്ടു് ആപന്മോചനം പര്യാപ്തമായി. ഈ കഥാകാലത്തു് കേരളമണ്ഡലാധിപന്മാർ സന്ദർശിച്ചതും അനുഭവിച്ച തും ബഹുസഹസ്രം ജ്വാലാമുഖികളാൽ പരിവൃതനായ ഒരു മഹാവിന്ധ്യൻ പരശുരാമക്ഷേ ത്രദഹനാർത്ഥം അനുവർത്തിച്ച ഒരു ഭയാനകപ്രസ്ഥാനം ആയിരുന്നു. ഉത്തരകേരളത്തി ലെ പ്രതിവിന്ധ്യനിരകൾ തകർന്നു ധൂളിയും ദഹിച്ചു ഭസ്മവും ആയി വഞ്ചിരാജ്യത്തിലെ അമൃതമഹേന്ദ്രാദിഗിരിനിരകളുടെ മൂർദ്ധാവുകളെ സമീക്ഷണംചെയ്തപ്പോൾ, വിന്ധ്യനിരയു ടെ മദോൽക്കടത പൂർവാവകഥാസ്മൃതികളാൽ ജഡീഭവിച്ചു.

എതിർക്കേണ്ടതായിവരുന്ന ശത്രു വിന്ധ്യനോടൊപ്പംതന്നെ ഭഞ്ജകശക്തി വഹിക്കു ന്നതാണെങ്കിലും വഞ്ചിരാജ്യസൈന്യം ആ ബ്രഹ്മാണ്ഡാകൃതിയിലുള്ള ശിലാപ്രപാതത്തെ പ്രതിരോധിപ്പാൻതന്നെ ഉദ്യോഗിച്ചു. കർണ്ണാട്ടിക്ക് പട്ടാളം പംക്തി ആറുക്ക് പടവും പത്തും പടവൊന്നിൽ നൂറ്റിപ്പതിന്നാലും വീതം ആകെ പാദാതി പേർ ആറായിരത്തി എണ്ണൂറ്റിനാല്പതും, ഉത്തരമേഖലയുടെ പശ്ചിമഖണ്ഡത്തെയും അവിടത്തെ സമുദ്രപ്രാന്തങ്ങ ളിൽ ഉറപ്പിച്ചിട്ടുള്ള കോട്ടകളെയും രക്ഷിപ്പാൻ നിരന്നു. ഇതു കൂടാതെ, പുള്ളി ഒന്നുക്ക്

പേർ ഇരുന്നൂറ്. ആക, പീരങ്കി, കുതിരപ്പട ഉൾപ്പെടെ പുള്ളി എഴുപത്തിരണ്ടിൽ; പേർ പതിനായാരത്തിനാനൂറിൽ രാജമന്ദിരാദി പല കേന്ദ്രങ്ങളിലെ രക്ഷയ്ക്കായി നീക്കുപേർ നാലായിരത്തി നാനൂറും പോക ശേഷംപേർ പതിനായിരവും; മുന്നില വരുത്തി ഉൾപ്പെട്ട ചെരുമാനം വക പേർ പന്തീരായിരവും, ഉത്തരദേശങ്ങളിലെ ഓരോ രാജാക്കന്മാർ, പ്രഭുക്കന്മാർ എന്നിവരുടെ അകമ്പടിയായി എത്തിയിട്ടുള്ള യോദ്ധാക്കളും പടത്തലവന്റെയും യജമാനന്മാരുടെയും വരുതികളിലായി നെടുംകോട്ടയും അതുകളോടു ചേർന്നുള്ള കിടങ്ങുകളും രക്ഷിപ്പാൻ ഓരോരോ കൊത്തളസ്ഥാനങ്ങളിൽ പളയങ്ങൾ ഉറപ്പിച്ചു. ഓരോ മണ്ടപത്തുംവാതുക്കലും പടവെട്ടി ചേതപ്പെടുന്നവർക്കു പകരം അണിതികപ്പാൻ വേണ്ടുന്ന ആളുകളെ കളരികൾ ഏർപ്പെടുത്തി പയറ്റുവിദ്യകൾ അഭ്യസിപ്പിച്ചു തുടങ്ങി. സ്ഥലസന്ദർഭങ്ങളെ ആശ്രയിച്ചല്ലാതെ പരമ്പരാരൂഢവും പരമപാവനവുമായുള്ള രാജപ്രജാബന്ധത്തിന്റെ മഹത്ത്വത്താൽ കന്യാകുമാരി മുതൽ പറവൂർ, ആലുവാ, കാലടി, തൊടുപുഴ എന്നീ സ്ഥലങ്ങൾവരെയുള്ള ദിക്കുകളിൽനിന്നും പ്രതിനിമിഷം യുദ്ധപ്പാളയങ്ങളിലേക്കു പ്രവഹിച്ചുകൊണ്ടിരുന്ന സംഭാരസമൃദ്ധി, ആ സേനാപംക്തികൾക്കിടയിലും ഗൂഢസഞ്ചാരം വിദഗ്ധമായി സാധിച്ചിരുന്ന ചാരന്മാർമുഖേന ധരിച്ച ടിപ്പുവിൽ ഉജ്ജ്വലിച്ചുകൊണ്ടിരുന്ന വിജയാശാകരങ്ങളെ ബിംബസഹിതം വിച്ഛിന്നങ്ങളാക്കി.

തിരുവനന്തപുരം ഗൃഹങ്ങളിൽ മാതൃനേത്രങ്ങൾ, സഹോദരീനേത്രങ്ങൾ, പ്രണയിനീനേത്രങ്ങൾ എന്നീ ജലദമണികൾ അശ്രുജലംകൊണ്ടുള്ള സരസ്സുകളെ സൃഷ്ടിക്കുന്നു. കുടുംബരക്ഷാർത്ഥം പ്രയത്നിക്കേണ്ടവരായ പുരുഷന്മാരുടെ അഭാവത്തിൽ അവലംബശൂന്യരായ ദരിദ്രകുടുംബങ്ങൾ രാജാധികാരത്തിന്റെ രക്ഷാനയത്തെത്തുടരുന്ന ധനികഭവനങ്ങളിൽ അഭയസ്ഥരാകുന്നു. എങ്കിലും കാളിമയോ ശോണിമയോ എന്നു നിർണ്ണയിപ്പാൻ കഴിവില്ലാത്തതായ ഒരു വൈവർണ്ണ്യം നഗരത്തെ ആവരണം ചെയ്യുന്നു. പഥികന്മാർ വർത്തമാനജീവിതത്തോട് കലഹം ദീക്ഷിച്ചെന്നപോലെ, സമീപഭാവിയെ മാത്രം വിഷയമായി സംഭാഷണം ചെയ്യുന്നു. ഗൃഹവർത്തനം സാമാന്യേന രാജ്യസൈന്യത്തിന്റെ വിജയത്തിനായുള്ള ഭഗവൽസേവനം എന്നുള്ള ക്രിയ മാത്രമായി ശേഷിച്ചിരിക്കുന്നു. ശിശുക്കൾ, ബാലന്മാർ എന്നിവർ അച്ഛനമ്മമാർ മുതലായ സമീപവർത്തികൾ അവലംബിക്കുന്ന മുഖക്ലമങ്ങളെ പ്രതിബിംബിക്കുന്ന ദർപ്പണങ്ങളായി വർത്തിക്കുന്നു. വിദ്യാലയങ്ങളിലെ എഴുത്തച്ഛന്മാർ ഷോഡശഖണ്ഡങ്ങളെ ചതുഷ്കോണരൂപത്തിലും കമലബന്ധമായും ലേഖനംചെയ്ത് കവടിസ്സഞ്ചിയുമായി കുനിഞ്ഞിരുന്ന് സംഖ്യകളെ അംശകിച്ചു പരീക്ഷിച്ചിട്ടും യുദ്ധഫലം സൂക്ഷ്മമായി കിട്ടാതെ ക്ലേശിക്കുന്നു. ഗുരുനാഥന്മാരുടെ ഈ ശ്രമങ്ങൾക്കിടയിൽ അലസതയ്ക്കും ചാപല്യപ്രകടനങ്ങൾക്കും അവസരം കിട്ടുന്ന വിദ്യാർത്ഥികൾ ഏടുകൾ പെരുകിക്കാൻ സംഗതിവരാത്തതിനാൽ ക്ലേശിച്ച് ആ നിരാശയ്ക്ക് കാരണഭൂതനായ വ്യാഘ്രീസന്താനത്തെ ശപിക്കുന്നു. സ്ത്രീകളുടെ കണ്ണെഴുത്തുകൾ വസ്ത്രാന്തത്താലും കുറിപിടിപ്പുകൾ ഉള്ളംകൈകൾകൊണ്ടും ആയിത്തീർത്തതിനാൽ രസികകദംബങ്ങളും ജീവിതത്തിൽ അനാസ്ഥന്മാരായി. വയസ്സും വ്യാപാരവിശേഷണങ്ങളും അബലത്വവും കൊണ്ട് യുദ്ധാങ്കണത്തിൽ എത്തേണ്ടവരല്ലാതെ സകല ജനങ്ങളും രാജസേനയെ വാജീകരിപ്പാനുള്ള ക്ഷണങ്ങളെ പ്രാർത്ഥിച്ചു പാർക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും

ഉറപ്പിക്കപ്പെട്ടിട്ടുള്ള 'അന്നക്കോട്ട'കളിലെ ദാനകലാപങ്ങൾ മാത്രം അഭംഗുരമഹോത്സവങ്ങളായി ഘോഷിക്കപ്പെടുന്നു. അടുത്തദിവസം ഉദയത്തിൽ ദിവാൻജി യുദ്ധരംഗത്തിലേക്കു പുറപ്പെടുമ്പോൾ അദ്ദേഹത്തെ എട്ടുപത്തു നാഴികവരെ അനുയാത്രചെയ്തു തങ്ങളുടെ ഹൃദയാശിസ്സുകൾ നല്കി, പ്രജാത്മാവിനെ ആ ദേഹത്തിൽ ആധാനംചെയ്തു പ്രവൃദ്ധവീര്യൻ ആക്കുന്നതിന് ഓരോ കരക്കാരും സംഘങ്ങൾകൂടി നിശ്ചയിച്ചു.

ദിവാൻജിയുടെ യുദ്ധയാത്രയ്ക്ക് കുതിരപ്പള്ളി, തോക്കുപുള്ളി, ഭംലാപ്പള്ളി എന്നിവയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദഗ്ധപംക്തികൾ കൊടിപടഹകാഹളങ്ങളോടെ മന്ത്രിമന്ദിരത്തിന്റെ പുറഭാഗത്തു പാളയം ഉറപ്പിച്ചുകഴിഞ്ഞു. ദിവാൻജിയുടെയും ഈ അംഗരക്ഷകസംഘത്തിന്റെയും ഉപയോഗത്തിനുള്ള യുദ്ധഭക്ഷണോദി സാമഗ്രികളും സംഭാരങ്ങളും അതുകളെ കൊടുങ്ങല്ലൂർ ഇറക്കുന്നതിനായി വലിയതുറ എത്തി നങ്കൂരം താഴ്ത്തിനില്ക്കുന്ന പോക്കുമൂസ്സാമരയ്ക്കാരുടെ പത്തേമാരികളിലേക്ക് അയച്ചുംകഴിഞ്ഞു. മന്ത്രിപ്രധാനന്റെ യുദ്ധയാത്രാമുഹൂർത്തത്തിൽ സ്നേഹപുരസ്സരവും രാജ്യാഭിമാനപുരസ്സരവും ആശിസ്സുകൾ നല്കുവാനായി എത്തിയിരിക്കുന്ന പോക്കുമൂസ്സാമരയ്ക്കാർ, പല ദിക്കിലെയും പ്രഭുക്കന്മാർ എന്നിവർ രായസംപിള്ളമാർക്കുള്ള ശാലകളിൽ പാർക്കുന്നു. പ്രസ്ഥാനത്തിനുള്ള ഒരുക്കങ്ങളുടെ മേൽനോട്ടക്കാരനായ കുഞ്ഞെക്കുട്ടിപ്പിള്ളയുടെ സാമർത്ഥ്യത്താൽ സകല സംഭാരങ്ങളും ദിവാൻജിക്കു സന്തോഷകരമായി ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. പുതിയ അംഗരക്ഷകനായ അഴകൻപിള്ളയെ ശൂലം, വാൾ എന്നീ ആയുധങ്ങൾ ഒരുവിധം പ്രയോഗിപ്പാൻപോലും അദ്ദേഹം അഭ്യസിപ്പിച്ചിരിയ്ക്കുന്നു. തോക്കിന്റെ കൈകാര്യംകൂടി പഠിപ്പിക്കാൻ പരീക്ഷിച്ചതിൽ നിറച്ചുകഴിയുമ്പോൾ അന്തഃസ്ഥിതി അറിവാൻ അഴകൻപിള്ളയ്ക്കുണ്ടാകുന്ന വാനരകൗതുകത്തെ എന്തു ശാസനകൊണ്ടും നീക്കാൻ കഴിയാത്തതിനാൽ മാവാരതം പാട്ടിൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത ആ ആയുധവും താനും തമ്മിലുള്ള ബന്ധം ദൂരത്തിരിക്കട്ടേ എന്ന് അയാൾ ഉപേക്ഷിച്ചതുകൊണ്ട്, അതിനെ കളരിത്തലവനായ കുഞ്ഞെക്കുട്ടിപ്പിള്ള അനുവദിച്ചു.

ഉപമന്ത്രിമാർ, താഴ്ന്നതരം ഉദ്യോഗസ്ഥന്മാർ, പൗരപ്രധാനന്മാർ തുടങ്ങിയുള്ള സേവാർത്ഥികൾ ദിവാൻജിയ്ക്ക് ഒരു ദിവസത്തെ സ്വൈര്യം അനുവദിച്ചു. അമ്പതേത്തു കഴിഞ്ഞ് ഉണ്ടായ മുഖം കാണിപ്പിനു ശേഷം,അന്വേഷണങ്ങൾ, അഭിപ്രായങ്ങൾ, കൗശലോപദേശങ്ങൾ, ആജ്ഞകൾ എന്നിതുകൾകൊണ്ട് മഹാരാജാവും സുഭൃത്യോത്തമനെ അസഹ്യപ്പെടുത്തേണ്ട എന്ന് അടങ്ങിക്കളഞ്ഞു.

ജിതക്ലമനും പ്രാപ്തനും ഭാരസഹിഷ്ണുവും ആയുള്ള പരിശ്രമിക്കു സ്വൈര്യമെന്നതു കണിക്കപോലും കിട്ടുന്നതല്ല. രാത്രിയിലെ ഊണും കഴിഞ്ഞു സല്ക്കാരശാലയിൽ ദിവാൻജി അല്പം ഒന്നു വിശ്രമിക്കുമ്പോൾ ഒറ്റക്കാഷായവസ്ത്രം ഉടുത്ത്, കേശവും മീശയും വിടുർത്തിയിട്ട് ഒരു കാട്ടുകമ്പും ഊന്നി, കുഞ്ഞെക്കുട്ടിപ്പിള്ള കാര്യക്കാർ അക്ഷരം കണ്ടിട്ടില്ലാത്ത യാചകസന്യാസിയെപ്പോലെ അദ്ദേഹത്തിന്റെ മുമ്പിൽ പ്രവേശിച്ചു. ആ വേഷത്തിൽ തന്റെ അന്നത്തെ നിദ്രയെ ലംഘിപ്പാൻതന്നെ വന്നതുകൊണ്ട് എന്തോ സാരമായുള്ള കർമ്മം ആരംഭിപ്പാനോ സംഭവം ധരിപ്പിപ്പാനോ ഉദ്ദേശിക്കുന്നു എന്നു ദിവാൻജിക്കു മനസ്സിലായി. വീരന്മാർ ചാകുന്നതു ചിരിച്ചുകൊണ്ടു വേണമെന്നുള്ള സാമാന്യോക്തിയെ

സ്മരിച്ചു, ദിവാൻജിയും ആ രാത്രിയിൽ വിനോദഭാഷണത്തിന് ഒരുങ്ങി. "എന്താ കാര്യക്കാരെ! വല്ല സദ്യയ്ക്കും ക്ഷണിക്കാൻ ഭാവമുണ്ടോ? ചട്ടുകം വച്ചിട്ട് ക്ഷണവടിയും എടുത്തു പുറപ്പെട്ടതാണെന്ന് തോന്നുന്നല്ലോ."

കുഞ്ഞെക്കുട്ടിപ്പിള്ള: "ഉത്തരവ്. നാലുപേർക്കു മാത്രമേ ഒരുക്കിയിട്ടുള്ളു കുമാരൻതമ്പി, നമ്മുടെ ഭീമൻകുട്ടി. അഴകൻപിള്ള എന്റെ പുത്തൻശിഷ്യന്റെ അരങ്ങേറ്റം ഇന്നാണ്."

ദിവാൻജി: "ഹേ! മൂന്നല്ലേ ആയുള്ളു പേര്?"

കുഞ്ഞെക്കുട്ടിപ്പിള്ള: "നാലാമത്തവൻ ഞാൻ തന്നെ."

ദിവാൻജി: "പോവൂ കാര്യക്കാരെ! അവർ ഇപ്പോൾത്തന്നെ ഊണുകഴിഞ്ഞു."

കുഞ്ഞെക്കുട്ടിപ്പിള്ള: "അതു കരുതിത്തന്നെ സദ്യ വട്ടംകൂട്ടിയിരിക്കുന്നു. പ്രഥമൻ മാത്രമേ തയ്യാറാക്കിയിട്ടുള്ളു. അതും വക ഒന്നുമാത്രം."

ദിവാൻജി: (അല്പം ചിന്തയോടെ ഇരുന്നിട്ട്) "ശകുനംനോക്കി അവസാനം എന്താണെന്ന് ഒന്നു പറവാൻ പാടില്ലേ? ഭൂമിസ്വർഗ്ഗപാതാളങ്ങളിലെ എല്ലാ രഹസ്യങ്ങളും അറിഞ്ഞിട്ടുള്ള ആളാണല്ലോ."

കുഞ്ഞെക്കുട്ടിപ്പിള്ള: "ശകുനം ആഗന്തുകമായി കിട്ടണം. അല്ലാണ്ട് നാം പോയി കടഞ്ഞു തുടങ്ങുമ്പോൾ ഏട്ടാദേവി മുന്നോട്ടു ചാടിക്കടന്നേക്കാം."

ദിവാൻജി സംഭാഷണം നിറുത്തി. കാര്യക്കാർ താൻ ഉദ്ദേശിച്ച അതിഥികളെയും പിടികൂടി. ആയുധങ്ങളും ധരിപ്പിച്ച് നടകൊണ്ടു.

ആധുനികനയജ്ഞന്മാർ ധർമ്മവിരുദ്ധമായ വിജയമാർഗ്ഗങ്ങളെയും ദുഷ്ഫലദങ്ങളും സുഗമവും ആണെങ്കിൽ അംഗീകരിക്കുന്നു. ടിപ്പുസുൽത്താൻ കാളിപ്രഭാവഭട്ടനിൽനിന്നു കിട്ടിയ അറിവിനെ ദാദാഖാൻ, ബാപ്പുറാവു മുതലായ ചാരന്മാർ മുഖേന പരിശോധനചെയ്തു. രാമാരാജാബഹദൂറുടെ സംസ്ഥാനത്തിന്റെ ഉത്തരഭാഗങ്ങൾ, ദക്ഷിണഇന്ത്യയിലെ മറ്റു പ്രദേശങ്ങൾപോലെ തന്റെ കുതിരപ്പടയ്ക്കും പീരങ്കിപ്പടവുകൾക്കും സുസ്തരമല്ലെന്ന് അദ്ദേഹം അറിഞ്ഞു. അതുകൊണ്ടു പാണ്ടിരാജ്യം വഴിക്കു തിരുവിതാംകൂറിന്റെ തെക്കെ അതിർത്തി മുതൽ ആക്രമിക്കുന്നതിനു തന്റെ സൈന്യങ്ങളെ ഇടയ്ക്കുള്ള രാജ്യങ്ങളിൽക്കൂടി യാത്രചെയ്യിക്കുവാൻ അനുവദിക്കണമെന്ന് ഓരോ നാടുവാഴികളോടും മറ്റും അപേക്ഷിച്ചതിൽ ഇംഗ്ലീഷുകാരുടെ രക്ഷയെ അവലംബിച്ചിരുന്ന ആ പ്രമാണികൾ നിഷേധാർത്ഥത്തിൽ തല ആട്ടിക്കളഞ്ഞു. ഈ സ്ഥിതിയിൽ തന്റെ തന്ത്രവലകളിൽ കുടുങ്ങിത്തീർന്നിട്ടുള്ള പെരുമ്പടപ്പിനെ സേനാപന്ഥാവാക്കി, തിരുവിതാംകൂറിന്റെ ഉത്തരപ്രാകാരങ്ങളെ നിരോധിപ്പാൻ

ടിപ്പസുൽത്താൻ ഭേരീകാഹളങ്ങൾ മുഴക്കി. എന്നാൽ പുഴകളും കായലുകളും തരണം ചെയ്യുന്നതിൽ നേരിട്ടേക്കാവുന്ന വിഷമങ്ങളെയും ജീവനഷ്ടങ്ങളെയും പേടിച്ച്, ഉപദേഷ്ടാക്കളാൽ പര്യാപ്തമാകുന്ന വിജയങ്ങളും എന്തെന്തെന്നു ഗ്രഹിച്ചു പ്രവർത്തിപ്പാനായി, മുന്നോട്ടുള്ള നീക്കത്തെ സാവധാനഗതിയിലാക്കി. ഈ മാന്ദ്യാവലംബനത്തിന്റെ രഹസ്യോദ്ദേശ്യം വഞ്ചിക്ഷേത്ര ഘടനയുടെ ആണിക്കല്ലായുള്ള മഹാരാജാവ് എന്നുള്ള പ്രതിഷ്ഠ ധ്വംസിക്കപ്പെട്ടാൽ ആ മന്ദിരത്തിന്റെ നിഷ്പ്രാപത നഷ്ടപ്രായമായിത്തീരും എന്നുള്ള വിശ്വാസം ആയിരുന്നു. ആ രണ്ടുപേരിൽ മഹാരാജാവ് അല്ലെങ്കിൽ മന്ത്രി, ധ്വംസിക്കപ്പെട്ടാൽ ജനതയുടെ നിരോധനവും മന്ത്രിനിധനം സാധിച്ചാൽ സേനാനിരയുടെ സന്ധാനതാശക്തിയും അവസാനിക്കുന്നതാണെന്നും രണ്ടുംകൂടി സാധിച്ചാൽ ആന്ദോളാരൂഢനായി തലസ്ഥാനത്തെ രാജമന്ദിരത്തിലേക്കു സ്വൈരമായുള്ള ഒരു പള്ളിയാത്ര ചെയ്യുകൊണ്ടാൽ മാത്രം മതിയെന്നും ആ രാജദുർമ്മോഹി ആശിച്ചിരുന്നു. ഗൗണ്ഡൻ, അജിതസിംഹൻ, കണ്ഠീരവരായർ എന്നിവരുടെ പ്രണിധീത്വം മുഖ്യമായി ഈ കർമ്മങ്ങളുടെ നിർവ്വഹണത്തിനായിരുന്നു എന്നുള്ള വസ്തുത നാം ഗ്രഹിച്ചിട്ടുള്ളതാണല്ലോ.

തെക്കേത്തെരുവോടു ചേർന്ന് ഇക്കാലത്തു നിൽക്കുന്ന ദേവീക്ഷേത്രത്തിന്റെ വടക്കരുകോട്ട് അടുത്തു കിഴക്കുവശത്തായി രാജമന്ദിരംവകയായുള്ള ചില മുറികൾ ഇന്നും കാണ്മാനുണ്ട്. ഇവയിലൊന്ന് കുഞ്ചെക്കുട്ടിപ്പിള്ളയുടെ ഇഷ്ടംപോലുള്ള സമയങ്ങളിലെ പാർപ്പിനായി അനുവദിക്കപ്പെട്ടിരുന്നു. തന്റെ അതിഥികൾ മൂന്നുപേരെയും ഈ മുറിക്കകത്തു പ്രവേശിപ്പിച്ചിട്ട് ആ സല്ക്കാരകൻ അവരോടു കായതോഷകമായുള്ള പ്രഥമന്റെ മധുരഭക്തിക്കുപകരം ആത്മമോക്ഷദമായുള്ള ഭഗവന്നാമങ്ങളെ യഥേഷ്ടം ജപിച്ചുകൊള്ളുവാൻ ആജ്ഞാപിച്ചു. ഭീമസേനന്റെ പ്രസിദ്ധമായുള്ള വൃകോദരത്വത്തെ പ്രകടിപ്പിച്ചു ത്രിവിക്രമൻ വല്ല പലഹാരമെങ്കിലും കിട്ടണം എന്നു ശഠിച്ചുതുടങ്ങി. കാര്യക്കാർ മുറിയുടെ തെക്കോട്ടുള്ള വാതൽ അല്പം തുറന്നു, "ഇതേ, ആ തെക്ക് കാണുന്ന മഠത്തിലെ ബ്രാഹ്മണി നല്ല പൂരി, ജിലേബി എന്നീ വകകൾ ഉണ്ടാക്കുന്നവരാണ്. അങ്ങോട്ടു നോക്കു. ശബ്ദം ഉണ്ടാക്കരുത്. പോളിക്കുള്ള മാവ് വലിച്ചുനീട്ടുന്നതല്ലേ ആ കയറുപോലെ കാണുന്നത്? ഇവന് കാഴ്ച കുറഞ്ഞുപോയി. സൂക്ഷിച്ചുനോക്കു. വാതിൽ അധികം തുറക്കരുത്" എന്നു പറഞ്ഞു. ത്രിവിക്രമന് കുഞ്ചെക്കുട്ടിപ്പിള്ളയുടെ അന്തർഗ്ഗതം മനസ്സിലാവുകയാൽ, രഥവീഥിയുടെ തെക്കേ ഭാഗത്തുള്ള ബ്രാഹ്മണാഗാരത്തിലോട്ട് കണ്ണുകൾ സങ്കോചിപ്പിച്ചു നോക്കിത്തുടങ്ങി. ആ മഠത്തിൽ ഒരു കങ്കിൽ മാത്രമായി എരിയുന്ന ദീപത്തിന്റെ അടുത്തിരുന്ന പാശം മുറുക്കുന്ന പണിയിൽ ദത്തമുഖനായുള്ള ഒരു വിഗ്രഹം കണ്ടു. മുക്കുടുമയെ നീക്കി പുറംകുടുമ ആക്കിയിട്ടുണ്ടെങ്കിലും മീശകളെ പോക്കി മുഖക്രൗര്യത്തെ ക്ഷയിപ്പിച്ചിട്ടുണ്ടെങ്കിലും ആ കണ്ണുകളുടെ രൂക്ഷതയും ശരീരത്തിന്റെ വരാഹതയും അന്ധകാരത്തോട് ഏറ്റവും അടുത്തുള്ള ആ അല്പപ്രഭയ്ക്കിടയിലും ത്രിവിക്രമന്റെ ദൃഷ്ടികളെ സവിശേഷം ആകർഷിച്ചു. "അമ്മാവാ! ആരെന്നറിഞ്ഞോ ഇത്? കണ്ഠീരവൻ."

കുഞ്ചെക്കുട്ടിപ്പിള്ള: "എന്താ? ഗാണ്ഡീവധരനോ? അതൊന്നും എനിക്കു രൂപമില്ല. അവിടൊരു പീടികയിൽനിന്നു ചണനൂനാർ വാങ്ങുന്ന ഒരു പൂണൂൽക്കാരനെ

ഞാൻ കണ്ടു. ചാരത്വം എന്ന വർഗ്ഗസംബന്ധംകൊണ്ടു ഞാൻ അയാളെ തുടർന്ന് ഈ കൊപ്പത്തിൽ ആക്കിയിരിക്കുകയാണ്."

ത്രിവിക്രമൻ: "പിന്നെയും വന്നിരിക്കുന്നതു ചാകാൻതന്നെ. ആൾ അതുതന്നെയോ എന്ന് അഴകൻപിള്ളയും നോക്കട്ടെ." ആ വിക്രമനും ജാലകം തുറന്നുള്ള ചെറുവിടവിൽക്കൂടി കുറച്ചുനേരം നോക്കിയിട്ട് ചില ആശ്ചര്യോൽഘോഷങ്ങൾക്കു വട്ടംകൂട്ടി. ആ ഫൽഗുനന്റെ ദ്രോണാചാര്യർ കടന്നു വക്ത്രത്തെ അമർത്തിപ്പിടിച്ചിട്ട്, "ശബ്ദം തീരെ അരുത്. നാം സൂക്ഷിക്കുന്നു എന്നുള്ളതു പുറത്തു വന്നുകൂടാ. ദിവാൻജിയജമാനനു ശകുനം എന്തെന്നറിവാൻ വലിയ ആഗ്രഹമുണ്ട്. ശ്രീപത്മനാഭന്റെ കൃപകൊണ്ട് അതിതാ കിട്ടുന്നു. മിണ്ടാതിരിക്ക്" എന്നു തടുത്തു. കുഞ്ഞെക്കുട്ടിപ്പിള്ളയുടെ ദിവ്യമായ പ്രതീതിവിശേഷത്താൽ കണ്ഠീരവന്റെ ചടങ്ങുകൾ എല്ലാം കാലേകൂട്ടിത്തന്നെ അദ്ദേഹം നിർണ്ണയിച്ചിരുന്നു.

ക്ഷണത്തിൽ അദ്ദേഹം ആ മുറിയിലുണ്ടായിരുന്ന ഒരു ഖഡ്ഗവും ധരിച്ചു വടക്കുഭാഗത്തുള്ള തോപ്പിൽ ചാടി. മറ്റുള്ളവർക്കു നിയോഗം ഒന്നും വേണ്ടിയിരുന്നില്ല. അവരും ആ സംഹാരസന്നദ്ധനെ തുടർന്നു. "പ്രഥമനില്ല കുഞ്ഞുങ്ങളേ! പച്ചമാംസസദ്യയ്ക്കേ തരംകിട്ടുന്നുള്ളു. അതും നിങ്ങൾക്കു ഗോപി! ശ്രീമൽകാളിക്കു നിറഞ്ഞിട്ടു പ്രസാദം ശേഷിക്കുന്നെങ്കിൽ നിങ്ങൾക്ക്" എന്നും മറ്റും ചിലതു പറയുന്നതിനിടയിൽ കുഞ്ഞെക്കുട്ടിപ്പിള്ള മഹാരാജാവിന്റെ പള്ളിയറയുടെ പൂർവ്വഭാഗത്തുള്ള ആൽത്തറയിൽ എത്തി. കുമാരൻതമ്പിയെ പള്ളിയറവാതുക്കലും അഴകൻപിള്ളയെ കോണിച്ചുവട്ടിലും വിക്രമനെ മുമ്പിൽ അഴകൻപിള്ള തരണംചെയ്തു വാതുക്കലും പ്രതിഷ്ഠിച്ചു. സൂക്ഷ്മദർശിയായുള്ള കുഞ്ഞെക്കുട്ടിപ്പിള്ള രാജമന്ദിരത്തിലെ കാവൽക്കാരോട് ഉദാസീനരായിരിക്കുവാൻ ആംഗ്യങ്ങളാൽ ആജ്ഞാപിച്ചിട്ട് അതിലഘുകർമ്മമായി അശ്വത്ഥത്തിന്റെ ഒരു അഗ്രശാഖയിൽ എത്തി ഒരു ചകോരകൂജനത്തെ പുറപ്പെടുവിച്ചുകൊണ്ടു സ്വൈരസ്ഥിതി അവലംബിച്ചു. സമയം അർദ്ധരാത്രിയോടടുത്തു. ചന്ദ്രൻ ടിപ്പുവിന്റെ ഹിതം അനുസരിച്ചെന്നപോലെ അദ്ദേഹത്തിന്റെ ആരാശ്ശാർക്കു നല്ലപോലെ വഴി കാണുവാൻ ദീപസഹായം ചെയ്തു. തന്റെ ദ്രോഹകർമ്മത്തിന്റെ ഒരുക്കങ്ങൾക്കു തരം സമ്പാദിച്ച കണ്ഠീരവൻ പാശവും കൈത്തോക്കും ഏന്തി പുറപ്പെട്ടു. ആ ഗ്രസ്തിവിദഗ്ദ്ധനു രാജമന്ദിരാരാമത്തെ വലയം ചെയ്യുന്ന പ്രാകാരത്തിന്റെ തരണം അതിക്ഷിപ്രവും അപ്രയാസവും സാദ്ധ്യമായി. രാജമന്ദിരരക്ഷികൾ കുഞ്ഞെക്കുട്ടിപ്പിള്ളയുടെ ആജ്ഞ അനുസരിച്ചു കണ്ണുകൾ ചിമ്മിച്ചുകളഞ്ഞതിനാൽ കണ്ഠീരവൻ അകത്തെ പ്രാകാരത്തെയും പ്രതിബന്ധം ഒന്നും കൂടാതെ ഒരു കുതികൊണ്ടു കടന്നു, രണ്ടാമത്തെ കുതിപ്പിൽ അശ്വത്ഥമൂലത്തിൽ എത്തി. അങ്ങോട്ടും ഇങ്ങോട്ടും നോക്കി, തന്റെയോ ടിപ്പുവിന്റെയോ ഭാഗ്യത്താൽ രാജപരിചാരകന്മാർ നിദ്രാധീനന്മാരായിത്തീർന്നിരിക്കുന്നെന്നു സന്തോഷിച്ചു. അരക്കച്ചയെ മുറുക്കിയും ആയുധങ്ങളെ അരയിൽ ഉറപ്പായിത്തിരുകിയും പാശത്തെ സ്കന്ധത്തിൽ ആക്കിക്കൊണ്ടും കണ്ഠീരവൻ കരടിയെപ്പോലെ മേല്പോട്ടു കയറി. ഈ വൃക്ഷത്തിന്റെ ഒരു പീനശാഖ രാജസൗധത്തിന്റെ രണ്ടാം നിലയിലെ ഒരു ജാലകത്തിൽനിന്ന് ഒരു ദണ്ഡ്

അകലത്തോളവും എത്തുംവണ്ണം നീണ്ടും മന്ദിരകൂടത്തിന്റെ മുകൾഭാഗത്തോളവും പൊങ്ങിച്ചാഞ്ഞും നിലകൊണ്ടിരുന്നു. കണ്ഠീരവൻ ആ കൊമ്പിൽകൂടി വടക്കോട്ടു നീങ്ങി, പാശത്തെ അതിന്മേൽ ദൃഢമായി ബന്ധിച്ചു. ഓരോ കോണുകളിൽ അശ്രദ്ധ നടിച്ചു പതുങ്ങിനിന്നിരുന്ന പരിജനങ്ങൾ ആശ്ചര്യപരതന്ത്രന്മാരായി, അവരുടെ ശ്വാസോച്ഛ്വാസങ്ങളെയും ബന്ധിച്ചു. ഈ പാശംവഴി രണ്ടുമൂന്നു കോൽ കീഴ്പോട്ടുതാണ്, കണ്ഠീരവൻ കമ്പക്കുത്താടിയുടെ ഊഞ്ഞോലാട്ടം തുടങ്ങി. തെക്കോട്ടും വടക്കോട്ടും ദ്രുതതരമായി ആഞ്ഞുതുടങ്ങിയപ്പോൾ തുറന്നുകിടന്നിരുന്ന ജനൽപ്പടിയിൽ ആ ഗ്രസ്തിക്കാരന്റെ ദേഹം തടയുമാറായി. ഏകഹസ്തത്തെ ജാലകത്തിന്റെ നേർക്കു നീട്ടിക്കൊണ്ടു്, ആ മഹാഭ്യാസി ആയം പെരുക്കിയും ദൃഢപ്പെടുത്തിയും ആഞ്ഞു തുടങ്ങി. ജാലകത്തിന്റെ നടുപ്പടിയിന്മേൽ പിടികിട്ടി എന്നുള്ള സന്തുഷ്ടിയോടെ ആ ഊഞ്ഞോലാട്ടത്തെ നിയന്ത്രണം ചെയ്തു തന്റെ ശരീരത്തെ പാശത്തിൽനിന്നു മുക്തമാക്കി ജനൽപ്പടിയിന്മേൽ സ്ഥാപിപ്പാൻ മുതിർന്നും ശ്വാസനിയമനം ചെയ്തുകൊണ്ടു് ആഞ്ഞപ്പോൾ, ശരീരം ഒന്നു വട്ടംകറങ്ങി. ഉത്തരക്ഷണം ആ ശരീരത്തെ വഹിച്ചുകൊണ്ടു പാശം ഋജുസ്ഥിതിയിൽ ലംബമായി നിലകൊണ്ടു.

തന്റെ പ്രയത്നം ഈ പ്രക്രമഘട്ടത്തിൽ പ്രതിബന്ധിക്കപ്പെട്ടപ്പോൾ പാർശസഹായം അപേക്ഷിച്ചുള്ള സാഹസത്തിൽ യമപാശംതന്നെ താൻ സന്ദർശിക്കുന്നു എന്ന് കണ്ഠീരവൻ തീർച്ചയാക്കി. പാശമാർഗത്തുടെത്തന്നെ താഴത്തു ചാടിക്കൊള്ളണമെന്ന ഹിന്ദുസ്ഥാനിയിൽ ഒരു ആജ്ഞ അശരീരിവാക്കെന്നപോലെ വൃക്ഷമൂർദ്ധാവിൽനിന്നു പുറപ്പെട്ടു. കണ്ഠീരവൻ ഒരു അനുസരണീയനേതാവിന്റെ ആജ്ഞാപ്രഭാവത്തെ ആ നിയോഗവാക്കുകളിൽ ശ്രവിച്ചു താഴത്തു ചാടി. ത്രിവിക്രമകുമാരൻ തെക്കു പടിഞ്ഞാറുനിന്ന് മുന്നോട്ടു നീങ്ങിയതു കണ്ടപ്പോൾ കണ്ഠീരവൻ ദംഷ്ട്രങ്ങളെ കീറിച്ചു തന്റെ പൂർവ്വയുദ്ധത്തിലെ പ്രതിയോഗിയെ സല്ക്കരിച്ചു. അത്ഭുതമേ! രാജവീക്ഷണങ്ങളുടെ ദിവ്യചാതുരി അവർണ്ണനീയം! തന്റെ ശരീരത്തെ എടുത്തു പന്താടിയ അന്തകനും ഇതാ തന്നെ ബന്ധനവാസത്തിലേക്കു സല്ക്കരിപ്പാൻ എന്നപോലെ അടുക്കുന്നു! രാജമന്ദിരത്തിനകത്തുനിന്നു ഖഡ്ഗധാരിയായുള്ള ഒരു തൃതീയപാത്രവും രംഗപ്രവേശംചെയ്യുന്നു! കണ്ഠീരവന്റെ ഖഡ്ഗം ഉറയിൽനിന്നു പുറത്തായി. അഴകുശ്ശാർ, വിക്രമൻ, കുമാരൻതമ്പി എന്നിവർ ഇതു കണ്ടു പുറകോട്ടു വാങ്ങിയതേ ഉള്ളു. അവരുടെ ഭീരുതയെ അപഹസിച്ച് കണ്ഠീരവൻ ഒന്നു പൊട്ടിച്ചിരിച്ചു. സമീപത്തുണ്ടായ ശബ്ദങ്ങൾ കേട്ടു സ്വസൗധത്തിന്റെ ജാലകത്തിൽ എത്തിയ രാജർഷി ഒരു ഭാഗത്തോട്ടു നീങ്ങി, അനന്തരക്രിയകളുടെ സാക്ഷിയായി മാത്രം നിലകൊണ്ടു. രാജഭടന്മാർ ആരുംതന്നെ അവരവരുടെ സ്ഥാനങ്ങൾ വിട്ട് ആ മുറ്റവെളിയിലോട്ടു പ്രവേശിപ്പാൻ നമ്മുടെ മാന്ത്രികരുദ്രനെ പേടിച്ചു ധൈര്യപ്പെട്ടില്ല. കണ്ഠീരവൻ ആദ്യമായി കുമാരൻതമ്പിയെ ലക്ഷ്യമാക്കി ഖഡ്ഗം വീശി മുന്നോട്ട് അടുത്തു. പാശത്തിന്റെ സഹായത്താൽ നിലത്തെത്തിയിരുന്ന ഒരു കാഷായവസ്ത്രക്കുത്തിയുടുപ്പുകാരൻ തന്റെ കേശമീശകളെ സിംഹസടകൾ എന്നപോലെ ജൃംഭിപ്പിച്ചും, ഖഡ്ഗധാരയെ ചന്ദ്രപ്രകാശത്തിൽ ത്രസിപ്പിച്ചു തിളങ്ങിച്ചും കണ്ഠീരവന്റെ മുമ്പിൽ കടന്നു. ഖഡ്ഗങ്ങൾ രണ്ടും തമ്മിൽ ഇടഞ്ഞു. തീപ്പൊരികൾ ആകാശവീഥിയെ പ്രകാശിപ്പിച്ചു. യോദ്ധാക്കൾ രണ്ടും അംബരദേശത്തോട്ടുതന്നെ

ഉയർന്നു. ജടായുദ്വന്ദ്വത്തിന്റെ പക്ഷപുടപ്രതാപം എന്നപോലെ മുഴങ്ങിത്തുടങ്ങിയ ഖഡ്ഗ സംഘട്ടനങ്ങൾ കാണികളായ യുദ്ധചതുരന്മാരെയും സ്തബ്ധവൃത്തികൾ ആക്കി. വസ്ത്രശകല ങ്ങൾ, മാംസഖണ്ഡങ്ങൾ എന്നിവ ദേഹത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടു നിലത്തു പതിച്ചു. ഓങ്ങിയും താങ്ങിയും ചാഞ്ഞും ചെരിഞ്ഞും നിവർന്നും ജീവേഷ്ടിക്കു തക്കം നോക്കുന്ന ആ മായാവികളിൽ ഒരുവന്റെ ദേഹത്തിൽനിന്നു രക്തപ്രവാഹം ആരംഭിച്ചു. പോരാളിക ളുടെ പാദങ്ങൾ ചുകന്നു. രാമശരത്തിന്റെ പ്രയോഗവേഗത്തിൽ തെരുതെരെ ഉണ്ടാകുന്ന ലോഹസംഘട്ടനങ്ങൾ അഗ്നികണങ്ങളെ വർഷിക്കതന്നെ ചെയ്തു. കോപതാപശബ്ദങ്ങൾ ഒന്നും ആ പ്രതിയോഗികളിൽനിന്നു പുറപ്പെട്ടില്ല. പൂർണ്ണമുഖനായി പ്രശോഭിച്ച ചന്ദ്രന്റെ കിരണങ്ങൾ ഖഡ്ഗധാരകളിൽ പ്രതിബിംബിച്ചു ബഹുവലയാകൃതികളിൽ ആ സംഗരത ലത്തിൽ പ്രകാശിച്ചു. ആ കുലിശരേഖകൾ താഴ്ന്നും ഉയർന്നും വൃത്തങ്ങൾ, ഋജുരേഖകൾ, നിരവധി കോണങ്ങൾ എന്നിവയെ പല നിരകളിലും തിളങ്ങിച്ചുകഴിയവേ, ഒരു ശരീരം ദൈർഘ്യം കുറഞ്ഞ ലോഹസ്തൂണംപോലെ പ്രതിയോഗിയുടെ ഖഡ്ഗത്തെയും സമാ കർഷിച്ചുകൊണ്ടു ഭൂമുഖം അളന്നു. രക്തസ്നാതമായുള്ള ആ ശരീരത്തെ പ്രഥമനൃട്ടിനായി ക്ഷണിച്ച മാന്ത്രികനും അദേഹത്തിന്റെ അതിഥികളും ആയി വഹിച്ചുകൊണ്ടു അക്ഷണ ത്തിൽ ആ രംഗത്തുനിന്നു നിഷ്ക്രാന്തന്മാരായി. രാജഭടന്മാരിൽ ചിലർ മുന്നോട്ടു നീങ്ങി, തുല്യശീഘ്രതയോടെ വിദഗ്ദ്ധമായ മാർജ്ജനകർമ്മംകൊണ്ടു രക്തപ്രസവത്തിന്റെ ലക്ഷ്യ ങ്ങൾ എല്ലാം നീക്കി. ബ്രഹ്മഹത്യ എന്ന അപരാധഭാരത്തെ മനസ്സിൽ വഹിച്ചുകൊണ്ട് മഹാരാജാവ് സ്വമഞ്ചത്തിൽ പതിച്ചു.

മന്ത്രാഭ്യസനംകൊണ്ടും ബൗദ്ധരാജ്യങ്ങളിലെ സഞ്ചാരങ്ങൾ നിമിത്തവും രൂക്ഷമാ നസനായിത്തീർന്നിട്ടുള്ള കുഞ്ചെക്കുട്ടിപ്പിള്ള കാര്യക്കാരെ വീട്ടിൽ ഇരുത്തിക്കളവാനും ആ തിരുവുള്ളം ചിന്തിച്ചു. നാഴിക മൂന്നുനാലു കഴിഞ്ഞു, കണ്ഠീരവരായരെ കൊന്നതിനു ള്ള പരിഹാരകർമ്മങ്ങൾ മന്ത്രിയുടെ യാത്രാരംഭത്തിനു മുമ്പുതന്നെ നിർവ്വഹിക്കണമെന്നു കരുതി, മഹാരാജാവ് സ്വകുലവസിഷ്ഠരെ വരുത്തുന്നതിന് കല്പനകൾ കൊടുക്കുവാൻ തീർ ച്ചയാക്കി. രാജമന്ദിരത്തിലെ ഒരു പരിചാരകൻ പ്രവേശിച്ച് കുഞ്ചെക്കുട്ടിപ്പിള്ള കാര്യക്കാ രുടെ കൈയിൽ കിട്ടിയ ഒരു കടലാസ് എന്ന് അറിയിച്ചുകൊണ്ട് ഒരു ലേഖനത്തെ തിരു മുമ്പിൽ സമർപ്പിച്ചു. ഹിന്ദുസ്ഥാനിയിൽ, "സകല പ്രാബല്യങ്ങളുടെയും പ്രതിഷ്ഠാസ്ഥാനമാ യുള്ള സുൽത്താൻ ബഹദൂർ മഹാരാജകേസരി" യുടെ സന്നിധാനത്തിൽനിന്നു പുറപ്പെട്ട തായ ആ കല്പന വായിച്ചുതീർന്നിട്ട്, മഹാരാജാവ് ശ്രീപത്മനാഭന്റെ കൃപാധോരണിയെ സ്മരിച്ചും കുഞ്ചെക്കുട്ടിപ്പിള്ള കാര്യക്കാരുടെ നേർക്കു തന്റെ കോപജ്യാവിന്മേൽ സന്ധാ നംചെയ്ത് ബാണങ്ങളെ ഉപസംഹരിച്ചും വീണ്ടും പള്ളിനിദ്രയ്ക്ക് ആരംഭിച്ചു.

യുദ്ധാങ്കണത്തിൽനിന്നു നീക്കപ്പെട്ട 'ശകുന'സാധനം ആ ദർശനലബ്ധി വാഞ്ഛിച്ച ദി വാൻജിയുടെ മുമ്പിൽ അരനാഴികയ്ക്കകം സമർപ്പിക്കപ്പെട്ടു. വഷസ്സിനെ സുരംഗീകരിച്ചു മുതു കിനെയും ഛേദിച്ചു സ്ഥിതിചെയ്യുന്ന ഖഡ്ഗത്തോടുകൂടിയ കണ്ഠീരവന്റെ ശരീരത്തെ കണ്ട പ്പോൾ ദിവാൻജി ചഞ്ചലമനസ്കനായി. ആ മല്ലന്റെ വസ്ത്രത്തിനിടയിൽനിന്നു കണ്ടുപിടിച്ച തായ ഒരു ലേഖനത്തെ മന്ത്രിയുടെ ഹസ്തത്തിൽ കുഞ്ചെക്കുട്ടിപ്പിള്ളതന്നെ ഇട്ടുകൊടുത്തു.

ദിവാൻജി തന്റെ സല്ക്കാരശാലയിലേക്ക് നീങ്ങി അതിനെ വായിച്ചിട്ട്, "എന്ത് ആശ്ചര്യങ്ങളാണ് കുഞ്ചെക്കുട്ടിപ്പിള്ളേ?" എന്നു ചോദിച്ചു.

കുഞ്ചെക്കുട്ടിപ്പിള്ള: "ആശ്ചര്യമോ യജമാനേ? വഞ്ചിരാജധർമ്മവും യവനധർമ്മവും തമ്മിലുള്ള ഭേദം ആണ് ഈ കാണുന്നത്. രാജ്യങ്ങൾ അടക്കാനും ഭരിക്കാനും മോഹിക്കുന്നവർ 'രാമ കൃഷ്ണ ഗോവിന്ദ' ജപിച്ചോണ്ടുനടന്നാൽ കാര്യം ഊർദ്ധ്വം എന്നു ടിപ്പുവിൽനിന്നും പഠിക്കുക. വെറുതെയല്ല മൈസൂർ വ്യാഘ്രം എന്ന പേർ അദ്ദേഹത്തിനു കിട്ടിയിരിയ്ക്കുന്നത്. ഈ കണ്ഠീരവൻ ശ്രീരംഗം പട്ടണത്തിലെ പ്രസിദ്ധനായ ഒരു മൽപിടിക്കാരൻ ആണ്. ഞാൻ കണ്ടിരുന്നുവെങ്കിൽ ഇവനെ സല്ക്കരിപ്പാനും മറ്റും സമ്മതിക്ക ഇല്ലായിരുന്നു. ജാതി എന്തോ വടുകനോ വള്ളുവനോ ആണ്. അതുകൊണ്ടു മറ്റു പേടിയാൽ മനസ്സു കലങ്ങണ്ടാ! ശകുനം അത്യുത്തമം, അതിശുഭം, അങ്ങോട്ടു മണ്ടിയ ഇവനെ ഈ തീട്ടൂരമാണ് നമ്മുടെ ഇന്നത്തെ സദ്യഊട്ടിനുള്ള പ്രഥമനായി ഇങ്ങോട്ടു തള്ളിവിട്ടത്."

ദിവാൻജി: "എല്ലാം ഭംഗിയായി കാര്യക്കാരേ! ഈ എഴുത്തിനെ അങ്ങോട്ടയച്ചേക്കാം. പള്ളിയുണർന്നാൽ സമയം കണ്ടു കാര്യക്കാർതന്നെ വസ്തുതകൾ തിരുമനസ്സിലറിയിക്കുക. ഈ ശവം എടുത്തുമറവുചെയ്യുകളയട്ടെ. നിങ്ങൾ ആ പത്മതീർത്ഥത്തിൽ ഒന്നു ചാടിയേച്ചു വേഗം വന്നേക്കിൻ. നേരം വെളിച്ചയാകാറാകുന്നു."

കുഞ്ചെക്കുട്ടിപ്പിള്ള മൃതശരീരത്തിൽനിന്നും ഖഡ്ഗത്തെ വലിച്ചൂരി, അതിലെ രക്തത്തെ സ്വാംഗുലികളാൽ വടിച്ച്, ഏതോ മഹാകാളിയെ സങ്കല്പിച്ചുകൊണ്ട് ഒരു മന്ത്രവും ചൊല്ലി ദിവാൻജിയുടെ മുമ്പിൽത്തന്നെ പ്രോക്ഷിച്ചു. ഭരണധുരന്ധരന്മാർ രക്തദർശനസഹിഷ്ണുതയെ പരിശീലിക്കേണ്ടതിനെയും മറ്റുംപറ്റി അനന്തപത്മനാഭൻ പടത്തലവൻ പ്രസംഗിച്ചിട്ടുള്ളതിനെ ദിവാൻജി സ്മരിച്ചു.

പുലർച്ചയ്ക്ക് ഏഴെട്ടു നാഴികയേ ഉള്ളു എന്നു കണ്ടു ദിവാൻജി അതിഥിശാലയിലെ ദണ്ഡുചാവട്ടയിന്മേൽത്തന്നെ അർദ്ധനിദ്ര ആരംഭിച്ചു. സ്വപ്നങ്ങൾ എന്നുള്ള ബാധ പ്രവേശിച്ചുകൂടാത്തതായ ഒരു ക്ഷുദ്രയന്ത്രം അദ്ദേഹം ജന്മനാതന്നെ ബുദ്ധിയിൽ ധരിച്ചിരുന്നു എങ്കിലും, ദേഹമാത്രത്തിനുള്ള വിശ്രമോപായമായി ആ നിദ്ര അനുഷ്ഠിക്കപ്പെട്ടു. നാഴിക രണ്ടുമൂന്നു ചെന്നപ്പോൾ അതും വിഘ്നപ്പെട്ടു.

"പാലയ മധുമഥന പാവനപുണ്യശീലാ!" എന്നു സങ്കീർത്തനമട്ടിൽ പ്രയോഗിക്കപ്പെട്ട ഗാനം സമാഗതനെ സ്നേഹാദരപൂർവ്വം തന്നെ സല്ക്കരിപ്പാൻ ദിവാൻജിയെ എഴുന്നേല്പിച്ചു. ഒറ്റ ബ്രാഹ്മണനായി പ്രവേശിച്ചുകൂടെന്നുള്ള ബോധത്തോടെ പുത്രസഹിതനായി പുറപ്പെട്ടിരിക്കുന്ന മാമന്റെ ഈ ഗാനം കേട്ടു മറ്റൊരു ശുഭശകുനവും തനിക്കു കിട്ടി എന്നുള്ള സന്തുഷ്ടിയോടെ ദിവാൻജി നിലകൊണ്ടു. മാമൻ പരിസേവിജനങ്ങൾ കാൺകെതന്നെ, മന്ത്രിയുടെ ശിരസ്സിന്മേൽ ഹസ്തങ്ങൾ അർപ്പിച്ചുകൊണ്ട്, "അപ്പനേ! ഈ അവസ്ഥകൾ പത്മനാഭൻ കടാക്ഷിച്ചു തന്നിരിക്കുന്നു. മാമന്റെ പ്രാർത്ഥനകൾകൊണ്ടാണ് അപ്പന്റെ പ്രാഗത്ഭ്യം,

അതു വേറൊന്ന്. തിരുമനസ്സിലെ കൃപാകടാക്ഷം, അതു മുഖ്യമായൊന്ന്. പോയി പാണ്ഡവരാട്ടം ജയിച്ചുവരിക, അതു കാണാനും അന്ന് കഥകളിയിൽ തിരുമനസ്സുകൊണ്ട് തല്ലാൻ വന്നാലും ചേങ്ങല ഏൾപ്പാനും മാമൻ ശേഷിക്കും. (സ്വരം താഴ്ത്തി) എന്നാൽ നാളത്തെ യാത്രയ്ക്കുള്ള വഴി ഒന്നു മാറ്റിയാൽ എന്തെന്നുണ്ട്."

ദിവാൻജി: "വഴിമാറ്റുകയോ? അതെല്ലാം കല്പിച്ച് അനുവദിച്ചുപോയതല്ലേ?"

ദിവാൻജിയെ കൂട്ടിച്ചുംകൊണ്ട് മാമൻ നിദ്രാശാലയിലേക്കു നീങ്ങി. അവിടെ എത്തിയപ്പോൾ മാമൻ വഹിച്ചിരുന്ന ദൗത്യത്തിന്റെ രഹസ്യസ്വഭാവം ഒന്നുകൂടി വർദ്ധിച്ചു. സ്നേഹസ്വാതന്ത്ര്യത്തോടെ തന്റെ വത്സലനായ പുരുഷകേസരിയെ ഹസ്തത്താൽ ആവരണം ചെയ്തുകൊണ്ടു, കർണ്ണത്തിൽ ഒരു വസ്തുത ധരിപ്പിച്ചു. ദിവാൻജി അല്പനേരം പുളകിതശരീരനായി മിണ്ടാതെ നിന്നിട്ട്, "എന്താണ് മാമാ, ഇതിന്റെ സാരം?" എന്നു ചോദിച്ചു.

മാമൻ "എന്തോ?" എന്നു യുവകാലത്തെന്നതുപോലെ അഭിനയിച്ചു. തന്റെ ഉപകർത്രിണിയുടെ നാമത്തെ ഒന്നുകൂടി കേൾപ്പാനുണ്ടായ മോഹത്തോടെ കൃതജ്ഞതയെയോ സ്നേഹബഹുമാനങ്ങളെയോ ജലദ്രവങ്ങളാൽ കണ്ണുകളിൽ പ്രകാശിപ്പിച്ചുകൊണ്ട് "ആരു പറഞ്ഞയച്ചു?" എന്നു ദിവാൻജി വീണ്ടും ചോദിച്ചു.

മാമൻ: "അന്ത രാജരാജേശ്വരിതാൻ അപ്പാ! മാമൻ അവരുടെ കുട്ടിപ്പട്ടർ, ഈ കിഴട്ടു വാണാൽ വഴിയാക ധരിപ്പിച്ചതിന്റെ ബുദ്ധിയ്ക്കും വിലവയ്ക്കുക. എന്തു മഹത്ത്വം! ഭർത്താവായ തുംഗപ്രഭു, ഹരിയോഹരിസ്സാംബർ, ഇതു വല്ലയിളവും അറിയുന്നോ?"

ദിവാൻജി: "എന്താ ഇങ്ങനെ പറഞ്ഞയപ്പാൻ? എന്തെങ്കിലും ആകട്ടെ. മാമൻതന്നെ പോയി വസ്തുത തിരുമനസ്സറിയിച്ചു കല്പന വാങ്ങണം. അലക്ഷ്യമാക്കിക്കൂടാ."

മാമൻ: "ആ ശ്രീമതിയുടെ കല്പനയല്ലേ? മറുത്തുകൂടാ. സങ്കീർത്തനക്കാർ അവരുടെ ശ്വാനോളികൾ നിറുത്തുമ്പോൾ കൊട്ടാരത്തിലെ കല്പന മാമൻ കൊണ്ടുന്നേക്കാം. മറിച്ചു കല്പിച്ചാൽ നിങ്ങൾ രണ്ടുപേരെക്കൊണ്ടും ആ ഭണ്ഡാരം –ഇങ്ങോട്ടു സ്വന്തനേട്ടംപോലെ കൊണ്ടുപോന്നില്ലേ ... അതിനെ അങ്ങോട്ടു വയ്പിക്കുകയില്ലേ മാമൻ? വിടുവനാ?"

മാമൻ അവിടന്നു പുത്രനോടൊന്നിച്ച് യാത്രയായി. രണ്ടുനാഴിക കഴിഞ്ഞപ്പോൾ അനുകൂലകല്പന വഹിച്ചും ഗാനങ്ങളാൽ ആകാശത്തെ പൊടിപെടുത്തിയുംകൊണ്ട് മടങ്ങി എത്തി. താനും സമുദ്രമാർഗ്ഗമായിത്തന്നെ യുദ്ധരംഗത്തിൽ എത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്ന് പത്തേമാരികളുടെ ഉടമസ്ഥനായ തന്റെ ബന്ധുവെ വരുത്തി പറഞ്ഞിട്ട്, ദിവാൻജി യാത്രാരംഭത്തിനുമുമ്പ് അനുഷ്ഠിക്കേണ്ടതായ ഉഷഃകർമ്മങ്ങൾക്കായി തിരിച്ചു.

ശത്രുപക്ഷത്തിലെ ഒരു സാരണതുല്യപ്രധാനന്റെ ജീവഹതി ആയുള്ള നരബലി കഴിഞ്ഞു ദിവാൻജിയുടെ യുദ്ധയാത്ര ആരംഭിക്കുന്നു എന്ന വസ്തുത മഹാരാജാവിന്റെയും ദിവാൻജിയുടെയും പാർശ്വസേവികൾ മാത്രം ഗ്രഹിച്ചു. എങ്കിലും മന്ത്രിയുടെ യാത്രാദിവസം ഉദയത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലെ പൗരപ്രധാനന്മാരായ അയ്യായിരത്തിൽപ്പരം ജനങ്ങൾ അദ്ദേഹത്തോടൊന്നിച്ച് അപ്പോൾ ആരംഭിക്കുന്ന കുരുക്ഷേത്രരംഗത്തിൽ പ്രവേശനം ചെയ്‌വാൻ, ദ്വാരകാവാസിയാൽ നിയുക്തമായുള്ള യാദവസേന എന്നപോലെതന്നെ, സഞ്ചയിച്ചു. അവർക്ക് സ്വാഗതം പറഞ്ഞുകൂടിയ തലസ്ഥാനത്തെ പൗരതതിയും അവരും ഒന്നിച്ചു നഗരപ്രദക്ഷിണം തുടങ്ങിയപ്പോൾ ശ്രീരാമവർമ്മമഹാരാജാവിന്റെ അമരാരാധിതപുരി ഒന്നു പാടേ ഇളകി. ദിവാൻജി പ്രാതഃസ്നാനാദികളും സമാപിച്ചു, ഭസ്മലേപനത്താൽ ഭാസ്വത്തായ ലലാടവക്ഷസ്കന്ധങ്ങളോടെ, രാജദത്തമായുള്ള മുദ്രാഖഡ്ഗധാരിയായി ശ്രീപത്മനാഭക്ഷേത്രപ്രാകാരത്തെ തരണംചെയ്തപ്പോൾ ലക്ഷദീപസംഘമെന്നപോലെ മുമ്പറഞ്ഞ ജനബാഹുല്യം ശീവേലിമണ്ഡപങ്ങളിലും മുറ്റവെളികളിലും നിറഞ്ഞു, ക്ഷേത്രവളപ്പിനകത്തായപ്പോൾ ഖഡ്ഗത്തെ അനുചരങ്കൽ ഏൽപിപ്പിച്ചിട്ട് ദിവാൻജി കിഴക്കെ ശീവേലിമണ്ഡപത്തിന്റെ മദ്ധ്യത്തിൽ ഗരുഡവിഗ്രഹാങ്കിതമായ സ്വർണ്ണധ്വജത്തിന് അഭിമുഖനായി മുകുളീകൃതപാണിയായി നിലകൊണ്ടു, സ്വഹൃദയത്തെ പ്രതിഷ്ഠാവേദിയിലോട്ടു സമാരാധിച്ച സമയം വിജയാനുഗ്രഹത്തിനുള്ള പ്രാർത്ഥന ബഹുസഹസ്രം കണ്ഠങ്ങളിൽനിന്നു വിഷ്ണുപദത്തിലേക്ക് ഉയർന്നു. മന്ത്രിയാൽ നീതമാകുന്ന രാജസൈന്യത്തിന്റെ വിജയാപ്തിക്കായുണ്ടായ വിശേഷാൽ പൂജകളിലെ ശംഖനാദങ്ങൾ പാഞ്ചജന്യത്രയത്തിന്റെ ഉഗ്രോങ്കാരധ്വനിയിൽ മുഴങ്ങി രാജമന്ദിരവാസിയായ മഹാരാജേന്ദ്രനെയും രോമാഞ്ചകവചിതനാക്കി. ഒറ്റക്കല്ലുമണ്ഡപത്തിൽ പ്രവേശിച്ച് അവിടത്തെ സജീവപ്രതിഷ്ഠയുടെ സാന്നിദ്ധ്യത്തിൽ ധ്യാനസ്ഥനായി നിലകൊണ്ടു, ആ രാജയോഗാഭ്യസ്തൻ ബഹിരിന്ദ്രിയങ്ങളെ ഹനിച്ചു, സുഷുമ്നാന്തസ്ഥമായ പുരുഷാത്മാവെ പ്രവർത്തനം ചെയ്യിച്ചപ്പോൾ ആ ബ്രഹ്മവിദ്യാപ്രയോഗം സാക്ഷാൽ പരംപുരുഷശക്തിയെ സ്വാത്മവേദിയിലേയ്ക്കു് സ്വസ്വാമികാര്യാർത്ഥം ആവാഹിച്ചു. കത്തിജ്വലിക്കുന്ന കർപ്പൂരദീപശിഖയിന്മേൽ കൈയണച്ച് അതിന്റെ ആതപശക്തിക്കു സുപ്രജ്ഞമല്ലാതെ നില്ക്കുന്ന തൃപ്പാദാർപ്പിതമായുള്ള ആ ദേഹിയുടെ ആവാസക്ഷേത്രം, അതു വഹിയ്ക്കുന്ന ജീവദേഹികളെ ആ പുണ്യസങ്കേതത്തിന് വിഘാതം ഉണ്ടാകാതിരിപ്പാൻ ബലിചെയ്തുകൊള്ളുന്നു എന്ന് കനകധൂപക്കുറ്റിയെയും അതിൽ കത്തിജ്വലിക്കുന്ന ശിഖയെയും കനകാഗ്നികളായും, പുരോഭാഗത്തുള്ള രത്നോജ്വലപ്രതിഷ്ഠയെ സർവസാക്ഷിയായും സങ്കല്പിച്ച് പ്രതിജ്ഞ ചെയ്തു. മഹാരാജാവിന്റെ ആജ്ഞാകരപ്രധാനന് ഉചിതമായുള്ള വിധത്തിൽ നല്കപ്പെട്ട പ്രസാദവും വാങ്ങിക്കൊണ്ടു. ആ ദിവ്യസങ്കേതത്തിലെ മറ്റ് സന്നിധാനങ്ങളിലും തൊഴുത് പ്രദക്ഷിണങ്ങളും വെച്ചു, ബഹുജനപരിവൃതനായി അദ്ദേഹം രാജമന്ദിരത്തിൽ എത്തി.

ഉദയത്തിന് മുമ്പുതന്നെ കോവിലിലെഴുന്നുള്ളത്തുകഴിച്ചു പള്ളിയറയിൽ എഴുന്നള്ളി വിജയപ്രാർത്ഥനകൾക്കു മാത്രം ദത്തമായ ഹൃദയത്തോടെ നിന്നിരുന്ന നിസ്സീമമഹിമാവാനായ സ്വാമിയുടെയും അവിടുത്തെ രക്ഷാകേന്ദ്രത്തിലെ ശാർങ്ഗശക്തിയെത്തന്നെ ആവാഹിച്ചുകൊണ്ടുപോന്ന ഭൃത്യോത്തമന്റെയും അന്നത്തെ സന്ദർശനം സുപരീക്ഷിതമായുള്ള

ഒരു നാരായണനരബന്ധത്തിന്റെ അചഞ്ചലപ്രശാന്തമായുള്ള സമുദ്യോതനം ആയിരുന്നു. മഹാരാജാവിന്റെ തൃക്കൈകളാൽ സ്വമന്ത്രിപ്രധാനനായ ഭക്താഢ്യനു നല്കപ്പെട്ട അങ്കികൾ, ഉഷ്ണീഷം എന്നിത്യാദികൾ അവയെ അലങ്കരിച്ചിരുന്ന കനകമണികൾക്കിടയിൽ ചില അശ്രുമണികളും ഭാസ്വത്തരമായി തിളങ്ങിച്ച്, ആ ദാനങ്ങളാൽ സമ്മാനിതനായ മഹാധീമാനെ അസ്തപൗരുഷനാക്കി.

മഹാരാജാവിനാകട്ടെ, അവിടുത്തെ ഭൃത്യപ്രധാനനാകട്ടെ, വല്ലതും കല്പിക്കുന്നതിനോ ഉണർത്തിക്കുന്നതിനോ നാവുകൾ സ്വാധീനങ്ങൾ ആകുന്നില്ല. "കേശവാ!" "അടിയൻ!" എന്നീ രണ്ടു പദങ്ങൾകൊണ്ട്, ആജ്ഞാദാനവും അംഗീകരണബോധനവും സമാപിക്കപ്പെടുന്നു. കരുണാവൃദ്ധനായ രാജർഷിയുടെ തരളാംഗ്യങ്ങൾ നിരർഗ്ഗളഭക്തനായ ഭൃത്യനെ സർവ്വാംഗം തളർത്തി, അവിടുത്തെ തൃപ്പാദങ്ങളിൽ പ്രണാമവാനാക്കി വീഴ്ത്തുന്നു. രാജഹസ്തങ്ങൾ ത്രസിച്ചു, പൈതൃമായ വാത്സല്യപൗഷ്കല്യത്തോടെ ഭൃത്യനെ എഴുന്നേല്പിക്കുന്നു. പ്രജാഹൃദയവേദിയിൽ ചിരഞ്ജീവവാസത്തെ സമാർജ്ജിച്ച ആ പുണ്യാബ്ധിശശാങ്കൻ, ശ്രീപത്മനാഭന്റെ തിരുനാമമാകുന്ന ദിവ്യമന്ത്രത്തിന്റെ ഉച്ചാരണത്തോടെ തന്നാൽ പ്രതിഷ്ഠിതനായുള്ള ആ സചിവകേസരിയുടെ ശിരസ്സിൽ തൃക്കൈകൾ രണ്ടും അനുഭാവസമുത്കർഷത്തോടെ അണച്ച്, തന്റെ ഓജസ്സിനെ വിജയസിദ്ധ്യാർത്ഥം അങ്ങോട്ടു പകർന്ന്, ആശിസ്സുകൾ നല്കി വിട അരുളുന്നു.

നാലഞ്ചു നാഴിക കഴിഞ്ഞപ്പോൾ മന്ത്രിഭവനത്തിൽനിന്നു തിരുവിതാംകൂർ രാജ്യത്തിന് അതിനുമുമ്പ് ലഭ്യമായിട്ടില്ലാത്തതും പിമ്പു കാണാൻ കഴിയാത്തതും ആയ ഒരു ഘോഷയാത്രയുടെ ആരംഭം ഉണ്ടായി. മഹാരാജാവിൽ ദത്തമായുള്ള അങ്കികളും രത്നാഞ്ചിതമായുള്ള മകുടവും മണിഹാരങ്ങളും കഠാരിയും പരിചയും ഖഡ്ഗവും ധരിച്ച്, ശ്രീപത്മനാഭക്ഷേത്രവും രാജമന്ദിരവും നോക്കി തൊഴുത്, വാഹനത്തെ അഭിവാദ്യവുംചെയ്ത്, വലതുകൈയിൽ ഖഡ്ഗവും ഇടതുകൈയിൽ കടിഞ്ഞാണും അമർത്തി രാജസ്വമായുള്ള ഉച്ചൈശ്രവസ്സിന്മേൽ ആ സുമന്ത്രസേനാനി ആരോഹണം ചെയ്തപ്പോൾ, ജന്മഭൂമി എന്നുള്ള അഭിമാനത്തിന്റെ പ്രതിഷ്ഠാദേഹങ്ങളായ പൗരനിവഹം തങ്ങളുടെ രാജ്യത്തെ ബാധിച്ചിരിക്കുന്ന മഹാവിപത്തിൽനിന്ന് അതിനെയും തങ്ങളെയും രക്ഷിക്കുവാനായി മഹാരാജാജ്ഞയാൽ പുറപ്പെടുന്ന ആ സേനാനായകനും അദ്ദേഹത്താൽ നയിക്കപ്പെടുന്ന സേനയ്ക്കും പരിപൂർണ്ണ വിജയത്തെ ഹാർദ്ദമായി ആശംസിച്ചു. ഇന്ദ്രരഥവീഥിയോളം ഉയർന്ന ഈ ഘോഷം ക്ഷേത്രഗോപുരത്തിലും രാജസൗധത്തിലും നഗരചത്വരങ്ങളിലും സംഘട്ടനംചെയ്തു ദൂരസ്ഥിതജനതയിലും ഒരു അദ്ദശസ്പന്ദനത്തെ സംജാതമാക്കി. നഗരലക്ഷ്മിയും സവിശേഷം പ്രസാദിച്ചു നൃത്തംചെയ്തു രാജരാജ്യങ്ങളുടെ വിജയത്തിനും ശ്രേയസ്സിനും അനുഗ്രഹഹസ്തങ്ങളെ വീശി, ആകാശവീഥിയിൽ ഒരു ദിവ്യദ്യുതിയെ പ്രചരിപ്പിക്കുന്നു എന്നുള്ള ബോധപ്രമോദം ആശീർവ്വാദികളെയും യാത്രക്കാരെയും ഒരുപോലെ നിശ്ചിതവിജയന്മാരാക്കി. രാജയോഗ്യമായുള്ള വാദ്യഘോഷങ്ങളും ബഹുസഹസ്രകണ്ഠങ്ങൾ ചേർന്നുള്ള അത്യുച്ചാരവങ്ങളും, കുഞ്ഞെക്കുട്ടിപ്പിള്ളക്കാര്യക്കാരുടെ ദന്തദ്യുതിയും മാമന്റെ ശിരസ്ത്രസനങ്ങളും ആഡംബരവേഷങ്ങളിൽ നിരന്ന അകമ്പടിക്കാരായ ഭടജനങ്ങളുടെ സൈനികപ്രഭാവങ്ങളും സമരാങ്കണമുഖന്മാരായി പ്രസ്ഥാനം ആരംഭിക്കുന്ന

നേതൃസംഘത്തെ സമഗ്രവീര്യന്മാരാക്കി. രാജ്യത്തിന്റെയും സ്വസ്വാമിയുടെയും സകല ആശയും മോഹവും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ബാദ്ധ്യതയെ താൻ ഗ്രഹിക്കുന്നു എന്നുള്ള ഗൗരവത്തെ മുഖത്തു പ്രകാശിപ്പിച്ചും ആശംസകളെയും ആശിസ്സുകളെയും അശ്വ കണ്ഠത്തോളവും താഴ്ന്നുള്ള ശിരഃകമ്പനങ്ങളാൽ അംഗീകരിച്ചുകൊണ്ടും ടിപ്പുസുൽത്താനായ ഡിംഭസമഗ്രന്റെ പദാതിനിരയായ വ്യാഘ്രസഹസ്രങ്ങളെ അമർത്താൻ, യശശ്ചന്ദ്രഹാര ത്താൽ പരിവേഷ്ടിതനായ ആ നായകകുലമഹാരത്നം രശ്മിസൂത്രത്തെ ഇളക്കി.

19

"പിഴച്ചുകാണുന്ന നിമിത്തങ്ങളെല്ലാം
കുഴപ്പമേതാനും വരുകകൊണ്ടത്രേ...
വിളങ്ങിടും ജ്യോതിർഗ്ഗണങ്ങളും മങ്ങി."

സഹ്യപർവ്വതനിരയുടെ പശ്ചിമകടകങ്ങൾ സാമാന്യേന അന്തിമോപത്യകകളോടെ അറുക്കുമ്പോൾ, കർഷകപരിലാളിതങ്ങളായുള്ള ചെറുകുന്നുകളായി പരിണമിക്കുന്നു. ഇങ്ങനെയുള്ള ഗോവർദ്ധനപോതങ്ങളുടെ പംക്തികൾ പൂർവ്വദക്ഷിണ പശ്ചിമഭാഗങ്ങളെയും തിരുവിതാംകൂറിലെ മഹാനദി ഉത്തരദിങ്മുഖത്തെയും വലയം ചെയ്തുള്ള ഒരു പ്രകൃതിദേവീതല്പത്തിൽ ബഹുധാ വിശ്രുതപ്പെട്ടിരുന്ന മാങ്കാവിൽ ഭവനം നിലകൊണ്ടിരുന്നു. ശ്രീശങ്കരമഹാചാര്യരുടെ അവതാരബാല്യാദ്ഭുതങ്ങൾ കാണ്മാനുള്ള കർമ്മപരിപാകത്താൽ അനുഗ്രഹീതമായിരുന്ന പരിസരപ്രദേശങ്ങളിലെ ഉപസമ്രാഡ്പദം കേരള വെൺക്കൊറ്റക്കുടക്കാരുടെ മധുരബന്ധജമായ പ്രസാദത്തോടുകൂടിത്തന്നെ മാംകാകാവിലെ സ്വസ്വഹിതവർത്തികളായ കാരണവൻമാർ വഹിച്ചുവന്നിരുന്നു. ഈ ഭവനയശസ്സിന്റെ അപ്രതിരുദ്ധപ്രവാഹത്തെ അതിലെ മാധവീകാവ്, കല്യാണീകദംബങ്ങളുടെ ദേവവനിതാത്വം, സമകാലീനങ്ങളായ ധർമ്മപ്രബോധനങ്ങളുടെ ശ്ലഥഗതിനിമിത്തം ഓരോ പരമ്പരയോടും പ്രവൃദ്ധമാക്കി. രാജഭണ്ഡാരാംശങ്ങൾ, പ്രഭുസംഭാവ്യകൾ, ബ്രഹ്മകുലാഢ്യന്മാരുടെ പാരിതോഷകങ്ങൾ എന്നിവ സഞ്ചയിച്ച് ആ ഗൃഹത്തിലെ സമ്പൽഗരിമ മനുഷ്യമോഹത്തിന്റെ സീമയെ അതിലംഘിച്ച പെരുമാക്കന്മാരുടെ കാലംമുതൽ, കേരളത്തിലെ പല മണ്ഡലാധിപന്മാരുടെ അന്തഃപുരങ്ങളെയും, 'നിഗ്രഹാനുഗ്രഹജിഹ്വ'ന്മാരുടെ അന്തഃകരണങ്ങളെയും വിരാജമാനമാക്കിപ്പോന്ന 'താരാകുന്തീ'പ്രഭൃതികളെ രംഗയോഗ്യകളാക്കി പുറപ്പെടുവിപ്പാനുള്ള സൗഭാഗ്യാംശങ്ങളുടെയും ആ അണിയറ കാലാന്തരത്തിൽ ധനദമന്ദിരമായിത്തീർന്നത് ഒരു വിചിത്രകഥയല്ലല്ലോ. അനന്തനിക്ഷേപങ്ങളെ ഗൃഹനം

ചെയ്യുള്ള കുട്ടിമങ്ങളുടെയും മാങ്കാവിലെ ലാസ്യവേഷാവലംബിനികളുടെ പാദതലങ്ങളുടെയും പരസ്പരഘട്ടനം അവരുടെ ഹൃത്കുസുമതയെ ശുഷ്കചർമ്മത്വമായും ഈക്ഷണപുടങ്ങളുടെ ആർദ്രതയെ അപരിച്ഛേദ്യവജ്രത്വമായും രൂപാന്തരീകരിച്ചു. ഏതദ്വിധമായുള്ള പരിവർത്തനങ്ങൾ, മദനധനദന്മാരാൽ, പരമാന്ധ്യത്തോടെ അനുഗ്രഹിക്കപ്പെട്ടിരുന്ന ആ മഹിളാലോകത്തിൽ, സാമാന്യലോകത്തിന് ദുഷ്പാപമായുള്ള ഒരു ഗന്ധർവ്വലോകത്തിലെ ഈശ്വരികൾ എന്ന ദുരഹങ്കാരപതാകയെ പ്രതിഷ്ഠിച്ചു. ഇതിന്മണ്ണുമുള്ള ഐശ്വര്യാഹങ്കാരങ്ങളുടെ സംയോഗത്തെ ശശ്വത്തായി അനുമതിക്കുന്ന പരമശക്തിയെ "ആരൊരുവൻ മേലിൽ സേവിക്കും?" എന്നുള്ള പ്രശ്നം ബഹുജനജിഹ്വകളിൽനിന്നു തരുപക്ഷിമൃഗജാലങ്ങളോടുപോലും ഉദീരണംചെയ്തുപോയുള്ള സമകൾ ശതംശതങ്ങളായിക്കഴിഞ്ഞു. ധർമ്മശക്തിയുടെ 'കാലേനചിരേണ'യുള്ള കോപദണ്ഡനിപാതത്തെ പ്രതീക്ഷിച്ചു തലമുറകൾ ഭഗവന്നീതിയിൽ വിച്ഛിന്നവിശ്വാസികളായി രുദ്രഭൂമികളിൽ ലയിച്ചു. മാംകാവിലെ ദുർഗ്ഗർവ്വം സ്വർലോകതരുവെന്നപോലെ തഴച്ചു. അവിടത്തെ ചേടികാത്വം അഹോരാത്രകൈകസീത്വത്തെത്തന്നെ ഉപാന്തവാസികളെക്കൊണ്ടു് അനുസ്മരിപ്പിച്ചു. ധർമ്മഗതി, ഭഗവന്നീതി എന്നിത്യാദി ശബ്ദങ്ങൾ മാംകാവിലെ ഭരണച്ഛത്രമേഖലയ്ക്കുള്ളിൽ നിരർത്ഥവാചികങ്ങൾതന്നെ എന്നു ചിന്താക്ഷീണമായ സമീപലോകം വിധിച്ചടങ്ങുകയും ചെയ്തു.

ബ്രഹ്മാണ്ഡത്തിന്റെ പ്രവർത്തനരഹസ്യങ്ങൾ പ്രസിദ്ധങ്ങളായിത്തീർന്നാൽ പ്രപഞ്ചഗതി വിഘാതപ്പെടുമെന്നുള്ളതു് നിസ്തർക്കമാണ്. അർത്ഥത്തിന്റെ അമിതസംഭരണം, ഇന്ദ്രിയങ്ങളുടെ അനിയന്ത്രിതമായുള്ള ഭോഗാനുഭൂതി, നിരോധഭയം കൂടാതെയുള്ള ദുരധികാരപ്രയോഗം എന്നിതുകൾ ജനതാമതമനുസരിച്ചു്, വ്യവസ്ഥിതമായും അനുക്ഷണലമായും ഐഹികനരകാനുഭൂതികളാൽ ശിക്ഷിക്കപ്പെടുന്നുവെങ്കിൽ, രാവണാദിചരിത്രങ്ങൾ നമ്മെ വിനോദിപ്പിക്കുകയോ, പരിഷ്കൃതലോകത്തിന്റെ അത്ഭുതഗതികൾ നമ്മെ വിസ്മയിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല. എന്നാൽ വൃദ്ധജനനിമാരുടെ പാചകശാലോക്തിതന്നെയും നിശാവേളയെന്ന് ധൈര്യപ്പെട്ടു ചൗര്യകർമ്മം യഥാസന്ദർഭം സമാപിതമാകാതെ തുടരപ്പെട്ടാൽ സൂര്യകരപ്രവേശത്താലുള്ള ബന്ധനം അസന്ദിഗ്ദ്ധമെന്ന് നമ്മെ ഗ്രഹിപ്പിക്കുന്നില്ലേ?

ജനതാഭിമതം മുമ്പറഞ്ഞതിൻവണ്ണം ക്ഷീണിച്ചു ശിക്ഷാപീഠാധികാരം തദിഷ്ടമനുസരിച്ചു് പ്രവർത്തിതമായിക്കൊള്ളട്ടെയെന്നു വിട്ടുകളഞ്ഞപ്പോൾ മാംകാവുഭവനത്തെക്കൊണ്ടു് എണ്ണിയെണ്ണിക്കണക്കുപറയിച്ചു് ക്ഷമായാചനം ചെയ്യിക്കാനെന്നവണ്ണം മഹാകാലമാകുന്ന കൗശികശക്തിയുടെ ആജ്ഞാകാരിയായി ഒരു കിംപുരുഷദ്വിജൻ ആ ഭവനരഥത്തിന്റെ സാരഥ്യത്തിൽ അധിരൂഢനായിത്തീർന്നു. മാംകാവായ കദംബതരുവിന്റെ നിരവധി രമണീയശാഖകൾ ദക്ഷിണപാർശ്വത്തിലുള്ള ഗോവർദ്ധനസാനുക്കളിൽ ചിതാരോഹംചെയ്തു് ഒരു സഹോദരീയുഗ്മംമാത്രം ശേഷിച്ചപ്പോൾ അവരുടെ ബാന്ധവക്കാരായ ഛന്ദസ്സൂടങ്ങൾ അമ്പരന്നു. ഗീർവാണകൈരളീവാണികളിൽ ഉക്തങ്ങളായുള്ള മന്ത്രങ്ങൾ ദൃശ്യമായുള്ള കർമ്മവിപാകജബാധകളുടെ ഉച്ചാടനത്തിനു മതിയല്ലെന്നു ഭട്ടതിരിവിധിയും പടിപ്പുരച്ചാർത്തും വാങ്ങി, ഉത്തരദേശസഞ്ചാരം ചെയ്തു ലാടനോ ഭാട്ടനോ ആയുള്ള ഒരു

ഉപവീതധാരിയെ ശംഖപഞ്ചവാദ്യാദിസമേതം എഴുന്നെള്ളിച്ചു മാങ്കാവിലെ മഠക്കെട്ടിൽ ആശ്രമപീഠം സ്ഥാപിച്ചു പ്രതിഷ്ഠിച്ചു. മൗനദീക്ഷാപരനായുള്ള ഈ യുവമാന്ത്രികസിദ്ധന്റെ ഹോമകർമ്മങ്ങളിലെ 'സന്ത്രീണയ' ധ്വനികൾക്കു ഗ്രഹകദംബവും ദേവകോടികളും പിണിയാളുകളുടെ പുരോഗാമികളായ പിതൃപരമ്പരകളും വഴങ്ങി മാംകാവിൽഭവനത്തിന്റെ യഥാവകാശസംരക്ഷണത്തിനു ബദ്ധപവിത്രന്മാരായി മഠത്തിലെ ഹോമഗർത്തത്തിനു ചുറ്റും ഋത്വിക്സ്ഥാനം വഹിച്ചു നിരന്നു. ശങ്കിക്കപ്പെട്ട വന്ധ്യാത്വം ഹോമാഗ്നിയിൽ ആഹുതീഭവിച്ച് ഒരു അത്ഭുതാവതാരത്തിന്റെ ഗർഭചിഹ്നങ്ങൾ ഒരു സഹോദരിയിൽ കണ്ടു തുടങ്ങി. മാന്ത്രികചതുര്യത്തെ അഭിമാനിച്ചിട്ടു സാക്ഷാൽ ദർപ്പകദേവൻതന്നെ തന്റെ നിഷ്കായതയിൽനിന്ന് ഉത്ഥാനം ചെയ്തു് ആ ഭവനദർപ്പത്തിന്റെ പരിരക്ഷണാർത്ഥം കമനീരൂപത്തെ കൈക്കൊണ്ടു് അവിടത്തെ സൂതികാഗൃഹത്തിൽ വിശ്വഭ്രാമകാവതാരം ചെയ്തു.

സ്വർവ്വനിതാഗാനത്തിന്റെ മധുരിമ ചേർന്നുള്ള ക്രന്ദനങ്ങളോടെ, പണ്ടു യശോദാഗർഭത്തിൽനിന്നുദിച്ച മായാംബിക എന്നപോലെ അഭൗമമായുള്ള ഒരു തേജഃപുഞ്ജം ആ ഗൃഹത്തിൽ സജാതമായപ്പോൾ, മാന്ത്രികൻ സാക്ഷാൽ പ്രാജാപത്യനിലയിൽത്തന്നെ മാങ്കാവിലെ സൗഭാഗ്യാനുഭോക്താക്കളായുള്ള സമുദായപരാശരന്മാരാൽ സംഭാവ്യമാനനായി. ആ ബാലാംബിക മാംകാവിലെ ഗൃഹാങ്കണങ്ങളിൽ വിഹാരസഞ്ചാരമാരംഭിച്ചു നിപാതക്രന്ദനങ്ങൾ തുടങ്ങിയപ്പോൾ ഭവനം ഇന്ദ്രന്റെ നൃത്തശാലയായിത്തീർന്നുവെന്നു ദാസികൾ ഉൽപ്രേക്ഷിച്ചു. അപരിജ്ഞേയമായുള്ള ഒരു നീലവജ്രദ്യുതി ആ ഹേമപ്രഭാവതിയെ ഒരു പരിവേഷമെന്നപോലെ നിതാന്തം ആവരണംചെയ്തു. ഈ കാന്തിപൂരത്തിന്റെ അപ്രമേയത കണ്ടു്, സ്വസന്താനവല്ലിയുടെ സംഗതിയിൽ ഭഗവന്മതം എങ്ങനെ പരിണമിക്കുമോ എന്നു ചിന്തിച്ചു് മാംകാവിലെ അപ്സരോയുഗ്മം ഇദംപ്രഥമമായി ഭഗവൽസത്വം എന്നുള്ള ശക്തിയെ സ്മരിച്ചു. അക്ഷരാഭ്യസമാരംഭിച്ച കർണ്ണവേധം കഴിഞ്ഞപ്പോൾ, ആ ബാലികയിൽ പുഷ്ടശരീരതകൊണ്ടു് ഒരു ലളിതകുമാരിയുടെ ധാടിയും വശീകരതയും ആകർഷണശക്തിയും സാന്ദ്രകാശത്തോടെ വിളങ്ങി. രാജരാജേശ്വരകുമാരി എന്നപോലെ സൗന്ദര്യാഹങ്കാരജന്യമായുള്ള സ്വതന്ത്രബുദ്ധ്യാ ദിഗംബരയായും ജഘനപര്യന്തം ആച്ഛാദിക്കുന്ന കബരീഭാരത്തെ ചിന്നിപ്പറത്തിയും പരിസരാകാശത്തിൽ കനകപ്രകാശം വിതറി ദേവദാസീനൃത്തം തുടർന്നു്, കനകമൃഗത്വരയോടെ മണിയറകളെയും ഗൃഹാങ്കണങ്ങളെയും, നദീപ്രാന്തത്തെയും ഗോവർദ്ധനനിരകളെയും തകർക്കുന്നതു് പേക്ഷകലോകത്തെ സ്തബ്ധപ്രജ്ഞരാക്കി നിലകൊള്ളിച്ചിട്ടുണ്ടു്. ബാലികയുടെ അകാലപുഷ്ടിയും അനർഘസൗന്ദര്യവും അവരെക്കൊണ്ടു വിദ്യുത്പ്രയോഗത്താലെന്നപോലെ സമാഗതദുരന്തത്തിന്റെ അനന്തതിമിരതയെ ദർശിപ്പിച്ചു.

മാധവിഅമ്മ മദ്ധ്യകേരളരീത്യാ ഒരു സന്ധ്യാതിഥിയുടെ നിശാകാലസൽക്കാരിണിയാകാനുള്ള വയഃപൂർത്തിയിലെത്തിയപ്പോൾ ഉറവാൾക്കാർ, മാടമ്പുകാർ, സർഗ്ഗപ്രധാനകുശലന്മാർ, ധനതല്പശായികൾ, കലാകുലേശന്മാർ എന്നിവർ ആ രതീസ്യമന്തകത്തെ ചതുരുപായപ്രയോഗംകൊണ്ടെങ്കിലും ഹസ്തഗതമാക്കാൻ ചിന്തിച്ചു്, കാമുകക്കാപ്പു ധരിച്ചു് അങ്കം, ചുങ്കം, മന്ത്രം, തന്ത്രം, കൃഷി, കവനം മുതലായ ലോകസുഖോപയുക്തങ്ങളായ കാ

ര്യങ്ങളിൽ മനോരാജ്യതന്ത്രിയെ ഭജിച്ചു. എങ്കിലും സ്ഥാനപതികൾ, പർണ്ണാദന്മാർ, ഹംസത്താന്മാർ, തെരുതെരെ മാംകാവിലെ അംബാദ്വന്ദ്വത്തെ സന്ദർശിച്ചു മാരസന്ദേശങ്ങൾ അഥവാ പരിണയാപേക്ഷകൾ സമർപ്പിച്ചു. മാധവിയുടെ മാതാവാകാൻ ഭാഗ്യവതിയായ മഹതിക്കുപോലും സ്വപുത്രിയുടെ ഇംഗിതമറിഞ്ഞു് ആ ദൂതസംഘത്തിൽ ഒരുത്തനെയെങ്കിലും സന്തോഷിപ്പിക്കാൻ ധൈര്യം തോന്നാഴികയാൽ, ആ വാർത്താവഹസംഘങ്ങൾ അന്നന്നത്തെ അർഘ്യാദ്യുപചാരങ്ങളംഗീകരിച്ച് പ്രേഷകപാദങ്ങളിൽ പതിച്ചു മനസ്സന്ധികർമ്മത്തിൽ പറ്റിയ പരാജയവാർത്തയെ സലജ്ജം സമർപ്പിച്ചു.

കാലം അതിത്വരയോടെ ഗമനം ചെയ്തു. മാധവിഅമ്മ മാംകാവിൽ ഭവനത്തിന്റെ അഘകേസരങ്ങൾ സമുച്ചയംചെയ്തുള്ള ഒരു സ്തബകം തന്നെയായിരുന്നു. സൗന്ദര്യാഹങ്കാരം ധനാഹങ്കാരത്തെക്കാൾ കുടിലതരപ്രയോഗങ്ങളെക്കൊണ്ടു് ലോകത്തെ ദുരിതഗർത്തങ്ങളിലോട്ടു പായിക്കുന്നു. ധനാഹങ്കാരം പൂട്ടറഭ്രതം എന്ന ദ്വാസ്ഥസ്ഥാനത്തെ വഹിച്ചു ലോകവ്യാപാരത്തിൽ ഒരു നിർജ്ജീവാംശമായിത്തീർന്നേയ്ക്കാം. സൗന്ദര്യാഹങ്കാരം ഭക്ഷ്യലബ്ധിയിൽ സംതൃപ്തിവരാതുള്ള ഒരു കടങ്കടമൂർത്തിയായി സമുദായധ്വംസനമാകുന്ന അനസ്യൂതതാണ്ഡവത്തെ സാട്ടഹാസം നിർവ്വഹിക്കുന്നു. ഈ അഹങ്കാരത്തിന്റെ നിസ്സീമതനിമിത്തം മാംകാവിൽ ഭവനത്തിന്റെ അവസ്ഥ എന്തു് ഉന്മാദവൃത്തികളുടെ ബീഭത്സതയാൽ വിലക്ഷണീഭവിച്ചു എന്നു് ഇവിടെ വർണ്ണിക്കുന്നില്ല. ആ ഭവനത്തെ ആവേഷ്ടനം ചെയ്ത തിമിരനിരയിൽ സുപ്രഗല്ഭമായ പുരുഷനിയന്ത്രണംകൂടാതുള്ള അബലാചാപല്യത്തെക്കുറിച്ചു പ്രകൃതിക്കുള്ള കൃപാവീക്ഷണഫലമെന്നപോലെ പ്രഭാപ്രസൃതമായ ഒരു രജതബിംബച്ഛവി സംഘടിതമായി. ഗോവർദ്ധനസാനുക്കളിലെ വൃക്ഷങ്ങളെ പരിരംഭണം ചെയ്തും മാധവിഅമ്മയുടെ സ്നാനവേളകളിൽ നദീതീരത്തെ അടി അളന്നും ക്ഷേത്രദർശനസന്ദർഭങ്ങളിൽ പ്രസാദദാനത്തിനുള്ള കട്ടിപ്പട്ടസ്ഥാനത്തെ വഹിച്ചും അയൽസംസ്ഥാനവാസിയായ ഒരു യുവരസികാഢ്യൻ അവളുടെ ബാന്ധവസ്ഥാനത്തിൽ ചാടിക്കടന്നുകൂടി. സമീപലോകം ആശ്വാസസൂചകമായി ഒന്നു നിശ്വസിച്ചു, നാഗന്തളിമനയ്ക്കൽ നാരായണൻ നമ്പൂതിരിപ്പാടിന്റെ ബാന്ധവം ഏതു മഹാരാജ്ഞിക്കും സമുചിതമാണല്ലോ എന്നു കൊണ്ടാടി. എങ്കിലും മാംകാവു മഠാധിപതിയായി വാഴ്ചകൊണ്ടിരിക്കുന്ന മാന്ത്രികന്റെ ഉപചാപങ്ങൾ യഥാക്രമം ഫലിക്കയാൽ ആ വധൂവരന്മാരുടെ ദാമ്പത്യം 'മാർജ്ജാരിണീമൂഷികം' എന്നുള്ള വിക്രീഡാരംഭങ്ങളായി കഴിഞ്ഞതേയുള്ളു.

വത്സരം ചിലതു പിന്നെയും കഴിഞ്ഞു. ഒരു സന്ധ്യാഗമനത്തിൽ സമാഗതമാകുന്ന പ്രകൃതിസംരംഭം യഥാശക്യം വിശ്വശുദ്ധീകരണം സാധിച്ചുകൊള്ളട്ടെ എന്നു ചിന്തിച്ച്, കാലപിതാവായ ഭഗവാൻ അസ്തമയാഭയം തേടി. പ്രചണ്ഡമാരുതൻ മഹാവൃക്ഷങ്ങളെ നിഷ്ഠുരം തകർത്തു് ഭൂമുഖപ്രണാമം ചെയ്തിച്ചു. ഇന്ദ്രവാഹനനിചയത്തിന്റെ കടുരവപടലികൾ വിശ്വകടാഹത്തിൽ അത്യുഗ്രമായി പ്രതിധ്വനിച്ചു. ലോകാന്തപ്രളയത്തിന്റെ സാഹസം എന്നപോലെ പെരുമഴ കുംഭീന്ദ്രകോടികളുടെ ആരവകലാപത്തോടെ ഭൂമിയെ ജലതലമാക്കി. നദീഗതിയുടെ അതിഗംഭീരാരവം മാരിപ്രവാഹത്തിന്റെ ഭയാനകതയെ സന്ദർഭസാഹ്യമായി പ്രവൃദ്ധമാക്കി. അവസ്തുകസ്ഥിതിയിലെ ഏക മൂർത്തിയായുള്ള അഭേദ്യതിമിരം പ്രപഞ്ച

ഗ്രസനകർമ്മത്തെ അനുഷ്ഠിച്ചു. ആകാശഖഡ്ഗം അത്ഭുതഭ്രമണത്തോടെ അനുനിമിഷം ജ്വാലാഹാലസ്ഫുരണം ചെയ്തിട്ടു് പൊലിഞ്ഞു.

ഇങ്ങനെയുള്ള വിശ്വക്ഷോഭത്തിനിടയിൽ, മാധവീകാന്തനായ സാധുദ്വിജൻ നദിയുടെ മറുകരയിൽ അകപ്പെട്ടു് സ്വകളത്രത്തെ ഏകാകിനിയാക്കി. ഭവനത്തിലെ ഭൃത്യഗണം ശൈക്യംകൊണ്ടു ത്രസിക്കുന്ന ശരീരങ്ങളോടെ, തങ്ങൾ തങ്ങൾക്കു കിട്ടിയ അറകളിലും പാചകശാലയിലും ഒതുങ്ങി നിദ്രാകംബളത്തിൽ ആമഗ്നരായി. അവിടുത്തെ ജനനീയുഗ്മം ഗൃഹരക്ഷകൾ ചെയ്തിട്ടു് ഭർത്തൃപാദങ്ങളുടെയും നിദ്രാപദവിയുടെയും സേവനം തുടങ്ങി. മഠവാസിയായ മാന്ത്രികൻ നിർമ്മന്ത്രകമായുള്ള ഹോമസമാരാധനം കഴിച്ചു്, തന്റെ ഇംഗിതാനുകൂലമായ അവസരലബ്ധി ആ രാത്രിയിൽ സമാഗതമായിരിക്കുന്നു എങ്കിലും, ആസുരലോഭികളായ സ്ത്രീകളുടെ ഗോപനശക്തി നിമിത്തം ആ ഭവനത്തിലെ നിധിഗർത്തസ്ഥാനം ഗ്രഹിക്കാൻ സാധിപ്പിക്കാത്ത തന്റെ പോരാഴികയെക്കുറിച്ചു ക്ലേശിച്ചു ധൂമാശനം തുടങ്ങി.

അനവധി കാമുകസാധുക്കളെ ശൃംഖലാബന്ധനം ചെയ്തിട്ടുള്ള അവിടുത്തെ ആ ജരാസന്ധയോ, അന്നത്തെ പ്രകൃതികോപത്തിലും തന്റെ മണിയറയ്ക്കുള്ളിൽനിന്നു സ്വാംഗസൗഷ്ഠവത്തെക്കുറിച്ചു വിസ്മയിച്ചു്, സ്വകാന്തവിരഹത്തെ പരിഹരിപ്പാൻ നിയമം കവിഞ്ഞുള്ള ഭൂഷണങ്ങൾ അണിഞ്ഞു്, മഞ്ചത്തിൽ ആരോഹണംചെയ്തു് മദനമണ്ഡലത്തിന്റെ മഹാരാജ്ഞിത്വത്തിനുള്ള മഹിമയെ ചിന്തിച്ചു ചാഞ്ചാടുന്നതേയുള്ളൂ. ലോകഭാരം വഹിച്ചിട്ടില്ലാത്ത ആ ലളിതമനസ്വിനി പ്രകൃതിസംരംഭത്തെയും ജീവിതമഹാകാവ്യത്തിലെ ഒരു സരളസർഗ്ഗമായി പരിഗണിക്കുന്നതേയുള്ളൂ. പാവനത എന്നുള്ള ധർമ്മം ഭാഗ്യജീവിതത്തിൽ അനുവർത്തിക്കുവാൻ നിർബ്ബന്ധിതമല്ലെന്നും സ്വേച്ഛാപ്രമാണം ഒന്നു മാത്രമാണു തന്റെ സ്മൃതിപുരാണേതിഹാസങ്ങൾ എന്നും ജന്മവാസനയാകുന്ന ഗുരുമുഖത്തിൽനിന്നുതന്നെ അഭ്യസിച്ചിട്ടുള്ള ആ സ്ത്രീ ആ ഭയങ്കരരാത്രിയെയും സ്വാത്മസന്തുഷ്ടിജമായുള്ള ഒരു ഉത്സവവേളയാക്കുന്നു. വാർദ്ധക്യം, രോഗം, മൃതി എന്നുള്ള അവസ്ഥാഭേദങ്ങളെക്കുറിച്ചുള്ള ചിന്തകൾക്കു പ്രവേശനം നല്കീട്ടില്ലാത്ത ആ അഹങ്കാരപ്രാകാരം സൗന്ദര്യകനകരത്നങ്ങളുടെ സമ്മേളനസൗഭാഗ്യത്തെത്തന്നെ വരിച്ചുപോകുന്നു. ആ രാത്രിയിലും ഏകാകിനിയായിരുന്നിട്ടും ദീപത്തെ സമീപത്തോടു ചേർത്തു്, ദർപ്പണസഹായത്താൽ തന്റെ സമലംകൃതഗാത്രവല്ലിയുടെ കാന്തികലാപത്തെ നിരീക്ഷണംചെയ്തു് അതിന്റെ ജഗജ്ജയിത്വത്തെപ്പറ്റി ചിന്തിച്ചു പരമാഹ്ലാദിക്കുന്നു. ബന്ധിക്കാതെ അടച്ചിട്ടുള്ള വാതിൽ ബലപ്രയോഗത്താൽ ഉൽഘാടിതമായി, അപരിചിതനും വനചരപ്രകൃതനുമായുള്ള ഒരു യുവഭീമാകാരനു പ്രവേശനം നല്കുന്നു. ദീപസമീപത്തു വിദ്യുദ്യുതിയെയും വെല്ലുന്നതായ ഒരു കനകബിംബത്തെ കാണുകയാൽ, മാംകാവിൽ മാധവിഅമ്മയെന്നു കേട്ടിട്ടുള്ള സർവാംഗദേവവനിതാത്വത്തെ സ്മരിച്ചും പരമാർത്ഥത്തിൽ തസ്കരനായ ആഗതൻ അബലാത്വത്തെയും സൗന്ദര്യശ്രീവിലാസത്തെയും ആദരിച്ചും പുറകോട്ടു വാങ്ങുന്നു. ആഗതന്റെ ആപാദകേശം കായപുഷ്ടിയെ ഒന്നു നിരീക്ഷണം ചെയ്തിട്ടു മൃദുമഞ്ജുസ്വരത്തിൽ മാധവിഅമ്മ, "ആരാണ്? എന്താ പോന്നതു്?" എന്നു് സ്വകർമ്മബന്ധപ്രേരണയാൽ പ്രശ്നം ചെയ്തു പോയി. ലോകവശ്യം സാധിക്കുന്ന മന്ത്രധ്വനിയിലുള്ള ആ പ്രശ്നത്തിന്റെ ശിഞ്ജിതഭ്രമണത്താൽ തസ്കരൻ ഹതപ്രജ്ഞനായി.

സൃഷ്ട്യുദ്ദിഷ്ടമായുള്ള ആ സംഹാരരാത്രിയും മാർത്താണ്ഡദേവന്റെ ഉദയതിരനോട്ടത്തിൽ ഭൂതകാലാവധിയിൽ ആമഗ്നമായി. ഭൂമി വീണ്ടും ശൈശവകോമളിമയെ അവലംബിച്ചു പ്രകാശിച്ചപ്പോൾ, വിയന്മണ്ഡലത്തിൽനിന്ന് അവഭ്രഷ്ടയായ ദക്ഷപുത്രീസംഘത്തിലെ ഒരു സഹോദരി എന്നപോലെ മാധവിഅമ്മ ആനഖകേശാന്തം വിറകൊണ്ടു തന്റെ മണിയറയിൽ നിലകൊണ്ടു. രാവണഗർവത്തെ കേവലം കുതപ്രപാതത്താൽ ശിക്ഷിപ്പാൻ ശക്തനായ ഒരു വനരാജൻ ഉണ്ടായി. സർവ്വലോകത്തെയും കീടവൽ സങ്കല്പിച്ചു സ്വേച്ഛാസാധികയായി വാണിരുന്ന മാധവിഅമ്മയുടെ അഭിമാനമഹിമ നീരസവ്യകനായുള്ള ഒരു തസ്കരന്റെ സൗന്ദര്യവശ്യതയാൽ സമൂലം വിച്ഛേദിക്കപ്പെട്ടു. അവൾ തുറന്ന വാതിൽ അടച്ചു മണിയറയുടെ ഏകാന്തതതന്നെ ചിത്തക്ഷീണത്തിനു പരമബന്ധു എന്നു ചിന്തിച്ചു വീണ്ടും മഞ്ചസ്ഥയായി. തസ്കരപ്രവേശമാണു പരമാർത്ഥത്തിൽ സംഭവിച്ചതെങ്കിലും മാധവിഅമ്മ ധരിച്ചിരുന്ന ഭൂഷണജാലത്തിൽ ഒരു എൺമണിപ്രായം എങ്കിലും ആ ശരീരത്തിൽനിന്നു വേർപെട്ടു കാണുന്നില്ല. നിധിക്കല്ലറകളിലേക്കുള്ള ഗൂഢമാർഗ്ഗങ്ങളുടെ ഗ്രഹണത്തിനായി ആ തസ്കരൻ ഉദ്യുക്തനായതിന്റെ ലക്ഷ്യശകലവും കാണ്മാനില്ല. മാധവിഅമ്മ ആ വിശിഷ്ടപുരുഷന്റെ ക്രിയാവൈചിത്ര്യത്തെ ഗാഢമായി വിചിന്തനം ചെയ്ത് പുരുഷചിത്തഗതികളെക്കുറിച്ച് നവങ്ങളായ ചില രഹസ്യങ്ങളെ ഗ്രഹിച്ചു.

മാസം പത്തു തികയാറായപ്പോൾ നാഗന്തളിനമ്പൂരി മാധവിഅമ്മയിൽ ജാതനായ ഒരു പുത്രനെ 'പാടി' രാഗം ആലപിച്ചു താലോലിച്ചുതുടങ്ങി. കലബാദരായണൻ ശിശുവിന്റെ ജാതകർമ്മങ്ങൾ യഥാക്രമം നിർവ്വഹിച്ച് പല മൂലമന്ത്രോപദേശത്താലും വാസനാനുസാരമായുള്ള അഭ്യാസദശയിലോട്ടു പ്രവേശിപ്പിക്കയും ചെയ്തു. മാധവിഅമ്മ പുത്രാഭ്യുദയാർത്ഥം സ്വദേഹദേഹികളെ സന്ധാനം ചെയ്തു ജീവഭാരത്തെ വ്രതപ്രശാന്തതയോടെ വഹിച്ചു.

കർക്കശമായ വിധിയുടെ ചപലമായ പരിഭ്രമണങ്ങൾ ആ സന്യാസനിഷ്ഠയെയും ഭംഗപ്പെടുത്തി. ഹൈദരുടെ ഉത്തരദേശാനുരോധം നാഗന്തളിയെ സ്വഗൃഹരക്ഷാർത്ഥം പ്രയാണം ചെയ്യിച്ചു. ആപന്നിപാതം ഏകസംഭവത്തോടെ കലാശിക്കുന്നില്ലെന്നുള്ള ലോകവാക്യം ഈ കഥാഗതിയിൽ ഒരു മർമ്മപർവ്വമായിത്തീരുന്നു. നാരായണദ്വിജന്റെ മേൽപടിസ്ഥാനക്കാർ പൊടുന്നനെ മൃത്യുവശരായി. പിതൃക്കളുടെ സ്വർഗ്ഗലബ്ധി പ്രമാണിച്ച് ആ ജരൽക്കാരു സ്വവർഗ്ഗജയായ ഒരു കന്യകയെ പരിഗ്രഹിക്കേണ്ടതായും വന്നു. സാക്ഷാൽ ശ്രീവേദവതി എന്ന പോലെ പരിപാവനാത്മികയും, ക്ഷീരാബ്ധിജാതയായ മലർമങ്കയെപ്പോലെ ആരാധനീയ സൗന്ദര്യവതിയുമായ ഒരു കന്യകയെ നാരായണൻ നമ്പൂതിരിപ്പാട്ട് പാണിഗ്രഹണംചെയ്തു സ്വാശ്രമാഗ്നിയെ പ്രജ്വലിപ്പിച്ചു.

ഈ വൃത്താന്തത്തിന്റെ ശ്രവണത്തിൽ മാധവിഅമ്മ ബലഭദ്രസാഹസംതന്നെ പ്രകടിപ്പിച്ചു. തന്റെ പാദപരിചരണാനുഭൂതിയിൽ ആനന്ദജീവിതം നിർവ്വഹിച്ചിട്ട് 'പരനാരീ' സ്വീകാരംചെയ്യുന്ന കൃതഘ്നശലഭത്തിന്റെ എന്തു രക്ഷസ്സിനെ ഉത്ഭവിപ്പിച്ചാലും അന്തം വരുത്തീട്ടു പുത്രസംരക്ഷണവ്രതം എന്ന് ആ ഘാതകി ശപഥം ചെയ്തു. ഗൃഹോപദേഷ്ടാവായ ബാദരായണസ്വാമികൾ തന്ത്രകുശലന്മാരുടെ കുടിലസാചിവ്യനൈപുണ്യത്തോടെ ആ ഭർത്തൃദ്രോഹപ്രതിജ്ഞയുടെ നിർവ്വഹണത്തിനായി ആലോചനയും പ്രവർത്തനവും തുടങ്ങി.

നരകമഹാസമുദ്രങ്ങളുടെ സേതുകോടി തകർന്നു സാക്ഷാൽ അന്തകശക്തിതന്നെ നിരന്ത രപ്രവാഹം ആരംഭിച്ചതുപോലെ, നിരപരാധിനിയും പരിശുദ്ധയുമായിരുന്ന നാഗന്തളിയി ലെ നങ്ങയ്യ അന്തർജ്ജനത്തിന്റെ നേർക്ക് വ്യഭിചാരാപരാധം ആരോപിക്കപ്പെട്ടു. ആ സാധ്വിയുടെ മൗനം കാപട്യം എന്നും കളേബരാണക്കൾ ദുഷ്കർമ്മസങ്കീർണ്ണമെന്നുമുള്ള വദ ന്തി സ്മാർത്തവിചാരാധികാരികളെക്കൊണ്ടും 'അതുവ്വോ?' മൂളിച്ചു. മാംകാവിലെ കടക കാഞ്ചീഹാരകങ്കണങ്ങൾ അഹർന്നിശാഭേദങ്ങളെ കീഴ്മേൽമറിച്ചു, സത്യപ്രവാചകന്മാരെ അന്യതഭോക്താക്കളാക്കി. അന്തർജ്ജനം, ജനനംമുതൽ പഞ്ജരശുകിയായി വളർന്നു, പാ തകാരോപണത്തിൽ നിശ്ചേതനജഡയായി, നാവില്ലാസത്യസ്വരൂപിണിയായി, സമുദാ യത്തിലും ഗൃഹത്തിലും നിന്നു ബഹിഷ്കൃതയുമായി. മാധവിഅമ്മ സൗന്ദര്യധനങ്ങൾക്കുള്ള സൃഷ്ടിസ്ഥിതിസംഹാരശക്തിയെ സ്മരിച്ച് സന്തുഷ്ടി ആർന്നു സ്വാഭിലാഷസിദ്ധിയിൽ കൃ താർത്ഥയുമായി.

ചിന്താമാത്രത്താലും അപരാധംചെയ്യാതെ സമുദായാന്ധ്യത്താൽ ആത്മഗളശച്ഛേദം ചെയ്യപ്പെട്ട അന്തർജ്ജനത്തിന്റെ നാശകർത്താക്കന്മാരിൽ പലരും ഹൈദരുടെ ആസുര സുദർശനത്തിലും മാംകാവിലെ മാതൃജനം ഭഗവന്നിയുക്തമായ കാലാഗ്നിയിലും ആഹുതീഭ വിച്ചു. സ്വാർത്ഥമാത്രകി ആയുള്ള മാധവിഅമ്മ സ്വജനനികളുടെ നിര്യാണങ്ങളെ ഗൃഹഭാ രവാഹകത്വത്തിൽ തന്റെ വൈദഗ്ധ്യത്തെ പ്രദർശിപ്പിക്കാനുള്ള അവസരങ്ങളായി പരിഗ ണിച്ചു. എന്നാൽ ഹൈദരുടെ അക്രമത്തിൽ ചില ദേശവാർത്താവിശേഷങ്ങൾ ആ പരാക്ര മി അറിയുകയാൽ, എന്ത് അപ്രത്യക്ഷതന്ത്രവിന്റെ നിഗൂഢപ്രവർത്തനത്താലോ മൈസൂർ സേനയുടെ അവസാനപംക്തികളുടെ പ്രത്യാഗമനത്തിൽ മാംകാവിലെ ബാദരായണസ്വാ മികൾ സ്വാഭിചാരരംഗത്തിൽനിന്ന് അന്തർദ്ധാനംചെയ്യേണ്ടിവന്നു. ആ നിർഗ്ഗമനത്തെ ത്തുടർന്ന് മാധവിഅമ്മയുടെ ജീവസന്ധാരണചിന്താമണിയായിരുന്ന സന്താനവും വിശ്വ വിസ്മൃതിയിൽ മറഞ്ഞു.

20

"പരിഭവം തീർത്തു മോദേന വാഴുവാൻ
ശിരസിമേ വിധിലേഖനംചെയ്തീല
പരദോഷം വൃഥാ ചിന്തിക്കുന്നെന്തു ഞാൻ
പരമപൂരുഷ ദേവനാരായണ"

ശ്രീരാമവർമ്മമഹാരാജാവിന്റെ ദക്ഷിണഹസ്തമായി ശത്രുനിരോധാർത്ഥം സമുദ്രമാർഗ്ഗം പ്രയാണം ആരംഭിച്ച സചിവോത്തംസം ഗരുഡസ്കന്ധാരൂഢനെന്നപോലെ, യാത്രാരാശിയിൽനിന്ന് ഉത്തരധ്രുവലക്ഷ്യമായി സുസ്ഥിരപ്രവർത്തനം ചെയ്തുകൊണ്ടിരുന്ന പവനന്റെ ബന്ധുത്വത്താൽ, മൂന്നാം ദിവസം സന്ധ്യയോടെ മുനമ്പത്തെത്തി. അവിടത്തെയും കോട്ടമുക്കിലെയും സന്നാഹങ്ങൾ പരിശോധിച്ചിട്ടു പറവൂർ എത്തിയപ്പോൾ, വിവിധ ജനപ്രസരത്താൽ ഒരു മഹാനഗരിയുടെ ജീവോന്മേഷത്തോടെ തിളച്ച്, തൽക്കാലത്തെ സേനാതലസ്ഥാനം എന്ന വീരരസധാടിയോടെ തിളങ്ങിക്കൊണ്ടിരുന്ന ആ സ്ഥലത്തുവെച്ചും യാത്രാമുഖത്തിലുണ്ടായ മംഗലാഘോഷത്തിന്റെ ആവർത്തനം അദ്ദേഹത്തെക്കൊണ്ട് ജനതാപാദംപ്രതി അഭിവാദ്യംചെയ്യിച്ചു. എന്നാൽ ആ സമഗ്രൗഗ്ര്യധാമാവിന് അഭിമുഖമായി നിന്ന ബഹുസഹസ്രം നേത്രങ്ങൾ, ത്വങ്മാർദ്ദവം ശ്രുഷ്കിച്ചുള്ള വിസ്തൃതലലാടാന്തത്തിൽ പുരോന്നതങ്ങളായി അപൂർവ്വദൈർഘ്യത്തോടും നിബിഡതയോടും ചാപാന്തരൂപത്തിൽ ജൃംഭിച്ചു നിൽക്കുന്ന പൂരികങ്ങളുടെ അർത്ഥഗർഭമായുള്ള നിശ്ചലതയും ദിക്ചക്രവാളത്തെ സംഖ്യാഭിജ്ഞന്റെ നിർവികാരതയോടെ സേനാപ്രവർത്തനാർത്ഥം അംശമാനം ചെയ്യുന്ന നേത്രങ്ങളുടെ ബാഹുലേയഭാസ്സും നിരീക്ഷിച്ച് രക്ഷോപായകുശലന്റെ സാന്നിദ്ധ്യം സ്മരിച്ച് ആനന്ദാശ്രുക്കൾ പൊഴിച്ചു.

ഉത്തരകേരളരക്തത്താൽ പങ്കിലമായ മൈസൂർവ്യാഘ്രത്തിന്റെ നഖരങ്ങൾ സൂര്യപടകവചിതമായി പെരുമ്പടപ്പിന്റെ മഞ്ഞളകളേബരത്തെ തലോടിത്തുടങ്ങിയപ്പോൾ, ആ ഘാതകന്റെ മൃഗസഹജമായുള്ള മദമൂർച്ഛയിൽ ഭീതരായ പ്രവാസാർത്ഥികളുടെ ഒരു ദ്രുത

പ്രവാഹം വീണ്ടും തിരുവിതാംകൂറിലോട്ടുണ്ടായി. കോട്ടമുക്ക് മുതൽ നെടുംകൊട്ടയുടെ കിഴക്കുതിവരെയും ആലുവാപ്പുഴയുടെ ഇരുഭാഗപ്രദേശങ്ങളിലും മന്ത്രിയുടെ സന്നാഹകാര്യപരിപാടിപ്രകാരം ഉചിതസ്ഥാനങ്ങളിൽ പീരങ്കികൾ ഉറപ്പിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ള പാളയങ്ങൾ നിറതോക്കുകളോടെ ആഹവരസത്തെ ആസ്വദിപ്പാൻ വർദ്ധിതോത്സുകങ്ങളായി. രക്ഷാസജ്ജങ്ങളായ സകല സ്ഥാപനങ്ങളെയും പരീക്ഷിപ്പാൻ ദിവാൻജി ഓരോ കേന്ദ്രത്തിലും ജിതേന്ദ്രിയവീര്യത്തോടെ സഞ്ചരിച്ച്, പല നവോപായാനുഷ്ഠാനങ്ങളെയും ഉപദേശിച്ച്, വിജയവിശ്വാസോത്സാങ്ങളെ ബഹുജനങ്ങളിലും മൃതിപ്രതിജ്ഞന്മാരായുള്ള അശ്വസാദിപദാത്യാദി സംഘങ്ങളിലും തഴപ്പിച്ചു. ആഹാരനിദ്രാവിശ്രമാദികളിലും, ക്ലേശസഹിഷ്ണുതയിലും സ്ഥാനപ്രാധാന്യത്തെ ഗണിക്കാതെ സന്ദർഭാവശ്യമായ ദാസ്യത്തെ അനുവർത്തിക്കുന്നതിലുള്ള സന്നദ്ധതയാൽ, അദ്ദേഹം രാജസേനാനിത്വത്തെ അഭിനവ ഭാർഗ്ഗവനായിത്തന്നെ പരിപാലിച്ചു.

ആ ബഹുലസന്നാഹം സംബന്ധിച്ചുള്ള ഒരു നിർവ്വഹണശാഖയിലോട്ടുമാത്രം അദ്ദേഹത്തിന്റെ പരിശോധനോപദേശങ്ങൾ പ്രയുക്തമാകുന്നില്ല. കിഴക്കേനെന്തിയത്ത് കേശവനുണ്ണിത്താന്റെ ഭരണശാഖയിൽ അക്ഷയപാത്രം, മൃതസഞ്ജീവനി മുതലായ ദിവ്യസിദ്ധിപ്രയോഗങ്ങളാൽ കാര്യങ്ങൾ നിർവ്വഹിതമായി 'ധർമ്മരാജാ'ഭിധാനം സാർത്ഥമാകുന്നു എന്നുള്ള സർവ്വജനസമ്മതി ദിവാൻജിയെ പരിപൂർണ്ണതൃപ്തനാക്കി. ഒരു സാഹിത്യപണ്ഡിതന്റെ ഗാംഭീര്യംകൊണ്ടും രണ്ടിൽക്കൂടുതൽ സ്ഥലത്തെ പ്രഭുസ്ഥാനംകൊണ്ടും സ്വഭാവത്തിന്റെ സമഗ്രവൈശിഷ്ട്യംകൊണ്ടും സാമാന്യജനങ്ങളോടു് ഇടഞ്ഞുള്ള സഹവാസത്തിൽ പരിചയപ്പെട്ടിട്ടില്ലാത്ത കേശവനുണ്ണിത്താൻ സേനാപംക്തികളിലെ തോട്ടി, പുല്ലുവെട്ടി, പക്കാളി എന്നിവരെപ്പോലും പ്രേക്ഷകലോകത്തിന് അത്ഭുതവും അത്യാദരവും തോന്നിക്കുമാറു് ദാസനായി പരിചരണം ചെയ്യുന്നു. ഗ്രന്ഥസഖന്മാർ മൃദുശിരസ്കന്മാരാണെന്ന് സാമാന്യലോകം പ്രമാദിച്ചുപോകുന്നു. എന്നാൽ സ്വാശ്രമപ്രശാന്തതയോടു പക്ഷപാതികളായ അവർ ജീവിതാപഗയുടെ ആവർത്തങ്ങളിൽ നീന്തിക്കളിയാടാൻ പ്രവേശിക്കുന്നതിന് സമുത്സുകരാകുന്നില്ലെങ്കിലും അവരുടെ ആത്മപ്രഭാവത്തിന്റെ ദിവ്യതയും അമൂല്യതയും സന്ദർഭോപലത്തിൽ ഘർഷണം ചെയ്യുമ്പോൾ, തീക്ഷ്ണദ്യുതിയോടെ പ്രകാശിക്കുന്നു. ദിവാൻജി കേശവനുണ്ണിത്താനെ വരുത്താതെയും അദ്ദേഹം ദിവാൻജിയോടുള്ള ആഭിമുഖ്യസംഭാഷണങ്ങൾക്ക് ആകാംക്ഷിക്കാതെയും ദിവസം നാലഞ്ചു കഴിഞ്ഞു.

കിഴക്കേ നന്തിയത്തെ വിവാഹം തന്റെ വാഗ്ദാനം അനുസരിച്ച് വിഘാതപ്പെട്ടു എന്ന് കൊട്ടാരകാര്യക്കാരുടെ ലേഖനം കിട്ടി ദിവാൻജി സന്തോഷിച്ചുകൊണ്ടിരുന്നു. എന്നാൽ പ്രത്യേകാശ്രിതനും സ്വകാര്യമിത്രവും ആയുള്ള ആ ഉദ്യോഗസ്ഥനിൽനിന്നു പ്രസ്തുത ദിവസാരംഭത്തിൽ കിട്ടിയ അറിവ്, ഹരിപഞ്ചാനനകൃത്രിമങ്ങളെക്കാളും അപ്പോഴത്തെ യുദ്ധകാര്യങ്ങളെക്കാളും കടുതായുള്ള മർമ്മശൂലമായി അദ്ദേഹത്തിന്റെ പൗരുഷകളേബരത്തെ സർവ്വാംഗം ക്ഷതപ്പെടുത്തി.

"....മുന്നറിവായി ഒരു ലക്ഷ്യവും കിട്ടിയില്ല. സംശയിപ്പാൻ ഒരു സംഗതിയും ഉണ്ടായിരുന്നുമില്ല. തമ്പുരാൻവേഷക്കാരൻ തിരിഞ്ഞുനില്ക്കാതെ ടിപ്പുപ്പാളയത്തിലേക്കുതന്നെ നടന്നു എന്നു പാമ്പാടി കടത്തിയ ചേരുമാനക്കാരനിൽനിന്നും അറിഞ്ഞു. ആ കട്ടിയക്കാരൻ

കൊടന്തയെ പലരും സംശയിക്കുന്നു. അവൻ പക്ഷേ, പല പ്രതാപങ്ങൾ നടിക്കുകയും ചെയ്യേക്കാം. ഈ വാർത്തമാനം വെളിയിൽ ആയപ്പോൾത്തന്നെ അവന്റെ പൊടി ഈ ദിക്കിലെങ്ങും കാണാതായി. സംഭവിച്ചിരിക്കുന്നതു വലിയ അപമാനംതന്നെ. ആ കുഞ്ഞ് എളുപ്പത്തിൽ വല്ല അകപ്പാടിലും ചാടിപ്പോകുന്നതല്ല. ഒന്നുരണ്ടു പേരെ തോല്പിക്കാനുള്ള ശക്തിയും വശവും ഉണ്ടെന്നാണ് ആശ്രിതന്റെ അറിവ്. എങ്ങനെ ആരുകൊണ്ടുപോയി എന്ന് ഒരു തുൽപ്പം കിട്ടുന്നില്ല. കരക്കാർ സ്നേഹത്തോടെ എല്ലായിടത്തേക്കും ആളുകളെ അയച്ചിരിക്കുന്നു. കുഞ്ഞിന്റെ ശിഷ്യത്തിക്ക് ഉടനെ ചിലമ്പിനേത്തേക്കു പോകണമെന്നു ശഠിക്കയാൽ, അവളെ അടുത്ത ദിവസം കാലത്ത് അയച്ചിരിക്കുന്നു. ഇങ്ങനെയെല്ലാമാണ് അവസ്ഥകൾ. എങ്കിലും യജമാനന്റെ ഭാഗ്യവിശേഷംകൊണ്ട് ഒരു വിശേഷച്ചുവടു കണ്ടിരിക്കുന്നതായി വെട്ടിക്കവല മുന്നിലക്കാരൻ കണ്ടശ്ശാര് തെര്യപ്പെടുത്തിയിരിക്കുന്നു. അയാളെയും ആറേഴു നായന്മാരെയും ആ അടയാളം പിടിച്ച് അള കണ്ടുപിടിപ്പാൻ വിട്ടിരിക്കുന്നു. എന്തെങ്കിലും അറിഞ്ഞാൽ നേരിട്ടു യജമാനനെക്കണ്ട് വസ്തുത ബോധിപ്പിക്കാനും ശട്ടം കെട്ടിയിട്ടുണ്ട്. ആശ്രിതന്റെ ഉപേക്ഷകൊണ്ടു സംഭവിച്ചു എന്നു സംശയിക്കാതെ രക്ഷിപ്പാറാകണം”

സാവിത്രിയുടെ ഹരണവൃത്താന്തം അടങ്ങിയ ഈ ലേഖനത്തെ ചീന്തിപ്പൊളിച്ചു പറത്തിയിട്ട് ദിവാൻജി അല്പനേരം കൈകെട്ടി പാദനഖങ്ങളെ മാത്രം നോക്കി നിലകൊണ്ടു. അദ്ദേഹത്തിന്റെ നേത്രങ്ങളുടെ ദൂരലക്ഷ്യമായുള്ള അല്പനേരത്തെ സിംഹനോട്ടം പരമാർത്ഥത്തിന്റെ ദ്രുതഗ്രഹണത്തിൽ അദ്ദേഹത്തെ എത്തിക്കുകയാൽ, സ്വാജ്ഞാവിലംഘിയായ ധൂർത്തന്റെ ദിർദ്ദാക്ഷിണ്യധ്വംസനത്തിന് അദ്ദേഹം ഉദ്യുക്തനായി. എന്നാൽ അദ്ദേഹം നിന്നിരുന്ന ശാലയുടെ ദ്വാരദേശത്തോട്ടു നോക്കിയപ്പോൾ, താൻ അറിഞ്ഞുള്ള വാസ്തവങ്ങളെ ഉണ്ണിത്താനെ ധരിപ്പിച്ചിട്ടു സേനാഡംബരദർശനത്തിൽ കൗതൂഹലവാനായി, വിഭവശാലാദ്ധ്യക്ഷന്റെ അന്തേവാസിപ്രധാനനും പ്രിയവത്സനും എന്നുള്ള സ്വയംവ്യതപിടിപാടുകളെ പ്രമാണിച്ചു സ്വൈരസഞ്ചാരം ചെയ്തുകൊണ്ടിരുന്ന കൊടന്തയാശാനെക്കണ്ടു. ദ്വാസ്ഥനായി സേവിച്ചുനിന്നിരുന്ന വേൽക്കാരൻ അഴകൻപിള്ളയെ കൈനൊടിച്ചു വരുത്തി ഒന്നു മൂളിയപ്പോൾ, കൊടന്ത ശൂലാന്തത്തിന്റെ ഇന്ദ്രജാലപ്രയോഗത്താൽ എന്നപോലെ മന്ത്രിസമക്ഷം ഗോളാകൃതിയിൽ സംപ്രവിഷ്ടനായി. ആഗന്തുകമെന്നവണ്ണം സംഘടിതമായ ആ സന്ദർശനവിപത്തിൽ കണ്ഠവിച്ഛേദംതന്നെ നിശ്ചയമാവുകയാൽ സമസ്താന്തപ്രതീക്ഷിയെന്നപോലെ ‘ഇതുതാനവസനമാം പ്രണാമം’ എന്ന ഭാവേന ആശാൻ ദിവാൻജിയുടെ പാദങ്ങളിൽ നമസ്കരിച്ചു മുറവിളികൂട്ടിത്തുടങ്ങി. ആ സൃഗാലത്തിന്റെ കാപട്യങ്ങളെ യഥാകാരം ഗ്രഹിച്ചിരുന്ന ദിവാൻജി നിഷ്കൃപമായ ഊർജ്ജസ്വലതയോടെ അയാളെ എഴുന്നേറ്റുനില്പാൻ നിയോഗിച്ചു. കൊടന്തയാശാൻ യന്ത്രപ്പാവപോലെ ചാടി എഴുന്നേറ്റുനിന്നു കൈകുടഞ്ഞു “അയ്യോ! പൊന്നെജമാനെ! ആശ്രിതവത്സലാ! കുടികെട്ടുപോയി. അവിടെങ്ങും കിടന്നുപൊറുക്കാൻ പാടില്ല. എല്ലാവും കൊല്ലാനും കുഴിച്ചുമൂടാനും വരുന്നേ. മാനംകെടുത്തുകളഞ്ഞു പൊന്നെജമാനേ! ഈ അഗതി ഒന്നും അറിഞ്ഞില്ല. ആ നന്തിയത്തെ കൊച്ചുണ്ണിത്താന്മാര് മഹാശപ്പന്മാര്; ആഭാസന്മാര്; വ്യാഘ്രങ്ങള്;

സുന്ദോപസുന്ദന്മാര്. അവരുടെ ദമുഷ്ടങ്ങളിൽ ഒരു ഇളമാൻപേട കിട്ടി. ഉത്തരവുത്തരവു പൊന്നങ്ങുന്നേ! വർത്തമാനം കേട്ടു ആശാൻ നെഞ്ചു തകർന്നു ചാവുന്നു. കുഞ്ഞുനന്തിയത്തെ അറയിലോ അവിടുത്തെവക വല്ല കളപ്പുരയിലോ ഉണ്ട്. ഏതു് ആറമ്മുളനടയിലും ഇവൻ സത്യംചെയ്യാം പൊന്നെജമാനേ!"

ഇങ്ങനെയും മറ്റും അതിദീർഘമായി പ്രസംഗിക്കാൻ കൊടന്തയാശാനെ അനുവദിച്ചുവെങ്കിലും അയാളുടെ ഓരോ വാക്കിലും ദിവാൻജിയുടെ മുഖത്തിലെ കോപദീപ്തി അധികാധികം അരുണമായി. അവനോടു പ്രയോഗിക്കുമായിരുന്ന ഉപചാരഭാഷ ശിക്ഷണീയനായ ദാസനോടെന്നപോലെ രൂപാന്തരിച്ചു. അവസാനത്തിൽ ഒരു ആജ്ഞോച്ചാരണം അദ്ദേഹത്തിന്റെ ക്ഷമാന്തത്തെ തെളിയിച്ചു. സ്വരം പരമാർത്ഥഗ്രാഹിയുടെ കോപഹാസധ്വനിയിലുമായിരുന്നു: "എടാ, മുഖത്തു നോക്കിനിന്നുത്തരം പറ. നിന്റെ ഭീരുക്കളത്ത് ഇവിടെ ആർക്കും കാണണ്ട. സാവിത്രിക്കുട്ടിയെ കിഴക്കേ നന്തിയത്തുനിന്ന് ആരെങ്കിലും എങ്ങോട്ടെങ്കിലും മാറ്റിയിട്ടുണ്ടോ?"

വിചാരണയിൽ ഉദ്യോഗരീതിപ്രഭാവം മാത്രം പ്രകടിതമാകുന്നു എന്നു കണ്ട് ഉചിതസ്വരവും വിരാമങ്ങളും പ്രയോഗിച്ച് ഉത്തരം ബോധിപ്പിപ്പാൻ ആശാൻ ധൈര്യപ്പെട്ടു. "ആ കുഞ്ഞിന്റെ – അച്ഛന്റെ – അളിയന്റെ – അനന്തിരവര്. തക്കം കണ്ടാൽ ആരു വിടും യജമാന്നെ! 'ചക്കരക്കുടത്തിൽ കയ്യിട്ടാൽ നക്കിപ്പോകാത്തവരാര്' പൊന്നെജമാനെ! പൊൽപാദംപിടിച്ച് ബോധിപ്പിക്കുന്നു. അവർതന്നെ കൊണ്ടുപോയി. ആ പട്ടാപ്പകൽക്കൊള്ളക്കാർതന്നെ കൊണ്ടുപോയി."

ദിവാൻജി: "നീ കണ്ടോ?"

കൊടന്തയാശാൻ: "കാണണോ യജമാനെ? കാണാൻ നിക്കുന്നതെങ്ങിനെ യജമാന്നെ? എളുപ്പം കണ്ട് ഇളിയിൽ കേറുന്നതു് എല്ലാടത്തെയും മട്ടല്യോ? അവിടത്തെ കലാപങ്ങൾ കേട്ടുതുടങ്ങിയപ്പോൾത്തന്നെ കൊന്നുപോയി എന്നു പേടിച്ച് ഓടി രക്ഷപ്പെട്ടു പൊന്നെജമാന്നേ!"

ദിവാൻജി: "അപ്പോൾ നിന്നെ ആരും ഓടിപ്പാൻ സംഗതിവന്നില്ല? അവിടെ നടന്ന കഥകളും ഒന്നും നീ അറിഞ്ഞിട്ടില്ല? അതുകൊണ്ടു അക്കാര്യത്തെപ്പറ്റി നിന്നോടു വല്ലതും ചോദിച്ചിട്ട് ആവശ്യവും ഉണ്ടെന്നു തോന്നുന്നില്ല. (പൊടുന്നനെ) ആട്ടെ. നീ ഉണ്ണിത്താന്റെ ചോറല്ലേ ഉണ്ടു വളരുന്നതു്?"

കൊടന്തയാശാൻ: "പൊന്നെജമാനെ, അതിനു വേണ്ട ഭക്തിയും ഉചിതവും തന്നെ ഇവനെ രക്ഷിക്കുന്നതു്. അതുകൊണ്ടുള്ള ആശാന്റെ കൃപയല്ലാതെ ഇവന് എന്തൊരു ആലംബം, പൊന്നെജമാന്റെ കൃപാമഹിമയും അല്ലാണ്ട്."

ദിവാൻജി: "ആട്ടെ എന്നാൽ നിന്റെ ആ ഭക്തിയ്ക്കും എന്റെ കൃപയ്ക്കും ചേർന്നുള്ള നിന്റെ നേരു കാണട്ടെ. പൊന്നുതിരുമേനിയാകട്ടെ, ഞാനാകട്ടെ, നിന്റെ ആശാനാകട്ടെ, കണ്ടിട്ടില്ലാത്ത ഒരാളോട് നിനക്ക് അടുത്തു പരിചയം കിട്ടിയിട്ടുണ്ട്. എനിക്ക് അയാളെ

ഒന്നു കാണുവാൻ ആഗ്രഹമുണ്ട്. നീതന്നെ തരമുണ്ടാക്കിത്തരണം. അതിനു തയ്യാറാണോ?"

കൊടന്തയാശാൻ: "പൊന്നെജമാനേ! ഇങ്ങനെ ഉത്തരവായി ചോദിക്കരുത്. കല്പനകൾ ശിരസാ വഹിക്കുന്നതുകൊണ്ടാണ് ഇവന്റെ കുടുബം പുലരുന്നത്. പണ്ടുപണ്ടേതന്നെ –"

ദിവാൻജി: "പണ്ടത്തെ അവസ്ഥകൾ ഞാൻ കേട്ടിട്ടുണ്ട്. തിരുവുള്ളത്തിൽ പ്രസാദിച്ചാൽ നിനക്ക് നല്ല സ്ഥിതിയിൽ ആകാം. അതുകൊണ്ടു സത്യംപറഞ്ഞു്, പറയുന്നതിൻ വണ്ണം നടക്ക്. ഞാൻ ആവശ്യപ്പെടുന്നവൻ നല്ല പ്രശ്നകാരിയാണെന്നു കേട്ടിട്ടുണ്ട്. ആ പെൺകുട്ടിയെവിടെ? യുദ്ധം ജയിക്കുമോ? ഇതു രണ്ടും അവനോടു ചോദിച്ചറിയണമെന്ന് നമുക്കാഗ്രഹമുണ്ട്."

കൊടന്തയാശാൻ കണ്ണുതുറിച്ച്, ചുണ്ടു വിടുർത്തി, പല്ലുകടിച്ച്, കൈ തിരുമ്മി മുട്ടുകൾ വിറപ്പിച്ചുതുടങ്ങി.

"നന്തിയത്തുമഠവും സന്നിധാനവും നന്തിയത്തെ കാട്ടിൻപുറവും മാത്രം – അഗതി –" ആശാന്റെ ശ്വാസഗതി വേഗത്തിലും ദൂരത്തു കേൾക്കുമാറുള്ള ഊക്കത്തിലും ആയിത്തീർന്നു.

ദിവാൻജി: "സന്നിധാനത്തോടുള്ള ചാർച്ചയെ വിട്ടേക്ക്. നിന്റെ ഗുരുനാഥൻ അറിഞ്ഞുതന്നെയാണോ നിന്റെ വ്യാപാരങ്ങളെല്ലാം? അദ്ദേഹത്തിന്റെ തലകൂടി നീ പോകിയ്ക്കരുത്. അവനെ വരുത്തിത്തരികയോ എവിടെയുണ്ടെന്ന് സൂക്ഷ്മം പറകയോ ചെയ്താൽ എല്ലാത്തിനും മാപ്പുകിട്ടും. അല്ലെങ്കിൽ നിന്റെ കൂരത്തറ കളം; കൂടെപ്പുറപ്പുതുറയിൽ; നിന്റെ ഈ ദ്രോഹക്കൂട്ട് കഴുകിലും."

ആശാൻ നിലത്തു വീഴുമെന്നുള്ള നിലയിൽ മലമ്പനിക്കാരൻ ആയിയെങ്കിലും, "പൊന്നുടയതേ! അഗതി – രാജ്യം ഭരിക്കുന്ന അവിടത്തെ അരുളപ്പാടെല്ലാം ഈ അശ്രുവിന് എന്തോ ഏതോ?"

ദിവാൻജി: "അതേതേ, വേണ്ടാത്തതിൽ ചാടിയാൽ വിവേകം പൊയ്പോകും. എടാ, പാലൂട്ടിയ കയ്യിൽ കൊത്തുന്ന കാർക്കോടകാ! ഉണ്ണിത്താന് എന്തു പടുകുഴികൾ കുഴിച്ചു? ആ രായരെ നീ ചേർന്നല്ലേ വിടുവിച്ചത്? അതെല്ലാം പോട്ടെ; വഞ്ചിയൂർക്കാട്ടിലെ പറപാണ്ടയ്ക്ക് നീ എന്തറിവു കൊടുത്തു? അവൻ എന്തു സമ്മാനങ്ങൾ തന്നു?"

കൊടന്തയാശാന്റെ താടി കീഴ്പോട്ടു താണു, വക്ത്രത്തിൽനിന്നു പേപിടിച്ച ശ്വാനനെന്നപോലെ നരയും കഫജലവും ഒഴുക്കിയിട്ട്, അയാൾ നിലത്തു വീണ് സ്വകായംകൊണ്ട് കുടച്ചക്രവൃത്തങ്ങൾതന്നെ ലേഖനം ചെയ്തു. അവനെ ആ രംഗത്തിൽനിന്നും മാറ്റി തല്ക്കാലം ബന്തോവസ്തിൽ പാർപ്പിക്കാൻ ദിവാൻജി ഉത്തരവു കൊടുത്തു.

തന്റെ ഒരു സന്താനത്തിന്റെ നഷ്ടത്തെക്കാൾ സാവിത്രിയുടെ അപഹരണം ദിവാൻജിയെ സ്തബ്ധോന്മേഷനാക്കി. ചിന്തിക്കുന്തോറും അവളുടെ ശീലഗുണവൈശിഷ്ട്യങ്ങൾ ദിവാൻജിയുടെ കൃപാസ്നേഹമർമ്മങ്ങളെ വേദനപ്പെടുത്തി. അപഹർത്താവും അപഹരണോദ്ദേശ്യവും ദിവാൻജിയുടെ അന്തർനേത്രങ്ങൾക്ക് സുപ്രത്യക്ഷമാവുകകൊണ്ട്, തന്റെ പ്രതിക്രിയാഖഡ്ഗത്താൽ ആ കന്യകയുടെ ഏകജീവനു പകരം നിരവധി കണ്ഠങ്ങൾ വിച്ഛേദിക്കപ്പെടുമെന്ന് അറിവാൻ വേണ്ട ബുദ്ധി ഘാതകനുള്ളതിനാൽ, തന്റെ വത്സയ്ക്ക് ജീവാപായം ഉണ്ടാകയില്ലെന്ന് സമാധാനപ്പെട്ടു. എങ്കിലും മൃതിപ്രാന്തസ്ഥയായിരിക്കുന്ന മാതാവായ മഹാസതിക്ക് ഈ വൃത്താന്തശ്രവണം ഖഡ്ഗനിപാതമായി ഭവിക്കുകയില്ലേ എന്ന് അദ്ദേഹം ഭയപ്പെട്ടു. രണ്ടാമത്തെ വിഷമപ്രശ്നം ആ ദമവിചക്ഷണന്റെ ആത്മനാളത്തെ ത്രസിപ്പിച്ചു. ഒരു ജ്വാലാമുഖിയുടെ പരിസരദാഹകമായുള്ള അഗ്നിപ്രവാഹം കൂടാതെ ഈ വൃത്താന്തത്തെ ത്രിവിക്രമകുമാരനെ എങ്ങനെ ധരിപ്പിക്കേണ്ടു? അടുത്തപോലുണ്ടാകുന്ന യുദ്ധസാഹസങ്ങൾക്കിടയിൽ ഭഗ്നമോഹനായുള്ള ആ യുവസേനാധിപന്റെ ക്ലാന്തമുഖം തന്നെത്തന്നെയും ക്ഷീണമനസ്കനാക്കിത്തീർക്കുകയില്ലേ എന്ന് അദ്ദേഹം വ്യാകുലപ്പെട്ടു, പല ദൗത്യങ്ങളും വഹിപ്പിച്ച് ആ കുമാരനെ തൽക്കാലം യുദ്ധരംഗത്തിൽനിന്നു ദൂരസ്ഥനാക്കിക്കളയാമെന്നു തീർച്ചയാക്കി.

ഇങ്ങനെയുള്ള അനന്തരക്രിയാനിശ്ചയങ്ങളോടെ ദിവാൻജി സ്വസ്ഥാവസ്ഥയിൽ ആസനസ്ഥനായി. ഈ ദൂരസ്ഥലത്തെ അപ്പോഴപ്പോഴത്തെ വർത്തമാനങ്ങൾ അനുക്ഷണം ലഭിക്കായികകൊണ്ടു തിരുവുള്ളത്തിൽ ഉണ്ടാകുന്ന ചാഞ്ചല്യത്തെക്കുറിച്ചു ചിന്തിച്ചു തുടങ്ങിയപ്പോൾ മുമ്പിൽനിന്ന്, "ഇപ്പോൾ മനസ്സിനു സുഖമായി, ഇല്ലേ?" എന്ന് അപഹാസമൂർച്ഛയാലുള്ള ശബ്ദഭിന്നതയോടെ ഒരു ചോദ്യം പുറപ്പെട്ടു. സ്വരപരിചയംകൊണ്ട് കേശവനുണ്ണിത്താനെന്നറിഞ്ഞും ആ സന്ദർഭത്തിൽ സ്വബന്ധുവായ പരമശുദ്ധനെ വലയം ചെയ്തിരിക്കുന്ന അപമാനദുഃഖങ്ങളെ ആദരിച്ചും ദിവാൻജി എഴുന്നേറ്റു. കോപം, വ്യസനം, ലജ്ജ ഈ വികാരങ്ങൾ തിങ്ങി മുഖത്തെ കലുഷമാക്കിയിരിക്കുന്ന സ്ഥിതിയിൽ, ചിലമ്പിനേത്ത് കേശവനുണ്ണിത്താൻ അദ്ദേഹത്തിന്റെ അച്ഛന്റെ ആവിർഭാവംതന്നെയോ എന്നുള്ള സംശയത്തെ ദിവാൻജിയിൽപ്പോലും ഉദ്ഭൂതമാക്കി. പ്രതിജ്ഞാനിർവഹണത്തിൽ ശിഥിലവീര്യനായ അർജ്ജുനനെ ഭർത്സിപ്പാൻ എത്തിയ നഷ്ടപുത്രന്റെ ബ്രഹ്മരൗദ്രതയോടെ നില്ക്കുന്ന ഉണ്ണിത്താനോട് കുശലവാദം സമുചിതമല്ലെന്നു ഗ്രഹിച്ച് ദിവാൻജി മൗനം അവലംബിച്ചു. ഉണ്ണിത്താൻ കോപാന്ധനെന്ന നിലയിൽ കാര്യകാരണബന്ധങ്ങളെയും താർക്കികപദ്ധതികളെയും വിസ്മരിച്ച് ഇങ്ങനെ പ്രലപനം തുടങ്ങി:

"വർത്തമാനം എല്ലാം കേട്ടു മനസ്സു കുളിർത്തില്ലേ? എന്താ, ഇപ്പോഴെങ്കിലും പരമാർത്ഥം വെളിപ്പെട്ടുവോ? രഹസ്യങ്ങൾ പൊതിഞ്ഞുപൊതിഞ്ഞുവെച്ചാലും കാലാന്തരം സത്യത്തെ വെളിപ്പെടുത്തും. നല്ലവണ്ണം ഓർക്കണം. കഴക്കൂട്ടത്തു കുടുംബത്തിലാകട്ടെ, നന്തിയത്തുകാരുടെ എടത്തിലാകട്ടെ, ഈ ചാടിക്കടന്നു പൊയ്ക്കളയുന്ന വിദ്യ അഭ്യസിച്ചിട്ടില്ല. പിന്നെ ഇത് ഏതു കളരിയിലെ അടവാണെന്നു ഞാൻ പറയണമോ?"

സാവിത്രിയുടെ ജനയിതാവ് ദിവാൻജിതന്നെയാണെന്ന് ഉണ്ണിത്താൻ ഉപഗ്രഹനം ചെയ്തിരുന്ന രഹസ്യത്തെ ആ സന്ദർഭത്തിലെ അമർഷംകൊണ്ട് പ്രലപിച്ചുപോകുന്നു

എന്ന് അദ്ദേഹത്തിനു മനസ്സിലായി. അപ്പോഴത്തെ വിവേകശൂന്യതയിൽ കാര്യവാദം ഉണ്ണിത്താനെ ഒന്നുകൂടി കോപിഷ്ഠനും ഭ്രാന്തചിത്തനും ആക്കുമെന്നു ഭയപ്പെട്ട് ദിവാൻജി നിശ്ശബ്ദനായി നിന്നു. ആ നിലയുടെ ഗാംഭീര്യം ഒഴിയാൻനോക്കിയ ആപത്തിനുതന്നെ പെരുവഴിയുണ്ടാക്കി. ഉണ്ണിത്താന്റെ അടുത്തപോലുള്ള പ്രലപനത്തിലെ ശബ്ദം ഒന്നുകൂടി ഉച്ചത്തിലായി.

"അതേതേ! മിണ്ടാതെ നിന്നു തോല്പിക്കാമെന്ന് ഒരു മിടുക്കുതോന്നുന്നുണ്ടായിരിയ്ക്കാം. ഒന്നുമറിയാത്ത ഞാൻ വിഴുപ്പു ചുമക്കണം. ഈ പുഴയിൽ ചാടിക്കളയുകയല്ലാതെ ഇവന് അപമാനത്തിൽനിന്നു രക്ഷ എന്ത്? ഈ തല ഞാൻ എവിടെക്കൊണ്ടൊളിക്കും? കുലഭ്രംശം വരുത്തിയ ആ പെണ്ണിന്റെ അച്ഛനെന്നു പേർകൊണ്ട ഞാൻ തിരുമുമ്പിൽത്തന്നെ എങ്ങനെ ചെല്ലും? ഇവിടുത്തെ പരിചയം കിട്ടിയതു് ഇവന്റെ ദുരിതംകൊണ്ടു്. ജഗദീശാ! അവിടുന്നുതന്നെ രക്ഷിക്കണം. ഞാൻ എന്തു ചെയ്യുന്നു? എങ്ങോട്ടു പോകുന്നു?"

ദിവാൻജി: "അങ്ങ് ഉടൻതന്നെ ഇവിടെനിന്നു തിരിച്ചു മകളെ വീണ്ടുകിട്ടാൻ വേണ്ട അന്വേഷണങ്ങൾ നടത്തണം. ഭാര്യയെ കണ്ടു് സമാധാനപ്പെടുത്തുക. ദുസ്സംശയങ്ങൾക്കു് –"

ഉണ്ണിത്താൻ: "ദുസ്സംശയങ്ങൾക്കോ? അവനോന്റെ പല്ലിടകുത്തി നാറ്റാൻ ഞാൻ തയ്യാറല്ല. ഏയ്! അക്കഥ എന്തെങ്കിലും ആകട്ടെ. ഞാൻ കൈയൊഴിഞ്ഞ കാര്യമാണതു്. ഞാൻ തർക്കിക്കുന്നില്ല. അങ്ങേസ്ഥിതിയോ? ആ പീഠത്തിൽ ഇരിക്കുമ്പോൾ എന്തും പറയാം, പ്രവർത്തിക്കാം. വിക്രമാദിത്യന്റെ സിംഹാസനമെന്നു കേട്ടിട്ടില്ലേ? അതിൽ കയറുമ്പോൾ ചില മഹത്ത്വങ്ങൾ തോന്നും."

ദിവാൻജി: "എന്തു കഥയാണിത്? അവനോന്റെ മഹത്ത്വം എങ്കിലും മറക്കാതെ സംസാരിക്കുക."

ഉണ്ണിത്താൻ: "എന്റെ മഹത്ത്വമോ? അതിനെ അങ്ങേ മഹത്ത്വം ചാമ്പലാക്കിയില്ലേ? അകം നീറുന്നതെങ്ങനെയെന്ന് അങ്ങറിയുന്നോ? ഈ നീറ്റൽ എവിടെയുണ്ടാകേണ്ടതു്? മനുഷ്യർ മൃഗപ്രായമായിപ്പോകുന്നല്ലോ. ഇവന്റെ ദുഃഖം കണ്ടു് അങ്ങു പക്ഷേ, രസിക്കുന്നായിരിക്കാം. മനുഷ്യഗുണത്തിന്റെ ഛായയെങ്കിലും ഉള്ളിൽ തട്ടീട്ടുണ്ടെങ്കിൽ അങ്ങ് ഇപ്പോൾ വാവിട്ടു നിലവിളിക്കേണ്ടവനല്ലേ? ഞാൻ എന്തസംബന്ധം പുലമ്പുന്നു! "സ്നേഹം" എന്നതു് ഈ ഐശ്വര്യഭ്രമക്കാരു് – ധനം കുമിച്ചു പരാക്രമസ്തംഭം നാട്ടുന്നവരു് – കണ്ടതോ കേട്ടതോ? നിങ്ങൾക്കെന്തോ? കണ്ടവൾ പെറ്റവനെ ചാകിച്ചു ജയം നേടി, തിരുമുമ്പിൽ ചെല്ലുമ്പോൾ രണ്ടു കൈയിൽ വീരശൃംഖലയും കരമൊഴിവായി പന്തിരുക്കാതം ദേശവാഴ്ചയും വാങ്ങരുതോ? കണ്ടവളെ വഞ്ചിച്ചു്, അവടെ പേരും മനഃസുഖവും നശിപ്പിച്ചു്, രോഗം പിടിപ്പിച്ചു്, കുരുകുരുത്തം കെട്ട പെണ്ണിനെ വേണ്ടാസനങ്ങളും അഭ്യസിപ്പിച്ചു – പെണ്ണുങ്ങളല്ലേ? ഉദ്യോഗപ്രതാപക്കാർ മക്കളെ ലാളിപ്പാൻ പുറപ്പെട്ടാൽ കൊക്കിയില്ലാള്ളട്ടം പഞ്ഞിപ്പാവകളു്

കൂത്താടിപ്പോവൂല്ലേ? അവറ്റയെകൊണ്ട് ദ്രോഹങ്ങൾ പ്രവർത്തിപ്പിച്ചതിനുള്ള ശിക്ഷ ഇതെല്ലാം അങ്ങ് എവിടെയേൾക്കുന്നു? മറ്റുള്ളവർ ഭ്രാന്തുപിടിച്ച് ഇളകിയാടുന്നതു കാണാൻ ബഹുരസംതന്നെയല്ലേ?"

ദിവാൻജി: "ദൈവം വ്യസനിപ്പിക്കുന്ന അങ്ങയോട് ഞാൻ ഇപ്പോൾ വിശേഷിച്ചൊന്നും പറയുന്നില്ല. മകളെ അന്വേഷിക്കേണ്ട ഭാരം അങ്ങേയ്ക്കാണ്."

ഉണ്ണിത്താൻ: "രസം! നല്ല ലക്ഷണംതന്നെ ഉപദേശം! ഇവന്റെ മകളാണ് ആ കുട്ടിയെങ്കിൽ ഈ തുണൻ ഇങ്ങോട്ടു വരുമോ? ഇങ്ങനെ അടങ്ങിനില്ക്കുമോ? ഉപദേശിക്കുന്നതു് അനുഷ്ഠിക്കേണ്ടവനായ അങ്ങ് ഇതാ കാര്യം ഭരിക്കുന്ന സുമന്ത്രരായി, ഞെളിഞ്ഞുനിന്നു സമാധാനങ്ങൾ പറയുന്നു, ഉപദേശങ്ങൾ തരുന്നു. തലയിൽ ഭീമന്റെ ഗദ ഏറ്റുപോയാൽ എങ്ങനെ ബുദ്ധിക്കു വെളിവുണ്ടാകും? ഞാനിതേ പോകുന്നു. കടുംപോരല്ലേ വരുന്നതു്? അതിൽ മുന്നിട്ടുനിന്നു നിർവൃതി നേടിക്കൊള്ളാം."

ദിവാൻജി: "അങ്ങനെയല്ല. ഇപ്പോഴത്തെ പണിയിൽനിന്ന് അങ്ങേ പിരിച്ചിരിക്കുന്നു. ക്ഷണം വീട്ടിൽ പോയി അച്ഛന്റെയും ഭർത്താവിന്റെയും ധർമ്മങ്ങൾ അനുഷ്ഠിക്കുക."

ഉണ്ണിത്താൻ: (അത്യുച്ചത്തിൽ ഓരോ അക്ഷരത്തിനും ശബ്ദോർജ്ജിതം വരുത്തി) "അവിടുന്ന് അനുഷ്ഠിക്കുക – കണ്ടവനെ ജളനാക്കുന്നതു് അവിടെ നില്ക്കട്ടെ."

ദിവാൻജി: "ശുദ്ധഗതിക്കാർക്കും ദ്രോഹം പറയുന്നതിന് ഒരു അതിരൊക്കെ വേണം."

ഉണ്ണിത്താൻ: "ഇതാ, ഇതാ – ധർമ്മപദ്ധതികൾക്ക് അങ്ങ് മനുവാകണ്ട. ഈ ഭയങ്കരശത്രുവിന്റെ ആക്രമണംതന്നെ അങ്ങേ ദോഷം കൊണ്ടാണെന്ന് ജനങ്ങൾ വിചാരിക്കുന്നു. ഈ ദ്രോഹാചാര്യർ നടത്തുന്ന സേനയ്ക്കു ജയം– (കണ്ഠം ഇടറി) "ഭഗവാനേ! ഞാൻ എന്തു പറഞ്ഞുപോകുന്നു? എന്റെ സകലതും എടുത്തുകൊള്ളുക." (ബാലരോദനത്തോടു്) "യുദ്ധത്തിൽ ജയിച്ച പൊന്നുതിരുമേനിയെ വിജയി ആക്കുക. എന്റെ ഈ അപമാനത്തിനു നിവൃത്തി ദൈവം ഉണ്ടാക്കട്ടെ. അപരാധികളെ സത്യം അറിഞ്ഞു് ദൈവം രക്ഷിക്കുകയോ ശിക്ഷിക്കുകയോ ചെയ്യട്ടെ. ഞാൻ ഒന്നിലും പ്രാർത്ഥിക്കുന്നില്ല." ഉണ്ണിത്താൻ ഊക്കോടുകൂടി തലയിലറഞ്ഞു ലലാടം തടവി അശ്രുപ്രവാഹം തുടച്ചു. ദിവാൻജിയുടെ ഹൃദയം സ്തംഭിച്ചു; കണ്ഠവും അടഞ്ഞു. ആ വന്ദ്യശ്രീമാനായ പരിശുദ്ധഹൃദയനെ പരമാർത്ഥം ഗ്രഹിപ്പിച്ച് സന്ദർഭസമുചിതമായുള്ള പരിശ്രമങ്ങൾക്ക് സമുദ്യുക്തനാക്കാൻ താൻ ശക്തനല്ല. അതിനു ദൈവം സന്ദർഭമുണ്ടാക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ അനന്തരകർത്തവ്യത്തെ ഇങ്ങനെ ഉപദേശിച്ചു:

"ആരെങ്കിലും വഞ്ചകരാകട്ടെ. രാമവർമ്മത്തു കുടുംബത്തിന്റെ നിലനില്പിനാണ് ആ സത്യവതിയെ ദത്തെടുത്ത് അങ്ങേക്കൊണ്ടു പടത്തലവൻ അമ്മാവൻ പരിഗ്രഹിപ്പിച്ചതു്. അതുകൊണ്ട് ആ കുലം നശിച്ചുപോകാതിരിപ്പാൻ വേണ്ടതു ചെയ്യുന്നതിന് അങ്ങ് പുറപ്പെടുക."

ഉണ്ണിത്താൻ: (പിന്നെയും ഹാസ്യമായി) "എന്താ, തിരുമേനിക്കുവേണ്ടി ചാകാൻ വന്നിട്ടുള്ളവർ ഉണ്ടും ഉടുത്തും കഷ്ടതകൂടാതെ കഴിയുന്നതിൽ അവിടേക്കു സങ്കടമുണ്ടെന്നുണ്ടോ?"

ദിവാൻജി ഈ ചോദ്യത്തിന് ഉത്തരം പറയാതെ തിരിഞ്ഞു നടന്നുകളഞ്ഞു. ഉണ്ണിത്താൻ തന്റെ നിലയനത്തിൽ എത്തിയപ്പോൾ, തിരുവനന്തപുരത്തു തന്റെ ഭണ്ഡാരകാര്യം വിചാരിപ്പിനു മടങ്ങി എത്തിക്കൊള്ളുവാനുള്ള ആജ്ഞാലേഖനം കിട്ടി. ദിവാൻജിയായ മന്ത്രിയിൽനിന്നുള്ള ആജ്ഞയുടെ ഊർജ്ജിതത്തിന് അനുരൂപമായ ശീഘ്രതയോടെ തിരുവനന്തപുരത്തേക്കുള്ള മടക്കയാത്രയ്ക്ക് അദ്ദേഹം വട്ടംകൂട്ടി.

ത്രിവിക്രമകുമാരനെ വരുത്തി അയാളുടെ ഹസ്തങ്ങളെ അതിഗാഢമായി ഗ്രഹിച്ചുകൊണ്ട് അയാൾക്കു മർമ്മാരുന്ദുദമായി അന്നു കിട്ടിയിട്ടുള്ള വൃത്താന്തത്തെ ധരിപ്പിച്ചപ്പോൾ, ദിവാൻജി ഒരു കല്പാന്തനടനത്തിന്റെ സാക്ഷിയായിത്തന്നെത്തീർന്നു. അദ്ദേഹത്തിന്റെ സാന്ത്വനവാക്കുകൾ ബധിരകർണ്ണങ്ങളിൽ പതിച്ചു. താൻ ഭരമേറ്റുള്ള പരിണയം വിഘാതപ്പെടുന്നതല്ലെന്നുള്ള പ്രതിജ്ഞയുടെ ആവർത്തനങ്ങൾ, തന്റെ ശരീരത്തോട്ട്, ഒതുങ്ങുന്ന ഹൃദയത്തിന്റെ വിത്രസ്തതയെ ജ്വരൗഷ്ണ്യത്തിലോട്ടുതന്നെ ആരോഹിപ്പിച്ചു. വാത്സല്യാശിസ്സുകളോടെ ശിരസ്കന്ധങ്ങൾ പലവുരു തലോടീട്ടും യുവാവിന്റെ ശരീരം ആഗ്നേയാസ്ത്രതുല്യം ഉഷ്ണവാഹിയായും കണ്ണുകൾ വികസിച്ചും അശ്രുകണവാഹിയായും അംഗുലികൾ കോപരൂക്ഷതകൊണ്ടു ഞെരിഞ്ഞും പാദങ്ങൾ ഖഡ്ഗപ്രയോഗാവസരത്തിലെ ഭ്രമർദ്ദനാവസ്ഥ അവലംബിച്ചും വക്ഷഃപ്രദേശം ജൃംഭിച്ചു ശിക്ഷാനുഷ്ഠാനത്തിനുള്ള സ്വാതന്ത്ര്യലബ്ധിക്കായി ആഞ്ഞും തീർന്നിരിക്കുന്നതായി ദിവാൻജി കണ്ടു. ആദ്യത്തെ നിശ്ചയം അനുസരിച്ച് ആ കുമാരനെ തല്ക്കാലത്തേക്ക് ആ രംഗത്തിൽനിന്നു നിഷ്കമിപ്പിക്കുക തന്റെ സ്വൈരത്തിനും ആ കാര്യത്തിനുള്ള അനന്തരാന്വേഷണങ്ങൾക്കും പര്യാപ്തമെന്നു കരുതി ദിവാൻജി മീനാക്ഷിഅമ്മയുടെ ശരീരസ്ഥിതിയും പെരിഞ്ചക്കോട്ടുഭവനത്തിലെ പരമാർത്ഥാവസ്ഥകളും ആരാഞ്ഞുവരുവാനുള്ള ദൂതനായി. കുഞ്ഞെക്കുട്ടിപ്പിള്ളയുടെ മേൽവിലാസത്തിൽ എഴുതിയിട്ടുള്ള ചില ലേഖനങ്ങളോടുകൂടി ത്രിവിക്രമകുമാരനെ നിയോഗിച്ചു.

ഒന്നുരണ്ട് അശ്വപംക്തിക്കാർ ഒന്നിച്ച് നമ്മുടെ കുതിരപ്പടക്കപ്പിത്താൻ യാത്ര ആരംഭിച്ചു. പാളയം കഴിയുന്നതുവരെ അനുയാത്രാസേവനം ചെയ്ത് നടന്നുകൊണ്ടിരുന്ന അഴകൻപിള്ളയോടൊന്നിച്ചു സാവധാനയാത്രചെയ്ത് ഒട്ടുദൂരം ചെന്നപ്പോൾ, ഭടജനങ്ങളുടെ ഒരു വലയത്തെയും അതിന്റെ മദ്ധ്യത്തിൽ ഒരു പ്രാസംഗികനെയും കണ്ടു. യാത്രാസംഘത്തിന്റെ വരവിനെ പ്രസംഗത്തിൽ ആമഗ്നന്മാരായിരുന്നവരും പ്രാസംഗികന്റെ സൂക്ഷിപ്പുകാരും ആയിരുന്ന ഭടജനം ഗ്രഹിച്ചില്ല.

ഉണ്ണിത്താൻ ഗുരുവിന്റെ അഴിച്ചിട്ട ഉടുമുണ്ടു നെഞ്ചുചുറ്റി ധരിച്ചും ഉത്തരീയത്തെ ശിരോവലയമാക്കി നാഗരികരസികമുദ്രയായി ചരിച്ചുവച്ചും എന്തോ സാമാനം നിക്ഷേപിച്ചു വച്ചിരുന്ന ഒരു പെട്ടിയിന്മേൽ ആരോഹണംചെയ്തു. കൊടന്തയാശാൻ മേഘനാദവാചാലത്വം പ്രയോഗിച്ചു തന്റെ ആശായുമവീര്യത്തെ ശ്രോതാക്കളെ ധരിപ്പിക്കുകയായിരുന്നു. "അടുത്ത

തളത്തിൽ ആരുടെയോ ജനനത്തിൽ ഒന്നുമഴച്ചില്ലേ? അതിന്മണ്ണും ഒരു ചാറല്. അതു കൊണ്ടു് ഉറക്കം ഹങ്ങനെ കൊണ്ടുപിടിച്ചിരുന്നു. എങ്കിലും ഉണ്ണുന്നതു ചോറല്ലേ? ചുമത ലക്കാരന്റെ ഇതുമല്ലേ? ഞെട്ടി ഉണർന്നു പോയി. ആശാനേ, നിങ്ങളുടെ ഉണ്ണിത്താനെജ മാനൻ ഏൾപ്പിച്ചിരുന്ന സൂക്ഷിപ്പ്, അമാന്തത്തിലാക്കിക്കളടുമോ? ചെവികൊടുത്തപ്പോൾ - എന്താതു്? ചില തകർപ്പ്, അല്ലാ – വെറും തകർപ്പല്ല. വാതില് തുറക്കുന്നു, ചിലർ ചാടുന്നു. ചിലരോടുന്നു. ഹെയ്! കൊല്ലന്നെങ്കിൽ കൊല്ലട്ടെ, ചാക്കൊരിക്കാലല്ലേ ഉള്ളു? 'മരണ മൊരുവനും വരാത്തതല്ലെ'ന്നു നമ്മുടെ നമ്പ്യാരാശാൻ ചരതമായി പറഞ്ഞിട്ടില്ലേ? ആ പെണ്ണ് – തിരുവഷള് ചാടിക്കടന്നു പോവുകയാണെന്നു തീർച്ചയായി. ജളജന്തു! അതിന്റെ ശീലം നമുക്കു നിശ്ചയമല്ലേ? നേർവഴിക്കു പഠിപ്പിക്കാതെ, ഇപ്പോൾ വ്യസനിച്ചോണ്ടു ദി വാനെജമാനന്റെ അടുത്തോടിയാൽ ഫലമെന്തു? നമ്മേ – ഈ പാവത്താനെ – ഇട്ടുറാത്ത മിടുകയായിരുന്നു. ആ ദേവയാനിയാട്ടം ഒന്നും ഈ കചനോടു ഫലിച്ചില്ലെന്നുവെക്കിന്. പിന്നത്തെക്കഥയല്ലേ രസം! എന്തു പറയുന്നു! ഒരമ്പതറുപതാള്. എല്ലാം കാലാന്തകന്മാരു്. വീടുനന്ത്യേത്തെ വകയല്ലേ? വാളിനും മറ്റും കുഴപ്പമില്ല. രണ്ടെണ്ണം കൈയിലാക്കി. തറ വാട്ടാലുള്ള ആശായ്മ, അതു ചില്ലറയോ? വിട്ടുകളഞ്ഞാൽ പോരായ്മയുമല്ലേ? ആ കൂട്ടത്തി നിടയിൽ, കാലാന്തകന്മാരാകട്ടെ ത്രികാലാന്തകന്മാരാകട്ടെ – കാണണോ നിങ്ങൾക്കു്? ആരെങ്കിലും രണ്ടെണ്ണം ഇങ്ങോട്ടു തന്നാൽ കാട്ടിത്തരാം. അങ്ങോട്ടു ചാടി, ഒരു ചക്രപ്പയറ്റു തുടങ്ങിയപ്പോൾ – പിന്നെ കുട്ടമയെത്ര? കാതെത്ര? മൂക്കെത്ര? ശരശരേന്ന്! നിലവി ളിയോ, പ്രളയദ്ധ്വനി! ഉണർന്ന ആളുകള് കാണികള് അവർ കപ്പിട്ടാർ. 'വാരണവീരൻ തലയറ്റു വില്ലറ്റു വീരൻ ഭഗദത്തൻ തന്റെ തലയറ്റു' എന്ന കണക്കിന് എന്തെല്ലാമറ്റു ഭഗവാ നെ! പുറന്തല, മുതുക്, പൃഷ്ഠം, കണംകാല് – എന്തിന്, കുതികാലുപോലും ചേനത്തോടേ - എരിശ്ശേരിക്കു ചേന നുറുക്കുമ്പോൾ കഷണം നുറുക്കില്ലേ? – അക്കണക്കിന് ഏ! ബോധ മുണ്ടായില്ല. പരമാർത്ഥമങ്ങനെയാണ്. കാണാൻ കൂടിയ കൂട്ടത്തിൽ ഒരുത്തൻ സഹായി ക്കണ്ടേ? ഒരു കല്ലെങ്കിലും എറിയണ്ടേ? ഞാനൊറ്റൊരുത്തൻ അഭിമന്യരെപ്പോലെ ചാ കാഞ്ഞതു ഭാഗ്യം! അവർ രണ്ടുമൂന്നുപേർ അവിടെ വീണോ, ഇല്ലയോ? കാട്ടിലെങ്ങാണ്ടു ചെന്നു ചിലർ വീണു. പെണ്ണിനെ ഒരുത്തൻ അല്ലാ അവളുടെ മനസ്സോടുകൂടിപ്പോയതാണ് – അതാ, ഭാഗ്യദോഷി അച്ഛൻ വ്യസനിക്കുന്നു. ഛീ! എന്തെങ്കിലും വന്നാൽ അറിയിക്കേ ണ്ട ചുമതല നമുക്ക്. നിങ്ങളുടെ പോരെന്തു്? അമ്പതിനായിരം വന്നുകൂടിയിരിക്കുന്നില്ലേ ഇവിടെ? ഒരുത്തനാണ്, ഒരു തേവിടിശ്ശിക്കു വേണ്ടി "കുടന്തയാശാൻ എന്തു് അത്ഭുതസംഭ വത്താലോ നിലത്തു വീണു. വാൾവീശലിന്റെ സമ്പ്രദായത്തെ ശരീരംകൊണ്ടു ദൃഷ്ടാന്തീക രിച്ചിട്ടു ശ്രോതാക്കൾക്കു ഒരു സാധനപാഠവും നൽകി. അവരിൽ ചിലർ അയാളെ എഴുന്നേ ല്പിച്ചു നിറുത്തിയപ്പോൾ, ഒരു ഭാഗത്തെ മുകുളദന്തം കൊഴിഞ്ഞുവീണതു് അയാളുടെ പുരാ ണകഥനം കഴിഞ്ഞുള്ള ഏകദന്താർച്ചനമായിത്തീർന്നു. പക്ഷേ, അതോടുകൂടി പ്രവഹിച്ച രക്തം കണ്ടപ്പോൾ അയാൾ വീണുപോയതു്, പല കർണ്ണനാസാന്ത്യങ്ങളുടെ വിച്ഛേദനപടു വായ അയാളുടെ സമഗ്രവീര്യം ഏതു വകയിലുള്ളതാണെന്ന് അവർക്കു ബോദ്ധ്യമാക്കി. ദി വാൻജിയാൽത്തന്നെ പൂജനീയയായുള്ള ഒരു കന്യക അഭിസാരികയാണെന്നു പ്രസംഗിച്ച

ആ ദുഷ്ടന് അഴകൻപിള്ളയിൽനിന്ന് കിട്ടിയതായ സമുചിതശിക്ഷയുടെ ശകുനത്തോടുകൂടി ത്രിവിക്രമകുമാരൻ തന്റെ പ്രണയിനിയെ ആരാഞ്ഞുണ്ടായ വിരഹാഗ്നിതരണത്തിലോട്ട് പ്രവേശിച്ചു.

21

"തുംഗാദസൗ വിപുലഹർമ്മ്യാദിറങ്ങി പല
ശലംഗാടകേ ഖലു വിളങ്ങി
വിജയനുടെ ഭംഗി വിരവിനൊടു പൊങ്ങീ
അഖിലസുരയുവതിജനം മദനശരവിവശതയൊ-
ടതികുതുകവാരിധിയിൽ മുങ്ങി"

സ്ത്രീ പുരുഷബന്ധത്തെ അപഗ്രഥനം ചെയ്യുനോക്കിയാൽ പുരുഷലോകത്തിലെ ഭ്രരിഭാഗവും ഭാര്യാദേഹിയുടെ ആവാസത്തിനുള്ള പൂജാപീഠം ശൂന്യമായുള്ള ഏദ്ഗേഹത്തോടുകൂടിയവരായി കാണപ്പെടാം. എങ്കിലും പക്ഷിമൃഗങ്ങളുടെപോലും ദാമ്പത്യബന്ധത്തിൽ മാന്മഥപ്രഭാവത്തിന്റെ സമ്മോഹനത്വം കണ്ട് നാം സമ്മോദിക്കുന്നു. ദമയന്തീദർശനത്തിൽ പഞ്ചശരനിരകളാൽ ദഗ്ധനായിത്തീരുന്ന എന്നു വിലപിച്ച വനചരന്റെ ബീഭത്സമായ വേഴ്ചപ്രാർത്ഥനയും ഹതഭാഗ്യയായ ആ രാജ്ഞിയെ വനസുഖങ്ങൾ ഗ്രഹിപ്പിക്കാൻവേണ്ടി, കേവലം സ്വോപയോഗയോഗ്യമായ തന്റെ മാടത്തെ അവൻ ഔത്സുക്യപൂർവ്വം വർണ്ണിക്കുന്നതും നമ്മെ വിനോദിപ്പിക്കുന്നു. എന്നാൽ, തദ്വിധമായുള്ള ഒരു അഭിനയം അവനവന്റെ ഗാർഹികപ്രതാപത്തെ വിലംഘിച്ചു പ്രയുക്തമാകുന്നു എങ്കിൽ, രംഗരസം ഏതൊരു രൂപത്തിൽ അനുഭൂതമാകുമെന്നു സാമാന്യലോകത്തിനും ഊഹ്യമാണ്. ദാസീസ്ഥാനം അവലംബിച്ച ഒരു സുന്ദരിയുടെ "കൊണ്ടാടി മാരൻ കുണങ്ങും നടകൾ" കണ്ട് അവളുടെ പ്രണയാമൃതസേചനം സിദ്ധിച്ചില്ലെങ്കിൽ "നിന്നാണെ ഞാൻ മരിച്ചീടും പൊളിയല്ല" എന്നു ഭീഷണി പറഞ്ഞ രാജന്യന്റെ പ്രബന്ധം സാഹിത്യരസികന്മാരെ കാവ്യാനന്ദസരസ്സിൽ ആകണ്ഠം നീരാടിക്കുന്നു. എങ്കിലും, കഥാന്തത്തിൽ വിവക്ഷിതമാകുന്ന ആഖലന്റെ മജ്ജീകരണം അപഥഗതികത്വത്തിനുള്ള ശിക്ഷയുടെ പരമോദാഹരണമായി ധർമ്മാചാര്യസംഘങ്ങളുടെ പ്രബോധമർമ്മത്തെ ആനന്ദവീജനം ചെയ്യുന്നു. ഈ വൃത്താന്തങ്ങൾ, അനശ്വരാത്മകമായ പ്രണയവും വൈഷയികമായ രതിപ്രസക്തിയും തമ്മിലുള്ള ധ്രുവയുഗ്മാന്തരത്തെ തെളിയിക്കുന്നു. പ്രണയം ആബ്രഹ്മകീടം സാക്ഷിത്വത്തോടുകൂടിയുള്ള

ഏകീകരണക്രിയയാൽ സമുദ്യാപിക്കപ്പെട്ട് ആമുഷ്മികപ്രശാന്തതയെയും സമാർജ്ജിക്കുന്നു. കാമപ്രകടനങ്ങൾ വ്യവസായരീതിയിലുള്ള ലാഭനഷ്ടപരിഗണനങ്ങളാൽ നീതമായി, സുഖദുഃഖസമ്മിശ്രമായ ഐഹികവ്യാപാരങ്ങളോടെ പര്യവസാനിക്കുന്നു.

കല്ലറയ്ക്കൽപിള്ള തന്റെ കർഷകവ്യവസായങ്ങളിൽ 'ലാഭ'ത്തിനു പ്രാധാന്യം കൊടുത്തുവന്നിരുന്ന ഒരു അർത്ഥശാസ്ത്രജ്ഞനായിരുന്നു; കപടബുദ്ധിയല്ലെങ്കിലും താൻ സംബന്ധിക്കുന്നതായ ക്രയവിക്രയങ്ങളുടെ പര്യവസാനം തന്റെ ഗൃഹൈശ്വര്യത്തെ പോഷിപ്പിക്കുമെന്നു കണ്ടില്ലെങ്കിൽ, ആ വ്യാപാരങ്ങളിൽനിന്നു നിസ്സംശയം പിന്മാറിക്കളയുന്ന കാര്യസ്ഥാനമായിരുന്നു. സ്വഭൃത്യന്മാരുടെ പ്രേരണയാൽ ദേവകിഅമ്മയോടുള്ള പരിചയം ആരംഭിച്ചതുമുതൽ ആ കന്യകയുടെ പരിഗ്രഹണം പരിസരദേശവാസികൾക്കുതന്നെ അസൂയാപാത്രമാക്കിത്തീർക്കുമെന്ന് അദ്ദേഹം അനുമാനിച്ചു. അലങ്കരിച്ചുള്ള ദേവീബിംബങ്ങളിലും കാണുന്നില്ലാത്ത അംഗമോഹനതയും പഞ്ചവർണ്ണക്കിളികളുടെ മൃദുഭാഷണവും ഗൃഹത്തിൽ അതിനെ ആരാഞ്ഞു മണ്ടിത്തിരിയുന്ന പശ്രുവിന്റെ സൗശീല്യവും തന്റെ വ്യാപാരപ്രദേശങ്ങളിൽ ഗീർവാണവാണിയായി ധ്വനിക്കുന്ന ഭാഷാധാടിയും, ചേർന്നുള്ള ആ കന്യക തന്റെ പ്രാധാന്യത്തെ ഉത്തരോത്തരം ഉന്നതമാക്കുമെന്നുള്ള ആലോചനകൂടി അദ്ദേഹത്തിന്റെ അനുരംഗകന്ദത്തിൻകീഴ് അടിഞ്ഞുകൂടി ഇങ്ങനെ മുളച്ചു, മറ്റു പുരുഷനെ കണ്ടിട്ടില്ലാത്ത കന്യകയുടെ സാധുതയാൽ വളർന്ന്, പെരിഞ്ചക്കോടന്റെ ഒടുവിലത്തെ യാത്രയിലെ അഭിപ്രായകഥനങ്ങളിൽ തഴച്ചിട്ടുള്ള അനുരാഗത്തിന് അധീനനായ കല്ലറയ്ക്കൽ പിള്ളയ്ക്ക് അർജ്ജുനസന്യാസിയുടെ രീതിയിൽ പെരിഞ്ചക്കോടന്റെ അർദ്ധലോകമായ കന്യകയോട് ഏകാന്തസംഭാഷണത്തിനുള്ള സ്വാതന്ത്ര്യലബ്ധി ഉണ്ടായപ്പോൾ, പ്രണയകലാശത്തിന്റെ അനന്തരച്ചുവടുകളിലുള്ള അനഭിജ്ഞതയാൽ അദ്ദേഹം ഒട്ടേറെ കുഴങ്ങി. പൗരാണികാനുമതമായ ഒരു അപഹരണകർമ്മം തന്നെ അനുഷ്ഠിച്ചാൽ പക്ഷേ, സംഭാവ്യമാകുന്ന സമരത്തിൽ രാജാധികാരം തന്നെ രക്ഷിയ്ക്കുമെന്ന് അദ്ദേഹം ധൈര്യപ്പെട്ടു എങ്കിലും രാജാധികാരപ്രതിനിധിയായി ആ ഭവനഭരണം താൻ വഹിക്കുന്നതിനിടയിൽ സ്വേച്ഛാപരമായ ഒരു അവിഹിതകർമ്മത്തെ അനുഷ്ഠിച്ചു, ധർമ്മപരായണനായ മഹാരാജാവിന്റെ പ്രസാദത്തെ പ്രദ്വേഷത്തിൽ പരിണമിപ്പിച്ചാൽ, തന്റെ ഗൃഹപ്രാധാന്യംതന്നെ നഷ്ടമായിത്തീർന്നേക്കാമെന്ന് അദ്ദേഹം ഭയപ്പെട്ടു. പ്രണയത്തിൽ വീരധർമ്മത്തെ തുടരുന്നതായാൽ, ഭവിഷ്യൽഫലങ്ങളെ പരിഗണിക്കാതെ ഇംഗിതാപ്തിക്കു സ്വസർവസ്വത്തെയും ബലികഴിപ്പാൻ സന്നദ്ധനാകേണ്ടതാണെന്നുള്ള ധർമ്മം ആ കർഷകപ്രധാൻ ഗ്രഹിച്ചിരുന്നില്ല. അദ്ദേഹം സ്വന്തം ഗൃഹപ്രാധാന്യംതന്നെ ഭൃത്യഗണത്തെക്കൊണ്ടു നിർവ്വഹിപ്പിച്ച്, ആദായങ്ങളെ പത്താഴങ്ങളിലും കല്ലറകളിലും അവയുടെ താക്കോലുകളെ ആരുമറിയാതുള്ള ഉത്തരപ്പോതുകളിലും സൂക്ഷിച്ച്, കാര്യദ്ദക്കായും സ്വൈരാഭിലാഷിയായും വർത്തിക്കുന്ന ഒരു പ്രമാണിയായിരുന്നു. അതിനാൽ കാമീനീകാമുകന്മാരുടെ സന്ദർശനങ്ങളും, ലോകഗതി സംബന്ധിച്ചുള്ള പ്രശ്നോത്തരങ്ങളും കല്ലറയ്ക്കൽ ഭവനത്തിന്റെ ഐശ്വര്യഭൂയിഷ്ഠമായ ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും പ്രഖ്യാപനങ്ങളുംകൊണ്ട് ആ അനുകൂലസന്ദർഭത്തിൽപ്പെട്ട ദിവസങ്ങൾ ഒന്നൊന്നായി ഗ്രന്ഥവരിച്ചാർത്തലിന് ഉപയോഗകരമാകാതെ കഴിഞ്ഞുകൂടി.

ഭർത്താവിന്റെ പരമാർത്ഥത്തെ ചാക്ഷുഷവിദ്യയാൽ എന്നപോലെയും യാത്രോദ്ദേശ്യങ്ങളെ അനുമാനത്താലും ഗ്രഹിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രത്യാഗമനം താമസിക്കുന്നതുകൊണ്ട് ലക്ഷ്മിഅമ്മയുടെ മനസ്സ് ഒരു ആഹുതികുണ്ഡംതന്നെ ആയിത്തീർന്നു. അവരുടെ കളേബരപുഷ്ടിയും കനകപ്രഭയും അഭിന്നമായി വിലസിക്കൊണ്ടിരിക്കുന്ന സുപ്രശാന്തസന്തുഷ്ടിയും ക്ഷയിച്ചു. രാജപാദങ്ങളുടെ വിജയത്തിന് ജന്മനാ അഗ്നിഹോത്രിത്വത്തെ വരിച്ചിരുന്ന ആ സാധ്വി ഭർത്താവിന്റെ ഉന്മത്തപ്രവർത്തനങ്ങൾ എന്തെങ്കിലും ദിവ്യഹസ്തത്തിന്റെ കൃപാമഹിമയാൽ അവസാനിപ്പിക്കപ്പെട്ടു കാണുവാൻതന്നെ പ്രാർത്ഥിച്ചുപോയി.

ഒരു ഗൃഹസംഭാഷണത്തിൽ ഹൈദരുടെ സന്താനമായുള്ള ടിപ്പു ഉത്തരരാജ്യങ്ങളെ തരണംചെയ്ത് തിരുവിതാംകൂറിനെ ആക്രമിപ്പാൻ സന്നദ്ധനാകുന്നു എന്നും അതിനെ നിരോധിപ്പാൻ രാജസേന നിയുക്തമായിരിക്കുന്നു എന്നുമുള്ള സംഭവകഥനങ്ങൾകൊണ്ട് കല്ലറയ്ക്കൽപിള്ള തന്റെ ലോകകാര്യഗ്രഹണത്തിന്റെ വൈപുല്യത്തെ പ്രദർശിപ്പിച്ചു. ലക്ഷ്മിഅമ്മയുടെ സ്മൃതികൾ യൗവനാരംഭത്തിലേക്കു പാഞ്ഞു; ഉള്ളിലെ അഗ്നികുണ്ഡം ദാവാനലശക്തിയോടെ പ്രജ്വലിച്ചു. അകാരണമായുള്ള ദുശ്ശകുനശങ്കയാണെങ്കിലും തന്നെ സൗഭാഗ്യവതിയും അനുക്ഷണം നിസ്തുലഭാഗ്യദോഷിയും ആക്കിയ കർമ്മങ്ങൾ സംഭവിച്ച കാലത്തിൽ, സ്മരണീയമാംവിധത്തിൽ നിരവധികങ്ങളായ ഗൃഹരാജ്യക്ഷോഭങ്ങൾ ഉണ്ടാക്കിത്തീർത്തതായ ആസുരാക്രമണം വർത്തമാനകാലത്തിലും ആവർത്തിതമാകുന്നു എന്നു കേട്ടപ്പോൾ, അന്നത്തെ ദുരിതാനുഭവങ്ങളുടെ നിപാതം ഒന്നുകൂടി ഉണ്ടായേയ്ക്കുമോ എന്നു ശങ്കിച്ച്, അവർ സംഭാഷണവേദിയിൽനിന്നു പിൻവാങ്ങി. ധർമ്മങ്ങളുടെ ആധാരമൂർത്തിയെന്നു വിശ്രുതപ്പെട്ടിരിക്കുന്ന രാജസ്ഥാനത്തിന് വിജയം സന്നിദ്ധത്തിലല്ലെന്നും തന്നിമിത്തം ദ്രോഹസംഘക്കാർ ശിക്ഷാഖഡ്ഗങ്ങളാൽ വിച്ഛിന്നരാകുമെന്നും ആ ഭഗവതീസേവിനിയുടെ ഹൃദയചക്ഷുസ്സുകൾ യഥാർത്ഥവൽ ദർശിച്ചു. അങ്ങനെയാകുമ്പോൾ, താനും പുത്രിയും നിരാലംബകൾ ആയേയ്ക്കാമെന്ന് അവർ ക്ലേശിച്ചു. എന്നാൽ സർവ്വരക്ഷാശക്തികളെയും ആ ചെറുഗൃഹത്തിന്റെ പടിവാതുക്കൽ തങ്ങളുടെ ആജ്ഞാപ്രതീക്ഷകരായി കാത്തുനിർത്താനുള്ള മഹാശക്തിയെ വഹിക്കുന്ന ഭണ്ഡാരത്തിന്റെ താക്കോൽ ഭർത്താവിന്റെ കൃപാധോരണിയാൽ തന്റെ സൂക്ഷിപ്പിൽ നിക്ഷിപ്തമായിട്ടുണ്ടെന്ന് സ്മരിച്ചപ്പോൾ, ആ സ്ത്രീയുടെ ആന്തരാഗ്നിശിഖ ഒന്നു കീഴ്പോട്ടമർന്നു. കല്ലറയ്ക്കൽപിള്ളയുടെ സ്ഥിതിയെയും യോഗ്യതകളെയും അന്നു ഭർത്താവ് പ്രശംസിക്കുകയാണു ചെയ്തത്. തങ്ങൾക്കു ജീവധാരണം നിർവ്വഹിപ്പാൻ ദത്തമായ ധനത്തെ അദ്ദേഹത്തിന്റെ സൂക്ഷിപ്പിൽ ഏല്പിച്ചുകൊള്ളേണമെന്നാണ് അവസാനാജ്ഞയെന്നും അവർ സ്മരിച്ചു. തങ്ങളുടെ സമ്പൽസ്ഥിതികളുടെ പരമാർത്ഥം യഥാസന്ദർഭം ധരിപ്പിച്ചുകൊള്ളാമെന്നു നിശ്ചയിച്ചുകൊണ്ട് അനന്തര കലാപങ്ങൾക്കും പക്ഷേ, സംഭവിച്ചേക്കാവുന്ന ദുഷ്പരിണാമങ്ങൾക്കും കാത്തിരിക്കാതെ ദേവകിയെ ഉടനെതന്നെ ആ ഗൃഹസ്ഥനോടു സംഘടിപ്പിക്കാൻതന്നെ ആ സാധ്വി ഉറച്ചു. അഭയകേന്ദ്രലബ്ധിക്കുള്ള ഗാഢേച്ഛ ഇങ്ങനെ മൂർച്ഛയിലായപ്പോൾ ലക്ഷ്മിഅമ്മ കല്ലറയ്ക്കൽപിള്ളയുടെ പ്രധാന ഭൃത്യനും അഴകൻപിള്ള തുടങ്ങിയ അഷ്ടാവ

ക്രചതുഷ്കത്തിലെ ജ്യേഷ്ഠനുമായ മല്ലൻപിള്ളയെ ഉചിതമായുള്ള കൗശലപ്രയോഗങ്ങളാൽ തന്റെ ഇംഗിതനിർവ്വഹണത്തിനുള്ള സൂത്രധാരനാക്കി.

രണ്ടു ദിവസം കഴിയുന്നതിനു മുമ്പുതന്നെ കല്ലറയ്ക്കൽപിള്ള ക്ഷൗരാഭിലാഷിയായി. സ്വരജകന്റെ ഔദാസീന്യങ്ങൾ ശിക്ഷിക്കപ്പെട്ടു. ത്വക് പ്രഭാസാഹായ്യമായ അഭ്യംഗത്തിന്റെ വിനിയോഗത്തിൽ അദ്ദേഹം ഉദാരമതിയായി. അദ്ദേഹത്തിന്റെ പ്രച്ഛന്നപരിണയമോഹം പ്രകാശനിലയിൽ ആയപ്പോൾ അനംഗവിദ്യാലയത്തിലെ അഭ്യസനചര്യയെ തരണംചെയ്തതുപോലുള്ള ഒരു രസികമോടിയും അദ്ദേഹത്തിൽ പ്രത്യക്ഷീഭവിച്ചു. സൂത്രധാരനായ മല്ലൻപിള്ള തന്റെ യജമാനൻ, "നാലു കാര്യം അറിഞ്ഞ പിള്ളതന്നെ" എന്നുള്ള പ്രശംസാപത്രത്തെ ലേഖനം ചെയ്‌വാൻ സന്നദ്ധനായി, വിവാഹദിവസം നിശ്ചയിച്ചുകൊള്ളുവാൻ ലക്ഷ്മിഅമ്മയോടു ഗുണദോഷിച്ചു.

ഇതരന്മാർക്ക് അപ്രാപ്യമായിരുന്ന ആ സ്വയംപ്രഭാരാമം കല്ലറയ്ക്കൽപിള്ളയ്ക്ക് പ്രാകാരശൂന്യമായുള്ള സഞ്ചാരോദ്യാനം ആയിത്തീർന്നു. ലക്ഷ്മിഅമ്മ പുത്രിയുടെ സഞ്ചാരസ്ഥലങ്ങളായിരുന്ന തളത്തിലും അങ്കണത്തിലും കാമോദ്ദീപകമായുള്ള വിജനതയെ സംഘടിപ്പിക്കുമാറ്, ഗൃഹകാര്യഭാരങ്ങളാൽ എന്ന നാട്യത്തിൽ പാചകശാലാദ്ധ്യക്ഷ്യം വഹിച്ച് കാലയാപനം ചെയ്തു. ആ ബാണാസുരമന്ദിരം കാമിനീകാമുകസല്ലാപങ്ങൾക്കുള്ള നിർജ്ജനവാടിയായിത്തീർന്നപ്പോൾ കന്യകയുടെ ആത്മവിധാനത്തിന്റെ മർമ്മനാളത്തിൽ ലീനങ്ങളായുള്ള ധർമ്മാദർശ'ശങ്ക'കൾ ഉൽഫുല്ലങ്ങളായി. കാമുകന്റെ വേഷാഡംബരവും നവമായ ഭാഷാമൃദ്വീകതയും കൗമാരമാരത്വം നടിച്ചുള്ള അംഗവിക്ഷേപങ്ങളും ആ രൗദ്രസങ്കേതത്തിൽ അനുവദനീയങ്ങളോ എന്ന പ്രശ്നം പ്രകൃതിശിക്ഷിതയായ ആ അദ്ധ്യയിനിയുടെ ഹൃദയത്തിൽ അങ്കുരിച്ചു. രാഗാവേശത്താൽ മധുരഭാഷണത്തിന് പ്രേരിതനായ കല്ലറയ്ക്കൽപിള്ള "എന്റെ തങ്കക്കുടമേ!" എന്ന് സംബുദ്ധിമൗക്തികത്തെ പ്രക്ഷേപിച്ചപ്പോൾ പ്രിയതമാകർണ്ണങ്ങൾ മടുത്തു ഹസ്തതലങ്ങളാലുള്ള സംരക്ഷണത്തെ അംഗീകരിച്ചു. അനുഭവത്തിൽ ഉടജവാസിനിയായുള്ള ആ കന്യകയ്ക്കു തന്റെ കാമുകജിഹ്വയിൽനിന്നു ഗളിതമായ ശൃംഗാരോക്തി അപഥാനുകരണത്തിലോട്ടുള്ള വ്യതിയാനശകുനമായിത്തോന്നി. ഏണകിശോരങ്ങളോട്ട് അല്ലെങ്കിൽ പ്രകൃതിപ്രശാന്തതയിൽ വളർന്നുള്ള കന്യകാജനങ്ങളുടെ ഹൃദയവശീകരണം സാധിപ്പാനുള്ള പദ്ധതിയെക്കുറിച്ച് ഒരു നവപാഠം ഗ്രഹിച്ച കാമുകൻ സ്വകാമിനീ ഹൃദയത്തിന്റെ സ്ഫടികനിഷ്കളങ്കതയെ അഭിനന്ദിച്ചു.

ഭവനകൂടത്തെയും ഗൃഹാങ്കണത്തെയും ആച്ഛാദനം ചെയ്ത് അതുകളെ ശീതളതളിമവും വല്ലീഗൃഹവും ആക്കിത്തീർക്കുന്ന വൃക്ഷശാഖകൾ അനിലസമ്മേളനത്തെത്തുടർന്നു നടനംചെയ്ത് അവിടുത്തെ കാമുകയുഗ്മത്തിൽ ഉദിതങ്ങളായ അനുരാഗഛിദ്രങ്ങളെ അവരെക്കൊണ്ടു വിസ്മരിപ്പിക്കുന്നു. തെക്കുള്ള പ്രമദവനത്തിൽ വിഹരിപ്പാൻ എത്തിയ മയൂരമിഥുനങ്ങളുടെ കൂജനങ്ങൾ ആ അനംഗരംഗനർത്തകർക്കു സാഹ്യസംഗീതമായി സവിശേഷം ധ്വനിക്കുന്നു. വിശ്വസാക്ഷിപ്രധാനനായ സൂര്യൻ പ്രയാണക്ഷീണത്താൽ ആകാശമദ്ധ്യത്തിൽ നിലകൊണ്ടു ത്രസിക്കുന്നതിനിടയിൽ താഴത്തുള്ള ലതാനിബിഡതയെ വിച്ഛിന്നമാക്കി തരണംചെയ്തു ധീപ്രശോധനകർമ്മത്തെ നിർവഹിച്ചു നീങ്ങുന്നു. ഈ ഭാസ്കരായനത്തിനിടയിൽ അവിടത്തെ ചെറുമുറ്റത്തിൽ ഉല്ലേഖ്യങ്ങളായ രജതഖണ്ഡങ്ങൾ നമ്മുടെ

അനംഗാർച്ചകയുഗ്മത്തിന്റെ പുരോഭാഗത്തുള്ള അങ്കണത്തെ രത്നകംബളാച്ഛാദിതമെന്ന മട്ടിൽ അലങ്കരിക്കുന്നു. പാന്ഥദ്രോഹികളായ പറയസംഘത്തിന്റെ അസാന്നിദ്ധ്യത്തിൽ ജീവഭയംകൂടാതെ ദൂരത്തുള്ള രാജപഥത്തിൽകൂടി സഞ്ചാരം ചെയ്യുന്ന ജനതതിയുടെ മാർഗ്ഗശ്രമകരങ്ങളായ ഗാനങ്ങൾ, അസ്ഫുടമായുള്ള ഒരു മൃദുസ്വരപ്രവാഹമായി ആ രംഗത്തിൽ പ്രതിധ്വനിക്കുന്നു. ഈ അവസ്ഥാവിശേഷങ്ങൾക്കു കാമിനീകാമുകന്മാർ ജാഗരൂകരാകുന്നില്ല. താൻ പ്രയോഗിക്കാൻ ഉരുക്കഴിച്ചുവച്ചിരുന്ന പ്രണയവാചകങ്ങളെ പ്രക്രമമുഖത്തിൽ കിട്ടിയ പ്രഹരത്തെ ആദരിച്ചുപേക്ഷിച്ചുകൊണ്ടു്, കാര്യസാരജ്ഞന്റെ നിലയ്ക്കുള്ള ഗുണദോഷോപദേശരൂപത്തിൽ കാമുകൻ ഇങ്ങനെ തുടങ്ങി: "കേട്ടോ ദേവീ! അമ്മയൊണ്ടല്ലോ, അകത്തൊള്ളതൊന്നും പുറത്തു വിടുണില്ല. ഈ മട്ടിനുള്ള ഇരുപ്പ് എങ്ങു ചെന്നറുമെന്നു ആർക്കുതന്നെ അറിയാം? അഴകന്റെ അണ്ണന്മാരുതന്നെ പെണ്ണിനെക്കൊണ്ടുപോകണമെന്ന് എവനെ ഇട്ടു വട്ടംതിരിക്കുണു. അതുകൊണ്ടു് സുബദ്രാവരണമട്ടിൽ ഒന്നും വേണ്ട– നാലു പേരെ വരുത്തി നാട്ടുനടപ്പിൻപടി നടത്തുട്ടാൽ പെരിഞ്ചക്കോട്ടങ്ങേരെ മൂച്ചടച്ചുപോവും. ഇങ്ങ് പണ്ടാരവകക്കാര്യം നോക്കിനിന്ന് കല്ലറയ്ക്കലെക്കാര്യങ്ങളെല്ലാം തെന്തനത്തിലായിപ്പോണു. എന്റെ ദേവീനെ ഇട്ടേച്ചു പോവാനും മനസ്സു നിരക്കണില്ല."

ദേവകിഅമ്മ: "അച്ഛൻ നിശ്ചയിച്ച സ്ഥലമാണല്ലോ ഇതു്. വന്നിട്ടു് ഇഷ്ടംപോലെ നടത്തിക്കൊണ്ടു പോകുന്നതല്ലയോ മര്യാദ?"

കല്ലറയ്ക്കൽപ്പിള്ള: "അപ്പോപ്പിന്നെ പറഞ്ഞൊത്തതോ?"

ദേവകിഅമ്മ: "അതിനെന്തു മാറ്റം? വാക്കല്ലയോ മനുഷ്യർക്കു പ്രധാനം? എല്ലാം വിശ്വാംബികയുടെ തിരുവുള്ളമനുസരിച്ചു നടക്കുന്നു. അവിടുന്നു നമ്മെ രക്ഷിക്കട്ടെ!" ദേവകിയുടെ ഇമകൾ കീഴ്പ്പോട്ടമർന്നു; മുഖം പുളകാങ്കിതമായി.

ഈ ഉക്തികൾ തന്റെ ഗൃഹദേവിയെ തനിയ്ക്കു പ്രദാനംചെയ്യുള്ള വരണമന്ത്രമായിത്തന്നെ കല്ലറയ്ക്കൽപിള്ളയുടെ അന്തർന്നാളങ്ങളെ ആനന്ദിപ്പിച്ചു തളർത്തി. അദ്ദേഹവും പലദേവാലയപ്രതിഷ്ഠിതരായുള്ള അവതാരപുരുഷന്മാരുടെയും ദേവീദേവന്മാരുടെയും നാമങ്ങളെ സഹർഷം ഉച്ചരിച്ചു. വിശ്വം വിവിക്തരംഗമായി, പ്രശാന്തചന്ദ്രന്റെ വർണ്ണത്തെയും കൽക്കണ്ടത്തിന്റെ മധുരിമയെയും വിതരണം ചെയ്യുന്നതായി ആ രംഗവാസികൾക്കു തോന്നി. അഭൗതികശരീരികളായ ഗന്ധർവ്വമിഥുനംപോലെ രണ്ടുപേരും വിയന്മാർഗ്ഗത്തിൽ ഉൽപതിയ്ക്കുന്നതായി തോന്നിത്തുടങ്ങിയപ്പോൾ അച്ഛനോടുള്ള കൃതൃസ്മൃതി ദേവകിയുടെയും ഭാവിയെക്കുറിച്ചുള്ള അപരിജ്ഞേയത കല്ലറയ്ക്കൽപിള്ളയുടെയും ശരീരങ്ങളിൽ ഒരു ലോഹസ്വഭാവത്തെ സംജാതമാക്കി വിയദ്ഗമനത്തെ വിഘാതപ്പെടുത്തി. ആ മനോരാജ്യദമ്പതിമാർ അനന്തരകരണീയം എന്തെന്നു നിശ്ചയമില്ലാതെ അവരുടെ അപ്പോഴത്തെ ആനന്ദാനുഭൂതിക്കിടയിൽ അമ്പരന്നു. കാര്യനിരീക്ഷകനായ കല്ലറയ്ക്കൽ പിള്ളയുടെ നേത്രവിഭ്രമം ക്ഷണത്തിൽ അസ്തമിച്ചു. കഴിഞ്ഞ അല്പനേരത്തെ അവസ്ഥയെ ചിന്തിച്ചു് അദ്ദേഹം ഒന്നു

പൊട്ടിച്ചിരിച്ചു. കല്ലറയ്ക്കലോട്ടു മാറിപ്പാർക്കേണ്ട നിർബന്ധം ഉണ്ടാക്കുന്നതായ അവസ്ഥയും ഇങ്ങനെ ചുരുക്കത്തിൽ ധരിപ്പിച്ചു: "എന്റെ ദേവൂ! ഇവിടം എന്നു കുളംകൊരിപ്പോണ്ടുന്നറിഞ്ഞുകൂടാ. തിരുവുള്ളക്കേടു പറ്റിയടമാണിവിടം."

ദേവകിഅമ്മ: "അച്ഛൻ വന്നിട്ടതു പറയണം."

കല്ലറയ്ക്കൽപിള്ള: "അങ്ങേര് എന്നു വരുന്നോ? അതുവരെ നമ്മൾ ഈ കാട്ടുമാക്കാൻ പൊറുതിയിൽ കിടക്കണമെന്നോ? ദേവു എന്റെതായി; ഞാൻ ദേവൂന്റതുമായി. ഇനിപ്പിന്നെ അതുമിതും വിചാരിപ്പാനെന്തു? കാലം തിരിഞ്ഞുവരുണു. ഇവിടേന്നു തപ്പിപ്പെഴച്ചു ഒതുങ്ങിക്കൊണ്ടാൽ"

ദേവകിഅമ്മ: "ഇതെന്ത് നിർബ്ബന്ധമാണ്? എനിയ്ക്ക് തോന്നിയതുപോലെ ഇപ്പോൾ ഇറങ്ങിപ്പോന്നാൽ അവിടുത്തേക്ക് തോന്നുന്നതുപോലെ ഒരു കാലത്ത് ഇങ്ങോട്ടും ഇറങ്ങിപ്പോരേണ്ടിവരില്ലേ?"

കല്ലറയ്ക്കൽപിള്ള: "പുള്ളി കൊറഞ്ഞ പുള്ളിയല്ല. വല്ല കൊട്ടാരമോ മട(ഠ)മോ ഭരിച്ചു ഉ(വി)ലസേണ്ടവൾ. പിന്നേ, നിങ്ങളപ്പോ വടക്കങ്ങ് എവ്ടയോള്ളോരെന്ന് ഇനിയെങ്കിലും പറവിൻ?"

ഈ ചോദ്യം ദേവകിക്കു രസിച്ചു. തന്റെ പൂർവ്വചരിത്രം ഗ്രഹിപ്പാൻ അവൾക്കും അതിയായ ആഗ്രഹം ഉണ്ടായിരുന്നു. കല്ലറയ്ക്കൽപിള്ളയെ പ്രശ്നകാരിയായി മുൻനിറുത്തി ആരായുന്നതായാൽ ഇംഗിതാപ്തി ഉണ്ടാകുമെന്നു ചിന്തിച്ചു കന്യക മാതാവെ വിളിച്ചു. ലക്ഷ്മിഅമ്മ വിജയാന്തോളസ്ഥയായി രംഗത്തിൽ പ്രവേശിച്ചു. ദേവകി എഴുന്നേറ്റു പരസ്വമായിത്തീർന്ന സരസകുമാരിയുടെ നാട്യത്തിൽ മാതാവോടു ചേർന്നുനിന്ന് ഒരു കുടുംബിനിയുടെ കുശലാന്വേഷണസ്വരത്തിൽ ഇങ്ങനെ ചോദിച്ചു: "അമ്മേ, നമ്മുടെ വീടെവിടെയെന്നു പറയണം. അതു കേട്ടില്ലെങ്കിൽ അദ്ദേഹത്തിനുറക്കംവരില്ലെന്നു പറയുന്നു."

ലക്ഷ്മിഅമ്മ: "അതെല്ലാം നിന്റെ അച്ഛൻ പറയണം. എനിയ്ക്കിവിടെ എന്തു സ്വാതന്ത്ര്യമുണ്ടു്? ആ നിലയിലാണല്ലോ നിങ്ങളുടെ ഇവിടത്തെ അഷ്ടപദിയെല്ലാം നടന്നിരിക്കുന്നതു്."

ദേവകി മാതാവിന്റെ കൈകളിൽ ഒരു ദംശനക്രിയ അഭിനയിച്ചില്ലേ എന്നൊരു ശങ്ക. കല്ലറയ്ക്കൽപിള്ള സ്ത്രീയുമ്മത്തിന്റെ 'അയിത്ത'ദ്വേഷത്തെ ആദരിക്കാൻ മറന്ന്, ലജ്ജാപ്രകടനമായി വിരൽ കടിച്ചു. "വെള്ളം ആ കിണ്ടിയിലുണ്ടു്" എന്നുള്ള ഉപദേശത്തോടെ ലക്ഷ്മിഅമ്മ തുടർന്നു: "എങ്കിലും ഒന്നു പറയാം. ഞാൻ ജനിച്ചതു് – എന്റെ ദേവകീ, എന്റെ പിള്ളേ, കാലപ്പിഴകൊണ്ടു ഞാൻ ഒരു രണ്ടാം ജന്മത്തിലായി. നിന്റെ അച്ഛനെ ദേവി വിശ്വാംബിക എന്റെ രക്ഷിതാവായി എത്തിച്ചു. ഇത്രയല്ലാണ്ടു് എന്ത് പറയുന്നു!"

കല്ലറയ്ക്കൽപിള്ള: "അതല്ലമ്മേ! ഊരുകാർ എന്നു പറയുന്നവർ എല്ലാത്തിലും നുഴയും – ഏതു തറവാടെന്നോ മറ്റോ കേട്ടാൽ – ഊരും വീട്ടുപേരും ചൊല്ലിയേച്ചാൽ —"

ലക്ഷ്മിഅമ്മ: "ദമയന്തി ചേദിരാജ്യത്തു ചെന്നപ്പോൾ ആരാണെന്ന് പരമാർത്ഥം പറഞ്ഞുവോ?"

ആ കഥാഘട്ടവും അയ്യനപ്പിള്ളയും അപരിചിതരായിരുന്നെങ്കിലും "അതു പറഞ്ഞില്ല. പറഞ്ഞില്ല" എന്ന് പുരാണപണ്ഡിതശിരോരത്നത്തിന്റെ ഭാവത്തിൽ അദ്ദേഹം സമ്മതിച്ചു.

ലക്ഷ്മിഅമ്മ: "അതുപോലെ ചിലതൊക്കെ ചിലപ്പോൾ ഒളിക്കേണ്ടിവരും."

കല്ലറയ്ക്കൽപിള്ള: "ദിക്കെങ്കിലും പറയണം. ദേവന്റെ അച്ഛനെപ്പോലെതന്നെ അവൾക്കു വരുന്നവനെയും വിശ്വസിക്കണ്ടയോ? നിങ്ങളുടെ നന്മയും തിന്മയുമെല്ലാം അവന്റെ തലയിലും കൂടിയല്ലയോ?"

ലക്ഷ്മിഅമ്മ: "എന്തു പറയുന്നു പിള്ളേ! പരമശിവൻ സാക്ഷി. ബന്ധുവും ബന്ധങ്ങളുമെല്ലാം ദ്വേഷിച്ചു എന്നല്ലാതെ ഞാൻ ഒന്നും പിഴച്ചിട്ടില്ല. പിഴച്ചു എന്നു വിധിച്ചവരെ ഞാൻ ശപിക്കുന്നുമില്ല. ദോഷം വരുത്തിയ കർമ്മശക്തിതന്നെ പിന്നീടൊരു വഴിയും കാട്ടി. അദ്ദേഹം ശ്രീമാൻ; ഞങ്ങൾക്ക് ഐശ്വര്യം വരുത്താൻ എന്തെല്ലാമോ പ്രവർത്തിച്ചിരിക്കാം."

കല്ലറയ്ക്കൽപിള്ള: "അതിന്റെ ചുരുക്കമെല്ലാം ഇവനറിയാം. ഈ കൊഴാമറിച്ചിൽ എല്ലാം വരുത്തണതു് ആ പറപാണ്ടേടെ കൂട്ടുകെട്ടുകൊണ്ടാണ്. ഇന്ന് ആ പേരു കേൾക്കുമ്പോൾ ഇവിടമെല്ലാം കിടുങ്ങും. ഇനിയെങ്കിലും വീട്ടുമുട്ടിനു പാർപ്പും മറ്റും ആക്കിക്കൊണ്ടാൽ -പിന്നേ- ദിവാൻജി അങ്ങത്തെ കണ്ടപ്പോൾ അദ്യം എന്തെല്ലാമോ കിണ്ടിക്കിളച്ചു ചോദിച്ചുട്ട് –"

പറപാണ്ടയുടെ നാമത്തെ കല്ലറയ്ക്കൽപിള്ള ഉച്ചരിച്ചതോടുകൂടി ലക്ഷ്മിഅമ്മ ഒരു ചിന്തയിൽ ആമഗ്നയായി. ദിവാൻജിയുടെ ചോദ്യങ്ങൾ ഉണ്ടായി എന്നു കേട്ടപ്പോൾ മനോരാജ്യത്തിൽനിന്നു പെട്ടെന്നു വിരമിച്ചതുപോലെ, അവർ, "ആരോടുള്ള കൂട്ടുകെട്ടെന്നാണ് അയ്യനപ്പിള്ള പറഞ്ഞതു്?" എന്നു സംഭ്രമസ്വരത്തിൽ ചോദിച്ചു.

കല്ലറയ്ക്കൽപിള്ള: (ദേവകിയെ നോക്കിയിട്ട്) "പിന്നെപ്പറഞ്ഞാൽ പോരയോ?"

ദേവകി: "അതെന്തിന്? ഇപ്പോൾത്തന്നെ പറയണം. കണ്ടവൻ ചെയ്യുന്ന കുറ്റങ്ങൾ അച്ഛന്റെമേൽ ചുമത്തുന്നതു് അദ്ദേഹം ആരെയും പേടിയ്ക്കാത്തതുകൊണ്ടാണ്. നേരെ പറയണം, ആരുടെ അടുത്തുള്ള കൂട്ടുകച്ചവടമെന്ന് മോഹാലസ്യപ്പെടില്ല." നെറ്റത്തടത്തിലെ ചന്ദനവരിക്കുറി പൊടിഞ്ഞിളകി തരികളായി കീഴ്പ്പോട്ടിഴിഞ്ഞു. താഴത്തുള്ള പുരികക്കൊടികൾ കല്ലറയ്ക്കൽപിള്ളയുടെ മനസ്സിനെ ഒരു പടികൂടി അപഹ

രിക്കുമാറ് വക്രിക്കുകയും ചെയ്തു. അദ്ദേഹം കന്യകയുടെ സമീപത്തോട്ട് അല്പം അടുത്തിട്ട് "ചണ്ടപിടിപ്പാനല്ല ഞാൻ ഇവിടെ ഫയനം കിടക്കുണതു്" എന്ന് അവളുടെ പ്രിയാർത്ഥിയുടെ നിലയിൽ ധരിപ്പിച്ചു.

ദേവകി: "അവിടുന്ന് അന്തസ്സുള്ള ആളല്ലേ? ഞങ്ങടെ രണ്ടാം രക്ഷിതാവുമാണ്. ഇങ്ങോട്ട് ഭജിക്കുന്നെന്നു പറയുന്നതിന് അർത്ഥമെന്ത്? ഞങ്ങളെക്കുറിച്ചു സ്നേഹം ഉണ്ടെങ്കിൽ അവന്റെ പേര് ഒന്നുകൂടിപ്പറയണം.?"

കല്ലറയ്ക്കൽപിള്ള: "ഇല്ലത്തെക്കേക്കാവും കാലായും കിഴക്കേ പെരുവഴിയിൽ ചെന്നു മുട്ടുന്നെടത്തു്, ഒരു കല്ലമ്പലവും നീരാഴിയും പാറക്കെട്ടും കരിമ്പനക്കൂട്ടവും പെരുംകാടുമൊണ്ടു്. അവിടെ വാഴ്ചകൊണ്ടു കൂടിമുടിക്കണതു് ഒരു പറയനാണ്. ദേവൂന്റെ അച്ഛൻ ഒന്നു കണ്ണുതൊറന്നാൽ അവൻ പൊടിഞ്ഞൂന്നാണ് എല്ലാരയും നമ്പിയ്ക്കു."

ദേവകി, "കണ്ടവന്റെ കുറ്റം അച്ഛന്റെമേൽ ചുമത്തരുതു്" എന്നുപറഞ്ഞു പിന്നെയും പോർവ്വട്ടത്തിനുതന്നെ ഒരുമ്പെട്ടു. എന്നാൽ സംവാദം അവസാനിപ്പിക്കണമെന്നു തോന്നി ലക്ഷ്മിഅമ്മ മകളെ നീക്കിനിറുത്തീട്ടു മുന്നോട്ടു നീങ്ങി, "പിള്ളേ! ഈ വേണ്ടാക്കാര്യങ്ങൾ പറഞ്ഞും ഓരോന്നു ചിന്തിച്ചും നിശ്ചയിച്ച കാര്യങ്ങൾക്കു വിഘ്നം വരുത്തരുതു്; കുറ്റക്കാരെ ശിക്ഷിക്കട്ടെ; പിള്ളയ്ക്കു് പേടിക്കാനില്ലല്ലോ. ഞങ്ങടെ കാര്യം കയ്യേറ്റാൽ – ഒട്ടും പതറണ്ട; നല്ല സ്ഥിതിയിൽ കഴിയാൻ ഞങ്ങൾക്കും പ്രത്യേകം സ്വത്തുണ്ടു്" എന്നു പറഞ്ഞു.

കല്ലറയ്ക്കൽപിള്ളയുടെ അന്തർഭൂതം ദേവേന്ദ്രന്റെ ഒരു ക്ഷണപത്രത്തെയും മാതലിയാൽ തെളിക്കപ്പെട്ടിട്ടുള്ള ഇന്ദ്രരഥത്തെയും സന്ദർശിച്ചു. ധനത്താൽ ജാതിന്യൂനതകൾ പരിഹരിയ്ക്കപ്പെടുമെന്നും നിയമലംഘനങ്ങൾ ക്ഷന്തവ്യങ്ങൾ ആകുമെന്നും ദർശിച്ച് ആ പ്രണയവാൻ ഒരു മാനസസരസ്സിൽ സ്നാനം കഴിഞ്ഞുള്ള പരമോല്ലാസപദവിയെ അവലംബിച്ചു സ്ഥിതിചെയ്തു. എങ്കിലും, അദ്ദേഹം ഏതുമല്ലാത്ത നാട്യത്തിൽ ഇങ്ങനെ പറഞ്ഞു: "പുടവകൊടയും അങ്ങോട്ടു പോരണതും കയ്യോടെ നടക്കട്ടെ എന്നു ചൊല്ലിയപ്പം ദേവുവല്ലിയോ പടുത്തുകളയണതു്? എല്ലാം ഒരു ചുഴുവിൽ നടത്തിയൂട്ടാൽ കേപ്പാനും കാര്യമെടുപ്പാനും വരുണവരാരെന്നോ?"

ദേവകി: "അമ്മ എന്തു പറഞ്ഞാലും അവിടന്ന് എന്തു നിശ്ചയിച്ചാലും അച്ഛൻ വന്നുതന്നെ എന്നെ അങ്ങോട്ടു ഏൾപ്പിക്കണം. എന്റച്ഛൻ ദുഷ്ടൻ, ശിക്ഷ ഏറ്റുപോകും എന്നു ഞാൻ സമ്മതിച്ച് എന്റെ നിലവിട്ടു കൂടിപ്പോന്നാൽ – അമ്മേ! അച്ഛന്റെ ശാപമേൾക്കാൻ ഞാൻ ആളല്ല. ആ പാടത്തിൽ കിടക്കുന്ന കന്നുകാലിക്കൂട്ടത്തിൽ എന്നെ കണക്കാക്കിക്കളയരുതു്."

കല്ലറയ്ക്കൽപിള്ള സ്വകാമിനിയുടെ വാഗ്വൈഭവം ഉല്പാദിപ്പിച്ച സന്തുഷ്ടിപ്രസരത്തോടെ 'അണ്ടിയോടടുക്കുമ്പോൾ മാങ്ങയുടെ പുളിയറിയാം എന്നു പണ്ടൊള്ളോർ പറഞ്ഞതു ബുദ്ധി' എന്നു ചിന്തിച്ചുകൊണ്ടു് ലക്ഷ്മിഅമ്മയെ നോക്കി ദേവകിയുടെ പ്രാഗല്ഭ്യത്തെ

ഇങ്ങനെ പ്രശംസിച്ചു: "മകള് നാക്കും പേച്ചുമില്ലാത്ത കൊച്ചായി പമ്മിപ്പമ്മി ഇരുന്നേച്ച് ഇപ്പം ഫക്കനേ അല്യോ എടുത്തു ചാടുന്നാള് –" ബാല്യം മുതൽ അഭ്യസിച്ചിട്ടുള്ള വഴി തുടർന്നു തന്റെ നാവ് പ്രവർത്തനം ചെയ്തുപോയതിലുള്ള ലജ്ജാകുണ്ഠിതങ്ങളോടുകൂടി സ്വ ഭാഷണത്തെ കല്ലറയ്ക്കൽ പിള്ള ഉപസംഹരിച്ചുനില്ക്കുന്നതിനിടയിൽ ലക്ഷ്മിഅമ്മ ഭയാവേഗ ത്തോടെ ഇങ്ങനെ പറഞ്ഞു് അദ്ദേഹത്തിന്റെ വാക്കുകളെ തടഞ്ഞു: "നില്ക്ക ദേവീ! ആരോ കാടു ഞെരിക്കുന്നു. അതാ തകർക്കുന്നു. ആരവം കൂടിവരുന്നു. അന്നു രാത്രിയിലെപ്പോലെ പിന്നെയും (തന്നേ മറന്ന്) ആ ബൗദ്ധൻ പണ്ടു വന്നപ്പോഴെപ്പോലെ ഇപ്പോഴും – എന്റെ ദേവീ! ഞങ്ങൾക്കിതിലെല്ലാമെന്ത് ബന്ധം? തിരുവുള്ളമെങ്കിൽ, ജന്മം ഒടുങ്ങിച്ചുകൂട്ടണേ!" അവസാനവാക്കുകൾ സാവധാനത്തിലും കല്ലറയ്ക്കൽപിള്ളയുടെ ശ്രദ്ധ ഇതരവിഷയത്തി ലും ആയിരുന്നതിനാൽ ലക്ഷ്മിഅമ്മയുടെ പരിദേവനസാരം അദ്ദേഹം ഗ്രഹിച്ചില്ല. കാവു ഞെരിച്ചുകൊണ്ട് അഴകൻപിള്ളയെക്കാൾ പുഷ്ടിയുള്ള ഒരു അഷ്ടാവക്രൻ ആ മഠക്കെട്ടിന്റെ മുറ്റത്തു പ്രവേശിച്ചു. തന്റെ ഭൃത്യന്റെ മുഖം വാടിക്കണ്ടതുകൊണ്ട് കല്ലറയ്ക്കൽപിള്ള പെരി ഞ്ചക്കോടന്റെ വരവുണ്ടാകുന്നു എന്നു തീർച്ചയാക്കി. "എന്തെടാ! പെരിഞ്ചക്കോട്ടങ്ങേര് തിരിച്ചുവന്നുട്ടോ?"

ഭൃത്യൻ: "ഇല്ലില്ല. വേറെ ആരാണ്ടോ വരുണാര്. എമ്പാടും പുള്ളിപ്പട്ടാളപ്പുള്ളിയും ചാടു ണാര്. പെരിഞ്ചക്കോട്ട് മേലേപ്പൊറ്റ എറങ്ങി അതാ അങ്ങോട്ട് ഓടുണാര്."

കല്ലറയ്ക്കൽപിള്ള: "അന്നു വന്ന ആ സ്വാമിയാരങ്ങേരുകൂടി ഒണ്ടോ?"

ഭൃത്യൻ: "ഇപ്പം വരണതു് ആ പൂയാരീം മറ്റുമല്ല. ഒടയതമ്പുരാൻതന്നെ. തങ്കം പൂയിയ ഒരു കൊമരൻ ഒരു പഞ്ചകല്യാണീക്കേറി തോക്കോ വാളോ എന്തെല്ലാമോ കെട്ടിയി ട്ടോണ്ടു 'ധടപടാ'ന്നു ചാടി എറങ്ങി ചുട്ടൂടാനോ കരിച്ചൂടാനോ ഒക്കെ ചൊല്ലുണാര്."

ലക്ഷ്മിഅമ്മ (ആർത്തസ്വരത്തിൽ) : "അദ്ദേഹത്തെ തിരക്കിവരുന്നവരാണ്. എന്റെ പിള്ളേ! ഞങ്ങൾക്കു വേറൊരു സഹായവുമില്ല. എന്തുവന്നാലും അദ്ദേഹത്തെ താ ങ്ങിനില്ക്കണം."

കല്ലറയ്ക്കൽപിള്ള നെഞ്ചുതടവി ചിന്താപരവശനായി നിന്നു. രാജശക്തിയാൽ നിയു ക്തന്മാരായ വീരഭദ്രന്മാർ രണ്ടാമതും പെരിഞ്ചക്കോട്ട് ആക്രമിക്കുന്നെങ്കിൽ സംഹാരവിധി കല്പിക്കപ്പെട്ടിരിക്കണം എന്നു ചിന്തിച്ച് അദ്ദേഹം ജഡമാത്രനായിത്തീർന്നു. ദേവകിയോ ടുള്ള തന്റെ കാമുകബന്ധവൃത്താന്തം രാജസന്നിധിയിൽ എത്തി, വല്ല വിശ്വാസ്യതാലവ വും തന്റെ പ്രജാസ്ഥാനത്തിനുണ്ടായിരുന്നെങ്കിൽത്തന്നെ അതിനെയും നഷ്ടമാക്കിയിരി യ്ക്കാമെന്നും അദ്ദേഹം ഖേദിച്ചു. 'എന്തായാലും പ്രധാന ഭവനത്തിലോട്ട് ചെല്ലുക' എന്നു നി ശ്ചയിച്ചുകൊണ്ട് അദ്ദേഹം അങ്ങോട്ടു തിരിച്ചു. ആ സന്ദർഭത്തിലെ അനുഷ്ഠേയവിധങ്ങ ളെക്കുറിച്ച് കേവലം ശിശുപ്രായവിജ്ഞാനവതി ആയ ദേവകി മുറ്റത്തോട്ട് ചാടി, തന്റെ കന്യകാത്വത്തെ വിസ്മരിച്ച്, കല്ലറയ്ക്കൽപിള്ളയുടെ കൈയ്ക്ക്പിടിച്ചു നിറുത്തിയിട്ട്, സവീര്യ യായി ഇങ്ങനെ ഒരു ബോധനാസ്ത്രം പ്രയോഗിച്ചു: "ഇതാ കേൾക്കണേ. ഞാൻ കാട്ടുജന്തു.

കാര്യങ്ങൾ അറിഞ്ഞുകൂടാത്ത സാധു. എങ്കിലും ഒന്നു പറയുന്നു. അച്ഛനെ ആവതും രക്ഷിച്ചുകൊണ്ടില്ലെങ്കിൽ ഇങ്ങനെ ഒരു പെണ്ണുണ്ടെന്ന് അവിടുന്നു വിചാരിക്കണ്ട. ഇവിടുന്ന് എനിക്കു ജീവനായി; എങ്കിലും അമ്മയെ ചാകാതെ രക്ഷിച്ചതും എനിയ്ക്ക് ജീവൻ തന്നതുമായ ആ പുണ്യവാൻ ഞങ്ങൾക്കു ദൈവം." ഇങ്ങനെ ഉഗ്രവീര്യത്തോടെ ധർമ്മാഖ്യാനം ചെയ്യുന്ന കന്യകയും താനും തമ്മിലുള്ള അന്തരത്തെ ചിന്തിച്ച് കല്ലറയ്ക്കൽപിള്ള കേവലം മൂകനെന്നപോലെ ശിരോവിക്ഷേപണങ്ങളാൽ ആജ്ഞാസ്വീകാരം അഭിനയിച്ചു നടകൊണ്ടു.

ദേവകി മാതൃസമീപത്തോട്ട് അണഞ്ഞു് നിയമപ്രകാരം അവരുടെ വക്ഷസ്സോടു ചേരാതെ, അച്ഛൻ നിമിത്തം നേരിട്ടേക്കാവുന്ന ആപത്തിന്റെ യഥാർത്ഥ പരിമാണം ഗ്രഹിപ്പാൻ തന്റെ പൂർവ്വചരിത്രത്തെക്കുറിച്ചു കാര്യാന്വേഷണങ്ങൾ തുടങ്ങി: "എന്തെല്ലാമാണമ്മേ? പരമാർത്ഥം പറയണം. നാം എവിടത്തുകാർ? എന്തു ജാതി? ഏതു കുലം? ഇവിടെ എങ്ങനെ വന്നു? എന്തു സംഗതിവശാൽ അങ്ങേവീട്ടിൽപോലും ചെല്ലാൻ സമ്മതിക്കാതെ ഇവിടെ കെട്ടിപ്പൂട്ടി വളർത്തുന്നു? അച്ഛനും ഇന്നു പേരുപറഞ്ഞ ആ മഹാഘാതകനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? അമ്മയും കല്ലറയ്ക്കൽ അദ്ദേഹവും ഇത്ര നടുങ്ങുന്നതെന്തിന്? നമുക്കു മേലേടത്തു ഗതിയെന്ത്?"

ലക്ഷ്മിഅമ്മ: "മേലേടത്തേയ്ക്ക് രാജകന്യകയായിക്കഴിയാൻ അച്ഛൻ നിന്നെ സമ്പന്നയാക്കീട്ടുണ്ട്. അതുകൊണ്ടു നീ ഒന്നും ചിന്തിക്കേണ്ട."

ചാണ്ഡാലബന്ധു എന്നുംമറ്റും അപഹസിക്കപ്പെട്ട പുണ്യശ്ലോകന്റെ വാത്സല്യധോരണിയെ ചിന്തിച്ചു കന്യക ആപാദമസ്തകം വിറച്ചു പൊട്ടിക്കരഞ്ഞു. ബന്ധിച്ചിരുന്ന കേശം ആ ദേഹക്ഷീണത്താലുണ്ടായ ചാഞ്ചാട്ടത്തിൽ ഉലഞ്ഞഴിഞ്ഞു ദേവീവിഗ്രഹങ്ങളെ താങ്ങുന്ന 'പ്രഭ' എന്നപോലെ ലംബമാനമായി. ശോകാരുണിമയാൽ ആ കായസുവർണ്ണതവൈദ്യുതദ്യുതിയെത്തന്നെ അവലംബിച്ചു. അശ്രുപൂർണ്ണമായുള്ള നേത്രങ്ങൾ വികസിച്ചു നീലോല്പലപ്രഭയെന്നുള്ള കവിസങ്കല്പത്തെ അനുഭാവ്യമാക്കി. ശോകസങ്കലിതമായ ക്ഷീണോക്തികൾ വൈകുണ്ഠവാസിയുടെ യോഗനിദ്രയെ ഭംഗപ്പെടുത്താതെ പ്രയോഗിക്കപ്പെടുന്ന ശ്രീനാരദന്റെ വീണാലാപമൃദുമധുരിമയെയും വിജയിച്ചു. പുത്രിയുടെ നിർബ്ബന്ധം മഹാവിപത്തിന്റെ കവാടഭേദനകർമ്മമെന്ന് ലക്ഷ്മിഅമ്മ ശങ്കിച്ചു സ്തബ്ധചിത്തയായി അല്പനേരം നിന്നു. പുത്രിയുടെ കായമനസ്സുകൾ തരളങ്ങളായി, അവൾ വിശ്വക്ഷോഭജനകമായുള്ള സൗന്ദര്യകാന്തിപൂരത്തോടെ നിലകൊണ്ടപ്പോൾ സ്വപുത്രിയുടെ കാമുകനും ആശക്തിത്രയീജ്യോതിസ്സും തമ്മിലുള്ള ഭ്രസ്വർഗ്ഗവ്യത്യാസത്തെ ചിന്തിച്ചു മാതാവിന്റെ മനസ്സു കലങ്ങി. ഗത്യന്തരമില്ലാത്ത അവസ്ഥകളിൽ കുടുങ്ങിപ്പോകുമ്പോൾ വീരകേസരികളും നിഷ്പൗരുഷകീടങ്ങളായിത്തീരുന്നു. ഏതദ്വിധമായുള്ള അണുമാത്രാവസ്ഥയിൽ എത്തുന്ന സ്ത്രീകളുടെ നിരാലംബബോധം അവരെ എങ്ങനെ വ്യാകുലപ്പെടുത്തുന്നു എന്നുള്ളത് ഊഹ്യമത്രേ.

ലക്ഷ്മിഅമ്മ ജഗൽസ്ഥിതികളുടെ അസ്ഥിരതയെപ്പറ്റി പ്രസംഗിച്ചിട്ട് തങ്ങൾക്കു കല്ലറയ്ക്കൽ പിള്ളയെ ഒരു അഭയപ്രദനായി കിട്ടിയിരിക്കുന്ന ഭാഗ്യം സുഖൈശ്വര്യപൂർണ്ണമായ ഭാവിയെ സുദൃഢമാക്കുന്നു എന്നു പ്രസ്താവിച്ച് പുത്രിയുടെ മനഃക്ലമത്തെ വിച്ഛേദിപ്പാൻ യത്നിച്ചു. എന്നാൽ സ്വജന്മഹേതുകനെന്നു വിശ്വസിക്കപ്പെടുന്ന വീരകേസരിയെ ആവരണംചെയ്തിരിക്കുന്ന ആ സൗന്ദര്യവല്ലിയുടെ ദേഹി ആ മാതാവിന്റെ സാന്ത്വനങ്ങളെ ശ്രവണം ചെയ്തില്ല. കാര്യപ്രതീക്ഷകിയായുള്ള മാതാവും ഗ്രാമീണകാമുകനായുള്ള കല്ലറയ്ക്കൽപിള്ളയും ചരിക്കുന്ന നികൃഷ്ടവലയത്തിൽനിന്ന് എത്രയോ അത്യുന്നതമായുള്ള ഒരു ദിവ്യമണ്ഡലത്തിൽ ആ കന്യകയുടെ അന്തഃകായം വിശ്വരക്ഷാമൂർത്തിയുടെ പാദപ്രാർത്ഥനയിൽ ലീനമായിരുന്നു.

മതിൽക്കെട്ടിന്റെ കിഴക്കേ ദ്വാരപ്രദേശത്ത് ഒരു സംഭാഷണം കേട്ടുതുടങ്ങി.

അന്യൻ: "ഇവിടെ ഇല്ലല്ലോ. പിന്നെ എന്തിന് അങ്ങോട്ടു കേറുന്നു?"

കല്ലറയ്ക്കൽപിള്ള: "അങ്ങതും ഇങ്ങതും വീട്ടുകാരു തമ്മിൽ ഉള്ളിരിപ്പു വിട്ടു പേശുമ്പം അതിപ്പിന്നെ എന്തരു മായങ്ങള്? ദിവാൻജിയജമാനൻ പിള്ളയ്ക്ക് അമ്മാവൻ; നമുക്കു പോറ്റി. കല്പനപ്പടി തെരയുമ്പം ഒളിപ്പോരാര്, ചിതപ്പോരാര്? തിരുവാണപ്പടിയാണെ, അങ്ങേര് തിരുവനന്തപുരത്തോട്ടു പോയതിപ്പിന്നെ ഇങ്ങോട്ടു തിരിഞ്ഞുനോക്കിയിട്ടില്ല. ഒരു തേട്ടവും ഇങ്ങോട്ടു കൊണ്ടുവന്നിട്ടുമില്ലേ. ഇവിടെ ആളുമാഞ്ചാതിയും ഇക്കണ്ടതൊക്കെത്തന്നെ. ആ അഴകുച്ചെവിത്താൻ എങ്ങോ?"

അന്യൻ: "അയാൾ കല്പനപ്പടി ദിവാൻജിയജമാനന് അകമ്പടി സേവിക്കുന്നു. എന്നാൽ പിന്നെ എനിക്കു വരുതി."

കല്ലറയ്ക്കൽപിള്ള, "വരട്ടെ, വരട്ടെ. ഇത്തിരി വല്ലതും തൊട്ടു തെറിച്ചേച്ചെങ്കിലും പോയില്ലെങ്കിൽ ഈ ആളുകൾക്കു പോരായ്മയല്യോ?" എന്നു ക്ഷണിച്ചപ്പോൾ, "ഹേയ്! ഇതാ ഇപ്പോൾ എത്തും അച്ഛന്റെ വീട്ടില്" എന്നുത്തരം പറഞ്ഞ ത്രിവിക്രമകുമാരനെ ബലാൽക്കാരേണ പിടിച്ച് അവിടത്തെ സാദ്ധ്വീയുമത്തിന്റെ ഗ്രഹസന്ധിഘോഷത്താൽ അദ്ദേഹം ഗൃഹമുറ്റത്തോട്ടു പ്രവേശിപ്പിച്ചു.

യുദ്ധരംഗത്തിൽനിന്ന് സാവിത്രിയെ അന്വേഷിപ്പാൻ എന്നുള്ള നാട്യത്തിൽ ഓടിക്കപ്പെട്ട് കഴക്കൂട്ടത്ത് മീനാക്ഷിഅമ്മയെയും തിരുവനന്തപുരത്ത് കുഞ്ഞെക്കുട്ടിപ്പിള്ളയെയും സന്ദർശിച്ചിട്ട് പെരിഞ്ചക്കോട്ടെത്തുമ്പോൾ സ്വപ്രണയിനിയെ കണ്ടുകിട്ടിയേക്കുമെന്ന വിചാരത്തോടെ വന്നു ഭഗ്നാശനായിത്തീർന്നിരിക്കുന്ന ത്രിവിക്രമകുമാരനെയാണ് കല്ലറയ്ക്കൽ പിള്ളയായ സൂത്രധാരൻ വിദൂഷകബുദ്ധ്യാ രംഗപ്രവിഷ്ടനാക്കിയത്. ക്ഷാത്രകുലദൃഷ്ടിയിൽ പക്ഷപാതിയായ ബ്രഹ്മാവാൽ സശ്രദ്ധം രചിയ്ക്കപ്പെട്ടിട്ടുള്ള ആ കനകസിംഹയുവാവിന്റെ പാദസ്പർശം ഉണ്ടായപ്പോൾ, ആ ആശ്രമമണ്ഡലം സരസസമിതികളിൽ പ്രകടിതങ്ങളാകുന്ന വികാരകലാപങ്ങളുടെ നാഗരികക്ഷേത്രമായിത്തീർന്നു. നമ്മുടെ യുവയോദ്ധാവും

കർഷകപ്രധാനനുംകൂടി മന്ദിരത്തിന് അഭിമുഖരായി മുറ്റത്തു നിലകൊണ്ടപ്പോൾ, ശ്രീ രാമഗ്രഹന്മാർ തമ്മിൽ സങ്കല്പിക്കപ്പെട്ടിട്ടുള്ള വ്യത്യാസത്തെ ലക്ഷ്മിഅമ്മ സന്ദർശിച്ചു. സൗഷ്ഠവപരിപുഷ്ടി ചേർന്നുള്ള ആ കനകശരീരത്തിന്റെ കാന്തിധാടിയും മുഖത്തിന്റെ സുസ്മേരസങ്കലിതമായുള്ള വീര്യതേജസ്സും, വക്ഷസ്സിന്റെ പൗരുഷസ്ഫുരണംചെയ്യുന്ന വിസ്തൃതിയും, ഭുജങ്ങളുടെ സംഹാരകദണ്ഡത്വവും സഞ്ചാരത്തിലെ രമണീയതരമായുള്ള ലാഘവവിലാസവും മുഖേന്ദുബിംബത്തിന്റെ ശിരോഭാഗത്തെ ആവരണം ചെയ്യുന്ന കേശത്തിന്റെ സമൃദ്ധിയും അതിനെ ഗോപകുമാരസങ്കൽപത്തിനു ചേർന്ന വിധിയാൽ കണ്ഠത്തോളം വളർത്തി ഖണ്ഡിച്ചിരിക്കുന്നതുകൊണ്ടുള്ള രാജസരസികതയും തന്റെ പ്രാർത്ഥനാമൂർത്തിയായുള്ള ഭഗവാൻ പരമശിവൻ പ്രത്യക്ഷദർശനം നല്കുന്നുവോ എന്നുള്ള ഭ്രമത്തെ ദേവകീഹൃദയത്തിൽ സംജാതമാക്കി. തപോബലംകൊണ്ടു് സിദ്ധിക്കാവുന്ന വിധത്തിലുള്ള ദർശനമല്ലെന്നും മാംസേക്ഷണങ്ങൾക്കു ഭൗമബന്ധങ്ങളിൽ ലബ്ധമാകുന്ന ലോകസോപാനപരമ്പരകളിലെ ഉന്നതവേദികളിൽ പ്രതിഷ്ഠിതനായിട്ടുള്ള ഒരു അനുഗ്രഹീതന്റെ സാന്നിദ്ധ്യമാണെന്നും ആ കന്യകയ്ക്കു ചിത്തത്തിന്റെ സമതാലബ്ധിയിൽ ബോദ്ധ്യമായപ്പോൾ, കന്യാമുകുളങ്ങൾക്കു സഹജമായുള്ള ലജ്ജാസങ്കോചത്തോടുകൂടി അവളുടെ ഹൃദയകുട്മളം ആനന്ദസരസ്സിൽ നീരാടിത്താണു. ശാസ്ത്രാനുസൃതമായല്ല, പ്രകൃതിയാൽ ഉപദിഷ്ടമായുള്ള കർമ്മമായി പാദാംഗുലികൊണ്ടു ഭൂപത്രത്തിൽ ലേഖനംചെയ്യുന്ന കർമ്മത്തെ ആ വനകുമാരി അനുഷ്ഠിച്ചുപോയി. പുത്രിയുടെ കളേബരകുസുമതയെ രോമാഞ്ചസ്പന്ദിയാക്കിത്തീർത്ത അന്തർവികാരത്തെ പ്രേമശാസ്ത്രാഭിജ്ഞയായ മാതാവു് മനസ്സിലാക്കി ആ സംഘടനദശയെ ശപിച്ചു മകളോടു് അകത്തു പോകുവാൻ ആജ്ഞാപിച്ചു.

ദേവകിയുടെ നേത്രഭ്രമരങ്ങൾ വിക്രമകുമാരന്റെ സൗന്ദര്യമധുവെ പാനംചെയ്തു് ഉന്മത്തങ്ങളായിത്തീരുകയാൽ ആ വികസത്തായുള്ള സുമകർണ്ണികയിന്മേൽത്തന്നെ തറഞ്ഞ സ്ഥിതിയിലായി. കമിതാവായ കല്ലറയ്ക്കൽപിള്ളയിൽ നേത്രാന്തനിപാതം ഉണ്ടാകുമ്പോൾ – ഹാ! ശുഷ്കതൃണത്തിന്റെ അനാർദ്രതയും അരമ്യതയും മൃഗഭക്തിക്കുള്ള അനുയോജ്യതയും മാത്രം ദൃശ്യമാകുന്നു. ലക്ഷ്മിഅമ്മ അഭിനവമായുള്ള ഒരു വിധിവൈരുദ്ധ്യത്തെ പ്രതീക്ഷിച്ചു സർവ്വാംഗം നീറി ഭസ്മധൂളിക്കു തുല്യം നിശ്ചേതനയായി.

തന്റെ ദ്രുതാങ്കുരമായുള്ള നവാഭിനിവേശത്തിൽനിന്നു് മുക്തയായി പരമാർത്ഥാവസ്ഥകൾക്കു് ജാഗരൂകയായപ്പോൾ, ദേവകിയുടെ ആശാകമലം മേലിൽ വികാസസ്ഥിതിയിൽ എത്താത്തവണ്ണം ശിഥിലമായിത്തീർന്നിരിക്കുന്നു എന്നു് അകംകൊണ്ടറികയാൽ, ലോകസ്ഥിതി ആ കന്യാനേത്രങ്ങൾക്കു തിമിരപൂർണ്ണവുമായി. മാതുരാജ്ഞ കേവലം അനുസരണീയമല്ലാത്ത ഒരു ലൗകികനിയമമെന്നുള്ള നാട്യത്തിൽ ദേവകി "ഇതാരമ്മാ, തമ്പുരാനോ?" എന്നു് ലോകസ്ഥിതികളെക്കുറിച്ചു് തനിക്കുള്ള അനഭിജ്ഞത നിമിത്തവും വന്യകമനിയുടെ ശുദ്ധഗതിയാലും മോഹാവേശത്തിന്റെ തള്ളലുകൊണ്ടും ചോദിച്ചുപോയി.

ലക്ഷ്മിഅമ്മ: (ചിരിച്ചുകൊണ്ടു്) "തിരുമനസ്സിലേക്കു നിന്റെ അച്ഛന്റെ അച്ഛനാകാൻ പ്രായമുണ്ടു്. ഇങ്ങനെ വല്ലെടത്തും ചാടിക്കടക്കാമെന്നുള്ള സ്ഥിതിയുമല്ല അവിടത്തേതു്."

ദേവകി: "പിന്നാരാണമ്മാ ഇത്?"

പ്രേമഹിമകരന്റെ ശീതോപചാരത്താൽ പ്രഫുല്ലമാക്കപ്പെട്ട കനകകുവലയം എന്ന പോലെ നില്ക്കുന്ന ആ ബ്രഹ്മതേജസ്വിനിയുടെ അപ്പഴത്തെ അവാച്യചേതോഹാരിത്വം കല്ലറയ്ക്കൽപിള്ളയിലും ഒരു പ്രസാദോന്മേഷത്തെ സംജാതമാക്കി. ആ കന്യകയും താനും തമ്മിൽ ദാനവും അംഗീകാരവും കഴിഞ്ഞു ദൃഢീഭവിച്ചിട്ടുള്ള വിവാഹക്കരാറിന്റെ സ്ഥിതിയ്ക്ക് ഗൃഹനായകത്വം താൻതന്നെ വഹിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

പ്രതാപസ്ഥിതിക്കാരോടു തനിക്കുള്ള ഗാഢപരിചയം സ്ത്രീകളെ ധരിപ്പിപ്പാനും ഇതു തന്നെ സന്ദർഭമെന്ന് അദ്ദേഹം കരുതി. മനുഷ്യഹൃദയങ്ങൾ മൃദുവും ലഘുവും ആർദ്രവുമായുള്ള സാധനങ്ങൾകൊണ്ടു രചിതമായി, സൂക്ഷ്മങ്ങളായ കണപ്രപാതങ്ങൾക്കു നമ്യങ്ങളാകുന്നവയാണെന്ന് ആ ഗ്രാമീണനായ കന്ദർപ്പദാസൻ ഗ്രഹിച്ചില്ല. അതുകൊണ്ട് ദേഹമാസകലം ഒന്നു കുലുക്കി വെൺപൽക്കരുക്കളെ മുഴുവൻ പുറത്താക്കി, സ്നേഹസ്വാതന്ത്ര്യത്താൽ ത്രിവിക്രമകുമാരനെ പിടിച്ചു മുമ്പോട്ടൊന്നു തള്ളി നിർത്തി അദ്ദേഹത്തെ സഭാവാസികളോടു പരിചയപ്പെടുത്തി: "അല്ലാ, അമ്മയും അറിയൂല്പ്രലയോ ഈ പിള്ളയെ? നമ്മുടെ വലിയ മാർത്താണ്ഡൻപടവീട്ടിൽ വേലുത്തമ്പിയങ്ങത്തെ മഹൻ, തിരുവനന്തപുരത്ത് ചെമ്പകശ്ശേരിവീട്ടിലെ ഹിളയപിള്ള, രാമവർമ്മത്തെക്കൊച്ചിന് ഉഴിഞ്ഞുവിട്ട ചെൽവംപെറ്റ ചീമാളൻ, ദിവാനിജി ഏജമാന്റെ രണ്ടു കൈയും കണ്മണിയും. കണ്ടതുപോലെതന്നെ കാര്യത്തിലും– കുതിരപ്പടവിലെ മുന്തിയ പുള്ളിക്കപ്പിത്താനുമാണ്. ചെല്ലപ്പിള്ള, ഓമനക്കൊഴുന്തൻ. അച്ഛൻ തമ്പിയങ്ങത്തെക്കാണാൻ പോണു. എപ്പവുംതന്നെ ഒരു പട്ടാളക്കുട്ടു കൂടെക്കാണും" എന്നിങ്ങനെ ആളെ പരമാർത്ഥമായും ആഗമനോദ്ദേശ്യത്തെ പ്രച്ഛന്നമാക്കിയും ധരിപ്പിച്ചു. 'രാമവർമ്മത്തെ കൊച്ച്' എന്നുള്ള നാമോച്ചാരണം ദേവകി നിന്ന ഭൂമി താഴുന്നു, അല്ലെങ്കിൽ താൻതന്നെ ബാഷ്പീഭവിക്കുന്നു എന്ന് ആ നവാനുരാഗിണിയുടെ ഹൃദയത്തെ വിഭ്രമിപ്പിച്ചു. ലക്ഷ്മിഅമ്മ പുത്രീകായത്തിന്റെ സജ്വരത്രസനം നേത്രാഞ്ചലത്താൽ ഗ്രഹിച്ച് ആഗതനോടു പ്രത്യേകാദരം നടിച്ച് നിന്നതല്ലാതെ സല്ക്കാരവചസ്സുകൾക്ക് ഒരുമ്പെട്ടില്ല. കല്ലറയ്ക്കൽപിള്ളയുടെ ജളത്വം കഴിഞ്ഞടത്തോളംകൊണ്ട് അവസാനിച്ചില്ല. "ആഹാ! കഥയിലെ വിത്തല്ലയോ വിട്ടുപെയ്യ്! ഈ പുള്ളിക്കാരനെ ദേവൂനു പിടിപ്പാനാണ് അച്ചനാരു മുടിയുംകെട്ടി പെയ്യിരിക്കുണതു്" എന്നുകൂടി മന്മഥകുടിലന്റെ ചട്ടലപടുതയെക്കുറിച്ചു ഗന്ധലേശമില്ലാത്ത ആ പൊണ്ണപ്പാരമാർത്ഥികൻ പറഞ്ഞുപോയി. ദേവകി മിന്നൽപ്പിണർപോലെ മാതൃപാർശ്വത്തിലും ആ തളത്തിലും നിന്നു മറഞ്ഞു. കല്ലറയ്ക്കൽപിള്ള, തന്റെ പ്രണയിനിയുടെ ചാരിത്ര്യമഹിമയെക്കുറിച്ചുള്ള സന്തുഷ്ടിയോടെ സന്ദർഭാനുസാരമായ പ്രശംസാലബ്ധിക്കായി വിക്രമകുമാരന്റെ മുഖത്തുനോക്കി. ഒരു പ്രദർശനശാലാസഞ്ചാരം കഴിഞ്ഞ ബാലന്റെ ഉത്സാഹപ്രസരത്തോടെ, ആ കുമാരൻ തന്റെ സല്ക്കാരന്റെ ഹസ്തത്തെ ഗ്രഹിച്ചുകൊണ്ടു വാതൽപ്പടി ചാടി.

22

"കൃത്രിമസടകളണിഞ്ഞാലും മൃഗധൂർത്തനഹോ! കഥമോർത്താൽ,
മത്തദ്വിപകുലകുംഭവിഭേദനശക്തനതായ് മരുവീടും?"

കുഞ്ചെക്കുട്ടിപ്പിള്ള കാര്യക്കാർ ദിവാൻജിയുടെ ഉദ്ധവരായിരുന്നു. എങ്കിലും തന്റെ ശൗരിയെ അനുയാത്രചെയ്യാതെ അദ്ദേഹം മന്ത്രിനിലയനത്തിന്റെ മുൻഭാഗത്തു തന്നെ നിലകൊണ്ടു. ശ്രീകൃഷ്ണനോടൊന്നിച്ച് വൈകുണ്ഠത്തിലേയ്ക്കുണ്ടായ രഥയാത്രയിൽ അർജ്ജുനനെ വ്യഥിപ്പിച്ച അന്ധകാരസമുദ്രംപോലെ വീചീനൃത്തം ചെയ്തുകൊണ്ടിരുന്ന ശിരസ്സമുച്ചയം ദിവാൻജിയെ ആവരണം ചെയ്ത് സമുദ്രതീരത്തിലേയ്ക്ക് പ്രവഹിച്ചു. രാജധാനിരക്ഷയ്ക്ക് വിപൃഥുസ്ഥാനം വഹിച്ചു തുടങ്ങിയിരിയ്ക്കുന്ന കാര്യക്കാർ അസ്തഗിരിയിൽനിന്നുണ്ടാകേണ്ട ഒരു ദിവാകരോദയത്തെ പ്രതീക്ഷിച്ചെന്നപോലെ വികസന്നേത്രനായി നില്ക്കെ, അദ്ദേഹത്തിന്റെ ജടാകൂടം അന്തർന്നിരീക്ഷണങ്ങളുടെ ഓരോ പർവ്വാന്തത്തെയും ചാഞ്ചാട്ടങ്ങൾകൊണ്ടു ചിഹ്നനംചെയ്തു. ഈ വിവിധ കലാഭിജ്ഞന്റെ ആര്യഭടത്വം ഇലിമാത്രസ്ഖലിതങ്ങൾ കൂടാതുള്ള കവടിക്രിയകളെ സ്വാന്തസ്ഥോപകരണങ്ങളെക്കൊണ്ട് യഥാശാസ്ത്രം നിവർത്തിക്കുകയായിരുന്നു. ഗണനപരീക്ഷകളിൽ മിശ്രഫലങ്ങളെ കണ്ടിട്ട് കാലയവനികയെ സ്വാന്താങ്കുശത്താൽ ഭേദിച്ച് വഞ്ചിരാജ്യായുർദ്ദൈഘ്യത്തെ പര്യേക്ഷണം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖം അഷ്ടവിഭ്രതിപ്രസരത്താൽ ക്ഷണനേരത്തേയ്ക്ക് പ്രാചീനാകാശസ്ഥമായ ജ്യോതിബിംബത്തിന്റെ പ്രതിരൂപം എന്നപോലെ ഭാസ്വത്തായി. മന്ദോന്മേഷരും മാന്ത്രികസമ്പ്രദായങ്ങളിൽ ജിജ്ഞാസുക്കളും കാര്യക്കാരോടു പ്രത്യേകം ബന്ധങ്ങൾ ഉള്ളവരുമായി ആ രംഗത്തിൽ ശേഷിച്ചിരുന്നവർ അദ്ദേഹത്തിന്റെ നിയമവിരുദ്ധമായുള്ള ഈ മുഖപ്രസന്നതയെ കണ്ടു നരസിംഹോപാസകദ്യുതി ആണെന്നു വിധിച്ചും ആ ആവിഷ്ടാവസ്ഥയിലെ നേത്രനിപാതം ദോഷഹേതുകമാണെന്നു ചിന്തിച്ചും പിരിഞ്ഞു.

കാര്യക്കാർ ജയദ്രഥകായനോ ഉന്നതഗ്രീവനോ ആയിരുന്നില്ല. എന്നാൽ സ്കന്ധങ്ങളുടെ കുംഭിമസ്തകതയും വക്ഷസ്സിന്റെ വിസ്തൃതിയും ഊരുജംഘാപ്രഥുലതയും കരങ്ങളുടെ

യമദണ്ഡതയും 'ലങ്കാപുരഗോപുരമതിലുകൾ' തകർപ്പാൻ പോരുന്നവതന്നെ ആയിരുന്നു. ബാല്യം മുതല്ക്കുള്ള വ്യായാമവിവിധിത്വത്താൽ പരിപുഷ്ടമായിട്ടുള്ള കായലാഘവവും സമരചാതുര്യവും യോധസമിതികളെക്കൊണ്ടു് അദ്ദേഹം ദ്രോണാചാര്യരുടെ കലിയുഗാവതാരം ആണെന്നുപോലും കീർത്തിപ്പിച്ചു. സൗജന്യപ്രകടനത്തിന് പ്രസാദിക്കാത്തപ്പോൾ ഭാഷണങ്ങൾക്കു പകരം സത്രുക്ഷം പ്രക്ഷേപിതങ്ങളാകുന്ന ആംഗ്യങ്ങളും അക്ഷരഖണ്ഡങ്ങളും സൂക്ഷ്മത്തിൽ സരസനെന്നു ശ്രുതിപ്പെട്ടിരുന്ന ആ യമിപ്രവീരന്റെ വന്ദ്യതയെ വർദ്ധിപ്പിച്ചതേയുള്ളു. ഗളച്ഛേദനവും അശരണത്രാണവും ശിശ്രൂപരിലാളനവും സമാനഭാവത്തോടെ അനുഷ്ഠിച്ചുവന്ന ഈ ലോകാതീതന്റെ ഹൃദ്വേദിയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ദേഹിയുടെ രൂപഗ്രഹണം ദിവാൻജിക്കുപോലും ദുസ്സാധമായിരുന്നു.

കായംകുളം രാജവംശത്തിന്റെ സേനാപംക്തിയിൽ യജമാനത്വം കുടുംബാവകാശമായി വഹിച്ചിരുന്ന ഒരു ഭവനം, വിജയാവകാശത്തെ പുരസ്കരിച്ച് തങ്ങളുടെ ഭക്തിയെ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ തൃപ്പാദങ്ങളിൽ അർപ്പിച്ചു. അനന്തരകാലത്തെ സമരഘട്ടങ്ങളിൽ ആ ഭവനനാഥന്മാരായ കാര്യക്കാരുടെ കാരണവന്മാർ വഞ്ചിരാജസൈനികനിരകളിൽ മേധാവിത്വം വഹിച്ച് യശസ്സുമാർജ്ജനം ചെയ്തു. ബാല്യത്തിൽത്തന്നെ സിദ്ധാർത്ഥമഹാത്മാവെപ്പോലെ വിശ്വരഹസ്യങ്ങളെക്കുറിച്ച് ചിന്താവിവശനായ കുഞ്ഞെക്കുട്ടിപ്പിള്ള പരാശ്രയം കൂടാതെ തീർത്ഥയാത്ര ചെയ്യാൻ എന്നുദ്ദേശിച്ച് ബഹുഭാഷകളും അവസാനത്തിൽ വല്ല അശ്വത്ഥമൂലത്തിലും യോഗപീഠത്തെ സ്ഥാപിപ്പാൻ രാജയോഗരഹസ്യങ്ങളും അഭ്യസിച്ചതിനിടയിൽ വാസനപ്ലവംഗതയാൽ മാന്ത്രികപ്രയോഗങ്ങളുടെയും സമരകലയുടെയും ജീവബിന്ദുക്കളെക്കൊണ്ടുകൂടി തന്റെ പ്രജ്ഞാകർണ്ണികയെ സംസിക്തമാക്കുകയും ചെയ്തു. വിദഗ്ദ്ധനായ ഒരു ജ്യോത്സ്യൻ ഗണിച്ചു ലേഖനം ചെയ്ത തന്റെ ജന്മപത്രികയിൽ മൃത്യുസന്ധിയെ നിർണ്ണയം ചെയ്തിട്ടുണ്ടെന്നു ഗ്രഹിക്കുകയാൽ കുഞ്ഞെക്കുട്ടിപ്പിള്ള ആ കലാസിദ്ധിയ്ക്കായും ഗുരുപാദങ്ങളെ സേവിച്ചു. ആ അദ്ധ്യയനം സ്വായുർദ്ദൈർഘ്യത്തെ സൂക്ഷ്മാനം ചെയ്യാനുള്ള പാണ്ഡിത്യത്തിൽ എത്തിയപ്പോൾ ഉണ്ടായ ഒരു അന്തർബോധാങ്കുരം തന്റെ കുടുംബനാമത്തെ ഗോപനം ചെയ്തുകൊണ്ടു് രാജ്യസേവനം ജീവധാരണവൃത്തിയായി അംഗീകരിപ്പാൻ ഉപദേശിച്ചു. പ്രതിഭാഗ്രഹണത്തിൽ ഗൃദ്ധ്രനേത്രനായുള്ള കേശവപിള്ള ഒരു അപൂർവ്വസ്ഥാനനാമം വഹിച്ചിരുന്ന കുഞ്ഞുണ്ണി യുവാവെ 'കുഞ്ഞെക്കുട്ടിപ്പിള്ള' ആക്കി പണ്ടാരവക കാര്യങ്ങളുടെ നിർവ്വഹണത്തിൽ തന്റെ വിശ്വസ്തസ്ഥാനം നൽകി സൽക്കരിച്ചു.

അന്തരീക്ഷചക്രമാർഗ്ഗമായി അനിവാര്യഗമനംചെയ്യുന്ന ഗ്രഹങ്ങളുടെ സംയോഗാദ്യവസ്ഥകൾ ലോകഗതിനിയന്ത്രകന്മാരായ പരാക്രമികളെ അവതരിപ്പിക്കുന്നു എന്നു വിവക്ഷിക്കുന്ന വിശ്വരഹസ്യജ്ഞന്മാർ ഇന്നും ശാസ്ത്രവേദികളിലെ മിഹിരാചാര്യന്മാരായി ശോഭിക്കുന്നു. ലോകസ്ഥിതികളുടെ അഥവാ രാജ്യസ്ഥിതികളുടെ ഉന്നമനപരിഷ്കരണങ്ങളെ ഏവംവിധം അവതീർണ്ണരാകുന്നവരുടെ ജീവബലികളും ജീവിതബലിഷ്ഠതയും സാധിക്കുന്നു. ഇവരുടെ കണ്ഠരക്താമൃതപ്രോക്ഷണങ്ങൾ ലോകരാജ്യങ്ങൾക്കു ജരാനരകളെ പോക്കി അമരത്വത്തെ ദാനം ചെയ്യുന്നു. ഉപകൃതലോകത്തിന്റെ ഭീരുത്വം, അസൂയ,

അന്ധത എന്നിത്യാദി ആത്മതാമിശ്രതകൾ നിമിത്തം ഈ വിശിഷ്ടാപദാനങ്ങൾ ചിലപ്പോൾ വിസ്മരിക്കപ്പെടുന്നു. പ്രത്യുത നിസ്സാരകർമ്മികൾ സ്മാരകാലയപ്രതിഷ്ഠാപനങ്ങളാലും മറ്റും ഭഗവൽപദവിയിലോട്ടുതന്നെ ഉന്നമിക്കപ്പെടുന്നു. ചരിത്രകാരന്മാർ എന്ന ലോകവൈതാളികന്മാർ പലരെയും തങ്ങളുടെ ഗ്രന്ഥശയ്യകളിൽ പടുപ്പിച്ച് താന്താങ്ങളുടെ രുചിഭേദാനുസാരം തുലികകളാൽ ദണ്ഡിക്കുകയോ വീജനം ചെയ്യുകയോ ചെയ്യുന്നു. അനന്തരാനുഭവങ്ങൾ എങ്ങനെ പരിണമിച്ചാലും ഈ വീരപ്രസവങ്ങളിലെ സന്താനങ്ങൾ ലോകത്തെ അത്ഭുതസംഭ്രമണം ചെയ്യിച്ച വിജയിച്ചും ജീവധന്യാക്കളായി ആന്ധ്യത്തോടോ കണ്ടകത്വത്തോടോ സമരം ചെയ്ത് വിച്ഛിന്നപക്ഷന്മാരായും ജീവിതാസ്തഗിരിയിലെ അവസാന ശാന്തിയെ ഭജിക്കുന്നു.

ഈ വർഗ്ഗം വീരലോകത്തെ പക്ഷേ, സ്മരിപ്പിച്ചേയ്ക്കാവുന്ന കാര്യക്കാർ വടക്കുമാറി ഒരു വിശേഷവേഷത്തെ കണ്ടപ്പോൾ ജന്മവാസനാനുസാരം പ്രവേശിച്ചിരുന്ന ചിന്താസരണിയിൽനിന്നു വീണ്ടും ലോകകാര്യമണ്ഡലത്തെ പ്രാപിച്ച് ആ വിചിത്രവേഷക്കാരൻ തന്നോടു സംഭാഷണത്തിന് അഭിവാഞ്ഛിച്ചുനില്ക്കുന്നതുപോലെ തോന്നുകയാൽ അദ്ദേഹം ആംഗ്യം കൊണ്ട് അവനെ അടുത്തു വരുത്തി. ഇവൻ ദിവാൻജിയുടെ യാത്രാമുഹൂർത്തത്തെ സൂക്ഷ്മമായി അറിഞ്ഞ് ഗൗണ്ഡപ്പാളയത്തിൽ മുന്നറിവുകൊടുക്കാൻ നിയുക്തനായ ഒരു ഭടനായിരുന്നു. ഗൗണ്ഡനിഗ്രഹത്തിനായി ബകതപസ്സ് അനുവർത്തിക്കുന്ന ഇവനെ മന്ത്രഭീഷണിയും കൈക്കാണവും പ്രയോഗിച്ച് കാര്യക്കാർ പാട്ടിലാക്കിയിരുന്നു. ഗൗണ്ഡസഭയിലെ മഹിഷമർദ്ദിനീസാന്നിദ്ധ്യത്തെ പ്രദ്യോതിപ്പിച്ച ദ്വാസ്ഥന്റെ സ്ഥാനം വഹിച്ചതു കാര്യക്കാരരും, ആ വേഷസാമഗ്രികൾ കടംകൊടുപ്പാൻ പ്രേരിപ്പിച്ച ദ്രവ്യവാഞ്ഛ ഇവന്റേതുമായിരുന്നു. ആ രാത്രിയിലെ ഉദ്യമരഹസ്യങ്ങൾ അറികയാൽ ഗൗണ്ഡപ്രഭൃതികളെത്തുടർന്നു പാണ്ടപ്പാളയത്തിലെ പരമാർത്ഥങ്ങൾ ഗ്രഹിച്ച ദിവാൻജിയെ ധരിപ്പിക്കുവാനും കാര്യക്കാർക്കു സാധിച്ചു. കേരളം മഹിളാസാമ്രാജ്യവും അവിടത്തെ പുരുഷലോകം അഭിചാരകസംഘവും ആണെന്നു വിശ്വസിക്കുന്ന വിദേശീയജളത്വം ഈ ഭടനെ ആപാദമസ്തകം ഗ്രസിച്ചിരുന്നു. തന്നിമിത്തം ആ അന്ധവിശ്വാസിവേഷവാഗ്വ്യാപാരങ്ങളിൽ വൈഭണ്ഡകത്വം തന്നെ പ്രദ്യോതിപ്പിച്ചുവന്ന കാര്യക്കാരുടെ ചൊല്പടിക്കു ചുടുചോറുവാരുവാനുള്ള പ്ലവംഗകിശോരമായിത്തീർന്നു. മീനാക്ഷിഅമ്മയെ ഗൗണ്ഡൻ പെരിഞ്ചക്കോടനോടൊന്നിച്ച് സന്ദർശിച്ചുവെന്നും ആ ബന്ധുക്കൾ ബാലിസുഗ്രീവനിലയിൽ പിരിഞ്ഞു എന്നും ഗൗണ്ഡൻ തന്റെ തൽക്കാലസങ്കേതത്തിലേക്ക് മടങ്ങി മന്ത്രിനിഗ്രഹത്തിനു വ്യൂഹബന്ധം ഉറപ്പിച്ചു കാത്തിരിക്കുന്നു എന്നും ഈ സംഘടനയിൽനിന്നു കാര്യക്കാർ ഗ്രഹിച്ചു. ആ ഖരവിരാധമൈത്രി ദൈവഗതിയാൽത്തന്നെ ഖണ്ഡിക്കപ്പെട്ട വൃത്താന്തത്തെ ഒരു വിജയലബ്ധിയായി കാര്യക്കാർ തന്റെ സ്മൃതിഗ്രന്ഥത്തിൽ ലേഖനംചെയ്തു.

ജാതിവൈരത്താൽ എന്നപോലെ രാജാധികാരദ്രോഹത്തെ ജീവവ്രതമായി ധരിച്ചിരിക്കുന്ന ഗൗണ്ഡന്റെ സാന്നിദ്ധ്യത്തെ ഒരു ജ്വാലാമുഖീവക്ത്രത്തിന്റെ വിപാടനഘട്ടം എന്നപോലെ പേടിക്കേണ്ടതാണെന്ന് ധീരാഗ്രേസരനായ കാര്യക്കാർക്കും തോന്നി. അയാളുടെ അജ്ഞാതവസതിയെ ഉപേക്ഷിച്ച് സ്വഭീമപരമാർത്ഥത്തെ പ്രസിദ്ധീകരിച്ചാൽ, ധനപരിച്ഛദപൗഷ്കല്യം പ്രമാണിച്ച് വലുതായ ഒരു അനുയായി സംഘം ഉണ്ടായേയ്ക്കുമെന്നും

തന്നിമിത്തം തലസ്ഥാനത്തിനടുത്തുതന്നെ അന്തഃഛിദ്രങ്ങൾ ഉല്പാദിച്ച് അധികാരശക്തിക്ക് ക്ഷതവും ക്ഷീണവും സംഭവിച്ചേയ്ക്കുമെന്നും അദ്ദേഹം പേടിച്ചു. 'രോഗശേഷ'മായി രാജ്യത്തെ ബാധിച്ചിരിക്കുന്ന ഈ പീഡയെ 'വാൾഭട'പ്രയോഗത്താൽത്തന്നെ ഉന്മൂലനം ചെയ്യേണ്ട കർമ്മത്തെ തൽക്ഷണം അനുഷ്ഠിക്കേണ്ടതാണെന്നും കാര്യക്കാർ തീർച്ചയാക്കി. എന്നാൽ, മഹാരാജാവിനെ അവിടുത്തെ ആശ്രിതവാത്സല്യവും ദിവാൻജിയെ അദ്ദേഹത്തിന്റെ ബന്ധുദാക്ഷിണ്യവും ഇക്കാര്യത്തിൽ ക്രിയാക്ഷീണന്മാരാക്കുന്നതിനാൽ, ആ ദുർമ്മേദസ്സുമുച്ചയത്തിന്റെ വിച്ഛേദനത്തിനുള്ള ശസ്ത്രം താൻതന്നെ ആയേയ്ക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തു.

ഈ വിധിനിർവ്വഹണത്തിലെ പ്രഥമകരണീയമായി അദ്ദേഹം ഗൗണ്ഡഭടനെ അവന്റെ ഭാഷയിൽ ഭർത്സിച്ചുതുടങ്ങി: 'അരരേ ഭംഗാരാം! നിന്റെ തകർപ്പുമോശം! നിന്റെ പ്രതിജ്ഞ വല്ല പുരുഷനും ചെയ്യേണ്ടതായിരുന്നു."

ഭംഗാരാമൻ: "സ്വാമിജീ! തക്കംനോക്കി കത്തി ഇറക്കണമെന്നു ഗുരുജിതന്നെ ശാസിച്ചിട്ടില്ലേ? സുൽത്താൻ ബഹദൂർസന്നിധാനത്തിലെ സ്ഥാനപതിയെ കൊലചെയ്തു എന്ന് വെളിപ്പെട്ടാൽ, പട്ടിണിക്കാരൻ ഭംഗാരാമന്റെ കുടുംബവും ജന്മദേശമായ തുംകൂർഗ്രാമവും ഭസ്മായിത്തീരുല്ലേ?"

കുഞ്ചെക്കുട്ടിപ്പിള്ള: "ശരി, ശരി, തുംകൂർ ഭംഗാരാ! നീ കരൾ കളഞ്ഞ കുറുനരി. വീര്യം വരണ്ട ഭീരു. പേ പറയുന്ന കട്ടിയക്കാരൻ. സ്വപ്നക്കാരനായി നടക്കാനല്ലാതെ മറ്റൊരാളെ ഉറക്കാൻ നിനക്കു കരുത്തില്ല."

ഭംഗാരാമൻ: "ആശിസ്കരനാകേണ്ട സ്വാമിൻ! ഈ അല്പപ്രജ്ഞൻ എന്തു ചെയ്യും? തനിച്ചിരിക്കുമ്പോൾ മാത്രമേ തക്കം കിട്ടുകയുള്ളു. അപ്പോൾ ഉണർച്ചയോടിരിക്കുന്നതായാൽ, ഭട്ടഗുരുക്കൾ അടുത്തുകൂടാത്ത കാട്ടുപോത്താണ്. ധ്യാനവേളകളിൽ അവസരം കിട്ടി, കഠാര ഉയർത്തിയ കൈ 'കേശവാ!' എന്ന ജപത്താൽ തളർത്തപ്പെട്ടു. ഭഗവന്നാമം ഉച്ചരിക്കുമ്പോൾ കൊല്ലപ്പെട്ടാൽ അവനു സ്വർഗ്ഗമല്ലേ? ഇവൻ ആ ദേഹിയാൽ ശപിക്കപ്പെടില്ലേ?"

കുഞ്ചെക്കുട്ടിപ്പിള്ളയ്ക്ക് ആ കേശവനാമപാരായണത്തിന്റെ സാരം ലഘുഗ്രാഹ്യമായിരുന്നു. ധനാധികാരപ്രതാപങ്ങളെ മാത്രം ആരാധിക്കുന്ന ആ പാഷണ്ഡൻ വിഷ്ണുധ്യാനത്തിൽ അമരുകയെന്നുള്ള അസംഭാവ്യതയെ ഗ്രഹിപ്പാൻ കഴിയാത്ത ഭംഗാരാമന്റെ മൗഢ്യത്തെ അദ്ദേഹം ശപിച്ചു. രാജകോപവും മന്ത്രിനയവും വിലകിനിൽക്കയാൽ, ആയുർവ്വൃദ്ധികിട്ടുന്ന ഗൗണ്ഡന്റെ ദ്രോഹകൂടത്തെ ഇതര ഹസ്തത്താൽ ധ്വംസിക്കുന്നതിനു പ്രയോഗിച്ച ചാണക്യാശാസ്ത്രം മൃദുഷ്പമാത്രമായി കലാശിച്ചതുകണ്ടപ്പോൾ അദ്ദേഹം കോപിഷ്ഠനുമായി. "ഛേ! ജളപ്രഭു! പശു തിന്നുന്ന വർഗ്ഗത്തെ സേവിക്കുന്നവർക്ക് ധ്യാനവേളയോ? ആട്ടെ പോ, ആ ദുഷ്കരം ഉത്ഭവിപ്പിച്ച പ്രേതം ഉണർച്ചയിലും ഉറക്കത്തിലും നിന്നെ കഷ്ടപ്പെടുത്തട്ടെ! പിശാചരൂപങ്ങൾ നിന്റെ കണ്ണുകൾക്കു മുമ്പിൽ അണിയിടട്ടെ! ഞാൻ തന്ന യന്ത്രത്തിന്റെ ശക്തി ഇന്നോടെ നഷ്ടം; നടക്ക്."

തന്നെ സ്വപ്നഭീതികളിൽനിന്നും രക്ഷിച്ചുപോന്ന യന്ത്രത്തിന്റെ മന്ത്രശക്തി ഇങ്ങനെയുള്ള ഉപസംഹാരശാപത്താൽ നഷ്ടമാക്കപ്പെട്ടപ്പോൾ, അത്യാതുരനായ ഭടൻ കാര്യക്കാരുടെ പാദങ്ങളിൽ വീണു ധൂളി വാരി വായിലിട്ടും തലയിലറഞ്ഞും കരഞ്ഞു. അദ്ദേഹം കർണ്ണഭേദകമായ ഒരു ഹാസക്രോശത്താൽ അവനെ എഴുന്നേല്പിക്കുകയും, മന്ത്രമായി ചിലത് ഉപദേശിക്കുകയും ചെയ്തിട്ടു തിരിഞ്ഞും നിലത്തു നോക്കാതെ പറന്നുകൊൾവാൻ ആജ്ഞാപിച്ചു.

ഭംഗാരാമൻ ഗണ്ഡരോമങ്ങളെ ചൊറിഞ്ഞും പാദങ്ങളെ പരസ്പരം ഉരുമ്മിയും, "സ്വാമിജീ! സ്വാമിജീ!" എന്നു മന്ത്രിച്ചുംകൊണ്ട് അവിടെത്തന്നെ നിലകൊണ്ടു. വേറൊരു വൃത്താന്തംകൂടി ആ ഭടനു ധരിപ്പിക്കുവാൻ ഉണ്ടെന്നു സംശയിക്കുകയാൽ കാര്യക്കാർ, "ഭംഗാരാമന്റെ ഉദരപക്ഷികൾ വിശപ്പു നിമിത്തം കേഴുന്നുവോ?" എന്നു നർമ്മരസാനുകാരിയായി അന്വേഷിച്ചു.

ഭംഗാരാമൻ: "ക്ഷമിക്കണേ സ്വാമിജീ! ഗൗണ്ഡഗുരുപാദർക്ക് ഈയിടെ വേറൊരു ശത്രു ഉണ്ടായിരിക്കുന്നു. കണ്ടുകൂടാത്ത പല്ലുകൾ ഞെരിച്ചുകൊണ്ടും മീശജടയെ ചിലപ്പോൾ വലിച്ചുപൊട്ടിച്ചും ഒരു കൊലകൂടി ചെയ്തിട്ട് ടിപ്പു സൈന്യത്തോടു ചേരുമെന്ന് ഉറക്കെ പറഞ്ഞുപോകുന്നു. ശത്രുവിന്റെ പേർ –"

ദീർഘകാലദാഹത്തെ ശമിപ്പിപ്പാൻ കിട്ടിയ ഭാഗ്യാവസരത്തിൽ തന്റെ കരനിരോധം കൊണ്ടു കഴക്കൂട്ടത്തെ കൂപസ്ഥധനം ആ ഭൂതത്തിനു നഷ്ടമാക്കിത്തീർത്ത താൻതന്നെയാണ് ഭംഗാരാമൻ പറയുന്ന ശത്രു എന്നു കാര്യക്കാർ ഊഹിച്ചു: "പറഞ്ഞേയ്ക്ക്. ശങ്കിക്കണ്ടാ. എന്നെ കൊല്ലുന്നതിന് ഇങ്ങോട്ടു നീങ്ങാനോ മറ്റോ ഭാവമുണ്ടോ?"

ഭംഗാരാം കാര്യക്കാരുടെ അഭിപ്രായം ശരിയെന്നുള്ള ഭാവത്തിൽ തലകുലുക്കി.

കുഞ്ചെക്കുട്ടിപ്പിള്ള: "എന്നാൽ, എന്റെ ഉപദേശങ്ങൾ മറന്നേക്ക്. അയാൾ താനേതന്നെ ഇങ്ങോട്ടു വന്നു ചാടട്ടെ, നടക്ക്. നീ അശരണനാകുന്നെങ്കിൽ ഇങ്ങോട്ടു പോന്നേയ്ക്ക്."

'പാശ്ചാത്യ' എന്ന തല കുമ്പിടീയ്ക്കും വിശേഷണത്താൽ മുന്നകമ്പടി സേവിക്കപ്പെട്ടുള്ള 'പരിഷ്കാര'ത്തിന്റെ പരിപൂർണ്ണപ്രവാഹത്തിന് ഒരു ശതവർഷം മുമ്പുള്ള കാലത്തെ വഞ്ചിരാജമന്ദിരം അതിലെ പരിചാരകന്മാർക്കും ദരിദ്രപൗരന്മാർക്കും കല്പകവൃക്ഷനിബിഡമായ ഒരു സ്വർഗ്ഗോദ്യാനമായിരുന്നു. ദിവാൻജി വടക്കോട്ട് യാത്രചെയ്യാനുള്ള പത്തേമാരിയിൽ കയറിയതിന് മുൻപ് ആ ഉദ്യാനത്തിലെ ഒന്നുരണ്ടൊഴികെയുള്ള കവാടങ്ങൾ വിശേഷാൽ പൂട്ടുകളിട്ടു ബന്ധിക്കപ്പെട്ടു. തുറന്നുനില്പാൻ അനുവദിച്ച വാതിലുകളിലെ ഗാട്ടുകൾ ഇരട്ടിച്ചു. പ്രവേശനബഹിർഗ്ഗമനങ്ങൾ നിഷ്കർഷമായ നിയമങ്ങളാൽ വ്യവസ്ഥാപിതമായി. എന്നു മാത്രമല്ല, രാജാധിവാസസങ്കേതം മുഴുവൻ ഒരു ഭടജനപ്രാകാരത്താൽ വലയിതമാവുകയുംചെയ്തു.

ഈ നിഷ്കർഷകളാൽ പീഡിപ്പിക്കപ്പെട്ട നിസ്സ്വന്മാർ മഹാരാജാവിന്റെ വിജയത്താൽ പൂർവ്വസ്ഥിതികളുടെ ആവർത്തനം ശീഘ്രതരം സംഭവിക്കട്ടെ എന്ന് പ്രാർത്ഥിച്ച് അടങ്ങി. എന്നാൽ രാജമന്ദിരത്തിലെ പുറംപരിചാരകന്മാർ കാര്യക്കാരുടെ ഏർപ്പാടുകളിൽ ഒരു രാവണോദയം കണ്ട് രാമശരം താന്താങ്ങൾതന്നെ വഹിച്ച് ലങ്കയ്ക്കു നേരേ സൂര്യോദയം ഉണ്ടാക്കാൻ യത്നിച്ചു. ഇപ്രകാരമുള്ള ദശകണ്ഠനിധനത്തിന് ധൃതദണ്ഡന്മാരായ ഭൃത്യസംഘത്തിലെ ഒന്നുരണ്ടു നേതാക്കന്മാരുടെ കർണ്ണദലങ്ങൾ കാര്യക്കാരുടെ ലോഹാംഗുലീഗ്രഹണത്തിന്റെ ശൈത്യസുഖത്തെ അനുഭവിച്ചറിഞ്ഞപ്പോൾ, പരിചാരകചക്രം രാവണവധത്തിനു മുമ്പെ പാലാഴിയിൽ ഒരു സങ്കടസമർപ്പണം ഉണ്ടാകേണ്ടതാണല്ലോ എന്നു സ്മരിച്ച് കലാപശ്രമങ്ങളെ കൈവിട്ടു. നഗരിയിലെ ഏകവസ്ത്രപ്രഭൃക്കൾക്കും പല കറിക്കാരായ രസികവർഗ്ഗത്തിനും പുരുരവസ്ഥാനപ്രദായിനികളായി വിലസിയിരുന്ന രാജമന്ദിരോർവ്വശികൾ അടുത്തപോലുള്ള പ്രക്ഷോഭകാരിണികളായി അണിയിട്ടു. അവരുടെ വാഞ്ഛാനുസാരമായുള്ള സഞ്ചാരങ്ങൾക്കു സഹകാരിയായി തങ്ങളുടെ 'ആറുമുറി'യായ അഭ്യാസശാലയിൽനിന്ന് അതിന്റെ പൂർവഭാഗത്ത് സരസ്തീരത്തിലേക്കുണ്ടായിരുന്ന ഒരു വാതിലിന്റെ ഉപയോഗത്തെയും കുഞ്ചെക്കുട്ടിപ്പിള്ളയുടെ കഠിനവ്യവസ്ഥകൾ നിരോധിച്ചപ്പോൾ, മഹാരാജാവിന്റെ കോവിലെഴുന്നള്ളത്തുസന്ദർഭത്തിൽ നാടകശാല എന്ന ഗോപുരമുഖപ്പിൽവച്ച് ഒരു കളകണ്ഠീസംഘത്തിന്റെ ആർത്തരാഗപ്രലാപം സമ്മേളിക്കപ്പെട്ടു. ആ നർത്തകീസംഘത്തിലെ ചിത്രസേനൻ കാര്യക്കാരായ ബഹുശാസ്ത്രവിദഗ്ധന്റെ മുൻപിൽ അക്ഷണം ആനീതനായി. ഭരതകലാപരീക്ഷണത്തിൽ ആ നാടകാചാര്യർ നിശ്ശബ്ദനായിനിന്നു വിയർപ്പായി വിദ്രവിച്ചുതുടങ്ങി. "നിലത്തു നിന്നില്ലെങ്കിൽ!" എന്നു മാത്രമുള്ള ഒരു ക്രോധാട്ടഹാസം ആ ഭരതാചാര്യരെ ഉദ്ധൂതോദ്യോഗനാക്കാതെ തല്ക്കാലം രാജമന്ദിരവളപ്പിൽനിന്ന് പലായനം ചെയ്തിച്ചു. നർത്തകികളായ അമ്പു, അമ്മയ, രാമലക്ഷ്മി, ഉമയപാർവ്വതി പ്രഭൃതികൾ തങ്ങളുടെ സംഗീതകലാവിഷയത്തിലുള്ള നിസ്സാരതയെ ഓർത്ത്, താദൃശപരീക്ഷകളിലെ സ്വേദസ്രവണംകൂടാതെ കഴിവാനായി സങ്കടമറിയിപ്പിൽ നിന്നു വിരമിച്ചു.

അടുത്തപോലുണ്ടായ പ്രക്ഷോഭം അകത്തെ പ്രവൃത്തിക്കാരായ ബാഹ്യജസംഘത്തിനിടയിലും സങ്കടസമർപ്പണം പള്ളിശ്ശയനാലയത്തിലുംതന്നെ ആയിരുന്നു. മഹാരാജാവ് തന്റെ സേവകപരിവൃഢനായുള്ള 'കൃഷ്ണപുര'ത്തോടു സ്വസമീഹിതത്തെ കല്പിച്ചു. "ആ കണ്ഠീരവന്റെ ശ്രമം ഞാൻതന്നെ കണ്ടതാണ്. വല്ല കമ്പക്കുത്താടിയും ഇങ്ങോട്ടു ചാടിക്കടക്കുമ്പോൾ നിങ്ങൾ വല്ലടത്തുമിരുന്നു ചൂട്ടിമുനയെണ്ണുകയായിരിക്കും. കാലസ്ഥിതികൾ നിങ്ങൾ എന്തറിഞ്ഞു? ധർമ്മസമരക്രമങ്ങൾ കഴിഞ്ഞ യുഗത്തോടെ അവസാനിച്ചു. ഇപ്പോൾ ഗൂഢവധങ്ങൾകൊണ്ടുള്ള വിജയാപ്തിയെ കിരീടധാരികളും ആഗ്രഹിക്കുന്നു. അതിന്, ധനകാംക്ഷികൾ ആയുധങ്ങളായി ചെന്നു ചാടി തീട്ടൂരങ്ങൾ വാങ്ങി പല വേഷത്തിലും പുറപ്പെടുന്നു. നല്ലോണം ഉരച്ച് മാറ്ററിഞ്ഞ് അടുപ്പിച്ചിട്ടുള്ള വിശ്വസ്തന്മാർ ഓരോ വ്യവസ്ഥകൾ ചെയ്യുമ്പോൾ ഞാൻ വിലങ്ങെ വീഴാൻ തയ്യാറല്ല. പോവുക. കാര്യക്കാരെ മുഷിപ്പിച്ചാൽ അവിശ്വാസിയെന്നു നാം വിചാരിച്ചതായി അവൻ വ്യസനിച്ചേക്കും. നാം എല്ലാം സുഖ

മായി കളിച്ചുജപിച്ചു പായസം ഉണ്ടു് കാറ്റും വെയിലും കൊള്ളാതെ ഉറങ്ങുന്നു. എത്ര പേ രാണ് അങ്ങോരോ കാട്ടിലും കായൽക്കരയിലും മുൾപ്പടർപ്പിലും പുഴക്കുഴികളിലും കിടന്നു കഷ്ടപ്പെടുന്നതു!" (മഹാരാജാവിന്റെ വളർത്തപ്പെട്ടുള്ള മീശ ജൂഭിച്ചു മുഖം രൗദ്രരസപ്രസരം കൊണ്ടു വിപ്ലവിക്കുകയും ചെയ്തു) "അല്പം ബുദ്ധിമുട്ടു തൽക്കാലം സഹിക്കുവാൻ മനസ്സില്ലാ ത്തവർ –"

രാമവർമ്മമഹാരാജാവിന്റെ അരുളപ്പാടു് ഖഡ്ഗധാരസംഘർഷണസ്വനത്തിന്റെ മൃദു സൂക്ഷ്മതയിൽ എത്തിയപ്പോൾ, ആ വാചകം പൂർത്തിയാക്കാൻ ഇടകൊടുക്കാതെ ആവ ലാതിക്കാർ രാജസന്നിധിയെ വിവിക്തസങ്കേതമാക്കിപ്പൊലിഞ്ഞു.

മാംസകാംക്ഷികളായുള്ള വ്യാഘ്രങ്ങൾ തങ്ങളാൽ ഹനിക്കപ്പെട്ട സാധുമൃഗങ്ങളുടെ ശരീരങ്ങളെത്തേടി വീണ്ടും നിധനസ്ഥലങ്ങളിൽ എത്തുമ്പോലെ ഗൗണ്ഡൻ അനന്തന ഗരിയിൽ രണ്ടാമതും വ്യാപാരശാലാസ്ഥാപനം ചെയ്തു. അയാളുടെ അനുചരസംഘം ബഹുഗണീഭവിച്ചിട്ടുള്ളതായും പൗരന്മാരുടെ ഭയഗ്രസ്തമായുള്ള നേത്രങ്ങൾ ദർശിച്ചു. രാ ജപാദങ്ങളിൽ ശരണപ്രാർത്ഥകരായി എത്തുന്നവരുടെ പരമാർത്ഥങ്ങളെ അന്വേഷിക്കാ തെ നൽകപ്പെടുന്ന അഭയം ആത്മഹത്യയ്ക്കു് ഉപകരിക്കുന്ന പാശത്തിന്റെ നിർമ്മാണമല്ലേ എന്നു നഗരവാസികൾ പരസ്പരം പ്രശ്നംചെയ്തു. കേരളീയരും വിദേശീയരുമായി ഗൗണ്ഡ ന്റെ വിശേഷായുധങ്ങൾ ധരിച്ചുള്ള ഭടന്മാർ നഗരവീഥികളിൽ സഞ്ചാരം തുടങ്ങിയപ്പോൾ, കാര്യക്കാരുടെ ദീർഘദർശിത്വം അസ്തമിച്ചുപോയോ എന്നു ജനങ്ങൾ ആശ്ചര്യപ്പെട്ടു. ഇതിനിടയിൽ കിഴക്കേ നന്തിയത്തുനിന്നു് ഉണ്ണിത്താന്റെ പുത്രിയായ സാവിത്രിക്കുട്ടി നിർജ്ജീവസാധനമെന്നപോലെ ആരാലോ തസ്കരിക്കപ്പെട്ടിരിക്കുന്നു എന്നു കേട്ടപ്പോൾ, അച്ഛൻ പ്രഭുവിനെ വന്ദിച്ചുപോന്ന നിരവധി ഗൃഹവാസികൾ കൂട്ടമിളകി ജനവസതികളുടെ അരക്ഷിതസ്ഥിതിയെക്കുറിച്ചു് നിർഭയം ആക്ഷേപാഭിപ്രായങ്ങൾ പ്രസിദ്ധീകരിച്ചു. സാ വിത്രീകാമുകന്റെ അച്ഛൻ ദക്ഷിണതിരുവിതാംകൂറിലെ ഒരു പ്രഭുപ്രധാനനും അസംഖ്യം തുല്യഗൃഹങ്ങളോടു് സംബന്ധമുള്ള ഒരു പ്രമാണിയും ആയിരുന്നതിനാൽ, ആ ദിക്കിലെ ജനങ്ങളും ഒരുവിധം സംഭ്രാന്തിക്കു വശന്മാരായി. അവസ്ഥകൾ മഹാരാജാവു ഗ്രഹി ച്ചപ്പോൾ, കാര്യക്കാരെ വരുത്തി അവിടുത്തെ കൃപാഹ്രദമായ ഹൃദയം വേപഥുപ്പെടുന്ന പരമാർത്ഥത്തെ ഇങ്ങനെ അരുളിച്ചെയ്തു. "എന്താ കാര്യക്കാരേ, ഈ കേൾക്കുന്നതു്? ഈ ഗൗണ്ഡശനി എന്തിനായിട്ടു് ഇപ്പോഴത്തെ വക്രഗതിയിലോട്ടു ചിരിച്ചു? എങ്ങോട്ടെങ്കിലും ദൂരത്തു നീങ്ങിത്തുലയട്ടെ എന്നു വിട്ടപ്പോൾ, വീണ്ടും ഇങ്ങോട്ടുതന്നെ ചാടി അനർത്ഥങ്ങളു ടെ ശകുനമാകുന്നതു് കണ്ടില്ലേ?"

കാര്യക്കാർ: (താൻ അറിഞ്ഞിരുന്ന ഗൗണ്ഡോദ്ദേശ്യത്തെ പുറത്തുവിടാതെ) "അടിയൻ! അയാളുടെ മുമ്പിലത്തെ കച്ചവടം നല്ലനടപ്പിലായിരുന്നു എന്നു കേട്ടിട്ടുണ്ടു്. വലിയ ക്രയവിക്രയങ്ങൾ ഉദ്ദേശിച്ചു നല്ലവണ്ണം ചെമ്പുകാശു കുമിഞ്ഞുവങ്കിലും ചിലതിലെ ല്ലാം ഇളിഭ്യംപറ്റി. ഇപ്പോൾ യുദ്ധം അടുക്കുന്ന കാലവുമാണല്ലോ. മുമ്പിലത്തെപ്പോ ലുള്ള നല്ല പ്രചാരമില്ലെങ്കിലും വല്ലവരുടെയും കണ്ണിൽ മണ്ണിട്ടു വല്ലതും പറ്റിക്കാമെ ന്നുവച്ചു വിടകൊണ്ടിരിക്കുകയാണ്."

മഹാരാജാവ്: "വിളംബരം അനുസരിച്ച് വിദേശീയന്റെ നിലയിൽ അയാളെ ബന്ധനത്തിലാക്കിക്കൂടെ?" ആ നടപടി ലഘുനിവർത്തിതമാണെങ്കിലും ബന്ധനത്തിലാക്കുന്നതുകൊണ്ടു മാത്രം ഗൗണ്ഡന്റെ നിഷ്ഠുരതയ്ക്കു ശമനം വരുകയില്ലെന്നു മഹാരാജാവിന്റെ കൃപാധോരണി അയാളെ ശിക്ഷിക്കേണ്ട ഘട്ടത്തിൽ രക്ഷിച്ചേക്കുമെന്നും തോന്നി ഖണ്ഡിച്ചുള്ള തിരുവുള്ളത്തെ പ്രസ്രവിപ്പിക്കുവാനായി കാര്യക്കാർ ഇങ്ങനെ അറിയിച്ചു:

"അയാൾ പല കമ്പനിക്കാരുടെയും നവാഭന്മാരുടെയും തീട്ടൂരങ്ങൾ വഹിക്കുന്ന വ്യാപാരിയാണ്. അന്യരാജ്യക്കാരുടെ വ്യാപാരം ഇവിടെ പ്രബലപ്പെടണമെന്നാണ് തിരുവുള്ളത്തിൽ ആഗ്രഹവും."

മഹാരാജാവ്: "ദുർവ്യാപാരം പ്രബലപ്പെടണമെന്ന് ആരെങ്കിലും ആഗ്രഹിച്ചുവോ? എന്തായാലും ഈ അനർത്ഥം നീക്കിയില്ലെങ്കിൽ ഇവിടെങ്ങും ആർക്കും സുഖമുണ്ടാവില്ല."

കാര്യക്കാർ: "കല്പനപോലെ ചെയ്യാം. തിരുമനസ്സിൽ അറിയിയ്ക്കേണ്ടത് ഇപ്പോൾ അടിയന്റെ ചുമതല. ദിവാൻജിയജമാനനും ഉണ്ണിത്താൻ കാര്യക്കാരും നിരപ്പിലല്ലാത്ത സ്ഥിതിക്ക് വല്ലതും ചെയ്തുവെന്നു വച്ചാൽ പരമാർത്ഥം. പക്ഷേ, വെളിപ്പെടുമ്പോൾ, അവർ തമ്മിൽ പെരുമ്പോരുണ്ടായേയ്ക്കാം. അന്ന് ഇപ്പോഴത്തെ ആലോചന വേണ്ടിയില്ലായിരുന്നു എന്ന് കല്പിച്ചാൽ അടിയൻ പുറമ്പുള്ളിയായിപ്പോകും."

മഹാരാജാവ്: "നീ കുസൃതി! നമ്മെ വിഷമിപ്പിക്കാൻ വേണ്ട വിദ്യകളെല്ലാം നിന്റെ കൈയ്ക്കൽ ഉണ്ട്. ഒന്നു നോക്കുമ്പോൾ നീ പറയുന്നതു ശരിയുംതന്നെ. ആ ഉണ്ണിത്താനെ ആദ്യം കണ്ടന്നുമുതൽ പ്രത്യേകമായി ഒരാദരം നമുക്കു തോന്നിയിട്ടുണ്ട്. അവന്റെ കുടുംബത്തിനു നാമായി മാനഹാനി വരുത്തിക്കൂടാ. നല്ലവണ്ണം സൂക്ഷിച്ചുകൊണ്ടാൽ മതി. ആ പെൺകുട്ടിയുടെ കഥ – അവളെന്താ ചെറുവികൃതിയാണോ?"

കാര്യക്കാർ: (തന്റെ അഭിലാഷാനുസാരമായുള്ള കല്പന കിട്ടാഴികയാൽ കാര്യസ്ഥിതികളെ ശപിച്ചും പരമാർത്ഥാനുകാരിത്വം എന്ന ധർമ്മത്തെ മറന്നും) "ആവോ, അടിയനു രൂപമില്ല. കുറച്ച് സ്വാതന്ത്ര്യബുദ്ധി – പുരുഷത്വം കൂടുതലും – എങ്കിലും നല്ല തന്റേടമുള്ള കൂട്ടത്തിൽ എന്നു അടിയൻ കേട്ടിട്ടുണ്ട്. അവരുടെ ബന്ധുക്കളിൽത്തന്നെ വല്ലവരും കൊണ്ടുപോയിരിക്കാമെന്നും കേൾക്കുന്നുണ്ട്. എങ്ങനെ അറിയുന്നു!"

മഹാരാജാവ്: "കുഞ്ചെക്കുട്ടിയറിഞ്ഞില്ലെങ്കിൽ ആരറിയും? എന്തായാലും ആ സാധു ഉണ്ണിത്താൻ വ്യസനിക്കും. കേശവനും അസ്വാസ്ഥ്യമുണ്ടാകും. നീ അത്ഭുതക്രിയകൾ സാധിക്കുന്ന വിക്രമനല്ലേ? അവളെ കണ്ടുപിടിച്ച് ഇങ്ങോട്ടു കൊണ്ടേല്പിക്കുക. കേശവനെയും ഉണ്ണിത്താനെയും യോജിപ്പിയ്ക്കാൻ നമുക്ക് ഒരവസരം കിട്ടിക്കൊള്ളട്ടെ."

ഈ കൃപാലുത്വം ആ രാജർഷിയിൽനിന്ന് ഒരു സാമാന്യന്റെ ആകാംക്ഷയെന്നപോലെ ഗളിതമായപ്പോൾ, കാര്യക്കാർക്കു തന്റെ അന്വേഷ്യവിധത്തെക്കുറിച്ച് അല്പം സംഭ്രമം ഉണ്ടായി. അദ്ദേഹം ആ അപഹരണത്തെപ്പറ്റി ഒരു പര്യേഷണവിമർശനത്തെ ഇങ്ങനെ സമർപ്പിച്ചു:

"സംബന്ധികളിൽ ഒരു ധൂർത്തന്റെ ക്രയയായിരിക്കാം. ആ അജിതസിംഹനെയും ശങ്കിക്കാൻ സംഗതിയുണ്ട്. ഈ ഗൗണ്ഡന്റെ കൈനീളവും ആരു കണ്ടു? ആ കുട്ടിയുടെ ജനനം പെരിഞ്ചക്കോടൻ എന്ന രാക്ഷസന് ഒട്ടുംതന്നെ സമ്മതമല്ല. ദിവാൻജിയജമാനൻ ആ കുട്ടിയെ കൊട്ടാരക്കരക്കാര്യക്കാരുടെ സൂക്ഷിപ്പിൽ ഏല്പിച്ചിട്ടുണ്ട്. ആ കിടാത്തിതന്നെ അജിതസിംഹനും മറ്റും പിടികൂടാതെ അവരുടെ വല്ല കുപ്പപ്പാട്ടിലേയ്ക്കും ചാടിക്കടന്നുമിരിക്കാം."

മഹാരാജാവ്: "ശരി. ഇങ്ങനെ അവളെ കണ്ടുപിടിയ്ക്കുക കഴിഞ്ഞോ? ഗൗണ്ടന്റെ കൈനീളംപോലതന്നെയാണ് കാര്യക്കാർക്ക് തോന്നുമ്പോൾ പ്രയോഗിയ്ക്കുന്ന വക്രസൂത്രവും. നല്ലോണം ചിന്തിച്ചു പറയൂ. ഏതു വിധത്തിൽ എങ്ങോട്ടു പോയിരിക്കാം?"

കാര്യക്കാർ അല്പനേരം സമാധിസ്ഥനെന്നപോലെ നിന്നിട്ട് 'പൊന്നുതിരുമേനീ!' എന്നുള്ള വിനയസംബോധനയോടും തന്റെ ദർശനം തെറ്റിപ്പോകാമെങ്കിലും മൂന്നാമതൊരുവൻ അറിഞ്ഞുകൂടാ എന്നുള്ള പ്രാർത്ഥനയോടും സാവിത്രീകന്യക ആ മുഹൂർത്തത്തിൽ ഏതൊരു നിലയനത്തെ ലക്ഷ്മീസങ്കേതമാക്കിത്തീർക്കുന്നു എന്ന് ഉണർത്തിച്ചു. മഹാരാജാവിന്റെ കായദൈർഘ്യം ഒന്നു വർദ്ധിച്ചതുപോലെ കണ്ടും ഉയർന്നു. അവിടുന്ന് ആകാശവീക്ഷണനായി സ്ഥലകാലഭ്രമങ്ങൾ നേരിട്ടതുപോലെ നിലകൊണ്ടു. ചൂണ്ടുവിരൽ നാസാന്തത്തിൽ പതിപ്പിച്ചുകൊണ്ട് കഥപ്രസരത്തോടുകൂടിയുള്ള ശബ്ദത്തിൽ ഇങ്ങനെ ചോദ്യം തുടങ്ങി:

"എന്ത് കുഞ്ചെക്കുട്ടീ! ഭ്രാന്തല്ലേ നീ പുലമ്പുന്നത്?"

കാര്യക്കാർ: "അടിയൻ കണ്ട വസ്തുതയെ തൃപ്പാദത്തിലാക്കി. പരമാർത്ഥം ഭഗവാനറിയാം."

മഹാരാജാവ്: "അങ്ങനെ വരാൻ വഴിയെങ്ങനെ? മഹാദുർഘടമല്ലേ അത്? അന്യഗ്രഹം കണ്ടിട്ടില്ലാത്ത ആ കുട്ടി ആ അസുരസംഘത്തിൽ എന്തു ചെയ്യും? നമ്മുടെ പ്രജകളെന്നു നടിയ്ക്കുന്ന കൂട്ടം ഇത്രത്തോളം ദുഷ്ടന്മാരാകുന്നല്ലോ! കുലമഹത്ത്വവും ജാത്യാഭിമാനവും എല്ലാം മറക്കുന്ന നീചത്വത്തിനു നാം എന്തു പറയും എന്തു ശിക്ഷ കൊടുക്കും? തിരിയുന്നവഴിക്കെല്ലാം സംബന്ധബന്ധങ്ങൾ നമ്മെ കഷായിപ്പിക്കുന്നു."

കാര്യക്കാർ: "അടിയങ്ങളുടെ ക്ഷേമത്തിന് പൊന്നുതിരുമേനി എല്ലായ്പ്പോഴും ശ്രീപത്മനാഭന്റെ രക്ഷയെ പ്രാർത്ഥിക്കുന്നു. തിരുമനസ്സിലെ ഭക്തിയും പുണ്യപൂരവും ആ കിടാത്തിയെയും രക്ഷിക്കും."

ഈ വാക്കുകൾ കേട്ട് മഹാരാജാവ് കൈകൂപ്പി നിന്നു. അനന്തരം ഇങ്ങനെ അരുളിച്ചെയ്തു:

"ഇവിടത്തെ പ്രവേശനം എപ്പോഴെങ്കിലും വേണ്ടിവരുന്നെങ്കിൽ ഉടനെ ധരിപ്പിക്കണം, കേട്ടോ. രാജ്യം വിട്ടുകൊടുക്കാതെ എന്തു കരാറും ചെയ്യാൻ ഇവിടെ തയ്യാറാണ്. ആ കുട്ടിക്കുവേണ്ടി ആരു മടിച്ചാലും ഇവിടുന്ന് എന്തു ചിലവുചെയ്യാനും ഒരുക്കംതന്നെ."

കാര്യക്കാർ മിണ്ടാതെ നിന്നു.

മഹാരാജാവ്: "ഈ സ്ഥിതികളിൽ കേട്ടോ കാര്യക്കാരേ, ഒരു സംഗതി നല്ലവണ്ണം ഓർമ്മിച്ചു നഗരരക്ഷ നടത്തണം. ഇങ്ങോട്ടെത്തുന്നവർ എല്ലാം വിഭീഷണന്മാരല്ല. പലരും ജടാസുരന്മാരാണ്. കലാപമൊന്നും കൂടാതെ ദ്രോഹത്തിന് ഒരുമ്പെടുന്നവനെ അമർത്തിക്കളയണം. അതിനു മറ്റാരും അനുവദിക്കേണ്ടതില്ല."

താൻ അഭിലഷിച്ചതായ കല്പന ഇത്ര ഊർജ്ജിതത്തോടെ കിട്ടിയപ്പോൾ, കാര്യക്കാർ സാമാന്യമായ ഒരു അരുളപ്പാട് കേട്ടതുപോലുള്ള നിശ്ചഞ്ചലതയോടെ തൊഴുതു വിടവാങ്ങി. ഗൗണ്ഡന്റെ മർദ്ദനകർമ്മം താൻ നിവർത്തിച്ചാൽ ദിവാൻജിയുടെ ചോദ്യത്തിനുപോലും ഉത്തരം പറയേണ്ടതായി വരുകയില്ലെന്നുള്ള ചാരിതാർത്ഥ്യപ്രമോദത്തോടെ കാര്യക്കാർനടകൊണ്ടു.

സാവിത്രിയുടെ അപഹരണകഥ ഗ്രഹിച്ചപ്പോൾ തന്റെ ഹൃദയാഴിയെ മഥനം ചെയ്യാൻ എത്തുന്ന ഒരു ക്ഷതഹൃദയനോടു സ്വല്പനേരത്തെ മായാവിഹാരത്തിന് ഒരുങ്ങേണ്ട മുഹൂർത്തം സമാഗതമാകുന്നു എന്നു കുഞ്ഞെക്കുട്ടിപ്പിള്ള സമീക്ഷിച്ചു. മധുരാശനത്തിന് ത്രിവിക്രമപ്രഭൃതികൾ കുഞ്ഞെക്കുട്ടിപ്പിള്ളയാൽ ക്ഷണിക്കപ്പെട്ട നിശാവേള അടുത്ത പക്ഷത്തിലും ആവർത്തിതമായി. ശീലവതിയുടെ പ്രാർത്ഥനയാൽ സൂര്യരഥം നിലകൊണ്ടപോലുള്ള വിശ്വാവസ്ഥയെ തരണം ചെയ്യുന്ന ത്രിവിക്രമകുമാരൻ ദിവാൻജിയുടെ ആജ്ഞാനുസാരം മീനാക്ഷിഅമ്മയെ സന്ദർശിച്ചു സമാശ്വസിപ്പിച്ചിട്ട് രാജമന്ദിരത്തിനകത്ത് പ്രവേശിച്ചു കുഞ്ഞെക്കുട്ടിപ്പിള്ളയെ ആരാഞ്ഞു തുടങ്ങി. ചെറുമുറികളും ഉത്തരക്കെട്ടുകളും വൃക്ഷശിഖകളും നീരാഴിത്തളിമങ്ങളും – എന്നുവേണ്ട, ഗൂഢവാസത്തിന് ഉപയുക്തമായുള്ള കേന്ദ്രങ്ങളെല്ലാം പരിശോധിച്ചു ക്ഷീണനായി, പ്രധാനപള്ളിയറയിലോട്ടുള്ള കോണിമുഖത്തിൽ എത്തിയപ്പോൾ, അതിന്റെ ചുവട്ടിൽ ചൂടുവെയിൽ ഏല്പാൻ കിടന്നുരുളുന്ന കരടിയെപ്പോലുള്ള ഒരു സത്വത്തെക്കണ്ടു. സ്വപ്നസംഭ്രമത്താൽ എന്നപോലെ കൈകാലുകൾകൊണ്ട് ഓരോ താളങ്ങൾ അറഞ്ഞു മലർന്നുകിടന്നിരുന്ന കുഞ്ഞെക്കുട്ടിപ്പിള്ളയെ പള്ളിയുറക്കത്തിനു ഭംഗം വരാത്ത മൃദുസ്വരത്തിൽ ഏകദേശം അരനാഴികയോളം 'അമ്മാവാ!' എന്നുള്ള സങ്കീർത്തനത്താൽ ഉണർത്താൻ ശ്രമിച്ചു. ആ യോഗശയനത്തിനോ സ്വപ്നവികാരങ്ങൾക്കോ ഭംഗം ഉണ്ടായില്ല. ത്രിവിക്രമന്റെ ക്ഷമ അസ്തമിക്കുകയാൽ ആ കുമാരൻ കുഞ്ഞെക്കുട്ടിപ്പിള്ളയുടെ ശരീരത്തെക്കൊണ്ട് ഒരു കൈലാസോദ്ധാരണം നിർവഹിപ്പാൻത്തന്നെ മുതിർന്നു. കാൽമുട്ടുകൾ കുത്തി വിരലുകൾ പത്തും ഉള്ളങ്കയ്യും മുഴങ്കയ്യുടെ അഗ്രഭാഗവും അടിയിലോട്ടു കടത്താൻ അനുവദിച്ച ശരീരം, ത്രിവിക്രമന്റെ പാടവത്തെ ഒന്നു പരീക്ഷിപ്പാൻ തുടങ്ങി. ആ ലോഹശരീരം രോമമാത്രമെങ്കിലും ഉയരുകയോ

അടിയിലോട്ടു കടത്തിയ ഹസ്തങ്ങളെ ഉപസംഹരിക്കുവാൻ സമ്മതിക്കുകയോ ചെയ്തില്ല. കാര്യക്കാരായ യോഗസിദ്ധനോടു ബലപരീക്ഷണത്തിനോ, സാമവേദഗാനത്താൽ അദ്ദേഹത്തെ പ്രസാദിപ്പിപ്പാനോ നോക്കാതെ കേവലം ബാലകൗശലമായി ത്രിവിക്രമൻ അദ്ദേഹത്തിന്റെ കായകുട്ടിമത്തിന്മേൽ കംബളസ്ഥിതിയിൽ നിപാതം ചെയ്തു. നമ്മുടെ യുവമല്ലവിദഗ്ധൻ കാര്യക്കാരായ ഭാർഗ്ഗവാചാര്യരാൽ സകൃപം ആശ്ലേഷിതനായി. അതിമൃദുസ്വരത്തിൽ കാര്യക്കാർ ഇങ്ങനെ സംഭാഷണം ആരംഭിച്ചു: "ഉറക്കെ സംസാരിക്കരുത്. തിരുമേനി പ്രജാകാര്യക്ലേശങ്ങളാൽ പ്രജാഗരത്തെ വരിച്ചിരിക്കുന്നു. അതുകൊണ്ട് എന്തെങ്കിലും ശബ്ദം കേട്ടാൽ ഇങ്ങോട്ടെഴുന്നെള്ളും. അതു പോകട്ടെ, മർമ്മവിദ്യകൊണ്ട് കുട്ടന് കുഞ്ചെക്കുട്ടിയെ ഉണർത്തിക്കൂടായിരുന്നോ?"

ത്രിവിക്രമൻ തന്റെ ശിരസ്സുകൊണ്ട് കുഞ്ചെക്കുട്ടിപ്പിള്ളയുടെ വക്ഷസ്സിൽ ചില സ്നേഹതാഡനങ്ങൾ ഏല്പിച്ചു.

കുഞ്ചെക്കുട്ടിപ്പിള്ള: "അപ്പോൾ, ക്ഷീണിക്കാനും വ്യസനിക്കാനും ഒന്നുമില്ലെന്ന് ദിവാൻജിയജമാനൻ ഉത്തരവായില്ലേ? ഭവിഷ്യൽസംഭവങ്ങൾ എന്നെത്തൊട്ടുകിടക്കെ കാട്ടാനുള്ള ശ്രീകൃഷ്ണവൈഭവം എനിക്കില്ല. എന്റെ ദേഹത്തിൽ കടന്നു കണ്ണുകൾ വഴിയെ നോക്കിയാൽ ഞാൻ കാണുന്നതു കുട്ടനും കാണാം. മീനാക്ഷിഅമ്മയെ ആശ്വസിപ്പിച്ചില്ലേ?"

ത്രിവിക്രമൻ: "അതു മറ്റൊരു മഹാകഷ്ടം! സത്യസ്വരൂപൻ എന്ന ഈശ്വരൻ തന്റെ വാഴ്ചയെ വല്ല കലിയ്ക്കും ഇക്കാലത്ത് വിട്ടുകൊടുത്തിരിക്കുന്നോ?"

കുഞ്ചെക്കുട്ടിപ്പിള്ള: "പോരാളികൾക്ക് ഇങ്ങനെയുള്ള ചോദ്യങ്ങൾ ചെയ്യാൻ അവകാശമില്ല. ആയുധങ്ങൾ വച്ചിട്ടു രുദ്രാക്ഷം കശക്കുന്ന കാലത്തു ഭഗവൽഗതിയെക്കുറിച്ച് ആത്മക്ലേശം ചെയ്തുകൊള്ളു. അതുവരെ പൗരുഷവും പ്രണയവുംകൊണ്ട് അന്തഃപോഷണം സാധിക്കു. ആകട്ടെ, ഞാൻ ഒരു രഹസ്യം ചോദിക്കട്ടെ. ആ കുട്ടി എന്റെ കുട്ടനോടു് എന്തെങ്കിലും പ്രതിജ്ഞചെയ്തിട്ടുണ്ടോ?"

ത്രിവിക്രമൻ: "കുട്ടിക്കാലം മുതൽക്ക് എന്റേതായി. ഇപ്പോൾ ഞാൻ പ്രാണൻ ഉപേക്ഷിക്കേണ്ട സ്ഥിതിയിൽ –"

കാര്യക്കാർ: "ഛേ! ഛേ! പ്രാണനെ അവനവന്റെ ഇഷ്ടംപോലെ ഉപേക്ഷിക്കുക സാധിക്കുമെന്നു ഭ്രമിക്കുന്നോ? മനുഷ്യരെ ബാധിക്കുന്ന ഒരു പരമജളത്വമാണതു്. അതുപോട്ടെ, വിശ്വസിച്ചെന്തെങ്കിലും പ്രതിജ്ഞചെയ്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്."

ത്രിവിക്രമൻ: "പടക്കളത്തിലും അവളുടെ ആത്മാവ് എന്റെ കൂടെയുണ്ടായിരിക്കുമെന്ന് ഒരു വാക്കു പറഞ്ഞിട്ടുണ്ട്."

കുഞ്ചെക്കുട്ടിപ്പിള്ളയുടെ ശരീരം പുളകിതമാകുന്നു എന്ന് ത്രിവിക്രമകുമാരൻ അറിഞ്ഞു. ഈ പരമാർത്ഥം തന്നെക്കൊണ്ടു വചിപ്പിച്ച ആ സിദ്ധൻ എന്തോ സൂക്ഷ്മത്തെ ദർശിക്കുന്നു എന്ന് ആ കുമാരന് അനുഭൂതമായി. "അമ്മാവാ, പറയണം. സ്വർഗ്ഗം തകർത്തും ഞാൻ അവളെക്കൊണ്ടുവരാം" എന്ന് അശ്രുധാരാവർഷത്തോടുള്ള ആ അനുരാഗവാന്റെ പ്രാർത്ഥനയ്ക്ക് കുഞ്ചെക്കുട്ടിപ്പിള്ള ഇങ്ങനെ മറുപടി പറഞ്ഞു: "ദൈവഗതിയുടെ രഹസ്യങ്ങൾ ചിന്തിച്ച് ആശ്ചര്യപ്പെടുകയാണ്. ആ കുട്ടിയെക്കൊണ്ട് കുട്ടൻ പറഞ്ഞ പ്രതിജ്ഞചെയ്യിച്ച ശക്തിക്കു മുമ്പിൽ പ്രണമിക്കുക. ആ ശക്തിതന്നെ നിങ്ങളെ വീണ്ടും സംയോജിപ്പിക്കട്ടെ! പൊയ്ക്കൊള്ളൂ. തിരുവുള്ളം നിങ്ങളെ പൂർണ്ണമായി അനുഗ്രഹിക്കുന്നു. പെരിഞ്ചക്കോട്ടു പോയി എന്തെങ്കിലും പിണയ്ക്കുക. അച്ഛനെ കാണുക. ഒട്ടും താമസിക്കാതെ യുദ്ധരംഗത്തിലേക്കു മടങ്ങുക. ദിവാൻജിയജമാന്റെ ജീവരക്ഷ സാധിക്കുന്നവൻ രാജ്യത്തിന്റെ പരമോപകാരി എന്നുമാത്രം അറിഞ്ഞുകൊണ്ടു കുഞ്ചെക്കുട്ടിയുടെ അനുഗ്രഹത്തെ സ്വീകരിക്കുക."

കാര്യക്കാർ ത്രിവിക്രമനെ ഗാഢമായി ആശ്ലേഷവും ഗണ്ഡങ്ങളിലും ശിരസ്സിലും ചുംബനവും ചെയ്തു സ്വഹസ്തങ്ങൾക്കിടയിൽനിന്നു മുക്തനാക്കി. ത്രസിക്കുന്ന അധരങ്ങളാൽ പലതും പുലമ്പിക്കൊണ്ടു നമ്മുടെ യുവാവ് ആ ഗുരുവര്യന്റെ പാദങ്ങൾ തൊട്ടു കണ്ണിൽ സമർപ്പണം ചെയ്തിട്ട് ചെറുതായ ഒരു സാദിസംഘത്തെ കൊണ്ടുപോകുന്നതിന് ദിവാൻജിയുടെ ലേഖനം കൊടുത്തു അനുവാദം വാങ്ങി, പെരിഞ്ചക്കോട്ടെ പ്രണയപ്രതിജ്ഞയുടെ ശിഥിലീകരണം എന്ന അനുദ്ദിഷ്ടകർമ്മത്തിനായി പുറപ്പെട്ടു.

ഗൗണ്ഡന്റെ ഉദ്ദേശമറിഞ്ഞിരുന്ന കാര്യക്കാർ അയാളുടെ തന്ത്രപ്രയോഗം ഒന്നു പരീക്ഷിപ്പാനായി നഗരത്തിൽ സ്വൈരസഞ്ചാരം തുടങ്ങിയിരുന്നു. ആവശ്യപ്പെടുമ്പോൾ കാണാതെയും ആവശ്യമില്ലാത്തപ്പോൾ പ്രത്യക്ഷനായും തീരുന്ന കാര്യക്കാരുടെ സഞ്ചാരവിശേഷം പൗരന്മാരെയും രാജമന്ദിരസേവകരെയും വിഷമിപ്പിച്ചു. യുദ്ധം സമീപിക്കുന്ന കാലത്ത് ഒരു വിദേശീയപ്രമാണിയുടെ ധനപൂർണ്ണമായ വ്യാപാരശാല രാജാധികാരത്താൽ രക്ഷിക്കപ്പെടണമെന്ന നീതി ആസ്പദമാക്കി സേനയിലെ ഒരു ഗണം ആ ശാലയെ വലയം ചെയ്തു പാറാവുതുടങ്ങി. ഗൗണ്ഡൻ കാര്യക്കാരുടെ യന്ത്രത്തിരിപ്പിന്റെ കൗശലവിശേഷത്തെ ദർശിച്ചു. കേരളീയരായ അനുയായികൾ ഗൗണ്ഡതരുവിൽനിന്ന് ക്ഷീണമൂലങ്ങളായ ജീവന്തികകൾ എന്നപോലെ കൊഴിഞ്ഞു. ഗൗണ്ഡന്റെ ആസുരമായ മാത്സര്യബുദ്ധി ശീഘ്രപ്രവർത്തനത്തിന് അയാളെ പ്രേരിപ്പിച്ചു.

നിഗ്രഹമെന്നുള്ള അവസാനകർമ്മത്തെ ഗൗണ്ഡന്റെ സംഗതിയിൽ അനുഷ്ഠിപ്പാൻ കാര്യക്കാരുടെ ചിത്തം രഞ്ജിച്ചില്ല; എന്നാൽ ദക്ഷിണദിക്കിലെ ഒരു ശിലാഗഹ്വരത്തിലുള്ള കൃമികീടാദികളോട് സാഹചര്യം അനുഭവിപ്പിക്കുവാൻ അദ്ദേഹം തീർച്ചയാക്കി. പക്ഷേ, അയാളെ അങ്ങോട്ടു യാത്രയാക്കുന്നതിനുമുമ്പ് സാവിത്രിയുടെ കുലമഹത്ത്വത്തെയും ചാരിത്ര്യത്തെയും രക്ഷിക്കുന്നതിന് ഉപയുക്തമായുള്ള ഒരു യന്ത്രത്തെ അയാളിൽനിന്നു സമ്പാദിച്ചുകൊള്ളണമെന്നും അദ്ദേഹം കരുതി.

ത്രിവിക്രമകുമാരനുമായി സംഘടിച്ചതിന്റെ അടുത്ത രാത്രിയിൽ കുഞ്ചെക്കുട്ടിപ്പിള്ളയുടെ ആജ്ഞാധീനന്മാരായ ചാരന്മാർ ഗൗണ്ഡപ്പാളയത്തെ വലയം ചെയ്തു. കാര്യക്കാരുടെ

കിങ്കരസംഘത്തിന് കിട്ടീട്ടുള്ള ആജ്ഞാനുസാരം പ്രകടിപ്പിക്കപ്പെട്ട ഔദാസീന്യം അവിടുത്തെ അനുചരരെ രക്ഷപ്പെട്ടുകൊള്ളുവാൻ അനുവദിച്ചു. അർദ്ധരാത്രിയുടെ നിർജ്ജനതയ്ക്കിടയിൽ ഗൗണ്ഡന്റെ വിലയേറിയ സാമാനങ്ങൾ രാജാധികാരത്തിന് അധീനമായ ഒരു കല്ലറയിലോട്ടും ഗൗണ്ഡൻ വഞ്ചിയൂർക്കാട്ടിൽ അവശേഷിച്ചിരുന്ന പാണ്ടപ്പാളയത്തിലേക്കും മാറ്റപ്പെട്ടു. ഭംഗാരാമൻ കാര്യക്കാർക്ക് രാജമന്ദിരത്തിലുള്ള ഒരു പ്രത്യേക മുറിയിൽ മനോഹരസ്വപ്നങ്ങളാൽ സുഖമയമാക്കപ്പെട്ട നിദ്രയിൽ ലയിച്ചു.

അടുത്ത സൂര്യോദയത്തിൽ ഗൗണ്ഡപ്പാളയത്തിന്റെ അസ്തമയം നഗരത്തിൽ ഒരു ഭൂകമ്പത്തെത്തന്നെ സംജാതമാക്കി. പൗരസംഘങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു് ജഗൽസ്തംഭം സംഭവിച്ചുപോയതുപോലുള്ള ആധിയോടെ കാലസ്ഥിതിയുടെ ഭയങ്കരത്വത്തെക്കുറിച്ചു പലവിധം അഭിപ്രായങ്ങളും അപഹാസങ്ങളും അവഹേളനങ്ങളും പ്രലാപങ്ങളും പ്രകടിപ്പിച്ചു. രാജഭടന്മാരെയും തോല്പിച്ചുണ്ടായ ആ ബലപ്രയോഗം രാമസങ്കേതത്തെയും ബദ്ധശ്വാസമാക്കി, അനന്തരസംഭവം ഏതു് കേന്ദ്രത്തിൽ നിപതിക്കുമെന്ന വൈവശ്യത്തോടെ വിചിന്തനം തുടങ്ങിച്ചു. പത്മനാഭസ്വാമിക്ഷേത്രത്തിനകത്തുള്ള അന്നദാനാലയം നിഷ്ക്കാലാഹലാഷ്ടിയാൽ ആ ദിവസത്തിലെ ആപച്ഛങ്കയെ ആഘോഷിച്ചു. കാര്യക്കാർ തന്റെ കാര്യാലയത്തിൽ ഇരുന്നു മൈസൂർരാജമന്ദിരാചാരങ്ങൾക്ക് ചേരുംപ്രകാരമുള്ള ഒരു ലേഖനത്തെ പൂർത്തിയാക്കി. ഈ ലേഖനം ഹിന്ദുസ്ഥാനിഭാഷയിൽ പല ബഹുമാനവാചകങ്ങൾകൊണ്ടു സംബുദ്ധനായ ടിപ്പുസുൽത്താൻ ബഹദൂർ സന്നിധാനത്തിലേക്ക്, സിരഹസ്തിനം സത്രാധിപനായ കാളിപ്രഭാവഭട്ടൻ ഉണർത്തിക്കുന്നതായി എഴുതപ്പെട്ടിരുന്നു. ആ ലേഖനത്തിന്റെ അസലും മേൽവിലാസലക്കോട്ടും എഴുതിത്തീർന്നപ്പോൾ ഗൗണ്ഡയന്ത്രം ഖണ്ഡിക്കപ്പെട്ടു എന്നുള്ള വിജയപ്രസാദംകൊണ്ടു കാര്യക്കാരുടെ മുഖം സവിശേഷം തിളങ്ങി.

സമയം അർദ്ധരാത്രിയോടടുക്കുന്നു. മുമ്പറഞ്ഞ ലേഖനത്തെ ഗൗണ്ഡനെക്കൊണ്ടു് ഒപ്പിടുവിച്ചിട്ടു് അയാളെ ബന്ധനശാലയിലേക്ക് അയയ്ക്കാനായി കാര്യക്കാർ നവീനായുധങ്ങൾ ധരിച്ചുള്ള ഭടജനങ്ങളാൽ പരിസേവിതനായി വഞ്ചിയൂർക്കാടായ ഖദ്ദർഗ തരണം ആരംഭിക്കുന്നു. കണ്ടകവാഹികളായുള്ള ചെറുതരുക്കളുടെ ഉന്നതിയും അവയുടെ പത്രനിബിഡതയുംകൊണ്ടു് അവർക്കു പരസ്പരം കാണ്മാൻ കഴിവുണ്ടാകുന്നില്ല. സംഘത്തിലെ ഓരോ സമചതുരനും ഖഡ്ഗപ്രയോഗംകൊണ്ടുള്ള മാർഗ്ഗനിർമ്മാണത്തിനു പടുതയോടെ പ്രയത്നിക്കുന്നു. ഈ സാഹസം ചെറുജീവികളുടെ സ്വൈരവാസത്തിനു ഭംഗംഉണ്ടാക്കി ഭൂവിലങ്ങളിലും ജടിലമായുള്ള വേർക്കെട്ടുകളിലും നിന്നു് അവരെ ഇളക്കി പ്രാണഭീതിയോടെ നാനാദിശയിലോട്ടും പായിക്കുന്നു. ഇടയ്ക്കിടെ പാദനിപാതമേറ്റു ശിഥിലഫണന്മാരായ ഉരഗങ്ങൾ വഴിമദ്ധ്യത്തിൽത്തന്നെ വായുപ്രാശ്ലത്താൽ ഊഷ്മളജീവന്മാരാകുന്നതിനു ശയനം ചെയ്തുപോകുന്നു. ഭൃംഗനിരകളുടെ നിസ്ത്രന്ദ്രമുരളീഘോഷം ഭടജനത്തിന്റെ നിഷ്ഠുരമായുള്ള പാദപ്രപാതാരവത്താൽ പൊടുന്നനെ ഭംഗപ്പെട്ടു ശ്രോതാക്കൾക്കു കർണ്ണാശ്വാസം ഉണ്ടാക്കുന്നു. ആ പ്രശാന്തസ്ഥലത്തുണ്ടായ ബലപ്രവേശനം ചെറുപക്ഷികളെ ഉണർത്തി നവവസതികളുടെ സമ്പാദനത്തിനായി ആകാശവീഥിയെ വിച്ഛേദിപ്പിക്കുന്നു.

വള്ളിക്കെട്ടുകൾക്കിടയിൽക്കുടുങ്ങി "അയ്യപ്പോ!" ക്രന്ദനങ്ങൾ ചെയ്തുപോകുന്ന ഭടന്മാർ ദൂരസ്ഥലങ്ങളിൽനിന്നു മുഴങ്ങുന്നതായ "പോറതാർ?" എന്നൊരു ചോദ്യവും "മാംകാമ്മാൾ" എന്ന അടയാളവാക്കും കേട്ട് അപ്രതീക്ഷിതദുരന്തത്തെത്തന്നെ ദർശിച്ചുപോകുന്നു. അന്ധകാരപടലമാകുന്ന യവനികാരക്ഷയെ ഭേദിച്ച് ശത്രുശൂലങ്ങൾ നിപാതം ചെയ്യേക്കുമോ എന്ന് അവർ അമ്പരന്നു നോക്കിപ്പോകുന്നു. ആ വിഷമയാത്രയാൽ പീഡിതരായ ഭടജനം തങ്ങളെ ആവരണംചെയ്യുന്ന ഭയാനകതയെ ശപിച്ചുതുടങ്ങിയപ്പോൾ, അതുവരെയും ധമനിക്ഷോഭം ബാധിക്കാത്ത കാര്യക്കാരുടെ ഒരു അർദ്ധാക്ഷരധ്വനി അവരെ നിലകൊള്ളിക്കുന്നു.

കാര്യക്കാരുടെ പാദങ്ങളിൽ വസ്തുകവചിതമായ ഒരു സത്വം തടയുന്നു. അദ്ദേഹത്തിന്റെ കർണ്ണങ്ങളിൽ പതിച്ച 'മാംകാമ്മാൾ' എന്ന പദം അഗാധമായുള്ള ഒരു ചിന്താഹ്രദത്തിലോട്ട് അദ്ദേഹത്തെ അവഗാഹനം ചെയ്യിച്ചിരുന്നു; ഈ ചിന്തയ്ക്കിടയിലുണ്ടായ ഗതിനിരോധനം വീരമാന്ത്രികനായുള്ള ആ നിസ്തുല യോദ്ധാവിന്റെ ശ്വാസോച്ഛ്വാസത്തെത്തന്നെ പൊടുന്നനെ നിലകൊള്ളിക്കുന്നു. ഗിരിനിപാതത്തിലും സ്ഥിരപാദാവലംബിയായിരിക്കുന്ന കാര്യക്കാർ സ്തബ്ധവൃത്തിയായി നില്ക്കുകയാൽ അദ്ദേഹത്തിന്റെ ഭടജനം ആ അന്ധകാരനിബിഡതയ്ക്കിടയിൽ സ്ഥാണുസ്ഥിതിയെത്തന്നെ അവലംബിക്കുന്നു. കാര്യക്കാർ പാദത്താലും വാളുറയാലും പുരോഭാഗഭൂമിയെ പരിശോധിക്കുമ്പോൾ, ആദ്യത്തിൽ ഗതിനിരോധനം ചെയ്തതുപോലുള്ള ശവശരീരങ്ങൾ തനിക്കു സ്വാഗതം അരുളുന്നതായി ഒരു അന്തർബോധം ഉണരുന്നു.

പരാജയക്ലമത്താൽ പീഡിപ്പിക്കപ്പെട്ടിട്ടില്ലാത്ത കാര്യക്കാർ തന്റെ ജീവിതനിയന്ത്രണം ചെയ്യുന്ന ഗ്രഹങ്ങളുടെ ദുര്യോഗത്തെ ചിന്തിച്ച് ഒരു നവജന്മാരംഭത്തെ ദർശിച്ചു. തന്നാൽ ഗൗണ്ഡനെ സൂക്ഷിച്ചുകൊള്ളുവാൻ നിയോഗിക്കപ്പെട്ട രക്ഷിജനങ്ങളുടെ ശവശരീരങ്ങൾ ഓരോന്നും തന്റെ പൗരുഷത്തെ ധർഷണം ചെയ്യുന്നു എന്ന് അദ്ദേഹം അന്തരാത്മനാ സംവദിച്ചു. തന്റെ ഗൂഢാലോചനയെ ഏതോ വിദഗ്ധഹസ്തം അപജയത്തിൽ പരിണമിപ്പിച്ചിരിക്കുന്നു എന്ന് അദ്ദേഹം അനുമിച്ചു. എങ്കിലും മുമ്പിൽ കണ്ട മണ്ഡപത്തിലോട്ട് ധൃതഖഡ്ഗനായി ആ രംഗം ശത്രുവ്യൂഹത്താൽ പരിരക്ഷിതമാണെങ്കിൽ അങ്ങനെ ആകട്ടേ എന്നുള്ള വീര്യസമഗ്രതയോടെ പ്രവേശിച്ചു. ബഹിരാകാശത്തിലെ അന്ധകാരം നിബിഡതരമായി ഒരു ബ്രഹ്മാണ്ഡപരിച എന്നപോലെ അദ്ദേഹത്തിന്റെ ഖഡ്കത്തിന്മേൽ സംഘട്ടനം ചെയ്തു. ശത്രുവ്യൂഹമെന്നല്ല, ഗൗണ്ഡന്റെ ബൃഹത്ഗോളകായം നിർജ്ജീവമായോ സജീവമായോ അവിടെ കാണ്മാനുമില്ല. സ്വബുദ്ധിയെയും ദൂരദർശിത്വത്തെയും തുച്ഛമാക്കിത്തീർത്ത മഹാചാതുര്യത്തെ അഭിമാനനമനം ചെയ്തുകൊണ്ട് ആ പ്രബുദ്ധൻ ഖഡ്ഗമുഷ്ടി മുറുക്കി ശത്രുവിജയത്തിനു സാക്ഷിയായി നിന്ന ആകാശതാരങ്ങളുടെ ധർമ്മവിലംഘനത്തെ ഭർത്സിപ്പാൻ എന്നപോലെ പുറത്തോട്ടിറങ്ങി. ഛത്രവിസ്തൃതിയിലുള്ള ജടയും കണ്ഠംമുതൽ നാഭിയോളം ലംബമാനമായുള്ള മീശയും ജംഘവരെ എത്തുന്ന കൃഷ്ണാംബരങ്ങളും, ഭ്രമാനദണ്ഡത്തോളം നീളമുള്ള ഒരു ശൂലവും ധരിച്ച കാളരാത്രിസഹസ്രങ്ങൾ മൂർത്തീകരിച്ചതുപോലുള്ള ഒരു വിഗ്രഹം ആകാശച്ഛേദിയായി കാര്യക്കാരുടെ മുമ്പിൽ

ആവിർഭവിച്ചു. സമാനപ്രഭാവന്റെ ദർശനത്തിലെന്നപോലെ കാര്യക്കാരുടെ ഖഡ്ഗം പലവുരു ആകാശത്തെ വിച്ഛേദിച്ച് ഒന്നു വട്ടംകറങ്ങി ചീറി ലഘുചക്രങ്ങളെ ലേഖനം ചെയ്തിട്ടു പ്രയോക്താവെയുംകൊണ്ടു വ്യോമവീഥിയിലോട്ടുയർന്നു. സഹസ്രകണ്ഠനിൽനിന്നു താരസമൂഹത്തെ ധൂളിയാക്കുമാറ് ഏകോപിച്ചു പൊങ്ങുംവണ്ണമുള്ള ഒരു ഹാസപടലി ആ കൃതാന്തവിഗ്രഹത്തിന്റെ വക്ത്രത്തിൽനിന്നു മുഴങ്ങി ദിഗന്തങ്ങളെ കിടുക്കി. ബ്രഹ്മാണ്ഡകടാഹത്തിൽ മാറ്റൊലിക്കൊള്ളുമാറുള്ള രൂക്ഷസ്വരത്തിൽ "പാണ്ടയേപ്പിടിയ്ക്കു ആണ്ടവർക്കല്ലാണ്ട് മുടിയുമാ?" എന്ന ഘോരാട്ടഹാസത്തോടെ, ആ നിശാമൂർത്തി മാംസാശിയായുള്ള പുൽക്കാട്ടിനിടയിൽ മറഞ്ഞു.

23

"എൻ കാന്തനെന്നോടുണ്ടോ വൈരം
ഇല്ലെന്നിരിക്കിൽ എന്തേ തുടങ്ങിയിപ്രകാരം?
എനിക്കു ഘോര വൻകാട്ടിലാരുപോൽ പരിവാരം!
ഏതു ചെയ്താലും വന്ദിപ്പതിനിങ്ങധികാരം"

ദിവാൻജിയിൽനിന്ന് കിട്ടിയ ആജ്ഞ രാജകല്പനയായിത്തന്നെ ഉണ്ണിത്താനാൽ ആദരിക്കപ്പെട്ടു. അജ്ഞാതവാസത്തിന് പുറപ്പെട്ട പാണ്ഡവർക്ക് ശ്രീനാരദൻ ഉപദേശിച്ച രാജസേവാക്രമംതന്നെ ഉണ്ണിത്താന്റെ ഉദ്യോഗവ്യാപാരങ്ങളിൽ അദ്ദേഹത്തിന് മാർഗ്ഗദീപമായിരുന്നു. എങ്കിലും വിചാരിച്ചിരിക്കാതെ തന്റെ ക്രിയാപദ്ധതികളെ നിയന്ത്രിയ്ക്കുമാറുണ്ടായ ആജ്ഞയുടെ ശ്രവണത്തിൽ, ദാസ്യത്താൽ പൗരുഷത്തിന് നേരിടുന്ന ശൃംഖലാബന്ധത്തെ ചിന്തിച്ച് മാത്സര്യപ്രണോദനത്തിന് അരക്ഷണനേരം അദ്ദേഹം വശംവദനായിത്തീർന്നു. എന്നാൽ രാജവേതനം അംഗീകരിച്ചു പണയപ്പെട്ടുപോകുന്നവർ രാജ്യസമാധാനത്തിനും ക്ഷേമത്തിനും ഐശ്വര്യത്തിനും ആധാരസ്തംഭങ്ങളായി നിലകൊണ്ട് കൃതജ്ഞതയെയും കൃത്യത്തെയും പുലർത്തണമെങ്കിൽ ആജ്ഞാപാത്രങ്ങൾക്ക് ശിരഃപ്രണാമം ചെയ്യാതെ ഗത്യന്തരമില്ലെന്നും അദ്ദേഹം സ്മരിച്ചു. ഹൃദയത്തിലെ വികാരവും ബുദ്ധിയുടെ നിയോഗവും ഇങ്ങനെ വിപരീതഗതികളിലായപ്പോൾ ആ സ്വാരസ്യധാമാവിന്റെ മുഖത്തിലെ പേശലപേശികൾ സ്വയമേ ഒരു വിചിത്രപേഷണം തുടങ്ങി. പൗരുഷവും ധർമ്മാചാര്യത്വവും ഭേദിച്ചുള്ള കൃത്യനിഷ്ഠാവരോഹം ആ മതിമാനെ അനുക്ഷണം സാവജ്ഞനാക്കി. ആ നിമിഷമാത്രത്തിലെ ദുഷ്കലിബാധയിൽനിന്നു മുക്തനായ അദ്ദേഹം തന്റെ മുഖത്തെ ഒരു ചിന്താഗൗരവത്താൽ ആവേഷ്ടനം ചെയ്തുകൊണ്ടും ഏതെങ്കിലും ഒരു അപനയത്താൽ പീഡിതനെന്നുള്ള ഭാവത്തെ വചനകർമ്മങ്ങളിൽ സ്ഫുരിപ്പിക്കാതെയും തന്റെ സംഭാരകാര്യാലയങ്ങളെ ചട്ടവര്യോലപ്രകാരം കൈയൊഴിഞ്ഞു.

അക്കാലത്തെ പ്രഭുക്കൾ, പ്രമാണികൾ, സ്ഥാനമാനക്കാർ എന്നിവരുടെ സഞ്ചാരങ്ങളിൽ അഞ്ചെട്ടെങ്കിലും നായന്മാരുടെ പരിസേവനമില്ലെങ്കിൽ ഭ്രഭ്രമണം നിലകൊണ്ടുപോകുമെന്ന് സമുദായമതംതന്നെ സിദ്ധാന്തിച്ചിരുന്നു. ഉണ്ണിത്താൻ, കുലമഹത്വം, ഗൃഹസംഖ്യ, ധനപുഷ്ടി, വിദ്യാധനം എന്നിവ കണക്കാക്കുമ്പോൾ ഒന്നാം പന്തി പ്രഭുതന്നെയായിരുന്നതിനാൽ, അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് കഴക്കൂട്ടം, കൊട്ടാരക്കര എന്നീ സ്ഥലനിവാസികളിൽ ഒരു വലിയ സംഘം അദ്ദേഹത്തോടു സഹഗമനം ചെയ്ത് പറവൂർപാളയത്തിൽ എത്തി പാർപ്പുറപ്പിച്ചിരുന്നു. തിരുവനന്തപുരത്തേയ്ക്ക് തിരിക്കും മുമ്പ്, ഈ സംഘത്തിലെ ഒന്നുരണ്ടു ദീർഘപാദന്മാർ നന്തിയത്തേയ്ക്കും കുറങ്ങോട്ടു കൃഷ്ണക്കുറുപ്പിനും എഴുതീട്ടുള്ള ലേഖനങ്ങളോടുകൂടി യാത്രയാക്കപ്പെട്ടു.

ഉണ്ണിത്താൻ ആജ്ഞാധിക്കാരത്തിന് സന്നദ്ധനാകുന്ന അല്പപ്രജ്ഞനോ ദുർബുദ്ധിയോ അല്ലെന്ന് ദിവാൻജിക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. എങ്കിലും, ആ ഉദ്യോഗസ്ഥൻ പൂർവ്വോദ്യോഗത്തിലേക്ക് നിയുക്തനായപ്പോൾ അനുക്ഷണംതന്നെ തിരുവനന്തപുരത്തേയ്ക്കുള്ള യാത്രയ്ക്ക് ഭാണ്ഡം മുറുക്കുന്നു എന്നു കേൾക്കയാൽ, ദിവാൻജി സ്വസ്നേഹിതന്റെ സൽപൗരുഷത്തെ അന്നും വിശിഷ്യ അഭിനന്ദിച്ചു. ആ മാനസാരാധനയ്ക്കിടയിൽ അദ്ദേഹത്തിന്റെ ഭ്രയുഗ്മത്തിൽ ഒന്ന് അസ്ത്രമോചനവേളയിലെ ധനുസ്സുപോലെ ആകുഞ്ചിതമായി. ഈ ഭാവഭേദത്തോടു സമകാലീനമായുള്ള ചോതോവ്യാപാരത്തിന്റെ ഫലമായി, കൊടന്ത യാശാനെ ബന്ധനത്തിൽനിന്ന് ഉടനെ മോചിപ്പിച്ചുകൊള്ളുവാനുള്ള ആജ്ഞ പുറപ്പെട്ടു. ഇതോടുകൂടി ദിവാൻജീയുടെ കർണ്ണനേത്രങ്ങളായി ആ പാളയസങ്കേതത്തിൽ പ്രവർത്തനം ചെയ്തുകൊണ്ടിരുന്ന ആ ചാരപ്രധാനൻ ആധുനികസന്മന്ത്രീത്വവും അനുവദിച്ചുപോരുന്ന ഒരു ക്രിയയുടെ പരികർമ്മിയായി നിയോഗിക്കപ്പെടുകയും ചെയ്തു. ഈ നിർദേശമായുള്ള രാഘവബാണം ഏതു നിഷാദവിഷയങ്ങളെ അനിഷാദമാക്കുന്നു എന്നു വഴിയെ ഗ്രഹിക്കാവുന്നതാണ്.

ദക്ഷിണതിരുവിതാംകൂറിൽ ശിലാസ്തംഭങ്ങളും അടിസ്ഥാനക്കെട്ടുകളും ഇന്നും ശേഷിക്കുന്ന മാദ്വാൻലായങ്ങളിൽ പെൺകുതിരകളെ വളർത്തി അശ്വശാസ്ത്രാനുസാരം രാജാവശ്യങ്ങൾക്കു വേണ്ടിവന്ന അശ്വങ്ങളെ അക്കാലങ്ങളിൽ ഉല്പാദിപ്പിച്ചുവന്നു. അഴകേറും പെരുമാൾ, മയിലേറും പെരുമാൾ, സൗന്ദര പാണ്ഡപ്പെരുമാൾ എന്നു തുടങ്ങിയുള്ള കർണ്ണമധുരമായ ദ്രാവിഡനാമങ്ങൾ ധരിച്ചിരുന്ന നാഞ്ചിനാട്ടിലെ പൗരപ്രധാനികൾ സ്കന്ധാവാരനിരകളിലെ നായകത്വവും ഈ അശ്വവാടങ്ങളുടെ ഭരണവുംകൂടി വഹിച്ച് സചിവമണ്ഡലത്തിനു ധനജനങ്ങളുടെ സ്വാധീനത്താലുള്ള ബലത്തെ പരിപുഷ്ടമാക്കിയിരുന്നു. അക്കാലത്തെ രാജ്യാഭിമാനികളുടെയും സ്വാശ്രയശീലന്മാരുടെയും, മിതവ്യയേക്ഷയുടെ ഫലമായി പറവൂർ മുതൽ ദക്ഷിണപരിധിവരെ ഓരോ ഊഴങ്ങൾ നിശ്ചയിച്ച്, വൃത്താന്തവാഹികൾക്കും ഉദ്യോഗസ്ഥപ്രധാനന്മാർക്കും ദ്രുതസഞ്ചാരം ചെയ്‌വാൻ തപാൽ കുതിരലായങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടുവോളം കുതിരകൾ തന്നാട്ടു ശ്രമങ്ങളാൽ സംഭരിക്കപ്പെട്ടിരുന്നു.

ഇപ്രകാരമുള്ള വ്യവസ്ഥയുടെ സാഹായ്യത്താൽ ത്രിവിക്രമകുമാരൻ പ്രണയവിരഹങ്ങളുടെ ദാരുണതയാകുന്ന ഏകചക്രരഥത്തിൽത്തന്നെ ആരൂഢനായി ഭ്രമുഖവിവിധതകളെ

തരണം ചെയ്ത് രോഗശയ്യാവലംബിനിയായ ചിലമ്പിനഴിയത്തെ സാധ്വീനരത്നത്തെയും വ്യാജനിദ്ര അഭിനയിച്ചു കിടന്ന രാജമന്ദിരത്തളത്തിലെ നന്ദികേശ്വരമല്ലനെയും സന്ദർശിച്ചു. മഹാരാജാവിന്റെ ഘോഷയാത്രകളിലെ പരിസേവനത്തിനു മാത്രം തുരഗാരോഹം അഭ്യസിച്ചിരുന്ന ഉണ്ണിത്താൻ പ്രിയയെ സമാശ്വസിപ്പിപ്പാനോ പുത്രിയുടെ ദർശനത്തിനോ ഉഴറാതെ, തന്റെ യാത്രയ്ക്കു കിട്ടിയ ഉച്ചൈശ്രവസ്സിന്റെ ഹിതത്തെ തുടർന്നും പരിച്ഛദസംഘത്തെ വിഷമപ്പെടുത്താതെയും പ്രയാണം അനുവർത്തിച്ചു. വ്യാജവ്യാപാരങ്ങളിൽ വാസനാശൂന്യനായുള്ള അദ്ദേഹത്തിന്റെ അശ്വയാത്രയിൽ നമ്മുടെ കൊടന്തയാശാൻ അങ്കവടിവാറിന്റെ അവലംബകനായി ദാമഗ്രന്ഥിസ്ഥാനവും വാർത്താകഥനംകൊണ്ടു സഞ്ജയസ്ഥാനവും വഹിച്ചു. ഉണ്ണിത്താന്റെ കായച്ഛായയുടെ സഞ്ജീവകശക്തി ആശാന്റെ ദന്തനാശത്താലുള്ള വേദനകളെ ദൂരീകരിച്ചു. ദിവാൻജിയുടെ ആജ്ഞകൾ പുല്ലു തിന്നട്ടെ എന്ന് ആ അഭിനവസുതൻ നിശ്ചയിച്ചു, പാണ്ടയെ സംബന്ധിച്ചുണ്ടായ ആ മഹാധികാരസ്ഥന്റെ അഭിലാഷോച്ചാരണത്തെ, സാവിത്രീപരിഗ്രഹണത്തിനുണ്ടായിരുന്ന അഭിനിവേശത്തിന് തുല്യം വിസ്മൃതിരൂപത്തിൽ നിക്ഷേപിച്ചു.

അന്നത്തെ രാജപഥങ്ങൾ ഇക്കാലത്തെപ്പോലെ വാഹനോപയോഗത്തിന് യോഗ്യങ്ങളല്ലാതിരുന്നതിനാൽ ഉണ്ണിത്താന്റെ യാത്ര 'നാലുപാദ'ക്രമത്തിൽത്തന്നെ ആയിരുന്നു. ആയുധപാണികളും സാമാനവാഹികളും ആയുള്ള പരിചാരകന്മാരുടെ അകമ്പടി ഉണ്ടായിരുന്നു എങ്കിലും ജിഹ്വായുധക്കാരനായ കൊടന്തയാശാൻ മാത്രമേ ആ പണ്ഡിതരത്നത്തിന്റെ മാർഗ്ഗശ്രമങ്ങളെ ഭാഷണചാമരംകൊണ്ടുള്ള വീജനത്താൽ ലഘൂകരിച്ചുള്ളു. എന്നാൽ യാത്രാരംഭദിവസത്തിൽത്തന്നെ ഗർഭപാത്രോദിതമായ ആശാന്റെ കഥനകൗതുകം, ആ ദിനാന്തത്തിലെ ഭക്ഷണവും വിശ്രമവും കഴിഞ്ഞപ്പോഴേ പത്തു മാസം തികഞ്ഞു പ്രസവമുഹൂർത്തത്തിൽ എത്തിയുള്ളു. തന്റെ പാദത്തെ സ്പർശിച്ചുകൊണ്ടു ഗമനംചെയ്യുന്ന ശിഷ്യൻ പലതും ഞരങ്ങിത്തുടങ്ങിയപ്പോൾ "എന്താ കൊടന്തേ, എന്തെല്ലാമാണ്? വീട്ടിലെത്താൻ ധിറുതിയായോ?" എന്ന് ആശ്രിതവത്സലനായ ഉണ്ണിത്താൻ കേവലം സൗജന്യോദ്ദേശ്യത്തോടെ ചോദ്യം ചെയ്തു. ഈ കുശലാന്വേഷണം സൂതികാകർമ്മമായി ഫലിച്ച് കൊടന്തയാശാനിൽ ഗർഭിച്ചിരുന്ന വിഷസന്താനത്തെ ലഘുപ്രസവമായി ജാതം ചെയ്യിച്ചു.

കൊടന്തആശാൻ: (സ്വാധീനത്തിലുള്ള കണ്ണുനീർത്തുള്ളികൾ വീഴ്ത്തിച്ചും കണ്ഠംകൊണ്ടു ചില മണ്ഡൂകസ്വനങ്ങൾ ധ്വനിപ്പിച്ചും) "അതൊന്നുമല്ല പൊന്നാശാനേ! മറ്റൊള്ളവരുടെ കഷ്ടകാലം വിചാരിച്ചപ്പോൾ, ഒരേങ്ങൽ അങ്ങുവന്നു പോയേതു് – അമർത്താൻ കഴിഞ്ഞില്ല."

ഉണ്ണിത്താൻ: "ആ 'മറ്റി'ൽ ഉൾപ്പാടാത്തവർ ഇന്ന് ആരാടാ? പ്രപഞ്ചമല്ലേ ഇതു്? ആധാരമൂർത്തികൾതന്നെ മൂന്നല്ലേ? ദേവസംഖ്യയോ മുപ്പത്തുമുക്കോടി."

കൊടന്തആശാൻ: "ഔവ്വേ! ദിവാന്യേമാൻതന്നെ അവറ്റേല്പംവെച്ചു മികച്ച ഭാഗ്യപ്പുള്ളി. ഈ പാപത്താന്റെ ഗുരുനാഥൻ അങ്ങോട്ടുമിങ്ങോട്ടും അടിച്ചോണ്ടു നടക്കുന്നതു കാണുമ്പോൾ അകം നീറിപ്പോന്നേ. സ്വാമി ഭഗവാൻ സർവ്വസാക്ഷിതന്നെ രക്ഷതു്."

ഉണ്ണിത്താൻ: "ഹ! അക്കഥ കളഞ്ഞേക്ക്. നിന്നെ ശിവലിംഗമായി സൃഷ്ടിച്ചില്ലല്ലോ! നിന്നോന്നതങ്ങൾ – മനസ്സിലായോ? – സൃഷ്ടിയുടെ ഒരു അനിവാര്യാംശമാണ്. സൗന്ദര്യത്തിനും മറ്റും നിദാനം അതുതന്നല്ലേ?"

കൊടന്തആശാൻ: "അതേതെ. എല്ലാരും പല്ലക്കു കേറിയാൽ ചുമക്കാനും വല്ലോരും വേണ്ടയോ? അതുകൊണ്ടു ശരിതന്നെയാന്നേ വചനം –"

ഉണ്ണിത്താൻ: (കഴിയുന്നത്ര കുനിഞ്ഞ്) "എടാ, ആ പെണ്ണിനെ – സാവിത്രിയെ, തമ്പുരാൻ തന്നല്ലേ കൊണ്ടുപോയതു്?"

അഭിലഷിച്ച സംഭാഷണദ്വാരത്തെ ഉണ്ണിത്താൻതന്നെ തുറക്കുകയാൽ, ആശാൻ തന്റെ തലയൊന്നുയർത്തി, ദന്തസമ്പാതത്താലുണ്ടായിട്ടുള്ള കവിൾത്തടവീർപ്പിന്റെ വേദനയെ കൈത്തലത്താൽ ചികിത്സിച്ചും മറുഭാഗത്തോട്ടു ചുണ്ടുകളെ വക്രിപ്പിച്ചു വിടുർത്തിയും അപഹരണകഥാപ്രസംഗം ആരംഭിച്ചു: "ഗണനാഥാ! ഒന്നും ബോധിപ്പിപ്പാനില്ല. തമ്പുരാൻ നിഷധനളൻ. പോക്രിത്തരത്തിന് വട്ടംകൂട്ടത്തില്ലെന്ന് ഏതു നടയ്ക്കലും സത്യം ചെയ്യാം. അവിടത്തെ കാര്യംപിടിത്തക്കാരൻ എന്ന മന്നൻ – അയാന്റെ കയ്യ് ആ കാര്യത്തിൽ കടന്നെന്നു പടിഞ്ഞാറ്റേലെ കുരുട്ടുകണ്ണീം പറയും. നന്തിയത്തുന്ന് ഒരു ജീവപ്രാണി ആവശ്യപ്പെടാണ്ടല്യോ, അങ്ങേര് ഒരു മഞ്ചലും ശേവുകരെയും അയച്ച് എങ്ങോണ്ടോ വച്ചു മുഖം കാണിച്ച് എഴുന്നള്ളിച്ചുട്ടതു്! രാത്രി എങ്ങാണ്ടോ കൊണ്ടുപോയി കൈകടത്തിക്കളഞ്ഞില്ലേ എന്നു വേണം ഇനി അറിവാൻ."

ഉണ്ണിത്താൻ ഇതു കേട്ട് അല്പനേരം ചിന്തിച്ചിട്ട്, ആശ്വാസനിശ്വാത്തോടെ ഇങ്ങനെ പറഞ്ഞു: "അബദ്ധക്കൈ ഒന്നും നടന്നിരിക്കില്ല. കാര്യക്കാർ തിരുമുമ്പിൽ ഉത്തരം പറവാനുള്ളവനാണ്. അതു പോട്ടെ, ഒന്നിപ്പോൾ തീർച്ചയല്ലേടാ? അവടെ മുണ്ടുകൊട തോന്നിയ മുഹൂർത്തത്തിൽ ഇന്നിന്നലെ നടത്തീട്ടുണ്ട്. അതിനാണ് ആ വിക്രമനെ അങ്ങോട്ടു പറത്തിയതു്. നാം ദീപോത്സവത്തിൽ കഴിയട്ടെ. കെട്ടുപാടിലൊക്കെ നമുക്കെന്തു ബന്ധം? കേശവമതം ഉഗ്രസേന മഹാരാജാവിനും ഹിതമായിരുന്നു."

കൊടന്തആശാൻ: "ഒവ്വെല്ലൊ! അധികാരപ്പാരക്കോല് എന്തും മറിയ്ക്കും – മുറിയ്ക്കും – മുടിയ്ക്കും. ഇക്കാലത്ത് ദിവാൻതിരുവടി ഇട്ടതെല്ലാം ചട്ടം. ചോദിപ്പാനുള്ളവര് –" (കടിഞ്ഞാണിന്റെ അറ്റംകൊണ്ടു തന്റെ തലയിന്മേൽ ഒരു പ്രഹരസമ്മാനത്തെ ഗുരുനാഥഹസ്തം അർപ്പിക്കുന്നു എന്നറിയുകയാൽ കൊടന്തആശാൻ ക്ഷതപ്പെടാത്ത ഭാഗം അണയിലെ ദന്തങ്ങളെ അമർത്തിക്കൊണ്ട് സംഭാഷണപദ്ധതിയെ അവശ്യവേഗത്തിൽ മാറ്റി "ഇവനെയിട്ട് ആ യജമാനൻ എന്തു കാഷായിപ്പിച്ചു? കൃമികീടമാണിവൻ എന്ന് ആ ഗർഭശ്രീമാൻ ഒത്തിരിയെങ്കിലും ഓർത്തില്ലല്ലോ. ചന്ദ്രഹാസം കറക്കി ദമിഷ്ടങ്ങൾ ഇരുവതും കടിച്ച്, തല വീശിക്കളയാഞ്ഞതു്, പിതൃക്കടെ തീറ്റിബ്ബാഗ്യംകൊണ്ട്. ചുരുക്കം ബോധിപ്പിച്ചേക്കാം. ആ ഏമാനും നമ്മുടെ ഒന്നുമറിയാക്കുഞ്ഞും സാധു മറ്റുള്ളവരും എല്ലാം ഒരു കയ്യ്."

ആ ശിഷ്യന്റെ 'മറ്റുള്ളവർ' ആരെന്നു ഗ്രഹിച്ച ഉണ്ണിത്താൻ, സംഹാരഖഡ്ഗം ഏന്തി കണ്ഠച്ഛേദനത്തിനുതന്നെ താൻ പുറപ്പെട്ടുമ്പോൾ, തന്റെയും ആ നിർഭാഗ്യവതിയുടെയും ഭക്ഷണോച്ഛിഷ്ടംകൊണ്ടു പുലർന്നിട്ടുള്ള ശിഷ്യന്റെ ദൂഷണസൂചകത്താൽ ആ സാധ്വി മർദ്ദിക്കപ്പെടേണ്ടെന്നു നിശ്ചയിച്ച് കുടുംബവിഷയത്തെക്കുറിച്ചുള്ള സംഭാഷണത്തെ, അശ്വഗതിക്ക് ത്വരകൂട്ടാൻ ഉണ്ടായ പുറംകാൽപ്രയോഗത്തിൽ അന്തർഭവിച്ച ക്രോധചേഷ്ടകൊണ്ട് അവസാനിപ്പിക്കാൻ നോക്കി. കൊടന്തആശാൻ ഇരാവാന്റെ ശിരസ്സിനെ കണ്ഠത്തിന്മേൽ വഹിക്കുന്ന ഒരു നാഗകന്യാസന്താനംതന്നെ ആയിരുന്നു. അതിനാൽ ആശാന്റെ പുരസ്തലയിന്മേൽത്തന്നെ പ്രഹരിച്ച നിരോധിച്ചിട്ടും ശിഷ്യന്റെ അഭിപ്രായധാര അവസാനിച്ചില്ല – "അവിടെ ഒരു കുഞ്ഞിപ്ശാസ്ത്രുണ്ട്. ഭാരതവും രാമായണവും കെട്ടിച്ചമച്ച് ദൂതുംകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓട്ടം. കാര്യക്കാർ തന്ത്രാക്കടെ മന്ത്രങ്ങൾ കുഞ്ഞിന്റടത്തുകൊണ്ടു പറ്റിച്ചത് അവൾ. പഴികൾ എവന്റെ മണ്ടയേല്ക്കും."

ഉണ്ണിത്താൻ: "നീ അവളോടെന്തിന് ഇടപെടാൻ പോയി?"

കൊടന്തആശാൻ: "നന്ത്യയത്തുകാർക്കും നമ്മുടെ ഐശ്വര്യത്തിൽ ഇത്തിരീശ്ശ കിറുകിറുപ്പുണ്ട്."

ഉണ്ണിത്താൻ: "ശനിയാ! മിണ്ടാതെ നടക്ക്."

കൊടന്തആശാൻ: "എന്തിനാന്നാ? ഒരു ദിവസമേ ഇരുന്നുള്ളൂ എങ്കിലും, നേരു പറഞ്ഞോണ്ടു ചാവട്ടെ. അവിടൊണ്ടൊരു കരനാഥൻ, കുറുങ്ങോട്ടു കിട്ണമ്മാച്ചൻ – എവിടൊണ്ട് പതിനാറെന്ന് –"

ഉണ്ണിത്താൻ: "തല പൊളിയാനുള്ള വഴിയാണു ശ്രദ്ധൻ നീ നോക്കുന്നത്."

കൊടന്തആശാൻ: "തലയിൽ തേങ്ങാപൊതിപ്പും മറ്റുമൊക്കെ അങ്ങേര്ടെ ഇഷ്ടപ്പടി കഴിഞ്ഞേ. ഏറെ വന്നാൽ കൊല്ലത്തല്ലേ ഒള്ളൂ? എന്റെ പൊന്നുടയതേ! – അതുകൊണ്ടൊന്നും ഇവന് അല്ലലില്ലായേ. നൂറ്റിഇരുപത്തൊന്നും, അത്രയും മാസവും ദിവസവും നാഴികയും കല്പിച്ചിട്ടുണ്ടെങ്കിൽ അതഴിപ്പാൻ ഒരു കുറുങ്ങോട്ടെ വിരിഞ്ചനും കഴിയത്തില്ലേ."

ചിലമ്പിനഴിയത്തെ പടിവാതുക്കലോട്ടു തിരിയുന്നതുവരെ വക്താവും ശ്രോതാവും ഒഴികെ പ്രപഞ്ചാരംഭംമുതൽ അതുവരെയുള്ള മനുഷ്യപരമ്പരകൾ എല്ലാം കലിമലസങ്കലിതന്മാർ ആണെന്നുള്ള ആഖ്യാപനത്തിൽ കൊടന്തആശാൻ വിഹരിച്ചു. ആ ദ്വാരപ്രദേശത്ത് എത്തിയപ്പോൾ, ഗുരുനാഥന്റെ വാസിഷ്ഠമായ മുഖപ്രസാദം ദുർവാസസ്സിന്റെ രൗദ്രതേജസ്സായി പരിണമിക്കുന്നു എന്നു കണ്ട് ആ വിഷപ്രവാഹി തന്റെ വ്യാപാരത്തിൽനിന്നു വിരമിച്ചു.

അനന്തരാത്രി തനിക്കു സ്വാഗതം അരുളുന്നുവോ എന്നൊരു വിഭ്രമം പ്രണയജവൈകല്യങ്ങളാൽ സങ്കീർണ്ണചിത്തനായിരുന്ന ആ ധർമ്മാനുരക്തനെ വ്യാകുലപ്പെടുത്തി. പ്രാരബ്ധസങ്കലിതമെങ്കിലും വിദ്വജ്ജനഹൃദയങ്ങൾക്ക് പ്രകൃതിവിലാസാനന്തതയാൽ അത്യഭിര

മണീയമായുള്ള ഭൂമണ്ഡലത്തിലെ സ്വസ്ഥി ഭംഗപ്പെട്ട് നിശ്വാസത്തെപ്പോലും പ്രതിബന്ധിയ്ക്കുന്നതായ തിമിരനിബിഡതയിലോട്ട് അധഃപതിയ്ക്കുന്നതായും അദ്ദേഹം വിഭ്രമിച്ചു. പ്രണയിനിയുടെ മുഖേന്ദുവാലോ ഒരു സന്താനവല്ലികയുടെ മന്ദഹാസചന്ദ്രികയാലോ സൽകൃതനാകാത്ത തന്റെ ദുർവ്വിധിപരിണാഹത്തെ ചിന്തിച്ച ഹതപ്രജ്ഞനാകയാൽ, കേരളത്തിലെ ഐന്ദ്രവസതി അതിന്റെ നിസ്തുലവിലാസധാടിയോടെ തന്നെ എതിരേൽക്കുന്ന വസ്തുതയും അദ്ദേഹം സമീക്ഷിക്കുന്നില്ല.

ഗൃഹനായകന്റെ പ്രത്യാഗമനത്തെ കണ്ട് ഭൃത്യസംഘം പാഞ്ഞെത്തി ആ വൃത്താന്തത്തെ കുഞ്ഞിപ്പെണ്ണിനാൽ പരിസേവിതയായി പുത്രീഗുണങ്ങളും ഭഗവന്നാമങ്ങളും പുലമ്പിക്കൊണ്ടുകിടക്കുന്ന മീനാക്ഷിഅമ്മയെ ധരിപ്പിച്ചു. വൃദ്ധചന്ദ്രികയുടെ ക്ഷീണപ്രകാശവും സൂര്യാഗമനത്തിൽ പൊലിയുന്നതുപോലെ ആഗ്രഹാവേശത്താൽ തളർത്തപ്പെട്ട ആ വേദവതീമുഖം ദയനീയമാംവണ്ണം വിവർണ്ണമായി. ഭൃത്യജനത്തിന്റെ കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ പൊഴിഞ്ഞു. അകത്തോട്ടു പ്രവേശിച്ച നിർവ്വികാരമുഖത്തെ കണ്ടപ്പോൾ ഒരു പ്രണയസമരത്തിനായി രംഗം ഒഴിച്ച് ആ സംഘം തെരുതെരെ മണ്ടിപ്പിരിഞ്ഞു. ഏഷണദ്വന്ദ്വത്തെ ഹനിച്ചുള്ള ഉഗ്രപരിത്യാഗിയുടെ വീര്യത്തോടെ, ഭാര്യ കിടക്കുന്ന കട്ടിലിന്റെ മുമ്പിൽ എത്തിയ പ്രഭുവിന്റെ ആർഷരൗദ്രത ആ ഭവനാന്തർഭാഗത്തെ ആവരണം ചെയ്തിരുന്ന ദുരിതാണക്കളെ ഭസ്മീകരിച്ചു. ആഹാരനിദ്രാദികൾ കൂടാതെ മരണത്തെ അനുക്ഷണം ക്ഷണിച്ച് ദശരഥമഹാരാജാവ് പുത്രനാമത്തെ എന്നപോലെ, "എന്റെ സാവിത്രീ! നീയും എന്നെ ചാകാൻ വിധിച്ചോ? എന്റെ തങ്കക്കുടമേ! എനിക്കെന്തു ഗതി!" എന്നും മറ്റും പേപറഞ്ഞുകൊണ്ടു കിടക്കുന്ന ഭാര്യയെ, ഭർത്സനശാപങ്ങളായുള്ള ആഗ്നേയാസ്ത്രങ്ങൾ പ്രയോഗിച്ച് സംഹരിക്കാനെന്നപോലെ ആപാദമസ്തകം നോക്കി അതിക്രൂരമായ നിശബ്ദതയോടെ ഉണ്ണിത്താൻ നിലകൊണ്ടു. തനിയ്ക്ക് പ്രാണദാതാവാകുമെന്നു മോഹിച്ചിരുന്ന പ്രാണപ്രിയൻ കോപഫലത്തെയും നിരസപരശ്രുവെയും ഏന്തിനിന്നിട്ടും ആ സാദ്ധ്വി ഭർത്തൃപാദം ധ്യാനിച്ചു ഹൃത്പ്രണാമംചെയ്ത് കമിഴ്ന്നുകിടന്ന കണ്ണുകളെ ഉപധാനത്തോടച്ചുകൊണ്ടു സ്വശർമ്മദന്റെ സാന്നിദ്ധ്യത്തെ അനുഗ്രഹപൂർണ്ണമായുള്ള ഒരു ദർശനമായി സ്മരിച്ചും സ്വാത്മസാന്ത്വനം സാധിച്ചു. ജീവമോഹത്തോടു തന്നെ ഇതുവരെയും ബന്ധിച്ചിരുന്ന പ്രണയത്തിന്റെ പുനർലബ്ധി പുത്രീദർശനം എന്നപോലെതന്നെ അസാദ്ധ്യനിലയിൽ കാണുകയാൽ, മീനാക്ഷിഅമ്മയുടെ കായാവശേഷം ശയ്യാസ്പർശത്തിനും സുപ്രജ്ഞമല്ലാത്തവിധം തളർന്നു. ഉണ്ണിത്താന്റെ നിരസജീമൂതം തകർന്ന് ഒരു പ്രവാഹം തുടങ്ങി: "ഈ ഗോഷ്ടികൾ അധികം പ്രയോഗിയ്ക്കേണ്ട. മിണ്ടാതെ, അടുത്ത കെട്ടിലേക്കു മാറിക്കിടന്നുകൊള്ളുക. ശുഭം. എന്തായാലും ചോറ്റിനും മറ്റും മുട്ടുവരില്ല. വേണ്ടതുണ്ട്. ഏകനായികയായി വാഴാം."

മീനാക്ഷിഅമ്മ (കണ്ഠമിടറി, ഗദ്ഗദത്തോടെ) : "അയ്യോ! ഇങ്ങനെ എല്ലാം പറവാനോ വന്നത്? ഇതെന്തു ദുരിതം ഭഗവാനേ! ഞങ്ങളെന്തു പിഴച്ചു എന്ന് ഒന്നു പറഞ്ഞിട്ടുകൊന്നുകളയണം. അങ്ങോട്ടയച്ച മകളെ – മഹാപുണ്യമുണ്ടിതാ – ഞാനൊന്നു കണ്ടോട്ടെ; വരുത്തി രക്ഷിക്കണം."

ഉണ്ണിത്താൻ: "എയ്യ്, എയ്യ്! അതിനൊക്കെ ഞാൻ ശക്തനല്ല. അമ്മയുടെ തോന്ന്യാസം മകളും പഠിച്ചു. മനുഷ്യരെ ദ്രോഹിച്ചതിന് ഇങ്ങനെ ഒക്കെത്തന്നെ അനുഭവം. കരഞ്ഞാൽ ഭഗവത്സന്നിധിയിൽ കേൾക്കണം. അങ്ങെത്താത്ത ഈ നിലവിളി വെറും കണ്ണുക്ഷോഭം!"

മീനാക്ഷിഅമ്മ (ക്ലേശാധിക്യത്താലുള്ള വിറയലോടെ): "അയ്യോ! അങ്ങനെ അവിടത്തെ നാക്കുകൊണ്ടു പറയരുതേ – ശപിക്കരുതേ – അവിടുന്നു പുണ്യശീലൻ. ദൈവകോപമുണ്ടാകുന്ന അപവാദം ഉച്ചരിക്കരുത്. ഏതു കാര്യത്തിലും അവിടുത്തെ ദ്വേഷവും ദേഷ്യവും എല്ലാം ഞാൻ ഇനിയും സഹിക്കാം. എന്നെങ്കിലും ഈശ്വരൻ പ്രസാദിക്കുന്നെങ്കിൽ അന്നു പരമാർത്ഥം അറിഞ്ഞുകൊള്ളാം."

ഉണ്ണിത്താൻ (തന്റെ സംശയം അനാസ്പദമെന്ന സൂചനയിൽ വർദ്ധിച്ച ഹാസത്തോടെ) : "അതേയതെ ചാകാൻ ഒരുങ്ങുന്ന വട്ടത്തിൽ കിടക്കുന്ന എങ്കിലും, രാജ്യം ഭരിക്കാനുള്ള വാഞ്ഛോരണി ഇന്നും ക്ഷയിച്ചിട്ടില്ല."

മീനാക്ഷിഅമ്മ ചെവിപൊത്തി മിണ്ടാതെ കിടന്നു.

ഉണ്ണിത്താൻ: "എന്തെന്ത്! മിണ്ടാതെ കിടന്നുകളയുന്നത്? – ആ വിക്രമകുമാരൻ ഇവിടെ വന്നില്ലയോ? അവന് എന്തു കാര്യമിവിടെ? എന്റെ ഹിതത്തിനു വിരോധമായി അവനെ സല്ക്കരിച്ചതെങ്ങനെ? നേരെന്ന് ഒന്നറിയാമെങ്കിൽ അതു പറയണം കേട്ടോ."

മീനാക്ഷിഅമ്മ: "വന്നു. സാവിത്രീടെ –"

ഉണ്ണിത്താൻ (തടഞ്ഞു്): "അവടെ മുണ്ടുകൊട എന്ന്? എവിടെവച്ച്? ഇനി പറഞ്ഞേക്കാം. സുമംഗലീത്വം എന്നതു കേട്ടിട്ടുണ്ടോ?"

മീനാക്ഷിഅമ്മ: "നാരായണ നാരായണാ!"

ഉണ്ണിത്താൻ: "വെറും ശുദ്ധഗതിക്കാരനാണെന്നു വിചാരിക്കേണ്ട. നേരു പറഞ്ഞു മുഴുനരകത്തിൽ വീഴാതെ സൂക്ഷിച്ചാൽ അത്രയ്ക്കും നന്ന്. അവന്റെ അച്ഛൻ തമ്പീടെ വീട്ടിൽവച്ച് ഗാന്ധർവ്വിക്കാൻപോയി എന്നു പറവാൻ എന്തിനു പേടിക്കുന്നു? ഞാൻ നിങ്ങൾക്ക് ആര്, എന്തു? നിങ്ങൾക്കു ദിവാൻജിയുണ്ട് – സ്നേഹം കാട്ടേണ്ടടത്ത് അദ്ദേഹത്തിനു വലിയ കൂറുമാണ്."

'ശ്ശേ!' എന്ന് അപമാനദുസ്സഹതയോടെ ഉച്ചരിച്ചുള്ള ഒരു ശബ്ദം ആ ചാരിത്രവതിയുടെ നിയാമകശക്തിയെ ഭേദിച്ചു പുറപ്പെട്ടുപോയി. ഭർത്താവിന് ശണ്ഠകൂടാനുള്ള പ്രത്യക്ഷകാരണം കിട്ടുകയാൽ അദ്ദേഹം സ്ത്രീകളുടെ ധർമ്മങ്ങളെക്കുറിച്ച് പല ശ്ലോകങ്ങളും ചൊല്ലി. അതുകൾ എല്ലാറ്റിന്റെയും നിഷേധഭാവം സ്വരൂപിച്ചുള്ള ഗൃഹബാധയെയാണ് തനിക്കു കളത്രമായി കിട്ടിയതെന്ന് അഭിപ്രായപ്പെട്ടു്, തന്നത്താൻ ഹസിച്ച് സ്വവിധിയെക്കുറിച്ചു ദുഃഖിച്ചു. കേതകീപുഷ്പത്തിലെ മധു ഭ്രമിച്ച് അതിലെ പരാഗത്തിൽ നിപാതം ചെയ്തുപോകുന്ന

വണ്ടത്താൻ; സർപ്പവലയിതമായുള്ള ചന്ദനവൃക്ഷത്തിന്റെ തണലിനെ ആശ്രയിച്ച് മരിച്ച പാന്ഥൻ; കുസുമവല്ലികളാൽ ആച്ഛന്നമായുള്ള കൂപത്തിൽ പതിച്ചുപോയ സുദാമബാലൻ – എന്നിങ്ങനെ പല ഉപമകളും പ്രയോഗിച്ച് പല കഥാഖ്യാപനങ്ങളും തുടങ്ങി. മീനാക്ഷി അമ്മയ്ക്ക് ആ പ്രസംഗശല്യങ്ങൾ സഹ്യങ്ങളല്ലാത്ത നിലയിൽ രൂക്ഷങ്ങളായപ്പോൾ, ഭർത്താവാൽ അവഭ്രഷ്ടവാസത്തിന് അനുവദിക്കപ്പെട്ട പടിഞ്ഞാറേക്കെട്ടിലേക്ക് തിരിപ്പാൻ അവർ നിശ്ചയിച്ചു. വളരെ സാഹസപ്പെട്ടു പാദങ്ങളെ നിലത്തോടു താഴ്ത്തി എഴുന്നേല്ക്കാൻ നോക്കിയപ്പോൾ ആ ക്രിയയ്ക്കു ശക്തയല്ലാതെ തീർന്നതിനാൽ, മേൽക്കട്ടിക്കാലിനെ ഗ്രഹിച്ചു നിലകൊണ്ടിട്ട് കാസകഷ്ടതയാൽ കിതച്ചുതുടങ്ങി.

മറ്റ് ആഭരണങ്ങളൊന്നും അപ്പോഴത്തെ ദുഃഖത്തിനിടയിൽ ധരിച്ചിട്ടില്ലാത്ത ആ നിർഭാഗ്യവതിയുടെ വിരലിൽ സൂര്യശകലംപൊലെ ബഹുവർണ്ണകിരണങ്ങളെ സ്ഫുരിപ്പിച്ചു തിളങ്ങുന്ന വജ്രമോതിരം, ഭാഷാദോഷങ്ങളിൽ എന്നപോലെ ഭാര്യാദോഷങ്ങളിലും കണികാമാത്രത്തെയും കാണാൻ സന്നദ്ധമായുള്ള ആ കോപിഷ്ഠനേത്രങ്ങളെ ആകർഷിച്ചു. അദ്ദേഹം പ്രസംഗവും ശാസനകളും നിറുത്തി. ആ അംഗുലീയം തന്റെ ഭവനത്തിലുള്ളതോ കഴക്കൂട്ടം കുടുംബത്തിലെ നിധിയിൽ ചേർന്നതോ, തന്നാൽ ദത്തമായിട്ടുള്ളതോ തന്റെ അനുമതിയോടുകൂടി ഭാര്യ വിലയ്ക്കു വാങ്ങിയിട്ടുള്ളതോ അല്ലാഴികയാൽ അദ്ദേഹത്തിന്റെ ശ്വാസഗതിയും നിലച്ചു. അതിലെ രത്നത്തെ വലയംചെയ്യുന്ന വല്ലികാരൂപം നവരീതിയിൽ ഉള്ള ശില്പകർമ്മമാണെന്ന് സ്പഷ്ടമായിരുന്നു. എന്നു മാത്രമോ? ദിവാൻജിയെ താൻ ഒടുവിൽ കണ്ട സന്ദർഭത്തിൽ, ഈ രത്നം അദ്ദേഹത്തിന്റെ അംഗുലിയെ അലങ്കരിച്ചുമിരുന്നു. ഇത്ര സൂക്ഷ്മമായുള്ള സാരൂപ്യത്തോടുകൂടി രണ്ടു രത്നങ്ങളുണ്ടായി, ഒന്നു ദിവാൻജിയും മറ്റേതു സ്വഭാര്യയും വാങ്ങുകയെന്നുള്ളത് തീരെ അസംഭാവ്യമാണെന്ന് അദ്ദേഹം തീർച്ചയാക്കി. ത്രിവിക്രമൻ ദിവാൻജിയുടെ പ്രേമലക്ഷ്യമായുള്ള ഈ സമ്മാനത്തെ വഹിച്ചു തന്റെ പ്രണയിനിയുടെ കൈവിരലിൽ അണിയിക്കുന്ന 'മഹാപാതക'ത്തെ ആ അസ്ത്രപ്രജ്ഞൻ പരിപൂർണ്ണതന്മയത്വത്തോടെ ദർശിച്ചു.

പുരുഷലോകത്തിന്റെ ഖരപ്രകൃതം സഹ്യമായിത്തീരുന്നത് അവരിൽ മാതൃസ്വഭാവത്തിന്റെ മൃദുലാംശം ഏറെക്കുറെ സങ്കലനം ചെയ്യുന്നതുകൊണ്ടാണ്. അവശ്യസന്ദർഭങ്ങളിലെ പൗരുഷപ്രകടനംകൊണ്ട് സ്ത്രീത്വം ആരാധനീയമാകുന്നു. പുരുഷത്വത്തിലെ മൃദുലാംശം ശുദ്ധഗതിത്വമായിത്തീരുന്ന അവസ്ഥ അനുകമ്പാർഹമാകുന്നു. എന്നാൽ സ്ത്രീത്വത്തിലെ പുരുഷസങ്കലനം സ്വൈരിണീത്വമായി പരിണമിക്കുന്നത് നരകപ്രവേശനത്തിനുള്ള കവാടഭേദനമായി പരിഗണിക്കപ്പെടുന്നു. അബലാത്വത്തിന്റെ മൃദുലത ചാരിത്രനിദാനകമാണെങ്കിൽ ആ സങ്കലനം അഭിജ്ഞലോകപൂജയെ സമാർജ്ജിക്കുന്നു.

ഉണ്ണിത്താൻ, പ്രണയിനിയുടെ ധർമ്മവിലോപത്തെ വിഭ്രാന്തനേത്രങ്ങളാൽ ദർശിച്ചപ്പോൾ ആ പാവനാത്മാവിന്റെ ഹൃദയകുണ്ഡത്തിൽനിന്നു തന്റെ ദാമ്പത്യബന്ധത്തെ ഖണ്ഡിക്കുവാനുള്ള ഒരു കൃത്യ സമുൽഭൂതയാകുന്നു എന്ന് അദ്ദേഹത്തിനുതന്നെ തോന്നി. സ്വജീവനാളാന്തസ്ഥമായുള്ള മനുഷ്യവിധാനാഗ്നി ഒരു അപമാനഹിമകൂടത്തിന്റെ നിപാതത്താൽ അണയുന്നു എന്നും അദ്ദേഹം വിഭ്രമിച്ചു. ഈ അനുഭവവൈപരീത്യത്താൽ

ഉൽഭ്രതമായ ശരീരപ്രകമ്പത്തോടും ദീർഘനിശ്വാസത്തോടും, "എല്ലാം അനുഭവിച്ചു സുഖമായിരിയ്ക്കുക. എന്നെ ഇനി കണ്ടെങ്കിലല്ലേ ഈ കഷ്ടത? –" എന്നു രുഷ്ടമായി ആരംഭിച്ചു നിശ്ശബ്ദമായി അവസാനിച്ച യാത്രാവാചകത്തോടും കേവലം മൃതശരീരമെന്നപോലെ അദ്ദേഹം പുറംകെട്ടിലേക്കു നീങ്ങി. ഭർത്താവിന്റെ കോപോക്തികൾ പെട്ടെന്നു നിലച്ചതും രൗദ്രത ശാന്തമായി മുഖശോണിമ വിളറിയതും, അദ്ദേഹത്തിനു തന്നോടുള്ള ചിത്തബന്ധത്തിനു പൂർവ്വാധികം ഭയങ്കരമായുള്ള ഒരു പരിവർത്തനം സംഭവിച്ചിരിക്കുന്നതിന്റെ ലക്ഷ്യങ്ങളാണെന്ന് ആ മഹതിയ്ക്ക് ബോദ്ധ്യമായി. ഒരു അലംഘ്യമായ വിശ്വാസത്താൽ അദ്ദേഹം തന്നോടു് അവസാനയാത്ര അരുളിയിരിയ്ക്കുന്നു എന്ന് തോന്നി. വാസനാനുസാരമായി ആ മഹതിയുടെ ജഡഹസ്തങ്ങൾ സ്വഭർത്താവെയോ ലോകഭർത്താവെയോ തൊഴുതുനില്ക്കെ, കാലപാശാശ്ലിഷ്ട എന്നപോലെ ആ പാവനാത്മിക ഭർത്തൃപാദോന്മുഖമായി നിലത്തു പതിച്ചു.

ഉണ്ണിത്താൻ വാനപ്രസ്ഥനാകാനെന്ന വൈരാഗ്യത്തോടെ ചിലമ്പിനേത്തു താമസിക്കാതെ നേരെ തിരുവനന്തപുരത്തേയ്ക്കു് തിരിച്ചു. കുലമഹത്ത്വം, വിദ്യാസമ്പത്ത്, ധാർമ്മികത്വം എന്നിവയെല്ലാം അദ്ദേഹത്തിന് നിരുപയോഗങ്ങളായ നിരർത്ഥശബ്ദങ്ങളായിത്തോന്നി. ഗൃഹസ്ഥാശ്രമം കണ്ടകമയമായുള്ള ഒരു ദുരിതഗർത്തവും അതിൽനിന്നു രണത്തിലോ വനത്തിലോ ജീവത്യാഗം ചെയ്യുന്നതു് ശാസ്ത്രാനുസൃതമായ മുക്തിമാർഗ്ഗവും ആണെന്നു നിശ്ചയിച്ചു. തന്റെ അന്തർഗ്ഗതത്തെക്കുറിച്ചു ചിന്തനവും പുനശ്ചിന്തനവും ചെയ്തിട്ടും പ്രേമത്തിൽപ്പോലും വഞ്ചിതനായ താൻ തപോവൃത്തിക്കും മറ്റും ഒരുങ്ങാതെ ഉടൻ മരിക്കേണ്ടതാണെന്നും വീരസ്വർഗ്ഗത്തിന്റെ ദൃഢലബ്ധിക്ക് അവസരം കിട്ടിയിരിക്കുന്നതിനാൽ യുദ്ധരംഗത്തിലേക്കുതന്നെ തിരിക്കേണ്ടതാണെന്നും അവസാനമായി ഉറച്ചു. മഹാരാജാവിനെ മുഖം കാണിപ്പാൻ അനുമതി കിട്ടി, പള്ളിയറയിൽ പ്രവേശിച്ച് ആ കൃപാമൂർത്തിയെ തൊഴുതപ്പോൾ, യുവകാലകഥകളെ സ്മരിച്ച് ഉണ്ണിത്താന്റെ വൈരാഗ്യം ഒന്നുകൂടി ഊർജ്ജസ്വലമായി. മഹാരാജാവും ആ ഭക്ത്യാഢ്യനെ യുവപ്രായത്തിൽ വരുത്തി ഒരു ബ്രഹ്മഹത്യാകാര്യത്തിൽ വിചാരണചെയ്ത സന്ദർഭത്തെ സ്മരിച്ചു പരമാർദ്രനായി. അന്നത്തെ യുവകോമളാംഗൻ തന്റെ ഭൃത്യപരമ്പരയിൽ ഒരു മകുടരത്നമായി. പ്രഭുത്വത്തിനും ധർമ്മനിഷ്ഠയ്ക്കും മാതൃകാപുരുഷനായിരുന്നതു പോയിട്ട് ഇപ്പോൾ 'സന്താനഗോപാല' ബ്രാഹ്മണനെപ്പോലെ ആതുരനായും ദിക്കും കാലവും അവസ്ഥകളും ഗ്രഹിക്കുവാൻ കഴിയാത്ത വികൃതചിത്തനെപ്പോലെയും കാണപ്പെട്ടതിനാൽ, കുശലം തുടങ്ങേണ്ടതു് എന്തു പ്രശ്നത്താൽ എന്നു ചിന്തിച്ചു തിരുവുള്ളം വിഷമിച്ചു. നിയമവിരുദ്ധമായി ഉണ്ണിത്താൻതന്നെ ആ പള്ളിയറയിലെ നിശ്ശബ്ദതയെ ഭിന്നമാക്കി തന്റെ സങ്കടാർത്ഥനത്തെ രാജപാദത്തിൽ സമർപ്പിച്ചു: "അടിയനെ ദിവാൻ അവർകൾ ഇങ്ങോട്ടു വിടകൊള്ളിച്ചു. അതു തൃപ്പാദം കണ്ടു തൊഴാനുള്ള ഭാഗ്യം തന്നു. എന്നാൽ, അടിയന് ഒരു അഭിലാഷമുണ്ട്."

മഹാരാജാവ്: "പറയാമല്ലോ. സംശയിക്കേണ്ട. പണ്ടു പറഞ്ഞതുപോലെ ഇന്നും തുറന്നു പറഞ്ഞേയ്ക്കുക."

ഉണ്ണിത്താൻ: "ഈ ഭണ്ഡാരകാര്യത്തിലും നിന്ന് അടിയനെ ഒഴിച്ച് യുദ്ധരംഗത്തിലോട്ട് വിടകൊള്ളുന്നതിനു കല്പനയുണ്ടായി രക്ഷിപ്പാറാകണം. എങ്കിലേ ഇപ്പോഴത്തെ സ്ഥിതികളിൽ അടിയനൊരു ഗതിയുള്ളു."

മഹാരാജാവ്: "ഹയ്! മകൾ കുട്ടിയെ ആരോ അപഹരിച്ചുകൊണ്ടുപോയില്ലേ? അത് അന്വേഷിച്ചു പിടിക്കുവാൻ ദിവാൻജി സാവകാശം തന്നിരിക്കയാണ്. അവളെ കണ്ടിട്ട് പിന്നെ എങ്ങോട്ടെങ്കിലും പുറപ്പെടാം."

ഉണ്ണിത്താൻ: (തൊണ്ടയിടറി) "അടിയന് ഇനി തൃപ്പാദം സേവിക്കുക മാത്രമേ കഴിയൂ; അതും അടിയന്റെ നിലയ്ക്കും സ്വാതന്ത്ര്യത്തിനും ചേരുന്ന വിധത്തിൽ."

തന്റെ ഭൃത്യനായ സംസ്കൃതബുദ്ധി പൗരുഷം വെടിഞ്ഞു ജീവഹത്യയ്ക്ക് സന്നദ്ധവാദം ചെയ്യുന്നതു കേട്ടപ്പോൾ മഹാരാജാവ് അയാളെ പീഡിപ്പിക്കുന്ന വ്യസനത്തിന്റെ നിർഭരത ഉന്മാദത്തിലോട്ട് തിരിയുന്നു എന്നു ശങ്കിച്ചു. പ്രജകളെ സംബന്ധിച്ചിടത്തോളം അഷ്ടദിക്പാലസമുച്ചയം ഏകമൂർത്തിധാരണം ചെയ്തുള്ള ആ പുണ്യശ്ലോകൻ, കാര്യഗ്രഹണത്തിൽ വായുവും കൃപാവിഷയത്തിൽ വരുണനും ആയിരുന്നു. ഉണ്ണിത്താന്റെ ദാമ്പത്യാകാശത്തെ കളങ്കാങ്കിതമാക്കിയ അവസ്ഥയെക്കുറിച്ച് അവിടത്തേയ്ക്ക് സൂക്ഷ്മജ്ഞാനമുണ്ടായിരുന്നു. അവിടത്തെ മന്ത്രിപ്രധാനൻ അപരാധിയല്ലെന്നും മുമ്പിൽ നില്ക്കുന്ന ഭക്തന്റെ ശുദ്ധമനസ്കതയാൽ സങ്കല്പിതങ്ങളായ ദുരവസ്ഥകൾ അയാളെ ദുരിതാബ്ധിയിൽ തള്ളിയിരിക്കുന്നു എന്നും ആദിമുതൽക്ക് അവിടുന്നു ചെയ്തിട്ടുള്ള ബഹുപരീക്ഷകൾകൊണ്ടു തിരുമനസ്സിൽ ഗ്രഹിച്ചിരുന്നു. കേവലം ബ്രാഹ്മണ്യത്തിന് അഭ്യസ്തനായുള്ള ഈ പ്രഭുസന്താനത്തെ യുദ്ധരംഗത്തിൽ അയയ്ക്കുന്നതു് അനുചിതമെന്നും അവിടുന്നു ഗ്രഹിച്ചു; എങ്കിലും, അപ്പോഴത്തെ പ്രാർത്ഥനയുടെ അനുമതിദാനം രണ്ട് ഉത്തമസുഹൃത്തുക്കളുടെ പുനസ്സംഘടനയ്ക്ക് സംഗതി വരുത്തിയേക്കാമെന്ന് ആ രാജർഷിക്കു സംസിദ്ധമായുള്ള വൈഷ്ണവാക്ഷികൾ ദർശിച്ചു. എന്നാൽ ജനരഞ്ജകനായ രാജാവിന്റെ രക്ഷാനയമായി അവിടുന്ന് ഇങ്ങനെ മാത്രമേ അരുളിച്ചെയ്തുള്ളു: "ഇതാ – നിങ്ങളുടെ സ്വകാര്യശണ്ഠകൾ രാജ്യകാര്യങ്ങളുടെ ശരിയായ നിർവ്വഹണത്തെ മുടക്കരുതു്. പരാക്രമികളായ പ്രജകളുടെ ഗൃഹമത്സരങ്ങൾ സിംഹാസനങ്ങളെ നഷ്ടപ്പെടുത്തീട്ടുണ്ട്. വാശിപിടിച്ച വീരന്മാർ, ബലവാന്മാർ പിണങ്ങാൻ തുടങ്ങിയാൽ അവർ അന്തംവിട്ടു വല്ലതും പ്രവർത്തിച്ചുപോകും. ദോഷം, അപമാനം – രാജ്യത്തെ കുഴിയിലാക്കിയേയ്ക്കാം."

ഉണ്ണിത്താൻ: "അങ്ങിനെ ഒന്നും വരാതിരിപ്പാൻതന്നെയാണ് അടിയൻ അഭിയുക്തഭാവത്തെ അംഗീകരിച്ചുകൊള്ളുന്നതു്."

മുമ്പിലത്തെ സംശയങ്ങൾ ഇപ്പോൾ സ്ഥിരപ്പെട്ട ഭാവത്തിൽ ഉണ്ണിത്താൻ സംസാരിക്കുന്നു എന്നു മഹാരാജാവിനു സ്പഷ്ടമായി. എങ്കിലും അരുളിച്ചെയ്തതു് ഇങ്ങനെ ആയിരുന്നു: "ഉണ്ണിത്താൻ യുദ്ധത്തിൽ ചേരാൻ ആയുധാഭ്യാസം ചെയ്തിട്ടില്ലല്ലോ?"

ഉണ്ണിത്താൻ: "തൃപ്പാദഭക്തി അടിയന്റെ അനഭ്യാസത്തെ പരിഹരിക്കും. അടിയൻ ജീവൻ കരുതാതെ നിൽക്കുമ്പോൾ, അതു് എത്രപേരെ മുന്നിട്ടു നിലകൊള്ളാൻ പ്രേരിപ്പിക്കുമെന്ന് തിരുമനസ്സുകൊണ്ട് അല്പം ചിന്തിച്ചാൽ ബോദ്ധ്യമാവും. കുടിയാന്മാരു് പാട്ടക്കാരു് മുതലായി പലരും സഹായിപ്പാനും എത്തും."

മഹാരാജാവു് (ഇങ്ങിനെ ശഠിച്ചു വാദിക്കുന്ന ശ്രദ്ധൻ ഒന്നു തളർന്നുവരട്ടെ എന്നും, ചാകാതെ സൂക്ഷിച്ചുകൊള്ളുവാൻ ദിവാൻജിയോടു ചട്ടം കെട്ടാമെന്നും നിശ്ചയിച്ചുകൊണ്ടു്) : "നേരെ വിരോധിക്കുക ശുഭമല്ലെന്ന് വിചാരിച്ചു മറ്റൊന്നു പറയുന്നില്ല. ഇഷ്ടംപോലെ ചെയ്യുക. രാജ്യത്തിലും പ്രജകൾക്കിടയിലും സമാധാനം കണ്ടുകൊണ്ടു് ശ്രീപത്മനാഭപാദം ചേരാൻ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഈ ആഗ്രഹത്തിന്റെ സ്വരൂപം ഉണ്ണിത്താന് ശരിയായി ഗ്രഹിക്കാൻ വേണ്ട അറിവുണ്ടു്. അതുകൊണ്ടു് – ഉള്ളിലുള്ളതു് തുറന്നു പറഞ്ഞുകൊള്ളട്ടേ – ആരെയും വൃഥാ വ്യസനിപ്പിക്കരുതു്. മായാനിബിഡമായുള്ള ഒരു ലോകത്തിൽ നാം വ്യാപരിക്കുന്നു. തത്ത്വഗ്രഹണത്തിന് നമ്മുടെ ബാഹ്യേന്ദ്രിയങ്ങളോ ആത്മേന്ദ്രിയങ്ങളോ പരിപൂർണ്ണശക്തി സമ്പാദിച്ചിട്ടില്ല. മഹായോഗികളുടെ ദർശനങ്ങൾക്കും ന്യൂനതകളുണ്ടു്. അവസാനകാലത്തു്, പശ്ചാത്താപത്തോടെ ജന്മമൊടുങ്ങിക്കാൻ സംഗതി വരുത്തരുതു്. മകളെ കണ്ടുപിടിച്ചു് ഇഷ്ടത്തിനൊത്ത ഭർത്താവിനോടു ചേർത്തു് ഒരു മുഖത്തിന്റെ ഭരണമേറ്റു്, നല്ല വയസ്സുകാലംവരെ സുഖമായി ഇരുന്നിട്ടു് പിന്നീടു് ഗൃഹത്തിൽചെന്നു പാർക്കാം. എല്ലാത്തിനും ശ്രീപത്മനാഭൻ സംഗതി വരുത്തട്ടെ! പിന്നെ, മനസ്സുപോലെ – എന്നാൽ –" ഈ ഉപദേശങ്ങളും അർത്ഥനകളും പ്രത്യക്ഷദേവനായുള്ള തന്റെ രാജ്യരക്ഷിതാവിങ്കൽനിന്ന് പുറപ്പെടുന്നതിനിടയിൽ ഉണ്ണിത്താൻ ഉത്തരമൊന്നും അറിയിപ്പാൻ ശക്തനല്ലാതായി. എന്നാൽ ഒടുവിലത്തെ ആശീർവാദാനുജ്ഞ കേട്ടതിന്റെ ശേഷം സമാധാനവാദങ്ങൾ ഉണർത്തിക്കുന്നതു് പ്രജായോഗ്യമായ കൃത്യമല്ലെന്ന് ചിന്തിച്ചും തന്റെ യുദ്ധരംഗത്തിലേയ്ക്കുള്ള പ്രസ്ഥാനം ആ തൃപ്പാദങ്ങൾക്കും തനിക്കും ശ്രേയസ്കരമാകട്ടെ എന്നുള്ള ധ്യാനത്തോടും മുമ്പിൽ നില്ക്കുന്ന രാജസ്വരൂപം ജഗൽസ്വരൂപത്തിന്റെ പ്രത്യക്ഷപ്രതിമ എന്നു സങ്കല്പിച്ചുകൊണ്ട് ആ മഹൽഗുണസമ്പന്നൻ അസ്വാർത്ഥപരിശുദ്ധിയോടെ തൊഴുതു വിടവാങ്ങി.

ഉണ്ണിത്താൻ കേവലം ഗ്രന്ഥഭുക്കായുള്ള പാറ്റയോ രാമബാണമോ ആയിരുന്നില്ല; വിദ്യാഭ്യാസംകൊണ്ടു് ബുദ്ധിയ്ക്കും മനോധർമ്മത്തിനും അതിയായ വികാസവും അതുകളെ നാനാമുഖവ്യാപാരങ്ങളിൽ പ്രയോഗിക്കാൻ വേണ്ട സംസ്കരണവും സിദ്ധിച്ചിട്ടുള്ള ഒരു പ്രതിഭാവാൻ ആയിരുന്നു. രണാങ്കണത്തിൽ ഭടജനസമന്വിതം സന്നിഹിതനാവാൻ എപ്പോൾ ബദ്ധപ്രതിജ്ഞനായോ, അപ്പോൾ അതിലേക്ക് സമുചിതോപകരണങ്ങൾ സജ്ജീകരിപ്പാൻ അദ്ദേഹം ദത്തശ്രദ്ധനായി. ഭാര്യാദർശനം വർജ്ജിച്ച് ചിലമ്പിനഴിയത്തെ അറകൾ ഒന്നു തുറന്നപ്പോൾ വിശ്വജിദ്യജ്ഞംതന്നെ നിർവ്വഹിപ്പാനുള്ള ആയുധധനധാന്യങ്ങൾ ഉണ്ണിത്താന് കരസ്ഥമായി. അല്പാല്പമായി കണ്ട് കുറവുകളെ തുറമുഖങ്ങളിലെ പാശ്ചാത്യവ്യാപാരികൾ നികത്തി. യഥേഷ്ടവ്യയത്തിനുള്ള നെല്ലും പണവും ചുമപ്പിച്ചു് വില്ലന്മാർ, വാൾക്കാർ, തോക്കു ധരിച്ചുള്ള വേട്ടയാടികൾ എന്നിങ്ങനെ ആ പുരുഷരത്നത്തിനുവേണ്ടി

ജീവദാനംചെയ്‌വാൻ സന്നദ്ധരായ ഒരു ചെറുസേനയോടുകൂടി അദ്ദേഹം പുറപ്പെട്ടപ്പോൾ ആ വീരസംഘത്തിനു ദൃഷ്ടിദോഷപരിഹാരകമായ വിഗ്രഹത്തിന്റെ സ്ഥാനത്ത് കൊടന്ത ആശാനും മുടന്തിമുടന്തി നടതുടങ്ങി.

24

"ദൈവവിരോധമിതോ വരുത്തും,
അതു പറവതിനരുമം"

ചന്ദ്രക്കലാകൃതിയിലുള്ള ഒരു ചെറുദുർഗ്ഗനിരയുടെ സാനുപ്രദേശം മനുഷ്യരാൽ ഉപേക്ഷിയ്ക്കപ്പെട്ടു വൻകാടായിത്തീന്നിരിക്കുന്നു. അതിലെ വൃക്ഷങ്ങൾ പുഷ്ടശരീരങ്ങളായി, നിരവധി ശാഖകൾ വീശി വളർന്ന് ചിലതു പരസ്പരം ശൃംഖലിതശിരസ്കങ്ങളായും മറ്റുള്ളവ തങ്ങളിൽ ഉരുമ്മി നന്ദുണിസ്വരങ്ങളെ ആലപിച്ചും രണ്ടു വർഗ്ഗക്കാരും വാതപ്രമോദത്തിനിടയിൽ പത്രനൃത്തത്തിന്റെ കിലുകിലാരവം ഘോഷിച്ചും വനഘോരതയെ പുലർത്തി ഒരു ദുർഗ്ഗാഭഗവതിയുടെ കദംബവാടിയായി വാഴ്ചകൊള്ളുന്നു. സൂര്യഭഗവാന്റെ ശുഭ്രകിരണങ്ങളെ മരതകച്ഛവികലർന്നുള്ള രേഖകളാക്കുന്ന ആ വിപിനത്തിന്റെ സ്വൈരതയെയും, ശിശിരതയെയും വനചരന്മാരുടെ ഭക്ഷണാന്വേഷണവും മൃഗയാപ്രസക്തന്മാരുടെ വിഹാരരസവും ബാധിക്കാതെ, സാന്ദ്രാനന്ദമായി ആസ്വദിപ്പാൻ അഗ്രഹാര നിർമ്മാണം ചെയ്തുകൂടിയ ദ്വിജസന്ദോഹത്തിന്റെ ബന്ധുരതയ്ക്കിടയിൽ, ക്രമാദിവർഗ്യരായ ദുശ്ശകുനപ്രലാപികൾകൂടി സംക്രമിയ്ക്കുകയാൽ, ആ വനഖണ്ഡത്തിന്റെ ആസുരത സമീപപ്രദേശങ്ങളിലെ ജനതയിൽ ആ സ്ഥലം ദുർദ്ദേവതാസങ്കേതമാണെന്നുള്ള ഭയത്തെ ദൃഢരൂഢമാക്കി. വൃക്ഷസ്കന്ധങ്ങളിൽനിന്ന് തകർന്നു വീഴുന്ന ശാഖകൾ തരുമൂലങ്ങളെ വലയംചെയ്ത് ശിശിരതയെ വർദ്ധിപ്പിച്ചതിനാൽ, ആ പാദപമൂലങ്ങൾ ഉരഗരാജന്മാരുടെ പാർപ്പിനു ശുദ്ധികലശം ചെയ്യപ്പെട്ടുള്ള ചിത്രകൂടങ്ങളായിത്തീർന്നു. സമീപസ്ഥങ്ങളായ ആമ്പാടികളിലെ ഗോവൃന്ദങ്ങൾ ഈ വനത്തിന്റെ ബഹിർഭാഗത്തുള്ള അധിത്യകയിലെ തൃണസമൃദ്ധിയാൽ ആകൃഷ്ടരായി ആ പ്രദേശത്തെ ഒരു വൃന്ദാവനമായി സേവിച്ചുപോന്നു. എന്നാൽ, ദ്രുതപ്രവൃദ്ധമായി വന്ന അവിടത്തെ വന്യതയെ പരിരക്ഷിപ്പാൻ സംക്രമിച്ചുതുടങ്ങിയ ശാർദ്ദൂലാദി ഹിംസ്രമൃഗങ്ങളെ, ആ തൃണാശികൾ പുഷ്ടശരീരികളാക്കിത്തുടങ്ങിയപ്പോൾ ഗോപവാടങ്ങളിലെ യശോദാപ്രഭൃതികൾ ആ പ്രദേശത്തിന് കാളിയവസതിയായ കാളിന്ദീതടം എന്നുതന്നെ

നാമകരണം ചെയ്തു. ഈ വനത്തിന്റെ ഉത്തരസീമയിൽക്കൂടി ഭൂതരണംചെയ്യുന്ന നദിയുടെ ദക്ഷിണപ്രാന്തത്തിൽ കാണുന്ന ഒരു കടവിലെ കരിങ്കൽക്കെട്ടുകൾ ദുഃസ്ഥിതങ്ങളായി ജലപ്രവാഹത്തെ തടയുകയാൽ, ആ ഭാഗം നദീതടത്തെ തിളച്ചുപൊങ്ങുന്ന മജ്ജാകന്ദുകങ്ങൾ പൊതിഞ്ഞും ചുഴിക്കെട്ടുകൾ നിറഞ്ഞും ഉള്ള ഭയങ്കര കയപ്രദേശം ആക്കിയിരിക്കുന്നു. വഞ്ചികൾക്കും തരണം ചെയ്‌വാൻ അതിവിഷമമായുള്ള ഈ കയങ്ങളുടെ ദക്ഷിണ പരിധിയായ ഭൂമി, തുക്കായും വലുതായ ഉന്നതിയിലും മുൾച്ചെടികൾ പൊതിഞ്ഞും സ്ഥിതിചെയ്യുന്നതിനാൽ അതും ശിവശക്തികളാൽ രക്ഷിക്കപ്പെട്ട ബാണാസുരപ്രാകാരം എന്ന പോലെ അഹിതപ്രവേശത്തെ നിരോധിക്കുന്നു. ആകപ്പാടെ ഈ വലയബന്ധത്തിന്റെ വിസ്തൃതിയും അധൃഷ്യതയും ആപൽക്കരതയും അതിനെ രാജാധികാരത്താൽ നിർമ്മിക്കപ്പെട്ടുള്ള നെടുംകോട്ടയെക്കാൾ അഭേദ്യതരമായുള്ള ഒരു പ്രാകാരമാക്കിത്തീർത്തിരിക്കുന്നു.

പ്രകൃതിസൃഷ്ടമായ ഈ രക്ഷോപകരണങ്ങൾ ആവരണം ചെയ്യുന്ന അന്തഃപ്രദേശം ഒരു നവഖാണ്ഡവമോ, സ്വയംപ്രഭാഗഹ്വരമോ എന്ന് ആരായുകതന്നെ. ആദ്യമായി കാണുന്നത്, ബഹുതരം ഉയർച്ചകളിൽ എത്തിയിട്ടുള്ള ചെടികളാൽ ആച്ഛന്നവും അതിനെ വലയംചെയ്യുന്ന ഒരു പ്രാകാരത്തിന്റെ ഹരിതച്ഛവിയെ ദ്വിഗുണമാക്കി പ്രതിഫലിപ്പിക്കുന്നതുമായ ഒരു മഹാമൈതാനമാണ്. ജീവിതമോഹാസ്തമയത്താൽ പ്രേരിതമായുള്ള നൈരാശ്യത്തിന്റെ പ്രവർത്തനഫലമായി ഛേദിക്കപ്പെട്ടുള്ള വന്മരങ്ങളുടെ സ്കന്ധങ്ങളും ശാഖകളും ഉണങ്ങി, ചർമ്മം പൊളിഞ്ഞു് രാക്ഷസാസ്ഥികൾപോലെ അവിടവിടെ കാണ്മാനുള്ളവ സംഹാരശൂലിയുടെ താണ്ഡവലക്ഷ്യങ്ങളായി കിടക്കുന്നു. ചുറ്റുമുള്ള വനനിരയിലെ മൃഗദുർമ്മദന്മാരെ പേടിച്ചുള്ള നകുലകൃകലാസാദി ജന്തുക്കളും ചെടിക്കെട്ടുകളുടെ ഇടയിൽ പ്രകാശിയ്ക്കുന്ന നേത്രങ്ങളുടെ ഉടമസ്ഥരായ കുറുനരികളും ആ ഭൂമിയുടെ നിർവ്വാന്തശൈത്യത്തിൽ സംഖ്യാതീതമായി പെരുകുന്ന മണ്ഡൂപങ്ങളും ആ മൃദുമാംസികളുടെ നിധനത്തിനായി വിദ്യുച്ചലനം ചെയ്തു തിരിയുന്ന ബഹുതരം ഭുജംഗങ്ങളും ആ രംഗത്തിൽ സ്ഥിതികൊള്ളുന്ന മന്ദിരാവശേഷത്തെ അതിന്റെ അവസാദദശയിലെ നിശ്ശബ്ദശംഖന്മാരായി പാരിഷദസേവനം ചെയ്യുന്നു. ഒരു മഹാസേനയ്ക്ക് പടനിലമാകാൻ പോരുന്ന വിസ്താരത്തിലുള്ള ആ സമഭൂമിയുടെ ഈശാനഖണ്ഡം പല ഗംഭീരാലയങ്ങളും ഉപശാലകളും ചേർന്നുള്ള ഒരു ഭവനത്തിന്റെ രുദ്രഭൂമി ആയിത്തീർന്നിരിക്കുന്നു. ചിലമ്പിനഴിയത്തു ഭവനത്തെക്കാളും സാധനധാരാളതയെയും വിപുലശില്പവൈദഗ്ധ്യത്തെയും പ്രത്യക്ഷപ്പെടുത്തുന്ന ആ ഭവനത്തിന്റെ മഹാകൂടങ്ങൾ ഒരു അല്പഭാഗമൊഴിച്ച് മേച്ചിൽകൂടാതെ ഉപേക്ഷിയ്ക്കപ്പെട്ടും, മേൽക്കൂടങ്ങൾ ജീർണ്ണിച്ചും, നിരകൾ വിവർണ്ണമായും ആകമാനം വർഷാതപങ്ങൾ സഹിച്ചുള്ള ക്ഷയലക്ഷ്യങ്ങളോടെ കാണപ്പെടുന്നു. ഭവനോന്നതിക്കു സമാനം ഭൂഗർഭത്തിലോട്ടും താഴ്ത്തി കരിങ്കല്ലുകൾ പടുത്തുറപ്പിച്ചിട്ടുള്ള കല്ലറകളെ ധനാഷ്ടഗന്ധപൂരിതമാക്കി ഐശ്വര്യലക്ഷ്മിയെ പ്രതിഷ്ഠിച്ചിരുന്ന ആ ഭവനം ദൈവകോപനിപാതത്താൽ ഒരു അപമൃതിക്ഷേത്രം ആയിരിയ്ക്കുന്നു. ഭവനത്തിന്റെ ചുറ്റുപാടിലും അതിമൃദുതളിമങ്ങളാക്കി കെട്ടപ്പെട്ടിരുന്ന കൃഷ്ണശിലപ്പടികൾ ഇളകിത്തകർന്ന് അവയുടെ അധോഭാഗങ്ങൾ പലവിധം ജീവികളുടെ പാർപ്പിനുള്ള ശിലാമണ്ഡപങ്ങളായിരിക്കുന്നു. ചുറ്റും കാണുന്ന അസംഖ്യമായ അറകളുടെ വാതിലുകൾ, പിച്ചളക്കുമിളകളും ചന്ദ്രക്കലകളും ഓടാമ്പലുകളും പൂട്ടുകളും വഹിച്ച്,

മഹാവിപത്തിന്റെ നിപാതാനന്തരം അഭർത്തൃകങ്ങളായി ആ സന്ധിയിലെ ബന്ധനിലയിൽത്തന്നെ നില്ക്കുന്ന എങ്കിലും അതുകളിലെ ലോഹാനുബന്ധങ്ങൾ പ്രകാശം ക്ഷയിച്ച് ശുഷ്കഗോമയത്തിന്റെ വർണ്ണത്തിൽ അപ്രാർത്ഥിതരായി എത്തുന്ന സഹതാപദാതാക്കളെ മണ്ടിപ്പാനുള്ള ശലാകകളായി സ്ഥിതിചെയ്യുന്നു. പാചകശാലയുടെ പുരോഭാഗത്തോടു ചേർന്നുള്ള കൂപത്തെ ദർശനീയമാക്കിയിരുന്ന കെട്ടുകൾ, 'ആഹാ!' വിലാപങ്ങളിലെ വക്ഷസ്താഡനങ്ങളാൽ എന്നപോലെ ഭിന്നങ്ങളായി പുറകോട്ടു വീണുപോകയാൽ, അത് പാതാളപ്രവേശനത്തിനുള്ള മഹാവിലമെന്നപോലെ, നിശാകാലങ്ങളിൽ അമ്ലജ്വാലകളെ ഉദ്വമിച്ച് ആ സങ്കേതത്തിന്റെ പൈശാചദാരുണതയെ പോഷിപ്പിക്കുന്നു. ഭവനത്തിന്റെ ഒരു ഭാഗത്തുനിന്ന് കാളസർപ്പംപോലെ പൊങ്ങി, വിജൃംഭണംചെയ്ത് ആകാശവീഥിയിൽ ലയിക്കുന്ന ധൂമശിഖ മാത്രം, ധൂമകേതു പ്രപാതത്താൽ എന്നപോലെ നഷ്ടൈശ്വര്യമായിത്തീർന്നുള്ള ആ ഗൃഹാവശേഷം ഇന്നും മനുഷ്യവസതിയായി ഉപയോഗപ്പെടുന്നു എന്നു ലോകബോധനം ചെയ്യുന്നു. ഹൃദ്ഭേദകമായുള്ള നാശസ്ഥിതിയെ പ്രാപിച്ച്, ജ്യേഷ്ഠാംബികയുടെ ആദിമൂലനൈകൃഷ്ട്യസ്വതയിൽ അമരുന്നപോലെ നമ്മെ നമ്രമുഖന്മാരാക്കുന്ന ഈ ഗൃഹം രാജവസതികളെയും അസൂയപ്പെടുത്തുമാറുള്ള മതിൽക്കെട്ടുകളാൽ രക്ഷിക്കപ്പെട്ടും ഉദയാസ്തമയസന്ധ്യകൾക്ക് പൂർവ്വമായുള്ള മാർജ്ജനകർമ്മങ്ങളാൽ ഗൃഹാങ്കണങ്ങൾക്ക് മാന്മഥമണ്ഡളതതന്നെ ചേർക്കപ്പെട്ടും ജഗന്മോഹിനികളുടെ മൃദുഭാഷണങ്ങളാലും ഗീതമാധുര്യത്താലും രതീവിലാസസൗഭാഗ്യം സംഘടിപ്പിയ്ക്കപ്പെട്ടും രസികഭൃംഗാവലിയെ കേതകീകുസുമസമാനം ആകർഷിച്ചു വിഭ്രമിപ്പിച്ചും മണ്ഡലാധിപപരിസേവ്യമായി ആഖണ്ഡലവിഭ്രതിയെയും വിജയിച്ച് സ്ഥിതിചെയ്തിരുന്ന സാക്ഷാൽ മാങ്കാവുഭവനംതന്നെയാണ്.

പ്രാണനു തുല്യം ഗണിക്കപ്പെട്ടിരുന്ന പുത്രനെ കാണ്മാനില്ലെന്നു കേട്ടപ്പോൾ മാധവി അമ്മയുടെ കണ്ണുകൾ മേല്പോട്ടു ചെരുകി; മുഖം വികൃതമായി; ദേഹം വിളറി വിയർത്തു വിറച്ച്; അകത്തെ നീറ്റൽകൊണ്ട് ശ്വാസത്തിന് ഊക്കു കൂടി, ഉദരം അമർന്നു തുടിച്ചു. ആകാശത്തിലോട്ട് അഭിമുഖമായി നിന്നുകൊണ്ട് ആ സ്ത്രീ ഭഗവൽപദത്തോട് കയർക്കുംവണ്ണം ദന്തങ്ങൾ തമ്മിൽ ഉരുമ്മി. ഈ അപസ്മാരചേഷ്ടകൾ കണ്ടു പരിചാരകവർഗ്ഗം കൂട്ടിയ മുറവിളികളാൽ ആനീതരായ സമീപവാസികൾ, സേവാർത്ഥികൾ എന്നിങ്ങനെ പല കൂട്ടം സ്ത്രീപുരുഷന്മാർ അനുകമ്പയോടെ കാര്യാന്വേഷണങ്ങൾ തുടങ്ങി. പലരും പല വഴിക്കും പക്ഷിവേഗത്തിൽ പറന്നുതിരിഞ്ഞ് ആ ബാലഗതിയെ ശ്രദ്ധാവേശത്തോടെ ആരാഞ്ഞു. ഏകദേശം സന്ധ്യയോടടുക്കുന്നതുവരെ ഗൃഹത്തിന്റെ മുൻഭാഗത്തുള്ള മുറ്റത്ത് വെയിലും കാറ്റുമേറ്റ്, അന്നത്തെ ദിനാനുഷ്ഠാനങ്ങളെ ഉപേക്ഷിച്ച് പ്രാർത്ഥനകൾക്കും ഉപദേശങ്ങൾക്കും നിർബന്ധങ്ങൾക്കും വഴങ്ങാതെ വിധിഗതിയോട് ഉച്ചത്തിൽ തുടങ്ങിയ പരിഭവാലാപങ്ങളോടെ, നിപാതോന്മുഖമായ വൃക്ഷത്തിനു തുല്യം ചാഞ്ചാടിനിന്നിരുന്ന മാധവിഅമ്മ തുടരെത്തുടരെ മടങ്ങി എത്തിക്കൊണ്ടിരുന്ന അന്വേഷണക്കാരുടെ മുഖവൈവർണ്ണ്യത്തിൽ ജീവിതാവസാനംവരെ അനുനിമിഷം സഹിയ്ക്കേണ്ടതായ ദുഃഖത്തിന്റെ ഘോരദാരുണതയെത്തന്നെ ദർശിച്ചു. നദീസ്നാനത്തിനുള്ള ശിലാസോപാനത്തിലെ ഒരു പടിയിൽ രണ്ടു ചെറുകാലുകൾ വഴുതീട്ടുള്ളതിന്റെ ലക്ഷ്യം കാണ്മാനുണ്ടെന്ന് ഒരു സൂക്ഷ്മനേത്രൻ ധരിപ്പിച്ച

പ്പോൾ, ഇദംപ്രഥമമായി ലോകദുഃഖസ്വരൂപം ഗ്രഹിച്ച ആ മന്മഥവൈജയന്തിയുടെ ദേഹിയെ അവരുടെ ജഠരവൈശ്വാനരൻ നിഷ്കൃപമായി കബളീകരിച്ചു. പുത്രനെ ഭക്ഷിച്ച നദിഗ്രാഹത്തിന്റെ വക്ത്രത്തിൽ ചാടി ജീവാന്തം വരുത്തി വിധിമതം ലംഘിക്കാമെന്നുള്ള വിഭ്രാന്തിയോടെ പായുന്ന മാതാവിനെ അന്വേഷണസംഘവും അനുതാപികളായി എത്തിയിട്ടുള്ള അസംഖ്യം ജനങ്ങളും തുടർന്ന് ആത്മഹത്യാശ്രമത്തെ തടഞ്ഞു. തന്റെ 'പങ്കി'യുടെ ഓമൽപ്പാദങ്ങൾ, തന്നെക്കൂടി പിന്തുടരാൻ ക്ഷണിച്ചു പതിപ്പിച്ചിട്ടുള്ള ശ്രീവത്സങ്ങളാണെന്ന് ആ ജനനീകണ്ഠത്തിൽനിന്നു പൊങ്ങിയ ഉച്ചൈസ്തരപ്രലാപങ്ങൾ, വിധിപീഠമായുള്ള കമലത്തിന്റെ ദളകേസരങ്ങളെത്തന്നെ അത്ഭുതചലനം ചെയ്യിച്ചിരിക്കാം. വീണ്ടും വീണ്ടും ആവർത്തിച്ചുണ്ടായ മുറവിളികൾക്കിടയിൽ എത്രയോ ജനനീനേത്രങ്ങൾ അശ്രുക്കളാൽ കലുഷങ്ങളായി ആ നിർഭാഗ്യവതിയെ വലയംചെയ്ത് അവരുടെ സാഹസത്തെ നിരോധിപ്പാൻ ജാഗരൂകങ്ങളായി. മാധവിഅമ്മയുടെ രോദനശക്തി വേഗത്തിൽ ക്ഷയിച്ചു. നീലാഞ്ജനമണിഞ്ഞു മോഹിനീകടാക്ഷങ്ങളെ മോചിച്ചിരുന്ന നേത്രങ്ങൾ പുത്രപാദത്തിന്റെ ലാഞ്ഛനം അണിയുന്ന എന്നു ശങ്കിക്കപ്പെട്ട ശിലയിന്മേൽ അണച്ചുകിടക്കേ, ആ അപരാധിനിയുടെ ജീവാഗ്നി അനന്തതയിലോട്ടു പൊലിയുവാൻ ത്രസിച്ചു, സങ്കോചിച്ചു, പ്രഭമങ്ങി, നീലശിഖമാത്രം ശേഷിച്ചു. എന്നാൽ ആ മൃതിഗ്രസ്താവസ്ഥയിലും വിജയമോഹം സമുജ്ജ്വലിക്കയാൽ, നദീജലാലംബത്തിൽ ചേരാൻ അവർ എഴുന്നേറ്റു. പക്ഷേ ബോധശിഖ പൊലിഞ്ഞു് കൈകൾ വിടുർത്തി ആകാശത്തിൽ നഖക്ഷതങ്ങൾ ഏല്പിച്ചും രക്തധാരയെ നാസാദ്വാരങ്ങളിലൂടെ വമിച്ചും നിരാലംബമായി മാധവീജഡം സ്ത്രീവലയത്തിന്റെ വക്ഷോരക്ഷയിൽ അമർന്നു.

അപ്പോൾ ആരംഭിച്ച മഹാജ്വരവും ചിത്തവിഭ്രാന്തിയും മാധവി അമ്മയെ മൂന്നു മാസത്തോളം ഇഹപരങ്ങൾക്കു മദ്ധ്യസ്ഥയായി ശയിപ്പിച്ചു. ആ ഗൃഹത്തിന്റെ പൂർവ്വാപരാധങ്ങളെയും അതിനെപ്പറ്റി തങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരുന്ന ശാപഭർത്സനങ്ങളെയും മറന്ന് ചുറ്റുപാടുമുള്ള ഭവനങ്ങളിലെ നായികാനായകന്മാർ പ്രസിദ്ധ ഭിഷക്കുകളെ വരുത്തി അഹോരാത്രം കാത്തിരുന്ന് മാധവിഅമ്മയെ ചികിത്സിപ്പിച്ചുതുടങ്ങി. മാന്ത്രികന്മാരുടെ സാഹായ്യസാന്നിദ്ധ്യങ്ങൾകൊണ്ടു സാധിക്കാവുന്ന സമസ്തകർമ്മങ്ങളും ബഹുജനങ്ങളുടെ ഭൂതദയാപ്രാചുര്യത്താൽ നിർവ്വഹിക്കപ്പെട്ടു. ജനപരമ്പരകൾ 'സന്തതിപ്രവേശ' മായി ആ ഭവനത്തിന്മേൽ കുമിച്ചിരുന്ന ശാപങ്ങൾ ഏകീഭവിച്ചു മൂർത്തിധാരണം ചെയ്തതുപോലുള്ള ആ മഹാരോഗം, ശാപസംഘങ്ങളുടെ സന്തതികളാൽത്തന്നെ ഭൂതദയാപ്രകർഷത്താൽ ശുശ്രൂഷിക്കപ്പെട്ടു. മഹാമനസ്കരായ സമീപവാസികളാൽ പ്രകടിപ്പിക്കപ്പെട്ട ഈ വിശ്വശാശ്വത്വികമായ ധർമ്മത്തിന് സമ്മാനമായി, ദൈവഗതി മാധവിഅമ്മയെ തൊണ്ണൂറാം ദിവസം ശയ്യയിന്മേൽ എഴുന്നേൽപ്പിച്ചിരുത്തി; ഒട്ടു കഴിഞ്ഞപ്പോൾ സ്നാനാനുവർത്തനത്തിനും ശക്തയാക്കി. സമീപവാസികൾ തങ്ങളുടെ സുഹൃദ്കൃത്യത്തെ നിർവ്വഹിച്ചു എന്നുള്ള സന്തുഷ്ടിയോടെ, ആ ഗാന്ധർവ്വമണ്ഡലത്തിന്റെ അനന്തരപ്രവർത്തനങ്ങളിൽ ഉപദേഷ്ടാക്കളോ ഭാഗഭാക്കുകളോ ആകുവാൻ താത്പര്യപ്പെടാതെ ഓരോരുത്തരായി പിരിഞ്ഞു. അന്തകനോടുണ്ടായ സമരത്തിൽ വിജയിനിയായ മാധവിഅമ്മ തന്റെ ഉപകർത്താക്കളെ കൃത

ജ്ഞതാദ്യോതകമായ സൗജന്യസംഭാഷണങ്ങൾകൊണ്ട് ഉപചരിച്ചില്ല. എന്നാൽ വൈദ്യന്മാർ, മന്ത്രവാദികൾ, പരിചാരകജനം എന്നിവർ മഹാബലിയുടെ വിശ്രുതമായ ഔദാര്യത്തോടെതന്നെ സമ്മാനിതരായി. ഒരു വൃദ്ധകുബ്ജ ഒഴികെയുള്ള ഭൃത്യസമിതിയും ഭവനത്തിൽനിന്ന് ബഹിഷ്കരിക്കപ്പെട്ട് ആ മന്ദിരവും പരിസരങ്ങളും ബഹിർല്ലോകത്തോടുള്ള വ്യാപാരങ്ങൾ സംബന്ധിച്ചിടത്തോളം ബ്രഹ്മാജ്ഞയുടെ ഊർജ്ജിതത്തോടെ ബദ്ധകവാടവുമായി. തന്റെയും വൃദ്ധപരിചാരികയുടെയും ജീവധാരണത്തിനു വേണ്ട മുതലിന്റെ യഥാകാലലബ്ധിക്കായി വേണ്ട വ്യവസ്ഥകൾ ചെയ്തുകൊണ്ട് തന്റെ വസതിയും പരിസരപ്രദേശങ്ങളും ഒഴിച്ചുള്ള ഭൂമികളെല്ലാം ദരിദ്രലോകത്തിന്റെ തൽക്കാലാനുഭവത്തിനായി വിട്ടുകൊടുത്തു. മാങ്കാവിലെ യക്ഷീത്വം മറ്റൊരു വേഷത്തിൽ പുനർനൃത്തം ആരംഭിച്ചിരിക്കുന്നു എന്നുള്ള ചപലവാദം നാടെങ്ങും പരന്നു. എങ്കിലും നാട്ടുകാർ ദീനദയാലുതയാൽ ആ സങ്കേതത്തിന്റെ സ്വൈരതയെ ദുർമ്മദന്മാർ, തസ്കരന്മാർ എന്നിവരുടെ ദ്രോഹാക്രമണങ്ങളിൽനിന്ന് സൽപൗരുഷവീര്യത്തോടെ രക്ഷിച്ചു.

അന്തകദണ്ഡത്താൽ ആയുസ്സിന്റെ ദൈർഘ്യമാനം ചെയ്യപ്പെട്ട മാധവിഅമ്മ ആ പരീക്ഷണപര്യങ്കത്തിൽനിന്ന് ഉത്ഥാനം ചെയ്തത് മൃകണ്ഡു പുത്രനെ അനുഗ്രഹിച്ച ശശ്വൽകൗമാരത്തോടെ അല്ലായിരുന്നു. അവരുടെ ശരീരപുഷ്ടിയുടെ ജഗദ്ധ്വംസകത്വം അന്തകശ്വാസത്തിന്റെ അത്യഗ്രാഗ്നേയതയാൽ ശുഷ്കിതം ആയിരിക്കുന്നു. പഞ്ചബാണന്റെ നീലപട്ടാംബരത്തഴയായി യുവമാനസഭ്രമണം ചെയ്യിച്ചുകൊണ്ടിരുന്ന കേശപടലം കൊഴിഞ്ഞു, സർവ്വദാ പുറകോട്ടുതന്നെ അനുബന്ധിതമായി കിടന്നു, ദുഃഖപതാകയുടെ കൃത്യത്തെ വഹിക്കുന്നു. മാംസളത നഷ്ടമായിത്തീർന്നുള്ള മുഖകായങ്ങൾ ഒരു തപസ്വിനിയുടേതെന്നപോലെ വർണ്ണപ്രഭ മങ്ങിയും പൂർവ്വത്തിലെ പ്രഭാപൂരവും നീലപരിവേഷവും നീങ്ങി അവലോകനത്തിനു സഹ്യമായും തീർന്നിരിക്കുന്നു. ഹസ്താസ്ഥികളെ പിണച്ചും കരതലങ്ങളെ സ്കന്ധങ്ങളോടു ചേർത്തും ഉത്തരീയത്താൽ വക്ഷഃപ്രദേശത്തെ വലയംചെയ്ത് സഞ്ചരിക്കുന്ന ശരീരം വ്രതങ്ങൾ, ധ്യാനങ്ങൾ, നാമജപങ്ങൾ, പാരായണങ്ങൾ എന്നിവ അനുഷ്ഠിക്കുന്നെങ്കിലും ആ ശരീരത്തിൽ ലീനമായ അന്തഃകരണം, സച്ചിൽസ്വരൂപോന്മുഖമായി, അഹങ്കാരവിവർജ്ജിതമായി സർവ്വബന്ധവിമുക്തമായുള്ളതുതന്നെയോ എന്നു സൂക്ഷ്മമായി വ്യവച്ഛേദിച്ചുകൂട്ടുന്നതല്ല. തപസ്വിനിയുടെ ഗാംഭീര്യത്തെ ആധാരമാക്കി ജീവിതനിയന്ത്രണം ചെയ്യുന്ന ആ 'താന്മാത്രകി'യിൽനിന്ന് സ്വാത്മക്ഷേത്രത്തിലെ ഭദ്രദീപമായി പൂജിക്കപ്പെട്ടിരുന്ന പുത്രന്റെ നാശത്തെക്കുറിച്ചുപോലും ഒരു ക്ലോശോച്ചാരണം ഗളിതമാകുന്നില്ല. വിധിവൈപരീത്യത്തെയും സമചിത്തതയോടെ ഉപഗ്രഹനം ചെയ്ത് ഏകാന്തവസതിയിലെ പ്രശാന്തജീവിതത്തെ മാത്രം അംഗീകരിച്ചിരിക്കുന്ന വൈരാഗ്യവതി, അഗ്നിശിലകളുടെ വർഷത്താൽ ക്ഷീണോദരമായിത്തീർന്നെങ്കിലും അനന്തരഗർഭത്തിന്റെ പൂർണ്ണതയിൽ പുനർജ്ജൃംഭണം ചെയ്യേക്കാവുന്ന ജ്വാലാമുഖി ആണോ അല്ലയോ എന്ന് ഉത്തരഭാഗം കഥ തെളിയിക്കേണ്ടതാണ്. തൽക്കാലസ്ഥിതിയിലെ ദമപ്രകടനത്തിനിടയിലും ഗോവർദ്ധനങ്ങളിലെ വൃക്ഷങ്ങൾ തഴച്ചുവന്നതും ഗൃഹപ്പറമ്പിൽ മുൾച്ചെടികളും അസുഖകാരികളായ ജന്തുക്കളും വാഴ്ചകൊണ്ടതും ഗൃഹപ്പടികളും സ്നാനഘട്ടവും തകർന്നു വീണു വികൃതനിലകളിൽ ആയതും

ദുർവ്വിധിവലയിതമായുള്ള തന്റെ അവസ്ഥയോടു് അനുയോജിക്കുന്ന അവസ്ഥാനന്തരങ്ങളായി മാത്രം അവർ പരിഗണിച്ചു. പറമ്പിൽ നില്ക്കുന്ന വൃക്ഷങ്ങളുടെ സമൃദ്ധമായുള്ള ഫലദായകത്വം അതിന്റെ അനുഭോക്താക്കളുടെ സംക്രമത്തെ സംഭവിപ്പിച്ചേക്കാമെന്നു കരുതി, അവയുടെ ഉന്മൂലനത്തെ നിർവ്വിചാരം നിവർത്തിപ്പിച്ചു. ഗൃഹപരിസരങ്ങളിലെ ബഹുതരം ജന്തുക്കളോടു സാത്മ്യാനുരക്തി തോന്നുകയാൽ, മാധവിഅമ്മ അതുകളുടെ പരിസേവനത്തിൽ വിമുഖ ആകാതെ തന്റെ നിർഭാഗ്യക്ഷേത്രത്തിൽ ഒരു നിശ്ചേതനപ്രതിഷ്ഠയായി വാണു.

സൂക്ഷ്മശോധനത്തിൽ മാങ്കാവായ സൗന്ദര്യതരുവിൽ കുസുമിതമായ ഈ അഭൗമ സൗഗന്ധികം, അതിന്റെ പൂർവ്വജപരമ്പരകളിൽനിന്നു് ഒരു ലോകവിസ്മൃതിയോളം വിപര്യയപ്പെട്ടു കണ്ടകവാഹിയായുള്ള ഒരു കേതകീസ്തോമം ആണെന്നു കാണപ്പെടാം. മാങ്കാവിലെ പൂർവ്വചരിത്രം ധർമ്മേക്ഷണന്മാർക്ക് ആദ്യന്തം അവികലരസാനുഭൂതിയോടെ അദ്ധ്യയനം ചെയ്യാവുന്ന ഒരു ഗ്രന്ഥമല്ലായിരുന്നു. മാധവിഅമ്മ പരമാർത്ഥത്തിൽ സൗന്ദര്യഡംഭത്താൽ അതിന്റെ ആരാധനത്തെ ആകാക്ഷിച്ചുപോന്നിരുന്ന ഒരു വനാംബികാശിശു ആയിരുന്നു. വിടലോകത്തിന്റെ ഉന്മാദനൃത്തങ്ങൾ, പരിചരണസന്നദ്ധന്മാരുടെ സ്തോത്രഗീതങ്ങൾ, സാമാന്യലോകത്തിന്റെ അഭിനന്ദനചേഷ്ടകൾ എന്നിവ മാധവിഅമ്മയുടെ ജീവാമൃതമായിരുന്നു. ആ സൗന്ദര്യധാമാവതാരം മൃതകാമന്റേതുതന്നെയായി തനിക്കും ലോകത്തിനും നിരുപയോഗമായ അംബരജ്യോതിസ്സു മാത്രമായിത്തന്നെ കഴിഞ്ഞിരിക്കുന്നു. ലോകമദനനായിരുന്ന നമ്പൂരിപ്പാടോടു് പ്രകടിതമായ മാർജ്ജാരത്വവും ക്ഷന്തവ്യമത്രെ. ആ സാധുബ്രാഹ്മണന്റെ ധർമ്മപത്നിയെ ദ്രോഹിച്ചതു മാത്രം മാധവീജീവിതമായുള്ള വിചിത്രസർഗ്ഗത്തിൽ, ജീവപ്രായശ്ചിത്തത്താലും അപരിഹാര്യമായുള്ള ഒരു മഹാപാതകമായി ലേഖനംചെയ്തു കാണപ്പെടുന്നു. ബാദരായണസന്നിഹിതിയും ആ യന്ത്രിയുടെ ചൗര്യപാടവങ്ങൾ ആ ഭവനത്തിലെ നിധിഗ്രഹണം സംബന്ധിച്ചിടത്തോളം പരാജയത്തിൽ അവസാനിച്ചതും മാധവിഅമ്മയുടെ ശീലപരിശോധനയിൽ വായനക്കാർ സ്മരിക്കുക. പൂർവ്വികരുടെ അധർമ്മപ്രചാരം അശിക്ഷിതമായി എന്നല്ല, പ്രോത്സാഹിതമായിത്തന്നെ കഴിഞ്ഞു. അപരിമിതമായ വാത്സല്യപരിലാളനങ്ങളാൽ പരിപുഷ്ടമാക്കപ്പെട്ട അഹങ്കാരാന്ധ്യത്താലും ഒരു ഘോരകലിപ്രഭാവന്റെ ദുഷ്പ്രേരണത്താലും അനുവർത്തിക്കപ്പെട്ട നിസ്സാരാപരാധങ്ങൾ, പുത്രനഷ്ടം, മഹാരോഗം, സ്ഥാനഭ്രംശം എന്നിതുകളാൽ ശിക്ഷിക്കപ്പെട്ടിട്ടും ഭ്രനരകാനുഭവത്തിനുകൂടി വിധിക്കപ്പെട്ടിരിക്കുന്നു. വിശ്വഗതി 'എവമേവ' എന്നു സമ്മതിച്ചുപോകുന്ന വിദ്വജ്ജനം തത്ത്വരഹസ്യങ്ങളുടെ അന്വേഷണത്തെ തുടർന്നു് ഭഗവൽഗതിയുടെ ന്യായാന്യായ്യതയെ ദർശിച്ചുകൊള്ളട്ടെ.

സംവത്സരം പതിനെട്ടു കഴിഞ്ഞു. മാധവിഅമ്മയുടെ ശയ്യാമുറിയിലെ മഞ്ചം പൂർവ്വസ്ഥിതിയിൽത്തന്നെ നിലകൊള്ളുന്നു. രോഗത്തിൽനിന്നുള്ള തന്റെ പുനർജനനത്തിനു ശേഷം ആ മഞ്ചം പുത്രകഥാസ്മാരകമായുള്ള ഒരു പരിശുദ്ധവേദിയായി പൂജിക്കപ്പെടുന്നു. ദയനീയത എന്നുള്ള അവസ്ഥയുടെ മൂർത്തീകരണമായി, ഭഗവൽപദത്തിന്റെ ശർമ്മദത്വത്തെ പ്രാർത്ഥിച്ചുതുടങ്ങിയിരിക്കുന്ന ആ 'ധന്യ'പദാരോഹിണിയുടെ ആരാമവിജനതയെ

അവരുടെ ഉദയപൂജാഹാരങ്ങൾ കഴിഞ്ഞുള്ള വേളയിൽ ഒരു ഭീമാകാരൻ ഭഞ്ജിക്കുന്നു. കേശമീശകൾ വളർത്തി, ദക്ഷിണദേശരീതിയിൽ വസ്ത്രങ്ങൾ ധരിച്ച് നെടുതായ ശൈവശൂലവും വഹിച്ച തന്റെ മണിയറത്തളിമത്തിന്റെ മുമ്പിലായി പ്രത്യക്ഷമായ സാലസ്വരൂപത്തെ കണ്ടപ്പോൾ മാധവിഅമ്മ തസ്കരശങ്കയാൽ ഒന്നു നടുനാളം വരെ നടുങ്ങി. വേഷവും അവസരവും ചിന്തിച്ചപ്പോൾ തന്റെ ഗൃഹസ്ഥിതികൾ അറിഞ്ഞിട്ടില്ലാത്ത ഒരു സഞ്ചാരിയുടെ ആഗമനമാണെന്നു തോന്നി. എന്നാൽ അപ്രാർത്ഥിതമായി അനനുവദനീയമായി എത്തിയിരിക്കുന്ന അതിഥിയുടെ സമാഗമം ആ ഏകാകിനിയുടെ സാർവഭൗമത്വത്തെ അല്പമൊന്നുണർത്തി. ആഗതന്റെ മുഖത്ത് ഒരു മനഃക്ലാന്തിയുടെ ഛായ കാണുകയാൽ തന്റെ ദീർഘതപസ്സിന് അനുരൂപമായ ഔദാസീന്യത്തോടെ "എന്താ പോന്നത്?" എന്നുള്ള പ്രശ്നം കൊണ്ടുമാത്രം സല്ക്കരിച്ചിട്ടു നിലംനോക്കി ഇരിപ്പായി. പരിസരസ്ഥിതികളുടെ പരിവർത്തനങ്ങളും രണ്ടു വ്യാഴവട്ടത്തിനു മുമ്പ് കണ്ട തടിത്ബിംബത്തിന്റെ ധൂസരതയും ആ ദ്രമിളനെ കിടുകിടെ വിറപ്പിച്ച് ഉത്തരം പറവാൻ ശക്തനല്ലാതെ നിറുത്തി. ആ സന്ദർശനം സ്വവ്രതത്തിന്റെ ഭംഗമാണെന്നുള്ള ഈർഷ്യയോടെ മാധവിഅമ്മ ആഗതനോട്, "സാധുക്കളെ ഉപദ്രവിക്കേണ്ട; പോവുക. ഊണിനു സല്ക്കരിക്കാൻ തരമില്ലാ" എന്ന് അദ്ദേഹത്തിനു മനസ്സിലാകാത്ത ആത്മകഥാനുബന്ധത്തോടെ നിയോഗിച്ചു. പൂർവ്വസംഘടനയെ സ്മരിച്ചുള്ള ലജ്ജയും തല്ക്കാലദർശനത്തിൽ ഉദിച്ച അതീതവ്യസനവുംകൊണ്ട് നിശ്ചേഷ്ടനായിത്തന്നെ നിന്നിരുന്ന ആഗതൻ മാധവിഅമ്മയുടെ ആജ്ഞ കേട്ടപ്പോൾ തന്റെ ഗൗരവത്തെ പുനസ്സന്ധാനം ചെയ്തുകൊണ്ട് ഇങ്ങനെ ധരിപ്പിച്ചു: "വയറ്റെക്കരുതി വന്നവനല്ല പിള്ളേ. വർത്തമാനങ്ങൾ അങ്ങുമിങ്ങുന്നും കേട്ടു ചടഞ്ഞുപോയ പാവത്തിന് തന്നാലാവതു ചെയ്യാമെന്നുവെച്ചു വന്നവനാണ്."

മാധവിഅമ്മയ്ക്ക് ഇതു ലഘുഗ്രാഹ്യമായുള്ള ഭാഷണമായിരുന്നില്ലെങ്കിലും വക്താവിന്റെ മുഖവികാരങ്ങൾ അതിനൊരു വ്യാഖ്യാനമായിത്തീർന്നു. അന്തനേത്രങ്ങൾ തീക്ഷ്ണപ്രവർത്തനംചെയ്ത് മോഹവേശംകൊണ്ടുള്ള വിറയലോടെ, പൊടുന്നനെ ആ സ്ത്രീയെ എഴുന്നേല്പിച്ചു. "എന്റെ പങ്കിയെ കൊണ്ടന്നിരിക്കയാ?" എന്ന് ആകാംക്ഷാവൈവശ്യത്തോടെ പുത്രപ്രതിമയെ ഹൃദയദരിയിൽ ഉറപ്പിച്ച് സമാരാധിച്ചുവന്ന ആ ജനനീകണ്ഠം തുറന്നു ചോദ്യം ചെയ്തു. ആഗതനായ പെരിഞ്ചക്കോടൻ സൗന്ദര്യാരാധകനായിരുന്നു എങ്കിലും വീരധർമ്മത്തിൽ പുറംവാങ്ങുന്ന ഉത്തരനല്ലായിരുന്നു. അതിനാൽ അദ്ദേഹം തന്റെ സ്വരത്തെ കഴിയുന്നത്ര കൃപാർദ്രമാക്കി ഇങ്ങനെ പറഞ്ഞു: "മുട്ടപ്പിടിക്കുനിക്കാതിൻ. മകൻ എങ്ങെങ്കിലുമൊണ്ടെങ്കിൽ പെരിഞ്ചക്കോടൻ കൊണ്ടരാം. വേവലാതിപ്പെടാതെ അടങ്ങി മനുഷ്യരെപ്പോലെ പാർപ്പിൻ. രണ്ടു വാക്കൊള്ള മുരടൻ പുലമ്പുണ്ടുന്നു വയ്ക്കരുത്. കാടും കടലും തേടാം. ഇവിടം എന്തിനിങ്ങനെ പപ്പും പടപ്പുമാക്കി? പെരിഞ്ചക്കോടന് ഇതിന്റെ ഒരു സൂലം കിട്ടീരുന്നെങ്കി എന്റപ്പിയെ – ഛേ! ഛേ! മറ്റൊന്നും നിനയ്ക്കാതിൻ – എന്റെ തങ്കച്ചിയെ – 'തങ്ക –' എന്നുവച്ചാൽ എളയത് – ഇപ്പം ഒത്തോ? എന്റെ തങ്കച്ചിയെ പൊന്നുംകൊടമായി പണ്ടെപ്പോലെ വാഴിച്ചൂടല്ലാഞ്ഞോ?"

മാധവിഅമ്മ ആഗതന്റെ രൂപത്തെ ആപാദമസ്തകം അകത്തുണ്ടായ എരിപൊരിയ്ക്കിടയിൽ പരിശോധിച്ചു. തന്റെ മർമ്മരഹസ്യം ഗ്രഹിച്ചിട്ടുള്ള യുവധൂർത്തൻ പ്രവൃദ്ധോന്മനായി

ലോകപീഡനംചെയ്‌വാൻ ദൈവം അനുവദിച്ചിരിക്കുന്നല്ലോ എന്ന് ആശ്ചര്യപ്പെട്ടു എങ്കിലും അദ്ദേഹം പെരിഞ്ചക്കോട് എന്ന ഭവനത്തിന്റെ ഉടമസ്ഥനും ഏതാണ്ടൊരുവിധം പ്രതാപശാലിയുമാണെന്ന് അവർ ഊഹിച്ചു. പുത്രാന്വേഷണം വഹിയ്ക്കേണ്ട പുരുഷനെ തന്റെ മുമ്പിൽ ദൈവഹസ്തംതന്നെ ആനയിച്ചിരിക്കുന്ന സ്ഥിതിക്ക് ആ ഭാഗ്യോദയത്തെ നമിച്ചു, അവർ തന്റെ അഭിമതത്തെ അദ്ദേഹത്തോടു ധരിപ്പിപ്പാൻ ധൈര്യപ്പെട്ടു. "ആരെങ്കിലുമാകട്ടെ. കഴിഞ്ഞ കഥ ദൈവവിധി വരുത്തിയത്. അതിനെ മറന്നേയ്ക്കുക. പുരുഷനെങ്കിൽ പങ്കിയെ വീണ്ടുകൊണ്ടരിക. മാങ്കാവുഭവനം ചില്ലറ സ്ഥിതിയിലല്ല. 'മതി' എന്നു പറയുന്നതുവരെ തരാൻ സാധിക്കുന്ന ഒരിടമാണിത്."

പെരിഞ്ചക്കോടൻ: "കൈക്കുലിയും മറ്റും വേണ്ടപ്പീ! പെട്ടുപോയ കടം വീടാൻ ഇവനും ചുമതലപ്പെട്ടവൻതന്നെ എന്നറിയാം. ക്ഷമിപ്പിൻ. കൊച്ചിനെ കൊണ്ടരുംമുമ്പ് ചെലതു നടത്താനുണ്ട്. ഇവിടമൊക്കെ ഇങ്ങേൽപ്പിപ്പിൻ, ആൺതൊണയ്ക്ക് വിടിൻ."

മാധവിഅമ്മ ക്ഷമിപ്പാനും പെരിഞ്ചക്കോടന്റെ ഭരണത്തിന് അധീനയാകാനും തയ്യാറല്ലായിരുന്നു. അതിനാൽ ഉടനെ നടകൊണ്ടു പുത്രാന്വേഷണം സാധിപ്പാൻ സന്നദ്ധനാകുന്നില്ലെങ്കിൽ, ആ പുരുഷദർശനത്തെ ശപിക്കുന്നു എന്നുതന്നെ അവർ ശണ്ഠകൂടാൻ തുടങ്ങി. പെരിഞ്ചക്കോടൻ ടിപ്പുസുൽത്താന്റെ യുദ്ധസന്നാഹത്തെയും ആ രാജശാർദൂലന്റെ മഹാവാഹിനിയുടെ ഭയങ്കരതയെയും വർണ്ണിച്ചു:

"– ഈ വഴിയൊക്കെത്തന്നെ അവന്റെ പട വന്നുകേറും. എല്ലാം ഇങ്ങുവിടിൻ. ഫയനങ്ങളും മറ്റും നടക്കട്ടെ. ഇക്കാടൊക്കെത്തെളിച്ച് ചെല കരുതലുകൾ വേണ്ടത്തക്കപടി നടത്തണം. കാശെറക്കണതെല്ലാം പെരിഞ്ചക്കോടന്റെ കയ്യീന്ന്. പടവെല്ലമ്പം മകൻ പിള്ളയാണ്ടാൻ ഉയിരോടിരിക്കുന്നെങ്കിൽ അപ്പിള്ളതന്നെ ഇവിടം ഫരിക്കിണതു നമുക്കു കാണാം."

മാധവിഅമ്മ: "സകലവുമിതേ. എന്തു ചെയ്യും എന്റെ ഓമനപ്പങ്കിയെ ഒന്നു കാട്ടിത്തരൂ. ഞങ്ങടെ കഴിച്ചിലിന് സ്വല്പം വല്ലതും മതി. ശേഷം നീർവാർത്തു തരാം."

ഈ വാശാനം ഉണ്ടായമാത്രയിൽ ചെടിക്കൂട്ടത്തിനിടയിൽനിന്ന് ഒരു ഭീഷണസ്വരൂപം പുറപ്പെട്ട് പെരിഞ്ചക്കോടനെ ദൂരത്തു വിളിച്ച് എന്തോ രഹസ്യവാർത്ത ധരിപ്പിച്ചു. വനസഞ്ചാരത്തിൽ വിദഗ്ധനായുള്ള ഒരു രാജകാര്യപ്രവൃത്തൻ തഴച്ചുവളർന്നുള്ള ചെടികളുടെ ഇടയിൽ ഉരഃസ്ഥിതനായി പതുങ്ങിക്കിടന്ന്, അവിടത്തെ സംഭവങ്ങളെല്ലാം ദർശിച്ച വസ്തുത ആ രംഗത്തിൽ പ്രത്യക്ഷസ്ഥിതരായ പാത്രങ്ങൾ ഗ്രഹിച്ചില്ല. പെരിഞ്ചക്കോടന്റെ അനുചരൻ എത്തിച്ച വൃത്താന്തം തന്റെ ഭാവിയെയും ദേവകിയുടെ ക്ഷേമത്തെയും സംബന്ധിച്ചുള്ളതാകയാൽ സ്വാർത്ഥേക്ഷ മുന്നിട്ടു. യുവദശയിലെ മദോൽക്കടതയാൽ ഉത്പാദിതനായ സന്താനത്തിന്റെ പ്രത്യാനയനം ആ ആജന്മതസ്കരനെക്കൊണ്ട് സൗകര്യാനുസാരം കരണീയമെന്നു ഗണിപ്പിച്ചു. മാധവിഅമ്മയോടു് തന്റെ പ്രതിജ്ഞകളെ

ഭഗവതീപാദങ്ങളെ പുരസ്കരിച്ച് ആവർത്തിച്ചുകൊണ്ട് പെരിഞ്ചക്കോടൻ ആ ഗൃഹത്തെ വലയം ചെയ്യുന്ന ചെറുകാട്ട് കടന്നു വൻകാട്ടിനിടയിൽ മറഞ്ഞു.

ഹതപ്രായമായിരുന്ന ജീവിതാഗ്രഹം പുനർജീവനത്തിന്റെ അതിലോലസ്മരണങ്ങളെ മാധവിഅമ്മയുടെ ഹൃത്കർണ്ണികയിൽ പ്രസരിപ്പിച്ചു. അവരുടെ ചിത്തവേദിയിൽ തന്റെ പുത്രൻ, പുത്രോല്പാദകൻ എന്നുള്ള രണ്ടു ബിംബങ്ങൾ പുനരുദിതങ്ങളുമായി. തന്റെ ബഹുസംവത്സരങ്ങളിലെ പ്രായശ്ചിത്താനുവർത്തനം ഭഗവൽപ്രീതിയെ തനിക്കു സമാർജ്ജിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിച്ചു. മാധവിഅമ്മയുടെ അഹങ്കാരം അല്ലെങ്കിൽ 'താന്മാത്ര'ത്വം ആ ദേഹദേഹികളുടെ സംയോഗത്തെ രോഗകാരത്താലുള്ള ഖണ്ഡനത്തിൽനിന്നു രക്ഷിച്ചു. ജീവിതസൗരഭ്യത്തിന്റെ ആസ്വാദനത്തിൽ ദൈവത്തെ മറന്നിരുന്നു എങ്കിലും ക്ലേശവഹ്നിയിൽ ദീർഘകാലം പുടപാകംചെയ്യപ്പെട്ട അവരുടെ ആത്മാവ് ആ പരാശക്തിയുടെ പാദങ്ങൾക്ക് താണ്ഡവവേദി ആയിത്തുടങ്ങിയിരുന്നു. തന്നിമിത്തം സംഘടിതമായ ആത്മപാവനതയുടെ ദാർഢ്യത്തെ പരിശോധിപ്പാനെന്നവണ്ണം സംഭവിച്ച അന്നത്തെ സന്ദർശനം മായാശക്തിയുടെ പ്രവർത്തനമായിത്തന്നെ അവരിൽ ഫലിച്ചു. പെരിഞ്ചക്കോടനാൽ വർണ്ണിക്കപ്പെട്ട ശത്രുവിന്റെ ആക്രമണത്തെപ്പറ്റി തന്റെ കുബ്ജപരിചാരികയോട് ചോദ്യം ചെയ്തപ്പോൾ, സമീപപ്രദേശങ്ങളിലെ സമ്പന്നന്മാർ ദക്ഷിണദിക്കുകളിലേയ്ക്ക് നീങ്ങുന്നതായി അങ്ങാടിവാർത്തയുണ്ടെന്ന് മാധവിഅമ്മ ഗ്രഹിച്ചു. ആ ബൃഹൽകായന്റെ അവലംബം സ്വാധീനമാക്കുവാനുള്ള വാഞ്ഛ അവരുടെ വൈരാഗ്യവ്രതത്തിലെ ഒരു പ്രാർഥനയായിത്തീർന്നു. പ്രകൃതിയുടെ സൂകരത്വം ആ തപസ്വിനിയുടെ വൈരാഗ്യത്തെ ഒന്നു കുത്തിയിളക്കി പരീക്ഷിപ്പാൻതന്നെ മുതിർന്നു.

ആ ദിവസം സന്ധ്യയോടടുക്കാറായപ്പോൾ, ക്ഷപണവേഷം ധരിച്ചുള്ള ഒരു കോമളവദനൻ മാധവിഅമ്മയുടെ നേത്രങ്ങൾക്ക് പീയൂഷദാനം ചെയ്തു. പ്രകൃതിപ്രചോദിതമായുള്ള ഒരു വാത്സല്യം അവർക്കും അത്ഭുതം തോന്നുമാറ്, ആ തേജസ്വിയുടെനേർക്ക് അവരെ ബലാൽ ആകർഷിച്ചു. തന്റെ മണിയറയുടെ വാതിലിന്മേൽ വിരലുകളാൽ ഒരു സരസതാളം മേളിച്ചുനില്ക്കുന്ന സുമധുരാംഗൻ, പെരിഞ്ചക്കോടന്റെ കഥനത്തിൽ ഉൾപ്പെട്ട വല്ല ശത്രുഭടനും ആയിരിക്കാമെന്നു പേടിച്ച് മാധവിഅമ്മ മിണ്ടാതിരുന്നു. ആഗതൻ മണിയറയിലോട്ടു പ്രവേശിച്ച്, ഗൃഹനായികയുടെ സ്വാഗതഭാഷണത്തിനായി ക്ഷമിച്ചു നില്ക്കാതെ, ആസനസ്ഥനായി അങ്ങോട്ടുതന്നെ കുശലാന്വേഷണം തുടങ്ങി: "മാധവിഅമ്മ എവ്ട?"

മാധവിഅമ്മ: "ഞാൻതന്നെയാ ആ നിർഭാഗ്യവതി."

ആഗതൻ: "പിന്നെന്താ മോറിങ്ങനെ കഷായിച്ചു, വേഷം ശബരീ, ശബരീ, ശാംബരീന്നിരിക്കുന്നത്?" (ഉത്തരം കിട്ടിയില്ലെങ്കിലും) "ഈ പ്രദേശങ്ങളൊക്കെ കണ്ടിട്ടുപോവാൻ വന്നപ്പൊയെയ്ക്ക് ഇങ്ങോട്ടും കടന്നു. സൊല്ലാനു തോന്നുന്നെങ്കിൽ പാഞ്ഞളയാം. സുൽത്താൻപട തെക്കൊട്ടേയ്ക്കുണ്ട്. എന്താ വല്ലതും രക്ഷ വേണ്ടേ? 'എകാകി നീ സാ' ന്നിരുന്നാല് അക്കുറുമ്പന്റെ മീശക്കൊമ്പുവെച്ച് താങ്ങിയേയ്ക്കാം."

സ്വരാജ്യാധികാരികളുടെ രക്ഷയല്ലാതെ പരിപന്ഥിസഹായത്തെ അപേക്ഷിക്കുന്നത് അപകടമല്ലേ എന്നു ചിന്തിച്ചു മാധവിഅമ്മ പിന്നെയും മിണ്ടാതിരുന്നു.

ആഗതൻ: "നമ്മള് ഒരു രാജസ്ഥാനത്ത് ചേർന്ന പരിഷയാണ്. അമ്മയിന്റെ സങ്കടകഥ പലരും പറഞ്ഞു് എന്താണു ഗ്രഹിക്കാല്ലോന്നുവെച്ച് ഇങ്ങട്ടു് കീഞ്ഞു."

ആഗതന്റെ വാക്കുകൾ പെരിഞ്ചക്കോടന്റെ ദക്ഷിണദേശഭാഷയ്ക്ക് തുല്യം വിഷമജ്ഞേയമായി കർണ്ണങ്ങളെ വലപ്പിക്കുന്നു എന്ന് മാധവിഅമ്മയ്ക്കു തോന്നി. എന്നാൽ ആ സുഭഗന്റെ ആകാരസൗഷ്ഠവവും പരിപൂർണ്ണപൗരുഷവും ആ സംഭാഷണത്തിന് ഒരു മധുരിമചേർത്ത് അവരുടെ ശ്രവണകൗതുകത്തെ വികസിപ്പിച്ചു.

ആഗതൻ: "അമ്മയിന്റെ ഒരു മഹൻ ഈ പുയയിലോ എങ്ങാണ്ടോ 'ഹതേ ജഗൽപ്രാണ സുതേ'ന്ന് പൊയ്പ്പോയില്ലേ?"

ഈ ചോദ്യം മാധവിഅമ്മയുടെ ഉള്ളിൽ തണിഞ്ഞുകിടന്നിരുന്ന അഗ്നികണത്തെ വീശി ഒരു മഹാശിഖയായി ജ്വലിപ്പിച്ചു. അവരുടെ നാവു തളർന്നുവശമായി എങ്കിലും അതു സ്വാന്തർഗ്ഗതങ്ങളെ മന്ദാക്രാന്തഗതിയിൽ ഇങ്ങനെ മുരളിപ്പിച്ചു: "അപ്പൻ – എന്ത് ചോദിച്ചു? എന്റുണ്ണി പുഴയിൽ പൊയ്പ്പോയിട്ടില്ലാ. അന്നത്തെ തിടുക്കത്തിൽ എന്തോ പരിഭ്രമിച്ചു വശായി. എന്റെ പങ്കിയെ ഞാൻ എന്തെല്ലാമോ അണിയിച്ചിരുന്നു. അവറ്റയെ ആഗ്രഹിച്ച് ഏതോ രാക്ഷസൻ കൊണ്ടുപോയി. അവൻ തന്നെ മടങ്ങി കൊണ്ടരട്ടെ. ചെയ്തതെല്ലാം ക്ഷമിക്കാം. നാടുവാഴിയായി പുലരാൻ വേണ്ടതു് പിടിച്ചോട്ടെ."

ആഗതൻ പൊട്ടിച്ചിരിച്ചു. ജനനദോഷത്താലും ദുസ്സഹവാസത്താലും കൃത്രിമവ്യാപാരങ്ങളുടെ അനുവർത്തനങ്ങളാലും കേവലം വേഷധാരിയായി കഴിഞ്ഞിട്ടുള്ള ആഗതന്റെ ഹൃദയം തന്റെ പരിഹാസപ്രകടനത്തെ ആക്രിയാനന്തരം ശാസിച്ചു. അയാൾ ആർദ്രഭാവം കൈക്കൊണ്ടു് ആ ജനനീഹൃദയത്തെക്കുറിച്ച് ഒട്ടൊരനുകമ്പയോടുകൂടി ഇങ്ങനെ ചോദ്യം ചെയ്തു: "മകനെ കിട്ടുമ്പോയെയ്ക്ക് ഈ ദണ്ഡകവനം ഓന് രസിയ്ക്കില്ലല്ലോ?"

മാധവിഅമ്മ: "എന്റപ്പനേ, ഞാൻ ആർക്കുവേണ്ടി ഇതെല്ലാം വൈകുണ്ഠമാക്കി വെയ്ക്കുന്നു? കാലം എന്തായി? ഒരു വായും വയറും പുലർന്ന് അങ്ങോട്ടു ചെല്ലാൻ പലതും വേണോ? ആഗ്രഹം തീരുവോളം എന്റുണ്ണിയെ നെഞ്ചോടണയ്ക്കാൻ ദൈവം വിധിച്ചില്ലല്ലോ! അതുകൊണ്ടു് സർവസ്വവും നശിക്കട്ടെ എന്ന് ചിന്തിച്ചുപോയി."

ആഗതൻ: "മഹൻ സുമുഖനോ? പേരെന്താണ്?"

മാധവിഅമ്മ: "മാധവൻ എന്നായിരുന്നു. 'മധുരമാധവാ മതിവിമോഹന!' എന്ന് എന്റെ പങ്കിയെ ഞാൻ താരാട്ടീട്ടുണ്ട്."

ആഗതൻ തന്റെ അങ്കികൾക്കകത്തുള്ള ശരീരം രോമാഞ്ചംകൊള്ളുന്ന അവസ്ഥയെ അറിഞ്ഞു എന്നുമാത്രമല്ല, തന്റെ പരമാർത്ഥത്തെ ധരിപ്പിച്ച് ന്യായാനുസാരം തനിക്ക് അവകാശമുള്ളതായ ഭാഗ്യാസനത്തിൽ ആരോഹണം ചെയ്യുകയോ എന്ന് ആലോചിക്കുകയും ചെയ്തു എന്നാൽ, താൻ കടുങ്ങിയിരിയ്ക്കുന്ന ശൃംഖലയിലെ ലോഹമുനകൾ ചിന്തിച്ചും സധൈര്യമായ പുരുഷക്രിയയ്ക്ക് ആ ചപലൻ സന്നദ്ധനായില്ല. പെരിഞ്ചക്കോടനോട് ചെയ്ത വാഗ്ദത്തം വിസ്മരിച്ച് ആഗതനോടും തന്റെ സമ്മാനദാനസന്നദ്ധതയെ മാധവിഅമ്മ ധരിപ്പിച്ചത് പുത്രദർശനത്താലുള്ള അത്യാഗ്രഹത്താലായിരുന്നു. സാമാന്യസൃഷ്ടിയായ മനുഷ്യനിൽ ദൈവാംശത്തിന്റെ ആവാസംകൊണ്ട് പരതാപത്തിൽ സഹതാപവും അതിന്റെ പരിഹാരത്തിനുള്ള ശ്രമവും ഉത്പാദിക്കുന്നതാണ്. എന്നാൽ, കാപട്യത്തിലുള്ള അഭ്യസനത്താലും നീചത്വത്തിൽ നിതാന്തവ്യവഹാരി ആവുകയാലും മാധവിഅമ്മയുടെ താരാട്ടുഗാനത്തെയും ആഗതൻ മറന്നുതുടങ്ങി. ടിപ്പുസുൽത്താനായ വ്യാഘ്രത്തിന്റെ നേത്രപ്രപാതമാത്രത്താൽ ധ്വംസിക്കപ്പെടുമെന്ന് പേടിച്ച് സ്വന്തം അഭിനിവേശങ്ങളെ തുടർന്ന് പ്രവർത്തിപ്പാൻ ആ ദുർദുരാത്മാവ് ധൈര്യപ്പെട്ടില്ല. നിശാരംഭത്തിനു മുമ്പു നദിയുടെ മറുകരകടക്കണമെന്നു പറഞ്ഞുകൊണ്ട് എഴുന്നേറ്റപ്പോൾ, ആ ശരീരത്തിൽ അവശേഷിച്ചിരുന്ന നരത്വശകലം അതിന്റെ ഗുണത്തെ പ്രകാശിപ്പിച്ചു. ചിരകാലമായി പുത്രദർശനം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ആ ജനനിയെ പുത്രനോടു സംഘടിപ്പിക്കാമെന്നു സത്യം ചെയ്വാൻ അയാൾ അവകാശബോധത്തോടെന്നപോലെ അവരുടെ മൃദുലഹസ്തങ്ങളെ ഗ്രഹിക്കുന്നതിന് ധൈര്യപ്പെട്ടു. വിദ്യുച്ഛക്തിയുടെ ഒരു പ്രവാഹം മാധവിഅമ്മയുടെ ഹസ്തസ്നായുക്കൾ മാർഗ്ഗേണ ദ്രുതചലനം ചെയ്തു് അവരുടെ കർണ്ണപുടങ്ങളിൽ ഒരു മധുരക്വണിതം മുഴക്കി. ടിപ്പുസുൽത്താന്റെ കൗശലശകടങ്ങളിൽ ഒന്നിന്റെ ദാരുകനായ ആ വികൃതഹൃദയൻ വല്ലീനൃത്തംചെയ്തു്, ആ ഹസ്തങ്ങളെ കണ്ണുകളോടണച്ചുകൊണ്ട് അനന്തരാവസ്ഥകളുടെ ദർശനത്തിന് ശക്തനല്ലാത്ത വിധത്തിൽ ധാവനംചെയ്തു് മാധവിഅമ്മ മൂന്നാം ജനനത്തിന്റെ സൂതിവാതാവേഗത്താൽ എന്നപോലെ, “മാധവാ” എന്നു നിലവിളിച്ചുകൊണ്ട് ഒരു മൃണ്മയകൂടംകണക്കെ കീഴ്പ്പോട്ടമർന്നു.

25

"വത്സേ! തവ പാണിഗ്രഹണം വൈകാതെ ചെയ്യിപ്പാനായ്
ഉത്സാഹംചെയ്തീടുന്നേൻ യത്സുഖം വാഴ്ക നീയും"

പെരിഞ്ചക്കോടൻ കേശവപിള്ളയോടു തുടർന്ന കുടുംബസമരത്തിനിടയിൽ രാജ്യത്തിന്റെ ശത്രുവും ഭാരതീയമതത്തിന്റെ വിധ്വംസകനും ആയുള്ള ദൂരദേശാധികാരിയെ ആശ്രയിപ്പാൻ അയാളെ പ്രേരിപ്പിച്ചത് ഏതു വർഗ്ഗത്തിലുള്ള പൗരത്വമാണെന്ന് ഇവിടെ പരിശോധിക്കേണ്ടതില്ല. എന്നാൽ അയാളെ ചിലമ്പിനഴിയത്തു് ചന്ത്രക്കാരനിൽനിന്നു വ്യത്യാസപ്പെടുത്തുന്ന ഒരു പരമാർത്ഥം, ആ ദുർമ്മദപ്പെരുമാളുടെ അപരാധഗരിമയെ ലഘൂകരിക്കുന്ന വസ്തുത, ആദരണീയമല്ലെങ്കിലും ലോകചരിത്രം എന്ന ഉല്ലാസജനകമായ വിഷയത്തിൽ പരിക്ലേശിക്കുന്ന വ്യാസന്മാർക്ക് രസാവഹമായിരിക്കാം. അയാളുടെ സമരശ്രമങ്ങൾ സ്വസംബന്ധിയായ കേശവപിള്ളയുടെ നാശത്തെമാത്രം ഉദ്ദേശിച്ചവയായിരുന്നു. ഒരു ചണ്ഡാലാഭീരം സ്ഥാപിച്ചതും ശത്രുരാജപ്രസാദത്തിനു ധൃതരുദ്രാക്ഷനായതും സ്വശത്രുസംഹാരത്തിനുള്ള ഗാണ്ഡീവപാശുപതങ്ങളുടെ ലബ്ധിക്കായി അയാൾ അംഗീകരിച്ച തപോപായങ്ങളായിരുന്നു. അയാൾക്ക് രാജസ്ഥാനം എന്നത് ഒരു കല്യാണമണ്ഡപവും രാജപ്രതിഷ്ഠ മന്ത്രിയായുള്ള മേൽശാന്തിക്കാരനാൽ ചന്ദനപുഷ്പാഞ്ജനങ്ങളുടെ ചതുരോപയോഗംകൊണ്ട് അലംകൃതമായുള്ള ഒരു 'നിഷ്കള-നിശ്ചല-നിർമ്മമ നിഷ്ഠിയ' ബിംബവുമായിരുന്നു. രാജകളേബരത്തെയോ അതിന്റെ ത്രൈമൂർത്തികമായുള്ള ക്രിയകളുടെ ഉൽപത്തിവിധത്തെയോ ദർശിക്കാനുള്ള ഭാഗ്യം ആ മുഷ്കരനു സിദ്ധമായിരുന്നില്ല. രാജശക്തി ഒരു രാജ്യത്തെ സാർവത്രികമായി വ്യാവർത്തിക്കുന്ന വസ്തുതയും അയാൾ ഗ്രഹിച്ചിരുന്നില്ല. വിശേഷിച്ചും രാമവർമ്മമഹാരാജാവിന്റെ അനന്തഗുണനിധിത്വത്തെ ശ്രദ്ധിപ്പാനോ ഗ്രഹിപ്പാനോ ബാല്യംമുതൽ ആപൽഭോക്താവായും യുവദശാരംഭം മുതൽ ആപൽ കർത്തൃത്വംകൂടി വഹിച്ചും കഴിഞ്ഞിട്ടുള്ള, ആ ശിലാകാരനു സന്ദർഭമുണ്ടായില്ല. തന്നിമിത്തം ആ രക്ഷാപുരുഷപ്രതിഷ്ഠയെ ഒരു അഗണനീയസങ്കല്പമായി മാത്രം

അയാൾ കണക്കാക്കിയിരുന്നു. കേശവപിള്ളയുടെ മാതാവിനെ അവരുടെ ഗൃഹത്തിൽ നിന്നു സ്ത്രീലമ്പടനായ കാരണവരെക്കൊണ്ടു പുറത്താക്കിച്ച മാതുലിയെ, കേശവപിള്ള തന്റെ ഉദ്യോഗജീവിതാരംഭത്തിൽത്തന്നെ അവരുടെ പുത്രനോടൊന്നിച്ചുള്ള ബഹിഷ്കരണംകൊണ്ടു ശിക്ഷിച്ചു. പെരിഞ്ചക്കോടന്റെ അഭിപ്രായപ്രകാരം നീതിവിപ്ലവമായുള്ള ഈ കർമ്മവും രാജാനുമതിയോടെ സംഭവിച്ച ഒന്നെന്ന് അയാൾ പരുഷപ്പെട്ടില്ല. കേശവപിള്ള എന്ന ഏകമൂർത്തിയെ സകലനാശകാരകനായി വിദ്വേഷിച്ച് അദ്ദേഹത്തിനു തുല്യമായ ഐശ്വര്യത്തെയും പ്രതാപത്തെയും സമ്പാദിപ്പാനും ആ ദ്രോഹകാരിയെ സംഹരിക്കുകയോ അയാളെക്കൊണ്ട് തന്റെ കാൽപണിയിക്കുകയോ ചെയ്‌വാനും മാത്രം, അയാൾ പല പദ്ധതികളും അനുഷ്ഠിച്ചു. അതുകളുടെ ത്യാജ്യഗ്രാഹ്യതകളെ ചിന്തിപ്പാനുള്ള വിവേകം ആ പ്രജ്ഞാകാണ്ഡത്തെ ദൂരവീക്ഷണത്താൽപോലും അനുഗ്രഹിച്ചിട്ടില്ലായിരുന്നു. രാജസിംഹാസനമോ മന്ത്രിമുദ്രകളായ ഖഡ്ഗാംഗുലീയങ്ങളോ ഭരണയജ്ഞത്തിന്റെ ഹവിർഭാഗമോ കൊണ്ട് താൻ ലോകമാന്യനോ മഹാത്മാവോ ആയി ആരാധിതനാകണമെന്ന് അയാൾ മോഹിച്ചതേയില്ല.

മാങ്കാവിൽ എത്തിയ അനുചരൻ പെരിഞ്ചക്കോടനെ ധരിപ്പിച്ചത് ത്രിവിക്രമകുമാരൻ തെക്കൻദിക്കിലേക്കു യാത്രയാരംഭിച്ചിരിക്കുന്നു എന്നായിരുന്നു. മഹാനീചത്വം നിമിത്തം ആ യുവാവിന്റെ നേർക്കു പ്രവർത്തിച്ചുപോയ ദ്രോഹകർമ്മത്തിന്റെ പ്രത്യാഘാതം തന്നെ ശിക്ഷിക്കുമോ എന്നു ഭയപ്പെട്ട് അയാൾ വനപ്രാകാരത്തിന്റെ പുറകിൽ നിറുത്തിയിരുന്ന തന്റെ എതാനും ഭടജനങ്ങളോടൊന്നിച്ച് തിരുവനന്തപുരത്തേക്കു പാഞ്ഞു. ആ ദ്രോഹകർമ്മം മുതൽക്ക് പെരിഞ്ചക്കോടന്റെ ഗന്ധം പിടിച്ച് അയാളുടെ പുറകെ കൊട്ടാരക്കരക്കാര്യക്കാരുടെ ആജ്ഞാനുസാരം ഒരു വിദഗ്ധനായ വേട്ടയാടി തുടർന്നുകൊണ്ടിരുന്നു. എന്നാൽ, മുന്നിലക്കാരൻ കണ്ടശ്ശാര് ഇടയ്ക്കുവച്ചു ഗന്ധം തെറ്റി, വൻകാട്ടിൽ കുടുങ്ങി വലഞ്ഞുപോയി. എങ്കിലും ഒരു വലിയ സംഘത്തോടൊന്നിച്ചു തിരുവിതാംകൂറിന്റെ ഉത്തരപരിധികളിൽ പെരിഞ്ചക്കോടൻ വീണ്ടും സഞ്ചാരം തുടങ്ങിയപ്പോൾ നാട്ടിൽ വിദഗ്ധനായ കണ്ടശ്ശാർ അദ്ദേഹത്തെ മാങ്കാവിലേക്കും തെക്കോട്ടു കൊട്ടാരക്കരയ്ക്കു കിഴക്കുള്ള വങ്കാടുകൾവരെയും തുടർന്ന് വസ്തുതകൾ തന്റെ യജമാനനായ കാര്യക്കാരെ ധരിപ്പിച്ചു.

കുഞ്ചുമായിറ്റിപ്പിള്ള ദക്ഷിണദിക്കിലോട്ടു വീണ്ടും സംക്രമിച്ചപ്പോൾ പറപാണ്ടയുടെ വ്യാപാരങ്ങളും ആ പ്രദേശത്ത് ആനുഷംഗികമായെന്നപോലെ ആവർത്തിച്ചു. കുഞ്ചെക്കുട്ടിപ്പിള്ളകാര്യക്കാരുടെ അന്തകസ്ഥാനം വഹിപ്പാൻ തിരുവനന്തപുരത്തേക്കു മടങ്ങിയ ഗൗണ്ഡൻ, ബാലിയെ ബന്ധിപ്പാൻ പുറപ്പെട്ട ദശകണ്ഠന്റെ സ്ഥിതിയിൽ താൻതന്നെ ബന്ധനസ്ഥനായി പാണ്ടയുടെ ആഭിചാരശാലയിൽ പ്രവിഷ്ടനായപ്പോൾ, ഗൗണ്ഡന്റെ മഹിഷാകാരവും മഹിഷാസുരചണ്ഡതയും രക്ഷികളായ ഭടജനങ്ങളുടെ വീര്യരസത്തെ ഉത്ശോഷിപ്പിച്ചു. ആ ദുഷ്ക്രിയാരംഗത്തിലുള്ള കൃപത്തിന്റെ ദർശനത്തിൽ, അതിലോട്ടുള്ള നിക്ഷിപ്തികൊണ്ട് തന്റെ നിര്യാണവിധി സമാപിക്കപ്പെടുമെന്നു ചിന്തിച്ച് അതിനു ഉദ്ദേശിച്ചവനായി സങ്കല്പിച്ച അധികാരിയുടെനേർക്കു ഭീഷണിശസ്ത്രങ്ങൾ വർഷിച്ചുതുടങ്ങി. ധനലബ്ധിക്കായി ധാതാവെയും നിഗ്രഹിക്കാൻ കൂസാത്ത ആ ഋഷഭകണ്ഠൻ, പാണ്ടയുടെ അനന്തനഗരവനം കിടുങ്ങുംവണ്ണം തന്റെ വ്യാപാരസാമാനങ്ങളുടെ അപഹർത്താവ്

അതിലെ ഓരോ ശംഖമോതിരത്തിനുപോലും ജീവപ്രാശ്ചിത്തത്താൽ ഉത്തരം പറയേണ്ട സന്ദർഭം സമാഗതമാകുന്നു എന്നും തന്റെ നിധനം ഒരു ഗോകർണ്ണതപസ്സാലും നീക്കി നിർത്താൻ കഴിയാത്ത ബ്രഹ്മരക്ഷസ്സുകളെ ഉത്പാദിപ്പിക്കുമെന്നും മറ്റും കണ്ടുപ്പെരുമ്പറ മുഴക്കിത്തുടങ്ങി. ഇതിനിടയിൽ കപ്പായങ്ങൾക്കിടയിലുള്ള കടിസൂത്രമായ നെടുസഞ്ചിയെ തലോടി, അതിലെ സംഗ്രഹത്തിനു പരാംഗ്രലികളുടെ ശുശ്രൂഷണത്താൽ ലഘുത സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ആ വാസുകീകായത്തെ ആരും ദർശിക്കപോലും ചെയ്തിട്ടില്ലെന്നു ബോദ്ധ്യപ്പെടുകയാൽ, അയാളുടെ വീരഭദ്രകോപം അല്പം ഒന്നു ശമിച്ചു. മദ്ധ്യാഹ്നഭക്ഷണംകൊണ്ടുള്ള ഉദരപുഷ്ടി ആ അംഗത്തിന്റെ സാക്ഷാൽ ഗോളതയിൽ എത്തിയപ്പോൾ, ആ മാംസകൂടം ജ്യാഘോഷത്തിലുള്ള കൂർക്കങ്ങളോടെ നിദ്ര തുടങ്ങി.

അന്നത്തെ നിശാമുഖത്തിലെ തിമിരം പഥികന്മാരുടെ ആകാരസൂക്ഷ്മത ഗ്രഹിക്കാൻ പാടില്ലാത്തവിധം നിബിഡമായപ്പോൾ, ഗൗണ്ഡന്റെ ഭാഗ്യത്താൽ അയാളുടെ ബന്ധനശാലയിലെ നിശാടകനെന്നപോലെ പാണ്ഡമന്ത്രികനും ഒരു ചെറുസംഘവും എത്തി. ആ അക്രമമുണ്ടാകുമെന്നുള്ള സംശയലേശം കൂടാതെ, പാട്ടു പാടിയും പൊളികൾ പറഞ്ഞും വിഹരിച്ചുകൊണ്ടിരുന്ന ഭടന്മാർ പാണ്ഡയുടെ പട്ടസനിപാതത്താൽ തെരുതെരെ പരലോകദർശനത്തിനു യാത്രയാക്കപ്പെട്ടു. ശൃംഖലിതമായുള്ള മുൾച്ചെടികളുടെ ഇടയിൽക്കൂടി പ്രാണരക്ഷ തേടി പാഞ്ഞുതുടങ്ങിയവർ ചണ്ഡാലഖഡ്ഗങ്ങളുടെ ചരിചരണക്രിയകളാൽ ഭൂഗർഭസംയോഗത്തിനു പാത്രീഭവിച്ചു. ഈ മാന്ത്രികസമിതിയുടെ സമാഗമം ഗൗണ്ഡചാരത്തെ കാര്യക്കാരുടെ ഗ്രസനത്തിൽനിന്നു മുക്തമാക്കി, ഏതാനും അനുചരസമേതം വനമാർഗ്ഗത്തുടെ ശത്രുരാശിമുഖമായി സംക്രമിപ്പിച്ചു. ഇതുകൊണ്ടു തൃപ്തിപ്പെടാതെ, ആ വനത്തിന്റെ മറ്റൊരു ഭാഗത്തു് അല്പനേരത്തേക്കു പാളയം ഉറപ്പിച്ച്, ഗൗണ്ഡന്റെ ബന്ധനകാരിയെ ശിക്ഷിപ്പാനായി നിയമവിധ്വംസകനായ പാണ്ഡ കാത്തിരുന്നു. എന്നാൽ രംഗപ്രവേശംചെയ്തതു് വിദ്യുല്ലതികപോലെ ലസിക്കുന്ന ഖഡ്ഗത്തെ ധരിച്ചുള്ള ആഹവചതുരൻ കുഞ്ചെക്കട്ടിപ്പിള്ളയാണെന്നും അദ്ദേഹത്തെ തുടർന്നെത്തിയ ഭടന്മാർ നിറതോക്കുകളെ ചൂണ്ടുന്നു എന്നും ആ ക്ഷമനേത്രൻ കണ്ടപ്പോൾ, ശൗര്യത്തിന്റെ ഉത്തമാംശം വിവേകമാണെന്ന് ദൃഷ്ടാന്തീകരിച്ച് അവൻ തന്റെ പ്രഭാവത്തെക്കുറിച്ചുള്ള വീരവാദഘോഷം മാത്രം ചെയ്തിട്ട് അപ്രത്യക്ഷനായി.

ത്രിവിക്രമകുമാരന്റെ സൗകുമാര്യം ദേവകിയുടെ നേത്രങ്ങളെ, അതുകളുടെ വിശാലപ്രവർത്തനത്താൽ ശക്യമാകാവുന്ന കാര്യസിദ്ധികളുടെ ഏകദേശരൂപം ഗ്രഹിപ്പാൻ ശക്തങ്ങളാക്കി. തന്റെ അന്തർഘടനയ്ക്കു ഹൃദ്യനായുള്ള ഒരു കമനന്റെ സമ്പ്രാപ്തിക്കായി അഭ്യസ്ത പാഠങ്ങൾ പ്രദോഷസന്ധ്യകളിലെ പാരായണത്താൽ വിസ്മൃതമാകേണ്ടതാണെന്ന് അനംഗാചാര്യർക്കു ഹൃദയദക്ഷിണ ചെയ്തുപോയ ആ കന്യക പ്രഥമഗുരുപദേശമായി അദ്ധ്യയനം തുടങ്ങി. ആദ്യകമിതാവോടു ചെയ്തുപോയുള്ള പ്രതിജ്ഞയും അന്നത്തെ ദർശനോദിതമായ അനുരാഗവും അവളുടെ വക്ഷഃകരണ്ഡത്തിൽ സന്ധിച്ച് ഒരു അനിവാര്യസമരം തുടങ്ങി. ഈ സംഭവത്തെ താങ്ങാൻ ആ വല്ലികാഘടനയ്ക്ക് ശക്തിയില്ലാതിരുന്നതിനാൽ, അംഗം തകർന്നുതുടങ്ങി. ഇങ്ങനെ ക്ഷതാംഗയായ ദേവകി അനിരുദ്ധനാൽ സ്മരക്ഷുഭിതയാക്കപ്പെട്ട ഉഷയുടെ സ്ഥിതിയിൽ പരവശയായിത്തീർന്നു. മിന്നൽപ്പിണർപോലെ മറഞ്ഞ

ശ്രീകുമാരപ്രഭാവന്റെ ഛായ അവളുടെ ഹൃദയപടത്തിൽ ചിത്രിതമായിത്തീർന്നു. തന്റെ പ്രാണമണ്ഡലത്തെ സ്ഥിരനിലയനമാക്കി അപഹരിച്ചുകൊണ്ടു മൃദുകടാക്ഷചന്ദ്രികയുടെ ഒരു ശീതകരത്താൽപോലും മോഹാഗ്നിയെ തണുപ്പിക്കാത്ത ആ വിജയന്റെ സ്വരൂപത്തെ ആ വസതിയിൽനിന്നു സമുദ്വാപംചെയ്യുന്നതു് പ്രാണപ്രയാണത്തിലല്ലാതെ ദുസ്സാധമെന്നു ആ കന്യക വ്യസനിച്ചു. അനുക്ഷണം, ആ ചിത്രപ്രതിഷ്ഠ ഹൃദയതന്ത്രുക്കളിൽ ഒരു ആനന്ദ ഗീതത്തെ മേളിച്ചുതുടങ്ങുകയാൽ, തന്റെ ഭവനാങ്കണവാടി മദനകോടികളെ താലോലിക്കുന്ന കമലാംബയുടെ വിമലവേശ്മംതന്നെയെന്ന വ്യാമോഹത്താൽ ആ കന്യക ആനന്ദത്തിന്റെ തന്മയാനുഭൂതിയിൽ ആമഗ്നയാകുകയും ചെയ്തു. കർണ്ണാരുന്തുദമായി താലൂജകണ്ഠ്യങ്ങളെ ഘോഷിക്കുന്ന കാകവൃന്ദങ്ങളെ തന്റെ ജീവസത്വം ആരംഭിച്ചിരിക്കുന്ന കമനപൂജയിലെ വാദ്യഘോഷകന്മാരായ കോകിലസഞ്ചയങ്ങളായി അഭിമാനിക്കുന്നു. മന്ദപവനൻ, തന്റെ സ്കന്ധങ്ങളിൽ പിടിച്ചുകലുക്കി, "സുമുഖചോരിയായ ഹേ പരമഭാഗ്യവതീ!" എന്ന കൃപാശിസ്സോടെ തഴുകീട്ടു് സഞ്ചരണം ചെയ്യുന്നതായി അവളുടെ സ്പർശേന്ദ്രിയം വഞ്ചിതവുമാകുന്നു. " മാതാനാസ്തി പിതാനാസ്തി" എന്നു പ്രമാണിച്ചുപോകുന്നില്ലെങ്കിലും കല്ലറയ്ക്കൽപിള്ളയുടെ രൂപവും അയാളോടു് ചെയ്തുപോയ വാഗ്ദത്തവും പ്രതിജ്ഞയും കേവലം കാനൽജലകബളിതങ്ങളായി പൊലിഞ്ഞുപോയിരിക്കുന്നു.

ഈ വിഭ്രമം നിശാകാലത്തിലെത്തിയപ്പോൾ, ദേവകിയുടെ ശരീരത്തെ പരമാർത്ഥമായ ഒരു ലഘുജ്വരംതന്നെ പീഡിപ്പിച്ചുതുടങ്ങി. രോഗകാരണം ഗ്രഹിച്ചിരുന്ന മാതാവു്, നയവിധങ്ങളും ധർമ്മപ്രമാണങ്ങളും ഉപദേശിച്ചു് പുത്രിയുടെ അതിമോഹം അനർത്ഥകാരണമാണെന്നു ധരിപ്പിച്ചു എങ്കിലും ഔഷധപ്രയോഗങ്ങൾക്കു വട്ടംകൂട്ടി അതുകളുടെ ഫലപ്രാപ്തിക്കായി, ചില ദേവീക്ഷേത്രങ്ങളിലെ പ്രസാദങ്ങൾ പുത്രീലലാടത്തിൽ ചേർക്കുകയും ചെയ്തു. കൈകേയിയുടെ കലഹശയനം അവലംബിച്ചിരിക്കുന്ന ദേവകി ഈസ്സിതാർത്ഥത്തിനിടയിൽ, പ്രണയിനിയുടെ പാരവശ്യം പോക്കാനും സുഖത്തെ വരുത്താനുമായി ജീവനാഥപീഠത്തിൽ വാചാപ്രമാണത്താൽ ആരൂഢനാക്കപ്പെട്ടിരിക്കുന്ന കല്ലറയ്ക്കൽപിള്ള സ്മരമാർത്തനു ചേർന്നുള്ള വൈവശ്യത്തോടെ എത്തി. നിശ്ചലനേത്രയായി വിവിക്താകാശത്തെ നോക്കുംവണ്ണം ദേവകി കിടക്കുന്നതു കണ്ടപ്പോൾ അയാളുടെ കരുത്തും കാര്യസ്ഥതയും എന്നുവേണ്ട, കമനതയും അല്പാല്പം വേരിളകിച്ചലിച്ചു.

കല്ലറയ്ക്കൽപിള്ള: (ലക്ഷ്മിഅമ്മയോടു്) "ഇതെന്തരമ്മച്ചീ? വേണ്ടാത്തതും മറ്റും കേപ്പാൻ പൂങ്കുഴലികളു നിന്നാൽ ആടിപ്പോവുല്ലയോ?" ('പൂങ്കുഴലി' എന്ന പദം ഏതു സന്ദർഭത്തിലോ കേട്ടിരുന്നതിനെ 'മൃദുനാളക്കാരി' എന്നു കല്ലറയ്ക്കൽപിള്ള അർത്ഥമാക്കിയിരുന്നു.)

ലക്ഷ്മിഅമ്മ: "അതൊന്നുമല്ല പിള്ളേ, ഗ്രഹപ്പിഴ വന്നുമുട്ടുന്നതാണ്. അതിനു ആളും തരവുമില്ല."

കല്ലറയ്ക്കൽപിള്ള: "അതല്യോ അങ്ങു കൊണ്ടുപെയ്യേക്കാമെന്നു ഞാൻ പറയണതു്."

ലക്ഷ്മിഅമ്മ: "അങ്ങനെയല്ല. എല്ലാം പിന്നീടു പറയാം."

കല്ലറയ്ക്കൽപിള്ള: "പിന്നീടെന്നു ചൊല്ലാനും മറ്റുമില്ല. ആ വെണ്ണക്കല്ലൻ കപ്പിത്താൻ വന്ന് എന്റെ ചെല്ലന് കണ്ണുവെച്ചേച്ചു പെയ്യു. ഇതാ വിളിച്ചു കൊണ്ടു വന്നുട്ടു പരപ്പു ആയാനെ. ഒന്നു ഉഴിഞ്ഞെറിഞ്ഞാൽ—" എന്നു പറഞ്ഞുകൊണ്ടു് കല്ലറയ്ക്കൽപിള്ള ഓടി.

കണ്ണും കണ്ണിയും വയ്ക്കുന്നതു് ആരെന്നറിവാൻ പാടില്ലാത്ത ആ അനാഗരികൻ, സരസജീവിതത്തെ വാസനാബലത്താൽ ആകാംക്ഷിക്കുന്ന തന്റെ പുത്രിയുടെ രമണസ്ഥാനം വഹിക്കുമ്പോൾ, ആ ദാമ്പത്യാവസ്ഥ കാകഹംസികളുടെ സംയോഗമെന്നപോലെ ആവുകയില്ലയോ എന്ന് ലക്ഷ്മിഅമ്മ ആധിപ്പെട്ടു. അടുത്ത ദിവസം ദേവകി, ഭർത്തൃമരണാനന്തരം അനാഭരണയായ നവോഢ വിധവയെന്നപോലെ ഗൃഹത്തിൽ സഞ്ചരിച്ചുതുടങ്ങി. മാതാവോടുപോലും രൗദ്രമൂകത അവലംബിച്ച് സർവ്വദാ ഗൃഹദ്വാരാഭിമുഖിയായി, സ്നാനാശനാദികളെ വർജ്ജിച്ചു, ഗൃഹണാങ്കണമായ വൃക്ഷശിഖാവാടിയിലെ ദലനിപാതങ്ങളാൽ അർച്ചിതയാകുന്നു. ഇതിനിടയിൽ മനോരാജ്യസൗധങ്ങൾ നിർമ്മിച്ച് അതിലെ സൗഭാഗ്യങ്ങളും അനുഭവിച്ചു സ്വച്ഛന്ദവിഹാരംചെയ്യുന്നു. പ്രണയം നഖഭേദ്യകമായ കന്ദമല്ലെന്നും അപ്രാപ്യതാബോധത്താൽ ഹതാങ്കുരമാകേണ്ടതാണെന്നും ഗ്രഹിച്ചിരുന്ന മാതാവ് ഈ സ്വേച്ഛാനുകരണത്തെ ശാസിപ്പാൻ പുറപ്പെട്ടില്ല. അടുത്ത ദിവസത്തെ ദിവാകരകരങ്ങൾ ആ ഗൃഹാങ്കണത്തിൽ രജതതന്ത്രികളെ പതിപ്പിച്ചുതുടങ്ങിയപ്പോൾ, ലക്ഷ്മിഅമ്മയെ അഭാവപ്രായത്തിൽ കണക്കാക്കി പെരിഞ്ചക്കോടൻ, അന്നത്തെപ്പകലും ഗൃഹാങ്കണത്തിൽ പോകുന്ന പുത്രിയുടെ മുമ്പിൽ പ്രവേശിച്ചു, ഉജ്ജ്വലിക്കുന്ന നേത്രങ്ങളോടെ അല്പനേരം നിന്നിട്ട്, "എന്റെ ചെല്ലവിനെ എന്തു ചെയ്തു കല്ലറയ്ക്കയാൻ?" എന്നു ചോദ്യംചെയ്തു.

പെരിഞ്ചക്കോടൻ തന്റെ ഭവനത്തിൽ എത്തി അതിന്റെ കൈകാര്യങ്ങളെല്ലാം സ്ത്രീകളെ പരിപൂർണ്ണസ്വാതന്ത്ര്യത്തോടെ ഏല്പിച്ചിട്ട് തന്റെ ഭാര്യാപുത്രിമാർക്കുവേണ്ടി ഒരു സാലിവാഹനവാഴ്ച ആരംഭിക്കാൻ പുറപ്പെട്ടിരിക്കുകയായിരുന്നു. സ്വഭവനത്തിൽവച്ചുതന്നെ പുത്രിയുടെ ആതുരാവസ്ഥയെക്കുറിച്ചു കേട്ടിരുന്നു എങ്കിലും അവിടത്തെ വ്യവസായനിർവ്വഹണത്തെ വിഘാതപ്പെടുത്താൻ ക്ഷീണനാകാതെ മനോവേദനകൾ സഹിച്ചുകൊണ്ട് ആ ഭവനകാര്യം സംബന്ധിച്ചു കൈ കഴുകീട്ടു പുത്രീശുശ്രൂഷണത്തിനു പുറപ്പെട്ടു. ആ ശരീരവല്ലിയുടെ അവശത അദ്ദേഹത്തിന്റെ അന്തർഭീമതയെ ഉണർത്തി. തന്റെ വാത്സല്യപൂജയ്ക്കുള്ള ബിംബത്തിന്റെ സ്വൈരാപ്തിക്കായി ഗന്ധമാദനതരണം ചെയ്‌വാനും അദ്ദേഹം സന്നദ്ധനായി: "എന്റെ ചെല്ലു പറ—മനസ്സിടിവാൻ ഹേതുവെന്തു്? നേരേചൊല്ലി, ഛീ! ഈ ചോമ്പടിച്ചമട്ടു വീട്ടൂട്ട്" എന്നുള്ള ആശ്വാസോക്തിയോടെ പുത്രിയെ വക്ഷസ്സോടണച്ചു നിറുത്തി.

ദേവകി: (മൃദുസ്വരത്തിൽ) "അച്ഛാ! പാണ്ടയെന്നു് പറയുന്നവനാരാണ്?"

പെരിഞ്ചക്കോടൻ: "പാണ്ടയോ മോളേ, പാണ്ട അല്യോ, പാണ്ട— അവൻ—" (പുത്രിയോടുകൂടി തളത്തിലേക്കു നീങ്ങി അവളെ ഇരുത്തി പാർശ്വത്തോടണച്ചുകൊണ്ട്) അവനോ? ചൊല്ലിത്തരാം-നമുക്ക് ഒരെശ്മിയൊള്ളവളെവിടെ? ലശ്മി!"

ഭർത്തൃശബ്ദം കേട്ട് സകല വിപത്തും നീങ്ങി എന്നു സന്തോഷിച്ചുള്ള മുഖവികാസത്തോടെ എത്തിയ ഭാര്യയുടെ ഹസ്തത്തെ ഗാഢപ്രണയത്താൽ മുറുകെപ്പിടിച്ച് ആ സ്ത്രീയെ സദയം വരാന്തയിലിറക്കി മുട്ടോടുചേർത്തു നിർത്തിക്കൊണ്ട് തന്റെ ഹൃദയചാഞ്ചല്യത്തിനിടയിൽ, പ്രണയവാദം മറന്ന് യന്ത്രക്രിയ എന്നപോലെ ഭാഷണം തുടങ്ങി: "എന്തെല്ലാം ചെയ്തേച്ചും കണ്ടേച്ചും വന്നെന്നോ ലക്ഷ്മീ? ചിലതൊക്കെ പൂത്തുകാച്ചു പഴുക്കുമ്പോ നമ്മുടെ തേവ്വന് എങ്ങനെ ഇനിക്കുമെന്നോ! അതങ്ങു കിടക്കട്ടെ — ഈ പാണ്ട എന്നും മറ്റും എവടുത്തു ചൊല്ലിക്കൊടുത്ത കോന്തനാരാര് — ആരമ്മണ്യ?"

ലക്ഷ്മിഅമ്മ: (കല്ലറയ്ക്കൽപിള്ളയെ തന്റെ ഭർത്താവിന്റെ കോപത്തിൽനിന്നും രക്ഷിക്കാൻ) "മിനക്കെട്ടിരിക്കുമ്പോൾ ഇതെല്ലാം എവിടന്നറിഞ്ഞോ? ആ!"

പെരിഞ്ചക്കോടൻ: (പുത്രിയോട്) "കേള് ചെല്ല; അവൻ നമ്മടെ അടിമ — തിന്നുന്ന ചോറ്റിന് ഉശിപ്പൊള്ള ചൊണയൻ, ചൊടിയൻ 'കൊല്ലം തിന്നും' എന്നൊക്കെ കണ്ടവർ പറയുന്നതു പ്രാന്ത്! രാജ്യം പെലർത്തണവൻ പരൊണ്ടല്ലോ, അവരെ തക്കിടിക്ക് അവൻ ചില മുട്ടടികൊടുത്തിട്ടൊണ്ട്. കള്ളനെ കടിക്കാത്ത പട്ടിയെന്തരിന്? അവന്റെ ഒരു രോമക്കാല് പിഴാൻ ഇന്നുപേരാര്? യശ്മി, പിന്നെ, ഇങ്ങോട്ടു ആരോ ഒക്കെ പോന്നെന്ന് അങ്ങ് തിരുവനന്തപുരത്തുവച്ചു പിള്ളരാരോ തെരക്കിയപ്പോ കേട്ടതെന്തര്?"

ലക്ഷ്മിഅമ്മ: "പടവീട്ടിൽ തമ്പിഅദ്ദേഹത്തിന്റെ മകനെ കല്ലറയ്ക്കൽപിള്ള വിളിച്ച് ഇങ്ങോട്ടു കൊണ്ടുവന്നു." ലക്ഷ്മിഅമ്മ പുഞ്ചിരികൊണ്ടു.

പെരിഞ്ചക്കോടൻ: (അന്തസ്സന്തോഷത്തെ ഒളിച്ചുവെച്ചുകൊണ്ട്) "ആ വെള്ളപ്പെന്നിയാനെ ഇങ്ങോട്ടെന്തിനു കേറ്റി?"

"അച്ഛ! അച്ഛാ!" എന്നുള്ള ദ്രുതാക്രോശങ്ങളോടെ ദേവകിഅമ്മ രണ്ടുകൈകൾകൊണ്ടും അവളുടെ അച്ഛന്റെ പുഞ്ചിരികൊള്ളുന്ന അധരോഷ്ഠങ്ങളെ പോഷണം ചെയ്തു.

പെരിഞ്ചക്കോടൻ: "കുഞ്ചെലിയും പുഴുക്കല്ല കാണുമ്പോ കൊറിക്കാൻ നോക്കുമേ! അപ്പടിയാ കാര്യക്കടപ്പ്? (ഭാര്യയോട്) അയ്യനപ്പിള്ളയെ ഇത്തിരി മാറ്റി നിറുത്തിക്കോ." (പുത്രിയുടെ ശിരസ്സിലും താടിയിലും ഓരോ കൈ കൊടുത്തു മുഖത്തെ ഉയർത്തി നോക്കിക്കൊണ്ട്) "ഇന്നാ പാരു തേവ്വ. നിന്റെ ആ വെണ്ണക്കൊടം നാളെ മറ്റാൾ നിന്റെ മുമ്പിക്കൊണ്ട് കുഞ്ചുമായിറ്റി എറക്കിയില്ലെങ്കിൽ — ഛേ! —"

വാചകം പൂർത്തിയാക്കുന്നതിനു വക്താവിന്റെ നാവ് വശപ്പെട്ടില്ല. എങ്കിലും ഈ വാശാനം ദേവകിയുടെ വ്യസനമേഘത്തെ നീക്കി, അവളുടെ മുഖേന്ദുവിനെ സുപ്രസന്നമാക്കി. ഇതു കണ്ട് പെരിഞ്ചക്കോടൻ സന്തുഷ്ടനായി. "എവന്റെ മന്ത്രവാസം അപ്പം ഇതാ സോഹാന്നല്യോ പറ്റിണതു്. കൂമ്പാളപോലെ ഇരുന്ന മുഞ്ഞിയിൽ ചോരനീര് ഓട്ടം തുടങ്ങി.

എന്റെ... ഹഹ!... പെറ്റതള്ള കുളിപ്പാട്ടാനും ഊട്ടാനും മാത്രം. മനം പൊരുന്തിയ മണവാളനെ കൊണ്ടരണമെങ്കിൽ തന്തിയാൻ ഒഴയ്ക്കണം" എന്നുള്ള സ്വഗതത്തോടെ പെരിഞ്ചക്കോടൻ തന്റെ അനുചരന്മാരിൽ ചിലരെ വരുത്തി, പടവീട്ടിന്റെ പരിസരങ്ങളിൽ സഞ്ചരിച്ച് ത്രിവിക്രമകുമാരന്റെ പ്രത്യാഗമനമുഹൂർത്തം അതിഗൂഢമായി ആരാഞ്ഞുവരാൻ നിയോഗിച്ചു. തന്റെ ഭടസംഘത്തിൽ ഭ്രരിഭാഗവും ടിപ്പുവിന്റെ സേനയോടും സന്ധിപ്പാനായി തിരുവിതാംകൂറിന്റെ ഉത്തരസീമയിലെ ഒരു ദുർഗ്ഗപ്രദേശത്ത് പാളയമടിച്ച് കിടക്കുന്നതിനാൽ, തന്റെ തല്ക്കാലത്തെ ബലക്ഷീണതയെ പരിഹരിപ്പാനുള്ള മാർഗ്ഗങ്ങൾ എന്തെന്നു അയാൾ ആലോചിച്ച് ഇരിപ്പായി. അഗാധമായ ചിന്താവേഗം തന്റെ ഭർത്താവിന്റെ മുഖത്തെ അപ്രകാശമാക്കുന്നതു കണ്ട് അദ്ദേഹത്തിന്റെ മർമ്മപരമാർത്ഥം ഗ്രഹിച്ചിരുന്ന ലക്ഷ്മിഅമ്മ ഇങ്ങനെ ഗുണദോഷിച്ചു: "ഇതേ, ഈ സാഹസങ്ങൾക്കൊന്നും പുറപ്പെടരുത്. അനർത്ഥങ്ങൾ വന്നേക്കും. പണ്ട് താരയുടെ വാക്ക് കേൾക്കാതെ യുദ്ധത്തിനു പുറപ്പെട്ട ബാലിക്കു മരണംപറ്റി."

പെരിഞ്ചക്കോടൻ: "എന്റെ ലശ്മീ, എഴവിനും ഒപ്പാരിനും നിനയ്ക്കാതെ, വാലീടെ മണ്ടത്തരംകൊണ്ടു അയാണ്ട മണ്ട വിഴുന്നുപൊയ്യ്. പെരിഞ്ചക്കോടൻ അയാളെപ്പോലെ കണ്ണുംചത്ത്, വല്ല പാംകെണറ്റിലും ചെന്നു ചാടുട്ടല്ലാ അവനെ — ആ തുളുമാണിയെപ്പോലെ പരുത്തിരിക്കണ എവടെ ചുട്ടിത്തലയൻ എന്തരവനെ പിടിച്ചുകെട്ടി ഇങ്ങു കൊണ്ടന്നില്ലെങ്കിൽ —" പിന്നെയും ദൈവവിപരീതത്താൽ എന്നപോലെ പെരിഞ്ചക്കോടൻ തന്റെ പ്രതിജ്ഞയെ പൂർത്തിയാക്കാനുള്ള പദങ്ങൾ ബഹിർഗ്ഗമനം ചെയ്യാതെ കണ്ഠത്തിനുള്ളിൽ പൊങ്ങിയ ഒരു ശൈത്യത്തിൽ ഉറഞ്ഞുപോയി.

ലക്ഷ്മിഅമ്മ: "കഷ്ടത്തിനൊന്നും കച്ചകെട്ടേണ്ട. അവിടേന്നു പറഞ്ഞിട്ടുള്ള വടുകൻകഥ ഒന്ന് ഓർത്തുകളയണം. വള്ളിയൂർ കുലശേഖരപ്പെരുമാളെ തന്റെ മകൾക്ക് കൊണ്ടുക്കൊടുക്കാമെന്ന് പറഞ്ഞ അച്ഛൻ ശവത്തെയല്ലേ കെട്ടി എടുത്തു കൊണ്ടുചെന്നു മകൾക്കു കാഴ്ചവെച്ചത്. ഇവിടുന്നു അങ്ങോട്ടുചാടും; അവർ എതിർക്കും; ഇവിടെ ദേഷ്യംവരും; പിന്നെ എന്തു സംഭവിക്കുമെന്ന് ഈശ്വരനുതന്നെ അറിയാം."

പെരിഞ്ചക്കോടൻ: "നീ കേറിയിരുന്ന് നത്തിഴയ്ക്കാതെ. അങ്ങനെ പൊട്ടിത്തെറിക്കുന്നവനല്ലാ പെരിഞ്ചക്കോടൻ."

ലക്ഷ്മിഅമ്മ പുത്രിയുടെനേർക്ക് തിരിഞ്ഞു തന്റെ പ്രാർത്ഥനയെ താങ്ങി വാദിപ്പാൻ അപേക്ഷിച്ചു. സ്വർഗ്ഗം അടക്കി, പാരിജാതാപഹരണം ചെയ്തു തന്നെ പ്രസാദിപ്പാൻ പുറപ്പെടുന്ന ആ ത്രിവിക്രമനെ തടുപ്പാൻ ആ കന്യകയുടെ പ്രേമ പ്രകർഷം അവളെ അനുവദിച്ചില്ല. ലക്ഷ്മിഅമ്മ സ്വഭർത്താവിന്റെ പരാക്രമനാശത്തെ അന്തർനേത്രത്താൽ ദർശിച്ച് തരളചിത്തയായി, ഭർത്തൃശിരസ്സിനെ സ്വാനുഗ്രഹങ്ങൾകൊണ്ടു അഭിഷിക്തമാക്കുമാറ് അതിലെ ജടാമകുടത്തെ തലോടിനിന്ന് പെരിഞ്ചക്കോടൻ ഉടൻതന്നെ പല വഴിക്കും ദൂതന്മാരെ അയച്ച് ഒരു ചെറുസംഘം മല്ലന്മാരെ വരുത്തി, തന്റെ അനുചരബലത്തെ പരിപുഷ്ടമാക്കി. തന്റെ മൃഗീയശക്തി പല സംഗതികളിലും തന്നെ വിജയി ആക്കുന്നതുകൊണ്ട്

ഒര നരകേസരിയുടെ ബഹുകലാഭ്യസനങ്ങളാലും രാജ്യതന്ത്രത്തിൽ സമ്പാദിച്ചിട്ടുള്ള സീമാതീതവൈദുഷ്യത്താലും സംസ്കരിക്കപ്പെട്ടിട്ടുള്ള ബുദ്ധിയുടെ ദീർഘദർശനശക്തിയെയും പ്രവർത്തനചാതുര്യത്തെയും അയാൾ ഗ്രഹിക്കയോ സ്മരിക്കയോ ചെയ്തില്ല. തന്റെ പരാജയരാത്രിയിൽത്തന്നെ കുഞ്ഞെക്കുട്ടിപ്പിള്ളകാര്യക്കാർ, നല്ല ശുഭദിവസം നോക്കി പുത്രനെ തിരിച്ചയച്ചാൽ മതി എന്നും വേറൊരു കാര്യം അതിനിഗൂഢമായി നിവർത്തിക്കണമെന്നും അടങ്ങീട്ടുള്ളതായ ലേഖനത്തെ മാങ്കോയിക്കലായ വലിയ മാർത്താണ്ഡൻപടവീട്ടിലെ കാരണവർ രാജശ്രീ വേലുത്തമ്പി അവർകൾക്ക് അയച്ചിരുന്നു. ആ മഹാമതിമാൻ തന്റെ സിദ്ധിവൃദ്ധതയ്ക്കു ചേർന്നുള്ള ഗൂഢതയോടെതന്നെ കാര്യക്കാരുടെ നിർദ്ദേശത്തെ നിർവ്വഹിപ്പാൻ വേണ്ട ഏർപ്പാടുകൾ തന്റെ ആസനത്തിൽനിന്നിളകാതെ ചെയ്തു.

പാണ്ടപാളയത്തെ രണ്ടായി വിഭജിക്കുന്ന രാജപാതയുടെ ഇരു പാർശ്വങ്ങളിലുമുള്ള വൃക്ഷങ്ങൾ, ഉദയാനന്തരയാമത്തിലെ സൂര്യാതപം ആ സഞ്ചാരഭൂമിയെ സ്പർശിക്കാതെ രക്ഷിക്കുന്നു. ഒരു ഭാഗത്തെ താഴ്വര ഒരു ഗിരിതടമെന്നപോലെ ചരിഞ്ഞു് ബഹുദൂരം നീണ്ടുകിടക്കുന്നതിന്റെ രമണീയത, പാന്ഥന്മാരിൽ സരസന്മാരായുള്ളവരുടെ ഹൃദയങ്ങളെക്കൊണ്ടു് എത്രത്തോളം പ്രകൃതിസൗന്ദര്യത്തെ പ്രശംസിപ്പിച്ചിട്ടുണ്ടോ, അത്രത്തോളംതന്നെ മറുഭാഗത്തെ പാറക്കൂട്ടങ്ങളും കല്ലമ്പലവും അത്യഗാധനീരാഴിയും അവരുടെ ഹൃദയങ്ങളെ നിസ്സീമമായ ഭയാനകതയാൽ സങ്കോചിപ്പിച്ചിട്ടുണ്ടു്. പാണ്ടയുടെ ആസ്ഥാനമണ്ഡപം എന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന വഴിയമ്പലത്തിന്റെ മേൽക്കൂടവും ബഹിർഭാഗങ്ങളും പായൽ പതിഞ്ഞു കരിഞ്ഞുള്ള കാർഷ്ണ്യത്താലും അന്തർഭാഗം കരിയും ചുടുകല്ലും ചുണ്ണാമ്പുംകൊണ്ടു് ലിഖിതങ്ങളായ പൈശാചരൂപങ്ങളാലും അലംകൃതമായി, ഒരു നരമേധകാളിയുടെ ക്ഷേത്രമെന്നപോലെതന്നെ സ്ഥിതിചെയ്യുന്നു. ആ മണ്ഡപത്തിനു മുമ്പിലുള്ള മുൾക്കള്ളികൾ പാന്ഥന്മാരുടെ പാദങ്ങൾ അങ്ങോട്ടു തിരിയരുതെന്നുള്ള വിജ്ഞാപനങ്ങളായി ആ സങ്കേതാധിപന്റെ ആത്മവിധാനപ്രകാരത്തെ പ്രസിദ്ധീകരിക്കുന്നു. നീരാഴിവാസികളായ മണ്ഡൂകങ്ങൾ വിഹാരോന്മേഷത്തോടെ തങ്ങളുടെ പാലാഴിസുഖത്തെ പലതരം സ്വരങ്ങളിൽ കീർത്തനംചെയ്യുന്നതു് അങ്ങോട്ടു നോക്കിപ്പോകുന്ന നിർഭാഗ്യവാന്മാരെക്കൊണ്ടു കർണ്ണങ്ങൾ പൊത്തിച്ചു് പലായനംചെയ്യിച്ചുവന്നു. വനജന്തുക്കളും പക്ഷികളും എന്തോ സംരംഭത്തിന്റെ ആരംഭത്തെ അമാനുഷദൃഷ്ട്യാ ദർശിച്ചു് പരിസരപ്രദേശത്തെ നിശ്ശബ്ദമാക്കിയിരിക്കുന്നു. ഇതിന്റെ പരമാർത്ഥകാരണം വൃക്ഷശിരസ്സുകളും പാറക്കൂട്ടങ്ങളുടെ മൂർദ്ധാവുകളും ഗ്രഹിക്കുന്നുണ്ടെങ്കിലും പരാക്രമികളായ മഹച്ഛക്തിളുടെ ഉദ്യമരഹസ്യങ്ങൾ സംബന്ധിച്ചു് ബദ്ധജിഹ്വതന്നെ ബുദ്ധിപൂർവ്വത എന്നു ചിന്തിച്ചതുപോലെ അവർ ഒരു പത്രത്തിന്റെയോ അശ്മകണത്തിന്റെയോ നിപാതശബ്ദംപോലും പുറപ്പെടുവിക്കാതെ നിലകൊണ്ടുകൊള്ളുന്നു. പാണ്ടയുടെ പ്രത്യാഗമനം പ്രമാണിച്ചു് പൂർവ്വദിവസങ്ങളിലെന്നപോലെ പാന്ഥന്മാർ ആ തസ്കരദുർഗ്ഗത്തിന്റെ തരണത്തിനു ധൈര്യപ്പെടാതെ, ആ ദിനാരംഭസംഭവത്തിന് അതിനെ വിവിക്തരംഗമാക്കിവിട്ടിരിക്കുന്നു.

അശ്വങ്ങളുടെ ഖുരനിപാതം തെക്കുനിന്നു കേട്ടുതുടങ്ങുന്നു. ഭൂമുഖത്തെ ധൂളീകരിക്കാനെന്നപോലുള്ള സംഘട്ടനോർജ്ജിതത്തോടെ പായുന്ന ആ ജന്തുക്കൾ പത്മനാഭപുരത്തു

നിന്നു ദ്രുതഗമനം തുടങ്ങി. മൂന്നു നാലു നാഴികയുടെ വ്യാപാരാനന്തരം തങ്ങളുടെ ജാതിക്ക് സ്വഭാവസിദ്ധമായ ത്വരയെ അവലംബിച്ചു തുടങ്ങിയിരിക്കുന്നു. തന്നിമിത്തം തസ്കരസങ്കേതത്തോട് അടുക്കുംതോറും കുതിരക്കുളമ്പുകളുടെ പതനശബ്ദം അഭംഗുരമായ ഒരു ഘോഷാവലി എന്നപോലെ കേൾക്കുമാറാകുന്നു. അശ്വാരൂഢന്മാരുടെ ഗതിയിൽ ജന്യമാകുന്ന ധൂളിജാലം വൃത്താകൃതിയിൽ പൊങ്ങി അവരുടെ വേഗത്തിനിടിയിൽ സഹഗമനം ചെയ്യാൻ കഴിയാതെ പിന്നിട്ടുപോകുന്ന ഛത്രങ്ങൾപോലെ കാണമാറാകുന്നു. അശ്വസജ്ജകളുടെ ക്വണിതങ്ങളോടിടചേർന്ന് യാത്രാസംഘനേതാവിന്റെ ആജ്ഞാരവങ്ങളും കേട്ടുതുടങ്ങുന്നു. കണ്ണെത്തുന്നതായ മാർഗ്ഗപരിധിയിൽ അശ്വങ്ങളോടൊന്നിച്ച് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതുപോലെ മൂന്നു സാദിവീരന്മാർ അതിത്വരയോടും ഭീതികൂടാതെയും ആകാശച്ഛേദനംചെയ്തു ഉത്തരോന്മുഖമായി പാഞ്ഞുവന്ന് ഇതാ ആപത്സന്ധിയോടണയുന്നു.

നേതാവിന്റെ ഒരു ആജ്ഞാചിഹ്നത്തിൽ മൂന്നുപേരുടെയും ഖഡ്ഗങ്ങൾ ആകാശത്തിൽ ഉയർന്ന് വൃക്ഷനിബിഡതകൊണ്ടുള്ള പ്രകാശമാന്ദ്യത്തിനിടയിൽ ദർപ്പണപ്രഭകളെ ദ്രുതസ്ഫുരണംചെയ്യുന്നു. ദശരഥരാമാദികളുടെ സംഹാരത്തിനായിത്തടഞ്ഞ ഭാർഗ്ഗവരാമനെപ്പോലെ ഒരു സത്വം നെടുതായ ശക്തി ദക്ഷിണകരത്തിലും ഊക്കനായ പരിച വാമകരത്തിലും കഠാര, കൈത്തോക്ക് എന്നിതുകൾ അരപ്പട്ടയിലും ധരിച്ചു വാലിട്ടു കെട്ടിയിട്ടുള്ള അരക്കച്ചയാൽ ഉറപ്പിക്കപ്പെട്ട നെടുംചല്ലടത്തിലെ ചെറുചങ്ങലകൾ കിലുങ്ങിച്ചുകൊണ്ട്, കാളമേഘാകൃതിയിൽ മാർഗ്ഗം വിലംഘിച്ചു നിലകൊള്ളുന്നു. നെടിയ താടിയും ഘനം ചേർന്ന മീശകളും, ചെമ്പിച്ച കണ്ണുകളും ജടലിച്ചു വിടർന്നുകിടക്കുന്ന കേശവും, പാദങ്ങളിലെ ഇരുമ്പുതളകളും കരദണ്ഡങ്ങളിലെ കടകങ്ങളും കണ്ഠത്തിലെ പാശിശംഖപവിഴങ്ങൾ കോർത്തുള്ള മാലാകലാപവുംകൊണ്ട് അലംകൃതമായ ആ ഭയങ്കരസത്വത്തിൽ, ബഹുജനാന്തകനും, അധികാരവിദ്വേഷിയും ദക്ഷിണാപഥകമ്പനനുമായ പാണ്ട എന്ന ചണ്ഡാലസമ്രാട്ടിന്റെ ദർശനം ത്രിവിക്രമകുമാരനു ലബ്ധമായി. ആ യുവാവിന്റെ മനസാക്ഷികൾ എന്തു ചിത്തഗതിവൈശിഷ്ട്യത്താലോ പെരിഞ്ചക്കോടന്റെ ഭീമാകാരത്തെ തൽക്ഷണം ദർശിച്ചു. ഈ താരകാസുരവിഗ്രഹം ആ ധനാർജ്ജനപ്രമത്തനോടു സഹകരിക്കുമ്പോൾ, ദക്ഷിണതിരുവിതാംകൂർ അപ്പാടെ നടുങ്ങുന്നതു് ആശ്ചര്യമല്ലല്ലോ എന്ന് ആ യുവാവു ചിന്തിച്ചു. പാണ്ടയുടെ ധ്യാനനിർമ്മിതമെന്നവണ്ണം പറയുന്നതിനിടയിൽ, വഴിയുടെ പാർശ്വങ്ങളിലും ആ മാന്ത്രികന്റെ പുറകിലും പാറക്കൂട്ടവും നീരാഴിയും പ്രസവിച്ചതുപോലുള്ള ഒരു സേനാപംക്തി അശ്വാരൂഢന്മാരുടെ മാർഗ്ഗനിരോധനത്തിനായി അണിനിരന്നു. ത്രിവിക്രമന്റെ ഒരു ആജ്ഞാഘോഷം അനുചരന്മാരുടെ അശ്വങ്ങളെ നിലകൊള്ളിച്ചു. ആ രണ്ടുപേരും മാർഗ്ഗപാർശ്വങ്ങളിലുള്ള ഭൃതങ്ങളോടു സമരം തുടങ്ങുന്നതിനിടയിൽ ത്രിവിക്രമൻ തന്റെ അശ്വത്തിന്റെ ഉദരത്തിൽ കുതംകൊണ്ടുള്ള പ്രോത്സാഹനക്രിയയെ അനുഷ്ഠിച്ചുകൊണ്ട് അങ്കവടികളിന്മേൽ ഒന്നുയർന്നു; അശ്വത്തിന്റെ ദൈർഘ്യം വർദ്ധിച്ചു; അതിന്റെ നാസാദ്വാരങ്ങൾ വിടർന്നു; നേത്രങ്ങൾ വികസിച്ചു. കടിഞ്ഞാണുകളെ ഓരോ കൈയിലും അമർത്തിക്കൊണ്ട്, അശ്വനേതാവ് ഒന്നു കുനിഞ്ഞപ്പോൾ, ആ ജന്തു തന്റെ ദന്തനിരയെ ക്രൂരതരം പ്രകാശിപ്പിച്ചുകൊണ്ടും കർണ്ണാഗ്രങ്ങളെ സന്ധിപ്പിച്ചും ഭൂമി തൊട്ടുതൊടാതെ ഒരു

കുതിയാൽ പാണ്ടയുടെ ശിരോപരിഭാഗത്തുള്ള ആകാശത്തെ ഭേദിച്ച് പിൻഭാഗത്തു നില കൊണ്ടിരുന്ന ഭൂതസഞ്ചയത്തിൽ പലരുടേയും പല അവയവങ്ങളെയും തകർത്തുകൊണ്ട് വടക്കോട്ടു പാഞ്ഞു. അല്പദൂരം ചെന്നപ്പോൾ അശ്വത്തെ നിറുത്തേണ്ടിവന്നതിനാൽ കടി ഞ്ഞാണിന്റെ നിയന്ത്രണത്താൽ ഒരു അർദ്ധവൃത്തലേഖനം കഴിച്ച് അതിനെ തെക്കോട്ടു തിരിച്ചു നിലകൊള്ളിച്ചു. ഭഗ്നാശനായ പാണ്ട, തന്നെ ആ സാഹസത്തിന് ഉദ്യോഗിപ്പിച്ച പ്രേരകത്തെ സ്മരിച്ചുള്ള അതിലജ്ജയോടെ ഒരു ഘോരാട്ടഹാസം ചെയ്തുകൊണ്ട് ഇതി നിടയിൽ തിരിഞ്ഞു, തന്റെ അരയിൽ തിരുകിയിരുന്ന കൈത്തോക്ക് കൈയിലെടുത്ത് ആകാശവീഥിയെ തരണംചെയ്ത് അശ്വത്തെ ലക്ഷ്യമാക്കി കാഞ്ചി വലിച്ചു. പാറക്കെട്ടു കളും നീരാഴിയും വനതടങ്ങളും അശ്വമേധോദ്ദിഷ്ടമായ ആ മേഘാരവത്തെ പ്രതിദ്ധ്വനി പ്പിച്ചു. അശ്വപാദങ്ങളിൽ ഒന്നു നിരുപയോഗമായി. ബന്ധുജനരക്തത്തിന്റെ പ്രവാഹം കണ്ട് വിഗതബോധന്മാരായ ഭൂതഗണത്തിൽ ചിലർ പിൻഭാഗത്തെ പാന്ഥന്മാരെ വളയു കയും മറ്റുള്ളവർ അസ്ത്രവേഗത്തിൽ കുതിരയെ കടിഞ്ഞാണമർത്തി നിറുത്തിയിരിക്കുന്ന അഹങ്കാരിയുടെനേർക്ക് പായുകയും ചെയ്തു. ക്ഷതപാദമായ അശ്വത്തിൽനിന്ന് ത്രിവിക്ര മൻ താഴത്തിറങ്ങുന്നതു കണ്ടപ്പോൾ, പാണ്ട ത്രൈലോക്യനാഥത്വം കിട്ടിയതുപോലുള്ള സന്തോഷോന്മേഷത്തോടെ ആ യുവാവിന്റെ നേർക്ക് ഒരു വിജയതാണ്ഡവത്തോടണ ഞ്ഞു. ഹാ! ആ വനപൈശാചത്വത്തിന്റെ മൂർത്തീകരണം പൊടുന്നനെ തില്ലന്നത്തം തുടങ്ങി വട്ടംതിരിഞ്ഞു സംഭ്രാന്തമാകുന്നു.

മാർഗ്ഗത്തിന്റെ താഴ്‌വരയിലുള്ള തരുവിസ്തൃതിക്കിടയിൽനിന്ന് മുക്തശൃംഖലങ്ങളായ ഒരു സംഘം വേട്ടനായ്ക്കൾ വക്ത്രങ്ങൾ പിളർന്ന് രക്തവർണ്ണങ്ങളായ ജിഹ്വകളെ ലംബങ്ങ ളാക്കിയും അതിശുഭ്രങ്ങളായി കൂർത്തുമൂർത്തുനീണ്ടുള്ള ദന്തങ്ങളെ പുറത്തുകാട്ടിയും കിത ച്ചും കുരച്ചും കലാപരംഗത്തിൽ പ്രവേശിച്ച് വ്യാഘ്രങ്ങൾപോലെ തസ്കരഖലന്മാരുടെ പാദ ങ്ങൾ, തുടകൾ, കഴുത്തുകൾ എന്നിതുകൾ നോക്കി കുതിച്ചും കടിയിട്ടു മാംസക്ഷണങ്ങളെ വലിച്ചു പറിച്ചും കടഞ്ഞും തുടങ്ങിയ ഈ കാഴ്ചയിൽ തസ്കരന്മാർ നടുങ്ങുന്നതിനിടയിൽ ശ്വാപ്പടയുടെ ഏതാനും സേനാമുഖങ്ങളും പാണ്ടയെ വളഞ്ഞു് ഭയാങ്കരാക്രമണങ്ങൾ തുട ങ്ങി. ഈ ജന്തുക്കളെ തുടർന്നു തോക്കുകൾ, ഖഡ്ഗങ്ങൾ, ദീർഘദണ്ഡങ്ങൾ മുതലായ നാ യാട്ടായുധങ്ങൾ ധരിച്ചുള്ള പത്തിരുനൂറു വേട്ടയാടികളും പാണ്ടയെയും അനുചരസംഘത്തെ യും വളഞ്ഞു. അനന്തരസമരം വർണ്ണിക്കേണ്ടതില്ല. ത്രിവിക്രമകുമാരന് അശ്വവിദ്യാവൈ ദഗ്ധ്യത്തെ പ്രദർശിപ്പിപ്പാൻ കിട്ടുന്ന അവസരത്തെ നഷ്ടമാക്കരുതെന്നും ശത്രുവിന്റെ അതി സംഖ്യയാൽ ആപദ്ഘട്ടം ഉണ്ടാകുന്നെങ്കിൽമാത്രം പ്രവേശിക്കണമെന്നും പടവീട്ടിൽ വേ ലുത്തമ്പിയാൽ അനുശാസിതരായിരുന്ന നായാട്ടുകാർ, ആദ്യമേതന്നെ രംഗത്തിൽ പ്രവേ ശിക്കാതെ താഴ്‌വരയിലെ വനത്തിൽ പതുങ്ങി പാർത്തിരുന്നു. വേട്ടയാടികൾ യുദ്ധരംഗ ത്തിൽ പ്രേവശിച്ചപ്പോൾ, തസ്കരശിരസ്സുകൾ തകരുന്ന ആരവങ്ങൾ, പാന്ഥദ്രോഹങ്ങളെ സമ്മതിച്ചുള്ള ക്ഷമാപ്രാർത്ഥനകൾപോലെ മുഴങ്ങി. അവരിൽ പലരും ഭൂവാസം അവസാ നിപ്പിച്ച് നിലംപതിച്ചു. പലരും അധികാരികളുടെ മുമ്പിൽ ഹാജരാക്കപ്പെടുന്നതിനായി ബന്ധിക്കപ്പെട്ടു. പ്രാണരക്ഷ കരുതി മണ്ടിത്തുടങ്ങിയ ഭീരുക്കളുടെ കഥ കഷ്ടതമമായിക്ക

ഴിഞ്ഞു. ഭയങ്കരന്മാരായ ശ്വാക്കൾ പിൻകഴുത്തുകളിലുംമറ്റും കടിയിട്ട് ദംഷ്ടങ്ങളെ ഉറപ്പിച്ച് അവരുടെ ശരീരങ്ങളിൽനിന്നു ജീവന്റെ നിർഗ്ഗമനത്തിന് നിരവധി ദ്വാരങ്ങൾ സൃഷ്ടിച്ചു.

ശ്വാക്കളാലും വേട്ടയാടികളാലും വളയപ്പെട്ട പാണ്ട ആ അഹഃപ്രകാശത്തിനിടയിലും സമീപദേശപ്രമാണികളുടെ മുമ്പിലുംവച്ച് തന്റെ സമഗ്രമായ വീര്യപ്രാഭവത്താലും അജയ്യമായുള്ള ഒരു ചെറുസേനയോടു സമരം ചെയ്യുന്നതു് മൃതിയേക്കാൾ വലുതായ അവമാനത്തിനു സംഗതി വരുത്തിയേക്കുമെന്ന് ചിന്തിച്ച് ശൂലം ഊന്നി നിലകൊണ്ടു. വേട്ടക്കാരിലെ പ്രമാണികൾ ആ ഘോരാകാരന്റെ സമീപത്തോട്ടണഞ്ഞ് ആ വിചിത്രവേഷവും കായപരിമിതിയും കണ്ട് അധികൃതന്മാർക്കും സാധിക്കാത്ത ഭാഗ്യലബ്ധിയാൽ സന്തുഷ്ടന്മാരായി. അവർക്ക് അഭിമുഖനായ പാണ്ട അല്പനേരം നിശ്ചലനായി നിന്നു. ശ്വാനന്മാർ ദംശിക്കുകയോ നിഗ്രഹായുധങ്ങൾ ഒന്നും തന്റെ നേർക്കു പ്രയോഗിക്കപ്പെടുകയോ ചെയ്യാത്തതിനാൽ അന്നത്തെ പരാജയത്തിന് കാരണഭൂതനായ പുരുഷൻ തന്റെ നിധനത്തെ നിരോധിച്ചിട്ടുണ്ടെന്ന് അനുമിച്ചു. തന്റെ അനുചരന്മാർ മരിച്ചതും ബന്ധനസ്ഥരായതും കണ്ടു. പാണ്ട ഒന്നു ദീർഘമായി നിശ്വസിച്ചു. എന്തോ ചില ചിന്തകൾ അന്തരംഗത്തിൽ മർമ്മഭേദകങ്ങളായ കലാപങ്ങളെ ഉത്പാദിപ്പിക്കുകയാൽ, അവന്റെ രക്താക്ഷികളിൽ ജലദ്രവങ്ങളും പ്രകാശിച്ചു. ഈ നിലയിൽ അതുവരെ അജയ്യനായിരുന്ന ആ ഭീമഗാത്രൻ വിനയഭാവം കൈക്കൊണ്ട് പ്രമാണികളെ നോക്കി, "തമ്പ്രാക്കളെ് വിലവിന്" എന്ന് അപേക്ഷിച്ച് അവരെ ആശ്ചര്യഭരിതന്മാരാക്കി. അവർ പരസ്പരം മുഖത്തു നോക്കി അവന്റെ ഭാവഭേദത്തിനുള്ള കാരണങ്ങളെക്കുറിച്ചു വിസ്മയിക്കുന്നതിനിടയിൽ പാണ്ടയുടെ ശൂലാഗ്രം നിലം തൊട്ട് ഒരു അഭിവാദ്യം ചെയ്തു. ആ അതികായൻ ലഘുയഷ്ടിപോലെ മേല്പോട്ടുയർന്നു. താഴ്‌വരക്കാട്ടിൽ ഒരു നിപാതശബ്ദം മുഴങ്ങി. നൂറ്റിൽപരം വേട്ടയാടികളും എല്ലാ ശ്വാക്കളും കാടു ഞെരിച്ചുകൊണ്ട് അതിനകത്തോട്ടു പ്രവേശിച്ചു. തരുശിരസ്സുകളുടെ ചാഞ്ചാട്ടം ആ വനനിര മുഴുവനെയും ഹരിതവർണ്ണം ചേർന്ന ഒരു മഹാസരസ്സ് തിരകളിളകി ആടുന്നതുപോലെ പ്രമാണികൾക്കും മാർഗ്ഗപ്രദേശത്ത് ശേഷിച്ചുനിന്നവർക്കും കാണപ്പെട്ടു. ഒട്ടു ചെന്നപ്പോൾ ഇടയ്ക്കിടെ ശ്വാക്കളുടെ മൃതിസൂചകങ്ങളായുള്ള ദീർഘരോദനങ്ങൾ കേട്ടു തുടങ്ങി. തങ്ങളുടെ ഉദാസീനത കൊണ്ടു പാണ്ടയെ ബന്ധനത്തിലാക്കാൻ കഴിഞ്ഞില്ലെന്നുള്ള പോരായ്മ പ്രമാണികൾ സമ്മതിച്ചു.

26

"സർവഗീർവാണലോക സാർവഭൗമനുമെന്റെ
ദുർവാരമായിട്ടും നിദേശം — കൈക്കൊണ്ടു ഗത-
ഗർവനായ് വാണിടുന്നനിശം — അറിയാതെ നീ ചില
ദുർവിധങ്ങൾ തുടങ്ങിലൊ സമരോർവിയിൽ പരിചൊടു മാമക
ദുർവിഷായുധജാലമതേറ്റു ശയിക്കും — വിഹഗങ്ങൾ ഭുജിക്കും"

സ്ഥലനാമം സൂക്ഷ്മമായി പറയുന്നതു വിഹിതമെന്നു വിചാരിക്കുന്നില്ല. 'കുംഭനികുംഭാ'ദി രക്ഷോവരസമന്മാരാൽ നീതമായുള്ള സേനയുടെ ദൈനന്ദിന രാജസൂയാഘോഷത്തോടുള്ള യാത്രയ്ക്കിടയിൽ 'മഹൈശ്വര്യധാമവും പ്രഭാപൂരസമക്ഷവും' ആയുള്ള ബാദുഷാ ടിപ്പു ബഹദൂർ മൈസൂർ സമ്രാട്ടിന്റെ അല്പദിവസത്തെ വിശ്രമത്തിന് ഒരു ഭഗവതിക്ഷേത്രം വാസഗേഹമായി. അവിടത്തെ ദേവീബിംബവും പ്രതിഷ്ഠാപീഠവും പചനദ്രവ്യങ്ങളുടെ പേഷണകർമ്മത്തിൽ സഹകരിച്ചു. തന്റെ ശ്വേതാതപത്രത്തിന് അധീനമായുള്ള നഗരങ്ങളുടെ നാമങ്ങളെ ആ രാജധൂർത്തന്റെ മതാസ്പദമായുള്ള പുരാണേതിഹാസങ്ങൾ അനുസരിച്ച് നവീകരിക്കുക, അദ്ദേഹത്തിന്റെ തുരുഷ്കവേദിയത്വത്തിലെ ചരിത്രകീർത്തിതമായുള്ള ഗായത്രിതന്നെയായിരുന്നു. നാമപരിവർത്തനം കൂടാതെ ആ ദേവീമന്ദിരത്തിൽ പാർപ്പുറപ്പിച്ചാൽ കിന്നരീദ്വാസ്ഥകളാൽ പരിരക്ഷിതമായുള്ള ദൈവോദ്യാനഗോപുരം തന്റെ പള്ളിച്ചരമത്തിലെ വജ്രഖചിതാന്തോളത്തിന് ഉദ്ഘാടിതമാവുകയില്ലെന്നുള്ള മതാന്ധ്യത്താലും സ്വപുത്രനാമത്തെ ഒരു സ്മാരകസ്ഥാപനംകൊണ്ട് കേരളത്തിൽ ആചന്ദ്രം സ്മരണീയമാക്കണമെന്നുള്ള സന്താനവത്സലതയാലും, 'ഫട്ടിഹിസ്സാർ' എന്ന അഭിനവനാമധേയത്താൽ ആ ക്ഷേത്രം രാജവാസത്തിന് യോഗ്യമാക്കപ്പെട്ടു. ക്ഷേത്രത്തിലെ മുഖപ്പിൽ ആ 'മഹാപുരുഷൻ' നിലകൊണ്ട് തന്റെ 'സർവ്വോന്നതിയെ' അല്പനേരം പ്രകാശിപ്പിച്ചിട്ട് അന്തർഭാഗത്തുള്ള സോപാനത്തിൽവച്ച് 'ഖുത്ബാ' ഘോഷിപ്പാൻ ജിഹ്വാപ്രസാദത്തെ മുക്തമാക്കി. അനന്തരം ഒരു പട്ടുകമ്പളത്തിന്മേൽ മുട്ടുകുത്തി,. മുക്തമകുടമായുള്ള ശിരസ്സിനെ ഉയർത്തി ആകാശവാസിയായ ഭഗവാനും തന്റെ കൈടഭത്വത്തിൽ

വിറകൊള്ളണമെന്നുള്ള അഹങ്കാരത്താലെന്നപോലെ, ഹുംകാരധ്വനിയിൽ സ്വമതപ്രണവങ്ങളെ ആക്രോശിച്ചു. ക്ഷേത്രപരിസരസ്ഥങ്ങളായ പറമ്പുകളിലെ യജ്ഞകുണ്ഡങ്ങൾ, ഗോമാംസഖാദ്യങ്ങളും രസാളങ്ങളും ആയ ഹവിസ്സുകളുടെ പചനത്തിൽ പൊങ്ങുന്ന മസാലാദി ധൂപാരാധനംകൊണ്ടു് ആ പ്രാർത്ഥനാകർമ്മത്തെ ആകാശാന്തസ്ഥമായുള്ള സർവ്വകാരുണികപദത്തിൽ അംഗീകൃതമാകുമാറു് പരിപാവനമാക്കി. ഈ പ്രാർത്ഥനയാൽ പരമഹംസപ്പടിയിൽ ലബ്ധാരോഹനായ ആ പുണ്യവാന്റെ ഹൃദയദീപസ്തംഭം ഒരു നയകർമ്മത്തിന്റെ അനുവർത്തനപദ്ധതിയെ അദ്ദേഹത്തിന്റെ ബൃഹക്ഷുനേത്രങ്ങൾക്കു് മുമ്പിൽ പ്രകാശിപ്പിച്ചു. "ചൊക്രാഡ്ഡുണ്ഡിയാ!" എന്നൊരു കല്പനാഗർജ്ജനം മണിപ്രവാളാവലികളാൽ അഞ്ചിതമായുള്ള അദ്ദേഹത്തിന്റെ കണ്ഠദരത്തിൽനിന്നു് പുറപ്പെട്ടപ്പോൾ നമ്മുടെ മാങ്കാവിലെ ബാദരായണൻ 'മറ്റൊരു വേഷം മാച്ചാനേ' എന്ന മട്ടിൽ മഹമ്മദീയാങ്കികളും ഉഷ്ണീഷാദിയും ക്ഷുരകചിത്രിതമായ കേശകൃതാക്കളും ധരിച്ച ഒരു വൃദ്ധസേവകനായി പൂമുഖത്തിന്റെ മുറ്റവെളിയിൽ എത്തി, ജാനുയുഗ്മത്തെയും കുങ്കുമതാരാങ്കിതമായ ലലാടത്തെയും ഭൂമിയിൽ നമിപ്പിച്ചു് സ്വാമിമുഖാഗ്നിയിൽ ദഹ്യനാകുമെന്നപോലെ തലയുയർത്തി, ആകാശവീക്ഷണനായി, ആജ്ഞാശ്രവണത്തിനു കാത്തിരുന്നു. സുൽത്താൻ തിരുവടി തന്റെ മകുടത്തെ വീണ്ടും ധരിച്ചുകൊണ്ടു് വാളുറകിലുക്കി എഴുന്നേറ്റു. അനന്തരകല്പനകൾ തന്റെ സേനാനായകനെയും ഒരു സാമന്തരാജസിംഹനെയും ആ മഹിമാപ്രാചുര്യത്താൽ പ്രകാശമാനമായുള്ള സന്നിധാനത്തിൽ ദാസദാസന്മാരുടെ അടിപണിയലുകളോടെ പ്രവേശിപ്പിച്ചു് വിനയപ്രകടനമായ ഭ്രവീക്ഷണത്തെ അനുവർത്തിപ്പിച്ചു. സുൽത്താന്റെ കണ്ഠത്തിൽനിന്നു് ഒരു വിശദമായ കാര്യപരിപാടി ഊർജ്ജസ്വലഝരികയായി ഡിംഡിമത്തിന്റെ ഘോഷധ്വനിയിൽ പ്രവഹിച്ചു് തന്റെ ബാല്യവിഹാരങ്ങളിൽ ഈ ചൊക്രാഡ്ഡുണ്ഡിയാ വഹിച്ച സാരഥ്യംതന്നെ ദൂർവ്വിധങ്ങളിലോട്ടു വ്യതിചലിപ്പിച്ചു എന്നു പരിപാവനാത്മകത്വംകൊണ്ടു് സർവ്വശക്തകൃപയെ അവകാശപ്പെട്ട അച്ഛൻ അവിടത്തെ നിർമ്മലനേത്രങ്ങളാൽ ദർശിച്ചു് ഈ തെണ്ടിയെ നാടുകടത്തി. തന്റെ നിരന്തരപ്രാർത്ഥനകളാൽ ആർദ്രമാക്കപ്പെട്ട അവിടത്തെ തിരുവുള്ളം ഇവനെ പണ്ടത്തെ ഇങ്ങോട്ടുണ്ടായ അക്രമാവസാനത്തിൽ കണ്ടുപിടിച്ചു്, തന്റെ പുറംകാവലുകൊണ്ടു് എച്ചിൽതിന്നു ജീവൻ പുലരാൻ നിയോഗിച്ചു. തന്റെ സ്വയാധികാരലബ്ധി മുതല്ക്കു അങ്ങാടികളിൽ കൈറാന്തലും തൂക്കി ഭിക്ഷ തെണ്ടേണ്ട ഈ ഫക്കീരിന് തന്റെ 'പ്രധാന'ന്മമാർക്കു ചേരുന്ന പദവിയും 'ജാമാനീമാ'കളും കൊടുത്തു് സേവകനും മന്ത്രിസഭാംഗവുമാക്കിയിരിക്കുന്നു. ഇവൻ അന്ധമതവിശ്വാസി! ഇവന്റെ തിരോധാനകാലത്തു് കബീർവേഷം ധരിച്ചു് സാധുലോകത്തെ വഞ്ചിച്ചു് ബാപ്ജി, സ്വാമിജി, മഹാന്ത്ജി ആയി നടന്നു തെക്കു് എങ്ങാണ്ടൊരു ഗൃഹത്തിൽ കപിലാചാര്യർ ആയി എഴുന്നെള്ളി അവിടത്തെ സുഖാസ്ഥാനം വഹിച്ചു. അജിതസിംഹന്റെ മാധവനായിക്കൻ ആ ഭവനാവകാശിയാണെന്നു് അവഞ്ചനീയമായുള്ള തന്റെ കണ്ണുകൾ ഇപ്പോൾ കാണുന്നു. അവിടെ സർവ്വദാതാ പ്രസാദിച്ചു് ചൈത്താൻവാസംവരെയുള്ള നിരപ്പിൽ നിധി താഴ്ത്തീട്ടുണ്ടുപോലും! ഈ ഭ്രാന്തൻ മാധവനായിക്കനെ ഈ കുലാലൻ അങ്ങോട്ടയച്ചിരുന്നു. ആ ധനം കരസ്ഥമാക്കി രാമരാജാരാജ്യത്തു് തന്റെ ഒരു സർദാർ ആകാൻ തന്റെ ദൈവാനുഗ്രഹീതച്ഛായയിൽ കൊഴുക്കുന്ന ഈ ഭിക്ഷു നോക്കുന്നു. അങ്ങനെ തന്റെ സന്നിധാനത്തെ

വഞ്ചിച്ചതിനുള്ള ശിക്ഷാവിധി എന്തെന്നാൽ... ഇങ്ങനെയുള്ള ഉപസംഹാരംകൊണ്ടു തന്റെ കാര്യപരിപാടിപ്രകാരമുള്ള വധം വേണ്ടുവരുന്ന എങ്കിൽ, ചൊക്രാഡ്ഡുണ്ഡിയാ ആ കർമ്മം നിവർത്തിക്കണമെന്ന് ടിപ്പുസുൽത്താൻ ആജ്ഞാപിച്ചു. ഈ പ്രസംഗത്തിനിടയിൽ അജിതസിംഹരാജാവ് നിർവ്വഹിക്കേണ്ടതായി വിധിക്കപ്പെട്ടതിനെ സംബന്ധിച്ച് അദ്ദേഹം മൗനാനുവാദിയായി നിന്നതേയുള്ളൂ.

ചൊക്രാഡ്ഡുണ്ഡിയാ: "സർവ്വശക്തപ്രതാപം ചേർന്ന ഈ മഹാബലിപാദങ്ങൾ ഈ കീടത്തെ രക്ഷിക്കട്ടെ! ഇവൻ കൊല്ലപ്പെട്ടുപോകും."

സുൽത്താൻ: "അപ്പോൾ ഈ സമക്ഷകല്പിതമായ ഉപായം ഫലിക്കയില്ലെന്നോ?" എന്നലറിക്കൊണ്ടു തന്റെ ലഘുഖഡ്കത്തെ വലിച്ചൂരി

ചൊക്രാഡ്ഡുണ്ഡിയാ: (വിറയലോടെ തലതാഴ്ത്തി) "തൃക്കൈവിളയാട്ടത്തിനത്രേ ഈ തലയെ ഈ യാചകൻ പുഷ്ടമാക്കീട്ടുള്ളത് ..."

സുൽത്താൻ ശരിവയ്ക്കുന്ന ഭാവത്തിൽ പ്രഭാവച്ചാഞ്ചാട്ടങ്ങൾ രാജസസാവധാനതയോടെ അനുവർത്തിച്ചു. "പോ, പോ! സ്വർഗ്ഗവേദിയിൽനിന്ന് ഉച്ചരിക്കപ്പെട്ട വിധി അനിവാര്യം. സർവ്വശക്തന്റെ നിയോഗാനുസാരം സത്യവിശ്വാസപതാകയെ ഈ അന്ധമണ്ഡലഖണ്ഡങ്ങളിൽ ഉയർത്താൻ പുറപ്പെടുന്ന നമ്മുടെ ദൗത്യം ചൈത്താൻ കൈകളാൽ ദുരനുഗ്രഹീതമല്ലെന്നു തെളിയിക്കാൻ, അജിതസിംഹപ്രഭുവിന്റെ കഠാര വഞ്ചനാവാസമായെ നിന്റെ ഹൃദയകുഹരത്തിൽ ഇറങ്ങണമെന്നു നാം വിധിച്ചു. വിജയവേദിയിലേക്കു നാം കാണുന്ന ആ സോപാനം അടിയിട്ടുവണ്ണം ഉറച്ചുപോയി. ഡർബാർ സമാപ്തമായിരിക്കുന്നു."

ചേന്നമംഗലം പെരുമ്പടപ്പുസംസ്ഥാനത്തു പാലിയംവക അളകാപുരം ആണെന്നുള്ളതു വിശ്രുതമാണല്ലൊ. ഈ സുഭിക്ഷസങ്കേതം തോട്ടു, കായൽ, നദി എന്നിതുകളാൽ വലയം ചെയ്യപ്പെട്ട ഒരു നാളികേരദ്വീപരാമമായി, കേരളത്തിന്റെ പൂർവ്വൈശ്വര്യക്ഷേത്രമായി ഇന്നും സ്ഥിതിചെയ്യുന്നു. പെരിയാറ് എന്ന മഹാനദി കോട്ടമുക്ക്, കൊടുങ്ങല്ലൂർ, തിരുവഞ്ചിക്കുളം എന്നീ സ്ഥലങ്ങളിലോട്ടു പ്രവഹിക്കുന്നതു് ഈ ദ്വീപത്തിന്റെ വടക്കുംപടിഞ്ഞാറും സീമകളെ തലോടീട്ടാണ്. വായുഭഗവാൻ നിദ്രാമാന്ദ്യത്തിൽ അമരുന്നതൊഴികെയുള്ള വേളകളിൽ മനോഹരമായ കല്ലോലപരമ്പരകൾ തുള്ളിക്കുന്ന ഈ വിശാലജലാശയം, കൊടുങ്കാറ്റിൽ തരംഗഗിരികളിളക്കി പാന്ഥന്മാരെ ഇഹപരങ്ങളുടെ സന്ധിയെയും ഐഹികത്തിനപരമായ പരത്തെയും ദർശിപ്പിക്കുന്ന ഒരു വൈതരണി ആയിരുന്നു. പ്രസ്തുത ദിവസത്തിൽ നീലസ്ഫടികത്തിന്റെ രമണീയതയോടെ സൂര്യകിരണങ്ങളെ പ്രതിബിംബിച്ചു് പുളയ്ക്കുന്ന നദീമുഖം ഒരു മഹാമഖരംഗത്തിലെ ആഡംബരവിലാസങ്ങളാൽ ദർശനീയതമമായിരിക്കുന്നു. ഒരു മഹാവിപത്തിന്റെ നിവർത്തനത്തെ പ്രതീക്ഷിക്കുന്ന ബഹുജനങ്ങൾ അന്നത്തെ ഉത്സവാഘോഷദർശനത്തെ മഹോദയസ്നാനംപോലെ ആദരിച്ചു് കൂട്ടമിളകി എത്തുന്നു. വഞ്ചികൾ, ഓടികൾ, ബോട്ടുകൾ എന്നിവ അഗ്രഹാരപന്തികൾപോലെ നദിയുടെ പല ഭാഗങ്ങളിലും നിലകൊള്ളുന്നു. തിമിംഗലാകാരങ്ങളായ

കെട്ടുവള്ളങ്ങൾ മാർഗ്ഗനിരോധികളാകാതിരിപ്പാൻ അധികൃതന്മാരുടെ ആജ്ഞകൾ അനുസരിച്ച നദിയുടെ ഇരുഭാഗത്തോട്ടും അടുപ്പിച്ച നെടുംകുറ്റികൾ ഇറക്കിക്കെട്ടിയിരിക്കുന്നു. അതുകളിലെ പാചകകർമ്മങ്ങൾക്കിടയിൽ പൊങ്ങുന്ന ധൂമശിഖകൾ ആ നദീതലം അന്നത്തേക്കു ഭൂതലമായിത്തീർന്നിരിക്കുന്നു എന്നുതന്നെ തോന്നിപ്പിക്കുന്നു. ചെറുചുണ്ടന്മാർ, പരുന്തുവാലന്മാർ, ചുരുളന്മാർ, കളിവള്ളങ്ങൾ എന്നിവ നദിയുടെ ഒഴിഞ്ഞുകിടക്കുന്ന മദ്ധ്യഭാഗത്തുകൂടി മഹാനഗരങ്ങളിലെ രാജവീഥികളെ തരണംചെയ്യുന്ന ശകടങ്ങളെന്നപോലെ പന്തയംവെച്ചും മത്സരിച്ചും ഒഴുക്കുമറുത്തും അനുസരിച്ചും വിക്രീഡിക്കുന്നു. അടനയ്മ്പുകൾ, വട്ടപ്പങ്കായങ്ങൾ, തുഴനയ്മ്പുകൾ, തണ്ടുകൾ എന്നിവയുടെ ഊഷ്മളവും ശീഘ്രതരവുമായ പ്രവർത്തനങ്ങൾക്കിടയിൽ, സ്ഫടികശലാകകൾ, വജ്രമണികൾ ചിലപ്പോൾ ഇന്ദ്രചാപലേഖനങ്ങളും ആകാശത്തിൽ തിളങ്ങി അസ്തമിക്കുന്നു. നാനാഭാഗങ്ങളിൽനിന്നുപൊങ്ങുന്ന ജനതാരവവും മത്സരക്കാരുടെ ഗാനങ്ങൾ, ആർപ്പുകൾ, പ്രോത്സാഹത്തകർപ്പുകൾ എന്നിവയും ജനതതിയുടെ സമാധാനസമീക്ഷയിലുള്ള സന്തോഷനിർഭരതയെ ധ്വനിപ്പിക്കുന്നു. ഈ പ്രമോദതരംഗത്തിന്റെ സ്പർശത്തിൽ രോമാഞ്ചിതമായ വായുഭഗവാൻ മന്ദഗതിയായി സൂര്യകിരണങ്ങളെ യാവച്ഛക്യം ശീതളമാക്കി വർത്തിക്കുന്നതുകൂടാതെ പല വഞ്ചികളെയും മറ്റും ആഘോഷസാമഗ്രികളാക്കുന്ന കൊടികളെക്കൊണ്ടു് പ്രഭുപരിചരണാനുയോജ്യമായ വീജനം ചെയ്യുന്നു.

നദീതീരത്തിൽ കർഷകഹസ്തങ്ങളാൽ കാടുതെളിക്കപ്പെട്ടുള്ള ഒരു പറമ്പിലെ നാളികേരതരുപോതങ്ങൾ തങ്ങളുടെ ഗർത്തങ്ങളിൽനിന്ന് എത്തിനോക്കി ആ ജീവലോകപ്രമോദത്തെ അനുമോദിച്ച് ചാഞ്ചാടുന്നു. ഈ താലവൃന്ദങ്ങളാൽ അലംകൃതമായുള്ള ഭൂമിയുടെ മദ്ധ്യത്തിൽ രണ്ടു വൻമുറികളായി തിരിച്ചും വിശ്രമാദ്യാവശ്യങ്ങൾക്കുള്ള വരാന്തമുറികൾ അനുബന്ധിച്ചും യൂറോപ്യൻ ബംഗ്ലാവുപോലുള്ള ഒരു ഊക്കൻ ശാലയും അതിന്റെ മുൻഭാഗത്ത് ഒരു ആനക്കൊട്ടിലും അതിന് അഭിമുഖമായ ആറുകടവിൽ മണ്ഡപകൂടവും സ്തൂപിയും ചേർന്ന കളിത്തട്ടും ആർക്ക്രീതിയിലുള്ള വാതിലുകളും ജനലുകളും ഇട്ട്, ഭംഗിയായി പണിതീർന്ന രാജാജ്ഞയുടെ ദ്രുതനിർവ്വഹണശക്തിയെ പ്രദ്യോതിപ്പിക്കുന്നു. പുരകളെല്ലാം വിവാഹപ്പന്തലുകൾപോലെ നക്ഷത്രമണ്ഡലവും അറക്കെട്ടും തഞ്ചാവൂർ വിതാനവുകൊണ്ടു കാണിജനനേത്രങ്ങളെ വിസ്മയതരങ്ങളാക്കുന്നു. കൊടിക്കൂറകൾ, ചെറുകൊടികൾ, അരയാലിലത്തുക്കുകൾ, ജാലരൂകൾ എന്നിവ ഇളങ്കാറ്റിൽ ഇളകി ചുറ്റുമുള്ള പറമ്പുകളിലെ പക്ഷികളെ ഭക്ഷ്യകണലബ്ധിക്കുള്ള സന്ദർഭമുള്ളതുപോലെ ആ ഉത്സവകേന്ദ്രത്തിലേക്കു ക്ഷണിച്ചുകൂട്ടുന്നു. കൊടിഅടയാളങ്ങളായി സേവിക്കാൻ എത്തുന്ന പക്ഷികുലങ്ങളെ ഉത്സാഹപൂർണ്ണരാക്കുമാറ് പുരകളുടെയും കളിത്തട്ടിന്റെയും ചതുഷ്പരിധികളും വിശേഷിച്ച് ദ്വാരജാലകഭാഗങ്ങളും മകരതോരണങ്ങൾ, തോരണങ്ങൾ, പഴക്കുലകൾ, പൂക്കുലകൾ, കുരുത്തോലകൾ, പുഷ്പലതാഹാരങ്ങൾ എന്നിതുകളാൽ യഥാസ്ഥാനം ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ആലവട്ടങ്ങൾ, വെഞ്ചാമരങ്ങൾ, ഗജമസ്തകപ്പട്ടങ്ങൾ മുതലായവയുടെ നിരവധികമായ സങ്കലനം ആ പ്രദർശനത്തെ അതിരാജസം ആക്കുന്നു. കളിത്തട്ടിനെ വലയം ചെയ്തു സേനാപംക്തികളിലെ കാഹളാദിവാദ്യക്കാരും സമീപക്ഷേത്രങ്ങളിലെ നാഗസ്വര

യോഗങ്ങളും ആ മണ്ഡപത്തെയും സല്ക്കാരശാലാമുഖപ്പിനെയും സംയോജിപ്പിക്കുന്ന വഴികളുടെ ഇരുഭാഗത്തും അണിയിട്ടു ഭടകവചങ്ങളും ആയുധങ്ങളും ധരിച്ചുള്ള കർണ്ണാടകപട്ടാളക്കാരും ബദ്ധാദരം നിലകൊള്ളുന്നു.ആനക്കൊട്ടിലായ മുഖപ്പന്തലിൽ ചില കാര്യക്കാറന്മാരും പലതരം കീഴദ്യോഗസ്ഥന്മാരും ഇടതിങ്ങി ശബ്ദരഹിതം ആജ്ഞകൾ കൊടുത്തും കാര്യങ്ങൾ നിർവ്വഹിച്ചും നിർവഹിപ്പിച്ചും സ്വകർത്തവ്യഭാരങ്ങളെ ഭക്തിപൂർവ്വം വഹിക്കുന്നു. സൽക്കാരശാലയിലോട്ടുള്ള പ്രവേശനമുറിയിൽ ഒരു സർവ്വാധികാര്യക്കാറരും പടത്തലവന്മാരും സമീപപ്രദേശപ്രഭുക്കളും എതിരേല്പിനു സന്നദ്ധരായി നില്ക്കേ, അഴകൻപിള്ളയാൽ പരിസേവിതനായ കുമാരൻതമ്പി സാവധാനസ്വരത്തിൽ ശീതോഷ്ണഗതി സംബന്ധിച്ചുള്ള വിമർശനങ്ങളെക്കൊണ്ടു് ഉപചരിക്കുന്നു. രത്നകംബളം വിരിച്ചും ചില നിലക്കണ്ണാടികൾ ഉറപ്പിച്ചും ഒരു ഭാഗത്ത് മൃദുതരമെത്തകളും തലയണകളും ചാവട്ടകളും ഇട്ട്, വിശേഷതരപട്ടാംബരങ്ങളുടെ വിവിധ കാന്തികളെ പ്രകാശിപ്പിക്കുന്ന ഒരു വിചിത്രപര്യങ്കം സ്ഥാപിച്ചും ഒരുക്കിയിട്ടുള്ള മന്ത്രശാലയിൽ കുഠാരഖഡ്ഗഖേടകങ്ങൾ നീക്കി, തിരുവനന്തപുരത്തുനിന്നുള്ള യാത്രാസമയത്തിലെ വേഷത്തിൽ ദിവാൻജിയും മുഴുദ്ദൈരശണിഞ്ഞുള്ള കർണ്ണാടകസേനാധിപൻ ക്യാപ്റ്റൻ ഫ്ലോറിയും മുറിഇംഗ്ലീഷും തുറമലയാളവും ഇടകലർന്ന് പോകുന്നെങ്കിലും വിശുദ്ധഹിന്ദുസ്ഥാനിയിൽ സംഭാഷണംചെയ്യുന്നു. ശാലയിലുള്ള പര്യങ്കത്തിന്റെ സമീപത്ത് അശ്വസേനയിലെ ഒരു ഉപനായകന്റെ പരിപൂർണ്ണാഡംബരത്തിലുള്ള വസ്ത്രായുധങ്ങൾ ധരിച്ച് ഇമയിളക്കംപോലുമില്ലാത്ത ഒരു വിഗ്രഹംപോലെ, ദിവാൻജിയുടെ പ്രതിപദചലനങ്ങൾക്ക് ദൃഢജാഗരൂകനായി ത്രിവിക്രമകുമാരൻ അംഗരക്ഷകസ്ഥാനാവകാശത്താൽ നിലകൊള്ളുന്നു. ഈ ശാലയുടെ ചുറ്റും തങ്ങളുടെ സ്വൈരതയ്ക്കായി ഭാവിയിൽ അനുവർത്തിക്കേണ്ടതെന്തെന്നറിവാനുള്ള ഉത്കണ്ഠയാൽ ഭരിതരായുള്ള ബഹുജനങ്ങളും ആ സന്ദർഭാനുകൂല്യത്തെ ഉപേക്ഷിക്കാൻ സന്നദ്ധരല്ലാതുള്ള ചെറുവാണിഭക്കാരും നിറഞ്ഞിരിക്കുന്നെങ്കിലും ഒരു മഹാക്ഷേത്രത്തിലെ നാലമ്പലത്തിലുള്ള പ്രശാന്തതതന്നെ എങ്ങും പ്രചരിക്കുന്നു.

തന്റെ സേനകളെക്കൊണ്ടു് വഞ്ചിരാജ്യലക്ഷ്മിയെ വിരൂപീകരിക്കാനുള്ള വൈമനസ്യത്താൽ എന്നു നടിച്ച് ഒന്നുകൂടി സന്ധിപറഞ്ഞ് കാര്യങ്ങളൊതുക്കാനായി, ബബ്ലപുരം കിരീടപതി ആയ അജിതസിംഹനെ നിയോഗിക്കുന്നു എന്ന പെരുമ്പടപ്പിലെ അധികൃതന്മാർ മുഖേന ദിവാൻജിയെ ടിപ്പുസുൽത്താൻ ധരിപ്പിച്ചതിനാൽ, രക്തപ്രസ്രവം കൂടാതെ കഴിയുന്നെങ്കിൽ ഉത്തമം എന്നും മഹാരാജാവിന്റെ ഹൃദയഗതി അനുസരിച്ച് അപ്പോഴത്തെ ധൂമകേതുദയം അസ്തമിക്കുമെന്നും കരുതി അവസ്ഥകൾ തിരുമുമ്പിലറിവാൻ എഴുതി അയച്ചു. കല്പനവരുത്തി, വസ്തുത പ്രസിദ്ധീകരിച്ച് രാജപ്രണിധിയെ സല്ക്കരിക്കുന്നതിനായി ദിവാൻജി ഈ ഒരുക്കങ്ങൾ ചെയ്തിട്ടുള്ളതായിരുന്നു. ഉഭയകക്ഷികൾക്കും മദ്ധ്യസ്ഥനായ മാടക്ഷിതീശന്റെ വകയായുള്ള ഭൂമിയിൽവച്ച് ഈ സമാധാനാലോചന നടക്കണമെന്നു ടിപ്പുസുൽത്താൻ വിശേഷിച്ചു താത്പര്യപ്പെടുകയാൽ, ആ സുൽത്താൻറെ തിരുവിതാംകൂർവകയും അല്ലാത്ത ഈ ഭൂമി സന്ദർശനരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. നിയുക്തനായ പ്രണിതി ഒരു കിരീടധാരി ആവുകയാൽ, രാജയോഗ്യമായുള്ള സന്നാഹങ്ങൾകൊണ്ടു് അദ്ദേഹത്തെ ഉപചരിപ്പാൻ ദിവാൻജി ഉത്തരവുകൾ പുറപ്പെടുവിച്ചു.

വടക്കുപടിഞ്ഞാറുനിന്ന് ഇന്ദ്രവിമാനദർശനത്തിലുണ്ടാകാവുന്ന കോലാഹലത്തോടെ ജനഹർഷാരവം മുഴങ്ങിത്തുടങ്ങി. മഹമ്മദീയഭേരികളുടെയും മുരളികളുടെയും മൃദുധ്വനികൾ ആകാശസ്പന്ദികളായി സൽക്കാരമന്ദിരവാസികളെ ഗന്ധർവ്വഗീതമെന്നപോലെ താരാട്ടി. ആഗതനാകുന്ന രാജസ്ഥാനികന്റെ യാനത്തിന് അകമ്പടിസേവിപ്പാൻ നിയോഗിക്കപ്പെട്ടിരുന്ന അടുത്തൊരു 'സ്വരൂപം' വക പള്ളിഓടത്തിന്റെ തലയ്ക്കൽ നാട്ടീട്ടുള്ള കൊടികൾ, അതുകളിലെ ശംഖുമുദ്രകളെ വിശദപ്രകാശമാക്കി എതിരേൽപ്പുസംഘക്കാരെ ഉജാർപ്പെടുത്തുന്നു. ആ വാഹനത്തിലെ നാഗസ്വരവും ബോട്ടുകാരുടെ പാട്ടുകളും പന്തയക്കാരെ അവരുടെ ഉത്സാഹങ്ങളിൽനിന്നു വിരമിപ്പിച്ചു, 'തെയ്തെയ്'' പിടിപ്പിനു സമുദ്യുക്തരാക്കി പാർശ്വഗമനം ചെയ്യിക്കുന്നു. ബന്ധുരാജസ്വമായുള്ള ഒരു ബോട്ടിന്റെ കൊമ്പിൽ നിൽക്കുന്ന ആയുധപാണികളുടെ ശോണാംബരങ്ങൾ ആകാശവീഥിയെ വിദ്യോതമാനമാക്കുന്നു. ബോട്ടുകാരുടെ നിശ്ശബ്ദതയും നിർമ്മത്സരവും സശ്രദ്ധവും ആയുള്ള പ്രവർത്തനവും തണ്ടുകൾ ഒത്തുവീണ് മുൻഭാഗപ്പടികളോടു ചേർന്നു നില്ക്കുന്ന സേവകജനങ്ങളെ സ്നാനം ചെയ്യിക്കാതെ പൊങ്ങുന്ന കൃത്യതയും സ്ഥാനപതിയുടെയും അദ്ദേഹത്തിന്റെ സൽക്കാരകനായ ദിവാൻജിയുടെയും സ്ഥാനഗരിമകളെ ഉദീരണം ചെയ്യുന്നു. ബബ്ലേശ്വരന്റെ ബോട്ട് കടവിലോട്ടടുക്കുംതോറും നദീപാർശ്വങ്ങളിലെ കെട്ടുവള്ളങ്ങളിലും വഞ്ചികളിലും ഉള്ള കാണികളുടെ ഇടയിൽനിന്ന് ചില കപ്പായങ്ങളും വാർക്കെട്ടുകളും ആയുധത്തലകളും ആ ഘോഷയാത്രയെ സോപചാരം സമാരാധിക്കുന്നു.

കരുപ്പടനയിൽ താമസിച്ച് ഭക്ഷണാദികൾ കഴിച്ച് അങ്കിചാർത്തി പള്ളിഓടത്തിലെ സൂര്യപടക്കോസടിയിൽ സുസ്ഥിതനായപ്പോൾമുതൽ, പരമാർത്ഥ ബബ്ലേശ്വരൻ, ആത്മവഞ്ചനമായ ഒരു നീചകർമ്മത്തെ താൻ അനുഷ്ഠിക്കുന്നല്ലോ എന്നു ഖേദിച്ചു. എങ്കിലും അദ്ദേഹം തരണംചെയ്ത് കായലിന്റെ വിശാലതയും പ്രാന്തപ്രദേശങ്ങളായ ഐശ്വര്യപ്രസാദങ്ങളും ദൂരത്തു കണ്ട കോട്ടയിലെ പീരങ്കിമുഖങ്ങളും ബഹുവിധവഞ്ചികളുടെ നിർഭയസമ്മേളനങ്ങളും അതുകളിൽ അമർന്നുള്ള ആഹവസന്നദ്ധന്മാരുടെ മുഖപ്രശാന്തതയും എതിരേല്പിനായി അണിനിരത്തീട്ടുള്ള സേനാപംക്തിയുടെ നിലയിൽ പ്രത്യക്ഷമായ അനായാസതയും അതിനിബിഡമായുള്ള ജനാവലിയുടെ നിസ്സംരംഭതയും ആ സ്ഥലജലവിസ്തൃതികൾ ഒരു നിയാമകശക്തിക്കു വഴങ്ങുന്ന ഗൗരവഭാവവും ചേർന്നുള്ള അവസ്ഥതന്നാൽ അംഗീകരിക്കപ്പെട്ട ദൗത്യം സമരസ്മൃതികളാൽ അനുവദിക്കപ്പെട്ടതെന്ന് അദ്ദേഹത്തെ സമാശ്വസിച്ചിച്ചു. തല്ക്കാലാവശ്യത്തിനു നിർമ്മിക്കപ്പെട്ട ബന്ദറിൽ അടുത്തപ്പോൾ, തന്നെ എതിരേല്ക്കുന്നത് ഒരു സർവാധികാര്യക്കാരും സേനാനായകന്മാരും മാത്രമാണെന്നു കണ്ട് അജിതസിംഹകണ്ഠം ഒന്നുയർന്നു. ബഹുവിധായുധങ്ങൾ ധരിച്ചു സാക്ഷിസ്ഥാനം വഹിച്ചുപോന്നിട്ടുള്ള ചൊക്രാഡൂണ്ഡിയാ പിടഞ്ഞും കുടഞ്ഞും സ്വനാഥന്റെ അഭിമാനകരണ്ഡമായി എത്തി. ബബ്ലേശ്വരൻ അംഗുലീദ്വന്ദ്വത്തെ ഉഷ്ണീഷത്തോടു ചേർത്തു സേനോപചാരത്തെ അഭിനന്ദനം ചെയ്തു, വിജനസ്ഥലമെന്നുള്ള നാട്യത്തിൽ മുന്നോട്ടുനടകൊണ്ടു. ആപാദമസ്തകം പ്രചുരമായ രത്നങ്ങൾ സംഘടിച്ചുള്ള വേഷോപകരണങ്ങളാൽ പ്രജ്വലിക്കുന്ന സ്ഥാനപതിയെ ബഹുമാനിപ്പാൻ ദിവാൻജിയുടെ പട്ടുകുട ഉയർന്നപ്പോൾ, മൈസൂർ

സാമ്രാജ്യസ്വമായുള്ള ഒരു നീരാളഹസ്തം വിടുർന്ന് ആ സംസ്ഥാനപ്രതിനിധിയെ സൂര്യകര നിപാതത്തിൽനിന്നു രക്ഷിച്ചു. ബഹുവാദ്യങ്ങളുടെ ഘോഷവും ഏതാനും കതിനാവുകളുടെ മേഘധ്വനികളും മുഴങ്ങി. രാജദൂതൻ അഥവാ ദൂതരാജൻ സൽക്കാരകന്മാരാൽ പിന്തുടരപ്പെ ട്ട് പ്രധാന ശാലയിലോട്ടു നീങ്ങി ദ്വാരപ്രദേശത്ത് എത്തിയപ്പോൾ, സർവ്വാധികാര്യക്കാർ എതിരേറ്റു ദിവാൻജി നില്ക്കുന്ന ശാലയിലോട്ടു പ്രവേശിപ്പിച്ചു. അജിതസിംഹരാജാവിന്റെ കണ്ണുകൾ ടിപ്പു രാജസന്നിധാനത്തിന്റെ മഹിമാഗൗരവത്തെ പ്രജ്വലിപ്പിച്ചു രൂക്ഷങ്ങളാ യി. എങ്കിലും കൃപാദരഭാവങ്ങൾക്ക് ലോപംവരുത്താതെ ദിവാൻജിയുടെ ഹസ്തങ്ങളെ ഗ്രഹിച്ചുകൊണ്ടു് പര്യങ്കത്തിലോട്ടു നീങ്ങി, സൽക്കാരകനെ ഇരുത്തീട്ടു്, താനും ഇരുന്നു. ചൊക്രാഡൂണ്ഡിയാ അംഗരക്ഷകസ്ഥാനത്ത് അജിതസിംഹന്റെ സമീപത്തു നില്ക്കാതെ, ദിവാൻജിയുടെ പാർശ്വത്തിലോട്ടുനീങ്ങി നിലകൊണ്ടു. അജിതസിഹന്റെ വീക്ഷണങ്ങൾ ക്യാപ്റ്റൻ ഫ്ലോറിയുടെ നേർക്ക് അഗ്നിസ്ഫുലിംഗങ്ങളെ വർഷിക്കുകയാൽ ആ മതിമാൻ രംഗംവിട്ടു പോകാൻ ഒരുങ്ങി. ദിവാൻജിയുടെ നേത്രങ്ങൾ ആ സായുവിന് നിശ്ചയി ച്ചിരുന്ന പീഠത്തിന്മേൽ പതിയുകയാൽ, അദ്ദേഹം ആ ആജ്ഞാനുസാരം അതിന്മേൽ ആസനസ്ഥനായി.

ഇതിനു മുമ്പ് ടിപ്പുസുൽത്താന്റെ സ്ഥാനപതികൾ സന്ദർശിച്ചിട്ടുള്ളത് രാമവർമ്മമഹാ രാജാവിനെത്തന്നെ ആയിരുന്നു. ഇംഗ്ലീഷ് കമ്പനിയാരുടെ ബന്ധുത്വത്തെ ഉപേക്ഷിക്കുക യോ യൂറോപ്യൻ വ്യാപാരികളോടു വാങ്ങിയിട്ടുള്ള കോട്ടകളെ കൊച്ചിസംസ്ഥാനത്തിന്റെ അംശങ്ങളായി സമ്മതിച്ചു വിട്ടുകൊടുക്കുകയോ ആ സംസ്ഥാനത്തെപ്പോലെ "പെഷ്കഷ്" കൊടുത്ത് വാണുകൊള്ളുകയോ ചെയ്വാൻ ടിപ്പുസുൽത്താനോടു ഉടമ്പെടുന്നതിന് മഹാ രാജാവിന്റെ കുലമഹിമയും ആത്മാഭിമാനവും മന്ത്രിജനങ്ങളുടെ ഉപദേശവും സമ്മതിച്ചി ല്ല. എന്നാൽ പാദുഷായുടെ സ്ഥാനത്തിൽ ഏകച്ഛത്രാധിപത്യം സ്ഥാപിപ്പാൻ ഉദ്യമിക്കു ന്ന തന്റെ മഹാപദവിയിൽനിന്നു നിയുക്തനാകുന്ന ഒരു സാമന്തരാജാവു മുഖേന തന്റെ തി രുവുള്ളവും പരമാധികാരങ്ങളും സമ്പന്നിചയവും പാരിതോഷികങ്ങളായി വാഗ്ദാനം ചെ യ്യപ്പെടുമ്പോൾ, ദാരിദ്ര്യദുഃഖം അനുഭവിച്ച് അല്പദാസനായി സേവിച്ച് ഉന്നതപദവിയിൽ പ്രവേശിച്ചിരിക്കുന്ന ഒരു മന്ത്രി സ്വാമിദ്രോഹത്തിനും സന്നദ്ധനായേക്കുമെന്ന് ഹൈദർ നായിക്കനായ ശൈലൂകന്റെ സന്താനം പ്രമാദിച്ചുപോയി. സന്ധി സംബന്ധിച്ചുള്ള സം ഭാഷണങ്ങൾ ടിപ്പുവിന്റെ ഇച്ഛാനുസാരം കലാശിക്കുന്നു എങ്കിൽ, ഉടനെ ഉടമ്പടികൾ എഴു തി രാമരാജാബഹദൂറിനെക്കൊണ്ടു തുല്യംചാർത്തിച്ചു വാങ്ങുവാൻ അജിതസിംഹൻ തി രുവതാംകൂറിൽ താമസിക്കേണ്ടതാണെന്നും ദിവാൻജി തന്റെ പ്രലോഭനങ്ങൾക്കു വശംവ ദനാകാഞ്ഞാൽ സേനയുടെയും ജനങ്ങളുടെയും വീര്യോത്സാഹങ്ങളെ ഭഞ്ജിക്കുന്നതിനാ യി അദ്ദേഹത്തെ ചൊക്രാഡൂണ്ഡിയാ നിഗ്രഹിക്കേണ്ടതാണെന്നും വിശ്വാസലംഘനമായു ള്ള ആ കൊലപാതകം അജിതസിംഹന് ആപത്തുണ്ടാക്കുകയോ തന്റെ സന്ധ്യപേക്ഷ ഒരു കുടിലകൗശലമാണെന്നു സംശയിക്കപ്പെടുകയോ ചെയ്യാതിരിപ്പാൻ ഘാതകസംഹാ രത്തെ അജിതസിംഹകരങ്ങൾ തൽക്ഷണം സാധിക്കേണ്ടതാണെന്നും, തനിക്കും രാജ്യ ത്തിനുംവേണ്ടി ചൊക്രാഡൂണ്ഡിയാ അങ്ങനെയുള്ള ആത്മബലിക്കു വഴങ്ങിക്കൊള്ളേണ്ട

താണന്നും സുൽത്താൻ ആജ്ഞാപിച്ചിരുന്നു. ഏതദ്വിതമായ മൂതി അടയുന്നതു സങ്കടമാണെന്നു ഭഗവതീക്ഷേത്രത്തിലെ പ്രദക്ഷിണവളപ്പിൽവച്ച് ഡൂണ്ഡിയാ സങ്കടം പറഞ്ഞതു് സുൽത്താന്റെ കല്പനയെ ഒരു രേഖാമാത്രത്തോളമെങ്കിലും ഭേദപ്പെടുത്തിയില്ല.

ഈ ദൗത്യവും അനന്തരകരണീയമായി ഉപദേശിക്കപ്പെട്ട നിഗ്രഹങ്ങളും ഗണപതിസ്തവാരംഭം മുതൽ മംഗളവാചകാവസാനംവരെ അജിതസിംഹരാജാവിന്റെ അന്തർഘടനയ്ക്കും വീര്യത്തിനും ധർമ്മബോധത്തിനും വിരുദ്ധമായിരുന്നു. മൈസൂരോടു തൊട്ടുകിടക്കുന്ന സ്വരാജ്യത്തിലെ 'കടിപൊറുതി' മാത്രം പ്രമാണിച്ച് അദ്ദേഹം ഒരു വ്യാജബബ്ലേശ്വരനെ തിരുവനന്തപുരത്തു പ്രവേശിപ്പിച്ചുകൊണ്ട് ചാരനിലയിൽ വർത്തിച്ച് മഹാരാജാവിന്റെയും മന്ത്രിയുടെയും ഗുണവിശേഷങ്ങളെയും പ്രജകളുടെ രാജഭക്തിയെയും ദർശിച്ചിട്ട് ആ പരമാർത്ഥങ്ങളെയും രാജ്യത്തിന്റെ ഉത്തരഭാഗം താഴ്വരകൾ ജലത്താലും ഗിരിഭാഗങ്ങൾ ഘോരവനങ്ങളാലും ദുഷ്കരമാണെന്നുള്ള വസ്തുതയെയും ധരിപ്പിച്ചിട്ടും സുൽത്താൻ കാളിപ്രഭാവഭട്ടനാൽ സമർപ്പിതമായ കഥകളെയും ഉപദേശങ്ങളെയും തന്നെ ആധാരമാക്കി. പോരെങ്കിൽ ചാരന്മാരെല്ലാം പ്രഭുഹിതപ്രവാദികളായി, ചാരപ്രധാനനായ ഗൗണ്ഡന്റെ ബോധനങ്ങളെ താങ്ങി വ്യാജകഥകൾകൊണ്ട് ടിപ്പുസുൽത്താനെ സമ്മോഹിപ്പിച്ചു. സ്വായത്തസിദ്ധികളായ നൃപന്മാർ സ്വേച്ഛാപ്രഭുത്വത്തെ അംഗീകരിക്കുമ്പോൾ ഹിതോപദേശികൾ, ധർമ്മവാദികൾ, ശ്രേയഃകാംക്ഷികൾ, പാദാവലംബികൾ എന്നിവർ തങ്ങളുടെ നിലകളെ പരിരക്ഷിക്കണമെങ്കിൽ, സ്തുതിപാഠകത്വം അനുവർത്തിക്കയല്ലാതെ ഗത്യന്തരമില്ലല്ലോ. ഈ അവസ്ഥകളിൽ ശൃഖലിതനായ അജിതസിംഹൻ തന്നിൽ നിക്ഷിപ്തമായ ദൗത്യത്തെ മാരീചനെപ്പോലെ അംഗീകരിച്ചു. ദീർഘകാലം വേഷംകെട്ടി നടക്കുന്നവരുടെ സാക്ഷാൽ പ്രകൃതങ്ങൾ ക്ഷയിച്ചുപോകുന്നതുപോലെ രംഗപ്രവേശനത്തിലെ ഘർഷണത്തിൽ അജിതസിംഹന്റെ സിംഹത്വാംശം പ്രകാശിച്ചു. ശത്രുപക്ഷത്തിന്റെ പ്രാബല്യവും അനാദരപ്രകടനങ്ങളും സിംഹത്വത്തോടു ചേർന്നുള്ള ഗാംഭീര്യത്തെ തീക്ഷ്ണമാക്കുകയും ചെയ്തു.

മഹാരാജാവ് ധരിപ്പാനായി മുൻപ്രസ്താവിച്ചപ്രകാരം ദിവാൻജി എഴുതി അയച്ചതിന് തിരുമുമ്പിൽനിന്നു കിട്ടിയ മറുപടിയിൽ ഇങ്ങനെ കല്പിച്ചിരുന്നു: "... ഇഷ്ടംപോലെല്ലാം ചെയ്തുകൊള്ളണം, ഇവിടെ അന്തർഗ്ഗതമെന്തെന്നു നിനക്കറിയാം. ഇവിടത്തെ പ്രതാപം വർദ്ധിപ്പിക്കണമെന്നോ ശാശ്വതമാക്കണമെന്നോ ആഗ്രഹമില്ല. രാജ്യം ഇങ്ങോട്ടു കിട്ടിയ നിലയിൽനിന്ന് അല്പംകൂടി ഐശ്വര്യത്തോടെ അനന്തരവർക്കു പോകണമെന്നേ താത്പര്യമുള്ളൂ. അന്നമനടയും മാവേലിക്കരയുംവച്ചു ഇവിടത്തെ നിശ്ചയങ്ങൾ പറഞ്ഞുകഴിഞ്ഞു. എന്നാലും ശത്രുസൈന്യം വലുതും ഭയങ്കരവും എന്നു കേൾക്കുന്നതുകൊണ്ടും അസുരസൈന്യം എല്ലായ്പ്പോഴും ദേവസൈന്യത്തെ ജയിച്ചു എന്നു കാണുന്നതുകൊണ്ടും ശത്രുസൈന്യത്തിന്റെ ബലസാമഗ്രികളെക്കുറിച്ച് നീ അപ്പഴപ്പോൾ എഴുതിധരിപ്പിച്ചിട്ടുള്ളതിനെ വിചാരിച്ചും നിന്റെ കുഞ്ഞെക്കുട്ടി ഒരുകൈ നോക്കാതെ വിട്ടാൽ കേൾവിദോഷം നമ്മുടെ സ്ഥാനത്തിനും പേരിനും സംസ്ഥാനത്തിനും എന്നന്നേക്കും നേരിടുമെന്ന് ഗുണദോഷിക്കുന്നതിനാലും ഈകാര്യത്തിൽ തീർച്ചയ്ക്കുള്ള അധികാരം നിനക്കുതന്നെ വിട്ടുതന്നിരിക്കുന്നു. ശ്രീപത്മനാഭൻ സർവ്വത്തിനും വഴികാട്ടി രക്ഷിക്കട്ടെ."

"വിശേഷിച്ചും കേശവൻഉണ്ണിത്താൻ കുറച്ച് ആളും ചേർത്തു പടയോടു ചേരാൻ പോന്നിട്ടുണ്ട്. എന്തു കൗശലമെങ്കിലും പ്രയോഗിച്ച് അവനെ പടയിൽ ചാടാതെയും ദുരന്തത്തിനു സംഗതിവരാതെയും സൂക്ഷിച്ചുകൊള്ളണം. മാങ്കാവിൽ മേനവന്മാരുടെ ഗൃഹത്തെ സൂക്ഷിച്ചുകൊള്ളേണ്ട കാര്യത്തെക്കുറിച്ച് കുഞ്ഞെക്കുട്ടി നിനക്ക് എഴുതി അയച്ചിട്ടുണ്ടല്ലോ. ആ ഭവനപ്പേര് എങ്ങാണ്ടോവെച്ചു കേട്ടു എന്നും ആ സ്ഥലം ശത്രുവിന്റെ പടനിലമായി, ചുറ്റുമുള്ള കുന്നുകളിൽ പീരങ്കികൾ ഉറച്ചുപോയാൽ, അങ്ങോട്ടടുക്കുകയും എതിർക്കുകയും ചെയ്യുന്ന കാര്യം പിന്നെ ആലോചിക്കേണ്ടെന്നും അവൻ ജപിച്ചുകൊണ്ടു നടക്കുന്നു. ഈ കാര്യവും ശ്രദ്ധിക്കണം…"

ഇങ്ങനെയും മറ്റും എഴുതിവന്നിട്ടുള്ള കല്പനയുടെ ആന്തരോദ്ദേശ്യത്തെ സ്മരിച്ചും ആഗതനായ ദൂതന്റെ സ്ഥാനവലിപ്പത്തെ ആദരിച്ചും സംഭാഷണം സന്ധി ആഗ്രഹിക്കുന്ന കക്ഷിതന്നെ ആരംഭിക്കട്ടെ എന്ന് വിട്ടിട്ട് ദിവാൻജി മിണ്ടാതിരുന്നു. സങ്കടക്കാരന്റെ നിലയിൽ താൻതന്നെ സംഭാഷണം തുടങ്ങേണ്ടതായിരിക്കുന്നതിനെക്കുറിച്ചും അജിതസിംഹൻ ലജ്ജിച്ചു. ദിവാൻജിയുടെ ഉദ്യോഗവസതിയിൽവെച്ച് അദ്ദേഹം പ്രകടിപ്പിച്ച ഔദാര്യവും ഇന്നു കാണുന്നില്ല. ദൗത്യംതന്നെ അവജ്ഞാപാത്രമാക്കുന്നു. ആകട്ടെ. ഈ ഡംബുകഡിംഭൻ ഒന്നുകിൽ ടിപ്പുവിന്റെ കൗശലവലയിൽ കുടുങ്ങും; അല്ലെങ്കിൽ സമരഭൂമിയിൽ തന്റെ കഠാരരുചി ആസ്വദിച്ചു നാമാവശേഷനാകും. ഇങ്ങനെ സമാധാനപ്പെട്ടുകൊണ്ട് അദ്ദേഹംതന്നെ ഹിന്ദുസ്ഥാനിയിൽ പ്രക്രമകുശലങ്ങൾ ആരംഭിച്ചു: "കുലശേഖപ്പെരുമാൾ തിരുമേനി സുഖമായിരിക്കുന്നില്ലേ?"

ദിവാൻജി: "ശ്രീപത്മനാഭന്റെ കൃപയാൽ അവിടുത്തെ രാജർഷിത്വം ഇതിലൊന്നിലും കുലുങ്ങാതെയും കലങ്ങാതെയും ധർമ്മം പരിപാലിച്ചരുളുന്നു."

അജിതസിംഹൻ: "അവനോൻതന്നെ ധർമ്മം ഏകത്തെ ഭരണദണ്ഡമാക്കി വാഴുമ്പോൾ രാജ്യം സ്വർഗ്ഗമായിക്കഴിയും."

ദിവാൻജി: (മഹാരാജാവിനെ തന്റെ ഗുണദോഷങ്ങൾ വഴിതെറ്റിച്ച് രാജ്യത്തിന്റെ സ്വർഗ്ഗാവസ്ഥ നഷ്ടമാകുന്നു എന്നുള്ള സൂചന സ്വരത്താൽ വ്യക്തമാക്കപ്പെട്ടതിനാൽ) "രാജാക്കന്മാർക്ക് ഈശ്വരകല ഉണ്ടെന്നാണ് സങ്കല്പം. അതു സൽകുലീനത്വത്തെ അനുഗ്രഹിക്കും. ആ കലാപ്രാഭവം രക്ഷിക്കുന്ന രാജ്യം സ്വർഗ്ഗംതന്നെ."

അജിതസിംഹൻ: "അതിനാൽ ഈ സന്ധിവാദംകൊണ്ട് മറ്റൊരു കിരീടശക്തികൂടി രാജ്യത്തിൽ പ്രവേശിക്കേണ്ടെന്നാണോ സൂചിപ്പിക്കുന്നത്?"

ദിവാൻജി: "ഈ അല്പപ്രജ്ഞന്റെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നതുപോലെ വ്യാഖ്യാനിച്ചുകൊള്ളുക."

അജിതസിംഹൻ: "മനസ്സിലായി. കിട്ടേണ്ട ബദൽ കിട്ടിക്കഴിഞ്ഞു. അതുകൊണ്ട് യാത്രയായിക്കൊള്ളാം. എങ്കിലും രാജനിയോഗത്തെ അനാദരിച്ചുകൂടല്ലോ. പ്രേക്ഷകന്റെ

നിദേശത്തെ പദാനുപദമായി ധരിപ്പിക്കേണ്ടത് ദൂതധർമ്മം. സുൽത്താൻ ബഹദൂർതിരുമനസ്സിലെ ചിത്തപ്രകാശം അവിടുത്തെകൊണ്ട് അരുളിച്ചെയ്യിച്ചതു കേൾക്കുക. ഇങ്ങോട്ടണയുന്ന സൈന്യവും ആയുധസജ്ജയും നിങ്ങൾക്ക് എതിർക്കാൻ കഴിയുന്നതല്ല. രാജ്യം പൊടിഞ്ഞുപോകും. ജനങ്ങൾ ഭസ്മമാകും. അവിടുത്തെ കല്പനയ്ക്കുമരാഞ്ഞാൽ, കൃപാചാമരം അല്ല, കൃപാണചാമരം രാജ്യത്തെ തിലസമാനം ശിഥിലമാക്കും."

ദിവാൻജി: "ജരാസന്ധൻ ഇങ്ങിനെ ചിലതു ഘോഷിച്ചുകൊണ്ടുതന്നെ മഥുരയെ വളഞ്ഞു."

അജിതസിംഹൻ: "ശ്രീകൃഷ്ണന്റെ ചെറുപ്പമല്ലല്ലോ വർത്തമാനകഥ. ഹൈദർമഹാരാജാവിലും വൃദ്ധനായിരിക്കുന്ന മഹാരാജാവിനെ പുത്രനിർവിശേഷമായ ആദരത്തോടെ സുൽത്താൻ ബഹദൂർ ധരിപ്പിക്കുന്ന ഉപദേശം കേൾക്കുക ശുഭമല്ലേ? ദശരഥകഥ ചിന്തിക്കുക. എത്ര എത്ര രാജാക്കന്മാർ തങ്ങളുടെ അനുജന്മാർ, പുത്രന്മാർ എന്നിവരെ രാജ്യം ഏൽപ്പിച്ചിട്ടു വാനപ്രസ്ഥരായി?"

ദിവാൻജി: "അങ്ങനെ കല്പിച്ചൊരുങ്ങുന്നെങ്കിൽ രാജ്യഭാരം ഏൽപ്പിപ്പാൻ ഒരു കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടുണ്ട്."

അജിതസിംഹൻ: "രാജ്യം താങ്ങാൻ ഊക്കുള്ള വക്ഷസ്സല്ലേ വേണ്ടത്?"

ദിവാൻജി: "അകത്തെന്തോ ചിലതും വേണമെന്നാണ് കേട്ടിട്ടുള്ളത്. നഞ്ചും നഖവും ദംഷ്ട്രങ്ങളും രക്ഷായുധങ്ങളല്ല."

അജിതസിംഹൻ: (അല്പംകൂടി രുഷ്ടനായി) "ഇതാണല്ലേ ഇവിടത്തെ ഭക്തി! രാജകുടുംബം ധ്വംസിക്കപ്പെടട്ടെ എന്നു കരുതുന്ന സചിവൻ"

ദിവാൻജി: "... പുറത്ത്. അതു നല്ലവണ്ണം അറിഞ്ഞുതന്നെ സേവിക്കുന്നത്."

അജിതസിംഹൻ: "ഒരു മദകരിയുടെ ഒരൊറ്റമിതി ഏൽപ്പാൻ നിങ്ങടെ സൈന്യത്തിന് കെൽപ്പുണ്ടോ?"

ദിവാൻജി: "അതു പരീക്ഷിച്ചറിവാൻതന്നെ ഈ വട്ടമെല്ലാം കൂട്ടീരിക്കുന്നത്."

അജിതസിംഹൻ: "ടിപ്പുസുൽത്താൻ രാജസിംഹം. അവിടുത്തെ കുതിരയെ നിങ്ങളുടെ ക്ഷേത്രക്കൊടിമരത്തിൽ തളയ്ക്കാതെ അടങ്ങുകയില്ലെന്നു പ്രതിജ്ഞചെയ്തുപോയി."

ദിവാൻജി: "കെട്ടുന്നത് ശ്രീരംഗപട്ടണത്തിലെ ഒരു രാജമണ്ഡപത്തുണിലും കുതിര എന്റേതും ആയേക്കാം. ഇതാ മനോരാജ്യം ആർക്കും വാഴാവുന്ന മണ്ഡലമാണ്. അതുപോലെതന്നെ വീരവാദം ഏതു ജളനും പ്രയോഗിക്കാവുന്ന ആയുധവുമാണ്. ഇവറ്റയ്ക്ക് ഒരു പട്ടാഭിഷേകവും കിരീടംധരിപ്പും വേണ്ട."

അജിതസിംഹൻ: "ഇംഗ്ലീഷ്കമ്പനിയാരുടെ ചുമടു ചുമന്നെത്താൻ ചിലർ അച്ചാരംവാങ്ങീട്ടുണ്ടെന്ന് കേട്ടു. അതു പോട്ടെ. അവരുടെയും ആർക്കാട്ടെയും ബന്ധുത്വം ആകാമെങ്കിൽ മൈസൂരിനുള്ള ആഭിജാത്യക്കുറവെന്താണോ! വിപുലബുദ്ധിയായി, നിർദ്ദാക്ഷിണ്യവാനായി ആലോചിക്കുക."

ദിവാൻജി: "ഒരു ഹരിയെ നാം പൂജിക്കുന്നു. മറ്റൊരു ഹരിയെ കൊല്ലുന്നു. ഒരു കൈകൊണ്ടു് ഉണ്ണുന്നു ... എന്താ, സ്പഷ്ടമാക്കണമോ?"

അജിതസിംഹൻ: "വേണ്ടാ. രണ്ടാം ഹരിത്വം സമ്മതിച്ചു. അവൻ പെടുത്തുന്ന ജനനഷ്ടം, അവരിലൊരാളായ അങ്ങു് കണക്കാക്കുന്നില്ലല്ലോ! തങ്ങളുടെ ബുദ്ധി കാണുന്നതു് സ്വാമിസമക്ഷം ഉണർത്തിപ്പാനല്ലേ മന്ത്രിമാരു്? രാജാക്കന്മാർ വാശിപിടിച്ചു് രാജ്യങ്ങൾ നശിപ്പിക്കുന്നതു് നമുക്കു് സുഖമെന്നോ?"

ദിവാൻജി: "ഞങ്ങൾ 'രേ രേ' വിളിച്ചും പട വട്ടംകൂട്ടിയും പുറപ്പെട്ടിട്ടില്ല. മലകളും ആഴങ്ങളും കടന്നു് അങ്ങോട്ടു് എത്തിനോക്കുകപോലും ചെയ്തിട്ടില്ല. അതുകൊണ്ടു് മൈസൂർ മൈസൂരും, തിരുവിതാംകൂർ തിരുവിതാംകൂറുമായി കഴിയാൻ വിട്ടേക്കുക. വാശിപിടിച്ചാൽ നാശം എന്നു ദൂതൻ, സാമന്തരാജാ, ബന്ധു, ഉപദേഷ്ടാ, സാചിവ്യകോവിദൻ എന്നീ നിലകളിൽ ആ മഹൽസമക്ഷം സമയം കണ്ടു് ഉണർത്തിക്കുക."

അജിതസിംഹൻ അല്പനേരം മിണ്ടാതിരുന്നു. അനന്തരം കേശവപിള്ളയുടെ കൈക്കു പിടിച്ചെഴുന്നേൽപ്പിച്ചു് ശാലയുടെ ഒരു വശത്തു നീങ്ങി സ്വകാര്യസ്വരത്തിൽ ഇങ്ങനെ പറഞ്ഞു: "ഹേ, മന്ത്രികുശലന്മാരിൽ അഗ്രഗണനീയ, ടിപ്പുസുൽത്താൻ ബഹദൂരിന്റെ അന്തർഗ്ഗതത്തിലെ രഹസ്യം ധരിപ്പിച്ചുകൊള്ളട്ടെ. മുഖസ്തുതി അല്ല. ഇങ്ങനെ ഒരു ദിവാൻജിയെ കിട്ടാൻ അവിടുത്തേക്കു അതിയായ മോഹമുണ്ടു്. അവിടുന്നു് വേദപഠനത്തിൽ ഒതുങ്ങിക്കൊള്ളും. നിങ്ങൾ ആ മഹാസാമ്രാജ്യം വാണുകൊൾക എന്നാണു് അവിടുന്നു കല്പിക്കുന്നതു്."

ദിവാൻജിയുടെ അധരത്തിന്റെ ഒരു ഭാഗം അല്പം വക്രിച്ചു; ഒരു കണ്ണിന്റെ ഇമ തളർന്നു് ഒട്ടൊന്നടഞ്ഞു: "തിരുമനസ്സറിയിപ്പാൻ ഒരു ഖറീത്താ അയച്ചു കല്പന വാങ്ങിയാൽ, ഇവിടെപ്പോലെ ഒരുവിധം അവിടെയും സേവിക്കാം" എന്നു് അദ്ദേഹം ഉത്തരം പറഞ്ഞു.

അജിതസിംഹൻ: (സ്വരം അധരചലനമാത്രത്തോളം താഴ്ത്തി) "കേൾക്കുക. നാംതന്നെ ശുപാർശചെയ്ത ഒരു സംഭാവനയാണു് വരുന്നതു്. മനുഷ്യരുടെ ആഗ്രഹം 'നാദ്യാപി സന്തുഷ്യതി' എന്നോ മറ്റോ ഇല്ലേ? തിരുവിതാംകൂർ കിരീടം ഇവിടുത്തെ ഈ തലയ്ക്കും ചേരുകയില്ലെന്നോ? നല്ലതിന്മണ്ണം ചേരുമെന്നു് സുൽത്താൻ ബഹദൂരെന്നല്ലാ, അവിടത്തെ ബന്ധുക്കളും അഭിപ്രായപ്പെടുന്നു. സിന്ധ്യമുതൽ ഇങ്ങോട്ടുള്ള രാജാക്കന്മാർ സമ്മതിച്ചു് ഉടൻ സ്ഥാനപതികളെ അയച്ചു് ഉത്തരോത്തര വിജയത്തെ ആശംസിക്കും എന്നു സുൽത്താൻ ബഹദൂർ അവിടുത്തെ മതത്തെ പുരസ്കരിച്ചു് സത്യം ചെയ്യുന്നു."

ദിവാൻജിയുടെ മുഖം ഭയപാണ്ഡുരതയാൽ ആവേഷ്ടിതമായി. അദ്ദേഹം ദിഗ്ഭ്രമത്താലെന്നപോലെ നാലുപാടും നോക്കി. സ്വരം ഉച്ചത്തിലായി: "ആഹാ! ഇപ്പോൾ ബോദ്ധ്യപ്പെട്ടു, മൈസൂരിൽ അവതരിച്ചിരിക്കുന്നതു് വ്യാഘ്രമല്ല, ക്യാപ്ടൻ ഫ്ലോറി പറയുന്ന കലിശക്തിതന്നെ ആണെന്നു്."

അജിതസിംഹൻ: (കുലുങ്ങാതെ) "അല്ലെങ്കിൽ പോരിക. അവിടത്തെ നാല്പ് ജഗീർകൾക്ക് നാഥനായി. ആ തിരുമനസ്സിലെ സംബന്ധിനികളിൽ എത്ര പേരുടെയെങ്കിലും ഭർത്താവായി, ഇതുവരെ സമാർജ്ജിച്ചിട്ടുള്ള രാജഭണ്ഡാരത്തിന്റെ ഉടമസ്ഥനായി വാഴുക. ദിവാൻസ്ഥാനത്തിനുള്ള ഹംക്ക് നാമാ, തിരുവിതാംകൂർഭരണത്തിനുള്ള മുക്ത്യാർ നാമാ, ജഗീരും ഭണ്ഡാരവും അരമനയും ദത്തം ചെയ്യുന്ന ഖില്ലത്ത്, ഇതിൽ ഏതിഷ്ടമോ അത് ഈ ക്ഷണത്തിൽ ഇവിടെവച്ച് അവിടുത്തെ പ്രതിനിധിയായി ലേഖനം ചെയ്യുതരാം. വാങ്ങിക്കൊൾക, സുൽത്താൻ സന്നിധാനം സേവിക്കുന്ന സർദാന്മാർ ഓടത്തിൽ ഉണ്ട്. അവർ സാക്ഷിവയ്ക്കും. വാങ്ങിക്കൊണ്ടു കൂടിപ്പോരിക. ദാനങ്ങളുടെ സ്വഭാവവും ദാതാവിന്റെ പ്രകൃതവും ഏതുവിധമെന്ന് ഇവിടേക്കു തോന്നിയിരുന്നാലും, സമ്മതിക്കുന്നത് നിർവ്വഹിപ്പിച്ചുതരാമെന്ന് ഈ അജിതസിംഹൻ കൈയടിക്കുന്നു. എന്നും ഞങ്ങൾ കാണുന്നതായ നരമേധങ്ങളും ഹോമങ്ങളും ജനപ്രലാപവും അവരുടെ ആധിയും ഭയവും ശമിപ്പിക്കാനുള്ള കരുണാമൂർത്തിസ്ഥാനം കൈയേൽക്കുക. ഇതാ, അങ്ങെത്തുന്ന മാത്രയിൽ മൈസൂർസൈന്യം അങ്ങോട്ടേക്കു പാളയമിളക്കും. രാമരാജബഹദൂർ നിർബ്ബാധമായി തപസ്സുചെയ്തു തന്റെ ആശ്രിതപ്രധാനനെ അനുഗ്രഹിക്കട്ടെ."

ഈ സംഭാഷണം സൽക്കാരശാലയ്ക്കകത്തുണ്ടായിരുന്ന മറ്റുള്ളവർക്ക് കേൾക്കാമായിരുന്നില്ല. ദിവാൻജിയുടെ അവസാനമറുപടി ഉറക്കെ ഉണ്ടാകുമ്പോൾ കേൾപ്പാൻ അവർ ബദ്ധശ്രദ്ധരായി നിന്നിരുന്നു. ദിവാൻജിയുടെ മുഖത്തിലെ പാണ്ഡുരത മാറി, അതിൽ രക്തച്ഛവി പ്രസരിച്ചു. പൗരുഷൈകമൂർത്തി എന്നപോലെ തിരിഞ്ഞു് ശ്രീപത്മനാഭപ്രസാദമായ ചന്ദനതിലകം തിളങ്ങുന്ന ഉന്നതലലാടത്തെ തടവിക്കൊണ്ടു് ബബ്ലേശ്വരനെ സഹാസം നോക്കി, ആ ദൗത്യമൗഢ്യത്തെ ഭർത്സിച്ചു: "എന്താ, തിരുമേനീ? ഞങ്ങൾക്കും ദൂരത്തെത്തുന്ന കണ്ണുകളും കാതുകളുമുണ്ട്. അതുകൾവഴി അജിതസിംഹരാജാവ്, പാണ്ഡവന്മാർ അഞ്ചും ചേർന്ന ഒരു അപൂർവ്വപുരുഷൻ എന്നാണു കേട്ടിട്ടുള്ളത്. ഇവിടെ കാട്ടിയതു് എന്തൊരു ഭ്രാന്ത്? എന്റെ വിലയോ പോകട്ടെ. അവിടുന്ന്... അതു വിസ്തരിക്കുന്നില്ല. ഇവനൊരുവൻ പൊയ്പോയാൽ തിരുവിതാംകൂർ സമുദ്രത്തിൽ മുങ്ങിപ്പോകുമെന്നോ? ഹായ്! അങ്ങിനെ സ്വപ്നംകാണുന്ന ആൾക്ക് ഇവനെ ജീവനോടുകൂടി കിട്ടുക സാധിക്കുമെങ്കിൽ, അന്നു സൂര്യൻ അസ്തമിക്കുന്നതു് കിഴക്ക്. ഇവന്റെ ശവത്തടി മതിയെങ്കിൽ യുദ്ധത്തിൽ വെന്ന് എടുത്തുകൊള്ളുക. ധീരോത്തംസമെന്ന് അവിടുത്തെപ്പറ്റി വിചാരിച്ച ബുദ്ധിമോശത്തെക്കുറിച്ചു മാത്രം ഇവൻ ലജ്ജിക്കുന്നു."

അജിതസിംഹൻ സലജ്ജനായി, രത്നകംബളം നോക്കിക്കൊണ്ടു് തന്റെ സന്ദേശവാഹകത്വം പരാജയത്തിൽ കലാശിക്കുന്നതിനാൽ ധൂണ്ഡിയായുടെ കഠാര, പൗരുഷസമഗ്രതയുടെ മൂർത്തിത്വത്തെ ദർശിക്കാൻ തന്നെ ഭാഗ്യവാനാക്കിയ മഹാത്മാവിന്റെ നിര്യാണം സംഭവിപ്പിക്കുമെന്നുള്ള ആധിയാൽ, നഷ്ടമനസ്കനായി നിന്നു. സമരരംഗത്തിലും തരളമാകാത്ത അന്തർന്നാളം ത്രസിക്കുകയാൽ അദ്ദേഹം സമീപജാലകത്തിലേക്കു നീങ്ങി കൃത്രിമഭിത്തിയിൽ ചാരി സുപ്രബോധചിന്തനത്തിനു വിശ്രമംതേടി. ദിവാൻജിയുടെയും അജി

തസിംഹന്റെയും ഭാവഭേദങ്ങളിൽ നളനും കലിയും തമ്മിലുള്ള അന്തരത്തെ കാണുകയാൽ ഢുണ്ഡിയാ തന്റെ ആയുധങ്ങളെല്ലാം ദൂരത്തെറിഞ്ഞിട്ട് ശരവേഗത്തിൽ പാഞ്ഞെത്തി. ദിവാൻജിയുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തുകൊണ്ട് ഇങ്ങനെ നിലവിളിച്ചു: "ഹേ, മഹാനുഭാവോത്തംസാ! വിജയീ ഭവ! വിജയീ ഭവ! ഈ ധൂർത്തമുഷ്കരനെ കാരാഗ്രഹത്തിലാക്കുക. ഇവിടത്തെ ഒരു കനകസുമം..." ചുവട്ടിൽ ഇരുമ്പ് കെട്ടി, നീരാളത്താൽ കവചിതമായ പറങ്കിപ്പാപ്പാസോടുകൂടിയ ബബ്ലേശ്വരന്റെ പാദം മൃത്യുദണ്ഡംപോലെ ഒന്നു പൊങ്ങിത്താഴുകയാൽ, ഢുണ്ഡിയായുടെ ശിരഃകന്ദുകം കൂശ്മാണ്ഡഫലത്തിനു തുല്യം തകർന്നു.

27

"ചൊല്ലെടോ നിന്നുടെ പേരും
നില്ലടോ നമ്മുടെ മുമ്പിൽ
ഇല്ലടോ ധൈര്യവും കള്ള-
മല്ലെടോ കൗതുകം പാരം"

ഭാര്യാഭർത്താക്കന്മാരുടെ കണ്ഠാരവങ്ങൾ കേട്ടു ലജ്ജിച്ച മാർത്താണ്ഡഭഗവാൻ സഹ്യപർവതനിരയുടെ ഇന്ദ്രശിലാനീലിമയ്ക്കിടയിൽ അരക്ഷണനേരം മറഞ്ഞു നിന്നു. തന്നെ സാക്ഷിയോ വിധികർത്താവോ ആക്കുന്ന മഹിഷിയുടെ ക്ലേശാലാപവും ശശിസുതപ്രഭാവത്തെ അവകാശപ്പെടുന്ന കാന്തന്റെ "അവിടുന്നുതന്നെ കേൾക്കട്ടെ" എന്നുള്ള സമ്മതിദാനവും വൃഥാ കണ്ഠക്ഷോഭങ്ങളായി. തദ്വിധവ്യവഹാരങ്ങളിൽ മാധ്യസ്ഥ്യം വഹിപ്പാൻ മറ്റൊരു മൂർത്തി ഉണ്ടെന്നു നിശ്ചയിച്ച് ആ ദേവൻ രഥം കയറി. എന്നാൽ, അന്ന് അവിടത്തെ കിരീടാംശുക്കൾ ഉദയഗിരി ചുവപ്പിക്കുന്ന നിത്യകർമ്മത്തെ തുടങ്ങുമുമ്പുതന്നെ, കുറുങ്ങോട്ടെ കൃഷ്ണക്കുറുപ്പ് തന്റെ ഉരമണ്ഡലത്തെ നാടോടിശ്ലോകത്തിലെ 'ധവളദധി' ചേർന്ന പഴഞ്ചോറുകൊണ്ട് കണക്കെ തുളുമ്പിച്ചിരുന്നു. അതിനാൽ, അപ്പോൾ കൃശോദരി ആയിരുന്ന ഭാര്യ ആ സൗന്ദര്യസമരത്തിൽ ഭാമാസുഭദ്രകളുടെ വീര്യപ്രകടനത്തിന്, അന്വർത്ഥം 'അബല' തന്നെ ആയിപ്പോയി. എങ്കിലും, പൂർണ്ണകുംഭൻ വീര്യം മുറുകി പഴങ്കഥകളും പാരമ്പര്യങ്ങളും ചൊരിഞ്ഞ് മുട്ടുയുദ്ധച്ചടങ്ങുകൾ പ്രകടിപ്പിച്ചു തുടങ്ങിയപ്പോൾ, ഭാര്യാസതി "അയ്യഃ പിന്നെ!" എന്നൊരു നാരായണാസ്ത്രം പ്രയോഗിച്ചു. താംബൂലാശനം തുടങ്ങിയിരുന്ന കുറുങ്ങോടൻ സ്വഭാര്യയുടെ സരസ്വതീവിലാസം കേട്ടു സന്തുഷ്ടഹാസനാവുകയാൽ, ചർവിതാരിഷ്ടവും പൂഗശകലങ്ങളും കണ്ഠകൂപത്തിൽ ഇറങ്ങി ആ പ്രണയനീപ്രിയനെ വിമ്മിഷ്ടപ്പെടുത്തി. 'സലജ്ജോഹം' അഭിനയിക്കുന്ന നടൻ മുമ്പോട്ടു ചായുന്ന സാവധാനതയോടെ കരനാഥൻ പുറകോട്ടു മലർന്നു. കാര്യമാത്രകി ആയിരുന്ന കുഞ്ഞുനങ്ങേലിഅമ്മ സംഭ്രമത്തോടെ ഭർത്താവായ ഗണേശകായന്റെ മൂർദ്ധാവിൽ താഡിച്ചും ചെ

ന്നികളിൽ തിരുമ്മിയും ശുശ്രൂഷിച്ചു. കുറുങ്ങോടനായ പരിപന്ഥി യുവകമനോന്മേഷത്തോടെ ചാടി എഴുന്നേറ്റ്, ഉദയസഞ്ചാരത്തിലെ സഹകാരിയായുള്ള ദണ്ഡത്തെ കയ്യേന്തിനിന്നു. ഭാര്യ അക്കഥയിൽ സംബന്ധിക്കത്ത മൂന്നാമതൊരുവളെന്നു നടിച്ച് പുരുഷകാപട്യത്തെ അപഹസിച്ചു. അങ്ങനെ, ഉഭയകക്ഷികളും വിജയബോധത്താൽ തുഷ്ടമാനസരായിപ്പിരിഞ്ഞു. ഒരു പക്ഷത്തിൽ പരമായി സഹിക്കുന്ന കഷ്ടത സ്മരിച്ച് കുഞ്ഞിങ്ങേലിഅമ്മ അന്നത്തെ ആ കയ്യാങ്കളിയിലോട്ടു താനറിയാതെ ഇറങ്ങിപ്പോയതായിരുന്നു. സാവിത്രിയുടെ വിവാഹം, അതിന്റെ ദുരവസാനം, ആ കന്യകാഹരണം, അനന്തരാന്വേഷണശ്രമം — ഇവകളിൽ ഓരോ സംഭവവും കൃഷ്ണക്കുറുപ്പദ്ദേഹത്തിന്റെ ഇളകിയാട്ടങ്ങൾക്കു വഴിതുറന്നു. ഇതുകൊണ്ട് കുഞ്ഞിങ്ങേലിഅമ്മ ഊണുറക്കങ്ങൾ തെല്ലും കൂടാതെ എത്രയോ രാത്രികളെ പുലരിക്കേണ്ടിവന്നു. ഒടുവിൽ നടന്ന ഹരണക്കേസ്സിൽ പ്രാഡ്വിവാകത്വവും ലേഖനപടുത്വവും പ്രകടിപ്പിച്ച് സ്ഥലാധികാരി ആയ കാര്യക്കാരെപ്പോലും ധൂസരപ്രഭനാക്കിയ ഭർത്താവിന്റെ പ്രഭാകരത്വം, പത്തൊമ്പതാം മഹാപുരാണമായി ആ സാദ്ധ്വിയുടെ ഗൃഹണീഭാരത്തെ ദിഗ്ഗജവൃത്തിപോലെ നിരന്തമാക്കിത്തീർത്തു. "ആ സാവിത്രിക്കുട്ടിയെ കൊണ്ടുപോകാൻ കരുത്തനാര്? തള്ളേടെ മകള്, കഴുക്കട്ടം വിത്ത് — അവളെ കണ്ടവൻ തൊടുമോ? കാര്യക്കാരും ചന്തിരവും തെക്കേക്കെട്ടിലെ ആ പിത്തംതുള്ളി ചങ്കുക്കുറുപ്പും എക്കട്ടവും കാടടിച്ച് മലയരിച്ച് സ്ത്രീട്ടവനം പൊടിച്ചു. ഗന്ധർവ്വൻ കൊണ്ടുപോയീന്ന് ആ തൊണ്ണാൻകണ്ണൻ പുതിയേടത്തെ വാരരാശാൻ, അയാളെന്തു കണ്ടു, ആരെന്തു കണ്ടു? കുറുങ്ങോടൻ അന്നു കുറിച്ച കുറിക്ക് അഴിവു ഏതു കമലാസനത്തീന്ന്? എന്താടീ, നീ വായും പൊളിച്ച് ഇങ്ങു പോട്ടാട്ടേന്നിരിക്കുന്നത്? നിന്നെക്കൊണ്ടുപോവാൻ ഒരു എക്ഷസ്സും ഇങ്ങോട്ടു കാലു വയ്ക്കുല്ല" എന്നുള്ള പ്രസംഗപ്രവാഹം, "ഓ! ഞാൻ വിചാരിക്കുന്നതു മറ്റൊന്നുമല്ലേ. നാളെ ഈ കട്ടിലിന്റടിയിൽ കേറി മെഴുകുന്നതെങ്ങിനേന്ന് ഓർക്കുകയാ." എന്ന് ലോകകാര്യഗ്രഹണത്തിൽ കുഞ്ഞിങ്ങേലിമ്മയ്ക്കുള്ള അനാസ്ഥയാൽ തടുക്കപ്പെട്ടു. മഹിഷഗർദഭാദി ജന്തുക്കളുടെ അഭിധാനങ്ങളും അതുകളുടെ പര്യായങ്ങളുംകൊണ്ടു ഭർത്താവാൽ അഭിഷിക്തയായ ഭാര്യ അല്പനേരത്തേക്കു ഭാര്യമാർ ഭർത്തൃപ്രിയവാദിനികൾ ആയിരിക്കേണ്ട പ്രമാണത്തെ സ്മരിച്ചു. അന്നത്തെ സമരരംഗയവനിക ഈ ക്രിയയ്ക്കിടയിൽ താഴ്ന്നു.

കേശവൻഉണ്ണിത്താൻ പറവൂർനിന്നയച്ച ലേഖനം ആ യവനികയെ വീണ്ടും ഉയർത്തി, കൃഷ്ണക്കുറുപ്പിനെ കുറുങ്ങോട്ടു ഗൃഹത്തിലെ നാലാം മുറിയിലോട്ടിഴിയിച്ച്, ഇരുപത്തെട്ടു മുപ്പതാംവയസ്സിലെ കൈയും മെയ്യും കാലടവുകളും പ്രകടിപ്പിച്ച് ആ കരക്കളരി തകർക്കുന്ന ആദ്യവസാനവേഷത്തിൽ കാണുമാറാക്കി. അദ്ദേഹത്തിന്റെ സമ്പന്നിദാനങ്ങളായുള്ള മുപ്പതുപറ ഓരുകണ്ടത്തെയും, അതിഥികളെ ഫലകന്ദങ്ങൾകൊണ്ട് ഉദരപൂരണംചെയ്‌വാൻ സഹകരിക്കുന്ന പറമ്പുകളെയും അതുകളുടെ പ്രാചീമേഖലമുതൽ സഹ്യപർവ്വതപാദംവരെ കിടന്നു സംവത്സരത്തിൽ പതിനായിരത്തോളം പറ നെല്ലു തന്റെ പത്തായങ്ങളിലെത്തിക്കുന്ന പണ്ടാരവക മലവാരങ്ങളെയും അദ്ദേഹം മറന്നു. ഗോവിന്ദനാമാവായ ഒരു സമീപഭവനക്കാരൻ കൊണ്ടുവന്ന എഴുത്തിനെ: "കുറുങ്ങോട്ടു കൃഷ്ണക്കുറുപ്പമ്മാവൻ ബോധിപ്പാൻ" (നോക്കെടീ! ബോധിപ്പാനെന്നാണ്, അല്ലാതെ കണ്ടെന്നും അറിവാനെന്നും

മറ്റുമല്ല. ചെവി തുറന്നു കേൾക്ക്. പണ്ടാരവക വലിയ മുതൽപിടിക്കാര്യക്കാർ, കണ്ണിനു കാണാൻ കിട്ടുന്ന എഴുത്തച്ഛൻ, ആ നമ്മുടെ നാലിനുംകൊള്ളുന്ന തനതു നല്ലകുഞ്ഞു് എഴുതുന്നതാണ്). "... സാവിത്രി എങ്ങാണ്ടോ ചാടിക്കടന്നു പൊയ്ക്കളഞ്ഞു എന്നു കൊടന്ത പറഞ്ഞു..." (ഈ മടന്ത തഴയ്ക്കുന്നെടം മുടിഞ്ഞു. ഞാഹാ! ഇങ്ങു വരട്ടവൻ, അപ്പൊളി പറഞ്ഞവന്റെ തലയിൽ കവളൻ മടലല്ലെങ്കിൽ ഇവൻ പെണ്ണുമല്ലാ, ആണുമല്ലാ). "... അറിഞ്ഞിരിക്കുന്നു. ഈ അപമാനം വിചാരിച്ച് ഉദ്യോഗങ്ങളെല്ലാം ഒഴിഞ്ഞു് വല്ലടത്തും ഒതുങ്ങിക്കൊൾവാൻ തീർച്ചയാക്കിയിരിക്കുന്നു. ഇന്നുതന്നെ തിരുവനന്തപുരത്തേക്കു തിരിക്കുന്നു. വിശേഷിച്ച് ടിപ്പുസുൽത്താന്റെ പതിനൊന്നിന്, നമ്മുടേതു് ഏഴ് അക്ഷൗഹിണിയിൽപ്പോലും എത്തുകയില്ലെന്നു ഈ പാളയത്തിൽ പരക്കെ കിംവദന്തിയുണ്ട്. ഈ സ്ഥിതിയിൽ പൊന്നുതിരുമേനിയുടെ രക്ഷയിൽ വാഴുന്ന ഓരോ കരയും തൽക്കാലത്തേക്കു മറ്റു സകലതും ഉപേക്ഷിച്ച് അവിടവിടെയുള്ള ആകാവുന്നവർ ശേഖരപ്പെട്ടു് ഉടനെ പുറപ്പെടേണ്ടതാണെന്ന് ഒരഭിപ്രായം തോന്നുന്നുണ്ട്..." (അയ്യമ്പാ! മകളെപ്പോലെ വിദ്വാൻ അച്ഛനും ഭ്രാന്തുപിടിച്ചു.) "അതിനു നാം ആരംഭിച്ചാൽ പലരും നമ്മുടെ വഴി കണ്ട് അതുപോലെ പ്രവർത്തിക്കുമ്പോൾ ശത്രുസൈന്യം ഒന്നു കിടുങ്ങും. ഇങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ ക്ഷേത്രം, ഭവനം, കാവ്, കുളം എല്ലാം ബൗദ്ധൻ തൊട്ടുതൊടക്കി, തീവച്ചും തുർത്തും മുടിക്കും. പട ചേർക്കുന്നതിലും മറ്റും എനിക്കത്ര പരിചയം ഇല്ലാത്തതിനാൽ ചുമതലയെല്ലാം അമ്മാവനെ ഏൽപ്പിക്കുന്നു..." (നീ എന്തോന്നാടീ ചന്തം നോക്കി നിൽക്കുന്നതു്? കേട്ടില്ല്യോ? കുറുങ്ങോടൻ ചവുട്ടിത്തേക്കാനുള്ള ചാണോമല്ല.) "... അതുകൊണ്ട് തിരുവനന്തപുരത്തു ചെന്നു മുഖം കാണിച്ച് പുതിയ ആയുധങ്ങൾ വേണ്ടവയും വാങ്ങി, അവിടെ എത്തുമ്പോഴേക്ക് ഒരു നൂറിൽ കുറയാതെ പടയാളികളും വേണ്ടടത്തോളം കൂട്ടാളികളും ചേർത്തു തയ്യാറായിരിക്കണം. വേണ്ട പണം ചിലവിടുവാനും അമ്മാവനെ സഹായിപ്പാനും നന്ത്യത്തെ ചേട്ടനു പ്രത്യേകം ഒരെഴുത്തുംകൊടുത്ത് മാപ്പാട്ടെ കൃഷ്ണശ്ശാരെ ഇതു കൊണ്ടുവരുന്ന ഗോവിന്ദനോടൊന്നിച്ച് അയച്ചിരിക്കുന്നു. വസ്തുതയെല്ലാം തിരുമനസ്സറിയിച്ചിട്ട് വരുമ്പോൾ ഞാൻ ഇളിഭ്യനായിപ്പോകരുതു്. അതിനാണ് അങ്ങോട്ടുതന്നെ ഏൽപ്പിക്കുന്നതു് " (അങ്ങനെ! ആണുങ്ങക്കറിയാം ആളും തരവും. കെട്ടിനകത്തു കിടന്നു കരയ്ക്കുന്ന കൊടിച്ചികളു മണം കണ്ടോ, ഗുണം കണ്ടോ?) "... ശേഷം മുഖദാവിൽ. ശ്രീമഹാഗണേശന്റെ അനുഗ്രഹത്തിനായി ഒരു വലിയ നിവേദ്യം കഴിപ്പാൻ ഉടനെ ഏർപ്പാടുചെയ്തു നമ്മുടെ ഭഗവതിക്ഷേത്രത്തിൽ ജയിച്ചു വരുന്നതുവരെ ദിവസേന പന്തിരുനാഴിയും ചുറ്റുവിളക്കും നടത്താൻ വിഷ്ണുപ്പോറ്റിയെയും അറിയിച്ചു വയ്ക്കുകയും വേണം. ഈ കാര്യമെല്ലാം നന്തിയത്തു് ഉണ്ണിത്താൻ ഉടയാൻ കേശവൻ" എന്നിങ്ങനെ, ആവരണചിഹ്നങ്ങൾക്കുള്ളിലുള്ള സ്വന്തം അഭിപ്രായങ്ങളെച്ചേർത്തു വായിച്ചുതീർന്ന ഉടനെതന്നെ, പ്രണയായോധനങ്ങൾ മറന്ന്, വേട്ടയാടികളാൽ വേട്ടയ്ക്കൊരുമകനായി പൂജിക്കപ്പെടുന്ന കൃഷ്ണക്കുറുപ്പ് സേനാശേഖരത്തിനായി നന്ത്യത്തെജമാനന്റെ അരുളപ്പാടു വാങ്ങി പെരുമ്പറ അടിപ്പിച്ചു.

പടയണിവട്ടത്തിലെ നിരപ്പും നടയും നിലയും വെടിയുംകൊണ്ട കുറുങ്ങോട്ടു കളരി ഒരു സേനാനായകന്റെ നിലയനമായി. ഇക്കാലത്തു് ത്രിവിക്രമൻ പറവൂർ മടങ്ങി എത്തി

ഗൗണ്ഡനെ പാണ്ട രക്ഷിച്ചതും ആ ചാണ്ഡാലസങ്കേതം ധ്വംസിക്കപ്പെട്ടതും കേശവനുണ്ണിത്താൻ പടചേർക്കുന്ന വൃത്താന്തവും ദിവാൻജിയെ ധരിപ്പിച്ചു. ആ യുവാവു മുഖേന, മാങ്കാവ് ഭവനത്തിലോട്ടു ദിവാന്റെ ദൃഷ്ടി ചെല്ലണമെന്ന് കുഞ്ഞെക്കുട്ടിപ്പിള്ള ആദ്യമായി അറിയിക്കുകയും ചെയ്തു. ബന്ധനത്തിൽനിന്നു രക്ഷപ്പെട്ട ഗൗണ്ഡന്റെ ഹസ്തപാദങ്ങളിൽ ശൃംഖലയും കണ്ഠത്തിൽ ളുക്കുകയറും ചേർക്കാനുള്ള ഉപായമായി, വേണ്ട രക്ഷാപത്രങ്ങളും അനുഷ്ഠാനോപദേശങ്ങളും നല്കി കാര്യക്കാർ ഭംഗാരാമനെ ടിപ്പുപാളയത്തിലേക്ക് യാത്രയാക്കി. ഗൗണ്ഡന്റെ ബന്ധനമോചനങ്ങൾ, തിരുവിതാംകൂറിലെ സേനാസന്നാഹങ്ങൾ (കാര്യക്കാരുടെ ഉപദേശാനുസാരം ആ ഗൗണ്ഡഭടൻ സുൽത്താൻ കർണ്ണങ്ങളിൽ എത്താനായി ഒന്നിരട്ടിച്ചു) എന്നീ വൃത്താന്തങ്ങൾ ശ്രവിച്ച രാജപ്രസാദാർത്ഥികൾ ഗൗണ്ഡാവസ്ഥകളെ മാത്രം ആ ഭടൻ മുഖേന ഗ്രഹിച്ചതായി ടിപ്പുസമക്ഷം ധരിപ്പിച്ചു. ഭംഗാരാമൻ മടങ്ങി എത്തി രണ്ടുമൂന്നു ദിവസം കാത്തിരുന്നിട്ടും ഗൗണ്ഡന്റെ പ്രത്യാഗമനം കാണാഴികയാൽ സുൽത്താൻ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സന്ധിശ്രമപരീക്ഷയ്ക്ക് ഒരുമ്പെട്ടു.

ഗൗണ്ഡൻ പാണ്ടയാൽ അനുവദിക്കപ്പെട്ട രണ്ട് കിങ്കരന്മാരോടൊന്നിച്ച് ഗിരിതടങ്ങൾവഴി വടക്കോട്ടു പ്രയാണം ആരംഭിച്ചു. പരിവാരങ്ങളുടെയും വ്യാപാരസാമാനങ്ങളുടെയും നഷ്ടത്താലുള്ള ക്ലേശഭാരവും സ്വാത്മാവിനെ ദുർബ്ബലികഴിച്ച് കരസ്ഥഭാവത്തിൽ സങ്കല്പിതമായിരിക്കുന്ന വിക്രമസിംഹാസനം കരഗളിതമായേക്കുമോ എന്നുള്ള വിശങ്കാഭാരവും ആ ഗിരികൂടകായത്തെ ദുസ്സഹമർദ്ദനം ചെയ്തു. ഏതു ശത്രുശൂലാഗ്രത്തിലെ മാണ്ഡവ്യനാക്കപ്പെട്ടാലും അല്പദിവസത്തെ വിശ്രമംകൂടാതെ ഒരു ചുവടുപോലും മുന്നോട്ട് നീങ്ങുകയില്ലെന്നു ശഠിച്ച് അയാൾ ഗോകർണ്ണശിവലിംഗത്തിന്റെ അചലതയെ അവലംബിച്ചു. എങ്കിലും ദാഹശാന്തിക്കു സഹായിച്ച ഒരു വനനദിയും, അതിന്റെ അപരപ്രാന്തത്തിൽനിന്ന് വടക്കുപടിഞ്ഞാറോട്ട് തിരിഞ്ഞു് ഒരു നാട്ടുവഴിയും കാണുകയാൽ ആശീർണ്ണഗോളം ആ മാർഗ്ഗം തുടർന്ന് മന്ദഭ്രമണം തുടങ്ങി. ഏതാനും ദുർഗ്ഗപ്രദേശങ്ങൾ കടന്നപ്പോൾ, ഗൗണ്ഡഗതിയിൽ പരിചിതപ്രദേശത്തെ തരണംചെയ്യുന്നതുപോലെയുള്ള സഞ്ചാരലാഘവം പ്രത്യക്ഷമായി. വൃക്ഷശാഖകളിലെ പക്ഷികളെ ഭയപ്പെടുത്തി ഓടിച്ച ഹർഷോൽഘോഷങ്ങൾ ഗൗണ്ഡഭുംഗിയിൽനിന്നു വിസർജ്ജിതമായി. ചില ചെറുകുന്നുകൾ കയറിയിറങ്ങി, ഒരു പാടത്തിന്റെ പ്രാന്തത്തിൽ എത്തിയപ്പോൾ, ഗൗണ്ഡദ്വിജൻ ആ സുദിനത്തിന് സന്തോഷപൂരസ്സരം ആശിസ്സുകൾ നല്കി. മുമ്പിൽ കണ്ട പാടങ്ങൾ കടന്ന് കന്ദവല്ലികളാൽ സങ്കീർണ്ണമായുള്ള ഒരു രംഭാവനത്തിൽ നിലകൊള്ളുന്ന ഭവനത്തെ സ്വാതിഥ്യം കൊണ്ടു പൂതമാക്കാൻ മുക്തഖേദനായി കുതികൊള്ളുകയും ചെയ്തു.

'കോന്ന'ന്മാർ, 'മാതേവ'ന്മാർ എന്നു തുടങ്ങി വിഷ്ണുശങ്കരപ്രമുഖന്മാരുടെ നാമഭേദങ്ങൾ ധരിച്ചുള്ള ഒരു ഭടനിരയെ ചതുരുപായപ്രയോഗങ്ങളായി ഹസിച്ചും ശാസിച്ചും പ്രഹരിച്ചും തളർന്നിട്ടുള്ള കൃഷ്ണക്കുറുപ്പു തന്റെ ഭവനപ്പൂമുഖത്തു നെടുംപാടേ കിടന്നു സുഗ്രീവഹനുമാംഗദാദികളും അറിഞ്ഞിട്ടില്ലാത്ത കഷ്ടതകൾ സഹിക്കുന്ന ദുർദശയെക്കുറിച്ച് ഭാര്യാസമക്ഷം ആഖ്യാപനം തുടങ്ങി. ഇതിനു ചെവികൊടുക്കാതെ "അങ്ങേ വേലീന്ന് രണ്ടു കാച്ചിലെങ്കിലും തോണ്ടിത്തന്നെങ്കിൽ..." എന്ന് അടുക്കളസ്സന്താപത്തെ അവർ പ്രലപിച്ചു. നിയ

മാനുസാരമായ നർമ്മരണത്തിനായി ആ കുംഭോദരപ്പെരുമാൾ നിദ്രാസേവികളുടെ വൈമനസ്യത്തോടെ എഴുന്നേറ്റപ്പോൾ മുഷിഞ്ഞിട്ടുണ്ടെങ്കിലും വിലയുള്ള തലപ്പാവും കുപ്പായാദികളും ധരിച്ചുള്ള ഒരു അതിഥിയുടെ പ്രവേശനം അന്നത്തെ പ്രണയകലഹത്തെ വിഘാതപ്പെടുത്തി. അരുന്ധതീതപസ്വിനിയുടെ അഭിവന്ദ്യഗാംഭീര്യത്തോടെ കുഞ്ഞിങ്ങേലിഅമ്മ എഴുന്നേറ്റു മാറിനിന്നു. ഹ്രസ്വനും വിസ്തൃതോദരനും ഗജപാദനുമായുള്ള ആ അത്ഭുതാകാരനെ കണ്ടപ്പോൾ കൃഷ്ണക്കുറുപ്പ് ആദ്യത്തിൽ ഒരു യാചകപ്രവേശമാണെന്നു സംശയിച്ചു. എന്നാൽ എന്തോ അന്ത: പ്രേരണം തന്നെ ജാഗരൂകനാക്കുകയാൽ സൂക്ഷിച്ച് നോക്കിയപ്പോൾ, ഹാ! സ്വപ്നമോ, മതിഭ്രാന്തിയോ പരലോകദർശനമോ എന്ന് അദ്ദേഹം സംഭ്രമിച്ചുപോയി. താൻ വൈശ്യദ്വിജനാണ്, ദേശാന്തരിയായി സഞ്ചരിക്കുന്നു. വയോവൃദ്ധിയാൽ ക്ഷീണിച്ചുപോയി, കൂടി രണ്ട് ഭൃത്യന്മാരുണ്ട്, അവർക്കും തനിക്കും എന്തെങ്കിലും ഭക്ഷണം കിട്ടണം എന്നും മറ്റും വൈഷ്ണവമണ്ഡൂകത്തിന്റെ പൃഥുലസ്വരത്തിൽ പുറപ്പെട്ട അഭ്യർത്ഥനയുടെ ഫലമായി, കുറുങ്ങോട്ടെ അന്നദാനശാല ആഗതന്മാർ മൂവരെയും മുക്തശ്രമന്മാരാക്കി. ഭക്ഷണാനന്തരം ഗൗണ്ഡപരദേശി ബഹുദേശാവസ്ഥകളുടെ വർണ്ണനകൾകൊണ്ട് കൃഷ്ണക്കുറുപ്പിനെ വിനോദിപ്പിച്ചു. ആ അപൂർവ്വാതിഥിയെ കാണ്മാനായി നന്ത്യത്തെ വലിയ യജമാനൻ തുടങ്ങിയിട്ടുള്ള കരക്കാർ കുറുങ്ങോട്ടെ സുപ്രസിദ്ധമായുള്ള രംഭാഫലാശനത്തിന് സന്നിഹിതരായി. ഗൗണ്ഡന്റെ അനാവർത്തനീയമായുള്ള സൃഷ്ടിവൈജാത്യത്തെ കണ്ടപ്പോൾ, വലിയ ഉണ്ണിത്താൻ വൈശ്വാനരസരസ്സിൽ നീരാടുന്ന അവസ്ഥയിലായി. ഉത്തരീയവ്യജനത്താൽ സ്വയം പരിചരിച്ചുകൊണ്ട് ആ പ്രഭുവും ഗൃഹനായകനും പരസ്പരവീക്ഷണങ്ങളാൽ പ്രശ്നങ്ങൾ ചെയ്തുനിന്നു. ദേശാധിപനായി ബഹുമാനിക്കപ്പെട്ട പ്രഭുവിനോട് ഗൗണ്ഡനായ വാചാലൻ കുശലങ്ങളെ മുക്കുറയിട്ടപ്പോൾ, ആ രണ്ടു ശ്രോതാക്കളുടെയും അന്തർന്നാളങ്ങളിൽ ഒരു വിസർപ്പപീഡ വ്യാപരിച്ചു. അവരുടെ പ്രത്യേകാലോചനയുടെ ഫലമായി, ഏതാനും ദിവസത്തെ താമസത്താൽ തങ്ങളെ അനുഗ്രഹിക്കാൻ ഗൗണ്ഡൻ സല്ക്കരിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ വിപുലകണ്ഠം അനുമതിവാചികത്തെ ഗർജ്ജിച്ചു. നിവൃത്തനിര്യാണൻ എന്നു കാണപ്പെട്ട ആ അതിമാനുഷന്റെ കവചാദികൾ ശുചീകരണത്തിനായി രജകഹസ്തങ്ങളിൽ ഏല്പിക്കപ്പെട്ടപ്പോൾ, യജ്ഞോപവീതധാരിയായ ഗൗണ്ഡൻ കേരളീയവസ്ത്രങ്ങൾ ധരിച്ച് വാഴാൻ സസന്തോഷം അനുമതിച്ചു. ആ മുഴക്കഴണ്ടിയാനായ കാരണവപ്പാട്ടിലെ പ്രസന്നവും ക്ഷതനാസാകളങ്കിതവുമായ മുഖേന്ദു കുഞ്ഞിങ്ങേലിഅമ്മയുടെ ഗൃഹലക്ഷ്മീത്വത്തെ അതിന്റെ സാക്ഷാല്ക്കാരത്തിൽ പ്രകാശിപ്പിച്ചു. സ്വൈരവാസവും ത്രികാലമൃഷ്ടാഷ്ടിയും കിട്ടിയ അനുചരന്മാർ ഗൗണ്ഡപ്രധാന്യത്തെ അനുഗ്രഹിച്ച് സ്വയംപ്രഭയുടെ സല്ക്കാരസുഖത്തെ ആസ്വദിച്ച വാനരസംഘത്തെപ്പോലെ തങ്ങളുടെ യാത്രാവിഷയത്തെ മറന്നു.

വസ്ത്രങ്ങൾ അലക്കിവരുന്നതിനിടയിൽ ഗൗണ്ഡൻ സമീപഗൃഹങ്ങൾ എല്ലാം ഒരു വിശേഷോല്ക്കണ്ഠയോടെ സന്ദർശിച്ചു. ബഹുരാജ്യസേനകളെ കണ്ടിട്ടുള്ള വിദഗ്ദ്ധന്റെ നിലയിലും ഭൂഗുതുല്യഗൗരവത്തോടും ആയോധനാഭ്യാസശാലയിലെ ഗുരുനാഥസ്ഥാനവും വഹിച്ച് കഴക്കൂട്ടം എന്ന പ്രദേശത്തും താൻ കണ്ടതുപോലുള്ള ആയുധാഭ്യാസം നടക്കുന്നു എന്നു

കേട്ടപ്പോൾ ഗൗണ്ഡന്റെ ഹൃദയത്തിൽ അതിഥിപ്രശ്രയത്തെ അതിക്രമിച്ചു, ടിപ്പുവിനോടുള്ള ആശ്രയബന്ധവും ജനനോദിതമായുള്ള വാത്സല്യവും തമ്മിൽ ഒരു സമരം നടന്നു. ആ ദ്വന്ദ്വീഭാവത്തെ ഏകീഭവിപ്പിക്കുമാറ്, തന്റെ ആഭിചാരകൗശലങ്ങളെ നിയന്ത്രിച്ചുകൊള്ളാമെന്നു ആ പൃഥുശിരകൻ തീർച്ചയാക്കിക്കൊണ്ട് ഇച്ഛാനിവർത്തനത്തിനുള്ള മാർഗ്ഗങ്ങളുടെ പരിചിന്തനത്തിൽ ലീനനായി.

നളൈശ്വര്യത്തിൽ അസഹനായ കലിക്ക് പുഷ്കരസഖ്യം സമ്പ്രാപ്തമായതുപോലെ, ഗൗണ്ഡദസ്യുത്വത്തെ പരിചരിപ്പാൻ ജന്മനാതന്നെ കലിഗ്രസ്തനായുള്ള ഒരു പുരുഷമാണിക്യം ദത്തപ്രതിജ്ഞനായി. ഉണ്ണിത്താന്റെ നിയോഗാനുസാരമുള്ള സന്നാഹങ്ങൾ ഏതു നിലയിൽ എത്തിയിരിക്കുന്നു എന്നന്വേഷിച്ച് ധരിപ്പിപ്പാനുള്ള ദൂതനായി, ആ രംഗത്തിൽ പ്രസരിച്ചുള്ള പാതാളഭോഗീവിഷത്തെ പ്രവൃദ്ധമാക്കുമാറ്, കൊടന്തആശാന്റെ പുറപ്പാടുണ്ടായി. ഈ വികടാഗമനം കണ്ട്, അവിടത്തെ രസികസമിതി വഞ്ചിപ്പാട്ടോടുകൂടി അയാളെ എതിരേറ്റ്, ആ തുംഗാനുഭാവൻ എങ്ങായിരുന്നു എന്നുള്ള 'പൃച്ഛ'യാൽ സല്ക്കരിച്ചു. മിനുസവസ്ത്രങ്ങൾ ധരിച്ചും, മാറുന്നതിനു വേണ്ട എണ്ണം സംഗ്രഹിച്ചുള്ള ഒരു ഭാണ്ഡം പേറുന്ന ഒരു ശിഷ്യനാൽ പരിസേവിതനായും പുനരുദയംചെയ്തിരിക്കുന്ന ആ ഗ്രളികൻ, ആ കടന്തൽക്കൂട്ടത്തെ മന്ദഹാസപീയൂഷത്താൽ ഉപചരിച്ച് തന്റെ കഷ്ടതകളെ വർണ്ണിപ്പാൻ തുടങ്ങി: " നിങ്ങൾ പൊല്ലാത്ത കൂട്ടത്ത്. എല്ലാം ചത്തു കിടന്നില്ലേ?"

സംഘക്കാർ: "താനോടോ? 'എന്നു കാണ്മെനിന്നുസാമ്യരുചിമുഖം' എന്നു പാടി ശിവരാത്രി ഭജിക്കയായിരുന്നോ?"

കൊടന്തആശാൻ: "ശിവനേന്ന് ഇവന്റെ കൂപ്പക്കുഴിയിൽ കിടന്നുറങ്ങുവായിരുന്നു. അപ്പോൾ തുടങ്ങി ശ്വാനന്മാരുടെ മദ്ധ്യമാവതി, ആഹരി, സാരംഗം ... ചാടി എഴുന്നേറ്റ് ചങ്ങാതിമാരെ! ആശാൻ തലവീശിക്കളയൂല്ലേ? ഉറക്കപ്പാപോലും ചുരുട്ടാതെ ആ വേലിയും ഈ കടമ്പയും ചാടിയപ്പോൾ പിന്നെ ... ഏ! 'കണ്ടതും കേട്ടതും മിണ്ടരുതിക്കാലം' എന്നല്ലേ കവിയുര? രാജ്യകാര്യത്തിൽ അളിഞ്ചക്കണ്ണിക്ക് കാര്യമെന്തെന്നു നിങ്ങളും ചോദിച്ചേക്കാം. ഇതേ പരസ്യമാക്കാൻ പോകേണ്ട. അല്ലെങ്കിൽ അവസ്ഥക്കാരുടെ കാര്യമല്ലേ? നമ്പ്യാതിക്കെന്തിന് ഉണ്ടവല? അതുകൊണ്ട് കടക്കാം. നന്നേ പശിക്കുന്നു."

സംഘക്കാർ: "എടോ രസംകൊല്ലീ, മുഴുവൻ പറഞ്ഞില്ലെങ്കിൽ തന്റെ ഉണ്ടത്തല ഞങ്ങൾ തകർത്ത് ഉണ്ടവലയിൽത്തന്നെ കോർക്കും."

കൊടന്തആശാൻ; "ശനിയരേ, കൊല്ലേണ്ട. കടമ്പ ചാടിയില്ലേ? അപ്പക്കണ്ട് ആ കുട്ടിക്കപ്പിത്താനെ. പെണ്ണെ തോളിലേറ്റിക്കൊണ്ട് 'നാണമെന്തിനിന്നു നിന്റെ പ്രാണനാഥനേഷ ഞാൻ' എന്ന മട്ടിൽ പറക്കുന്നു. നിങ്ങടെ കൂട്ടത്തിലല്ലേ കൊടന്ത വളർന്നത്? വിടുമോ? പറന്നു പുറകേ, ആ പെരുവഴിവരെ. നാഴിക പന്ത്രണ്ടാണ് വച്ചുനീട്ടിയത്. അവിടെ

അവന്റെ കുതിര ഹജാർ. നാമെന്തു ചെയ്യും പാപികളേ? ആ അസത്തു മുമ്പിൽ, അവൻ പുറകിൽ... ഒരു പാച്ചിലും. കൊടന്ത വിട്ടില്ല. ജാംബവാനെപ്പോലെ ഡൽ എന്നു കുതികൊണ്ടു. ശനിപ്പിഴയ്ക്ക് ഒരു കരുട്ടുകല്ല് അവിടെങ്ങാണ്ടോ കിടന്നു ഇവനെ... നോക്കിൻ പെടുത്തിയിരിക്കുന്ന പാട്! നല്ലൊരു പല്ലിൽ ഒന്ന് ചുങ്കം തീർന്നു. പിന്നെ എന്താടോ ഇങ്ങോട്ടു മടങ്ങീട്ട് കഥ! നേരെ പറവൂരേക്കു വെച്ചടിച്ചു. ഗുരുനാഥനെ കണ്ട് വസ്തുതകളെല്ലാം ധരിപ്പിച്ചു. ആ പുണ്യമുഖത്തിൽനിന്ന് ആ രണ്ടു ജന്തുക്കളും നശിച്ചുപോംവണ്ണം ശപിച്ചിച്ചു. ആരും ഇവിടെ കിടന്നു തിണ്ടാടേണ്ട. അവൾ ആ പാളയത്തിൽത്തന്നെയുണ്ട്."

ആശാനും ഗൗണ്ഡനും പരസ്പരം കണ്ടപ്പോൾ, അവർ ബ്രഹ്മവക്ത്രത്താൽ ജപിക്കപ്പെട്ട മന്ത്രംകൊണ്ടെന്നപോലെ ഏക ശരീരത്വത്തെ അവലംബിച്ചു. രണ്ടുപേരും ചേർന്ന് ദേശദർശനംചെയ്ത് രസിക്കുന്നതിനിടയിൽ ഗൗണ്ഡപാശത്തിന്റെ വലയത്തിൽ രാവണദർശനത്തിനായി ഹനുമാൻ അംഗീകരിച്ച ബദ്ധഭാവത്തെ സ്മരിച്ച കൊടന്തആശാൻ സ്വാഭിലാഷത്തെത്തുടർന്ന് കുടുങ്ങിക്കൊണ്ടു. കുറുങ്ങോട്ടുഗ്രഹവാസികളുടെ നിദ്രാസമാധിക്കിടയിൽ ഗൗണ്ഡൻ സ്വവസ്തുങ്ങൾ ധരിച്ച് വീണ്ടും വനപഥികനായി. ദിവാൻജി അവർകൾ ധരിപ്പാൻ കൊട്ടാരക്കരക്കാര്യക്കാർ അടുത്തദിവസം അയച്ച സാധനത്തിൽ ഗൗണ്ഡന്റെയും കൊടന്തയുടെയും വ്യാപാരങ്ങൾ ഒരു കുജമാന്ദീസംയോഗമായി പ്രസ്താവിക്കപ്പെട്ടു.

കേശവൻഉണ്ണിത്താൻ എത്തുമ്പോൾ ഗൗണ്ഡനെക്കുറിച്ചുള്ള സംശയങ്ങൾ നിവർത്തിക്കാമെന്ന് വിചാരിച്ചിരുന്ന നന്ത്യത്തെ യജമാനനും കുറുങ്ങോട്ടു കുറുപ്പും അപാത്രദാനത്തിന്റെ നിഷിദ്ധതെയെ മറന്ന് അനുഷ്ഠിച്ചുപോയ പാമരത്വത്തെ, ജാതിസ്വഭാവം എന്നുള്ള ആത്മവഞ്ചനത്താൽ പൊതിഞ്ഞുകൊണ്ടു. നാസികാവൈരൂപ്യവും വാർദ്ധക്യജങ്ങളായ ഭേദങ്ങളും മിശ്രഭാഷാപ്രയോഗവും നീക്കിവെച്ച് ആകാരവും സ്വരവും നടയും ചേഷ്ടാവിധങ്ങളും നേത്രമണികളുടെ പിംഗളതയും കണക്കാക്കുമ്പോൾ ഗൗണ്ഡൻ ചിലമ്പനഴിയത്തു നിന്ന് ഒരു രാത്രി മറഞ്ഞ ചന്ത്രക്കാറൻതന്നെ എന്നു നന്ത്യത്തുകരയിലെ വാർഷ്ണേയജീവലന്മാർ തീർച്ചയാക്കി. ആ കരസാരഥികൾ രണ്ടുപേരും ഗാഢാലോചന ചെയ്തതിൽ മനുഷ്യബന്ധവിഷയത്തിൽ 'താദ്ദശം തങ്ങളിൽ സ്നേഹം' എന്ന തത്ത്വത്തെ സ്മരിച്ച് ഉണ്ണിത്താനെ കാണാൻ നില്ക്കാത്ത നരമേധകന്റെ കഥാപാരായണശ്രവണങ്ങൾ അന്നനിദ്രാദിമേധകമെന്നു വിധിക്കയും ചെയ്തു.

ആ പ്രമത്തനോ — അയാളുടെ അനന്തരയാത്ര ആരംഭിച്ചതു് ഒരു കുബേരനാൽ നയിക്കപ്പെട്ട സേനയെക്കൊണ്ടു് ടിപ്പുവായ ശ്മശാനസ്രഷ്ടാവിനെ ധനജനാർച്ചനം ചെയ്ത് പ്രീണിപ്പിക്കാമെന്നുള്ള മോഹയാനത്തിൽ ആരൂഢനായിട്ടാണ്. അഞ്ചിതമായുള്ള ഈ ആകാശയാനം സ്വാമിഹിതവർത്തിയായി പാണ്ടയാൽ കുറിക്കപ്പെട്ട സങ്കേതം കണ്ട് താഴ്ന്നപ്പോൾ തന്റെ ദശകണ്ഠവിഭുത്വം പുകഞ്ഞുപോകുന്നു എന്ന് ഗൗണ്ഡൻ ചഞ്ചലപ്പെട്ടു. ശ്രീമഹാബലിവനത്തെ വൈകുണ്ഠപ്രഭമാക്കിയിരുന്ന വ്യാപാരമണ്ഡപത്തിൽ സംഘടിച്ച സദസ്സിൽനിന്ന് വിശുദ്ധവാദിയായിപ്പിരിഞ്ഞ പെരിഞ്ചക്കോടൻ പെരിയനമ്പിക്കുടയും ഏന്തി, കണ്ട ഭാവം മാത്രം നടിച്ച് സോപാനാരോഹണം ചെയ്തതു ശുഭശകുനമല്ലെന്ന് നമ്മുടെ അധ്യക്ഷീണർ ദർശിച്ചു. എന്നാൽ ബലിഷ്ഠപരിപന്ഥിത്വം ആ കായകൂടത്തെ ശ്ര

ക്ഷഘട്ടർഷണം ചെയ്ത് അന്തർഭാഗങ്ങളെയും വടുക്കെട്ടിച്ചിട്ടുണ്ടായിരുന്നതിനാൽ ഗൗണ്ഡൻ കർമ്മദ്രുമത്തിലെ അനന്തരപ്രരോഹങ്ങളെ പ്രതീക്ഷിച്ച് അടങ്ങിക്കൊണ്ടു.

ഗുരുദശാനന്തരമായുള്ള ശനിപ്രപീഡനത്തിലെ രുധിരപ്രചാരാവസ്ഥയിൽ മാങ്കാവു ഭവനം യുവസുമംഗലീയോഗ്യങ്ങളായ ഭൂഷണങ്ങളും പട്ടാംബരങ്ങളും അസ്ഥാനത്തിൽ അണിഞ്ഞുള്ള ഒരു വൃദ്ധവിധവയുടെ വസതിയെന്ന ആദരണീയത മാത്രം അവകാശപ്പെടുന്നു. കനകരത്നങ്ങളുടെ പ്രഭാപൂരങ്ങളോടു സന്തതബന്ധുവായി പരിചയമുള്ള ഗൗണ്ഡന്റെ വൈഡൂര്യനേത്രങ്ങളെ ആ വിപുലഭവനത്തിന്റെ പ്രാചീനത ഒരു വിലക്ഷണദർശനമായി പീഡിപ്പിച്ചു. ജീർണ്ണഭാഗങ്ങളോട് തരുശാഖകൾ സംഘടിപ്പിച്ച് തല്ക്കാലാവശ്യങ്ങൾക്ക് പര്യാപ്തങ്ങളാക്കി ബഹുകൂടങ്ങളുടെ പരപ്പുകൾ പുതുതായി മേഞ്ഞു് നിരകൾ പ്രക്ഷാളനകർമ്മത്താൽ മിനുസപ്പെടുത്തി കല്പടികളുടെ അറ്റകുറ്റങ്ങൾ യഥോപയോഗം തീർത്ത് നവീകരിക്കപ്പെട്ടിട്ടുള്ള ആ ഭവനത്തെ കണ്ടപ്പോൾ ഗൗണ്ഡൻ സൗധപരമ്പരാപരിശോഭിതമായ ചിലമ്പിനേത്തുഗൃഹത്തിന്റെ അദ്വിതീയതയെ സ്മരിച്ചു. തന്നെക്കൊണ്ട് സ്നേഹപൂരസ്സരം ഗോപുരകവാടങ്ങളെയും ചുംബനംചെയ്യിച്ച ആ മഹാമന്ദിരം പാണ്ഡവന്മാർ അധിവസിച്ച ഇന്ദ്രപ്രസ്ഥം, ദില്ലിബാദുഷാക്കളുടെ മഹാമന്ദിരങ്ങൾ എന്നിവയോട് കിടയാണെന്ന് അഭിമാനിച്ചുകൊണ്ട് താൻ കാണുന്ന ദുഷ്പ്രഭാവലയിതമായുള്ള തിമിരസഞ്ചികാവലി തന്റെ പാദസ്പർശനത്താൽ അനുഗൃഹീതങ്ങളാവാൻ യോഗ്യങ്ങളല്ലെന്നുപോലും ഗൗണ്ഡൻ ധിക്കരിച്ചു. ഗൃഹപ്പറമ്പായ വിശാലവിസ്തൃതി ഒരു മനോഹരമൈതാനം ആക്കപ്പെട്ടിരിക്കുന്നതിൽ പ്രത്യക്ഷമാകുന്ന നവ്യതയും താല്ക്കാലികത്വവും നിമിത്തം ആ ഭൂവിഭൂതിപോലും ഗൗണ്ഡന്റെ അഗാധഗർത്തസ്ഥങ്ങളായ നേത്രങ്ങൾക്ക് ദർശനീയമായി തോന്നിയില്ല. കുരുക്ഷേത്രനിരപ്പിൽ ഗംഭീരവിശാലതയോടമരുന്ന ആ സമതലത്തെ വലയംചെയ്യുന്ന ഗിരിപോതങ്ങളുടെ അന്തർഭാഗം മട്ടുപ്പാപ്പംക്തികൾ എന്നപോലെ തട്ടുതിരിച്ചു, പത്തായിരംപേരുടെ പാർപ്പിനുള്ള ചെറുമാടങ്ങൾകൊണ്ട് അണിയിടപ്പെട്ടിരിക്കുന്നതും ഗൗണ്ഡന്റെ ജിജ്ഞാസയെ അസഹ്യപ്പെടുത്തി.

ഈ നവീകരണങ്ങൾ തന്റെ വാക്പാടവംകൊണ്ട് ഗൃഹനാഥസ്ഥാനം പാട്ടിലാക്കി സോദ്ദേശ്യാനുസാരം കയ്യാണ്ടുതുടങ്ങിയിരിക്കുന്ന പെരിഞ്ചക്കോടന്റെ ബുദ്ധിവൈഭവത്താലും അയാൾക്ക് സ്വാധീനമായുള്ള പാണ്ടസൈന്യത്തിലെ ഭടജനങ്ങളാലും നിവർത്തിക്കപ്പെട്ടവയായിരുന്നു. തിരുവിതാംകൂർസൈന്യത്തെ ടിപ്പുവിന്റെ രാക്ഷസബലം എതിർത്തുതുടങ്ങുമ്പോൾ അതിന്റെ സഹകാരിയായി സ്വജനസൈന്യത്തെ നിരോധിപ്പാൻ ഒരു നിഷാദബലം പെരിഞ്ചക്കോടൻ സജ്ജീകരിച്ച വൃത്താന്തം ഇതിനു മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഈ സേനയെ അല്പം ദൂരത്തുള്ള ഒരു നിബിഡവനത്തിന്റെ ഗഹനതയിൽ തല്ക്കാലം പാർപ്പിച്ചുകൊണ്ട് യുദ്ധാരംഭകാലത്തെ പാളയമാക്കാൻ മാങ്കാവിലെ മൈതാനം ഒരുക്കി മാടങ്ങൾ പണിയിച്ചു. സ്വരാജ്യരക്ഷയ്ക്കായി രാജർഷിപ്രവരനായ രാമവർമ്മമഹാരാജാവിന്റെ തിരുവുള്ളത്താൽ നിയുക്തമായ ഒരു സേനാംഗത്തെ സൽക്കരിക്കേണ്ടതുണ്ടെന്ന് മാധവിഅമ്മ ധരിക്കുകയാൽ ശ്രീപത്മനാഭപ്രസാദംകൊണ്ടെങ്കിലും തനിക്കു ദുരിതമോചനം ലഭിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ തന്റെ കല്ലറകളിൽ തൊടാതെ ചെറുതായ

ഒരു ഈടിരിപ്പിനെ ആ സേനയുടെ നായകനും തന്റെ തല്ക്കാലരക്ഷാനാഥനുമായ വഞ്ചകനെ ഏല്പിച്ചു. ഇങ്ങനെയുള്ള കോശവിപാടനം മാങ്കാവുഭവനത്തെ സങ്കല്പവേഗത്തിൽ ഒരു ശ്രീകുമാരസങ്കേതമാക്കിത്തീർത്തിരിക്കുന്നു. ഈ സൈനികസംഭരണത്തെപ്പറ്റി ജനങ്ങൾ അറിഞ്ഞപ്പോൾ അതു രാജനിയോഗാനുസരണം തങ്ങളുടെ രക്ഷോപയോഗത്തിനായി അനുവർത്തിക്കപ്പെടുന്നതാണെന്നു കേൾക്കുകയാൽ വൃത്താന്തങ്ങൾ ശത്രുപക്ഷശ്രവണങ്ങളിൽ എത്തി അധികാരമണ്ഡലത്തിന്റെ കോപോദയം സംഭവിപ്പിക്കാതിരിപ്പാൻ തങ്ങൾ തങ്ങൾക്ക് കിട്ടിയ അറിവിനെ ഗോപനം ചെയ്തുകൊണ്ടു.

വഞ്ചിധർമ്മത്തിന്റെ സുസ്ഥിരനിലയെ പരിപാലിപ്പാൻ സമാഗതനായിരിക്കുന്ന വിദേശീയബന്ധുവിന് ഗൃഹരാജ്ഞിയുടെ നിലയിൽ മാധവിഅമ്മ സ്വാഗതം പറഞ്ഞപ്പോൾ ധനാരാധകനായ ഭൃതത്താൻ ആകാശോന്മുഖമായി ഉത്പതിപ്പിക്കപ്പെട്ടതുപോലെ മൂന്നാലടിയോളം പുറകോട്ടു ചാടിപ്പോയി. ആധിശൂഷ്കിതയായ ആ ജ്യോതിഷ്മതിയിൽ, ബ്രഹ്മകൃത്രിമത്തിന്റെ സമഗ്രരസികത കണ്ടു് അയാൾ ആ സങ്കേതവാസം സ്വാന്തർഗ്ഗതിക്ക് അരക്ഷണനേരത്തേക്കെങ്കിലും അനുയോജ്യമല്ലെന്നും ബന്ധുവിന്റെ നിലയിൽ താൻ ആദരിക്കേണ്ടതായി വന്നിരിക്കുന്ന പെരിഞ്ചക്കോടൻ ഗാഢമായ സഹവർത്തനത്തിനു യോഗ്യനല്ലെന്നും വിധിച്ചു. സൽക്കാരവചനങ്ങളോ? ഭൂലോകത്തിൽ ദുർല്ലഭമായുള്ള ഒരു മധുരഗീതത്താൽ തന്റെ ജീവശക്തി നിദ്രാലസ്യത്തിൽ ലീനമാകുന്നു എന്നു ആ സാമാന്യഭാഷണംപോലും ആ അതിവിരസനെ വിഭ്രമിപ്പിച്ചു. സുൽത്താൻ, നവാബ് എന്നിവരുടെ മഹാസൗധങ്ങളെ പ്രദക്ഷിണംവച്ചു് സഞ്ചരിച്ച അവസരങ്ങളിലും ഇതിന്മണ്ണമുള്ള കണ്ഠമുരളികളുടെ ലഘുത്ഥരിക തന്റെ കർണ്ണങ്ങളെ അനുഗ്രഹിച്ചിട്ടില്ലെന്ന് അയാൾ വിസ്മയിച്ചു. ഗൗണ്ഡന്റെ ചിത്താവേശം തന്നെ സൽക്കരിക്കുന്ന സൗന്ദര്യധാമത്തിന്റെയും, മറ്റൊരു ഭവനപ്രവേശത്തിൽ തന്റെ പൗരുഷത്തിന് അമൃതസേചനംചെയ്ത് അതിനെ ക്ഷീണിപ്പിച്ച മഹതിയുടെയും വിപര്യയത്തെ സ്മരിപ്പാൻ അയാളെ പ്രേരിപ്പിച്ചു. തന്റെ വജ്രഹൃദയത്തെയും ആകർഷിച്ച സുശീലവതി ഗൃഹൈശ്വര്യസംവർദ്ധിനിയും വർത്തമാനസൽക്കാരിക ഭർത്തൃനാശിനി, കുടുംബധ്വംസിനി, സർവ്വസംഹാരിണിയും ആണെന്ന് ആ കാര്യവിചക്ഷണൻ വിവക്ഷിച്ചു.

സമാഗതന്റെ സംഭ്രമവൈവർണ്ണ്യങ്ങൾ മാധവിഅമ്മയുടെ അന്തർന്നാളസ്ഥമായ അഭിരുചിയെ അനുലോമമായി തലോടുകയാൽ, അവർ പ്രസാദിച്ചു് പണ്ടു് ബാദരായണാർപ്പിതമായിരുന്ന പുരോഹിതസ്ഥാനത്തുതന്നെ ആ വൃദ്ധാതിഥിയെ സമാരാധിപ്പാൻ നിശ്ചയിച്ചു. "ഇരിക്കുക മുസലീ, നദിയിൽ സ്നാനംചെയ്തു തേവാരം ഉണ്ടെങ്കിൽ അതും കഴിക്കു. സ്വയം പാകത്തിനെല്ലാം മഠത്തിൽ ഒരുക്കിക്കാം."

യുദ്ധസംരംഭങ്ങൾ സംബന്ധിച്ച ചിലതു നിർവഹിച്ചിട്ടു പുത്രാന്വേഷണത്തിനു പുറപ്പെടാമെന്നു പ്രതിജ്ഞചെയ്തു പെരിഞ്ചക്കോടൻ, പൊടുന്നനവേ പാഞ്ഞു മറഞ്ഞിട്ടും അധികതാമസംകൂടാതെ മടങ്ങി എത്തുകയാൽ അദ്ദേഹം ഒരു പാരമാർത്ഥികനും കർമ്മബന്ധത്താൽ അയാളിൽ നിക്ഷിപ്തമായുള്ള കൃത്യത്തെക്കുറിച്ചു സുബോധവാനും ആണെന്നു മാധവിഅമ്മ വീക്ഷിച്ചു് സ്വവിധിഗതി ശുഭോന്മുഖമായി തിരിയുന്നു എന്നു സമാശ്വസിച്ചു.

അദ്ദേഹം രാജസേനയുടെ പ്രവർത്തനത്തിനും വാസത്തിനും പടനിലവും നിലയനങ്ങളും ഉണ്ടാക്കിത്തുടങ്ങി. ഇങ്ങനെ അദ്ദേഹത്തിന്റെ പ്രതിജ്ഞാഖണ്ഡങ്ങളിൽ പൂർവഭാഗം നിവർത്തിതമാകുന്നതു കണ്ടു് ഉത്തരകൃതവും നിസ്സംശയം നിർവ്വഹിക്കപ്പെടുമന്നുള്ള വിശ്വാസമധുവാൽ മാധവിഅമ്മ സ്വഹൃദയനാളത്തെ ആസേചനംചെയ്തു. ഇങ്ങനെയുള്ള അന്തസ്സന്തുഷ്ടിയിൽ ആമഗ്നയായിരിക്കുന്ന ആ ഗൃഹനായിക കുലീനസൗജന്യതയോടെ ചെയ്തു് സൽക്കാരത്തിൽ ഗൗണ്ഡന്റെ ഹിതാനുസാരമായുള്ള വ്യവസ്ഥകൾ അടങ്ങിയിരുന്നതിനാൽ സരസഭാഷണത്തിന് നിൽക്കാതെ ആശീർവാദധോരണിയാൽ അവരുടെ ഗൃഹിണീവൈദഗ്ധ്യത്തെ അഭിനന്ദിച്ചുകൊണ്ടു് അദ്ദേഹം നടയായി.

പെരിഞ്ചക്കോടന്റെയും ഗൗണ്ഡന്റെയും ഒന്നുരണ്ടു ദിവസത്തെ സഹവാസം അഭിമുഖന്മാരായ വ്യാഘ്രശാർദൂലങ്ങളുടെ മത്സരവീക്ഷണത്തിന്റെ നിലയിൽ കഴിഞ്ഞു. ഗൗണ്ഡൻ താമസിച്ചു് എത്തിയതിനെക്കുറിച്ചു് അനുചരന്മാരോടു ചോദ്യംചെയ്തു പെരിഞ്ചക്കോടൻ വസ്തുതകൾ അറിഞ്ഞു. ഗൗണ്ഡകുംഭസ്ഥമായ രഹസ്യത്തെ വിസർജ്ജിപ്പിപ്പാൻ, അതിനെ ലക്ഷ്യമാക്കി ഉപായശൂലത്തെ പെരിഞ്ചക്കോടൻ ചൂണ്ടിയ മാത്രയിൽ, മഠവാസിയുടെ അന്തർഗഹനതയിൽ സംരംഭിച്ചിരുന്ന ഉപജാപപിണ്ഡത്തെ അദ്ദേഹം പ്രസവിച്ചു. ഗിരിചത്വരത്തോടു ചേർന്നുള്ള ഭാഗങ്ങളെല്ലാം നിഷാദസൈന്യത്തിനായി വേർതിരിച്ചിട്ടു് ആഭിജാത്യമുള്ള ഒരു സേനാപംക്തിയുടെ താമസത്തിനു ഗൃഹാങ്കണമായുള്ള മൈതാനത്തിൽ വസതികൾ കെട്ടിക്കണമെന്ന് ഗൗണ്ഡൻ ആവശ്യപ്പെട്ടു. ഗൗണ്ഡൻ ഒരു വലവീശീട്ടുണ്ടെന്നും അതിൽ അകപ്പെടുന്ന മത്സ്യം ഏതെന്നും പെരിഞ്ചക്കോടൻ അപ്രയാസം ഗ്രഹിക്കുകയാൽ തനിക്കു അനുകൂലമായ പ്രതാപധനങ്ങളുടെ ഒരു മഹാവർഷത്തെ അയാൾ ദർശിച്ചു. "സബാസ്! മൊതലാളി!" എന്നു അനുമോദിച്ചുകൊണ്ടു് സ്വാന്തർഗ്ഗതത്തെ തുറന്നു പറഞ്ഞു: "നല്ലതു് മൊതലാളീ! അപ്പോൾ, മൊതലാളി എവന്റെയെല്ലാം വീടുകളിൽ നിരങ്ങി വിരുന്നുണ്ടു?"

ഗൗണ്ഡൻ: "അജീ പെരിഞ്ചക്കോഡർ! ഷ്ഷ്യ! എങ്കയോ ഒരു സത്രം തേടിപ്പോനതിലെ എവരോ സൽക്കരിത്താർ. അപ്പോതു്, താങ്കളുടെ പാണ്ടയിരിക്കേ... അവരുടെ ദൂതാൾ, ശിന്നക്കുറുമണിയാൻ..."

പെരിഞ്ചക്കോടൻ: "മതി മതി... കണ്ണി മണ്ണിടാൻനോക്കുമ്പോ പെരിഞ്ചക്കോടനൊന്നുമിശിറും. ചെലമ്പിനേത്തു വീടൊണ്ടല്ലോ... അതു പണിയിച്ച പുത്തി പുല്ല്. ഈ വീട്ടിലെ ഒരു വളറിലെ, അല്ലെങ്കിൽ ഒരു വാഴക്കുമ്പിലെ പണി അവിടെ കാണാനൊണ്ടോ? അതു കെടക്കട്ടെ. കന്നന്മാരുടെ നോക്കും നീക്കും വാക്കും കണ്ടു്, കരിങ്കന്നന്മാർ കരുവറിഞ്ഞുകളയും. മിടുക്കനും മിടുമിടുക്കനും ഉരയ്ക്കുമ്പോൾ കടുമിടുക്കൻ മോളില്ല്. അതുകൊണ്ടു് ഗൗണ്ഡച്ചെട്ടിയാരുടെ തക്കിടി മുണ്ടത്തരമൊന്നും ഇങ്ങോട്ടെടുക്കണ്ട." ഇതിനെ തുടർന്ന് പെരിഞ്ചക്കോടനും ഗൗണ്ഡനും തമ്മിൽ രണ്ടുപേരുടെയും അന്തർഗ്ഗതങ്ങൾ മുഴുവൻ വിടാതുള്ള ഒരു വാദം നടന്നു. ഗൗണ്ഡന് കേശവൻഉണ്ണിത്താനോടു പ്രത്യേകബന്ധം ഉണ്ടെന്ന് താൻ ആദ്യമേ സംശയിച്ചു എന്ന് അതിന്റെ യഥാർത്ഥം പരീക്ഷിപ്പാൻ ഉണ്ണിത്താന് ഒരു വാറോല താൻ അയച്ചു എന്നും,

അതുകൊണ്ട് ആ ബ്രഹ്മാണ്ഡകാപട്യവാൻ ഇളകാത്തതിനാൽ പരീക്ഷാപദ്ധതി തുടരാൻ പുറപ്പെട്ടില്ലെന്നും എങ്കിലും ഗൗണ്ഡൻ കഴക്കൂട്ടത്തെ നിധി അപഹരിപ്പാൻ ചെയ്ത് ശ്രമവും തന്നോടുകൂടി ചിലമ്പിനേത്തു പോയിരുന്നപ്പോൾ പ്രകടിപ്പിച്ച സ്ത്രീത്വവും തന്റെ സംശയത്തെ ഉറപ്പിച്ചിരിക്കുന്നു എന്നും, ഈ പരമാർത്ഥങ്ങൾ കായംകുളംവാളായ ടിപ്പുസുൽത്താൻ ധരിക്കുമ്പോൾ ആ ഇരുമുനവാൾ എന്തെല്ലാം കലാശിപ്പിക്കുമെന്ന് അറിഞ്ഞുകൂടെന്നും ആ കേന്ദ്രത്തിൽ താൻ ഒരുക്കിയിട്ടുള്ള പാളയത്തിൽ സഞ്ചയിക്കുന്ന സൈന്യാംശങ്ങളും അതിന്റെ നായകന്മാരും തന്റെ സേനാനിത്വം അംഗീകരിക്കണമെന്നും ഈ സേനാസംഭരണത്തിൽ ഗൗണ്ഡൻ യാതൊരു പ്രശംസയും സുൽത്താൻ സന്നിധിയിൽനിന്ന് അവകാശപ്പെട്ടുകൂടെന്നും, പെരിഞ്ചക്കോടൻ മുഷ്ക്കപിടിച്ചു ശഠിച്ചു.

പെരിഞ്ചക്കോടന്റെ സമ്പത്ത് നിസ്സാരമെന്ന് ഗ്രഹിച്ചും ടിപ്പുവിനെ തല കറക്കി വീഴ്ത്താനുള്ള സ്യമന്തകശതങ്ങൾ തന്റെ പാട്ടിലുണ്ടെന്നു ധൈര്യപ്പെട്ടും ഇരുന്ന ഗൗണ്ഡൻ തുല്യകൗശലവാനായി പെരിഞ്ചക്കോടനെ ഭർത്സിച്ചു: "ഇദെന്നാ പിള്ളയവാൾ? അദുവും ഇദുവും ശൊല്ലി പൈത്യം പിടിക്കക്കൂടാതു്. ഗൗണ്ഡർ എത്തിനയോ പെരിഞ്ചക്കോഡരെ അന്തന്ത ഡർബാർകളിലേ പാർത്തിരിക്ക്. ഗൗണ്ഡരുടെ ആസ്തി മുച്ചൂടും നാസ്തിയാച്ചെന്റും നിനയ്ക്ക വേണ്ടാം."

പെരിഞ്ചക്കോടൻ: "അതും സബാസ് മൊതലാളീ! അങ്ങനെ ഉള്ളു വിടണം. ചിലമ്പിനേത്തേ നിലവറപ്പൂട്ടൊന്ന് പൊളിയട്ടേന്നുതന്നെ ഞാനും പറയണ്. എന്നാലക്കൊണ്ടോ, അതും എവന്റെ കെട്ടുപൂട്ടിൽ വിടണം. വഴീത്തേങ്ങാ എടുത്ത് ഗണപതിക്കടിക്കണതു് ഏതെരപ്പനും ആവാം."

ചിലമ്പിനഴിയവനം ഏതെങ്കിലും ആകട്ടെ; അവിടുത്തെ ധനം തന്നെ സഹായിക്കേണ്ട ആവശ്യമില്ലെന്ന് ഗൗണ്ഡൻ പിന്നെയും വാദിച്ചു.

പെരിഞ്ചക്കോടൻ: "എന്തു മൊതലാളീ, ഉരുട്ടുകൊണ്ട് ലോകം പിരട്ടാനും പിടുങ്ങാനും നടക്കരുതു്. ആ പെണ്ണിന്റെ കാര്യത്തിൽ അന്നു ചണ്ട പിടിച്ചപ്പം മൂപ്പീന്ന് കേന്ദ്രീച്ചോണ്ടതും പെരിഞ്ചക്കോടൻ കൊരട്ടിലൊതുക്കീട്ടൊണ്ട്. ഒരു നവകോടിച്ചെട്ടിയാർക്ക് എന്നേ കൊലമരം കുഴിച്ചുനിറുത്തിപ്പോയി!"

ഗൗണ്ഡൻ: "ആമാമാ പെരിയ പുള്ളൈ. അന്ത മരം ഉന്നെ വിടുവാനാ? ആനാൽ, നമ്മ കഥയിലെ ഒരു റഹസ്യമിരുക്ക്. (കുപ്പായം നീക്കി പൂണൂൽ കാട്ടിക്കൊണ്ട്) ഇദൈ നാം ധരിക്കിറതു് ബഹുവിദ്യാംസാൾ വൈദികാൾ മന്ത്ര കർമ്മപ്പടിയേ പോട്ടതിനാലാക്കുമെന്റു സുൽത്താൻ ബഹദൂർ സന്നിധാനത്തുക്കും തെരിയവരും കാളിപ്രഭാവഭട്ടജിയെ ധർമ്മരാജ്യം ഹതം ചെയ്‌വാനാ?"

പെരിഞ്ചക്കോടൻ: "അടിച്ചുവിട്ടുടണം! നെട്ടംകഥയിൽ ഏതു പൊളിയും ഫൂഷണം. പരശുരാമനെന്നോ തന്ത്രാക്കളെന്നോ ചൊല്ലിക്കൊള്ളണം."

ഈ സംവാദത്തിന്റെ അവസാനത്തിൽ, ഗൗണ്ഡപരമാർത്ഥം അറിവാനും തന്റെ പ്രതിജ്ഞാനുസാരമായുള്ള ശ്രമങ്ങളുടെ വർത്തമാനസ്ഥിതികൾ അറിയിപ്പാനുമായി ഒരു ദൂതനെ പെരിഞ്ചക്കോടൻ ഒരു ഗൂഢമാർഗ്ഗത്തിൽക്കൂടി ടിപ്പുവിന്റെ പാളയത്തിലേക്കയച്ചു. പെരിഞ്ചക്കോടനും വ്യാജഅജിതസിംഹനും മാങ്കാവിലോട്ട് സംക്രമം സാധിച്ചതു് ഈ മലയിടുക്കിന്റെ സൗകര്യംകൊണ്ടായിരുന്നു. പെരിഞ്ചക്കോടൻ അയച്ച ദൂതന്റെ മടക്കത്തിന്ന് ദിവസം നാലഞ്ച് വേണ്ടിവന്നു. അജിതസിംഹരാജാവ് കരുപ്പടനയിൽനിന്ന് ബോട്ട് കയറിയ മുഹൂർത്തത്തിൽ വ്യാജ അജിതസിംഹൻ മുമ്പിലത്തേതിലും രമണീയമായുള്ള വേഷത്തിലും ഭൂഷണങ്ങൾ അണിഞ്ഞും നമ്മുടെ വൃദ്ധദസ്യുക്കളുടെ സാന്നിദ്ധ്യംകൊണ്ട് ആ രംഗത്തിനു വന്നുകൂടീട്ടുള്ള അസ്വാരസ്യത്തെ പരിഹരിപ്പാൻ പുറപ്പെട്ടു. മാങ്കാവുഭവനത്തിന്റെ മുൻതളത്തിൽ മാരീചസുബാഹുക്കൾ എന്നപോലെ സഹോദരത്വം നടിച്ച് ഐശ്വര്യകാലത്തിലെ ബാദരായണന്റെ അഭാവത്തെ പരിഹരിക്കുന്ന കലിദ്വാപരന്മാരെ കണ്ടപ്പോൾ അജിതസിംഹൻ ഗൗണ്ഡപാദങ്ങളിൽ സോപചാരം പ്രമാണം ചെയ്തു.

28

"കുംഭിതുരഗരഥാദി പടകളുമുടമയൊടു ഭടഘോഷവും
കൊമ്പുകുഴൽ തുടിപടഹഘടഘടരടിതകടുപരിഘോഷവും
ഈ വണ്ണമവിടത്തിലീ വന്ന പുരുഷാരം
ആകന്ന പടക്കോപ്പുമാകവേ ചരതിച്ചു"

പരിഷ്കാരകാരികളുടെ തുമ്പിക്കരങ്ങളിൽനിന്നുള്ള ജലപ്രക്ഷാളനത്താൽ കേരളഭൂമുഖങ്ങൾ ധവളമായിത്തീരുന്നതിന് മുമ്പ്, പെരുമ്പടപ്പുസംസ്ഥാനത്തിലെ ഒരു മഹാക്ഷേത്രവും അതിന്റെ വിശാലമായ പരിസരവലയവും ലക്ഷ്മീനിവാസമായ അനന്തശയനപുരത്തിന് തുല്യം പാർവ്വതീവിലാസമായ ഭൂകൈലാസമായി കേരളനിവാസികളാൽ സംപൂജ്യമായിരുന്നു. ഈ മഞ്ജുളരജതാദ്രിയിലെ മഹേശ്വരാലയത്തെ വലയം ചെയ്യുന്ന പ്രാകാരത്തിന്റെ പാദങ്ങൾമുതൽ വീക്ഷാഗതിയുടെ പരമപരിധി ആയുള്ള ചക്രവാളംവരെ നിലയനകൂടങ്ങൾ, സരസ്തടങ്ങൾ, കേദാരപ്രദേശങ്ങൾ എന്നിതുകളാൽ മാത്രം വിച്ഛിന്നമായി പ്രാചീനകാലത്തെ അനന്തവനത്തിന്റെ പ്രതിച്ഛായ എന്നപോലുള്ള ഒരു മഹാചൈത്രം സ്ഥിതിചെയ്തിരുന്നു. എന്നാൽ, ഓരോ ദുർദ്ദശകൾ ത്രിമൂർത്തികളെയും മതസ്ഥാപകന്മാരായ അവതാരപുരുഷന്മാരെയും വലപ്പിച്ചിട്ടുള്ളതായി ഭിന്നമതങ്ങളുടെയും നിദാനങ്ങളായ സൂക്തിഗ്രന്ഥങ്ങൾ ലോകത്തെ ഗ്രഹിപ്പിക്കുന്നു. ലോകാവസ്ഥകളുടെ ഇപ്രകാരമുള്ള ആപൽസങ്കലനതയാൽ മധുരമനോഹരങ്ങളായ കുസുമഫലങ്ങളെ വഹിക്കുന്ന ചൂതപനസചമ്പകാദി തരുനിരകൾകൊണ്ട് ശീതളമാക്കപ്പെട്ടുള്ള ആ കൈലാസവാടി, ലലാടാഗ്നിയിൽ ദഹിച്ച അവിവേകിയുടെ ദുരന്തഭസ്മാസ്തരണത്തിന്റെ ഉദാത്തതയിൽ അമർന്നുപോയിരിക്കുന്നു. ആ ആരാമതരുക്കളുടെ ശിരസ്സുകളെ നിർബ്ബാധവാസങ്ങളായി അവലംബിച്ചിരുന്ന പക്ഷിവൃന്ദങ്ങൾ നഷ്ടശബ്ദങ്ങളായ തുണ്ഡചലങ്ങളാൽ മാത്രം ക്ഷേത്രചത്വരത്തിൽനിന്ന് പൊങ്ങുന്ന വാദ്യധ്വനികളുടെ ക്ഷീണപ്രവാഹങ്ങളോടു സഹകരിക്കുന്നു. ആ ശിവാലയത്തിൽനിന്ന് അല്പം നീങ്ങി ഒരു പാർശ്വത്തിൽ കാണുന്ന ജലാശയം

ഭാസ്കരപ്രഭാകേസരങ്ങളെ ഇറുത്ത് വിശ്വനാഥമൂർത്തിയുടെ ജടാകൂടത്തിന്മേൽ പുഷ്പാഞ്ജലി ചെയ്യുന്ന നിയമത്തെ, സ്വപാവനതയെ വിധ്വംസിക്കുന്ന ഹിരണ്യനേത്രങ്ങൾക്കു ഗോചരമാകരുതെന്നുള്ള സങ്കോചത്തോടെ നിർവ്വഹിക്കുന്നു. സരസ്സിന്റെ പ്രാന്തപ്രദേശത്തെ പ്രൗഢരമണീയമാക്കുന്ന രാജഹർമ്മ്യത്തിന്റെ മുഖങ്ങൾ ആ സങ്കേതഭൂമിയിൽ അകേരളീയപാദങ്ങളുടെ ആക്രമണത്തെ ദർശിച്ച് സ്വഭർത്താവിന്റെ പ്രതാപക്ഷയംകൊണ്ടുള്ള ക്ലേശത്താൽ മ്ലാനങ്ങളായിരിക്കുന്നു. ക്ഷേത്രോപസ്ഥിതങ്ങളായ നികുഞ്ജങ്ങളാൽ ഉപഗൂഢങ്ങളായ രമണീയജനവസതികൾ, പ്രത്യാസന്നമായ ധർമ്മഭ്രംശത്തെ വീക്ഷിച്ച് സന്തപ്തഹൃദയങ്ങളാവുകയാൽ സീതാദേവിയെ അനുകരിച്ച് ഭൂദേവിയുടെ പാവനോദരത്തെ ശരണംപ്രാപിക്കുകയോ എന്നു ചിന്തിച്ചുപോകുന്നു. ഉദയാസ്തമയങ്ങളിലെ ഭഗവദ്ദർശനത്തെ അഭംഗുരവ്രതമായി അനുഷ്ഠിച്ചുപോരുന്ന അവിടത്തെ വനിതാകദംബം, തങ്ങളുടെ ധർമ്മാചരണത്തിന് നേരിട്ടിരിക്കുന്ന പ്രതിബന്ധം നിമിത്തം, ശ്ലാഘ്യമായ പരഗതിയുടെ നഷ്ടത്തെ ആശങ്കിച്ചുതുടങ്ങിയിരിക്കുന്നു.

ബഹുനാഴിക ചതുരശ്രത്തിലുള്ള ഈ ലതാഗൃഹനിചയത്തിന്റെ ഗോപുരഭാഗത്ത് ഉന്നതങ്ങളായ മകരതോരണശ്രേണികളെ സംഘടിപ്പിച്ച് നിർമ്മിച്ചിട്ടുള്ള ഒരു ഹർമ്മ്യത്തിന്റെ മുകളിൽനിന്ന് ഒരു മഹാമണ്ഡലാധിപകേസരിയുടെ 'പ്രതാപരുദ്രത'യെ ഗജഭേരീയുഗങ്ങൾ 'ധിമിദ്ധിമി'ഘോഷത്താൽ പ്രസിദ്ധീകരിക്കുന്നു. ഈ ചണ്ഡദ്ധ്വനികൾ ശതമഖം നിർവ്വഹിക്കേണ്ട ക്ലേശം കൂടാതെ, ഇന്ദ്രാണീകാന്തത്വം അപഹരിപ്പാൻ ഉദ്യോഗിക്കുന്ന ഒരു ദാനവേന്ദ്രവൃത്താന്തത്തെ സുധർമ്മാസോപാനത്തിങ്കൽ എത്തിക്കുന്നു. ഭുവനസുഷമാസാകല്യത്തെയും സംഗ്രഹിച്ചുള്ള ആ ചെറുപ്രപഞ്ചത്തെ രക്ഷിക്കുന്ന അഷ്ടദിഗ്ഗജങ്ങളായി നിലകൊള്ളുന്ന വൈതാളികന്മാർ മാന്ധാതാ മുതല്ക്കുള്ള മഹീശമണ്ഡലത്തിൽവച്ച് ദൈവപ്രിയോത്തംസം, ഈശതത്ത്വരഹസ്യജ്ഞതയിൽ ശ്രീസനകസനന്ദകപ്രഭൃതികളുടെ സംയോഗാവതാരം, ഭൂമണ്ഡലവിജയം സാധിപ്പാൻ സഹസ്രകവചനായി നിയോഗിക്കപ്പെട്ട ഭഗവൽപ്രതിനിധി, അഷ്ടവിഭൂതികളോടമരുന്ന വിരാട്ട് പുരുഷന്റെ സർവ്വാംശകരണങ്ങൾ, ടിപ്പു ഫ്ട്ടി ആലിഖാൻ ബഹദൂർ പാദുഷാ എന്നുള്ള സ്തോത്രങ്ങളെ പാഞ്ചജന്യധ്വനിയിൽ മുഴക്കുന്നു. ഒരു മഹാനഗരത്തിന്റെ ആരവസമ്മേളനം തരുനിരകളെയും ലതാസഞ്ചയങ്ങളെയും കിടുക്കി നൃത്തം തുള്ളിക്കുന്നതിൽ ദൃശ്യമാകുന്ന പ്രഭാവപടലി, മുകിലചക്രവർത്തിയുടെ മണിഗൃഹനിരകളെ തിളങ്ങിച്ച് പോന്നിരുന്ന രാജസധാടിയെയും അധഃകരിക്കുന്നു. തിരുശിരസ്സുകളിലെ രമണീയമായ പ്രകൃതിവിലാസത്തിൽ കാണപ്പെടുന്ന പ്രശാന്തപ്രഭകളെ വിജയിച്ച് ശോഭിക്കുന്ന ഹരിതശോണാംബരപതാകകൾ, തങ്ങളാൽ സേവ്യനായുള്ള മഹാരഥന്റെ പ്രതാപമുദ്രകളായി പ്രമോദനൃത്തം തുള്ളി, ആ ഉദ്യാനം ഭൂലോകഗതമായ സാക്ഷാൽ ചൈത്രരഥമോ എന്നുള്ള ശങ്കയെ കാണികളിൽ ജനിപ്പിക്കുന്നു.

വിവിധ വർണ്ണകഞ്ചുകങ്ങളും ഉഷ്ണീഷങ്ങളും പരസ്പരപ്രതിബിംബികളായുള്ള ആയുധങ്ങളും ധരിച്ച് ദീർഘകൂർച്ചങ്ങൾ, ഗണ്ഡശ്മശ്രുക്കൾ, കപോലകേശങ്ങൾ എന്നിതുകളാൽ ഭീഷണമുഖന്മാരായി തിരുച്ഛായാസേവനം ചെയ്തു വിശ്രമിക്കുന്ന ഭടജനസഹസ്രങ്ങൾ, അന്തർമ്മണ്ഡലസ്ഥങ്ങളായ പ്രതാപസൗന്ദര്യങ്ങളുടെ അദൃശ്യതയെ പരിരക്ഷണംചെയ്യു

ന്നു. ഒരു ഭാഗത്ത്, മസ്തകപ്രദേശം മാത്രം കണ്ടാൽ മഹേന്ദ്രഗജങ്ങളെന്ന് തോന്നുന്ന മദഗജഗിരികൾ, സ്വശിരസ്സുകളാൽ ആകാശവീഥിയിൽ ചന്ദ്രക്കലാലേഖനംചെയ്യും കർണ്ണങ്ങളെക്കൊണ്ട് യമനടനത്തിലെ ഏകതാളത്തെ മേളിച്ചും സ്വരാജമഹത്വത്തിന്റെ ഉപഘോഷകന്മാരായി ഭയാനകഗർജ്ജനങ്ങളെ മുഖരിപ്പിച്ച് ചാഞ്ചാടുന്നു. നാസാസേതുക്കളിൽ തൊടുത്തിട്ടുള്ള ലോഹശൃംഖലകളാൽ തരുമൂലങ്ങളിൽ ബന്ധിക്കപ്പെട്ട ഒട്ടകപ്പന്തികൾ തൃണാദിമൃഷ്ടാശനംകൊണ്ട് പ്രമത്തങ്ങളായി, തങ്ങളുടെ പാദാഘാതങ്ങളാൽ അടുത്ത പോലെ ധൂളീകരിക്കേണ്ട മണ്ഡലമേതെന്നു ദീർഘകണ്ഠസ്ഥങ്ങളായ വികൃതമുഖങ്ങളിലെ വിരൂപാക്ഷങ്ങൾകൊണ്ട് നോക്കി, സ്വസേനാംഗത്വത്തെ ആടോപപൂർവ്വം നിർവ്വഹിക്കുന്നു. ഈ ത്രിസേനാംഗങ്ങളെയും, വാജീകരിക്കുന്നതായ അശ്വങ്ങളുടെ മഹാനിരകൾ ആയോധനപ്രവർത്തനത്തിനുള്ള അക്ഷമയും മുഷ്ക്കും വന്മദവും പ്രകടിപ്പിച്ച് ആ സങ്കേതഭൂമിയിൽത്തന്നെ ഖുരമർദ്ദനവും ചുരമാന്തലുംകൊണ്ട് വിലമുഖങ്ങളെ സൃഷ്ടിച്ച്, ഭൂജത്രസനങ്ങളോടിടചേർന്ന ഹേഷാരവപടലികളെ സാംക്രമികതയാൽ അമർഷോൽക്കർഷത്തോടെ ഘോഷിക്കുന്നു. തരുനിബിഡതകൊണ്ട് നിതാന്തഛാദിതമായ പല കേന്ദ്രങ്ങളിലും ഉറപ്പിച്ചിട്ടുള്ള പീരങ്കികൾ യമഹുങ്കാരരൂപങ്ങളായ തങ്ങളുടെ ശ്വാസങ്ങളെ സംയമനം ചെയ്ത് ദക്ഷിണഭൂഖണ്ഡത്തെ കബളീകരിക്കാനുള്ള ഗ്രാഹങ്ങളെന്നവണ്ണം വിപാടിതവക്ത്രങ്ങളായി സ്ഥിതിചെയ്യുന്നു. ഈ വാഹിനീഖണ്ഡങ്ങളുടെ അനുമുഹൂർത്തചേഷ്ടകളെ ഉർജ്ജസ്വലമായി നിയന്ത്രിക്കുന്ന നായകകണ്ഠങ്ങളിൽനിന്നു പുറപ്പെടുന്നതായ ആജ്ഞകളും കാഹളധ്വനികളും മേഘാരവംപോലെ മുഴങ്ങി ആ മഹാബലം ആജ്ഞാനുസാരമുള്ള സംഹാരത്തിന് തുനിയുമ്പോൾ മേഘനാദനിരകളായി പരിവർത്തനം ചെയ്യുമെന്ന് ദിഗന്തങ്ങളിൽ ഉൽഘോഷണം ചെയ്യുന്നു.

ഈ ജീവപ്രാകാരത്തിനുള്ളിൽ രജോഗുണത്തിന്റെ മനോഹാരിത്വം, തുരുഷ്കകഥാമൃതങ്ങളിലെ മഹോൽപ്രേക്ഷകളെയും സാഹിതിഗുണശൂന്യങ്ങളായി ഇദംപ്രഥമമായുള്ള ഒരു വിഭ്രാമകദർശനമെന്ന വിശ്രുതിക്ക് അവകാശപ്പെടുന്നു. സേനാനായകന്മാർ, ഉപനായകന്മാർ, രാജസഭാപ്രഭൃക്കൾ എന്നിവരുടെ വേഷവിശേഷങ്ങളും ബാഹ്ലേയഗാംഭീര്യം, അനംഗസുഭഗത, സവ്യസാചിപ്രഭാവം, ദശഗ്രീവൗദ്ധത്യം, കീചകരസികത്വം തുടങ്ങിയുള്ള ഭാവഭേദങ്ങളും ഏതദ്വിധം സംയോജിച്ചുള്ള രംഗം ദക്ഷിണാപഥത്തിൽ നിസ്സംശയം ഒരു അലഭ്യദർശനംതന്നെ ആയിരുന്നു. ഈ നരമേധഹോത്രികളുടെ കൂടാരങ്ങൾ വിവിധവർണ്ണം കലർന്നുള്ള പട്ടുകൊടിക്കൂറകളാലും സ്തൂപികകളുടെ രജതൗജ്ജ്വല്യപ്രസരണത്താലും അവയുടെ അന്തഃപ്രദേശങ്ങൾ സംഭാരനിചയങ്ങളുടെ പ്രഭാവസമ്മേളനങ്ങളാലും ഭാസമാനമായി, പ്രേക്ഷകജനങ്ങളെക്കൊണ്ട് ഹൗണീകാലത്തിലെ ഒരു ദാശരഥീപട്ടാഭിഷേകമഹോത്സവത്തെ സന്ദർശിപ്പിക്കുന്നു. ഈ സഭാവലയം നിരവധി ആസുരപ്രഭാവന്മാരുടെ നിതാന്തോന്മേഷപ്രവർത്തനങ്ങളുടെ രംഗമായിരുന്നിട്ടും ദാക്ഷിണ്യഹീനമായ ഒരു ചന്ദ്രഹാസത്തിന്റെ നിയന്ത്രണത്താൽ കേവലം സാലഭഞ്ജികാലയങ്ങളുടെ മൂകതയോടെ വർത്തിക്കുന്നു.

ഇങ്ങനെയുള്ള പടമണ്ഡപാവലികളാൽ വലയിതമായുള്ള പ്രതിഷ്ഠാഗേഹം രാജസവിഭൂതികളുടെ നിസ്സീമതയ്ക്ക് ചേർന്നുള്ള ഗർഭഗൃഹങ്ങളാൽ അനുബന്ധിതമായിരുന്നു. ചന്ദ്രി

കാമ്പുതത്തിൽ സ്നാതമായി, താരഹാരാവലികളാൽ അലംകൃതമായി കാഴ്ചവയ്ക്കപ്പെട്ട ബഹുപുഷ്പകങ്ങൾതന്നെ അതുകളുടെ ഉജ്ജ്വലസമ്മേളനത്തോടെ കുബേരകുലസേവ്യനായ ടിപ്പുമഹാരാജാവിന്റെ ദിഗ്ജയസഞ്ചാരങ്ങളിൽ തിരുവുളം അറിഞ്ഞു പരിചരണം ചെയ്യുന്നു. വൈകുണ്ഠകൈലാസങ്ങളെയും ധനദേന്ദ്രമന്ദിരങ്ങളേയും അനുഗ്രഹിച്ചിട്ടില്ലാത്ത ഒരു കാന്തികകലാപം വിയൽപഥികരായ ഗ്രഹതാരാവലികളെയും ന്യൂനപ്രഭന്മാരാക്കുന്നു. ഈ ഉപകാരികാനിചയത്തിന്റെ സ്ഥൂണമകുടങ്ങളിൽ ചാഞ്ചാടുന്ന കനകരചിതമായുള്ള ശശാങ്കകലകൾ ഉപാന്തസ്ഥമായുള്ള ഭഗവൽക്ഷേത്രത്തിലെ ചന്ദ്രകലാധരനെ ദർപ്പകദാഹത്തിനു പൂർവ്വമായുള്ള സമാധിസ്ഥിതിയിൽ ലീനനാക്കിയിരിക്കുന്നു.

ഈ കൂടാരപ്പന്തിയുടെ മുൻഭാഗത്ത് അതിൽ അധിവസിക്കുന്ന സമ്രാട്ടിന്റെ തിരുവുള്ളവും സാവകാശവും പ്രതീക്ഷിച്ച് നെറ്റിപ്പട്ടവും അതിരുചിപ്രചുരങ്ങളായ കായകവചങ്ങളും, നാദസത്വത്തെ സംഗ്രഹിച്ചുള്ള ഘണ്ടാദ്വന്ദ്വങ്ങളും കനകകണ്ഠഹാരങ്ങളും അണിഞ്ഞുള്ള ഗജേന്ദ്രന്മാരും സമാനഭാസുരതയെ പ്രസ്ഫുരണം ചെയ്യുന്ന വസ്ത്രാദ്യലങ്കാരങ്ങളോടുകൂടിയ ഹസ്തിപന്മാരും കാത്തുനില്ക്കുന്നു. ഉപകാരികകളെ വലയം ചെയ്തു ശോണാക്ഷന്മാരായ അതികായന്മാർ അവസരവീക്ഷകനായി മൃദുസഞ്ചരണം ചെയ്തുകൊള്ളുന്ന മന്ദപവനനെയും ശൂലാരോഹം ചെയ്യിച്ച് ശിലാവിഗ്രഹങ്ങളെന്നപോലെ മഹത്സമക്ഷസംരക്ഷണം നിവർത്തിക്കുന്നു. കൂടാരങ്ങളുടെ ദ്വാരപ്രദേശം സേവിക്കാനുള്ള ഭാഗധേയത്താൽ അനുഗ്രഹിക്കപ്പെട്ട സേനാംഗപ്രമാണികൾ, ഓരോ സിംഹാസനം ഭരിക്കാൻ വേണ്ട ആഡംബരത്തിൽ കനകഭൂഷാദികൾ അണിഞ്ഞുള്ള കമനീയാങ്കന്മാരായിരുന്നു. താലവൃന്തങ്ങൾ, ആതപത്രങ്ങൾ, ചാമരങ്ങൾ, ആലവട്ടങ്ങൾ എന്നിത്യാദി രാജചിഹ്നസാമഗ്രികൾ കനകമയങ്ങളും അതുകളുടെ വാഹകന്മാർ ഇന്ദ്രദാസതുല്യം ഭൂഷോജ്ജ്വലന്മാരും ആയി, ഒരു സുവർണ്ണമയമണ്ഡപത്തിന്റെ ഗോപുരാങ്കണത്തിലെ അലങ്കാരങ്ങളായി വർത്തിക്കുന്നു. ഹുക്കാധൂമം അല്ലാതെ, ഒരു മശകമാകട്ടെ, ഒരു മക്ഷികയാകട്ടെ, ആ സങ്കേതഭൂമിയുടെയും ആകാശത്തിന്റെ ചന്ദ്രികാനൈർമ്മല്യത്തെ കളങ്കപ്പെടുത്താൻ പ്രവേശിക്കുന്നില്ല. ആജ്ഞാവാഹികളുടെ ഉരഗസമാനമായുള്ള ത്വരിതഗമനങ്ങളും, അംഗവിക്ഷേപങ്ങളാലുള്ള പരസ്പരബോധങ്ങളും മന്ത്രവിശാരദന്മാരുടെ പ്രവേശനനിർഗ്ഗമനങ്ങളും അല്ലാതെ അവിടെ തിരുമുറ്റപ്രദേശം നിശബ്ദവും നിശ്ചലവും പ്രശാന്തവുമായി സ്ഥിതിചെയ്ത് ഈ അവസ്ഥയുടെ ഭഞ്ജനത്തിന് ഉദ്യക്തരാകുന്ന അവിവേകികൾ അനുക്ഷണഹതിക്കു പാത്രമായിത്തീരുമെന്ന് വിജ്ഞാപനം ചെയ്യുന്നു. ബഹുഗന്ധദ്രവ്യങ്ങളുടെ പരിമളവും അവിടവിടെ സ്ഥാപിക്കപ്പെട്ടുള്ള ധൂമപാത്രങ്ങൾ, സാമ്പ്രാണിക്കുറ്റികൾ എന്നിതുകളിൽനിന്ന് പൊങ്ങുന്ന സുഗന്ധധൂമവും സരസസമ്മേളനംചെയ്ത് സാമ്രാട്ട് പദത്തിന്റെ സമ്പൽപൗഷ്കല്യത്തെ നാസാമാർഗ്ഗേണയും ആരാധകലോകത്തെ ഗ്രഹിപ്പിച്ച് അവരുടെ പ്രജ്ഞാകൂടത്തെ സമ്മോഹിപ്പിക്കുന്നു.

മരതകവർണ്ണം ചിന്നുന്ന പട്ടാംബരത്താൽ ആവേഷ്ടിതമായും, നീരാളജാലരുകളാലും വിവിധ വർണ്ണങ്ങളിലുള്ള പിഞ്ഛസമുച്ചയങ്ങളാലും ചന്ദ്രക്കലാങ്കിതമായുള്ള ചെറുകൊടികളാലും അലങ്കരിക്കപ്പെട്ടും ഉള്ള ഒരു മഹോപകാരിക, ഈ അലഭ്യപ്രദർശനങ്ങളുടെ

ജീവകേന്ദ്രമായി, സർവ്വോപരി ഭാസ്വത്തായി സമ്പദൈശ്വര്യപ്രതാപവീര്യങ്ങളുടെ അംശു പ്രസരംചെയ്തു് വിലസുന്നു. അതിലെ സ്നാനവ്യാപൃതകളായ കിന്നരികൾ, ഗോപികാജനം എന്നീ വർഗ്ഗം മഞ്ജുളാംഗികളുടെ രൂപവിശേഷങ്ങളാൽ ചിത്രിതമായുള്ള യവനികകൾ ഈ നിലയനത്തിന്റെ അന്തഃപ്രദേശത്തിൽ കൽഹാരസരസ്സിന്റെ ശീതളതയെ സംഭരിക്കുന്നു. ഈ ഗർഭഗൃഹത്തിനകത്തുള്ള ഒരു നെടുംസിംഹാസനം ഭഗവന്നേത്രങ്ങളാലൊഴികെ ദർശിച്ചുകൂടാത്തതായ ഒരു മഹിതജ്യോതിസ്സിനാൽ അധിഷ്ഠിതമായിരിക്കുന്നു. ശിരോരോമകൂടത്തിലെ ഒരു വജ്രം ശുക്രപ്രഭയും അരപ്പട്ടയിലെ സംഘടികാസൂത്രം ഇതരഗ്രഹപ്രഭകളും അരയിൽ തിരുകീട്ടുള്ള ഒരു ചെറുകഠാരയുടെ പികശിരസ്സിലെ നേത്രരത്നങ്ങൾ ആശ്വിനേയപ്രഭകളും ആപാദകണ്ഠമുള്ള കവചഡരിക ശുദ്ധാകാശത്തിൽ തിളങ്ങുന്ന നക്ഷത്രാവലിയുടെ സ്ഫുരൽപ്രഭകളും നിമേഷഹീനങ്ങളായ ദേവനേത്രങ്ങളെയും അഞ്ചിക്കുമാറു സംയോജിച്ച് പരിതഃസ്ഥങ്ങളായുള്ള പ്രതാപസാമഗ്രികളുടെ ആകാരമൂല്യതകളെയും അദൃശ്യമാക്കുന്നു. എങ്കിലും ആ രാജമണ്ഡപം കാമധേനുവാലും കല്പകവൃക്ഷത്താലും ദാനം ചെയ്യപ്പെടാവുന്ന സകല ഭൂതികളെയും സഞ്ചയിച്ച് ഭരതസപര്യയ്ക്കായി സജ്ജീകരിക്കപ്പെട്ട ഭരദ്വാജാശ്രമം പോലെ സ്ഥിതിചെയ്യുന്നതായി സങ്കല്പിച്ചുകൊണ്ട് കഥാശേഷത്തിലോട്ടു പ്രവേശിക്കുക തന്നെ.

രത്നാഞ്ചിതമഞ്ചത്തിന്റെ പൂർവ്വതലത്തെ ആസ്തരണം ചെയ്യുന്ന രത്നകംബളത്തിൽനിന്നു് "പ്രസാദിച്ചാലും! അനുഗൃഹീതപാദുഷാ പ്രഭോ! ഈ പുണ്യപാദങ്ങൾ പണിയുന്ന ദാസൻ സാക്ഷാൽ ദീർഘദർശിയുടേതുപോലുള്ള തിരുനാവിൽനിന്നു പ്രസ്രവിപ്പിച്ച നയവാദങ്ങളും വാശത്തങ്ങളും പദാനുപദമായി പ്രയോഗിച്ചു. അദ്ദേഹം ഈ സന്നിധാനത്തിന്റെ ഭാവുകദായകത്വത്തെ ഗ്രഹിപ്പാനുള്ള ബുദ്ധിയാൽ അനുഗൃഹീതനല്ല. ഈ സ്വർഗ്ഗീയഛായയിൽ തഴയ്ക്കേണ്ടുന്ന ഈ നിസ്സാരതൃണം, തിരുവടികളുടെ ബ്രഹ്മാസ്ത്രശക്തിയെ വഹിച്ചിരുന്നു. എങ്കിലും ആ ശൂന്യശിരസ്കനെ സമ്മോഹിപ്പിക്കുന്ന കാര്യത്തിൽ പരാജിതനായി" എന്നുള്ള വാർത്താസമർപ്പണം സിംഹാസനസ്ഥനെ ഹുക്കാധൂമത്തിന്റെ ലഹരിയിൽനിന്നുണർത്തി.

ടിപ്പു: "ആഹാ! കഥകൾ അപ്പോൾ ദൈവഹിതത്താൽ അവസാനിപ്പിക്കപ്പെട്ടതു് അങ്ങനെയോ? നമ്മുടെ ധന്യസാർവ്വഭൗമത്വം ആ തുച്ഛനെക്കുറിച്ചുള്ള വ്യാജശ്രുതികളാൽ വഞ്ചിതമായി. ക്ഷമ വിജയികൾ വഹിക്കേണ്ട പരിച അത്രേ. അജിതസിംഹപ്രഭോ! എഴുനേൽക്ക. സകലകാര്യനിയന്താവിന്റെ വത്സലസന്താനമായ നമ്മുടെ നിർഭരപ്രീതിയിലെ അനർഗ്ഗളതയിൽ വിശ്വസിച്ചുകൊൾക. അപ്പോൾ, ആ ചൊക്രായാചകൻ നമ്മുടെ കല്പനാപ്രസാദത്തെ, അവിശ്വാസി മ്ലേച്ഛനായി, മിതിച്ചുകളഞ്ഞു. അല്ലേ? എന്നുമാത്രമല്ല, ഭടന്മാരാൽ കൃമിമക്ഷികകളുടെ ആക്രമണത്തിൽനിന്നുപോലും രക്ഷിക്കപ്പെടുന്ന നമ്മുടെ ആനന്ദമന്ദിരത്തിലെ ഒരു രഹസ്യത്തെ വിസർജ്ജിപ്പാൻ മുഷ്കനാവുകയും ചെയ്തുവോ? ഹായ്! ഹായ്! അജിതസിംഹസഖേ! അവന്റെ സംഹാരക്രിയ നമ്മുടെ കോപദാഹത്തെ ശമിപ്പിക്കുന്നില്ല. നമ്മുടെ കണ്ണുകൾക്കു മുമ്പുവച്ച് അവന്റെ ജീവൻ താങ്ങുന്ന വിറകുതടി അടിമുതൽ മുടിവരെ ചെറുചൂടിൽ നീറി, ഈ കഠാരയെ പീഡിപ്പിക്കുന്ന അസന്തുഷ്ടി വ്യാധിയെ ശമിപ്പിപ്പാനുള്ള ക്ഷാരമാകേണ്ടതായിരുന്നു. ഇരിക്കട്ടെ ഈ സംസ്ഥാനത്തിന്റെ

ഭർത്താവ് നമ്മെ എന്തു ധൈര്യത്താൽ നസ്സർവച്ച് ഉപചരിച്ചില്ല? ഏതു ചൈത്താന്റെ പുറംതാങ്ങി ആധാരമാക്കി, സേനാസഹായം ചെയ്‌വാൻ മുന്നോട്ടുവരുന്നില്ല?"

അജിതസിംഹൻ: "പ്രഭോ! അവിടത്തെ ഔദാസീന്യത്തെ തിരുവുള്ളം കൊണ്ടഭിനന്ദിക്കണം. ഞങ്ങൾ ആരാധിക്കുന്ന ഒരു ക്ഷേത്രം വഞ്ചിരാജ്യത്തിന്റെ ദക്ഷിണഭാഗത്തുണ്ട്. അവിടെ വച്ച് നമ്മുടെ ബന്ധു മഹാരാജാവ് രാമരാജബഹദൂർ രാജ്യത്തെ പെരുമ്പടപ്പുസൈന്യം ദ്രോഹിക്കയില്ലെന്ന് പ്രതിജ്ഞ ചെയ്തുപോയി."

ടിപ്പുസുൽത്താൻ ഒരു ദീർഘഗർജ്ജനത്താൽ ആ പ്രവാദത്തെ അവസാനിപ്പിച്ചുകൊണ്ട് ഇങ്ങനെ പ്രശ്നംചെയ്തു: "ആകട്ടെ. ആ കോട്ടയുടെ തല്ക്കാലസജ്ജകളെ നല്ലപോലെ സൂക്ഷിച്ചറിഞ്ഞുവോ?"

അജിതസിംഹൻ: "വിക്രമസമുദ്രം പ്രവഹിക്കാനുള്ള അഴിയെ മാത്രമല്ല, നെടുംകോട്ടവാരത്തിൽ പല ജലമുഖങ്ങളുംകൂടി, സർവ്വം രക്ഷിക്കുന്ന മഹൽബുദ്ധിയുടെ കാറ്റേറ്റുള്ള അടിയൻ കണ്ടുപോന്നു. കല്പനപ്രകാരമുള്ള ശ്രമത്തിലെ തോലികൊണ്ടുള്ള ജളതയാലല്ല അടിയൻ താമസിച്ചത്. അരുളപ്പാടുകളുടെ നിസ്തന്ദോർജ്ജിതത്താൽ നിയന്ത്രിതനായ അടിയൻ, ചാരവൃത്തിയും യഥാശക്യം സാധിച്ചു."

സിംഹാസനത്തിലുണ്ടായിരുന്ന ഒരു രത്നവലയം സുൽത്താന്റെ അപാംഗവിക്ഷേപം അനുസരിച്ച് ജാനുക്കളിന്മേൽ നമസ്കാരം ചെയ്ത് അജിതസിംഹന്റെ ഹസ്തത്തിൽ സംഘടിതമായി.

ഈ സന്ദർഭത്തിൽ ഒരു സേവകൻ കൂടാരത്തിന്റെ മുമ്പിലെത്തി മുട്ടുകൾ കുത്തിയും ഭൂമിതൊട്ടു പലവുരു സലാംചെയ്തും സുൽത്താന്റെ തിരുമുഖത്തിൽനിന്ന് പ്രക്ഷേപിതമാകുന്ന ചോദ്യമൗക്തികങ്ങളെ പെറുക്കാൻ കംബളം നോക്കി സ്ഥിതനായി. സുൽത്താന്റെ നേത്രാഞ്ചലത്താൽ ആജ്ഞാപിതനായ അജിതസിംഹൻ, ആഗതനായ സേവകൻ ധരിപ്പിക്കാൻ തുടങ്ങുന്ന വൃത്താന്തം എന്തെന്നു ചോദിച്ചു. ശ്രീരംഗപട്ടണത്തിൽനിന്ന് വ്യാപാരിയുടെ വേഷത്തിൽ യാത്രയാക്കപ്പെട്ട കാളിപ്രഭാവഭട്ടസ്വാമികൾ തിരുവുള്ളം കാത്തുനില്ക്കുന്നു എന്ന് സേവകൻ ധരിപ്പിച്ചു. ദക്ഷന്റെ ദുർമ്മദപ്രവർത്തനത്തെ ഭൂതഗണങ്ങളുടെ വിലാപങ്ങളിൽനിന്ന് ഗ്രഹിച്ച സംഹാരമൂർത്തിയെപ്പോലെ, സുൽത്താൻ ആ മഹാരാമത്തെ സർവ്വോന്മൂലനംചെയ്‌വാനുള്ള വ്യാഘ്രനൃത്തം തുടങ്ങി. അജിതസിംഹൻ അകമ്പിതശരീരനായി കൂടാരത്തിന്റെ ഒരു കോണിലോട്ടു നീങ്ങി, തന്നെക്കാൾ വിശ്വസനീയനായി ആദരിക്കപ്പെട്ട ആ ബ്രാഹ്മണവര്യൻ രാജപ്രസാദസോപാനത്തിൽനിന്ന് അധഃപതിതനാവാനുള്ള കാരണം അറിവാനുള്ള ഉത്കണ്ഠയോടെ കാത്തുനിന്നു.

ടിപ്പുസുൽത്താൻ: "ചൈത്താന്റെ തീക്കുഴിയിൽ എത്തിക്കാനുള്ള തുക്കുകയർ തയാറായില്ലേ? കൈതവം, വഞ്ചന, ദ്രവ്യാഗ്രഹം – ഹാ! ഹാ! നരകം കാട്ടുന്ന സമസ്തപാപവും മൂർത്തീകരിച്ച ആ കഴുകന്റെ ദുർമ്മരണക്കളി നമ്മുടെ വത്സന്മാരായ ഭടജനങ്ങൾ

കണ്ടു രസിക്കട്ടെ. പോ! പൊക്കവും ഘനവും കൂടിയതായ ഒരു മരക്കൊമ്പ് പുൽക്കുടിലിൽ പതുങ്ങി ചതിക്കടിക്ക് ഒതുങ്ങിയ സർപ്പത്തെ ഊഞ്ഞോലാടിക്കാൻ കണ്ടുപിടിക്കട്ടെ."

ഈ ആജ്ഞ കേട്ട് സേവകൻ എഴുന്നേറ്റു. ടിപ്പുവിന്റെ രോഷാവേശം ഇങ്ങനെ പ്രവഹിച്ചു. "അരേ മൂർഖാ! നിൽക്ക്. ആ ദ്രോഹി – വഞ്ചകൻ – തൻകാര്യക്കാരൻ – തക്കിടി നിറഞ്ഞ മൺഭരണി, ഇതാ നീ നില്ക്കുന്നെടത്ത് എത്തുമ്പോൾ ഒരു ചീന്തുതുണിയിൽ വാരിക്കൊണ്ടുപോകാവുന്നവണ്ണം തകർന്നിരിക്കണം. ഗച്ഛ!"

സേവകൻ മണ്ടി. പരിസരവാസികൾ സ്തബ്ധവൃത്തികളായി. വത്സനായ ശ്രീഹനുമാനിൽ അശനിപാതം ഉണ്ടായ അവസരത്തിലെന്നപോലെ പവനദേവൻ സ്തംഭിക്കുകയും ആ സ്തബ്ധത സമീപസ്ഥമായ മഹാദേവക്ഷേത്രത്തിൽക്കൂടി വ്യാപിക്കുകയും ചെയ്തു. ആ വിശുദ്ധസങ്കേതത്തിൽനിന്നു പുറപ്പെട്ട ഒരു ഘണ്ടാക്വണിതം സുൽത്താന്റെ കോപരസപ്രകടനത്തെ വികലപ്പെടുത്തുകയാൽ ആ ക്ഷേത്രകർമ്മങ്ങൾ ഒരു ആജ്ഞാച്ഛിന്നത്താൽ പ്രതിബന്ധിക്കപ്പെട്ടു. തന്റെ കഠാര ഊരി അതിന്റെ പിടിയിന്മേൽ ക്രൂരമർദ്ദനം തുടങ്ങിയിരിക്കുന്ന സുൽത്താന്റെ പുരോഭാഗത്തുള്ള കൂടാരമുഖപ്പിൽ സേവകസമിതിയാൽ ഗൗണ്ഡനായ ഗംഗ്ഗരാം സത്രത്തിലെ കാർബാറി കാളിപ്രഭാവഭട്ടജി ശവശരീരംപോലെ ദണ്ഡനമസ്കാരസ്ഥിതിയിൽ പ്രക്ഷേപിക്കപ്പെട്ടു. സേവകന്മാരോടുണ്ടായ മല്ലയുദ്ധത്തിനിടയിൽ കാളിപ്രഭാവന്റെ ശിരോഭൂഷമായുള്ള വസ്ത്രവലയം ഒരു ഭാലാമുനയാൽ അപഹരിക്കപ്പെട്ടിരുന്നു. അതുകൊണ്ട് സുൽത്താൻ ബഹദൂർ സാന്നിധ്യത്തെ പ്രധാനമായി ബഹുമാനിച്ചത് അയാളുടെ ബ്രഹ്മമുണ്ഡിതമായ വൃദ്ധശിരസ്സുതന്നെയായിരുന്നു. സുൽത്താനോ മനോധർമ്മസമൃദ്ധിയാൽ സമൃദ്ധിതമായ ഒരു ഭണ്ഡാഗാരമായിരുന്നു. അതിനാൽ ഗൗണ്ഡന്റെ ഉത്തമാംഗദർപ്പണത കണ്ടപ്പോൾ ഡുണ്ഡിയായുടെ അന്തംവരുത്തിയ കർമ്മത്തെ ഒന്നുകൂടി പ്രയോഗിച്ച് തന്നെ വിനോദിപ്പിപ്പാൻ ടിപ്പു ബഹദൂർഷാ അജിതസിംഹനോടാജ്ഞാപിച്ചു. തന്റെ പാദങ്ങൾ പാപ്പാസുകൾ അണിയുന്നില്ലെന്ന് ആജ്ഞാപിതന്റെ അങ്ങോട്ടുള്ള നോക്കുകളാൽ ഉണർത്തിക്കപ്പെട്ട ആ മനോധർമ്മകട്ട്ലം വികസിച്ച് ഒരു മധുപ്രവാഹത്തെ വിസർജ്ജിച്ചു: "ആയ് ഹാ! അള്ളാ സ്തുത്യനായിരിക്കട്ടെ! ആ മഹൽപ്രഭാവം ഒന്നേ ശാശ്വതം! നന്നുനന്ന്! ആ ഡുണ്ഡിയാക്ക്ക് നാം കുറച്ചു മുമ്പ് ആലോചിച്ചില്ലേ? ആ ശിക്ഷാമാർഗ്ഗം ഈ മാംസകൂടത്തിൽ പ്രയോഗിച്ചാൽ നമ്മുടെ സേനയ്ക്ക് നാലഞ്ചുദിവസത്തെ വിനോദദർശനമാകും. മഹാഭവനങ്ങൾക്കും ക്ഷേത്രങ്ങൾക്കും നാം നല്കിയ ബഹുമതിതന്നെ ഈ കൃത്രിമ മൂർത്തിയേയും അവന്റെ അവസാനത്തോടും ചേർക്കട്ടെ!"

ഈ കല്പനകേട്ട് എഴുന്നേറ്റ ഗൗണ്ഡൻ അഥവാ ഭട്ടൻ തന്റെ ദാസ്യം അംഗീകരിച്ച ബ്രാഹ്മണൻ അല്ലെന്ന് ടിപ്പുവിനു തോന്നിപ്പിക്കുമാറുള്ള പൗരുഷാഹങ്കാരങ്ങളോടെ യാതൊരു പുച്ഛത്തിന്റെയും ആച്ഛാദനവും സന്ധിയുടെ നമനവും കൂടാതെ നിലകൊണ്ടു. ജടിലിച്ചുള്ള മീശയും ജീർണ്ണമായ പുരുകങ്ങളെയും ആ സന്നിധാനത്തിൽ വച്ച് തലോടി സ്വൈരഭാവം നടിക്കുന്ന ആ ധിക്കാരി അജിതസിംഹന്റെ ഉള്ളത്തെപ്പോലും കിടുക്കി; പരിജനങ്ങളെ ഓരോ മറവുകളിലോട്ടുമാറ്റി; ടിപ്പുവെക്കൊണ്ട് കഠാരയെ അതിന്റെ കോശത്തിൽ പു

നരാവേശിപ്പിച്ചു. അപാരാധാരോപത്തിനും സംഗതിവിസ്താരത്തിനും സാക്ഷ്യസംഭരണത്തിനും കാത്തുനില്ക്കാതെ, സമാധാനോപന്യാസത്തെക്കൊണ്ടു് തന്റെ കഥാന്തം വരുത്തിക്കൊൾവാൻ ആ ധീരകുലജാതൻ മുതിർന്നു. ആ സേനാരാമത്തിൽ കടന്നതിന്റെ ശേഷം തന്നെ കണ്ടിട്ടും പ്രമാണിഭാവത്തിൽ ആദരപ്രകടനംകൂടാതെ നടന്നുകളഞ്ഞ ഭംഗാരാമൻ തന്റെ പരമാർത്ഥങ്ങളെ എങ്ങനെയോ അറിഞ്ഞു് ടിപ്പുവിനെ ധരിപ്പിച്ചിരിക്കാമെന്നു് ആ തന്ത്രജ്ഞൻ ഗ്രഹിച്ചു. അവനെ തന്റെ വിശ്വസ്തചാരനാക്കി തിരുവനന്തപുരത്തു സഞ്ചരിപ്പിച്ചതു് ദിവാൻജിയോടോ മറ്റോ സംഘടിപ്പാൻ അവനു് സംഗതി വരുത്തിയിരിക്കാമെന്നും അവനെ പാട്ടിലാക്കിയ വിദഗ്ധൻ, താൻ മൃതനാക്കിയ സത്രഭടന്റെ അനുജനെ പ്രതിക്രിയയ്ക്കു് ഉദ്യോഗിപ്പിച്ചും പരമാർത്ഥങ്ങൾ ധരിപ്പിച്ചും അവനെ തന്റെ ഒരു വധായുധമായി പ്രയോഗിച്ചിരിക്കുന്നു എന്നും ലോകകൗശലങ്ങളിൽ അഭിജ്ഞനായിത്തീർന്നിട്ടുള്ള ആ ഭ്രതത്താനിൽ ആത്മോദയമുണ്ടായി. രാമവർമ്മ മഹാരാജാവിന്റെ ശത്രുവായി കാപ്പുകെട്ടിയ മുഹൂർത്തംമുതൽ ഗൃഹത്യാഗംവരെയുള്ള ആദ്യ സ്കന്ധത്തിലും, ആപൽഗ്രസ്തനായി, വിദേശസഞ്ചാരിയായി ഒരു രാജവ്യാഘ്രത്തിന്റെ പാദസേവനം ദീക്ഷിച്ചു് ആ രാജർഷിയെ ദ്രോഹിപ്പാൻ പുറപ്പെട്ട ഈ രണ്ടാം സ്കന്ധത്തിലെ പ്രഥമ പദംമുതൽക്കു് ക്ഷീണപൗരുഷനായി എല്ലാ ശ്രമങ്ങളിലും സ്ഖലിതകൗശലനുമായി. ധർമ്മംകൊണ്ടു് ഹസ്തപ്രക്ഷാളനം ചെയ്യുന്ന അവിടുന്നും, അവിടുത്തെ മന്ത്രിയും വാഴ്ചകൊള്ളട്ടെ! എന്നിങ്ങനെ സമാധാനപ്പെട്ടുള്ള ചിത്താശ്വാസം മാണിക്കഗൗണ്ഡൻ എന്ന പേരോടെ ചാരവൃത്തി അനുഷ്ഠിച്ചുവന്ന ഭട്ടനെ നിധനായുധങ്ങളാലും അജയ്യനായ ഒരു വീരമാണിക്യമായി സുൽത്താന്റെ മുമ്പിൽ പ്രകാശിപ്പിച്ചു. അയാളുടെ ഹ്രസ്വകണ്ഠം അതിന്റെ വിപുലവ്യാസത്തിൽനിന്നു് പുറപ്പെടുവിച്ച ശബ്ദങ്ങൾ ടിപ്പുവിന്റെ ഗർവ്വമർമ്മത്തിന്മേൽ ശൂലധാരകളുടെ അനിരോദ്ധ്യമായുള്ള നിശിതവർഷംപോലെ തറച്ചു.

ശിക്ഷണീയനായി തന്നാൽ വിധിക്കപ്പെട്ട ദുരുപദേഷ്ടാവെ അയാളുടെ ഭാവനിലകളുടെ പരിവർത്തനത്തിൽ കണ്ടപ്പോൾ കല്ലോലനിരകൾ തുള്ളിക്കളിച്ചു് വിഹരിക്കുന്ന മഹാജലാശയങ്ങൾ കാർമേഘലാഞ്ഛനം കണ്ടു് അനന്തര സംരംഭത്തിനായി സ്ഫടികപ്രശാന്തതയിൽ ലയിക്കുമ്പോലെ ടിപ്പുസുൽത്താൻ തന്റെ അകക്കാമ്പിൽ പുളച്ചുതുടങ്ങിയ വ്യാഘ്രതയെ ദമനംചെയ്തുകൊണ്ടു ഹംസകണ്ഠങ്ങളിലെ മൃദുപിഞ്ഛങ്ങളാൽ നിർമ്മിതമായുള്ള മഹോപധാനത്തിന്മേൽ ഒരു സ്കന്ധത്തെ ആമഗ്നമാക്കി അർദ്ധശയനംചെയ്തു. ഗൗണ്ഡൻ നിർഭയനായി, ജീവത്യാഗത്തിനും സന്നദ്ധനായി, തന്റെ പരമാർത്ഥങ്ങളിൽ അവജ്ഞയ്ക്കും ഗോപനത്തിനും പാത്രമായ അംശങ്ങളില്ലെന്നുള്ള ഭാവനയോടെ, ശിക്ഷാദണ്ഡത്തിന്റെ നിപാതത്തെ തന്റെ ജന്മദേശഭാഷയിൽ ഊർജ്ജിതമായി നിമന്ത്രണംചെയ്തു. "നിന്തിരുവടി രക്ഷയ്ക്കും ശിക്ഷയ്ക്കും ചെങ്കോലാണ്ടവൻ" സുൽത്താന്റെ അപാംഗവീക്ഷണത്താൽ ആജ്ഞാപിക്കപ്പെടുകയാൽ ബബ്ലേശ്വരൻ ഗൗണ്ഡഭാഷണങ്ങളെ ഹിന്ദുസ്ഥാനിയിൽ ഭാഷാന്തരപ്പെടുത്തി.

ഗൗണ്ഡൻ: "ഈ ഉമിത്തീയും, എരിവും, ചപ്രവും എല്ലാം എവനു് ഏതെങ്കിലേതു്! എങ്ങിനെയും അങ്ങെത്തണമെന്നല്ലാണ്ടു്, പനിനീരും ചന്ദനക്കട്ടയും പഞ്ചവാദ്യവും ഒരു

സ്വർഗ്ഗവും തത്രല്ല. ആൺപിറന്ന എനത്താന് പിറന്നവനെന്ന് ഈ ദർബാറിൽ നെഞ്ചിലടിച്ച് ഉറപ്പുതരാം. കച്ചവടവഴി പെഴച്ചുപെയ്യതു് ഇന്നറിഞ്ഞേ ഒള്ളു. അത്തണലിൽ ചെന്ന് ഇന്നു വീഴുന്നാലും ചേക്കകിട്ടും തിരുവടീ! ഇവിടെ ഇങ്ങ് ചാമ്പക്കുഴി എടുപ്പാനും കതമ്പ കൂട്ടാനും കല്പന–"

ഗൗണ്ഡന്റെ ഓരോ പദവും പീരങ്കിമുഖങ്ങളിലും നിശ്ചലനായ സുൽത്താൻ ബഹദൂറിന്റ ഹൃദയത്തിന്മേൽ നാഗാസ്ത്രതുല്യം തറയ്ക്കുന്നു എന്നും, അവസാനകലാശം പൂർവ്വവിധിയിലും അധികം ഭയാനകമായിത്തീർന്നേക്കാം എന്നും ചിന്തിച്ച് അജിതസിംഹൻ സ്വമിത്രമായി സഹകരിച്ചിരുന്ന ഗൗണ്ഡനോട് ക്ഷമായാചകനായി പ്രവർത്തിപ്പാൻ കടാക്ഷാഞ്ചലത്താൽ പ്രാർത്ഥിച്ചു. ഗൗണ്ഡൻ ആ ഉപദേശത്തെ അനാദരിച്ച് തന്റെ അപരാധസമ്മതത്തെ തുടർന്നു: "അതിനെന്ത്? ആഹാ! തിരുവടികൾ ഉംദുത്ത് ഉൽമൽക്ക് മുബാറുക്ക് ഉദ്ദൗളാ ടിപ്പുസുൽത്താൻ ആലിഖാൻ ബഹദൂർ ഹസ്സ ബർജംഗ് എന്ന നെടും പേർകൊണ്ട് രാജ്യം പിടിക്കുന്നു. എവന്റമ്മേടെ വയറ്റിൽ പിറന്ന ഉടയാൻ പൊന്നുതിരുവടീടെ തന്തപ്പെരിയവൻ എടുത്ത അടവുതന്നെ ചവുട്ടി എങ്കിലും ഇതാ കടശിക്കൈക്ക് കുറ്റമിയും കുറംചാമ്പലും തിന്നാൻ വിധി. അതു കപ്പേണ്ട വായ്ക്കൾ നെടുനാൾ കൊന്നും കരിച്ചും മുടിച്ചും വാഴട്ടെ! വീടുവെച്ച് – മേടവച്ച് – എന്നിട്ടോ? ഉപ്പിടാക്കെ ഇരുട്ടോടെ തൊലഞ്ഞു. ഒരു ഹരിപഞ്ചാനനസ്വാമി തിരുവടികള് – അയാന്റടുത്തും ഇപ്പോലെ കൂത്തടിച്ചു. മഹാപാപി കൊലയും ചെയ്യിച്ച് കലം വെറുപ്പിച്ചേയുള്ളു."

'ഹരിപഞ്ചാനൻ' എന്ന നാമം കേട്ടപ്പോൾ, ടിപ്പുസുൽത്താൻ പൊടുന്നനവെ തന്റെ കനകമഞ്ചത്തിൽ എഴുനേറ്റിരുന്നു. മഹാത്മാവായ തന്റെ ജനകൻ അവിടുത്തെ കോശകാര്യസ്ഥൻ മുഖേന നിരവധി ധനം വ്യയംചെയ്തു രണ്ട് കലാപകാരന്മാരെ തിരുവിതാംകൂറിൽ വ്യാപരിപ്പിച്ചിരുന്നു എന്നും അവർ വിദഗ്ധസാഹസാനന്തരം എവിടെയോ അന്തർദ്ധാനംചെയ്തു എന്നും അവിടുത്തെ 'പരിശുദ്ധ'വക്ത്രത്തിൽനിന്നുതന്നെ കേട്ടിരുന്ന പുരാവൃത്തത്തെ സുൽത്താൻ സ്മരിച്ചു. ഹരിപഞ്ചാനനവൃത്താന്തം കേൾപ്പാൻ സുൽത്താൻ ആഗ്രഹിക്കുകയാൽ ഗൗണ്ഡൻ അതിനെ സംക്ഷേപിച്ച് ധരിപ്പിച്ചുകൊണ്ട് സ്വകഥനത്തെ തുടർന്നു: "അക്കഥയിലെ 'ചന്ദ്രകാരപ്രഭ' ഇവൻതന്നെ. ആ ആശയ്ക്കു അതിരില്ലാത്തവൻ പിൽക്കാലത്തെ കാളിപ്രഭാവട്ടൻ. അതിനിടയിൽ തിണ്ടാടിയ മട്ടും മലപ്പും ഏതുടയവനറിഞ്ഞു? സ്വാമി ഗംഗ്ഗറാംപ്രഭ്ര, പുണ്യവാളൻ, കൈ തന്ന് കരയിൽ കേറ്റി രക്ഷിച്ചതിനെ, ആ തിരുമലരായർ മുടിയാൻകാലത്തിന് വന്നുകേറി എല്ലാം കെടുത്തു. എങ്ങാനും കിടന്ന് കാലം മുടിയുമ്പം ചാവാനൊള്ളവനെ ഇന്നത്തെ മുടിവിനാശത്തിലും കൊണ്ടടുപ്പിച്ചു. പിറവിപ്പെരുമയുള്ളവന്റെ ഉറവ് ഏതു കുറയും പൊറുക്കും. അല്ലാണ്ടൊള്ളവൻ – ഛേ! ഏതു പൊൻകയ്യോ ഒടവാളേന്തിയ കൈയോ എരിക്കട്ടെ, കരിക്കട്ടെ-കാളിഉടയാൻ ചന്ത്രക്കാറൻ വച്ച വീടും നേടിയ പൊരുളും ആൺപേരാളും. അതു കണ്ട് കണ്ണ് നിറഞ്ഞേ നിറഞ്ഞു. ഇനി ഇരിപ്പെത്ത്, മരിപ്പെത്ത്?"

കാളി ഉടയാൻ ചന്ദ്രക്കാരൻ അയാൾതന്നെ എന്നു സമ്മതിച്ചപ്പോൾ, ഭംഗാരാമനിൽ നിന്ന് കിട്ടിയിരുന്ന കഥകൾ ഓർത്തു് അയാളുടെ തേട്ടമായ നിധികളെ തന്റെ പാട്ടിലാക്കി എങ്കിലും, തന്റെ ധനനഷ്ടം പരിഹരിക്കാത്ത അപരാധത്തിന് സമാധാനമെന്തെന്ന് സുൽത്താൻ ചോദ്യം തുടങ്ങി. ചിലമ്പിനഴിയത്തെ കാളിഉടയാൻ ചന്ദ്രക്കാറനായ ഉഗ്രമൂർത്തി തന്റെ ജീവിതമഹാനാടകത്തിൽ അവസാനാങ്കം ലേഖനശ്രമംകൂടാതെ മൗനമുദ്രകൊണ്ടു് അഭിനീതമാകട്ടെ എന്നു ചിന്തിച്ച് തന്റെ പിംഗളാക്ഷങ്ങളെ വിടുർത്തി അഭിമുഖവീക്ഷണത്താൽ ആ ചക്രവർത്തികളേബരത്തെ തീണ്ടുകതന്നെ ചെയ്തു. ആഗ്നേയാസ്ത്രപ്രയോഗത്താൽ വിജയകീർത്തി സമ്പാദിക്കുന്ന ആ ആസുരരാട്ടിന്റെ പാദനഖങ്ങൾമുതൽ, ഒരു പോകാഗ്നിശിഖ പൊങ്ങി, ആ ശരീരത്തിലുള്ള ജ്യംഭകദ്രവ്യങ്ങളിൽ വ്യാപരിച്ച് ആ സൈനികസങ്കേതം മുഴുവനെയും കിടുങ്ങിച്ച ഒരു ഭ്രകമ്പത്തെ സംഭവിപ്പിച്ചു. ദുർബോധനകളാൽ വഞ്ചിച്ച് തന്നെക്കൊണ്ടു ബഹുധനവ്യയം ചെയ്യിച്ച ധൂർത്തൻ ധിക്കാരവാദം ചെയ്യുന്നതു് ശത്രുപക്ഷത്തിന്റെ അനുകൂലി ആകകൊണ്ടുതന്നെ എന്നു ടിപ്പുസുൽത്താൻ വിളിക്കൂട്ടി. തന്റെ ധനം മുടക്കി സംഭരിച്ചിട്ടുള്ള സാമാനങ്ങൾ എവിടെ എന്ന് ചോദ്യം. ഉത്തരമില്ല. അന്നന്ന് തന്റെ ഖജനാവിൽനിന്ന് വരുത്തി കൈക്കാണങ്ങൾ കൊടുത്തു് ഏർപ്പാടുകൾ ചെയ്ത് ഉപജാപങ്ങൾ എന്തെല്ലാം? ഫലങ്ങൾ എന്തു്? എന്നു ചോദ്യം. പിന്നെയും ഉത്തരമില്ല. തന്നെക്കണ്ടു് സമ്മാനിതനായി പോയിട്ടുള്ള പെരിഞ്ചക്കോടൻ എന്ന ആളാൽ ശേഖരിക്കപ്പെട്ട സൈന്യം എവിടെ? എന്നു ചോദ്യം. ഉത്തരം മൗനനിലതന്നെ. മഞ്ചത്തിൽനിന്ന് എടുക്കപ്പെട്ട ഖഡ്ഗം തിളങ്ങെ, "പരമദുഷ്ടാ! നീചാ! നീ 'ഭാമ്മൻ' ആണെന്ന് സാക്ഷി പറവാനയച്ച മാധവായിക്കനെവിടെ?" എന്നുണ്ടായ ഗർജ്ജനത്തിനും ഗൗണ്ഡൻ മന്ദഹാസപൂർവ്വം ബധിരഭാവത്തെ നടിച്ചു. ഇങ്ങനെ ഭർത്സിക്കപ്പെട്ട സുൽത്താൻ നീചപദങ്ങൾ പ്രയോഗിച്ചുകൊണ്ടു് ഖഡ്ഗത്തെ ചന്ദ്രക്കാറന്റെ കണ്ഠം ലക്ഷ്യമാക്കി വീശി അടുത്തു. അയാൾ സമസ്തസംഭവങ്ങൾക്കും നിശ്ചേതനനെന്നപോലെ നിശ്ചലനായി നിന്നു.

സുൽത്താൻ: "ഹീനനായ, പുരീഷഭോക്താവായ, ഷണ്ഡശലഭം! നീ ഇവിടെ ചാമ്പലായി കിടക്ക്. ഭഗവന്നിയുക്തനായ നാം നമ്മുടെ ചന്ദ്രക്കലാധാരയാൽ നിന്റെ ജന്മദേശത്തെ വെളിന്തറയാക്കാൻ ഇതാ പുറപ്പെടുന്നു. അജിതസിം! കമ്മറുദീനോടു് ഈ ദൈവപ്രഭാപ്രദ്യോതസമയത്തു്, ആദ്യന്തമഹച്ഛക്തിയുടെ പരിവേഷം നമ്മുടെ അല്പപ്രജ്ഞയെ ആവരണംചെയ്തു് പുറപ്പെടുവിക്കുന്ന നിയോഗത്തെ ധരിപ്പിക്കുക. കാലാൾ ഇരുപതിനായിരം, അതിനു ചേർന്ന കുതിരപ്പട, പീരങ്കി, മദഗജം, ഒട്ടകം – പട നീങ്ങട്ടെ – അഴിക്കോട്ട ആദ്യം തകരട്ടെ. ദൈവമഹത്ത്വത്താൽ ഈ ആക്രമണത്തെ നയിക്കാൻ അധിനാഥനായി കല്പിക്കപ്പെടുന്നതു്, അനശ്വരമായ സത്യവിശ്വാസപതാകയുടെ ദിവ്യകേതുവായുള്ള നാംതന്നെ. കാബായിൽ പൂജിച്ചുള്ള നമ്മുടെ വാൾ ഇതാ അനന്തതത്ത്വപ്രഭകൾ വിതറി പൈശാചതിമിരത്തെ ഉദ്വസിക്കാൻ പ്രകമ്പിക്കുന്നു. ഇവനെ-ഈ ചൈത്താനെ-അവന്റെ ദുർന്നായകൻ കിടക്കുന്ന കുണ്ഡത്തിൽത്തന്നെ വീൾത്തട്ടെ. ഈ ശിക്ഷ-"

അരമനയിൽനിന്ന് ഉത്ഭവിച്ച ഒരു സംഗീതസരളദ്ധരിക സുൽത്താന്റെ കോപാഗ്നിയെ ശാന്തമാക്കി. ഉദയാസ്തമയാകാശങ്ങളെ ചിലപ്പോൾ ആച്ഛന്നമാക്കുന്ന ഒരു ചൂതപല്ലവദ്യുതി ആ പ്രാസാദത്തിലെ പ്രഭാമാന്ദ്യത്തെ ആവരണംചെയ്ത് സുൽത്താന്റെ അന്തശ്ചക്ഷുസ്സുകളെയും അഞ്ചിച്ച് ആ ആനന്ദമയ മുഹൂർത്തം ഉദയസന്ധ്യയോ ദിനാന്തസന്ധ്യയോ എന്നുള്ള സംശയാവേശത്തിൽ അദ്ദേഹത്തെ അവഗാഹിതനാക്കി. ഈ നിലകൊണ്ട ചന്ത്രക്കാറൻ തന്റെ മൗനവ്രതത്തെ ഖണ്ഡിച്ച് ഇങ്ങനെ ഹിതോപദേശത്തെ പ്രസംഗിച്ചു തുടങ്ങി: "പരാക്രമികളിൽ ഒന്നാംപുള്ളിയായ തിരുമുമ്പിന്ന് ഒന്നു കേൾക്കണം. കണ്ണു രണ്ട്, ചെവി രണ്ട് - എങ്കിലും മനുഷ്യനു ബുദ്ധി ഒന്നേയുള്ളു. ആ ഒറ്റയാൻ കോട്ടകെട്ടിപ്പോകും. ആ കോട്ടകൾ തൊടാൻപോലും കിട്ടുകില്ല. ലോകം മുച്ചൂടും പൊന്നുകെട്ടിക്കളയാമെന്ന് ക്ലാക്കാണുന്നതൊന്നും നടവാ. 'ഇന്നു വരും മുല നാളെവരും' എന്ന് കൊക്കറച്ചോണ്ട് നടക്കണ കോഴിക്കും ഉലകം തളതളത്തിളങ്ങുന്നു. മുലയോ? അപ്പടപ്പിന് ചാക്കില്ലാത്ത അങ്ങുള്ളവൻ ഇതുവരെ മനം വച്ചിട്ടില്ല. അഴിക്കോട്ട പിടിക്കാം. അടുത്ത ചെളിവാരങ്ങളും താണ്ടാം. പിന്നത്തെ മലയും തറയും എന്തോ ഏതോ! എന്റെ പൊന്നു തിരുവടി മാനത്ത് ചായം പൂരട്ടാൻ എഴുന്നള്ളിയാൽ, പോക്കണം കെട്ടുപോകും-"

സംഗീതത്തിൽ ലയിച്ചുള്ള ടിപ്പുവിന്റെ ചിത്തത്തെ ഉപദേശപ്രസംഗത്തിന്റെ അവസാനഭാഗത്തിലോട്ടുത്തപ്പോൾ ഉച്ചത്തിലായ ചന്ത്രക്കാറന്റെ ഋഷഭസ്വരം ആ രംഗത്തിലോട്ട് പ്രത്യാകർഷിച്ചു. തന്റെ സേനയുടെ പ്രസ്ഥാനത്തിനുള്ള ആജ്ഞകൾ കൊടുത്തുകഴിഞ്ഞു. തന്നെ കബളിപ്പിച്ച തിരുവിതാംകൂർകാരനെ ശിക്ഷിപ്പാനുള്ള വിധി ഒന്നിലധികം ആവർത്തിച്ച് പ്രസ്താവിക്കപ്പെടുകയും ചെയ്തു. അനന്തരകരണീയം സംഗീതശ്രവണംതന്നെ എന്ന് അഭിരുചിഗതിയും വിധിച്ചു. തന്നിമിത്തം ചന്ത്രക്കാറന്റെ പ്രസംഗം അയാളുടെ തൽക്കാലഭാഗ്യത്താൽ വൃഥാ കണ്ഠക്ഷോഭമായി. മന്ദപവനതരംഗങ്ങളുടെ പ്രവാഹത്തോടിടചേർന്ന് എത്തുന്ന ആ സംഗീതസമ്മേളനം കേരളത്തിന് ആ സേനാപ്രവേശത്താലുള്ള ദുരിതാനുഭവങ്ങൾക്ക് മുമ്പ് അനുഭവിക്കാൻ ഭാഗ്യമുണ്ടായിട്ടുള്ളതല്ലായിരുന്നു. ഗായകവൈദുഷ്യത്താൽ പരിഷ്കൃതമായ സ്വരമാധുര്യം ആ സങ്കേതവാസികളുടെ ഹൃദയത്തെയും ഡോളായിതമാക്കി, ത്രിദിവപരമാനന്ദത്തെ ആസ്വദിപ്പിച്ചു. പവനവീചിയെ ആഘാതംചെയ്തുയോ, വാദ്യമുഖത്തെ നോവിക്കുകയോ ചെയ്യാതുള്ള അംഗുലീചലനങ്ങളാൽ ഗാനമാത്രകൾ മദ്ദളചർമ്മങ്ങളിൽനിന്ന് യഥാക്രമം ധ്വനിതമാകുന്നതും ഒരു ഗീതവിശേഷമായി നാദചാതുരിയെ സഫലമാക്കുന്നു. ഈ മാർദ്ദംഗികസഹകരണത്തോടെ ആലപിതമാകുന്ന ഗീതം, വൈകുണ്ഠവാസിയായ ഭഗവാന്റെ യോഗനിദ്രയ്ക്കു ഭംഗംവരാതെ ക്ഷീരസാഗരത്തിലെ ചെറുകല്ലോലനിരകൾ ആ ആനന്ദസങ്കേതത്തിലെ പരിപാവലസോപാനത്തിന്മേൽ മൃദുലതാഡനംചെയ്യുമ്പോലുള്ള മൃദുലയത്തിൽ ജീവജാലങ്ങളുടെ അന്തഃകരണങ്ങൾക്ക് അമൃതബിന്ദു പ്രോക്ഷണംചെയ്യുന്നു. ഈ കണ്ഠമുരളിയോടു സഹവർത്തിയായി ചലിപ്പിക്കപ്പെടുന്ന സാരംഗതന്ത്രികളുടെ മഞ്ജുളാലാപം ശബ്ദദ്ധരികയിൽ ലയിച്ച് വാദ്യകണ്ഠങ്ങളുടെ ദ്വന്ദ്വതയെ ദുർഗ്രഹമാക്കുന്നു. സുൽത്താന്റെ ഇതിഹാസങ്ങളിൽ കീർത്തിതകളായ വിയൽകാമിനികളുടെ ഗാനസമ്മേളനമെന്നപോലുള്ള ആ പ്രയോഗം ശ്രോതാക്കളായ അദ്ദേഹത്തെയും പരിസരവാസികളെയും തൽക്കാലത്തേക്കു ജരാനരശൂന്യരാക്കി,

ഒരു സുധർമ്മാവാസത്തെ അനുഭവിപ്പിച്ചു. എങ്കിലും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട ധൂർത്തൻ മാത്രം ആനന്ദസ്തോഭമെന്നും കൂടാതെ ജടിലശ്മശ്രുക്കളാൽ മറയ്ക്കപ്പെട്ടുള്ള ഹനുക്കളെ ചലിപ്പിച്ച് അയാളുടെ ചിന്തകൾക്കു താളംപിടിച്ചു നില്ക്കുന്നതു് കാണുകയാൽ, സുൽത്താൻ ആ മൃഗാതീതജീവിയായ വൃദ്ധന്റെ മുഖത്ത് കണ്ണുകൾ തുറിച്ചുറപ്പിച്ചുപോയി. ഈ ദർശനത്തിൽ കർത്തവ്യബോധം നഷ്ടമാവുകയാൽ അതിന്റെ പുനർലബ്ധിക്കായി സ്വകൂർച്ചത്തെ ഗ്രഹിച്ച്, മുഖത്തെ ചാഞ്ചാടിച്ച്, ക്ഷണനേരത്തേക്ക് രാജത്വവും വ്യാഘ്രത്വവും താൻ വഹിക്കേണ്ട കാർത്തികേയത്വവും മറന്നു.

സംഗീതം ഒരു ഗീതചരണത്തിന്റെ പരിപൂർണ്ണതയിൽ എത്താതെ, പൊടുന്നനവെ നിലകൊണ്ടുപോകുന്നു. തന്റെ മുമ്പിൽ നിൽക്കുന്ന അഭൗമസൃഷ്ടിയുടെ വിരസത തന്റെ അരമനയിലോട്ടും വല്ല മന്ത്രതന്ത്രപ്രയോഗത്താലും വ്യാപരിപ്പിക്കപ്പെട്ടുവോ എന്ന് സംഗീതരസികനെങ്കിലും ആര്യമതദ്വേഷിയായ ആ മതാന്ധൻ വ്യാകുലപ്പെട്ടു. അല്പനേരം ചിന്തയോടെ നിന്നിട്ട്, അരമനസ്സുഖം കാംക്ഷിച്ച് അങ്ങോട്ട് പുറപ്പെടാൻ നിശ്ചയിച്ചുകൊണ്ട് സുൽത്താൻ ബഹദൂർ ചന്ത്രക്കാരന്റെ നേർക്കുള്ള തന്റെ വിധികല്പനയെ നിയമാനുസാരം അഭേദ്യമെന്നുള്ള വിചാരത്തോടെ ഒന്നുകൂടി വചിച്ചു.

ആ കൂടാരത്തോടു ചേർന്നുള്ള വിശ്രമനിലയത്തിൽനിന്ന് ചില പാദസരങ്ങളുടെയും ഹസ്തകടകങ്ങളുടെയും ശിഞ്ജിതങ്ങൾ കൃപാർദ്രവചസ്സുകളുടെ പ്രതിധ്വനികളെന്നപോലെ പുറപ്പെട്ടു. വസ്ത്രങ്ങളുടെ അതിലോലമായുള്ള ചലനശബ്ദവും സൂര്യപടസമാനമായുള്ള പാദങ്ങളുടെ ആവേശത്തോടുകൂടിയുള്ള ഗമനത്തിന്റെ അതിമന്ദശബ്ദവും കേട്ടുതുടങ്ങി. തന്റെ അന്തഃപുരനിയമങ്ങളെ ലംഘിച്ചുള്ള ആഗമനശങ്ക കേവലം വിഭ്രമമോ എന്ന് അത്യാശ്ചര്യപ്പെട്ട് സുൽത്താൻ ശൃംഗാരകോപിഷ്ഠനായി നോക്കുന്നതിനിടയിൽ മഹമ്മദീയരീതിയിൽ, സുൽത്താന്റെ സംബന്ധിനികളായ രാജകുമാരികൾ അണിയുന്ന തരത്തിലുള്ള പാവാടകളും അങ്കികളും ആഭരണങ്ങളും ധരിച്ച് മൂടുപടത്തെക്കൊണ്ട് മുഖം മറയ്ക്കാതെയുള്ള ഒരു തേജഃപുഞ്ജം ആ രംഗത്തിൽ പ്രകാശിച്ചു. സംഭ്രമമല്ല, ഒരു നിശ്ചയദാർഢ്യം തിളങ്ങുന്ന കണ്ണുകളെ മറയ്ക്കാൻ കേശചാമരഖണ്ഡങ്ങൾ യവനികാകർമ്മത്തിന് തുനിഞ്ഞപ്പോൾ, കനകപ്രഭമായ കർണ്ണപാളികൾക്ക് പുറകിൽ ആ അപ്രാർത്ഥിതപരിചരണക്കാർ ബന്ധിക്കപ്പെട്ടതിൽ കാന്തദഹനാനന്തരം വിലപിക്കാൻ ശേഷിച്ച രതീത്വമല്ല, അവമാനപീഡയാൽ യജ്ഞാഗ്നിയെ ശരണം പ്രാപിച്ച സതീത്വംതന്നെ പ്രത്യക്ഷപെട്ടു. എന്നാലോ, കലീനതാധാമമായുള്ള ആ കന്യകാമുഖം പൂർണ്ണചന്ദ്രോദയംപോലെ സുൽത്താന്റെ മുഖമണ്ഡലത്തിലും ഒരു ആനന്ദപ്രസരം ജനിപ്പിച്ചു. തന്റെ മതനിയമങ്ങളും ശുദ്ധാന്തവ്യവസ്ഥാപനങ്ങളും ലംഘിക്കപ്പെട്ടിട്ടില്ലെന്നുള്ള സന്തുഷ്ടിയോടും വ്യാഘ്രതാദിദുരൃശസ്കരദോഷങ്ങൾ മറ്റേതോ ദുർന്നയന്റെ ചാപല്യങ്ങളാണെന്നു തോന്നിപ്പിക്കുമാറുള്ള വാത്സല്യപ്രകർഷത്തോടും ആ പ്രകൃതിവിഭ്രതിമതിക്ക് സ്വാഗതാഭിനയമായി അദ്ദേഹം തന്റെ ഹസ്തതലങ്ങളെ വിടുർത്തി – ആശ്ചര്യം! ഒന്നു കുനിയുകയും ചെയ്തു. മഹാവീരവംശജയായ കന്യക സമഗ്രമഹത്ത്വത്തെ പുരസ്കരിച്ച് തന്റെ മുമ്പിൽ കണ്ട വികൃതവേഷക്കാരനായ വൃദ്ധനെ ആദരപൂർവ്വം തൊഴുതുകൊണ്ട് സുൽത്താന്റെ മുമ്പിൽ മുട്ടുകുത്തി, പുത്രീഭാവത്തിൽ

തന്റെ സമീഹിതത്തെ അത്യൂർജ്ജസ്വലമായ ഭാഷയിൽ ധരിപ്പിച്ചു. ബബ്ലേശ്വരനായ അജിതസിംഹൻ, ഭഗവൽപദമഹാത്മ്യത്തെ ധ്യാനിച്ചുകൊണ്ടും സുൽത്താൻ ബഹദൂറെ യഥാചാരം നമിച്ചുകൊണ്ടും തന്നാൽ പരിപാലിക്കപ്പെടുന്ന കന്യകയെ അഭിനന്ദനവാത്സല്യങ്ങളോടെ കടാക്ഷിച്ചുകൊണ്ടും രംഗത്തിൽനിന്നു നിഷ്ക്രാന്തനായി.

29

"വിധി തന്ന നിധിയാമീ നന്ദിനി
വിവിധ കാമം തരുവാൻ നന്ദിന
വിധിവിലാസം നമ്മുക്ക് നന്നിനി
വിധുമുഖി സർവലോകാനന്ദിനീ"

കഴിഞ്ഞ അദ്ധ്യായത്തിലെ കന്യകാപ്രവേശം, ചന്ദ്രക്കാറന്റെ പരാഭവം എന്നീ പരിണതികളെ വിശദമാക്കാൻ പൂർവ്വകഥാനുബന്ധങ്ങളിലേക്ക് മടങ്ങിക്കൊള്ളുന്നു.

പാരിജാതഹാരത്തെ ഐരാവതമെന്നപോലെ തന്റെ ശീലഗാംഭീര്യത്തെ പാദാഘാതംചെയ്ത് കിഴക്കേ നന്തിയത്ത് മഠത്തിലെ പുറന്തോത്തിൽവച്ച് നിശാസാക്ഷിയായി സാവിത്രി ത്രിവിക്രമകുമാരന് സന്ദർശനം നൽകി. സ്വാന്തരംഗത്തിൽ വിഹാരപ്രസക്തി വിഹരിച്ചിരുന്ന തുളസീവാടത്തെ വിരഹാദ്യവസ്ഥാഭേദങ്ങളെ ഗ്രഹിക്കുന്ന യൗവനം അപഹരിച്ച് മാകന്ദവാടി ആക്കിയിരിക്കുന്ന് എന്ന് ആ ദിവസത്തിലെ ചിത്താവസ്ഥകളാൽ ആ കന്യക അറിഞ്ഞു. തന്നിമിത്തം ഗുരുജനഹിതത്തെ പര്യാലോചിക്കാതെ ആ മനസ്വിനി തന്റെ ആത്മാവ് യുദ്ധരംഗത്തിലും എത്തി സ്വകമിതാവെ ആവരണംചെയ്യുന്നതാണെന്ന് പ്രതിജ്ഞചെയ്ത് സ്വദേഹദേഹീസംഘടനയെ സന്ദർഭങ്ങളാൽ ദത്തനാകുന്ന ഒരു ഭർത്താവിനെ വനത്തിലോട്ടോ ശ്മശാനത്തിലോട്ടോ പ്രവേശിപ്പിക്കാനുള്ള അരക്കില്ലമായി കണക്കാക്കി തന്റെ ദേഹിയുടെയും മാതാപിതാക്കന്മാരുടെ മഹനീയദാമ്പത്യത്തിന്റെയും സൃഷ്ടികർമ്മത്തിന്റെയും തന്നെ അമൂല്യതയെ നിന്ദ്യമാക്കുന്ന കാര്യത്തിൽ അവൾ ഒരു ജ്വാലാമുഖി ആയിരുന്നു. അഹങ്കാരം അല്ലെങ്കിലും ആത്മാഭിമാനം കുലശീലമായി അവളെ സാമാന്യലോകത്തിൽനിന്ന് ഒരു വ്യത്യസ്ത പാത്രമായി വ്യാപരിപ്പിച്ചുവന്നു. പ്രകൃതിയുടെ നിസ്തുലസുഷമയാൽ മണ്ഡിതമായുള്ള ഉദ്യാനങ്ങളും അതുകളിലെ കേതകീ ചന്ദ്രോദയങ്ങൾ, കല്യാപ്രവാഹഗീതങ്ങൾ, മന്ദമാരുതവീജനം, കേകീനൃത്തം, കോകിലാലാപം എന്നീ പ്രകൃതിവിഭവങ്ങളും അവൾക്ക് ബാഹ്യേന്ദ്രിയവിനോദികളായിരുന്നതേയു

ള്ള. തന്റെ കുലമഹത്ത്വത്തിന്റെ സംരക്ഷണം, കളങ്കാസ്പഷ്ടമായ ജീവിതനിർവഹണം എന്നീ രണ്ട് ആദർശങ്ങൾ ഒരു ഭീഷ്മഗുരുവാൽ ശിക്ഷിതയായ ആ കന്യകയുടെ ആശയ ഗോപുരത്തിൽ അച്ഛത്മദീപങ്ങളായി പ്രശോഭിച്ചുനിന്നു. അവളുടെ ധർമ്മബോധത്തിൽ പ്രതിജ്ഞ എന്നത് കേവലം ജിഹ്വാപത്രത്തിന്റെ നിരർത്ഥനൃത്തത്താൽ ഉണ്ടാകുന്ന യദൃച്ഛാശബ്ദം ആയിരുന്നില്ല. പ്രത്യുത, അത് ക്രിയാകാരത്തെ അവലംബിച്ച് ചിരഞ്ജീവിത്വം ആളേണ്ടതായുള്ള ഒരു ബീജാവാപം ആയിരുന്നു.

ത്രിവിക്രമകുമാരൻ ദിവാൻജിയോടുകൂടി യുദ്ധരംഗത്തിലേക്ക് അടുത്തദിവസം യാത്ര യാകുന്നു എന്ന് കിഴക്കേനന്തിയത്തുവച്ച് കേട്ടപ്പോൾ, ഈ പ്രണയവതിയെ പീഡിപ്പിച്ച ചിത്താവേശം ഇതിന് മുമ്പ് വർണ്ണിച്ചിട്ടുണ്ടല്ലോ. പ്രകൃതിയുടെ സർവ്വാംഗങ്ങളും ആ യുവാവോട് തന്റെ പ്രണയദാർഢ്യത്തെ ധരിപ്പാൻ ബദ്ധപ്രതിജ്ഞങ്ങളാണ്; തന്റെ നിശ്വാസങ്ങളെ പവനൻ വഹിച്ച് അദ്ദേഹത്തെ പ്രദക്ഷിണംചെയ്ത് ആശ്വസിപ്പിക്കും; രാഗജന്യങ്ങളായ സാത്മഗീതങ്ങളെ പക്ഷികുലങ്ങൾ ഗാനം ചെയ്ത് അദ്ദേഹത്തിന്റെ ദിനചര്യയെ മധുരീകരിക്കും; തന്റെ ജീവാഗ്നിയെ അപഹരിക്കുന്ന താരകിരണങ്ങളുടെ മന്ദോഷ്ണം അദ്ദേഹത്തിന്റെ പൗരുഷത്തെ ഉദ്ദീപനം ചെയ്യും – ഇങ്ങനെയുള്ള മഞ്ജുളചിന്തകളിൽ പ്രവേശിക്കാതെ അവളുടെ ആത്മാവ് പ്രപഞ്ചഘടനാവൈശിഷ്യത്തെക്കുറിച്ചും ചിന്തിച്ച് അപരിച്ഛേദ്യതാഭാരത്താൽ ക്ഷീണമായി. ആ രാത്രിയിലെ മേഘച്ഛന്നനായ ചന്ദ്രന്റെ തല്ക്കാല നിര്യാണം ആ അസഹായിനിയെ മോഹാവേശത്തിൽ ലയിപ്പിച്ചു. പ്രണയം, ദുരനുഭവം, വ്യസനം, ദുരന്തം എന്നിങ്ങനെയോ തന്റെ പ്രേമകഥാപരിണാമം എന്ന് ചിന്തിച്ച് ബോധം തളർന്ന് ആ കന്യക സ്വപ്നസൃഷ്ടങ്ങളായ ഭൂതങ്ങളുടെ മൃഗയാവിക്രീഡനത്തിലെ നിശ്ശൃംഗമൃഗമായിത്തീർന്നു. മന്ദമായുള്ള ഒരു പാദചലനം അപ്പോഴത്തെ ഭയങ്കരസുഷുപ്തിയിൽനിന്ന് ആ പ്രണയാർത്തയെ ഉണർത്തി.

ചെറുതായ ഒരു വൃഷ്ടിയാൽ പ്രക്ഷാളിതമായ ചന്ദ്രബിംബം വർദ്ധിതപ്രകാശത്തോടെ ആകാശത്തിൽ രജതപരാഗത്തെ വിതറുന്നു. ഒരു മനുഷ്യകണ്ഠത്തിന്റെ മൃദുക്ഷോഭം പരമാർത്ഥഗ്രഹണത്തിനായി അവളെ എഴുനേല്പിക്കുന്നു. അബന്ധിതമായി കിടന്നിരുന്ന വാതുക്കൽ ചെന്നപ്പോൾ, അപരിചിതമായുള്ള ഒരു പുരുഷസാന്നിദ്ധ്യത്തെ സന്ദർശിക്കുന്നു. ആ കപടദൂതൻ വഹിച്ചിരുന്ന സന്ദേശം അവളെ ധർമ്മസങ്കടത്തിൽ തള്ളിയിടുന്നു. ഹ! അവിവേകീ! എന്ന് എങ്ങനെ ശാസിക്കും? പുരുഷവീര്യത്തോടെ ഗൃഹത്തിനുള്ളിൽ വന്ന്, തന്നെ സന്ദർശിച്ചാൽ അച്ഛൻ കൊലവാളെടുത്താലും അതും സഹിക്കുന്നതല്ലേ ധീരോദാത്തന്റെ ധർമ്മം? ഇന്നും പുറംപറമ്പിലോട്ട് ചെന്ന് വിരഹദുഃത്തെ ആദാനം ചെയ്തുകൊള്ളണമെന്ന് പ്രാർത്ഥിക്കുന്നത് കേവലം സ്വവരക്ഷാനുവർത്തിയുടെ ഭീരുത്വമല്ലേ? പുരുഷസ്വാർത്ഥയാൽ പ്രേരിതമായുള്ള നിയോഗത്തെ അനുസരിക്കുന്നത് ധർമ്മഭ്രംശമാവുകയില്ലയോ? അന്തഃപ്രേരണകളുടെ പരസ്പരവിരുദ്ധാവസ്ഥയിൽ പ്രാഡ്വിപാകാധികാരം വഹിക്കേണ്ടത് ഭഗവൽ പ്രതിനിധിയായ മനസ്സാക്ഷിതന്നെയാണ്. അതെന്ത് ഗുണദോഷിക്കുന്നു? സാവിത്രി ധൈര്യസമാഹരണം ചെയ്തുകൊണ്ട് കിഴക്കേ നന്തിയത്തെ തെക്കുഭാഗത്തുള്ള വൃക്ഷനിബിഡമായ പറമ്പിൽ പ്രവേശിക്കുന്നു.

അവിടത്തെ മരക്കൂട്ടംകൊണ്ടുള്ള ഇരുട്ടിൽ ഒന്നുരണ്ടു് ദീർഘകായന്മാരുടെ അവ്യക്താകാരങ്ങൾ കാണപ്പെട്ടു. ആ സന്ദർശനത്തിന്റെ ഗൂഢതയെ ഇവരുടെ സാന്നിദ്ധ്യം പരിഹരിക്കുന്നു എന്നു് ആ താർക്കികപുത്രി പ്രമേയമർദ്ദനന്യായേന അനുമാനിച്ചു. പരമസന്നിധിയിലോട്ടുള്ള പ്രവേശനത്തെ പ്രതിബന്ധിച്ചിരുന്ന അവളുടെ മനശ്ചാഞ്ചല്യങ്ങൾ അസ്തമിച്ചു. പാദങ്ങൾ മുന്നോട്ടു് നീങ്ങെ, തന്റെ കമനന്റെ ദിവ്യകളേബരത്തെ ദർശിപ്പാനുള്ള വാഞ്ഛ സാവിത്രിയെ മാൻപേടയ്ക്കു് തുല്യം വേഗവതിയാക്കി. ദീർഘകായത്വം സ്വപൂജാവിഗ്രഹത്തിന്റെ ലക്ഷണത്തിൽ ഒരു അംശമേ അല്ല; താൻ കാണുന്ന ഭീമശരീരന്മാർ നില്ക്കുന്ന സ്ഥലത്തുനിന്നു് അല്പം കൂടി ദൂരത്തു് ഏകാന്തത ആകാംക്ഷിച്ചു് അദ്ദേഹം കാത്തുനില്ക്കുന്നതായിരിക്കാം. ഇങ്ങനെ ചിന്തിച്ചു് വ്രീളാഭാരഭേദമായ സങ്കോചവൈവശ്യത്തിന്റെ ഒരു ലഘുക്ലമത്തോടെ അവൾ പിന്നെയും മുന്നോട്ടുനീങ്ങി. സന്ദേശഹരനായ പരിചാരകൻ വഹിച്ചിരുന്ന ഒരു മൂടുപടം അവളുടെ ശിരസ്സിൽക്കൂടി വീണു, കണ്ണുകളെ മറച്ചു. അവരുടെ ഹിംസ്രകർമ്മത്തെക്കുറിച്ചു് അവൾക്കു് പ്രജ്ഞയും ജനിച്ചു. എങ്കിലും ഭയക്രന്ദനം ആ ധൈര്യശാലിനിയുടെ കണ്ഠത്തിൽനിന്നു് ഗളിതമായില്ല. ഒരു മഹാവിടന്റെ ദുഷ്ക്രിയ തന്നെ വഞ്ചിക്കുന്നു എന്നു് വിശ്വസിക്കുകയാൽ പൗരുഷഗൂഢമായ അവളുടെ ഹൃദയം ചലിച്ചില്ല. ബ്രഹ്മസ്വരൂപത്തോടു് സായൂജ്യാവകാശമുള്ള തന്റെ ദേഹി പൈശാചകരങ്ങൾക്കു് അജയ്യമെന്നുള്ള പ്രശാന്തധീരതയോടെ, അവൾ തന്റെ ദുർവ്വിധിനിപാതത്തിനു് അമർന്നുകൊണ്ടു. ഒരു ഹസ്താന്തോളത്തിൽ ആരൂഢയാക്കപ്പെട്ടപ്പോൾ, തന്നെ പരഹസ്തസ്പർശനത്താൽ അസഹ്യപ്പെടുത്തരുതെന്നും മുഖപടം നീക്കിയാൽ സങ്കടപ്രലാപം കൂടാതെ അവരോടു് സഹഗമനംചെയ്തുകൊള്ളാമെന്നും ആ കന്യക സ്വകുലമാഹാത്മ്യത്തെ പുരസ്കരിച്ചു് പ്രതിജ്ഞചെയ്തു. അന്തോളസ്ഥാനം വഹിച്ച ഭീമകായന്മാർ യന്ത്രപ്പാവകൾപോലെ സാമദാനാദി നയവാദങ്ങൾക്കു് നിശ്ചേതനന്മാരായി നടകൊണ്ടു.

നാഴിക ആറേഴ് കഴിഞ്ഞു. ഉദയയാമത്തിലെ മന്ദമാരുതൻ തുഷാരബിന്ദുക്കളെ വഹിച്ചു് ശീതളവീജനം ചെയ്തു. ചന്ദ്രികാമാന്ദ്യത്താൽ വഞ്ചിതരായ പക്ഷികൾ ഉണർന്നു് കൂജനങ്ങൾ തുടങ്ങിയിട്ടു, നിശാകാന്തൻ തന്റെ നിദ്രാശയ്യയിൽ അമർന്നിട്ടില്ലെന്നുകണ്ടു് വീണ്ടും സുഷുപ്തിസ്ഥരായി. ഉന്നതമായുള്ള ഒരു നിരപ്പിലെ വൃക്ഷനിബിഡതകൊണ്ടു് ദ്വിഗുണിതമായ ശൈത്യം ഗൃഹാന്തർവാസിനിയായിക്കഴിഞ്ഞിരുന്ന സാവിത്രിയെ അല്പം വിവശപ്പെടുത്തി. ഭ്രമരങ്ങളുടെ അർദ്ധോക്തക്രന്ദനങ്ങൾ കന്യകയുടെ കർണ്ണപുടങ്ങളെ ക്രൂരതരം മർദ്ദിച്ചു. ഈ വർഗ്ഗത്തിലെ സാധകസിദ്ധന്മാർ അക്ഷീണം മുഴക്കുന്ന ദീനാലാപങ്ങൾ നഖരദംഷ്ട്രാദ്യായുധക്കാരുടെ സഞ്ചാരവാദ്യങ്ങളായി അവളുടെ ഹൃദയത്തെ ചലിപ്പിച്ചു. വനകുസുമങ്ങളുടെയും കാടുഞെരിച്ചുള്ള യാത്രയിൽ മർദ്ദിക്കപ്പെട്ട ലതകളുടെയും ദുർഗ്ഗന്ധം ആ കന്യകയാൽ ശ്വസിക്കപ്പെടുന്ന വായുവിനെ മലിനപ്പെടുത്തി, നാസാരന്ധ്രങ്ങളെയും വേദനപ്പെടുത്തി. വനാക്രമണത്തിൽ ഉണർന്നുപോകുന്ന സാധുമൃഗങ്ങൾ പിടഞ്ഞെഴുന്നേറ്റു് തരുക്കൾ ഞെരിച്ചു് മണ്ടുന്ന ശബ്ദങ്ങളെ ആകർണ്ണനം ചെയ്തുതുടങ്ങിയപ്പോൾ അവസ്ഥാവിശേഷങ്ങൾ യഥാരൂപം ഗ്രഹിക്കുമാറായി. ക്രൂരമൃഗങ്ങളുടെ ഭക്ഷ്യമാകാൻ വിധിക്കപ്പെട്ടുവോ എന്നു് ശങ്കിച്ചു് കന്യക തന്റെ ശത്രുവെ അനുഗ്രഹിച്ചു് തുടങ്ങി. 'ഇനി നിയ്പ്പിനെടാ' എന്നു

ള്ള ഭീഷണാജ്ഞ ആ യാത്രയെ പ്രതിബന്ധിച്ചപ്പോൾ, സീതാത്യാഗചരിത്രത്തെ അവൾ സ്മരിച്ചു, തന്റെ വനവാസകഷ്ടതകളുടെ വിഷ്കംഭം കഴിഞ്ഞതേയുള്ളു എന്ന് തീർച്ചയാക്കി.

മനുഷ്യാന്തോളം പൊടുന്നീന നിലകൊണ്ടു് കന്യകാപദങ്ങൾ ഭ്രസ്പർശം ചെയ്തു. മൂടുപടം നീക്കിക്കൊള്ളാൻ കൃപാർദ്രമായ നിയോഗം ഉണ്ടായപ്പോൾ, ഉദയത്തിലെ പ്രശാന്ത വാതം അവളെ തലോടി ആ സ്ഥിതിയിൽ ശക്യമായുള്ള അനുനയോപചാരം ചെയ്തു. ആ കന്യകയെ ആവരണംചെയ്യുന്ന ഹരിതച്ഛവിക്കിടയിൽനിന്നെഴുന്ന ഹിമധൂമം അവളോടു് പ്രയോഗിക്കപ്പെട്ട ഘോരവഞ്ചനയെ രക്ഷാപദത്തിൽ ധരിപ്പിക്കാൻ എന്നപോലെ വിയന്മാർഗ്ഗത്തിലോട്ടു് പൊങ്ങി. പൂർവ്വാകാശത്തിലെ ശോണിമ സംഹാരശക്തിയുടെ സൗദാമിനീവജ്രമായി പ്രശോഭിച്ചു. നിശാതിമിരം അഹഃപ്രകാശത്താൽ അവശ്യം അനുഗമിക്കപ്പെടുന്നപോലെ, വിപത്തുകൾക്കും വിപരീതാവസ്ഥകൾ ഉണ്ടാവുമെന്ന ബോധം സാവിത്രിയെ ഉന്മേഷവതിയാക്കി.

ചിലമ്പിനഴിയത്തുനിന്ന് അവമാനകോപത്തോടെ പാഞ്ഞ പെരിഞ്ചക്കോടൻ, ഗൗണ്ഡൻ ആ ഭവനനായകൻതന്നെ എന്ന് തീർച്ചയാക്കി ആ സ്വാർത്ഥഭൃതത്തെയും തന്റെ പ്രതാപത്തെ ധിക്കരിച്ച യക്ഷീഛായയെയും തദ്വാരാ സ്വശത്രുവായ ദിവാൻജി പ്രമത്തനെയും ദ്രോഹിച്ച് സ്വകാര്യലബ്ധി സുഗമമാക്കുമെന്നുള്ള പ്രതിജ്ഞയോടെ ആ അനുസ്യൂതസംരംഭൻ അപ്പോഴത്തെ ഗൗണ്ഡസങ്കേതത്തിൽ എത്തി. അവിടെ താമസിപ്പിച്ചിരുന്ന തന്റെ അനുചരസംഘത്തെ ശേഖരിച്ചുകൊണ്ടു് പ്രതിജ്ഞാനുസാരമുള്ള ഒന്നാം ദ്രോഹകർമ്മത്തിനായി തിരിച്ചത് നന്തിയത്തേക്കായിരുന്നു. അക്ഷീണപാദന്മാരായ ആ രാത്രിഞ്ചരസംഘം അടുത്ത രാത്രിയിൽത്തന്നെ നന്തിയത്തുഗ്രഹത്തിന്റെ പ്രാന്തങ്ങളെ വലയം ചെയ്യുന്ന വനത്തിൽ എത്തി. പെരിഞ്ചക്കോടനായ നായകൻ ഉപദേശിച്ച കന്യാപഹരണമാർഗ്ഗം ആ രാത്രിയിലെ അവസ്ഥാവിശേഷങ്ങളാൽ അനുകൂലിക്കപ്പെട്ടു് നിഷ്പ്രയാസം നിവർത്തിതമായി. ഇച്ഛാലബ്ധിയിൽ സന്തുഷ്ടനായി വഴികാട്ടി നടന്ന പെരിഞ്ചക്കോടനും അനുചരന്മാരും ഉത്തരദിക്കിലേക്കുള്ള തങ്ങളുടെ ഗൂഢമാർഗത്തെയും ദർശിച്ചപ്പോൾ അല്പകാലവിശ്രമാദികൾക്കായി നിലകൊണ്ടു.

സാവിത്രിയുടെ സൗന്ദര്യപൗഷ്കല്യം ആ ഖലപ്പെരുമാളുടെ നെഞ്ചിൽ ഒരു ഖാണ്ഡവാഗ്നിയെ പ്രജ്വലിപ്പിച്ചു. തന്റെ പുത്രിയുടെ വല്ലികാലാവണ്യം എത്ര മനോഭിരാമം എന്ന് വാത്സല്യജമായ അസൂയയാൽ അയാളുടെ അന്തർജിഹ്വ ആക്രോശിച്ചു. തനിക്ക് ദൈവാൽ ലഭിച്ച പ്രണയിനിയുടെ യുവാംഗകോമളിമയെ എന്നല്ല, തന്റെ യുവധൂർത്തത അസ്താഹംകാരിണിയാക്കിയ സൗന്ദര്യകൗസ്തുഭത്തെയും പ്രത്യക്ഷവൽ സ്മരിച്ചുകൊണ്ടു് ആ കൃതാന്താത്മാവു് സാവിത്രിയുടെ രൂപസൗഷ്ഠവത്തെ ഒന്നുകൂടി വിദ്വേഷാക്ഷികളാൽ തുലമാനംചെയ്തപ്പോൾ, ഉരസ്തടാഗ്നിയെ തലോടി ശമിപ്പിക്കാൻ ഉദ്യുക്തനായി. തന്റെ ഇച്ഛാനിവൃത്തിക്കുള്ള ഒരു പ്രതിബന്ധത്തെ നിധനംകൊണ്ടു് നിഷ്കാസനം ചെയ്‌വാൻ കരുതിയിരുന്ന ഉപായം ഉത്തരക്ഷണം ഉപേക്ഷിതമായി. എന്നാൽ, അതിനെക്കാൾ ആസുരതരമായുള്ള ഒരു ക്രിയാമാർഗ്ഗം, അനന്തവിജയബഹുമതികൾ സമ്പ്രാപ്തമാക്കാനുള്ള വസിഷ്ഠധേനുവായി, ആ ഖലബുദ്ധിയിൽ പ്രകാശിച്ചു. പെരിഞ്ചക്കോടന്റെ സംഗതിയിൽ ചിന്താസമാപനം ക്രിയാ

രംഭംതന്നെ ആയിരുന്നതിനാൽ, ആ തസ്കരസംഘം പാണ്ടസൈന്യം തുടർന്ന വനമാർഗ്ഗത്തിലൂടെ, ആ കന്യകയുടെ അബലാത്വത്തെ ഗണിക്കാതെ അവളെക്കൊണ്ടു് കല്ലും മുള്ളും മിതിപ്പിച്ചു് യാത്ര തുടരാൻ മുതിർന്നു.

ഈ കഥാഘട്ടം കഴിഞ്ഞ ചില അദ്ധ്യായങ്ങളിലെ സംഭവങ്ങൾക്കു് മുമ്പായിരുന്നുവെന്നു് വായനക്കാർ ഓർക്കുമല്ലോ. ടിപ്പുസുൽത്താന്റെ മഹാസേന പെരുമ്പടപ്പിന്റെ ഉത്തരപരിധിയെ തരണംചെയ്ത സന്ദർഭത്തിൽ, ആ ഫണമകുടക്കാരൻ തന്റെ സേനാപ്രയാണത്തിലെ രണ്ടാംകളത്തെ, മന്ത്രസഭാവലയിതമായ രംഗത്തിലെ മദ്ധ്യസ്ഥൂണമായി നിലകൊണ്ടു് സ്വസുന്ദരാംഗത്വത്തിന്റെ പ്രചണ്ഡപ്രദർശനത്താൽ സമ്മേളിപ്പിക്കുന്നു. ഡൽഹി ചക്രവർത്തിയും മന്ത്രിസഭാംഗങ്ങളും ഉപയോഗിച്ചുവന്ന വിശാലവസ്ത്രധോരണിയാൽ അല്ലാതെ, തന്റെ കായലാഘവത്തെ പ്രസ്ഫുടമാക്കുന്ന നെടുംകുപ്പായത്താലും കാലുറയാലും ഒരു തുർക്കിക്കുല്ലാവാലും മാത്രം സുൽത്താൻ അലംകൃതനായി നില്ക്കുന്നു. 'മരതകഗിരിയാൽ ആവൃത' മായുള്ള ലോകത്തിന് ആധാരമായുള്ള ആ ഏകസ്തംഭത്തിന്റെ ഉത്തമാംഗപ്രഭ സൃഷ്ടിസാധനപഞ്ചകത്തിലെ മൂന്നാം ഭൂതത്തിന്റെ സാക്ഷാൽക്കാരത്താൽത്തന്നെ പ്രേക്ഷകസമിതിയുടെ നേത്രകവാടങ്ങളെ ബന്ധിപ്പിക്കുന്നു. "ദീർഘദർശിയായ പുണ്യവാന്റെ പ്രജ്ഞാകാണ്ഡത്തെ ഉദ്ദീപിപ്പിച്ച അള്ളാവിന്റെ അനുഗ്രഹങ്ങൾ ഈ ദാസന്റെയും അവന്റെ കുടുംബത്തിന്റെയും ആശ്രിതജനങ്ങളുടെയും ശിരസ്സുകളിൽ ആവസിക്കട്ടെ!" എന്നുള്ള പ്രാർത്ഥനയ്ക്കു് |അദ്ദേഹത്തിന്റെ, പുത്രനായ ഫ്ട്ടിഹൈദർ, സേവകപ്രധാനനായ അജിതസിംഹരാജാ ആയവ്യയകാര്യസ്ഥനായ പൂർണ്ണയ്യൻ, സേനാനായകനായ കമ്മുറുദ്ദീൻ തുടങ്ങിയുള്ള സഭാംഗങ്ങൾ ശിരഃകമ്പനംകൊണ്ടു് 'തഥാസ്തു' വാചികത്തെ ഉച്ചരിക്കുന്നു. വിജയവിശ്വാസം സുൽത്താന്റെ ലലാടരേഖകളെയും മന്ദസ്മേരപ്രസരത്താൽ ചലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ദീർഘകണ്ഠത്തെ വലയംചെയ്യുന്ന മുക്താഹാരവും അന്നത്തെ ദിനോദയത്തിൽ ഒരു 'ശാന്താകാര' പരിസേവിയുടെ അനൗദ്ധത്യത്തിൽ അമർന്നു് അതിലെ ഓരോ അംഗത്തിന്റെ ഗാത്രപരിമിതിക്കുള്ള പ്രശംസയെ മാത്രം അവകാശപ്പെടുന്നു.

വ്യാജ അജിതസിംഹന്റെ കാര്യക്കാരായി തിരുവനന്തപുരത്തു് താമസിച്ചിരുന്ന അജിതസിംഹരാജാവു് ഉത്തര ഇന്ത്യയിൽ സഞ്ചരിച്ചു് അനേകം രജപുത്രരാജാക്കന്മാരുടെ മൈത്രീബഹുമാനങ്ങൾ സമ്പാദിച്ചിട്ടുള്ള ഒരു വീരസിംഹനായിരുന്നു. സ്വപ്രജാരാജ്യങ്ങളുടെ പ്രശാന്തസ്ഥിതിയെ വിച്ഛിന്നമാക്കാനുള്ള വൈമനസ്യത്താലും ചിറയ്ക്കൽ രാജാവിന്റെ നിധനാനന്തരം തത്തുല്യമായുള്ള വ്യാഘ്രകർക്കശതകൾ അനുഷ്ഠിക്കാൻ അവസരം കൊടുക്കാതെ ടിപ്പുവിന്റെ കോപഗതിയെ നിയന്ത്രണംചെയ്യണമെന്നുള്ള മോഹത്താലും അദ്ദേഹം ആശ്രയവൃത്തിയെ അംഗീകരിച്ചിട്ടുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ശിരഃകമ്പനങ്ങളും ദാസനിർവ്വിശേഷമായുള്ള വിനയഭാവവും ഒരു ഭീരുവിന്റെ ചാപല്യങ്ങളല്ലെന്നു് താൻ ശങ്കാപൂർവ്വം സ്വാധീനത്തിൽ സൂക്ഷിച്ചുകൊള്ളേണ്ടതായ ഒരു വിക്രമിയുടെ നയങ്ങളാണെന്നും സുൽത്താൻതന്നെ ഗ്രഹിച്ചിരുന്നു. ആ സേനാസങ്കേതത്തിൽ സ്വകളത്രവും വിദൂഷകനായ മാധവനായിക്കനും പരിചാരകചക്രവും ഒന്നിച്ചു് തന്റെ മതാനുഷ്ഠാനങ്ങൾക്കു് പ്രതിബന്ധം കൂടാതെ, സ്വാതന്ത്ര്യവാസം ചെയ്‌വാൻ അജിതസിംഹരാജാവിന്

പൂർണ്ണാനുവാദം ഉണ്ടായിരുന്നു. ടിപ്പുസൈന്യത്തിലെ ഹിന്ദുക്കളായ ഉദ്യോഗസ്ഥന്മാർക്കും ഭടജനങ്ങൾക്കും പൂർണ്ണയ്യൻ തുടങ്ങിയുള്ള രാജ്യതന്ത്രാധ്യന്മാർക്കും അജിതസിംഹൻ ധനുർവേദജ്ഞനും ഭരണധുരന്ധരനും ആയ ഒരു സംപൂജ്യബന്ധുവായിരുന്നു.

വഞ്ചീരാജ്യത്തേക്ക് നിയോഗിക്കപ്പെട്ടിരുന്ന ചാരപ്രാധാൻ ഗൗണ്ഡവണിക്കിന്റെ ബോധനങ്ങൾവഴി സുൽത്താൻസമക്ഷം പരിചയപ്പെട്ടിരുന്ന പെരിഞ്ചക്കോട്ട് കുഞ്ചുമായിറ്റിപ്പിള്ള എന്ന വിക്രമപ്രഭുവിന് മുഖംകാണിപ്പാൻ അവസരം നൽകുന്നതിനായി സുൽത്താൻ ബഹദൂർ സൗജന്യസൗമുഖ്യസൗഹാർദ്ദങ്ങളുടെ സംയുക്തസമ്മേളനത്തെ അഭിനയിച്ചു. മാടക്ഷിതിയിലോട്ട് സ്വസേനാസംക്രമം ഉണ്ടായ മുഹൂർത്തത്തിൽത്തന്നെ, വഞ്ചിരാജ്യലബ്ധിയുടെ ശകുനമായി അവിടത്തെ ഒരു സർദാരുടെ ആഗമനം സംഭവിച്ചത് സുൽത്താനെ ഹർഷകണ്ടകിതനാക്കി. ഗൗണ്ഡൻമുഖേന അതിഗൂഢമായി താൻ പരിചയപ്പെട്ടിരുന്ന പെരിഞ്ചക്കോടന്റെ ചരിത്രസംക്ഷേപം അജിതസിംഹൻ, ടിപ്പുസുൽത്താനെ സപ്തവ്യസനക്കാരുടെ ബുദ്ധി തെളിയിക്കാനുള്ള കർമ്മമായി ധരിപ്പിച്ചപ്പോൾ, തിരുവിതാംകൂർ ഹസ്തപ്രാപ്തമായെന്ന് തന്നെ ആ ഉത്തമൻ തീർച്ചയാക്കിക്കൊണ്ട് ആ 'ബഹദൂർ ആലി' തന്റെ മന്ത്രസഭാമാഹാത്മ്യം സന്ദർശിച്ചുകൊള്ളട്ടെ എന്ന് കല്പനകൊടുത്തു.

വളർത്തിയ തലയും മീശയും, ദക്ഷിണദിക്കിലെ തലക്കെട്ടും നെഞ്ചിൽ പരന്നുള്ള കൃഷ്ണവനവും രണ്ട് കൊമ്പുകൾ ഇട്ടുള്ള മുണ്ടുടുപ്പും മുരിങ്ങക്കായുടെ ഘനത്തിലും നീളത്തിലും ഉള്ള ഭസ്മക്കുറികളും കാലദണ്ഡംപോലുള്ള ഒരു നെടുവടിയും ആയി പ്രവേശിച്ച, മുട്ടുകുത്തി 'നിസ്കരിക്ക' യോ വേണ്ടതെന്ന് നിശ്ചയം ഇല്ലാതെ അല്പം കുഴങ്ങീട്ട്, അജിതസിംഹന്റെ ഹസ്തചലനോപദേശം തുടർന്ന് പെരിഞ്ചക്കോടൻ നെറ്റിയിൽന്മേൽ ചതുരംഗുലങ്ങൾ ചേർത്തുകൊണ്ട് ഒന്ന് കുനിഞ്ഞു. ആ സത്വത്തിന്റെ കരണ്ടകക്കണ്ണുകളും ഭീമഗദകളായ കൈകളും അതുകളിന്മേലുള്ള ഗജരോമാവലിയും കണ്ട് ഉപചാരന്യൂനതയെക്കുറിച്ച് സുൽത്താൻ തൃക്കണ്ണുകളടച്ചുകൊണ്ട് നിയമമല്ലാത്ത ശിരശ്ചാഞ്ചാട്ടങ്ങളോടെ തിരുവുള്ളപ്പതുവെള്ളത്തെ മന്ദഹാസകല്യാമാർഗ്ഗമായി പ്രവഹിപ്പിച്ചു. ഏഴെട്ട് ദിവസത്തെ വഴിക്കപ്പുറം ദൂരത്തുനിന്ന് ഒരു ചെറുസേനയെ സംഭരിച്ചുവന്നിരിക്കുന്ന ഒരു സമ്പന്നനും സമഗ്രവീര്യനും ആണെന്ന് അജിതസിംഹൻ ഉണർത്തിച്ചപ്പോൾ, സുൽത്താൻ സമാഗതന്റെ 'അച്ഛ' ത്വത്തെ പല ഉരു ദീർഘഘോഷണംചെയ്തു. പെരിഞ്ചക്കോടൻ രാജസന്ദർശനത്തിൽ അനുഷ്ഠിക്കേണ്ട മര്യാദയെപ്പറ്റി എന്തോ ചിലത് കേട്ടിട്ടുള്ളതിനാൽ, താൻ ആ വിഷയത്തിൽ അജ്ഞനല്ലെന്ന് ബോദ്ധ്യപ്പെടുത്താനായി ആ സങ്കേതസാർവ്വഭൗമന്റെ അവകാശം അപഹരിച്ച് ഇങ്ങനെ ഉണർത്തിച്ചു: "തമ്പ്രാൻമുമ്പിൽ പെരിഞ്ചക്കോടൻ വെറുംകയ്യനായ് വന്നതല്ല. തിരുക്കാഴ്ചയ്ക്ക് ഒരു ചെമ്പട കൊണ്ടുവന്നിട്ടൊണ്ട്. അതിനെ ഇപ്പഴേ ഇങ്ങ് കെട്ടി എടുക്കണ്ടാന്നു വെച്ച് അങ്ങൊരെടുത്ത് എതം നോക്കി ഒരു മലയിടുക്കിൽ നിറുത്തീരിക്കുണ. എന്നാലും എന്തെങ്കിലും കൊണ്ടരണമെന്നുവെച്ച് ഒരു പെൺപൊടിയെ ചരതിച്ചു, കൂട്ടിക്കൊണ്ടുവന്നിട്ടൊണ്ട്. ഇങ്ങ് വച്ചോണ്ടാൽ, അവിടെച്ചെലരുടെ ഞരമ്പ് തമ്പുരാൻ തിരുവടീടെ കക്കത്തില്. ദിവാൻജി എന്ന് പറയണവൻ പിന്നെ ശിങ്കപാട്ടം. പടയ്ക്ക് കോപ്പുകൂട്ടാൻ വന്നിരിക്കണ കൊമ്പച്ചക്കുറുപ്പ്, അവന്റെ ആൾപ്പെരുപ്പം പെരുമ്പൊരുളുമടക്കം, ശൊൽപ്പടിയാട്ടം. അടിയൻ കാടൻ. ഇവിടത്തെ പൊന്നുള്ളംകൊണ്ട് കേടുപാടുകൾ പൊറുത്ത് രക്ഷിക്കണം.

ആഗതൻ ഉണർത്തിച്ചതിനെ അജിതസിംഹൻ ഹിന്ദുസ്ഥാനിയിൽ സുൽത്താനെ ധരിപ്പിച്ചു. ആഗതന്റെ അറിയിപ്പ് നയജ്ഞന്മാർ ഗ്രഹിക്കേണ്ട ഒരു ഉത്തമപദ്ധതിതന്നെ. ഒരു കന്യകയെ തല്ക്കാലകാഴ്ചയായി കൊണ്ടുവന്നിരിക്കുന്ന വൃത്താന്തമോ – അതു് സുൽത്താനെ ത്രസ്തമർമ്മനാക്കി. സുന്ദരികളായ തരുണികളെ അടിമകളായി ക്രയവിക്രയം ചെയ്കയും പ്രഭുക്കൾക്കും രാജാക്കന്മാർക്കും കാഴ്ചവയ്ക്കുകയും ചെയ്യുന്ന മഹമ്മദീയരാജ്യങ്ങളിലെ നടപ്പ് ഗ്രഹിച്ചു, കാലിഫിന് തുല്യനാക്കി തന്നെ സമാരാധിക്കാൻ വന്നിരിക്കുന്ന ആഗതൻ മഹാഭിജ്ഞനും ലോകചര്യചതുരനും ആണെന്ന് സുൽത്താൻ പല പ്രശംസോക്തികളാൽ അഭിമാനിച്ചുകൊണ്ടു് കാഴ്ചയെ ഹാജരാക്കാൻ കല്പനകൊടുത്തു. അടവീവനജത്തിന്റെ പുഷ്ടിയോടും രക്തച്ഛവിപ്രസരത്തോടും ഗാംഭീര്യവിലാസത്തോടും രംഗപ്രവിഷ്ടയായ സാവിത്രിയെ ദർശിച്ചപ്പോൾ, തന്റെ പുരാണങ്ങളിലെ സ്വർഗ്ഗസ്ത്രീകൾ കേവലം മനോധർമ്മശൂന്യരുടെ സൃഷ്ടികളാണെന്ന് അവഹേളനം ചെയ്തു. തന്റെ അരമനയിലെ സുന്ദരീകദംബം ഇവളുടെ സൗന്ദര്യഭാസ്കരതയിൽ നക്ഷത്രധർമ്മത്തെ പ്രാപിക്കുമെന്നും മുകിലചക്രവർത്തികളിൽ ഒരുവൻ ഒരു 'ലോകദീപ' ത്തെ വരിച്ച് ആ കുലത്തിന് ചേർത്ത വിഖ്യാതിയെ തനിക്ക് സംപ്രാപ്തമായിരിക്കുന്ന ഈ ബ്രഹ്മാണ്ഡദീപം കബളീകരിക്കുമെന്നും സുൽത്താൻ പ്രമോദിച്ചു. ഫ്ട്ടിഹൈദരുടെ നേത്രങ്ങൾ മൃഗദർശനത്തിൽ ഉദ്ദീപ്തമദനാകുന്ന വ്യാഘ്രത്തിന്റേതുപോലെ ഉജ്ജ്വലിച്ചു. എന്നാൽ അജിതസിംഹന്റെ ഉജ്ജ്വലതരമായ നേത്രാഗ്നേയത ആ കുമാരനെ ശാസിച്ചു. സംഗതികളുടെ യഥാർത്ഥഗതിയെ അന്തർന്നേത്രങ്ങളാൽ ദർശിച്ച അജിതസിംഹൻ മുമ്പോട്ട് നീങ്ങി ഒരു അപേക്ഷചെയ്വാൻ മുതിർന്നു: "മഹാരാജേന്ദ്രപ്രഭോ! അവിടുത്തെ സിംഹാസനരക്ഷയിൽ അമരുന്ന ദാസൻ പ്രാർത്ഥിക്കുന്നു. ഈ കന്യക ഒരു കുലീന. അവിടുന്ന് വഞ്ചിരാജ്യം ജയിക്കുമ്പോൾ അവിടുത്തെ സദസ്സിനെ അലങ്കരിക്കേണ്ട ഒരു മഹാപണ്ഡിതശിരോമണിയുടെ പുത്രി. ചില മഹാകാര്യങ്ങൾ സാധിപ്പാൻ പ്രയോഗിക്കാവുന്ന ഒരു കാമസുരഭി. അതിനെ യഥോപചാരം നിത്യപൂജാദികൊണ്ടു് ഫലദായകമാക്കുവാൻ ദാസനെ ഏല്പിച്ച് അവിടുത്തെ പ്രതാപം പ്രവൃദ്ധമാക്കിയാലും."

ഈ പ്രാർത്ഥനാരംഭത്തിൽ അജിതസിംഹനെ അത്യാദരവോടെ നോക്കി നിന്നിരുന്ന സാവിത്രി അതിന്റെ അവസാനത്തിൽ സുൽത്താനെ അഭിവാദ്യം ചെയ്തു് സ്വജനകസമക്ഷമെന്നപോലെ നിസ്സങ്കോചം തന്റെ അഭ്യർത്ഥനത്തെസമർപ്പിച്ചു: "പ്രജകൾക്ക് അച്ഛനായി രക്ഷിക്കേണ്ട മഹാപുരുഷാ, വിശേഷിച്ചും നിരാലംബകളുടെ സംഗതിയിൽ മഹച്ഛക്തി പ്രതിനിധിയായി ധർമ്മരക്ഷണം ചെയ്യേണ്ട മഹാവിജയിൻ! ആ പ്രാർത്ഥനയെ കൃപാപൂർവ്വം അനുവദിക്കുന്നു എങ്കിൽ ഈ ബാലിക അനുഭവിച്ച കഷ്ടതകൾക്ക് ഒരു പരിഹാരമാകും. ഈ അബലാഭിലാഷത്തെ അനുവദിച്ച് കൃപാനയം തരുന്ന പരമാനന്ദത്തെക്കൂടി ആസ്വദിക്കുക. ഇസ്ലാംമതത്തിന്റെ മർമ്മപ്രമാണങ്ങളെ ഇങ്ങനെ പുലർത്തുക."

ഒരു മലയാളകന്യകയുടെ ഹിന്ദുസ്ഥാനിഭാഷണം, ഗണനശാസ്ത്രജ്ഞന്മാരുടെ മണ്ഡലത്തിൽ ദിവാൻ കേശവപിള്ളയോട് കിടയായുള്ള പൂർണ്ണയ്യനെക്കൊണ്ടു് തന്റെ നിർഭരാശ്ചര്യത്തെയും കന്യകയുടെ പ്രാർത്ഥനയെ അനുവദിക്കേണ്ട ന്യായ്യതയെയും ടിപ്പുവിന്റെ

സാന്നിദ്ധ്യത്തെ വിസ്മരിച്ച് ഉദ്ഘോഷിപ്പിച്ചു. കന്യകയുടെ പദശുദ്ധിയും ഉച്ചാരണധാടിയും അവളുടെ രാജഗാംഭീര്യവും സുൽത്താനെയും അജിതസിംഹനെയും ഒരുപോലെ സ്തബ്ധവൃത്തികളാക്കി. പെരിഞ്ചക്കോടൻ മൂക്കിൽ വിരൽവച്ചും പുളിഫലഭോക്താവിന്റെ വികൃതഗോഷ്ടികൾ കാട്ടിയും സഭ മറന്ന് നിന്നു. ബഹുജനങ്ങളുടെ രക്ഷാശിക്ഷാകർമ്മങ്ങൾ ചുമലുന്നതായ ഒരു സ്ഥാനത്തെ വഹിക്കുന്ന സുൽത്താൻ തന്റെ രണ്ടു് പ്രധാനോപദേഷ്ടാക്കളാൽ സൂചിതവും പ്രാർത്ഥിതവും ആയുള്ള പദ്ധതിയെ അനുകരിക്കാൻതന്നെ നിശ്ചയിച്ചു: "ആഹാ! വിശ്വാത്ഭുതം! മഹാസമർത്ഥയായ ഒരു ഓമനപ്പുത്രിയെക്കൂടി അള്ളാ നമുക്ക് പ്രസാദിച്ച് തന്നിരിക്കുന്നു. രാമരാജാരാജ്യത്തിൽ ഇങ്ങനെ ഒരു പ്രഭാഗിരി ഉള്ള വസ്തുത ആ രാജ്യത്തിന്റെ പിതാവാകാൻ നമ്മെ ഇന്ന് മുതൽ പ്രവൃദ്ധോന്മേഷനാക്കുന്നു. സ്നേഹിതാ, അജിതസിംഗ്, ഇതാ നിങ്ങളുടെ ദത്തുപുത്രിയായി ഇവളെ അംഗീകരിച്ചുകൊള്ളുക. നമ്മുടെ അരമനയിലും ഇവൾ നമ്മുടെ വിശിഷ്ടവത്സയായി സർവ്വസ്വാതന്ത്ര്യങ്ങളും ആണ്ടുകൊള്ളട്ടെ. നമ്മൾ രണ്ടുപേരുടെയും വത്സയായ ഈ കന്യകയ്ക്ക്, ടിപ്പുസുൽത്താൻ സർവ്വാഭീഷ്ടദായകൻ എന്ന് പ്രതിജ്ഞചെയ്യുന്നു. പ്രിയപുത്രാ, നിന്റെ സഹോദരി – ധരിച്ചുവോ? – സഹോദരിയുടെ സ്വൈരത്തെ വിലംഘിക്കുന്ന ദുർമ്മദന്റെ ശിരസ്സ് നമ്മുടെ കഠാരയാൽ വിച്ഛിന്നിതമാകുമെന്ന് പ്രഭുക്കളെയും സർദാരന്മാരെയും സേനാപരിചാരകപംക്തികളെയും ധരിപ്പിക്കുക. അള്ളാവിന്റെ ആശിഃസ്വാസ്ഥ്യം നമ്മെയും നമ്മുടേതായുള്ള സകലത്തെയും രക്ഷിക്കട്ടെ!"

മഹാരാജാക്കന്മാരെ വന്യവിഭവങ്ങൾകൊണ്ടു് സന്ദർശിച്ച് സമാരാധിക്കുന്ന കാട്ടാളവർഗ്ഗം എന്നപോലെതന്നെ ചില സമ്മാനശകലങ്ങളാൽ പെരിഞ്ചക്കോടൻ സംഭാവിതനായപ്പോൾ, ഒരു വരസംഘത്തിന്റെ മേധാവിയായ അയാൾ തിരുവിതാംകൂർ സിംഹാസനത്തിന്മേൽ ടിപ്പുവിനെ ഉപവേശിപ്പിച്ച് പട്ടാഭിഷേകം ആഘോഷിക്കുന്നതും ത്രിവിക്രമനെ സമ്മാനിച്ച് സ്വപുത്രിയെ സൗഭാഗ്യവതിയാക്കുന്ന മംഗളാചരണവും തന്റെ ശത്രുവായ ദിവാൻജി ടിപ്പുവിന്റെ കോപാഗ്നിക്ക് ഒരു കാഷ്ഠശലാകയാകുന്നതും മനോരാജ്യപടത്തിൽ ലേഖനം ചെയ്ത് കണ്ടു് ആത്മപ്രമോദത്തെ സംഭരിച്ചു. തന്റെ ചെറുസേനയെ വഞ്ചിരാജസൈന്യത്തിന്റെ സങ്കേതങ്ങളോടു് കഴിയുന്നത്ര അടുപ്പിച്ച് പാളയം അടിക്കണമെന്നുള്ള സമരോപദേശം ടിപ്പുസുൽത്താന്റെ ഒരു ഉപസേനാനിയിൽനിന്ന് കിട്ടുകയാൽ തന്റെ തസ്കരവ്യാപാരങ്ങൾക്കിടയിൽ കണ്ടിട്ടുള്ള മാങ്കാവുഭവനത്തെ അയാൾ സ്മരിച്ചു. ഉപായാന്വേഷണത്തിൽ അക്ഷീണനായ അയാൾ ഒരു കന്യകയെ ബലികഴിപ്പാൻ മുതിർന്ന നീചത്വം പൂർവ്വജന്മകൃതങ്ങളുടെ നിരയിൽ തള്ളിയിട്ടു് ഗർവ്വഗർഭയെങ്കിലും പാവനതാബോധത്തോടെ ഭഗവൽപരിസരം പ്രവേശിപ്പിക്കുമായിരുന്ന വാസനാനിഷ്ഠയെ ഭഞ്ജിച്ച് പ്രാരബ്ധവതി ആക്കപ്പെട്ട ഒരു ഏകാകിനിയെത്തന്നെ കാര്യസിദ്ധ്യർത്ഥം സന്ദർശിച്ചു്. പുത്രാന്വേഷണഭാരം കയ്യേറ്റ്, തന്റെ അഭ്യർത്ഥനത്തിന് മാധവിഅമ്മയുടെ അർദ്ധസമ്മതം വാങ്ങിയതും അവരുടെ ഭവനത്തിൽ രണ്ടാമതും എത്തി സേനാസങ്കേതനിർമ്മാണം നിർവ്വഹിച്ചതും നാം കണ്ടുകഴിഞ്ഞുവല്ലൊ. ഗൗണ്ഡൻകൂടി സംഘടിക്കുകയും ആ മത്സരക്കാരുടെ സംവാദഫലമായി അജിതസിംഹവേഷക്കാരനായ മാധവനായിക്കനും ആ രാശിയിലോട്ടു് സംക്ര

മിക്കുകയും ചെയ്തപ്പോൾ വഞ്ചിരാജ്യത്തിന്റെ ജാതകപത്രികയിൽ പാപഗ്രഹങ്ങളുടെ ഒരു അസാധാരണസംയോഗം ഉദിതമായി.

തിരുവനന്തപുരത്തുണ്ടായ യോഗത്തിലെ രാജവേഷധാരിയായ യുവസുഭഗന്തന്നെ സാമാന്യാഡംബരങ്ങളോടെ ആ ഭവനത്തിൽ എത്തി ഗൗണ്ഡപാദങ്ങളിൽ നമസ്കരിക്കുന്നു എന്ന് കണ്ടപ്പോൾ അനാദൃതനായ പെരിഞ്ചക്കോടൻ ക്രോധവശനായി. "ആഹാ! ഇപ്പൊണ്ണൻ ചെട്ടിയോ പട്ടനോ ആവട്ടെ. അന്നുമൊടക്കിടാവായിക്കിടന്ന ഈ തമ്പുരാൻ കൊമരൻ ഇങ്ങിപ്പം എവിടേന്നെഴുന്നള്ളട്ടു? എന്റമ്മിണൻ പറഞ്ഞ പെണ്ണിന് പട്ടും പരുവട്ടവും ഇട്ട് എങ്ങത്തെ നാലുകെട്ടിൽ പൊറുപ്പിച്ചിരിക്കുണ്ട?"

അജിതസിംഹൻ: "നോക്കിന്, അവനവന്റെ വ്യാപാരങ്ങളറിയാണ്ട് വല്ലതും സൊള്ളരുത്. രാജ്യങ്ങളടക്കാൻ പുറപ്പെട്ടുമ്പോ ഈ വേഷങ്ങളും കപടങ്ങളും അരുളപ്പാടുമ്പടി പ്രയോഗിക്ക മിടുക്കല്ലേ? നിങ്ങളെന്താ കുറഞ്ഞ കൂട്ടത്തിലാണ്? മിണ്ടാതിരിക്ക് ഓളി, കാഴ്ചദ്രവ്യത്തിന്റെ കഥ നല്ലോണം ഓർത്തിട്ട് അഹങ്കരിക്കിന്."

തന്റെ പൂർവപരമാർത്ഥങ്ങളും കാഴ്ചവയ്ക്കുകഥയും ഗ്രഹിച്ചിരിക്കുന്ന ആ വേഷാവലംബിയോട് ഉത്തരം പറയുവാനോ ശണ്ഠയ്ക്കൊരുമ്പെടാനോ പെരിഞ്ചക്കോടന് ആ ഘട്ടത്തിൽ മനസ്സൈരം തോന്നിയില്ല. എന്നാൽ, ആഗതനായ രസികപ്പെരുമാൾ ഗൗണ്ഡനെ ഭട്ടവര്യനായി സംബോധനചെയ്തു, ടിപ്പുവിന്റെ തിരുവുള്ളത്താൽ അരുളിച്ചെയ്യപ്പെട്ട നിദേശങ്ങൾ ധരിപ്പിച്ചപ്പോൾ, പെരിഞ്ചക്കോടന്റെ കോപം വീണ്ടും ഉജ്ജ്വലിച്ചു. സുൽത്താന്റെ ആജ്ഞകൾ നേരിട്ട് കിട്ടി അവിടുത്തെ സേനയിലെ ഒരു അംഗത്തിന്റെ നായകത്വം വഹിക്കുന്ന താൻ, കേവലം സ്വാർത്ഥാർത്ഥിയും വ്യയകാരിയും ആയ ബ്രാഹ്മണനെക്കാൾ പൂജ്യതയ്ക്കും ബഹുമാനത്തിനും അവകാശപ്പെടുന്നു എന്ന് വാദിച്ച് എന്ന് മാത്രമല്ല, ആ സങ്കേതാധിപത്യം തന്നിൽ സ്ഥിതിചെയ്യുന്നതിനാൽ ഭട്ടൻ ആഗതനോടൊന്നിച്ച് ഉടനെ യാത്രയായിക്കൊള്ളണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു. എന്നാൽ, പെരിഞ്ചക്കോടൻ അറിയാതെ ആ ഗൃഹനായികയുടെ ചരിത്രം ആ നിർഭാഗ്യവതിയിൽനിന്ന് ഭട്ടനും ഗ്രഹിക്കുകയും, താൻ ഭട്ടപദം പ്രാപിച്ചിട്ടുള്ള ഒരു ബ്രാഹ്മണവര്യൻ ആണെന്ന് ആ സ്ത്രീയെ ധരിപ്പിച്ച് പുത്രലബ്ധി അചിരസാധ്യം എന്ന് ഗ്രഹിപ്പിക്കുകയും ചെയ്തിരുന്നു. തന്നിമിത്തം യുദ്ധാനന്തരം പുത്രാന്വേഷണത്തിന് പുറപ്പെടാമെന്ന് വാഗ്ദാനം ചെയ്തിരുന്ന പെരിഞ്ചക്കോടനെക്കാൾ ബ്രാഹ്മണനും ദ്രുതാനുഗ്രഹദാതാവും ആയ ഭട്ടന്, ആ മഹാഭവനത്തിൽ പണ്ടത്തെ ബാദരായണന്റെ അധികാരപ്രാബല്യംതന്നെ കൈവശപ്പെട്ടിരുന്നു. അതിനാൽ, പെരിഞ്ചക്കോടന്റെ വിപ്രലംഭാജ്ഞ കേട്ടപ്പോൾ സ്വസ്വതയ്ക്ക് ചേർന്നുള്ള ഋഷഭാട്ടഹാസങ്ങൾകൊണ്ട്, ഭട്ടൻ ആ ഭവനകൂടത്തെ കലുക്കി: "യേ പെരിഞ്ചക്കോഡർ! പോ, വാ, എന്റ പുക്കാർശെയ്യതാംകൾ യാർ? ഇങ്കിരുന്ത് ബ്രാഹ്മണനെ 'പോ'ച്ചൊല്ലറതേ രാജദ്രോഹം പുള്ളായ്."

പെരിഞ്ചക്കോടൻ: "ആ പൂണിച്ചരട്ടും മറ്റുമങ്ങ് വച്ചേക്കണം. പെരിഞ്ചക്കോടന് എന്തധികാരമെന്ന് ഈ വീട്ടുകാരീടട്ത്ത് കേക്കണം. കേറി കൊടുമ്പിരികൊണ്ടാൽ അടുത്തുകിടക്കണത് പെരുങ്കയമെന്നുകൂടി കരുതിക്കൊള്ളണം. പട്ടനല്ല, പടയ്പ്പവന്റെ

പാട്ടനാകട്ടെ. പെരിഞ്ചക്കോടന് രണ്ടെന്നില്ല." (മാധവനായിക്കനോട്) "പിള്ളേ, തമ്പുരാനാകട്ടെ, കിമ്പുരാനാവട്ടെ, ഇങ്ങ് കേറി സാക്ഷിപറവാനും മറ്റും വന്നൂന്ന വച്ച് ടിപ്പുത്തിരുവടീടെ പിടിയും അവിടത്തെ നേട്ടത്തിനുള്ള നോക്കും മറക്കരുത്. എവൻ പശിച്ചും കണ്ണടയ്ക്കാണ്ടും അവിടത്തെ കാര്യങ്ങളും നോക്കി വെമ്പുമ്പം, ഇയ്യാള് ഇവിടെ തിന്നുമലന്ന്, ശപ്പളിയും പറഞ്ഞോണ്ട് കെടക്കുന്നു. എന്റപ്പന്റെ പാട്ടിനു പോയി, തിരുവടീടെ പടയ്ക്കിനി ഇതുതന്നെ പാളയമെന്ന് അറിവിച്ചൂടിൻ."

മാധവനായിക്കൻ തന്റെ വ്യാജചര്യയെ കൈവിട്ട് കാര്യസ്ഥന്റെ നിലയിൽ മാദ്ധ്യസ്ഥ്യം വഹിപ്പാൻ തുടങ്ങി: "കേട്ടോ കാർണ്ണോരേ! ഇതൊന്നും കോളല്ല. നിങ്ങൾ ബന്ധുക്കളായിക്കഴിയണം. കർണ്ണൻ, കൃപർ, ശല്യർ എന്നിവരെ ശണ്ഠകൂടുവാൻ ദുര്യോധനമഹാരാജാവ് വിട്ടില്ല. അപ്പോലെതന്നെ ടിപ്പുമഹാരാജാവും ഇക്കഥ ഗ്രഹിച്ചാൽ, ഹേയ് അലോഹ്യം! അദ്ദേഹം ബ്രാഹ്മണൻ, നമ്മളെന്താ ഏറെവന്നാൽ ആയുധമേന്തുന്ന പടിക്കാര്. അദ്ദേഹത്തിന്റെ ശാപം നാം ഏറ്റുകൂടാ. എന്നെ തമ്പുരാൻ എന്നും മറ്റും കൊണ്ടാടണ്ട. നാമിപ്പോൾ ഒന്നായി. ആ സ്ഥിതിക്ക് പരമാർത്ഥം പറഞ്ഞേക്കാം. അജിതസിംഹരാജാവെ അന്ന് കണ്ടുവല്ലൊ. അവിടുത്തെ അരുളപ്പാടനുസരിച്ച് ഞാൻ വേഷംകെട്ടി നടന്നു. ബ്രാഹ്മണശാപം-"

പെരിഞ്ചക്കോടൻ: (ആ തരുണൻ ആദ്യം വ്യാജവേഷത്തിൽ തന്നെ വഞ്ചിച്ചത് കൂടാതെ ഇപ്പോൾ ഉപദേശദാതാവായി പ്രസംഗിക്കുന്നതും കണ്ട് കയർത്തു്) "ഹേ, പോടാ! പെരിഞ്ചക്കോടനെ പഠിപ്പിപ്പാൻ നീയോ ആശാൻ? നോക്ക്, ചെവിക്ക് തൂക്കി ആ ആറ്റുപടപ്പിൽ തള്ളട്ടും. ഏതു് ഢീപ്പുവെങ്കിലും വാപ്പുവെങ്കിലും കേട്ടാൽ പെരിഞ്ചക്കോടന് വായൊണ്ട്."

അവിവേകിയായ മാധവനായിക്കനും കയർത്തു. ഈ ദിനകരരുധിരന്മാരുടെ സംയോഗത്തിൽ, രണ്ടുപേരുടെയും രൗദ്രം പ്രജ്വലിച്ച് കടുതായ ഒരു ശണ്ഠയും അസഭ്യപ്രലപനവും ആരംഭിച്ചു. പെരിഞ്ചക്കോടന്റെ ഖരകണ്ഠം ഭീഷണതരം ഉച്ചത്തിലായി. ബഹുരാജവീഥികളിലെ കലാപകാരകത്വവും അതുകളിലെ നായകസ്ഥാനവും വഹിച്ചിട്ടുള്ള മാധവനായിക്കന്റെ കണ്ഠം, ആ വാക്സമരത്തിലെ ശരപ്രയോഗത്തിൽ രാമചാപപ്രാഗല്ഭ്യം തന്നെ പ്രകടിപ്പിച്ചു. ആ ശസ്ത്രജാലത്തെ തടുപ്പാൻ നിയുക്തമായ പെരിഞ്ചക്കോടന്റെ ഹസ്തഗദാപ്രയോഗം മാധവനായിക്കനെക്കൊണ്ട് ഒരു ഭ്രഭ്രമണാവസ്ഥയെ സന്ദർശിപ്പിച്ചു. എന്നുമാത്രമല്ല, തന്റെ ബ്രാഹ്മണഭാവത്തെ പ്രകടിപ്പിപ്പാൻ കാളിപ്രഭാവഭട്ടനെ ഉദ്യുക്തനാക്കുകയും ചെയ്തു. മദഗജങ്ങൾതമ്മിൽ ഇടയുംവണ്ണം പെരിഞ്ചക്കോടനും ഭട്ടനും തമ്മിൽ പിടിയിട്ട് പരസ്പരമർദ്ദനത്താൽ ഘുർഘുരധ്വനികൾ പുറപ്പെടുവിച്ചു. അതിന്റെ പീഠികയായി ഘോഷിക്കപ്പെട്ട മാധവനായിക്കന്റെ നിലവിളി ഗൃഹനായികയെ മല്ലരംഗത്തിൽ പ്രവേശിപ്പിച്ചു. ആ മുഷ്ടികചാണൂരന്മാർ പരസ്പരം പപ്പടപിണ്ഡം ആക്കുന്നതു് കണ്ട്, ദാക്ഷിണ്യത്തിന്റെ ദ്വിവിധതയിൽ, മാധവിഅമ്മ കുഴങ്ങി. അവരുടെ പൂർവ്വഗർവ്വം ഉണർന്ന് ആ പ്രതിയോഗികളെ

അകറ്റമാറുള്ള ഉഗ്രസ്വരത്തിൽ രണ്ടുപേരെയും ശാസിച്ചു. മൂന്നാമനായി നില്ക്കുന്ന യുവപുരുഷനെയും അയാളുടെ ഖിന്നഭാവവും കണ്ടപ്പോൾ മാധവിഅമ്മ അസ്തശബ്ദയായി, പ്രകൃതിജമായുള്ള ബന്ധത്താൽ എന്നപോലെ, യുവാവിന്റെ സമീപത്തണഞ്ഞു് അയാളെ സമാശ്വസിപ്പിക്കുവാൻ തുടങ്ങി. പ്രതിയോഗിയോടു് വേർതിരിഞ്ഞു് നില്ക്കുന്ന ഭട്ടൻ ദൈവഗതിയുടേ വിശേഷചാതുരികൾകണ്ടു് ഇദംപ്രഥമം ക്ഷീണചിത്തനായി. ആ ഗൃഹനായിക അവരുടെ ഉള്ളമലിഞ്ഞു് മാധവനായിക്കനെ ശുശ്രൂഷിക്കുന്ന കാരുണ്യം, താൻ അനുഭവിച്ചിട്ടില്ലാത്ത ഒരു ചിത്താശ്വാസത്തോടു് ഭട്ടനെ പരിചയപ്പെടുത്തി. തന്റെ ഹൃദയം ഒരു പണ്ഡിതപ്രഭുവിനെ സന്ദർശിപ്പാനുള്ള മോഹാഗ്നിയിൽ ദഹിക്കുന്ന പരമാർത്ഥത്തെ സ്മരിച്ചപ്പോൾ മാധവിഅമ്മയുടെ സാന്ത്വനസാഹസങ്ങൾ ഭട്ടന് ആ നിർഭാഗ്യവതിയോടു് തോന്നിയിരുന്ന സാമാന്യാദരത്തെ ബഹുമാനാനുകമ്പകളെന്ന പ്രശസ്തവികാരങ്ങളായി രൂപാന്തരപ്പെടുത്തി.

പെരിഞ്ചക്കോടന്റെ മദോഷ്മളതയെ ഒന്നുകൂടി ശാന്തമാക്കുന്നതിനും തന്റെ അഭിനന്ദനം ക്രിയാരൂപത്തിൽ മാധവിഅമ്മയെ സുഖാപ്തയാക്കുന്നതിനും വേണ്ടി കാളിപ്രഭാവൻ താൻ അറിഞ്ഞുള്ള പരമാർത്ഥത്തെ തുറന്നുപറയാൻ സന്നദ്ധനായി. താൻ ശ്രീരംഗപട്ടണത്തിൽ താമസിക്കുന്ന കാലത്തുതന്നെ, ചൊക്രാഡൂണ്ഡിയാ എന്ന ഒരു വൈശ്യനായ രാജസേവകനോടൊന്നിച്ചു് ഈ മാധവനായിക്കനെ കണ്ടിട്ടുണ്ടെന്നും ആ യുവാവു് സമ്പത്തു് നിറഞ്ഞുള്ള ഏതോ ഒരു മലയാളഗൃഹത്തിൽനിന്നു് അപഹരിക്കപ്പെട്ട ബാലനാണെന്നും ഡൂണ്ഡിയാ ഒരു മാന്ത്രികബ്രാഹ്മണന്റെ വേഷത്തിൽ കേരളത്തിൽ സഞ്ചരിച്ചിട്ടുണ്ടെന്നും ഉള്ള പരമാർത്ഥങ്ങളെ അയാൾ ധരിപ്പിച്ചു. മാതൃദുഃഖത്തിന്റെ ദർശനത്തിൽ പൂർവസന്ദർഭത്തിലും ക്ഷീണഹൃദയനായ നമ്മുടെ അഭിനയവിദഗ്ധൻ ഈ കഥാന്തത്തിൽ ജനനീപാദങ്ങളിൽ നമിച്ചുകൊണ്ടു് തന്റെ ബാല്യത്തിലെ ഭാഗ്യാനുഭൂതികളെ വർണ്ണിച്ചു. മാധവിഅമ്മ തന്റെ ദീർഘകാലവ്രതത്തിന്റെ ഫലമായി ലഭിച്ച ദൈവാനുഗ്രഹത്തെ സ്മരിച്ചു് അശ്രുവർഷം ചെയ്തു് തൊണ്ടവരണ്ടും നാവു് തളർന്നും ദർശനശക്തിക്ഷയിച്ചും 'നാരായണ!' എന്നു് മന്ത്രിച്ചു് നിലകൊണ്ടു. അനന്തരം പണ്ടത്തെ ബാലകോമളിമയെ തൃപ്തിവരുമാറു് താലോലിപ്പാൻ സംഗതി വരാത്ത നഷ്ടത്തെ പരിഹരിക്കുമാറു് മാധവകരങ്ങൾ ഗ്രഹിച്ചു് കണ്ണുകളോടു് ചേർത്തുകൊണ്ടു് ഏങ്ങിക്കരഞ്ഞു. ആ 'കൂത്താട്ടങ്ങളെ' നിറുത്തി സ്വപുത്രനെ ഗൃഹധർമ്മാനുസാരം ഉപചരിപ്പാൻ നിയോഗിച്ചതിന്റെശേഷം കാളിപ്രഭാവഭട്ടൻ ആ സംഘടനയ്ക്കു് ബ്രാഹ്മണോചിതമായ ആശിസ്സുകൾ നൽകേണ്ടതാണെന്നു് സ്മരിച്ചു് ആ കൃത്യത്തെയും നിർവഹിച്ചു. മാധവനായിക്കന്റെ പ്രവേശവും അനന്തരസംഭവങ്ങളും കാപട്യകുശലനായ ഭട്ടൻ അനുഷ്ഠിച്ച ഒരു രംഗപ്രകടനമാണെന്നു് പെരിഞ്ചക്കോടൻ ഭർത്സിച്ചു് തുടങ്ങിയപ്പോൾ, മാധവിഅമ്മ ശയ്യാഗൃഹത്തിലോട്ടു് പോയി ഏതൊരു സാധനത്തിന്റെ സഹകരണത്താൽ സ്വസൗന്ദര്യസമുൽക്കർഷത്തെ ആ മഹാമാരിരാത്രിയിൽ താൻ അഭിനന്ദിച്ചുകൊണ്ടിരിക്കെ ആ മദോൽക്കടൻ തന്നെക്കണ്ടുവോ, ആ ദർപ്പണത്തെ കൈയിലാക്കിക്കൊണ്ടു് രംഗസമക്ഷം പ്രവേശിച്ചു് അതിന്റെ പെരിഞ്ചക്കോടന്റെ കൈയിൽ കൊടുത്തു. അബലാസൗന്ദര്യത്തെ അഭിനന്ദിപ്പാനുള്ള ഇന്ദ്രിയത്താൽ വിശിഷ്യ അനുഗൃഹീതനായുള്ള ആ ഭ്രസംരംഭൻ, ദർപ്പണത്തെ കൈയിൽ വാങ്ങി അനുക്തവും എന്നാൽ പ്രത്യ

ക്ഷസൂചിതവും ആയുള്ള നിയോഗത്തെ അനുസരിച്ച് നിന്നപ്പോൾ പിതൃപാദങ്ങളിൽ പ്രണമിപ്പാനുള്ള ആജ്ഞ ആ ജനനിയുടെ നേത്രാഞ്ചലത്താൽ മാധവമേനവന് കിട്ടി ആ കൃത്യത്തിന് അയാൾ ഉദ്യോഗിച്ചു. പെരിഞ്ചക്കോടന്റെ ദ്രുതപാദങ്ങൾ ഗൃഹാങ്കണത്തെയും പടനിലയനങ്ങളെയും ഗോവർദ്ധനസാനുക്കളിലെ തരുപ്രാകാരത്തെയും കണ്ടുകണ്ടില്ലെന്നുള്ള വേഗത്തിൽ തരണംചെയ്ത് മറഞ്ഞു.

30

"ചെന്നു തലോടിയരികെയിരുന്നവൻ
തന്നെയണച്ചു് തഴുകീ സുയോധനൻ
… … … … … … … … …
മാനലോഭാദികളേറെയുണ്ടാകയാൽ
ഞാനൊരു കാരണമായേനിതിനെല്ലാ"

കേശവനുണ്ണിത്താൻ ശേഖരിച്ച സേന കേവലം ഒരു പ്രദർശനസംഘമായിരുന്നില്ല. ചിലമ്പിനഴിയത്തെ ഭണ്ഡാഗാരകവാടങ്ങൾക്കുള്ളിൽ ബന്ധിക്കപ്പെട്ടിരുന്ന പരധനം രാജസ്വമാക്കപ്പെട്ടപ്പോൾ, കർണ്ണാടകപട്ടാളത്തിന്റെ ഒരു തലയ്ക്കൽ ചേർന്ന് സഹായിപ്പാൻ പോരുന്ന വൈദഗ്ധ്യവും വേഷസാമഗ്രികളും ഉള്ള ഒരു സേനാമുഖത്തിന്റെ സജ്ജീകരണം കേശവനുണ്ണിത്താന് സാദ്ധ്യമായി. ഇംഗ്ലീഷ് കമ്പനിയാരുടെ സേനാപംക്തിയിൽ സേവിച്ചു് യുദ്ധരംഗങ്ങളിൽ വച്ചു് വെടിയുണ്ടകളേറ്റു് തഴമ്പിച്ചിട്ടുള്ള ഒരു ചാരിയാവുകപ്പായക്കാരന്റെ സഹകരണവും അദ്ധ്യാപകത്വവും കിട്ടുകയാൽ കഴക്കൂട്ടം, നന്തിയം എന്നീ രണ്ടു് കളരികളിൽ ശിക്ഷിതരായ സംഘങ്ങളും അഹോരാത്രാഭ്യസനംകൊണ്ടു് ദ്രുതതരം സംഗ്രാമവിദഗ്ധന്മാരായി. കറുത്ത കാങ്കിശരായികളും ചുവന്ന ചാരിയാവുകപ്പായങ്ങളും അരിച്ചൂരൽ മെടഞ്ഞു് കറുപ്പിച്ചിട്ടുള്ള ഉഷ്ണീഷങ്ങളും വേണ്ട വാർക്കെട്ടുകളും വെടിമരുന്നുപെട്ടികളും തോക്കുകളും ചേർത്തു് ഒരുക്കപ്പെട്ട ഭടജനങ്ങൾ ടിപ്പുവിന്റെ സാദിവർഗ്ഗത്തോടു് എതിർത്തു് നില്പാൻ ആയുധസാമഗ്രികളിലെന്നപോലെ വീര്യോത്സാഹങ്ങളിലും സമ്പൽഭൃയിഷ്ഠന്മാരായിരുന്നു. ഈ സേനയുടെ നായകത്വം ഉണ്ണിത്താനാൽ 'പഞ്ചി' എന്ന അഭിധാനം നല്കപ്പെട്ട കുപ്പായക്കാരനും ഉപനായകത്വം കുറുങ്ങോട്ടെ കാർണോപ്പാട്ടിലേക്കുമായി വിഭജിക്കപ്പെട്ടു. എങ്കിലും ആഹവകാര്യങ്ങളിൽ ഉപദേശാധിപത്യം പഞ്ചിയിലും സംഭാരാദികാര്യങ്ങളിൽ വിനിയോഗാധികാരം കുറുപ്പിലും സ്ഥാപിക്കപ്പെട്ടു.

ഇങ്ങനെയുള്ള നവപരിശ്രമങ്ങളിൽ പ്രവേശിച്ചിരുന്ന നമ്മുടെ പണ്ഡിതനെ ഒരു സംഗതി മാത്രം അത്യധികം വിഷമിപ്പിച്ചു. ആയോധനരംഗത്തിന് യോഗ്യമായുള്ള കവചമകുടങ്ങളും കോദണ്ഡം അല്ലെങ്കിൽ തോക്കും ധരിക്കുന്നതു് അദ്ദേഹത്തിന്റെ കോഷ്ഠപ്രദേശത്തിനുപോലും അരോചകമായുള്ള അപഥ്യാനുവർത്തനമാണെന്ന് തോന്നി. പട്ടാംബരത്തലക്കെട്ടു് നീരാളവാറിൽ ലംബിതമായ പരിചയും ധരിച്ച് കൗന്തികനായി പുറപ്പെടുന്നതു് പക്ഷേ, തന്റെ കുലപ്രഭാവത്തിന് സംയോജിക്കുമെങ്കിലും ആ ക്രിയയിലും ക്രവ്യാശനം പോലുള്ള ഒരു നിഷിദ്ധത അദ്ദേഹത്തിന്റെ മനസ്സിനെ പീഡിപ്പിക്കുകയാൽ ഉറയോടുകൂടിയ ഒരു ഖഡ്ഗം മാത്രം ധരിച്ചും രാജകോശാധിപന്റെ വേഷത്തിലും ദിവാൻജി രാജസേനയെ എന്നപോലെ സ്വസേനയെ നയിപ്പാൻ കേശവൻ ഉണ്ണിത്താൻ നിശ്ചയിച്ചു.

കൊട്ടാരക്കരസംഘത്തെ കൊണ്ടുപോരാൻ ഉണ്ണിത്താൻ കിഴക്കേ നന്തിയത്തു് ചെന്ന സന്ദർഭത്തിൽ സ്വപുത്രിയുടെ അപഹരണസംഗതിയെക്കുറിച്ച് സന്താനവിഹീനന്റെ നിശ്ചേതനത്വം പ്രകടിപ്പിച്ചതേയുള്ളൂ. അദ്ദേഹത്തിന്റെ മുഖത്തു് അഭംഗുരസ്മരണം ചെയ്തുകൊണ്ടിരുന്ന ഗാംഭീര്യം കണ്ടു് നിസ്ത്രുജിഹ്വനായ കൃഷ്ണക്കുറുപ്പുപോലും വല്ലതും പറവാനോ അന്തർഗ്ഗതങ്ങൾ ചോദിച്ചറിവാനോ ധൈര്യപ്പെട്ടില്ല.

വേഷനിർണ്ണയം ചെയ്യുന്ന വിഷയം ഉണ്ണിത്താനെ വിഷമിപ്പിച്ചെങ്കിൽ കുഞ്ഞിങ്ങേലിഅമ്മയോടു യാത്രപറഞ്ഞു് പിരിയേണ്ട ഘട്ടം കുറുങ്ങോടനെ ഒരു ചക്രവാതമദ്ധ്യസ്ഥനാക്കി. ഗൃഹവരാന്തയുടെ തെക്കുവടക്കുള്ള നീളം പല പ്രാവശ്യം പാദമാനം ചെയ്തിട്ടു് അദ്ദേഹം തളത്തിൽ കയറി അവിടെയും ആ കർമ്മംതന്നെ ഒരു അരനാഴികയോളം അനുഷ്ഠിച്ചു. യാത്രാമുഹൂർത്തത്തിന്റെ ശുഭത്വം ആ ദമ്പതിമാരുടെ അഭിലാഷാനുസാരം കാത്തുനില്ക്കുന്നതല്ലെന്ന് കാണുകയാൽ, കുറുങ്ങോടൻ കെട്ടിനകത്തേക്ക് ചാടി വാതിൽ മറഞ്ഞുനിന്ന് മുഖം പൊത്തി കരയുന്ന മഹിഷിയെ കൃപാപൂർവ്വം തലോടി. വിരഹവൈധവ്യങ്ങൾ മഹതീജനങ്ങൾ രാജ്യരക്ഷാർത്ഥം സഹിക്കേണ്ട ദുരിതങ്ങളാണെന്ന് അനുകമ്പാപുരസ്സരം ഉപദേശിച്ച ഭർത്താവിന്റെ ഉഷ്ണീഷകൂപ്പായങ്ങളെയും വാർക്കെട്ടുകളെയും ഹസ്തതലത്താൽ പരീക്ഷിച്ച് അവ രക്ഷോപയോഗയോഗ്യങ്ങൾതന്നെ എന്ന് ഏകദേശമനനം ചെയ്തു് ആ സ്ത്രീ മനസ്സിന് ഏതാണ്ടൊരു ഉറപ്പ് സമ്പാദിച്ചു. ഗൃഹാവശ്യവൈഷമ്യങ്ങളാവട്ടെ, പാചകശാലാവശ്യങ്ങളാകട്ടെ, സ്മരിക്കാതെ അശ്രുപ്രവാഹത്തോടും മധുരഗൽഗദത്തോടും രാജ്യാഭിമനബലിഷ്ഠതയോടും അവർ തന്റെ പ്രാണവല്ലഭനായ സേനാനിക്ക് ഇങ്ങനെ യാത്രാനുജ്ഞ നല്കി: "ഈയുള്ളോരെല്ലാം ഇങ്ങു് കിടപ്പൊണ്ടെന്ന് ഓർത്തു് വല്ല മടായിലും ചെന്ന് ചാടാതെ പൊന്നുതമ്പുരാനുവേണ്ടി പടവെട്ടി ജയം നേടി വന്നാട്ടെ." തന്റെ പ്രഭാവപ്രസംഗങ്ങളെ അന്നത്തേക്ക് കൂപ്പായസഞ്ചിയിൽ ഒതുക്കിയിരുന്ന കുറുങ്ങോടന്റെ കണ്ണുകളിലും ജലദ്രവം തിളങ്ങി. അദ്ദേഹം വൃദ്ധജനങ്ങളുടെ അതിപാവനമായുള്ള പ്രണയപ്രകടനങ്ങൾ രസികലോകാക്ഷികൾക്ക് ഗോചരമാക്കുന്നതു് ഒരു പരിശുദ്ധപ്രതിഷ്ഠയുടെ വിദ്ധ്വംസനത്തിന് തുല്യമാകുന്നതാണ്. കുറുങ്ങോടൻ തന്റെ ഭടജനങ്ങളാൽ അനുഗതനായി ഉണ്ണിത്താന്റെ പടയിൽ ചേർന്ന് വരമ്പുകളും കാട്ടുവഴികളും തരണംചെയ്തുതുടങ്ങിയപ്പോൾ വഞ്ചിഭൂമിയും പെരുമ്പടപ്പും സംഘടിക്കുന്ന രംഗത്തിലെ സംഗരരസം കാണ്മാൻ നാരദപർവ്വതാദികൾ എഴുന്നള്ളുന്നതിന് വട്ടം കൂട്ടി.

പ്രയാണമാർഗ്ഗത്തിൽ അവിടവിടെ ഉണ്ടായിരുന്ന ഇടപ്രഭുക്കന്മാർ, ജന്മികൾ മുതലായവരുടേ സൽക്കാരങ്ങൾ നിമിത്തം ഈ സേനയുടേ സംഭാരവാഹികൾ ഗ്ലപിതകണ്ഠമായി വഹിച്ചിരുന്ന ഭാണ്ഡക്കെട്ടുകളെ അഴിക്കേണ്ടിവന്നില്ല. സേനാനായകന്മാരായ പഞ്ചിക്കും കുറുങ്ങോടനും മുന്നിട്ട് വഴികാട്ടിയായി നടകൊണ്ടത് പറവൂർവരെ യാത്രചെയ്ത് മടങ്ങി മാർഗ്ഗനിശ്ചയം വന്നിട്ടുള്ള കൊടന്തആശാനായിരുന്നു. ഏകദേശം ഒന്നിൽപ്പരം മാസമായി നിത്യനടക്കാരനായി വർത്തിക്കുകയാൽ കൊച്ചാശാന്റെ മുട്ടുകൾ തളർന്നുപോയിരുന്നു. രസിക ലോകബന്ധുവായുള്ള ഈ വാഗീശന്റെ ശ്രമക്ലമങ്ങളെ ലഘൂകരിക്കാൻ ഇതിനിടയിൽ ഒരു മിത്രലാഭമുണ്ടായി. ആ ബന്ധുവോ, പല സ്ഥലങ്ങളിലും പരിചയമുള്ള ഒരു വിദശ്ചനും കൊടന്തയുടെ ഇടയ്ക്കിടെയുള്ള മുട്ടുകൾ തീർപ്പാൻ ശക്തിയുള്ള ഒരു ചെറുകുബേരനും ആയിരുന്നു. തനിക്കുള്ള അല്പസമ്പത്തിനെ അപാത്രദാനമാക്കാതെ രാജ്യസന്ദർശനം സാധിപ്പാൻ പുറപ്പെട്ടിരിക്കുന്ന ഒരു രസികന്റെ നിലയിൽ അയാൾ കൊടന്തയെ ആത്മമിത്രമായി വരിച്ചു. നന്തിയത്തെ സേനാസന്നാഹസ്ഥിതി അറിവാൻ പുറപ്പെട്ടിരുന്ന സന്ദർഭത്തിൽ കൊടന്തയുടെ വസ്തുഭാണ്ഡം പേറിയത് നിർഗ്ഗർവ്വനും സമചിത്തനും ശാന്തനും ധർമ്മശീലനുമായ ഈ ബന്ധു തന്നെ ആയിരുന്നു. സൗജന്യൗദാര്യങ്ങളുടെ വിളഭ്രമിയായുള്ള ഈ ബന്ധു സമരദർശനത്തിലും കൗതുകിയായിത്തീരുകയാൽ അയാൾ സമാധാനപ്രിയനും മഹജ്ജനസ്വാധീനക്കാരനും ആയ കൊടന്തയെത്തന്നെ ആശ്രയിച്ചു. ദിവാൻജിയുടെ സന്നിധാനത്തിലും സമയം നോക്കാതെ പ്രവേശിപ്പാൻ അവകാശമുണ്ടെന്ന് നടിക്കുന്ന ഈ വിശ്വസ്തനെ ധനോപകാരിയായ ചങ്ങാതി ഈ വിഷമയാത്രയിലും സ്വാഭിലാഷസിദ്ധ്യർത്ഥം പരിസേവനംചെയ്തു. എന്നാൽ, അവിടവിടെവച്ച് സന്ധിക്കുന്ന ചില പഥികരെ കാണുമ്പോൾ വിരണ്ടുമണ്ടി ലോകകഥകൾ പറഞ്ഞും ഗ്രഹിച്ചും പോരുന്ന ഇയ്യാളുടെ ദുശ്ശീലം കൊടന്തയെ അസ്വാസ്ഥ്യപ്പെടുത്തി. എങ്കിലും പല വഴിക്കടകളെയും തന്റെ ക്രേത്രത്വം കൊണ്ട് പ്രോത്സാഹിപ്പിക്കാൻ ഉള്ള മൂലധനത്തിന്റെ ഉടമസ്ഥനെ പിണക്കിക്കളടെന്ന ബുദ്ധി ഈ വിഷയത്തിൽ കൊടന്തആശാന്റെ മുഖബന്ധനം സാധിച്ചു.

സേനയുടേ യാത്ര വൈക്കത്തിന് വടക്കുള്ള നദി കടന്നപ്പോൾ രാജസേനയ്ക്കായി പ്രത്യേകം തെളിക്കപ്പെട്ടതലാതെ ഒരു ഋജുമാർഗ്ഗമുണ്ടെന്ന് ഭൂസ്ഥിതികളിൽ വിദശ്ചപരിചിതനും ഗൗണ്ഡന്റെ ഗൂഢപ്രണിധിയും ആയ കൊടന്തക്കൊച്ചാശാൻ ഉണ്ണിത്താൻ ഗുരുനാഥനെ ധരിപ്പിച്ചു.

കൊടന്തആശാൻ: "പെരുമ്പടപ്പിൽ കടന്ന് വല്ല കുണ്ടിലും ചാടാതെ, നമ്മുടെ നാട്ടിൽക്കൂടിത്തന്നെ പോവുകയല്ലേ ബുദ്ധി? മൂക്കിൽ തൊടാൻ പല്ലൊണ്ടെന്നുവച്ച് വല്ല കൈയും പുറംകഴുത്തു ചുറ്റി പോകാറുണ്ടോ?"

ഈ വിദശ്ചവാദത്തെ സമ്മതിച്ചു, കൊടന്തക്ഷത്താവ് മാർഗ്ഗനിയന്ത്രണം ചെയ്യട്ടെ എന്ന് ആ സേനാസ്രഷ്ടാവ് വിധിച്ചു. ഇങ്ങനെയും പ്രമാണിയാക്കപ്പെട്ട കൊടന്തയോട്

അയാളുടെ അനുഷംഗിയായ ധനദായകൻ രാജ്യസ്ഥിതിയിലെ പല വികല്പങ്ങളെയും വിഷയമാക്കി ഒരു വിലാപപ്രസംഗം തുടങ്ങി, അതിനെ ഇങ്ങനെ അവസാനിപ്പിച്ചു: "ആകപ്പാടെ എന്റിഷ്ടാ, ഈ കേശവപിള്ളയെന്നു പറയുന്ന വിരിശമ്പഴത്താനെ ദിവാൻജിയാക്കി വാഴിച്ചതു് ആണങ്ങൾ കിട്ടാൻ പഞ്ചംപിടിച്ചുപോയിട്ടോ? താൻ ഒന്ന് മുഖം കാണിക്ക്. അന്ന് ആ പുള്ളിക്കാരന്റെ കല്ക്കിയും കന്നമീശയും അലസിപ്പോവും. അദ്ദേഹത്തിന്റെ കോപ്പെന്തോന്നാ ഏട്ടാ? രസികത്വമുണ്ടോ, വില്പത്തിയുണ്ടോ? എന്തു വ്യാഹരണം കണ്ടു് ഹേ? ശുദ്ധമുരുകേശൻ! നാട്ടും പരിഷയും ഭരിപ്പാൻ എന്തെല്ലാം ചരക്ക് വേണം. ഒന്നെന്ന് മടക്കട്ടെ വിരല്. പറയൂ. പഠിപ്പുണ്ടോ? നല്ല വചനമുണ്ടോ?"

കൊടന്തആശാൻ: "ചുമ്മാതിരിക്കു ചെങ്ങാതീ. ഈ പോകുന്ന വഴി ദിവാൻപദത്തിലല്ലെങ്കിൽ, എന്തെങ്കിലും ഒരു ആസ്പദത്തിൽ നമ്മെയും കയറ്റും; കണ്ടുകൊള്ളൂ. 'കണ്ടാലുരുണ്ടമുളകു്' എന്ന വാക്യം ഓർക്ക്. ഇവനെ കൂപ്പൂ. കടവടുക്കട്ടെ. കാണാൻപോന്ന പൂരം പറഞ്ഞുകേൾക്കേണ്ട. അന്നും ഇഷ്ടാ, നാം ഇങ്ങനെതന്നെ കഴിയും. കൊടന്ത 'ഉണ്ണൻതമ്പി' കൂട്ടത്തിലല്ല, പിന്നേ, ഹേ, നിങ്ങൾക്ക് എത്ര പരിചയക്കാരു്? ഇങ്ങോട്ടു് തിരിഞ്ഞ സന്ധിയിൽവച്ചു് ആരോ കണ്ടു് എന്തോ സംസാരിച്ചില്ലേ... അവർ ഏതു് കൂട്ടരു്?"

ബന്ധു: "അവരോ? അവരുടെ പേരാണ് 'കണ്ണരണ്ടന്മാർ' എന്ന്. ഇതാ പുറകെ വരുന്നില്ലേ? നാരങ്ങാപ്പഴംപോലെ പുതുത്തമേനിക്കാരൻ, കൊടിമരംപോലെ നെടുങ്കൻ! തന്റെ പൂശാനാണെങ്കിലും ക്ഷമിക്കു. ആ തലക്കെട്ടിന്റെ പുറകിലാക്കിയിരിക്കുന്ന കുടുമവാല് ഗോഷ്ടിയല്ലെങ്കിൽ ചെകിട്ടത്തു് തരൂ. പുരുഷൻ എന്നറിയണമെങ്കിൽ ഒരു ചൈതന്യം മുഖത്തു് വേണം. മുഖസ്തുതി എന്ന് പറഞ്ഞു് താൻ തല്ലാൻ വരരുതു്. അവർ മറ്റൊന്നും അറിയാൻ ആഗ്രഹിച്ചില്ല. കണ്ണുള്ളതുകൊണ്ടു് 'ആരാ, ആരാ?' എന്ന് ഒരാളെപ്പറ്റി ചോദിച്ചു. 'അതങ്ങാരെച്ചൊല്ലി?' എന്ന് താൻ പിടിച്ചാൽ ഞാൻ വസ്തുത പറഞ്ഞൂന്നുമാത്രം പറയാം. അല്ലാണ്ടു് 'അതും തന്നെച്ചൊല്ലി' എന്ന് പാടാനും ചാടാനും ഞാനാളല്ല."

കൊടന്തആശാൻ: "എദ്ദേഹത്തെക്കുറിച്ചെന്ന് നേരേ പറഞ്ഞു് മാട്ടുഡെടോ. ഈ ഏഴാമത്തുകളിയിലെ ഭ്രാന്തുകൊണ്ടുച്ചട്ടു."

ബന്ധു: (ഒന്നു നുള്ളിക്കൊണ്ടു്) "ഇവിടത്തെക്കുറിച്ചല്ലാണ്ടെന്റെ ഭഗവാനേ! ഹഹഹ!"

കൊടന്ത പ്രജാപതിസ്ഥാനത്തിൽ ഹംസകണ്ഠാരൂഢനായി പഴമൊഴി നീതികളെ മറക്കയാൽ ബന്ധുവിനെ മുന്നിട്ടു് പറന്നോ പറപ്പിച്ചോ നടതുടങ്ങി. തെളിഞ്ഞുള്ള വഴികൾ ഇല്ലാത്ത ദുർഗ്ഗങ്ങളിൽക്കൂടെ സഞ്ചാരം ആരംഭിച്ചപ്പോൾ, ഉണ്ണിത്താൻ സ്വശിഷ്യനോടു കോപിച്ചു, "നീ എങ്ങോട്ടാടാ ഞങ്ങളെ കൊണ്ടു് ചാടിച്ചു്, പട്ടിണിക്ക് ചീട്ടുവാങ്ങിപ്പിക്കുന്നതു്?" എന്ന് വിളിക്കൂട്ടി.

കൊടന്തആശാൻ: (തിരിഞ്ഞുനോക്കാതെ) "അങ്ങേപ്പാടത്തിലിറങ്ങി. അങ്ങോട്ട് കേറിയാൽ പഷ്ണിയില്ലാണ്ട് കഴിയാൻ ആഢ്യന്മാരുടെ മനകളുണ്ടേ."

ഇങ്ങനെ അന്നും അടുത്ത ദിവസവും സദ്യകൾ കിട്ടിക്കഴിഞ്ഞു. മൂന്നാം ഉദയം കണ്ട് ഇളവെയിലിൽ വിഫലയാത്ര ആരംഭിച്ചു, ചാരിയാവുകപ്പായങ്ങളിൽ ചുടുവെയിൽ ഏറ്റുതുടങ്ങിയപ്പോൾ, കപ്പിത്താൻപഞ്ചി, വഴി പിണങ്ങിയെന്നും രാജസേനകളുടെ മാർഗ്ഗം തുടരേണ്ടതായിരുന്നു എന്നും ഇതു വല്ല ശത്രുവ്യൂഹത്തിലും അകപ്പെടാനുള്ള വഴിയാണെന്നും അതിനാൽ പിൻവാങ്ങാൻ താൻ ഗുണദോഷിക്കുന്നു എന്നും ഉണ്ണിത്താനോട് ബോധിപ്പിച്ചു. വിശക്കുമ്പോൾ, ഭാര്യയോടും കോപിക്കുന്ന കുറുങ്ങോടൻ ചിണർത്തു് കൊടന്തയെ കൊന്ന് ബലികഴിച്ചാൽ രാജസേനയ്ക്ക് നിസ്സംശയം വിജയം ഉണ്ടാകുമെന്ന് പ്രശ്നം പറഞ്ഞുകൊണ്ട് അവന്റെ നേർക്ക് കിരാതകഥയിലെ സൂകരംപോലെ പാഞ്ഞടുത്തു. തന്നെ എന്നും ഭർത്സിക്കുകയും ശിക്ഷാഭീഷണികൾകൊണ്ട് ദീനനാക്കുകയും ചെയ്യുന്ന ആ അതികായനാൽ ദണ്ഡിക്കപ്പെടുമെന്ന് പേടിച്ച് ക്ഷണനേരത്തെ ഹംസാരൂഢൻ വനരക്ഷയെ ശരണംപ്രാപിച്ച് ഏതോ എന്തോ, കാട്ടുജന്തുവിന്റെ നിർദ്ദയഹസ്തങ്ങളിൽ പതിച്ചതുപോലെ കൂട്ടംപിരിഞ്ഞ ആ വാനരത്താൻ സംഭ്രമിച്ച് പിടയ്ക്കുന്നതിനിടയിൽ, അയാളുടെ വക്ത്രത്തിനുള്ളിൽ ചില വസ്തുഗോളങ്ങൾ കടന്ന് നിലവിളികളെ പ്രതിബന്ധിച്ചു.

വനതലത്തിലെ ചലനങ്ങൾ സൂക്ഷ്മചക്ഷുസ്സായ ബന്ധു ഗ്രഹിച്ചു. ഉണ്ണിത്താൻ മുതലായവരെ നിസ്സംശയരും നിർഭയന്മാരും ആക്കി എന്തായാലും നിശ്ചിതകേന്ദ്രത്തിൽ എത്തിക്കാനായി ഇങ്ങനെ ഉറക്കെ ധരിപ്പിച്ചു: "ആരും തളരേണ്ട. ആപത്തൊന്നുമില്ല. അതേ... ആ മരക്കൂട്ടം കാണുന്നില്ലേ? അവിടേക്ക് ഇവിടുന്ന് നാഴിക രണ്ടേയുള്ളൂ. അതിന്റെ അപ്പുറത്ത് നമ്മുടെ പടത്താവളം ഒന്നുണ്ട്. അവിടെ എത്തിയാൽ പിന്നെ എല്ലാം ശരിയാകും."

കാട്ടിൽ മറഞ്ഞ കൊടന്തയെ പിന്നീട് കാണാത്തതിനാൽ അവന്റെ പേർ പറഞ്ഞ് പലരും ഉച്ചത്തിൽ വിളിക്കൂട്ടി. "അയാൾ അവിടെ എത്തിക്കൊള്ളും. നമുക്ക് നടക്കാം" എന്ന് കൊടന്തയുടെ ബന്ധു ഉണ്ണിത്താനെയും മറ്റും സമാധാനപ്പെടുത്തി മാർഗ്ഗദർശകസ്ഥാനം വഹിക്കുകയാൽ, ആ സേനാപംക്തി മുന്നോട്ട് നടകൊണ്ടു. ഏകദേശം ഒരു നാഴികദൂരം കഴിഞ്ഞപ്പോൾ, പുതിയ വഴികാട്ടി തിരിഞ്ഞുനിന്ന് ഉണ്ണിത്താനെ നോക്കി ഒരു ഉപദേശദാനം തുടങ്ങി: "എന്റെജമാന്നേ! എന്തായാലും നാം ഒരു പട നീങ്ങുകയാണ്; ശത്രുവിന്റെ അക്രമമുള്ള കാലവുമാണിതു്. അതിനാൽ നമ്മുടെ സായൂവ് പറയട്ടെ. ഇതാ കാണുന്നു നേർവ്വഴി. ഇനി വിഷമംകൂടാതെ അങ്ങോട്ട് നീങ്ങാം. എങ്കിലും തോക്കുകൾ നിറച്ച് മറ്റുള്ള ആയുധങ്ങളും തയ്യാറാക്കി നടക്കുകയാണ് ഈ പുറപ്പാടിന് ചേർന്നതു്. നമ്മുടെ അതിർത്തിയാണിതു്. വല്ല ശത്രുക്കളും പതുങ്ങിക്കിടന്ന് നമ്മെ അപജയപ്പെടുത്താൻ നോക്കിയേക്കാം. (മുൻപറഞ്ഞതിന് വിപരീതമായി) ഇതൊരു ദുർഘടസ്ഥലമാണ്. ഇതാ അങ്ങോട്ട് വഴി, ഇങ്ങോട്ട് വഴി. ഇവിടെ കള്ളന്മാര്, മലയര് ഇങ്ങനെയുള്ള കൂട്ടത്തിന്റെ ശല്യവും ഉണ്ട്. നാം കുറച്ച് പടിഞ്ഞാറ് നീങ്ങിപ്പോകേണ്ടതായിരുന്നു. ആ കൊടന്തയാശാന് എന്തോ ഭ്രാന്തുപിടിച്ച് തെറ്റിച്ചതാണ്."

സേന നിലകൊള്ളുന്നതിനുള്ള ആജ്ഞ കപ്പിത്താൻ പൊടുന്നനെ ഘോഷിച്ചു. പോകുന്ന വഴിയിൽ, വടക്കുപടിഞ്ഞാറ് നീങ്ങി ചില ആയുധങ്ങളുടെ മുനകൾ തിളങ്ങുന്നുണ്ടെന്ന് അയാൾ കുറുങ്ങോടനെ ധരിപ്പിച്ചു. താൻ ഭടജനങ്ങളെ നയിക്കാമെന്നും കൃഷ്ണക്കുറുപ്പ് പിന്നണിയെ താങ്ങി പുറകിൽ നടന്നുകൊണ്ട് സേനാപ്രവർത്തകരിൽ ആരും ഭീരുത പ്രകടിപ്പിക്കാതെ നോട്ടം ചെയ്തുകൊള്ളണമെന്നും പഞ്ചിക്കപ്പിത്താൻ ഉപദേശിച്ചു. വഴികാട്ടിയായ നായരും ഒരു ഗുണദോഷം അയാളുടെ ബുദ്ധിയിൽ ഉദിച്ചതായി സമർപ്പിച്ചു. അപ്പോൾ ഉണ്ടായേക്കേവുന്ന ആദ്യസമരത്തിൽ ഉണ്ണിത്താൻപ്രഭു യുദ്ധചടങ്ങുകളിൽ അഭ്യാസപുഷ്ടി ഉണ്ടാകുവാനായി അല്പം ദൂരത്തുവാങ്ങി കാണിയുടെ നില അവലംബിച്ചുകൊള്ളുന്നത് സേനാനികൾക്ക് അനുവദനീയമായ നയമാണെന്ന് അയാൾ വാദിച്ചു. സേനാനിയമം അനുസരിപ്പാൻ സന്നദ്ധരായുള്ള ആ സംഘക്കാർ തങ്ങളുടെ കപ്പിത്താന്മാരുടെ വിദഗ്ധാഭിപ്രായം അറിവാൻ ആഗ്രഹിച്ചതിൽ, അവരും ആ കൗശലത്തെ അനുമതിച്ചു. സേനാനിര ആയുധങ്ങളെ പ്രയോഗസജ്ജമാക്കി, ചെറുവ്യൂഹങ്ങളായി പിരിഞ്ഞു് നാലുപാടും നോക്കി തരുനിരോധത്തെ ഭേദിച്ചുതുടങ്ങി.

സംഭാരവാഹകാദികളുമായി സാവധാനയാത്ര തുടങ്ങിയ ഉണ്ണിത്താൻ ദുർഘടമാർഗ്ഗങ്ങൾ തരണംചെയ്തു് ക്ഷീണിക്കുകയാൽ വളരെ പുറകിലായി. രണ്ടുമൂന്ന് പഥികർ അദ്ദേഹത്തെ താണുതൊഴുതു് കുശലങ്ങൾ ആരാഞ്ഞു. സൗജന്യശീലനും പാരമാർത്ഥികനുമായ അദ്ദേഹം തന്റെ വസ്തുതകൾ എല്ലാം ധരിപ്പിച്ചു. യുദ്ധകാലങ്ങളിൽ സേനാനിയന്ത്രണം ചെയ്യുന്നവർ അപരിചിതജനത്തോടു് സത്യവാദികൾ ആകരുതെന്നുള്ള സംഗ്രാമനിയമങ്ങളിലെ പ്രഥമവകുപ്പിനെ അവർ അദ്ദേഹത്തോടു് ഉപദേശിച്ചു. ഈ പഥികസംഘം അതിവേഗത്തിൽ ഗ്രഹസംഖ്യയോളം തന്നെ പെരുകി. ഉണ്ണിത്താൻ അവരിൽ ഓരോരുത്തരുടെയും ചോദ്യങ്ങൾക്കുത്തരം പറഞ്ഞു നടക്കെ, സൈന്യം അതിദൂരത്തിലായി. അതു് മറ്റൊരു സേനാമുഖത്തോടു് സന്ധിച്ചതും ആ സംയുക്തബലം ഒരു ചെറിയ കലഹത്തിന് വട്ടംകൂട്ടി ദൂരത്തു് കണ്ട തരുനിരയെ ആവരണം ചെയ്തതും ഉണ്ണിത്താൻ അറിഞ്ഞില്ല. അദ്ദേഹം സേനയെ തുടർന്ന് കൊടന്തയുടെ ബന്ധുവിനാൽ തനിക്കും അനുചരന്മാർക്കും വിശ്രമസങ്കേതമായി കാണിക്കപ്പെട്ട കുന്നിലേക്ക് യാത്രയാകാൻ തിരിഞ്ഞപ്പോൾ, തങ്ങൾ സമീപസ്ഥരായ കർഷകന്മാരാണെന്നും അടുത്തേതെങ്കിലും ഒരു ഭവനത്തിൽ വിശ്രമിക്കാമെന്നും അദ്ദേഹത്തെ പഥികന്മാർ സൽക്കരിച്ചു. സ്വസേനയ്ക്കു് കിട്ടാത്ത സുഖം അനുഭവിക്കുവാൻ ഉണ്ണിത്താൻ തയ്യാറായിരുന്നില്ല. എന്നാൽ, ദൂരത്തു് കണ്ട കുന്നിൽനിന്ന് ഒരു ആരവഘോഷവും മേഘരടിതവും കേട്ടുതുടങ്ങിയപ്പോൾ, തന്റെ ഭടന്മാർ എന്തു് ചതിയാലോ ദ്രുതമർദ്ദനത്തിന് പാത്രമാകുമാറു് ശത്രുവ്യൂഹത്തിലോട്ടു് അവനീതരായി എന്ന് വിശ്വസിച്ചു് അദ്ദേഹം ആ കേന്ദ്രം നോക്കി, ആപൻമൃതികളെന്ന അവസ്ഥകളെ മറന്നു, സ്വയംവൃതമായുള്ള നായകത്വത്തിന് ചേർന്ന കൃത്യബോധത്തോടെ നടകൊണ്ടു. പഥികരെന്ന് നടിച്ചു, ദിവാൻജിയുടെ ആജ്ഞാനുസാരം സമരകലാപത്തിൽ അകപ്പെട്ടുപോകാതെ ഉണ്ണിത്താനെ അകറ്റിക്കൊണ്ടു് ചാരന്മാരും അദ്ദേഹത്തെ തുടർന്നു.

മാങ്കാവിൽനിന്ന് കുതിച്ചു് മണ്ടിമറഞ്ഞ പെരിഞ്ചക്കോടൻ ഭജനാവകാശത്തെ മൂപ്പിച്ചു് ഊരാണ്മ ആക്കിക്കൊള്ളുന്ന ഒരു സമ്പൽക്കമിതാവായിരുന്നു. അയാൾ, ഭട്ടൻ ആകട്ടെ ഉട

മസ്ഥരാകട്ടെ, മാമൂലാകട്ടെ, മര്യാദയാകട്ടെ പ്രതിരോധിച്ചാലും താൻ നിശ്ചയിച്ച് പണിപ്പെട്ടതിനെ സ്വാജ്ഞാധീനമാക്കാതെ വിടുന്ന മാല്യവാൻ അല്ലായിരുന്നു. മാങ്കാവിലെ പടനിലയനങ്ങൾ ഉദ്ദിഷ്ടാവശ്യത്തിനുതന്നെ പ്രയോജകീഭവിക്കുന്നതിന് വിരുദ്ധമതന്മാരെ ആ കൗബേരാലയത്തിൽനിന്ന് പലായനം ചെയ്യിക്കുമെന്നുകൂടി കരുതി, അയാൾ തന്റെ നിഷാദസൈന്യം പാളയം അടിച്ചിരിക്കുന്ന മഹാവനസങ്കേതം ലക്ഷ്യമാക്കി കുതികൊണ്ടു.

ഘോരാന്ധകാരത്തിലെ ചന്ദ്രോദയംപോലുണ്ടായ പുത്രന്റെ പുനർലബ്ധി മാധവിഅമ്മയുടെ ദൃഷ്ടികൾക്ക് ലോകത്തെ ദൈവനിർമ്മിതവും ദൈവഭരിതവുമായ ഒരു സാരല്യമണ്ഡലമാക്കിത്തീർത്തു. വൃദ്ധജനനിയുടെ തിടുക്കവും ശുഷ്കാന്തിയും മതിയാകായ്മയും പ്രകടിപ്പിച്ച് അവർ ഗൃഹാകാര്യാന്വേഷണവും പുത്രശുശ്രൂഷണവും തുടങ്ങി. ഭട്ടൻ പൂർവ്വപാപങ്ങളെ മാർജ്ജനം ചെയ്‌വാൻ ഉദ്യമിക്കുന്ന മാർജ്ജാരർഷിപുംഗവനായി, ടിപ്പുവ്യാഘ്രത്തെ മൂഷികനാക്കാനുള്ള വരലബ്ധിയെ പ്രാർത്ഥിച്ച് അവിടത്തെ മഠത്തിൽ തപസ്സ് തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ തപോവിരാമവേളകളിൽ, മാധവിഅമ്മയ്ക്കും പുത്രനും ലോകഗീതാരഹസ്യങ്ങൾ ഉപദേശിച്ചു, പടനിലയനങ്ങളുടെ അധികാരാവകാശത്തെ ദക്ഷിണയായി വാങ്ങുന്നു. ഭട്ടന്റെ ബ്രഹ്മോക്തി ഒന്നിന് മാധവമേനവനായ ശിഷ്യന്റെ ചോദ്യം പന്ത്രണ്ടുകൊണ്ടുള്ള ചാപല്യപ്രകടനം മാധവിഅമ്മയെയും ഭട്ടനെയും പരസ്പരവീക്ഷകരാക്കി, ഗൃഹനായകനായുള്ള ആ വിഭ്രതിമാന്റെ ശീലപരിഷ്കരണോപായം എന്തെന്ന് ചിന്തിപ്പിക്കുന്നു. മാതാവിന്റെ ആതുരാപേക്ഷകൾ ഡൂണ്ഡിയാശിഷ്യന്റെ ചർമ്മത്തെ ഭേദിച്ച് അന്തർദ്ധമനികളിലോ സ്നായുക്കളിലോ പ്രവേശിപ്പാൻ ശക്തങ്ങളാകുന്നില്ല. സ്വഗൃഹത്തിന്റെ ചിരഞ്ജീവിത്വം എന്നുള്ള ആദർശത്തിന്റെ ഗാഢാനുവർത്തകനായുള്ള ഭട്ടൻ ആ ഭവനചരിത്രം പരമാർത്ഥവൽഗ്രഹിച്ചിരുന്നതിനാൽ അതിന്റെ നാശകാലസാമീപ്യം സന്ദർശിച്ചു, ഏകാന്താവസ്ഥകളിൽ പരിദേവനം ചെയ്തു. ഈ മനഃക്ലേശം ഭട്ടന്റെ ഹൃദയമർമ്മത്തെ പീഡിപ്പിക്കുകയാൽ ആ നിർഭാഗ്യകേന്ദ്രത്തിൽനിന്നും ടിപ്പുപ്പാളയത്തിലേക്ക് ഉടനെ പുറപ്പെട്ടുകളയുകയോ എന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ ആ ഗൃഹനായികയായ ജനനിയുടെ മോഹം സംപ്രാപ്തമാക്കാൻ സഹായിച്ച ദൈവം താൻ അഭിലഷിക്കുന്നതും സാധിതപ്രായവുമായ ദർശനം നല്കി അനുഗ്രഹിക്കുമെന്ന് മോഹിക്കയാൽ ആ യാത്ര ഉദയംപ്രതി 'നാളെ നാളേതി' എന്ന അലസപ്രമാണത്തിന് അധീനമായിക്കഴിഞ്ഞു.

ദിവസം മൂന്നുനാല് കഴിഞ്ഞു. മാങ്കാവുവാസികൾ ഉദയഭക്ഷണാനന്തരം ഗീതാപ്രസംഗം കേൾപ്പാൻ എത്തിയിരിക്കുന്നു. ഭട്ടൻ പീതാംബരധാരിയായി, ആമപ്പലകയിന്മേൽ അധിഷ്ഠിതനായി, ഒരു അഭിനവവിമർശനത്തിനുള്ള വിഷയാനുക്രമണികയെ മനസ്സിൽ രൂപീകരിക്കുന്നു. ദൂരത്തുനിന്ന് ഒരു മന്ദാരവം കേട്ടുതുടങ്ങുന്നു. ഗാംഭീരാംസത്രത്തിലെ കവാടവിപാടനം കേൾക്കാൻ ശക്തി വഹിച്ചിരുന്ന ഭട്ടന്റെ കണ്ണുകൾക്ക് ഭൃംഗപക്ഷമർമ്മരംപോലുള്ള ആ ശബ്ദവും ഗോചരമാകുന്നു. മനോവിഭ്രമമല്ലെന്ന് ബോദ്ധ്യമാകുമാറ്, ആദ്യത്തെ മുരൾച്ച ഘനധ്വനിയിൽ മുഴങ്ങിത്തുടങ്ങുന്നു. ഗിരിതടങ്ങളിൽ അമർന്നിരുന്ന മേഘപടലങ്ങൾ പരസ്പരം പരിരംഭണത്തിൽ വിഹരിക്കുന്നുവോ, അല്ലെങ്കിൽ പരസ്പരമർദ്ദനത്തിൽ തകർന്ന് നദീമാർഗ്ഗത്തുടെ ഒരു പ്രവാഹം ആരംഭിച്ചിരിക്കുന്നുവോ എന്ന്

പ്രസംഗസംഘം സംശയിക്കുന്നു. ടിപ്പുസുൽത്താന്റെ സേനതന്നെ ഗിരിമാർഗ്ഗമായി ആക്രമിക്കുന്നുവോ എന്നുള്ള ഭയം ആ സുൽത്താന്റെ അഭിമതവിലംഘിയായ മാധവമേനവനെ ഭീതനാക്കുന്നു. ശബ്ദം സമീപിക്കയാൽ, ജലപ്രവാഹത്തിന്റെ കോപാരവമല്ലെന്നും, ഒരു ചെറുസേനയുടെ യാത്രാഘോഷമാണെന്നും വ്യക്തമാകുന്നു. പാദാരവം ഗൃഹപരിസരത്തിലോട്ട് അടുത്തപ്പോൾ മാധവിഅമ്മയും പുത്രനും ആപൽഭീതരായി വല്ല അഭയസ്ഥാനത്തേക്കും നീങ്ങേണ്ട ആവശ്യത്തെക്കുറിച്ച് ഭട്ടനോട് ആലോചനതുടങ്ങി. പെരിഞ്ചക്കോടന്റെ കാട്ടുപട്ടാളപ്പുറപ്പാടാണെന്ന് ഭട്ടൻ തന്റെ ബുദ്ധിദർശനത്തെ ധരിപ്പിച്ച് ആ ഭവനാവകാശികളെയും സംഭ്രമിച്ചുകൂടിയ ഭൃത്യസംഘത്തെയും ആശ്വസിപ്പിച്ചു.

ഗോവർദ്ധനനിരകളിലെ പൂർവ്വസാനുക്കൾ ഭേദിച്ച് ഒരു കാട്ടാളവർഗ്ഗം അന്തർഭാഗത്തുള്ള കുടിലുകളിൽ പ്രവേശിച്ചുതുടങ്ങി. കടുംനീലം, കറുപ്പ് എന്നീ നിറഭേദങ്ങളും ആസുരത്വം, ഭീമത എന്നീ ഭാവഭേദങ്ങളും ചേർന്ന് ആയിരത്തോളംവരുന്ന ഒരു മഹാസംഘം ധനികവാസങ്ങളെ കവർന്നുള്ള വിഭവധാരാളതയോടെ, ആ ഗൃഹപരിസരത്തെ ഒരു നിഷാദജനപദമാക്കി. ഏതാനും തോക്കുകളും വിവിധ രൂപങ്ങളായ ശൂലങ്ങളും ഖഡ്ഗങ്ങളും മുസലങ്ങളും ധരിച്ച, മൃഗബലത്താൽ ഗിരിഭേദനത്തിനും പടുക്കളായുള്ള ആ ഭടസമൂഹം പെരിഞ്ചക്കോടന്റെ തസ്കരസംഘവും രാജനാമാരാധകന്മാരായ മലയരും സങ്കലനചെയ്തുള്ളതായിരുന്നു. ഭൂരിഭാഗം വസ്ത്രഖണ്ഡധാരികളായുള്ള വേട്ടയാടികൾ ആ ഭവനത്തെ വലയംചെയ്ത് പാർപ്പുറപ്പിച്ചപ്പോൾ, മാധവിഅമ്മയുടെ ഉള്ളത്തിൽ ഏതാണ്ടൊരു അസ്വാസ്ഥ്യകലാപം ആരംഭിച്ചു. നായകനായ പെരിഞ്ചക്കോടൻ ഭവനത്തിലോട്ട് നീങ്ങാതെ പടനിലയനങ്ങളിലെ പാർപ്പുകളും പാചകാദികർമ്മങ്ങളും മേൽനോട്ടംചെയ്തുതന്നെ നിന്നു. ആ സേനയുടെ സജ്ജാവിധം ടിപ്പുവായ മഹാഡംബരേച്ഛുവിന് സന്തോഷമുണ്ടാക്കുകയില്ലെന്ന് ഭട്ടൻ അധിക്ഷേപിച്ചു. ടിപ്പുവിന്റെ സന്തോഷനീരസങ്ങളെ ഗണിക്കേണ്ട ആവശ്യം എന്തെന്നറിവാൻ കഴിയാതെ മാധവിഅമ്മ അമ്പരന്നുനിന്നപ്പോൾ, പുത്രൻ മാതാവിന്റെ ശുദ്ധഗതിയെ പരിഹസിച്ച് ചില നൃത്തങ്ങൾ തുള്ളി. താനും പെരിഞ്ചക്കോടനും അയാളുടെ സൈന്യവും മാധവമേനവനെപ്പോലെ ടിപ്പുവിനെ സേവിപ്പാൻ ബദ്ധപ്രതിജ്ഞരും തന്നിമിത്തം നഷ്ടസ്വാതന്ത്ര്യന്മാരും ആണെന്നുള്ള വാസ്തവത്തെ ഭട്ടൻ ധരിപ്പിച്ചു. പണ്ടുപണ്ടേ രാജന്യനിലയോടടുത്ത സ്ഥാനത്തെ വഹിച്ചുപോന്നിട്ടുള്ള മാങ്കാവുഭവനക്കാർ രാജദ്രോഹത്തെ അനുകൂലിക്കുന്ന അപരാധത്തിന്റെ സ്വരൂപത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയ മാധവിഅമ്മയുടെ വൈക്ലബ്യം നീങ്ങി, യൗവനത്തിലെ അഹങ്കാരപ്രാഗല്ഭ്യങ്ങൾ പൂർവ്വവൽ ഉജ്ജ്വലിച്ചു. പുനർജ്ജാതമായ ഗർവ്വം പൂർവ്വസൗന്ദര്യോത്കർഷത്താൽ ആ പ്രഭ്വിയെ ആവേഷ്ടനംചെയ്തു. താന്മാത്രനായുള്ള ഭട്ടന്റെ ശിരസ്സിൽ ഒരു ക്ലേദപ്രസരമുണ്ടായി. വിജയമാർഗ്ഗമെന്ന് കാണപ്പെട്ടതിനെ അംഗീകരിക്കുന്നതിൽ, മഹാവിലാപത്തിന് സംഗതി എന്തെന്ന് ഭട്ടൻ ഇടറിയ ശബ്ദത്തിൽ ചോദ്യംചെയ്തപ്പോൾ, 'പോവൂ ഭട്ടരെ' എന്ന് പുറപ്പെട്ട ഭർത്സനം അയാളുടെ കർണ്ണപുടത്തെയും അവരുടെ കണ്ഠനാളത്തെയും ഒരുപോലെ തകർത്തു. എങ്കിലും "എന്നമ്മാ, ഇവരെന്ന? അവരെന്ന?" എന്ന് അടിയിട്ട് ഭട്ടൻ മുരങ്ങിത്തുടങ്ങിയ വാദത്തെ മാധവിഅമ്മ തന്റെ മുരളീപഞ്ചമത്താൽ തടുത്തു: "എന്താ ബ്രാഹ്മണാ, എന്ത് ജളതയാണ്

പറയുന്നത്? അവരും ഇവരും നമുക്ക് ഭേദമില്ലെന്നോ? മാങ്കാവിലെ മാധവിയോടിതൊന്നും പറയേണ്ട. അദ്ദേഹം എന്നോട് പറഞ്ഞ് സമ്മതിപ്പിച്ച് തിരുവനന്തപുരത്തെ പടയോട് ചേരാനുള്ള ഒരു കൂട്ടത്തിന് ഇവിടെ സ്ഥലം വേണമെന്നായിരുന്നു. വേറൊന്നിന് വേറെ സ്ഥലം കാണണം. ഉണ്ണീ, പങ്കീ, മാധവാ, കുട്ടാ എന്താ തന്റെ പക്ഷം?"

താൻ തൃണവൽഗണിച്ചിരുന്ന സ്ത്രീവർഗ്ഗത്തിലെ ദുരിതാനുഭവക്കാരി അവരുടെ രാജഭക്തിയെ ഭവനപാരമ്പര്യം നിദാനമാക്കി വാദിച്ചപ്പോൾ, അപരഹിതത്തെയോ ഉപദേശത്തേയോ പ്രമാണിച്ചിട്ടില്ലാത്ത ഭട്ടന്റെ ചിത്താംബരത്തിൽ ഒരു ചക്രവാതഭ്രമണം ആരംഭിച്ചു. ഒരു ഗൃഹം ശാശ്വതമായി നിലകൊള്ളണമെന്നുള്ള ആകാംക്ഷയെ ജീവതധ്യാനമാക്കി പ്രാർത്ഥിക്കുന്ന ഭട്ടൻ, മാധവിഅമ്മയുടെ കുടുംബനാമപ്രയോഗത്താൽ സൂചിതമായ കുലഗർവ്വം താദൃശകാംക്ഷക്കാർക്ക് അഭിമാനകരമായ പാഠംതന്നെ എന്ന് നിരൂപിച്ചു. ആ കാര്യത്തെക്കുറിച്ച് അല്പനേരം ഗാഢക്ലേശംചെയ്തപ്പോൾ ഗൃഹം, കുടുംബം എന്നിതുകളുടെ പാരമ്പര്യമഹത്ത്വത്തെ പരിരക്ഷിക്കുന്നത് പുരുഷകൃത്യങ്ങളിൽ പ്രധാനമായ ഒന്നാണെന്ന് ആ സ്ത്രീഗുരുവിൽനിന്ന് സിദ്ധിച്ച മന്ത്രമായി ഭട്ടൻ ഉരുക്കഴിച്ചുതുടങ്ങി. ഈ അദ്ധ്യയനം അദ്ദേഹത്തിന്റെ അനന്തരവൃത്തികളെ പരിഷ്കരിച്ചത് ഏത് വിധത്തിൽ എന്ന് ടിപ്പുവിന്റെ പാളയത്തിൽവച്ച് നാം കണ്ടുകഴിഞ്ഞു.

പെരിഞ്ചക്കോടന്റെ സൈന്യത്തിൽ ചിലർ സംഭാരങ്ങളെ അതതുശാലയിൽ സൂക്ഷിച്ചുതുടങ്ങി. ഒരു ഭാഗക്കാർ പാചകർമ്മത്തിന് വട്ടം കൂട്ടി. ചിലർ വിറകിനും മറ്റ് ചിലർ ജലത്തിനും ആ നദിയിലോട്ടും കാട്ടിലോട്ടും നടന്നു. ഒരു കൂട്ടക്കാർ മാർജ്ജനകർമ്മങ്ങൾ അനുഷ്ഠിച്ചു. ഒരു സംഘക്കാർ നാലഞ്ച് ഖണ്ഡമായി പിരിഞ്ഞു, മരക്കൊമ്പുകളിന്മേൽ കാവൽപ്പുരകളായി ഉപയോഗിക്കുന്നതിനുള്ള ഏറുമാടങ്ങൾ കെട്ടിത്തുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ആ ഗോവർദ്ധനനിരയുടെ അന്തർവലയം സൂര്യവാരപൂജകളിലെ അഗ്നിജ്വാലകളും ധൂമവും പൊങ്ങിച്ചു. പെരിഞ്ചക്കോടന്റെയും ആഭിജാത്യമുള്ള ഭടജനങ്ങളുടെയും പ്രത്യേക നിലയനങ്ങളിലും ഭക്ഷണവട്ടങ്ങൾക്ക് ഒരുക്കം തുടങ്ങി. അനന്തരകരണീയം എന്തെന്ന് ചിന്തിച്ച് മാധവിഅമ്മ നില്ക്കുന്നതിനിടയിൽ ആ സങ്കേതം ബഹുകുടുംബങ്ങൾ സംയോജിച്ചുള്ള ഒരു ഗ്രാമത്തിന്റെ നിലയിൽ കാണപ്പെട്ടു.

ചെറുഗിരികളുടെ തെക്കുപടിഞ്ഞാറുള്ള കോണിൽനിന്ന് ചില ആജ്ഞാഘോഷങ്ങൾ കേട്ടുതുടങ്ങി. ആ ഇന്ദ്രജാലമന്ത്രത്തിന്റെ ഫലമെന്നപോലെ ഗോവർദ്ധനസാനുക്കളുടെ പശ്ചിമദക്ഷിണഭാഗങ്ങൾ ശീഘ്രതരം ഒന്ന് ചലിച്ചു. മഹാതരുക്കളെ അവലംബിച്ചുനില്ക്കുന്ന ചെറുചെടികൾ ശോണകഞ്ചുകങ്ങളായി. ഞെരുങ്ങി നില്ക്കുന്ന ഒരു ഭൈരവലിംഗത്തിന്റെ പ്രതിഷ്ഠയും ക്ഷണത്തിൽ നിവർത്തിക്കപ്പെട്ടു. ഗിരിയുടെ ഉന്നതതടത്തിൽനിന്ന് ജനനിബിഡമായ താഴ്‌വരയിലോട്ട് നീട്ടപ്പെട്ട തോക്കുകളുടെ വക്ത്രവൃത്തങ്ങൾ യമകിങ്കരാക്ഷികൾപോലെ പ്രകാശിച്ച് തുടങ്ങി.

പെരിഞ്ചക്കോടന്റെ ഭടജനങ്ങൾ സത്യവ്രതന്മാരായിരുന്നതിനാൽ അവർ ഉദരപൂരണവട്ടങ്ങളെ വീരവീര്യതയോടെ ഉപേക്ഷിച്ചു. ആയിരത്തോളം ദീർഘകായന്മാർ ചിന്താവേഗത്തിൽ ആയുധധാരികളായി നിരയിട്ട് നിരോധനസന്നദ്ധരെന്ന് അട്ടഹാസംചെയ്തു.

ഗിരിസാനുവിൽനിന്ന് ഒരു രാജാജ്ഞയുടെ പ്രസിദ്ധീകരണം കേൾക്കുമാറായി. തൃപ്പാദ സേവനത്തിനെന്നുള്ള ധാരണയോടെ പെരിഞ്ചക്കോട്ടു് കുഞ്ചുമായിറ്റിപ്പിള്ളയുടെ നായകത്വത്തെ അംഗീകരിച്ചിട്ടുള്ളവർ ആയുധംവച്ച് അവരുടെ കുടികളിലേക്ക് ഉടനെ നടകൊണ്ടുകൊള്ളേണ്ടതാണെന്നും അല്ലെങ്കിൽ അവർ രാജദ്രോഹികളായി ശിക്ഷിക്കപ്പെടുമെന്നുമുള്ള ഒരു തിരുവെഴുത്തുവിളംബരം ശംഖധ്വനിപോലെ മുഴങ്ങി. തങ്ങളെ വഞ്ചിച്ചതിന് സമാധാനം എന്തെന്ന് മലയർപട്ടാളം പെരിഞ്ചക്കോടന്റെ മുഖത്ത് നോക്കി. അയാളുടെ മുഖരൂക്ഷതയും പല്ലുഞെരിപ്പും നിഷ്ഫലങ്ങളായി. "ആണുങ്ങളെങ്കിൽ നിന്ന് പടവെട്ടിൻ" എന്നുള്ള അപഹാസഗർജ്ജനവും ആ ഗിരിവാസികളുടെ രാജഭക്തിക്ക് ഭംഗം വരുത്തിയില്ല. ധനകാംക്ഷികളെ ആകർഷിക്കുന്ന ഒരു ഭവനം അവർ കാണുന്നു എന്നും ആക്രമിക്കുന്ന സേനയെ തോല്പിച്ചാൽ ആ ഗൃഹത്തിലെ നിധികൾ കരസ്ഥമാക്കുവാൻ സമ്മതിക്കാമെന്നുമുള്ള പ്രലോഭനങ്ങൾ അയാളുടെ കണ്ഠത്തിൽനിന്ന് പുറപ്പെട്ടു. അഞ്ഞൂറോളം ഭടന്മാർ അവരുടെ മുസലങ്ങളും കുന്തങ്ങളും ദൂരത്തെറിഞ്ഞിട്ടു്, കരിങ്കുരങ്ങന്മാരെപ്പോലെ തങ്ങളെ വഞ്ചിച്ച മഹാപാതകനെ കൊഞ്ഞനം കാട്ടിയും ശപിച്ചും ആ രംഗത്തിൽനിന്ന് മറഞ്ഞു. പെരിഞ്ചക്കോടനും ദക്ഷിണദേശീയരായ ഭടന്മാരും കുലുങ്ങാതെ സമരാകാംക്ഷയോടെ മുന്നോട്ടു് നീങ്ങി.

മാങ്കാവുഭവനത്തെ പ്രിയവാസമാക്കിയിരുന്ന പിശാചിയെ ഉദ്ധൂതയാക്കുമാറു് വഞ്ചിരാജ്യശക്തിയുടെ ഒരു ആഗ്നേയശലാകയെ മുൻപറഞ്ഞ ഭൈരവലിംഗം മുക്തമാക്കി, ഒരു ജീമൂതാരവത്തെ ഉച്ചാടനമന്ത്രമായി ഉദ്ഘോഷിക്കയും ചെയ്തു. ആ ബ്രഹ്മാണ്ഡാരവത്തെ തുടർന്ന് മേഘപോതങ്ങളുടെ സംഘട്ടനധ്വനികളെന്നപോലെ കർണ്ണാരുന്തുദമായുള്ള ഒരു ശബ്ദാവലിയും ശലാകകണങ്ങളെ വർഷിപ്പിച്ച് ആ സങ്കേതവലയത്തെ ശബ്ദായമാനമാക്കി. മരണമുറവിളികൾ, ക്ഷതാംഗന്മാരുടെ വേദനാലാപങ്ങൾ ഇവ മുഴങ്ങുന്നതിനിടയിൽ പെരിഞ്ചക്കോടന്റെ ഊർജ്ജസ്വലാജ്ഞകൾ രാജപദാതികൾ കേട്ടിട്ടില്ലാത്ത സിംഹഗർജ്ജനംപോലെ ആ സങ്കേതത്തെ കിടുക്കി. രണ്ടാമത്തെ ഭൈരവശലാകയും അതിനെത്തുടർന്നുള്ള ചെറുമേഘക്രന്ദനങ്ങളും പലരെയും വീഴ്ത്തി. പെരിഞ്ചക്കോടൻ നിന്നിടത്തുനിന്ന് നിണം വർഷിച്ച് വട്ടംകറങ്ങിത്തുടങ്ങി. അത് കണ്ടു് അയാളുടെ അനുചരന്മാരിൽ ചിലർ ആ ഗജകായനെ തോളിലാക്കിക്കൊണ്ടു് ആയുധം വച്ചവരുടെ ത്വരിതഗമനം തെളിച്ച മാർഗ്ഗത്തുടെ പാഞ്ഞുതുടങ്ങി. നായകന്റെ നിഷ്ക്രമണം കണ്ടിട്ടും അയാളുടെ ആസുരസൈന്യം വൃകനിരയെന്നതുപോലെ ഒന്നൊഴിയാതെ മുന്നോട്ടു് പാഞ്ഞു് രാജഭടന്മാരുടെ തോക്കുകൾക്ക് ഭക്ഷ്യമാകുകതന്നെ ചെയ്തു. പെരിഞ്ചക്കോടന്റെ ശരീരത്തെ വഹിച്ച സംഘത്തെ രാജഭടന്മാർ തുടർന്നില്ല. ആ വനചരന്മാർ അല്പം ദൂരത്തെത്തിയപ്പോൾ അവരിൽനിന്ന് ക്ഷിണദേശരീതിയിലുള്ള ആക്രന്ദനങ്ങൾ പൊങ്ങി, പെരിഞ്ചക്കോടനായ ദുർമ്മദന്റെ നിര്യാണവൃത്താന്തത്തെ രാജഭടന്മാരെ ധരിപ്പിച്ചു.

മാങ്കാവിലെ ഈ സമരകലാപം യുദ്ധകാലങ്ങളിൽ രാജ്യാധികാരികളാൽ പ്രയുക്തമായുള്ള ചാരതന്ത്രത്തിന്റെ വൈദഗ്ധ്യംകൊണ്ടു് ഭവിച്ചതായിരുന്നു. കൊടന്തയുടെ ബന്ധുവായിക്കൂടിയതും പല മാർഗ്ഗസന്ധികളിലും വച്ചു് സംഭാഷണത്താൽ അയാളെ ഉപചരിച്ചതും,

കാട്ടിനുള്ളിൽ ചാടിയ കൊടന്തയെ പിടികൂടി നിശ്ശബ്ദനാക്കിയതും ഉണ്ണിത്താനെ അദ്ദേഹത്തിന്റെ സേനയിൽനിന്ന് അകറ്റിക്കൊണ്ടതും, മാങ്കാവിലെ അവസ്ഥകളും പെരിഞ്ചക്കോടന്റെ സേനാപ്രയാണങ്ങളും അപ്പഴപ്പോൾ അധികാരകേന്ദ്രങ്ങളിൽ ധരിപ്പിച്ചതും എല്ലാം ദിവാൻജിയുടെ ചാരന്മാർ തന്നെയായിരുന്നു. രാജസേനയുടെ നായകന്മാർ മാങ്കാവിൽ പ്രവേശിച്ച് മാധവമേനവനെ ബന്ധനാജ്ഞ വായിച്ച് കേൾപ്പിച്ചു. മാധവിഅമ്മയുടെ പ്രലാപങ്ങളും അശ്രുവർഷങ്ങളും വകവയ്ക്കാതെ ഉണ്ണിത്താനും ആ യുവാവും തമ്മിൽ അഭിമുഖരാകാതുള്ള മാർഗ്ഗത്തിൽക്കൂടി അയാളെ മന്ത്രിസന്നിധിയിലേക്ക് യാത്രയാക്കി.

ഗൃഹപരിശോധനാധികാരം കുറുങ്ങോടനെ ഏല്പിക്കപ്പെട്ടപ്പോൾ, ചിലമ്പിനേത്തും സഞ്ചരിച്ചിട്ടുള്ള ആ പ്രമാണിക്ക് താൻ കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഒരു ശില്പശാസ്ത്രപ്രയോഗത്തിന്റെ മഹിമയും ഔൽകൃഷ്ട്യവും പരിഷ്കൃതിയും ഘടനാസമ്പ്രദായങ്ങളും കാണ്മാനുള്ള ഭാഗ്യം സിദ്ധിച്ചു. മാധവിഅമ്മയെ കണ്ടപ്പോൾ പൈതൃമായ സ്നേഹഗൗരവങ്ങളോടും സൗന്ദര്യോത്കർഷത്തെ അഭിനന്ദിച്ചുള്ള മന്ദഹാസങ്ങളോടും പുത്രന്റെ സംഗതിയിൽ ഭയപ്പെടാൻ ഒന്നും ഇല്ലെന്നും ആ ഭവനകാര്യങ്ങൾ അന്നുമുതൽ പൊന്നുതമ്പുരാൻ തിരുമനസ്സിലെയും അവിടുത്തെ ദിവാൻജിയുടെയും നോട്ടത്തിൽ ശുഭമായിക്കഴിയുമെന്നും ഉള്ള സാരത്തെ, അല്പം പ്രയാസത്തോടുകൂടിയെങ്കിലും സംഗ്രഹിക്കാവുന്ന ഒരു നെടുംപ്രസംഗംകൊണ്ട് അവരെ ആശ്വസിപ്പിച്ചു. അനന്തരം ഭവനത്തിലെ ഓരോ അറയും തുറപ്പിച്ച് കുറുപ്പ് കപ്പിത്താൻ ഊർജിതപരിശോധനം തുടങ്ങി. ആ കായവൈപുല്യം കണ്ടു് മൂഷികന്മാർ വിരണ്ടുമണ്ടി. അദ്ദേഹത്തിന്റെ ശ്വാസങ്ങൾ ബഹുകാലമായി സ്വസ്ഥിപ്രാപിച്ചിരുന്ന രേണുസഞ്ചയങ്ങൾക്ക് മുക്തിയും വ്യാപാരശക്തിയും നൽകി. ഓരോ അറയിലെയും സാധനവിശേഷങ്ങൾക്ക് ആ ഭവനത്തിന്റെ പ്രാചീനതയ്ക്കും പുരാവൃത്തമഹത്ത്വത്തിനും സാക്ഷ്യങ്ങളായിരുന്നു. നന്തിയം, ചിലമ്പിനഴിയം എന്നീ ഭവനങ്ങൾ കണ്ടും അവിടങ്ങളിലെ ഉപനായകസ്ഥാനം ആണ്ടും കഴിഞ്ഞിട്ടുള്ള അഹങ്കാരത്തോടെ തൽക്കാലകൃത്യത്തിന്റെ നിർവഹണം ആരംഭിച്ച കൃഷ്ണക്കുറുപ്പ്, മാങ്കാവിലെ മണിയറനിരകളിൽ ഏതാനും പരിശോധിച്ചുകഴിഞ്ഞപ്പോൾ, സ്വസമുദായത്തിന്റെ നഷ്ടപ്രതാപൈശ്വര്യങ്ങളെ സ്മരിച്ച് സഹാനുമോദികളെ കിട്ടാൻ അമ്പരന്ന് നോക്കിപ്പോയി. ഇങ്ങനെയുള്ള അഭിമാനമോദങ്ങളോടെ നടന്ന് അന്ധകാരമയമായ ഒരു അറയിൽ പ്രവേശിച്ചപ്പോൾ അതിന്റെ ഒരു കോണിൽ ഊക്കനായ രജകഭാണ്ഡംപോലുള്ള ഒരു ആകാരം ദൃശ്യമായി. ദിവാൻജിയുടെ ആജ്ഞാനുസാരം മറ്റ് രാജദ്രോഹികളിൽനിന്ന് വ്യത്യസ്തമായി പരിഗണിക്കപ്പെടേണ്ട ഗൗണ്ഡവ്യാപാരിയാണെന്ന് തീർച്ചയാക്കിയും തന്റെ വിശ്വാസം തുടർന്നും ആ ഭാണ്ഡത്തിന്റെ മുമ്പിൽ കുറുപ്പ് ഭക്തിപൂർവ്വം പ്രണാമം ചെയ്തപ്പോൾ, അതിൽനിന്ന് ചില ഞരങ്ങലുകൾ പുറപ്പെട്ടു. 'കിട്ടുക്കുറുപ്പേ, കിട്ടുക്കുറുപ്പേ!' എന്ന ദയനീയസംബോധനങ്ങൾ ആ നവകപ്പിത്താന്റെ സൈനികവീര്യത്തെയും കരപ്രാധാന്യത്തെയും സ്വേദമാർഗ്ഗേണ ആ കൃപാകൂടത്തിൽ നിന്ന് വിസ്രവിപ്പിച്ചു.

കൃഷ്ണക്കുറുപ്പ്, "എന്തു ഗ്രഹപ്പിഴകളാണമ്മാവാ ഇതു്? ആരു കേട്ട കഥകൾ? എങ്ങോട്ട് പോയിരുന്നു?" എന്നെല്ലാം ഒരു ശ്വാസത്തിൽ ചോദിച്ചതിന്, ജ്വരമൂർച്ഛിതനിൽനിന്നെന്ന

പോലെ "കേശവൻ, എന്റെ കേശവൻ" എന്ന ഒരു സന്ദർശനാഭിലാഷശബ്ദംമാത്രം മാണിക്കഗൗണ്ഡനിൽനിന്ന് പുറപ്പെട്ടു. ഈ ദയനീയപ്രാർത്ഥനയുടെ ആർദ്രതാമാധുര്യം അതുവരെ താൻ മറന്നിരുന്ന ഉണ്ണിത്താന്റെ കാര്യത്തെ കുറുങ്ങോടനെ സ്മരിപ്പിച്ചു. "ഇതാ വന്നേച്ച് അമ്മാവാ, വെളിയിൽ ചാടി വല്ല കുശാണ്ടവും ഉണ്ടാക്കരുത്" എന്ന് പറഞ്ഞുകൊണ്ട് അയാൾ മണ്ടി.

ഒന്നുരണ്ട് നാഴിക കഴിഞ്ഞപ്പോൾ ദേഹം തളർന്ന് വിയർത്തുള്ള കേശവനുണ്ണിത്താനെ ആ അറയ്ക്കുള്ളിൽ പ്രവേശിപ്പിച്ചിട്ട് കുറുപ്പ് പുറംകാവലായി നിലകൊണ്ടു. വസ്തുതകൾ മുഴുവൻ കുറുങ്ങോടനിൽനിന്ന് ഗ്രഹിച്ചിരുന്ന ഉണ്ണിത്താൻ ഗൗണ്ഡവേഷധാരിയായ തന്റെ കാരണവരുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ച് വാവിട്ട് കരഞ്ഞു. കാളിഉടയാൻ ചന്ത്രക്കാറനും തന്റെ ജന്മഹേതുകനായ അഷ്ടഗ്രഹസമിതിയിലെ സമഗ്രദൗഷ്ട്യനിൽനിന്ന് സിദ്ധമായുള്ള പൗരുഷത്തെ ത്യജിച്ച് അശ്രുധാര വാർത്തു.

ദ്രോഹംകൊണ്ടല്ലാതെ ഭജനത്താൽ രാമവർമ്മ മഹാരാജാവാൽ താൻ അഭിമാന്യൻ ആവുകയില്ലെന്നും ടിപ്പുവോടുള്ള പ്രതിജ്ഞ തന്റെ 'ആൺതത്ത്വം' നിനയ്ക്കുമ്പോൾ വിലംഘിച്ചുകൂടാത്തതാണെന്നും ശഠിച്ച്, ഏതാനും അമൂല്യരത്നങ്ങളെ ഭാഗിനേയന് സമ്മാനം ചെയ്തു, തന്റെ സർവസ്വത്തിനും രക്ഷാധികാരിയായി നെടുനാൾ വാഴ്ക എന്നനുഗ്രഹിച്ചും വിധിയുടെ അനന്തരനിപാതങ്ങളെ സ്വതസ്സിദ്ധമായ ഹൃദയാശ്മതയോടെ ഏല്പ്പാൻ ചന്ത്രക്കാറൻ ആ രാത്രിയുടെയും ആ വൃദ്ധനെ ബന്ധിച്ചുകൂടരുതെന്ന് ദിവാൻജിയിൽനിന്നുണ്ടായ വാചാജ്ഞയുടെയും ആനുകൂല്യത്താൽ ടിപ്പുസങ്കേതത്തിലേക്ക് യാത്രയായി.

31

"പോരിക നിശാചരർ പതിന്നാലായിരവും
പോരിനു ദൂഷണനുമനുജൻ ത്രിശിരാവും
ഘോരനാം ഖരനേവം ചൊന്നതു കേട്ട നേരം
ത്രിശിരാവും പടയും പുറപ്പെട്ടു
വീരനാം ദൂഷണനും ഖരനും നടകൊണ്ടു
ധീരതയോടു യുദ്ധം ചെയ്‌വതിനുഴറ്റൊടേ"

യുദ്ധം! സമാധാനം വിവേകശീലരായ പരിപക്വമതികളുടെ ദിവാസ്വപ്നം മാത്രമാണെന്നും ലോകചരിത്രത്തിന്റെ സ്ഥായിയായ അംശം ഇതുതന്നെ എന്നും ചരിത്രപ്രമാണികന്മാരാൽ കീർത്തിതമായ യുദ്ധം! നശ്വരമായ ഈ ലോകത്തിൽ തങ്ങളുടെ യശഃസ്തംഭത്തെ അനശ്വരമായി പ്രതിഷ്ഠിക്കുന്നതിനുള്ള ദുർമ്മോഹം നിമിത്തം ചക്രവർത്തികളാൽ ഔത്സുക്യപൂർവം വരിക്കപ്പെടുന്ന യുദ്ധം! ലോകത്തിൽ ജനസംഖ്യയും ആഹാരവിഭവങ്ങളും തമ്മിലുള്ള പരിമാണത്തെ അനുക്രമമായി പരിപാലിക്കുന്നതിനുള്ള ഒരു പ്രധാനോപായമെന്ന് അർത്ഥശാസ്ത്രപാരംഗതന്മാരാൽ ശ്ലാഘിക്കപ്പെടുന്ന യുദ്ധം! ഇതിന്റെ ലഗ്നവേള ഭഗവാൻ സൃഷ്ടിക്രിയയ്ക്കിരുന്ന് സ്വരൂപവിധങ്ങളെക്കുറിച്ച് സങ്കല്പം തുടങ്ങി മായാസാഹായ്യത്തെ അംഗീകരിച്ച മുഹൂർത്തം തന്നെ. ഭൂനിർമ്മിതിക്ക് പൂർവമായിത്തന്നെ ദേവപിശാചസമരം സംഭവിച്ച് നരകസൃഷ്ടിയും ഉണ്ടായി എന്നൊരു പക്ഷം. ചതുർവേദകിശോരങ്ങളുടെ മോഷകനായ ഹയാഗ്രീവനെ തോല്പിക്കാൻ മത്സ്യാവതാരമുണ്ടായി എന്നുള്ള മറ്റൊരു പക്ഷത്തെ പൂനാച്ചിത്രങ്ങളും സാക്ഷീകരിക്കുന്നു. ഇങ്ങനെ, ആദികാലം മുതൽക്ക് ഭഗവാൻതന്നെ, സ്വസൃഷ്ടപരിഷകളോട് പരിപന്ഥിത്വം അവലംബിച്ച് ജയാപജയങ്ങൾ അനുഭവിച്ച് മുക്തിപദകാംക്ഷികളുടെ ചരമകാലശ്രവണത്തിനായി സഹസ്രനാമങ്ങളെ സമാർജ്ജിച്ചു. സൂക്ഷ്മം ആലോചിക്കുമ്പോൾ ഓരോ ദേഹദേഹീഘടനതന്നെയും പ്രത്യക്ഷവും ചിലപ്പോൾ പരോക്ഷവുമായുള്ള വിരുദ്ധതകളുടെ സമ്മിശ്രാവസ്ഥയാണെന്ന്

പ്രത്യക്ഷപ്പെടുന്നു. മണിമയസദനങ്ങളും ഛിദ്രരംഗങ്ങൾതന്നെ. രാജപ്രജാബന്ധങ്ങൾക്കിടയിലും സമരശൈവലവലയങ്ങളുടെ സമുജ്ജൃംഭണത്തെ പ്രബുദ്ധാക്ഷികൾ ദർശിക്കുന്നു. ഇങ്ങനെയുള്ള സംഘർഷണം ദർശനത്തിനും ശ്രവണത്തിനും സുഖപ്രദമായിരിക്കാം. എന്നാൽ മകുടഭൃഷിതന്മാരും മോക്ഷസൂത്രവ്യവസായക്കാരും രാജ്യാഭിമാനശംഖന്മാരും കൂടി ആഹവസരസ്സിലെ തരംഗപ്രപാതാനന്ദം ആസ്വദിപ്പാൻ നിർബന്ധിതന്മാരാകുമ്പോൾ യുദ്ധാമൃതത്തിൽ സങ്കലനം ചെയ്യുള്ള രക്താമിഷരസം ആസ്വദനീയമല്ലെന്ന് ഘോഷിക്കുന്ന നവ്യാഗമങ്ങൾ പ്രാജാപത്യമുഖങ്ങളിൽനിന്നുതന്നെ ഗളിതങ്ങളായേക്കാം. ഇങ്ങനെ, 'വേണം വേണ്ടാ' സ്ഥിതിയിലുള്ള യുദ്ധ 'സംസ്കരണ'ത്തിന്റെ ഒരു വിശേഷഫലം, ജനതാഭീരുതയെ, അനശ്വരശിലാസ്തംഭമായി ലക്ഷീകരിക്കുന്നു. വിജയികൾ ലോകത്താൽ അഭിമാനപൂർവ്വം ആശ്ലേഷിതന്മാരാകുന്നു. പരാജിതന്മാർ ദുർഗ്ഗുണപുഞ്ജങ്ങളായി ഭർത്സിക്കപ്പെട്ടു് അവരുടെ നാമങ്ങൾപോലും ശൂലാഗ്രസ്ഥങ്ങളാക്കപ്പെടുന്നു. വാമനമഹാബലികൾ, പരശുരാമബാഹുജന്മാർ, രാമരാവണന്മാർ എന്നിവരിൽ വിജയികൾ സമാനകാലീനന്മാരാൽ പ്രശംസിക്കപ്പെട്ടു് അനന്തരജനപരമ്പരകൾക്ക് ദേവന്മാരും ദേവാംശജന്മാരും ആയിത്തീർന്നിരിക്കുന്നു. പരാജിതനായ നെപ്പോളിയൻ കേവലം ഒരു അനുകമ്പാപാത്രം; ഇംഗ്ലീഷുകാരോടു് നേർത്തു് അവർക്കൊരു സാമ്രാജ്യത്തെ നഷ്ടമാക്കിയ വാഷിങ്ടന്റെ അനന്തരഗാമി ഇക്കാലത്തു് ലോകസമാധാനമനുസ്ഥാനംതന്നെ വഹിക്കുന്നു. ഇന്നത്തെ ഭാരതീയദേശാഭിമാനികൾ പ്രകടിപ്പിക്കുന്ന അധികാരവിദ്വേഷത്തിൽ പത്തിൽ ഒരംശത്തോളം അപരാധകാരിയല്ലാത്ത ഒരു സചിവസിംഹം ആത്മഹത്യാനന്തരവും അതിനീചമായുള്ള അവമാനത്തിന് പാത്രമാക്കപ്പെട്ടു. ഇങ്ങനെ, വിജയിവർഗ്ഗങ്ങളുടെ ചരിത്രപടങ്ങളിൽ ചിത്രിതമാകുന്ന പരാജിതരൂപങ്ങൾ വൈരൂപ്യസങ്കലിതങ്ങളായിത്തീരുന്നു. കഥാകർത്താക്കന്മാരുടെ മനോധർമ്മജപ്രതിമകൾ ഏതദ്വിധരചനകളുടെ പ്രതിച്ഛായകളായും തീർന്നിരിക്കുന്നു.

നദീതടമർദ്ദനത്താൽ ജലത്തെ അപേയമാക്കിയ അജപോതത്തിന്റെ അപരാധകഥയെ തുടർന്ന് തിരുവിതാംകൂർ സംസ്ഥാനത്തെ ഖാദിച്ച് തുഷ്ടനാകാൻ മോഹിച്ച ടിപ്പുസുൽത്താൻ ആ രാജ്യം രണ്ടു് ചെറിയ കോട്ടകളെ ലന്തക്കമ്പനിക്കാരോടു് വിലയ്ക്കു് വാങ്ങിയ കുറ്റത്തെ മത്സരഭാവമായി ആരോപിച്ചുകൊണ്ടു് വൃകധർമ്മം അനുസരിച്ച് കലഹത്തിന് വട്ടംകൂട്ടി സേനാസഹിതം പുറപ്പെട്ടു. ആ സമരത്തിലെ പ്രഥമ കർമ്മമായി, അഴിക്കോട്ട തകർപ്പാൻ ഒരു സേനാംഗത്തെ താൻതന്നെ നടത്താൻ നിശ്ചയിച്ച് തന്റെ തിരുവുള്ളത്തെ സുൽത്താൻ വെളിവാടുകൊണ്ട വൃത്താന്തം മുൻപൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ തിരുവുള്ളപ്രഭാസനാനന്തരം അന്തഃപുരാബ്ധിയിൽ അസ്തമിച്ച സുൽത്താൻ, മന്ത്രസഭാമേരുവിൽ പുനരുദയം ചെയ്തതു മുപ്പതല്ല, അറുപതോളം നാഴിക കഴിഞ്ഞിട്ടായിരുന്നു. അദ്ദേഹത്തിന്റെ കിരണപ്രഭകൾ വീണ്ടും പ്രസാദാർത്ഥികളുടെ തർപ്പണങ്ങളെ ആദാനംചെയ്തു് തുടങ്ങിയതിന്റെ ശേഷവും പ്രസ്ഥാനത്തെക്കുറിച്ചുള്ള പര്യാലോചനകളാൽ ഒന്നുരണ്ടു് സൂര്യാസ്തമയങ്ങൾ കഴിഞ്ഞുകൂടി. അവസാനത്തിൽ പതിനാലായിരം കാലാളും അഞ്ഞൂറ് ആടവികന്മാരും തന്റെ ആഡംബരസാമഗ്രികളും മാത്രം അങ്ങോട്ടു്

പുറപ്പെടാനും അജിതസിംഹരാജാവ് തന്റെ തൽക്കാലസങ്കേതത്തെ സംരക്ഷണംചെയ്ത് അവിടെ വാഴുവാനും സുൽത്താൻ വിധിച്ചു.

തിരുവതാംകൂർ സംസ്ഥാനത്തിന്റെ ഭാവി ഈ ചെറുകുഡ്യത്തിന്റെ ഗ്രഹനിലയെ ആശ്രയിച്ച് ത്രസിക്കുന്നു. പെരുമ്പടപ്പിലെ രാജാവും ഉത്തരദേശങ്ങളിലെ കാന്ദിശീകന്മാർക്ക് അഭയം നല്കിയിരുന്നു എങ്കിലും, തിരുവതാംകൂർ സംസ്ഥാനം ആ അപരാധസരസ്സിൽ ആശിരഃസ്നാനം പ്രതിമുഹൂർത്തം അനുവർത്തിക്കുന്നു. പെരുമ്പടപ്പുസംസ്ഥാനം വൈമനസ്യത്തോടെങ്കിലും സാമന്തരാജഭാവത്തെ അവലംബിച്ച് ആ രാജശക്തി പ്രാസാദത്തെ തൃണസ്തൂണങ്ങളാൽ സംരക്ഷിക്കുന്നു. തിരുവതാംകൂർ മഹാരാജാവ് ടിപ്പുവിനെ ചില സംഭാവനകൾകൊണ്ട് ബഹുമാനിച്ചിട്ടുണ്ടെങ്കിലും ആ സമ്രാട്ടിന്റെ അധികാരസിന്ധുവിനെ അവിടുത്തെ രാജ്യത്തിലോട്ട് അതിക്രമിപ്പിക്കാനുള്ള ഇച്ഛയെ വിന്ധ്യകടുതയിലുള്ള വൈമുഖ്യത്താൽത്തന്നെ പ്രതിരോധിക്കുന്നു. അതിനാൽ, മൈസൂർസേനയുടെ യാത്ര തിരുവതാംകൂറിന്റെ സംഹാരശകുനോദയമായിത്തന്നെ യുദ്ധാങ്കണസമീപസ്ഥരായ ബന്ധുക്കളും ദർശിച്ചു. എന്നാൽ വഞ്ചിലക്ഷ്മിയുടെ ഭാഗധേയവിശേഷത്താൽ ടിപ്പുസിൽത്താൻ സൈനികനിഗമോക്തങ്ങളായ ധർമ്മങ്ങളിൽ ശൗര്യപ്രധാനനായിരുന്നു. എങ്കിലും സേനാനേതൃത്വത്തിൽ ദുഷ്ടനിരോധത്തെ മാത്രം പരിഗണിച്ച് പടവിളിക്കുന്ന അവിവേകി ആയിരുന്നു. രാജ്യം, വിജയം എന്നിതുകളുടെ സമാർജ്ജനത്തിൽ തന്റെ അച്ഛനായ സ്വാശ്രയപരാക്രമന്റെ ബുദ്ധിപ്രാഗല്ഭ്യത്താൽ അദ്ദേഹം അനുഗ്രഹീതനായിരുന്നതുമില്ല. മതിമാന്മാരുടെ ക്രിയാപ്രക്രമങ്ങളിലെ കാലദേശാവസ്ഥാവിചിന്തനം ടിപ്പുവിന്റെ വിജയഭാഷ്യത്തിൽ അപ്രസ്തുതമായിരുന്നു. സന്മന്ത്രോപദേഷ്ടാക്കളാകേണ്ട പാർശ്വവർത്തികൾ പഥ്യഗായകന്മാരായി വർത്തിക്കേണ്ടതാണെന്ന രാജധാനിനിയമത്തിന്റെ ഊർജ്ജിതത്താൽ, അദ്ദേഹം യഥാർത്ഥസ്വായത്തസിദ്ധിയായി, സ്വേച്ഛാപ്രഭുത്വത്തിന്റെ മാതൃകയായി പിതൃസ്വായത്തരാജ്യത്തെ ഭരിച്ചു എങ്കിലും, കാര്യസിദ്ധികളിൽ നഷ്ടാർത്ഥനായി, ഫ്രാൻസ്, പെർഷ്യാ എന്നീ രാജ്യങ്ങളുടെ അനുഷ്മളബന്ധുത്വം വിപത്സന്ധിയിൽ ലബ്ധമാകാതെ, 'മന്മാത്രശേഷ'ബലനായി അവസാന 'സിദ്ധി' യെ പ്രതാപതാരുണ്യത്തിൽത്തന്നെ പ്രാപിക്കേണ്ടിവന്നു.

സുൽത്താന്റെ സൈന്യം അഴിക്കോട്ടയിൽനിന്ന് ഏതാനും നാഴിക ദൂരത്തു വാങ്ങി പാളയകൊത്തളങ്ങളും രാജഗേഹാദിയും ഉറപ്പിച്ചു. ശത്രുസേനയുടെ പ്രസ്ഥാനത്തിനുണ്ടായ ആജ്ഞപോലും ചാരചക്ഷുസ്സായദിവാൻജിക്ക് രഹസ്യമായിരുന്നില്ല. സേനാമാർഗ്ഗത്തിലെ കുന്നുകളിലും മരക്കൊമ്പുകളിലും കഴുകകാകന്മാർ എന്നപോലെ ഗൂഢവാസം ചെയ്തിരുന്ന കാടരിപ്പന്മാർ, ടിപ്പുവിന്റെ സേനാപംക്തികളുടെ യാത്രയിലെ വിശ്രമങ്ങൾ, അക്രമങ്ങൾ, ഗോമേധങ്ങൾ മുതലായ കൃത്യങ്ങളെ അപ്പഴപ്പോൾ അഴിക്കോട്ടയിലും ദിവാൻസമക്ഷവും ധരിപ്പിച്ചുകൊണ്ടിരുന്നു. അവസാനവിശ്രമത്തിലെ പാളയം, മഹാഡംബരേച്ഛക്കൾക്ക് ചേർന്നുള്ള കൂടാരങ്ങളും കൊടികളും തോരണങ്ങളും ഭേരീഗോപുരങ്ങളും സ്തുതിപാഠകവേദികളുംകൊണ്ട് ഇന്ദ്രപ്രസ്ഥമാക്കപ്പെട്ടു.

പുത്തൻസേനാസങ്കേതത്തിൽനിന്ന് ആ സമരയാത്രാഹേതുവും തന്റെ മാർഗ്ഗപ്രതിരോധിയുമായുള്ള പ്രാകാരത്തിന്റെ 'ശല്യത'യെ തന്റെ യുധിഷ്ഠിരാക്ഷിപ്രപാതത്താൽ ഭസ്മ

മാക്കുന്നതിനായി സുൽത്താൻ ബഹദൂർ അശ്വാരൂഢനായി സേനാനികൾസമേതം ഒരു സവാരി ചെയ്തു. പ്രാകാരനാമത്തെ വഹിക്കുന്ന ആ സ്ഥലം കേവലം ഒരു വ്യാപാരശാലയുടെ മതിൽക്കെട്ടും അതുതന്നെ ജീർണ്ണിച്ചുതീർന്നുള്ള അവശേഷവുമായി കാണപ്പെട്ടപ്പോൾ ആയിടയിൽ കേട്ട് പരിശീലിച്ചിരുന്ന ചന്ദ്രക്കാറന്റെ ഉഷഭശ്രുതിയിൽ അദ്ദേഹം ഒന്ന് പൊട്ടിച്ചിരിച്ചു. എന്നാൽ, കോട്ടയുടെ നികടവർത്തിയായുള്ള വിശാലജലാശയം, ഒരു പ്രക്ഷുബ്ധപിശാചിയെപ്പോലെ, പവനവിജൃംഭണത്തിൽ വൻപിച്ച തരംഗപരമ്പരകളിളകിച്ച് പുളിനങ്ങളിൽ അതിഭയങ്കരമായി താഡിച്ചലറുന്നത് കണ്ടപ്പോൾ, സുൽത്താന്റെ ഹൃദയം ഒന്ന് സങ്കോചിച്ചു. അഴിക്കോട്ടയെ അടക്കി തെക്കോട്ടുള്ള പ്രയാണം സാദ്ധ്യമാകുന്നെങ്കിൽ താൻ കാണുന്നതിലും ഭീഷണതരങ്ങളായ ജലരാശികൾ തന്റെ മാർഗ്ഗത്തെ നിരോധിക്കുമെന്ന് അപഥ്യവാദികളുടെ ഉപദേശങ്ങളെ സ്മരിച്ച് സുൽത്താൻ ഒരു ചാഞ്ചല്യാബ്ധിയിൽ പതിതനായി. ഊർജ്ജിതഭാഷയിൽ കേരളകർത്താവായ 'പർസുറാം' ബ്രാഹ്മണനെ ഭർത്സിച്ച് ശപിച്ചുകൊണ്ട് തന്റെ ഉച്ചൈശ്രവസ്സിനെ പുറകോട്ട് പായിച്ചു.

അഴിക്കോട്ടയുടെ പ്രയോജനത്തെ സംബന്ധിച്ചിടത്തോളവും സുൽത്താന്റെ നേത്രമാനം അദ്ദേഹത്തിന്റെ അഹങ്കാരദണ്ഡത്താൽ നിവർത്തിച്ചതല്ലായിരുന്നു. ദിവാൻജിയും അതിനെ ഒരു സാമാന്യകുഡ്യമായി മാത്രം വിചാരിച്ചതേയുള്ളൂ. കൗമാരത്തിലെ സഞ്ചാരങ്ങൾക്കിടയിൽ ബഹുപ്രാകാരങ്ങൾ കണ്ടിട്ടുള്ള അദ്ദേഹത്തിന്റെ കണ്ണുകളെ അത് ഒരു മഹാദുർഗ്ഗപ്രാകാരമായി ആകർഷിക്കുകയോ വഞ്ചിക്കുകയോ ചെയ്തില്ല. വ്യവസായികളായ ഒരു സംഘക്കാരുടെ പാണ്ടികശാലകളെ രക്ഷിക്കുകയും പരിസരവാസികളെ ഊപ്പിടി കാട്ടുകയും ചെയ്‌വാനായി നിർമ്മിക്കപ്പെട്ട ആ കോട്ട ജീർണ്ണിച്ചതും ഒരു കോണ് ഇടിഞ്ഞുതുർന്നിരുന്നതും ദിവാൻജി കണ്ടിരുന്നു. അലവാക്കര, ഉദയഗിരി മുതലായ കോട്ടകൾ കെട്ടിച്ച രാജ്യത്തിന് സമുദ്രംമുതൽ സഹ്യപർവ്വതംവരെ ഉത്തരപരിധിയെ ഒരു അഭേദ്യമായ വപ്രപംക്തികൊണ്ട് രക്ഷിപ്പാൻ സാധിക്കുമെന്നുള്ള വിചാരത്തോടെ ലന്തക്കമ്പനിയാരോട് ആ കോട്ടയും തന്നിമിത്തം ടിപ്പുവിനോടുള്ള വഴക്കും വിലയ്ക്ക് വാങ്ങിപ്പോയി. എന്നാൽ ടിപ്പുവിന്റെ അക്രമം ഇത്ര വേഗം ഉണ്ടാകുമെന്ന് അദ്ദേഹം നിരീക്ഷിച്ചിരുന്നില്ല. കോട്ടയുടെ നിരോധശക്തി എങ്ങനെ ആയിരുന്നാലും ശത്രുവിന്റെ തെക്കോട്ടുള്ള യാത്രയെ തടുപ്പാൻ കർണ്ണാടകപട്ടാളത്തിന്റെ ഭൂരിഭാഗവും ചില പ്രത്യേക 'പടവു'കളും കോട്ട നിൽക്കുന്ന സമതലത്തിൽ പാളയം അടിച്ചു. ശത്രുസൈന്യത്തിന്റെ സംഖ്യയോ മുഷ്കരതയോ ചിന്തിക്കാതെ രൂഢമതികളായി ഒരു സംശപ്തകഗണം കോട്ടയ്ക്കുള്ളിലും തോക്കുകാർ സാനുഛിദ്രങ്ങളിലും പീരങ്കിക്കാർ കൊത്തളങ്ങളിലും നിരന്നു. ശത്രുമാർഗ്ഗത്തിന് നേരേയുള്ള ഭൂമിയിൽ അതിവിശാലവും അഗാധവുമായുള്ള ഒരു ദീർഘിക താഴ്ത്തി അതിലോട്ട് കായലിലെ ജലത്തെയും പ്രവഹിപ്പിച്ച് സൈനിക സമ്പ്രദായപ്രകാരം അദ്ഭുതപൂർവമായുള്ള ഒരു കിടങ്ങിന്റെ ആനുകൂല്യത്തെ സമ്പാദിച്ചു. പ്രാകാരരക്ഷികൾ ശത്രുവിന്റെ സമാഗമലാഞ്ഛനത്തിന് നിതാന്തവീക്ഷകന്മാരായും പിന്നണികൾ പ്രാകാരമൂർദ്ധാവിൽ വെടിതീർന്നൊഴിയുന്നവയ്ക്ക് പകരം തോക്കുകൾ മേൽപ്പോട്ടെത്തിക്കുവാനായി ഊർദ്ധ്വഗ്രീവന്മാരായും നില്ക്കെ, കോട്ടയുടെ മറവിൽ ഒരു മഹാവ്യൂഹം പുരുഷാർത്ഥസമസ്തത്തിന്റെയും

ലബ്ധിക്കെന്നപോലെ ജീവഹോതാക്കളാവാൻ വീരാഗ്നിയെ അഭിമാനാജ്യത്താൽ പരിപോഷണം ചെയ്ത് നിലകൊണ്ടു. കോട്ടയിൽനിന്ന് ഇടതുവാങ്ങി അവിടവിടെയുള്ള ചെറുകാടുകളിൽ നാസീരസംഘങ്ങൾ ആയുധസജ്ജകളോടെ ബഹുഫണന്മാരായ നാഗങ്ങൾ എന്നപോലെ ഗൂഢവാസം ചെയ്യുന്നു. തെക്കുമാറി തൽക്കാലാവശ്യത്തിന് നിർമ്മിക്കപ്പെട്ടുള്ള ഒരു നെടുമ്പുരയിൽ ദിവാൻജി നിലകൊണ്ട് ത്രിവിക്രമൻ, അഴകൻപിള്ള എന്നീ അംഗരക്ഷകന്മാർ മുഖേന അതാതു് കേന്ദ്രത്തിലേക്ക് സന്ദർഭാവശ്യകങ്ങളായ ആജ്ഞകളെ മുഹൂർത്തംപ്രതി എത്തിക്കുന്നു. പിൻഭാഗത്ത് മാറി പാകചികിത്സാദിശാലകൾ പരിചാരകജനത്തിന്റെയും രക്ഷിജനങ്ങളുടെയും പ്രവൃദ്ധോന്മേഷംകൊണ്ട് ഒരു മഹായന്ത്രത്തിന്റെ അംഗങ്ങൾ എന്നപോലെ സജീവപ്രവർത്തനം ചെയ്യുന്നു. പടക്കളത്തിന്റെ അസൗകര്യം പ്രമാണിച്ചുള്ള ഒരു കരുതൽ ആയി വലുതായ ഒരു അക്ഷൗഹിണി ഈ ശാലകളിൽനിന്ന് തെക്കുമാറി നിമിഷംപ്രതി ആജ്ഞാശ്രവണത്തിനുള്ള ജാഗരൂകതയോടും അക്ഷമയോടും സ്ഥിതി ചെയ്യുന്നു.

നാശമുദ്രാങ്കിതമായുള്ള ആ പ്രാകാരത്തിന് കൊല്ലം ചെല്ല തൊള്ളായിരത്തി അറുപത്തുനാലിൽ ധനു ഞായറ്റിലെ പതാനഞ്ചാംചെങ്കതിരവനുയർന്ന് ഹേമന്തദേവിയുടെ പകദശാവൃഷ്ടികളെ നിലകൊള്ളിച്ചപ്പോൾ മൈസൂർപ്പടയുടെ ചുവന്ന കൃപ്പായനിര ചെങ്കടൽ എന്നപോലെ, തന്നെ ഏകഗ്രാസമാക്കി ഭക്ഷിപ്പാനുള്ള വക്രഗഹ്വരത്തെ വിപാടനം ചെയ്ത് ഗർജ്ജിച്ച് ഭയാനകതാണ്ഡവം ചെയ്യുന്നതു് കാണുമാറായി. കർഷകസമിതികളിൽ നിന്ന് സംഭരിക്കപ്പെട്ടിട്ടുള്ള വഞ്ചിരാജസേനയുടെ അകംകിടുക്കിത്തന്നെ അവരെ കാലപുരി പൂകിക്കുവാൻ മുന്നണിയിലാക്കപ്പെട്ടിരുന്ന കൃഷ്ണവർത്മാക്കളായ ആഭിസീനികസൈന്യത്തെ ഒരു ശയാനകാകൃതിയിൽ കണ്ടു പ്രാകാരരക്ഷികൾ അത്ഭുതപ്പെട്ടു. സരസ്തടംമുതൽ പടിഞ്ഞാറോട്ട് അതിദീർഘമായി നിലകൊള്ളുന്ന ആ രാക്ഷസബലത്തിന്റെ പിന്നണിയിൽനിന്ന് ദൂരത്തുവാങ്ങി അശ്വാന്ദോളാദി രാജസാമഗ്രികളാൽ പരിസേവിതനായി ഒരു തൊട്ടിയമ്പാരിയിൽ പള്ളിക്കുടകളും പിടിപ്പിച്ച് ഹരിതചാമരങ്ങളും വീശിപ്പിച്ച് സുൽത്താൻ എഴുന്നുള്ളിയിരുന്ന സ്വപരാക്രമത്തെ വിക്രാന്തമാക്കുന്നു. അകമ്പടി സേവിക്കുന്ന പടഹശഹനാക്കൾ അത്യുച്ചമായി ഘോഷിച്ച് അദ്ദേഹത്തിന്റെ ദുര്യോധനപ്രഭാവത്തിന് പ്രാകാരരക്ഷികളെ ജാഗരൂകന്മാരാക്കുന്നു. ആ ഹുങ്കാരധ്വനികളും കാഹളമുഖേനയുള്ള ആജ്ഞാഘോഷങ്ങളും ശൃംഖലാബന്ധത്തിൽ പുളയ്ക്കുന്ന നായ്ക്കൾ എന്നപോലെ തിളയ്ക്കുന്നതായ സേനയുടെ പാദപ്രപാതങ്ങളും ഇളകിച്ച ഭൂധൂളിപടലങ്ങൾ ഭാസ്കരനേത്രങ്ങളെയും നിമീലനംചെയ്യിക്കുന്നു. പ്രാകാരരക്ഷികളും സമാവൃതസഹകാരികളും ആസന്നവിപത്തിന്റെ സൂക്ഷ്മരൂപത്തെ തങ്ങളുടെ പാർശ്വവർത്തിയായുള്ള സേനാനിവഹത്തിന്റെ ഭീഷ്മത കണ്ടപ്പോൾ മാത്രം ഗ്രഹിക്കുന്നു. ഈ സേനാപ്രദർശനത്തിൽ തന്റെ മഹൽഗരിമയ്ക്ക് അടിപണിവാൻ ശത്രു സന്നദ്ധനോ എന്ന് ചോദ്യംചെയ്യുന്ന കാഹളചിഹ്നങ്ങളെ സുൽത്താൻ ഘോഷിപ്പിക്കുന്നു. നിഷേധകാഹളങ്ങൾ സാഹങ്കാരം ധ്വനിക്കുന്നതു് കേട്ട് അനന്തരമായുള്ള രാജാജ്ഞയെ പ്രതീക്ഷിച്ച് മൈസൂർസേന നിലകൊള്ളുന്നു. സുൽത്താന്റെ പാർശ്വഭൂമികളിൽനിന്ന് മാദ്ധ്യന്ദിനപ്രാർത്ഥനകളായുള്ള ഭാങ്വിളികൾ മുള്ളുകളാൽ വിജയകാംക്ഷയോടെ മുക്തകണ്ഠം ഘോഷിക്കപ്പെടുന്നു. പ്രജ്ഞാസ്വരൂപമായി തന്നിൽ ആവസിച്ച്

ദിവ്യേംഗിതങ്ങളെ ലോകത്തിൽ നിർവ്വഹിപ്പിക്കുന്ന ആദ്യന്തമൂർത്തിയുടെ പ്രവാചകനായി ആ പ്രാർത്ഥനാശബ്ദങ്ങളെ സുൽത്താനും ആക്രോശിച്ചുകൊണ്ട് പ്രാകാരഭേദനത്തിനുള്ള അവസാനാജ്ഞകളെ കാഹളങ്ങളിൽനിന്ന് ധ്വനിപ്പിക്കുന്നു. പ്രാകാരത്തിൽനിന്ന് തെക്ക് മാറിയുള്ള മഹാകാളിക്ഷേത്രത്തിലെ ശംഖം വിലാപസ്വരത്തിൽ ആരംഭിച്ച് 'ഓ ഭദ്രം ഭവതു' എന്ന് മുഴക്കുന്ന നാദവീചികൾ വഞ്ചീരാജസേനാംഗങ്ങളെ ഉത്പന്നവീര്യന്മാരാക്കുന്നു. സുൽത്താന്റെ നഗരാവുകൾ 'ത' ഗണപഞ്ചകത്തെ ആസുരദ്ധ്വനിയിൽ മുഴക്കി അദ്ദേഹത്തിന്റെ സേനാപദങ്ങൾക്ക് താളം മുറുക്കിക്കൊടുത്തു. നടുപ്പട പിന്നമർന്ന് ഇടം വലം പക്ഷങ്ങൾ ചാപശൃംഗങ്ങളായും ആഭയം കരസേന മുന്നോട്ട് നീങ്ങി. ഒരു അത്യഗാധതടിനി ആ സംഹാരയാത്രയെ വിഘാതപ്പെടുത്തി. സേനാപരിസേവികൾ ആയുള്ള കർഷകായുധക്കാർ സേതുക്കളുടെ നിർമ്മാണം ആരംഭിച്ചു. താഴത്തിറങ്ങി മൃഷ്ടാമൃതേത്തും ധൂമാശനവും കഴിച്ച് വീണ്ടും അമ്പാരിയിൽ കയറി ധൂമലഹരിയെ തീക്ഷ്ണതരമാക്കുമാറ് ഹക്കാവലയത്തിന്റെ പദമായുള്ള കനകപാത്രത്തിലെ ജലത്തിൽ ഗുളുഗുളുരവം പുറപ്പെടുവിച്ച് അരമനവാസികളെ സ്വപ്നം കണ്ട് തുടങ്ങിയ സുൽത്താൻ ഭേരികളുടെ നിശബ്ദതയാൽ ഉണർത്തപ്പെട്ടപ്പോൾ ദീർഘികയാൽ നിലകൊള്ളിക്കപ്പെട്ട ഭടജനത്തിന്റെ സ്വസ്ഥതയെ കണ്ട് സിംഹനാദംചെയ്തു്. പടഹങ്ങൾ, കാഹളങ്ങൾ, സേവകസേനാനികളുടെ കണ്ഠങ്ങൾ ഇവയെല്ലാം രാജകോപത്തെ പ്രതിധ്വനിപ്പിച്ചു. സേതുകർത്താക്കന്മാരായ നളനീലാംഗദാദികൾ അരക്കച്ചകൾ മുറുക്കി, ഉഷ്മളോത്സാഹികളായി. സേതുബന്ധനത്തെ നിരോധിച്ച് പുറപ്പെട്ട പീരങ്കിഉണ്ടകൾ ചില ശരീരങ്ങളെ ശിഥിലങ്ങളാക്കി കണ്ഠീരവരക്തത്തിന്റെ തുടർച്ചയായി സംഗരകാളിക്ക് പ്രസന്നപൂജാനിവേദ്യത്തെ സമർപ്പിച്ചു എങ്കിലും, സുൽത്താന്റെ ശിക്ഷാരീതികളുടെ വിവിധത്വത്തെ ഗ്രഹിച്ചിരുന്ന വേതനാർത്ഥികൾ ക്ഷീണന്മാരായില്ല.

കതിരവൻ വീണ്ടും ചെങ്കതിരവനാവാൻ ചാഞ്ഞ് തുടങ്ങിയപ്പോൾ സേനാനിവഹം സേതുതരണം ആരംഭിച്ചു. മഹമ്മദീയാക്ഷൗഹിണിയുടെ ദക്ഷിണ ശൃംഗത്തെ ശിഥിലിപ്പാൻ ചെറുവനങ്ങളിലെ പാർപ്പുകാർ മുതിർന്ന് കുമാരൻതമ്പിയുടെ നേതൃത്വത്തിൽ പ്രത്യക്ഷന്മാരായി. മൈസൂർപടയുടെ ആ പക്ഷം കുമാരൻതമ്പിയുടെ അനുയായികളും ആയി ഇടഞ്ഞ് നളികങ്ങളുടെ മുഖാരവങ്ങളും പാദാഘാതങ്ങളുംകൊണ്ട് ആ സമരരംഗം തകർന്നുകൂടി. ഇതിനിടയിൽ ആഭിസീനികരുടെ നിഗ്രഹശലാകകൾ ആകാശവീഥിയിൽ മക്ഷികാഗണങ്ങളെന്നപോലെ വ്യാപരിച്ച് പ്രാകാരരക്ഷികളിൽ ചിലരെ നിലംപതിപ്പിച്ചു. വഞ്ചിസേനയുടെ അണിവെടികൾ തെരുതെരെ തകർത്ത് ടിപ്പുസേനയെയും സംഭ്രമിപ്പിച്ചു. പ്രാകാരത്തിലെ പീരങ്കികൾ മഹമ്മദീയസൈന്യനിരകളിൽ ചില വിവിക്തദ്വാരങ്ങളെ നിർമ്മിച്ചു. ആഭിസീനികർ അണികൾ അടുപ്പിച്ച് ഉറപ്പിച്ച് പ്രാണഭയമെന്യേ മുന്നോട്ട് നീങ്ങി. കോട്ടയുടെ പിൻഭാഗത്തുള്ള വഞ്ചിസേനയും ക്യാപ്ടൻ ഫ്ലോറിയുടെ ഉഗ്രാട്ടഹാസങ്ങൾ അനുസരിച്ച് ബോധശൂന്യന്മാരായി, പടവിളികൾ ആർത്തുകൊണ്ട്, ശത്രുക്കളുടെ തോക്കുനിറയ്ക്ക് ലക്ഷ്യങ്ങളായി മുന്നോട്ട് നീങ്ങി. പരിപന്ഥികൾ ഇടഞ്ഞ് പടനേതാക്കന്മാരും പടവുകളും ദ്വന്ദ്വസമരം തുടങ്ങി. തോക്കുകളുടെ ചടചടരടിതങ്ങൾ നിലകൊണ്ടു എങ്കിലും, ശിരസ്സുകളും ഇതാരാംഗങ്ങളും ഖഡ്ഗകാരകളാൽ വിച്ഛേദിക്കപ്പെട്ട്

ഒരു ശ്രീഭൂതബലിതന്നെ അവിടെ നിർവ്വഹിതമായി. മുറവിളികൾ ബഹുശംഖസഹസ്രങ്ങളെന്നപോലെയും പടത്തർപ്പകളുടെ ഘോഷങ്ങൾ പാണീനിനദങ്ങൾക്ക് തുല്യവും ആ ദിശേവിയെത്തന്നെ സ്തംഭിപ്പിച്ചു. ദിവാന്ധന്മാരായ ശാർദ്ദൂലങ്ങളെന്നപോലെ പരസ്പരം കുത്തിവെട്ടിയും വിരുദ്ധകക്ഷികളിലെ ഭടന്മാർ വീരസ്വർഗ്ഗം പ്രാപിച്ചുതുടങ്ങുന്നതിനിടയിൽ ടിപ്പുവിന്റെ ഖനകസംഘം പ്രാകാരധർഷണത്തിന് നീങ്ങി. രക്ഷികളുടെ തോക്കുകൾ രാമശരവേഗത്തിൽ പ്രയുക്തങ്ങളായിട്ടും ലോഹരചിതങ്ങളായ ഉഷ്ണീഷങ്ങളും കവചങ്ങളും ധരിച്ചുള്ള ഖനകസംഹതിയെ പിൻവാങ്ങിക്കുവാൻ സാധിക്കുന്നില്ല. പ്രാകാരമൂലത്തിൽ എത്തിപ്പോയ ആ സംഘത്തെ ധ്വംസിക്കുക പീരങ്കികൾക്ക് ശക്യമാകുന്നതുമില്ല. ടിപ്പുവിന്റെ ഇടംപടക്കാർ പ്രാകാരഭേദികളെ സഹായിച്ച് അതിന്റെ സാനുപ്രദേശസ്ഥരായ തോക്കുകാരെ എണ്ണി എണ്ണി വീഴ്ത്തുന്നു. ഹോമാഗ്നിയിൽ അർപ്പിക്കപ്പെട്ട രാവണശിരസ്സുകൾക്ക് പകരം മറുതലകൾ ഉൽപ്പന്നങ്ങളായതുപോലെ, മരിച്ചും മുറിവേറ്റും വീണ പദാതിക്ക് പകരം വഞ്ചിഭടന്മാർ നളികമുഖങ്ങൾ നീട്ടി പ്രാകാരശിരസ്സിൽ നിലകൊണ്ട് അവരുടെ സംഖ്യയ്ക്ക് ശക്തമാംവണ്ണം ശത്രുപരാക്രമത്തെ ഭഞ്ജിക്കുന്നു. വേദനാക്രന്ദനങ്ങളും കാഹളങ്ങളുടെ ആജ്ഞാക്രോശങ്ങളും പ്രതിയോഗികളുടെ വീരവാദകലാപങ്ങളും ഭേരികളുടെ പ്രോത്സാഹനധ്വനികളും വെടികളുടെ മേഘാരവങ്ങളും തോക്കുകളുടെ മൂടുകൾകൊണ്ടുള്ള സംഘട്ടനശബ്ദങ്ങളും ജലകുക്കുടങ്ങളുടെയും ദ്രുംഗങ്ങളുടെയും സുഖാവാസസ്ഥാനമായിരുന്ന ആ ഭൂമിയിലെ നാനാഖണ്ഡങ്ങളെയും ഒരു രാമരാവണസമരരംഗമാക്കിത്തീർക്കുന്നതു കണ്ട് ദിനമണിഭഗവാൻ അരുണാക്ഷനായി; ഭൂമുഖവർണ്ണം ശോണമായി. പദാതിപാദങ്ങൾ വഴുതിയും തുടങ്ങി. അക്ഷമനായ സുൽത്താൻ ദൂരത്തുള്ള അമ്പാരിയിൽ ഇരുന്ന് ദൂതന്മാർ മുഖേന ഭയങ്കരാജ്ഞകൾ പുറപ്പെടുവിച്ചു.

ഖനകശ്രമങ്ങൾ ദ്രുതതരമായി നടന്നു. പ്രാകാരഘടനകൾ തകർന്ന് ഇഷ്ടികകൾ കേവലം മൃത്തികാപ്രായമായി സമരഭൂമിയിൽ കുമിഞ്ഞു. വഞ്ചീസേനാഖണ്ഡങ്ങൾ അങ്ങോട്ട് നീങ്ങാൻ സാഹസപ്പെട്ടപ്പോൾ, ആഭിസീനികാദിനിരകൾ സവീര്യം ഒരു അപ്രതിരോദ്ധ്യപ്രാകാരമെന്നപോലെ ആ ശ്രമത്തെ നിരോധിച്ചു. ഇതിനിടയിൽ ഒരു സൂക്ഷ്മനേത്രൻ പ്രാകാരത്തിലെ ഒരു കോണം പലകകൾ നിറുത്തി കൃത്രിമഭിത്തി ആക്കപ്പെട്ടിരിക്കുന്നതിനെ കണ്ടുപിടിച്ചു. ധ്വംസകപ്പടവിന്റെ ആയുധങ്ങൾ ആ ഭാഗം കോട്ടയെ ക്ഷണംകൊണ്ട് ഒരു വിശാലദ്വാരമാക്കി. ഇച്ഛാഭംഗത്തെ ധ്വനിപ്പിച്ചുള്ള ഒരു വിലാപഘോഷം വഞ്ചിസേനയിൽനിന്ന് ഏകകണ്ഠമുക്തമായി. പ്രാകാരാന്തർവാസികളായ വഞ്ചിഭടനിരകൾ തോക്ക് കുന്തങ്ങൾ നീട്ടി, പടയണിയിട്ട് നെഞ്ചുകൊടുത്ത് മൃതിചേർന്നിട്ടും ശത്രുസേനയുടെ നിരവധികപ്രവാഹം ആ പ്രതിരോധത്തെ നിഷ്ഫലമാക്കി. ആഭിസീനികസൈന്യം ഗജമുഷ്കരതയോടെ വിന്ധ്യനിരകളെന്നപോലെ പ്രപാതംചെയ്ത് വഞ്ചീസേനാപംക്തികളെ മർദ്ദിച്ചുകൊണ്ട് പ്രാകാരത്തിന്റെ നാനാഭാഗങ്ങളിലേക്കും വ്യാപരിച്ചു. ചെങ്കതിരവന്റെ ബഹിർവലയം ഭ്രചക്രവാളത്തിന്മേൽ ദ്രുതത്രസനംചെയ്തു. 'ലായില്ലായില്ലാ' ദിഘോഷങ്ങൾ സുൽത്താന്റെ മുഹമ്മദീയാക്ഷൗഹിണിയിൽനിന്ന് ഉൽഗളിതമായത്, ആ ഭഗവാനെ അസ്തമിപ്പിച്ചു. പ്രാകാരരക്ഷികളുടെ അവശേഷവും സമരരംഗസ്ഥരായ ഭടജനങ്ങളും നായകന്മാരുടെ ആജ്ഞാനുസാരം പുറംവാങ്ങി പ്രധാനസേനയോട്ട് സംഘടിച്ചു.

ഒരു അഞ്ചുറോളമെങ്കിലും പദാതിക്ക് നിലകൊൾവാൻ സ്ഥലം ഇല്ലാത്തതും ഉള്ളടത്തോളം ഘടനയ്ക്ക് ഉറപ്പില്ലാത്തതുമായ ആ ചെറുകോട്ടയുടെ ആ സന്ധ്യയിലെ, അവസാനം ദിവാൻജിയെക്കൊണ്ട് കളപ്രാക്കോട്ടയിലെ ശിവരാത്രിയെ സ്മരിപ്പിച്ചു. പരിചാരകന്മാരാൽ പ്രജ്വലിപ്പിക്കപ്പെട്ട ദീപങ്ങളും അദ്ദേഹത്തിന്റെ അക്ഷികൾക്ക് പ്രകാശദാനം ചെയ്തില്ല. പരിസേവികളുടെ ബഹുവ്യജനങ്ങൾ അന്നത്തെ അസാദ്ധ്യശ്രമത്തിൽ ചെയ്ത്ള്ള കണ്ഠക്ഷോഭത്തെയും കായക്ലേശത്തെയും പരിഹരിച്ചില്ല. ഒരു കാളരാത്രിയുടെ ഭീഷണവിഭ്രാന്തികൾ അദ്ദേഹത്തെ വ്യാകുലപ്പെടുത്തി. സന്ധ്യാസമയത്തെ ഹിമാരംഭശൈത്യം അദ്ദേഹത്തിന്റെ ഹൃദയോഷ്മാവിൽ ഗ്രീഷ്മവാതമെന്നപോലെ പതിച്ചു. സുഖാസനങ്ങൾ കണ്ടകരചിതങ്ങളെന്നപോലെ അദ്ദേഹത്തിന് തോന്നി. പഞ്ജരസ്ഥനായ സിംഹം ഭക്ഷ്യകാംക്ഷിയായി വട്ടംതിരിയുന്നതുപോലെ അദ്ദേഹം നടകൊണ്ട് തുടങ്ങി. ആ വിശ്രമശ്രമവും മനോവിപ്ലവത്തെ ശമിപ്പിക്കാഞ്ഞതിനാൽ വീണ്ടും ആസനം അവലംബിച്ച് നമ്രമുഖനായി സ്ഥിതിചെയ്തു. സേനാനികൾ, ഉപമന്ത്രിമാർ മുതലായവർ ദൂരത്തു വാങ്ങി നിന്നു. അംഗരക്ഷകപ്രധാനനായ ത്രിവിക്രമകുമാരൻ, തന്റെ പരമോപകാരിയുടെ അന്തരാവേശത്തിന് ഭിഷഗ്വരനായി അദ്ദേഹത്തിന്റെ അന്തികത്തിൽ പ്രവേശിച്ചു.

ഒരു 'കനകകുസുമം' ടിപ്പുവിന്റെ സങ്കേതത്തിൽ ഉണ്ടെന്നുള്ള ചൊക്രാഡൂണ്ഡിയായുടെ ചരമോക്തി കേട്ടതുമുതൽ ഈ കുമാരന്റെ വീര്യോന്മേഷങ്ങൾ നാശോന്മുഖമായ ക്ഷീണതയെ പ്രാപിച്ചിരുന്നു. ആ കുസുമം തന്റെ പ്രണയിനിതന്നെ എന്ന് ആ കുമാരൻ വാദിച്ചതിനെ നിഷേധിപ്പാൻ ദിവാൻജിയായ നയവിദഗ്ധൻ സന്നദ്ധനായില്ല. മോഹങ്ങളുടെ ജാജ്വല്യമാനതയാൽ സർവ്വാശയങ്ങളെയും പ്രകാശിപ്പിക്കുന്ന യുവപ്രായത്തെ തരണംചെയ്യുന്ന ആ യുവാവ് തന്റെ പ്രണയിനിയുടെ പുനർലബ്ധിക്ക് ബഹുതരോപായങ്ങൾ ചിന്തിച്ച് അവയെ സ്വരക്ഷാധികാരിയുടെ മുമ്പിൽ സമർപ്പിച്ചു. എന്നാൽ ടിപ്പുവിന്റെ അരമനസ്ഥിതികളെ സൂക്ഷ്മഗ്രഹണം ചെയ്തിരുന്ന ദിവാൻജി യുവാവിന്റെ ബോധനങ്ങൾ എല്ലാം യുദ്ധകാര്യങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾകൊണ്ട് തട്ടിക്കളഞ്ഞു. വേഷപ്രച്ഛന്നനായി ടിപ്പുവിന്റെ പാളയത്തിൽ കടന്ന് തന്റെ പ്രണയിനിയുടെ യഥാർത്ഥസ്ഥിതിയെങ്കിലും ആരാഞ്ഞറിഞ്ഞുപോരുന്നതിന് അനുമതി കിട്ടണമെന്ന് സ്പഷ്ടമേ ബോധിപ്പിച്ചപ്പോഴും മൗനാവലംബനത്താൽ ആണ് ദിവാൻജി ആ പ്രാർത്ഥനയെ അനുമതിച്ചത്. വ്യക്തമായുള്ള അനുവാദദാനത്താൽ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചപ്പോൾ വല്ലതും കാരണമുണ്ടാക്കി തിരുമനസ്സിലെ സ്ഥാനപതിയായി ആ യുവാവിനെ ടിപ്പുവിന്റെ പാളയത്തിലോട്ട് നിയോഗിക്കാം എന്ന് വാഗ്ദാനം ചെയ്ത് അയാളെ തല്ക്കാലത്തേക്ക് സാന്ത്വിതനാക്കി. ഈ വാഗ്ദത്തം തിരുമനസ്സറിയിക്കാൻ എഴുതി അയച്ചിരുന്നതിന്റെ മറുപടി കിട്ടുന്നതിന് മുമ്പുതന്നെ അഴിക്കോട്ടയുടെ നിരോധമുണ്ടായി. ഏകാപത്യമായ പുത്രന്റെ സൗഭാഗ്യംകൊണ്ട് ജന്മസാഫല്യം അനുഭവിപ്പാൻ മോഹിച്ച പിതാവ് നഷ്ടപുത്രനായിത്തീർന്നാലെങ്ങനെയോ അതുപോലുള്ള വ്യസനത്താൽ ക്ഷുബ്ധഹൃദയനായിത്തീർന്നിരുന്ന ദിവാൻജി, സ്വവത്സലനായ യുവാവിന്റെ സാന്നിധ്യത്തെ ഗ്രഹിച്ചപ്പോൾ, ചില ആലോചനകളോടെ എഴുന്നേറ്റു. തന്നോടുള്ള സഹതാപഭാവവും അന്നത്തെ പരാജയത്താൽ ഉണ്ടായ രൗദ്രതയും കണ്ട്, ദിവാൻജി ആ

യുവാവിനെ ദൂരത്ത് കൊണ്ടുപോയി ചിലത് മന്ത്രിച്ചു. യുവാവ് അനുസരണയും സന്തോഷവും പ്രകടിപ്പിച്ചു. ദിവാൻജി അനുഗ്രഹം നല്കി. "എന്തും ചെയ്തുകൊൾക. എങ്ങനെയും ഈ അപമാനം വീടണം. നാളെ പെരുംപടയുണ്ട്. അതിൽ തോറ്റാൽ നിന്റെ അമ്മാവൻ–"

ത്രിവിക്രമകുമാരൻ: "അങ്ങനെ ഒന്നും ഉത്തരവാകരുത്. ആലോചിച്ച വിധം പ്രവർത്തിക്കുമ്പോൾ ഒരു നല്ല തകിടം അവർക്ക് പറ്റും."

ദിവാൻജി: "എന്നാൽ നടക്കട്ടെ. ശ്രീപത്മനാഭനെയും പൊന്നുതിരുമേനിയെയും ധ്യാനിച്ച് ജയിച്ചുവരിക."

അഴിക്കോട്ടയിൽനിന്ന് അരനാഴികയോളം വടക്കുപടിഞ്ഞാറ് നീങ്ങി, പെരുമാക്കന്മാരുടെ കാലത്ത് ഏറ്റവും 'സാന്നിദ്ധ്യം' കൊണ്ടിരുന്ന ഒരു സർപ്പക്കാവുണ്ടായിരുന്നു. ഇക്കാലത്ത് പ്രതിഷ്ഠയും പ്രതിഷ്ഠാഗേഹവും ഇടഞ്ഞുതകർന്ന് ബാഹ്യഭൂമിയുടെ നിരപ്പിൽ കിടക്കുന്നു. ആ ക്ഷേത്രത്തെ വലയം ചെയ്തിരുന്ന വൃക്ഷങ്ങൾ വളർന്ന് അനുബന്ധങ്ങളോട്ട് ചേർന്ന് കൊമ്പുകൾ വിശാലമായി വീശി, മദ്ധ്യത്തിലുള്ള ഭൂമിയെ സൂര്യകിരണങ്ങൾക്കും അപ്രവേശ്യമായ ഒരു അനുപസ്ഥലമാക്കിയിരിക്കുന്നു. വള്ളികൾ പടർന്ന് വൃക്ഷങ്ങളെ വലയം ചെയ്ത് അവിടത്തെ തരുനിരകളെ ഒരു ദുസ്തരപ്രാകാരമാക്കിയിട്ടുണ്ട്.

സ്വസ്വാമിയെ കാണ്മാനുള്ള ഉത്ക്കണ്ഠയോടെ പുച്ഛം ചുഴറ്റി പാഞ്ഞുതിരിയുന്ന വേട്ടനായ്ക്കളുടെ കണ്ഠാക്രോശങ്ങളെന്നപോലെ, കാഹളധ്വനികൾ ടിപ്പുവിന്റെ പാളയത്തിൽനിന്ന് കേൾക്കുന്നുണ്ട്. പ്രാകാരധ്വംസകരുടെ നിശാഷ്ടിക്കുള്ള വിഭവങ്ങളും വഹിച്ച് കാളിളുളിരൂപങ്ങളിൽ പല ആകാരങ്ങളും ആ പാളയത്തിനും പ്രാകാരത്തിനും ഇടയിൽ സഞ്ചാരംചെയ്യുന്നു. സംശയാന്ധ്യകാരവ്യാപൃതിയെ ലക്ഷ്യമാക്കി, അഭിസീനികകാവല്ക്കാർ വെടിവയ്ക്കുന്നതിൽനിന്ന് പൊങ്ങുന്ന ജ്വാലകൾ, ഖലജനങ്ങളുടെ ക്ഷണഭംഗുരമായ ഐശ്വര്യം പോലെ തിളങ്ങിപ്പൊലിയുന്നു. മുറിവേറ്റു കിടക്കുന്നവരുടെ പരിദേവനങ്ങളും അതിൽ മൃതി ചേരുന്നവരുടെ അലർച്ചകളും നിശാദേവിയുടെ ഹൃദയത്തെയും ചഞ്ചലപ്പെടുത്തുന്നു. കുറ്റിക്കാടുകളിലെ വിലവാസികളായ ജംബുകന്മാർ വിധിദത്തമായുള്ള ഒരു സദ്യകൊണ്ട് സന്തുഷ്ടരാകാൻ കണ്ണുകൾ തിളങ്ങിച്ച് നിശ്ശബ്ദരായി, വാലുകളൊതുക്കി സകുടുംബം പുറപ്പെടുന്നു.

ഇരുമ്പുകവചങ്ങളും തൊപ്പികളും അതുകളുടെ മുകളിൽ മഹമ്മദീയകുപ്പായങ്ങളും ധരിച്ച് ഖഡ്ഗം, പരിച എന്നീ രക്ഷാസാമഗ്രികളും വഹിച്ച് വള്ളിക്കാവിന്റെ പടിഞ്ഞാറുവശത്തെത്തി, ഒരു ചെറുവ്യൂഹം വഴിതെളിച്ച് അകത്തോട്ട് പ്രവേശിക്കുന്നു. ഈ സംഘത്തിൽ ഉണ്ടായിരുന്ന മുപ്പതിൽപ്പരം ആളുകളും കായികാഭ്യാസങ്ങളിലും മല്ലസമരങ്ങളിലും ഖഡ്ഗപ്രയോഗത്തിലും വിഖ്യാതി നേടിയിട്ടുള്ള കളരിത്തലവന്മാരും മറ്റുമായിരുന്നു. ത്രിവിക്രമകുമാരൻ, അഴകൻപിള്ള, കുറുങ്ങോട്ട് കൃഷ്ണക്കുറുപ്പ്, കുപ്പായക്കാരൻ പഞ്ചി എന്നിങ്ങനെയുള്ള നമ്മുടെ പരിചയക്കാരും ഈ സംഘത്തിലുണ്ട്. അന്ധകാരമാകട്ടെ, ലതാപ്രാകാരത്തിലെ കണ്ടകങ്ങളാകട്ടെ, പ്രതിഷ്ഠാപ്രദേശത്തിലെ ചേറാകട്ടെ, ഹിമകണപ്രപാതത്തിന്റെ ശൈത്യമാകട്ടെ, കാവിൽ സർപ്പങ്ങൾ ഉണ്ടായിരിക്കുമെന്നുള്ള ഭയമാകട്ടെ ആ സംഘത്തെ ഭീ

തരാക്കുന്നില്ല. ആഭിസീനികന്മാരുടെ ഉന്നതിയെ ലജ്ജിപ്പിക്കുന്ന അഴകൻപിള്ള സുഖഭുക്തികൊണ്ടു് പുഷ്ടശരീരനുമായിരിക്കുന്നു. വിദഗ്ധഗുരുക്കന്മാരുടെ ശാസനത്തിൽ ശുഷ്കാന്തിയോടുള്ള അഭ്യസനംകൊണ്ടു് അയാൾ ഈ അല്പകാലത്തിനിടയിൽ ആയുധപ്രയോഗത്തിൽ ചതുരനും ആയിത്തീർന്നിരിക്കുന്നു. അക്ഷീണപ്രാസംഗികനായുള്ള കൃഷ്ണക്കുറുപ്പും അല്പദിവസത്തെ പരിചയത്തിനിടയിൽ അക്കാര്യത്തിലുള്ള പ്രഥമസ്ഥാനം അഴകൻപിള്ളയ്ക്കു് നൽകിയിരിക്കുന്നു. ആ സംഘത്തിന്റെ നേതാവായ ത്രിവിക്രമകുമാരന്റെ അന്തരംഗം ഗ്രഹിച്ചിരുന്ന അഴകൻപിള്ള ആ യുവാവിനെയും തന്റെ സഹാനുയായികളെയും ഒരു പുരാവൃത്താന്തകഥനംകൊണ്ടു് സമ്മോദിപ്പിപ്പാൻ ആരുടെയും അപേക്ഷ കൂടാതെയും അനുമതി വാങ്ങാതെയും മരക്കൊമ്പുകളിൽനിന്നു് ചില ശാഖകൾ ഒടിച്ചിട്ടു് അതിന്മേൽ ആസനസ്ഥനായി ഇങ്ങനെ ആരംഭിച്ചു:

> "നെല്ലിക്കാട്ടേ പടിപ്പുരയ്ക്കൽ
> വില്ലിയെന്ന തലപ്പുലയൻ ചെന്നു
> ചാമ്പട്ടിയാരോ തമ്പ്രാട്ടിയാരോ
> ഒരുപാള കരിക്കാടി തായോ"

എന്നു വിളിക്കെ,

> "പൂമാലക്കൊഴുന്തുഴിഞ്ഞ മങ്കയാളും ശൊല്ലുവാളെ
> ഉടപ്പുറപ്പും മാമനാരും പട്ടുപോയി
> ഞാൻ തനിയേ കണ്ണഴതു പുണ്ണാമ്പട്ടുതിയിൽ
> കണ്ണാക്കറിവാൻ വരാത്ത നീയോ കഞ്ഞി താ തവിടു താ എന്നു?
> കരിമടൽ വെട്ടി കൈപിടിയും ചെത്തി
> യെവന്റെ കരുന്തൊലിയെ ചെന്തൊലിയാക്കാൻ
> ആരെടാ പിള്ളരേയെന്നാൾ"

ഇങ്ങനെ തുടങ്ങിയ കഥയിൽ 'വില്ലി ആ കന്യകയെ ബലേന വരിക്കുമെന്നു് വാതുപറഞ്ഞതും, അവൾ വൃദ്ധവേഷം ധരിച്ചു് ഓടംകയറി രക്ഷപ്പെട്ടതും വില്ലിയും അവന്റെ പുലയരായിരവും അവളെ തുടർന്നതും ഒരു വൃക്ഷം അനുതാപത്താൽ പിളർന്നു് അവളെ ഒളിച്ചുകൊണ്ടതും തന്റെ കമിതാവായ ഒരു കുബേരകുമാരന്റെ ഭവനത്തെ അഭയംപ്രാപിച്ചു് കന്നുകാലികൾ മേയ്പാൻ ഏറ്റുകൊണ്ടതും, അവളുടെ സൂക്ഷിപ്പിൽ കന്നുകാലികൾ പുഷ്ടശരീരികളായതും അതിന്റെ രഹസ്യമറിവാൻ ധനികകുമാരൻ മലകയറി പതുങ്ങിയിരുന്നതും കന്യക വൃദ്ധവസ്ത്രങ്ങൾ മാറ്റി ചുനയിൽ നീരാടി പൈങ്കിരാലിപ്പശ്രുവിനെ കറന്നു് പശിപോക്കിയതും, എരുമത്തടവള്ളി വലിച്ചു് അന്നലൂഞ്ഞോൽ കെട്ടി ആടിപ്പാടി, പറക്കും പൈങ്കിളികൾ ചിറകൊതുക്കി, പട്ടമരം തിളർത്തു്, തിളർത്ത മരം പൂത്തു്, പൂത്ത മരം കാച്ചു്, കന്നുകാലി തലകുലുക്കി, നാഗരാജൻ പടമൊതുക്കി പാട്ടുകേൾക്കെ, പണപ്പൊലിയോൻ പെൺപാദത്തിൽ പണിതു് വേട്ടുകൊണ്ടതും നെല്ലിക്കാട്ടെ ചാവുകൊടയ്ക്കു് രണ്ടുപേരും പുറപ്പെട്ടതും പുലപ്പട നേരിട്ടതും അഴകുടയകുമരൻ അരവാൾകൊണ്ടു് അപ്പടമുടിയവേ പൊരുതതും' മറ്റും വർണ്ണിച്ചതിനെ അഭിനന്ദിച്ചു്, കുറുങ്ങോടൻ എഴുന്നേറ്റു് പെരുംകുമ്പയും തുള്ളിച്ചു,

"അരനുടെ പുത്തിരനുമയാൾ പെറ്റൊരു കരിമുകനെ
തൊഴുത് – ഇന്തത്തോം.
കരിമ്പു ശർക്കര ഉരുക്കു നറുനൈ കതളിയുടേ കനിവു-
ഹിന്തത്തോം.
കറ്റവരുറ്റജനങ്ങളിരിക്കെക്കഥയുര ചെയ്‌വതിനായ്-
നിത്യവുമടിയന് കവിയുരയരുളുക ഗണപതി കുടവയറാ-
ഹയ്യത്താ – അടിയന് കുടവയറാ"

എന്ന് പാടി ചക്കുലക്കക്കൊലുകളാൽ ഒരടവ് ചവുട്ടിത്തകർത്തു. ഈ ഘോഷങ്ങൾ കഴിഞ്ഞു് ഇരുട്ടിലെല്ലാം ചുറ്റിനോക്കീട്ടും ആ സംഘത്തിന്റെ നായകനായ ത്രിവിക്രമകുമാരനെ കാണ്മാനില്ലായിരുന്നു. "ഇപ്പോത്തിരുമ്പി വന്നുടു വാനമ്മാച്ചാ" എന്ന് കുറുങ്ങോടനെ സമാധാനപ്പെടുത്തികൊണ്ടു് അഴകൻപിള്ള മറ്റൊരു കഥാഗാനത്തിന്റെ പീഠികയായി 'തെന്തിനന്നാ തെനനാനാ' എന്ന് വട്ടംപിടിച്ചു.

സമരം നടക്കട്ടെ; മരണങ്ങൾ സംഭവിക്കട്ടെ. താൻ തന്റെ പ്രണയിനിയെ ഒന്ന് സന്ദർശിച്ചിട്ടു് വീരസ്വർഗ്ഗം പ്രാപിച്ചുകൊള്ളാം എന്ന ഹൃദയപ്രതിജ്ഞയോടെ ത്രിവിക്രമകുമാരൻ ടിപ്പുവിന്റെ പാളയത്തിൽ പ്രവേശിച്ചു. ആപൽക്കരവും സംശയഗ്രസ്തവുമായ ഒരു ഘട്ടത്തിൽ അകപ്പെട്ടു് വേഷത്താൽ മാത്രം രക്ഷിതനായ ആ ഹനുമൽപ്രഭാവൻ തന്നെ വലയം ചെയ്യുന്ന മഹാസേനയുടെ ശക്തിയെയോ ടിപ്പുവിന്റെ ആസുരചരിത്രത്തെയോ സ്മരിച്ചില്ല. ധൂമസേവികളും ബഹുവിധപേയങ്ങളാൽ ദാഹം തീർത്തു് അമരുന്നവരുമായ ഭടവലയത്തിന്റെ അന്നത്തെ വിജയപ്രഘോഷണവാദങ്ങൾ കേട്ടു് ആ യുവാവ് താൻ ഉദ്യോഗിച്ചിരിക്കുന്ന കാര്യത്തിന്റെ നിർവ്വഹണംകൊണ്ടു് പകവീടിക്കൊള്ളാമെന്ന് പ്രതിജ്ഞചെയ്തു്, ശാന്തനായി ആ സേനാസങ്കേതത്തിലെ ഒരു ഉപനായകൻ എന്നപോലെ സ്വൈരസഞ്ചാരം ചെയ്തു്. മഹമ്മദീയസേനാനികളുടെ വീരവാദങ്ങൾ പല കേന്ദ്രങ്ങളിലും ആവർത്തിച്ചു് ശ്രവണംചെയ്തു് നിർബാധനായി, പാളയത്തിന്റെ നാനാഭാഗങ്ങളും സന്ദർശിച്ചു. സ്ത്രീകളുടെ അന്തർഗ്രഹങ്ങളോ അവയെ രക്ഷിച്ചുള്ള ബന്തോവസ്തുക്കളോ കാണാഞ്ഞതിനാൽ കുമാരന്റെ ഉന്മേഷം തളർന്നു. ഉദാരമധുരമായ വാർത്താപ്രശ്നങ്ങൾ കൊണ്ടു് അന്തർജ്ജനങ്ങളാകട്ടെ, അജിതസിംഹനാകട്ടെ, ആ സേനയോടുകൂടി വന്നിട്ടില്ലെന്ന് അറിഞ്ഞപ്പോൾ അയാളുടെ ഉന്മേഷങ്ങൾ സുപ്തസ്ഥിതിയിൽ ആയി. കേവലം പാദനീതനായി ആ ശത്രുശിബിരത്തിലേക്ക് പോന്ന മാർഗ്ഗത്തെ വീണ്ടും തരണംചെയ്തു് തുടങ്ങിയപ്പോൾ നിദ്രാസേവിയായ ഒരു കാഹളക്കാരന്റെ 'സംഗതി' വച്ചുള്ള കൂർക്കങ്ങൾ ആ യുവാവിന്റെ ജീവകേന്ദ്രത്തെ ഉണർത്തി. കാഹളക്കാറ്റന്റെ വാദ്യസാമഗ്രിയും നിദ്രാസേവയും തമ്മിൽ ബന്ധം ഇല്ലെന്ന് കണ്ടു് അതിനെ കൈക്കലാക്കി പല യുക്തികളെയും മനസ്സിൽ സംഭരിച്ചപ്പോൾ ആ കുമാരന്റെ ഉള്ളിൽ ഒരു മഹാപ്രഹർഷം ഉദിച്ചു.

അടുത്ത സൂര്യോദയത്തിലെ നിത്യകർമ്മങ്ങൾ നിർവ്വഹിച്ചിട്ടു് സ്വസേനയാൽ ആക്രാന്തമായ പ്രാകാരത്തിൽ ആയോധനാചാരം അനുസരിച്ചു് സ്വഹസ്തങ്ങളാൽ കൊടിനാട്ടി, ആ ജയന്തിയെ ആഘോഷിപ്പാൻ കനകഘടനകൾകൊണ്ടു് അലംകൃതമായ ദന്തപ്പല്ല

ക്കിൽ സുൽത്താൻ ആരൂഢനായി. ഭേരികൾ താക്കിയും കാഹളങ്ങൾ മുഴക്കിയും പദാതിയുടെ പാദപാതങ്ങൾ ആ നിനദങ്ങൾക്ക് താളംപിടിച്ചും ഒരു സേനാഖണ്ഡം സേതുവിനെ അതിക്രമിച്ചു. സരളവാദ്യങ്ങൾ, സ്തുതിതിപാഠകന്മാർ, സേവകജനങ്ങൾ, മന്ത്രിപ്രധാനന്മാർ എന്നിവരുടെ മുന്നകമ്പടിയോടെ, ബാണക്കൊടികളും ഭാലാക്കഴകളും വേല്കകളും ഏന്തിയുള്ള പരിജനങ്ങളാൽ സേവിതനായി, പട്ടുക്കുടകളാൽ പരിവൃതമായുള്ള ആന്ദോളത്തിൽ വിജയലഹരിയാൽ ഉന്മത്തനായി സ്ഥിതിചെയ്യുന്ന സുൽത്താനും സേതു കടന്ന് പൂർവ്വദിവസത്തിലെ രക്താംബരത്താൽ ആസ്തരിതമായുള്ള രംഗത്തിൽക്കൂടെ എഴുന്നള്ളത്ത് തുടങ്ങി. മൃതശരീരങ്ങളുടെ നിരവധികത്വം സുൽത്താന്റെ വ്യാഘ്രതയെ പരിതുഷ്ടമാക്കി. ശവപംക്തികൾക്കിടയിൽ തന്റെ ഭടജനങ്ങളെയും അവിടവിടെ ജംബുകാഷ്ടികളുടെ ഉച്ഛിഷ്ടങ്ങളെയും കണ്ടപ്പോൾ ടിപ്പു വിജയാഹങ്കാരോൽക്കർഷത്താൽ ചില ഗാനങ്ങളെ സമ്മേളിച്ചു. ഒരു ചെറുസേനാപംക്തിയും പിന്നകമ്പടിയായി ചിറ കടന്ന്, മർദ്ദിതമായ പ്രാകാരം രാജഹസ്താധീനമാക്കുന്ന ക്രിയയ്ക്കായി അണിനിരന്നു.

ഇങ്ങനെ ആ ഘോഷയാത്രയിലെ സന്നാഹാംഗമായ സേനയിൽ ഒന്ന് പാതി ദീർഘികയുടെ മുൻഭാഗത്തായപ്പോൾ, ദിവാൻജിയാലും ക്യാപ്റ്റൻ ഫ്ലോറിയാലും നീതമായ വഞ്ചിസേന, ത്രിവിക്രമകുമാരനുമായി ആലോചിച്ചിട്ടുള്ള നിശ്ചയം അനുസരിച്ച് നിശ്ശബ്ദം മുന്നോട്ട് നീങ്ങി. ആ സേനയുടെ ആഗമനം കണ്ടപ്പോൾ ആന്ദോളസ്ഥനായ ടിപ്പു സേനാനിത്വം വഹിച്ച് തന്റെ സഹഗാമിയായ സേന മുഴുവൻ തന്നോട്ട് സംഘടിക്കാനുള്ള ആജ്ഞകളെ കാഹളമുഖങ്ങളെക്കൊണ്ട് ഘോഷിപ്പിച്ചു. തെക്കുനിന്ന് വെടിയുണ്ടകളുടെ ഒരു വർഷം തുടങ്ങി. ഊഷ്മളപ്രവർത്തനത്താൽ ശത്രുഭഞ്ജനം അന്നുതന്നെ സാധിക്കുമെന്നുള്ള പ്രതിജ്ഞയോടെ മുന്നോട്ട് നീങ്ങാൻ ഉള്ള ആജ്ഞകളെ സുൽത്താൻ കൊമ്പുകൾ വിളിപ്പിച്ച് വീണ്ടും അറിയിപ്പിച്ചു. വഞ്ചിസേനയുടെ നളികപ്രയോഗത്തിന്റെ പ്രത്യാരവം മൈസൂർസേനയിൽനിന്ന് ഉൽഘോഷിതമായി. വഞ്ചിപംക്തികളിൽനിന്ന് രണ്ടാമതും ഒരു രടിതാവലി മേഘപടലികളെ ശിഥിലീകരിക്കുമാറു് പുറപ്പെട്ടു. പ്രതിധർഷണത്തിനായി സുൽത്താൻ പട തോക്കുകൾ നിറയ്ക്കുന്നതിനിടയിൽ, വള്ളിക്കാവിലെ മുഹമ്മദീയവേഷക്കാർ ഭൃതഗണങ്ങൾ എന്നപോലെ പാഞ്ഞെത്തി, ആ സൈന്യത്തോട്ട് സങ്കലനംചെയ്തു. ശത്രുസേനാനിരയുടെ തോക്കുകൾ ഉയർത്തപ്പെടുമ്പോൾ 'പുറകോട്ട് പുറകോട്ട്' എന്ന് അവരുടെ ഘോഷണരീതിയിലുള്ള ഒരു കാഹളം മുഴങ്ങി. കോട്ടയെ സംരക്ഷിച്ചുനിന്നിരുന്ന ആഭിസീനികന്മാർ പുറത്തേക്ക് ചാടി. സേതു കടന്നിട്ടില്ലാത്ത സേനാപംക്തികൾ പുറംതിരിഞ്ഞു. പാളയത്തിൽനിന്ന് ആദ്യത്തെ കാഹളം അനുസരിച്ച് പുറപ്പെടാൻ സന്നദ്ധരായ സേനാപംക്തികൾ അവിടെ നിലകൊണ്ടു. വെടിവയ്ക്കുവാൻ ഉയർന്ന തോക്കുകൾ ഉപസംഹരിക്കപ്പെട്ടു.

കൊടുംകാറ്റിൽ ഇളകിച്ചലിക്കുന്ന പത്രതതികളുടെ ചീറ്റങ്ങൾ എന്നപോലെ, ഒരു മഹാരവം ടിപ്പുവിന്റെ സേനയ്ക്കിടയിൽ കേട്ടുതുടങ്ങി. ഖഡ്ഗമുനകൾ ആകാശത്തിലോട്ടുയരുന്നതും താഴുന്നതും ആ ക്രിയകൾ ദ്രുതതരമായി ആവർത്തിക്കപ്പെടുന്നതും കണ്ട് പ്രമത്തനായ സുൽത്താൻ ഹർഷാട്ടഹാസംചെയ്ത് ആ ഖഡ്ഗപ്രയോഗങ്ങൾക്ക് 'ബലേ!' വിളിച്ചു.

തന്റെ സേനയുടെ ഉപപംക്തികളും മഹാപംക്തിയും ശീഘ്രതരം മുന്നോട്ട് നീങ്ങാൻ കാഹളങ്ങളെ ഒന്നുകൂടി മുഴക്കിച്ചു. വിദ്യുജ്ജിഹ്വകൾ എന്നപോലെ തങ്ങളുടെ ഖഡ്ഗങ്ങൾ വീശി, അണികൾ ഭേദിച്ച് അവിടവിടെ വ്യാപരിച്ചുകൊണ്ട് ത്രിവിക്രമകുമാരനും സംഘക്കാരും യഥേച്ഛം ഖഡ്ഗങ്ങളെ ശത്രുശിരസ്സുകളായ ശാണകളിൽ ഘർഷണംചെയ്ത് മൂർച്ചകൂട്ടി. ത്രിവിക്രമന്റെ കയ്യൽ ഉള്ള കാഹളം 'പിന്നോട്ട്, പിന്നോട്ട്' എന്ന് ഇന്ദ്രശംഖധ്വനിയിൽ സുൽത്താന്റെ കാഹളാജ്ഞക്ക് വിപരീതമായി ഘോഷിച്ചു. ടിപ്പുവിന്റെ കാഹളക്കാരൻ ആ ഘോഷത്തെ നിഷ്ഫലം ആക്കാൻ 'മുന്നോട്ട് മുന്നോട്ട്' എന്ന് സ്വകണ്ഠം പൊട്ടുമാറ് വിളിച്ചപ്പോൾ അത് 'പുറകോട്ട്, പുറകോട്ട്' എന്നുണ്ടായ ഉച്ചൈസ്തരരടിതത്താൽ അശ്രാവ്യമായിത്തീർന്നു. ആഭിസീനികർ മൃഗങ്ങളെപ്പോലെ പലായനം ചെയ്യുന്നത് കണ്ട് ടിപ്പുവിന്റെ പെരുംപട ഇളകി പിന്തിരിഞ്ഞു. സുൽത്താൻ തന്റെ ആന്ദോളത്തിൽ ഇരുന്ന് ഇളകിച്ചാടി, 'ചൈത്താൻ' എന്ന് തുടങ്ങിയുള്ള ഒരു അശ്ലീലപദാവലിയെ വർഷിച്ചു. ഖഡ്ഗനിപാതങ്ങൾ ആഭിസീനികകണ്ഠങ്ങളെ തെരുതെരെ ഛേദിച്ചു. സ്വപക്ഷത്തിലുള്ള ഭടന്മാർ തങ്ങളെ നിഗ്രഹിക്കുന്നത് കണ്ടപ്പോൾ, അത് കേരളീയാഭിചാരത്തിന്റെ ഫലമാണെന്ന് ശങ്കിച്ച് ആഭിസീനികന്മാർ അവരവരുടെ ജീവനെ മാത്രം കരുതി, സേതുവിന്റെ മറുകരയെയും ദീർഘികയെയും ശരണംപ്രാപിച്ചു. നാനാദിക്കിലോട്ടും ഓടുന്നവർ പർസ്പരം സംഘട്ടനം ചെയ്ത് നിലംപതിച്ചു. മൃതശരീരങ്ങൾ വീണ് ഒരു പുതിയ 'സേതു' വുണ്ടായി. ഇസ്ലാം കാഹളക്കാരന്റെ മുതുക് സ്വരാജഖഡ്ഗത്തിന്റെ മാടുകൊണ്ടുള്ള പ്രഹരരുചി ആസ്വദിക്കുകയാൽ, അവൻ 'മുന്നോട്ട്, മുന്നോട്ട്' എന്നുള്ള ആജ്ഞയെ പിന്നെയും ധ്വനിപ്പിച്ചു. ദക്ഷിണകരത്താൽ തന്റെ അസിലതയെ വർത്തുളഭ്രമണം ചെയ്ത് ശത്രുഗളങ്ങളെ ഛേദിച്ചുകൊണ്ട് വിജയം അല്ലെങ്കിൽ മൃതി എന്നുള്ള സങ്കല്പത്തോടെ കാലുറപ്പിച്ചും വക്ഷസ്സിനെ ജൃംഭിപ്പിച്ചും ശ്വാസം സംഭരിച്ച് 'പുറകോട്ട്, പുറകോട്ട്' എന്ന് ത്രിവിക്രമൻ തന്റെ വാമകരസ്ഥമായുള്ള കാഹളത്തെ ധ്വനിപ്പിച്ചു. കോപസൂചകങ്ങളായ വിശേഷണപദങ്ങളെ ചേർത്തുകൊണ്ട് 'കമ്മറുദീൻ, സയ്യദ് ഗാഫർ, ഫക്കീറുദീൻ, മീയർ നാസറാലി' എന്നെല്ലാം തന്റെ സേനാനായകൻമാർ ജാഗരൂകരായി അണികൾ ഉറപ്പിച്ച് നിലകൊള്ളിക്കുവാൻ സിംഹാരവത്തിൽ സുൽത്താൻ വിളിക്കൂട്ടി. ആന്ദോളക പരിസരത്തിൽ നിന്നുതന്നെ 'പുറകോട്ട്, പുറകോട്ട്' എന്ന് യമകാഹളം ധ്വനിച്ചു. ആഭീസീനികവർഗ്ഗത്തിന്റെ പ്രത്യേകാന്തകനായി സൃഷ്ടിക്കപ്പെട്ടുള്ള ഒരു ഭയങ്കരസത്വം രക്തം അണിഞ്ഞു് യുദ്ധക്കളം തകർത്ത് ശാപോൽഘോഷങ്ങളോടെ നൃത്തംചെയ്ത് ശിരസ്സുകളെ, സ്കന്ധങ്ങളെ, വക്ഷസ്സുകളെ, ജാനുക്കളെ ശിഥിലങ്ങളാക്കുന്നു; ഖണ്ഡിച്ചുവീഴ്ത്തുന്നു. എന്നല്ല, സേനയുടെ ഇടം, വലം, മുൻ, പിൻ, മദ്ധ്യം എന്നുള്ള എല്ലാ ഭാഗങ്ങളിലുംനിന്ന് മരണവിളികൾ കേട്ടുതുടങ്ങുന്നു. മൈസൂർ പദാതികളും അവരുടെ ചില നായകന്മാരും ബന്ധനത്തിലാക്കപ്പെടുന്നു. കുപ്പായക്കെട്ടുകൾ പൊട്ടിപ്പോയുള്ള ഒരു മഹോദരൻ കൂക്കുവിളിച്ചുകൊണ്ട് കബന്ധാകൃതിയിൽ ടിപ്പുവിന്റെ നേർക്ക് പാഞ്ഞടുത്ത് ത്രിവിക്രമനോട് എന്തോ ഘോഷിക്കുന്നു. കുമാരൻ മുന്നോട്ട് കുതിച്ച് ഖഡ്ഗം ഒന്ന് വീശി ശത്രുകാഹളക്കാരന്റെ ഹസ്തത്തെ അതിലുള്ള വാദ്യത്തോടുകൂടി നിലത്തുവീഴ്ത്തുന്നു. പിന്നീട് 'പുറകോട്ട്, പുറകോട്ട്' എന്നുള്ള ശബ്ദങ്ങൾ മാത്രം ആ പടക്കളത്തിൽ

മുഴങ്ങി. ആ ഖണ്ഡത്തിലെ പ്രധാന സേനാനായകന്റെ കണ്ഠം ഞെരിഞ്ഞു. പരിസരസ്ഥർ 'ഹള്ളോ' എന്ന് മുറവിളിച്ചു. മഹമ്മദീയേസന നിസ്സംശയം സമരരംഗം വെടിഞ്ഞ് നെടുംപാച്ചിലായി ഓടിത്തുടങ്ങി. മൃതശരീരങ്ങൾ അവിടവിടെ കുമിഞ്ഞു. അർദ്ധജീവന്മാർ പാദാഘാതത്താലും പരലോകഗതരായി. ടിപ്പു പാദുഷായുടെ വ്യാഘ്രത ജംബുകത്വമായി പല്ലക്കിൽ ഇരുന്നു. ചുറ്റും അമ്പരന്ന് നോക്കിയപ്പോൾ തന്റെ ഭടന്മാർ മണ്ടുന്നതും പലരും ക്ഷതാംഗന്മാരായി കായലിലും കിടങ്ങിലും വീഴുന്നതും കണ്ട് സുൽത്താന്റെ ഹൃദയത്തിൽ ഒരു ആധി പൊങ്ങി; അദ്ദേഹം ആസുരാട്ടഹാസം തുടങ്ങി. സേനാനികളും ഏതാനും പദാതിയും പല്ലക്കിനെ വലയം ചെയ്ത് രക്ഷിച്ചു. ത്രിവിക്രമാദികളുടെ ചന്ദ്രഹാസപ്രയോഗങ്ങൾ കണ്ട് ആന്ദോളകന്മാരും പിന്തിരിഞ്ഞു. സേനാനിഖഡ്ഗങ്ങൾ മല്ലവിദഗ്ധന്മാരുടെ നേർക്ക് കേവലം വേത്രദണ്ഡങ്ങൾ എന്നപോലെ പതിച്ചു. സംഭ്രമം പിടിപെട്ട ആന്ദോളവാഹികൾ ടിപ്പുവിന്റെ കൊല്ലും ശക്തിയെ മറന്ന് വാഹനവും വഹിച്ച് സേതു നോക്കി പാഞ്ഞുതുടങ്ങി. സുൽത്താൻ ഉപധാനങ്ങൾ എടുത്തുചാണ്ടി അവരുടെ ഉഷ്ണീഷങ്ങളെ വീഴ്ത്തി എങ്കിലും വാഹകന്മാർ അവർക്ക് തോന്നിയ വഴിയേതന്നെ അവസ്ഥാന്ധന്മാരായി പലായനം തുടങ്ങി. വാഹനം ദീർഘികാസേതുക്കളുടെ സന്ധിയിൽ എത്തി. ത്രിവിക്രമനും സഹഗാമികളും വർഷധാരാക്രമത്തിൽ പിന്നെയും ഖഡ്ഗസമ്പാതങ്ങൾ ചെയ്തു. സേനാനികളും സേവകപ്രഭുക്കളും ആപത്തിന്റെ അനിവാര്യതയിൽ തുല്യാടോപത്തോടെ ആയുധപ്രയോഗങ്ങളെ നിരോധിച്ചു. ത്രിവിക്രമന്റെ അനുയായികൾ ചിലരുടെ കായങ്ങൾ ഭുജദൈർഘ്യത്തെ ദണ്ഡമാനം ചെയ്തു. അതുകണ്ട് കയർത്ത അഴകൻപിള്ള, ശാർദ്ദൂലവീര്യനായി, ഒരു ഭാലാക്കാരന്റെ കണ്ഠം ഞെരിച്ചിട്ട് അയാളുടെ ദീർഘശൂലത്തെ അപഹരിച്ച് ചില അട്ടഹാസങ്ങളോടെ ആ നെടുംകുന്തമുനയാൽ പല്ലക്കിനെ ധ്വംസിപ്പാൻ യത്നിച്ചു. കണ്ഠീരവന്റെ ശ്വാസമർദ്ദനം ചെയ്ത് ആ ബലിഷ്ഠന്റെ ആയവേഗത്തെ ആന്ദോളകസ്കന്ധങ്ങൾക്ക് താങ്ങാൻ കഴിവില്ലാഞ്ഞതിനാൽ ആ വാഹനം മറിഞ്ഞ് അന്തഃസ്ഥിതനെ കിടങ്ങിൽ നിക്ഷേപിച്ചു. ആ ആയുധത്തിന്റെ അഗ്രം ഭാരതവർഷവിഭ്രാമകനായ ടിപ്പുവിന്റെ തിരുമുട്ടിൽ ഒരു മഹാക്ഷതം ഏല്പിച്ച്, അദ്ദേഹത്തിനെ ആജീവനാന്തം പ്രകൃതത്തിന് ചേർന്ന് ശനൈശ്ചരൻ ആക്കുകയും ചെയ്തു. വ്യാജമഹമ്മദീയർ ആന്ദോളാഭരണാദികളെ വിജയലക്ഷ്യങ്ങളായി കയ്ക്കലാക്കുന്നതിനിടയിൽ സേനാനികളും സേവകന്മാരും ടിപ്പുവിനെ ഹസ്താന്ദോളത്തിൽ ആക്കിക്കൊണ്ട് വടക്കുനോക്കിപ്പാഞ്ഞു. വികടനായ അഴകൻപിള്ള വായ്ക്കുരവയും ഇട്ടുകൊണ്ട് ത്രിവിക്രമനെ തോളിലേന്തി നൃത്തം തുടങ്ങി. കുറുങ്ങോടൻ തന്റെ സഹയോദ്ധാക്കളിൽ വീണുപോയവരെ വഹിച്ച് അനന്തരപരിചരണങ്ങൾ ചെയ്വാൻ ശ്രദ്ധിച്ചു.

ടിപ്പുസേനയുടെ പ്രതിയാനം കഴിഞ്ഞ ശേഷം, വഞ്ചിരാജസേനാനികൾ പൂർവദിവസത്തിലെ പടക്കളത്തിൽ എത്തി. ഭാസ്കരപ്രസന്നതയോടെ നില്ക്കുന്ന ദിവാൻജിയെ കണ്ടപ്പോൾ അഴകൻപിള്ള തന്റെ പക്കലുള്ള ആയുധങ്ങളെയും രാജഭൂഷണങ്ങളെയും സമർപ്പിച്ചിട്ട്, പുറകിൽ വരുന്ന ആന്ദോളത്തെ ചൂണ്ടിക്കാട്ടി. ദിവാൻജി സാധനങ്ങളുടെ വൈശിഷ്ട്യവും വാഹനം ടിപ്പുവിന്റേതാണെന്നതും ഗ്രഹിച്ച് അദ്ഭുതപരവശനായി 'എന്തോന്നാ വി

ക്രമാ?' എന്ന് ചോദ്യം ചെയ്തു്. ത്രിവിക്രമൻ വിനയത്തോടെ പ്രശംസാഭിനന്ദനങ്ങൾക്ക് അവകാശി അഴകുശ്ശാർതന്നെ എന്ന് ചൂണ്ടിക്കാട്ടി.

അഴകുശ്ശാർ "ഛേ! അതെന്തെരെന്നേ! ഒരു പൊന്നൻ മൊതലാളിയുടെ അടുത്തു് 'അഴകൂന്റെ കൊടയുംകൂടി പറ്റിക്കൊണ്ടുപോവൂ കൂവ' എന്ന് ചൊല്ലിക്കൊണ്ടു് ഈ കോലൊന്ന് നീട്ടിയപ്പം, എവൻ ഏങ്കോണിച്ചവനല്യോ? അതങ്ങു് മറിഞ്ഞൂട്ടു. മൊതലാളിയുടെ മുട്ടിന്റെ ഒരു തുണ്ടു് ഇതിന്റെ മൊനയിലൊണ്ടു്'" എന്ന് പറഞ്ഞു് രക്തസ്നാതമായ ഭാലാമുനയെ പ്രദർശിപ്പിച്ചു. ദിവാൻജി ഭക്തിപുരസ്സരം സ്വരാജ്യാധാരങ്ങളെ സ്മരിച്ചുകൊണ്ടു് സപ്രഹർഷം അഴകൻപിള്ളയെ ആലിംഗനം ചെയ്തു.

32

"താതൻ നിനച്ചതു സാധിച്ചുകൊള്ളുവാൻ
പീതാംബരൻ മമ കാന്തനായീടണം"
"കഷ്ടമായുള്ള വാക്കു ചൊല്ലാതെ ദുരാത്മാവേ,
തൊട്ടുകൂടുമോ ഹരിപത്നിയെ ശശത്തിന്?"

സന്തോഷപ്രകർഷത്താൽ അഴകൻപിള്ളയെ ദിവാൻജി ആലിംഗനം ചെയ്തത് വിപുലതന്ത്രജ്ഞന്റെ സൂക്ഷമവീക്ഷണത്തെ സാക്ഷീകരിക്കുന്നില്ലെന്ന് വായനക്കാർ ശങ്കിക്കരുത്. രാജ്യത്തിന്റെ അതിദീർഘമായുള്ള ഉത്തരപരിധിയെ നെടുംകോട്ട അപ്രവേശ്യമാക്കുകയില്ലെന്നും ആ വഴിക്കുണ്ടാകുന്ന വൈരിവാരപ്രവാഹം വിഷമപ്രതിരോധ്യമെന്നും അതുകൊണ്ട് അവിശാലമായ സമതലങ്ങളിൽവച്ചുള്ള യുദ്ധത്തിലെങ്കിലും വിജയാപ്തിയുണ്ടായാൽ അനന്തരസമരങ്ങളെ ബന്ധുസഹായം പ്രാപ്തമാകുന്നതുവരെ ദീർഘിപ്പിച്ചുകൊള്ളാമെന്നുമുള്ള കൗശലങ്ങളെ ദിവാൻജി സ്വാന്തഗഹനതയിൽ സംഗ്രഹിച്ചിരുന്നു. അഴിക്കോട്ടയിലെ വിജയവൃത്താന്തം ഈ വിചാരങ്ങളുടെ പ്രതിച്ഛായകളെ മാത്രം മഹാരാജാവിന്റെ ഹൃദയത്തിൽ സഞ്ജാതമാക്കി. അഴിക്കോട്ട മാർഗ്ഗമായി തിരുവിതാംകൂറിനെ ആക്രമിപ്പാനുണ്ടായ ഉദ്യമംപോലും അസംബന്ധം എന്നും പിന്നത്തെ വെള്ളക്കുഴികൾ നീന്തി ഒരു കര പറ്റുവാൻ മൈസൂർക്കാർ ശക്തരാവുകയില്ലെന്നും ആ പന്ഥാവിനെ തുടർന്നാൽ ഗണപതിക്കുകുറിച്ചപോലെതന്നെ കൃതിയും ഒരു മൗഢ്യപ്രകടനമായി കലാശിക്കുമെന്നും, അക്കാലത്തെ പ്രധാനോപദേഷ്ടാവായ കുഞ്ഞെക്കുട്ടിപ്പിള്ള ടിപ്പുവിന്റെ പ്രഥമ ശ്രമത്തെ ചുരുക്കത്തിൽ ഭർത്സിച്ചുതള്ളി. ടിപ്പുവിന്റെ ജാനുക്ഷതപീഡ നീങ്ങി, മൈസൂർസൈന്യം നെടുങ്കോട്ട തകർത്തുതുടങ്ങി എന്ന വാർത്ത രാജ്യത്തെ ആകമാനം കിടുക്കി. പടയിൽ ചേരാനുള്ള ഉദ്വേഗത്തിന്റെ ഊഷ്മാവുകൊണ്ട് കുഞ്ഞെക്കുട്ടിപ്പിള്ള ത്രിലോകമൂർത്തികൾ എപ്പേരും ഒന്ന് ചേർന്നപോലെ തുള്ളിത്തുടങ്ങി.

ഇതിനിടയിൽ പെരിഞ്ചക്കോടന്റെ മരണവൃത്താന്തം ആ പരാക്രമപ്പെരുമാളുടെ ആരാമത്തിൽ പാർപ്പുകാരായ സ്ത്രീയുഗ്മത്തിന്റെ കഷ്ടവിധിയെക്കുറിച്ചുള്ള സഹതാപത്താൽ, കാര്യക്കാരായ അപരിജ്ഞേയഹൃദയനെ ചിന്താകുലനാക്കിയിരുന്നു. തൽക്കാലം നിരാധാരയായിരിക്കുന്ന കന്യകയെ വേട്ടുകൊള്ളുന്നതിന് കല്പനാനുമതി വാങ്ങിക്കിട്ടണമെന്ന് കല്ലറയ്ക്കൽപിള്ളയുടെ എഴുത്തുകൾ പലതും വന്നു. അഴകൻപിള്ള ഈ സംഗതി ഏറ്റുകൊണ്ട് പോയിട്ട് അയാൾ ഏതു് ബ്രഹ്മലോകത്തിലോട്ടോ അന്തർദ്ധാനംചെയ്തിരിക്കുന്നു. കാര്യക്കാരുടെ കൃപയുണ്ടാകേണ്ടതു് പെരിഞ്ചക്കോടനായ രാജദ്രോഹിയുടെ പുത്രിയെ ഗൃഹിണീസ്ഥാനത്തിൽ സ്വീകരിക്കുന്നതിനെ ഒരു അപരാധമായി പരിഗണിക്കാതിരിക്കുവാൻ ആണെന്നും അയാൾ മരിച്ചിരിക്കുന്നതുകൊണ്ട് തിരുവുള്ളക്കേടിന് ഒരു വഴിയും ഇല്ലെന്നും ആ ലേഖനത്തിൽ വിവരിച്ചിരുന്നു. അഴകൻപിള്ളയുടെ അഭിപ്രായപ്രകാരമുള്ള ആ ദേവാംഗനാരത്നത്തെ തന്റെ പ്രജകളിൽ ആരെങ്കിലും വരിച്ച് ഭാഗ്യവനായിക്കൊള്ളട്ടെ എന്നുണ്ടായ തിരുവുള്ളം കല്ലറയ്ക്കൽപിള്ളയെ കാര്യക്കാർ ധരിപ്പിച്ചു. ഇതുകഴിഞ്ഞു് ഏതാനും ദിവസം ചെന്നപ്പോൾ കന്യക അത്യാപൽക്കരമായ രോഗത്തിൽ കിടപ്പാണെന്നും അവളുടെ അവസ്ഥ ശരീരവ്യാധിയോ, മനോവ്യാധിയോ, വല്ല പൂർവ്വജന്മദുരിതമോ, ക്ഷുദ്രപ്രയോഗഫലമായ വിപത്തോ ആയിരിക്കാമെന്നും അതിനാൽ മാന്ത്രികനും വൈദ്യനും ആയ ഒരു വിദഗ്ദ്ധനെ അയച്ചുകിട്ടിയാൽ വലിയ അനുഗ്രഹമാകുമെന്നും, പിന്നെയും ഒരു അപേക്ഷ കല്ലറയ്ക്കൽപിള്ളയിൽനിന്ന് കാര്യക്കാർക്ക് കിട്ടി.

ടിപ്പുവിന്റെ ആക്രമണത്തെ ഭയപ്പെട്ട് തിരുവനന്തപുരത്തു പ്രവാസം അനുഷ്ഠിക്കുന്ന ഒരു വിശ്രുതദ്വിജൻ ഇതിനിടയിൽ കാര്യക്കാരുടെ ഒരു ബന്ധുവായിത്തീർന്നിരുന്നു. നാല്പത്തിഅഞ്ചു് കഴിഞ്ഞുള്ള ആ പ്രായത്തിലും മദനസൗന്ദര്യം ശോഭിക്കുന്ന ആ ബ്രാഹ്മണൻ, ഒരു ദുഷ്കർമ്മനിപാതാനന്തരം അനുവർത്തിച്ച ബ്രഹ്മചാരിത്വത്തിനിടയിൽ ചികിത്സ, മന്ത്രവാദം, ജ്യോത്സ്യം എന്നീ കലകളിൽ അപാരവൈദുഷ്യം സമ്പാദിച്ച് ബഹുജനോപകാരം ചെയ്ത് ഒരു ധാർമ്മികാഗ്രേസരനെന്ന വിശ്രുതിയെ സമ്പാദിച്ചിരുന്നു. കാര്യക്കാർ കല്ലറയ്ക്കൽപിള്ളയുടെ അപേക്ഷയെ ധരിപ്പിച്ച മാത്രയിൽത്തന്നെ അത്യുദാരമതിയായ വിപ്രമാന്ത്രികൻ 'അങ്ങനെ പോയ്വരാം' എന്ന് സ്വകൃത്യമെന്നപോലെ സമ്മതിച്ച് കല്ലറയ്ക്കലേക്ക് അഥവാ പെരിഞ്ചക്കോട്ടെ കന്യാഗൃഹത്തിലേക്ക് പരിചാരകസമേതം പുറപ്പെട്ടു.

കാട്ട് വരട്ടുന്നതും കിളർപ്പിക്കുന്നതും ആയ കുംഭമാസത്തിലെ മഴകൾ രണ്ടും യഥാകാലം പെയ്തുകഴിഞ്ഞു. പെരിഞ്ചക്കോട്ടെ വൃക്ഷവാടി ജലബിന്ദുക്കളെ ഇറ്റിറ്റ് വീഴ്ത്തുന്നു. കുരരികൾ മേഘച്ഛന്നമായ ഉദയാകാശം കണ്ട് നീരസത്താൽ തലകൾ ചെരിച്ച് ഭൂസ്ഥിതി എങ്കിലും സഞ്ചാരാനുകൂലമോ എന്ന് നോക്കുന്നു. ശൃംഗാരികളായ കപോതമിഥുനങ്ങൾ പരസ്പരം കൊത്തി പരിഭവിച്ച് ഇണപിരിഞ്ഞിരുന്നുകളയുന്നു. ഏകാകിനികളായ ചകോരികൾ കാന്താഗമനത്തെ പ്രതീക്ഷിച്ച് ചുണ്ടുകളാൽ പാദങ്ങളെ കോതി പരിചരിച്ചിട്ട് കണ്മണികൾ ഇമച്ചു് പ്രപഞ്ചാവസ്ഥ നിസ്സാരമെന്നുള്ള പ്രബുദ്ധതയെ സൂചിപ്പിക്കുന്നു. ആഹാരാന്വേഷണങ്ങൾക്ക് പുറപ്പെടാത്ത അച്ഛനമ്മമാരെ, മരപ്പോടുകളിലും കൂടുകളിലും പാർക്കുന്ന ചെറുപക്ഷികൾ ഋജുകജനങ്ങളാൽ ഭർത്സിക്കുന്നു. വൈദ്യമാന്ത്രികാദി വിദ്വജ്ജനങ്ങളുടെ ഉപ

ദേശസഹായങ്ങൾ കൂടാതുള്ള പക്ഷിലോകം ഇങ്ങനെ കഴിയുന്നു. ഉപാന്തസ്ഥമായ മനുഷ്യവസതിയുടെ മുറ്റം, മഴയ്ക്കിടയിൽ പെരുകിയ വെള്ളം ഉണങ്ങാതെ ഇലകൾ പതിഞ്ഞു് മാർജനം കൂടാതെ, ഒരു അശുചികേന്ദ്രമായി കാണപ്പെടുന്നു. ഭവനകടത്തിന്റെ മേച്ചിലിൽ അടിവാരക്കെട്ടുകൾ ഇളകി, ഓലക്കീറുകൾ ഞാലുന്നതും ഗൃഹവാസികളുടെ അസ്വാസ്ഥ്യത്തിനും ദൈന്യാവസ്ഥയ്ക്കും ഒരു സുവ്യക്തലക്ഷ്യമായിരിക്കുന്നു. ബധിരയായ വൃദ്ധ വടക്കേവശത്തിരുന്ന് കഷായം കുറുക്കുന്നതിനിടയിൽ ശ്വാനന്മാരുടെ ബാധയുണ്ടായി, അവിടെ ചില കലാപങ്ങൾ സംഭവിക്കുന്നു. അതിനും ഗൃഹനായികയുടെ ശാസനങ്ങളോ ആജ്ഞകളോ ധ്വനിതമാകുന്നില്ല. കണ്ടൻ കത്തിരി, ളുതുവള എന്നിത്യാദി ഔഷധവർഗ്ഗത്തെയും വഹിച്ചെത്തിയ ഭൃത്യൻ ചുമടിറക്കി വരാന്തയിൽ കയറി നിന്നിട്ടും ലക്ഷ്മിഅമ്മയിൽനിന്ന് ഉപചാരശബ്ദമൊന്നും പുറപ്പെടുന്നില്ല. ആ പ്രദേശത്തിലെ രീതിയിൽ പ്രധാന വസ്ത്രത്തെ ചുറ്റി മാത്രം ധരിച്ചും, ഒരു കച്ചമുണ്ട് തോൾ ചുറ്റി പുതച്ചും മുട്ടുകെട്ടി തല നമിച്ച് ചിന്താവിവശയായിരിക്കുന്ന ആ സാധ്വി, ജഡസ്വരൂപിണിയായിത്തന്നെ വർത്തിക്കുന്നു. ഭർത്തൃസമക്ഷം സമർപ്പിക്കപ്പെട്ട തന്റെ പ്രാർത്ഥനകളും ഉപദേശങ്ങളും നിരാകരിക്കപ്പെടുകകൊണ്ട് കഷ്ടതമമായുള്ള സംഭവത്താൽ വൈധവ്യമുദ്രയെ ധരിക്കേണ്ട ദുഷ്കാലവും വന്നുകൂടിയിരിക്കുന്നു. വൈധവ്യമുദ്രയോ? അല്ല. അഗ്നിസാക്ഷിയായുണ്ടായ വരണകർമ്മത്തിലെ മംഗല്യസൂത്രത്തെ തന്റെ മഹാവിപത്തിലും ഗോപനംചെയ്ത് സൂക്ഷിച്ച് അത് തന്റെ കണ്ഠത്തെ അദ്യപി ശ്രീമയമാക്കുന്നത് ആ ക്രൂരാവസ്ഥയുടെ നിഷേധലക്ഷ്യമല്ലേ? എന്നാൽ അതിനെ ധരിച്ച് മനസാ പൂജിപ്പാനുള്ള അവകാശത്തിന്റെ ന്യായാന്യായത എങ്ങനെയോ എന്നുള്ള ചിന്തോദയം ജീവചക്രങ്ങളെ സംഭ്രമണം ചെയ്യിച്ച് തുടങ്ങി. ഏഴരവെളുപ്പിലുള്ള സ്നാനവേളയിലെ മിത്രജനം, അനന്തരം, ഗൃഹത്തിലെ ഇഷ്ടദേവതാർച്ചനത്തിനായുള്ള ഒരുക്കങ്ങളിലെ സാഹസങ്ങൾ, ആ ഭവനങ്ങളിലെ ഐശ്വര്യം, സംശ്രദ്ധി, സൗഭാഗ്യം എന്നല്ല, സാന്ദ്രമായുള്ള ലക്ഷ്മീവിലാസവും... ഭഗവാനേ! ഒന്നും ചിന്തിച്ചുകൂട്ടുന്നതല്ല, ആ സുകൃതവേദിയിലെ തന്റെ ലോലബാലികാവിലാസങ്ങൾ പരിപാവനാത്മാക്കളുടെ പരിലാളനങ്ങൾ, ഭർത്തൃലബ്ധിക്കായി ജനകയതീന്ദ്രൻ സഹിച്ച കായമനഃക്ലേശങ്ങൾ, സുഭഗതിലകനായുള്ള ഒരു കുലീനകമനന്റെ പരിണയയജ്ഞം...

'അമ്മേ! അമ്മേ!' എന്നുള്ള ദയനീയമായ വിളികൾ ലക്ഷ്മിഅമ്മയുടെ ഭൂതകാലോന്മുഖമായ മനോവീക്ഷണത്തെ വിഘാതപ്പെടുത്തി. ദേഹക്ഷീണം നിമിത്തം ഝടിതിയിൽ എഴുനേല്പാനും പാഞ്ഞെത്താനും കഴിയാത്തതിനാൽ മരഭിത്തിയുടെ സഹായത്താൽ പാദസ്ഥയായി അലഘുവായുള്ള വിധിഭാരത്താൽ വക്രിതമായ ശരീരത്തിന് സാധ്യമായ ത്വരയോടെ താങ്ങുവാൻ പാടില്ലാത്ത കാഴ്ചയുടെ വേദന സഹിപ്പാൻ അവർ പടിഞ്ഞാറേ അറയിലോട്ട് കടന്നു. "അമ്മേ, അച്ഛൻ... എന്റച്ഛൻ വന്നോ?" എന്ന് അന്നത്തെ അരുണോദയാനന്തരം ബഹുതരം ആവർത്തിക്കപ്പെട്ട ആ ചോദ്യം പിന്നെയും കേട്ട് ലക്ഷ്മിഅമ്മ മുൻപോലെ തളർന്നു. "എന്തിനമ്മ! എനിക്കാരും വേണ്ട... അന്ന് വന്ന അദ്ദേഹത്തിന്റെ സ്ഥാനമാനം... ഉദ്യോഗം, എല്ലാം അങ്ങിരിക്കട്ടെ. എനിക്ക് എന്റച്ഛൻ മതി. എന്റച്ഛൻ മതിയമ്മേ. (അക്ഷമയോടെ) മതി... അച്ഛൻ കണ്ണിലിരിക്കുന്നു. അമ്മ വിളിക്കണം, മുമ്പിൽ വരും."

ലക്ഷ്മിഅമ്മ: "എന്റെ മകളേ, നീ ഇങ്ങനെ ശാഠ്യം തുടങ്ങിയാൽ എന്തുചെയ്യും? അദ്ദേഹത്തിന് തോന്നുമ്പോൾ വരും. ഞാൻ വിളിച്ചാൽ എത്തുന്നടത്തല്ല അദ്ദേഹം. പടയ്ക്ക് പോയി."

ദേവകി: "പടയോ? എന്തുപട? അതൊന്നും പറയണ്ട; ഇങ്ങ് വിളിക്കണം. എനിക്കുവേണ്ടി ഒന്നിനും പട വെട്ടണ്ട. വെട്ടണ്ടമ്മേ... വെട്ടണ്ടാ. അയ്യോ! അമ്മേ! ശിവശങ്കരാ!"

ലക്ഷ്മിഅമ്മ: "നിലവിളിച്ച് തളരാതെ ദേവകീ. ജ്വരമില്ല, ശൈത്യമില്ല. ദേഹം ക്ഷയിച്ച് ക്ഷയിച്ച് വരുന്നതേയുള്ളൂ. സാഹസപ്പെട്ടാൽ... (കണ്ണുനീരോടും ഗദ്ഗദത്തോടും) എന്നെ തനിച്ചാക്കാതെ... മഹാപാപമാണ്."

ദേവകി: "തനിച്ചോ? അച്ഛൻ വരും... അമ്മേടെ തല മാടിത്തരും, കണ്ണെഴുതും. വരിക്കുറി... (ക്ഷീണത്തോടെ ചിരിച്ചിട്ട്) ഞാൻ കണ്ടിട്ടുണ്ട്. പനങ്കിളികൾപോലെ ഇരുന്ന് നിങ്ങൾക്കു രസിക്കാം... ഞാൻ ആർക്ക്?..."

ലക്ഷ്മിഅമ്മ അതിദീർഘമായി നിശ്വസിച്ചു. മരണത്തോട് അടുത്തിരിക്കുന്ന പുത്രിയുടെ അനുഗ്രഹം കിട്ടുകപോലും ദുസ്സാധം! താൻ ആ പരമശ്രദ്ധയെ മുഹൂർത്തംപ്രതി വഞ്ചിക്കുന്നില്ലേ? രാജധാനിവാർത്ത നഗരത്തിൽ പരന്ന് കല്ലറയ്ക്കൽ എത്തി താനും ഗ്രഹിച്ചു. സൂക്ഷ്മം ആരാഞ്ഞുവരുവാൻ മല്ലൻപിള്ളയെ അയച്ചതിൽ, സംഗതി പരമാർത്ഥംതന്നെ എന്ന് അയാളും അറിയിച്ചിരിക്കുന്നു. പുത്രിയുടെ സന്നിധിയിൽനിന്ന് പിരിഞ്ഞ് മരക്കാവിനുള്ളിൽ പ്രവേശിച്ച് കിട്ടുന്ന അവസരത്തിലെല്ലാം കണ്ണുനീർകൊണ്ട് ആ വിടപീമൂലങ്ങളെ താൻ നനച്ചിട്ടുണ്ട്. പുത്രിയോട് പരമാർത്ഥം പറക എന്നുവച്ചാൽ അതു് കേൾക്കുന്നഉടൻ അവളുടെ ജീവാന്തം സംഭവിക്കും. ഈ സ്ഥിതികളിൽ, തന്നെ ഏകാകിനി ആക്കരുതെന്ന് പുത്രിയോട് പ്രാർത്ഥിച്ചുപോയ ബുദ്ധിജാള്യത്തെക്കുറിച്ച് ആ സാധ്വി പശ്ചാത്തപിച്ചു. ക്ലേശിച്ചു, സ്വയം ശപിച്ചു.

ദേവകി: "അമ്മേ, അന്നേ... ആ പെരുവഴിയിൽ നടന്ന ശണ്ഠസമയത്ത് അച്ഛൻ എവിടെ ആയിരുന്നു?"

ലക്ഷ്മിഅമ്മ: "ഞാൻ കണ്ടുവോ? പലരും പലതും പറഞ്ഞു."

ദേവകി: "ആ കൊച്ച് കപ്പി... പിന്നെ... പടവീട്ടിലേ..."

ലക്ഷ്മിഅമ്മ: "ഭ്രാന്തീ, ആ കൊച്ചുകപ്പിത്താൻ രക്ഷപ്പെട്ടു. അതു വിചാരിച്ച് നീ ചാകേണ്ട."

ദേവകി: "പാണ്ടയോ അമ്മേ? അവനല്ലേ അച്ഛനുവേണ്ടി ചാകാൻ ചാടിയത്?"

ലക്ഷ്മിഅമ്മ: "അദ്ദേ... അവൻ കരുത്തനല്ലേ? ഒരു പറപ്പിൽ മറഞ്ഞുകളഞ്ഞു."

ദേവകി: "എന്നാൽ അച്ഛനെ വിളിച്ചുവരുത്തണം."

ദേവകിയുടെ ആജ്ഞയിൽ അന്തർഭൂതമായ ആശയം എന്തെന്നറിഞ്ഞ ലക്ഷ്മിഅമ്മ പുത്രിയുടെ അപേക്ഷയ്ക്കുത്തരമായി ആ കന്യക കാണാതെ ശിരസ്സിൽ കയ്യുറഞ്ഞു. അവരുടെ ഭാഗ്യത്താൽ ... അല്ല, നിർഭാഗ്യാതിരേകത്താൽ, കല്ലറയ്ക്കൽപിള്ളയുടെ സമാഗമം ഈ ഘട്ടത്തിലുണ്ടായി.

ലക്ഷ്മിഅമ്മ: "ഇതാ, കല്ലറയ്ക്കലദ്ദേഹം വരുന്നു. കൂടെ ചിലരുണ്ട്. മല്ലൻപിള്ള മരുന്നുകളും കൊണ്ട് എപ്പോഴേ വന്നു. ഞങ്ങളെ ഒക്കെ വിഷമിപ്പിച്ചാൽ സുഖപ്പെടാൻ താമസിക്കും ദേവൂ."

ഈ ഘട്ടത്തിൽ കല്ലറയ്ക്കൽപിള്ള ഗൃഹാങ്കണത്തിൽ എത്തി. ദേവകിയുടെ മാംസം ശ്രുഷ്കിച്ച് ഗണ്ഡങ്ങൾ ഒട്ടി, നാസിക പൊന്തി, ദന്തങ്ങൾ നീണ്ട് കണ്ണുകൾ കുഴിഞ്ഞ് കേശങ്ങൾ ജടിലിച്ചുതീർന്നിരുന്ന വൈരൂപ്യം സന്തോഷാപ്തിയിൽ നീങ്ങുമെന്നുള്ള വിശ്വാസത്തിന്മേൽ കല്ലറയ്ക്കൽപിള്ള ആ കന്യകയുടെ ചികിത്സക്കാര്യത്തിൽ സുധീമാന്മാർക്ക് ചേരുന്ന സാഹസങ്ങൾ ചെയ്തു. പെരിഞ്ചക്കോടൻ മരിച്ചുപോയിരിക്കുന്ന സ്ഥിതിക്ക് തന്റെ വിവാഹംകൊണ്ട് ലക്ഷ്മിഅമ്മയെയും ദേവകിയെയും ഉടനെ കല്ലറയ്ക്കലേക്ക് മാറ്റണമെന്ന് ആ ഗൃഹത്തിന്റെ നായകൻ തീർച്ചയാക്കി. തന്റെ ചികിത്സാശ്രമങ്ങളെ ഫലവത്താക്കാൻ തിരുവനന്തപുരത്തുനിന്ന് ഒരു മാന്ത്രികനായ വൈദ്യനെ വരുത്തേണ്ട ചിലവ് സഹിപ്പാനും അദ്ദേഹം നിശ്ചയിച്ചു. ഈ മാന്ത്രികനും പരിചാരകരുമാണ് ആ ഘട്ടത്തിൽ ലക്ഷ്മിഅമ്മയെയെ ചിന്തകളെ വിഘാതപ്പെടുത്തി നിലകൊള്ളിച്ചത്.

ഗൃഹനായകസ്ഥാനത്തിന് ചേർന്നുള്ള സൗജന്യൗദാര്യങ്ങളോടെ കല്ലറയ്ക്കൽപിള്ള അങ്ങുമിങ്ങും ഓടി ഒരു പലക കൊണ്ടുവന്ന് ആഗതനായ ദ്വിജശ്രേഷ്ഠനെ ആസനസ്ഥനാക്കി. അദ്ദേഹത്തിന്റെ ലഘുവും ദീർഘവുമായുള്ള ശരീരത്തിന്റെ കോമളമായ ചമ്പകകാന്തി ലക്ഷ്മിഅമ്മയുടെ നേത്രങ്ങളെ ആകർഷിച്ചു; അവരുടെ കുസുമതുല്യമായുള്ള അംഗപ്രഭയും ആകാരസൗഷ്ഠവവും ബ്രാഹ്മണനേത്രങ്ങളെ സ്തബ്ധങ്ങളാക്കി. ഈ അഭിമുഖയുഗ്മത്തിന്റെ കണ്ണുകൾ പരസ്പരം ഒരു ആപാദമസ്തകപരിശോധനം ആരംഭിച്ചു. രണ്ട് പേരുടെയും ശരീരങ്ങൾ എന്തോ ഭൂതാവേശത്താൽ എന്നപോലെ വിറകൊണ്ട് തുടങ്ങി. ഈ ചേഷ്ടാവികാരങ്ങൾ കല്ലറയ്ക്കൽപിള്ളയുടെ ഹൃദന്തത്തിൽ ഒരു പരിഭ്രമം ഉളവാക്കുകയാൽ അയാൾ വക്ഷസ്തടത്തിൽ ചില മൃദുമർദ്ദനങ്ങൾ ഏല്പിച്ച് ഹൃദയചാഞ്ചല്യത്തെ ശമിപ്പിച്ചു. ബ്രാഹ്മണന്റെ ലാളിത്യം ക്രോധവശനായ ലക്ഷ്മണന്റെ നാഗേന്ദ്രസ്വഭാവത്തിലോട്ട് പരിവർത്തനംചെയ്തു. അദ്ദേഹത്തിന്റെ നഖങ്ങൾ ഉപവീതത്തെ ഗ്രഹിച്ച് അതിൽ കഠിനക്ഷതങ്ങൾ ഏല്പിച്ചു. നേത്രങ്ങൾ ഉജ്ജ്വലിച്ചു; കണ്ഠകംബുവിലെ നാഡികൾ നീലിച്ച് ജൃംഭിച്ച് ചലിച്ചു; അംഗം വിയർക്കയും ചെയ്തു. ലക്ഷ്മിഅമ്മ നിരപരാധിയുടെ വിദ്വേഷരോഷത്താലോ ആ അപ്രതീക്ഷിതസമാഗമത്തിൽ ജാതമായുള്ള പൂർവ്വസ്മൃതികളാലോ ശാപകർമ്മോദ്യുക്തനായി സ്ഥിതിചെയ്യുന്ന ദുർവ്വാസസ്സിൽനിന്ന് തന്റെ വീക്ഷണത്തെ ഉപസംഹരിച്ച് സ്വാന്തോൽഗളിതങ്ങളാകുന്ന ഭർത്സനങ്ങളെ പ്രക്ഷേപണം ചെയ്യുയോ എന്ന് ചിന്തിച്ച് നിന്നു. ദാമ്പത്യാരംഭത്തിൽ കിംവദന്തി നിമിത്തം അപനയാനുവർത്തനാക്കപ്പെട്ട്

അനന്തരം ലോകഗതികളുടെ ഗ്രഹണത്തിൽ സംശയഗ്രസ്തനായി, താൻ അധീനനായി പ്പോയുള്ള വഞ്ചനയിലെ സന്ദർഭബന്ധങ്ങളെ സൂക്ഷ്മപരിശോധനം ചെയ്തപ്പോൾ, സ്വയം അപരാധബോധവാനായിത്തീർന്നിരുന്ന പരിശുദ്ധമനസ്കനായ സാധുദ്വിജൻ, പാതകാ വർത്തനഭീതിയാൽ ശാന്തനായി എങ്കിലും ഒരു പ്രാഡ്വിപാകസദസ്സിനാൽ ആചാരരീത്യാ കല്പിക്കപ്പെട്ടുള്ള വിധിയുടെ സാധുതയെ ഒന്ന് പുനഃപരിശോധനം ചെയ്ത് മനസാക്ഷിയെ സാന്ത്വനപ്പെടുത്താൻ വേണ്ട പൗരുഷത്തെ അദ്ദേഹം സന്ധാനം ചെയ്തു. "നാരായണ! നാരായണ! ഞാൻ എന്തനർത്ഥത്തിൽ വന്നുചാടി! എന്താണിക്കാണുന്നത്? മരിച്ചുകൂടാ യിരുന്നോ? കഷ്ടേ! എന്താനങ്ങയതന്നല്ലേ!"

ഈ ന്യായാധിപപ്രശ്നത്തിന് പ്രതിഭാഷണം സമർപ്പിച്ചത് പ്രതിപാദ്യവിഷയത്തെ ക്കുറിച്ച് പരമാജ്ഞനായ കല്ലറയ്ക്കൽപിള്ള ആയിരുന്നു. "അല്ലേ, തിരുമനസ്സുകൊണ്ട് ഇത് പെരിഞ്ചക്കോട്ടങ്ങേരെ വീട്ടുകാരിയാണ്. പറഞ്ഞ നെയ്യും ശർക്കരയും ഒന്നുമല്ല. എവ രെ മഹളുകൊച്ച് അഹത്തൊണ്ട്. അതിനെ ജിഗിത്സിപ്പിക്കാനാണ് കാര്യക്കാരങ്ങുന്ന് ഇങ്ങോട്ടയച്ചത്."

നമ്പൂരി എഴുന്നേറ്റു. ലക്ഷ്മിഅമ്മയുടെ മുഖവിജൃംഭണം തകരുമ്പോൾ അസ്വൈരകര മായ വല്ല മർമ്മഭേദകവിമർശനങ്ങളും താൻ കേൾക്കേണ്ടിവരുമെന്ന് സംശയിച്ചു എങ്കി ലും ആ സ്ത്രീ ആരെന്നുള്ള തന്റെ ആശങ്ക നിരാസ്പദം അല്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യ മായി. അപരാധിനിയോ അനുകമ്പനീയയോ എന്ന് ഗ്രഹിപ്പാനുള്ള ഉത്ക്കണ്ഠ മൂർച്ഛിച്ചു എങ്കിലും അതിന്റെ നിവർത്തനം സാവധാനത്തിലായിക്കൊള്ളാമെന്ന് കരുതിക്കൊണ്ട് ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞു: "കേട്യോ കള്ളർകോട്ടപിള്ളേ, ഇത്ര ദൂരത്തെ നട നന്നേ ക്ഷീണിപ്പിച്ചു. രോഗിണി...?"

കല്ലറയ്ക്കൽപിള്ള ചാടി തളത്തിൽ കയറി വഴികാട്ടുകയാൽ, നമ്പൂരി അറയ്ക്കുള്ളിലോട്ട് പ്രവേശിച്ചു. രോഗിണി അർദ്ധോന്മീലിതനേത്രങ്ങളോടെ അതിമൃദുലസ്വരത്തിൽ "അച്ഛാ രക്ഷിക്കണേ, അയ്യോ! അയ്യോ! എന്ത് ദുരിതമിത്! ജന്മമിങ്ങനെയായല്ലോ. സഹിച്ചുകൂടെ ന്റെ പരമശിവനേ!" എന്ന് ഹസ്തങ്ങളെ ശയ്യയിൽ വീഴ്ത്തി വിലപിച്ചു.

കന്യകയുടെ മോഹനരുചിരതയും ശരീരലാവണ്യവും മുഖത്തിന്റെ സ്വരൂപണവിധ വും നില്ക്കട്ടെ; ഹാ, ആ സ്വരമാധുര്യവും 'പരമശിവാ' എന്നുള്ള ഈശസംബോധനയും തന്റെ കർണ്ണങ്ങൾക്ക് അതിപരിചിതങ്ങളാണ്. നമ്പൂതിരിയുടെ ശരീരത്തിൽ ആഗ്നേയസ്വേദം സ്ഫുരിച്ച് തുടങ്ങി. ഒരു അഗ്നിശിഖ ആനാഭിമൂർദ്ധം കത്തിക്കാളി അന്തരിന്ദ്രിയങ്ങളെ ദഹിപ്പിച്ചുതുടങ്ങി. ബ്രാഹ്മണൻ ധൈര്യസമാർജ്ജനം ചെയ്ത് കന്യകയുടെ ഹസ്തത്തെ ഗ്ര ഹിച്ച് നാഡിപരിശോധനത്തിന് ആരംഭിച്ചപ്പോൾ ആന്തരാഗ്നിയെ സ്തംഭിപ്പിക്കുന്ന ഒരു കളഭസേചനാനുഭൂതി അദ്ദേഹത്തെ ബ്രാഹ്മാനന്ദവിവശനാക്കി. "അച്ഛാ, നീങ്ങി അടുത്തി രിക്കണം. കണ്ട് കണ്ണ് കുളിർന്ന് പരമപദം ചേരട്ടെ. അച്ഛന്റെ മകളല്ലേ ഞാൻ?..." കന്യക ഇങ്ങനെ പുലമ്പിയത് പുറത്തും കേൾക്കാമായിരുന്നു. ഈ ദീനാലാപങ്ങൾ, ബ്രാഹ്മണ നെ തന്റെ ദാമ്പത്യജീവിതത്തിലെ അവസാനഘട്ടത്തെ സ്മരിപ്പിച്ച് അവസ്ഥാഭ്രമവശനാ ക്കി നെഞ്ച് തടവിച്ചു. ലക്ഷ്മിഅമ്മ ചിത്തവികാരങ്ങളെ അമർത്താൻ ശക്തയല്ലാതെ വാ വിട്ട് കരഞ്ഞു. "പെരുംതൃക്കോവിലപ്പൻ സാക്ഷി! പരമശിവൻ വിധിച്ചത് സഹിക്കുന്നു.

അതിനെ തൊട്ടനുഗ്രഹിച്ചിട്ട് പോവുക. ദേവി ഭട്ടാര്യമ്മ ശുഭം തരട്ടെ! ഞങ്ങളുടെ ഗതി ഇങ്ങനെയും കഴിയട്ടെ" എന്ന് കന്യകയുടെ ബോധക്ഷയത്തിനിടയിലുള്ള സംബോധന ന്യായബോധത്താൽ ദൈവസംഭൃതമെന്നും താൻ ഈശകൃപാവകാശിനിയായുള്ള പാവനാത്മികയാണെന്നും തങ്ങളുടെ ദുർവ്വിധിയിൽ അനുകമ്പ തോന്നി സ്ഥാനവിഭ്രംശം വരുത്തേണ്ടെന്നും ധ്വനിപ്പിച്ചുള്ള ലക്ഷ്മിഅമ്മയുടെ പ്രലപനം ആ മാന്ത്രികനെ ഒരു മഹാമന്ത്രത്താൽ എന്നപോലെ സ്തബ്ധസമസ്തേന്ദ്രിയനാക്കി. ബാലികയെ വാത്സല്യപൂർവ്വം പലവുരു തലോടി, അവളുടെ ശരീരത്തിന്മേൽ അശ്രുവർഷംചെയ്തപ്പോൾ പിതൃപരിചരണം ലബ്ധമാകുന്നു എന്ന് ചിന്തിച്ച് ആ സംതൃപ്തചിത്ത സുഷുപ്തിയിൽ അമർന്നു. ഭൃത്യൻ വഹിച്ചിരുന്ന ചെല്ലം വരുത്തി, അതിൽനിന്ന് അഞ്ജലിസമ്പൂർണ്ണമായി കനകനാണയങ്ങൾ വാരിയെടുത്ത് പുത്രിയുടെ ശയ്യയിന്മേൽ മൂന്നുരു സമർപ്പണം ചെയ്തതിന്റെ ശേഷം ആപൽക്കരമായ 'ശുദ്ധഗതി' നിമിത്തം ഹതഭാഗ്യനായിത്തീർന്ന നാഗന്തളിമനയ്ക്കൽ നരായണൻ നമ്പൂരിപ്പാട്ട് ആശീർവ്വാദഹസ്തത്തെ ഉയർത്തി നെറ്റിത്തടത്തോടുചേർത്ത് അവിടെനിന്ന് നടകൊണ്ടു. ആ സ്ത്രീകളുടെ ഭവനദേശാദികളെക്കുറിച്ച് അറിവാൻ ജിജ്ഞാസുവായിരുന്ന കല്ലറയ്ക്കൽപിള്ളയെ, താൻ ദർശിച്ച ഭാവഭേദങ്ങളും മുക്തഹസ്തമായ ധനദാനവും ശ്രവിച്ച കോപസത്യാദിപ്രഭാഷണങ്ങളും ഒരു വിഷമസരണിയിൽ പതിപ്പിക്കുകയാൽ അനന്തരകരണീയത്തെക്കുറിച്ച് സ്ഫുടബോധം കൂടാതെ അദ്ദേഹം ബ്രാഹ്മണനെ അനുഗമിച്ച് ചില ചോദ്യങ്ങൾ തുടങ്ങി. എന്നാൽ ആ പ്രശ്നങ്ങൾക്ക് അതിനിർദ്ദയമായ മൗനം അവലംബിച്ച് ബ്രാഹ്മണൻ ആ ഗൃഹസ്ഥനെ അവമാനിക്കതന്നെ ചെയ്ത്, ലക്ഷ്മിഅമ്മ വേരറ്റ മരം കണക്കെ നിലത്തുവീണു.

നാഗന്തളി നമ്പൂരിപ്പാടിന്റെ പുണ്യപൂരിതമായുള്ള കൈകൾക്കും അദ്ദേഹത്താൽ വർഷിതമായ കണ്ണുനീരിനും സ്വർഗ്ഗാമൃതത്തിന്റെ സഞ്ജീവശക്തിതന്നെ ഉണ്ടായിരുന്നു. ദൈവാഭിമതത്താൽ സംഭവിച്ച ആ ജനകപുത്രീസംഘടനയിൽ ജനകാർജ്ജിതമായുള്ള സുകൃതസഞ്ചയം പുത്രിക്ക് ശുഭോദർക്കമാകുമാറ് ദാനം ചെയ്യപ്പെട്ടു. ലക്ഷ്മിഅമ്മ സ്മാർത്തവിചാരണയിൽ ശിക്ഷിക്കപ്പെട്ട അന്തർജ്ജനമാണെന്നും ആ ശിക്ഷാകാലത്ത് ആ പരമസാദ്ധ്വി ഗർഭാധാനം ചെയ്തിരുന്നു എന്നും ഗൃഹസമുദായങ്ങളിൽനിന്ന് ഭ്രഷ്ടയാക്കപ്പെട്ടപ്പോൾ നിരാലംബയായി സഞ്ചരിച്ച് തസ്കരാക്രമണമുള്ള ഒരു കാട്ടുവഴിയിൽ വീണുപോയി എന്നും അക്കാലത്ത് കവർച്ചക്കാരനായി ധനസമ്പാദനം ആരംഭിച്ചിരുന്ന പെരിഞ്ഞക്കോടൻ ആ സൗന്ദര്യധാമത്തെ കണ്ട് എങ്ങാണ്ടോനിന്ന് സമ്പാദിച്ച അന്നനീരങ്ങളാൽ മുക്തക്ഷീണയാക്കി എന്നും ഈ വസ്തുത സുബോധലബ്ധിയിൽ ഗ്രഹിച്ച അന്തർജ്ജനം ഭഗവന്മതത്തിന് വഴങ്ങി പെരിഞ്ഞക്കോടന്റെ ഭാര്യയായി അയാളെ തുടർന്നു എന്നും വായനക്കാർ ഊഹിച്ചുകൊള്ളുമല്ലോ.

മാസം ഒന്നുരണ്ട് കഴിഞ്ഞു. രോഗശയ്യയിൽനിന്ന് എഴുന്നേറ്റ് ഗൃഹത്തിനുള്ളിൽ സഞ്ചരിക്കുന്നു എങ്കിലും രോഗകാലത്ത് സന്ദർശിച്ചുപോയ സ്വസ്തിപൂർണ്ണമായ ലോകത്തോട് ആ കന്യകയ്ക്കുണ്ടായ ബന്ധം മുഴുവൻ ഖണ്ഡിക്കപ്പെട്ടിട്ടില്ല. അവളുടെ മുഖപ്രഭ പ്രണയത്തെ അല്ല, പ്രാണോന്മുഖമായ ഭക്തിയെ പ്രേക്ഷകരിൽ ഉത്പാദിപ്പിക്കുന്നു. നേ

ത്രദ്യുതി, അരുന്ധതീതാരം ആ ആരാമാശ്രമത്തിൽ ദ്വിഗുണീഭവിച്ചതുപോലെ പരിശു ദ്ധോജ്ജ്വലമായി മാതൃഹൃദയത്തെയും വാത്സല്യപ്രകടനങ്ങളിൽനിന്ന് വിരമിപ്പിക്കുന്നു. അങ്കപ്രഭ ലക്ഷ്മീഹസ്തത്തിൽ പരിലസിക്കുന്ന കനകാംബുജത്തിന്റെ പ്രകാശത്തെത്തന്നെ വിതറുന്നു. അവളുടെ സഞ്ചാരദേശത്തിലെ ആകാശം ത്രിദിവലഘിമ ചേർന്നുള്ളതെന്ന് തോന്നിക്കുമാറ് കേശം നിശ്ചഞ്ചലമായി ശിരസ്സോട്ട് ചേർന്ന് അന്തഃപ്രശാന്തതയെ പ്ര തിഫലിപ്പിക്കുന്നു. അവളുടെ ശ്വാസോച്ഛ്വാസങ്ങളിലും ലോകബന്ധപരിത്യാഗത്തിന്റെ നിശബ്ദതതന്നെ ശ്രാവ്യമാകുന്നു. ഹൃദയദർപ്പണത്തിൽ സ്വജന്മഹേതുകന്റെ രൂപം ഒരു നവാകൃതിയിൽപതിഞ്ഞ് ദർശനേച്ഛയും പരിലാളനാഗ്രഹവും അസ്തമിച്ച് സാമാന്യമനു ഷ്യലോകത്തിൽനിന്ന് ബഹുദൂരോന്നതിയിലുള്ള ഒരു നിരയിൽ ആ ശരീരവല്ലിയിൽ ആവാസംചെയ്യുന്ന ദേഹിയെ ആരോഹിപ്പിച്ചിരിക്കുന്നു. ആ കന്യകയുടെ ഹൃദയത്താൽ നിതാന്തസ്മൃതമാകുന്ന കമനവിഗ്രഹം ശ്രീമൽ ചിന്മയാകൃതിയും ആയിത്തീർന്നിരിക്കുന്നു.

കല്ലറയ്ക്കൽപിള്ള നമ്പൂരിയെ തുടർന്ന് തിരുവനന്തപുരത്തെത്തി കുഞ്ഞെക്കുട്ടിപ്പിള്ള ക്കാര്യക്കാരെ കണ്ട് പ്രാണൻ ത്യജിച്ചുകളയുമെന്ന് ഭീഷണി പറഞ്ഞ് ലക്ഷ്മിഅമ്മയുടെ പരമാർത്ഥത്തെ ഗ്രഹിച്ചു. തകർന്ന ഘടത്തിലെ ജലമെന്നപോലെ ആ കാമുകഹൃദയ ത്തിൽ ശേഷിച്ചിരുന്ന പ്രണയവും മണ്ണോട്ട് ചേർന്നു. ആ കാലത്തെ ആചാരബന്ധങ്ങളുടെ ദാർഢ്യം നിമിത്തം ജാതിഭ്രഷ്ടർ ചണ്ഡാലരെന്നും പ്രതിലോമവിവാഹം നരകഹേതുകമെ ന്നും മറ്റുമുള്ള വിശ്വാസങ്ങൾക്ക് വശംവദനായിരുന്ന അയാൾ പെരിഞ്ചക്കോട്ടുപ്രദേശ ത്തിലോട്ടുള്ള സഞ്ചാരംപോലും വർജ്ജിച്ചു. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട ലക്ഷ്മിഅമ്മയ്ക്കും ദേവകിക്കും സുസ്ഥിരമതികളായ ബന്ധുക്കളുടെ സഹായാനുകൂല്യങ്ങൾ സമ്പ്രാപ്തമായി. തങ്ങളുടെ യജമാനന്റെ ആചാരഭ്രാന്തിനെ അപഹസിച്ചുകൊണ്ട് ആ സ്ത്രീകളുടെ ഗൃഹകാ ര്യങ്ങൾ അഴകൻപിള്ളയുടെ ജ്യേഷ്ഠന്മാരായ മൂന്നുപേരും സമുദായകോപത്തെ അലക്ഷ്യ മാക്കി ഭരിച്ചുതുടങ്ങി.

അകാലപ്രവൃത്തമായ ഇടവപ്പാതിയുടെ പ്രചണ്ഡതയെ സഹിച്ചുകൂടാഞ്ഞ് ആ ഗൃഹാ ങ്കണത്തെ ആച്ഛാദിക്കുന്ന വൃക്ഷങ്ങൾ ഗൃഹകൂടത്തിന്മേൽ തലയറഞ്ഞ് ക്ഷുബ്ധകണ്ഠമായി ഭയാക്രന്ദനം ചെയ്യുന്നു. സമുദ്രപ്രവാഹം ഉണ്ടാകുന്നതുപോലുള്ള ആരവത്തിൽ കാലവർഷം ചൊരിഞ്ഞു കർണ്ണപുടങ്ങളെ തകർക്കുന്നു. സഹകാരികളായ മിന്നലും ഇടിയും കൊടുങ്കാ റ്റും ഭൂമിയുടെ ധ്വംസനത്തിനെന്നപോലെ കല്പാന്തസ്ഥിതിയുടെ ഒരു ഏകദേശരൂപത്തെ ലോകർക്ക് ഗ്രഹിക്കുമാറാക്കുന്നു. ശയ്യാമുറിയുടെ തുറന്നുകിടക്കുന്ന വാതിൽവഴിയെ കൂർ ത്തുമൂർത്ത ശരാവലിപോലെ പ്രവേശിക്കുന്ന ശീതവാതം ദേവകിയായ ഋഷികന്യകയെ അവൾ ലയിച്ചിരുന്ന ആനന്ദമയസ്വപ്നത്തിൽനിന്നും ഉണർത്തി. ഒരു മധുരസ്വരം ... അല്ല! ആഹാ! അവർണ്ണനീയമായ ഒരു വികാരത്തെ ഉല്പാദിപ്പിച്ച ഒരു ഭാഷണസ്വരം അവളുടെ കർണ്ണങ്ങളിൽ സമ്പതിച്ച് ഹൃദയപല്ലവത്തെ തളർത്തി; ഗാഢതിമിരത്തെ ഭേദിച്ചുള്ള വിദ്യു ദ്ദ്യുതികൾ ഗൃഹത്തളത്തെ അനുക്ഷണം പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. ദേവകിയുടെ അന്തർ ഭൂതപഞ്ചകവും ഒരു ഭയാവേശാൽ ഇളകി നിശ്ചേഷ്ടങ്ങളായി. കണ്ണുകളും വക്ത്രവും ഏക തന്ത്രുവാലെന്നപോലെ വിപാടിതങ്ങളായി. സൗദാമിനീധാരകൾ തളത്തെ ദീപാവലില

ക്ഷങ്ങളെന്നപോലെ പ്രദ്യോതിപ്പിക്കുന്നു. രണ്ടു് സുപരിചിതശരീരങ്ങൾ പരസ്പരഹസ്താവലംബികളായി നിലകൊള്ളുന്നതുപോലുള്ള ഒരു ദർശനം ദേവകിയുടെ ക്ഷീണചിത്തത്തെ വിഭ്രമിപ്പിക്കുന്നു. നിഷ്കപമായുള്ള വാതപ്രപാതവും വർഷഝരികാരവവും തളത്തിലെ പ്രണയബദ്ധരോടു് അവളാൽ സംബുദ്ധമായ പ്രാർത്ഥനകൾക്കു് ഉത്തരമരുളി. കന്യക ബോധശൂന്യയായി എഴുന്നേറ്റു് അല്പനേരം വിറകൊണ്ടുനിന്നിട്ടു് നിലത്തു് വീണു. പുത്രിയുടെ സ്ഥിതി അറിവാനായി ലക്ഷ്മിഅമ്മ അല്പം കഴിഞ്ഞു് അറയിലോട്ടു പ്രവേശിച്ചപ്പോൾ അവരുടെ പാദങ്ങൾ പുത്രിയുടെ ശരീരത്തിന്മേൽ തടയുകയാൽ അവരും തറയിൽ വീണു. ആ ജനനിയുടെ പ്രബോധലബ്ധിയിൽ ഉത്സംഗസ്ഥയാക്കപ്പെട്ട പുത്രിയെ മാറോടണച്ചുകൊണ്ടു് ലക്ഷ്മിഅമ്മ എഴുന്നേറ്റു. രണ്ടുപേരും ശയ്യയെ അവലംബിച്ചു. ജനനീവക്ഷസ്സോടു് ചേർന്ന കന്യക സ്വജന്മഹേതുകന്റെ കരത്താൽ തലോടപ്പെട്ട മുഹൂർത്തത്തിലെ ആഹ്ലാദത്തെ അപ്പോഴും അനുഭവിക്കുകയാൽ "അച്ഛാ! അച്ഛാ!" എന്നു് സ്വയം താരാട്ടി സുഖനിദ്രയിൽ അമർന്നു.

നാഴിക രണ്ടു് കഴിഞ്ഞില്ല. കല്ലറയ്ക്കൽപിള്ളയുടെ അറപ്പുരയിൽനിന്നു് പടിഞ്ഞാറോട്ടുള്ള വാതിൽ അതിന്റെ ബന്ധങ്ങളിൽനിന്നു് വേർപെട്ടതു് മഴയുടെ മേഘാരാരവത്തിനിടയിൽ കൂർക്കംവലിച്ചുറങ്ങുന്ന ഗൃഹനായകൻ കേട്ടുമില്ല; അഞ്ചാറു് കൃഷ്ണവിഗ്രഹങ്ങൾ അറപ്പുരക്കെട്ടിനകത്തോട്ടു് പ്രവേശിച്ചതു് ഗൃഹവാസികളും അറിഞ്ഞില്ല. ചൗര്യവ്യവഹാരത്തിൽ വിദഗ്ദ്ധന്മാരായ അവരുടെ ചാതുര്യത്താൽ കല്ലറയ്ക്കൽപിള്ളയിൽനിന്നു് യാതൊരു ശബ്ദവും പുറപ്പെട്ടില്ല. അയാൾ ശവശരീരമെന്നപോലെ പുറമുറ്റത്തെ മഴയേറ്റുതുടങ്ങി. ആ ജഡവാഹകന്മാരായ കിങ്കരന്മാർ കയ്യാലകൾ ചാടി, ചെറുചെടികൾ ഞെരിച്ചു് പടിഞ്ഞാറുള്ള കുറ്റിക്കാട്ടിലെത്തി കല്ലറയ്ക്കൽപിള്ളയെ പാദസ്ഥനാക്കി. ഒരു തമഃസ്വരൂപം ആ ഭീതന്റെ മുമ്പിൽ പ്രത്യക്ഷമായി. കാർമേഘങ്ങളുടെയും അപ്പോഴും ചൊരിയുന്ന വർഷത്തിന്റെയും അധിഷ്ഠാനമൂർത്തിയോ എന്നു് ചിന്തിച്ചു് കല്ലറയ്ക്കൽപിള്ള കൃപാലബ്ധി പ്രാർത്ഥിക്കുവാൻ കൈകൾ ഉയർത്തി. മിന്നൽക്കൊടിയുടെ ബഹുനിമിഷനേരത്തേക്കുള്ള ഉജ്ജ്വലനം ആ സത്വത്തിന്റെ സ്വരൂപത്തെ കല്ലറയ്ക്കൽപിള്ളയ്ക്കു് പ്രകാശപ്പെടുത്തി: "ഹയ്യോടാ കൊടുമ്പാവി! നീ ഇങ്ങു് കേറിയും കൈവച്ചോ?" എന്നുണ്ടായ കല്ലറയ്ക്കൽ പിള്ളയുടെ ആശ്ചര്യോൽഘോഷണത്തിനു് "അഹാ! നേരുകെട്ട തമ്പ്രാക്കളേ! അരുഞ്ചാക്കിനല്ലാ... കുഴിതോണ്ടിണാരു്? തമ്പിരാ, പാണ്ടക്ക കുണ്ടുകുടി ആണററവു് പിറപ്പിപ്പാരു്" എന്നു് ഒരു കണ്ഠരടിതം ആ കാട്ടിൽ മുഴങ്ങി. രോഗസ്ഥിതിയിൽനിന്നു് നിവൃത്തയായ ദേവകിയെ ഉപേക്ഷിച്ചു് ആസന്നമൃത്യുവാക്കിയ തന്റെ കൃത്യത്തിനു് ശിക്ഷയായി താൻ പിടിക്കപ്പെട്ടു് എന്നും അപഹർത്താവിന്റെ വസതിയായ ഗർത്തത്തിൽ പാർത്തു് പുരുഷാനുയോജ്യമായ പ്രതിജ്ഞാസംരക്ഷണംകൊണ്ടു് തന്റെ സ്വാതന്ത്ര്യലബ്ധി ഉണ്ടാകേണ്ടതാണെന്നും, പാണ്ടയായ ആ ജനസ്ഥാനാധിപൻ വിധിച്ചുപോയിരിക്കുന്ന സ്ഥിതിക്കു് തൽക്കാലം ആ വിധിനിപാതം സഹിക്കതന്നെ എന്നു് നിശ്ചയിച്ചു് കല്ലറയ്ക്കൽപിള്ള വീണ്ടും വാദത്തിനു് മുതിരാതെ അടങ്ങിക്കൊണ്ടു. ചണമ്പുചാക്കുകൾ ഒന്നിച്ചു് കുത്തിച്ചേർത്തുള്ള ഒരു മൂടുപടംകൊണ്ടു് കല്ലറയ്ക്കൽപ്പിള്ളയുടെ ശരീരത്തെ ആപാദമസ്തകം ആച്ഛാദനംചെയ്തു് അയാളെ ഒരു പുൽക്കൊടിപോലെ എടുത്തുകൊണ്ടു് കിങ്കരന്മാർ യാത്ര തുടങ്ങി.

ഇനി മറ്റൊരു രുമ്മിണിയുടെ വിരഹചര്യയിലോട്ട് പ്രവേശിക്കാം. ടിപ്പുസുൽത്താൻ തന്റെ അസിധാരാത്വത്തെ പ്രകാശിപ്പിക്കുന്നതിലും രുചിപ്പിക്കുന്നതിലും ഒരിക്കലും അലം ഭാവംതോന്നാത്ത മഹാബലിയായിരുന്നു. എന്നാൽ, സാവിത്രിയുടെ ഗംഭീരമനോഹാരിത അദ്ദേഹത്തിന്റെ ഹൃദയത്തിലെ മൃദുലാംശങ്ങളെ ആകമാനം അപഹരിച്ചു. ബ്രഹ്മാസ്ത്രബന്ധ നത്തിന് വിശല്യകരണി എന്നപോലെ അദ്ദേഹത്തിന്റെ കോപസംരംഭങ്ങളെ ഈ കന്യ കയുടെ കുലപ്രഭാവജമായുള്ള സ്വാതന്ത്ര്യവിലാസം പ്രശാന്തമാക്കുമായിരുന്നു. ഇതിന് മു മ്പിൽ വർണ്ണിക്കപ്പെട്ട സംഗീതസദസ്സിൽ അവിടത്തെ വേത്രവതികൾ ഒരു വഞ്ചിരാജ്യപ്ര ഭുവാൽ ടിപ്പുസുൽത്താൻ ബഹദൂർ ധിക്കൃതനാകുന്നു എന്നും അയാൾ ചിലമ്പിനേത്ത് ചന്ത്ര ക്കാറൻ എന്ന സമ്പന്നനാണെന്നും കേട്ടപ്പോൾ ആ സദസ്സിൽ ഉണ്ടായിരുന്ന സാവിത്രി സ്വരാജ്യാഭിമാനത്താൽ എഴുന്നേറ്റ് ടിപ്പുവിന്റെ മന്ത്രസഭയിലോട്ട് പുറപ്പെടാൻ ധൈര്യപ്പെ ട്ടു. വിധിവേദിക്ക് മുമ്പിലെത്തി താൻ നന്തിയത്തുമഠത്തിൽവച്ച് കണ്ടിട്ടുള്ള യാചകവേഷ ക്കാരനെ കണ്ട് ആ വേഷത്തിലുള്ള സഞ്ചാരവും തന്റെ അച്ഛനോടുള്ള സ്നേഹത്താലാണെ ന്ന് ധരിച്ച സാവിത്രി, ശങ്കാരഹിതം വൃദ്ധനെ താണുതൊഴുതു. അവൾ സദസ്യർ കേൾ ക്കെ സവിനയം ചെയ്ത് അപേക്ഷ, തന്റെ പൂർവ്വവാഗാനം അനുസരിച്ച് അതിന്റെ സമർ പ്പണമുഹൂർത്തത്തിൽത്തന്നെ ടിപ്പുസുൽത്താനാൽ അനുമതിക്കപ്പെട്ടു. ആ സേനാസങ്കേ തം വിടുന്നത് തന്റെ അനന്തരതിരുവുള്ളം അനുസരിച്ചല്ലാതെ പാടില്ലെന്നുള്ള നിഷ്കർഷയി ന്മേൽ ചന്ത്രക്കാറനെയും അജിതസിംഹന്റെ പാളയത്തിൽ പാർപ്പുകാരനാക്കി സുൽത്താ ന്റെ കല്പന പുറപ്പെട്ടു.

അജിതസിംഹന്റെ പട്ടമഹിഷി അനസൂയാപ്രഭാവയായി ദാമ്പത്യജീവിതത്തിൽ അദ്ദേഹത്തെ മഹാഭാഗ്യോത്തംസമാക്കിയിരുന്നതിനാൽ സാവിത്രി മാതൃവിയോഗദുഃഖം അനുഭവിക്കാതെ ഒരു നവജനനിയുടെ സംരക്ഷണത്തിൽ സന്തോഷവതിയായി വർത്തി ച്ചു.

സാവിത്രിയോടുള്ള സഹവാസം ചന്ത്രക്കാറനെ മനുഷ്യജീവിതത്തിന് സംസ്കരണം ചെയ്തു. തന്റെ ഭാഗിനേയകഥാവർണ്ണനകൾ, ഗൃഹവിശേഷപ്രശംസകൾ എന്നിവകൊണ്ടും കന്യകയുടെ കുടുംബചരിത്രകഥനംകൊണ്ടും അയാൾ അവളെ വിനോദിപ്പിച്ചുവന്നു. സ്വപു ത്രിയെ പാചകശാലാസ്ഥൂണമായി തള്ളിയിരുന്ന ആ ശിലാഹൃദയൻ സാവിത്രിയുടെ മധു രഭാഷണങ്ങൾക്ക് സംഗീതാകൃഷ്ടനായ സർപ്പമെന്നപോലെ ആടിത്തുടങ്ങി. തന്റെ ഘാ തകചര്യകളെ സ്മരിച്ച് അയാൾ പശ്ചാത്തപിച്ചു. രണ്ടാം ബാല്യത്തിലെ പിച്ചക്കളികളും കൊഞ്ചിക്കൊഴച്ചിലുംകൊണ്ട് ഈ കഥാരംഭത്തിലെ കൃത്രിമഭട്ടൻ ദിവസങ്ങളെ നയിച്ചു.

സാവിത്രീസംസംർഗ്ഗത്താൽ ലബ്ധമായ ഈ നവശൈശവത്തിനിടയിൽ അഴിക്കോട്ട യുടെ മുമ്പിൽവച്ച് ടിപ്പുവിന് നേരിട്ട ക്ഷതസംഭവവാർത്ത ആ കൂടാരത്തിലെത്തി. അജി തസിംഹരാജാവും വാഗ്ഭടോപമന്മാരായ ഹാക്കിംവർഗ്ഗങ്ങളും അശ്വാരുഢന്മാരായി സുൽ ത്താന്റെ വസതിയിലെത്തി. അടുത്ത ദിവസംമുതൽ നാം കണ്ടിട്ടുള്ള മഹാദേവപ്രാകാര ത്തിലെ രാജസങ്കേതം ഒരു രാജകീയാതുരശാലയായി. നഗരാഘോഷങ്ങൾ, കാഹളമേളി പ്പുകൾ തുടങ്ങിയുള്ള ഉപദ്രവകരചലനങ്ങളും മർദ്ദനങ്ങളും എന്നല്ല ശബ്ദോച്ചാരണങ്ങളും പ്ര തിബന്ധിക്കപ്പെട്ടു. സിംഹത്തിന്റെ ശരീരഘടനയാലും പരിപൂർണ്ണാരോഗ്യശക്തിയാലും

അനുഗ്രഹിക്കപ്പെട്ടുള്ള സുൽത്താന്റെ മുറിവ് ചികിത്സാപ്രയോഗങ്ങൾക്ക് ശീഘ്രതരം വശപ്പെട്ടു. വൈദ്യകല്പിതമായ സ്വസ്ഥശയനത്തിൽനിന്ന് അദ്ദേഹം എഴുന്നേറ്റ് മന്ത്രസഭയെ പ്രകാശിപ്പിച്ചുതുടങ്ങി. നെടുങ്കോട്ടമർദ്ദനത്തിനുള്ള സേനാപ്രസ്ഥാനവും ഇതിനിടയിലുള്ള ദോഷസംരംഭങ്ങൾക്കിടയിൽ കഴിഞ്ഞു. അജിതസിംഹപ്രഭൃതികൾ ആ പ്രാകാരത്തിലെ ഓരോ ഖണ്ഡത്തിന്റെ നിരോധനത്തിന് നിയുക്തന്മാരായി പീരങ്കികൾ, അശ്വങ്ങൾ, ഒട്ടകങ്ങൾ എന്നീ ഖണ്ഡങ്ങളിലെ ഭൂരിഭാഗവും തിരുവിതാംകൂറിന്റെ ഉത്തരപരിധിയിലെ ഗ്രഹങ്ങളിലും ശാഡ്വലങ്ങളിലും അഷ്ടിഗ്രാസാശനം തുടങ്ങി. പ്രധാന സേനാസങ്കേതമായുള്ള മഹാദേവാരാമം അമരാവതീപരിസരമായ നന്ദനത്തിന് തുല്യം ഒരു പ്രശാന്തവാടിയായി ത്തീർന്നു.

ഒരു അസ്തമയസന്ധ്യാകാലത്ത് സാവിത്രി മഹാദേവക്ഷേത്രത്തിന്റെ പ്രാകാരത്തിന് ബഹിസ്തടത്തിൽ പ്രദക്ഷിണംവയ്ക്കാൻ പുറപ്പെട്ടു. ആ ഉന്നതഭൂമിയിലെ മൃദുവാതവും പ്രകൃതിയുടെ മഹദ്വിഭവവും അവളുടെ ഹൃദയത്തെ ഭഗവന്മഹിമയെക്കുറിച്ചുള്ള ഉത്കൃഷ്ടചിന്തകളിൽ ലയിപ്പിച്ചു. ഈ ധ്യാനത്തോടെ സഞ്ചരിക്കുന്നതിനിടയിൽ ഒരു ഭാസ്വൽകരം സ്വഹസ്തഗ്രഹനത്തെ വാഞ്ഛിച്ച് മാർഗ്ഗനിരോധനത്തിന് ഉദ്യുക്തമാകുന്നതു് കണ്ടു. കനകപ്രകാശത്തെ പ്രസരിപ്പിച്ച ഒരു യുവകളേബരം ജാനുക്കളിന്മേൽ നമസ്കരിച്ച് ഇതരഹസ്തത്തെ നെഞ്ചോടുചേർത്തുകൊണ്ട് നർത്തകധാടിയോടെ പ്രണയവൈവശ്യത്തെ അഭിനയിച്ചു. കീചകൻ സൈരന്ധ്രിയോടെന്നപോലെ തന്റെ അഭിലാഷസിദ്ധിയെയും പ്രാർത്ഥിച്ചു. സൗന്ദര്യവൈശിഷ്ട്യത്താൽ ഹതവിവേകനായിത്തീർന്നിട്ടുള്ളഫ്ട്ടിഹൈദരുടെ ഗോഷ്ടി കണ്ട് സാവിത്രി, ഹരിണചേഷ്ടയോടല്ല, ഹരികിശോരികയുടെ സമുജ്ജ്വലരൗദ്രതയോടെ നിലകൊണ്ടു. "അച്ഛന്റെ പ്രതിജ്ഞയെ രക്ഷിക്കാത്ത പുത്രൻ ആരാൽ ശപിക്കപ്പെടുമെന്ന് രാജകുമാരൻ അറിയുന്നോ?" എന്നുള്ള ചോദ്യത്തിന് "ഭവതിയുടെ ഭാര്യാസ്ഥാനസ്വീകാരത്താൽ അനുഗൃഹീതനാവാനത്രേ ഈ വിനീതൻ പ്രാർത്ഥിക്കുന്നതു് " എന്ന് രാജകുമാരൻ മറുപടി പറഞ്ഞു.

സാവിത്രി: "അച്ഛന്റെ തിരുമുമ്പിൽ ഇക്ഷണം ഈ അക്രമത്തെ ഞാൻ ധരിപ്പിക്കും."

ഫ്ട്ടിഹൈദർ: "കന്യകാദാനാർത്ഥിയായി ഞാൻ അച്ഛന്റെ പാദങ്ങളിൽ നമിക്കും. മൈസൂർരാജ്യത്തിന് ഭാവിയിൽ ഒരു പട്ടമഹിഷി വേണ്ടെന്ന് അച്ഛൻ വിധിക്കുന്നു എങ്കിൽ ഞാൻ ഫക്കീർ ആയിക്കൊള്ളാം."

സാവിത്രി: "അങ്ങേ സഹോദരിയാക്കി സുൽത്താൻ തിരുമനസ്സുകൊണ്ട് എന്നെ ഇവിടെ പാർപ്പിച്ചിരിക്കുന്നു."

ഫ്ട്ടിഹൈദർ: "ഹോഹോ! എന്തു ശ്രുചിത്വം! മനുഷ്യരെല്ലാം സഹോദര സഹോദരികൾ! എന്നല്ലാ, കല്പനകളിൽ ലിംഗഭേദം എന്ന ഉപാധി എന്നുമുതൽ? നമ്മുടെ മഹിഷീസ്ഥാനം നിങ്ങടെ രാജ്യത്തിന്റെ രാജ്ഞിത്വമാണെന്നുകൂടി അറിയുക."

സാവിത്രി: "ആ സ്ഥാനം ആഗ്രഹിപ്പാൻ എനിക്കവകാശമില്ല. ഞാൻ മറ്റൊരുവന്റെ കളത്രമായി ഹൃദയത്താൽ അർപ്പിക്കപ്പെട്ടുപോയി."

ഫ്ട്ടിഹൈദർ: "ഛട്ട് ടിപ്പുസുൽത്താൻ ബഹദൂറിന്റെ പുത്രൻ വിവാഹത്തിന് അപേഷിക്കുമ്പോൾ മത്സരക്കാരനായി ഒരന്യന്റെ പേർ പറയുന്നത് ദുര!"

സാവിത്രി: "അല്ല. അന്യനെന്ന് പറഞ്ഞാൽ പോരാ, നിബികാലം മുതൽ മഹത്ത്വം കൊണ്ട് ഉന്നതസ്ഥാനമാർന്ന ഒരു കുടുംബത്തിലെ അംഗമാണ്. ഒരു പ്രസിദ്ധന്റെ രണ്ടാം തലമുറക്കാരൻ മാത്രമല്ല."

ഫ്ട്ടിഹൈദർ: "എന്ത് പറയുന്നു? രാജസന്താനങ്ങളുടെ തലമുറ കണക്കാക്കുന്നത് മറുതലയാണ്. തല പോക്കിക്കുന്ന രാജദ്രോഹം!"

സാവിത്രി: (പുഞ്ചിരിയോട്) "ഞാൻ രാജദ്രോഹത്തിന് ശിക്ഷിക്കപ്പെട്ട ഒരു വംശത്തിലെ അവശിഷ്ടസന്താനമാണ്."

ഫ്ട്ടിഹൈദരുടെ കഠാര അതിന്റെ ഉറയിൽനിന്ന് പുറത്തായി. അത് കണ്ട് പല്ലുകൾ കാട്ടിത്തന്നെ ചിരിച്ചുതുടങ്ങിയ സാവിത്രിയുടെ മുഷ്ടിയിൽ അതിലും ഭയങ്കരതരമായുള്ള ഒരു കഠാര ആ സന്ധ്യാസമയത്തും ഒരു വജ്രശലാക എന്നപോലെ തിളങ്ങി.

ഫ്ട്ടിഹൈദർ: "ആഹാ! സ്വൈരിണീ! നീ ഈ ആയുധം മോഷ്ടിച്ചതല്ലേ? അത് നിന്റെ മനോഹരാംഗുലികളെ വിരൂപമാക്കും. ദൂരത്തെറിയുക."

സാവിത്രി: "ധർമ്മനിഷ്ഠനായ മഹാപ്രഭു അജിതസിംഹരാജാവ് ഈ ആയുധം ധരിച്ചുകൊള്ളുവാൻ എന്നോടുപദേശിച്ചതന്നതാണ്. രാജകുമാരാ, ആ 'സ്വൈരിണീ' പദം അങ്ങേ പുരുഷത്വത്തെ എത്രത്തോളം താഴ്ത്തുന്നു എന്നറിയുന്നോ? നീചമായുള്ള ഭർത്സനം ഭർത്സകനെ നീചനിലയിലാക്കും. അങ്ങ് അങ്ങേടെ വേദഗ്രന്ഥം നല്ലവണ്ണം അധ്യയനം ചെയ്യുക. അപ്പോൾ ചില സൽപാഠങ്ങൾ സിദ്ധമാകും."

രാജകുമാരൻ കഠാരയോടുകൂടി പരിഭവക്ഷോഭത്തിന്റെ ശാന്തിക്കായി പുരോഗമനം ആരംഭിച്ചു.

സാവിത്രി: "രാജകുമാരാ, ക്ഷമിച്ച് കേൾക്കുക. അങ്ങ് ആയുധവിദഗ്ധൻ. ഞാൻ സമാന്യബാലിക എന്നു ഭ്രമിച്ച് നേർക്കരുത്. എന്റെ ദത്തുമാതുലൻ വഞ്ചിരാജ്യസേനാനിയായിരുന്നു. അച്ഛന്റെ പൂർവ്വികപരമ്പരകളും ഒരു രാജകുടുംബത്തെ ആശ്രയിച്ച് തത്തുല്യസ്ഥാനങ്ങൾ വഹിച്ചിരുന്നു. എന്റെ ബാല്യവിഹാരം ആയുധക്കളരിയിൽ. ഇങ്ങോട്ട് താക്കിയാൽ അങ്ങോട്ട് കൊണ്ടുപോയേക്കും. അസ്ത്രീത്വം എന്ന് ഇതിനെ പരിഹസിക്കരുത്. അങ്ങേ അമ്മയായ ബീഗംസാഹിബ് ഈ വിധമല്ലാതെ പ്രവർത്തിച്ചാൽ..."

പെട്ടെന്നുണ്ടായ ഒരു പൊട്ടിച്ചിരി ഈ ചോദ്യത്തിന്റെ പരിപൂരണത്തെ വിഘാതപ്പെടുത്തി. " യുദ്ധരംഗത്തിലേക്ക് ഈ മാത്രയിൽ!" എന്നുണ്ടായ ആജ്ഞകൾ ഫ്ട്ടിഹൈദരെ

രംഗത്തിൽനിന്ന് ശലഭതുല്യം പറപ്പിച്ചു. വടി ഊന്നി അതിവിഷമതയോടെ സഞ്ചാരത്തെ വീണ്ടും പരിശീലിക്കുന്നതിനിടയ്ക്ക് ആ സന്ധിയിൽ എത്തിയ ടിപ്പുസുൽത്താൻ കന്യകയുടെ സമീപത്തണഞ്ഞ് കോപലാഞ്ഛനം ഒന്നും കൂടാതെ, സസ്മേരം മൃദുലവചനങ്ങളാൽ ഇങ്ങനെ ഒരു സാന്ത്വനാമൃതത്തെ വർഷിച്ചു. "അപരന്റെ അക്രമത്തിൽ ഫ്ട്ടിഹൈദരുടെ മാതാവ്, മഹാൾ സാവിത്രികന്യകയുടെ വീര്യശുദ്ധിയോടെ പ്രവർത്തിച്ചില്ലെങ്കിൽ ആ ക്ഷണത്തിൽ അവളുടെ കണ്ഠം നമ്മുടെ കഠാരിയാൽ നികൃത്തമാകും. മിത്രമായ അജിതസിംഹപ്രഭു തന്ന ഈ ആയുധത്തെ നമ്മുടെ അനുഗ്രഹത്തോടുകൂടി ചാരിത്രത്തിന്റെ രക്ഷായുധമായി ധരിച്ചുകൊൾക." അനന്തരം സുൽത്താൻ വിനോദഭാഷണത്തിന് നില്ക്കാതെ നടന്നു.

33

"നിവൃത്തനായാശ്ര പുറപ്പെട്ടവാനായ്
സുവൃത്തവാൻ കല്പിച്ചിതു് മുഹൂർത്തവും"

ഭുജപ്രതാപവാനായ ടിപ്പുവിന്റെ ജാനുക്ഷതം, പ്രതിഷ്ഠാശാസ്ത്രം അനുസരിച്ചുള്ള 'സാന്നിദ്ധ്യലോപത്വം' അദ്ദേഹത്തിന് സംഭവിപ്പിച്ചില്ല. പ്രത്യുത, ആ ശക്തിയുടെ നാരസിംഹത്വത്തെ പ്രതികാരാനുവർത്തനത്തിന് തീക്ഷ്ണതരമാക്കി. അഴിക്കോട്ടയിലെ വിജയസംഭവം തിരുവിതാംകൂറിലെ നാനാഖണ്ഡവാസികളെക്കൊണ്ടും മഹാരാജാവിന്റെ ഷഷ്ടിപൂർത്തിമഹത്തെ അതിശയിച്ചുള്ള ഉത്സവാഡംബരങ്ങൾകൊണ്ടാടിപ്പിച്ചു. ക്ഷേത്രങ്ങളും രാജ്യകാര്യാലയങ്ങളും സമരത്തോട് ശ്രോത്രബന്ധം മാത്രമുള്ള ഭാഗ്യവാന്മാരെയും ദീർഘബാഹുക്കളായ നിർല്ലജ്ജന്മാരെയും അന്നവസ്ത്രധനദാനംകൊണ്ട് പരിതുഷ്ടരാക്കി. വായുഭഗവാൻതന്നെ സംഗീതത്തിന്റെ നാദവാഹിയായി പ്രവർത്തിക്കുന്നതുപോലെ ജനതാശിരസ്സുകൾ 'അഹഹ' ഭാവത്തെ സപ്രസന്നം കൈക്കൊണ്ടു.

മാസം രണ്ട് കഴിഞ്ഞു. സന്തോഷങ്ങൾ ആകാശവിസ്തൃതിയിൽ അന്തർദ്ധാനം ചെയ്തു. പംഗുപാദനായ സുൽത്താൻതന്നെ തൃക്കയ്യാൽ മൺവെട്ടി ചാർത്തി, അയ്യപ്പൻമാർത്താണ്ഡപ്പിള്ളദളവയാൽ നിർമ്മിക്കപ്പെട്ട നെടുങ്കോട്ടയുടെ ധ്വംസനം ആരംഭിച്ചു. രാജ്യജീവിതത്തിലും വിധികല്പിതമായുള്ള നിമ്നോന്നതഭേദങ്ങൾ ഉണ്ടെന്നറിഞ്ഞ തിരുവിതാംകൂർഭരണക്കാരും ഭരണീയജനങ്ങളും ആലംബകേന്ദ്രം ഗിരിതടങ്ങൾതന്നെ എന്ന് ചിന്തിച്ചുതുടങ്ങി. മാസം ഒന്നരണ്ട് കഴിഞ്ഞപ്പോൾ, കോട്ട തകർന്ന് ടിപ്പുവിന്റെ വ്യാഘ്രനിര ആലങ്ങാട്ട്, പറവൂർ എന്നീ സ്ഥലങ്ങളിൽ വ്യാപരിച്ചു. അവിടങ്ങളിലെ ക്ഷേത്രങ്ങളും ഗൃഹങ്ങളും ഗോശാലകളും ടിപ്പുവിന്റെ കോപാഗ്നിക്കും സൈന്യത്തിന്റെ ഉദരാഗ്നിക്കും അക്ഷൗഹിണീനിചയങ്ങളിലെ ചൗര്യവിദഗ്ദ്ധന്മാരുടെ ധനാഗ്രഹാഗ്നിക്കും ഭക്ഷ്യങ്ങളായി. കൊട്ടാരം മുതൽ പുലമാടംവരെയുള്ള വസതികളിൽ ഭയതിമിരം വ്യാപരിച്ചു. രാജ്യം സ്തബ്ധശബ്ദമായി; സഹോദരസഹോദരിമാർ, ഭാഗിനേയഭാഗിനേയകൾ ഒന്നുചേർന്ന് വനപ്രവാസത്തി

ന് ഭാണ്ഡങ്ങൾ മുറുക്കി. രത്നങ്ങളും ലോഹരൂപത്തിലുള്ള സമ്പത്തുകളും ജലരൂപങ്ങളിലും മലരൂപങ്ങളിലും നിക്ഷിപ്തങ്ങളായി. പലരും ഗിരിഗഹനരക്ഷയെത്തന്നെ ആശ്രയിച്ചു. ടിപ്പു ആക്രമിച്ചിട്ടുള്ള പ്രദേശങ്ങൾക്ക് തെക്കോട്ട് നീങ്ങി, ജലതലസ്ഥലങ്ങളിൽ ഒരു നവപ്രാകാരത്തെയും പ്രതിരോധസജ്ജകളെയും ദിവാൻജി ഉറപ്പിക്കുന്നു എന്ന വാർത്ത, ജനങ്ങളിൽ ശൈഥില്യോന്മുഖങ്ങളായിത്തീർന്ന ആശാപൂച്ഛങ്ങളെ വീണ്ടും ഒരുവിധം സജീവങ്ങളാക്കി. കുര്യാപ്പള്ളി, കൊടുങ്ങല്ലൂർ, മുനമ്പം എന്നീ സ്ഥലങ്ങളിലെ കോട്ടകളും ടിപ്പുവിന് അധീനങ്ങളായി. സമീപപ്രദേശങ്ങളിൽ പാളയം അടിച്ചിട്ടുള്ള ഇംഗ്ലീഷ് സൈന്യങ്ങളുടെ സഹായം തിരുവിതാംകൂറിന് ലബ്ധമാകുന്നില്ല. മദിരാശിയിലെ ഗവർണരായ ഹാളന്റ് സായ്പ് മഹാരാജാവിന്റെ സഹായാപേക്ഷകളെയും മറ്റും സൗജന്യവിഹീനമായുള്ള മറുവടികളാൽ അനാദരിച്ചുകളയുന്നു.

തിരുമനസ്സുകൊണ്ട് ദശമുഖന്റെ വിമാനദർശനത്തിൽ ക്ഷീണനായ ദശരഥന്റെ അവസ്ഥയെത്തന്നെ പ്രാപിച്ചു. വ്യായാമസഞ്ചാരങ്ങളും വിനോദരസാനുഭവങ്ങളും ഭക്ഷണനിദ്രാദികളും തുലോം കുറയുകയും നാമമാത്രങ്ങളാവുകയും ചെയ്തു. ആ രാജർഷിയുടെ നേത്രങ്ങൾ കലുഷങ്ങളായി അശ്രുസേചിതമെന്നപോലെ നിതാന്തം തിളങ്ങി. തന്നാൽ ധൃതമായുള്ള ധർമ്മകവചവും രക്ഷാശക്തമാകുന്നില്ലല്ലോ എന്ന് അവിടുന്നു വിഷാദിച്ചു. മൃതന്മാരായ സേനാംഗങ്ങളുടെ അനന്തരഗാമികളെ രക്ഷിക്കേണ്ട കാര്യത്തിൽ വ്യാപൃതചിത്തനായി സർവദാ ശ്രീപത്മനാഭധ്യാനത്തിൽ ലീനചിത്തനായി രാജകലാപ്രകാശം ധൂസരമായി ആകർഷകചര്യയുടെ ഗാഢാനുഷ്ഠകനായി ആപന്നിവർത്തനത്തിനുള്ള മാർഗ്ഗത്തെക്കുറിച്ച് ചിന്താരതനായി, അനവരതക്ലേശത്താൽ ശുഷ്കിതശരീരനായി രാജ്യകുടുംബത്തിന്റെ ഭാരവാഹിത്വത്താൽ താന്തനായിത്തീർന്നിരിക്കുന്ന അവിടന്നർ പള്ളിയറയിൽ ബന്ധനസ്ഥനെന്നപോലെ സ്വമഞ്ചത്തെ വലംവച്ചുഴലുന്നു. കുഞ്ഞെക്കുട്ടിപ്പിള്ളകാര്യക്കാർ പള്ളിയറയിലെ ഒരു മൂലയിൽ ജടിലകേശത്തെ പറപ്പിച്ചും തുല്യാവസ്ഥയിലുള്ള വട്ടത്താടിയുടെ മധ്യത്തെ ഹസ്തത്താൽ ആച്ഛാദിച്ചും രാജ്യത്തിന്റെ സൂക്ഷ്മമായ ജന്മപത്രികാലിഖിതാവിന്റെ ഗാംഭീര്യത്തോടെ നില്ക്കുന്നു. പരമാനുഗ്രഹശക്തിയെ ധരിക്കുന്നുണ്ടെങ്കിലും നിർവൃതിദായകങ്ങളായ വാചികങ്ങളെ ഉച്ചരിക്കാത്ത പ്രതിഷ്ഠാബിംബമെന്നവണ്ണം മഹാരാജാവിന്റെ അരുളപ്പാടുകൾക്ക് മൗനം അവലംബിച്ച് സമസ്തചൂമതലകൾക്കും തൃപ്പാദത്തിൽ ഉത്തരവാദിയായുള്ള ദിവാൻജി മുഖം കാണിപ്പാൻ വരുന്നു എന്ന് കേൾക്കുന്ന സ്ഥിതിക്ക് താൻ എന്തറിയിക്കുന്നു എന്നുള്ള ഭാവത്തിൽത്തന്നെ, വർഷാരംഭലക്ഷണങ്ങളെ നോക്കി, കാര്യക്കാർ ചില മനക്കണക്കുകൾ ചെയ്യുന്നു.

മഹാരാജാവ്: "ആ സാവിത്രി എവിടെയുണ്ടെന്ന് കണ്ട നിന്റെ കണ്ണ് ഇപ്പോൾ എങ്ങോട്ടുപോയി?" (കാര്യക്കാർ വടക്കേ ജാലകത്തിൽക്കൂടി പുറത്തോട്ട് തലയിട്ട് ആകാശസ്ഥിതിയെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി). "ആലങ്ങാടും പറവൂരും നശിച്ച് നമുക്കു നഷ്ടമായല്ലോ!"

കാര്യക്കാർ: "അടിയൻ. ഒടുവിൽ കുരുത്തത് ആദ്യം കൊഴിഞ്ഞു."

മഹാരാജാവ്: "അപ്പോൾ ആദ്യത്തേത് വഴിയെ പൊയ്ക്കൊള്ളുമെന്നോ?"

കാര്യക്കാർ: "ഒന്നുരണ്ടിൽ ഉണ്ടായി, ഏഴെട്ടിൽ കൊഴിയുന്നത് ഉടനെ കുരുത്താണ് അടിയൻ കണ്ടിട്ടുള്ളത്."

മഹാരാജാവ്: "അങ്ങനെ കുരുപ്പ് തികഞ്ഞവരല്ലേ അങ്ങോട്ട് പോയിരുന്നത്?"

കാര്യക്കാർ: "മമ്മട്ടി ഏന്തികളാണവര്, സാപ്പാട്ട് പഴഞ്ചോറും വാഴത്തടയും. മറുതലയെക്കാൾ സംഖ്യയും ചെറുത്. അവിടം നിലംപേണി ഖജനാ നിറയ്ക്കാൻ വർഗ്ഗമൊന്ന്; പടനിരക്കാൻ വർഗ്ഗം വേറെയും. തീറ്റയോ വിദുരഗ്രരു പറഞ്ഞിട്ടുള്ളതുതന്നെ. കടൽക്കപ്പുറത്തുനിന്ന് ഒരു രാക്ഷസബലവുംകൂടെ ഉണ്ട്. മറ്റ് കോട്ടയൊന്നും കെട്ടാതെ അവരുടെ പണമെല്ലാം പരിഷ്കാരത്തിലുള്ള ആയുധങ്ങൾ സമ്പാദിപ്പാൻ ഉപയോഗിക്കുന്നു."

മഹാരാജാവ് തിരിഞ്ഞ് ഒരു പ്രദക്ഷിണംകൂടി വച്ചിട്ട് വീണ്ടും കാര്യക്കാരെ നോക്കി ഇങ്ങനെ അരുളിച്ചെയ്തു: "ആ ഇംഗ്ലീഷുപട്ടാളങ്ങൾ അടുത്തുകിടന്നിട്ടും സഹായിക്കുന്നില്ലല്ലോ."

കാര്യക്കാർ: "അത്രയും ലാഭം. ശ്രീപത്മനാഭൻ തനിച്ച് രക്ഷിച്ച് ജയിപ്പിക്കണം."

മഹാരാജാവ്: "ആ ദുരഹങ്കാരി ഇങ്ങോട്ട് നീങ്ങുന്നല്ലോ!"

കാര്യക്കാർ: "ഗ്രഹങ്ങൾ രാശിമാറിച്ചരിക്കും തിരുമേനീ."

മഹാരാജാവ്: "ചിലപ്പോൾ ഗ്രഹണങ്ങളുമുണ്ടാകും."

കാര്യക്കാർ: "അത് ക്ഷണനേരമാത്രകം."

മാഹാരാജാവ്: "ഭ്രാന്താ! ക്ഷേത്രങ്ങൾ നശിക്കുന്നല്ലോ?"

കാര്യക്കാർ: "അവനോന്റെ കുപ്പപ്പാട്ട് രക്ഷിപ്പാൻ ശക്തിയില്ലാത്ത ദേവന്മാർ സ്വർഗ്ഗത്തു് പാർക്കുകയാണ് സുഖം."

മഹാരാജാവ്: "കലികാലത്തു് പാഷണ്ഡന്മാർ വർദ്ധിക്കും."

കാര്യക്കാർ: "കാമക്രോധങ്ങളെ സൃഷ്ടിച്ച ആൾ വരുംഫലം അറിയേണ്ടതായിരുന്നു."

മഹാരാജാവ്: "നീ എന്തോ പുലമ്പുന്നു. ഭ്രാന്തൻ!"

കാര്യക്കാർ: "അടിയൻ ഒരു അപൂർണ്ണസൃഷ്ടി. തൃപ്പാദം ശരിയായി സേവിപ്പാനുള്ള ചില അംശങ്ങൾ ചേർപ്പാൻ അവിടത്തേക്ക് മറവിയായിപ്പോയി."

കോപാരംഭതരംഗതയാൽ മഹാരാജാവിന്റെ വൈഷ്ണവപ്രശാന്തത വാതഘർഷിതമായ ശുഭ്രമേഘമെന്നപോലെ നീങ്ങിത്തുടങ്ങി. എന്തോ ഒരു ചിന്തയിൽ ഏകാഗ്രമാക്കപ്പെട്ടിരുന്ന കാര്യക്കാരുടെ ബുദ്ധിയിൽ ഒരു അംശം, വിനോദപ്രകടനംകൊണ്ട് മഹാരാജാവിനെ ലഘുമനസ്കനാക്കാൻ ചെയ്ത യത്നം നിഷ്ഫലമായത് ആ സമഗ്രധീമാൻ ഗ്രഹിച്ചില്ല.

തന്റെ സ്ഥാനത്തെയും പ്രായത്തെയും തൽക്കാലസ്ഥിതിയെയും പ്രമാണിക്കാതുള്ള ബീഭത്സഭാഷണത്തെ ശാസിപ്പാൻ മഹാരാജാവ് ആലോചിച്ചതിൽ 'ശ്ശേ' എന്ന ആക്രോശം മാത്രം ഗളിതമായതും കാര്യക്കാരുടെ കർണ്ണചഷകത്തിൽ പതിച്ചില്ല. അദ്ദേഹം മിണ്ടാതെ നിൽക്കുന്നത് കണ്ട് മഹാരാജാവിന്റെ കോപം വർദ്ധിച്ചു. ആ തരുചർമ്മന്റെ മർമ്മാംശം ദിവാൻജിയോടുള്ള സ്നേഹപൂടം ആണെന്ന് ഗ്രഹിച്ചിരുന്ന മഹാരാജാവ് സ്വമന്ത്രിയുടെ അപ്രാഗല്ഭ്യംകൊണ്ട് സകല പരാജയവും ഉണ്ടായി എന്ന് ഭർത്സിച്ചുതുടങ്ങി. ആകാശം പൊടുന്നനവെ ശൂന്യപ്രഭമായി. അരനിമിഷനേരത്തെ താമസംപോലുമില്ലാതെ ഒരു വന്മാരിയും ആരംഭിച്ചു. കാര്യക്കാർ നിലം നോക്കി ദത്തകർണ്ണനായി.

മഹാരാജാവ്: "അവൻ തൊട്ടതുകൊണ്ടാണ് ഈ അപകടമെല്ലാം വന്നത്."

കാര്യക്കാർ: "പരമ്പുകോട്ട തകർത്ത് അങ്ങ് ചാടിക്കടക്കാനുള്ള പണിയല്ല ഇപ്പോഴത്തേതു്. ശത്രു ദേവനാരായണൻതിരുമേനിയുമല്ല."

മഹാരാജാവ്: "ജാലം പ്രയോഗിച്ചും ജയം നേടണം. തിരിഞ്ഞോടിയത് ആരുടെ വീഴ്ച?"

കാര്യക്കാർ: "കരളറുത്തുവയ്ക്കുന്നവരുടെ ഗതി ഇങ്ങനെതന്നെ."

മഹാരാജാവ്: "അത് കളവാൻ ഒരുമ്പെട്ടാൽ ടിപ്പു ഒരടി മുന്നോട്ട് നീങ്ങുകയില്ലായിരുന്നു. ചിലവുകൊണ്ട് രാജ്യം മുടിഞ്ഞു; സാധുക്കൾ ചത്തൊടുങ്ങി. തിരിയുന്ന വഴിയെല്ലാം നാശം!"

കാര്യക്കാർ: "ഇങ്ങനെ കല്പിക്കരുത്. ഊട്ടിവളർത്തി പഠിപ്പിച്ച ശിഷ്യനെ ശപിക്കരുത്. അദ്ദേഹത്തിന്റെ നെഞ്ചുരുകുന്നത് ആരറിയുന്നു!"

മഹാരാജാവ്: "അതെയതേ! നെഞ്ചുരുകുന്നത് ആരുടേത്? ഒന്നും പറയണ്ട. കരുത്തരില്ലാഞ്ഞ് കരയേണ്ടിവരുന്നു. ദോഷി പട നടത്തിയാൽ..."

കാര്യക്കാരുടെ മനക്ഷാന്തി നഷ്ടമായി. "കൊടുത്തത് ഒരു ഒടിയുന്ന വാളാണ്; വൈഷ്ണവധനുസ്സല്ല. ധരിപ്പിച്ചത് ഒരു വെള്ളപ്പഞ്ഞിക്കവണി; ബ്രഹ്മകൂർപ്പാസമല്ല." ഇങ്ങനെ പറഞ്ഞുംകൊണ്ട് ആ മാന്ത്രികൻ നിവർന്നുനിന്ന് ആ രാജമന്ദിരത്തെ അനുഗ്രഹിച്ച് എന്തോ മന്ത്രിച്ച് നെഞ്ചത്ത് ചേർത്തുള്ള ബദ്ധാഞ്ജലിയോടെ നടകൊണ്ടു. വന്മഴ നനഞ്ഞുതുടങ്ങിയ ദാസനെ ജാലകത്തിൽക്കൂടി നോക്കി മഹാരാജാവ് വിളിച്ചിട്ടും സേവകപ്രധാനനെ നിയോഗിച്ചിട്ടും കാര്യക്കാരുടെ അണുമാത്രമാകട്ടെ ഛായയാകട്ടെ ആർക്കും കാണ്മാൻ കഴിഞ്ഞില്ല. സ്വമിത്രശ്രമങ്ങളെ വിജയകരമാക്കാൻ ആ സിദ്ധൻ ധൃതവല്ക്കലനായി സമീപസ്ഥങ്ങളായ ചിത്രകൂടങ്ങളെ അതിക്രമിച്ചു.

ദിവസം ഏഴെട്ട് കഴിഞ്ഞു. സൂര്യപ്രകാശം വർഷകാലമേഘങ്ങളുടെ വ്യാപൃതിക്കിടയിൽ മറഞ്ഞു. ഗോപാലബാലനോട് മത്സരിച്ച് ച്യുതാഹങ്കാരനായ ദേവേന്ദ്രൻ അവിടത്തെ കല്പനാനുസാരമെന്നപോലെ സ്വവാഹനങ്ങളെ ധ്വംസിച്ച് ചൊരിയുന്ന വർഷധാരകൾ സമസ്തജീവനിചയങ്ങളെയും അവരവരുടെ വിവിധ ചര്യകളിൽനിന്നും വിരമിപ്പിക്കുന്നു. കുലിശവലയങ്ങളുടെ ദ്രുതതരത്രസനങ്ങൾ അഗ്നിപ്രഭയോടുകൂടിയ സർപ്പകായങ്ങളെ

ആകാശവീഥിയിൽ പ്രചലിപ്പിച്ച് സൃഷ്ടിവിധാനങ്ങളെ ഭസ്മീകരിക്കുന്നു. ജീമൂതനിരകളുടെ അനുസ്യൂതസംഘട്ടനങ്ങൾ ഭൂബന്ധത്തെ ഭിന്നമാക്കുംവണ്ണം അശ്രാന്തസംരംഭത്തോടെ മുഴങ്ങുന്നു. ഇന്ദ്രസചിവന്മാരുടെ ജലപ്രവർഷവും ഇന്ദ്രഖഡ്ഗങ്ങളുടെ പ്രചലനവും മേഘഡിണ്ഡിമങ്ങളുടെ കടുതരപ്രയോഗവും അക്ഷീണം നിർവഹിതമാകുന്നതിനിടയിൽ ശനിപീഡാപരിഹാരിയായ വിഷ്ണുശങ്കരശക്തികളുടെ സംയോജനമൂർത്തി എന്നപോലെ ഒരു സത്വം വാതഭയങ്കരതയെയും വർഷകാഠിന്യത്തെയും വിദ്യുന്നിപാതങ്ങളാലുണ്ടാകുന്ന ചരാചരഹതികളെയും കൂസാതെ ഗിരിപരമ്പരാരോഹം ചെയ്യുന്നു.

യുവജാംബവാന്റെ ആകാരശിഷ്ടത്തിൽ മനുഷ്യമുഖം സംഘടിച്ചുള്ള ഈ സ്വരൂപം ഒരു വമ്പിച്ച ഭാണ്ഡവും ചില ദണ്ഡനങ്ങളും ഒരു ഖഡ്ഗവും പേറി മനുഷ്യസമുദായത്തോട്ട് വിദ്വേഷവാനായിത്തീർന്ന് സ്വകായത്തെ ഗിരിതടഗൃദ്ധ്രങ്ങൾക്ക് ഭക്ഷ്യമാക്കാൻ പ്രതിജ്ഞചെയ്തവനെന്നപോലെ വലതും ഇടതും നോക്കാതെ, പാണ്ഡസൈന്യം പാളയമടിച്ചിരുന്ന മഹാവനത്തെയും കടന്ന് കിഴക്കുവടക്ക് തിരിഞ്ഞ് മേല്പോട്ട് കയറുന്നു. വ്യാഘ്രശാർദ്ദൂലപരിസേവിതങ്ങളായ വനതലങ്ങളെ പൂങ്കാവുകളെന്നപോലെ ഹർഷത്തോടെ തരണംചെയ്യുന്നു. മുൾച്ചെടികളെ മൃണാളങ്ങളെന്നപോലെ ഭേദിച്ച് അവയ്ക്കിടയിൽ അവഗാഹനം ചെയ്ത് ജീവാവസാനം നേരിട്ടവണ്ണം അപ്രത്യക്ഷനായി ഒട്ടുകഴിയുമ്പോൾ വിവിക്തതലമായ ഒരു ഗിരിമകുടത്തിൽ ലോകവിജയിക്ക് തുല്യം നിലകൊണ്ട് ദിക്ചക്രസൗന്ദര്യവിഭൂതിയെ മിഷ്ടാശനംചെയ്യുന്നു. ലോഹസൃഷ്ടകായനെന്നവണ്ണം വിടപീശാഖകളുടെ ജടിലതകളെ ഭേദിച്ച് വ്യാഘ്രിയുടെ സൂതികാഗൃഹസ്വാസ്ഥ്യത്തെയും ഭഞ്ജിച്ച് മൃത്യുജേതാവിനെപ്പോലെ ആ ധന്യയുടെ സന്താനശുശ്രൂഷണത്തെക്കണ്ട് സന്തുഷ്ടനായിട്ട് തരുനിബിഡച്ഛന്നമായ ഒരു അഗാധപ്രദേശത്തിലോട്ട് കല്പസേവിയുടെ അക്ഷീണതയോടെ പ്രവേശം ചെയ്യുന്നു. ഗജസംഹതിയുടെ സഞ്ചാരങ്ങൾ, ശശകിശോരങ്ങളുടെ വിഹാരങ്ങളെന്നവണ്ണം ആ ബലികർമ്മോദ്യക്തന്റെ ഹൃദയത്തെ വിനോദിപ്പിക്കുന്നു. ആ നികുഞ്ജസങ്കേതത്തെ ഭേദിച്ചൊഴുകുന്ന കുല്യാതീരത്തിൽ വിശ്രമിച്ച് ഫലകന്ദങ്ങൾ സമ്പാദിച്ച് ഉദരപൂരണം സാധിച്ചും ജ്വരവിഷസമ്മിശ്രമായ ജലത്തെക്കൊണ്ട് ദാഹശങ്കതീർത്തും, ഹസ്തപ്രക്ഷാളനം കഴിച്ചും, ആ മഹാപ്രസ്ഥാനത്തെ തുടരുന്നു.

ഏതാനും നാഴിക നടന്നപ്പോൾ, മാർഗ്ഗവിലംഘിയായിക്കണ്ട ഉക്കായുള്ള ഒരു മഹാഗിരിയെ വാനരപ്രാഗല്ഭ്യത്തോടെ തരുമൂലപരമ്പരകൾ ഗ്രഹിച്ച് അധിരോഹണം ചെയ്ത് അതിന്റെ സാനുപ്രദേശത്തെത്തുന്നു. ഗിരിമൂർദ്ധാവിൽ നാമമാത്രമായി സംഘടിച്ചുനിന്നിരുന്ന ഒരു ശിലാപീഠത്തിന്മേൽ അധിഷ്ഠിതനായിരുന്ന ഒരു വ്യാഘ്രം മനുഷ്യദർശനത്തിൽ വാൽചുറ്റി എഴുന്നേറ്റ് കുതിച്ചുചാടിയപ്പോൾ ബൃഹത്തായ ആ ഉപലഖണ്ഡം ദുഃസ്ഥിതമായി, ബ്രഹ്മാണ്ഡാരവത്തോടെ തടാകസാനുവിൽ പതിച്ച് മേഘധ്വനികളോടെ കീഴ്പ്പെട്ടരുണ്ട് ഗിരിപ്രതിരോധങ്ങളിൽ പ്രതിധ്വനിക്കെ, നിരവധി തരുനിരകളെയും ജീവിതതികളുടെയും ഹതിചേർത്തു. മൃഗങ്ങളുടെ രൂക്ഷാട്ടഹാസങ്ങൾ സ്വസന്താനങ്ങളുടെ വാത്സല്യോദ്ഘോഷണങ്ങളെന്ന് പരിഗണിച്ച് അടുത്ത വനവേദിയിലോട്ട് അവരോഹണം ചെയ്തപ്പോൾ അതുവരെ കോപപ്രകടനം ചെയ്തലറിക്കൊണ്ടിരുന്നതിനെക്കാൾ ശക്തിയേറിയ ഒരു ചക്രവാതം ആരംഭിച്ചു. ജഗൽപ്രാണഭഗവാന്റെ ആ മുഷ്കരപ്രഭാവത്താൽ

ഉദ്ധൂതമാക്കപ്പെട്ട വടവൃക്ഷങ്ങൾ തെരുതെരെ നിലംപതിച്ച് നമ്മുടെ പഥികന്റെ സ്വച്ഛന്ദ പ്രയാണത്തെ പ്രതിബന്ധിച്ചു. വൃക്ഷനിപാതാരവങ്ങൾ മൃഗസമൂഹങ്ങളെ അവരവരുടെ ഗുഹവിലതരുകോടരാദിഗൃഹങ്ങളിൽനിന്നും ഇളക്കി ദിശാന്തരങ്ങളിലോട്ട് പായിക്കയും ചെയ്തു. ഈ വൃദ്ധതരുപ്രപാതങ്ങളെ ഒഴിഞ്ഞു് സാവധാനഗമനം ചെയ്യുന്നതിനിടയിൽ, തന്റെ ബലിഷ്ഠതയ്ക്കുള്ള അഭിവാദനകർമ്മങ്ങളെന്നപോലെ മാത്രം കടാക്ഷദാനങ്ങളാൽ ആ പ്രണാമങ്ങളെ അദ്ദേഹം പ്രത്യുപചരിച്ച് യാത്ര തുടർന്ന് അടുത്ത നിശാകാലത്തെ ഒരു വൃക്ഷശിരസ്സിന്മേൽ നിദ്രകൂടാതെ കഴിച്ചുകൂട്ടി.

ഇങ്ങനെ ഗിരികളും നവജലപ്രവാഹികളായ നദികളും വൃക്ഷനിചയത്താൽ ദൃശ്യമല്ലാതുള്ള മലയിടുക്കുകളും ഘോരമൃഗസങ്കലിതമായുള്ള തടങ്ങളും അവിടവിടെവച്ച് തന്നെയും പരിസരാംബരത്തെയും ആകവചംചെയ്തു് ധൂമികാപ്രസരണങ്ങളും അക്ഷീണമായ വർഷപ്രപാതത്തിൽ തരണംചെയ്തും ഒന്നുരണ്ടു് ദിവസത്തെ പ്രയാണംകൊണ്ടു് 'ചന്ദ്രമണ്ഡലത്തോട്ട് ഉരുമ്മി' സമീപവീക്ഷണത്തിനും നീലദ്യുതിയെ വിതറുന്നതായ ഒരു മഹാഗിരികൂടത്തിൽ എത്തി. സാമാന്യജനതയ്ക്ക് ദുർലഭമായുള്ള ഒരു വിശ്വദർശനം, ഒരു ഗൃഹപ്രതിജ്ഞയോടെ ഗിരിപ്രവേശംചെയ്തിരിക്കുന്ന കാര്യക്കാർക്ക് സംപ്രാപ്തമായി. മുമ്പും പിമ്പുമുള്ള ഗിരിമൂർദ്ധാവുകളുടെ അതിദീർഘതരംഗായിതങ്ങളും താൻ നിൽക്കുന്ന സ്ഥലത്തിന് കീഴ്ഭാഗത്തു വർത്തുളാകൃതിയിൽ കാണുന്ന പർവതപംക്തിയും അതിന് താഴത്തുള്ള മേഘനിരകളും അതുകളുടെ സംഘട്ടനങ്ങളിൽനിന്ന് ഉദ്ഭൂതങ്ങളാകുന്ന മിന്നൽപ്രകാശങ്ങളും വീക്ഷണത്തെ പ്രതിബന്ധിക്കുന്ന ജലധൂമയവനികയും ഇതരപാർശ്വത്തിലെ ഗിരിപരമ്പരയിലെ ഹരിതച്ഛവിയും തദനന്തരം വീക്ഷാശ്രമത്തെ ക്ഷീണിപ്പിക്കുന്നതായ കാഷായാംബരവർണ്ണത്തിലുള്ള വിസ്തൃതിയും ഈ പ്രദർശനസംയോഗത്തിലെ അഗണനീയകോടികളായ അണുക്കൾ ഓരോന്നും പ്രപഞ്ചകാരിയുടെ കല്പനാതിശയത്തെ പ്രഘോഷിക്കുന്നു. കാര്യക്കാർ ദിവംഗതനായതുപോലെ പരമാനന്ദവശനായി, ആ ദർശനമധുരിമയെ രോമകൂപസാകല്യത്താലും ആസ്വദിച്ച് പ്രാപഞ്ചികഭാരത്തിന്റെ ബോധത്തിനിടയിലും സ്വർഗ്ഗനിർവൃതിയെ അനുഭവിച്ചു. തന്റെ ശ്രമഫലമായുണ്ടാകുന്ന ജീവനഷ്ടങ്ങളെയും ശാശ്വതസമാധാനത്തെയും യമിജനയോഗ്യമായുള്ള ആ ഏകാന്തതയിലും തുലാമാനം ചെയ്തു. സ്വരാജ്യൈശ്വര്യസംരക്ഷണത്തെ അനുഷ്ഠിപ്പാൻ അപ്പോഴത്തെ പരീക്ഷണവും ഈശ്വരനിദേശമെന്നപോലെ അദ്ദേഹത്തെ അനുശാസിക്കുകയാൽ ഗിരികൂടത്തിൽനിന്ന് വർത്തുളാകൃതിയിൽ അനുബന്ധിച്ചുള്ള പർവ്വതനിരയിലോട്ട് നിശ്ചിതകർമ്മാനുഷ്ഠാനത്തിനായി പ്രവേശിച്ചു.

വീണ്ടും അവർണ്ണനീയമായുള്ള പ്രകൃതിസൗന്ദര്യമഹിമാവ്, ഭൂവാസത്തിനിടയിലും അദ്ദേഹത്തെ സ്വർഗ്ഗാനുഭൂതിമാനാക്കി. ഇന്ദ്രകാന്തസ്ഫടികത്താൽ ഒരു ദേശഖണ്ഡത്തിന്റെ വിസ്തൃതിയിൽ നിർമ്മിച്ച് ആകാശപർവ്വതങ്ങളുടെ നീലിമയെയും പുളിനസ്ഥങ്ങളായ വൃക്ഷങ്ങളുടെ മരതകപ്രകാശത്തെയും പ്രതിബിംബിക്കുന്ന മഹാതളിമംപോലുള്ള ഒരു തടാകം അദ്ദേഹത്തിന്റെ നേത്രങ്ങൾക്ക് സാഫല്യം നൽകുന്നു. മലയിടുക്കുകളിലോട്ടും പല ശാഖകളിലായി തിരിഞ്ഞുള്ള ഈ സരസ്സ്, താപസോത്തംസന്മാരാൽ പരിസേവ്യമായിട്ടുള്ളതെന്നും തനിക്ക് മഹാമന്ത്രോപദേശം ചെയ്തിട്ടുള്ള യമീന്ദ്രന്റെ അവസാനധ്യാനത്തിനും

സമാധിക്കും സ്വീകൃതമായ തപസ്സങ്കേതമാണെന്നും കാര്യക്കാർ ഗ്രഹിച്ചിരുന്നു. അതി വിശാലമായുള്ള ജലത്തിന്റെ നീലച്ഛവി അതിദൂരസ്ഥങ്ങളായി ആകാശചുംബികളായി സ്ഥിതിചെയ്യുന്ന ഗിരിനിരകളെയും നീലപട്ടാബരത്തിനു തുല്യം പ്രകാശമാനമാക്കുന്നു. ഗിരികളുടെ ആവരണത്താലുള്ള ഇന്ദ്രനീലദ്യുതി ആ മഹാസരസ്സിന് വൈഷ്ണവപ്രകാശത്തെ സന്ധാനം ചെയ്യുന്നു. കാര്യക്കാർ തരണംചെയ്ത് വനതടിനികളിലെ ജലം കലങ്ങിച്ചുവന്ന് പ്രവഹിച്ചുകൊണ്ടിരുന്നു എങ്കിലും ആ പ്രദേശങ്ങൾ മാരുതദേവന്റെ ചണ്ഡനൃത്തരംഗങ്ങളായിത്തന്നെ തന്നെയും അവശപ്പെടുത്തി എങ്കിലും നീലാഭ്രപ്രതിബിംബിയായും ഗിരിപ്രാകാരാവൃതമായും ഉള്ള സരസ്തടം മൃതസഞ്ജീവകവാതത്താലെന്നപോലെ സഞ്ചലിതമായി, ചെറുതരംഗങ്ങളിളക്കി സരളനടനം ചെയ്യുന്നു. പുളിനസ്ഥലികളിലെ ഗംഭീരതരുക്കൾ, ആ പ്രദേശത്തിലെ അനുസ്യൂതശീതളതയാൽ പുഷ്ടശരീരികളായി, സപ്രകാശലതകളെ വഹിക്കുന്ന ശാഖകൾ വീശി ഋഷിപംക്തികളെന്നപോലെ ആ സരസ്സിനെ വലയംചെയ്യുന്നു. തർപ്പണകർമ്മോദ്യുക്തരെന്നവണ്ണം ആ മഹാതരുക്കളിലെ നിരവധി ശാഖകൾ, സരസ്സിലോട്ടാഞ്ഞു, ജലതലത്തെ മഥനംചെയ്യുന്നു. ഈ ഹരിതപ്രാകാരത്തിന്റെ പ്രതിഫലനം, ബഹുനാഴികചതുരശ്രത്തിൽ പക്ഷേ, ആ പാതാളമായ അഗാധതയിൽ സ്ഥിതിചെയ്യുന്ന നീലദർപ്പണത്തെ ഒരു കൃഷ്ണാവരണം എന്നപോലെ രമണീയതരമാക്കുന്നു. അധിത്യകകളിൽനിന്ന് ആ സരസ്തീരത്തിലെ ശാഡ്വലങ്ങളാലും തരുലതാഭോജ്യങ്ങളാലും ആകൃഷ്ടരായി എത്തുന്ന ഗജകുലങ്ങൾ, വൃക്ഷകായങ്ങളിൽ സ്കന്ധങ്ങളുരച്ച് അതുകളെ ചാഞ്ചാടിക്കുന്നതും കൊമ്പുകളെ വലിച്ചൊടിച്ച് പാദങ്ങളിന്മേൽ തച്ച് പാകമാക്കിക്കൊണ്ട് സ്വൈര്യഭുക്തി കഴിക്കുന്നതും കൂട്ടത്തിലെ യുവമദക്കാർ തമ്മിൽ വിഹാരമത്സരത്തിൽ ഇടഞ്ഞു്, ഒരു ചെറുകൊമ്പൻ ജലഗർഭത്തിൽ പതിച്ച് താണുപോകുമ്പോൾ സംഘത്തിൽ നിന്നുണ്ടാകുന്ന ഭയങ്കരക്രന്ദങ്ങളും കണ്ട് ആ വനതലത്തിലും ഗ്രഹപ്രാരബ്ധങ്ങൾ അനുവർത്തിതമാകുന്നു എന്ന് കാര്യക്കാർ പുഞ്ചിരികൊള്ളുന്നു. ഇങ്ങനെയുള്ള ദുസ്സംഭവംകൂടാതെ പല ഗജകൂട്ടംബങ്ങളും പ്രാന്തങ്ങളിലെ പല ഭാഗങ്ങളിലും കാണ്മാനുണ്ട്. വ്യാഘ്രങ്ങളുടെ ചർമ്മകനകതയും ചെമ്പുലികരിമ്പുലികളുടെ ആകാരഭീഷണതകളും സരസ്തീരാടവിയിലെ പല ഭാഗങ്ങളിലും വർണ്ണവിപര്യയങ്ങളാൽ സ്ഫുടദർശിതങ്ങളാകുന്നു. മലഞ്ചരിവുകളിലെ തൃണാസ്തരിതപ്രദേശങ്ങളിൽ മാൻകൂട്ടങ്ങൾ കളിയാടുന്നതും ആ ഭൂഷാപ്രദർശനത്തെ രമണീയതരമാക്കുന്നു. ചെമ്പരുത്തിപ്രഭയെ പ്രദ്യോതിപ്പിക്കുന്ന മകുടങ്ങളോടുകൂടിയ പെരുമ്പാമ്പുകൾ മൃതതരുശിഷ്ടങ്ങളെ വലയംചെയ്ത് ആഹാരഗ്രസനാർത്ഥം അഫണശിരസ്സുകളെ നീട്ടി ചലിപ്പിക്കുന്ന ഭീഷണതയും, ലോകസഹജമായുള്ള സുഖാസുഖസമ്മിശ്രതയെ ആ വിജനസങ്കേതത്തിലും ദൃശ്യമാക്കുന്നു. കിഷ്കിന്ധാവാസികളുടെ ആകാരപരിമിതിയെ വഹിക്കുന്ന മുഖവാനരന്മാർ, മനുഷ്യപ്രവേശത്തെ സന്ദർശിച്ച് പല്ലുകൾ കിറിച്ചും പലതും ചിലച്ചും അപഹാസചേഷ്ടയായി ശിരസ്സുകളെ വെട്ടിത്തിരിച്ചും മരക്കൊമ്പുകൾ കുലുക്കി ഒരു തരുവിൽനിന്ന് മറ്റൊന്നിലേക്ക് എന്നിങ്ങനെ അനുക്രമം ചാടി ദൂരത്ത് വാങ്ങിക്കളയുന്നു. സരസ്സിൽ വീണ് വായുവേഗത്താൽ നാനാഭാഗത്തോട്ടും സഞ്ചരിക്കുന്ന വിവിധ വർണ്ണകുസുമങ്ങൾക്കിടയിൽ, ജലസർപ്പങ്ങളുടെ ശിരസ്സുകളും ശൂലമുനകൾ എന്നപോലെ

ജലഭേദനം ചെയ്ത് ചാണ്ടിപ്പോകുന്നതും പ്രകൃതിവൈരുദ്ധ്യങ്ങളുടെ സഹവർത്തനത്തെ ദൃഷ്ടാന്തീകരിക്കുന്നു.

ഈ ഗിരിവനസംയോഗത്തിലുള്ള പ്രകൃതിവിലാസശ്രേണി കണ്ട് കാര്യക്കാർ വിസ്മയഭരിതനായി. ധൃതവല്ക്കലനായി, നിസ്സംഗനായി, വിമുക്തപ്രാരബ്ധനായി അവിടത്തെ പ്രശാന്താനന്ദനത്തിൽ സന്ന്യാസാശ്രമത്തെ അവലംബിക്കുകയോ എന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ താൻ കൊണ്ടുപോന്നിട്ടുള്ള ഒരു താളിയോലച്ചെറുഗ്രന്ഥത്തെയും ആ ദുർഘടയാത്രയ്ക്ക് തന്നെ പ്രേരിപ്പിച്ച ഉദ്ദേശ്യത്തെയും പ്രത്യേകിച്ച് സ്മരിച്ചപ്പോൾ ലോകവ്യാപാരകനായി മുക്തി സമ്പാദിപ്പാൻതന്നെ അദ്ദേഹം തീർച്ചയാക്കി. സരസ്സിന്റെ പശ്ചിമതടംവഴിയേ പ്രദക്ഷിണമാരംഭിച്ച് ഒരു സുഖകേന്ദ്രത്തിൽ എത്തി ചില ഔഷധതരുക്കൾ കണ്ട് അതിന്റെ പത്രഫലങ്ങളെ സംഭരിച്ചർ അശനകർമ്മം നിർവ്വഹിച്ചു. പിന്നെയും ഒട്ടുദൂരം ചെന്നപ്പോൾ, ഗുരുപാദരാൽ വർണ്ണിതമായുള്ള ഗിരിവക്ത്രം ദൃശ്യമായി. ആ സരസ്തടത്തെ വലയംചെയ്യുന്ന ഗിരിനിരകൾ ഭിന്നിച്ചുള്ള ഒരു മലയിടുക്കും അവിടെനിന്ന് കീഴ്പോട്ടേക്ക് ഒരു വൻചരിവും കണ്ട് തന്റെ വനതലപ്രയാണം സഫലമാകുമെന്ന് കാര്യക്കാർ സന്തോഷിച്ചു. ആ ഭാഗം സരഃപ്രാന്തം അവിശാലമായുള്ള ഒരു സേതുവാൽ രക്ഷിക്കപ്പെട്ടിരുന്നു. തന്റെ ഭാണ്ഡക്കെട്ടുകൾ ഇറക്കി ദണ്ഡത്തിന്മേൽ തൂമ്പായുറപ്പിച്ചുകൊണ്ട്, സേതുവിന്റെ ബഹിർഭാഗത്ത് ഒരു കൂപനിർമ്മാണത്തിന് വട്ടം കൂട്ടി. ഖഡ്ഗമുനയാൽ സ്വാംഗുലത്തെ ഛേദിച്ച് അതിൽനിന്ന് പ്രസ്രവിച്ച രക്തകണങ്ങളെക്കൊണ്ട് വാരുണീസമാരാധനം ചെയ്തിട്ട് അദ്ദേഹം തന്റെ ഇരുമ്പുമുസലത്തെ ചിറയിൽ ഊന്നി ക്ഷണനേരം ധ്യാനത്തോടും മന്ത്രജപത്തോടും നിന്നു.

അനന്തരം കൂപനിർമ്മാണകർമ്മത്തിന് അദ്ദേഹം ഗാഢോത്സാഹത്തോടെ ഉദ്യുക്തനായി കീഴ്പോട്ട് പത്തായിരം അടിയോളം താണുള്ള ചരിവിന്റെ മൂർദ്ധാവോടടുത്തായിരുന്നതിനാൽ, ആ കർമ്മം അപ്രയാസസാദ്ധ്യമായിരുന്നു. എങ്കിലും രണ്ടുമൂന്ന് ദിവസം കഴിഞ്ഞിട്ടേ ജലം അല്പാല്പം വാർന്നുതുടങ്ങിയുള്ളൂ. പിന്നെയും ഒന്നുരണ്ട് ദിവസത്തെ ഭഗീരഥയത്നംകൊണ്ട് ഏകദേശം രണ്ടടി വീതിയിൽ കൂപം മുതൽ സരസ്സോട് സംഘടിക്കുന്നതായ ഒരു ശിലാബിംബംവരേക്കുള്ള ഒരു കുല്യാനിർമ്മാണം സാധിച്ചു. മുകളിലത്തെ മണ്ണുനീങ്ങി ശിലാപ്രതിബന്ധമുണെന്ന് കാണുകയും അതിന്റെ പരിമിതി എത്രത്തോളം ഉണ്ടെന്നറിവാൻ കഴിവില്ലാതാവുകയും ചെയ്തപ്പോൾ, കാര്യക്കരുടെ വീരഹൃദയം ഒന്ന് മൃദുപല്ലവതുല്യം ചലിച്ചു; തന്റെ കൈക്കലുള്ള താളിയോലഗ്രന്ഥത്തെ ഒന്നുകൂടി പരിശോധിച്ചു. വിദ്യന്നേത്രങ്ങൾക്ക് ദൃശ്യമായ ഭഗവന്മതം സംഭവ്യമത്രേ എന്ന് നിശ്ചയിച്ച് അന്നത്തെ നിദ്രയും ഒരു വൃക്ഷശിരസ്സിൽ സാധിച്ചു.

അടുത്ത സൂര്യോദയത്തിൽ ആ ലോഹശരീരൻ തടാകജലത്താൽ മുഖഹസ്തപാദങ്ങളെ പ്രക്ഷാളനം ചെയ്ത്. ഉടുത്തിരുന്നതായ വസ്ത്രത്തെ ചല്ലടം ആക്കി ധരിച്ച്, താൻ കൊണ്ടുപോന്നിരുന്ന കരിമ്പടത്തെ കീറി പാശമാക്കി അരയിൽ ദൃഢബന്ധനം ചെയ്തുകൊണ്ടൻ ലോഹമുസലവും ഏന്തി, കുല്യാഗർത്തത്തിലോട്ട് ചാടി. ഉദയഭാസ്കരൻ സരസ്സിന്റെ മറുകരയിലുള്ള ഗിരിയുടെ മൂർദ്ധാവിൽ പ്രകാശിച്ചപ്പോൾ കാര്യക്കാർ ഏകദേശം രണ്ട് നാഴികയോളം ബദ്ധാഞ്ജലിയായി, ബദ്ധപഞ്ചേന്ദ്രിയനായി, ധ്യാനനിഷ്ഠനായി നിലകൊണ്ടു.

അരക്കച്ചയിൽ തിരുകിയിരുന്ന തന്റെ ജാതകത്തിലെ അവസാനഭാഗത്തെ നോക്കിയിട്ട് ഭാസ്കരബിംബത്തെ കണ്ണഞ്ചാതെ വീക്ഷിച്ച് "അല്ലയോ ഭഗവൻ, ശ്രീസൂര്യാദിസർവഗ്രഹേഭ്യോ നമഃ" എന്ന് തുടങ്ങി ഒരു പ്രബുദ്ധൻ എഴുതീട്ടുള്ള ഗ്രന്ഥത്തെ ഇവൻ മിഥ്യാകഥനമാക്കുന്നില്ല. എനിക്കായിട്ട് ഞാൻ പ്രാർത്ഥിക്കുന്നില്ല. പാവനാത്മാവായിട്ടുള്ള ശ്രീരാമവർമ്മമഹാരാജാവ് സുഖശരീരനായി, പ്രവൃദ്ധൈശ്വര്യവാനായി, അനശ്വരവിശ്രുതിമാനായി വർത്തിക്കട്ടെ! യഥാധർമ്മം നിർവഹിതമാകുന്ന പ്രാപഞ്ചികത്വവും മോക്ഷദായകംതന്നെ എന്ന് ഇവനെ അനുശാസിച്ച ഗുരുനാഥനായ മന്ത്രിശ്രേഷ്ഠൻ വിജയിക്കട്ടെ! ഹാ! ഹേ, കാലമായ മഹാകാളീ! സാദ്ധ്യമെങ്കിൽ അദ്ദേഹത്തെ ദുരന്താപമാനങ്ങളിൽനിന്ന് രക്ഷിക്കുക. പക്ഷേ, ഹാ! ജളഗർവത്തിന്റെ ദുർന്നയവിജയം അനിവാര്യം. നിഷ്കളബ്രഹ്മം ഈ അണുമാത്രദേഹിക്ക് ശാശ്വതസ്വസ്തി നൽകട്ടെ!" കാര്യക്കാർ തന്റെ ജന്മപത്രികയെ സരസ്സിൽ നിക്ഷേപിച്ചു.

സരസ്സിലെ ജലം അല്പാല്പമായി വാർന്നൊഴുകി, സേതുഭൂമിയെ വിദ്രവിപ്പിച്ച് കീഴ്ക്കോട്ടിഴിയിച്ചുതുടങ്ങി. അനന്തശയ്യ എന്നപോലെ പടുക്കുന്ന ആ ശിവലിംഗത്തിന്റെ അടിയിലോട്ട് അദ്ദേഹത്തിന്റെ ഇരുമ്പുപാരയെ കടത്തി. രാവണഹസ്തങ്ങളെ കൈലാസത്തിന്റെ അധോഭാഗത്തിലെന്നവണ്ണം ആ ലോഹഖണ്ഡത്തിന്റെ അഗ്രഭാഗം മുഴുവനെയും താഴ്ത്തി, ആ ശിലാകൂട്ടിമത്തെ സരസ്സിലോട്ട് ആവേശിപ്പാൻ താൻ അഭ്യസിച്ചുള്ള യോഗസിദ്ധിയെ കാര്യക്കാർ പ്രയോഗിച്ചു. മുസലത്തിന്റെ ബഹിരന്തത്തെ മുഷ്ടികൾ ഗ്രഹിച്ചു. കാര്യക്കാരുടെ വക്ഷസ്സും സ്കന്ധങ്ങളും ജാനുക്കളും ജൃംഭിച്ചു. നാസാദലങ്ങളും ഇമകളും നിമീലനംചെയ്തു. മുഖബിംബം വികസിച്ച് കളായദ്യുതിയോടെ പ്രകാശിച്ചു. മുഷ്ടികൾ മുസലാന്തസഹിതം കീഴ്ക്കോട്ട് രേഖാമാത്രക്രമത്തിൽ താണുതുടങ്ങി. ശ്വാസസംയമനം ആ യമിസമഗ്രന്റെ കായകൂട്ടിമത്തെ പുഷ്കലീകരിച്ചു. ശിലാലിംഗത്തിന് ആ സേതുഭൂമിയോടുള്ള ബന്ധം വിച്ഛിന്നമായിത്തുടങ്ങി. കാര്യക്കാരുടെ ജംഘകളിലെയും ഹസ്തദണ്ഡങ്ങളിലെയും ജൃംഭിതങ്ങളായ പേശീബന്ധങ്ങൾ ഭൂഭ്രമണോർജ്ജിതത്തോടെ പുളഞ്ഞുതുടങ്ങി. മുസലവും മുഷ്ടിയും അംഗുലമാത്രം താണു. ശിലാപ്രതിബന്ധം സ്വസ്ഥാനത്ത് സൂക്ഷ്മതരചലനം തുടങ്ങി. കാര്യക്കാരുടെ കണ്ഠം ശിരസ്പരിമിതിയോളം വീർത്തു. ലലാടാസ്ഥികൾ ഭേദിക്കുംവണ്ണം കപാലബന്ധങ്ങൾ ത്രസിച്ചു. ഊരുജംഘകൾ സംയോജിക്കുമാറ് ആകുഞ്ചിതങ്ങളായി. വക്ഷസ്തടം കോദണ്ഡാകൃതിയിൽ വക്രിച്ചു. മുഖകണ്ഠങ്ങൾ പൃഷ്ഠഭാഗത്തോട് നമ്രങ്ങളായി...

ആ സിദ്ധബലിഷ്ഠന്റെ മൂർദ്ധാവ് ഹാ! തകരുന്നു. മുഷ്ടികൾ താഴുന്നു. പ്രതിബന്ധശിലാകൂടം തടാകത്തിൽ ആമജ്ജനം ചെയ്ത് ബുൽബുദനിരകളെ പൊങ്ങിക്കുന്നു. ഒരു വജ്രകണിക ആ സ്വജീവഹോതാവിന്റെ ജടാവലയമദ്ധ്യത്തിൽ ഉദിതമാകുന്നു. ഒരു മർമ്മരധ്വനി... സിംഹാരവം... മേഘാരവം... ബ്രഹ്മാണ്ഡഭേദാനാരവം!

34

"വാരിദങ്ങൾ ഗർജ്ജിക്കുന്നു – ഘോരമാരി ചൊരിയുന്നു
വാരിവന്നു പെരുകുന്നു – വാരിധിപോൽ പരക്കുന്നു."

ചക്രവർത്തി മുതൽ ഗതികെട്ട യാചകൻവരെ മനുഷ്യർ ആപത്തിനും മരണത്തിനും അധീനന്മാരാകുമെന്നുള്ള ഒരു സമാനതാവ്യവസ്ഥ ലോകത്തെ ഭരിച്ചിരുന്നില്ലെങ്കിൽ, കാലൻ അദ്ധ്യക്ഷനായുള്ള ഒരു പ്രത്യേകമണ്ഡലം വേണ്ടിവരികയില്ലായിരുന്നു. ആ പാതാളാധികാരിയെ എല്ലാവരും വിദ്വേഷിക്കുന്നുണ്ടെങ്കിലും, "മരണമിഹ വരുവതിനുമൊരുപഴുതുകണ്ടീല" എന്നു വ്യസനിച്ചവരുടെ ചരിത്രം നമ്മെ രസിപ്പിക്കുന്നു. ഈ വ്യസനത്തിന്റെ സ്വരൂപം ഏറെക്കുറെ മാറീട്ടുള്ള അവസ്ഥകൾ ഉണ്ട്. അതു് ജീവിതകഷ്ടതകളിൽ മഹാധമമായിട്ടുള്ളതാണെന്ന് അനുഭവിക്കുമ്പോൾ മാത്രം അറിയുന്നതാണ്. ആ പ്രമേയങ്ങൾ എങ്ങനെയുമിരിക്കട്ടെ ഭർത്സനപദങ്ങളിൽ പ്രഥമസ്ഥാനം കാലൻ എന്ന നാമത്തിനുകിട്ടുന്നു. എന്നാൽ, ലോകത്തിലെ അപാവനതകളെ ശുദ്ധീകരിപ്പാനുള്ള മാന്ത്രികനായും കഷ്ടതാഹാരിയായ ഭിഷഗ്വരനായും ഈ ഭഗവാൻ വേതനസംഭാവനകൾ ആഗ്രഹിക്കാതെയും പൂജാക്ഷേത്രങ്ങൾ എന്നിതുകൾവഴി ആരാധിക്കപ്പെടാതെയും ലോകസേവനം നിർവ്വഹിക്കുന്നു. ടിപ്പുസുൽത്താനോടു് ഈ സമസ്തജനബന്ധു നേരിട്ട് ശ്രുലാഗ്രരുചി അദ്ദേഹത്തെ അല്പമൊന്ന് അനുഭവിപ്പിച്ചപ്പോൾ, ആ തത്വാന്ധൻ സ്വജാതകപരിശോധന ചെയ്യാത, വഞ്ചിരാജ്യത്തെ ലവനാബ്ധി ആക്കുമെന്നുതന്നെ ശപഥംചെയ്തു. ആലങ്ങാട്ട്, പറവൂർ എന്നീ പ്രദേശങ്ങളെ മർദ്ദിപ്പാൻ സാധിച്ചതു്, വിജയദേവന്റെ പൂർവ്വശിഖാലബ്ധിയാണെന്ന് ആ ദുർമ്മദൻ പ്രമോദിച്ചു. തന്റെ അരമനയെയും വാസസാമഗ്രികളെയും സ്വാംഗരക്ഷികളായുള്ള സേനാപംക്തികളെയും പെരിയാറ്റിന്റെ വടക്കുഭാഗത്തുള്ള ഒരു പാടത്തോട്ട് ചേർന്ന കന്നിൻചരിവിലോട്ട് സ്ഥലംമാറ്റി. സ്വസന്തോഷലബ്ധിക്കായി വിശ്വത്തെ അനേകഭാസ്കരന്മാർ ഭാസ്വത്താക്കുന്നതുപോലെ അഹങ്കരിച്ച് ദാശരഥി, അലക്സാണ്ടർ, ആദ്യമുകിലൻ എന്നിവർക്കും ലബ്ധമായിട്ടില്ലാത്ത ഭൂവിജയിസ്ഥാനത്തിനുള്ള മു

ദ്രാഹാരങ്ങൾ, കല്പാന്തത്തോളം അണിവാൻ അകാശത്തിൽനിന്നിഴിയുന്നതായി അദ്ദേഹത്തിന്റെ വക്രത്രുമുരളിയാൽ നിർമ്മിതങ്ങളാകുന്ന ധൂമദർപ്പണങ്ങളിൽ പ്രതിബിംബിച്ചുകണ്ടു. വിജയാഹ്ലാദത്തോടെ മനോരാജ്യതന്ത്രിയിൽ ആമഗ്നനായി ദിവസങ്ങൾ കഴിഞ്ഞപ്പോൾ, ജീവോഷ്മാവിന്റെ ദായകനായുള്ള ഏകസൂര്യനും മേഘപടലങ്ങളാൽ തിരോഹിതനായി. അനന്തമായ ആകാശവീഥിയിൽ സുൽത്താൻ കണ്ടിട്ടില്ലാത്ത ഒരു തിമിരവ്യാപൃതിയും സംഭവിച്ചു. സ്വർഗ്ഗസിംഹാസനസ്ഥനായ സർവ്വശക്തൻ അവിടത്തെ ദൂതകോടികളെ നിയോഗിച്ച്, പ്രപഞ്ചവിശാലമായ ഒരു ഛത്രത്തെക്കൊണ്ട് തന്നെയും സേനാനിരകളെയും ഗ്രീഷ്മകാലകഷ്ടതകളിൽനിന്നു രക്ഷിക്കുന്നു എന്നു സങ്കല്പിച്ച് ആ മഹൽകൃപയ്ക്ക് അദേഹം ആശിസ്സുകൾ നൽകി. എന്നാൽ, ചില അഗ്നിശലാകകൾ വായുവീചികളെ ഭേദിക്കുകയും കാർമേഘങ്ങൾ പരിഭവസ്വരങ്ങളെ മുരളുകയും ചെയ്തപ്പോൾ, സ്വരാജ്യത്തിലെന്നപോലെ രണ്ടുനാലു ദിവസത്തെ വൃഷ്ടി ഉണ്ടാകുമെന്ന് ആ ജ്യോതിശ്ശാസ്ത്രി പര്യവേഷണം ചെയ്തു.

പക്ഷേ, സംഭവിച്ചത് ആ സാങ്കേതികാഭിപ്രായം അനുസരിച്ചല്ലായിരുന്നു. ജലഥരികകൾ സുൽത്താന്റെ വാസസങ്കേതങ്ങളിലെ താഴ്വരകളെ വിശാലസരസ്സുകളാക്കി. വിദ്യുന്നിപാതങ്ങൾ അദ്ദേഹം കാൺകെതന്നെ വൃക്ഷങ്ങളെ തകർത്തു, കരിച്ചു, ഭസ്മമാക്കി. ഭീഷണനായ മരുത്ഭഗവാന്റെ ചണ്ഡപ്രഹരങ്ങൾ കൂടാരങ്ങളിലെ യവനികകളെയും ചന്ദ്രക്കലാസ്തൂപികളെയും ശകലിതങ്ങളാക്കി. കൊടിക്കൂറകൾ പറന്നുതിരിഞ്ഞു് പരിസരസരസ്സുകളിലെ ഗംഗാദേവികളുടെ വക്ഷസ്സുകളെ ആച്ഛാദനംചെയ്തു. നഗരാഭേരികൾ അനുനാസികസ്വനങ്ങളെമാത്രം മേളിച്ചു. ടിപ്പുവിന്റെ മാനസകോശത്തിലെ കൗശലസമ്പത്തുകൾ, വർഷനീരസഹിതം ഭൂഗർഭത്തിലോട്ടു് അവഗാഹനംചെയ്തു. ആക്രമണാവശ്യത്തിന് സംഭരിക്കപ്പെട്ടിരുന്ന വെടിമരുന്ന് കരിഞ്ചോറായി. തോക്കുകളും പീരങ്കികളും ആഡംബരോപകരണങ്ങളായി സംഭാരശാലകളിൽ ഒതുങ്ങി. സാദികൾ സ്വഗൃഹസുഖങ്ങളെ സ്മരിച്ച് നിരുന്മേഷരായി. ശൈവവൈഷ്ണവജ്വരങ്ങൾ 'തീറ്റിഭട്ടേരി'കളായി സേനാപാളയങ്ങളിൽ നടമാടി. സുൽത്താന്റെ കളത്രസമിതി അഭയാർത്ഥികളായി പെരുകുന്ന ചെറുജീവികളെ വേട്ടയാടി.

നദിയും പോഷകനദികളും തോടുകളും കരകൾ കവിഞ്ഞു് ഒഴുകിയും മേഘങ്ങൾ അനുസ്യൂതം വർഷിച്ചും കൂടാരവാസവും സ്നാനാദ്യനുഷ്ഠാനങ്ങളും സേനാനിയന്ത്രകസഞ്ചാരങ്ങളും അസുഖമയങ്ങളാക്കപ്പെട്ടപ്പോൾ, സുൽത്താൻ തന്റെ ഉദ്യമമൗഢ്യത്തെക്കുറിച്ച് ഗൂഢമായി സ്വയം ഹസിച്ചുതുടങ്ങി. ഇന്നുനാളെ നിലകൊള്ളുമെന്ന് മോഹിച്ച് അനുഷ്ഠിക്കപ്പെട്ട പ്രാർത്ഥനകളും നേർച്ചകളും ഫലപ്പെടാതെ, വർഷത്തിന്റെ മൂഷ്കരത ദിനംപ്രതി പ്രവൃദ്ധമായി. ഇതു കണ്ടു സുൽത്താൻ പല്ലും കൈകളും ഞെരിച്ചു; പാപ്പാസുകളാൽ കൂടാരത്തറയെ തകർത്തു. എങ്കിലും ആ 'ഭഗവൽപ്രണിധി'യുടെ അകക്കുടം താനേ ഞെരിയുകയും തകരുകയും ചെയ്തു. തന്റെ ക്ഷുദ്രപൈശാചത്വത്താൽ ധ്വംസിക്കപ്പെട്ട 'അവിശ്വാസി' ക്ഷേത്രങ്ങളിലെ 'പിശാച്'സമിതികൾ ഭൂകമ്പസംരംഭംകൊണ്ടുതന്നെ ശിക്ഷിക്കുന്നു എന്ന് ആ ക്ഷതാശയന്റെ വ്യകതയോട്ടു് സഹവർത്തിയായുള്ള ഭീരുത ശങ്കിച്ചു.

ആയുഷ്പരിധിയായ നൂറ്റിരുപതും കഴിഞ്ഞുള്ള വൃദ്ധന്മാർ ആ ഇടവപ്പാതിയിലെ വെള്ളപ്പൊക്കം ഗ്ലേച്ഛപ്രവേശനത്തിന്റെ ഫലമാണെന്ന് അഭിപ്രായപ്പെട്ടു. അനന്തശായിയായ

ഭഗവാൻ തന്റെ ചതുർബാഹുക്കളിൽ പ്രളയനിരോധിയായുള്ളതിനെ രേഖാമാത്രം ഉപസംഹരിച്ച്, സ്വദാസവിജയത്തിനായി ആ പ്രളയത്തെ അനുമതിച്ചു എന്ന് അഭിജ്ഞന്മാർ സംവദിച്ചു. നിമിത്തം എന്തെങ്കിലും ആകട്ടെ, വഞ്ചിരാജ്യത്തിന്റെ പശ്ചിമോത്തരകോണം ആസകലം ദ്വീപസമ്മിശ്രമായുള്ള ഒരു ശോണസമുദ്രമായി. നദീതലങ്ങളാകട്ടെ ക്ഷേത്രങ്ങൾ, വൃക്ഷങ്ങൾ, ഗോശാലകൾ എന്നിതുകളുടെ സമുദ്രതീർത്ഥാടനത്തിനുള്ള പന്ഥാക്കളായി. മനുഷ്യശരീരങ്ങളും വനമൃഗശാബങ്ങളും അർദ്ധജീവങ്ങളായ ഗ്രാമ്യമൃഗങ്ങളും ടിപ്പുവിന്റെ ആസുരസാന്നിദ്ധ്യത്താൽ ഭ്രഷ്ടനാക്കപ്പെട്ട വരുണദേവന് നിവേദ്യങ്ങളായി. കേദാരപ്രാന്തങ്ങളിലും മലംതാഴ്വരകളിലും പാർപ്പുകാരായ ദരിദ്രന്മാർ നിരവധികങ്ങളായി, രാജ്യത്തിന്റെ ദുർദ്ദശാസമാപ്തിക്കുള്ള പ്രായശ്ചിത്തങ്ങളെന്നപോലെ, ആ വൃഷ്ടിഭ്രതത്തിന് ബലികളായിത്തീർന്നു. ജലപ്രവാഹത്തെ നിരോധിച്ച് നിലകൊണ്ട ഭവനങ്ങളിലെ പാർപ്പുകാർ ആബാലവൃദ്ധം തട്ടിൻപുറങ്ങളിലും കൂരകളിലും കയറി അഷ്ടിലബ്ധിക്കുള്ള മാർഗ്ഗം കാണാതെ പട്ടിണികിടന്ന് ആ ഒടുങ്ങാപ്രളയത്തിനിടയിൽ മൃതിചേർന്നു. കൊടുങ്കാറ്റും വൃഷ്ടിശൈത്യവും യമകിങ്കരവൃത്തിയെ അംഗീകരിച്ച്, വിഷമസമരം കൂടാതെ വൃദ്ധജനങ്ങളെയും ബാലസംഘങ്ങളെയും നിർവ്വാണപദം പ്രാപിപ്പിച്ചു.

ഗിരിതടോൽഭ്രതമായ ആ നവജലധിയോ … പൗരാണികകാലങ്ങളിലെ വൃക്ഷശിലാദ്യായുധക്കാരായ രാക്ഷസഗണമെന്നപോലെ വ്യാപരിച്ച് 'ദീൻ' കർമ്മോദ്യുക്തനായ ടിപ്പുവിന്റെ മതാസക്തി അനുസരിച്ച് ആ പ്രദേശങ്ങളെ സമുദ്രഖണ്ഡങ്ങളാക്കാൻതന്നെ സാഹസങ്ങൾ ചെയ്തു. സമൂലതരുക്കൾ, ഗജപരിവൃഢന്മാർ ജലപ്രവാഹത്തോട് പ്രാണസമരം ചെയ്യുന്ന വനമഹിഷങ്ങൾ എന്നിതുകൾ പരസ്പരം സംഘർഷണം ചെയ്ത് ഭിന്നങ്ങളായും സ്വഗതിക്കിടയിൽ ആണ്ടും ജൃംഭിതമതത്തോടെ വീണ്ടും പൊങ്ങിയും കലുഷജലത്തിൽ മന്ഥക്രിയയാൽ മജ്ജാനിരകളെ സഞ്ജാതമാക്കിയും ജലാവർത്തഗർത്തങ്ങളെ നിർമ്മിച്ചും ജലയാനസഞ്ചാരങ്ങളെ ആപല്ക്കരങ്ങളാക്കുന്നു. ജനതാകഷ്ടതകളെ ചിന്തിക്കാതുള്ള പ്രകൃതിപ്രണിധികളുടെ ഈ നിർമ്മമത, സംഹാരരൗദ്രതാപരിധിയെയും അതിക്രമിക്കുന്നുവെന്ന് തോന്നിക്കുമാറ് ദിനംപ്രതി വർദ്ധിക്കുന്നു.

ആ പ്രദേശങ്ങളിലെ വിദഗ്ധനാവികന്മാർ, അവസരദ്രക്കുകളായ രാജ്യദാസന്മാർ എന്നിവർ ഓടികളും വഞ്ചികളും ഇറക്കി ജലാവഗാഹിതമായുള്ള പ്രദേശങ്ങളിൽ ശാർദൂലകർമ്മാനുഷ്ഠകരായി വ്യാപരിച്ചിരിക്കുന്ന ടിപ്പുവിന്റെ പദാതിസംഘങ്ങളെ ഹിംസിച്ചുതുടങ്ങി. ചില യാനങ്ങൾ ടിപ്പുസങ്കേതത്തിന്റെ പുരോഭാഗത്തുള്ള കേദാരസരസ്സിലും പ്രത്യക്ഷങ്ങളായി. ഉപകാരികാകൂടങ്ങൾ ശിഥിലങ്ങളായിത്തീരുകയാൽ കുന്നിന്റെ മുകൾപ്പരപ്പിൽ അദ്ദേഹത്തിനും അരമനയ്ക്കും സേനാഖണ്ഡങ്ങൾക്കും വേണ്ട നെടുമ്പുരകൾ പണിതുടങ്ങി, മേച്ചിൽ കഴിഞ്ഞിരുന്നു. ശത്രുവഞ്ചികൾ തന്റെ പീരങ്കികളുടെയും തോക്കുകളുടെയും ശക്തിനഷ്ടത്തിൽ ധൈര്യപ്പെട്ട് സ്വാക്ഷിവീഥികളെ തരണം ചെയ്വാൻ സംഭൃതദർപ്പന്മാരായത്, അദ്ദേഹത്തിന്റെ കോപദർപ്പത്തെ വീണ്ടും ഉജ്ജൃംഭിപ്പിച്ചു. കേരളത്തിലെയല്ല, ഏതു ചേരചോളമണ്ഡലത്തിലെയാകട്ടെ വർഷത്തുവിനും ആയുഷ്പരിമിതിയുണ്ടെന്ന് ധൈര്യപ്പെട്ട് സുൽത്താൻ തിരുവിതാംകൂറിനെ യാവച്ഛക്യം മർദ്ദിച്ചിട്ട് അനന്തരജീവിതമെന്നു ശപഥം ചെയ്തുകൊണ്ട് സാഹായ്യകസേനകളെയും സാമഗ്രികളെയും മൈസൂരിൽനിന്ന്

ആനയിപ്പാൻ ആജ്ഞകൾ പുറപ്പെടുവിച്ചു. ജാലരുകളും വിചിത്രയവനികകളും ശിഥിലങ്ങളായി, മൃതപക്ഷികളുടെ ചിറകുകളെന്നപോലെ ലംബങ്ങളായി കാണുന്ന ഉപകാരികകളിൽ പലക നിരത്തി സാമാന്യാസനങ്ങൾ ഇട്ടു്, സുൽത്താൻ മന്ത്രശാലാകർമ്മങ്ങൾ നിർവ്വഹിച്ചു. വൃഷ്ടിസംഗമത്താൽ നിഷ്പ്രഭമാക്കിക്കൂടാത്ത കനകരത്നാഞ്ചിതവസനങ്ങളുടെ സ്ഥാനത്ത് ശുഭ്രാങ്കികളെ ധരിച്ചുകൊണ്ടു്, സ്വസിംഹാസനത്തിൽ എഴുന്നരുളി കാലദേശാവസ്ഥകളെ കുരുവരോചിതമായുള്ള സ്തവഘോഷണങ്ങളാൽ പ്രശംസിക്കുന്നു. ആ പൊക്കമുള്ള കുന്നിൻചരിവോളം ജലം പൊങ്ങുകയില്ലെന്ന ധൈര്യത്താൽ കൂടാരത്തിൽത്തന്നെ മന്ത്രസഭകൂടി കാര്യാവലോകനം തുടങ്ങിയ സുൽത്താൻ, അവസന്നമുഖനായി നില്ക്കുന്ന അജിതസിംഹൻ ചെവി വട്ടംപിടിക്കുന്നതു് കണ്ടു് എന്തോ അത്ഭുതസംഭവത്തിന്റെ ആരംഭമുണ്ടാകുന്നുവെന്ന് സംഭ്രമിച്ചു. വർഷവാതമേഘങ്ങൾ മര്യാദരാമന്മാരായി വിശ്രമശയ്യകളെ ആശ്രയിച്ചിരിയ്ക്കുന്നു. എങ്കിലും, വാടങ്ങളിൽ തളയ്ക്കപ്പെട്ടിരുന്ന അശ്വങ്ങൾ കുറ്റികൾ പിഴുതു് വട്ടംതിരിഞ്ഞും പുറങ്കാലെറിഞ്ഞും പുച്ഛങ്ങൾ പറപ്പിച്ചും ദുഷ്ഷന്താശ്വങ്ങളുടെ വേഗതയോടെ അഭയകേന്ദ്രങ്ങൾ ആരാഞ്ഞു് പാഞ്ഞുതുടങ്ങുന്നു. ഭയാനകമായുള്ള ഒരു ഭ്രമരമുരളനം അതിദൂരത്തുനിന്ന് ശ്രവണഗോചരമാകുന്നു. ചക്രവാതധ്വനിയോ എന്ന് സഭാവാസികൾ ശ്രദ്ധിച്ചതിൽ, പവനന്റെ നിശ്ചലത ആ അപരാധാരോപത്തെ പ്രതിക്ഷേധിച്ചു് സേവകജനങ്ങളിൽ പലരും കൂടാരത്തിന്റെ ബഹിർഭാഗത്തിലോട്ടു് ചാടുന്നു. അജിതസിംഹൻ സ്വസ്വാമിരക്ഷണത്തിന് ധൃതഖഡ്ഗനായി, പരിസരചക്രാന്തങ്ങളെ കുശാഗ്രവീക്ഷണംചെയ്തു. ആകാശമഞ്ചത്തിൽ സ്വൈരനിദ്രയെ അവലംബിക്കുന്ന മേഘനിരകൾ അപ്പോഴത്തെ അപരാധോദ്യമക്കാരല്ല. ആരവം അയുതാശ്വങ്ങൾ ഏകോപ്പിച്ചു് ദ്രുതഗമനം ചെയ്യുന്ന ഖുരപതനാപടലി എന്നപോലെ കർണ്ണം പൊട്ടിക്കുന്നു.

സുൽത്താൻ: "ആയു്! നമ്മുടെ സേനാനിര ഭദ്രം. ശത്രുക്കൾ നദീമാർഗ്ഗമായി നിരോധശ്രമം ചെയ്യുന്നു."

അജിതസിംഹൻ: "ചക്രവാതമാണ്; ശത്രുവല്ല."

സേവകന്മാർ: "നെടുമ്പുരയിലോട്ടു് എഴുന്നള്ളാൻ തിരുവുള്ളമുണ്ടാകണം."

സുൽത്താൻ: "ശബ്ദം ചൈത്താൻപടയുടെ നരകവിളിപോലെ."

സേവകന്മാർ: "നമ്മുടെ അരുവികൾ ഇത്ര ഭയങ്കരങ്ങളല്ല."

ആരവം ആകാശത്തെ കവചംചെയ്യുന്ന മേഘക്കൂട്ടങ്ങൾ മുഴവൻ സംയോജിച്ചു് തകരുന്ന കോലാഹലത്തിൽ കേൾക്കുമാറാകുന്നു. മനുഷ്യരുടെ ഭയാട്ടഹാസങ്ങളും രോദനങ്ങളും ആപത്സാമീപ്യത്തെ ധരിപ്പിക്കുന്നു. നദീതീരം തകർന്നു വരുന്നു. വന്മരങ്ങൾ പ്രവാഹഫണങ്ങളിൽ കൃഷ്ണനടനംചെയ്യുന്നു. അല്ല, പർവ്വതനിര, സവനം, ദിക്ദർശനാർത്ഥം പ്രയാണം ചെയ്യുന്നുവെന്ന് ഓരോരുത്തർ വിളിക്കൂട്ടുന്നു. തരുനിരകളെയും മൃഗതതികളെയും മാർഗ്ഗവിലംഘനം ചെയ്ത സമസ്തസാധനങ്ങളെയും വഹിച്ചുള്ള ഒരു ജലപ്രാകാരം കാണുമാറാകുന്നു. അജിതസിംഹൻ ക്ഷതപാദനായ സുൽത്താനെ താങ്ങി മുന്നോട്ടു നടകൊള്ളിച്ചു. ഗിരിസമോന്നതമായുള്ള സമുദ്രതരംഗം പ്രായാണംചെയ്യുംവണ്ണം ആ ജലപ്രാകാരം

സർവ്വം തകർത്തുകൊണ്ട് പാഞ്ഞുപരന്ന്, സുൽത്താന്റെ കൂടാരത്തെയും ആവരണം ചെയ്ത് ബോധക്ഷതകമായുള്ള ഭയങ്കരരടിതത്തോടെ സമുദ്രോന്മുഖമായി പ്രവഹിച്ചു. സുൽത്താനോടൊന്നിച്ച് അജിതസിംഹനെയും അനുചരസംഘത്തെയും ആ അപ്രതിരോധ്യപ്രവാഹത്തിന്റെ ഒരു പുച്ഛം വീഴ്ത്തി സ്നാനംചെയ്യിച്ചു. സേവകരുടെ സഹായത്താൽ സുൽത്താനെയും വഹിച്ചുകൊണ്ട് മുമ്പോട്ടു ചാടിയ അജിതസിംഹൻ മുട്ടോളം വെള്ളത്തിൽനിന്ന് നെഞ്ചോളം താഴ്ചയിലായി. സർവ്വശക്തന്റെ പള്ളിസ്വാസ്ഥ്യം പരമാർത്തനായ സുൽത്താന്റെ തൃക്കണ്ണുക്രന്ദനങ്ങളാൽ ഭംഗപ്പെട്ടു. സേനാസംഘങ്ങൾ മാറടിക്രിയയെ അനുവർത്തിച്ചുകൊണ്ട് ടിപ്പുവിനെ രക്ഷിപ്പാൻ വലയം ചെയ്തു. പ്രതിക്രിയാനുവർത്തിനിയായ മഹാകാളി എന്നപോലെ, ആ പ്രളയവലയം അവരെ മേല്പോട്ട് പായിച്ചു. അങ്കികൾ, കുപ്പായങ്ങൾ, സാമാന്യവസനങ്ങൾ എന്നിവ നനഞ്ഞ് ശരീരങ്ങളോടൊട്ടി, പ്രാണഭീതിയോടെ മണ്ടുന്നവരെ വികൃതരൂപങ്ങളാക്കി. സിംഹാസനങ്ങൾ, ആഭരണങ്ങൾ, മഞ്ചങ്ങൾ, കനകനിർമ്മിതമായ പാനപാത്രങ്ങൾ, അമൂല്യാംബരങ്ങൾ ... കഷ്ടം! സ്വർവ്വധൂകദംബങ്ങളെ ലജ്ജിപ്പിക്കുന്ന സൗന്ദര്യധാമങ്ങൾ, ആഭിസീനികപ്രഭൃതികളായ വീരയോധന്മാർ ... എല്ലാം ആ പ്രവാഹകാളിക്ക് മീണ്ടുകൂടാക്കരാറിന്മേൽ പണയപ്പെട്ടു. ജലചയം അലറിപ്പെരുകി! അജിതസിംഹന്റെ കൂടാരവാസികൾ നീന്തിത്തുടിച്ച് നെടുമ്പുരയിലെത്തി, ജലത്തിൽ ആമജ്ജനംചെയ്തു. സമുദ്രംഗതകളാകാത്ത അരമനവാസികൾ, പിടഞ്ഞടിച്ച വീണും എഴുന്നേറ്റും വസ്തുങ്ങൾ മുറുക്കിപ്പിഴിഞ്ഞു കൈവളകളും പാദവലയങ്ങളും കുലുക്കിയും കുങ്കുമാദി വിവിധ ചൂർണ്ണങ്ങളെക്കൊണ്ട് വസ്തുപ്രകാശങ്ങളെ വിവർണ്ണമാക്കിയും രക്ഷപ്പെട്ടു. നാലഞ്ച് അവഭൃഥസ്നാനം കഴിപ്പിച്ചിട്ട് സുൽത്താന്റെ സന്നൂജ്യകളേബരത്തെ അജിതസിംഹപ്രഭൃതികൾ നെടുമ്പുരയിലെത്തിച്ചു. ആ മഹാപരാക്രമന്റെ ഭീരുതയും ദൈന്യതയും ജലപ്രവാഹത്തിന്റെ ഭയാനകതയും കണ്ടു ലജ്ജാഭീതനായെന്നപോലെ ആദിത്യൻ ചരമഗിരിയുടെ മറവിൽ തലതാഴ്ത്തി മറഞ്ഞു.

ജലം പെരുകിപ്പെരുകി സമുദ്രഭയങ്കരതയോടും ജൃംഭകാസ്തുത്വരയോടും അന്തകദണ്ഡശക്തിയോടും അനുപദസമ്പാതത്തോടും പ്രവഹിച്ച് അന്ധകാരനിരയിൽ മറയുന്നു. ഗൃഹധനങ്ങൾ, ഭക്ഷണവിഭവങ്ങൾ, വിവിധങ്ങളായ സമ്പാദ്യങ്ങൾ എന്നിവയെല്ലാം ആർക്കുമില്ലാതെ നഷ്ടമാകുന്നു. ഭൂമുഖസ്വരൂപങ്ങൾ ഭിന്നങ്ങളായി നവാകൃതിയിൽ പരിവർത്തനം ചെയ്യുന്നു. മഹാഗിരിവാസികളായ ഗജങ്ങൾ ഭ്രമണചെയ്ത് സമുദ്രസംഗമത്തെ പ്രാർത്ഥിച്ച് പാഞ്ഞുപോകുന്നു. പ്രവാഹാരവം ദിഗ്ഗജസർപ്പങ്ങളും സഹസ്രഫണനിരകളും സംഹാരമൂർത്തിയുടെ ഭൃതഗണങ്ങളും ഏകോപിച്ച് അട്ടഹസിക്കുംപോലുള്ള മുഴക്കത്തിൽ വ്യാപരിച്ച്, ഇന്ദ്രനാലും ശക്യമല്ലാതുള്ള ഒരു പ്രവർഷക്രിയ നിർവ്വഹിതമാകുന്നു. ടിപ്പുവായ മൈസൂർ സാമ്രാട്ടിന്റെ ആഗ്നേയാസ്ത്രത്തിന് ശ്രീപത്മനാഭനാൽ ഉപദിഷ്ടമായി അവിടത്തെ ദാസദാസദാസൻ മുക്തമാക്കിയ വരുണാസ്ത്രം ശത്രുവിന്റെ അഹങ്കാരാഗ്നിയെയും വിജയതൃഷ്ണാഗ്നിയെയും ചാമ്പൽപോലും ശേഷിക്കാതെ കെടുത്തി. ജലഗർഭപ്രസവിതമായ ആ പ്രവാഹത്തിലെ ഓരോ ബിന്ദുവും ആത്മബലികർമ്മാക്കളിൽ മഹേന്ദ്രനായുള്ള സൂതികർത്താവിന്റെ മണിപൂരകരക്തത്താൽ സംശുദ്ധമാക്കപ്പെട്ടിരുന്നുവെന്ന് ശ്രീ രാമവർമ്മമഹാരാജാവും

അവിടുത്തെ മന്ത്രിവര്യനും ഗ്രഹിച്ചില്ലെങ്കിലും ശത്രുനിരയെ ലോകനീതിയ്ക്ക് സംതൃപ്തിവരുമാറ് ശിക്ഷിച്ചു.

കാര്യക്കാരുടെ മനോധർമ്മജമായുള്ള പ്രവാഹം പുരാണപ്രസ്തുതമായ വിധത്തിലല്ലാതെ, ക്ഷുദ്രത്ഥരികകളായി ഉൽപതിച്ചും കുലപ്രദേശങ്ങളെ തകർത്തും പരശുരാമപ്രായന്മാരായ വൃക്ഷസമ്രാട്ടുകളെ വക്ഷസ്ഥമാക്കിയും ക്ഷേത്രങ്ങളെയും സൗധങ്ങളെയും സാമാന്യജനവസതികളെയും കുടിലുകളെയും അസ്തിവാരമിളക്കി ഗ്രസിച്ചും സഹ്യപർവ്വതനിരയുടെ മൂർദ്ധാവോട്ട് അനുബന്ധിച്ച് ഇതു അധിത്യകകളിൽനിന്ന് സർവ്വോപഹീഡകമായി ഉത്സർജ്ജിതമായ ഒരു മഹാസംവർത്തംതന്നെ ആയിരുന്നു. ആ മഹാപ്രളയം, അനുപദം സ്ഫീതാകാരമായി, സമസ്തനിരോധങ്ങളെയും സംഭിന്നനംചെയ്ത് സൃഷ്ടിചക്രസാർവ്വഭൗമത്വം വഹിക്കുന്ന മനുഷ്യർ, ദ്വിശൃലന്മാരായ ഗജേന്ദ്രന്മാർ, വിഷായുധന്മാരായ നാഗത്താന്മാർ തുടങ്ങി പിപീലികാന്തമുള്ള ജീവികളിൽ അനന്തകോടികളെ വഹിച്ച് അനാദ്യന്തവരുണാലയത്തിൽ നിക്ഷേപിച്ചു. മഹാസമുദ്രങ്ങൾക്കും ശക്യമല്ലാതുള്ള വിധത്തിൽ തരംഗക്ഷുഭിതമായി ടിപ്പുവും അനുചരന്മാരും പാദസമ്പർക്കത്താൽ മാലിന്യം ചേർത്തുള്ള പ്രദേശങ്ങളിലെല്ലാം വ്യാപരിച്ച്, രൗദ്രക്രൗര്യത്തോടെ ശത്രുകണ്ടകനിചയത്തിന്റെ നിഷൂദനകർമ്മം നിർവ്വഹിച്ചു. ഭയാതിരേകതയാൽ സന്തപ്തചിത്തരായ പ്രേഷകജനങ്ങൾ, പരിത്രാണഹസ്തങ്ങൾക്ക് അപ്രാപ്തമായ ദൂരങ്ങളിൽ മനുഷ്യരും മഹാഭവനങ്ങളും ഭ്രമണംചെയ്തു പോകുന്ന മഹാദുരിതത്തെ വീക്ഷിച്ച്, വിഭ്രാന്തമനസ്കരായിത്തീർന്ന് അനന്തരകാലങ്ങളിൽ ആ ദർശനങ്ങളെ കുസ്വപ്നങ്ങളായി മാത്രം സ്മരിച്ചു.

തന്റെ നെടുമ്പുരയോളം ആ വരുണകോപം എത്തുകയില്ലെന്ന് ധൈര്യപ്പെട്ടു എങ്കിലും പള്ളിയാന്തോളം അടുത്ത ഉദയാരംഭത്തിൽ തയ്യാറായി നിൽപ്പാനും സേനാഭാഗങ്ങളെല്ലാം ത്രശ്ശിവപേരൂർ എത്തിക്കൊള്ളുന്നതിനുമുള്ള കല്പനകൾ സുൽത്താൻ കിടുകിടെ വിറച്ചു താടി വെട്ടി പുറപ്പെടുവിച്ചു. സന്ധ്യാപ്രാർത്ഥനകൾക്ക് പകരം ദീർഘവും വിശാലവുമായ ഹസ്തങ്ങൾക്കിടയിലകപ്പെട്ട് സകല സാധനങ്ങളെയും വഹിച്ചുകൊണ്ട് ഉദ്ദിഷ്ടകേന്ദ്രത്തിൽ നിശ്ചിതസമയത്ത് എത്തുവാനെന്നപോലെ പായുന്ന ആ മഹാകബന്ധപ്രവാഹത്തിനും വഞ്ചിരാജ്യത്തിനും മത്സ്യാപണയോഗ്യമായുള്ള ചരമസ്തവങ്ങൾ സുൽത്താനാൽ പ്രഘോഷിതങ്ങളായി. സുൽത്താന്റെ ആജ്ഞകൾ അരമനയിലും അതതു സേനാഖണ്ഡത്തിലും എത്തിപ്പാൻ വ്യവസ്ഥകൾ ചെയ്തിട്ട് അജിതസിംഹൻ സ്വന്തം പരിച്ഛേദങ്ങളുടെ പ്രയാണത്തിന് വേണ്ട ഏർപ്പാടുകൾ ചെയ്വാൻ തിരിച്ചു.

നെടുതായി, പല ഖണ്ഡങ്ങളായി നിർമ്മിക്കപ്പെട്ടുള്ള നെടുമ്പുരയിലെ ഒരു കോണിൽ പരിജനമധ്യസ്ഥയായി ഒരു മൂടുപടധാരിണി നിൽക്കുന്നത് കണ്ട് ബബ്ലപുരാധീശൻ സന്തോഷാവേഗത്തോടെ ആ പുരയിൽ എത്തി, സ്വപത്നീഹസ്തങ്ങളെ വാത്സല്യപൂർവ്വം ഗ്രഹിച്ചുകൊണ്ട് ചുറ്റിനോക്കി. സുൽത്താനാൽ സൂക്ഷിപ്പിന് ഭരം ഏല്പിക്കപ്പെട്ട തന്റെ ദത്തുപുത്രിയാകട്ടെ, രാജശിക്ഷിതനായ ബന്ധനസ്ഥനെയാകട്ടെ, ആ കൂടാരത്തിൽ കാണ്മാനില്ല. അജിതസിംഹൻ സംഭ്രമിച്ചു വിവശനായി. ഓടിത്തിരിഞ്ഞു് ക്ഷീണിച്ചു നില്ക്കുന്ന അശ്വങ്ങളിലൊന്നിനെ പിടിച്ച് അതിമേൽ കയറി, ആ സന്ധ്യാതിമിരാരംഭത്തിൽ

അദ്ദേഹം ഒരു പരിശോധനാപ്രദക്ഷിണംചെയ്തു. മഹാപ്രവാഹത്തിന്റെയും ചുറ്റുമുള്ള ചെറുസരസ്സുകളുടെയും തീരങ്ങളെല്ലാം ചുറ്റിനോക്കി, വിഫലശ്രമനായപ്പോൾ അരമനയിലെ രാജകളത്രബന്ധുജനങ്ങളെപ്പോലെ പ്രാരാബ്ധങ്ങളിൽനിന്ന് ആ കന്യകയും ഭഗ്നേച്ഛവും പ്രജ്വലിതകോപിഷ്ഠനുമായിത്തീർന്നിരിക്കുന്ന സുൽത്താന്റെ മനോധർമ്മത്താൽ സങ്കല്പിതമാകാവുന്ന നവനിധനോപായങ്ങളിൽനിന്ന് അവളുടെ ബന്ധുവായ വൃദ്ധനും മുക്തരായി എന്നും കന്യകാവൃത്താന്തത്തെക്കുറിച്ചും തന്നാൽ സംപൂജ്യനായിത്തീർന്നിരിക്കുന്ന ദിവാൻജിയെ യഥാവസരം ഗ്രഹിപ്പിച്ചുകൊള്ളാമെന്നും നിശ്ചയിച്ച് അദ്ദേഹം സേനാപ്രയാണത്തെ ഭരിപ്പാൻ പുറപ്പെട്ടു.

അതിഭീമമായുള്ള അക്കാലത്തെ വർഷം സുഖകരവസ്തുങ്ങൾ കിട്ടാതെയുള്ള ചന്ത്രക്കാരവൃദ്ധനെ ക്ഷീണനാക്കി. വർഷവാതകഷ്ടതകൾക്കിടയിൽ അസംഭവിതമായുള്ള ഒരു അത്യുഗ്രകല്പാന്തപ്രളയം ആരംഭിച്ചപ്പോൾ സുൽത്താൻ നിസ്സംശയം പിന്നാക്കം വാങ്ങിക്കളയുമെന്ന് അയാൾക്ക് ഒരു ആത്മജ്ഞാനോദയം ഉണ്ടായി. സാവിത്രിയുടെ കർണ്ണങ്ങളിൽ പല ഗൂഢോപായങ്ങളും ആ ലോകചര്യാവിദഗ്ധൻ മന്ത്രിച്ചു. പ്രവാഹവിജൃംഭണം ടിപ്പുവിനെയും സേനയെയും കുരങ്ങുതുള്ളിയ്ക്കയും അന്തഃപുരവാസികളെ അപഹരിക്കുകയും ചെയ്യുന്നതു് കണ്ടപ്പോൾ, കാളിഉടയാൻ സ്വശിരഃപിണ്ഡത്തെ ചാഞ്ചാടിച്ച് പ്രകൃതിശക്തിയെ അഭിനന്ദിച്ചു. ആവിധത്തിലുള്ള പ്രാബല്യംകൊണ്ട് തനിക്ക് ജീവിതസാഫല്യം സമ്പ്രാപ്തമാക്കാത്ത ശക്തി ഔചിത്യശൂന്യമെന്നും വിധിച്ചു. സാവിത്രിയോടുള്ള ഉപദേശങ്ങൾ മുറുകി, നിരനാദരണീയങ്ങളായ ആജ്ഞകളും ആയി. അച്ഛനമ്മമാരുടെയും കമിതാവിന്റെയും കന്യകയുടെ ഗൃഹങ്ങളുടെയും നാമങ്ങൾ അമരകോശശ്ലോകങ്ങളെന്നപോലെ വൃദ്ധൻ പാഠംചൊല്ലി അവളെ അസ്വസ്ഥയാക്കി.

അജിതസിംഹന്റെ കൂടാരപംക്തികളിലോട്ടും ജലം പ്രവേശിച്ച്, അവിടത്തെ പാർപ്പുകാർ നെടുമ്പുരയിലെ അനുബന്ധങ്ങളിലേയ്ക്ക് നീന്തിയും ഓടിയും തുടങ്ങിയപ്പോൾ, കന്യകാഹസ്തത്തെ ഗ്രസിച്ചുകൊണ്ട് വൃദ്ധൻ തോന്നിയവഴിയ്ക്ക് പാഞ്ഞു. ആ സങ്കേതവാസികളിൽ ഓരോരുത്തനും അവനവന്റെ പ്രാണരക്ഷയിൽ ബദ്ധശ്രദ്ധനായിരുന്നതിനാൽ, സ്വരാജ്യത്തോടും സ്വസമുദായങ്ങളോടും ബന്ധമില്ലാതിരുന്ന വിദേശീയരുടെ പ്രവൃത്തിഗതികളെപ്പറ്റി ആരും പരിഗണിച്ചില്ല. ഈ സ്വാർത്ഥദീക്ഷയുടെ ആനുകൂല്യത്താൽ, കന്യകയുടെ ഹസ്തത്തെ ഗ്രഹിച്ച് ദുശ്ശാസനരക്ഷതയോടെ ശീഘ്രഭ്രമണം തുടങ്ങിയ വൃദ്ധൻ, രണ്ടു മുനമ്പുകളുടെ ഇടയിലുള്ള ഒരു ഉൾക്കായലിന്റെ ശിഖാഭാഗത്ത് സ്ഥലജലന്ധിയിൽനിന്നു രണ്ടുമൂന്നടി പൊക്കത്തിൽ നിലകൊള്ളുന്ന ഒരു ഒതളക്കാട്ടിൽ പ്രവേശിച്ചു. ഗുണം വാ ദോഷം വാ, വൃദ്ധവിഹിതത്തെ അനുസരിക്കതന്നെ എന്ന് സാവിത്രിയും ഉറച്ചു. അസ്തമയവും നല്ല കുരിരുട്ടുമായി; മഴ മുറുകി; പ്രവാഹരവം കർണ്ണപുടങ്ങളെ ഭേദിക്കതന്നെ ചെയ്തു. ജീവിതാവസാനമല്ലാതെ അന്യഗതിയില്ലെന്ന് രണ്ടുപേരും ചിന്തിച്ചുതുടങ്ങി. അഭയമോഹികളായ സർപ്പാദി ബഹുതരം ജന്തുക്കൾ ആ തരുകൂട്ടത്തെ ശരണം പ്രാപിക്കുന്നു എന്ന് ക്രമനേത്രനായ വൃദ്ധൻ കണ്ട് അവരോട് പടപൊരുതു് രാത്രി കഴിച്ചു. ആ പരിശ്രമങ്ങൾക്കിടയിൽ പല വികൃതചേഷ്ടകളും പ്രകടിപ്പിച്ച് കന്യകയെ വിനോദിപ്പിക്കാൻ യത്നിക്കുകയും

ചെയ്തു. മേഘങ്ങൾ അയശ്ശലാകകളെത്തന്നെ വർഷിച്ചു. സ്നേഹമാർദ്ദവത്തിന്റെ സങ്കലനം കൂടാതെ സമഗ്രപ്രമത്തനായി ജീവിതം നിവർത്തിച്ചിട്ടുള്ള താൻ ജനതാസഹസ്രങ്ങൾക്ക് സുഖശയനത്തിനുള്ള ഭവനം നിർമ്മിച്ച്; അവരുടെ ബഹുകാലസുഖാശനത്തിനുള്ള ധനാർജ്ജനത്താൽ കുബേരയശസ്സിനെയും സമ്പാദിച്ച്; മഹാധികാരലബ്ധിക്കുള്ള അതിതൃഷ്ണയാൽ പ്രേരിതനായി ഒരു ദശകണ്ഠ പദവിയെയും പലകാലം ആണ്ട്; ബഹുരാജ്യങ്ങളുടെ സംയോഗകേന്ദ്രമായുള്ള ഒരു നിർന്നായകസാമ്രാജ്യത്തിൽ സാർവ്വഭൗമനായി മഹാസൗധവാസം ചെയ്ത്, ബഹുതരപ്രതാപകേസരികളുടെ സാഷ്ടാംഗപ്രണാമങ്ങൾക്ക് ആശിസ്കരങ്ങളെ ഉയർത്തുകയും ചെയ്തു; തന്റെ കടിബന്ധം ആ മുഹൂർത്തത്തിലും ലക്ഷോപലക്ഷം വരാഹൻ വിലപേറുന്ന ഒരു രത്നാകരത്താൽ വലയിതമായിരിക്കുന്നു. എങ്കിലും വിധിവൈപരീത്യം സംഭവിപ്പിച്ചിരിക്കുന്നത്... ഹാ! എന്നുള്ള ചിന്തകളെ വൃദ്ധൻ ആ അന്ധകാരവിസ്തൃതിയിലോട്ടു വ്യാപരിപ്പിച്ചു. വിദ്യുല്ലതകളാൽ പ്രാകാശിതങ്ങളായ വർഷധാരകൾ, നക്ഷത്രഹാരങ്ങളെന്നപോലെ അനസ്യൂതപ്രപാതംചെയ്തുകൊണ്ടിരിക്കുന്ന ആ നിശയുടെ ദീർഘചര്യയും അവസാനിക്കുമാറായി.

സുൽത്താന്റെ കാഹളധ്വനികൾ സേനായാത്രയുടെ ആരംഭത്തെ ഗ്രഹിപ്പിച്ചു. രാജകീയവാദ്യത്തിന്റെ മൃദുമേളങ്ങൾ പള്ളിയാന്ദോളത്തിന്റെ യാത്രാരംഭത്തെ അറിയിച്ച്, വൃദ്ധന് പരിപൂർണ്ണാശ്വാസം നൽകി. സാവിത്രി അജിതസിംഹനോടും അദ്ദേഹത്തിന്റെ അനസൂയാദേവിയോടുമുള്ള വിയോഗത്തെ ചിന്തിച്ച് വ്യസനിച്ചു. എന്നാൽ, അത്യുഗ്രമായുള്ള ഒരു മഹാദുഃഖം ഇതാ അംഗ്രഷ്ടസ്പർശം ചെയ്തു തുടങ്ങിയിരിക്കുന്നു.

കാര്യക്കാരാൽ നിർമ്മിക്കപ്പെട്ട ചെറുകുല്യ, വിസ്തൃതിയിൽ ക്രമേണ മലയിടുക്കിന്റെ വീതിയോളവും വർദ്ധിച്ച് സരസ്സിന്റെ അടിനിരപ്പോളം അഗാധം ആയിത്തീർന്നു. തന്നിമിത്തം ജലപ്രവാഹം ശീഘ്രതരവും ഭയാനകതരോർജ്ജിതവും ആയി. പ്രളയവിജൃംഭണം ആ മഹാരാത്രിയിലെ അവസാനക്ഷോഭത്താൽ സഹായിക്കപ്പെട്ട് ചന്ദ്രക്കാറന്റെ അഭയസ്ഥലമായുള്ള വൃക്ഷശാഖയോളംതന്നെ ഉയർന്നു. ഈ വസ്തുത ഗ്രഹിയ്ക്കാതെ ഇരുന്നുപോയ അവിടത്തെ നിരാധാരയുഗ്മം തങ്ങളുടെ സുഖാസനമായുള്ള വൃക്ഷം ജലഗതിയുടെ ആയത്തിൽ ചാഞ്ചാടിത്തുടങ്ങിയതുകണ്ട്, ഭീതരായി. ശത്രുക്കൾ ദൂരസ്ഥരായിരിയ്ക്കുന്ന സ്ഥിതിക്ക് കുന്നിന്റെ മുകൾപ്പരപ്പിൽ എത്താമെന്നു ചിന്തിച്ച്, കീഴ്പ്പോട്ടു ചാടി നിലം പറ്റാൻ അവർ ഉദ്യമിച്ചപ്പോൾ, തരുമൂലം ഭിന്നമായി. അരുണോദയത്തിലെ മന്ദപ്രഭയ്ക്കിടയിൽ പർജന്യദേവൻ സന്തോഷബാഷ്പങ്ങളെ പൊഴിച്ച് ആ വൃഷ്ടിനടനത്തിലെ ധനാശിപ്രകടനത്തെ നിവർത്തിക്കെ, രണ്ടുപേരും വൃക്ഷസഹിതം ക്ഷണംപ്രതി പെരുകുന്ന ജലാഗാധതയിൽ പ്രക്ഷിപ്തരായി.

വൃക്ഷകായം ശാഖാവിസ്തൃതി നിമിത്തം ജലത്തിൽ ഒരു ശകടചക്രഭ്രമണത്തെ ഉത്പാദിപ്പിച്ചു. ആ വാഹനത്തെ അവലംബിച്ചിരുന്ന രണ്ടുപേരോടുമൊന്നിച്ച് പടിഞ്ഞാറുള്ള മുനമ്പുചുറ്റി, അടുത്തപോലുള്ള ഒരു ഉൾക്കായലിന്റെ അഗാധതയിലോട്ട് പ്രവാഹഗതി അതിനെ നീക്കി. മനസ്സാന്നിധ്യവാനായ ചന്ദ്രക്കാരൻ, സാവിത്രിയെ വാമഹസ്തത്തിൽ ഗ്രസിച്ചുകൊണ്ട് വൃക്ഷപ്രതിബന്ധത്തെ ഉപേക്ഷിച്ച്, ജലത്തിലോട്ട് ചാടി. അറുപത്തിനാലു തണ്ടു തന്നെ പ്രവർത്തനം ചെയ്താലും ഒരു ബോട്ടിനെ മേല്പോട്ടു കയറ്റുവാൻ സാധിക്കാത്ത ആ

ഒഴുക്കിൽ, അലഘ്വഭാരമായ സാവിത്രീകായത്തെയും വഹിച്ചുകൊണ്ട് വൃദ്ധൻ വിംശതിഹസ്തനായ ദശകണ്ഠൻ എന്നപോലെ, അടുത്ത കര നോക്കി ഒഴുക്കുവിലങ്ങി, കീഴ്പോട്ടു ചാഞ്ഞു് നീന്തിത്തുടങ്ങി. ഒരു മഹാകൃത്യത്തിന്റെ നിർവ്വാഹകൻ എന്നുള്ള ഉന്മേഷം വൃദ്ധനെ ബൃഹത്തരശക്തൻ ആക്കി. ധൈര്യശാലിനിയായ കന്യക മനഃക്ഷീണലാഞ്ഛനം കൂടാതെ പ്രവർത്തനസ്വാതന്ത്ര്യമുള്ള ഹസ്തത്താൽ സഹായിച്ചുതുടങ്ങി. വൃദ്ധൻ, താൻതന്നെ വഞ്ചി എന്നും തന്റെ വീര്യം നാവികൻ എന്നും കൈ തുഴ എന്നും സങ്കല്പിച്ച് പാമരഗാനം പാടി, കന്യകയെ ഉന്മേഷവതിയാക്കിക്കൊണ്ട് നീന്തിത്തുടങ്ങി. അതിദൂരത്തുള്ള ഒരു കുന്നിന്റെ മൂർദ്ധാവിൽ മഹമ്മദീയവേഷധാരിയായ ഒരു അശ്വാരൂഢൻ ആ ഉൾക്കായലിന്റെ ലലാടപ്രദേശം നോക്കിപ്പായുന്നതു് ആ വൃദ്ധനും കന്യകയും കണ്ടു. അജിതസിംഹനെ അല്ല, വർണ്ണപ്രകാശം, രാജകുമാരകീചകനെ കന്യകയെക്കൊണ്ടു സ്മരിപ്പിച്ചു. 'കരംപിടിക്കണം അമ്മാവാ' എന്നു പറഞ്ഞുകൊണ്ട് സാവിത്രി ആയംകൂട്ടിത്തുഴഞ്ഞു്, വൃദ്ധനെ പ്രോത്സാഹിപ്പിച്ചു. വരദതുംഗഭദ്രാദിമഹാനദികളെ മഹാജലപ്രവാഹത്തിലും നീന്തിക്കടന്നിട്ടുള്ള ആ പുരുഷന് വാർദ്ധക്യവും കന്യകാഭാരവും പ്രതിബന്ധങ്ങളായിത്തീർന്നു എങ്കിലും, "ഛെ! ഈ ചളുപിളുത്ത വെള്ളത്തിന്റടുത്തു തോക്കുകയോ? ഹങ്ങനത്തന്നെമ്മണീ!" എന്നു ഗർജ്ജിച്ചുകൊണ്ട് അദ്ദേഹം ഒറ്റക്കയ്യാൽ മാറുവച്ച് നീന്തിത്തുടങ്ങി. ചില തരുശിരസ്സുകൾ പാദങ്ങളിൽ ഇടഞ്ഞു. ചവറുചങ്ങാടങ്ങൾ, ശവച്ചങ്ങാടങ്ങൾ എന്നിതുകൾ വൃദ്ധനെക്കൊണ്ടു് കോപഗർജ്ജനങ്ങളും നാസാച്ചീറ്റങ്ങളും ഉത്സർജ്ജിപ്പിച്ചു. സ്വഭാഗിനേയന്റെ മനസ്സ്വാസ്ഥ്യം ഭഞ്ജിക്കപ്പെട്ടാൽ തന്റെ പരലോകവാസം അസുഖമെന്നുള്ള വ്യാകുലതയോടെ, വൃദ്ധൻ ആയംകൂട്ടി നീന്തി. കര അടുത്തുതുടങ്ങി. എന്തോ ചില സുമാന്തങ്ങൾ തന്റെ ജംഘകളെ ചുംബനം ചെയ്തു. ചില കൃഷ്ണവലയങ്ങൾ ജലമുഖത്തിൽ ക്ഷണനേരപ്രകാശിതങ്ങളായി മറഞ്ഞു. "ആഹാ! ഹങ്ങനെയോ!" എന്ന് ആക്രോശിച്ചുകൊണ്ടു് ആയം ഒന്നു കൂടിക്കൂട്ടി. ചില സൂചിമുനകൾ ഊരുപൃഷ്ഠപ്രദേശങ്ങളിന്മേൽ തറച്ചുതുടങ്ങി. പരമാർത്ഥം ഗ്രഹിച്ച വൃദ്ധൻ, തന്നാൽ ധ്വംസിക്കപ്പെട്ടു് അവഭ്രഷ്ടയായി, പൂജാഗൃഹാദികൾ നഷ്ടമായിത്തീർന്നുള്ള ചാമുണ്ഡിയെത്തന്നെ സ്മരിച്ച് നീന്തി കരയോടടുത്തു. തെരുതെരെ പെരുകുന്ന മത്സ്യനിര എന്നപോലെ ഒരു ജലശ്വാനസംഘം വൃദ്ധനെ ആവരണം ചെയ്തു. "കേയൂന്റടുത്ത് ചൊല്ല്; ഇവൻ ഇരുന്നു തേടിക്കൊടുത്തു എങ്കിലും, ചാവുമ്പം ..." എന്നു തുടങ്ങിയ ചരമവാക്യത്തിനിടയിൽ കന്യകയെ പ്രവാഹപുളിനത്തിലേയ്ക്കു് ചാണ്ടി. വൃദ്ധന്റെ മുതുക്, കണ്ഠം, ശിരസ്സ് എന്നിതുകൾ അനുക്രമം ജലത്തിലേക്കുതാണു. ഒന്നു പൊങ്ങി കൈകൾ അറഞ്ഞുകൊണ്ടുള്ള അട്ടഹാസം, പ്രവാഹമുഖത്തിൽ ശോണകണസമ്മിശ്രമായ ബുൽബുദനിരകളെ ഉത്ഭവിപ്പിച്ചു. ദർപ്പണതുല്യമായുള്ള മൂർദ്ധാവ് ആകാശവിതാനത്തെ ഒന്നുകൂടി സന്ദർശിച്ച് കീഴ്പോട്ടു താണു. ചില ചെറുകുമിളകൾ ജലമുഖത്തിൽ ഉല്ലേഖ്യങ്ങളായി. പ്രവാഹകാളി ബഹുസഹസ്രലക്ഷങ്ങളിലൊന്നായ ഈ ജീവനഷ്ടത്തിൽ ചഞ്ചലയാകാതെ, തന്റെ സംവർത്തക്രിയയുടെ നിർവഹണത്തിൽ സത്രുക്ഷഹാസയായി ദിഗന്തഭേദനം ചെയ്തു്, പാരാവാരയവനികയിൽ പാഞ്ഞു മറഞ്ഞു.

ജലപ്രവാഹത്തിന്റെ വക്ത്രത്തിൽനിന്നു മുക്തയായ സാവിത്രി തന്റെ രക്ഷിതാവിന്റെ ആപത്തു കണ്ടു് ആകാശം ഭേദിക്കുമാറുള്ള നിലവിളികൾ കൂട്ടി. നീർനായ്ക്കൾ മുതുകും മൂ

ക്കുംകാട്ടി പുളയുന്ന ഒരു ഭയങ്കരകാഴ്ച, അദ്ദേഹത്തിന്റെ രക്ഷയിലുള്ള അവളുടെ ആശാകോരകത്തെ വിച്ഛേദിച്ചു. നിലവിളികൾ നിലകൊണ്ടില്ല. സ്വാപത്തിലും ചഞ്ചലപ്പെടാത്ത കന്യക നിലത്ത് വീണരുണ്ടു കരഞ്ഞുതുടങ്ങി. പ്രവാഹകാളിക്ക് ഉദയനിവേദ്യമാകാൻ സന്നദ്ധയായി മുന്നോട്ടു നീങ്ങിയപ്പോൾ, ആത്മഹത്യ ആകുമല്ലോ എന്നുള്ള പുനശ്ചിന്തനം അവളുടെ ഗതിയെ പ്രതിബന്ധിച്ചു. ഓരോ നീർക്കുമിളകൾ പൊങ്ങിപ്പൊലിയുന്ന ക്രമത്തിന് അവളുടെ ജീവിതമോഹവും അസ്തമിച്ചു. നിശാകാലം ഉപവാസത്തിൽ കഴിഞ്ഞിരുന്നതിനാലും ആ വിപത്തിനെ തരണം ചെയ്യുള്ള മനഃക്ഷോഭത്താലും സ്വരക്ഷിതാവിന്റെ മൃതി കണ്ടുള്ള നിർഭരാധിയാലും ക്ഷീണയാക്കപ്പെട്ട ആ കന്യക ആത്മപൗരുഷം ഭഞ്ജിക്കപ്പെട്ട്, മോഹാവേശയായി നിലത്തിരുന്നു. സപ്രകാശങ്ങളും അവ്യക്തങ്ങളും ആയുള്ള ബഹുവർണ്ണാകാരങ്ങളുടെ ഒരു സമ്മിശ്രകലാപം, അന്ധകാരകലാപം, ആഗ്നേയകലാപം എന്നിങ്ങനെ അവളുടെ പ്രജ്ഞാകേന്ദ്രത്തിൽ ആവർത്തനംചെയ്ത് തിളങ്ങി. ആ സംരംഭോർജ്ജിതം ക്രമേണ ക്ഷയിച്ചു, സുബോധലബ്ധി ഉണ്ടായിത്തുടങ്ങിയപ്പോൾ ഒരു ഖുരശബ്ദം അവളുടെ കർണ്ണങ്ങളിൽ എത്തി. അതിദൂരത്തെ കുന്നിനുകളിൽ കണ്ടിരുന്ന മഹമ്മദീയവേഷക്കാരന്റെ ആക്രമണമാണെന്നു ചിന്തിച്ച് എഴുന്നേറ്റ് തിരിഞ്ഞുനോക്കാതെ കന്യക പലായനം ചെയ്ത്, ആ ഉൾക്കായലിന്റെ പുളിനങ്ങളെ തരണംചെയ്തു. ഖുരശബ്ദം അടുത്തടുത്തു വന്നു. ബന്ധിക്കപ്പെട്ടിരുന്ന കേശം അഴിഞ്ഞുലഞ്ഞു കാറ്റത്തു പറന്നു. ഒരു മുനമ്പിന്റെ വിശാലമുഖത്തെ കടന്നപ്പോൾ, അശ്വത്തിന്റെ ഗതിവേഗശബ്ദം പിൻഭാഗത്തായി സമീപപ്രദേശങ്ങളിൽ കേട്ടു തുടങ്ങി. അശ്വഖുരങ്ങൾ മുതുകിന്മേൽ പതിയ്ക്കുന്നു എന്ന് അവൾ ഭീതയുമായി. പുറകിൽനിന്ന് ചില ആജ്ഞകളോ, പ്രാർത്ഥനകളോ പുറപ്പെടുന്നത് വാതാരവത്താൽ പ്രതിബന്ധിക്കപ്പെട്ടു സ്ഫുടശ്രാവ്യമാകുന്നില്ല. പലായനവേഗം ഒന്നുകൂടി ഊർജ്ജസ്വലമായി. അജിതസിംഹദത്തമായുള്ള കഠാര ആകാശത്തിലോട്ടുയർന്നു, പല ദിവസമായി അസ്തമിച്ചിരുന്ന സൂര്യന്റെ അഭിനവകിരണങ്ങളെ പ്രതിഫലിപ്പിച്ചു. അശ്വഗതി പൊടുന്നനെ നിലകൊണ്ടു. ഹാ! ഘാതകൻ താഴത്തു ചാടുന്നു; പാതകോദ്യക്തമെന്ന് തോന്നിയ ഒരു ഹസ്തം തന്റെ ശരീരത്തെ സ്പർശിക്കുന്നു; ഘാതകന് അഭിമുഖയാകാൻ, കോപാഗ്നിസ്ഫുരണം ചെയ്ത്, കന്യക പെട്ടെന്നു തിരിയുന്നു; മഹമ്മദീയവേഷക്കാരന്റെ വക്ഷസ്സാണ്ഡത്തിൽ കന്യകാഹസ്തത്താൽ പ്രയോഗിക്കപ്പെട്ട കഠാര ആമധ്യം അവഗാഹനം ചെയ്യുന്നു. കന്യകയെ പരിരംഭണംചെയ്ത ആഗതന്റെ കൃപാർദ്രമുഖത്തിന്റെ ദൈന്യതാരംഭവും അയാളുടെ വക്ഷഃപ്രദേശത്തുനിന്ന് പ്രവഹിച്ച് വസ്ത്രത്തെ ശോണമയമാക്കുന്ന രക്തധാരയും കണ്ട് ആ പരിരംഭണത്തിൽ നിന്നിഴിഞ്ഞു, അവൾ നിലംപതിച്ചു. ടിപ്പുവിന്റെ കൂടാരത്തിൽ പ്രവേശിച്ചു തന്റെ പ്രണയിനിയുടെ പുനർലബ്ധി സമ്പാദിപ്പാൻ വീണ്ടും ധീരപ്രണയവാന്റെ പ്രയാണം ആരംഭിച്ച ത്രിവിക്രമകുമാരനും കന്യകാപാർശ്വത്തിൽ ബോധം ക്ഷയിച്ചു പതിച്ചു.

35

"അനവധി മമ പുനരപരാധം
അതിനിതു സമുചിതമിതി വാദം"

മൂന്നാം ദിവസത്തിലെ സൂര്യൻ അദ്ഭുതപൂർവ്വമായുള്ള ജലാർപ്പണം കൊണ്ടു് നിസ്സീമ ദ്യുതിമാനായി ആകാശത്തിൽ തിളങ്ങി തന്റെ കരകോടികളുടെ ആചമനകൗശലം അനുവർത്തിച്ച് പ്രവാഹജലത്തെ സ്വമണ്ഡലത്തിലോട്ടു് ആദാനം ചെയ്തു് വറ്റിക്കുന്ന ശീഘ്രതയാൽ ചണ്ഡകിരണപ്രയോഗം വിസ്മൃതമായിട്ടില്ലെന്ന് തെളിയിക്കുന്നു. നാവികവിദഗ്ധന്മാരെ ഭയപ്പെടുത്തിയ പ്രവാഹവിജൃംഭണം ഹേമന്തകാലഗാംഗേയതയിലോട്ടു് അമർന്നിരിക്കുന്നു. ടിപ്പുവിന്റെ നെടുംപുരകൾ, വഞ്ചിസചിവന്റെ കാര്യാലയം, വിശ്രമസ്ഥാനം, 'വൈദ്യരത്ന'ങ്ങളുടെ ആലോചനാമണ്ഡപം, രണ്ടു് കോമളകളേബരങ്ങളുടെ ആതുരശാല, സചിവാഥിതികളുടെ വാസവാടം എന്നിങ്ങനെ വിഭാഗിക്കപ്പെട്ടിരിയ്ക്കുന്നു. രാക്ഷസനിഷ്ക്കാസനാനന്തരം ദണ്ഡകവാസികളായ ഋഷികുലം എന്നപോലെ, ടിപ്പുവിന്റെ മടക്കം കണ്ടു് ആ പ്രദേശവാസികൾ സ്വൈരസഞ്ചാരം തുടങ്ങിയപ്പോൾ അവരിൽ ചിലർ ത്രിവിക്രമകുമാരനെയും സാവിത്രിയെയും മരണത്തോടടുത്തുള്ള അപായസ്ഥിതിയിൽ കണ്ടു. ദയാശീലന്മാരും ഉദാരമതികളുമായ ഗ്രാമീണജനങ്ങൾ ആ സൗകുമാര്യസ്തോമങ്ങളെ നെടുമ്പുരയിലോട്ടു് മാറ്റി. അല്പശുശ്രൂഷകൾകൊണ്ടു് സുബോധവാനായ ത്രിവിക്രമനിൽനിന്ന് വർത്തമാനങ്ങൾ അറിഞ്ഞപ്പോൾ അവരുടെ സ്വജനസ്നേഹം ഊർജ്ജസ്വലമായി ഗാഢകൃപയോടുള്ള ശുശ്രൂഷകളും ആരംഭിച്ചു. വൃത്താന്തങ്ങൾ മതിമാനായ ദിവാൻജിയെ ധരിപ്പിപ്പാൻ ചെറുവഞ്ചികളുടെ ഉടമസ്ഥന്മാർ അവയെ ഇറക്കുകയും ചെയ്തു. രണ്ടാം ദിവസം രാത്രിയിൽ ദിവാൻജിയും അദ്ദേഹത്തിന്റെ പാളയഭാഗങ്ങളിൽ മാന്യാതിഥികളായി പാർപ്പിക്കപ്പെട്ടിരുന്ന ഉണ്ണിത്താനും മാധവമേനോനും പല ഉദ്യോഗകാര്യസ്ഥന്മാരും ചികിത്സാവിദഗ്ധന്മാരും ഭടജനസഹിതം ടിപ്പുവിന്റെ അവസാനസങ്കേതത്തിൽ എത്തി.

സുൽത്താനെക്കാൾ ബലിഷ്ഠകായനും യുവപ്രായനും ബ്രഹ്മചര്യയിൽ പരിപാവനനും ആയിരുന്ന യുവാവ് ആ പ്രദേശത്തിലെ വൈദ്യന്റെ ചോരകഴുകലും തൈലധാരകളും വച്ചുകെട്ടുകളും അനായാസവാസം നിർബന്ധിക്കുന്ന ഏതാനും ശ്ലോകങ്ങളുംകൊണ്ട് കട്ടിലിൽ എഴുന്നേറ്റിരുപ്പാനും അല്പജ്വരത്തിനിടയിൽ പ്രണയിനീരോഗത്തെക്കുറിച്ച് അന്വേഷണം ചെയ്‌വാനും ശക്തനായിത്തീർന്നിരുന്നു. ആ യുവാവിന്റെ ഒറ്റക്കൈകൊണ്ടുള്ള പ്രണാമത്തെ സമന്ദഹാസം അംഗീകരിച്ച് അയാളെ സസ്നേഹം തലോടീട്ട് ദിവാൻജി കന്യകയുടെ സമീപത്തിലോട്ടു നീങ്ങി. മുഖത്തിന്റെ ഉദയപ്രശാന്തത അന്തഃപ്രഭുത്വത്തെ ദ്യോതിപ്പിക്കുന്നെങ്കിലും ആ വീരസതി കഠിനജ്വരത്താൽ പേപറഞ്ഞും തല ഉരുട്ടിയും കിടക്കുന്നതു് കണ്ടപ്പോൾ അദ്ദേഹം തന്റെ ഗണകഹൃദയത്തെ പദ്യരസാനുഭൂതമാക്കിത്തീർത്തിട്ടുള്ള അവളുടെ മധുരോപദ്രവങ്ങളെയും ഉപദ്രവകരപരിചരണങ്ങളെയും സ്മരിച്ചു. സ്തോഭകനുകത്താൽ ആ ഗദ്യാത്മകന്റെ കണ്ഠം പ്രതിബന്ധിതമാവുകയാൽ അദ്ദേഹം ക്ഷീണഗോപനത്തിനായി ഏകാന്തതാഗൃഹത്തെ പ്രത്യക്ഷമാക്കി പരിസരവർത്തികളെ പുറത്തേക്കു നീങ്ങിച്ചു. ടിപ്പുവിന്റെ പ്രത്യാഗമനത്തിൽ പരിതോഷമൂർത്തിയായിത്തന്നെ തീർന്നിരുന്ന ദിവാൻജി ഇങ്ങനെ മന്ത്രാകൃഷ്ടമായ വല്ലിക എന്നപോലെ തളർന്നു. ഭിഷഗ്വരന്മാർ ആ ശാലയിലോട്ട് ആനീതരായി. ആ മഹാപരിത്രാതാവിന്റെ സാന്നിദ്ധ്യം അറിഞ്ഞു് സൽക്കാരത്തിനും പരിചരണത്തിനും എത്തിയിരുന്ന സമീപപ്രദേശപ്രഭുക്കന്മാരും സന്ദർഭവിശേഷംകൊണ്ടുള്ള സ്വാതന്ത്ര്യത്താൽ ശാലയിൽ നിറഞ്ഞു. സന്നിഹിതരായുള്ള ആയുർവ്വേദജ്ഞന്മാർ സാവിത്രിയുടെ രോഗം ത്രിദോഷക്ഷോഭമായുള്ള ഒരു ആപന്മയപീഡയാണെന്ന് അഭിപ്രായപ്പെട്ട് പണ്ഡിതരീതിയിൽ ചികിത്സ ആരംഭിച്ചു. സന്ധ്യ ആയപ്പോഴേയ്ക്കും മുറിവ് എല്ലാം വച്ചുകെട്ടിക്കൊണ്ട് ത്രിവിക്രമൻ തന്റെ മാതുലനായ മേധാവിയുടെ സാന്നിദ്ധ്യവും മറന്ന് സാവിത്രിയുടെ കാൽക്കൽ ആസനസ്ഥനായി. കണ്ണുനീർധാരകൊണ്ടുള്ള ചികിത്സാസമ്പ്രദായത്തെയും അനുവർത്തിച്ചുതുടങ്ങി.

യുവാവിനോട്ട് ചോദ്യംചെയ്ത് അയാൾ അറിഞ്ഞിടത്തോളമുള്ള സംഭവങ്ങളെ ദിവാൻജി ഗ്രഹിച്ചിട്ടും ടിപ്പുവിനാലും അജിതസിംഹനാലും കന്യക എങ്ങനെ ഉപേക്ഷിയ്ക്കപ്പെട്ടു എന്ന ചിന്ത അദ്ദേഹത്തിന്റെ ഹൃദയത്തെ ചഞ്ചലപ്പെടുത്തി. ശത്രുസങ്കേതത്തിൽ ബന്ധനസ്ഥനായ ചന്ത്രക്കാരന്റെ ഗതി എന്തെന്നറിവാനും അദ്ദേഹം ആകാംക്ഷാവാനായി. എന്തായാലും ഉണ്ണിത്താനെ വരുത്തി സാവിത്രിയുടെ സ്ഥിതി കാണിച്ച് ചിലതു പറഞ്ഞുതീർക്കാൻ തീർച്ചയാക്കിക്കൊണ്ട് അദ്ദേഹം ആ ശുദ്ധമനസ്കനെ 'ഹാജർ' ആക്കാൻ ആജ്ഞാപിച്ചു. ടിപ്പുവിന്റെ ശത്രുഭാവം പകർന്നുള്ള മൂർത്തിയുടെ രൗദ്രജാജ്വല്യതയോടും സചിവാജ്ഞയെ അനുസരിപ്പാനുള്ള വൈമനസ്യത്തെ മുഖഭാവത്താൽ പ്രത്യക്ഷമാക്കിക്കൊണ്ടും ഉണ്ണിത്താൻ രോഗിണിയുടെ ശാലയിൽ പ്രവേശിച്ചു. ദിവാൻജിയിൽനിന്നുണ്ടാകേണ്ട ചോദ്യത്തിനോ അന്വേഷണത്തിനോ കാത്തുനിൽക്കാതെയും ഉപചാരപ്രകടനമൊന്നും കൂടാതെയും അദ്ദേഹം സോൽപ്രാസസ്വരത്തിൽ സ്വഗതമായി ഇങ്ങനെ ഒരു വിമർശനം തുടങ്ങി: "ശത്രു മറഞ്ഞു... ഭാഗ്യംതന്നെ. മേൽക്കുമേൽ യശസ്സ് കവികളും കീർത്തിയ്ക്കും." (ദിവാൻജിയുടെ നേർക്കു തിരിഞ്ഞ്) "ഈ തടവുപുള്ളി എന്തുത്തരവ് അനു

സരിക്കണമെന്ന് ഉത്തരവാകണം. ളുക്കാനാണു വിധിയെങ്കിൽ അതു നടക്കട്ടെ. കണ്ടവന്റെ പൂട്ടുകെട്ടിൽ കിടന്നു കഷ്ടപ്പെടാൻ ഞാൻ എന്തു പിഴച്ചു? തിരുമനസ്സറിഞ്ഞുതന്നെയോ ഈ അവമാനം ചുമപ്പിപ്പ്?"

ഈ വാക്കുകൾ ദിവാൻജിയുടെ മനസ്സിനെ ഉത്തേജനംചെയ്ത് വ്യഥിപ്പിക്കുകയാൽ അദ്ദേഹം മഹാരാജാവിന്റെ ലേഖനം എടുത്ത് ഉണ്ണിത്താന്റെ കൈയിൽ കൊടുത്തു. തൃക്കയ്യാൽ ലിഖിതമെന്ന് ഒരു നോക്കിൽത്തന്നെ കണ്ട ഉണ്ണിത്താൻ, അതിനെ കണ്ണുകളിൽ ചേർത്തിട്ട് ആമുഖാന്തം വായിച്ചുകൊണ്ട് ഇങ്ങനെ ചോദ്യം തുടങ്ങി: "പടയ്ക്കിടയിൽ ചാടാതെ എന്നെ സൂക്ഷിച്ചുകൊള്ളാൻ ബന്ധനമല്ലാതെ വേറൊരു മാർഗ്ഗവുമില്ലായിരുന്നോ?"

ദിവാൻജി: "നാം തമ്മിലുള്ള സ്വരച്ചേർച്ചയ്ക്കിടയിൽ മറ്റു വഴി എന്തുണ്ടായിരുന്നു എന്നു പറഞ്ഞേക്കണം!"

ഉണ്ണിത്താൻ: "അതേതെ! കാരണമുണ്ടാക്കുന്നതും അതിനെ അടിസ്ഥാനമാക്കി വാദിക്കുന്നതും എല്ലാം അവിടത്തെ സ്ഥാനവലിപ്പസ്ഥിതിയിൽ നയവും നീതിയുമാകും. തിരുവെഴുത്തിൽ അവിടത്തെ വാക്കെല്ലാം വിശ്വസിക്കണമെന്നുകൂടി ചാർത്തീട്ടുണ്ട്. ഉദ്യോഗകാര്യത്തിൽ ആവാം. മറ്റുള്ളതിൽ സങ്കടമുണ്ടെന്ന് അറിയിച്ചേക്കണം. അങ്ങോട്ടു മടങ്ങാൻ ആഗ്രഹമില്ല. മാനംമര്യാദയുള്ള ആളുകൾക്ക് അവിടുത്തെ നീട്ട് ഊർജ്ജിതത്തിൽ ഇരിക്കുന്ന കാലത്തോളം 'ഇരിശ്ശരണം' കിട്ടുല്ല. അതുകൊണ്ട് ശ്രീകാശിയോ ഹരിദ്വാരമോ ഏതു കാടെങ്കിലും തേടിക്കൊള്ളാം."

ദിവാൻജി: "ഇഷ്ടംപോലെ ചെയ്യാൻ ബന്ധന ഉത്തരവ് അഴിയണം. ഈ കുട്ടിയെ ഒന്നു നോക്കിക്കളയണം. ദയാലുവാണല്ലോ... ധർമ്മജ്ഞനും."

ഉണ്ണിത്താൻ: "എന്തിനു നോക്കുന്നു യജമാനനേ? അവളെ ഞാൻ ഒരാൾക്ക് കൊടുപ്പാൻ നിശ്ചയിച്ചു. ആ തിരുമേനി കൊണ്ടുപോയിരുന്നെങ്കിൽ ഈ അനർത്ഥമൊന്നും വരുല്ലായിരുന്നു. 'താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ' ആരനുഭവിക്കുമെന്നുള്ളതു് ഞാൻ പറയണമോ? കൊട്ടാരക്കരക്കാര്യക്കാർ മുഖാന്തിരം ഇവിടുന്ന് പ്രയോഗിച്ച നയം അവമാനം വരുത്തി സ്വന്തം ഉള്ളം വേവിക്കയും ചെയ്യുന്നു. ദൈവനീതിക്ക് ദാക്ഷിണ്യമില്ല."

ദിവാൻജി ഒരു ഹരിക്കാരനെ വരുത്തി മാധവമേനോനെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

ഉണ്ണിത്താൻ: "അജിതസിംഹൻ തിരുമേനീടെ യോഗ്യത ഇവിടുന്ന് അറിഞ്ഞിട്ടില്ല. ഞാൻ കണ്ടു സംസാരിച്ചിട്ടാണ് കൊടുപ്പാൻ തീർച്ചയാക്കിയതു്. അവിടുന്ന് അവകാശക്കാരൻ തടുത്തതു് അവിടെ നിൽക്കട്ടെ."

ദിവാൻജി: "അയാളെ കണ്ടതിന് കാലിൽ ചങ്ങല വീഴാത്തതു്..."

ഉണ്ണിത്താൻ: "വയ്ക്കാമായിരുന്നല്ലോ. എന്തിനു മടിച്ചു? പണ്ടാരവകവിലങ്ങ് ഇന്നും അണിവാൻ ഇതാ കാലുകൾ നീട്ടിത്തരാം. എന്റെ ജാതകവിശേഷം അവിടേക്ക് അറിയാമല്ലോ. ഓരോ ഗ്രഹചാരത്തിലും, കുറ്റം ചെയ്യാതെ ബന്ധനത്തിലാകണമെന്നുണ്ട്. പരുക്കയിൽ, മലയിൽ, പട്ടാളത്തിനിടയിൽ... എന്തെല്ലാം കഴിഞ്ഞു! ഇനി ഇരുമ്പു തണ്ടയും അണിഞ്ഞാവട്ടെ. പക്ഷേ, ആ രാജസിംഹകുമാരനെ അവമാനിക്കരുത്."

ദിവാൻജി: "എന്നാൽ, ഇതാ വരുന്നു. ഇരുത്തി സല്ക്കരിച്ചുകൊള്ളുക."

കുനുകുനെ മിനുങ്ങുന്ന വജ്രകുണ്ഡലങ്ങൾ ധരിച്ചും ആറു വിരലുകളിൽ മോതിരങ്ങൾ നിരത്തിയും അടിമുണ്ടും ചുറ്റിയും കേശമീശാദികളെ കോതി ഒതുക്കിയും ഇടതുകൈമോതിരങ്ങളിന്മേൽ വലതുകൈനഖങ്ങളാൽ താളങ്ങൾ മേളിച്ചും ശൃഗാരധാമാവായി, മാധവമേനവൻ ദിവാൻജിയുടെ മുമ്പിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ മുഖരൂക്ഷത കണ്ട് ഉണ്ണിത്താനെ പിച്ചകളിപ്പിച്ച രാജവേഷധാരി, വിനയോപചാരവാനായി ഒരു മുഷ്ടിയെ താടിയോടു സംഘടിപ്പിച്ച് മുഖത്തെ നമ്രമാക്കി നിലകൊണ്ടു. തൊഴുതുപചരിപ്പാൻ ഒരുങ്ങിയ ഉണ്ണിത്താൻ തന്റെ ഹസ്തങ്ങളെ പിന്നാക്കം വലിച്ചുകൊണ്ട് സ്വപ്നാധീനൻ എന്നപോലെ ആഗതനെ ആപാദമസ്തകം നോക്കി, അനന്തരം മേല്പോട്ടും കീഴ്പോട്ടും നോക്കി, ഒരു തോൽവി സമ്മതിക്കേണ്ടതിനെക്കുറിച്ച് ലജ്ജിച്ച് വിവശനായി. ഉണ്ണിത്താന്റെ ഭാവഭേദങ്ങൾ കണ്ടപ്പോൾ മേനോൻ സ്ഥിതികൾ മറന്ന് "കേട്ടോ ഉണ്ണിസ്ഥാൻ..." എന്ന് തുടങ്ങി.

ദിവാൻജി: "ആയ്ങ്!"

മാധവമേനോൻ ചില താളങ്ങൾ തുള്ളി ബുദ്ധിസ്ഖലനത്തെ സമ്മതിച്ചു.

ദിവാൻജി: "എടോ മേന്നേ!"

ദിവാൻജി: "അമ്മയെ കാണണ്ടേ? പൊയ്ക്കൊള്ളു ഇപ്പോൾത്തന്നേ. തടവിൽനിന്നും വിട്ടിരിക്കുന്നു. ഇവിടെങ്ങും താമസിക്കരുത്, കേട്ടോ? ആരോ എന്തോ, പലതും പറയുന്നതു് കേട്ടു. വേഗം ചെന്ന് അതിന്റെ പരമാർത്ഥം അന്വേഷിക്ക്. സഹായം വല്ലതും വേണമെങ്കിൽ ചോദിപ്പാൻ മടിക്കേണ്ട. ഇനി എങ്കിലും നിലയ്ക്കും മര്യാദയ്ക്കും ഇരുന്നില്ലെങ്കിൽ, പണ്ടാരവകയായി തെക്ക് ചില കോട്ടകളും അറകളും ഉണ്ടെന്നു മനസ്സിലാക്കിക്കൊള്ളു. നടക്കു."

വ്യാജവേഷത്തിൽ ശത്രുചാരനായി മഹാരാജാവിനെ വഞ്ചിക്കയും ദ്രോഹിക്കയും ചെയ്തതിന് കിട്ടിയ ശിക്ഷയുടെ ലഘുത്വത്തിൽ സന്തോഷിച്ചും എന്നാൽ സുചിതമായ സംഭവത്തിന്റെ സ്വഭാവം മനസ്സിലാകാതെ സംഭ്രമിച്ചും മാധവമേനോൻ ഉപചാരനിയമങ്ങളിൽ ഒരു പാഠദായകൻ എന്നപോലെ തൊഴുതുകൊണ്ടു പിൻവാങ്ങി.

ദിവാൻജി: "നിങ്ങടെ തിരുമേനീടെ യോഗ്യത ഇപ്പോൾ കണ്ടില്ലേ? കഥകളെല്ലാം പിന്നീടു പറയാം. തല്ക്കാലം ആ കുട്ടിയെ ഒന്നു തലോടി അനുഗ്രഹിക്കുക. അതിന്റെ ദുരിതം നീങ്ങി സുഖപ്പെടട്ടെ. പിതൃകർത്തവ്യം എന്ന്…"

ഉണ്ണിത്താൻ: "നിറുത്തണേ യജമാനനേ! ഈ പാഠകം ചൊല്ലുക എനിക്കും കുറേശ്ശ വശമുണ്ട്. കേൾക്കണം. ഭാഗ്യംകൂടി അനുഗ്രഹിച്ച ഒരു ചെറുകലിഭ്രംഗം ഒരു പെണ്ണിനെ മോഹിച്ചു. അവളെ ചുറ്റി, മറ്റൊരു വണ്ടത്താൻ മുരണ്ടു നടന്നിരുന്നു. കലിഭ്രംഗം ഒരു ദ്വാപരിയെ അയച്ച് അതിന്റെ മാളത്തിൽ കൊണ്ടുപോയി കണ്ടു ചിലതുറച്ചു. ആദ്യവണ്ടത്താൻ ചെവിക്കുചെവി അറിയാതെ ഒരു കുടുക്കിലുമായി. കാര്യങ്ങളെല്ലാം ഭംഗിയിൽ കലാശിപ്പിച്ചുകൊണ്ട്… ചെലവില്ലാതിരിക്കണ്ടേ… ആദ്യ ജന്തുവിനെക്കൊണ്ട് പെണ്ണിനെ മുണ്ടുകൊടുപ്പിച്ചു. ഭർത്താസ്ഥാനം…" (ഉണ്ണിത്താന്റെ ദേഹം കോപത്താൽ വിറകൊണ്ട്, ഉപമാപ്രയോഗം സ്മൃതിയിൽനിന്നു കൊഴിഞ്ഞു). "അല്ലെങ്കിൽ അതെന്തിന് പറയുന്നു? ആ കൊടന്തച്ചെറുക്കൻപോലും ഇവനെ പരിഹസിച്ചു. ലോകർ ഇടക്കണ്ണിട്ടു നോക്കി. ഈ പ്രേമസന്താനം അച്ഛനെന്ന പേരു ചുമക്കുന്ന ഇവനെ കണ്ടുവോ കേട്ടുവോ? എന്നായി! കൊല്ലാൻകൂടി ചാടാത്തത് ഭാഗ്യം! ചന്ദ്രഹാസം… അല്ല… മാനം എന്നൊന്നില്ലേ? അതു പേടിച്ച് ഇവൻ മിണ്ടീല്ല. എന്നിട്ടും ഇവനെ അങ്ങോട്ടോടിച്ച്, ഇങ്ങോട്ടോടിച്ച്, കഴിയുംവണ്ണമെല്ലാം കഷായിപ്പിച്ചു. തിരുമനസ്സിലേയ്ക്കുവേണ്ടി ഒരു പട ചേർത്തപ്പോൾ ഇതാ ചങ്ങലയില്ലാത്തടവിലുമാക്കി, ഒരു തിരുവെഴുത്തും വാങ്ങി. 'പറയുന്നതെല്ലാം ഇവൻ കേൾക്ക്' എന്ന് ഉത്തരവും. കൗടില്യന്റെ നയം ഇതിലെത്ര ഭേദം! ഇതേതു നരകവിദ്യ?"

ഉണ്ണിത്താൻ ചില ശ്ലോകങ്ങളും ചൊല്ലിത്തുടങ്ങി. അതുവരെ ബന്ധുനില കൈക്കൊണ്ടിരുന്ന ദിവാൻജി മന്ത്രിഗൗരവത്തോടെ ഭ്രുചക്രം നോക്കി ആസനസ്ഥനായി ഇങ്ങനെ ആരംഭിച്ചു. "ആട്ടെ, ഉണ്ണിത്താൻ, പ്രസംഗം ഭംഗിയായി. നിങ്ങളുടെ പടചേർപ്പ് ആരുടെ അനുമതിയോടെ, എന്തിനായിട്ടു?"

ഉണ്ണിത്താൻ: "കല്പനാനുമതിയോടെ, ഇവിടത്തെ പടയോട്ട് ചേരാൻ?"

ദിവാൻജി: "അതു മാങ്കാവിലേക്ക് നടകൊണ്ടതെന്തിന്? നേർവഴി കണ്ടിട്ടും അങ്ങോട്ടു തിരിഞ്ഞതിന്റെ ഉദ്ദേശ്യം?" (ഉണ്ണിത്താൻ കുഴങ്ങി, ശരിയായ സമാധാനം ആലോചിപ്പാൻ അല്പമൊന്ന് ചിന്തിച്ച് നിലകൊണ്ടു) "ആട്ടെ, ഈ സാവിത്രിയെ മുൻകൂട്ടി ടിപ്പുവിന്റെ പാളയത്തിൽ അയച്ചതിന് എന്തു സമാധാനം പറയുന്നു?" (ഉണ്ണിത്താൻ ആശ്ചര്യചേഷ്ടകൾ പ്രകടിപ്പിച്ചു തുടങ്ങി) "ആ പെരിഞ്ചക്കോടൻ മാങ്കാവിൽ പാളയം ഉറപ്പിച്ചിരുന്നില്ലേ? ആ പടയോട്ടു ചേരാൻ അല്ലേ അങ്ങോട്ടു തിരിച്ചത്?"

ഉണ്ണിത്താൻ: "അതു ഞാൻ അറിഞ്ഞതുമില്ല, കണ്ടതുമല്ല."

ദിവാൻജി: "എന്നാൽ, ആ ദ്രോഹി അങ്ങേ മകളെ കൊണ്ടുചെന്ന് ടിപ്പുവിനു കാഴ്ചവച്ചതെങ്ങനെ? കല്പിച്ചും ഹരിശ്ചന്ദ്രനായി പൂജിക്കുന്ന അങ്ങേ സത്യം ഇത്ര യോഗ്യതയിലോ? അതു പോട്ടെ. ചിലമ്പിനഴിയത്ത് നന്തിയത്ത് ഈ സ്ഥലങ്ങളിൽ ആരു വന്നിരുന്നു? എന്താ വിചാരിക്കുന്നത്? ടിപ്പുസുൽത്താൻ പോയിക്കഴിഞ്ഞു. പൊന്നു തിരുമേനീടെ തൃപ്പാദങ്ങളേ ആശ്രയമുള്ളൂ; മനസ്സിലാക്കുക. കൊടന്തയും കുറുങ്ങോട്ടുവന്ന ആളുമായി നടന്ന ആലോചന എന്തായിരുന്നു? ഒരു സംസ്ഥാനത്തോടിയിടയുന്നവൻ പാൽ മോഷ്ടിക്കുന്ന പൂച്ച ആകരുത്. ശത്രുവിന് കണ്ണ് ആയിരം എങ്ങുമുണ്ടെന്ന് അറിഞ്ഞു് നടക്കണം. അങ്ങേടെ ശിഷ്യൻ, മന്ത്രി, വിശ്വസ്തൻ ആ കൊടന്തയെ, അവനെ പറയൻ പാണ്ടയ്ക്കും അജിതസിംഹവേഷക്കാരനും ഉള്ളാളായിട്ടല്ലേ അങ്ങു വിട്ടിരുന്നത്? പാണ്ട പെരിഞ്ചക്കോടന്റെ കപ്പിത്താനുമല്ലേ? അവൻ കൂടിച്ചേർന്നല്ലയോ കണ്ഠീരവനെ വിടുവിച്ചത്? അങ്ങ് പണ്ഡിതൻ, താർക്കികൻ, അല്പം മുമ്പിലത്തെ വാശ്ശോരണി എങ്ങോട്ടുപോയി? മാങ്കാവിലെ ഒരു മുറിക്കകത്തുവച്ച് കണ്ടതാരെ? അതു മാത്രമെങ്കിലും സത്യമായി തിരുമനസ്സറിയിക്കട്ടെ. ഗൗണ്ഡനെ... അയാളെ കണ്ടിട്ടുണ്ടോ ഇല്ലയോ? അയാൾ ടിപ്പുവിന്റെ ചാരനല്ലേ? ചാരന്മാർ ദൂതന്മാരെപ്പോലെ അവധ്യരല്ലെന്നും അറിഞ്ഞുകൂടേ?"

ഉണ്ണിത്താന്റെ ശരീരം അല്പദിവസം മുമ്പിലത്തെ വർഷവിദ്യയെ ഒന്നു ചൊല്ലിയാടി. പരിപാവനതകൊണ്ട് ആദരണീയമായുള്ള അദ്ദേഹത്തിന്റെ സൗന്ദര്യതേജസ്സ് ആ ദിവസങ്ങളിലെ മേഘവർണ്ണത്തെ പകർത്തിക്കാട്ടി. കളവുപറവാനും സത്യം പുറത്തുവിടുവാനും സന്നദ്ധനല്ലാതെ ഈ രണ്ടു വൈഷമ്യങ്ങൾക്കിടയിൽ കുഴങ്ങിയ ഉണ്ണിത്താൻ തന്റെ ആത്മാനിലശക്തിയാൽ ദിവാൻജിയെ ഭസ്മീകരിച്ചുകളവാനെന്നപോലെ അദ്ദേഹത്തിന്റെ മുഖത്തു നോക്കിത്തുടങ്ങി. നയവൈദഗ്ധ്യം സമഗ്രനിലയിൽ പ്രകാശിക്കുന്ന ആ മുഖത്തിന്റെ നിശ്ചലത കണ്ട് ഉണ്ണിത്താൻ ആയുധം വയ്ക്കാൻ ഒരുങ്ങി ഇങ്ങനെ പ്രാർത്ഥിച്ചു; "ഞാൻ... ഞാൻ... വിഷമപ്പെടുത്തരുത്. എല്ലാത്തിനും ഭഗവാൻ പരബ്രഹ്മമൂർത്തി സാക്ഷി. എന്തോ ഒരു ദുഷ്കാലം ഇവനെ വട്ടംകറക്കുന്നു."

ദിവാൻജി: "ആ ദുഷ്കാലങ്ങളിൽ കലിവണ്ടിന് അങ്ങയും മറ്റു ചിലരെയും തൂക്കിച്ചുകൂടായിരുന്നോ? വസ്തുവകകൾ കണ്ടുകെട്ടിച്ച് ന്യായം നടത്തിക്കൂടായിരുന്നോ? കലിവാസം ഒന്നാമത്തെ വണ്ടിൽ. അടിക്കടി ഓരോന്നും അറിഞ്ഞിട്ടും സ്നേഹം മറക്കാത്ത ഞാൻ ഉപദേശിക്കുന്നു. ആ കഷ്ടകാലം നിവർത്തിയ്ക്കുവാൻ മകളെ ഒന്നു തൊട്ടുതടവി അനുഗ്രഹിക്കുക. അവളുടെ എല്ലാ ദുഷ്കാലവും നീങ്ങട്ടെ!"

ഉണ്ണിത്താന്റെ പരാഭവക്ഷീണം നീങ്ങി. വീണ്ടും ഉദ്ധതഭാവം കൈക്കൊണ്ടിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "മനസ്സിലായി വാല്യയർത്തിയതെന്തിനെന്ന് അത് ഈ ജന്മം (കൈത്തലം വിറപ്പിച്ച്) തുക്കുകയോ തല വീശുകയോ എന്തെങ്കിലും ചെയ്തുകൊള്ളണം. ജന്മം ഒടുങ്ങിക്കാൻതന്നെ നിശ്ചയിച്ചിരിയ്ക്കുന്നു."

ദിവാൻജി: "മനുഷ്യരുടെ തല തിരിഞ്ഞുപോയാൽ എന്തുചെയ്യാം! അവനോന്റെ കുട്ടിയെ അറിയാത്ത അച്ഛൻ വിദ്വത്വം നടിക്കുന്നതു് എന്തു ഗോഷ്ടി! ഭാര്യയെ ചാകാറാക്കി; മകൾ ചാകുമ്പോൾ, കണ്ടവന്റെ കുട്ടിയാണുപോലും! നതിയത്തെജമാനന്റെ മകൻ അഭിമാനമെന്നതു് കണ്ടിട്ടില്ലെന്നു ലോകരറിയുമ്പോൾ, ഹ! എന്തു പ്രാകൃതം!"

ഉണ്ണിത്താൻ: "അത്ര ഏറെ പ്രസംഗിക്കേണ്ട. ഗോഷ്ടിയും ബീഭത്സതയും ഒക്കെ സഹിച്ചു കൊള്ളാം. ശുദ്ധനെന്നുവച്ചു് കണ്ണിൽ ചുണ്ണാമ്പെഴുതാൻ നോക്കേണ്ട."

ദിവാൻജി: "അവനോനല്ലേ അതു ചെയ്യുന്നതു്? അങ്ങേ ഭാര്യ എന്തു പിഴച്ചിട്ടാണ് ഇന്നും ചാകാൻ കിടത്തീരിക്കുന്നതു്?"

ഉണ്ണിത്താൻ: "എന്റെ ഭഗവാനേ! വഞ്ചകം ഇത്രത്തോളം മൂത്തു ലജ്ജ കെട്ടു ധാർഷ്ട്യം തുടങ്ങുന്നല്ലോ? ! കലിയല്ലപോലും! പലതിനും കണ്ണടച്ചെങ്കിൽ ഈ വിചാരണക്കളി എന്തൊരു ഭീഷണികാട്ടലായിരുന്നു. അതു തീർത്തു് വിധി കല്പിച്ചുകൂടായിരുന്നോ? മൃഗങ്ങൾ ജനിച്ചപടിയേ മരിക്കുന്നു. കടുവ ആടാകുന്നില്ല. കാക്ക സിംഹമായും കേട്ടിട്ടില്ല. പാമ്പു പാമ്പായിത്തന്നെ പടുന്നു. മനുഷ്യരോ, നാം കാണുമ്പോലെ, കടുവായും പുലിയും ചെന്നായുമായി ഇനം തിരിഞ്ഞു് പരസ്പരം ചീന്താനും കൊല്ലാനും തിന്മാനും മടിക്കുന്നില്ല. എന്റെ യജമാനൻ ഇങ്ങനെ ഇവനെക്കൊണ്ടു പറയിക്കുന്നല്ലോ! ആ മീനാക്ഷി ഉപ്പുതിന്നിട്ടു് വെള്ളം കുടിയ്ക്കുന്നു."

ദിവാൻജി: "അങ്ങു തിന്നതിന് കടലോളം വെള്ളം കുടിയ്ക്കും. ഈ കുട്ടിയെ ഞങ്ങൾ തെക്കോട്ടു കടത്തിയെന്നുള്ള ഭ്രാന്തു നീങ്ങിയല്ലോ."

ഉണ്ണിത്താൻ അക്കാര്യത്തിൽ തീർച്ചയായി കുഴങ്ങി എങ്കിലും, "അതു കേവലം അനുമാനമായിരുന്നു. കണ്ടറിഞ്ഞതു് തെറ്റാൻ ഇടയില്ല" എന്ന് വാദിച്ചു.

ദിവാൻജി: "അതുമിതും പുലമ്പാതെ ഇത്രത്തോളമായ സ്ഥിതിക്ക് ആ കണ്ടറിഞ്ഞതു് എന്തോന്നാണെന്ന് തുറന്നും വണ്ടു കുണ്ടും ചേർക്കാതെയും, പറഞ്ഞേക്കണം."

ഉണ്ണിത്താൻ: "കഷ്ടമേ! വലിയവരു് തങ്ങടെ സ്ഥിതി ചിന്തിക്കാതെ ഇങ്ങനെ ചോദിക്കുന്നല്ലോ! എന്നാലും വല്ലടുത്തും പോകാൻ തുടങ്ങുന്ന ഞാൻ എന്തിനു കൂസുന്നു? ബോധിപ്പിക്കാം. ഇളിഭ്യനാവാൻ മടിയില്ലല്ലോ. എന്റെ മകളല്ലാ ഇവളു്. ശേഷം മുമ്പിൽ വിസ്തരിച്ചുകഴിഞ്ഞു. രൂപത്തിന് അച്ഛനമ്മമാരോടു സാമ്യം..."

ദിവാൻജി: "നിറുത്തുക, നിറുത്തുക, അങ്ങേ ഭാര്യയായ അരുന്ധതീദേവിയെ അവമാനിക്കുന്നതു്. സാവിത്രിയുടെ ഛായ... അടുത്തു നീങ്ങു... കേൾപ്പിക്കാം. ചിലമ്പിനേത്തു് എഴുന്നള്ളിയിരുന്നില്ലേ ഹരിപഞ്ചാനനസ്വാമികൾ?"

ഉണ്ണിത്താൻ: "ഹെ! ഇതെന്തു പ്രബന്ധമാണ് കെട്ടിച്ചമയ്ക്കുന്നതു്! അദ്ദേഹം പോയി എത്ര കൊല്ലം കഴിഞ്ഞിട്ടാണ് ഇവളുടെ ജനനം!"

ദിവാൻജി: "മുഴുവൻ കേൾക്കുന്നതിനു മുമ്പു കാട്ടിൽ കയറുന്നതു് എന്തു താർക്കികത്വം? ആ യോഗീന്ദ്രനെ അങ്ങു മുഖത്തോടു മുഖം കണ്ടിട്ടുണ്ടല്ലോ?"

ഉണ്ണിത്താൻ: "ഉണ്ടു്; അതുകൊണ്ടെന്തു്? ബ്രഹ്മാവിന്റെ മകളെങ്കിൽ അങ്ങനെ ഇരിക്കട്ടെ. അവനോന് ഏൽക്കാൻ മനസ്സിലാഞ്ഞാൽ മറ്റുള്ളവരെ ഹിംസിക്കുന്നതെന്തിന്?"

ദിവാൻജി: "മുഴുഭ്രാന്തനാകാതെ ഇങ്ങോട്ടു നീങ്ങി കേൾക്കണം. കുട്ടിയുടെ മുഖം ഇതാ ബോധക്ഷയത്തിൽ കിടക്കുകയല്ലേ? നോക്കുക."

ഉണ്ണിത്താൻ ദിവാൻജിയുടെ അപേക്ഷ അനുസരിപ്പാൻ കൃപാശീലനായി. അദ്ദേഹത്തിൽനിന്നു കിട്ടിയ മുന്നറിവോടുകൂടി ആ രോഗിണിയുടെ മുഖത്തു് അല്പനേരം സ്ഥിരവീക്ഷണനായി നിന്നപ്പോൾ തിരുവനന്തപുരത്തെ ബന്ധനകാലത്തു് അർദ്ധനിദ്രയിൽ തൻ കണ്ട മുഖവും മരുത്വാൻമലയിലെ ശിലാഗ്രത്തിൽ ഒരു നിശാകാലത്തു് പ്രത്യക്ഷനായ യോഗീശ്വരന്റെ മുഖവും തന്റെ നേത്രങ്ങൾക്ക് മുമ്പിൽ ആവിർഭവിച്ച് വീരയതീന്ദ്രഭാവത്തോടെ അപ്പോഴും തിളങ്ങുന്നതായി ദൈവഗത്യാ ആ ശുദ്ധമനസ്കൻ സന്ദർശിച്ചു. ലലാടം, നാസിക, നേത്രങ്ങൾ, ഭ്രൂക്കൾ, ഗണ്ഡം, കപോലം, ശിരസ്സ് ഇവയുടെ രൂപീകരണവും കേശത്തിന്റെ നീലിമയും വർണ്ണവിശേഷവും... ഇവയെല്ലാം നോക്കുമ്പോൾ ആ കപടസിദ്ധനും രോഗിണിയും തമ്മിൽ ഉണ്ടെന്നു് കണ്ട അത്ഭുതകരമായ സാമ്യം ഉണ്ണിത്താനെ വിഷണ്ണനാക്കി. അല്പനേരം കലുഷഹൃദയനായി നിന്നിട്ടു് ദിവാൻജിയുടെ നേർക്ക് തിരിഞ്ഞു, "ആ ദ്രോഹി അപ്പോൾ തിരുവനന്തപുരത്തുതന്നെ താമസിച്ചിരുന്നു, ഇല്ലേ?" എന്നു സേനാനായകക്രൗര്യത്തോടും യോഗിവധത്തിനു സന്നദ്ധനെന്ന വീര്യത്തോടും ചോദിച്ചു.

ദിവാൻജി: "കഷ്ടം, കഷ്ടം! എന്നല്ലാതെ എന്തു പറയുന്നു? തിരുവനന്തപുരത്തു് പാർത്തതും അങ്ങേക്കണ്ടതും, രണ്ടു പേരാണ്. അവർ ഉഗ്രശാന്തന്മാർ എന്ന കഴക്കൂട്ടത്തുപിള്ളമാരായിരുന്നു. ആ പരമാർത്ഥം പുറത്തുവിട്ടു് അങ്ങേ സ്ഥിതിയെ കുഴപ്പത്തിലാക്കേണ്ട എന്നു കല്പന ഉണ്ടായതിനാൽ ഇതുവരെ രഹസ്യത്തിൽ വച്ചിരുന്നു. ഇതു വിശ്വസിക്കണമെന്നാണ് തിരുവെഴുത്തിലെ കല്പന."

ഉണ്ണിത്താൻ: (പരിഭ്രമത്തോടെ) "എന്തു്! എന്തോന്നു്? ഉഗ്രശാന്തന്മാർ വലിയകുഞ്ഞമ്മേടെ മക്കളല്ലേ?"

ദിവാൻജി: "എന്തോന്നെന്നോ? അമ്മയും ജ്യേഷ്ഠയോഗിയും തമ്മിൽ കണ്ടപ്പോൾ നടന്നതെല്ലാം ഓർക്കുക. തിരുമേനി... ആ മഹാപുണ്യവാന്റെ കൃപ എത്രത്തോളമെന്നു് ഉണ്ണിത്താൻ അറിയാത്തതു് ആശ്ചര്യം! നിങ്ങടെ ഭാര്യയുടെ അമ്മ സാവിത്രിക്കുഞ്ഞമ്മ. അവരുടെ സഹോദരന്മാർ ഉഗ്രശാന്തന്മാർ. അവരെയുംകൊണ്ടു് നന്തിയത്തെ സഹായത്താൽ അവരുടെ അച്ഛൻ നാടുവിട്ടു..."

ഉണ്ണിത്താൻ: "അതെല്ലാം കേട്ടിട്ടുണ്ടു്."

ദിവാൻജി: "ആ ത്രിപുരസുന്ദരിക്കുഞ്ഞമ്മേടെ ഇരട്ടപെറ്റ മക്കളാണ് ഹരിപഞ്ചാനനന്മാർ."

ഉണ്ണിത്താൻ: (ദീർഘഗ്രഹയ്ക്കകത്തുനിന്നു പുറപ്പെടുന്ന സ്വരത്തിൽ) "ഹതേയോ? എന്നാൽ അവർ എങ്ങോട്ടു പോയി?"

ദിവാൻജി: "ആ കാലത്തെ തീപിടിപ്പിൽ ദഹിച്ചുപോയി. പടത്തലവനമ്മാവനും പൊന്നുതിരുമേനിയും അതിനു സാക്ഷി. ഇങ്ങനെ വല്ലതും കലശൽ ഉണ്ടാകുന്നെങ്കിൽ കാര്യമെല്ലാം പറഞ്ഞുകൊള്ളുവാൻ ഇപ്പോൾ ഞാൻ തിരുവനന്തപുരത്തു ചെന്നു മുഖം കാണിച്ചപ്പോൾ കൽപനയുണ്ടായി. അതുകൊണ്ടു പറഞ്ഞു."

ഉണ്ണിത്താൻ ഗാഢചിന്തയോടെ മൂർദ്ധാവു ചൊറിഞ്ഞും നെഞ്ചു തടവിയും നിലകൊണ്ടു.

ദിവാൻജി: (പുഞ്ചിരിയോടും രഹസ്യസ്വരത്തിലും) "മാങ്കാവിൽവച്ച് കണ്ടതു് അമ്മാവനെ അല്ലേ?"

ഉണ്ണിത്താൻ: (ആധിയോടും തന്റെ ജളതാബോദ്ധ്യത്താലുള്ള ക്ഷീണത്തോടും) "എന്തു പറഞ്ഞിട്ടും വീട്ടിലേക്കു പോരില്ല. ആരു പറഞ്ഞു അമ്മാവനാണെന്ന്?"

ദിവാൻജി: "അതു പോട്ടെ. തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ പരമാർത്ഥവും അറിഞ്ഞു. ഹരിപഞ്ചാനനന്മാരുടെ സംഗതിയിലെ നയം തന്നെ ഗൗണ്ഡൻ... എന്നു വച്ചാൽ, അവിടത്തെ അമ്മാവന്റെ കാര്യത്തിലും കല്പിച്ചനുഷ്ഠിച്ചു. അദ്ദേഹത്തെ പിടിപ്പിക്കാതെയും ശിക്ഷിക്കാതെയും വിട്ടേച്ചു. എല്ലാം നിങ്ങളെ കരുതീട്ടായിരുന്നു."

ഉണ്ണിത്താൻ: (ഏകദേശം നിശബ്ദനായി) "പിന്നേ... എന്നാൽ... അങ്ങ് എന്തിനായി ചിലമ്പിനഴിയത്തു പോയി?"

ദിവാൻജി: "ശരി, ഒരു ശിപായിയെ അയച്ചാൽ മതിയായിരുന്നു. കഴക്കൂട്ടത്തെ കുഞ്ഞമ്മയോട് നിധി നീക്കിക്കൊള്ളാൻ അനുവാദം വാങ്ങുന്നതിന് സ്ഥാനപതിയായി ഞാൻതന്നെ പോകണമെന്ന് കല്പിച്ചുകൊണ്ടു."

ഉണ്ണിത്താൻ: (തലകുലുക്കി മഹാരാജാവിനെ സ്മരിച്ച് ബദ്ധാഞ്ജലിയായി) "ശരി! ശരി! (മൃദുവും സാവധാനവുമായ സ്വരത്തിൽ) പിന്നെ, അവിടുത്തെ കരുണാനയം, ഇത്ര താമസിച്ചിട്ടാണെങ്കിലും നല്ലതുപോലെ മനസ്സിലാകുന്നു. ഒരു സംഗതികൂടി ചോദിച്ചുകൊള്ളട്ടെ. ഒരു... മോതിരം വിക്രമന്റെ പക്കൽ ഏല്പിച്ചയച്ചതോ?"

ദിവാൻജി: "എന്റെ ശ്രദ്ധാ! ആ മോതിരം നിങ്ങടെ അമ്മാവൻ അവിടെ കൊണ്ടു വിറ്റതാണ്. ഇതു് ഞാനിപ്പോൾ പോരുമ്പോൾ അറിഞ്ഞു. എന്റെ മോതിരം ഇതേ, രണ്ടും ജോടി ഒന്ന്."

ഉണ്ണിത്താൻ വേരിളകി വീഴാൻപോകുന്ന നാളികേരവൃക്ഷംപോലെ ചാഞ്ചാടിത്തുടങ്ങി.

ദിവാൻജി: "നാം ശത്രുതയിൽ കഴിയുന്നതു് തിരുമേനിയെ വ്യസനിപ്പിയ്ക്കുന്നു. മനസ്സിലെ കളങ്കമെല്ലാം നീക്കി ചിന്തിക്കുക. ത്രിവിക്രമനെ കൊല്ലാൻ തുടങ്ങിയ മകളുടെ അച്ഛനെന്നുള്ള മഹത്ത്വം, എന്തു മഹനീയം! പുത്രീസ്ഥാനം അങ്ങേക്കും ഭാഗിനേയിസ്ഥാനം ... എനിക്കും ... ഇങ്ങനെ നമുക്ക് അവളുടെ സ്നേഹത്തെ വീതിക്കാം. ഇനി അങ്ങേടെ ഓമനമകൾ പുണ്യവതിയെ അങ്ങോട്ടേറ്റുകൊള്ളുക. അങ്ങേ ബോധ്യപ്പെടുത്താൻ ഒന്നുകൂടിച്ചെയ്യാം. തൃപ്പാദ ..."

അശ്രുധാരയെ വർഷിച്ചുതുടങ്ങിയ ഉണ്ണിത്താൻ 'മതിമതി' എന്നു വിളിച്ച് സത്യവാചികത്തെ തടഞ്ഞുകൊണ്ട് ദിവാൻജിയോട് സമസ്താപരാധവും ക്ഷമിപ്പാൻ പ്രാർത്ഥിച്ചു. ദിവാൻജി അകൃത്രിമശീലനായ ആ പുണ്യാത്മാവിന്റെ കൈകളെ അമൃതവാഹികളെന്നപോലെ ബദ്ധാദരം ഗ്രഹിച്ച് തലോടി. ഉണ്ണിത്താൻ തന്റെ നെറ്റിത്തടത്തെ ഹസ്തത്താൽ താങ്ങിക്കൊണ്ടു, 'കൊടന്തയെ ളക്കിക്കൊല്ലണ'മെന്നു വിധിച്ചും തന്റെ 'ദുർഗ്രഹണാപരാധങ്ങൾക്ക്' പരിഹാരവിധി 'കാണുന്നില്ലേ ഭഗവാനേ!' എന്നു ഖേദിച്ചും, 'മീനാക്ഷി', 'മീനാക്ഷി' എന്നു ജപിച്ചും പുത്രിയെ നോക്കി സ്പർശാകൃതവാനായി വിറച്ചു. ദിവാൻജി, കണ്ഠം ഇടറി "ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. നാം പരസ്പരം കണ്ടന്നുമുതൽ ഒരു വിശേഷബന്ധത്തിലായി. എന്റെ സ്ഥാനത്തിന് ഞാൻ നയം പ്രയോഗിക്കേണ്ടവൻതന്നെ എങ്കിലും അങ്ങേപ്പോലുള്ള ദിവ്യന്മാരോട് ..." എന്ന് സാന്ത്വനസമാധാനങ്ങൾ പിന്നെയും പറഞ്ഞുതുടങ്ങിയപ്പോൾ, ഉണ്ണിത്താൻ സമസ്താവസ്ഥകളെയും തന്റെ പരമമിത്രത്തെയും മറന്ന് സാവിത്രിയോടു സഹശയനനായി, ജളതകൊണ്ടു് ചെയ്തുപോയ വീഴ്ചകൾക്ക് ക്ഷമയാചിച്ചും മകളെ ഒന്നുണർത്താൻ വാത്സല്യവിളികൾകൂട്ടിയും തന്നെ ചതിക്കരുതെന്ന് ദേവസമൂഹങ്ങളോടു പ്രാർത്ഥിച്ചും അവളെ ഗാഢഗാഢം ആലിംഗനം ചെയ്തുരുണ്ടു് വിങ്ങിവിങ്ങിക്കരഞ്ഞു.

നാഴിക ആറേഴ കഴിഞ്ഞപ്പോൾ പണ്ട് അച്ഛന് എഴുതിയതുപോലെ നാല് ഓലകളുടെ പതിനാറുപുറവും നിറഞ്ഞുള്ള ഉണ്ണിത്താന്റെ ലേഖനവുംകൊണ്ടു് ചിലമ്പിനഴിയത്തേക്ക് ഒരു ദൂതൻ അഞ്ചൽകുതിരകളുടെ സഹായത്തോടെ യാത്രചെയ്വാൻ നിയോഗിക്കപ്പെട്ടു. ദിവാൻജി സാവിത്രിയുടെ ചികിത്സാകാര്യങ്ങളെ കുറുങ്ങോടന്റെ പരികർമ്മിത്വത്തോടെ മേൽനോട്ടം ചെയ്യുന്നതിനിടയിൽ, "ദേഹം ഉലപ്പിച്ച് ഇളക്കാഞ്ഞാൽ രണ്ടു ദിവസംകൊണ്ടു് നല്ലവണ്ണം നടക്കാറാവും വിക്രമാ" എന്നും മറ്റും ശാസിച്ച് ആ യുവാവിന്റെ മുതുകിൽ ഉണ്ണിത്താൻ തലോടി അയാളുടെ ഹൃദന്തരോഗത്തിൽ ഏതാണ്ടൊരു ഭാഗത്തെ ശമിപ്പിയ്ക്കുന്നു.

ടിപ്പുവിന്റെ തിരിഞ്ഞോട്ടം 'ഇങ്ങിനിവരാതവണ്ണം' ഉണ്ടായതുതന്നെ എന്ന് മാധവമേനോൻ ധൈര്യപ്പെട്ടു. തന്നെ ബാല്യത്തിൽ അപഹരിച്ച് പാവയാടാൻ പഠിപ്പിച്ച ചൊക്രാഡൂണ്ഡിയാ അജിതസിംഹനാൽ പരലോകത്തേക്ക് യാത്രയാക്കപ്പെട്ടു എന്ന് അറിഞ്ഞു.

അതുകൊണ്ട് ആ യുവാവ് പ്രഭുപ്രതാപവും ധനത്തിന്റെ സർവവശീകരതയും ആണ്ടുകളയാമെന്ന് നിശ്ചയിച്ചു മപ്പുകെട്ടി, താളംപിടിച്ച് പാർക്കുകയായിരുന്നു. ഉടൻ വീട്ടിലേക്കു പുറപ്പെട്ടുകൊള്ളുവാൻ ദിവാൻജിയിൽനിന്നുണ്ടായ ഉത്തരവും അയാളുടെ ഹൃദയത്തെക്കൊണ്ടും ചില താളങ്ങൾ തുള്ളിപ്പിച്ചു. ദിവാൻജി സൂചിപ്പിച്ച ജനവദന്തി എന്തായിരിക്കുമെന്നുള്ള ചിന്ത അയാളെ, കുറുകിവരുന്ന പുളിശ്ശേരിപ്പാത്രത്തിലെ ഒരു കഷണമാക്കിത്തീർത്തു. ശിരച്ഛേദനാദ്യധികാരങ്ങൾ വഹിക്കുന്ന മന്ത്രിയുടെ വീക്ഷാചക്രത്തിൽനിന്നു ദൂരസ്ഥനായപ്പോൾ, മാധവമേനോന്റെ 'ചൊക്രാത്വം' സ്വേച്ഛാനുസാരം പ്രവർത്തിപ്പാനുള്ള വീര്യത്തെ പുനസ്സമ്മാർജ്ജനം ചെയ്തു. മോതിരത്തിൽ ഒന്നിന്റെ വിക്രയം രണ്ടുടുപ്പുമുണ്ടും, അതു ധരിച്ച് ദാസവൃത്തി അനുഷ്ഠിപ്പാനുള്ള രണ്ട് നിർവ്യാപാരന്മാരെയും സമ്പ്രാപ്തമാക്കി. ജലപ്രളയം ഹേതുവാൽ പല കുന്നുകളും ചുറ്റി പോകേണ്ടിവന്നതിനിടയിൽ, പല മനകളിലും വിദ്യുജ്ജിഹ്വനാടി, ആതിഥ്യനിമന്ത്രണങ്ങളെ അംഗീകരിച്ച്, തന്റെ ഗൃഹത്തോട് ചേർന്നുള്ള നദിയുടെ വടക്കുഭാഗത്തുള്ള പ്രദേശങ്ങളിൽ എത്തി.

ആ വിടവേഷം അവിടത്തെ ഭവനക്കാർക്ക് പരിചിതമല്ലായിരുന്നതിനാൽ, ആരെന്നറിവാൻ അവർ ആഗ്രഹിച്ചതിൽ മാധവമേനോൻ തന്റെ അഭ്യാസാനുസാരമായുള്ള പല ഭാഷകളും പ്രയോഗിച്ചിട്ട് ഒടുവിൽ മാങ്കാവിലേതാണെന്ന് അറിയിച്ചു. സമീപവർത്തികളെല്ലാം മുഖംവീർപ്പിച്ചും കുറുപ്പിച്ചും തലതാഴ്ത്തി അശ്രുക്കൾ ദ്രവിപ്പിച്ചും പലരും പൊഴിച്ചു; വർഷിച്ചു. മാധവമേനോൻ അന്ധാളിച്ച് "എന്ത്വാന്ത്വാ?" എന്നും മറ്റും ചോദ്യങ്ങൾ തുടങ്ങി. അവർ അദ്ദേഹത്തെ വട്ടമിട്ട്, മുമ്പോട്ട് നടത്തി തെക്കുള്ള പ്രദേശത്തെ കാട്ടിക്കൊടുത്തു.

ഇന്ദ്രകമനകുബേരന്മാരുടെ യക്ഷകിന്നരഗന്ധർവ്വന്മാരുടെ സങ്കേതമായിരുന്ന മാങ്കാവുഭവനത്തിന്റെ ആകട്ടെ, അനുബന്ധങ്ങളുടെ ആകട്ടെ, നിത്യം മൃത്യുഞ്ജയഗണേശാർച്ചനകൾകൊണ്ടു പരിരക്ഷിക്കപ്പെട്ടിരുന്ന മഠത്തിന്റെയാകട്ടെ, കൂടമോ ഭിത്തികളോ കാണ്മാനില്ല. ഒരു ജലവിസ്തൃതി പടിഞ്ഞാറുള്ള കുന്നിൻ മുനമ്പിൽ തടഞ്ഞ്, തെക്കും കിഴക്കുമുള്ള ഗോവർദ്ധനനിരകളുടെ ചുവടെ അപ്രദക്ഷിണംവച്ച് പടിഞ്ഞാറോട്ടേക്ക് നിരുപദ്രവത്വത്തിന്റെ സാക്ഷാത്കാരമെന്നപോലെ, പാഞ്ഞുപോകുന്നു. പെരിഞ്ചക്കോടന്റെ പടനിലയനങ്ങളെയും ഏതാനും ദിവസം മുമ്പിലത്തെ മഹജലപ്രവാഹം ബഹുജനപരമ്പരകളുടെ ചിരകാലപ്രാർത്ഥനാനുസരം ഭവനത്തെ എന്നപോലെ മാർജ്ജനംചെയ്ത് ആ സങ്കേതത്തെ പരിശുദ്ധമാക്കിയിരിക്കുന്നു. മാധവമേനോൻ ഇമകളും അധരോഷ്ഠങ്ങളും വിടുർത്തി, തെക്കുള്ള ഗോവർദ്ധനനിരകളെയും അതുകൾ വലയംചെയ്യുന്ന ജലാശയത്തെയും ജഡമാത്രനായി നിരീക്ഷണംചെയ്തു. തരുനിവഹങ്ങളിലെ വൃദ്ധന്മാർ ദീർഘമൂലങ്ങളെ ആകാശമുഖമായി നീട്ടി, സാനുപ്രദേശത്തും ചരിവിലോട്ടും ചാഞ്ഞ് കാഷ്ഠാവശ്യങ്ങൾ നിറവേറ്റാൻ പടുക്കുന്നു. വൃക്ഷനിബിഡതകൊണ്ടുള്ള തിമിരത നീങ്ങി ആ പ്രദേശം ആസകലം ഒരു നവപ്രകാശത്താൽ ആവൃതമായി കാണപ്പെടുന്നു. ആ ഭവനത്തിന്റെ പ്രാധാന്യദശയിൽ അവിടെ പരിസേവനം ചെയ്തുപോന്നിരുന്ന ജനബഹുലതയുടെ സോല്ലാസപ്രവർത്തനങ്ങളെ ഇപ്പോൾ അവിടെ വ്യാപരിച്ചിരിക്കുന്ന ജലാശയത്തിൽ സഞ്ചയിച്ചുള്ള മത്സ്യങ്ങളും വിവിധ ജീവികളും ഇളകിച്ചലിച്ച് തങ്ങളിലിടഞ്ഞു് നിവർത്തിക്കുന്നു.

മാധവമേനോൻ പാണിതലങ്ങൾ പിണച്ച് നെഞ്ചോടു ചേർത്ത് നഗരവീഥി പരിപാലകത്വം അപ്പോഴത്തെ മനോവേദനയ്ക്കിടയിൽ അസ്തമിച്ചു. അയാളെ വലയംചെയ്യുന്ന കൃപാർദ്രമനസ്കന്മാരോടു് "എന്താ കഥ?" എന്ന് ആർത്തനായി ചോദ്യംചെയ്യുന്ന ഭാവത്തിൽ വട്ടമിട്ടു നോക്കി. എല്ലാവരും വീണ്ടും അശ്രുവർഷം ചെയ്തു. മാധവമേനോന്റെ കണ്ണുകൾ സഹതാപാർത്ഥനം ചെയ്യുന്നതുപോലെ ഓരോരുത്തന്റെയും മുഖത്തിൽ പതിച്ചു. അനുകമ്പാശീലന്മാർ ദീർഘശ്വാസം ചെയ്തു. ചിലർ വിധികല്പിതങ്ങളുടെ അലംഘ്യതയെക്കുറിച്ച് പ്രമാണോദ്ധാരണത്താൽ അയാളെ സാന്ത്വനം ചെയ്‌വാൻ യത്നിച്ചു. തുക്കായുള്ള കരകൾ കയങ്ങളിലോട്ട് ഇടിഞ്ഞു തൂർന്നു കാണുന്നു. ഭവനവാസികൾ...!

ആ മഹാഭവനത്തെയും അവ്യാഖ്യേയമായുള്ള ഭഗവന്മതം അനുസരിച്ച് ആ ജലപ്രവാഹം അതിന്റെ പ്രതിഷ്ഠാകൂട്ടിമത്തിൽനിന്ന് ഉദ്വാഹം ചെയ്ത് ആഹരിച്ചിരിക്കുന്നു എന്ന് മാധവമേനോൻ മനസ്സിലാക്കി. സ്വജനനിയോ? ആജ്ഞബീജമായി ജനിച്ച് ഒരു വികൃതാത്മാവാൽ ലാളിക്കപ്പെട്ട് വികൃതിത്വത്തിന്റെ മഹൽചര്യകൾക്ക് അഭ്യസ്തനായി, നാടും ഗൃഹവും എന്നുള്ള അഭിമാനാശയങ്ങളോടു് വിദൂരിതനായി വളർന്നിട്ടുള്ള ആ ജളൻ, ഗൃഹത്തിന്റെ നിർമ്മൂലനത്തിൽ തന്റെ മാതാവും അവസാനപദം ചേർന്നിരിക്കാമെന്നുള്ള ആത്മോദയത്താൽ അസ്തവിവേകനായി. എങ്കിലും പരിസരത്തിൽ ബഹുജനങ്ങൾ നില്ക്കുന്നു എന്നു കണ്ടു് ആടിയ കാലിന്റെ പരിചയോർജ്ജിതത്താൽ ആ അഭിനയവിദഗ്ധൻ മാറത്തടിച്ച് വാവിട്ടുകരഞ്ഞു് നിലത്തുവീണുരുണ്ടു. തിലോത്തമാലക്ഷങ്ങളുടെ സാരസർവ്വസ്വമായി അവതരിച്ച മാധവിഅമ്മയുടെ ദർപ്പകളങ്കിതമായ ദേഹിയെ ആ മഹാപ്രവാഹം സ്വർഗ്ഗംഗാതീർത്ഥമായി പരിശുദ്ധീകരിച്ച് പ്രാപഞ്ചികമായുള്ള ദുരിതനിചയങ്ങളിൽനിന്ന് അവരെ മുക്തയാക്കി എന്ന് ആശ്വസിച്ചുകൊള്ളാം.

36

"ബാലി മരിച്ചതു കേട്ടൊരു താരയു-
മാലോല വീഴുന്ന കണ്ണുനീരും വാർത്തു്
ദുഃഖേന വക്ഷസി താഡിച്ചുതാഡിച്ചു
ഗദ്ഗദവാചം പറഞ്ഞു പലതരം
കല്യാണമാശു ഭവിക്കും തവ
ചൊല്ലേറും വീരമഹാത്മൻ!"

കാർത്തികതിരുനാൾ രാമവർമ്മരാജാവിന്റെ കാലത്തു് മൈസൂർവിഷയങ്ങളുടെ വിസ്തൃതിയെ വഞ്ചിരാജ്യത്തിലോട്ടു് നീട്ടുവാൻ രാജ്യാപഹരണവ്യാപാരത്തിൽ വിക്രമഭൂജന്മാരായ ഒരു അച്ഛനും മകനും ചെയ്ത സാഹസങ്ങൾ, സൂചികുത്തുവാനുള്ള സ്ഥലംപോലും സ്വാധീനമാക്കാതെ ഇങ്ങനെ പരാജയത്തിൽ അവസാനിച്ചു. ലോകസ്വഭാവം അനുസരിച്ചു് വഞ്ചിഭൂവാസികൾ തങ്ങളുടെ മഹാരാജാവിന്റെ ഭാഗ്യമഹസ്സിനെ രാജസൂയതുല്യങ്ങളായ സപര്യകളും സമ്മേളനങ്ങളുംകൊണ്ടു് സമാരാധിച്ചു. ജനധനനഷ്ടങ്ങളെ പ്രാപഞ്ചിക'ച്ചങ്ക'ങ്ങളായി പരിഗണിച്ചു് അഹർന്നിശമായുള്ള ആഘോഷങ്ങൾ കൊണ്ടാടി മഹാരാജാവിനെ പുളകാങ്കിതനാക്കുന്നതിനിടയിൽ, ടിപ്പുവിന്റെ സേനായാത്രയെ ശശ്വത്സ്മരണീയമാക്കിയ നരബലികളും ഹോമങ്ങളും ദക്ഷിണതിരുവിതാംകൂറിൽ ആവർത്തിതമാകുന്നു എന്നു് ബഹുജനസങ്കടം കാര്യാലയങ്ങളിൽ ദിവസംപ്രതി എത്തിത്തുടങ്ങി. ഖഡ്ഗാഗ്നിപ്രയോഗങ്ങൾ അതിദുസ്സഹങ്ങളാവുകയാൽ ജനങ്ങൾ മഹാക്ഷോഭസ്ഥിതിയിലായി. ഉത്തരതിരുവിതാംകൂറിനെ വ്യഥിപ്പിച്ച ദുഷ്കാലവൈഭവം ഇങ്ങോട്ടു് സംക്രമിച്ചിരിക്കുന്നു എന്നു ദാക്ഷിണാത്യർ മാറത്തലച്ചു. ഈ അക്രമങ്ങൾ പാണ്ട എന്ന പറയനാൽ നിർവ്വഹിതമെന്നു് പല ലക്ഷ്യങ്ങൾകൊണ്ടും ജനങ്ങൾക്കു ബോദ്ധ്യമായി. പെരിഞ്ചക്കോട്ടുസങ്കേതാധിപൻ ആയ കുഞ്ചുമായിറ്റിപ്പിള്ള മരിച്ചുപോയിരിയ്ക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തിന്റെ കാൽക്കൽ വീണു് രക്ഷ തേടുന്നതിനും കഴിവില്ലാതായിത്തീർ

ന്നു. പാണ്ടയോ, ഇന്നു ചോഴമണ്ഡലത്തെ ഭസ്മീകരിച്ചിട്ട് അടുത്ത രാത്രി പഞ്ചനദങ്ങളെ രക്തസിന്ധുക്കളാക്കി, മൂന്നാം ദിവസം രാത്രിയിൽ ഭൂമിയെ അമാഗധമാക്കുന്നു. ഇങ്ങനെ ദക്ഷിണതിരുവിതാംകൂറിലെ ഓരോ ഖണ്ഡത്തിലെയും നിശാകാശങ്ങൾ രക്തത്തിന്റെയോ അഗ്നിയുടെയോ ക്രൂരശോണിമകൊണ്ട് ഉദ്ദൂതതിമിരമായി കഴിയുന്നതിനിടയിൽ ഏതോ ശോണിതപുരത്തിൽ കാരാഗാരസ്ഥനാക്കപ്പെട്ടിരിയ്ക്കുന്ന കല്ലറയ്ക്കൽപിള്ളയുടെ മോചനത്തിനുള്ള പ്രാർത്ഥനകളും അനന്തശയനദ്വാരകയിൽ എത്തിത്തുടങ്ങി. സാംക്രമികരോഗഭീതിയാൽ എന്നപോലെ ദക്ഷിണതിരുവിതാംകൂറിലെ ധനപ്രതാപസങ്കേതങ്ങളിൽനിന്ന് പ്രതിനിമിഷം മുക്തങ്ങളായ ഭയപ്രലപനങ്ങൾ മഹാരാജകർണ്ണങ്ങളിൽ എത്തി അവിടുത്തെ സന്ധ്യാസമാധികളെ വികലമാക്കി. തിരുമനസ്സുകൊണ്ട് തന്റെ ചര്യാനുഷ്ഠാനത്തിനുള്ള വിഘാതങ്ങളെ ദൂരീകരിപ്പാൻ സ്വാശ്രിതപ്രധാനനായ മന്ത്രിവര്യനെ വരുത്തി ജനസങ്കടനിവർത്തനത്തിനുള്ള പ്രതിബന്ധം എന്തെന്ന് ചോദ്യം ചെയ്തു.

ദിവാൻജി: "അതെല്ലാം ഇപ്പോൾ ഒതുങ്ങിയിരിക്കും. വിക്രമനെ അങ്ങോട്ടയച്ചിട്ടുണ്ട്. പാണ്ട തിരുമനസ്സിലെ ദാക്ഷിണ്യത്തിൽ കുറെ മുതിർന്നുപോയി. അതവസാനിച്ചു."

മാഹാരാജാവ്: (വിനോദകാപട്യത്തിന്റെ സൂചകമായി ഭ്രൂക്കളെ സങ്കോചിപ്പിച്ച്) "പാണ്ടയോ? എന്റെ കേശവാ, വല്ലാത്തൊരു വർഗ്ഗം തന്നെ! ആ പെരിഞ്ചക്കോടൻ മഹാരാക്ഷസൻ. നിന്റെ കഥയോ പോകട്ടെ. ആ കുട്ടി ത്രിവിക്രമൻ... അവൻ ഒരു കൊടുംകൂറ്റൻ. അഴിക്കോട്ടയിലെ ജയത്തിന് അവനെ ഇനിയും സമ്മാനിക്കണം, കേട്ടോ. എന്താ, ആ കുറു... ഓ... കുറുങ്ങോടൻ എന്ന ഭീമന്റെ രസികത്തങ്ങൾ വിക്രമൻ പറഞ്ഞുകേട്ടു. അയാളെ വരുത്തി ഒരു വിരുന്നൂട്ടി ഒരു കങ്കണവും ധരിപ്പിച്ചയയ്ക്കണം. അതൊന്നുമല്ല ഞാൻ പറയുവാൻ തുടങ്ങിയത്." (ഗണ്ഡങ്ങളിൽ കൈകൊടുത്തു തലതാഴ്ത്തി ഒരു മഹാമന്ത്രത്തിന് ഒരുങ്ങുന്നതുപോലുള്ള സുശാന്താദരത്തോടെ) "നിനക്ക് ഒരു ത്രുപവും ഇല്ലേ, ആ കാര്യക്കാർ എങ്ങോട്ടു പോയി എന്ന്? നിങ്ങൾ ഒന്നല്ലേ? അതിനെ മനസ്സിൽ കിടന്നു കഷ്ടപ്പെടുത്തുന്നു. ഒന്നും ഒളിക്കേണ്ട; പറഞ്ഞേക്ക്."

ദിവാൻജിയുടെ ശരീരം വിറച്ചു. "തിരുമുമ്പിൽവച്ച് അടിയന്റെ പഴമനസ്സ് ഇളകരുതെന്ന് കരുതി ഒന്നും തിരുമനസ്സറിയിക്കാത്തതാണ്. എങ്ങോട്ടു മാഞ്ഞോ? എന്തു കഥയോ!" എന്ന് അദ്ദേഹം ഉണർത്തിച്ചു.

മഹാരാജാവ്: "ഞാൻ ചിലത് ആലോചിപ്പാൻ വിളിച്ചുനിറുത്തിയപ്പോൾ ഇങ്ങട്ടു വട്ടംകറക്കിത്തുടങ്ങി. അവനോ, ഒരു ശരവും ഏൽക്കാത്ത ലക്ഷകവചനും. എന്തു സൃഷ്ടിയോ, എന്ത് അഭ്യാസമോ! ഭഗവാനറിയാം. നിന്നെ ഒന്നു പഴിച്ച് അവനെ നോവിയ്ക്കാൻ ഞാൻ നോക്കി. ആ ക്ഷണത്തിൽ ഇവിടന്ന് പറന്നവനെ ഇനി കാണണം. കേട്ടോ കേശവാ, ആ വലിയ വെള്ളക്കുത്തുണ്ടായത് വന്മഴ കഴിഞ്ഞിട്ടല്ലേ?"

ദിവാൻജി: (അഭിനന്ദനഹർഷത്തോടെ) "അടിയൻ! ഒടുവിലത്തെ പിശറുകൾക്കിടയിൽ ആയിരുന്നു."

മഹാരാജാവ്: "അപ്പോൾ ആ വലിയ വെള്ളപ്പൊക്കംവന്നത്...? ടിപ്പുവിന്റെ ആഗ്നേയാസ്ത്രത്തിന് വാരുണാസ്ത്രം എന്നും ആ സുൽത്താനെ ശ്രീപത്മനാഭൻ ഓടിക്കുമെന്നും അവൻ മുരങ്ങാറുണ്ടായിരുന്നു. ഒരു ഗിരിതടാകവർണ്ണനയും ചെറുപ്പത്തിലെങ്ങാണ്ടോ ഇവിടെ വന്നിരുന്ന ഒരു ഗോസായി പറഞ്ഞു ഞാനും കേട്ടിട്ടുണ്ട്. എന്തിലും ചെന്നു ചാടുന്ന ഭൈരാഗിയുമാണ്."

ദിവാൻജി: (ദീർഘശ്വാസത്തോടും സംഭവനിരീക്ഷണത്തിന് തന്നെ ആത്മശക്തനാക്കാൻ പടത്തലവനായ മഹൽഗുരു ഇല്ലല്ലോ എന്നുള്ള ദുഃഖസ്മൃതിയോടും) "കല്പിച്ച് എന്തായാലും തിരുവുള്ളം കലങ്ങിക്കരുത്. അടിയങ്ങടെ വിധി പലവിധങ്ങളിൽ ഇങ്ങനെ കഴിയും. ഒരു പുരുഷരത്നം രാജ്യത്തിനു പക്ഷേ, നഷ്ടമായെന്നാണ് അടിയന് തോന്നുന്നത്. അല്ലെങ്കിൽ, എവിടെ എത്തിയെങ്കിലും അടിയനെ കണ്ട്, പടവെട്ടാൻ ഭസ്മപ്പൊതിയുംകൊണ്ട് പുറപ്പെടുമായിരുന്നു."

മഹാരാജാവ്: "ആ കണ്ഠീരവനെ ചീന്തിയത് ഞാൻ കണ്ടു. രണ്ടും ചില്ലറ മനുഷ്യരല്ല. അതിലും ഇവൻ അനുമുതൽ ഒരു വിശേഷമൂർത്തി എന്ന് ഇവിടെ തോന്നിപ്പോയി. ഇവിടെ എല്ലാരെയും ഇട്ട് ശിങ്കിലിപാടിയ്ക്കുകയായിരുന്നു. എന്നാലോ മഹാദയാലു, ന്യായസ്ഥൻ, നിർദ്ദാക്ഷിണ്യവാൻ, ആന്തരാൽ സുസ്ഥിരഭക്തൻ. വിചാരിക്കെ വിചാരിക്കെ, അവന്റെ ഗുണങ്ങൾ എണ്ണമില്ലാതെ കണ്ടുവരുന്നു. എന്തെങ്കിലും ഭഗവാൻ ജഗന്മൂർത്തി അവനെ രക്ഷിക്കട്ടെ!"

ഇങ്ങനെ തുടങ്ങിയ സംവാദം മൈസൂരിനെ ഇംഗ്ലീഷ് കമ്പനിയാർ ആക്രമിപ്പാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ദിവാൻജി ഒരു സേനാശാഖസഹിതം ശ്രീരംഗപട്ടണത്തിലേയ്ക്ക് പുറപ്പെടേണ്ട സംഗതിയിലോട്ടും മറ്റും പ്രവേശിച്ചു.

ഇതിനിടയിൽ പെരിഞ്ചക്കോട്ടുകാവിലെ ലക്ഷ്മിഅമ്മ കുലഭ്രഷ്ടതകൊണ്ടുള്ള നിസ്സഹായതയെ കഷ്ടതരമായി അനുഭവിക്കുന്നു. പാപികളോടുള്ള സംഘടനഫലം ആ സാധ്വിയെ അതിരൂക്ഷമായി വലപ്പിക്കുന്നു. ആ ഗൃഹഗേഹത്തിന്റെ ആശ്രമസ്വഭാവം മാറി, ഒരു കുംഭീപാകമെന്നപോലെ അവരെ നിരന്തമായുള്ള വേദനകളാൽ വ്യാകുലപ്പെടുത്തുന്നു. കല്ലറയ്ക്കൽപിള്ളയെ ആരാഞ്ഞു തിരിയുന്ന മല്ലൻപിള്ള പ്രമുഖന്മാരുടെ സഹായം ഇടയ്ക്കിടെ മാത്രം കിട്ടുന്നു. ഭർത്താവിന്റെ 'നവാബ്'ത്വത്താൽ പരജനവീക്ഷണത്തെ പ്രതിബന്ധിച്ച് മൂടുപടധാരിണിയായി ഗോപനം ചെയ്യപ്പെട്ടിരുന്ന ആ വിദേശിനിക്ക് സമീപജനങ്ങളുടെ സഹായവും ലബ്ധമാകുന്നില്ല. ലോകം തിമിരനിബിഡവും ജീവിതം അസിധാരാതരണവും അനുഭവം തിക്തരസഭൂയിഷ്ഠവും എന്നുള്ള വികല്പങ്ങൾ ആ സാധ്വീഹൃദയത്തിന്റെ ഘടനാസൗരൂപ്യത്തെ വികൃതമാക്കുന്നു. ഗൃഹത്തെ ആച്ഛാദനംചെയ്യുന്ന വൃക്ഷങ്ങളിലെ

ലതകൾ സൂര്യകിരണങ്ങളാൽ പരിതുഷ്ടരാക്കപ്പെടുന്നുവെങ്കിലും ആ പത്രാവലി ആ കിരണങ്ങളുടെ പ്രവേശത്തെ കൃപണമാത്സര്യത്തോടെ നിരോധിക്കുന്നു. തെക്കുള്ള വനവൈതരണിയിലെ വൃക്ഷശാഖകളെല്ലാം പാദാഘാതാൽ ചാഞ്ഞും ഒടിഞ്ഞും തീർന്ന മനോഹാരിത്വത്തെ കൈവെടിഞ്ഞിരിക്കുന്നു. ആ അഗ്രഹാരത്തിലെ ഗായകദ്വിജങ്ങളും കിരാതദർശനത്തിലെന്നപോലെ ആ സങ്കേതത്തെ ഉപേക്ഷിച്ചിരിയ്ക്കുന്നു. നിശാകാലങ്ങളിൽ മാത്രം വേതാളാകൃതികളായ ചില സത്വങ്ങൾ ആ വൃക്ഷനിരകളെ ഭേദിച്ച് അതിലെ അന്തർവ്വാസിയെ സമാരാധിച്ച് പിരിയുന്നു.

ദേവകിയോ, കനകമൃണാളമെന്നപോലെ കൃശഗാത്രിയായി, സമസ്താർത്ഥസമ്പ്രാപ്തയായ സന്യാസിനിയായി, പീഡാചേഷ്ടകളിലും ഗോഷ്ടികളിലും നിന്ന് മുക്തയായി ശയനംചെയ്യുന്നു. അശനപാനങ്ങൾക്ക് ആ യുവതേജോവതി കൗതുകയാകുന്നില്ല. അമ്മേ എന്നുള്ള പദം കേവലം കൃതജ്ഞതയെ അവകാശപ്പെടുന്ന ശുശ്രൂഷകി എന്നതിന്റെ പര്യായമായി മാത്രം ആ കന്യക ഉച്ചരിക്കുന്നു. പ്രാപഞ്ചികബന്ധങ്ങളെ ഖണ്ഡിച്ചുള്ള ഈ നിലയിൽ ആ 'കോകില' കന്യകയുടെ ഹൃദയത്തിൽനിന്നു ജനകപദത്തിൽ സമ്പൂജിക്കപ്പെട്ടിരുന്ന പെരിഞ്ചക്കോടന്റെ 'കാക'ലാളനങ്ങൾ ജലരേഖകൾപോലെ മാഞ്ഞുപോയിരിക്കുന്നു. തനിക്കു പരമാനന്ദസമുദ്രത്തിൽ പരിശുദ്ധസ്നാനവും അന്തഃകായത്തിന് നിഗഹമാഗമതത്ത്വജ്ഞരായ സിദ്ധന്മാർക്കും ദുർലഭമായുള്ള മോഹനസുഷുപ്തിയും സന്ധാനംചെയ്ത് ഒരു നാരായണസ്വരൂപം അവൾക്ക് നിതാന്തദർശനം നല്കുന്നതുപോലെ സംസാരിച്ചും ചിരിച്ചും രസിച്ചും ദിവസങ്ങൾ കഴിക്കുന്നു. ആ സംസാരവിച്ഛേദകമായ വൈദ്യുതസ്വരൂപത്തെ നിതാന്തം ധ്യാനിച്ചും ആ പരിപാവനാത്മിക ജന്മജന്മാന്തരസിദ്ധമായുള്ള തപഃഫലത്താൽ പ്രശാന്തധീമതിയായും പരമഗതിലബ്ധിയിലുള്ള നിശ്ചലവിശ്വാസത്തോടും സ്വച്ഛന്ദമൃത്യുത്വം സംസദ്ധമായുള്ള മഹാത്മികമായി ചിലപ്പോൾ സുക്ഷുപ്തിക്ഷീരാബ്ധിയിൽ ആമഗ്നയാവുകയും ചെയ്യുന്നു. ലക്ഷ്മിഅമ്മ പുത്രിയുടെ ശയ്യയ്ക്കടുത്തുനിന്ന് അശ്രുസേചിതമുഖത്തോടും കൃപാമൃദുലതയോടും ദുരാപത്തിന്റെ സമീപദർശനത്തിൽ ആധിവശയായും രോഗിണീഹിതങ്ങളറിവാൻ യത്നിക്കുന്നു.

ദേവകി: "എല്ലാം നിറഞ്ഞ് അമ്മേ, ഒന്നും വേണ്ട. അമ്മ ഇങ്ങനെ ഒരുവൾ ഉണ്ടായി എന്നു വ്യസനിയ്ക്കരുത്. ഇവിടെ എഴുന്നള്ളിയിരുന്ന ആ ഭഗവാനെ ഒന്നുകൂടി പ്രത്യക്ഷമാക്കാമോ?"

ലക്ഷ്മിഅമ്മ: "സ്വപ്നമാണത് മകളേ."

ദേവകി: "മരിക്കുന്നവർക്ക് പരമാർത്ഥം കാണാം. അമ്മേ തൊടാൻ സാധിക്കുന്നില്ല. അമ്മയുടെ രഹസ്യങ്ങൾ എന്തെന്ന് ഇനി ചോദിക്കുന്നില്ല. ബാധകൾ നീങ്ങട്ടെ. ഞാൻ പോകുന്നതാണ് അമ്മയ്ക്കും സുഖം."

ലക്ഷ്മിഅമ്മ: "നീ അല്പമെന്തെങ്കിലും കഴിക്ക്. പട്ടിണികിടക്കുന്നത് കണ്ട് എനിക്ക് സഹിപ്പാൻ മേല."

ദേവകി: "അകത്ത് അമൃതം നിറയുമ്പോൾ എനിയ്ക്ക് വേറൊന്ന് എന്തിന്? എന്റെ ഭഗവാന്റെ തൃക്കൈകൾ അതിനെ എന്റെ തലയിൽ നിറച്ചിട്ടുപോയി."

ലക്ഷ്മിഅമ്മ സ്വപുത്രിയുടെ നിരപരാധിത്വം പരമമായുള്ള നീതിപീഠത്തിന്റെ നിർധാരണത്തിൽ പാപകളങ്കിതമല്ലെന്ന് നിരീക്ഷിക്കപ്പെടുന്നതുപോലെ തന്റെ പ്രാരബ്ധവലയിതമായുള്ള ദുരിതങ്ങൾ ക്ഷന്തവ്യങ്ങളാകുന്നില്ലല്ലോ എന്ന് വ്യസനിച്ച് ദൈവഗതിയുടെ പക്ഷപാതപ്രകൃതിയെ ചിന്തിച്ചു നിലകൊണ്ടു.

ദേവകി: "അമ്മേ, ഇതെവിടത്തെ സംഗീതം ഞാൻ കേൾക്കുന്നു?"

ലക്ഷ്മിഅമ്മ: "നീ സ്വപ്നം കാണുകയാണ് ദേവൂ."

ദേവകി: "അമ്മേ! ഭഗവാനേ! അതാ... ആ... ഈ പൊന്നുപോലുള്ള നിലാവ്! ഏതുചൻ... ന്ദ്രൻ... ഉദിച്ചു... ഉണ്ടാകുന്നു അമ്മേ?"

ലക്ഷ്മിഅമ്മ: "പേ പറഞ്ഞ് അമ്മയെ കരയിക്കാതെ കുഞ്ഞേ. ഇതെന്തു കഷ്ടം!"

ദേവകി: "അഷ്ടഗന്ധം... എന്തു... എന്തു... വാസന! അമ്മ എന്ത് പൂവു ചൂടിയിരിക്കുന്നു."

ലക്ഷ്മിഅമ്മ: "നീ എന്നെ വിളിച്ചു കിടപ്പിലാക്കാൻ നോക്കാതെ. വല്ല ഇളനീർവെള്ളമെങ്കിലും തൊട്ടുതെറിപ്പാൻ ഞാൻ മാത്രമേയുള്ളൂ."

ദേവകി: "അല്ലമ്മേ, അമ്മയെപ്പോലെ... അത്... ആ... നോക്കൂ. എത്രയോ അമ്മമാരു്... എന്നെ തലോടുന്നു! സുഖം... അമ്മേ... സുഖം, സുഖം. രാത്രി... രാത്രി... എന്നും ആ തളത്തിൽ വരുന്ന കാലൻ... അവർ ഇങ്ങോട്ടു... വിടില്ല."

ലക്ഷ്മി അമ്മ: "കാലനോ? ശ്ശേ, ശ്ശേ! അങ്ങനെ ഒന്നും പറയാതെ."

ദേവകി: (അവസാനത്തെ ബോധാവർത്തനത്തിലുള്ള സ്വരധാടിയോടെ) "യുദ്ധം കഴിഞ്ഞ് തിരുമേനി ജയിച്ചല്ലോ. അച്ഛൻ വരാത്തതെന്ത്?"

ലക്ഷ്മിഅമ്മ: "ജയിച്ചെന്നാരു പറഞ്ഞു? അച്ഛൻ സാവധാനത്തിൽ വരും. അടങ്ങിക്കിടക്ക്."

ദേവകി: "അച്ഛനോടു പറയണം, ആരെയും ദ്രോഹിയ്ക്കരുതെന്ന്. എന്ത് സുഖമായ തണുപ്പമ്മേ! ലോകത്തിലെ കഷ്ടത എന്തോന്ന്? ഈ സുഖവും എന്റെ ഭഗവാൻ തരുന്നതാണല്ലോ. അച്ഛനോട് പ്രത്യേകം പറയണം, ആ കൊച്ചു കപ്പിത്താനദ്ദേഹത്തെ അമ്മ പ്രസവിച്ചതുപോലെ വിചാരിച്ചുകൊൾവാൻ. (വീണ്ടും ബോധം ക്ഷയിച്ച്) അടുത്തു വരിക... അമ്മമാർ... എ... എന്നെ... വിളിക്കുന്നു. ഞാ... ഞാൻ അങ്ങോട്ടു ചെല്ലട്ടെ. എന്റെ... ഭഗവാൻ... അതാ നില്ക്കുന്നു. (ബദ്ധാഞ്ജലിയായി) വിളിക്കുന്നമ്മേ. കൈ നീട്ടുന്നു. ആ... അം... ഏ... പൂക്കള് എന്തു ചൊരിയുന്നു!... അതാ വിളിക്കുന്ന്... ന്യ. (അവസാനമായുള്ള പ്രാണായാമസ്വരത്തിൽ) നാ... രാ... യ... ണാ... നാ... രാ... യണാ."

ഇങ്ങനെ ദേവകിയായ ഋഷിവാടകന്യകയ്ക്ക് മുക്തിപദം പൂർവ്വഗാമികളുടെ സുകൃതസഞ്ചയഫലമായും, ആ പുണ്യത്താൽ സംരക്ഷിതമായ ദേഹിയുടെ സംശുദ്ധിയാലും, അപ്രയാസം ലബ്ധമായി.

മരണ ലക്ഷണങ്ങൾ കണ്ടിട്ടില്ലാത്ത ലക്ഷ്മിഅമ്മ പുത്രിയുടെ ബോധക്ഷയം തീർപ്പാനായി, പാൽകിണ്ടി ആരാഞ്ഞ് സാഹസപ്പെട്ടു. ചില ശബ്ദങ്ങൾ കേട്ടു തുടങ്ങി. അതു ബഹുപാദങ്ങളുടെ സഞ്ചാരഘോഷമാണെന്ന് വ്യക്തമായി. അത്യുച്ചത്തിൽ വഴികാട്ടിയും ഉപദേശിച്ചും പുറപ്പെടുന്ന ശബ്ദങ്ങൾ അഴകൻപിള്ളയുടെതാണ്. തെക്കോട്ടു നോക്കിയതിൽ ഒരു കനകവിഗ്രഹവും പ്രകാശിച്ചുകാണുന്നു. അതു തന്റെ പുത്രിയുടെ ജീവിതമോഹസംഹാരകനായ കമനീയഗാത്രനാണെന്ന് കാണുകയാൽ "മരിക്കാൻ കിടക്കുന്നവളെ ഒന്നു കണ്ടിട്ട് പോകണേ" എന്നു ജനനി വിളിച്ചുട്ടി. മഹാരാജദത്തമായുള്ള വേലുംകൊണ്ട് വൃക്ഷശിരസ്സുകൾക്കിടയിൽ അഴകൻപിള്ള വാനരസഞ്ചാരം തുടങ്ങി. ത്രിവിക്രമാനാൽ നീതരായ രാജഭടന്മാർ ആ കാട്ടിലോട്ട് കണ്ടകവല്ലീവലയങ്ങളെ ക്ഷുസാതെ, തോക്കുകൾ നീട്ടിക്കൊണ്ട് പ്രവേശിച്ചു. പറപാണ്ടയെ ആരാഞ്ഞ് പല ഗൂഢസങ്കേതങ്ങളിലും സഞ്ചരിച്ചിട്ട് എത്തിയിരിക്കുന്ന ഈ പദാതിസംഘം ആ നിഷാദന്റെ അന്തകന്മാരാകുവാൻതന്നെ ബദ്ധപ്രതിജ്ഞന്മാരായിരുന്നു. ചുറ്റും ഭടജനങ്ങളാലും മുകളിൽ അഴകൻപിള്ളയാലും നിരോധിയ്ക്കപെട്ടപ്പോൾ, ലക്ഷ്മിഅമ്മയുടെ ആശ്രമപരിസരത്തിൽ പാർത്തിരുന്ന പറപാണ്ട കാട്ടു ഞെരിച്ചുകൊണ്ട് പുറത്തുചാടി. ഭടജനം "ഇതാ പോണു" "അതാ ആ മരം ചുറ്റി," "പാറ തിരിഞ്ഞു," "ആ കുഴി ചാടി," "അതാ ആ ചാലിനകത്ത്" എന്നെല്ലാം വിളിക്കൂട്ടിക്കൊണ്ടു പിന്തുടർന്നു. ഇടയ്ക്കിടെ നെടുന്തോക്കുകൾ നിധനശക്തമായുള്ള ശലാകകളെ വർഷിച്ചു. വൃക്ഷമൂർദ്ധാവുകളിൽനിന്ന് താഴത്തുചാടിയ അഴകൻപിള്ളയുടെ നെടുങ്കാലുകൾ വീശിവച്ചപ്പോൾ പാണ്ടയുടെ പുറകിൽ തൊട്ടുതൊട്ടില്ല എന്നാ മട്ടിൽ അയാൾ എത്തിക്കഴിഞ്ഞു. "അതുതന്നെ അഴകൻപിള്ളേ, കൺഠീരവപ്പിടി ഒന്നുകൂടി കാട്ടൂ" എന്ന് ത്രിവിക്രമൻ വിളിച്ചുകൊണ്ട് കുന്നിൻചരിവുകൾ, പാറക്കൂട്ടങ്ങൾ, മുതലായവ പല വക്രഗതികളിൽക്കൂടെ രണ്ടുമൂന്നു നാഴികയും പാണ്ടസങ്കേതമായ കല്ലമ്പലത്തിന്റെ പാർശ്വത്തിലുള്ള നീരാഴിക്കരയിൽ എത്തി. ആ ഭീമപഞ്ചാസ്യൻ അന്തകനെപ്പോലും എതിർപ്പാനും നിരവധി മൂതികൾ എല്ലാനും ബഹുജന്മങ്ങൾ തരണംചെയ്‌വാനും സന്നദ്ധനെന്ന ധൈര്യസമഗ്രതയോടെ തിരിഞ്ഞുനിന്നു. "വെടിവയ്ക്കരുത്" എന്ന് ത്രിവിക്രമന്റെ ആജ്ഞകൾ ഭടജനായുധങ്ങളുടെ പ്രവർത്തനത്തെ നിരോധിച്ചു. ത്രിവിക്രമനും അഴകൻപിള്ളയും സൈനികസംഘവും പാണ്ടയുടെ മുമ്പിൽ അണിനിരന്നു. തന്റെ ഉള്ളിൽ ഉദിച്ചിരുന്ന പ്രബലസംശയത്തോടെ, മുമ്പിൽ നിൽക്കുന്ന ഭയങ്കരാകാരത്തെ സൂക്ഷിച്ചുനോക്കിയപ്പോൾ പരമാർത്ഥം മനസ്സിലായി ത്രിവിക്രമൻ ഒന്നു പുഞ്ചിരിക്കൊണ്ടു. "ഓടാനും ഒഴിയാനും നിൽക്കാണ്ട് കയ്യാമത്തിനടങ്ങിക്കൊണ്ടാൽ കല്പിച്ചു പക്ഷേ, മാപ്പുതന്ന് രക്ഷിയ്ക്കും" എന്ന് തനിക്ക് കിട്ടീട്ടുള്ള അധികാരത്തെ ആസ്പദമാക്കി, ആ യുവസേനാനി, സൗജന്യഭാഷണംകൊണ്ട് ആ ചണ്ഡാലാകാരനെ ഘോരവിധിനിപാതത്തിൽനിന്നും രക്ഷിപ്പാൻ യത്നിച്ചു.

ഒരു അട്ടഹാസത്തോടെ പഞ്ചാസ്യക്രിയയായിത്തന്നെ, പാണ്ട ത്രിവിക്രമന്റെ ശരീരത്തിന്മേൽ പതിച്ചു. ആ രണ്ടു ശരീരങ്ങളും കനകകൃഷ്ണശിലകളുടെ സംയോഗമെന്നപോലെ

സമ്മേളനംചെയ്തു. വിക്രമൻ വിദഗ്ധസമരത്തിന് വട്ടംകൂട്ടെ, ആ യുവശരീരത്തെയും വഹിച്ചുംകൊണ്ട് പരിപന്ഥയായ ഗിരികായൻ ഒന്നു പിന്നടിച്ച് അഗാധമായുള്ള നീരാഴിയിൽ, ഒരു മഹാശിലാഖണ്ഡത്തിന്റെ പ്രപാതമെന്നപോലെ ഉണ്ടായ ഒരു മുഴക്കം, കല്ലമ്പലത്തിലും സമീപമുള്ള പാറക്കൂട്ടങ്ങളിലും പ്രതിധ്വനിച്ചു, ഭടജനങ്ങൾ തോക്കുകൾ നീട്ടിക്കൊണ്ട് ആ മഹാകൂപത്തെ വലയംചെയ്തു. "അനങ്ങരുത്, പാപികളേ, തെറ്റി പൊന്നുംകൊടത്തിനും കൊണ്ടുപോകും." എന്നു വിളിക്കൂട്ടിക്കൊണ്ടു അഴകൻപിള്ള ആ കൂപത്തിലെ ഒരു ഭാഗത്തു കാണപ്പെട്ട അപകടപടികളിൽക്കൂടി കീഴ്പോട്ടിറങ്ങാൻ, ഈ വശത്തു പിടിച്ചും അങ്ങേവശത്തു കുന്തമൂന്നിയും ഇരുന്നു നിരങ്ങിത്തുടങ്ങി. വെള്ളത്തിന്റെ അഗാധതകൊണ്ടുള്ള കറുപ്പിനിടയിൽ താഴ്ന്ന വിഗ്രഹങ്ങളെ കാണുന്നില്ല. ദേവകിക്ക് ഇഹലോകസുഖങ്ങൾ നഷ്ടപ്പെടുത്തുന്ന ഘാതകമദനന് താൻതന്നെ രുദ്രമൂർത്തി എന്നു നിശ്ചയിച്ചുകൊണ്ട് ത്രിവിക്രമനെ പിടികൂടി കളത്തിലോട്ട് ചാടിയ ഭീമനിഷാദൻ ജലാഗാധതയിൽ ആയപ്പോൾ, യുവാവിന്റെ കണ്ഠത്തെ സ്വപാണികൾ ചേർത്തുകൊണ്ട് ഞെക്കിത്തുടങ്ങി. ത്രിവിക്രമന്റെ മുഷ്കരതാഡനങ്ങൾ ജലനിരോധത്തിനിടയിൽ ആ ശിലാകൂടത്തിന്മേൽ പുഷ്പസമ്പാതമെന്നപോലെ നിഷ്ഫലങ്ങളായി. ധീരയുവാവ് കുടഞ്ഞുതുടങ്ങി. ഗജകായൻ ആ യുവകൂറ്റന്റെ ശിരസ്സിനെ കീഴ്പോട്ടമർത്തി, ഊക്കു കൂട്ടി ഞെരിച്ചുതുടങ്ങി. ഭടജനങ്ങളിൽ ചിലരും അഴകൻപിള്ളയും നീരാഴിയിലോട്ട് ചാടാൻ വസ്ത്രങ്ങൾ മാറ്റിത്തുടങ്ങി. അന്തർഭാഗത്തുള്ള സമരകലാപത്താൽ ജലം ഇളകിക്കലങ്ങി. തസ്കരനായകന്റെ ഹസ്തചന്ദ്രക്കലകൾ സംയോജിച്ചുള്ള മുറുക്കത്തെ, ത്രിവിക്രമൻ സ്വസ്കന്ധങ്ങളെ ഉയർത്തി തടഞ്ഞുകൊണ്ട് പാദത്താൽ പ്രതിയോഗിയുടെ ഉദരത്തെ ലക്ഷ്യമാക്കി തൊഴിച്ചു. ആ അതിസാഹസവും ഫലിച്ചില്ല. നിഷാദവീരൻ തന്റെ പിടി മുറുക്കി ത്രിവിക്രമനെ പരലോകപ്രാന്തം സന്ദർശിപ്പിക്കുമാറ് അയാളുടെ കണ്ണുകളെ പുറത്തോട്ട് ഉന്തിച്ചു. "ആങ്ഹാ" എന്നു പല്ലു ഞെരിച്ച് ഉച്ചരിച്ചുകൊണ്ട് ആ യുവാവ് മഹാത്മാവായ ജനകഗുരുവാൽ ഉപദിഷ്ടമായുള്ള ബ്രഹ്മാസ്ത്രശക്തിയെ അംഗുലായുധത്താൽ പ്രയോഗിച്ചു. അസ്ത്രം സൂക്ഷ്മലാക്കിൽ തറച്ചില്ല. രണ്ടാമതും ആ അസ്ത്രം, ജീവരക്ഷാമാത്രത്തിനെന്നുള്ള സങ്കല്പത്തോടെ പ്രയുക്തമായപ്പോൾ പറപാണ്ടയുടെ നേത്രങ്ങൾ കല്പാന്താഗ്നിപ്രജ്വലനത്തെ സന്ദർശിച്ചു. പുറത്തു കേൾപ്പാൻ പാടില്ലാത്ത ഒരു അട്ടഹാസം, പാണ്ടയുടെ ഉദരകൂപത്തെ ആ കൂപജലംകൊണ്ടു നിറച്ചു. ജലതലത്തിന്റെ മുഖത്ത് കുമിളകൾ ദ്രുതതരം പൊങ്ങി പാണ്ടയുടെ കൈകൾ ത്രിവിക്രമകണ്ഠത്തെ വിട്ടിട്ടു വിടുർന്നു. ആ ശരീരം കമഴ്ന്നു. ത്രിവിക്രമൻ ശ്വാസബലംകൊണ്ടുള്ള ആയത്താൽ ജലമുഖത്തിൽ പ്രത്യക്ഷനായി. ഭടജനങ്ങൾ സന്തോഷത്താൽ ആർപ്പുകൾ വിളിച്ചുകൊണ്ട് തോക്കുകൾ എടുത്തു നീട്ടി, സന്നദ്ധരായി നിന്നു. "വെച്ചു താങ്ങിക്കൊടുത്തു പിള്ള; ങ്ഹ! ഹങ്ങനെ കൊള്ളട്ടേ വർമ്മക്കുത്ത്" എന്ന് അഴകൻപിള്ള സന്തോഷാട്ടഹാസം ചെയ്തുകൊണ്ട് കരയ്ക്കുകയറുവാൻ സഹായമായി, യുവാവിനു തന്റെ ശൂലത്തെ നീട്ടിക്കൊടുത്തു. ഒരു മഹാകമഠം എന്നപോലുള്ള ഒരു മുതുക് മേല്പോട്ടു കണ്ടുതുടങ്ങിയപ്പോൾ, ഒരു അണിവെടി തീർന്ന് സരസ്സിനെ രക്തമയമാക്കി. "ചതിച്ചോ!" എന്ന് ത്രിവിക്രമൻ വിളികൂട്ടുന്നതിനിടയിൽ ആ ഭീമകായം വീണ്ടും ജലത്തിലോട്ടു താണു. രക്തപ്രസരമായുള്ള കൂപജലത്തിൽ കുമിളകൾ പൊങ്ങി

ത്തുടങ്ങി. "അഴകൻപിള്ള ചാട്ടൂ" എന്നുണ്ടായ ത്രിവിക്രമന്റെ ആജ്ഞ അനുസരിച്ച് ആ ദീർഘപാദൻ മുങ്ങി, അല്പം കഴിഞ്ഞു് ഒരു ബൃഹൽകായത്തെയും കൊണ്ടു പൊങ്ങി.

പാണ്ട എന്നു വിശ്വസിക്കപ്പെട്ടിരുന്ന സത്വത്തെ കണ്ടപ്പോൾ, ഭടജനം ഒരു മഹാസാഹസം പ്രവർത്തിച്ച അപരാധികളെന്നപോലെ നിലകൊണ്ടു. ജടാഭാരവും കൃത്രിമമീശയും ശരീരത്തിലെ കരിപ്പൊടിയും ജലത്തിലെ ആമജ്ജനത്തിൽ നീങ്ങിയിരുന്നു. അവസാനശ്വാസങ്ങളോടെ വയർപെരുകി കരയിലാക്കി ശയിക്കപ്പെട്ട ആ ഭയങ്കരാകാരം, പഞ്ചമവർഗ്ഗ്യനായ പാണ്ടയുടേതല്ല, തന്റെ തുംബീരതയാൽ ആർജ്ജിതമായുള്ള ഒരു ഗ്രൈശ്വര്യത്തിന്റെ സംസ്ഥാപകനും രാജ്യത്തിലെ സചിവപ്രധാനന്റെ സമീപബന്ധുവും ടിപ്പുസുൽത്താനെപ്പോലും ഗാത്രപരിമിതിയും ബലിഷ്ഠതയുംകൊണ്ടു് അത്ഭുതപരവശനാക്കിയ ലോകസംരംഭകനും ആയ പെരിഞ്ചക്കോട്ടു് കുഞ്ചമായിറ്റിപ്പിള്ളയുടേതായിരുന്നു. തന്റെ യജമാനനായ മാതുലന്റെ ബുദ്ധിവൈഭവം അഭൗമമെന്നു ചിന്തിച്ച് ത്രിവിക്രമൻ അത്ഭുതപരതന്ത്രനായി. മാങ്കാവിൽവച്ച് മുറിവേറ്റ എങ്കിലും മരണവിളികൾ പുറപ്പെടുവിച്ചതു് മരിച്ചുകിടക്കുന്ന ആളിന്റെ കൗശലോപായമായിരുന്നു എന്നു ദിവാൻജി ആ വൃത്താന്തഗ്രഹണം മുതൽ ഊഹിച്ചിരുന്നു. പാണ്ടയും പെരിഞ്ചക്കോടനും ഒന്നുതന്നെ എന്നു തീർച്ചയാക്കിയിരുന്നതായി പല സൂചനകളും അദ്ദേഹത്തിൽനിന്നു് വെളിപ്പെട്ടുവരുന്നതിനെയും നമ്മുടെ യുവസേനാനി ആ ഘട്ടത്തിൽ സ്മരിച്ചു. അവസാനശ്വാസത്തിൽ കിടക്കുന്ന പെരിഞ്ചക്കോടനെ കണ്ടപ്പോൾ, ആർത്തനായ അഴകൻപിള്ള ആ ധീരനെ അഭിമാനിച്ചു "ഹയ്യപ്പാ! ഇരിക്കേയും ചാവേയും കെട്ടുംചതിവല്യോ ചെയ്യുട്ടത്!" എന്നു മാറത്തടിച്ചു ഖേദിച്ചു. താൻ മർമ്മക്ഷതം ഏല്പിച്ചു എങ്കിലും തന്നെ വിട്ടു് വെള്ളത്തിൽ പൊങ്ങുമ്പോൾ കരയ്ക്കടുപ്പിച്ച് മറുതട്ടുകൊണ്ടു സുബോധവാനാക്കാമെന്നു് വിചാരിച്ച്, ഗുരുധ്യാനത്തോടെ പ്രയോഗിച്ച താഡനം ശത്രുവിനെ മരണത്തിൽ പതിപ്പിക്കുന്നതു കണ്ടു് ത്രിവിക്രമകുമാരൻ വ്യസനിച്ചു.

ആ വ്യസനത്തെ ദുസ്സഹതരമാക്കാൻ ഒരു സംഭവംകൂടി ഉണ്ടായി. പുത്രിയെ ശുശ്രൂഷിപ്പാൻ പാൽക്കിണ്ടിയുംകൊണ്ടെത്തിയ ലക്ഷ്മിഅമ്മ തന്റെ ശിരസ്സിന്മേൽ പതിച്ചുപോയ ബ്രഹ്മഗദയുടെ കാഠിന്യത്തെ ഗ്രഹിച്ചു. പാണ്ടയെത്തുടർന്നുള്ള ഭടജനങ്ങളുടെ ഉദ്യമത്തിന്റെ പര്യവസാനം സംഭവിപ്പിച്ചേക്കാവുന്ന അവസ്ഥയെയും അവർ സ്മരിച്ചു. ജീവിതാനന്ദം പുനരനവാപ്തം; ജീവിതാവലംബം സന്ദിഗ്ധം. പുത്രീശരീരത്തിന്റെ രക്ഷയ്ക്കായി വാതിൽ ബന്ധിച്ചുകൊണ്ടു് പാണ്ടയുടെ പരമാർത്ഥം അറിഞ്ഞിരുന്ന ലക്ഷ്മിഅമ്മ, ഓടിയവരെത്തുടർന്നു് പാഞ്ഞു് രണ്ടാമത്തെ ചരമരംഗത്തെയും അവസാനകർമ്മത്തിനെന്നപോലെ പ്രാപിച്ചു. അവസ്ഥകൾ കണ്ടപ്പോൾ, ആ സാധ്വി ഭർത്തൃശിരസ്സിനെ മടിയിലാക്കി താലോലിച്ച് അത്യാതുരയായി കരഞ്ഞുതുടങ്ങി. "ഭഗവാനേ! എവിടെക്കിടന്നു! എങ്ങോട്ടിഴുത്തു! ഇതും കാണാൻ സംഗതിവന്നല്ലോ! മഹാദേവീ! ഭഗവതീ!" എന്നു് ഉറക്കെ വിലപിച്ചപ്പോൾ, പെരിഞ്ചക്കോടൻ കണ്ണുകൾ തുറന്നു. സ്വപ്രണയിനിയെ തലോടുവാൻ സദീനം കൈകൾ ഉയർത്തിയപ്പോൾ അവ പാർശ്വത്തിൽ വീണുപോയി. ത്രിവിക്രമനും അഴകൻപിള്ളയും ഭടജനവും വലയംചെയ്തു നിൽക്കയും ആ സാധ്വി സ്വകാന്തശിരസ്സിനെ മാറോടണച്ചു. ആ ബൃഹൽകായത്തിൽ ആവാസംചെയ്തിരുന്ന ദേഹി, പ്രേമനിശ്വാസങ്ങളാൽ

വിജിതമായി, എങ്ങോട്ടോ നിർഗ്ഗമനവും ചെയ്തു. ലക്ഷ്മിഅമ്മയുടെ രോദനങ്ങൾ നിലകൊണ്ടു. ഭർത്തൃപാദങ്ങളെ കണ്ണോടണച്ച് നമസ്കരിച്ചിട്ട് ആ സാധ്വി ത്രിവിക്രമനോട് ഇങ്ങനെ പ്രാർത്ഥിച്ചു: "അച്ഛനും മകൾക്കും ഒരേ മുഹൂർത്തംതന്നെ. അങ്ങോട്ടു കൊണ്ടുവന്ന് എന്റെ മകനായി സകലതും നടത്തി രക്ഷിക്കുക. എനിക്കു ഭഗവാനൊഴികെ നിങ്ങൾതന്നെയാണ് ആധാരം. പരമാർത്ഥമെല്ലാം പറയാം. അങ്ങോട്ടു കൊണ്ടുവരിക. മറ്റേ ജഡം..." വാവിട്ടു കരഞ്ഞും തലയറഞ്ഞും ആ സ്ത്രീ നടതുടങ്ങി. യുവാവിന്റെ ആംഗ്യത്താൽ നിയുക്തനായ അഴകൻപിള്ള അവരെ പിന്തുടർന്നു. ഭടജനോപചാരത്തോടെ വീരചരമംപ്രാപിച്ച ദശകണ്ഠനായ പെരിഞ്ചക്കോടൻ, തന്റെ പ്രണയസങ്കേതത്തിലെ അവസാനവാസത്തിൽ അമരാൻ ത്രിവിക്രമനാൽ സഹായിതരായ ഏതാനും പദാതിയുടെ കണ്ണുങ്ങളിൽ ആരൂഢനായി.

ദേവകിയുടെ ജഡദർശനവും ലക്ഷ്മിഅമ്മയാൽ വിലപിതങ്ങളായ അവളുടെ പ്രേമകഥയും ത്രിവിക്രമകുമാരനെ വല്ലാതെ തളർത്തി. രണ്ടു ശവശരീരങ്ങളുടെയും സംസ്കരണം കഴിച്ചിട്ട് ആ യുവാവ് അച്ഛനെ സന്ദർശിച്ച് ലക്ഷ്മിഅമ്മയുടെ സംരക്ഷണത്തിന് വേണ്ട വ്യവസ്ഥകൾ ചെയ്തിച്ചു. എന്നാൽ പിതൃഗൃഹം വിടുന്നതിനു മുമ്പിൽ, കേശമീശകൾ വളർന്ന് അത്യന്തം മലിനങ്ങളായ വസ്ത്രങ്ങളും ധരിച്ച് എല്ലും തൊലിയും മാത്രമായുള്ള ഒരു പ്രാകൃതസ്വരൂപം അവിടെ എത്തി, കാരണവപ്പാട്ടിലെ തൊഴുത്ത് താൻ കല്ലറയ്ക്കൽപിള്ളയാണെന്ന് ധരിപ്പിച്ചു. പെരിഞ്ചക്കോടൻ മരിച്ചു എന്നു കേട്ടപ്പോൾത്തന്നെ അദ്ദേഹത്തിന്റെ അനുചരസംഘം ഭിന്നമായി. ഓരോരുത്തരും അവരവരുടെ വഴിനോക്കിപ്പിരിഞ്ഞതിനാൽ ബന്ധനമോചനം കിട്ടിയ ആ ഗൃഹസ്ഥൻ, പാണ്ടസംഘത്തിന്റെ യഥാർത്ഥസ്ഥിതി അറിയാതെ അനന്തരകാലത്തെ അഭയത്തിനായി വേലുത്തമ്പിയെ ശരണംപ്രാപിച്ചതായിരുന്നു. കുളിയും ഊണും കഴിപ്പിച്ചതിന്റെശേഷം, ത്രിവിക്രമൻ പരമാർത്ഥങ്ങൾ ആ ഗൃഹസ്ഥനെ ധരിപ്പിച്ച് ഒരു ദുഃഖപ്രകടനത്തിന്റെ സന്ദർശനകഷ്ടതയെ അനുഭവിച്ചു.

ഭൂമിയുടെ ഒരു ഭാഗം അന്ധകാരനിബിഡമായിരിക്കുമ്പോൾ, മറ്റൊരുഭാഗം സൂര്യപ്രകാശിതമായി സ്ഥിതിചെയ്യുന്നു. പെരിഞ്ചക്കോടനാൽ ആരാധിതരായ അബലകളിൽ, പുത്രിയായ പരിപാവനരത്നം പരമപദത്തിലും വിധവയായ സുമംഗലി ദുഃഖപാരാവാരത്തിലും അസ്തമിച്ചു; എന്നാൽ ഭാഗ്യദിവാകരന്റെ ഉദയവും പ്രകാശവും ചന്ദ്രക്കാരനായ ദുഷ്പ്രതാപവാന്റെ മണ്ഡലത്തെ അനുഗ്രഹിച്ചു. സാവിത്രിയെ ബാധിച്ച ശീതജ്വരം വിശ്രുതവിദഗ്ധന്മാരായ വൈദ്യന്മാരുടെ ചികിത്സയ്ക്ക് നമനംചയ്തപ്പോൾ, ആ കന്യകയിൽനിന്ന് ചന്ദ്രക്കാരന്റെ മഹൽചരമവൃത്താന്തം ധരിപ്പാൻ ഉണ്ണിത്താന് സന്ദർഭമുണ്ടായി. ആചാരാനുസാരമുള്ള അനുഷ്ഠാനങ്ങൾകൊണ്ട് ചരമപ്രാപ്തന് ലബ്ധമാകാവുന്ന മോക്ഷത്തിനുള്ള പദ്ധതികൾ ഉണ്ണിത്താൻ യഥാക്രമം നിർവഹിച്ചു. ചിലമ്പിനഴിയത്തെ ധനസംഗ്രഹങ്ങളിൽ ഒരു സാരമായ ഭാഗം രാജ്യസംരക്ഷണത്തിനായി പല വിധത്തിലും വിനിയോഗിക്കപ്പെട്ടു. ദിവാൻജിയും ഉണ്ണിത്താനും തമ്മിലുള്ള നീരസം നീങ്ങാൻ മഹാരാജാവിന്റെ നിയോഗങ്ങൾ സഫലമായത് അവിടുന്ന് അപാരമായി സന്തോഷിച്ചു. ഉണ്ണിത്താൻ കോശകാര്യാധിപത്യത്തെ കല്പനാനുസാരം വീണ്ടും കൈയേറ്റു. സാവിത്രിയുടെ വിവാഹം

കോലാഹലംകൂടാതെ ആഘോഷിക്കപ്പെട്ടു. ഈ സംഭവങ്ങൾ കഴിഞ്ഞ് ഒരു അനദ്ധ്യായവേളയിൽ ഉണ്ണിത്താൻ ചിലമ്പിനഴിയത്തേയ്ക്ക് പുറപ്പെടാനായി കല്പനാനുവാദത്തിന് മുഖംകാണിച്ച ദിവസം, മഹാരാജാവിന് ഒരു മഹാസുദിനമായിരുന്നു. രാജഗൗരവം തൽക്കാലം സിംഹാസനഭൂഷണമായി നീക്കിവച്ചിട്ട് അവിടുന്ന് ഒരു പ്രബുദ്ധന്റെ നില മാത്രം അവലംബിച്ച്, തുല്യപണ്ഡിതനോട് തിരുവുള്ളത്തിൽ സന്തുഷ്ടിവരുമാറ് വിനോദസംഭാഷണം തുടങ്ങി. ഉണ്ണിത്താൻ ബഹുഗീതകളെയും യോഗവാസിഷ്ഠങ്ങളെയും ഉദ്ധരിച്ച് വിജയസമരം ചെയ്തുകൊണ്ട് ചിലമ്പിനേത്തേയ്ക്ക് രണ്ടുകൈയിലും വീരശൃംഖലയോടും സാവിത്രിക്ക് ഒരു ഭാണ്ഡം രാജസമ്മാനങ്ങളോടും മടങ്ങി. തനിക്ക് രാജസമ്മാനമൊന്നുമില്ലാത്തതിനെപ്പറ്റി മീനാക്ഷിഅമ്മ പരുഷംപറഞ്ഞു.

ഉണ്ണിത്താൻ: "അതേതെ, ദിവാൻജിയജമാനന്റെ കർമ്മം അവിടുന്നാണ് നല്ലപോലെ അറിഞ്ഞത്, അതുകൊണ്ട് കേശവനുണ്ണിത്താന്റെ കളത്രത്തെ മനസാ വാചാ കർമ്മണാ ആരെങ്കിലും സമ്മാനിക്കാനോ പൂജിക്കാനോ ഒരുങ്ങുകയില്ല."

മീനാക്ഷിഅമ്മ: "എനിക്ക് ആഗ്രഹമുള്ളത് (ഭർത്താവിന്റെ വദനബിംബത്തിന്റെ നേർക്കു സ്വനേത്രത്ഷങ്ങളെ കളിയാടിച്ചുകൊണ്ട്) കല്പിച്ചുതന്നു കഴിഞ്ഞു. ഞാൻ ചാകാത്തത് അവിടുത്തെ അനുഗ്രഹവും ഇവിടുത്തെ മനോഗുണവുംകൊണ്ടാണെന്ന് ഞാൻ വിചാരിക്കുന്നു. 'ആരെയും വ്യസനിപ്പിക്കരുതെ'ന്ന് ഇങ്ങോട്ടുതന്നെ കല്പിച്ചത് എനിക്ക് ഒരു രാജ്യം തന്നതുപോലുള്ള വിലമതിപ്പാണ്. തിരുവുള്ളം കൊണ്ട് അങ്ങനെ അരുളിച്ചെയ്‌വാൻ തോന്നിയത് ധർമ്മനിഷ്ഠകൾ അറിവാനുള്ള ദിവ്യനേത്രം അവിടത്തേയ്ക്കുള്ളതുകൊണ്ടാണ്."

ഉണ്ണിത്താൻ: "മതിമതി. അച്ഛനാകട്ടെ, സാംബശാസ്ത്രിസ്വാമികളാട്ടെ, എന്നെ ഇങ്ങനെ തല്ലീട്ടില്ല. എനിക്കു ദിവ്യചക്ഷുസ്സില്ലെന്നല്ല, ഞാൻ അന്ധനുമായിപ്പോയി. (വാത്സല്യത്തോടെ) എന്റെ മീനാക്ഷി അതെല്ലാം മറക്കണമെന്ന് എത്ര തട അപേക്ഷിച്ചു! അധികവും കുഴിയിൽ ചാടിച്ചതെല്ലാം ആ ദ്രോഹി കൊടന്തയല്ലേ? അവൻ എല്ലും തൊലിയും തകർന്ന്, കീറമുണ്ടും ഉടുത്ത് കോഴിയെ അടിച്ച് നടക്കുന്നു. കലികാലത്ത് ചെയ്യുന്നതുടനെ അനുഭവിക്കും. ഏതെങ്കിലും എന്റെ മീനാക്ഷി ഇനിയും എന്നെ ഇളിഭ്യനാക്കരുത്. ദിവാൻജിയജമാനനെ കണ്ടു പഠിക്ക്. അദ്ദേഹം അങ്ങനെ ഒരു കാലമോ സംഭവമോ ഉണ്ടായി എന്ന് ഒരു വാക്കാലാകട്ടെ, നോക്കാലാകട്ടെ സൂചിപ്പിക്കുന്നില്ല. മഹാശയൻ എന്നു പറയണമെങ്കിൽ അദ്ദേഹത്തെ വേണം. മഹതി എന്നുള്ള സ്ഥാനം വേണമെങ്കിൽ..."

മീനാക്ഷിഅമ്മ: "ഓ, ഇതെന്തബദ്ധം! എനിക്ക് ശാസ്ത്രജ്ഞന്മാരുടെ വ്യാപ്തിഗ്രഹണവും മറ്റുമില്ല. ഞാൻ തിരുമനസ്സിലെ മഹത്ത്വത്തെ സ്തുതിച്ചതേയുള്ളു. ഇങ്ങോട്ടു കൊള്ളണമെന്നേ ഞാൻ വിചാരിച്ചില്ല."

ഈ സംവാദകയുഗ്മത്തെ, ആ മഹാഭവനത്തിലെ മറ്റൊരു കെട്ടിൽ അഭിനീതമായിക്കൊണ്ടിരുന്ന ഒരു പ്രണയരംഗത്തിലെ അഥവാ സമരരംഗത്തിലെ കോലാഹലം അങ്ങോട്ടേക്ക് ആകർഷിച്ചു.

പരിപന്ഥികൾ ത്രിവിക്രമകുമാരനും സാവിത്രിയും ആയ നവദമ്പതിമാർതന്നെ ആയിരുന്നു.

സാവിത്രി: "ഈ മൂപ്പുകൾ പറയുന്നതാണെനിക്ക് സഹിച്ചുകൂടാത്തത്. അദ്ദേഹത്തെ ദഹിപ്പിച്ചു. ഭാര്യയുടെ പൊറുതിയ്ക്ക് വേണ്ട ഏർപ്പാടുചെയ്തു. അതെല്ലാം ശരി. മറ്റേ ആ പരമസാധുവിനെ എന്തിനു ചാകാൻവിട്ടു?"

ത്രിവിക്രമൻ: "എന്റെ സാവിത്രിപ്പിള്ളേ, താൻ കാര്യക്കാരമ്മാവെനെപ്പോലെ വലിയ ത്യാഗം അഭ്യസിച്ചുകളയരുത്. ഭംഗി പറഞ്ഞാലും അതു വിശ്വസിക്കത്തക്കതായിരിക്കണം."

സാവിത്രി: "ഭംഗിയും മറ്റുമല്ല. സത്യമായി ഞാൻ അറിഞ്ഞിരുന്നു എങ്കിൽ ആ പാവത്തിനെ അങ്ങനെ വിട്ടല്ലായിരുന്നു; എങ്ങനെയും രക്ഷിച്ചുകൊള്ളുമായിരുന്നു. അതു ചെയ്തില്ലെങ്കിൽ നമ്മുടെ മനുഷ്യത്വം എന്തിന്?"

ത്രിവിക്രമൻ: "എന്നാൽ എന്റെ കുഞ്ഞമ്മ പോയി ടിപ്പുവിന്റെ അരമനയിലെ ബീഗം സാഹിബ്ബാ ആയിക്കളഞ്ഞാൽ... ധർമ്മം ആ വഴിയെയും പോണമല്ലോ."

സാവിത്രി: "സ്ഥിതി മറന്ന് എന്റടുത്തു കളിച്ചാലുണ്ടല്ലോ, ചേട്ടാ."

സാവിത്രിയുടെ സംബോധനപദം കേട്ട് ത്രിവിക്രമൻ പൊട്ടിച്ചിരിച്ചു. തന്റെ അബദ്ധത്തിൽ ലജ്ജിതയായ യുവതി തോൽക്കാൻ മനസ്സില്ലാതെ ശൈശവവിഹാരരീതിയിൽ ചില ദ്വന്ദ്വയുദ്ധമർദ്ദനങ്ങൾ പ്രയോഗിച്ചു. ത്രിവിക്രമൻ കുതിച്ചുചാടി, "ഇനി കുത്തുന്നത് നടുനെഞ്ചിലാക്കണേ" എന്ന് സാവിത്രിക്കു കഠാരയുടെ ലാക്കു തെറ്റിയതിനെ പരിഹസിച്ചു.

സാവിത്രി: "അപ്പോൾ, എന്റെ കൈയ്ക്കുപോലും മര്യാദ അറിയാം. കണ്ടോ കാട്ടുമനുഷ്യനെപ്പോലെ കൊടുക്കാതെ കൊന്നത്?"

ത്രിവിക്രമൻ: "അല്ലേ, കുത്തിക്കൊല്ലാൻ മടിക്കാത്തവരെ ആരും പേടിക്കുല്ലേ?"

സാവിത്രി: "കുത്തിനും കൊലയ്ക്കും വലിയ പേടിതന്നെ! ചാടിക്കയറി ആ പാളയത്തിൽ വന്നപ്പോൾ അവർ അമുക്കിക്കൊണ്ടെങ്കിൽ എന്ത് ചെയ്യുമായിരുന്നു?"

ത്രിവിക്രമൻ: "ഹെയ്! ഇതാരു പറഞ്ഞു. പാളയത്തിൽ വന്നു എന്ന്? വന്നെങ്കിൽ അതു പടക്കൗശലങ്ങളിൽ ഒന്ന്."

സാവിത്രി: "പൊണ്ണത്തനങ്ങൾ നടിക്കരുത്. അവർ തരത്തിന് പിടിച്ചുകൊണ്ടെങ്കിൽ ഒരു കപ്പിത്താൻ സാഹേബ് മങ്ങച്ചാരാടുന്നത് കാണാമായിരുന്നു."

ത്രിവിക്രമൻ: "അല്ലല്ല, ചന്ത്രക്കാരനമ്മാവനെ രക്ഷിച്ച സാവിത്രിയുടെ സരസ്വതീദേവി ഹിന്ദുസ്ഥാനിയിൽ വിളങ്ങുന്നത് കേൾക്കാമായിരുന്നു."

ഗൃഹനായകനായ വസിഷ്ഠന്റെ ഗൗരവഹിതത്തിനു വിരുദ്ധമായുള്ളവിധത്തിൽ ഈ മത്സരം മുറുകിയപ്പോൾ, ആ തളത്തിന്റെ കിഴക്കുള്ള വാതുക്കൽ രണ്ട് ആദരണീയവിഗ്രഹങ്ങൾ പ്രത്യക്ഷരായി. അങ്ങനെ സംഘടിച്ച ദമ്പതീയുഗങ്ങളുടെ മുഖചതുഷ്കത്തിലും പ്രകാശിച്ച ആനന്ദസ്തോഭങ്ങൾ, ചന്ത്രക്കാരന്റെ ജീവിതത്താൽ ആ മഹാഭവനത്തിന് സമ്പാദിതമായ ദുരിതതിമിരത്തെ അപാകരിച്ച് ആ മണ്ഡലപ്രാഭവത്തെ വിദ്യോതമാനമാക്കി.

അല്പകാലം മുമ്പുതന്നെ അപൗരുഷനും നിസ്തേജനും ആക്കിത്തീർത്തിരുന്ന മനോവ്യാധിയും വിഭ്രാന്തിയും നീക്കാനായിട്ടു മാത്രം ടിപ്പുവിന്റെ അക്രമണം ഉണ്ടായി എന്നു സ്വയം വാദിച്ച് അവിതർക്കിതാനുമാനമായി തീർച്ചപ്പെടുത്തിയിരുന്ന ഉണ്ണിത്താൻ, ഭാര്യാസഹിതം താൻ വിദ്വേഷിച്ചിരുന്ന പുത്രിയെയും ഗൃഹപ്രവേശനിരോധനത്താൽപ്പോലും നിസ്സൗജന്യമായി അവമാനിച്ച ജാമാതാവിനെയും പ്രമോദസമുൽക്കർഷത്തോടെ കണ്ടപ്പോൾ, ഒരു ചാരിതാർത്ഥ്യഹിമം അദ്ദേഹത്തിന്റെ ഹൃദയത്തിന് ശീതളാനുഭൂതിയെ പ്രദാനംചെയ്തു. ഗൗരവത്തോടെ യുവദമ്പതിമാർ നില്ക്കുന്ന തളത്തിലോട്ട് പ്രവേശിച്ചു. അവരോട് പിതൃമാതുലഗുരുസ്ഥാനങ്ങൾ സംയോജിച്ച ഒരു അഭിവന്ദ്യമഹോപദേഷ്ടാവായി, ഇങ്ങനെ ഒരു അനുഷ്ഠാനപദ്ധതിയുടെ ഉപദേശം ആ സന്ദർഭത്തിൽ ആവശ്യമെന്നു തോന്നി, അദ്ദേഹം ഉച്ചരിച്ചുപോയി: "ത്രിവിക്രമാ, കേട്ടോ സാവിത്രീ, തെറ്റിദ്ധരിക്കരുത്. ഞാൻ ജന്മനാതന്നെ നിരുന്മേഷപ്രകൃതമാണ്. എങ്കിലും ഒന്ന് അനുഭവംകൊണ്ടറിഞ്ഞിട്ടുണ്ട്. അതീവസന്തോഷത്തെ സാമാന്യേന ഒരു അല്പസന്താപമെങ്കിലും പിന്തുടരുന്നു. അതു ഭഗവൽഗതി. എങ്കിലും നാം സൂക്ഷിക്കേണ്ടതൊന്നുണ്ട്. ശൈശവത്തിൽ വിഹാരം, കൗമാരത്തിലും യൗവനത്തിലും അഭ്യാസം, ബുദ്ധിസംസ്കരണം; അതു കടന്ന് അല്ലെങ്കിൽ, ഇങ്ങനത്തെ കെട്ടിൽ അകപ്പെട്ട് തീർന്നാൽ ഒരു നില... മനസ്സിലായോ?... ഘനം, ഗൗരവം, കാര്യസ്ഥത... അതു വിടരുത്. ഇതെല്ലാം ഊർജ്ജസ്വലതയോടെ പരിപാലിക്കണം. നിങ്ങളുടെ വമ്പിച്ച കുലം, സമ്പത്ത്, പ്രതാപം ഇവയെ ലോകം എന്നും കണക്കാക്കുല്ല. വില പൗരുഷം ഒന്നിനാണ്. അതിന്റെ ദൃഢത എന്ത് അമൂല്യസമ്പത്തെന്നോ! ശ്രുദ്ധചര്യ എന്നും മറ്റുമുണ്ടല്ലോ, അതെല്ലാം പൗരുഷബോധത്തെ സ്വയം പിന്തുടരും. ഇതെല്ലാം കണ്ട് പഠിപ്പാൻ ഗുരുനാഥൻ പൊന്നുതിരുമേനിതന്നെ. അവിടത്തെ തിരുവടികളെ തുടർന്നാൽ എല്ലാത്തിലും എവിടെയും എന്നും ക്ഷേമം... വിജയം."

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA